LIGHTED TO LIGHTEN

മലങ്കര മാർത്തോമ്മാ സുറിയാനി സഭ

പ്രതിനിധിമണ്ഡലം 2020-2021

2020 – 2021 ലെ
വാർഷിക റിപ്പോർട്ട്
വരവ് ചെലവ് കണക്ക്
2021 – 22 ലെ ബഡ്ജറ്റ്

തീയതി : 2021 ഒക്ടോബർ 13,14,15
(ബുധൻ, വ്യാഴം, വെള്ളി)

സ്ഥലം : ഡോ. അലക്സാണ്ടർ മാർത്തോമ്മാ
വലിയ മെത്രാപ്പോലീത്താ സ്മാരക ആഡിറ്റോറിയം, തിരുവല്ല

ZOOM WEBINAR

Blessing of the Foundation Stone - Dr. Joseph Mar Thoma Navathy Office Complex

Sabha Secretariat - Dr. Joseph Mar Thoma Navathy Office Complex

MALANKARA MAR THOMA SYRIAN CHURCH

Prathinidhi Mandalam 2020–2021

Annual Report and Accounts 2020-2021
Budget for 2021-2022

Venue: **Dr. Alexander Mar Thoma Valiya Metropolitan Smaraka Auditorium, Tiruvalla**

Date: **2021 October 13,14,15** **(Wednesday, Thursday &Friday)**

ഉള്ളടക്കം

ഭാഗം I

സഭയുടെ ബഡ്ജറ്റ് ഇല്ലാതെയും, ബഡ്ജറ്റിൽ കവിഞ്ഞും ഉള്ള ചെലവുകൾ ..... I - 7

2021-2022-ലെ കണക്കു പരിശോധകരുടെ ലിസ്റ്റ് ..... I - 8

ഭാഗം II

സഭയുടെയും സ്ഥാപനങ്ങളുടെയും റിപ്പോർട്ട്

ആമുഖം ..... II -1

1. കേന്ദ്ര പ്രവർത്തനം ..... II -1

1.1 എപ്പിസ്കോപ്പൽ സിനഡ് ..... II -1

1.2 സഭാ കൗൺസിൽ ..... II -2

1.3 ഡോ. ജോസഫ് മാർത്തോമ്മാ നവതി ആഘോഷം ..... II -3

1.4 സഫ്രഗൻ മെത്രാപ്പോലീത്താ സ്ഥാനാരോഹണം ..... II -4

1.5 മെത്രാപ്പോലീത്താ സ്ഥാനാരോഹണം ..... II -4

1.6 ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ ദേഹവിയോഗവും അനുശോചന സമ്മളനവും. II -4

1.7 ജനപ്രതിനിധി സംഗമം ..... II -4

1.8 മേൽപ്പാടം ആറ്റുമാലിൽ ജോർജ്ജ്കുട്ടി മെറിറ്റ് അവാർഡ് ..... II -5

2. മേലദ്ധ്യക്ഷന്മാരുടെ പ്രവർത്തന വൃത്താന്തം ..... II -5

2.1 മോസ്റ്റ് റവ. ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്ത ... II -5

2.2 മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത ..... II -5

2.3 മോസറ്റ് റവ. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത ..... II -6

2.4 റൈറ്റ് റവ. ഡോ. യുയാക്കിം മാർ കൂറിലോസ് എപ്പിസ്കോപ്പാ ..... II -9

2.5 റൈറ്റ് റവ. ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ ..... II -11

2.6 റൈറ്റ് റവ. തോമസ് മാർ തിമൊഥെയോസ് എപ്പിസ്കോപ്പാ ..... II -12

2.7 റൈറ്റ് റവ. ഡോ. ഐസക് മാർ ഫീലക്സിനോസ് എപ്പിസ്കോപ്പാ ..... II -14

2.8 റൈറ്റ് റവ. ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ ..... II -15

2.9 റൈറ്റ് റവ. ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പാ ..... II -16

2.10 റൈറ്റ് റവ. ഗ്രീഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ ..... II -18

2.11 റൈറ്റ് റവ. ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പാ ..... II -19

3. ഭദ്രാസന പ്രവർത്തനങ്ങൾ ..... II -22

3.1 നിരണം-മാരാമൺ ഭദ്രാസനം ..... II -22

3.2 കോട്ടയം - കൊച്ചി ഭദ്രാസനം ..... II -24

3.3 റാന്നി - നിലയ്ക്കൽ ഭദ്രാസനം ..... II -25

3.4 മലേഷ്യ-സിംഗപ്പൂർ-ഓസ്ട്രേലിയ- ന്യൂസിലാന്റ് ഭദ്രാസനം ..... II -26

3.5 മുംബൈ ഭദ്രാസനം ..... II -27

3.6 കൊട്ടാരക്കര - പുനലൂർ ഭദ്രാസനം ..... II -29

3.7 തിരുവനന്തപുരം - കൊല്ലം ഭദ്രാസനം ..... II -32

3.8 ചെങ്ങന്നൂർ - മാവേലിക്കര ഭദ്രാസനം ..... II -35

3.9 നോർത്ത് അമേരിക്ക - യൂറോപ്പ് ഭദ്രാസനം ..... II -39

3.10 അടൂർ ഭദ്രാസനം ..... II -40

3.11 ചെന്നൈ - ബാംഗ്ലൂർ ഭദ്രാസനം ..... II -43
3.12 ഡൽഹി ഭദ്രാസനം ..... II -46
3.13 കുന്ദംകുളം-മലബാർ ഭദ്രാസനം ..... II -49

4. അംഗീകൃത സ്ഥാപനങ്ങൾ ..... II - 60
4.1 മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘം ..... II -60
4.2 മാർത്തോമ്മാ സണ്ടേസ്കൂൾ സമാജം ..... II -62
4.3 മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘം ..... II -62
4.4 മാർത്തോമ്മാ സുവിശേഷ സേവികാ സംഘം ..... II -63
4.5 മാർത്തോമ്മാ യുവജനസഖ്യം ..... II -66
4.6 ഡിപ്പാർട്ടുമെന്റ് ഓഫ് സേക്രഡ് മ്യൂസിക് ആന്റ് കമ്മ്യൂണിക്കേഷൻസ് ..... II -70
4.7 മാർത്തോമ്മാ റിട്ടയാർഡ് ക്ലെർജി ഫെലോഷിപ്പ് ..... II -70

5. പൊതു സ്ഥാപനങ്ങൾ ..... II - 71
5.1 മാർത്തോമ്മാ വൈദിക സെമിനാരി, കോട്ടയം ..... II -71
5.2 എപ്പിസ്കോപ്പൽ ജൂബിലി ഇൻസ്റ്റിറ്റ്യൂട്ട്, കൊമ്പാടി, തിരുവല്ല ..... II -72
5.3 യൂഹാനോൻ മാർത്തോമ്മാ മെമ്മോറിയൽ സ്റ്റഡി സെന്റർ, മണ്ണന്തല ..... II -73
5.4 ഡോ. തോമസ് മാർ അത്താനാസ്യോസ് മെമ്മോറിയൽ റിസേർച്ച് & ഓറിയന്റേഷൻ സെന്റർ മാങ്ങാനം, കോട്ടയം ..... II -74
5.5 തോമസ് മാർ അത്താനാസ്യോസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ്, അമലഗിരി ..... II -75
5.6 ഈശോ മാർ തിമൊഥെയോസ് സെന്റർ ഫോർ ഇവാഞ്ചലിസം ആന്റ് റൂറൽ ഡവലപ്പ്മെന്റ്, സീഹോറ ..... II -75
5.7 ഈശോ മാർ തിമൊഥെയോസ് മെമ്മോറിയൽ ഇവാഞ്ചലിസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഹോസ്ക്കോട്ട് ..... II -76
5.8 ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ധർമ്മജ്യോതി വിദ്യാപീഠം, ഫരീദാബാദ് ഹരിയാന ..... II -76
5.9 ചർച്ച് ആനിമേഷൻ സെന്റർ ..... II -77
5.10 മാർത്തോമ്മാ സഭാ മ്യൂസിയം & സഭാ റഫറൻസ് ലൈബ്രറി ..... II -77
5.11 യൂഹാനോൻ മാർത്തോമ്മാ & മാത്യൂസ് മാർ അത്താനാസ്യോസ് മെമ്മോറിയൽ സമഗ്ര വികസന കേന്ദ്രം, അയിരൂർ ..... II -78

6. കമ്മിറ്റികൾ ..... II -79
6.1 വൈദിക തെരഞ്ഞെടുപ്പു കമ്മറ്റി ..... II -79
6.2 പ്രോപ്പർട്ടി & ബിൽഡിംഗ് കമ്മറ്റി ..... II -79
6.3 സർവ്വീസ് കമ്മീഷൻ ..... II -79
6.4 ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ ..... II -79
6.5 മാർത്തോമ്മാ തിയോളജിക്കൽ കമ്മീഷൻ ..... II -80
6.6 ഇക്കോളജിക്കൽ കമ്മീഷൻ ..... II -80
6.7 മാർത്തോമ്മാ ലിറ്റർജിക്കൽ കമ്മീഷൻ ..... II -80
6.8 മാർത്തോമ്മാ സഭാ വെബ്സൈറ്റ് കമ്മറ്റി ..... II -80
6.9 "മലങ്കര ദർശൻ" ചാനൽ പ്രോഗ്രാം ..... II -81
6.10 മാർത്തോമ്മാ സ്കൂൾ കൗൺസിലിംഗ് പ്രോഗ്രാം ..... II -81
6.11 ലഹരി വിമോചന സമിതി ..... II -81

7. ഭദ്രാസനങ്ങളും, ഇടവകകളും, പട്ടക്കാരും, മണ്ഡലാംഗങ്ങളും ..... II -82
7.1 ഭദ്രാസനങ്ങളും, ഇടവകകളും ..... II -82
7.2 റിപ്പോർട്ട് വർഷം രൂപീകൃതമായ ഇടവകകൾ ..... II -82
7.3 സജീവ സേവനത്തിൽനിന്നും വിരമിച്ച പട്ടക്കാർ ..... II -82

7.4 നിര്യാതരായ വന്ദ്യവൈദികർ ..... II -82
7.5 നിര്യാതനായ മണ്ഡലാംഗം ..... II -82
7.6 2020-2021-ൽ പട്ടത്വ ശുശ്രൂഷയിലേക്ക് പ്രവേശിച്ചവർ ..... II -82
7.7 പട്ടക്കാരുടെ വാർഷിക കോൺഫ്രറൻസ് ..... II -83
7.8 മാർത്തോമ്മാ സഭ കൺവൻഷൻ പ്രസംഗകരുടെ കോൺഫറൻസ് ..... II -83
8. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ..... II -83
8.A. കോളജുകൾ ..... II -83
8.A.*1. മാർത്തോമ്മാ കോളജ്, തിരുവല്ല* ..... II -83
8.A.*2. സെന്റ് തോമസ് കോളജ്, കോഴഞ്ചേരി* ..... II -87
8.A.*3. ക്രിസ്ത്യൻ കോളജ്, ചെങ്ങന്നൂർ* ..... II -88
8.A.*4. മാർത്തോമ്മാ കോളജ്, ചുങ്കത്തറ* ..... II -89
8.A.*5. ടൈറ്റസ് II ടീച്ചേഴ്സ് കോളജ്, തിരുവല്ല* ..... II -90
8.B. എം. റ്റി. ആന്റ് ഇ. എ. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റ് ..... II -90
8.B. *1. മാർത്തോമ്മാ സെമിനാരി ഹയർ സെക്കന്ററി സ്കൂൾ, കോട്ടയം* ..... II -91
8.B. *2. മാർത്തോമ്മാ ഹയർ സെക്കന്ററി സ്കൂൾ, പത്തനംതിട്ട* ..... II -91
8.B *3. സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂൾ, കീഴില്ലം* ..... II -92
8.B *4. എസ്. സി. എസ്. ഹയർ സെക്കന്ററി സ്കൂൾ, തിരുവല്ല* ..... II -92
8.B *5. ആശ്രമം ഹയർ സെക്കന്ററി സ്കൂൾ, പെരുമ്പാവൂർ* ..... II -93
8.B *6. മാർത്തോമ്മാ ഹയർ സെക്കന്ററി സ്കൂൾ, വെണ്മണി* ..... II -93
8.B *7. മാർത്തോമ്മാ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, കുന്നം* ..... II -94
8.B *8. മാർത്തോമ്മാ ഹയർ സെക്കന്ററി സ്കൂൾ, വാളകം* ..... II -94
8.B *9. മാർത്തോമ്മാ ഗേൾസ് ഹൈസ്കൂൾ, കൊട്ടാരക്കര* ..... II -95
8.B *10. എ.എം.എം. ഹൈസ്കൂൾ, കരവാളൂർ* ..... II -95
8.B *11. എം.റ്റി.എസ്. ഗേൾസ് ഹൈസ്കൂൾ, ആനപ്രാമ്പാൽ* ..... II -95
8.B *12. റ്റി.എം.റ്റി. ഹൈസ്കൂൾ, തലവടി* ..... II -96
8.B *13. മാർത്തോമ്മാ ഹൈസ്കൂൾ, ചണ്ണപ്പേട്ട* ..... II -96
8.B *14. ഗുരുകുലം ഹയർ സെക്കന്ററി സ്കൂൾ, ഇടക്കുളം* ..... II -96
8.B *15. എ. എം. എം. ഹൈസ്കൂൾ, ഓതറ* ..... II -97
8.B *16. സെന്റ് തോമസ് റ്റി. റ്റി. ഐ., തിരുവല്ല* ..... II -97
8.B *17. സെന്റ് ജോർജ്ജ് യു.പി. സ്കൂൾ, വാഴൂർ* ..... II -98
8.C. **സാങ്കേതിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ** ..... II -98
8.C. *1. മാർത്തോമ്മാ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്റർ ചെറുകോൽ, കോഴഞ്ചേരി* ..... II -98
8.D. **ഇതര വിദ്യാഭ്യാസ പ്രവർത്തനങ്ങൾ** ..... II -99
8.D. *1. മാർത്തോമ്മാ പ്രൈമറി സ്കൂൾ ടീച്ചേഴ്സ് അസ്സോസിയേഷൻ* ..... II -99
9. സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ ..... II -99
9.1 നവോദയ മൂവ്മെന്റ് സൊസൈറ്റി ..... II -99
9.2 മാർത്തോമ്മാ മെഡിക്കൽ മിഷൻ ..... II -99

9.3 സെന്റ് തോമസ് മിഷൻ ആശുപത്രി, കറ്റാനം ..... II -100
9.4 ഫെലോഷിപ്പ് മിഷൻ ആശുപത്രി, കുമ്പനാട് ..... II -100
9.5 മാർത്തോമ്മാ മിഷൻ ആശുപത്രി, ചുങ്കത്തറ ..... II -101

10. വികസന പ്രവർത്തനങ്ങൾ ..... II -102
10.1 ഡവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റ് ..... II -102
10.2 ബാക്ക്‌വേർഡ് കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് കമ്മീഷൻ (ബി.സി.ഡി.സി) ..... II -102
10.3 ക്രിസ്ത്യൻ ഏജൻസി ഫോർ റൂറൽ ഡവലപ്പ്മെന്റ് ..... II -102

11. മദ്യവർജ്ജന ചികിത്സാ പുനരധിവാസ പ്രവർത്തനങ്ങൾ ..... II -103
11.1 മോചന ലഹരി ആസക്തി വിമോചന ചികിത്സാ കേന്ദ്രം, മാങ്ങാനം ..... II - 103
11.2 നവജീവകേന്ദ്രം, മലയാലപ്പുഴ ..... II - 104

12. ജീവകാരുണ്യ പ്രവർത്തനങ്ങൾ ..... II -105
12.1 എം.സി.ആർ.ഡി, തെള്ളിയൂർ ..... II -105
12.2 നവജീവൻ സെന്റർ, മുംബൈ ..... II -106
12.3 ദളിത് വിദ്യാഭ്യാസ പദ്ധതി ..... II -107
12.4 ശാന്തിഗിരി ആശ്രമം, ആലുവ ..... II -107
12.5 സ്നേഹകരം പദ്ധതി ..... II -108
12.6 ഭൂ-ഭവനദാന പ്രസ്ഥാനം ..... II -108
12.7 മന്ദിരങ്ങൾ ..... II -108

13. മാർത്തോമ്മാ പബ്ലിക്ക് ചാരിറ്റബിൾ ട്രസ്റ്റ് ..... II -118
13.1 ചാരിറ്റബിൾ ട്രസ്റ്റ് ..... II -118
13.2 സ്നേഹഭവൻ ..... II -118

14. മാർത്തോമ്മാ ദയറായ / സന്യാസിനി സമൂഹം ..... II -118
14.1 ദയറായ സമൂഹം ..... II -118
14.2 സന്യാസിനി സമൂഹം ..... II -118

15. പ്രസിദ്ധീകരണങ്ങൾ ..... II -119
15.1 സഭാ ബുക്ക് ഡിപ്പോ ..... 1I -119
15.2 മലങ്കര സഭാ താരക ..... II -119
15.3 പബ്ലിക്കേഷൻ സൊസൈറ്റി ..... 1I -119
15.4 മാർത്തോമ്മാ പ്രസ് ..... 1I -119

16. രേഖീയ പ്രോജക്ട് ..... II -120

17. ഫണ്ടുകൾ ..... II -120

18. സഭാ ഓഫീസ് ..... II -121

19. ധനകാര്യം ..... II -121

കൃതജ്ഞത ..... II -122
ഉപസംഹാരം ..... II -122
സഭാ കൗൺസിൽ അംഗങ്ങളുടെ ഹാജർനില ..... II -123

ഭാഗം III

സഭയുടെ ആഡിറ്റ് ചെയ്ത വരവു ചെലവു കണക്കുകളും ബഡ്ജറ്റും, ബാക്കിപത്രവും, അനുബന്ധങ്ങളും

1. 2020-2021 ലെ വരവു ചെലവു കണക്കും 2021-2022-ലെ ബഡ്ജറ്റും ..... III - 1
2. സഭാ ബാക്കിപത്രവും അനുബന്ധങ്ങളും ..... III - 18

ഭാഗം IV

സ്ഥാപനങ്ങളുടെ ആഡിറ്റ് ചെയ്ത വരവു ചെലവു കണക്കുകളും, ബഡ്ജറ്റും, ബഡ്ജറ്റില്ലാതെയും ബഡ്ജറ്റിൽ കവിഞ്ഞും ഉള്ള ചെലവുകൾ.

1. മാർത്തോമ്മാ തിയോളജിക്കൽ സെമിനാരി, കോട്ടയം ..... IV - 1
2. എപ്പിസ്കോപ്പൽ ജൂബിലി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇവാഞ്ചലിസം, കൊമ്പാടി ..... IV - 9
3. മാർത്തോമ്മാ സെന്റർ ഫോർ റീഹാബിലിറ്റേഷൻ & ഡവലപ്പ്മെന്റ്, തെള്ളിയൂർ ..... IV -14
4. ഈശോ മാർ തിമൊഥെയോസ് സെന്റർ ഫോർ ഇവാഞ്ചലിസം & റൂറൽ ഡവലപ്പ്മെന്റ്, സിഹോറ ..... IV -21
5. ഡോ. തോമസ് മാർ അത്താനാസ്യോസ് മെമ്മോറിയൽ റിസേർച്ച് & ഓറിയന്റേഷൻ സെന്റർ മാങ്ങാനം, കോട്ടയം ..... IV -23
6. ഈശോ മാർ തിമൊഥെയോസ് സ്മാരക സുവിശേഷ പരിശീലന കേന്ദ്രം, ഹോസ്കോട്ട് .. IV -30
7. ഡോ. യൂഹാനോൻ മാർത്തോമ്മാ മെമ്മോറിയൽ സ്റ്റഡി സെന്റർ, തിരുവനന്തപുരം ..... IV -33
8. മലങ്കര സഭാ താരക ..... IV -38
9. എം. റ്റി. & ഇ. എ. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റ്, തിരുവല്ല ..... IV -42
10. മാർത്തോമ്മാ സഭാ ബുക്ക് ഡിപ്പോ, തിരുവല്ല ..... IV -47
11. മാർത്തോമ്മാ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്റർ, ചെറുകോൽ കോഴഞ്ചേരി ..... IV -52
12. ജെ. എം. & എം. എ. മെമ്മോറിയൽ സമഗ്രവികസന കേന്ദ്രം, അയിരൂർ ..... IV -56

ഭാഗം V

സ്ഥാപനങ്ങളുടെ ആഡിറ്റ് ചെയ്ത വരവു ചെലവു കണക്ക്

(മണ്ഡലാംഗങ്ങളുടെ അറിവിലേക്കുമാത്രം പ്രസിദ്ധീകരിക്കുന്നത്)

1. ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ് ..... V - 1
2. മാർത്തോമ്മാ പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റ്, തിരുവല്ല ..... V - 3
3. മാർത്തോമ്മാ ദയറായ സമൂഹം, പുനലൂർ ..... V - 5
4. മാർത്തോമ്മാ സന്യാസിനി സമൂഹം ..... V - 8
5. ടൈറ്റസ് II ടീച്ചേഴ്സ് കോളജ്, തിരുവല്ല ..... V - 11
6. ക്രിസ്ത്യൻ കോളജ്, ചെങ്ങന്നൂർ ..... V - 15
7. മാർത്തോമ്മാ കോളജ്, തിരുവല്ല ..... V - 18
8. ശാന്തിഗിരി ആശ്രമം, ആലുവ ..... V - 23
9. മാർത്തോമ്മാ കോളജ്, ചുങ്കത്തറ ..... V - 26
10. മാർത്തോമ്മാ പബ്ലിക്കേഷൻ സൊസൈറ്റി ..... V - 30
11. സെന്റ് തോമസ് കോളജ്, കോഴഞ്ചേരി ..... V - 34

Appointment of Statutory Auditors for the year 2021-2022

Taking into account the quality of work done, the following firms of Chartered Accountants are proposed to be appointed for the audit of the accounts of the Sabha and the various Institutions for the year 2021-2022:-

1. M/s. Cheriyan & Cheriyan, Chartered Accountants, Miss East Road, Kottayam- 686 001.
2. M/s. Reji John & Co., Chartered Accountants, Near Children's Library, Kottayam.
3. M/s. Kuruvilla & Co., Chartered Accountants, Pathanamthitta - 689 645.
4. M/s. Thomas Mathew & Associates, Chartered Accountants, Power House Road, Tiruvalla - 689 101.
5. M/s. Thomas Jacob & Co., Chartered Accountants, 2nd Floor, Cliff Terrace, YMR Junction, Nanthancode, Kowdiar, Trivandrum -35
6. M/s. M. Johanen & Co., No. 13 Crescent Road, Shenoy Nagar, Chennai - 30.
7. M/s. K.C. Koshal & Co. Chartered Accountants, 1507, Wright Town, Jabalpur (M.P).
8. M/s. K. I. Abraham & Co., Chartered Accountants, Tiruvalla.
9. M/s. Jacob Kovoor & Co., Chartered Accountants, Cochi.
10. M/s. Jacob Abraham & Co., Chartered Accountants, Chengannur.

Supplimentary Budget of Institutions 2020-2021

ഭാഗം IV

Pages: 7, 10, 18, 26, 30, 36, 46, 51, 54, 58

ഭാഗം II
വാർഷിക റിപ്പോർട്ട്
2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെ

ആമുഖം

അപരിചിതമായ പല മേഖലകളിലേക്കും നമ്മെ കൂട്ടിക്കൊണ്ടു പോകുന്ന ഒരു പ്രവേശന കവാടമായി കൊറോണ എന്ന മഹാമാരി ലോകത്തെ വെല്ലുവിളിക്കുന്ന കാലമാണിത്. ക്ഷണികമായ ജീവിതത്തിനു മുമ്പിൽ പ്രതാപങ്ങളുടെ അടയാളമായി മനുഷ്യർ കരുതി വന്നതൊക്കെ അപ്രസക്തങ്ങളാകുന്നു. ചെറുത്തുനിൽക്കാൻ നിസാഹയതമായ നിലവിളികളും ഞരക്കങ്ങളും കൊണ്ടു ചെറുത്തു നിൽക്കാൻ നടത്തുന്ന ശ്രമങ്ങൾ മാത്രം ബാക്കി.

കാലത്തിന്റെ അനിവാര്യതയായ മാറ്റം പലപ്പോഴും കലുഷിതമായാണ് രംഗപ്രവേശം ചെയ്യാറുള്ളത്. ലോകചരിത്രം തന്നെ പൂർവ്വകോവിഡ് കാലമെന്നും കോവിഡാനന്തര കാലമെന്നും വിലയിരുത്തപ്പെടുമെന്നുറപ്പായിക്കഴിഞ്ഞിരിക്കുന്നു. എങ്ങുനിന്നോ പൊട്ടിമുളച്ച ഒരു വിഷനാമ്പ് പെട്ടെന്നു വളർന്ന് പടർന്നു കുറിച്ചുവെച്ചിരുന്ന പ്രതീക്ഷകൾ വീണ്ടും വീണ്ടും വെട്ടിത്തിരുത്തിയെഴുതാൻ മനുഷ്യരെ നിർബന്ധിതരാക്കിക്കൊണ്ടിരിക്കുന്നു.

മനുഷ്യന്റെ പ്രാണഭയം വീണ്ടും മുതലെടുക്കപ്പെടുന്ന കാലം കൂടിയാണിത്. സമൃദ്ധിയുടെ സുവിശേഷങ്ങളും പുതുതലമുറ പ്രവാചകരും വിശ്വാസത്തിന്റെ പുതിയ തലങ്ങൾ രൂപപ്പെടുത്താൻ ശ്രമിക്കുമ്പോൾ ഇടറാത്തവനായ ദൈവത്തിലുള്ള പതറാത്ത വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നതിന് സമൂഹത്തെ ശക്തരാക്കുകയെന്നതാണ് ഇന്നിന്റെ സഭകൾ ചെയ്യേണ്ട പ്രവാചകദൗത്യം.

സാമൂഹിക അകലപാലനം സമൂഹത്തിന്റെ ആവശ്യമായി വന്നപ്പോൾ പോലും ആരാധന മുടക്കാതെ സമൂഹമാധ്യമങ്ങളുടെ സഹായത്തോടെ തുടരാൻ സാധിച്ചത് ഒരു ചെറിയ കാര്യം അല്ല. എങ്കിലും ക്രൂരമായ മനുഷ്യാവകാശ ലംഘനങ്ങളുടെയും സാമൂഹിക തിന്മകളുടെയും വേദനിപ്പിക്കുന്ന വാർത്തകൾ പുറത്തുവരുന്നുണ്ട്. പ്രതികളുടെയും ഇരകളുടെയും എണ്ണത്തിലും കുറവുവരേണ്ടതല്ലേ?

മനുഷ്യത്വം സംരക്ഷിക്കപ്പെടുവാൻ ക്രിയാത്മകവും സംഗതവുമായ ഇടപെടലുകൾ രൂപപ്പെടേണ്ടതുണ്ട്. സ്നേഹവും ആർദ്രതയും കരുണയും ചേർത്തു കാലോചിതമായ ക്രിസ്തീയ ദൗത്യസരണി രൂപപ്പെടുത്താൻ സഭകൾക്ക് സാധിക്കേണ്ടതുണ്ട്.

കാലത്തിന്റെ ബോധ്യപ്പെടുത്തലുകൾ കണ്ടില്ല എന്ന് നടിച്ചും, കാലമുന്നയിക്കുന്ന ആവശ്യങ്ങളെ മറവിക്ക് ഇട്ടുകൊടുത്തും, അധികകാലം മുമ്പോട്ടു പോകാനാവില്ല. ഇത് തിരിച്ചറിഞ്ഞു കൊണ്ടു സമൂഹത്തിന്റെ വിവിധ ഇടങ്ങളിൽ പ്രവർത്തന സജ്ജരാകുന്നതിനും ഇടപെടലുകൾ നടത്തുന്നതിനും നമുക്ക് സാധിച്ചിട്ടുണ്ട്. സഭയുടെ വിവിധ തലങ്ങളിൽ ഇപ്പോഴും സജീവമായ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഇടവക, സെന്റർ, ഭദ്രാസന തലങ്ങളിൽ സജീവമായ ഇടപെടലുകൾ നടന്നുവരുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നമുക്ക് 35 ലക്ഷം രൂപ സംഭാവനയായി നൽകാൻ കഴിഞ്ഞു. നമ്മുടെ സാമൂഹിക ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായും വിവിധ മേഖലകളിൽ ഫലപ്രദമായി ശുശ്രൂഷ ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. സഭയുടെ ഔദ്യോഗിക സംഘടനകളും ഈ സമയത്ത് ആത്മീയ-സാമൂഹിക മേഖലകളിൽ ഫലപ്രദമായി ഇടപെട്ടിട്ടുണ്ട്. വിശേഷിച്ചു മാർത്തോമ്മാ യുവജനസഖ്യം നടത്തിയ പ്രവർത്തനങ്ങൾക്ക് ലഭിച്ച അംഗീകാരം അഭിമാനകരമാണ്. ഈ സമയത്ത് മഹാമാരിക്കെതിരായ പോരാട്ടത്തിൽ വിവിധ സാമൂഹിക-രാഷ്ട്രീയ സംഘടനകളോടും ആരോഗ്യമേഖലയോടും ചേർന്ന് സഭയുടെ അംഗങ്ങൾ കരുത്തോടെ പ്രവർത്തിക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങളെ വളരെ ആദരവോടെ കാണുകയും അവരെ അഭിനന്ദിക്കുകയും ചെയ്യുന്നു.

നമുക്ക് അഭിവന്ദ്യനായിരുന്ന ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ വിയോഗം മലങ്കരയിൽ സഭയ്ക്കും സമൂഹത്തിനും തീരാനഷ്ടമാണ്. സഭയ്ക്ക് ശക്തമായ നേതൃത്വം നൽകിയിരുന്ന തിരുമേനിയുടെ സംഭാവനകളെ ആദരവോടുകൂടെ അനുസ്മരിക്കുകയും അദ്ദേഹത്തെ നമുക്ക് നൽകിയതിന് ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു.

പലർക്ക് വന്നത് നമുക്ക് വരുന്നതുവരെ നോക്കി നിൽക്കുന്ന ശീലം മാറ്റിവച്ച്, നാം കേവലം മനുഷ്യരാണ് എന്ന് തിരിച്ചറിഞ്ഞ് മാവനികതയ്ക്ക് ഏറ്റ മുറിപ്പാടുകൾ വെച്ചുകെട്ടി സുഖപ്പെടുത്താൻ നമുക്ക് സാധിക്കേണ്ടതുണ്ട്. മുറിവുകൾ തൊട്ടു സൗഖ്യപ്പെടുത്തുന്നവനായ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ഈ കാലവും മറികടക്കാൻ ലോകത്തിനു കഴിയട്ടെ, എല്ലാ മനുഷ്യരും എല്ലാ ജീവജാലങ്ങളും സുരക്ഷിതരായിരിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ 2020-21 വർഷത്തെ പ്രവർത്തന റിപ്പോർട്ട് സവിനയം സമർപ്പിക്കട്ടെ.

1. കേന്ദ്ര പ്രവർത്തനം

1.1. എപ്പിസ്കോപ്പൽ സിനഡ്

റിപ്പോർട്ടു വർഷം 10 പ്രാവശ്യം എപ്പിസ്ക്കോപ്പൽ സിനഡ് സമ്മേളിച്ചു. പ്രധാന തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. പട്ടക്കാരുടെ സ്ഥലം മാറ്റം, നിയമനം, ഉപരിപഠനം, വിദേശയാത്രയ്ക്കുള്ള അനുമതി തുടങ്ങിയവ സംബന്ധിച്ച് തീരുമാനങ്ങൾ ചെയ്തു.
2. ഭദ്രാസന അസംബ്ലികൾ/സോൺ എന്നിവയുടെ തീരുമാനങ്ങൾ അംഗീകരിച്ചു.
3. ശെമ്മാശ്, കശ്ശീശാ പട്ടംകൊട ശുശ്രൂഷകൾ സംബന്ധിച്ചു തീരുമാനം ചെയ്തു.
4. സഭയുടെ സ്പോൺസർഷിപ്പ് ഇല്ലാതെ ബി.ഡി. ബിരുദം കരസ്ഥമാക്കിയവരുടെ അപേക്ഷകൾ, പ്രായോഗിക പരിശീലനം ആദിയായവ സംബന്ധിച്ചുള്ള വൈദിക സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശകൾ അംഗീകരിച്ചു.
5. 2021 ലെ ലക്ഷനറി അംഗീകരിച്ചു.
6. കോവിഡ്-19 പശ്ചാത്തലത്തിൽ മണ്ഡലാംഗങ്ങളെ തെരഞ്ഞെടുക്കുവാൻ കഴിയാത്ത ഇടവകകളിൽ തെരഞ്ഞെടുപ്പു നടത്തുവാൻ ഭരണഘടന 64-ാം വകുപ്പ് പ്രകാരം സമയം നീട്ടി നൽകി.
7. പ്രതിനിധി മണ്ഡലത്തിന്റെയും ഭദ്രാസന അസംബ്ലി മുതലായവയുടെ സബ്കമ്മിറ്റികളുടെ കാലാവധി പുതിയ തിരഞ്ഞെടുപ്പുവരെ തുടരുന്നതിന് ഭരണഘടന 166-ാം വകുപ്പനുസരിച്ച് അനുമതി നൽകി.
8. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 35 ലക്ഷം രൂപ നൽകുവാൻ തീരുമാനിച്ച് നേരിട്ടു നൽകി.
9. കോടതി വിധിയുടെ പശ്ചാത്തലത്തിൽ അയ്മനം പി. ജോൺ മെമ്മോറിയൽ ട്രസ്റ്റിന് പുതിയ ട്രസ്റ്റികളെ തിരഞ്ഞെടുത്തു.
10. റവ. ഡോ. സാമുവേൽ റ്റി. വർഗീസിൽ നിന്നും പുതിയ സത്യവാങ്മൂലം വാങ്ങി 2020 ജൂലൈ 1-ാം തീയതി മുതൽ സഭാ ശുശ്രൂഷയിലേക്ക് തിരികെ പ്രവേശിപ്പിച്ചു.
11. കോവിഡ് -19ന്റെ പശ്ചാത്തലത്തിൽ വിശുദ്ധ കുർബ്ബാന അപ്പം കൈയ്യിൽ കൊടുക്കുവാനും വീഞ്ഞ് കപ്പുകളിൽ കൊടുക്കുവാനും അനുവദിച്ചു.
12. മുംബൈ, റാന്നി-നിലക്കൽ, കോട്ടയം-കൊച്ചി എന്നീ ഭദ്രാസനങ്ങളുടെ ചുമതല യഥാക്രമം റൈറ്റ്. റവ. ഡോ. യൂയാക്കിം മാർ കൂറിലോസ്, റൈറ്റ്. റവ. തോമസ് മാർ തിമൊഥെയോസ്, റൈറ്റ് റവ. ഡോ. ഏബ്രഹാം മാർ

പൗലോസ് എന്നീ എപ്പിസ്കോപ്പാമാർക്ക് നിലവിലുള്ള ഭദ്രാസന ചുമതലക്കൊപ്പം അധിക ചുമതല നൽകി.

13. ഡി.എസ്.എം.സി. ഡയറക്ടറെ മലങ്കര ദർശന്റെ ഡയറക്ടറായി നിയമിച്ചു.
14. യുവജനസഖ്യം പഠന പുസ്തകമായി "മഹാമാരി കോവിഡ് -19, ലോകത്തെ ഇളക്കിമറിക്കുന്നു" (Pandamic Covid -19 Shakes the World) എന്ന പുസ്തകത്തിന്റെ പരിഭാഷ അംഗീകരിച്ചു.
15. റവ. ഡോ. വി.എസ്. വറുഗീസിനെ കോട്ടയം വൈദീക സെമിനാരി പ്രിൻസിപ്പലായി നിയമിച്ചു.
16. എഡിൻബറോ കോൺഗ്രിഗേഷനെ 2021 മാർച്ച് 1-ാം തീയതി മുതൽ എഡിൻബറോ സെന്റ് ആൻഡ്രൂസ് മാർത്തോമ്മാ എന്ന പേരിൽ ഇടവകയായി രൂപീകരിക്കുന്നതിന് തീരുമാനിച്ചു.
17. ഏതാനും ചില വൈദികരുടെ പേരിൽ ലഭിച്ചിട്ടുള്ള പരാതികളിൽ ആവശ്യമായ അന്വേഷണം നടത്തി ശിക്ഷണ നടപടികൾ സ്വീകരിച്ചു.
18. ഡൽഹി ഭദ്രാസനത്തിന്റെ ചുമതല 2021 ജനുവരി 27-ാം തീയതി മുതൽ മെത്രാപ്പോലീത്താ ഏറ്റെടുത്തു.
19. റൈറ്റ് റവ. ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പായെ നിരണം - മാരാമൺ ഭദ്രാസന സഹായ എപ്പിസ്കോപ്പായായി നിയമിച്ചു.
20. പള്ളിപ്പാട് ദീപ്തി ബാലികാഭവനം Jyothis School for Special Education-നെ 2021 ഏപ്രിൽ 1-ാം തീയതി മുതൽ ചെങ്ങന്നൂർ-മാവേലിക്കര ഭദ്രാസനത്തിന്റെ ചുമതലയിലാക്കി.

1.2.സഭാ കൗൺസിൽ

റിപ്പോർട്ടുവർഷം സഭാ കൗൺസിലിന്റെ 6 മീറ്റിംഗുകൾ നടന്നു. പ്രധാന തീരുമാനങ്ങളും നടപടികളും ചുവടെ ചേർക്കുന്നു.

1. സഭയുടെയും സ്ഥാപനങ്ങളുടെയും വാർഷിക റിപ്പോർട്ടും, വരവ് ചെലവ് കണക്കും, ബാലൻസ് ഷീറ്റും ബഡ്ജറ്റും (2020-21) അംഗീകരിക്കുകയും സഭാ മണ്ഡലത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കാൻ തീരുമാനിക്കയും ചെയ്തു.
2. ജോസഫ് മാർത്തോമ്മായുടെ 90-ാം ജന്മദിനം 2020 ജൂൺ 27-ന് നടത്തുന്നതിന് തീരുമാനിച്ചു. പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി ഉദ്ഘാടനം ചെയ്തു.
3. നവതി പ്രോജക്ട് ആയി മാർത്തോമ്മാ സഭാ ഓഫീസ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് തീരുമാനിച്ചു. പ്ലാനും എസ്റ്റിമേറ്റും പാസ്സാക്കി.
4. 2021 ഒക്ടോബർ 13,14,15 തീയതികളിൽ സഭാ മണ്ഡലയോഗം നടത്തുന്നതിനു തീരുമാനിച്ചു.
5. സഭാ ഓഫീസ് മാനേജരായി ശ്രീ. റ്റി.എം. ജോസഫിനെ നിയമിച്ചു.
6. മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായുടെ ഡ്രൈവറായിരുന്ന ശ്രീ. എബി ജെ. ഏബ്രഹാമിന് വലിയ തിരുമേനിക്ക് ഒരു ഡ്രൈവറിനെ ആവശ്യമില്ലാത്തതിനാൽ നാളിതുവരെയുള്ള ആനുകൂല്യങ്ങൾ നൽകി ജോലിയിൽ നിന്ന് വിടർത്തുവാൻ തീരുമാനിച്ചു.
7. ചെറുകോൽ ഐ.റ്റി.സി. അഡ്മിനിസ്ട്രേറ്റർ ആയിരുന്ന ശ്രീ. ചെറിയാൻ മാത്യുവിനു പകരം ശ്രീ. എൻ.പി. ഏബ്രഹാം, റിട്ട. എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റിയെ നിയമിക്കുന്നതിന് തീരുമാനിച്ചു.
8. നിക്കോൾസൺ സിറിയൻ ഗേൾസ് ഹൈസ്കൂൾ പ്രിൻസിപ്പലിന്റെ കത്തുപ്രകാരം റൈറ്റ് റവ. ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ് സഫ്രഗൻ മെത്രാപ്പോലീത്താ, റവ. തോമസ് സി. അലക്സാണ്ടർ, പ്രൊഫ. കോശി മത്തായി എന്നിവർ അടങ്ങിയ ഒരു അന്വേഷണ കമ്മീഷനെ നിയമിക്കുന്നതിന് തീരുമാനിച്ചു.
9. ട്രാവൻകൂർ കൊച്ചിൻ ലിറ്ററി, സയന്റിഫിക് & ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് -1955 പ്രകാരം Light to Life -India യുടെ രജിസ്ട്രേഷൻ നടത്തുന്നതിന് തീരുമാനിച്ചു.
10. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ കബറടക്ക ശുശ്രൂഷ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു നടത്തുന്നതിന് വേണ്ട തീരുമാനങ്ങൾ ചെയ്തു.
11. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ ഒരു അനുസ്മരണ വാല്യം പ്രസിദ്ധീകരിക്കുന്നതിനു ഡോക്യുമെന്ററി തയ്യാറാക്കുന്നതിനുമായി ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ ചെയർമാനായുള്ള ഒരു കമ്മിറ്റി രൂപീകരിച്ചു.
12. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെയും ഗീവർഗീസ് മാർ അത്താനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്തായുടെയും സ്മരണിക അനുയോജ്യമായ സ്ഥലത്ത് സൂക്ഷിക്കുന്നതിന് സഭാ ഭാരവാഹികളെ ചുമതലപ്പെടുത്തി.
13. ഇന്റർനെറ്റ് ബാങ്കിംഗിലൂടെ SBIയുടെ ന്യൂഡൽഹി ബ്രാഞ്ചിൽ ഒരു FCRA അക്കൗണ്ട് ആരംഭിക്കുന്നതിനും നിശ്ചിത സമയത്തിനുള്ളിൽ രജിസ്ട്രേഷൻ പുതുക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു. DARPAN ID ലഭിക്കാത്തതിനാൽ വിദേശത്തു നിന്നുള്ള സംഭാവനകളുടെ റിട്ടേൺ ഫയൽ ചെയ്യുന്നതിന് കേരള ഹൈക്കോടതിയെ സമീപിക്കുന്നതിന് തീരുമാനിച്ചു.
14. ഓഡിറ്റോറിയം മുതലായവയുടെ ക്യാൻസലേഷൻ സംബന്ധിച്ച് ജി.എസ്.ടി. തിരികെ ലഭിക്കത്തക്കവണ്ണം സോഫ്റ്റവെയർ പരിഷ്കരിക്കുന്നതിന് തീരുമാനിച്ചു.
15. ഫോമുകൾ, സാക്ഷ്യപത്ര രൂപഘടന, ആവശ്യമായ സത്യവാങ്മൂലം എന്നിവ സഭയുടെ വെബ്സൈറ്റിലും ആരാധനക്രമങ്ങൾ സഭയുടെ മൊബൈൽ ആപ്ലിക്കേഷൻസുകളിലും അപ്ലോഡ് ചെയ്യുന്നതിന് തീരുമാനിച്ചു.
16. ഭദ്രാസനങ്ങളിൽ നിന്നും ബാലവാടികളുടെ ലിസ്റ്റ് സ്വീകരിച്ച് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഗ്രാന്റ് നൽകുവാൻ തീരുമാനിച്ചു.
17. സ്കൂൾസ് കോർപ്പറേറ്റ് മാനേജരെ തെരഞ്ഞെടുക്കുന്നതിനുള്ള ഒരു കമ്മിറ്റി രൂപീകരിച്ചു. ശ്രീമതി ലാലിക്കുട്ടി പി.യെ മാനേജരായി നിയമിച്ചു.
18. മാർത്തോമ്മാ സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂളുകളിൽ എൽ.പി., യു.പി. വിഭാഗങ്ങളിലേക്കുള്ള സംഗീതം, തയ്യൽ അദ്ധ്യാപകരുടെ റാങ്ക് ലിസ്റ്റ് അംഗീകരിച്ചു.
19. മാർത്തോമ്മാ സഭയുടെ WCC യുടെ മെംബർഷിപ്പ് വിഹിതം നൽകിയതിന് നോർത്ത് അമേരിക്ക-യൂറോപ്പ് ഭദ്രാസനത്തിനും റൈറ്റ് റവ. ഡോ. ഐസക് മാർ ഫിലക്സിനോസ് എപ്പിസ്കോയ്ക്കും നന്ദി അറിയിക്കുന്നതിന് തീരുമാനിച്ചു.
20. ഡോ. ജോസഫ് മാർത്തോമ്മാ ഉപയോഗിച്ചുകൊണ്ടിരുന്ന ബെൻസ് കാർ വിൽക്കുന്നതിന് മലയാള മനോരമയിൽ പരസ്യപ്പെടുത്തി ഏറ്റവും കൂടിയ വിലയുടെ കൊട്ടേഷൻ നൽകുന്നവർക്ക് വിൽക്കുന്നതിന് തീരുമാനിച്ചു.
21. കോഴഞ്ചേരിയിലെ ഹെർമിറ്റേജിന്റെ ഉപയോഗം സംബന്ധിച്ച് നിർദ്ദേശം അവതരിപ്പിക്കുന്നതിന് തീരുമാനിച്ചു.
22. സഭയുടെ ലോഗോ രജിസ്റ്റർ ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.
23. കോവിഡ് മാനദണ്ഡം അനുസരിച്ച് ഇടവക സംഘം, ഭദ്രാസന അസംബ്ലി, ഭദ്രാസന കൗൺസിലിലേക്കുള്ള തിരഞ്ഞെടുപ്പ് എന്നിവ നടത്തുവാൻ വേണ്ടി നടപടികൾ സ്വീകരിക്കുവാൻ മെത്രാപ്പോലീത്താ തിരുമേനിയോട് അപേക്ഷിക്കുവാൻ തീരുമാനിച്ചു.
24. ലീഗൽ അഫയേഴ്സ് കമ്മിറ്റിയുടെ ശുപാർശയോടെ MCRD രജിസ്റ്റർ ചെയ്യുന്നതിനുള്ള Bylaw അവതരിപ്പിക്കുന്നതിന് തീരുമാനിച്ചു. MCRD യുടെ മെമ്മോറാണ്ഡം ഓഫ് അസോസിയേഷൻ അംഗീകരിക്കുന്നതിന് തീരുമാനിച്ചു.
25. ഇമ്മാനുവേൽ മാർത്തോമ്മാ സ്കൂൾ, വിശ്രാന്തവാഡിക്ക് ഭൂമി വാങ്ങുന്നതിന് അനുവാദം നൽകി. ഭദ്രാസന എപ്പിസ്കോപ്പായുടെ അനുവാദത്തോടെ 5 കോടി ലോൺ എടുക്കുന്നതിനും 20 വർഷം കൊണ്ട് അടച്ചു തീർക്കുന്നതിനുമായി അനുവാദം നൽകി.
26. പത്തനംതിട്ട ഡിസ്ട്രിക് ടൗൺ പ്ലാനറുടെ നിർദ്ദേശപ്രകാരം എസ്. സി. എസ്. കാമ്പസിൽ നിർമ്മിക്കാനിരി

ക്കുന്ന കെട്ടിടത്തിന്റെ പ്ലാനിൽ ഉചിതമായ മാറ്റം വരുത്തുവാൻ തീരുമാനിച്ചു.

27. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ സ്വത്തുവകകളുടെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ അവതരിപ്പിച്ചു.
28. തിരിച്ചടവ് സംബന്ധിച്ചുള്ള വിവരണം ലഭിച്ചതിനു ശേഷം സിഡ്നി മാർത്തോമ്മാ ഇടവകയ്ക്ക് ലോൺ എടുക്കുന്നതിനുള്ള അനുവാദം നൽകുന്നതിന് തീരുമാനിച്ചു.
29. മെട്രോപ്പോലിറ്റൻ ഓഡിറ്റ് ബ്യൂറോയുടെ ലിസ്റ്റ് അംഗീകരിക്കുന്നതിന് തീരുമാനിച്ചു.
30. 20-ാമത് ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക പ്രഭാഷണം 2021 ഏപ്രിൽ 10-ന് നടത്തുവാൻ തീരുമാനിച്ചു.
31. മാർത്തോമ്മാ റസിഡൻഷ്യൻ കോംപ്ലക്സ് റൂം നമ്പർ 3 പ്രതിമാസം 100 രൂപ വാടകയിൽ Light to Life project നായി നൽകുന്നതിന് തീരുമാനിച്ചു.

32. താഴെപ്പറയുന്നവരുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി:

മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ.
മോസ്റ്റ് റവ. ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ
ഹിസ് ഹോളിനസ് മോറോൻ മാർ ബസേലിയോസ് പൗലോസ് ദ്വിദീയൻ കാതോലിക്കാ ബാവാ, മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച്.
റവ. എം. ജോൺ കശ്ശീശ
റവ. ഡോ. വി.ഇ. വർഗീസ് കശ്ശീശ
സിസ്റ്റർ ഏ.വി. മറിയാമ്മ അങ്കോല ക്രിസ്തുമിത്ര ആശ്രമാംഗം
റവ. ഡി. ദേവദാസ്, കർണ്ണാടക മിഷനറി
റവ. കെ.ജി. മാമ്മൻ, ആയൂർ
റിട്ട. ജഡ്ജ് ഒ.എൻ. നൈനാൻ, തിരുവല്ല
ഡോ. സി.എ. തോമസ്, മുൻ സഭാ കൗൺസിൽ അംഗം
ശ്രീ. കെ.സി. ഏബ്രഹാം, സഭാകൗൺസിൽ അംഗം അഡ്വ. ബ്രിജേഷ് ഏബ്രഹാമിന്റെ പിതാവ്.
ശ്രീമതി ഗ്രേസി തോമസ്, ശ്രീ. വർഗീസ് റ്റി. മങ്ങാടിന്റെ മാതാവ്.
ശ്രീ. വർഗീസ് വർഗീസ്, ശ്രീ. മാത്യു വർഗീസ്, സഭാ ഓഫീസിന്റെ പിതാവ്.
മോസ്റ്റ് റവ. ഡി.കെ. മൊഹന്തി, മുൻ സി.എൻ.ഐ. മോഡറേറ്റർ.
റൈറ്റ് റവ. ഡോ. പി.ജി. കുരുവിള, സി.എസ്.ഐ. നോർത്ത് കേരള ഇടവകയുടെ മുൻ ബിഷപ്പ്.
ശ്രീമതി അന്നമ്മ ജേക്കബ്, പരേതനായ റവ. കെ.റ്റി. ജേക്കബന്റെ സഹധർമ്മിണി.
ശ്രീമതി ഏലിയാമ്മ കോശി, ശ്രീ. കോശി സാമുവേൽ സഭാ കൗൺസിൽ അംഗത്തിന്റെ മാതാവ്.
ശ്രീമതി റോഷ്നി സാറാമ്മ സാമുവേൽ, ശ്രീ. കോശി സാമുവേൽ സഭാ കൗൺസിൽ അംഗത്തിന്റെ സഹധർമ്മിണി.
ശ്രീ. അലക്സാണ്ടർ കെ. സാം, റിട്ടയേർഡ് ഡെപ്യൂട്ടി മാനേജർ, സഭാ ഓഫീസ്
ശ്രീമതി ചിന്നമ്മ മാത്യു, പരേതനായ റവ. കെ.വി. മാത്യുവിന്റെ സഹധർമ്മിണി.
ശ്രീ. സി.വി. ഏബ്രഹാം, വെരി. റവ. ഡോ. സി.എ. വർഗീസിന്റെ പിതാവും റവ. തോമസ് സി. അലക്സാണ്ടർ, ക്ലർജി ട്രസ്റ്റിയുടെ ഭാര്യാപിതാവും.
ശ്രീമതി എൽസി വർഗീസ്, പരേതനായ റവ. എം.എസ്. വർഗീസിന്റെ സഹധർമ്മിണി.
സിസ്റ്റർ എം.റ്റി. ചിന്നമ്മ, അങ്കോല ക്രിസ്തുമിത്ര ആശ്രമാംഗം.
വെരി റവ. പി.വി. തോമസ്, വികാരി ജനറാൾ
റവ. കെ.എം. തോമസ് കശ്ശീശ
റവ. അനൂപ് മാത്യു കശ്ശീശ
ഫാ. സ്റ്റാൻ സ്വാമി, ആദിവാസി ക്ഷേമ പ്രവർത്തകൻ
ശ്രീമതി അച്ചാമ്മ കോശി, റവ. റ്റി.കെ. അലക്സാണ്ടർ തരകന്റെ മാതാവ്.
പ്രൊഫ. എസ്. ഏബ്രഹാം, സഭാകൺസിലിലെയും എപ്പിസ്കോപ്പൽ നോമിനേഷൻ ബോർഡിലെയും മുൻ അംഗം.
ശ്രീമതി അന്നമ്മ ഉമ്മൻ, പരേതനായ എം.ഒ. ഉമ്മനച്ചന്റെ സഹധർമ്മിണി.
ശ്രീ. എം.ജെ. രാജു, കാരമല എബനേസർ മണ്ഡലാംഗം
ശ്രീ. പി.ജി. കുര്യൻ, സഭാ ഓഫീസ് സ്റ്റാഫ് തോമസ് കുര്യന്റെ പിതാവ്
മിസ് സാറാ ജോൺ, നിക്കോൾസൺ സിറിയൻ ഗേൾസ് ഹൈസ്കൂളിന്റെ മുൻ പ്രിൻസിപ്പൽ
ശ്രീ. എൻ.എം. ബേബിക്കുട്ടി, സഭാ കൗൺസിലംഗം ശ്രീ. എൻ. സണ്ണിയുടെ പിതാവ്
പ്രൊഫ. സൂസമ്മ ചാക്കോ, പരേതനായ റവ. കെ.ജി. ചാക്കോയുടെ സഹധർമ്മിണി
ശ്രീമതി ഏലിയാമ്മ മാത്തുണ്ണി, സഭാകൗൺസിൽ അംഗം ഡോ. ജോൺ മാത്യുവിന്റെ മാതാവ്.

33. താഴെപ്പറയുന്നവരെ അനുമോദിച്ചു:

ഡോ. കോശി മത്തായിക്ക് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് ലഭിച്ചതിന്.
മോസ്റ്റ് റവ. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായെ മെത്രപ്പോലീത്തായായി സ്ഥാനാരോഹണം ചെയ്തതിന്.
മോസ്റ്റ് റവ. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായെ ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായി കോ-ഓപ്റ്റ് ചെയ്തതിന്.
റൈറ്റ് റവ. ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പായ്ക്ക് നാഷണൽ മൈനോറിറ്റി കമ്മിഷനിൽ നിന്നും അവാർഡ് ലഭിച്ചതിന്.
അഡ്വ. ബ്രിജേഷ് ഏബ്രഹാം കൊല്ലം ജില്ലാ പഞ്ചായത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതിന്.
ശ്രീ. അജി അലക്സ് ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതിന്.
ശ്രീ. ഏബ്രഹാം പി. തോമസ് ചെറുകോൽ ഗ്രാമപഞ്ചായത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതിന്.
ശ്രീ. ജിറ്റു കുര്യൻ ഏബ്രഹാം വീയപുരം ഗ്രാമപഞ്ചായത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതിന്.
മോസ്റ്റ് റവ. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത, 73-ാം ജന്മദിനത്തിന്.
റൈറ്റ് റവ. ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പാ, 69-ാം ജന്മദിനത്തിന്
റൈറ്റ് റവ. ഡോ. മലയിൽ സാബു കോശി ചെറിയാൻ CSI മദ്ധ്യകേരള ഡയോസിസിന്റെ 13-ാമത് ബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ടതിന്.

1.3. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ നവതി ആഘോഷം:

നവതി ആഘോഷ സമ്മേളനം 27.06.2020 സഭാ ഓഡിറ്റോറിയത്തിൽ കോവിഡ് -19 മാനദണ്ഡം അനുസരിച്ച് നടത്തപ്പെട്ടു. പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി സമ്മേളനം ഉദ്ഘാടനം ചെയ്തു. സമൂഹ മാധ്യമത്തിലൂടെ ലൈവ് വെബ്കാസ്റ്റ് നടത്തി. ഡി.എസ്.എം.സി. ക്വയർ ഗാനങ്ങൾ ആലപിച്ചു. അഡ്വ. പി.എസ്. ശ്രീധരൻപിള്ള, മിസോറാം ഗവർണ്ണർ, ശ്രീ. പിണറായി വിജയൻ, കേരള മുഖ്യമന്ത്രി, റൈറ്റ് റവ. തോമസ് കെ. ഉമ്മൻ, മുൻ സി.എസ്.ഐ. മോഡറേറ്റർ, റൈറ്റ് റവ. ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ് എപ്പിസ്കോപ്പാ, മോറോൻ മാർ ബസേലിയോസ് കർദിനാൾ ക്ലീമ്മിസ്, മലങ്കര കാതലിക് ചർച്ച്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ, മലങ്കര ഓർത്തഡോക്സ് ചർച്ച്, ഡോ. ജോസഫ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ, സിറിയൻ ജാക്കോബൈറ്റ് ചർച്ച്, പ്രൊഫ. പി.ജെ. കുര്യൻ, മുൻ ഡപ്യൂട്ടി ചെയർമാൻ, രാജ്യസഭ, ശ്രീ. ആന്റോ ആന്റണി എം.പി., ഡോ. ഉഷ ടൈറ്റസ് IAS, ശ്രീ. പി.ബി. നൂഹ് IAS, ബ്രഹ്മശ്രീ അക്കീരമൺ കാളിദാസൻ ഭട്ടതിരിപ്പാട്, മൗലവി സലിം സഖാഫി എന്നിവരുടെ സാന്നിദ്ധ്യം മൂലം സമ്മേളനം അനുഗ്രഹകരമായി.

1.4. സഫ്രഗൻ മെത്രാപ്പോലീത്താ സ്ഥാനാരോഹണം

ബഹു. എപ്പിസ്കോപ്പൽ സിനഡിന്റെ തീരുമാനപ്രകാരം റൈറ്റ് റവ. ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ് എപ്പിസ്കോപ്പായെ സഭയുടെ സഫ്രഗൻ മെത്രാപ്പോലീത്തായായി 2020 ജൂലൈ മുതൽ നിയമിച്ചു. സ്ഥാനാരോഹണ ശുശ്രൂഷ

2020 ജൂലൈ 7-ന് പൂലാത്തീൻ ചാപ്പലിൽ വിശുദ്ധ കുർബ്ബാനയോടുകൂട നടത്തപ്പെടുകയും ഗീവർഗീസ് മാർ തിയഡോഷ്യസ് എപ്പിസ്കോപ്പായെ സഫ്രഗൻ എന്ന പദവിയിലേക്ക് അവരോധിക്കുകയും ചെയ്തു. അഭി. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ ശുശ്രൂഷയ്ക്ക കാർമ്മികത്വം വഹിച്ചു.

1.5. മെത്രാപ്പോലീത്താ സ്ഥാനാരോഹണം

2020 നവംബർ 14-ന് തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ ഓഡിറ്റോറിയത്തിൽ പ്രത്യേകം തയ്യാർ ചെയ്ത മദ്ബഹായിൽ സ്ഥാനാരോഹണ ശുശ്രൂഷ നടന്നു. റൈറ്റ് റവ. ഡോ. യൂയാക്കിം മാർ കൂറിലോസ് എപ്പിസ്കോപ്പാ വിശുദ്ധ കുർബ്ബാന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. നമ്മുടെ സഭയിലെ മേൽപ്പട്ടക്കാരെ കൂടാതെ മോസ്റ്റ് റവ. സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്ത തൊഴിയൂർ സഭ ശുശ്രൂഷയിൽ പങ്കെടുത്തു. റൈറ്റ് റവ. ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ ശുശ്രൂഷാ മദ്ധ്യേ ധ്യാനപ്രസംഗം ചെയ്തു.

അനുമോദന സമ്മേളനം H.B. മാർ ജോർജ്ജ് കർദിനാൾ ആലഞ്ചേരി (മേജർ ആർച്ച് ബിഷപ്പ് സീറോ മലബാർ കാതലിക് ചർച്ച്) ഉദ്ഘാടനം ചെയ്തു. H.B. ബസേലിയേസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കോസ് (മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച്), മോസ്റ്റ് റവ. ഡോ. പി.സി. സിംഗ് (സി.എൻ.ഐ. മോഡറേറ്റർ), H.B. മോറാൻ മാർ കർദിനാൾ ബസേലിയോസ് ക്ലീമ്മിസ് കാതോലിക്കോസ് (ആർച്ച് ബിഷപ് സീറോ മലങ്കര കാതോലിക് ചർച്ച്), മോസ്റ്റ് റവ. ഡോ. ധർമ്മരാജ് രസാലം (സി.എസ്.ഐ. മോഡറേറ്റർ), മോസ്റ്റ് റവ. സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്താ (തൊഴിയൂർ ചർച്ച്), മോസ്റ്റ് റവ. ഡോ. ജോസഫ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ (ജാക്കോബൈറ്റ് സിറിയൻ ചർച്ച്), മോസ്റ്റ് റവ. കുരിയാക്കോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ (ക്നാനായ സഭ), മോസ്റ്റ് റവ. ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത (മലങ്കര ഓർത്തഡോക്സ്), ഡോ. മാത്യൂസ് ജോർജ്ജ് ചുനക്കര (സി.സി.എ. ജനറൽ സെക്രട്ടറി), ഡോ. ജിം വിംക്ലർ (പ്രസിഡന്റ് എൻ.സി.സി.സി. യുഎസ്എ), പ്രൊഫ. പി.ജെ. കുര്യൻ (മുർ രാജ്യസഭ ഡപ്യൂട്ടി ചെയർമാൻ), ശ്രീ ആന്റോ ആന്റണി എം.പി., അഡ്വ. മാത്യു ടി. തോമസ് എം.എൽ.എ., ഡോ. ഉഷ ടൈറ്റസ് IAS എന്നിവർ സന്നിഹിതരായിരുന്നു. ശ്രീ. പിണറായി വിജയൻ (കേരള മുഖ്യമന്ത്രി), കാന്റബറി ആർച്ച്ബിഷപ്പ് ജസ്റ്റിൻ വെൽബി എന്നിവരുടെ ആശംസ സന്ദേശം സഭാ സെക്രട്ടറി വായിച്ചു.

ക്ലേർജി ട്രസ്റ്റി റവ. തോമസ് സി. അലക്സാണ്ടർ, അത്മായ ട്രസ്റ്റി ശ്രീ. പി.പി. അച്ചൻകുഞ്ഞ് എന്നിവർ ചേർന്ന് മംഗളപത്രവും മെമന്റോയും സമർപ്പിച്ചു.

1.6. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ ദേഹവിയോഗവും അനുശോചന സമ്മേളനവും

സഭയുടെ 21-ാം മാർത്തോമ്മായായിരുന്ന ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായെ രോഗം മൂർഛിച്ചതിനെ തുടർന്ന് കുമ്പനാട് ഫെലോഷിപ്പ് ആശുപത്രിയിലേക്കും അവിടെ നിന്ന് എറണാകുളം ലിസി ആശുപത്രിയിലേക്കും പ്രവേശിപ്പിച്ചു. പിന്നീട് പതിനഞ്ചു ദിവസങ്ങൾക്കു ശേഷം തിരുവല്ല ബിലീവേഴ്സ് ആശുപത്രിയിൽ അഡ്മിറ്റു ചെയ്തു. 2020 ഒക്ടോബർ 12-ന് തൈലാഭിഷേകം നടത്തി. ബിലീവേഴ്സ് ആശുപത്രിയിൽ വച്ച്, അഭിവന്ദ്യ തിരുമേനി കശ്ശീശാ പട്ടം 63 സംവത്സരം പൂർത്തീകരിച്ച 2020 ഒക്ടോബർ 18-ാം തീയതി ഞായറാഴ്ച അതിരാവിലെ 2:38 മണിക്ക് തിരുമേനിയുടെ ആത്മാവ് നിത്യതയിലേക്ക് പ്രവേശിക്കപ്പെട്ടു.

ഭൗതിക ശരീരം തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ ആഡിറ്റോറിയത്തിൽ രാവിലെ 8 മണിയോടുകൂടി കൊണ്ടുവരികയും 18-ാം തീയതി ഞായറാഴ്ച മുഴുവൻ എയർ കണ്ടീഷൻ ചെയ്ത കാബിനിൽ പൊതുദർശനത്തിനു വയ്ക്കുകയും ചെയ്തു. വിവിധ സഭകളിലെ മേലദ്ധ്യക്ഷന്മാരും സാമൂഹിക രാഷ്ട്രീയ ഭരണതലങ്ങളിലെ ജനനേതാക്കളും വിശ്വാസ സമൂഹവും കോവിഡ് മാനദണ്ഡങ്ങൾ അനുസരിച്ച് അനുശോചനം അറിയിച്ച് ആദരാഞ്ജലികൾ അർപ്പിച്ചു.

ഒന്നും രണ്ടും മൂന്നും ഭാഗം ശുശ്രൂഷകൾ തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ ഓഡിറ്റോറിയത്തിൽ നടത്തി. 19-ാം തീയതി 3 പി.എം.ന് തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ ഓഡിറ്റോറിയത്തിൽ പ്രത്യേകം തയ്യാർ ചെയ്ത മദ്ബഹായിൽ നാലാം ഭാഗം ശുശ്രൂഷയ്ക്ക് മോസ്റ്റ് റവ. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ നേതൃത്വം നൽകി. നഗരി കാണിക്കലിനും കേരള സർക്കാരിന്റെ പ്രത്യേക ബഹുമതിക്കും ശേഷം റവ. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ കാർമ്മികത്വത്തിലും സഭയുടെ മറ്റ് എപ്പിസ്കോപ്പാമാർ, സഹോദരി സഭകളുടെ മേലദ്ധ്യക്ഷന്മാർ മറ്റ് ബിഷപ്പ്മാർ എന്നിവരുടെ സഹകാർമ്മികത്വത്തിലും ഭക്തിനിർഭരമായ ശുശ്രൂഷകൾക്ക് ശേഷം തിരുവല്ല സെന്റ് തോമസ് പള്ളിയുടെ സമീപത്ത് പ്രത്യേകം നിർമ്മിച്ച കല്ലറയിൽ തിരുമേനിയുടെ ഭൗതിക ശരീരം സംസ്കരിച്ചു. കോവിഡ് -19 മാനദണ്ഡപ്രകാരം തിരുവല്ലയിലേക്ക് വരുവാൻ സാധിക്കാതിരുന്ന അനേകം വിശ്വാസികൾ സഭയുടെ ലൈവ് ടെലികാസ്റ്റിലൂടെ ചാനലിലൂടെയും ആധുനിക വാർത്താ വിനിമയങ്ങളിലൂടെയും ലക്ഷക്കണക്കിന് വിശ്വാസികൾ സംസ്കാര ചടങ്ങുകൾ വീക്ഷിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

2020 നവംബർ 1-ാം തീയതി ഡോ. അലക്സാണ്ടർ മാർത്തോമ്മാ ഓഡിറ്റോറിയത്തിൽ അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കോവിഡ് -19 മാനദണ്ഡമനുസരിച്ച് നടന്ന അനുശോചന സമ്മേളനത്തിൽ ഡോ. സിറിയക് തോമസ്, മോസ്റ്റ് റവ. ഡോ. പ്രേം ചന്ദ് സിംഗ്, മോസ്റ്റ് റവ. കുരിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്താ, മോസ്റ്റ് റവ. ഡോ. ജോഷ്വ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്താ, മോസ്റ്റ് റവ. ഡോ. അന്തിമോസ് മെത്രാപ്പോലീത്താ, ബ്രഹ്മശ്രീ അക്കീരമൺ കാളിദാസ ഭട്ടതിരിപ്പാട്, റൈറ്റ് റവ. ഡോ. ഉമ്മൻ ജോർജ്ജ്, മോസ്റ്റ് റവ. ഡോ. തോമസ് ജോർജ്ജ്, ഡോ. ജിം വിംക്ലർ, പ്രൊഫ. പി.ജെ. കുര്യൻ, ശ്രീ. ആന്റോ ആന്റണി, അഡ്വ. മാത്യു ടി. തോമസ്, തുടങ്ങിയവർ അനുശോചന സന്ദേശം നൽകി. റവ. കെ.ജി. ജോസഫ്, സഭാ സെക്രട്ടറി സ്വാഗതം ചെയ്തു. റവ. തോമസ് സി. അലക്സാണ്ടർ അനുശോചന പ്രമേയം അവതരിപ്പിച്ചു. ശ്രീ. പി.പി. അച്ചൻകുഞ്ഞ്, അത്മായ ട്രസ്റ്റി നന്ദി അറിയിച്ചു.

1975 ഫെബ്രുവരി 8-ന് മേൽപ്പട്ടസ്ഥാനത്തേയ്ക്ക് ഉയർത്തപ്പെട്ട അഭിവന്ദ്യ തിരുമേനി, എപ്പിസ്കോപ്പാ, സഫ്രഗൻ മെത്രാപ്പോലീത്താ, മെത്രാപ്പോലീത്താ എന്നീ നിലകളിൽ 45 വർഷം മാർത്തോമ്മാ സഭയിൽ അനുഗ്രഹകരമായ ശുശ്രൂഷ നിർവ്വഹിച്ചു. എക്യുമെനിക്കൽ രംഗത്തുള്ള തിരുമേനിയുടെ സംഭാവനകൾ സർവ്വരാലും ആദരിക്കപ്പെടുന്നതാണ്. നാഷണൽ കൗൺസിൽ ഓഫ് ചർച്ചസിന്റെ ഉപാദ്ധ്യക്ഷനായും അദ്ധ്യക്ഷനായും നേതൃത്വം നൽകി. കാസായുടെ ബോർഡ് അംഗമായും ഉപാദ്ധ്യക്ഷനായും അദ്ധ്യക്ഷനായും പ്രവർത്തിച്ചു. ECLOF ന്റെ ട്രസ്റ്റ് ബോർഡ് അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. കാസായുടെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായി പ്രവർത്തിച്ചു. യുണൈറ്റഡ് നേഷൻ സ് ജനറൽ സെക്രട്ടറി വിളിച്ചു കൂട്ടിയ ലോകമതങ്ങളുടെ യു. എൻ. അസംബ്ലിഹാളിൽ നടന്ന സമ്മേളനത്തിൽ പ്രത്യേക ക്ഷണിതാവായി പങ്കെടുക്കുകയും പ്രസംഗിക്കുകയും ചെയ്തിട്ടുണ്ട്. തിരുമേനിയുടെ കർമ്മമേഖലകളിലെ സേവനങ്ങളെല്ലാം എക്കാലത്തും സ്മരിക്കപ്പെടും. തിരുമേനിയുടെ ധന്യ ജീവിതത്തിനായും തിരുമേനിയിൽ കൂടെ സഭയ്ക്കും സമൂഹത്തിനും ലഭിച്ച സേവനങ്ങൾക്കും ഉദാത്തമായ മാതൃകകൾക്കും ദൈവത്തെ സ്തുതിക്കുന്നു.

1. 7. ജനപ്രതിനിധി സംഗമം

ഡിസംബർ 2020-ൽ നടന്ന തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ വിജയികളായ മാർത്തോമ്മാ സഭാംഗങ്ങളെ അനുമോദിക്കുനനതിനായി ഒരു യോഗം 2021 ജനുവരി 9-ന്

3 മണിക്ക് അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ അലക്സാണ്ടർ മാർത്തോമ്മാ ആഡിറ്റോറിയത്തിൽ നടത്തപ്പെട്ടു. പ്രൊഫ. പി.ജെ. കുര്യൻ മുൻ രാജ്യസഭാ ഡപ്യൂട്ടി ചെയർമാൻ, അഡ്വ. മാത്യു റ്റി. തോമസ് എം.എൽ.എ. എന്നിവർ ആശംസപ്രസംഗം നടത്തി. ഏകദേശം 150 അംഗങ്ങൾ ഈ യോഗത്തിൽ പങ്കെടുത്തു.

1 8. മേൽപ്പാടം ആറ്റുമാലിൽ ജോർജ്ജ്കുട്ടി മെറിറ്റ് അവാർഡ്

2021-ലെ മേൽപ്പാടം ആറ്റുമാലിൽ ജോർജ്ജ്കുട്ടി മെറിറ്റ് അവാർഡ് 2021 ഫെബ്രുവരി 22-ാം തീയതി ഡോ. അലക്സാണ്ടർ മാർത്തോമ്മാ സ്മാരക ആഡിറ്റോറിയത്തിൽ കൂടിയ സമ്മേളത്തിൽ ഡോ. അമിത് മിശ്ര, ഡോ. എം. പളനിവേൽരാജൻ എന്നിവർക്ക് യംഗ് സയന്റിസ്റ്റ് അവാർഡ് നൽകി. അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ സമ്മേളനം ഉദ്ഘാടനം ചെയ്തു. റൈറ്റ് റവ. ഡോ. ഐസക് മാർ ഫിലക്സിനോസ് എപ്പിസ്കോപ്പാ അദ്ധ്യക്ഷത വഹിച്ചു. റൈറ്റ് റവ. ഡോ. യൂയാക്കിം മാർ കൂറിലോസ്, റൈറ്റ് റവ. ജോസഫ് മാർ ബർന്നബാസ്, റൈറ്റ് റവ. തോമസ് മാർ തിമഥിയോസ്, റൈറ്റ് റവ. ഡോ. ഏബ്രഹാം മാർ പൗലോസ്, റൈറ്റ് റവ. ഡോ. മാത്യൂസ് മാർ മക്കാറിയോസ്, റൈറ്റ് റവ. ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ്, റൈറ്റ് റവ. ഡോ. തോമസ് മാർ തീത്തോസ് എന്നീ എപ്പിസ്കോപ്പാമാരും ആറ്റുമാലിൽ ശ്രീ ഏ.വി. ജോൺസ്, സഭാ ഭാരവാഹികളും, സഭാ ജനങ്ങളും സ്നേഹിതരും സന്നിഹിതരായിരുന്നു. മേൽപ്പാടം ആറ്റുമാലിൽ (ഏ.വി. ജോൺസ്) ജോർജ്ജുകുട്ടി എൻഡോവ്മെന്റിന്റെ പലിശയായി ലഭിക്കുന്ന തുകയിൽ നിന്നാണ് അവാർഡുകൾ നൽകുന്നത്.

2. മേലദ്ധ്യക്ഷന്മാരുടെ പ്രവർത്തന വൃത്താന്തം

2.1. മോസ്റ്റ് റവ. ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്ത

103-ാം ജന്മദിനത്തോടനുബന്ധിച്ച് ഫെലോഷിപ്പ് ആശുപത്രിയിൽ വച്ച് വി. കുർബ്ബാന സ്വീകരിക്കുവാനുള്ള അവസരം ലഭിച്ചു. മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത വി. കുർബ്ബാനയ്ക്ക് നേതൃത്വം നൽകി. സഭാ സെക്രട്ടറിയും പങ്കെടുത്തിരുന്നു. ഓരോ പ്രതിബന്ധങ്ങളെയും വലിയ വിശ്വാസത്തിന്റെ ബലത്തിൽ പ്രത്യാശയോടെ അതിജീവിച്ച് ദൈവത്തിന് മഹത്വം കരേറ്റുവാനായി ഈ കാലത്തിലും നമുക്ക് സാധിക്കേണ്ടത് ആവശ്യമാണ്. വിവിധ സഭകളുടെ പ്രതിനിധികൾ കൂടാതെ കലാ-സാംസ്കാരിക രംഗങ്ങളിലും രാഷ്ട്രീയരംഗത്ത് പ്രതിനിധീകരിക്കുന്നവരും ഉൾപ്പെടെ സമൂഹത്തിലെ വിവിധ തുറകളിൽ നിന്നും ഒട്ടനവധി സന്ദർശകർ ഉണ്ടായിരുന്നു. 2020 ആഗസ്റ്റ് 15-ന് ഫെലോഷിപ്പ് ആശുപത്രി അങ്കണത്തിൽ സ്വാതന്ത്ര്യദിനത്തോട് ചേർന്ന് പതാകയുയർത്തി. കോവിഡ് 19-ന്റെ പശ്ചാത്തലം മനസ്സിലാക്കി സന്ദർശകരുമായി ഏറെ കരുതലോടെയാണ് ഇടപെട്ടത്. ഈ കാലയളവിൽ അഭിവന്ദ്യ ജോസഫ് മാർത്തോമ്മാ മെത്രോപ്പാലീത്താ തിരുമേനിയുടെ ദേഹവിയോഗ വാർത്തയെ തുടർന്ന് ഭൗതീക ശരീരം ദർശിക്കുവാനും അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണ ശുശ്രൂഷയിൽ സംബന്ധിക്കുന്നതിനും തിരുവല്ലയിലുള്ള സഭാ ആസ്ഥാനം സന്ദർശിക്കുന്നതിനും സാധിച്ചു. കേരളാ സംസ്ഥാന പൊതുതെരഞ്ഞെടുപ്പിൽ സമ്മതിദാനാവകാശം വിനിയോഗിച്ചു.

2.2. മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത

''യഹോവ നല്ലവൻ എന്ന് രുചിച്ചറിവിൻ; അവനെ ശരണം പ്രാപിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ'' (സങ്കീ. 34:8). ലോകമാസകലം എല്ലാ രാജ്യങ്ങളിലെയും ജനങ്ങൾ കോവിഡ്-19 എന്ന വൈറസ് ബാധയുടെ വസന്തയ്ക്ക് വിധേയമായി ദുഃഖകരമായ അനുഭവങ്ങളെ പിന്നിടുമ്പോഴും ദൈവത്തിൽ ആശ്രയം വെച്ച് സഭയായി ഈ കാലഘട്ടത്തിലും ദൈവീക സംരക്ഷണത്തിലും ദൈവീക കരുതലിലും നിലനിൽപ്പാൻ ദൈവം സഹായിക്കുന്നു. നമ്മുടെ വലിയ മെത്രാപ്പോലീത്താ തിരുമേനി 2020 ഏപ്രിൽ 27-ാം തീയതി 103-ാം വയസ്സിലേക്ക് പ്രവേശിച്ചു. അന്നേദിവസം ആശുപത്രിയിൽ പ്രത്യേക ക്രമീകരണം ചെയ്ത് വിശുദ്ധ കുർബ്ബാന അനുഷ്ഠിച്ചു. തിരുമേനി സുസ്മേരവദനനായി ശുശ്രൂഷയിൽ പങ്കുചേരുകയും ശുദ്ധീകരിക്കപ്പെട്ട അപ്പവീഞ്ഞുകൾ പങ്കിടുകയും ചെയ്തു.

ലോക്ഡൗൺ ആരംഭിച്ച കാലഘട്ടത്തിൽ തന്നെ പൂലാത്തീൻ ചാപ്പലിൽ ഞായർ ഉൾപ്പെടെയുള്ള പ്രത്യേക ദിനങ്ങളിലെല്ലാം വി. കുർബ്ബാന ശുശ്രൂഷ ലോക്ഡൗൺ നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ടുതന്നെ നടത്തുന്നതിനും വി. കുർബ്ബാന അർപ്പിക്കുന്നതിനും ശക്തീകരിച്ച ദൈവത്തിന് സ്തോത്രം. ആധുനിക സാങ്കേതിക സംവിധാനം ഉപയോഗിച്ച് ആ ശുശ്രൂഷ തത്സമയം തന്നെ സംപ്രേക്ഷണം ചെയ്യുന്നതിനും യൂട്യൂബിലൂടെയും മറ്റ് ഓൺലൈൻ സംവിധാനങ്ങളിലൂടെയും മറ്റ് ഇതര മാർഗ്ഗങ്ങളിലൂടെയും ആഗോളസഭയ്ക്ക് ഇതിൽ അതാതിടങ്ങളിൽ പങ്കുചേരുന്നതിനും ഇടയായി. ലോക്ഡൗൺ കാലഘട്ടത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ നമ്മുടെ യുവജനസഖ്യം സന്നദ്ധ പ്രവർത്തകർ വിഭവ സമാഹരണത്തിലും വിതരണത്തിലും CARD-ന്റെ പ്രവർത്തകർ തങ്ങൾക്ക് ലഭിച്ച വിഭവശേഷിയുടെ അടിസ്ഥാനത്തിൽ വളരെ അഭിനന്ദനീയമായ സേവനം കാഴ്ചവച്ചതിൽ പ്രത്യേകം അഭിനന്ദിക്കുന്നു. മെയ് 22-ന് വീഡിയോ കോൺഫറൻസായി കൂടിയ എപ്പിസ്കോപ്പൽ സിനഡിന്റെ ആലോചനയോടുകൂടി 35 ലക്ഷം രൂപ കോവിഡുമായി ബന്ധപ്പെട്ടുള്ള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് മുഖ്യമന്ത്രിയെ നേരിൽ കണ്ട് നൽകി. ഓരോ ഇന്ത്യക്കാരനും കൂടുതൽ ജാഗ്രത പാലിക്കേണ്ട സമയമാണിത്. ഓരോരുത്തർക്കും ഉണ്ടാകേണ്ടതായ ചിന്ത അപരന് രോഗം വരാതിരിക്കുവാൻ തനിക്കെന്തു ചെയ്യുവാൻ കഴിയും എന്നതാണ്. നൂറ്റാണ്ടുകൾക്ക് മുമ്പ് ജ്ഞാനിയായ ശലോമോൻ രാജാവിനോട് ദൈവം അരുളിച്ചെയ്തത് ഈ മഹാമാരിയുടെ കാലത്ത് ഏറെ പ്രസക്തമാണ്. മഴ പെയ്യാതിരിക്കേണ്ടതിന്.....'' (2 ദിന. 7:13,14). സ്വയം അനുതപിക്കുവാനും മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും നമ്മെത്തന്നെ സമർപ്പിക്കാം.

1957-ൽ സ്ഥാപിതമായ Christian Conference of Asia (CCA) യുടെ ഏഷ്യ സൺഡേ ശുശ്രൂഷ മെയ് 24-ന് സൂം പ്ലാറ്റ്ഫോമിൽ കൂടിയ അവസരത്തിൽ അതിൽ പങ്കുചേർന്ന് ശുശ്രൂഷയുടെ സമാപന പ്രാർത്ഥനയും ആശീർവാദവും നിർവ്വഹിച്ചു.

സഭയുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് രണ്ട് പ്രധാനശിലാസ്ഥാപനങ്ങൾ ജൂൺ മാസത്തിൽ നിർവ്വഹിക്കുവാൻ ഇടയായി. ഒന്ന് മാർത്തോമ്മാ പ്രസ്സിന്റെ സ്ഥലസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി എൺപത് ലക്ഷത്തോളം രൂപ ചെലവ് വരുന്ന രണ്ട് നിലയുള്ള കെട്ടിട നിർമ്മാണത്തിന്റെ ശിലാസ്ഥാപനം. രണ്ട്, സഭയുടെ വിവിധ പ്രസ്ഥാനങ്ങളുടെയെല്ലാം ഓഫീസുകൾ ഒരു കെട്ടിട സമുച്ചയത്തിൽ കൊണ്ടുവരുവാനുള്ള സെക്രട്ടറിയേറ്റ് കോംപ്ലക്സിന്റെ ശിലാസ്ഥാപനവും നിർവ്വഹിക്കുകയുണ്ടായി. കരിപ്പുഴ ശാലേം മാർത്തോമ്മാ ഇടവക പുതുതായി നിർമ്മിച്ച പള്ളിയുടെ കൂദാശ ജൂൺ 13-ന് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നിർവ്വഹിക്കുവാൻ സാധിച്ചു. കുമ്പനാട് ശാലേം ഇടവക പണികഴിപ്പിച്ച പുതിയ പാഴ്സനേജിന്റെ കൂദാശ ജൂൺ 23-ന് നിർവ്വഹിച്ചു. ദൈവകൃപയുടെ അനുഗ്രഹ സമൃദ്ധിയിൽ കൂടി കടന്നുപോയ ഒരു മാസമായിരുന്നു ജൂൺ മാസം. ജൂൺ 27-ാം തീയതി 89 വയസ്സ് പൂർത്തീകരിച്ച് 90-ാം വയസ്സിലേക്ക് പ്രവേശിക്കുമ്പോൾ സങ്കീർത്തനക്കാരന്റെ പ്രാർത്ഥനയായിരുന്നു ബലം. ''യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവന് എന്ത് പകരം കൊടുക്കും? ഞാൻ രക്ഷയുടെ....'' (സങ്കീ. 116:12-14). ജൂൺ 27-ാം തീയതി ശനിയാഴ്ച രാവിലെ 8 മണിക്ക് പൂലാത്തീൻ ചാപ്പലിൽ വി. കുർബ്ബാന അനുഷ്ഠിച്ചു. ജന്മദിനത്തോടനുബന്ധിച്ച് ഒരു അനുമോദന സമ്മേളനം ഓൺ ലൈൻ പ്രോഗ്രാമായി സഭയായി ക്രമീകരിച്ചു. നമ്മുടെ പ്രധാനമന്ത്രി

ശ്രീ. നരേന്ദ്രമോദി ഒരു ഓൺലൈൻ സന്ദേശത്തിലൂടെ ജന്മദിന സമ്മേളനം ഉദ്ഘാടനം ചെയ്തു. ഉച്ചയോടുകൂടി സഭയുടെ പുതിയ ഒരു ഗേറ്റ് സഭാ ആസ്ഥാനത്ത് നിന്നും ബൈപാസിലേക്ക് ഇറങ്ങുന്ന ഭാഗത്ത് ഉദ്ഘാടനം ചെയ്തു. ഈ സംവത്സരത്തിൽ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെല്ലാം മികച്ച വിജയം കാഴ്ചവയ്ക്കുവാൻ സാധിച്ചു. എസ്.എസ്.എൽ.സി., പ്ലസ് ടു, വി.എച്ച്.എസ്.ഇ. പരീക്ഷകളിൽ നമ്മുടെ കോർപ്പറേറ്റ് മാനേജ്മെന്റുകളിലെ സ്കൂളുകൾക്ക് മികച്ച നിലവാരം പുലർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ICSE, CBSE, ISC പരീക്ഷകളിലും നമ്മുടെ സഭയുടെ ആഭിമുഖ്യത്തിലുള്ള സ്കൂളുകൾക്ക് നല്ല വിജയം കരസ്ഥമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

ജൂൺ 25-ാം തീയതി കൂടിയ സഭാകൗൺസിലിലും ജൂലൈ 1-ാം തീയതി കൂടിയ എപ്പിസ്കോപ്പൽ സിനഡിലും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി. റാന്നി-നിലയ്ക്കൽ ഭദ്രാസന കൗൺസിൽ ജൂലൈ 8-ാം തീയതി കൂടി. റാന്നി-നിലയ്ക്കൽ ഭദ്രാസനത്തിന്റെ ചുമതല മുംബൈ ഭദ്രാസന ചുമതലയോടൊപ്പം നിർവ്വഹിക്കുവാൻ അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ് എപ്പിസ്കോപ്പായെ ചുമതലപ്പെടുത്തുന്നതിനും സഫ്രഗൻ മെത്രാപ്പോലീത്തായായുള്ള നിയോഗ ശുശ്രൂഷയ്ക്ക് ജൂലൈ 12-ാം തീയതി എപ്പിസ്കോപ്പൽ സിനഡിന്റെ ആലോചനയോടുകൂടെ നേതൃത്വം നൽകി നിർവ്വഹിക്കുവാനും ദൈവം ശക്തിപ്പെടുത്തി.

ജൂലൈ മാസം രണ്ടാം ആഴ്ചയോടുകൂടി ഉദരസംബന്ധമായ ആവശ്യത്തിനായി ഇംപ്ലാന്റ് ചെയ്ത താൽക്കാലിക സ്റ്റെന്റിന്റെ കാലാവധി പൂർത്തീകരിച്ചതിനാൽ പെർമെനന്റ് സ്റ്റെന്റ് ഇടുന്നതിനും തുടർ പരിശോധനകൾക്കുമായി ഏതാനും ദിവസങ്ങൾ ആശുപത്രിയിൽ കഴിയേണ്ടി വന്നു. എന്നാൽ തിയഡോഷ്യസ് തിരുമേനിയുടെ ആഗമനം കൃത്യാന്തര ബാഹുല്യത്തിന് ഭംഗം വരാതിരുന്നതോർത്ത് ദൈവത്തെ സ്തുതിക്കുന്നു.

ഈ കാലയളവിൽ അഭിവന്ദ്യ ഡോ. ഐസക് മാർ ഫിലക്സിനോസ് എപ്പിസ്കോപ്പായുടെ പ്രിയ മാതാവ് മാവേലിക്കര ആറ്റുപുറത്ത് ശ്രീമതി മറിയാമ്മ ഐസക് നൂറാം വയസ്സിൽ ദൈവസന്നധിയിലേക്ക് ചേർക്കപ്പെട്ടു. മാവേലിക്കര ചെറുകോൽ മാർത്തോമ്മാ പള്ളിയിൽ നടന്ന പ്രിയ മാതാവിന്റെ ശവസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുവാൻ തക്കവണ്ണം ആരോഗ്യം ദൈവം നൽകി. തദവസരത്തിൽ മറ്റ് എപ്പിസ്കോപ്പാമാരും സന്നിഹിതരായിരുന്നു.

ഭാരതസഭയുടെ ഐക്യദാർഢ്യത്തെ വിളിച്ചറിയിക്കുന്ന നിലയ്ക്കൽ സ്ഥിതിചെയ്യുന്ന ദൈവാലയത്തിന്റെ കൂദാശയും അനുബന്ധ തീരുമാനങ്ങളും സംബന്ധിച്ച് നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റിന്റെ സിനഡ് ചേംബറിൽ ഒന്നിച്ചു കൂടിയ മീറ്റിംഗിൽ ആലോചന നടത്തി. ആഗസ്റ്റ് 6,7, തീയതികളിൽ ബി.ഡി. 2016-2020 വർഷത്തിലെ അവസാന വർഷ വിദ്യാർത്ഥികളുടെ Final ഇന്റർവ്യൂ നടത്തപ്പെട്ടു. പെരുമ്പാവൂർ മാർത്തോമ്മാ വനിത കോളേജിലെ വിദ്യാർത്ഥിനിയായ പായൽ കുമാരി, ബി.എ. History and Archaeology വിഭാഗത്തിൽ ഒന്നാം റാങ്ക് നേടി. പായൽ കുമാരിയെ അനുമോദിക്കുവാൻ ഒരു ഓൺലൈൻ പ്രോഗ്രാമായി ചരിത്ര വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഒരു അനുമോദന സമ്മേളനം നടത്തുകയുണ്ടായി. ഈ സമ്മേളനം ഉദ്ഘാടനം ചെയ്തത് കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. കെ.റ്റി. ജലീൽ ആണ്. സമ്മേളനത്തിന് അദ്ധ്യക്ഷത വഹിക്കുവാൻ ദൈവം ശക്തീകരിച്ചു. അമലഗിരി TMAIC കൗൺസിലിംഗ് സെന്ററിന്റെ ആഭിമുഖ്യത്തിലുള്ള DCPC&MCP ക്ലാസുകളുടെ ഉദ്ഘാടനം ആഗസ്റ്റ് 10-ന് ഓൺലൈനായി നിർവ്വഹിച്ചു. അന്നേ ദിവസം തന്നെ മലയോര കർഷകനായിരുന്ന ചിറ്റാർ സ്വദേശി ശ്രീ. പി.പി. മത്തായിയുടെ ഭവനം സഭാ സെക്രട്ടറി റവ. കെ.ജി. ജോസഫ് അച്ചനോടൊപ്പം സന്ദർശിക്കുകയും ദുഃഖാർത്തരായിരിക്കുന്ന കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുകയും 50,000/- രൂപ സംഭാവനയായി നൽകുകയും ചെയ്തു. ശ്രീ. പി.പി. മത്തായിയുടെ ദാരുണമായ മരണം ആ ഭവനത്തിന് ഏൽപ്പിച്ച ആഘാതം വളരെ വലുതാണ്. ന്യായമായി സ്വീകരിക്കേണ്ട നടപടികൾ ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. സെപ്റ്റംബർ 2-ന് നമ്മുടെ വെണ്മണി മാർത്തോമ്മാ ഹയർ സെക്കന്ററി സ്കൂളിന്റെ ശതാബ്ദി സ്മാരകമായി നിർമ്മിക്കുന്ന ബഹുനില കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചു. സെപ്റ്റംബർ 4-ന് കോട്ടയം മാർത്തോമ്മാ വൈദിക സെമിനാരിയിൽ അവസാന വർഷ വിദ്യാർത്ഥികളുടെ കോൺവക്കേഷനിൽ പങ്കെടുത്തു. അതോടൊപ്പം മലങ്കര കത്തോലിക്കാ സഭയുടെ പുനരൈക്യ നവതിക്കും നമ്മുടെ രാജ്യത്തിന്റെ ആദരണീയനായ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ സപ്തതിയോടനുബന്ധിച്ചും നമ്മുടെ കേരളത്തിന്റെ മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ നിയമസഭാംഗത്വത്തിന്റെ 50-ാം വാർഷികത്തോടനുബന്ധിച്ചും വീഡിയോ സന്ദേശങ്ങൾ നൽകി.

മാർത്തോമ്മാ സഭയുടെ മെത്രാപ്പോലീത്തായായി ശുശ്രൂഷയിൽ പ്രവേശിച്ചിട്ട് ഒക്ടോബർ 2-ാം തീയതി 13 സംവത്സരങ്ങൾ പൂർത്തിയാക്കി. ഒക്ടോബർ 2-ന് കൂടിയ സിനഡിൽ ആരംഭ പ്രാർത്ഥനയും സമാപന സന്ദേശവും ആശീർവാദവും നൽകുവാൻ ദൈവം ബലപ്പെടുത്തി. ക്രിസ്തു സഭ എന്ന നൗക മുന്നോട്ട് നീങ്ങുവാൻ ദൈവത്തിന്റെ അമിത ബലം എന്നും കൂടെയുണ്ടാകും. എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും മതിയായവൻ ആകുന്നു (ഫിലി. 4:13) എന്ന പൗലോസ് അപ്പസ്തോലന്റെ സന്ദേശം നമുക്ക് ധൈര്യം പകരട്ടെ. ഭയപ്പെടേണ്ട ദൈവം നമ്മോടുകൂടെ. ദൈവത്തിന്റെ കൃപ ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

2.3. മോസ്റ്റ്. റവ. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ

2020-2021 പ്രവർത്തന വർഷത്തിൽ നവംബർ 30 വരെ മുംബൈ ഭദ്രാസനത്തിന്റെ അദ്ധ്യക്ഷനായി പ്രവർത്തിച്ചു. മുംബൈ ഭദ്രാസന ചുമതലകളോടൊപ്പം ജൂലൈ 1 മുതൽ നവംബർ 30 വരെ റാന്നി-നിലയ്ക്കൽ ഭദ്രാസന അദ്ധ്യക്ഷനായും നേതൃത്വം നല്കി. 2020 നവംബർ 14 മുതൽ 22-ാം മാർത്തോമ്മാ മെത്രാപ്പോലീത്തായായും നിരണം - മാരാമൺ ഭദ്രാസന അദ്ധ്യക്ഷനായും ശുശ്രൂഷകൾ നിർവ്വഹിച്ചു വരുന്നു. 2021 ജനുവരി 27 മുതൽ ഡൽഹി ഭദ്രാസനത്തിന്റെ അദ്ധ്യക്ഷൻ എന്ന നിലയിലും നേതൃത്വം നല്കുന്നു.

മഹാരാഷ്ട്ര, ഗുജറാത്ത്, ഗോവ എന്നീ സംസ്ഥാനങ്ങളിലും ഗൾഫിൽ ഒമാനിലെ (മസ്കറ്റ്) റൂവി, സോഹർ എന്നിവിടങ്ങളിലുമായി വ്യാപിച്ചു കിടക്കുന്ന മുംബൈ ഭദ്രാസനത്തിന്റെ അദ്ധ്യക്ഷനായി വാഷിയിലുള്ള മാർത്തോമ്മാ സെന്റർ കേന്ദ്രമാക്കി പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി. കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ ആരാധനാലയങ്ങളിൽ ഒരുമിച്ച് ചേർന്ന് വരുവാൻ സാധിക്കാത്ത സാഹചര്യമായിരുന്നു റിപ്പോർട്ട് വർഷത്തിൽ അധിക കാലവും. അതുകൊണ്ട് നമ്മുടെ ഭവനങ്ങൾ ആലയങ്ങ ളാക്കി വെബ് ബേസ്ഡ് ആരാധനക്രമീകരണ ങ്ങൾക്ക് നേതൃത്വം നല്കി.

എല്ലാ ഞായറാഴ്ചകളിലും വിശേഷ ദിവസങ്ങളിലും ന്യൂ ബോംബെയിലെ വാഷി അരമന ചാപ്പലിൽ വിശുദ്ധ കുർബ്ബാന അനുഷ്ഠിക്കുകയും അത് ഓൺ ലൈനായി സംപ്രേക്ഷണം ചെയ്യുകയും ചെയ്തു. തൊഴിൽ രഹിതരേയും, സാമ്പത്തിക ഭദ്രത നഷ്ടപ്പെട്ടവരേയും, അതിഥി തൊഴിലാളികളെയും, മടങ്ങിവന്ന പ്രവാസികളെയും അവരുടെ പ്രശ്നങ്ങളെയും യാഥാർത്ഥ്യമായി കണ്ട് അവർക്ക് വേണ്ടി പ്രതിവിധികൾ അന്വേഷിക്കുന്നതിനും ഒരു നവനിർമ്മാണ പ്രക്രിയയ്ക്കായി ക്രിസ്തു ശരീരമാകുന്ന സഭയെ സജ്ജമാക്കുന്നതിനും ശക്തീകരണം നല്കി. പ്രതിസന്ധികൾ സൃഷ്ടിച്ച മാനസിക സംഘർഷങ്ങൾ അനുഭവിച്ചവർക്ക് പ്രത്യേക കൗൺസിലിംഗ് ക്രമീകരിച്ചു.

2020 ജൂൺ 8 ന് മുംബൈയിൽ നിന്നും റാന്നി അരമനയിൽ എത്തി നിയമാനുസരണമുള്ള ക്വാറന്റൈനിൽ പ്രവേശിച്ചു. നിയമപരമായ മെഡിക്കൽ പരിശോധന പൂർത്തീകരിച്ച് 2020 ജൂലൈ 1 മുതൽ ചുമതലയിൽ പ്രവേശിച്ചു. ജൂലൈ 12 ന് തിരുവല്ല പൂലാത്തീൻ ചാപ്പലിൽ നടത്തപ്പെട്ട നിയോഗശുശ്രൂഷയിലൂടെ സഭയുടെ സഫ്രഗൻ മെത്രാപ്പോലീത്താ

സ്ഥാനത്തേയ്ക്ക് പ്രവേശിപ്പിക്കപ്പെട്ടു.

2020 ജൂലൈ 8 ന് ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലിത്തായുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ട റാന്നി-നിലയ്ക്കൽ ഭദ്രാസന കൗൺസിലിൽ സംബന്ധിച്ചു. ജൂലൈ 12, 15, 16, 17, 18 എന്നീ തീയതികളിൽ റാന്നി-മാർത്തോമ്മാ സെന്ററിൽ നടത്തപ്പെട്ട ഭദ്രാസനത്തിലെ വിവിധ സെന്ററുകളിലെ പട്ടക്കാരുടെ മീറ്റിംഗിൽ നേതൃത്വം നല്കി. സെപ്റ്റംബർ 1 മുതൽ 5 വരെ ഭദ്രാസനങ്ങളിലെ വിവിധ പള്ളികളിൽ നടത്തപ്പെട്ട സജീവസേവനത്തിൽ നിന്നു വിരമിച്ച പട്ടക്കാരുടെ മീറ്റിംഗിൽ സംബന്ധിച്ചത് ഹൃദ്യമായിരുന്നു. ഭദ്രാസന വികസനസംഘത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട വികസന സെമിനാറിനും കർഷക സെമിനാറിനും ജൂലൈ 17 ന് ഭദ്രാസനത്തിലെ സുവിശേഷകരുടെ മീറ്റിംഗിനും നേതൃത്വം നൽകി. ഭദ്രാസനത്തിലെ ലൈറ്റ് റ്റു ലൈഫ് പ്രോജക്ടിലെ 500 കുട്ടികൾക്കുള്ള ഫുഡ് കിറ്റിന്റെയും പഠനോപകരണങ്ങളുടെയും വിതരണ ഉദ്ഘാടനം താവളപ്പാറ, കുറുമ്പൻമൂഴി എന്നീ പ്രോജക്ടുകൾ സന്ദർശിച്ച് നിർവ്വഹിച്ചു.

കൊക്കാത്തോട് പ്രതീക്ഷാ ചൈൽഡ് ഡവലപ്പ്മെന്റ് സെന്ററിലെ 100 കുട്ടികൾക്കുള്ള ഫുഡ്കിറ്റ് വിതരണവും ടി.വി.സെറ്റുകളുടെ വിതരണോദ്ഘാടനവും കൊക്കാത്തോട് ഒരേക്കർ ഇമ്മാനുവേൽ പള്ളിയിൽ നിർവ്വഹിച്ചു. കുറുമ്പൻമൂഴി, താവളപ്പാറ ലൈറ്റ് റ്റു ലൈഫ് പ്രോജക്ടുകളിലെ 5 കുട്ടികൾക്ക് ഓൺലൈൻ പഠനം സാധ്യമാകത്തക്കവിധം സ്മാർട്ട്ഫോൺ വിതരണം റാന്നി മാർത്തോമ്മാ സെന്ററിൽ നിർവ്വഹിച്ചു. റാന്നി-നിലയ്ക്കൽ ഭദ്രാസനത്തിലെ വിവാഹ സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ഭദ്രാസനത്തിലെ ഒരു ന്യൂ പാരിഷിലെ പെൺകുട്ടിയുടെ വിവാഹം സെപ്റ്റംബർ 7 ന് ഭദ്രാസനത്തിൽ ഉൾപ്പെട്ട റാന്നി-പെരുവയൽ ബഥേൽ പള്ളിയിൽ ആശിർവ്വദിച്ചു. ലോക്ഡൗൺ കാലയളവിൽ രചിച്ച ''ചർച്ച് ആൻഡ് ദി ന്യൂ നോർമൽ', ''അതിജീവനത്തിന്റെ ആത്മചൈതന്യം' എന്നീ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. ഒക്ടോബർ 18 ന് ഭാഗ്യസ്മരണീയനായ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ കാലം ചെയ്തതിനെ തുടർന്ന് സഭയുടെ നേതൃത്വം ഏറ്റെടുത്ത് നിർവ്വഹിച്ചു. അഭിവന്ദ്യ തിരുമേനിയുടെ കബറടക്കം എപ്പിസ്ക്കോപ്പൽ സിനഡിന്റെയും സഭാ കൗൺസിലിന്റെയും അലോചനയോടുകൂടെ ക്രമീകരിക്കുകയും ശുശ്രൂഷകൾക്ക് നേതൃത്വം നല്കുകയും ചെയ്തു. തിരുമേനിയുടെ ജീവിതത്തെയും അനുഗ്രഹിത നേതൃത്വത്തെയും അനുസ്മരിച്ചുകൊണ്ടണ്ട് നടത്തിയ സമ്മേളനങ്ങൾക്ക് സഭാ തലത്തിലും ഭദ്രാസന തലങ്ങളിലും നേതൃത്വം നല്കി. റാന്നി-നിലയ്ക്കൽ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ നവംബർ 8 ന് അനുസ്മരണ സമ്മേളനം നടത്തപ്പെട്ടു. ഓണത്തോടനുബന്ധിച്ച് മന്ദിരം, പള്ളിപ്പടി എന്നീ സ്ഥലങ്ങളിലെ ഓട്ടോ തൊഴിലാളികളുടെ സംഗമത്തിന് നേതൃത്വം നൽകി. റാന്നി സെന്റ് തേരേസാസ് ക്നാനായ മലങ്കര കത്തോലിക്കാ പള്ളിയിൽ നവംബർ 7-ന് ക്നാനായ മലങ്കര കത്തോലിക്കാ കോട്ടയം അതിരൂപതാ മെത്രാപ്പോലീത്തയായി അഭിഷിക്തനായ ഗീവർഗീസ് മാർ അപ്രേം മെത്രാപ്പോലിത്തായുടെ റമ്പാൻ പട്ടംകൊട ശുശ്രൂഷയിൽ ക്ഷണപ്രകാരം പങ്കെടുത്തു.

പത്തനംതിട്ട മാർത്തോമ്മാ ഹയർ സെക്കൻഡറി, കുന്നം വൊക്കേഷണൽ ഹയർ സെക്കൻഡറി എന്നീ സ്കൂളുകളുടെ LAC പ്രസിഡന്റായും, അയിരൂർ ഡോ. യൂഹാനോൻ മാർത്തോമ്മാ & മാത്യൂസ് മാർ അത്താനാസ്യോസ് ഹോളിസ്റ്റിക് സെന്ററിന്റെ ചെയർമാനായും പ്രവർത്തിച്ചു. ഇടക്കുളം മാർത്തോമ്മാ ടീച്ചേഴ്സ് ട്രെയിനിംഗ് കോളജ്, മലയാലപ്പുഴ നവജീവ കേന്ദ്രം, റാന്നി പ്രത്യാശാ ഭവൻ, വയലത്തല കൃപാഭവൻ, മൈലപ്ര പ്രതീക്ഷാ ഭവൻ എന്നിവയുടെ ഗവേണിംഗ് ബോർഡ് മീറ്റിംഗുകളിലും ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ടുകളുടെ വർക്കിംഗ് കമ്മറ്റിയിലും അദ്ധ്യക്ഷത വഹിച്ച് നേതൃത്വം നൽകി. ഭദ്രാസന യുവജനസഖ്യം, സേവികാസംഘം, സന്നദ്ധ സുവിശേഷക സംഘം, വികസന സംഘം എന്നീ സംഘടനകളുടെ മീറ്റിംഗുകളിലും സണ്ടേസ്കൂൾ അദ്ധ്യാപക സമ്മേളനത്തിലും നേതൃത്വം നൽകി.

ലോക്ക്ഡൗൺ കാലഘട്ടത്തിൽ റാന്നി അരമന ചാപ്പലിൽ നിന്നും വൈക്കം മാർത്തോമ്മാ പള്ളിയിൽ നിന്നും ഞായറാഴ്ചകളിലും, ഗൾഫ് മേഖലയിലുള്ളവരുടെ സൗകര്യാർത്ഥം വെള്ളിയാഴ്ചകളിലും വിശുദ്ധ കുർബ്ബാനയ്ക്ക് ഓൺലൈനായി നേതൃത്വം നല്കി. കോഴഞ്ചേരി സെന്റ് തോമസ് കോളേജ്, തിരുവല്ല മാർത്തോമ്മാ കോളേജ് എന്നീ സ്ഥാപനങ്ങളിലേക്ക് നിയമിച്ച കമ്മീഷനുകളുടെ ചുമതല നിർവ്വഹിച്ചു.

നവംബർ 12 ന് പൂലാത്തീൻ അരമനയിലേക്ക് താമസം മാറി. നവംബർ 14 ന് 22-ാം മാർത്തോമ്മാ മെത്രാപ്പോലീത്തായായി ചുമതലയിലേക്ക് പ്രവേശിച്ചു. ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ആഡിറ്റോറിയത്തിൽ സ്ഥാനാരോഹണ ശുശ്രൂഷയും അനുമോദന സമ്മേളനവും നടത്തപ്പെട്ടു. സി.എസ്.ഐ. മദ്ധ്യകേരള മഹായിടവകയുടെ പുതിയ ബിഷപ്പായി നിയോഗിതനായ മലയിൽ സാബു കോശി ചെറിയാൻ തിരുമേനിയുടെ നിയോഗ ശുശ്രൂഷയിൽ സി.എസ്.ഐ മോഡറേറ്ററിനോട് ചേർന്ന് നേതൃത്വം നല്കി. ലോക്ക് ഡൗൺ കാലത്ത് രചിച്ച Church and the New Normal എന്ന പുസ്തകത്തിന്റെ മലയാളം പരിഭാഷ ''സഭയും നവ സാമാന്യതയും'' എന്ന തലക്കെട്ടിൽ ലഭ്യമാക്കി. ലോക്ക്ഡൗൺ പിൻവലിച്ച നാളുകളിൽ വിവിധ ഭദ്രാസനങ്ങളിലായി 38 ഇടവകകൾ സന്ദർശിക്കുകയും വിശുദ്ധ കുർബ്ബാനയ്ക്ക് നേതൃത്വം നല്കുകയും ചെയ്തിട്ടുണ്ടണ്ട്. ഇടവക സന്ദർശനത്തോടനുബന്ധിച്ച് ആദ്യകുർബാന സ്വീകരിക്കുന്ന കുട്ടികളുടെ സമർപ്പണ ശുശ്രൂഷ, ഇടവകദിന സ്തോത്രശുശ്രൂഷ, ഇടവക ക്രമീകരിക്കുന്ന ഇതര പരിപാടികൾ എന്നിവയ്ക്ക് നേതൃത്വം നല്കി. കോട്ടയം സി. എസ്. ഐ. കത്തീഡ്രലിൽ നടത്തപ്പെട്ട ക്രിസ്തുമസ് ദിന വിശുദ്ധ കുർബ്ബാന ശുശ്രൂഷയിൽ നേതൃത്വം നല്കി.

കേരളാ കൗൺസിൽ ഓഫ് ചർച്ചസിന്റെ വിവിധ പരിപാടികൾക്ക് നേതൃത്വം നൽകി. വിവിധ ഭദ്രാസന കൺവൻഷനുകളിൽ സംബന്ധിച്ച് വചന ശുശ്രൂഷകൾ നടത്തി. മെത്രാപ്പോലീ ത്തായ്ക്കുള്ള അനുമോദന - സ്വീകരണ സമ്മേളനങ്ങളിൽ പങ്കെടുത്തു, സർക്കാർ തലത്തിൽ ഉന്നത ഉദ്യോഗസ്ഥർ, സഹോദരി സഭാദ്ധ്യക്ഷർ, മേല്പട്ടക്കാർ എന്നിവരുമായുള്ള സൗഹൃദ സന്ദർശനങ്ങൾ മെത്രാപ്പോലീത്താ എന്ന നിലയിൽ നിർവ്വഹിച്ചു. മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ (തോഴിയൂർ) നേതൃത്വത്തിൽ ക്രമീകരിച്ച സ്വീകരണ സമ്മേളനം ഏറെ ഹൃദ്യമായിരുന്നു. ആ സഭയുമായി പ്രത്യേകമായിട്ടുള്ള ബന്ധം ഊട്ടിയുറപ്പിക്കുവാൻ ജനുവരി 22, 23 ദിനങ്ങളിൽ ആ സഭയുടെ മേലദ്ധ്യക്ഷനായ അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്തായുടെ ക്ഷണപ്രകാരം ഡോ. യൂയാക്കീം മാർ കൂറിലോസ്, ഡോ. തോമസ് മാർ തീത്തോസ് എന്നീ എപ്പിസ്ക്കോപ്പാമാരോടൊന്നിച്ച് സഭാ ആസ്ഥാനത്ത് സന്ദർശനം നടത്തി. 23-ന് നമ്മുടെ സഭയുടെ തക്സ ഉപയോഗിച്ച് ആ ദൈവാലയത്തിൽ വി. കുർബ്ബാന ശുശ്രൂഷ നിർവ്വഹിക്കുകയും ഇരു സഭകളുടെയും പ്രതിനിധികൾ അതിൽ സംബന്ധിക്കുകയും ചെയ്തു. തദവസരം കൽദായ സഭയുടെ മേലദ്ധ്യക്ഷനായ മാർ അപ്രേം തിരുമേനിയെ സന്ദർശിക്കുകയും, തൃശ്ശൂരിലുള്ള കത്തോലിക്കാ ആർച്ച് ഡയോസിസിലെ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, ഓക്സിലറി ബിഷപ്പ് മാർ ടോണി നീലൻകാവിൽ എന്നീ തിരുമേനിമാരെ നമ്മുടെ തൃശൂർ രവിവർമ്മ മന്ദിരത്തിൽ കാണുന്നതിനുമിടയായി. ലത്തീൻ കത്തോലിക്കാ സഭയുടെ ആഭിമുഖ്യത്തിൽ കൊല്ലം ജെറോം നഗറിൽ നടത്തിയ എക്യൂമെനിക്കൽ സമ്മേളനത്തിൽ സംബന്ധിച്ചു. കൊല്ലം സി.എസ്. ഐ. കൺവൻഷനിൽ സംബന്ധിക്കുകയും ജൂബിലി മീറ്റിംഗിന് സന്ദേശം നല്കുകയും ചെയ്തു. പട്ടക്കാരുടെ സെന്റർ, റീജിയണൽ മീറ്റിംഗുകളിലും ഓൺലൈനായി ക്രമീകരിച്ച വാർഷിക സമ്മേളന ത്തിലും നേതൃത്വം നല്കി. മെഡിക്കൽ മിഷന്റെ ആലോചനാ

യോഗങ്ങൾക്ക് നേതൃത്വം നല്കി. റിപ്പോർട്ട് വർഷം 5 പേരുടെ ശെമ്മാശ് പട്ടംകൊട ശുശ്രൂഷകൾക്കും 10 പേരുടെ കശ്ശീശ്ശാ പട്ടംകൊട ശുശ്രൂഷകൾക്കും നേതൃത്വം നല്കി.

റിപ്പോർട്ട് കാലയളവിൽ കുളമാംകുഴി സെന്റ് ആൻഡ്രൂസ് മാർത്തോമ്മാ ഇടവകയുടെ പുതുതായി നിർമ്മിച്ച പാഴ്സനേജിന്റെ കൂദാശയും, കാഞ്ഞീറ്റുകര ജൂബിലി മെമ്മോറിയൽ ഇടവകയുടെ മദ്ബഹാ കൂദാശയും നിർവ്വഹിച്ചു. നാക്കട സെന്റ് പോൾസ്, തോന്ന്യാമല സെന്റ് തോമസ് എന്നീ ഇടവകകളുടെ പുതിയ ദൈവാലയങ്ങളുടെ കൂദാശ നിർവ്വഹിച്ചു. നിലയ്ക്കൽ സെന്റ് തോമസ് എക്യുമെനിക്കൽ ട്രസ്റ്റിന്റെ പുതുക്കിപ്പണിത ദേവാലയത്തിന്റെയും പ്രതിഷ്ഠാ ശുശ്രൂഷയിൽ നേതൃത്വം നൽകി. മുംബൈ ഭദ്രാസനത്തിൽ മരോൾ സെന്റ് സ്റ്റീഫൻസ്, ഖാർഗർ സെന്റ് തോമസ് എന്നീ ഇടവകകളുടെ പുതിയ ദൈവാലയങ്ങളുടെയും വസായിലുള്ള ബസ്സിൻ റോഡ് സെന്റ് തോമസ് ഇടവകകളുടെ പാരീഷ് ഹാളിന്റെയും കൂദാശ നടത്തി. കവിയൂർ ശാലേം മാർത്തോമ്മാ ഇടവകയ്ക്ക് വേണ്ടി നിർമ്മിക്കുന്ന പുതിയ ദൈവാലയ ത്തിന്റെ ശിലാസ്ഥാപനം നടത്തി. എരിമയൂർ, കുറിയന്നൂർ, വെൺമണി എന്നിവിടങ്ങളിലെ സ്കൂളുകൾക്ക് വേണ്ടി നിർമ്മിച്ച പുതിയ കെട്ടിടങ്ങളുടെയും, വനിതാ മന്ദിരത്തിന്റ പുതുക്കി പണിത ചാപ്പലിന്റെയും കൂദാശ നിർവ്വഹിച്ചു. അന്ത്യാളൻ കാവ് ശാലേം, മണക്കോട് സെന്റ് തോമസ് എന്നീ ഇടവകകളുടെ ദൈവാലയ കൂദാശകളോടനുബന്ധിച്ച് നടത്തിയ സമ്മേളനത്തിൽ സംബന്ധിച്ചു.

ഈ വർഷം സഭയിൽ പട്ടത്വ ശുശ്രൂഷയിലേക്ക് പ്രവേശിച്ച 49 പട്ടക്കാർക്കായി പെരുങ്ങാലം മാർത്തോമ്മാ സെന്ററിൽ വെച്ച് ക്രമീകരിച്ച റിട്രീറ്റിൽ ആദ്യാവാസാനം പങ്കെടുത്ത് നേതൃത്വം നല്കി. കർമ്മനിരതയോടും സമർപ്പണ ബോധ ത്തോടും ക്രിസ്തുനാഥനോടും ക്രിസ്തു ശരീരമായ സഭയോടുമുള്ള പ്രതിബദ്ധതയിലും ശുശ്രൂഷ നിർവ്വഹിക്കുവാൻ നവാഗതരായ വൈദീകരെ ദൈവം ശക്തീകരിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. വിദേശ ഇടവകകളിലേക്ക് നിയമിതരായ പട്ടക്കാർക്ക് കോട്ടയം മാങ്ങാനം ഓറിയന്റേഷൻ സെന്ററിൽ വെച്ച് നടത്തിയ പരിശീലന പരിപാടികൾക്ക് നേതൃത്വം നല്കി. ഫെബ്രുവരി 14 മുതൽ 21വരെ നടത്തപ്പെട്ട മാരാമൺ കൺവൻഷനിൽ സംബന്ധിച്ച് നേതൃത്വം നല്കുകയും ഉദ്ഘാടന, സമാപന സന്ദേശങ്ങൾ നല്കുകയും ചെയ്തു. കുഴിക്കാല മാർത്തോമ്മാ, പുലിയൂർ സെന്റ് തോമസ് എന്നീ ഇടവക കളുടെ ശതാബ്ദി സമ്മേളനങ്ങളിൽ സംബന്ധിച്ചു. ആനപ്രമ്പാൽ ജെ.എം.എം. ജൂബിലി മന്ദിരത്തിന്റെ വാർഷിക സമ്മേളനം നടത്തി. സഭയുടെ തിയോളജിക്കൽ കമ്മീഷ നിലും ഫിമിലി എംപവർമെന്റ് ആൻഡ് എൻറിച്ച്മെന്റ് കമ്മിറ്റിയിലും നേതൃത്വം നല്കി. കോട്ടയം വൈദീക സെമിനാരിയുടെ ഗവേണിംഗ് ബോർഡ് ചെയർമാനായി പ്രവർത്തിച്ചു. മാർത്തോമ്മാ മെഡിക്കൽമിഷൻ ബോർഡ് ചെയർമാനായി പ്രവർത്തിക്കുന്നു. കറ്റാനം സെന്റ് തോമസ് മിഷൻ ആശുപത്രി, കുമ്പനാട് മിഷൻ ആശുപത്രി എന്നിവയുടെ ആലോചനാ സമതികളിൽ അദ്ധ്യക്ഷത വഹിച്ചു. ശാന്തിഗിരി ട്രസ്റ്റ്, വൈദീക തിരഞ്ഞെടുപ്പ് കമ്മിറ്റി എന്നിവയ്ക്ക് നേതൃത്വം നല്കി. ബൈബിൾ സൊസൈറ്റി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായും കാസായുടെ നാഷണൽ ബോർഡ് അംഗമായും പ്രവർത്തിക്കുന്നു. സി.എസ്.ഐ- സി.എൻ.ഐ - മാർത്തോമ്മാ ജോയിന്റ് കൗൺസിലിലും, കാസാ വെസ്റ്റ് സോൺ കമ്മിറ്റിയിലും പങ്കെടുത്തു. നിക്കോൾസൺ സ്ക്കൂൾസ് ട്രസ്റ്റ്, കുറ്റപ്പുഴ മാർത്തോമമാ എഡ്യൂക്കേഷണൽ ഏജൻസി, തിരുവല്ല എസ്.സി.എസ് ഹയർ സെക്കൻഡറി സ്ക്കൂൾ LAC എന്നിവയുടെ അദ്ധ്യക്ഷനായി പ്രവർത്തിക്കുന്നു. നിലയ്ക്കൽ എക്യൂമെനിക്കൽ ട്രസ്റ്റ് കമ്മിറ്റി അംഗം എന്ന നിലയിൽ ആലോചനാ സമിതിയിൽ പങ്കെടുത്തു. ബാംഗ്ലൂർ വൈറ്റ് ഫീൽഡിലുള്ള ഇ. സി. സിയുടെ പ്രസിഡന്റ് എന്ന നിലയിൽ എക്സിക്യൂട്ടീവ് കമ്മിറ്റി, വാർഷിക മീറ്റിംഗ്, റവ. ഡോ. എം.എ. തോമസ് അനുസ്മരണ പ്രഭാഷണം എന്നിവയ്ക്ക് അദ്ധ്യക്ഷത വഹിക്കുകയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുകയും ചെയ്തു വരുന്നു.

ഭദ്രാസന എപ്പിസ്ക്കോപ്പാ എന്ന നിലയിൽ ചുമതലയുണ്ടായിരുന്ന ഭദ്രാസനങ്ങളുടെ ഭദ്രാസന കൗൺസിൽ മീറ്റിംഗുകൾക്ക് അദ്ധ്യക്ഷത വഹിച്ചു. സഭയുടെ ഔദ്യോഗിക സംഘടനകളുടെ ഭദ്രാസന തലത്തിലുള്ള കമ്മിറ്റി മീറ്റിംഗുകൾക്കും ഏതാനും വാർഷിക മീറ്റിംഗുകൾക്കും നേതൃത്വം നല്കി. ഭദ്രാസന വാർത്തകളും പ്രവർത്തനങ്ങളും ഭദ്രാസനത്തിലെ എല്ലാ ജനങ്ങളിലുമെത്തിക്കുവാനായി പ്രസിദ്ധീകരിക്കുന്ന മാസികകളുടെ ഓൺലൈൻ പ്രസിദ്ധീകരണത്തിന് നേതൃത്വം നല്കി. മലങ്കര സഭാ താരകയിൽ 2020 ഡിസംബർ മുതൽ മെത്രാപ്പോലീത്തായുടെ കത്തിലൂടെ സഭാ ജനങ്ങളെ അഭിസംബോധന ചെയ്യുകയും ആനുകാലിക സാമൂഹ്യ രാഷ്ട്രീയ മതപരമായ വിഷയങ്ങളിൽ നിലപാടുകൾ അറിയിക്കുകയും ചെയ്യുന്നു.

2021 ജനുവരി 27 മുതൽ ഡൽഹി ഭദ്രാസന അദ്ധ്യക്ഷനായി ചുമതലകൾ നിർവ്വഹിക്കുന്നു. മാർച്ച് മാസം ഡൽഹി സന്ദർശിക്കുകയും മാർത്തോമ്മാ സെന്ററിൽ താമസിച്ചുകൊണ്ട് ഭദ്രാസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുകയും ചെയ്തു. ഭദ്രാസനത്തിലുള്ള പട്ടക്കാർക്ക് വേണ്ടി പല റീജിയണുകളിലായി ഓൺലൈൻ മീറ്റിംഗുകൾ ക്രമീകരിക്കുകയും പ്രാദേശിക തലങ്ങളിലെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.

എപ്പിസ്കോപ്പൽ സിനഡ്, സഭാ കൗൺസിൽ എന്നിവയുടെ മീറ്റിംഗുകളിൽ സംബന്ധിക്കുകയും നേതൃത്വം നല്കുകയും ചെയ്തു. ഭദ്രാസനങ്ങളുടെയും സഭയുടെയും ലീഗൽ അഫയേഴ്സ് കമ്മറ്റിയുടെ അദ്ധ്യക്ഷനായി പ്രവർത്തിക്കുകയും നിയമപരവും ഭരണഘടനാപരവുമായി കമ്മറ്റിയുടെ പരിഗണനയ്ക്ക് വന്ന വിഷയങ്ങളിൽ തീരുമാനം കൈക്കൊള്ളുകയും ചെയ്തു. പല എക്യൂമെനിക്കൽ കൂട്ടായ്മകളിലും സഭയെയും ഭദ്രാസനങ്ങളെയും പ്രതിനിധീകരിച്ച് പങ്കെടുത്തു.

പിന്നിട്ട നാളുകൾ വളരെയേറെ വെല്ലുവിളികളുടെയും വേദനകളുടെയും സമയമായിരുന്നു. സഭാസംബന്ധമായി അഭിവന്ദ്യരായ പത്മഭൂഷൺ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെയും ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി യുടെയും ദേഹവിയോഗം നമ്മെ ഏവരേയും ദുഖത്തിലാഴ്ത്തി. അവരുടെ ധന്യമായ ജീവതത്തിനായും നിസ്തുല്യമായ നേതൃത്വത്തിനായും ദൈവത്തിന് നന്ദികരേറ്റാം. കബറടക്ക ശുശ്രൂഷകളിലും അനുസ്മരണ സമ്മേളനങ്ങളിലും വ്യാപരിച്ച ദൈവകൃപയ്ക്കായി സ്തോത്രം. അവരുടെ ദീപ്തമായ സ്മരണകൾ മുന്നോട്ടുള്ള പ്രയാണത്തിൽ നമുക്ക് മാർഗ്ഗദീപമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

കോവിഡ്-19 ഒന്നും രണ്ടും തരംഗങ്ങൾ സമാനതകളില്ലാത്ത വിധം ലോകത്തെ കീഴടക്കി. ലക്ഷക്കണക്കിനാളുകൾ ഇതിനകം മരണപ്പെട്ടു. മരിച്ചതിന്റെ എത്രയോ മടങ്ങ് ആളുകൾ രോഗത്തിന്റെ പ്രത്യാഘാതങ്ങൾ മൂലം വലയുന്നു. തീവ്രവ്യാപനവും, ഘടനാ വ്യതിയാനം സംഭവിച്ച വൈറസും ഫംഗസ്ബാധയും സാഹചര്യങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കുന്നു. കോവിഡ് രോഗികളായിത്തീരുന്നതിലും, മരിക്കുന്നതിലും കൂടുതൽ ആളുകൾ പ്രവാസികളുൾപ്പെടെ വലിയ പ്രതിസന്ധിയിലാണ്. ജോലിയും ഉപജീവനമാർഗ്ഗവും നഷ്ടപ്പെട്ടതുമൂലം കഷ്ടപ്പെടുന്നു. കോവിഡ് മൂലം അനേകം മാസങ്ങൾ നമ്മുടെ ദൈവാലയങ്ങൾ അടച്ചിടേണ്ടി വന്നു. ആത്മീയ ശുശ്രൂഷയും കൂട്ടായ്മയും ജനങ്ങൾക്ക് ഏറ്റവും കൂടുതൽ ലഭ്യമാകേണ്ടിയിരുന്ന സമയത്ത് പലപ്പോഴും അത് ലഭിച്ചില്ല. ഇപ്പോൾ നമ്മുടെ ദൈവാലയങ്ങളിൽ പൊതു ആരാധന കോവിഡ് നിയന്ത്രണങ്ങളോടെ ആരംഭിച്ചു. എന്നാലും ഓൺലൈൻ സംവിധാനങ്ങൾ തുടരുന്നത് അഭികാമ്യമാണ്.

പ്രതിസന്ധികളുടെ മദ്ധ്യത്തിൽ പകച്ചു നിൽക്കുകയല്ല സഭയുടെ ദൗത്യം. ഉത്ഥിതനായ ക്രിസ്തു ഭയാശങ്കകളുടെ

മദ്ധ്യത്തിൽ സമാധാനമാണ് ആശംസിച്ചത്. പരാജയത്തിന്റെയും നിരാശയുടെയും ഇടനാഴിയിൽ യാത്ര അവസാനിപ്പിക്കാനല്ല, മറിച്ച് ക്രിസ്തുവിനോട് ചേർന്ന് ലോകത്തെ പരിവർത്തിപ്പിക്കുന്ന പ്രത്യാശയുടെ സുവിശേഷം പകർന്ന് നൽകാനാണ് ക്രിസ്തു സഭയെ നിയോഗിച്ചത്. ഇന്ന് നമ്മുടെ മുന്നിലുള്ള വെല്ലുവിളിയും അത് തന്നെയാണ്. അത് ഏറ്റെടുക്കുവാനുള്ള ദൈവകൃപയ്ക്കായി നമ്മെ കർത്തൃകരങ്ങളിലർപ്പിക്കാം.

റിപ്പോർട്ട് വർഷത്തിലെ പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായ പിന്തുണ നല്കിയ പൂലാത്തീൻ ഓഫീസിലേയും, സഭാ ഓഫീസിലെയും, ഭദ്രാസന ഓഫീസു കളിലേയും എല്ലാ വൈദീകരോടും മറ്റ് പ്രവർത്തകരോ ടുമുള്ള നന്ദി അറിയിക്കുന്നു. പിന്നിട്ട നാളുകളിൽ മേല്പട്ടത്വ ശുശ്രൂഷയിൽ അനുഭവിച്ച ദൈവകൃപ അവർണ്ണനീയം. വൈവിധ്യമാർന്ന അനുഭവങ്ങളിലൂടെ ദൈവം വഴിനടത്തി. ശുശ്രൂഷാ സരണികളിൽ കൈത്താങ്ങായ എല്ലാവരെയും ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. തുടർന്നും സമൃദ്ധമായ ദൈവകൃപ അജപാലന ശുശ്രൂഷയിൽ അനുഭവിക്കുവാൻ ഏവരുടെയും പ്രാർത്ഥനാ പൂർവ്വമായ പിൻതുണ ഏറെ ആവശ്യം. സഭയുടെ നാഥനായ ക്രിസ്തുവിനോട് ചേർന്ന് ലോകത്തിന് വെളിച്ചമായി പ്രശോഭിക്കുവാൻ വരും കാലങ്ങളിലും സഭയ്ക്ക് സാധിക്കണം. അതിനായി നമ്മെ ദൈവകരങ്ങളിലർപ്പിക്കാം.

2.4. റൈറ്റ് റവ. ഡോ. യൂയാക്കീം മാർ കൂറിലോസ് എപ്പിസ്കോപ്പാ

ഇടയ ശുശ്രൂഷയിൽ 42-ാം വർഷത്തിലേക്കും, മേല്പട്ടത്വ ശുശ്രൂഷയിൽ 31-ാം വർഷത്തിലേക്കു പ്രവേശിക്കുമ്പോൾ, അനുഭവവേദ്യമായ ദൈവീക പരിപാലനത്തിന് ദൈവത്തിന് സ്തോത്രം അർപ്പിക്കുന്നു. കാലികവും വെല്ലുവിളികൾ നിറഞ്ഞതുമായ പ്രേഷിതവൃത്തി കോവിഡ് കാലത്ത് നിർവ്വഹിക്കാൻ അനുവദിച്ച മഹാകാരുണ്യവാനായ ദൈവത്തിന്റെ സന്നിധിയിൽ സ്തോത്രങ്ങൾ അർപ്പിക്കുന്നു. കഴിഞ്ഞ ഏഴ് വർഷം ഭദ്രാസന കേന്ദ്രമായ ഊർശലേം അരമനയിൽ താമസിച്ചുകൊണ്ട് ഭദ്രാസനത്തിന്റെയും സഭയുടെയും സമൂഹത്തിന്റെയും വിവിധ പ്രവർത്തനങ്ങളിൽ നേതൃത്വം നൽകുവാൻ സാധിക്കുന്നു. റിപ്പോർട്ട് വർഷത്തിലും ഭദ്രാസനത്തിലെ 91 ഇടവകകൾ, 15 മിഷൻ ഫീൽഡുകൾ എന്നിവയ്ക്കു നൽകിയ നേതൃത്വത്തിനു പുറമെ, 2020 ഡിസംബർ 1 മുതൽ മുംബൈ ഭദ്രാസനത്തിന്റെ ചുമതലയും നിർവ്വഹിക്കുന്നു. സുവിശേഷ പ്രസംഗസംഘത്തിന്റെ പ്രവർത്തനങ്ങളിലും, 126-ാം മാരാമൺ കൺവൻഷനിലും നേതൃത്വം നൽകുവാനും നിർണ്ണായക തീരുമാനങ്ങൾ കൈക്കൊണ്ട് നടപ്പിൽ വരുത്തുവാനും കഴിഞ്ഞു.

ഈ വർഷം ഭദ്രാസനത്തിലെ 17 ഇടവകകൾ സന്ദർശിച്ച് വി. കുർബ്ബാന അനുഷ്ഠിച്ചു. കൂടാതെ വിവിധ മിഷൻ ഫീൽഡുകളിലും, സഹോദരി ഭദ്രാസനങ്ങളിലുമായി 14 ദൈവാലയങ്ങൾ സന്ദർശിച്ച് വി. കുർബ്ബാന അനുഷ്ഠിച്ചു. 300-ലധികം കുഞ്ഞുങ്ങൾക്ക് ആദ്യകുർബ്ബാനയുടെ അനുഗ്രഹം പങ്കിട്ടു നൽകി. ഭദ്രാസന ഇടവക സന്ദർശന വേളയിൽ സാധാരണയായി രോഗികളെയും ബുദ്ധിമുട്ടിലിരിക്കുന്നവരെയും കാണുകയും അവരോടൊപ്പം സമയം ചിലവഴിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. ഈ പ്രതിസന്ധിയിലും ഇടവകകളുടെ ആത്മീകവും ഭൗതീകവുമായ സമഗ്ര വളർച്ചയ്ക്ക് ഉതകുന്ന കൂട്ടായ തീരുമാനങ്ങൾ എടുക്കുവാനും, ഉത്തവാദിത്തങ്ങൾ നിറവേറ്റുവാനും അവരെ പ്രേരിപ്പിക്കുന്നു.

കൊട്ടാരക്കര എപ്പിസ്ക്കോപ്പൽ ജൂബിലി മന്ദിരം, മൈലം ക്രിസ്തോസ്, ഓടനാവട്ടം മാർത്തോമ്മാ, പൂയപ്പള്ളി സെന്റ് തോമസ്, ഇഞ്ചക്കാട് ബഥേൽ, പട്ടമല മാർത്തോമ്മാ, പുനലൂർ കർമ്മേൽ, കാരയ്ക്കൽ സെന്റ് തോമസ്, പെണ്ണൂക്കര സെന്റ് തോമസ് എന്നീ പള്ളികളിൽ വച്ചു നടന്ന പട്ടംകൊട ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

ഭദ്രാസനത്തിലുൾപ്പെട്ട ഏക വിദേശ ഇടവകയായ ദോഹ ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകയ്ക്ക് കോവിഡ് കാലത്തും ആവശ്യമായ ശുശ്രൂഷകൾ കൂട്ടായ്മകൾ പകരുകയും ചെയ്തു. മുംബൈ ഭദ്രാസനത്തിലെ 13 ഇടവകകൾ സന്ദർശിക്കുകയും, വി. കുർബ്ബാനയും സന്ധ്യാനമസ്ക്കാര ശുശ്രൂഷയും അനുഷ്ഠിക്കുകയും ചെയ്തു. ലോണാവാലാ, വാപി, നവജീവൻ എന്നീ മിഷൻ സ്റ്റേഷനുകളും സന്ദർശിച്ചു.

ഈ റിപ്പോർട്ട് വർഷം വെള്ളൂർക്കോണം സെന്റ് തോമസ്, മൈലംകുളം ശാലോം, ആവണീശ്വരം ഇമ്മാനുവേൽ എന്നീ ദേവാലയങ്ങളുടെ കൂദാശയിൽ കാർമ്മികത്വം വഹിപ്പാനും, ഹോസ്ക്കോട്ട്, പളനി എന്നീ മിഷൻ ഹൗസുകളുടെ കൂദാശ നിർവ്വഹിപ്പാനും കഴിഞ്ഞു. തലച്ചിറ ശാലേം, കുര്യാത്തി ട്രിനിറ്റി, മരുതമൺപള്ളി എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ സ്ഥലം സന്ദർശിച്ച് പ്രാർത്ഥിച്ച് ആവശ്യമായ നിർദേശങ്ങൾ നൽകി. കൊട്ടാരക്കര എപ്പിസ്ക്കോപ്പൽ ജൂബിലി മന്ദിരം ഹോസ്പിറ്റലിന്റെ പുതിയ ബ്ലോക്കിന്റെ പണിക്കൾക്ക് നേതൃത്വം നൽകി. പുനലൂർ സ്നേഹാരം സെന്ററിലെ സ്മൃതി കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേരിട്ട് നിർദ്ദേശങ്ങൾ നൽകി. 2020 ഒക്ടോബർ 31ന് പൂർണ്ണസജ്ജമായ, പുതിയ കെട്ടിട സമുച്ചയത്തിൽ പരിചരണം ആരംഭിച്ചു. ഭദ്രാസനത്തിലെ വിവിധ ഇടവകകൾ പ്രാദേശികമായി നിർമ്മിച്ചു നൽകിയ വീടുകളുടെ കൂദാശ കർമ്മം നടത്തുകയും അപ്രകാരം തുടരുവാൻ അവരെയും ഇതര ഇടവകകളെയും പ്രോത്സാഹിപ്പിച്ചു.

ഒരു പുത്തൻ മാനവീകതയിൽ ഊന്നിയ ദർശനങ്ങളോടെ, സഭയെയും സമൂഹത്തെയും ധീരതയോടെ നയിച്ച അനിതര സാധാരണ വ്യക്തിത്വമായിരുന്നു, ഭാഗ്യസ്മരണീയനായ അഭി. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി. ആകാരത്തിലും ആദർശങ്ങളിലും ശ്രേഷ്ഠ മഹാ പുരോഹിതന് ഉചിതമായ ആത്മ ധൈര്യത്തിലും, ദൃഢനിശ്ചയത്തിലും 45 വർഷക്കാലം തിരുസഭയിലെ മേല്പട്ടക്കാരനായും 13 വർഷക്കാലം മലങ്കര മാർത്തോമ്മാ സഭയുടെ മെത്രാപ്പോലീത്തായായും അപൂർവ്വമായ നേതൃത്വം നൽകി. 2020 ഒക്ടോബർ 20ന് അദ്ദേഹം കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ അനുസ്മരണ സമ്മേളനം ഓൺലൈൻ മീഡിയായിലൂടെ കൊട്ടാരക്കര എപ്പിസ്ക്കോപ്പൽ ജൂബിലി മന്ദിരത്തിൽ വെച്ച് ക്രമീകരിച്ചു. സഭാ രാഷ്ട്രീയ സാമൂഹിക നേതാക്കൾ അതിൽ സംബന്ധിക്കുകയും ചെയ്തു.

സഭയുടെ 22-ാം മാർത്തോമ്മാ ആയി അഭി. തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ അവരോധിതനായി. 2020 നവംബർ 14ന് തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ സ്മാരക ഓഡിറ്റോറിയത്തിൽ പ്രത്യേകം തയ്യാറാക്കിയ മദ്ബഹായിൽ നടന്ന നിയോഗ ശുശ്രൂഷ ദൈവകൃപയാൽ അത്യന്തം ഊഷ്മളവും അനുഗ്രഹകരവും ആയിരുന്നു. ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്തായ്ക്കും, തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭയുടെ മെത്രാപ്പോലീത്തായ്ക്കും ഒപ്പം സഹകാർമ്മികത്വം വഹിപ്പാൻ സഭ നൽകിയ നിയോഗം എന്നെ ഏറ്റം വിനയപ്പെടുത്തുന്നതാക്കി. വ്യക്തവും വ്യത്യസ്തവുമായ നേതൃത്വ ശൈലിയിലൂടെയും കഠിനാദ്ധ്വാനത്തിന്റെയും സൂക്ഷ്മമായ നിരീക്ഷണങ്ങളുടെയും കാര്യാലോചനയുടെയും കരുത്തിലൂടെയും, കൃപാകരമായ മുന്നേറ്റത്തിന്, കാലം മെത്രാപ്പോലീത്താ തിരുമേനിയെ ഒരുക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഭദ്രാസനമായി 63-ാം കൊട്ടാരക്കര കൺവൻഷനോടനുബന്ധിച്ച് അനുമോദന സമ്മേളനം ക്രമീകരിക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു.

ഇത് കോവിഡ് കാലഘട്ടം. കോവിഡ് ഭീതി എല്ലാവരുടെയും ജീവിതം മുൾമുനയിലാക്കി. ഇപ്പോൾ നാം കാണുന്ന കാഴ്ച്ചകളൊക്കെ സങ്കടത്തിന്റെയും ദുരതത്തിന്റെയുമാണ്. കോവിഡ് കാലം വൈവിധ്യം നിറഞ്ഞ ശുശ്രൂഷകൾക്കായി നമ്മെ വെല്ലുവിളിച്ച കാലം കൂടിയായിരുന്നു. നമ്മുടെ പട്ടക്കാരും ഇടവക ചുമതലക്കാരും, യുവജനങ്ങളും മുന്നിട്ടിറങ്ങി സന്നദ്ധ സേവന പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചു. ഒറ്റപ്പെട്ടുപോയ മാതാപിതാക്കൾക്ക് മരുന്നും ഭക്ഷണവും എത്തിച്ചു. ഇടവകകളിൽ ഹെൽപ് ലൈനുകൾ തുറന്നു. തൊഴിലുകൾ നഷ്ടപ്പെട്ട് സാമ്പത്തിക പരാധീനതയിൽ

ആയിരുന്നവർക്ക് സഹായങ്ങൾ നൽകി. മാസ്ക്കുകൾ, സാനിറ്റൈസറുകൾ എന്നിവ പൊതു ഇടങ്ങളിൽ എത്തിച്ചു കൊടുക്കുവാൻ മുന്നിട്ടിറങ്ങി. സാന്ത്വന കൗൺസിലിംഗ് ശുശ്രൂഷ ഓൺലൈൻ മാധ്യമങ്ങളിലൂടെ വളരെ ഫലകരമാക്കി. ക്വാറെന്റൈൻ സെന്ററായി കൊട്ടാരക്കരയിലെ കൺവൻഷൻ ബംഗ്ലാവ് വിട്ടു നൽകി. കമ്മ്യൂണിറ്റി കിച്ചണുകൾക്ക് സംഭാവനകളും സാധനങ്ങളും എത്തിച്ചു നൽകി. നമ്മുടെ ജൂബിലി മന്ദിരത്തിനും സ്മൃതിക്കും സഭാമക്കളുടെ കരുതലുകൾ, ഭക്ഷണ വസ്തുക്കളായി ഏറെ ലഭിച്ചു. സ്നേഹാമൃതം, പ്രഭാത ഭക്ഷണ വിതരണം ആ നാളുകളിലും മുടക്കമില്ലാതെ തുടർന്നിരുന്നു. ഡയാലിസിസ് സഹായം 30 പേരിൽ നിന്നും 35 പേർക്കായി വർദ്ധിപ്പിച്ചു. സഭയെയും സമൂഹത്തെയും തളർന്നുപോകാതെ നിലനിർത്തിയ ദൈവത്തിന് സ്തോത്രം കരേറ്റുന്നു. ഏവരോടും കടപ്പാട് അറിയിക്കുന്നു.

ഭദ്രാസന മിഷൻ കേന്ദ്രങ്ങളായ നെടുമങ്ങാട്, ചെങ്കോട്ട, ആന്ധ്രാപ്രദേശിലെ യാഡിക്കി മിഷൻ എന്നീ ഇടങ്ങളിലും ഇടയ പരിപാലനം നിർവ്വഹിച്ചു. ദോഹ ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകയുടെ ജൂബിലി പ്രോജക്ടിന്റെ സഹായം യാഡിക്കി മിഷന് ഇപ്പോഴും ലഭിച്ചുകൊണ്ടിരിക്കുന്നു, എന്നത് സന്തോഷത്തോടെ ഓർക്കുന്നു. യാഡിക്കിയിലെ ചാപ്പലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു, മിഷൻ ഹൗസ് നിർമ്മാണം തുടരുന്നു. അമ്പാസമുദ്രം മിഷൻ ചാപ്പൽ പൂർത്തിയാക്കി കൂദാശ നിർവ്വഹിച്ചു. ദോഹ ഇമ്മാനുവേൽ ഇടവക മിഷൻ നൽകിയ സാമ്പത്തിക പിന്തുണ ഓർക്കുന്നു. നെടുമങ്ങാടുള്ള ഇടിഞ്ഞാർ മിഷൻ പ്രകൃതിക്ക് ഇണങ്ങുന്ന ഒരു നല്ല ക്യാമ്പ് സെന്ററായി ക്രമീകരിപ്പാൻ ആഗ്രഹിക്കുന്നു. ഉപ്പുകുഴി, ഓലപ്പാറ എന്നീ പുതിയ മിഷൻ സെന്ററുകൾ ഭദ്രാസനം ഏറ്റെടുക്കുകയും സുവിശേഷ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു.

മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘത്തിന്റെ എല്ലാ ഉത്തരവാദിത്തങ്ങളും, ദയറാ പ്രസ്ഥാനത്തിന്റെ ചുമതലകളും ദൈവകൃപയിൽ ശരണപ്പെട്ട് നിറവേറ്റി. ഹോസ്കോട്ട്, പൊള്ളാച്ചി, ശിവനാപുരം, ചാഗലമാരി, നന്ദ്യാൽ, മൈദക്കൂർ, സത്ന തുടങ്ങിയ നിരവധി മിഷൻ സെന്ററുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും, അതത് മിഷൻ ബോർഡുകൾക്ക് അദ്ധ്യക്ഷം വഹിക്കുകയും ചെയ്തു. പെരുമ്പാവൂർ വുമൺസ് കോളജ്, എംബിഎ കോളജ്, തിരുവല്ല മാർത്തോമ്മാ കോളേജ്, പെരുമ്പാവൂർ ആശ്രമം സ്കൂൾ, തിരുവല്ല നിക്കോൾസൺ സ്കൂൾ എന്നിവയുടെ പ്രവർത്തനങ്ങളിൽ ഭാഗവാക്കാകുവാനും സാധിച്ചു. മാർത്തോമ്മാ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ ചുമതലയിലുള്ള വാളകം മാർത്തോമ്മാ ഹയർ സെക്കണ്ടറി സ്കൂൾ, കരവാളൂർ എ.എം.എം.എച്ച്.എസ്., നിക്കോൾസൺ സ്കൂൾ തിരുവല്ല, കൊട്ടാരക്കര ഗേൾസ് എച്ച്.എസ്. എന്നീ സ്കൂളുകളുടെ എൽ. എ. സി. മീറ്റിംഗുകൾക്ക് നേരിട്ട് നേതൃത്വം നൽകി. 5 സ്കൂളുകൾക്ക് എൽസിഡി പ്രൊജക്ടർ, സ്ക്രീൻ, ലാപ്ടോപ്പ് എന്നിവ ഇടയ ശുശ്രൂഷയുടെ 40-ാം വാർഷിക പദ്ധതിയുടെ ഭാഗമായി മുൻ വർഷത്തിൽ നൽകുവാൻ കഴിഞ്ഞത് കോവിഡ് ഓൺലൈൻ ക്ലാസുകളുടെ കാലഘട്ടത്തിൽ പ്രയോജനകരമായി തീർന്നു എന്ന് കാണുവാൻ ഇടയായി.

സഭയുടെയും സഹോദരി സഭകളുടെയും വിവിധ കൺവൻഷനുകളിൽ ഓൺലൈൻ മീഡിയായിലൂടെ വചനഘോഷണം നിർവ്വഹിച്ചു. എപ്പിസ്ക്കോപ്പൽ രജതജൂബിലിയുമായി ബന്ധപ്പെട്ട് ഭദ്രാസനം ആരംഭിച്ച സഹായി, സ്നേഹാമൃതം, അഭയം എന്നീ പദ്ധതികൾ ദൈവസ്നേഹത്തിന്റെ നീർച്ചാലുകളായി അനേകരിലേക്ക് ഒഴുകിയെത്തുന്നു. സഹായിയിലൂടെ പ്രസ്തുത വർഷം 35 പേർക്ക്, ഓരോ മാസത്തിലും ഏകദേശം 510 ഡയാലിസിസുകൾക്കായി സഹായം ചെയ്തു വരുന്നു. നിർദ്ധനരായ ഈ കുടുംബങ്ങളിലെ അംഗങ്ങളെ കൂട്ടിവരുത്തുവാനും, കൂട്ടായ്മയും ഇതര സഹായങ്ങളും ഫലപ്രദമായി നൽകുവാനും കഴിഞ്ഞു. കോവിഡ് നിയന്ത്രണങ്ങളുടെ മധ്യത്തിലും 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ഹൃദയ ശസ്ത്രക്രിയ, തലച്ചോർ സംബന്ധിയായി ശസ്ത്രക്രിയ, കുട്ടികളുടെ ക്യാൻസർ സംബന്ധിയായ ചികിത്സകൾ എന്നിവ നൽകുവാൻ കഴിഞ്ഞു. 7 കുട്ടികൾക്ക് ഹൃദയശസ്ത്രക്രിയയും, 2 കുട്ടികളുടെ ബ്രെയിൻ ട്യൂമർ ശസ്ത്രക്രിയയും നടത്തുവാൻ സാമ്പത്തിക സഹായം നൽകി. യുവജനസഖ്യം നേതൃത്വം നൽകുന്ന സ്നേഹാമൃതം പദ്ധതി തുടർച്ചയായി 7 വർഷങ്ങൾ പിന്നിട്ടു എന്നത് ദൈവകൃപയുടെ നിദർശനമാണ്. ഏകദേശം 300 പ്രഭാത ഭക്ഷണ പൊതികൾ കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലും സമീപ തെരുവിലും, 250 പൊതികൾ പുനലൂർ താലൂക്ക് മുനിസിപ്പൽ ആശുപത്രിയിലും അതിരാവിലെ നൽകി വരുന്നു. കുണ്ടറ സെന്ററിൽ ബഥേൽ, ശാലേം ഇടവകകളുടെ സമീപത്ത് വാങ്ങിയ 40 സെന്റ് സ്ഥലത്ത് പണികഴിപ്പിച്ച എപ്പിസ്ക്കോപ്പൽ സിൽവർ ജൂബിലി ഹോമിൽ 36 കുട്ടികൾ താമസിച്ച് പഠിക്കുന്നു. അവർക്കാവശ്യമായ നിർദേശങ്ങൾ നൽകുവാൻ സാധിച്ചു.

പുനലൂർ സ്നേഹാരം സെന്ററിൽ 2018 മെയ് മാസം 1-ാം തീയതി ഡിമെൻഷ്യ, അൽഷിമേഴ്സ് റീഹാബിലിറ്റേഷൻ പദ്ധതിയുടെ കെട്ടിട സമുചയത്തിന് തറക്കല്ലിട്ടു. സ്മൃതി എന്ന് നാമകരണം ചെയ്യപ്പെട്ട മലങ്കര സഭയിലെ തന്നെ പ്രഥമം എന്ന് കരുതുന്ന ഈ പദ്ധതിക്ക് 2018 ഡിസംബർ 9 ഞായർ 3ന് താല്ക്കാലിക ആസ്ഥാനത്ത് പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ചു. 16 അന്തേവാസികളും ഏറെപേർ അന്വേഷകരുമായി ഈ സ്ഥാപനത്തിൽ എത്തുന്നുണ്ട് എന്നത് ഈ പദ്ധതിയെ സമൂഹം ഏറ്റെടുത്തതിന്റെ അടയാളമാണ്. സ്മൃതി കെട്ടിടത്തിന്റെ പണിയുടെ ഒന്നാം ഘട്ടം പൂർത്തിയാക്കി 2019 ഡിസംബർ 9ന് കൂദാശ നിർവ്വഹിച്ചു. വിവിധ സഭാ മേലദ്ധ്യക്ഷൻമാരുടെയും സാമൂഹിക രാഷ്ട്രീയ നേതാക്കളുടെയും സഭാ ജനങ്ങളുടെയും പട്ടക്കാരുടെയും നേതൃത്വവും സഹകരണവും ഏറെ അനുഭവവേദ്യമായി. എപ്പിസ്ക്കോപ്പൽ പേൾ ജൂബിലിയുടെ ഭാഗമായി ഭദ്രാസനം എനിക്ക് ഇത് സമർപ്പിച്ചതിൽ ഞാൻ ഏറെ കൃതജ്ഞതയുള്ളവനാണ്. 2020 ഒക്ടോബർ 31ന് സ്മൃതി പൂർണ്ണസജ്ജമാക്കി, ശുശ്രൂഷകൾ കാര്യക്ഷമമായി നടന്നുവരുന്നു.

സഭ ഭദ്രാസനത്തെ ഏൽപ്പിച്ച ജോർജ്ജ് ജോൺ അച്ചൻ മെമ്മോറിയൽ ഹോസ്പിറ്റൽ നവീകരിച്ച് ആശ്വാസ് ഡി-അഡിക്ഷൻ സെന്ററായും ഇ-അഡിക്ഷൻ സെന്ററായും പ്രവർത്തിച്ചുവരുന്നു. ഈ സെന്ററിൽ പുതുതായി ചാപ്പൽ സൗകര്യവും ഏർപ്പെടുത്തി. കോവിഡ് കാലം ഒഴിച്ച് ഓരോ മാസത്തിലുമുള്ള ഓരോ ക്യാമ്പിലും യഥാക്രമം 20 കുടുംബങ്ങൾ പാർത്തു വരുന്നു. ക്യാമ്പുകളും, എ.എ. കൂട്ടായ്മകളും സന്ദർശിച്ച് ആവശ്യമായ പരിപാലനങ്ങൾ പകരുന്നു.

ശലഭങ്ങൾ, ഹോളിസ്റ്റിക്ക് ഡവലപ്മെന്റ് സെന്റർ ഫോർ ചിൽഡ്രൻ, പട്ടമല ഇടവക അതിർത്തിയിൽ പ്രവർത്തനം ആരംഭിച്ചു. 4 ഏക്കർ സ്ഥലവും ഒരു മനോഹരമായ വീടും നടുക്കുന്ന് വെസ്റ്റ് ഭാഗത്ത് നമുക്ക് പൂർണ്ണമായി ലഭിച്ചു. ഓട്ടിസം ബാധിച്ച കുഞ്ഞുങ്ങൾ, ലേണിംഗ് ഡിസേബിലിറ്റീസ് ഉള്ള കുഞ്ഞുങ്ങൾ, ബിഹേവിയറൽ പ്രോബ്ലംസ് ഉള്ള കുഞ്ഞുങ്ങൾ എന്നിവരുടെ പുനരധിവാസമാണ് ഈ പദ്ധതികളിൽ കൂടി ലക്ഷ്യമിടുന്നത്.

7-ാമത് ഭദ്രാസന അസംബ്ലി 2021 മാർച്ച് 27ന് കൊട്ടാരക്കര എപ്പിസ്ക്കോപ്പൽ ജൂബിലി മന്ദിരം ചാപ്പലിൽ വച്ച് നടത്തപ്പെട്ടു. ക്രമീകൃതമായി ഭദ്രാസന വാർഷിക റിപ്പോർട്ട്, വരവ്-ചെലവ് കണക്കുകൾ, ബഡ്ജറ്റ് എന്നിവ അവതരിപ്പിച്ച് പാസ്സാക്കി. ഭദ്രാസന ആത്മീയ സാമൂഹിക വളർച്ചയ്ക്ക് ഉതകുന്ന ചർച്ചകളും അർത്ഥവത്തായി നടത്തപ്പെട്ടു. കൊട്ടാരക്കര-പുനലൂർ മാർത്തോമ്മാ ഡവലപ്മെന്റ് സൊസൈറ്റിയുടെ വാർഷികത്തിനും പൊതുയോഗ നടപടിക്രമങ്ങൾക്കും അന്നേദിനത്തിൽ നേതൃത്വം നൽകി.

ഭദ്രാസന ഞായർ പ്രസ്താവനകൾക്കും ധനശേഖരണങ്ങൾക്കുമായി ക്രമീകരണങ്ങൾ ചെയ്തു. ഭദ്രാസനത്തിന്റെ വളർച്ചയ്ക്കും പരിപോഷണത്തിനും ആവശ്യമായ സുപ്രധാന തീരുമാനങ്ങൾ എടുക്കുന്നതിനായി ഭദ്രാസന കൗൺസിൽ തന്നാണ്ടിൽ 5 പ്രാവശ്യം കൂടി. കൊട്ടാരക്കര

ജൂബിലി മന്ദിരം, സനോഹ, ആശ്വാസ്, അഭയം, സ്മൃതി, സ്നേഹാരം എന്നീ സ്ഥാപനകൾ ക്രമീകൃതമായി സന്ദർശിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും തിരുത്തലുകൾ വരുത്തുകയും ചെയ്തു. ഭദ്രാസനത്തിന്റെ 18 സബ് കമ്മിറ്റികൾക്കും, ഭദ്രാസന സംഘടനാ കമ്മിറ്റികൾക്കും നേതൃത്വം നൽകി.

ഭദ്രാസന പട്ടക്കാരുടെ വാർഷിക കോൺഫറൻസ് 2020 ഡിസംബർ 11ന് കൊട്ടാരക്കര എപ്പിസ്ക്കോപ്പൽ ജൂബിലി മന്ദിരത്തിൽ കൂടുകയും പ്രസ്തുത മീറ്റിംഗിന് പൂർണ്ണമായി അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. Mission and Ministry in the age of exceptional times എന്ന വിഷയത്തെ അധികരിച്ച് റവ. ഡോ. മോത്തി വർക്കി, ഡോ. അജീഷ് റ്റി. അലക്സ് എന്നിവർ നേതൃത്വം നൽകി. ഭദ്രാസനത്തിലെ വിരമിച്ച പട്ടക്കാരുടെയും, സുവിശേഷകരുടെയും, ആ കൂട്ടത്തിലെ വിധവമാരായവരുടെയും ഭവനങ്ങൾ ഈ വർഷവും സന്ദർശിച്ച് പ്രാർത്ഥിച്ച് സന്തോഷവും കരുതലും പങ്കുവച്ചു. അത് ഏവർക്കും ഒരുപോലെ അനുഗ്രഹകരമായി. ഭദ്രാസനത്തിലെ എല്ലാ സംഘടനകളും അനുഗ്രഹകരമായി പ്രവർത്തിച്ചുവരുന്നു. ആയതിന്റെ മീറ്റിംഗുകളിൽ നേതൃത്വം നൽകാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്.

63-ാമത് ഭദ്രാസന കൺവൻഷൻ 2021 ജനുവരി 31 ഞായർ മുതൽ ഫെബ്രുവരി 7 ഞായർ വരെ കൺവൻഷൻ ഗ്രൗണ്ടിലും, ജൂബിലി മന്ദിരം ചാപ്പലിലുമായി നടത്തപ്പെട്ടു. പ്രാരംഭദിവസത്തിൽ അഭി. തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ നേതൃത്വത്തവും സാന്നിദ്ധ്യവും സമാപന ദിനത്തിൽ അഭി. ജോസഫ് മാർ ബർന്നബാസ് തിരുമേനിയുടെ വി. കുർബ്ബാന അർപ്പണവും സന്ദേശവും വളരെ അനുഗ്രഹകരമായി. റിന്യൂവെൽ കോൺഫറൻസിന്റെ ഓരോ ദിനവും മുൻകൂട്ടിയുള്ള ക്രമീകരണപ്രകാരം 100 പേർ ഒരുമിച്ച് കൂടിയതും പഠനം നടത്തിയതും പ്രത്യേകത ആയിരുന്നു. ഓൺലൈൻ ക്രമീകരണത്തിലൂടെ ആയിരങ്ങൾ കൺവൻഷനിൽ പങ്കുചേർന്നു എന്നുള്ളത് സന്തോഷകരമാണ്. മീറ്റിംഗുകൾക്ക് ആദിയോടന്തം നേതൃത്വം നൽകുവാൻ കഴിഞ്ഞത് സന്തോഷമായി.

കൃതാർത്ഥതയോടെ പറയട്ടെ, ലഭിച്ച ദൈവകൃപ അപാരമാണ്. ദൈവജനത്തിന്റെ സഹകരണം, പട്ടക്കാരുടെ, സുവിശേഷകരുടെ, കൗൺസിൽ അംഗങ്ങളുടെ അകമഴിഞ്ഞ ശുശ്രൂഷാ പങ്കാളിത്തങ്ങൾ എല്ലാമാണ് ഈ സ്നേഹ-ശുശ്രൂഷാ-കരുതൽ പദ്ധതികളെ സാധിതമാക്കിയത്. ലോകമെങ്ങുമുള്ള സഭാ മക്കളുടെ പ്രാർത്ഥനയും പ്രോത്സാഹനവും സ്നേഹവും നന്ദിയോടെ സ്മരിക്കുന്നു. *"അനർത്ഥദിവസത്തിൽ അവൻ തെന്റെ കൂടാരത്തിൽ എന്നെ ഒളിപ്പിക്കും തിരുനിവാസത്തിന്റെ മറവിൽ എന്നെ മറയ്ക്കും, പാറമേൽ എന്നെ ഉയർത്തും" (സങ്കീ. 71 : 1, 2)* എന്ന വിശ്വാസവും പ്രാർത്ഥനയും കോവിഡ് പ്രതിസന്ധിയുടെ കാലങ്ങളിലും മേൽക്കുമേൽ ഉയരട്ടെ. സഭയെ ദൈവം കൂടുതൽ ശക്തിപ്പെടുത്തട്ടെ. ഏൽപ്പിച്ച ശുശ്രൂഷകൾ പൂർണ്ണമായും ഉത്തരവാദിത്തത്തോടെ നിർവ്വഹിച്ച് ദൈവത്തിൽ ശരണപ്പെട്ട് ജനത്തിന് അനുഗ്രഹമാകാൻ ഇടയാകണമേ എന്ന പ്രാർത്ഥനയോടെ റിപ്പോർട്ട് ചുരുക്കുന്നു. ദൈവം നമ്മെ എല്ലാവരെയും തന്റെ സൗഖ്യത്താലും സമാധാനത്താലും ശക്തീകരിക്കട്ടെ.

2.5. റൈറ്റ് റവ. ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ

ദൈവകരുണയാൽ തിരുവനന്തപുരം – കൊല്ലം ഭദ്രാസനപ്രവർത്തനങ്ങളിൽ ഒരു വർഷം കൂടി പിന്നിടുവാൻ ദൈവം കൃപ ചെയ്തു. COVID – 19 എന്ന മഹാ വ്യാധി രാജ്യത്തെ മുഴുവൻ ഗ്രസിച്ചത് ഈ നാളുകളിൽ ആയിരുന്നു.

പള്ളികൾ അടച്ചും, പ്രവർത്തനങ്ങൾ നിലച്ചും, യാത്രയ്ക്ക് തടസ്സവും, പ്രവർത്തനങ്ങൾക്ക് വിലക്കും ഏർപ്പെടുത്തപ്പെട്ട നാളുകൾ ആയിരുന്നു ഈ വർഷം മുഴുവൻ. എന്നാൽ പുതിയ സാങ്കേതിക വിദ്യയുടെ സഹായത്താൽ രാജ്യത്തും രാജ്യത്തിനു പുറത്തും ഇടവകകളെയും വിശ്വാസികളെയും തമ്മിൽ ആരാധനയിലും വിശ്വാസത്തിലും ഉറപ്പിച്ച് നിർത്തുന്നതിന് ദൈവം കൃപ ചെയ്തു. ഒരിക്കലും കണ്ടിട്ടും കേട്ടിട്ടും അനുഭവിച്ചിട്ടില്ലാത്തതുമായ കാലം. നിഷ്ക്രിയരാകുവാനുള്ള പരീക്ഷ ഉണ്ടായിരുന്നു. എങ്കിലും അതിനെ അതിജീവിക്കുവാൻ ദൈവം തുണച്ചു.

സേവനത്തിന്റെയും ശുശ്രൂഷയുടെയും പുതിയ മാനങ്ങൾ തുറക്കുന്നതിന്, പ്രവർത്തിക്കുന്നതിന് ഇടവകകൾക്കും ഭദ്രാസനത്തിനും സാധിച്ചു. സഭാംഗങ്ങൾ കോവിഡ് ബാധിത രായി തീർന്നു എങ്കിലും മരണപ്പെട്ടവർ ഒന്നാം തരംഗത്തിൽ കുറവായിരുന്നു. എങ്കിലും രണ്ടാം തരംഗത്തിൽ അത് വർദ്ധിച്ചുവന്നു.

സഭയിൽ ആദ്യമായി എപ്പിസ്ക്കോപ്പൽ സുന്നഹദോസ്, സഭാ കൗൺസിൽ, ഭദ്രാസന കൗൺസിൽ, ഇവ Zoom പ്ലാറ്റ്ഫോമിൽ കൂടി. തുടർന്ന് സംഘടനകൾ, ഇടവക കൂട്ടായ്മകൾ, സ്വദേശത്തും വിദേശത്തുമുള്ള ആരാധനാ കൂട്ടായ്മകൾ, ഡോക്ടേഴ്സ്, IT മേഖല, എൻജിനീയറിംഗ് വിദ്യാർത്ഥികൾ തുടങ്ങിയവരുടെ പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കെടുത്തു നേതൃത്വം നൽകി.

പൂലാത്തീൻ അരമനയിൽ നടന്ന ഡോ. ജോസഫ് മാർത്തോമ്മാ നവതി സ്തോത്രശുശ്രൂഷയിലും തിരുമേനി അനുഷ്ഠിച്ച വിശുദ്ധ കുർബ്ബാനയിലും പങ്കെടുത്തു. ജൂലൈ 12-ന് നടന്ന ഡോ. ഗീവർഗ്ഗീസ് മാർ തിയഡോഷ്യസ് തിരുമേനിയുടെ സഫ്രഗൻ മെത്രാപ്പോലീത്താ നിയോഗ ശുശ്രൂഷയിലും പങ്കാളിയായി.

ഒക്ടോബർ 2 ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ ഒന്നിച്ചുള്ള സിനഡിൽ പങ്കെടുത്തു. തിരുമേനിയ്ക്ക് നൽകിയ തൈലാഭിഷേക ശുശ്രൂഷയിൽ പങ്കാളിയായി. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ കബറടക്ക ശുശ്രൂഷയിൽ വചന പ്രഘോഷണം നിർവഹിച്ചു. ഒക്ടോബർ 26 ഡോ. ജോസഫ് മാർത്തോമ്മാ അനുസ്മരണ യോഗം ഭദ്രാസന നേതൃത്വത്തിൽ നടത്തപ്പെട്ടു. കർദ്ദിനാൾ മാർ ക്ലീമിസ്, മാർ ഗബ്രിയേൽ, ആർച്ച് ബിഷപ് ഡോ. സൂസപാക്യം, ശശി തരൂർ എം.പി., ഡോ. പി.ജെ. അലക്സാണ്ടർ തുടങ്ങിയവർ സന്ദേശം നൽകി.

നമുക്ക് പുതുതായി അഭിഷിക്തനായ ഡോ. തിയഡോഷ്യസ് മാർത്തോമ്മായുടെ സ്ഥാനാരോഹണ ശുശ്രൂഷയിൽ വചന ധ്യാനം നിർവഹിച്ചു. അഭിവന്ദ്യ തിരുമേനിക്ക് ഭദ്രാസനമായി കൊല്ലം തേവള്ളി മാർത്തോമ്മാ പള്ളിയിൽ വച്ചും ഭദ്രാസന കേന്ദ്രത്തിൽ വച്ചും സ്വീകരണം നൽകി. മെത്രാപ്പോലീത്താ ഒന്നിച്ച് കവടിയാർ കൊട്ടാരം, രാജ് ഭവൻ, പട്ടം അരമന, മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, ലത്തീൻ ആർച്ച് ബിഷപ്പ് പാലസ് ഇവിടങ്ങളിൽ സന്ദർശനം നടത്തി.

മുഴുസമയ സമർപ്പിതരുടെ സമ്മേളനം പെരുങ്ങാലത്ത് വച്ച് നടത്തപ്പെട്ടു. 35 യുവജനങ്ങൾ പങ്കെടുത്തു.

നാടാർ സംവരണത്തിൽ നമ്മുടെ സഭാജനങ്ങളെയും ഉൾപ്പെടുത്തിയതിൽ കേരള സർക്കാരിനെ അനുമോദിച്ചു നടന്ന റാലിയിൽ പങ്കെടുത്തു.

മാരാമൺ, കൊട്ടാരക്കര, പുതുപ്പള്ളി ഹൊരേബ് തുടങ്ങിയ കൺവൻഷനുകളിൽ ദൂത് നൽകി.

താഴത്തു ചാണ്ടപ്പിള്ള കത്തനാർ സ്മാരക പ്രഭാഷണം കോട്ടയം സെന്റ് തോമസ് പള്ളിയിൽ നടത്തി.

കൗമുദി, വേർഡ് റ്റു വേൾഡ് ചാനലുകളിലൂടെ ക്രിസ്മസ്, ഈസ്റ്റർ സന്ദേശങ്ങൾ നൽകി.

ഭദ്രാസന അസംബ്ലി, കൗൺസിൽ ഇവ യഥാസമയം നടത്തി. 2021-23ലേക്കുള്ള പുതിയ കൗൺസിൽ തിരഞ്ഞെടുപ്പു നടത്തി.

യൂഹാനോൻ മാർത്തോമ്മാ സ്റ്റഡി സെന്ററിൽ നടന്ന വിവിധ പരിപാടികൾക്ക് നേതൃത്വം നൽകി.

ഭദ്രാസന കൺവൻഷൻ സെന്റ് തോമസ് സ്കൂൾ ചാപ്പലിൽ നിന്നും തത്സമയ സംപ്രേഷണം നടത്തി. കർദ്ദിനാൾ ക്ലീമിസ് തിരുമേനി, ഡോ. ജോർജ്ജ് ചെറിയാൻ, റവ. എ.റ്റി. സഖറിയ എന്നിവർ പ്രസംഗിച്ചു.

അരമന ചാപ്പലിൽ വിദ്യാരംഭ ശുശ്രൂഷ നിർവഹിച്ചു.

United Christian Prayer India(UCPI)യുടെ ആഭി

മുഖ്യത്തിൽ സകല രാഷ്ട്രീയ നേതാക്കൾക്കും, ജനങ്ങൾക്കും വേണ്ടിയുള്ള പ്രാർത്ഥനാശൃംഗലയിൽ മറ്റ് സഭാ ശുശ്രൂഷകരോടൊപ്പം പങ്കാളിയായി.

മാർത്തോമ്മാ സ്കൂൾ ബോർഡ് അദ്ധ്യക്ഷനായി പ്രവർത്തിച്ചു. സണ്ടേസ്കൂൾ സമാജം പ്രസിഡന്റ്, MCRD ചെയർമാൻ, ലക്ഷണറി കമ്മിറ്റി അദ്ധ്യക്ഷൻ, തിരു വനന്തപുരം മാർത്തോമ്മാ ചർച്ച് എഡ്യൂക്കേഷണൽ സൊസൈറ്റി അദ്ധ്യക്ഷൻ, ആയൂർ ETTARC പ്രസിഡന്റ്, അഞ്ചൽ ഐ. റ്റി. ഐ. ചെയർമാൻ, കുലശേഖരം സെന്റ് തോമസ് സ്കൂൾ സൊസൈറ്റി പ്രസിഡന്റ്, എന്നീ നിലകളിൽ പ്രവർത്തിച്ചു. സഭയുടെ ലിറ്റർജിക്കൽ കമ്മീഷന്റെ ചുമതല നിർവഹിച്ചു. മാർത്തോമ്മാ ക്ലർജി വെൽഫയർ കമ്മിറ്റി അദ്ധ്യക്ഷനായി പ്രവർത്തിച്ചു.

വിവിധ ഇടവകകളിൽ നടന്ന നോമ്പു നമസ്കാരങ്ങളിൽ പങ്കെടുത്തു. ഇരവിപേരൂർ ഇടവക ശതോത്തരജൂബിലിയിൽ പങ്കെടുത്തു.

മണക്കോട് സെന്റ് തോമസ് മാർത്തോമ്മാ പള്ളിയുടെ ഡി-കോൺസിക്രേഷൻ നടത്തി. കണ്ണംപള്ളി സെഹിയോൻ, പട്ടത്താനം സെന്റ് ജോൺസ്, എന്നീ പള്ളികളുടെ പുനഃപ്രതിഷ്ഠയും, വില്ലുചാരി ബഥേൽ, ചാത്തന്നൂർ ക്രിസ്തോസ് എന്നീ പള്ളികളുടെ ത്രോണോസ് കൂദാശയും നിർവഹിച്ചു.

തെറ്റിവിള സീയോൻ, തിരുവനന്തപുരം ട്രിനിറ്റി അനക്സ് ഇവയുടെ ശിലാസ്ഥാപനം നടത്തി. മണക്കോട് സെന്തോമസ്, ചിറക്കുന്നു ജറുശലേം എന്നീ പള്ളികളുടെ കൂദാശ നിർവഹിച്ചു.

ഏഴംകുളം ശാലേം, ശ്രീകാര്യം ബഥേൽ, പാർസണേജുകളുടെ കൂദാശ നടത്തി. പുതുപ്പള്ളി ഹൊരേബ് പാഴ്സണേജ് കൂദാശ ജോസഫ് മാർത്തോമ്മാ തിരുമേനിയോടൊപ്പം നിർവഹിച്ചു.

ദുബായ് സേവികാസംഘം രജത ജൂബിലി സമ്മേളനത്തിൽ സൂം മീറ്റിംഗിലൂടെ പങ്കെടുത്തു. അവരുടെ ആരാധനകളിലും. റിപ്പോർട്ട് വർഷം ഭദ്രാസനത്തിലെ 38 പള്ളികൾ സന്ദർശിച്ചു വിശുദ്ധ കുർബ്ബാന അനുഷ്ഠിച്ചു. ഭദ്രാസനത്തിനു വെളിയിൽ 9 പള്ളികളിലും. 67 കുട്ടികളെ ആദ്യ കുർബ്ബാനയിൽ പങ്കാളികളാക്കി. ഭദ്രാസനത്തിൽ നിന്നും സ്റ്റാൻലി ജോൺ മാത്യു(ചാത്തന്നൂർ ക്രിസ്തോസ്), പി. ബാബു (ഗാജുലപ്പള്ളി മിഷൻ-ആദ്യഫലം), സാംജി സ്റ്റീഫൻ(ചിറക്കുന്ന്), ജോയ്സ് ജോർജ്ജ്(അഞ്ചൽ ജറുശലേം) എന്നിവരെ വൈദിക സ്ഥാനത്തേയ്ക്ക് പ്രവേശിപ്പിച്ചു.

നിജോ ജോസ് സ്കറിയ(മെഴുവേലി), അനിക്സ് ജോൺസൺ (എലിക്കാട്ടൂർ), അജിൻ മാത്യു, അജിൻ ജയിംസ് (മുളക്കുഴ), സ്റ്റാൻലി ജോൺസ് സഖറിയ (വേങ്ങൽ) എന്നിവരെ കശ്ശീശാ സ്ഥാനത്തേയ്ക്ക് പ്രവേശിപ്പിച്ചു. കുട്ടമല(14), മഞ്ഞാലൂമ്മൂട്(16) ഇടവകകളിലേക്ക് സത്യാന്വേഷകർ ചേർക്കപ്പെട്ടു.

കഴിഞ്ഞ നാലു വർഷങ്ങൾക്കുള്ളിൽ അഭിവന്ദ്യരായ നാലു പിതാക്കന്മാർ നിത്യതയിലേക്ക് വാങ്ങിപ്പോയി. അവരുടെ അനുഗ്രഹകരമായ ശുശ്രൂഷകൾക്കായി ദൈവത്തെ സ്തുതിക്കാം. നമുക്ക് ഒരു പുതിയ മെത്രാപ്പോലീത്തായെ ലഭിച്ചിരിക്കുന്നു. സഭാ ശുശ്രൂഷകൾക്കായി പുതുതായി മേലപ്പട്ടക്കാർ ആവശ്യമായിരിക്കുന്നു. അതിനുള്ള കാലവും സമയവും വ്യക്തികളെയും ഒരുക്കുന്നതിന് പ്രാർത്ഥിക്കാം. അച്ചടക്കവും വിധേയത്വവും സുവിശേഷ ദർശനവുമുള്ള ഒരു വൈദീക സംഘത്തിനായി നമുക്ക് പ്രാർത്ഥിക്കാം. ദൈവം തന്റെ സഭയെ പരിപാലിക്കട്ടെ.

2.6.റൈറ്റ് റവ. തോമസ് മാർ തിമൊഥെയോസ് എപ്പിസ്കോപ്പാ

ചെങ്ങന്നൂർ-മാവേലിക്കര ഭദ്രാസനത്തിന്റെ എപ്പിസ്കോപ്പയായി അഞ്ച് വർഷം ശുശ്രൂഷ ചെയ്യുവാൻ കൃപ ചൊരിഞ്ഞ സർവ്വശക്തനായ ദൈവത്തിനു സ്തുതി സ്തോത്രങ്ങൾ അർപ്പിക്കുന്നു. എനിക്ക് ശക്തി നൽകിയ ക്രിസ്തുയേശു എന്ന നമ്മുടെ കർത്താവ് എന്റെ വിശ്വസ്തൻ എന്ന് എണ്ണി ശുശ്രൂഷയ്ക്ക് ആക്കിയത് കൊണ്ട് ഞാൻ അവനെ സ്തുതിക്കുന്നു. ദൈവത്തോട് കൂടുതൽ അടുക്കുവാനും സഭയുടെയും, സമൂഹത്തിന്റെയും പൊതുനന്മയ്ക്കും, പുരോഗതിക്കും സുവിശേഷത്തിന്റെ വ്യാപനത്തിനും അദ്ധ്വാനിക്കുന്നതിന് നിരവധി അവസരങ്ങൾ ലഭിച്ചു. ദൈവരാജ്യ ശുശ്രൂഷയിൽ എപ്പോഴും നയിക്കുന്ന കർത്താവിൽ ശരണപ്പെട്ട് ഇടയപരിപാലനം നയിക്കുന്നതിന് പരിശ്രമിച്ചു. എപ്പിസ്കോപ്പൽ സിനഡിന്റെയും പട്ടക്കാരുടെയും സഭാജനങ്ങളുടെയും കൂട്ടായ്മയും കരുതലും പങ്കാളിത്തവും അനുഗ്രഹപ്രദമായിരുന്നു.

മാർത്തോമ്മാ സഭയ്ക്ക് ദുഃഖസാന്ദ്രമായ വർഷമായിരുന്നു ഇക്കഴിഞ്ഞത്. മാർത്തോമ്മാ സഭയുടെ പരമാദ്ധ്യക്ഷനായ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായും, പത്മഭൂഷൺ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്തായും ദൈവസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. സഭയുടെ യുഗപ്രഭാവ വ്യക്തിത്വങ്ങളായിരുന്നു ഇരുവരും. മാർത്തോമ്മാ സഭയെ ലോകത്തിനു മുമ്പിൽ സാക്ഷ്യകൂടാരമായി നിലനിർത്തിയ അഭിവന്ദ്യ തിരുമേനിമാരുടെ നഷ്ടം നികത്താനാകത്തതാണ്. ബാഷ്പാഞ്ജലികൾ അർപ്പിക്കുന്നു. 2019-ാം ആണ്ട് മുതൽ ആരംഭിച്ച കൊവിഡ് 19 എന്ന മഹാവ്യാധിയുടെ രണ്ടാം തരംഗത്തിലൂടെ നം മുന്നോട്ടു പോകുകയാണല്ലൊ. പ്രതിരോധ പ്രവർത്തനങ്ങൾ ഫലവത്താകുവാൻ ദൈവസിധിയിൽ നമുക്ക് യാചിക്കാം. ദൈവത്തോടു പറ്റിചേർന്ന് സൗഖ്യത്തിനു വേണ്ടി അപേക്ഷിക്കാം. 2021 ഡിസംബർ 1 മുതൽ ചെങ്ങന്നൂർ-മാവേലിക്കര ഭദ്രാസനത്തോടു ചേർന്ന് സഭയുടെ പ്രത്യേക ക്രമീകരണം അനുസരിച്ച് റാന്നി-നിലയ്ക്കൽ ഭദ്രാസനത്തിന്റെ ചുമതല കൂടി ഏറ്റെടുക്കുവാൻ ദൈവം സഹായിച്ചു. ഇടവകതലങ്ങളിലും മിഷൻ പ്രവർത്തന തലങ്ങളിലും ഭദ്രാസനത്തിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നു.

ഭദ്രാസനം: 8 സെന്ററുകളിലായി പ്രത്യേകിച്ച് മസ്കറ്റിലെ സെന്റ് പോൾസ് മാർത്തോമ്മാ, സലാലാ മാർത്തോമ്മാ ഇടവകകളും യു.എ.ഇ. യിലെ ഫുജൈറാ ഇമ്മാനുവേൽ റാസ് അൽ ഖൈമാഹ് സെന്റ് തോമസ് എീ ഇടവകകൾ ഉൾപ്പടെ 92 ഇടവകകൾ ചേർന്നതാണ് ചെങ്ങന്നൂർ-മാവേലിക്കര ഭദ്രാസനം. സജീവ സേവനത്തിലുള്ള 82 വൈദീകരും 12 സുവിശേഷകരും സജീവ സേവനത്തിൽ നിന്ന് വിരമിച്ച 32 പട്ടക്കാരും സഭയുടെ ദൗത്യ നിർവഹണത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

സന്ദർശനവും ശുശ്രൂഷകളും: ഭദ്രാസനത്തിലും ഭദ്രാസനത്തിന് പുറത്തുള്ള ഇടവകകളും സന്ദർശിച്ച് വിശുദ്ധ കുർബ്ബാന അർപ്പിക്കുകയും ആദ്യ കുർബ്ബാനയ്ക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു. കൂടാതെ അജഗണത്തിന്റെ ആദ്ധ്യാത്മിക വളർച്ചയ്ക്ക് ആവശ്യമായ പ്രബോധനങ്ങൾ കൊടുക്കുകയും ചെയ്തു. ഇടവകകളിൽ ക്രമീകരിക്കപ്പെട്ട മറ്റ് പരിപാടികൾക്കും നേതൃത്വം നൽകി. എപ്പിസ്കോപ്പൽ സിനഡ്, സഭാ കൗൺസിൽ എന്നിവയിൽ പങ്കെടുത്തു. കൊവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ബദൽ മാർഗ്ഗമായ ഓൺലൈൻ പ്ലാറ്റ്ഫോം ഉപയോഗിച്ച് സമ്മേളനങ്ങളും മറ്റു പരിപാടികളും നടത്തുവാൻ സാധിച്ചു. വൈദീകരുടെ സെന്റർ, മേഖലതല കൂട്ടായ്മകൾക്കും ലോഗോസ് വേദപഠനത്തിലും പട്ടക്കാരുടെയും കുടുംബങ്ങളുടെയും ഏകോപിച്ചുള്ള സമ്മേളനങ്ങളിലും നേതൃത്വം നൽകി.

റിപ്പോർട്ട് വർഷം ഭദ്രാസന കൗൺസിൽ യോഗങ്ങൾ കൂടി ഭരണപരമായ തീരുമാനങ്ങൾ കൈക്കൊണ്ടു. കൗൺസിലായി രൂപപ്പെടുത്തിയ സബ്-കമ്മറ്റികളിലും, സ്ഥാപനകളുടെ ഭരണ നിർവഹണ സമിതികളിലും ആവശ്യാനുസരണം വേണ്ട നിർദ്ദേശങ്ങൾ നൽകുകയുണ്ടായി.

കാലോചിതമായ ദൗത്യ സരണി: ഭദ്രാസന പരിധിയിൽ താമസിക്കുന്ന കാൻസർ, വൃക്ക രോഗികൾക്ക് ആവശ്യമായ സഹായവും പരിചരണവും നൽകുന്ന കാൻസർ കെയർ & കൗസിലിങ്ങ് സെന്ററിലൂടെ (കരുതൽ)-ൽ 1000 പരം രോഗികളേയും അവരുടെ കുടുംബങ്ങളേയും സഹായിച്ചുവരുന്നു. വിവാഹപ്രായം കഴിഞ്ഞിട്ടും പണമില്ലാത്തതു കൊണ്ട് മംഗല്യ ഭാഗ്യം ലഭിക്കാത്ത യുവതികൾക്ക് കുടുംബ

ജീവിതം യാഥാർത്ഥ്യമാക്കുന്ന വിവാഹ സഹായ പ്രോജക്ട് (VISA) ഫലകരമായി ഈ വർഷവും പ്രവർത്തിച്ചു. വൈധവ്യത്തിലും വാർദ്ധക്യത്തിലും ഏകാന്തതയിലും കഴിയുന്നവർക്ക് ആശ്വാസവും കൂട്ടായ്മയും നല്കിവരുന്നു MIWWA (Ministry to the Widows Widowers and the Aged) പദ്ധതി ഫലപ്രദമായി നടത്തുതിന് നേതൃത്വം നൽകി. നാദം പ്രോജക്ടിലൂടെ മൂകരും ബധിരരുമായവർക്ക് കൂട്ടായ്മ നൽകി. റിപ്പോർട്ട് വർഷം രണ്ടു പുതിയ പ്രൊജക്ടുകൾ ആരംഭിക്കുവാൻ സാധിച്ചു. മാനസിക ആരോഗ്യവൈകല്യമുള്ളവരെ കരുതുവാൻ സേവ് (SAVE-Serve and value each other) പദ്ധതി ആരംഭിച്ചു. വാർദ്ധക്യത്തിലിരിക്കുന്നവർക്കും മറ്റു വരുമാനമൊന്നുമില്ലാത്ത നമ്മുടെ ഇടവക ജനങ്ങളെ കരുതുവാൻ സുരക്ഷ പെൻഷൻ പദ്ധതി ആരംഭിച്ചു.

കരുതൽ മീവാ വോളന്റീയേഴ്സ്: ഭദ്രാസനത്തിന്റെ പ്രധാന പ്രവർത്തനമായ കരുതലിന്റേയും മീവായുടേയും പ്രവർത്തനം മുന്നോട്ടു പോകുന്നത് 200 ഓളം സന്നദ്ധ പ്രവർത്തകരായ അൽമായരാണ്. ഭാഗ്യസ്മരണീയനായ സക്കറിയാസ് സഫ്രഗൻ മെത്രാപ്പോലീത്തായിൽ രൂപപ്പെട്ട മിഴിവേറിയ ദർശനമായിരുന്നു പട്ടക്കാരോടൊപ്പം ചേർന്നു നിൽക്കുന്ന ഒരു പറ്റം സന്നദ്ധ അൽമായർ. തങ്ങളുടെ ആയുസിന്റെ ദശാംശം മറ്റുള്ളവരെ കരുതുവാനും, ശുശ്രൂഷിക്കുവാനും, സുവിശേഷ പ്രവർത്തനങ്ങൾക്ക് ഉതകുന്ന രീതിയിൽ വേർതിരിക്കുവാനും ഇവർ സദാ സന്നദ്ധരായി നിൽക്കുന്നു.

സ്ഥാപനകളുടെ നേതൃത്വം: വെണ്മണിയിൽ സാധു സദൻ കേന്ദ്രത്തിൽ പകൽവീടിന്റെയും, കരുതൽ, മീവായുടെ പ്രവർത്തങ്ങളും തയ്യൽ ക്ലാസുകളും നടത്തപ്പെടുന്നു. തുമ്പമണ്ണിൽ സ്ഥാപിതമായ ശ്രേയസ്സിന്റെ ചുമതലയിൽ കാൻസർ രോഗികൾക്കുവേണ്ടിയ സാന്ത്വന ശുശ്രൂഷ, വൃദ്ധസദനം, എല്ലാ ദിവസങ്ങളിലും പത്തനംതിട്ട ജില്ലാ ആശുപത്രിയിൽ പ്രഭാത ഭക്ഷണം നൽകുന്ന സുകൃതം, സമൃദ്ധി, കൗൺസിലിങ്ങ് സെന്റർ എന്നിവ പ്രവർത്തിക്കുന്നു. മദ്യപൻമരായ ആളുകളെ കണ്ടെത്തി വൻവിപത്തിൽ നിന്ന് അവർ രക്ഷപ്പെടാൻ വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും കൗൺസിലിങ്ങും നൽകുന്നതിന് കിടങ്ങന്നൂർ നവദർശൻ കേന്ദ്രം പ്രവർത്തിക്കുന്നു. കൊഴുവല്ലൂരിൽ ആരാമവും ഓതറയിൽ വികാസും സേവനത്തിന്റെ പാതയിൽ മുന്നേറുന്നു. ഹരിപ്പാട് മാർത്തോമ്മാ സെന്ററിന്റെ ഭാഗമായി ആരംഭിച്ച കാവൽപ്രോജക്ട് ജനോപകാര പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കുന്നു. ഈ കേന്ദ്രങ്ങളിലെല്ലാം മുഴുവൻ സമയ പ്രവർത്തകരുടെ സേവനം ലഭ്യമാക്കുന്നതിന് പ്രത്യേകം ശ്രദ്ധിച്ചു. തരംഗം മാർ ക്രിസോസ്റ്റം നവതി പാലിയേറ്റീവ് കെയർ സെന്ററിലൂടെ മരണാസന്നരായ രോഗികൾക്ക് സ്വാന്തനശുശ്രൂഷയും നൽകിവരുന്നു. മാർ സഖറിയാസ് മെമ്മോറിയൽ തരംഗം മിഷൻ ആക്ഷൻ സെന്ററിലൂടെ സഭയിലും സമൂഹത്തിലും ശുശ്രൂഷയുടെ തരംഗങ്ങൾ സൃഷ്ടിക്കുന്നു. അതോടൊപ്പം തന്നെ ഹോം പാലിയേറ്റീവ് കെയർ പദ്ധതിയായ ആശ്വാസ് തരംഗം കേന്ദ്രമാക്കിയും കനിവ് ഹരിപ്പാട് കാവൽ കേന്ദ്രമാക്കിയും നടത്തിവരുന്നു. മറ്റുള്ളവരുടെ വേദനകൾ സ്വന്തം വേദനയായി ഏറ്റെടുത്ത് ക്രിയാത്മകമായി അതിനോട് പ്രതികരിക്കുകയും സഹായഹസ്തങ്ങൾ നീട്ടുകയും ചെയ്തു.

മിഷൻ കേന്ദ്രങ്ങളുടെ നേതൃത്വം: ഭദ്രാസനത്തിന്റെ ചുമതലയിലുള്ള മിഷൻ കേന്ദ്രങ്ങളായ നരസാപുരം അലഗഢ മിഷനുകളിലായി 27 ഗ്രാമങ്ങളും, പാണ്ഡവൻപാറ, തോട്ടപ്പള്ളി, തൃക്കുന്നപ്പുഴ, പെരിങ്ങാല, പൂപ്പറത്തി എന്നിവിടങ്ങളിലും മിഷൻ പ്രവർത്തനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും വിലയിരുത്തുകയും ചെയ്തു. നരസാപുരത്തു കാനാപുരം എന്ന സ്ഥലത്ത് ഒരു ദൈവാലയം കൂദാശ ചെയ്യുവാൻ സാധിച്ചു.

ഒലിവറ്റ് നാദം: ഭദ്രാസനത്തിന്റെ ഔദ്യോഗിക നാവായ ഒലിവറ്റ് നാദത്തിന്റെ പ്രസിദ്ധീകരണത്തിൽ മികവ് പുലർത്തുവാൻ പ്രത്യേകം ശ്രദ്ധിച്ചു. ഭദ്രാസനത്തിലെ എല്ലാ ഭവനങ്ങൾക്കും ഒലിവറ്റ് നാദം ലഭിക്കത്തക്ക രീതിയിൽ ഇപ്പോൾ ഒലിവറ്റ് നാദം പ്രസിദ്ധീകരിക്കുന്നു.

ഭദ്രാസന ലീഗൽ അഫയേഴ്സ് കമ്മറ്റി: ലീഗൽ അഫയേഴ്സ് കമ്മറ്റിയുടെ മീറ്റിംഗുകളിൽ ക്രമമായി കൂടി വേണ്ട തീരുമാനങ്ങൾ എടുക്കുന്നു. റിപ്പോർട്ട് വർഷത്തിൽ 17 പേർക്ക് പുനർവിവാഹത്തിന് അനുവാദം നൽകി.

ക്രിസ്റ്റ്യൻ ഏജൻസി ഫോർ റൂറൽ ഡവലപ്പ്മെന്റ് (CARD) &ഡവലപ്പമെന്റ് ഡിപ്പാർട്ട്മെന്റ്: ക്രിസ്റ്റ്യൻ ഏജൻസി ഫോർ റൂറൽ ഡവലപ്പ്മെന്റിന്റേയും വികസനസമിതിയുടേയും പ്രസിഡന്റായി കഴിഞ്ഞ നാല് വർഷക്കാലം പ്രവർത്തിക്കുവാനും വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുവാനും സാധിച്ചു.

കൺവൻഷനുകൾ: മാരാമൺ കൺവൻഷൻ, ഭദ്രാസന കൺവൻഷൻ, എന്നിവ ഓൺലൈനായി നടത്തപ്പെട്ടു. ആദ്യവസാനം സംബന്ധിച്ച് ആവശ്യമായ നേതൃത്വം നൽകി. കൊവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ഭദ്രാസന കവെൻഷൻ മൂന്നു മേഖലയിലായി കൊവിഡ് മാനദണ്ഢങ്ങളനുസരിച്ച് ക്രമീകരിക്കപ്പെട്ടു. കൂടാതെ വിവിധ ഭദ്രാസനങ്ങളിലേയും, സെന്ററുകളുടേയും, ഇടവകകളുടേയും കൺവൻഷനുകൾക്കും ധ്യാനയോഗങ്ങൾക്കും നേതൃത്വം നൽകി.

സമൃദ്ധി: പൂപ്പറത്തി, തോട്ടപ്പള്ളി, തുമ്പമൺ, വെണ്മണി തുടങ്ങിയ മിഷൻ ഫീൽഡുകളിൽ കഴിയുന്ന വൃദ്ധ മാതാപിതാക്കൾക്ക് ഉച്ചഭക്ഷണം നൽകുന്ന പദ്ധതി നടന്നുവരുന്നു. 150 ഭവനങ്ങളിൽ ഉച്ചഭക്ഷണം ലഭ്യമാക്കുന്നു. കൂടുതൽ അർഹരായവർക്ക് എത്തിച്ചുകൊടുക്കുവാൻ ശ്രമിക്കുന്നു. വരും കാലങ്ങളിൽ ഇടവക തലത്തിൽ സമൃദ്ധി ആരംഭിക്കുവാനും വിശപ്പുരഹിത ഭദ്രാസനം എന്ന തലത്തിൽ നമ്മുടെ സുവിശേഷ പ്രവർത്തനം ആരംഭിക്കുവാനും ആഗ്രഹിക്കുന്നു. തുമ്പമൺ ശ്രേയസിൽ നിന്നും അർഹരായവർക്ക് സമൃദ്ധി പദ്ധതിയിലൂടെ ഉച്ചഭക്ഷണം നൽകുന്നു.

എഡ്യുകെയർ: ഓതറ വികാസിനടുത്തുള്ള കോളനികളിൽ നിന്ന് തെരഞ്ഞെടുത്ത കുട്ടികളുടെ തുടർ പഠനത്തെ സഹായിക്കുന്ന പദ്ധതിയാണ് എഡ്യുകെയർ. 17 കുട്ടികൾ ഇപ്പോൾ ഈ പദ്ധതിയിലുണ്ട്. കൂടുതൽ കുഞ്ഞുങ്ങളെ ഇതിൽ ചേർക്കുവാൻ ആഗ്രഹിക്കുന്നു.

നിർമ്മാണ പ്രവർത്തനങ്ങൾ: അലഗഢ മിഷന്റെ ഭാഗമായ റെഡ്ഡിപ്പള്ളിയിൽ ഒരു ദൈവാലയം നിർമ്മാണം പൂർത്തീകരിച്ചു. ഇതിന്റെ പൂർത്തീകരണത്തിൽ വിശ്വാസ സമൂഹത്തിന്റെ കൈത്താങ്ങൽ ധാരാളമായി ഉണ്ടായിരുന്നു. ഏവരേയും അഭിനന്ദിക്കുകയും ചെയ്യുന്നു. അലഗഢ മിഷൻ വീടിന്റെ പണികൾ പൂർത്തിയായി.

ഭദ്രാസന പ്രവർത്തനങ്ങൾക്ക് ആവശ്യാനുസരണം വ്യക്തികളിൽ നിന്നും ഇടവകകളിൽ നിന്നും ധന സമാഹരണം നടത്തി. സുവിശേഷ വേലയ്ക്കായി യുവജനങ്ങളിൽ നിന്നും കുറേക്കൂടെ താത്പര്യപൂർവ്വമായ പ്രതികരണം ഉണ്ടാകേണ്ടിയിരിക്കുന്നു. അത്മായക്കാർ ആയുസ്സിന്റെ ദശാംശം കർത്താവിനായ് (Life's Tithe for Christ - LTC) നൽകി സഭാ പ്രവർത്തനങ്ങളിൽ കൂടുതൽ വ്യാപൃതരാകേണ്ടിയിരിക്കുന്നു. കൊവിഡിന്റെ പശ്ചാത്തലത്തിലും ഭദ്രാസനത്തിലെ എല്ലാ ഇടവകകളിൽ നിന്നും ഭദ്രാസന വികസന പ്രവർത്തനങ്ങളിൽ ലഭിച്ച സഹകരണം ശ്ലാഘനീയമത്രെ.

അനേക ദൈവമക്കളുടെ പ്രാർത്ഥനയും, പ്രോത്സാഹനവും എന്റെ ശുശ്രൂഷകൾക്ക് അനുഗ്രഹമായി. ധാരാളം പദ്ധതികളും പ്രവർത്തനങ്ങളും ഈ നാളുകളിൽ ഭംഗിയായി പൂർത്തീകരിക്കുവാൻ സാധിച്ചത് ബഹുമാനപ്പെട്ട പട്ടക്കാരുടെയും സുവിശേഷകരുടെയും, കൗൺസിൽ അംഗങ്ങളുടെയും ദൈവജനത്തിന്റെയും ആത്മാർത്ഥമായ സഹകരണം കൊണ്ടാകുന്നു. ദൈവരാജ്യത്തിന്റെ വർദ്ധനവിനും, വ്യാപനത്തിനുമായി സഭാമക്കളെ ഒരുക്കുക. ചിലരെ എങ്കിലും ഭദ്രാസന പ്രവർത്തനങ്ങളിലും സഭാ ശുശ്രൂഷയിലും പങ്കെടുപ്പിക്കുക എന്നതായിരുന്നു എന്റെ ശുശ്രൂഷയുടെ പരമമായ ലക്ഷ്യം. ദൈവാശ്രയത്തിലൂടെ ആതിജീവനത്തിന്റെ കരുത്തും തിന്മയോട് പോരാടുവാനുള്ള ധൈര്യവും ആശങ്കയുടേയും ഭീതിയുടേയും ഈ വർഷത്തിൽ മുന്നോട്ടു പോകുവാൻ നമുക്ക് ലഭിക്കട്ടെ. ബുദ്ധിമുട്ടുന്നവരെ കഴിയും വിധം സഹായിക്കുവാൻ എല്ലാവരും പരസ്പരം കൈ

കോർത്തു നിൽക്കണം. നവീനമായ ആശയങ്ങളും പുത്തൻ ദർശനങ്ങളും, കാലോചിതമായ കർമ്മധീരതയും ഉൾക്കൊണ്ട് സഭാ ദൗത്യത്തിൽ കൂടുതൽ കരുത്തോടെ മുന്നേറുവാൻ നമുക്കിടയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

2.7. റൈറ്റ് റവ. ഡോ. ഐസക് മാർ ഫീലക്സിനോസ് എപ്പിസ്കോപ്പാ

മാർത്തോമ്മാ സഭയുടെ എപ്പിസ്കോപ്പ എന്ന നിലയ്ക്ക് നോർത്ത് അമേരിക്ക യൂറോപ്പ് ഭദ്രാസന അധ്യക്ഷൻ ആയി കഴിഞ്ഞവർഷവും പ്രവർത്തിക്കാൻ സാധിച്ചതിന് ദൈവത്തെ സ്തുതിക്കുന്നു. 2020-2021 കാലയളവ് മുമ്പത്തേക്കാളും പ്രത്യേകത നിറഞ്ഞ വർഷമായിരുന്നു. മഹാമാരി വരുത്തിവച്ച ഭയാനകമായ ഒരു അന്തരീക്ഷം, മനുഷ്യർ മരണഭീതിയിൽ വിറങ്ങലിച്ചു നിൽക്കുന്ന അവസ്ഥ, സമാനതകളില്ലാത്ത ജീവിതാനുഭവങ്ങൾ, എല്ലാം ജീവിതക്രമത്തെ ഉലച്ച അനുഭവങ്ങളായിരുന്നു.

2020 ആദ്യപകുതിയിൽ നോർത്ത് അമേരിക്കയിലും യൂറോപ്പിലും ആഞ്ഞടിച്ച ദുരന്തം ഇടവക പ്രവർത്തനങ്ങളെയും സാധാരണ ജീവിതത്തെയും സാരമായി ബാധിച്ചു. അനേകർ രോഗികളായി, അനേകർ ലോകത്തിൽനിന്ന് മാറ്റപ്പെട്ടു എവിടെയും രോദനം അസ്വസ്ഥത എന്നാൽ ഈ ഘട്ടത്തിൽ ഇതിൽ ആവശ്യമായ ആത്മീയ പരിപോഷണം ദൃശ്യമാധ്യമങ്ങളിലൂടെ നൽകുവാൻ സാധിച്ചു.

എല്ലാ ഇടവകകളും ആരാധനയും വേദപഠനവും പ്രാർത്ഥനാ യോഗങ്ങളും നവമാധ്യമ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി നിർവഹിക്കുകയുണ്ടായി. ഭദ്രാസന ആസ്ഥാനത്തുനിന്നും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും നേതൃത്വം നൽകുകയും ചെയ്തു. തുടർച്ചയായി ആരാധന സംപ്രേഷണം ചെയ്യുവാൻ സാധിച്ചു.

വിസ്തൃതമായ പ്രവർത്തനമേഖല ആണല്ലോ നോർത്ത് അമേരിക്ക യൂറോപ്പ് ഭദ്രാസനം. പുതിയ മാറ്റങ്ങൾ ക്രിയാത്മകമായ പ്രവർത്തനത്തിന് സഹായകമായ രീതിയിൽ പ്രവർത്തനങ്ങളെ രൂപപ്പെടുത്തുവാൻ ഇടയായി തീർന്നു. വെല്ലുവിളികൾ ഉയരുമ്പോൾ, അവിടെയും ദർശിക്കാവുന്ന സാധ്യതകൾ അർത്ഥവത്തായി പ്രയോജനപ്പെടുത്തുവാൻ സാധിക്കണം. വിവിധ രാഷ്ട്രങ്ങളിൽ ആയിരിക്കുന്ന വിശ്വാസ സമൂഹത്തെ ഒരുമിപ്പിക്കുന്ന രീതിയിൽ ആരാധനയുടെ ആവിഷ്കാരം നിവർത്തിപ്പാൻ സാധിച്ചു. ലോകത്തിന് വെളിച്ചമായും ഭൂമിക്ക് ഉപ്പായും സഭയെ ആക്കിയിരിക്കുമ്പോൾ വേദനിക്കുന്ന മനസ്സുകൾക്ക്, നിരാശയിൽ ആയിരിക്കുന്ന മനുഷ്യർക്ക് അല്പം വെളിച്ചം നൽകുവാൻ ഈ മഹാമാരിയുടെ ഘട്ടത്തിലും സാധിച്ചു.

ഇടവക സന്ദർശനം സാധ്യമല്ല എങ്കിലും ഇടവകയുടെ പ്രവർത്തനങ്ങൾ അന്വേഷിക്കുകയും ആവശ്യമായ ആലോചന നൽകുകയും ചെയ്യുവാൻ ശ്രമിച്ചു. പ്രിയപ്പെട്ടവരുടെ വേർപാടിൽ ദുഃഖിക്കുന്നവർക്ക് ആശ്വാസം പകരുവാനും വേദനയിൽ പങ്കുചേരുവാനും സാധിച്ചു. ഇടവകയിൽ രോഗികളായി വിഷമിപ്പിക്കുന്നവർക്ക് ആവശ്യമായ സഹായം നൽകുന്നതിന് യുവജന പ്രസ്ഥാനങ്ങളെ സജ്ജമാക്കി. പരസ്പര സ്നേഹവും കരുതലും പുതിയ രീതിയിൽ വെളിപ്പെടുത്തി ബന്ധങ്ങളുടെ ഊഷ്മളത കാത്തുസൂക്ഷിക്കാൻ ശ്രമിച്ചു വ്യത്യസ്തത നിറഞ്ഞ പ്രവർത്തനമേഖലകളിൽ പാർക്കുന്ന പ്രവാസിസമൂഹം സഭയുടെ വിശ്വാസം, ആചാരം, പഠിപ്പിക്കലുകൾ എന്നിവ കാത്തുസൂക്ഷിക്കാൻ പ്രതിജ്ഞാബദ്ധരാകണം. തലമുറകൾ കർത്താവുമായുള്ള ബന്ധത്തിൽ വളരുന്നതിന് ഇടയാകണം. ആയതിന് പട്ടത്വ സമൂഹത്തിന്റെ പങ്ക് നിർണായകം ആണല്ലോ. ഭദ്രാസനത്തിലെ പട്ടക്കാരുടെ ഒത്തുചേരൽ വെർച്ചൽ പ്ലാറ്റ്ഫോമിൽ രണ്ടുപ്രാവശ്യം കൂടുന്നതിന് സാധിച്ചു. റീജണൽ ക്ലർജി മീറ്റിങ്ങും പലപ്രാവശ്യം കൂടുന്നതിനും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും സാധിച്ചു

കോവിഡ് ബാധിച്ച് മരണമടഞ്ഞവർക്ക് സംസ്കാര ശുശ്രൂഷ ക്രമീകരിക്കാൻ സാധിച്ചത് ബന്ധപ്പെട്ടവർക്ക് ആശ്വാസം പകരുന്ന അനുഭവമായിരുന്നു. മെയ് 9 ശനിയാഴ്ച റവ. എം ജോൺ കശ്ശീശായുടെ സംസ്കാര ശുശ്രൂഷ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടത്തുന്നതിന് സാധിച്ചു. യു.കെ. യൂറോപ്പ് സോണിലുള്ള ഇടവകകളെയും ആരാധനയ്ക്കും സേവന പ്രവർത്തനങ്ങൾക്കും സജ്ജമാക്കുന്നതിന് ശ്രദ്ധിച്ചു. പരിമിതികളെ സാധ്യതകൾ ആക്കി മാറ്റുവാൻ ഈ ഘട്ടത്തിൽ ഇടയായി എന്നത് പ്രത്യേകം ഓർക്കുന്നു

മാർത്തോമ്മാ മിഷൻ ബോർഡിന്റെ ചുമതലയിൽ ഭദ്രാസനത്തിലെ മിഷൻ പ്രവർത്തനങ്ങൾ സജീവമായി നടക്കുന്നു. ബോർഡ് പല പ്രാവശ്യം കൂടി ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുവാൻ ശ്രദ്ധിച്ചു. നേറ്റിവ്അമേരിക്കൻ മിഷൻ, neighbourhood മിഷൻ, മെക്സിക്കോ മിഷൻ, ഇന്ത്യയിൽ ലൈറ്റ്റ്റു ലൈഫ് മിഷൻ കുട്ടികളുടെ ഉദ്ധാരണപ്രവർത്തനങ്ങൾ എല്ലാം പ്രയോജനകരമായി കോവിഡ്കാലഘട്ടത്തിലും നടത്തുവാൻ സാധിച്ചു. കോവിഡുമായി ബന്ധപ്പെട്ട രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് വൈദ്യസഹായം, ഭക്ഷണവിതരണം എല്ലാം ക്രമീകൃതമായി നടത്തപ്പെട്ടു. ഭദ്രാസന അസംബ്ലി ഓൺലൈനായി ഡിസംബർ 12-ാം തീയതി നടത്തപ്പെട്ടു. ഭദ്രാസന കൺവെൻഷൻ ഡിസംബർ 12, 13 തീയതികളിൽ അത്ലാന്റാ കാർമേൽ സെന്ററിൽനിന്നും ലൈവ്സ്ട്രീമായി ക്രമീകരിച്ചു.

ഭദ്രാസന കൗൺസിൽ പല പ്രാവശ്യം കൂടി ആവശ്യമായ ആലോചനകൾ തീരുമാനങ്ങൾ കൈകൊണ്ടു. ഫ്രണ്ട്ലൈൻ വർക്കേഴ്സ് കോവിഡ്കാലഘട്ടത്തിൽ നിർവഹിച്ച സുത്യർഹമായ ശുശ്രൂഷ വിലപ്പെട്ടതാണ്. കൂട്ടായ്മയിലൂടെയും പ്രാർത്ഥനയിലൂടെയും അപ്രകാരം ശുശ്രൂഷ ചെയ്യുന്നവരെ ധൈര്യപ്പെടുത്തുവാൻ സാധിച്ചു. യഥാർത്ഥമായ ശുശ്രൂഷ നിർവഹിച്ച ഫ്രണ്ട്ലൈൻ ഹെൽത്ത് കെയർ വർക്കേഴ്സിനെ അഭിനന്ദനം അറിയിക്കുന്നതിനും ശ്രദ്ധിച്ചു.

സഭയുടെഔദ്യോഗിക മീറ്റിങ്ങുകളിൽ കഴിവതും സംബന്ധിച്ചു. മാരാമൺ കൺവെൻഷനിൽ സംബന്ധിച്ച് ദൂത് നൽകി. എപ്പിസ്കോപ്പൽ സിനഡ്, സഭാ കൗൺസിൽ, ആദിയായവയിൽ സാന്നിധ്യം കൊണ്ടും ഓൺലൈൻ സാന്നിദ്ധ്യത്തിലൂടെയും പങ്കെടുക്കുവാൻ സാധിച്ചു. മാവേലിക്കര ചെറുകോൽ ദേവാലയത്തിൽവച്ച് മൂന്ന് ശെമ്മാശന്മാർക്ക് പട്ടം നൽകുകയുണ്ടായി. മാർച്ച് 21നു കണക്കിക്കട്ട് ജെറുസലേം ദൈവാലയപ്രതിഷ്ഠ നിർവഹിച്ചു. സേവികാസംഘത്തിന്റെ ആഭിമുഖ്യത്തിൽ ക്രമീകരിച്ച അന്തർദേശീയ വനിതാ ദിനം പരിപാടിയിലും യൂത്ത് ഫെല്ലോഷിപ്പിന്റെ ആഭിമുഖ്യത്തിലുള്ള സമ്മേളനങ്ങളിലും പങ്കെടുത്ത് നേതൃത്വം നൽകി. യുകെ ആൻഡ് യൂറോപ്പ്സോണൽ യൂത്ത് ഫെല്ലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട യൂത്ത് കോൺഫറൻസിനു നേതൃത്വം നൽകി. റൂട്ടഡ് ഇൻ ക്രൈസ്റ്റ് എന്ന വിഷയം പഠനത്തിനായി തിരഞ്ഞെടുത്തത് കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സംഗതമായ ചിന്തകൾ പങ്കിടുന്നതിനു സഹായകരമായി. സീനിയർ ഫെല്ലോഷിപ്പിന്റെ ആഭിമുഖ്യത്തിലും അതിജീവന പാതയിൽ ദൈവാശ്രയത്തിൽ മുന്നേറുവാൻ ഓൺലൈനായി ആവശ്യമായ ആലോചന നൽകുകയുണ്ടായി.

നവമാധ്യമ സൗകര്യമുപയോഗിച്ച് എക്യുമെനിക്കൽ രംഗത്തും സജീവമായി പങ്കുചേരുവാൻ സാധിച്ചു. അഖിലലോക സഭാ കൗൺസിലിന്റെ കമ്മിറ്റിയിലും ചർച്ചാ വേദികളിലും സംബന്ധിച്ചു. നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ്, യു എസ്. എ., കനേഡിയൻ കൗൺസിൽ ഓഫ് ചർച്ചസ് എന്നിവയുടെ ഗവേണിങ് ബോഡിയിൽ സംബന്ധിച്ചു. എച്ച്.സി.ഡി.ഐ. എക്സിക്യൂട്ടീവ് മെമ്പറായും സേവനം അനുഷ്ഠിച്ചു. ശാന്തിഗിരി ആശ്രമത്തിലെ പ്രവർത്തനത്തിലും സജീവമായി പങ്കുചേർന്നു.

ഭയവും ആശങ്കയും നിലനിന്നിരുന്ന സാഹചര്യത്തിൽ അതിശയകരമായി പരിപാലിച്ച ദൈവത്തിനു സ്തോത്രം. മാനുഷികപരമല്ല, ദൈവത്തിന്റെ കൃപാകടാക്ഷമാണ് ശക്തിയേകുന്നത് എന്ന് മനുഷ്യർ തിരിച്ചറിഞ്ഞ കാലഘട്ടത്തിൽ ഈ ദൈവം വലിയവൻ എന്ന് സാക്ഷി പറയുവാൻ സാധ്യമായി തീർന്നു.

നിർലോഭമായി സ്നേഹവും കരുതലും നൽകിയ ഏവരെയും സ്മരിക്കുന്നു. വളർച്ചയുടെ പാതയിൽ മുന്നേറുന്ന നോർത്ത് അമേരിക്ക യൂറോപ്പ് ഭദ്രാസന നടത്തിപ്പിന് തുടർന്നുള്ള പ്രവർത്തനങ്ങൾക്കും ദൈവം ശക്തി നൽകട്ടെ

എന്ന് പ്രാർത്ഥിക്കുന്നു. ദൈവരാജ്യവർദ്ധനവിനും സഭയുടെ കെട്ടുറപ്പിനും മനുഷ്യനന്മയ്ക്ക്സഹായകരമായി ആവോളം അദ്ധ്വാനിപ്പാൻ ദൈവകൃപ വ്യാപാരിക്കട്ടെ എന്ന് ആശിക്കുന്നു

ജീവിതത്തെ ഉലയ്ക്കുന്ന സംഭവങ്ങൾ, എന്നാൽ വിശ്വാസത്തിൽ ഉറച്ച് ദൈവത്തെ ശരണമാക്കി ജീവിതത്തെ കരുപിടിപ്പിക്കേണ്ടത് ആവശ്യമാണല്ലോ. ജൂലൈമാസത്തിൽ മാതാവിന്റെ വേർപാട്, ഒക്ടോബറിൽ മാർത്തോമ്മാ മെത്രാപ്പോലീത്ത ഡോ. ജോസഫ് മാർത്തോമ്മാ തിരുമേനിയുടെ ദേഹവിയോഗം എല്ലാം വിഷമ അനുഭവങ്ങളായിരുന്നു അവരിലൂടെ ലഭിച്ച സ്നേഹത്തേയും പ്രോത്സാഹനത്തേയും ഓർക്കുന്നു. ആശ്വസിപ്പിക്കുന്ന ദൈവത്തിന്റെ ദിവ്യ സാന്നിധ്യം അനുഭവിച്ച് പ്രവർത്തനത്തിൽ മുന്നേറുവാൻ സർവ്വശക്തൻ പ്രാപ്തനാക്കട്ടെ.

2.8. റൈറ്റ് റവ. ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ

ആമുഖം: ലോകം ഇതുവരെ അഭിമുഖീകരിച്ചിട്ടില്ലാത്ത പ്രതിസന്ധികളിലൂടെയാണ് നാം കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. 'കൊറോണ വൈറസ്' സൃഷ്ടിച്ച കോവിഡ്-19-ന്റെ വ്യാപനം ഒരു വർഷത്തിലധികമായി ലോകരാജ്യങ്ങളിലെല്ലാം തന്നെ ഭീതിയും ഉത്കണ്ഠയും സൃഷ്ടിച്ചിരിക്കുന്നു. കോടിക്കണക്കിന് ആളുകളെ രോഗം ബാധിക്കുകയും ലക്ഷക്കണക്കിന് ജനങ്ങൾ മരിക്കുകയും ചെയ്തു. അനേക വ്യവസായങ്ങൾ തകർന്നു, തൊഴിൽ മേഖലയിൽ അനിശ്ചിതത്വം തുടരുന്നു, ദീർഘനാളുകൾ ആരാധനാലയങ്ങൾ അടച്ചിടുകയോ പരിമിതികളോടെ ആരാധന നടത്തുകയോ ചെയ്തുവരുന്നു. രൂപമാറ്റങ്ങളോടെ വൈറസ് വ്യാപനം വീണ്ടും വർദ്ധിച്ചുകൊണ്ടും ഇരിക്കുന്നു. ഈ വെല്ലുവിളികളുടെ മധ്യത്തിൽ സഭയെ ദൈവം നിലനിർത്തിയിരിക്കുന്നത് ലോകത്തിന് പ്രതീക്ഷയും പ്രത്യാശയും പങ്കു വെയ്ക്കുവാനും സൗഖ്യദായകശുശ്രൂഷയുടെ ഭാഗമാകുവാനുമാണ്. പരിമിതികൾക്ക് അതീതമായ ദൈവസ്നേഹത്തിലൂടെ സൗഖ്യത്തിന്റെയും രൂപാന്തരത്തിന്റെയും ചാലകശക്തിയാകുവാൻ സഭയെ ദൈവം ഈ നാളുകളിൽ സഹായിക്കട്ടെ'. അടൂർ ഭദ്രാസന അദ്ധ്യക്ഷനായി ഹെർമ്മോൻ അരമനയിൽ താമസിച്ച് സഭ ഭരമേല്പിച്ച ശുശ്രൂഷ നിറവേറ്റുവാൻ ആയുസ്സും ആരോഗ്യവും നൽകിയ പരമകാരുണ്യവാനായ ദൈവത്തിന് നന്ദി കരേറ്റുന്നു. കുവൈറ്റ് സെന്റ് ജോൺസ്, അൽ-അയിൻ (UAE) ഉൾപ്പെടെ 92 ഇടവകകളും സജീവസേവനത്തിലുള്ള 63 പട്ടക്കാരും, സജീവ സേവനത്തിൽ നിന്നും വിരമിച്ച 21 പട്ടക്കാരും 12 സുവിശേഷകരും അത്മായ സമൂഹവും ചേർന്ന് ഭദ്രാസനത്തിന്റെ വ്യത്യസ്തമായ ദൗത്യനിർവ്വഹണത്തിന് നേതൃത്വം നൽകുന്നു.

സന്ദർശനങ്ങൾ: റിപ്പോർട്ട് വർഷം കോവിഡ്-19 പ്രതിസന്ധി കാരണം വളരെകുറച്ച് ഇടവകകൾ മാത്രമേ നേരിൽ സന്ദർശിക്കുവാൻ സാധിച്ചിട്ടുള്ളൂ. ആദ്യ കുർബ്ബാന ക്രമീകരിക്കുതിനും രോഗികളെ സന്ദർശിക്കുതിനും എപ്പിസ്ക്കോപ്പൽ സന്ദർശന വേളയിൽ സാധിച്ചിട്ടുണ്ട്. ഭദ്രാസനത്തിലെ മിഷൻ കേന്ദ്രങ്ങൾ, സ്ഥാപനങ്ങൾ ഇവ സന്ദർശിച്ച് പുരോഗതി വിലയിരുത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഭദ്രാസനത്തിലെ ഇടവകകളുടെ ആത്മാർത്ഥമായ പിന്തുണ മിഷൻ പ്രവർത്തനങ്ങൾക്കും സ്ഥാപനങ്ങളുടെ വളർച്ചയ്ക്കും ലഭിക്കുന്നു.

ദേവാലയ കൂദാശ: താന്നിക്കുന്ന് സെഹിയോൻ, പള്ളിക്കൽ സെന്റ് തോമസ്, തറയിൽകടവ് മിഷൻ ചാപ്പൽ എന്നീ ദൈവാലയനങ്ങളുടെയും സേവികാസംഘത്തിന്റെ വനിതാ മന്ദിരത്തിലെ പുതുക്കിപണിത ചാപ്പലിന്റെയും പ്രതിഷ്ഠാശുശ്രൂഷ നിർവ്വഹിച്ചു. ഇലിപ്പക്കുളം സാന്ത്വന പരിപാലനകേന്ദ്രത്തിനായുള്ള മന്ദിരം, ഇലിപ്പക്കുളം സെന്റ് തോമസ് ഇടവക പാഴ്സ്നേജ് ഇവയുടെ ശിലാസ്ഥാപനം നിർവ്വഹിച്ചു. 2021 ജനുവരി മാസം മുതൽ ഭദ്രാസനത്തിലെ ഇടവകകളിൽ കോവിഡ് മാനദന്ധം അനുസരിച്ച് വിശുദ്ധ കുർബ്ബാനയ്ക്ക് നേതൃത്വം നൽകി. സഭയായി ഓൺലൈൻ മാധ്യമത്തിലൂടെ ക്രമീകരിച്ച വിശുദ്ധ കുർബ്ബാന ശുശ്രൂഷ 3 പ്രാവശ്യം അടൂർ ഹെർമ്മോൻ അരമനയോട് ചേർന്നുള്ള ചാപ്പലിൽ ക്രമീകരിച്ചു.

ഭദ്രാസന റൂബി ജൂബിലി: അടൂർ ഭദ്രാസനം രൂപീകൃതമായതിന്റെ 40-ാം വാർഷികം വിവിധ പ്രോഗ്രാമുകളോടെ നടത്തപ്പെട്ടു. വിവാഹജീവിതത്തിൽ 50 വർഷം പിന്നിട്ടവരെ ആദരിക്കുവാനായി ക്രമീകരിച്ച Golden Couples Day 2021 ജനുവരി 31-ന് ഇടവകകൾ കേന്ദ്രീകരിച്ച് നടത്തപ്പെടുകയും ഭദ്രാസനത്തിന്റെ ആശംസകൾ ആലേഖനം ചെയ്ത ഉപഹാരം നൽകുകയുമുണ്ടായി.

ഈശോ മാർ തിമൊഥെയോസ് മെമ്മോറിയൽ സ്പിരിച്ചാലിറ്റി സെന്റർ: അടൂർ സ്പിരിച്ചാലിറ്റി സെന്റർ കേന്ദ്രീകരിച്ച് വ്യത്യസ്തങ്ങളായ ആത്മീയശുശ്രൂഷകൾ നടന്നുവരുന്നു. കോവിഡ്-19 കാരണം മാസാന്ത്യ ധ്യാനയോഗങ്ങൾ ഓലൈൻ മാധ്യമത്തിലൂടെ ക്രമീകൃതമായി നടത്തപ്പെട്ടു. വിപുലമായ പുസ്തക ശേഖരത്തോടുകൂടിയ ഒരു ലൈബ്രറിയും ഇവിടെ പ്രവർത്തിക്കുന്നു.

അനുഗ്രഹ ഡി-അഡിക്ഷൻ ആൻഡ് കൗസിലിംഗ് സെന്റർ: ഭദ്രാസനത്തിലെ ലഹരി വിമോചന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന അനുഗ്രഹ ഡി-അഡിക്ഷൻ ആൻഡ് കൗസിലിംഗ് സെന്ററിന്റെ കൂടിവരവുകൾ അടൂർ ഈശോ മാർ തിമൊഥെയോസ് ധ്യാനകേന്ദ്രത്തോട് ചേർന്ന് പണികഴിപ്പിച്ച 'മാർ ക്രിസോസ്റ്റം ജന്മശതാബ്ദി' ബ്ളോക്കിൽ നടന്നുവരുന്നു.

പ്രിമാരിറ്റൽ കൗൺസിലിംഗ്: ക്രമീകൃതമായ രീതിയിൽ പ്രിമാരിറ്റൽ, ഫാമിലി കൗൺസിലിംഗ് എന്നിവ നടക്കുന്നു. ഭദ്രാസനത്തിൽ നിന്നും ഭദ്രാസനത്തിന് പുറത്ത്നിന്നുമുള്ള ധാരാളം കുടുംബങ്ങൾ ഈ സൗകര്യം പ്രയോജനപ്പെടുത്തുന്നുണ്ട്. അനേകം കുടുംബങ്ങൾക്ക് ഓൺലൈനിലൂടെയും നേരിട്ടും നടത്തിയ കൗൺസിലിംഗ് ശുശ്രൂഷകൾ ഏറെ സഹായകരമായി.

വിജയവഴി: ഭദ്രാസനത്തിൽ ഉൾപ്പെട്ട ഇടവകകളിലെ ഹൈസ്ക്കൂൾ, കോളജ് വിദ്യാർത്ഥികളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കായി ഉന്നത ലക്ഷ്യങ്ങളിലേക്ക് നയിക്കത്തക്ക ക്ളാസുകൾ സംഘടിപ്പിക്കുന്നു. ശാരാശരി 100 വിദ്യാർത്ഥികൾ പങ്കെടുക്കുന്ന ഓൺലൈൻ ക്ളാസുകൾ ക്രമീകരിച്ചു. വ്യത്യസ്ത മേഖലകളിൽ കഴിവുതെളിയിച്ചിട്ടുള്ള ഇന്ത്യയ്ക്കുള്ളിലും വിദേശത്തുമുള്ള resource persons ക്ളാസുകൾക്ക് നേതൃത്വം നൽകി.

പട്ടംകൊടശുശ്രൂഷ: ഏനാത്ത്, പള്ളിക്കൽ, എഴുമറ്റൂർ, എലിക്കാട്ടൂർ, തുരുത്തിക്കര എന്നീ ഇടവകകളിൽ നടന്ന ശെമാശ്ശ, കശ്ശീശ്ശാ സ്ഥാനങ്ങളിലേക്കുള്ള പട്ടംകൊടശുശ്രൂഷകൾക്ക് നേതൃത്വം നൽകി. അടൂർ ഭദ്രാസനത്തിൽ നിന്നും 6 പേരും കോട്ടയം കൊച്ചി ഭദ്രാസനത്തിൽ നിന്ന് ഒരാളും സഭയുടെ പട്ടത്വശുശ്രൂഷയിലേക്ക് പ്രവേശിച്ചു എന്നുള്ളത് സന്തോഷം പകരുന്നതാണ്.

കോൺഫ്രൻസുകൾ: കോട്ടയം ജെറുശലേം മാർത്തോമ്മാ പള്ളിയിൽ നടന്ന ബൈബിൾ സൊസൈറ്റിയുടെ 64-ാമത് വർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു. നവംബർ 14-ന് നടന്ന ഹൂസ്റ്റൺ ഇമ്മാനുവേൽ ഇടവകയുടെ ഇടവകദിനം, ജനുവരി 10-ന് നടന്ന അലൈൻ ഇടവകയുടെ 10-ാമത് വാർഷികസമ്മേളനം ഇവയ്ക്ക് ഓൺലൈനിലൂടെ മുഖ്യസന്ദേശം നൽകി. ഓൺലൈൻ മാധ്യമത്തിലൂടെ നടന്ന വാർഷിക ദൈവദിക സമ്മേളനത്തിൽ സംബന്ധിച്ചു ജനുവരി 24-ന് പുതുപ്പള്ളി ഹോരേബ് കവൻഷനിൽ സംബന്ധിച്ച് നേതൃത്വം നൽകി. അടൂർ ഭദ്രാസനം ഡിസംബർ 10-ന് ഓൺലൈനിലൂടെ ക്രമീകരിച്ച 'സൃഷ്ടിക്കൊരു സങ്കീർത്തനം' ഗാന സന്ധ്യയ്ക്ക് അദ്ധ്യക്ഷത വഹിച്ചു. ഫ്രെബുവരി 14-21 വരെ നടന്ന മാരാമൺ കവൻഷന്റെ യോഗങ്ങളിൽ സംബന്ധിച്ചു, 20-ന് ശനിയാഴ്ച രാവിലെയുള്ള വചനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. ആലുവാ ശാന്തിഗിരി ആശ്രമത്തിൽ ഫ്രെബുവരി 22,23,24, തീയതികൾ നടന്ന സിനഡ് റിട്രീറ്റിൽ സംബന്ധിച്ചു. പുതുതായി പട്ടത്വ ശുശ്രൂഷയിലേക്ക് പ്രവേശിച്ച വൈദീകർക്കായി പെരുങ്ങാലം ധ്യാനകേന്ദ്രത്തിൽ ക്രമീകരിച്ച റിട്രീറ്റിൽ സംബന്ധിച്ച് നേതൃത്വം നൽകി. സഭാ കൗൺസിൽ മീറ്റിംഗുകളിലും എപ്പിസ്ക്കോപ്പൽ സിനഡ് മീറ്റിംഗുകളിലും ക്രമമായി സംബന്ധിച്ചു.

വൈദീക പഠന മീറ്റിംഗുകൾ: എല്ലാ മാസത്തിന്റെയും ഒന്നാം

ചൊവ്വാഴ്ച ക്രമമായി നടന്നിരുന്ന ഏവൻഗേലിയോൻ കുട്ടായ്മ ഓൺലൈൻ മാധ്യമത്തിലൂടെ നടത്തപ്പെട്ടു വചന പഠനത്തിനും കാലികമായ വിഷയങ്ങളുടെ അവതരണത്തിനും ചർച്ചകൾക്കും സമയം കണ്ടെത്തി. വചന പഠനത്തിനും അവലോകനങ്ങൾക്കും ഈ കൂടിവരവ് സഹായിക്കുന്നു. എല്ലാ ഒന്നാം ബുധനാഴ്ചകളിൽ ഭദ്രാസന സുവിശേഷകരുടെ മീറ്റിംഗും പ്രവർത്തന അവ ലോകനവും നടത്തുന്നു.

ഭദ്രാസന ദിനാചരണം: 2020 മാർച്ച് 7 ഞായറാഴ്ച ഭദ്രാസന ദിനമായി ആചരിച്ചു. ഇടവകകളിൽ പ്രത്യേക സ്തോത്ര ശുശ്രൂഷയും സന്ദർശനവും ഫണ്ട് ശേഖരണവും നടത്തപ്പെട്ടു.

ഭദ്രാസന അസംബ്ളി, കൗൺസിൽ: അടൂർ ഭദ്രാസന അസംബ്ളി കോവിഡ് വ്യാപനത്തിന്റെ സാഹചര്യത്തിൽ നടത്തുവാൻ കഴിഞ്ഞില്ല. 2021 ഏപ്രിൽ 10-തീയതിലേക്ക് ക്രമീകരിച്ചു റിപ്പോർട്ട് വർഷം 4 ഭദ്രാസന കൗൺസിൽ യോഗങ്ങൾ കൂടി ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ടു.

ഭദ്രാസന കവൻഷൻ & കുടുംബസംഗമം: അടൂർ ഭദ്രാസന കൺവൻഷൻ 2021 ജനുവരി 06 മുതൽ 10 വരെയുള്ള ദിവസങ്ങളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കൺവഷൻ നഗറിൽ നടത്തപ്പെടുകയുണ്ടായി. കൺവൻഷന്റെ ഓൺലൈൻ സംപ്രേഷണം ഉണ്ടായിരുന്നു. കൂടാതെ കലയപുരം സീയോൻകുന്ന്, വെസ്റ്റ് കല്ലട, തേവലക്കര സെന്റർ എന്നീ കൺവെൻഷനുകൾ ഓൺലൈനിലൂടെ ക്രമീകരിച്ചു നേതൃത്വം നൽകി. ഭദ്രാസന കുടുംബ സംഗമം 2021 ജനുവരി 26-ന് കൺവൻഷൻ നഗറിൽ നടത്തപ്പെട്ടു.

തറയിൽകടവ് പുതുപ്പള്ളി മിഷൻ: കായംകുളം തറയിൽക്കടവിൽ കുട്ടികളുടെ വിദ്യാഭ്യാസത്തിനും ആരോഗ്യ പരിപാലനത്തിനും ഊന്നൽ നൽകിയുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. കായംകുളം പുതുപ്പള്ളിയിൽ തയ്യൽ പരിശീലനം, സായാഹ്ന മെഡിക്കൽ ക്ളിനിക്ക്, മാരകരോഗബാധിതർക്ക് വൈദ്യസഹായവും ഓരോ മാസത്തേക്കുള്ള ഫുഡ്കിറ്റും നൽകിവരുന്നു. കോവിഡ് കാലയളവിൽ മാസ്ക്ക് നിർമ്മാണം, ഭക്ഷണകിറ്റ് വിതരണം ഇവ നടത്തപ്പെട്ടു. തറയിൽക്കടവിലെ പഴയ ചാപ്പൽ പുതുക്കിപണിതത് കുദാശചെയ്തു. മനോഹരമായ ഒരു ധ്യാനകേന്ദ്രമായി ഈ സെന്റർ വളർന്ന് വരുന്നു എന്നത് ഏറെ സന്തോഷകരമാണ്. ഇവിടെയുള്ള പ്രവർത്തനങ്ങൾക്ക് അൽ-അയിൻ (UAE) ഇടവകയും മറ്റ് അഭ്യുദയകാംഷികളും നിർല്ലോഭമായ സഹായങ്ങൾ നൽകുന്നത് നന്ദിയോടെ സ്മരിക്കുന്നു. മണിവേലിക്കടവ് എന്ന സമീപഗ്രാമത്തിൽ പുതുതായി പ്രവർത്തനങ്ങൾ ആരംഭിച്ചു. മണിവേലികടവ് മിഷൻ പദ്ധതിയുടെ വളർച്ചയ്ക്ക് ദുബായ് മാർത്തോമ്മാ ഇടവക സേവികാസംഘത്തിന്റെ സഹായത്തോടെ 18 സെന്റ് സ്ഥലം വാങ്ങുവാൻ സാധിച്ചു. അവിടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ഒരു കെട്ടിടം നിർമ്മിച്ചു നൽകാമെന്നും അറിയിച്ചിട്ടുണ്ട്.

മാർത്തോമ്മാ സുവിശേഷ സേവികാസംഘം: സംഘം പ്രസിഡന്റ് എന്ന നിലയിൽ സുവിശേഷ സേവികാ സംഘത്തിന്റെ പ്രോഗ്രാമുകൾക്കും കമ്മറ്റി മീറ്റിംഗുകൾക്കും നേതൃത്വം നൽകി. കേന്ദ്ര സേവികാസംഘത്തിന്റെ ചുമതലയിൽ എല്ലാ ഭദ്രാസനങ്ങൾക്കും പ്രാതിനിധ്യം നൽകി ക്രിസ്തുമസ് ഗാനശുശ്രൂഷ ഓൺലൈനിലൂടെ ക്രമീകരിച്ചു.

കോഴഞ്ചേരി സെന്റ് തോമസ് കോളേജ്, ടൈറ്റസ് സെക്കന്റ് ടീച്ചേഴ്സ് ട്രെയിനിംഗ് കോളജ്, എന്നീ സ്ഥാപനങ്ങളുടെ മാനേജരായും ഗവേണിംഗ് ബോർഡിന്റെ അദ്ധ്യക്ഷനായും പ്രവർത്തിക്കുന്നു. സഭയുടെ സോഷ്യോ-പൊളിറ്റിക്കൽ കമ്മീഷൻ ചെയർമാൻ, ബൈബിൾ സൊസൈറ്റി ഓക്സിലിയറി, നാഷണൽ സമിതികളിലെ അംഗം എന്നീ നിലകളിൽ സഭ ഏല്പിച്ച ശുശ്രൂഷകൾ നിറവേറ്റുന്നതിന് ദൈവം കൃപ ചെയ്തു. 2020 ഡിസംബർ മുതൽ കറ്റാനം സെന്റ് തോമസ് ആശുപത്രിയുടെ ചെയർമാനായും ഡി.എസ്.എം.സി.-യുടെ അദ്ധ്യക്ഷനായും കോട്ടയം-കൊച്ചി ഭദ്രാസന അദ്ധ്യക്ഷനായും ചുമതല ഏൽക്കുകയുണ്ടായി. അടുത്ത്വരുന്ന WCC സമ്പൂർണ്ണ സമ്മേളത്തിൽ സഭയുടെ പ്രതിനിധിയായി സംബന്ധിക്കുവാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

അടൂർ ഭദ്രാസന അദ്ധ്യക്ഷൻ എന്ന നിലയിൽ പ്രവർത്തിക്കുവാൻ ബഹു. എപ്പിസ്ക്കോപ്പൽ സിനഡ്, സഭാ കൗൺസിൽ, പട്ടക്കാർ, സുവിശേഷകർ, ഭദ്രാസന കൗൺസിൽ, ജനങ്ങൾ തുടങ്ങി എല്ലാവരുടെയും ആത്മാർത്ഥമായ സഹായ സഹകരണങ്ങൾ ലഭിച്ചതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. തുടർന്നും പ്രാർത്ഥനയിൽ ഓർക്കണമേ.

2.9. റൈറ്റ് റവ. ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പാ

ദൈവികരക്ഷാപദ്ധതിയിലുള്ള പങ്കാളിത്തമാണ് ക്രിസ്തീയ ശുശ്രൂഷ. ചെന്നൈ - ബാംഗ്ലൂർ ഭദ്രാസന എപ്പിസ്കോപ്പാ എന്ന നിലയിൽ കഴിഞ്ഞ ഒരു വർഷം കൂടി ശുശ്രൂഷ ചെയ്യുവാൻ ഇടയായതിൽ ദൈവത്തെ സ്തുതിക്കുന്നു. ലോകത്തിന്റെ വിവിധ ഇടങ്ങളിൽ ആശങ്കകൾ സൃഷ്ടിച്ച് രോഗങ്ങൾ പടരുന്നു. ഭാരതത്തിൽ എല്ലാ ജനതയ്ക്കും നീതി ലഭിക്കുന്നുണ്ടോ എന്ന ഭയാശങ്കകൾ ഉളവാക്കപ്പെടുന്നു. മാനവസമൂഹം മുഴുവൻ ഒരേ തോണിയിൽ യാത്രചെയ്യുന്ന അസാധാരണമായ ഒരു കാലഘട്ടം.

ഈ സാഹചര്യത്തിൽ സഭയുടെ ശുശ്രൂഷ കൂടുതൽ വെല്ലു വിളികൾ നേരിടുന്നു. കൂടുതൽ അർത്ഥവത്തായ ശുശ്രൂഷ സാധ്യമാകേണ്ടിയിരിക്കുന്നു.മനുഷ്യ ജീവിത സാഹചര്യങ്ങളിൽ ആധുനികത തീർത്ത വിള്ളലുകൾ വളരെയാണ് അവയുടെ സ്വാധീനത്താൽ പരിവർത്തിതമായിരിക്കുന്ന ചുറ്റുപാടുകളും ധാരാളം. ഇവയുടെ മധ്യത്തിൽ ഒരു വ്യതിരിക്ത സമൂഹമായി നിലനിന്ന് നാം സാക്ഷ്യം വഹിക്കേണ്ടിയിരിക്കുന്നു. അത് സഭ ഒരു കൗദാശിക സമൂഹമായി നിലനിൽക്കുക എന്നതാണ്. ദൈവജനത്തോടു ചേർന്ന് സഭയുടെയും ഭദ്രാസനത്തിന്റെയും പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കുവാൻ ഇടയായി.

കോവിഡ് മാനദണ്ഡങ്ങൾ ഉള്ളതിനാൽ കൂടുതലും ഓൺലൈൻ മീറ്റിംഗിലൂടെ ഭദ്രാസനത്തിന്റെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട് ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

എപ്പിസ്കോപ്പൽ സിനഡിന്റെയും, പട്ടക്കാരുടെയും, സുവിശേഷകരുടെയും, വിശ്വാസ സമൂഹത്തിന്റെയും പ്രാർത്ഥനയും സ്നേഹവും സഹകരണവും ശുശ്രൂഷയ്ക്ക് പ്രചോദനം നല്കുന്നു.

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക, ആന്ധ്രപ്രദേശ്, തെലുങ്കാന, കേന്ദ്ര ഭരണ പ്രദേശങ്ങളായ ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, പോണ്ടിച്ചേരി, എന്നീ പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന ഇടവകകളും കുവൈറ്റ് സെന്റ്. ജെയിംസ്, സെന്റ്. തോമസ് എന്നീ വിദേശ ഇടവകകളും മിഷൻ കേന്ദ്രങ്ങളും ഉൾപ്പെടുന്ന ഈ ഭദ്രാസനത്തിന്റെ സുവിശേഷ മുന്നേറ്റം അനുഗ്രഹമായി നിർവ്വഹിക്കപ്പെടുന്നു.

അനേകം മിഷൻ ഫീൽഡുകൾ ഉൾക്കൊള്ളുന്ന ഒരു ഭദ്രാസനമാണ് ചെന്നൈ - ബാംഗ്ലൂർ ഭദ്രാസനം. മിഷനറി അച്ചന്മാരും സുവിശേഷകരും തദ്ദേശീയരായ ജനങ്ങളുടെ ഇടയിൽ വളരെ ഉത്സാഹപൂർവ്വം സുവിശേഷപ്രവർത്തനത്തിന് നേതൃത്വം നൽകുന്നു. വിവിധ ഭാഷകളുടെയും, സംസ്ക്കാരങ്ങളുടെയും ഒത്തുചേരൽ ഈ ഭദ്രാസനത്തെ വ്യത്യസ്തമാക്കുന്നു.

ഭദ്രാസനത്തിന്റെ ചുമതലയിലുള്ള മിഷൻ ഫീൽഡുകളോട് ചേർന്ന് സുവിശേഷ പ്രസംഗസംഘത്തിന്റെ ചുമതലയിലുള്ള മിഷൻ പ്രവർത്തനങ്ങളും, കേരളത്തിലെ വിവിധ ഭദ്രാസനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന മിഷൻ കേന്ദ്രങ്ങളും ചേർന്നുള്ള ഈ ഭദ്രാസനത്തിന്റെ പ്രവർത്തനം സവിശേഷത നിറഞ്ഞതാണ്. സമൂഹത്തിന്റെ വളർച്ചയ്ക്കും തദ്ദേശീയരായ വിശ്വാസികളുടെ ഉന്നമനത്തിനുമായി വിവിധ പ്രവർത്തനങ്ങളും, പരിപാടികളും ഈ വർഷം കോവിഡിന്റെ പശ്ചാതലത്തിൽ പരിമിതികൾക്കുള്ളിലും കോവിഡ് പ്രോട്ടോക്കോൾപാലിച്ചും ക്രമീകരിക്കുവാൻ സർവ്വശക്തൻ സഹായിച്ചു.

10 സെന്ററുകളിലായി 74 ഇടവകകളും 71 കോൺഗ്രിഗേഷനുകളും 54 ചാപ്പലുകളും 44 മിഷൻ കേന്ദ്രങ്ങളും ഉൾപ്പെടുന്നതാണ് ഈ ഭദ്രാസനം. റിപ്പോർട്ട് വർഷം കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് വിവിധ ഇടവകകളിൽ വി. കുർബ്ബാന അനുഷ്ഠിക്കുകയും ഓൺലൈനായി വിവിധ പരിപാടികൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

2020 ഡിസംബർ 01 മുതൽ മലേഷ്യ - സിംഗപ്പൂർ, ആസ്ട്രേലിയ - ന്യൂസിലാന്റ് ഭദ്രാസനത്തിലെ ശുശ്രൂഷയിലേക്ക് കൂടി നിയോഗിക്കപ്പെട്ടു.

ഭദ്രാസനത്തിലെ വൈദികരുടെ ഒത്തുചേരൽ : ചെന്നൈ - ബാംഗ്ലൂർ ഭദ്രാസനത്തിലെ വിവിധ സെന്ററുകളിൽ വൈദികരുടെ ഒത്തുചേരൽ ക്രമീകൃതമായി നടക്കുന്നു. 2020 നവംമ്പർ 26 -ാം തീയതി വൈകിട്ട് 7 മുതൽ 9 വരെ Zoom ലൂടെ വാർഷിക വൈദിക സമ്മേളനം The Church and the Pandemic: A Missiological Reflection on COVID-19 and its Aftermath എന്ന വിഷയം ആസ്പദമാക്കി നടത്തപ്പെട്ടു. ആസ്ട്രേലിയ സോണിലെ വാർഷിക വൈദിക സമ്മേളനം 2021 ജനുവരി 27 ന് Zoom ലൂടെ നടത്തപ്പെട്ടു.

ഡയോസിഷൻ യൂത്ത് മീറ്റിംഗ്: ഡയോസിഷൻ യൂത്ത് മീറ്റിംഗ് 2020 ജൂലൈ 11,12 തീയതികളിൽ Zoom ലൂടെ നടത്തി. ഡയോസിഷൻ യുവജനസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ ക്രിസ്തുമസ് കരോൾ ഡിസംബർ 19 നും Zoom ലൂടെ നടത്തപ്പെട്ടു.

റീജിനൽ യൂത്ത് മീറ്റിംഗ് : ഭദ്രാസനത്തിന്റെ ചുമതലയിലുള്ള വിവിധ പ്രദേശങ്ങളിലെ പ്രാദേശിക യുവജനങ്ങളെ ഒരുമിപ്പിച്ച് പല സംസ്ഥാനങ്ങളിലായി റീജിനൽ യൂത്ത് കോൺഫറൻസ് നടത്തുവാൻ സാധിച്ചു. കന്നഡ റീജിനൽ യൂത്ത് മീറ്റിംഗ് 2020 ജൂൺ 27–ന് Zoom ലൂടെ നടത്തപ്പെട്ടു.

ഡയോസിഷൻ സോവികസംഘ മീറ്റിംഗ്: ഭദ്രാസനത്തിലെ സോവികസംഘം അംഗങ്ങളുടെ കൂടിവരവും Zoom ലൂടെ 2020 ജൂൺ 12, സെപ്റ്റംബർ 16 തീയതികളിൽ നടത്തപ്പെട്ടു.

സെന്റർ കൺവൻഷൻ : ഭദ്രാസനത്തിന്റെ നേതൃത്വത്തിലുള്ള കൺവൻഷനുകൾ മൂന്ന് സെന്ററുകളിലായി നടത്തപ്പെട്ടു. ചെന്നൈ സെന്റർ കൺവൻഷൻ 2021 ജനുവരി 29 നും 30 നും, ബാംഗ്ലൂർ സെന്റർ കൺവൻഷൻ 2021 ഫെബ്രുവരി 05 നും 06 നും, ഹൈദരാബാദ് – സെക്കന്തരാബാദ് സെന്റർ കൺവൻ ഷൻ 2021 മാർച്ച് 05 നും 06 നും Zoom ലൂടെ നടന്നു. ഈ മൂന്നു സെന്ററുകളിലായി നടത്തപ്പെട്ട എല്ലാ കൺവൻഷൻ മീറ്റിംഗുകളിലും പങ്കെടുക്കുവാനും നേതൃത്വം നൽകുവാനും സാധിച്ചു.

ഡയോസിഷൻ MTVEA : ഡയോസിഷൻ MTVEA യുടെ ഒരു Chain Prayer 2020 ഏപ്രിൽ 17 ന് ഭദ്രാസനത്തിലെ എല്ലാ ഇടവകളെയും ഉൾപ്പെടുത്തി നടത്തി. Zoom Platform-ലൂടെ അതാത് സെന്ററുകളിൽ സെന്റർ മീറ്റിംഗുകൾ നടത്തപ്പെട്ടു.

ഭദ്രാസന മിഷനറി വൈദികരുടെയും സുവിശേഷകരുടെയും കൂട്ടായ്മ: ഭദ്രാസന മിഷനറി വൈദികരുടെയും സുവിശേഷകരുടെയും കൂട്ടായ്മ Zoom ലൂടെ 2020 ജൂലൈ 25 ന് നടന്നു.

ഡോ. ജോസഫ് മാർത്തോമ്മ Holistic Center : ചെന്നൈയിലെ ഡോ. ജോസഫ് മാർത്തോമ്മ Holistic Center–ന്റെ നേതൃത്വത്തിൽ ആൽമായ പരിശീല ക്ളാസ് 2021 ജനുവരി 15 ന് നടത്തപ്പെട്ടു.

അനുശോചന സമ്മേളനം: കാലം ചെയ്ത ഡോ. ജോസഫ് മാർത്തോമ്മ മെത്രാപ്പോലീത്ത സഭയ്ക്ക് നൽകിയ ധീരമായ നേതൃത്വത്തിനും വിവിധ പ്രവർത്തനമേഖലകളെയും സ്മരിച്ച് Zoom ലൂടെ ചെന്നൈ – ബാംഗ്ലൂർ ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ 2020 ഒക്ടോബർ 28 ന് അനുശോചന സമ്മേളനം നടത്തപ്പെട്ടു

അനുമോദന സമ്മേളനം: ഇരുപത്തിരാമത് മാർത്തോമ്മ മെത്രാപ്പോലീത്ത ഡോ. തിയഡോഷ്യസ് മാർത്തോമ്മ മെത്രാപ്പോലീത്തയ്ക്ക് ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ Zoom ലൂടെ ഒരു അനുമോദന സമ്മേളനം 2020 ഡിസംബർ 21 ന് നടത്തപ്പെട്ടു.

സ്റ്റുഡൻസ് മിനിസ്ട്രി : ബാംഗ്ലൂർ, ബല്ലാരി, ബൽഗാം, ചെന്നൈ, പോറിച്ചേരി, കോയമ്പത്തൂർ, ഈറോഡ്, കടപ്പ, ദാവൻ ഗരെ, ഗുൽബർഗ, ഹൈദരാബാദ്, സെക്കന്തരാബാദ്, കുമാര പാളയം, മംഗലാപുരം, മണിപ്പാൽ, സേലം, തുംകൂർ, വെല്ലൂർ, കാരെക്കൽ എന്നീ 21 പ്രധാന കേന്ദ്രങ്ങളിൽ, ഉപരിപഠനാർത്ഥം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഭദ്രാസനാതിർത്തിയിലുള്ള കലാലയങ്ങളിൽ വന്നുചേരുന്ന കുട്ടികളുടെ ആത്മീയ പരിപോഷണത്തിനും വളർച്ചയ്ക്കും ഉതകുന്ന പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. സ്റ്റുഡൻസ് ചാപ്ലയിൻ അച്ചന്മാർ ഇപ്പോഴത്തെ സാഹചര്യത്തിൽ Zoom ലൂടെ അതിനു നേതൃത്വം നൽകുന്നു. ഇടവകകൾ സന്ദർശിക്കുമ്പോൾ ആരാധനയ്ക്കു ശേഷം യുവജനങ്ങളുടെ കൂടിവരവ് ക്രമീകരിക്കുകയും അതിലൂടെ അവരെ പരിചയപ്പെടുകയും അവർക്ക് മീറ്റിംഗിന് വേണ്ട നിർദേശങ്ങൾ നൽകുകയും കൂടിവരവിന് നേതൃതം നൽകിവരികയും ചെയ്യുന്നു.

അൻപിൻ കരം : ഭദ്രാസത്തിന്റെ ചുമതലയിലുള്ള കുരുവാക്കളം മിഷനിൽ HIV/AIDS ബാധിതരുടെ ബോധവത്കരണത്തിനും, കൂട്ടായ്മയ്ക്കുമായി ''അൻപിൻ കരം' എന്ന പേരിൽ ഒരു കൂട്ടായ്മ നടത്തപ്പെടുന്നു. പങ്കെടുക്കുന്നവർക്ക് കൗൺസിലിംഗ് ക്ലാസുകൾ നൽകുന്നു. ധാന്യങ്ങൾ അടങ്ങിയ ഫുഡ് കിറ്റ് നൽകുന്നു. പ്രവർത്തനങ്ങൾക്ക് ആവശ്യമായ നേതൃത്വവും, നിർദ്ദേശങ്ങളും നൽകുന്നു.

ദൈവാലയ ശിലാസ്ഥാപനവും കൂദാശകളും : 2020 ഏപ്രിൽ 22–ന് യെറാഗുൺടാലാ ദൈവലായത്തിന്റെ കൂദാശയും,2021 ജനുവരി 30–ന് നീരേട്മേട്ട് ദോവലായത്തിന്റെ കൂദാശയും, 2021 ജനുവരി 31–ന് നീരേട്മേട്ട് പാഴ്സനേജിന്റെ കൂദാശയും നിർവ്വഹിച്ചു. അടയാർ സെന്റ് പോൾസ് ഇടവകയുടെ ചുമതലയിൽ ആരംഭിക്കുന്ന Prison Ministry യുടെ ഭാഗമായ സ്ഥാപനത്തിന്റെ ശിലാസ്ഥാപനം നിർവ്വിച്ചു.

ചുമട്ടുതൊഴിലാളി കൂട്ടായ്മ: ചെന്നൈ സെൻട്രറൽ റെയിൽവേ സ്റ്റേഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ചുമട്ടുതൊഴിലാളികൾക്കായി ഒരു കൂട്ടായ്മ ഭദ്രാസനമായി വലിയ തിരുമേനിയുടെ 100–ാം ജന്മദിന ആഘോഷത്തോടു നുബന്ധിച്ച് ആരംഭിച്ചു. ചുമട്ടുതൊഴിലാളികളുടെ ജീവിത ഭാരങ്ങളിൽ കൈത്താങ്ങൽ നൽകുവാൻ പ്രസ്തുത കൂടിവരവ് ഇടയാക്കുന്നു. ലോക്ക് ഡൗൺ കാരണം ജോലി നഷ്ടമായ 100 ഓളം ചുമട്ടുതൊഴിലാളികൾക്ക് provision kit-കൾ നൽകാനും സാധിച്ചു.

സഭാ കൗൺസിൽ, എപ്പിസ്ക്കോപ്പൽ സിനഡ് എന്നിവയിലും സഭയുടെ ഔദ്യോഗിക പരിപാടികളിലും Zoom ലൂടെ നടന്ന സഭയുടെ വാർഷിക വൈദീക കോൺഫറൻസിലും സംബന്ധിച്ചു. മാരാമൺ കൺവൻഷനോടു അനുബന്ധിച്ച് സുവിശേഷ വേലയ്ക്കായി സമർപ്പിച്ചിട്ടുള്ളവരുടെ പ്രതിഷ്ഠാ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. NCCI യുടെ Exicutive committee member ആയി പ്രവർത്തിച്ചു. ക്രൈസ്തവ സാഹിത്യ സമിതി ബോർഡ് ചെയർമാനായും നേതൃത്വം നല്കി. NMS ന്റെ Board Meeting ൽ സംബന്ധിച്ചു. ഈ വർഷവും ICSA യുടെ ചെയർമാനായി പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുവാൻ സാധിച്ചു. ദൈവശാസ്ത്രസാഹിത്യസമിതിയുടെ (റ്റി.എൽ.സി) അദ്ധ്യക്ഷനായി ഈ വർഷവും നേതൃതം നല്കുവാൻ സാധിച്ചു. CASA Eastern Zonal കമ്മറ്റി അംഗം, സഭയുടെ മന്ദിരം ഫെലോഷിപ്പിന്റെ പ്രസിഡന്റായും നേതൃത്വം നല്കി. സഭയുടെ Justice and Peace Commission–ന്റെ ചെയർമാൻ, വെല്ലൂർ സി.എം.സി കൗൺസിൽ അംഗം എന്നീ നിലയിൽ പ്രവർത്തിച്ചു.

ഭദ്രാസനത്തിലെ എല്ലാ സംഘടനകളുടെയും കമ്മിറ്റികൾ, മീറ്റിംഗുകൾ, വാർഷിക സമ്മേളനങ്ങൾ എന്നിവയിൽ അദ്ധ്യക്ഷനായിരിക്കുകയും നേതൃത്വം നൽകുകയും ചെയ്തു.

ദൈവരാജ്യ ശുശ്രൂഷയ്ക്കായിട്ടാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. ഈ കാലയളവിൽ നമ്മുടെ സമൂഹത്തിനുവേണ്ടി, ലോകത്തിനുവേണ്ടി കൂടുതൽ വിശ്വാസത്തോടുകൂടെ പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. ദൈവത്തിന്റെ നന്മയോടൊപ്പം എത്താനുള്ള സഞ്ചാരത്തെയാണ് ജീവിതം എന്നു വിവക്ഷിക്കുന്നത്. ആത്യന്തികമായ നന്മ ദൈവമാണ്. കോവിഡ് എന്ന മഹാമാരി ലോകത്തെ മുഴുവൻ പ്രതിസന്ധിയിലാക്കിയിരിക്കുമ്പോൾ സമൂഹത്തിന്റെ മനസാക്ഷിയായി പ്രവർത്തിക്കേണ്ട സഭയുടെ ഉത്തരവാദിത്തം വളരെയാണ്. ക്രിസ്തീയസാന്നിധ്യം ക്രിസ്തു സാന്നിധ്യമായി അനുഭവവേദ്യമാക്കാം. സമൂഹത്തിലെ സഭയുടെ സാന്നിധ്യം ഒരു

കൂദാശ സാന്നിധ്യമായി (Sacramental Presence) ത്തീരുവാൻ മാനവ സമൂഹം ഇപ്പോൾ ആയിരിക്കുന്ന സാഹചര്യത്തിൽ സാധ്യമാകട്ടെ.

2.10. റൈറ്റ് റവ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ

ചരിത്രത്തെയും കാലത്തെയും നിയന്ത്രിക്കുന്ന സർവ്വശക്തനായ ദൈവത്തിന്റെ, കാവലും കരുതലും പരിപാലനവും കരുണയും അനുഗ്രഹമായി ഏറ്റുവാങ്ങി ഒരു സംവത്സരത്തോട് വിടപറയുമ്പോൾ 2020-21 സംവത്സരത്തിൽ ഡൽഹി ഭദ്രാസനത്തിൽ ശുശ്രൂഷ ചെയ്യുവാൻ ദൈവം നൽകിയ കൃപാവരങ്ങൾക്കായി ദൈവത്തെ സ്തുതിക്കുന്നു. പിന്നിട്ട സംവത്സരം ലോകത്താകമാനം സംഘർനിർഭരമായ ഒരു കാലഘട്ടമായിരുന്നു. കൊറോണ വൈറസ് എന്ന സൂക്ഷ്മാണു സൃഷ്ടിച്ച പ്രതിസന്ധികളുടെയും രോഗത്തിന്റെയും മരണത്തിന്റെ മുമ്പിൽ ലോകം തന്നെ പകച്ചു നിന്നുപോയ ഒരു കാലം. മനുഷ്യൻ നിസ്സഹായരായി നിലവിളിച്ചുപോയ ഒരു കാലത്തിനാണ് ലോകം സാക്ഷ്യം വഹിച്ചത്. പ്രതീക്ഷയുടെ ഒരു കിരണത്തിനുവേണ്ടി എല്ലാവരും ഹൃദയം നൊന്തു പ്രാർത്ഥിച്ച കാലത്തിലൂടെയാണ് നാം കടന്നുപോയത്. ഈ കാലഘട്ടത്തിൽപ്പോലും മനുഷ്യത്വം മരവിച്ചവരുടെ അക്രമങ്ങളും പീഡനവും നമ്മുടെ രാജ്യത്ത് പലയിടങ്ങളിലും അരങ്ങേറുന്നത് നാം കണ്ടു. സംസ്ഥാനങ്ങളും നമ്മുടെ രാഷ്ട്രം തന്നെയും സാമ്പത്തികമായി വെല്ലുവിളികൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു.

പള്ളികൾ പോലും അടച്ചിടേണ്ടി വന്നപ്പോൾ അത് സൃഷ്ടിച്ച മാനസികവും സാമൂഹികവും ആത്മീകവുമായ വേദന അതികഠിനം തന്നെയായിരുന്നു. എന്നാൽ ഓൺലൈൻസംവിധാനങ്ങളിലൂടെ സുവിശേഷത്തിന്റെയും ആരാധനയുടെയും വാതിലുകൾ തുറന്നിടുവാൻ നമ്മുടെ സഭയ്ക്കും ഡൽഹി ഭദ്രാസനത്തിനും പലയിടങ്ങളിലും കഴിഞ്ഞു എന്നത് ആശ്വാസപ്രദമായ കാര്യമാണ്. വാക്സിന്റെ വരവുതന്നെ ദൈവകാരുണ്യത്തിന്റെ കരംനീട്ടലാണ്. നമ്മുടെ കരം പിടിക്കുന്ന ദൈവം നമ്മോടു ആവശ്യപ്പെടുന്നത് അനേകർക്ക് മുന്നിൽ സഹായത്തിന്റെ കരങ്ങൾ നീട്ടുവാനാണ്. ഡൽഹി ഭദ്രാസനത്തിന്റെ അനേകം ഇടങ്ങളിൽ ഭക്ഷണസാധനങ്ങളുടെ കിറ്റുകൾ, ആവശ്യമായ മരുന്നുകൾ സാമ്പത്തിക സഹായം എന്നിവ നൽകി അനേകർക്ക് ആശ്വാസമേകുവാൻ ദൈവം നമ്മുടെ ഭദ്രാസനത്തെ ഒരുക്കിയതിനായി നമുക്ക് ദൈവത്തെ സ്തുതിക്കാം. പ്രതിസന്ധികളുടെ മധ്യത്തിലും തളരാതെ, തകരാതെ പിടിച്ചു നിർത്തുവാൻ പരിപാലനയുടെയും പുനരുജ്ജീവനത്തിന്റെയും കരങ്ങൾ നീട്ടിയ സർവ്വശക്തനായ ദൈവത്തിനു സ്തുതി സ്തോത്രങ്ങൾ സമർപ്പിക്കുന്നു. സഭയുടെ നാഥനായ കർത്താവ് ഡൽഹി ഭദ്രാസനത്തിന്റെ പ്രവർത്തനങ്ങളെയും ശുശ്രൂഷകളെയും കൂടെയിരുന്ന് അനുഗ്രഹിച്ചു വഴിനടത്തിയ കൃപകൾക്കായി സ്തോത്രം കരേറ്റിക്കൊണ്ട് 2020-21ലെ പ്രവർത്തനവൃത്താന്തം സമർപ്പിച്ചുകൊള്ളുന്നു.

മലങ്കര സഭയിൽ നവീകരണ കാഹളം മുഴക്കിയ ഏബ്രഹാം മല്പാന്റെ സുവിശേഷ പിൻഗാമികൾ ഭാരതത്തിന്റെ എല്ലാ കോണുകളിലും സുവിശേഷം വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി സഞ്ചരിച്ചു. തൊഴിൽ തേടി എത്തിയ മാർത്തോമ്മാ വിശ്വാസികൾ നമ്മുടെ പട്ടക്കാരും സുവിശേഷകരുമായി ചേർന്ന് ഇടവകകൾ, മിഷൻ ഫീൽഡുകൾ, സ്ഥാപനങ്ങൾ എന്നിവ രൂപപ്പെടുത്തി. തൽഫലമായി വടക്കേ ഇന്ത്യയിലെ 18 സംസ്ഥാനങ്ങളിലായി, വിവിധ ഭാഷയും സംസ്കാരങ്ങളും ഉള്ള ജനവിഭാഗത്തിന്റെ മദ്ധ്യേ ക്രിസ്തീയ സാക്ഷ്യം നിർവ്വഹിക്കുന്ന ഒരു സഭയായി മാർത്തോമ്മാ സഭ പരിഗണിച്ചു. 64 ഇടവകകൾ, 25 കോൺഗ്രിഗേഷനുകൾ 83 പട്ടക്കാർ 30 സുവിശേഷകർ, ധാരാളം സ്കൂളുകൾ, അനേക സാമൂഹിക സേവന പദ്ധതികൾ എന്നിവയാൽ സമ്പന്നമായ ഭദ്രാസനം കഴിഞ്ഞ 13 വർഷമായി ദേശത്ത് അനുഗ്രഹീത സാക്ഷ്യം നിർവ്വഹിക്കുന്നു. ഭദ്രാസനത്തിന്റെ എല്ലാ ഇടങ്ങളിലും ചലനാത്മകതയുടെ ചൈതന്യം പ്രവർത്തനങ്ങളിൽ പ്രസരിപ്പിക്കുവാൻ ദൈവകൃപയാൽ നമുക്ക് സാധിച്ചു. ദൈവനടത്തിപ്പിന്റെ അനുഗ്രഹങ്ങൾ എവിടെയും ദൃശ്യമായിരുന്നു. ദൈവജനം ആത്മാർത്ഥതയോടും പ്രാർത്ഥനാപൂർവ്വവും എല്ലാ പ്രവർത്തനങ്ങളിലും സഹകരിച്ചു.

ഭദ്രാസന കൗൺസിലും ഭദ്രാസന അസംബ്ലിയും Northern India Zonal Assembly Society-യുടെ കൗൺസിലും അസംബ്ലിയും ചുമതലക്കാരും വിവിധ സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും ചുമതലക്കാരും പട്ടക്കാരും സുവിശേഷകരും പ്രവർത്തനങ്ങൾക്ക് ദിശാബോധത്തിന്റെ സൗന്ദര്യം നൽകി. ഭദ്രാസനപ്രവർത്തനങ്ങളിൽ പ്രത്യക്ഷമായും പരോക്ഷമായും സഹകരിച്ച എല്ലാവരേയും ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. ഏവരോടുമുള്ള ഹൃദയപൂർവ്വവുമായ നന്ദി രേഖപ്പെടുത്തുന്നു. അനുനിമിഷം അനവരതമായ കൃപയുടെ അനുഗ്രഹം നൽകി വഴി നടത്തുന്ന സർവ്വശക്തനായ ദൈവത്തിന് സ്തുതി സ്തോത്രങ്ങൾ അർപ്പിക്കുന്നു. സഭ ഏൽപ്പിച്ച ഉത്തരവാദിത്വങ്ങൾ സഭയുടെ നാഥനായ കർത്താവിനോടുകൂടെ വിശ്വസ്തയോടെ നിർവ്വഹിക്കുവാൻ ദൈവം കൃപ പകർന്നു.

പോയവർഷം ഭദ്രാസനത്തിലും ഭദ്രാസനത്തിന് പുറമേയുമായി 12 ഇടവകകളും കോൺഗ്രിഗേഷനുകളും സന്ദർശിക്കുകയും Zoom Platformലൂടെയും നേരിട്ടും 38 വിശുദ്ധ കുർബ്ബാന ശുശ്രൂഷകൾ അനുഷ്ഠിക്കുകയും 62 കുട്ടികളെ ആദ്യ കുർബ്ബാനയിലൂടെ സഭയുടെ പൂർണ്ണഅംഗത്വത്തിലേക്ക് പ്രവേശിപ്പിക്കുകയും ചെയ്തു. ഭദ്രാസനത്തിലെ ഇടവക സന്ദർശന വേളകളിൽ ഇടവകകളിലെ സംഘടനകളെ മനസ്സിലാക്കുന്നതിനും ഭാരവാഹികളെയും കൈസ്ഥാനസമിതി അംഗങ്ങളെയും നേരിൽ കാണുന്നതിനും ആശയങ്ങൾ പങ്കിടുന്നതിനും പ്രാർത്ഥനയ്ക്കും പഠനത്തിനും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും പ്രോത്സാഹനം നൽകുന്നതിനും സാധിച്ചു.

എപ്പിസ്കോപ്പൽ സിനഡ്, സഭാ കൗൺസിൽ, എന്നിവയിൽ സംബന്ധിക്കുകയും ഭദ്രാസന കൗൺസിൽ മീറ്റിംഗുകൾക്കും ഭദ്രാസന അസംബ്ലി മീറ്റിംഗിനും Northern India Zonal Assembly Society Council & Assembly മീറ്റിംഗിനും അദ്ധ്യക്ഷം വഹിക്കുകയും ചെയ്തു. മാർത്തോമ്മാ സന്ന്യാസുവിശേഷക സംഘത്തിന്റെ അദ്ധ്യക്ഷനായി നേതൃത്വം നൽകിവരുന്നു. സൂം പ്ലാറ്റ്ഫോമിലൂടെ ഇന്ത്യയിലും വിദേശത്തും കൂടാതെ വിവിധ സംഘടനകളുടെയും ഭദ്രാസനത്തിലൂടെയും ഇടവക കൺവൻഷനുകളിലും നടത്തപ്പെട്ട വിവിധ സംഘടനകളുടെയും ഭദ്രാസനത്തിലൂടെയും ഇടവക കൺവൻഷനുകളിലും നടത്തപ്പെട്ട വിവിധ യോഗങ്ങൾക്ക് ദൂത് നൽകുന്നതിന് സാധ്യമായി. ഈ വർഷത്തെ മാരാമൺ കൺവൻഷനിൽ ആദ്യാവസാനം സംബന്ധിക്കുന്നതിനും വെള്ളിയാഴ്ച സന്ധ്യയിലെ വചന ശുശ്രൂഷ നിർവ്വഹിക്കുന്നതിനും സാധിച്ചു. കൂടാതെ സന്ന്യാസ സുവിശേഷക സംഘ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിക്കുകയും വെള്ളിയാഴ്ചയും ശനിയാഴ്ചയും കോഴഞ്ചേരി മാർത്തോമ്മാ പള്ളിയിൽ നടത്തപ്പെട്ട സമർപ്പണ ശുശ്രൂഷകൾക്കും നേതൃത്വം നൽകുകയും ചെയ്തു.

ഈ കോവിഡ് കാലഘട്ടത്തിലും ഭദ്രാസനത്തിലെ വിവിധ മിഷൻ ഫീൽഡുകൾ സന്ദർശിച്ച് സുവിശേഷകരെ കാണുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ബെഹവാരി മിഷൻ, റാഞ്ചി മാർത്തോമ്മാ നവജീവൻ ചത്തീസ്ഗഡ് മിഷൻ എന്നീ മിഷൻ സെന്ററുകൾ സന്ദർശിക്കുകയും അവിടെയുള്ള മിഷൻ പ്രവർത്തനങ്ങളിൽ പങ്കുചേരുകയും നേതൃത്വം നൽകുന്ന വൈദികരോടും സുവിശേഷരോടും ചേർന്ന് അനുഗ്രഹീതമായ കൂട്ടായ്മകൾ പങ്കുവയ്ക്കുവാനും സാധിച്ചു. മിഷൻ പ്രവർത്തനങ്ങളിലൂടെ അനേകരെ ക്രിസ്തു സ്നേഹത്തിലേക്ക് നയിക്കുന്നു എന്നുള്ളതിൽ സന്തോഷിക്കുന്നു.

ഡൽഹി ഭദ്രാസനത്തിലെ വിവിധ സ്ഥാപനങ്ങളിലൂടെയും വിവിധ സാമൂഹിക സേവനങ്ങളിലൂടെയും അനേകരിലേക്ക് ക്രിസ്തു സ്നേഹത്തെ എത്തിക്കുവാൻ നമുക്ക് സാധിക്കുന്നു. വടക്കേ ഇന്ത്യയിൽ സുവിശേഷകരെ പരിശീലിപ്പിക്കുവാൻ ഫരീദാബാദിൽ ആരംഭിച്ച ധർമ്മജ്യോതി വിദ്യാപീ

ിൽ B.D., M.Th, D.C.P.C., B.C.S. എന്നീ കോഴ്സുകളിൽ വിവിധ സഭകളിൽ നിന്നുള്ളവരും സഭയുടെ സ്പോൺസർഷിപ്പിലുള്ളവരുമായ വിദ്യാർത്ഥികൾ പരിശീലനം നേടുന്നു. റവ. ഡോ. സണ്ണി ഇ മാത്യു പ്രിൻസിപ്പൽ ആയി സേവനം അനുഷ്ഠിക്കുന്നു. ഡൽഹി മാർത്തോമ്മാ പബ്ലിക് സ്കൂൾ ഗാസിയാബാദ്, സെന്റ് തോമസ് സ്കൂൾ കോർബ, സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ ജയ്സിംഗ് നഗർ, ഡൽഹി മാർത്തോമ്മാ പബ്ലിക് സ്കൂൾ പാംഗഡ്, ക്രിസ്തു ജ്യോതി മിഷൻ സ്കൂൾ ബെഹവാരി, സെന്റ് ജോൺസ് സ്കൂൾ ഗ്രേറ്റർ കൈലാഷ്, സെന്റ് തോമസ് സ്കൂൾ റാഞ്ചി, മാർത്തോമ്മാ പബ്ലിക് സ്കൂൾ ഇൻഡോർ എന്നീ സ്കൂളുകളുടെ വിവിധ മീറ്റിംഗിലും സംബന്ധിച്ചു. ഭദ്രാസനത്തിൽ നിന്നും യുവജനങ്ങളെ സഭാ ശുശ്രൂഷയ്ക്കായി ഒരുക്കുവാനും അവർക്ക് വേണ്ട പ്രായോഗിക പരിശീലനം നൽകുവാനും സാധ്യമായി. ബഹുമാനപ്പെട്ട എപ്പിസ്കോപ്പൽ സിനഡ് നിയോഗിച്ച് ഈ ഭദ്രാസനത്തിലേക്ക് പ്രായോഗിക പരിശീലനത്തിനായി അയയ്ക്കുന്ന വൈദീക വിദ്യാർത്ഥികൾക്ക് കൂട്ടായ്മയും കരുതലും പ്രോത്സാഹനവും നൽകി. സെമിനാരിയിൽ പഠിച്ചുകൊണ്ടിരിക്കുന്ന വൈദീക വിദ്യാർത്ഥികളുടെ മാർഗ്ഗ ദർശിയായി പ്രവർത്തിച്ചു. എക്യുമെനിക്കൽ സംഘടനകളായ നോർത്ത് വെസ്റ്റ് ഇന്ത്യ കൗൺസിൽ ഓഫ് ചർച്ചസിന്റെ (NWICC) പ്രസിഡന്റായും ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യാ നോർത്ത് വെസ്റ്റ് ഓക്സിലറിയുടെയും ISPCKയുടെയും ബോർഡ് മെംബറായും സി.എം.സി. ലുഥിയാന ബോർഡ് അംഗം എന്നീ നിലകളിലും പ്രവർത്തിച്ചുവരുന്നു. നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ (NCCI), കമ്മ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ (CCI), Christian Insitute for the Study of Religion and Society (CISRS) എന്നിവയുടെ വിവിധ മീറ്റിംഗിൽ സംബന്ധിച്ചു. സി.എൻ.ഐ., ഓർത്തഡോക്സ്, കാതലിക്സ്, യാക്കോബായ എന്നീ സഭകളിലെ വിവിധ പ്രോഗ്രാമുകളിലും പങ്കെടുത്തു. ഇതര മതവിഭാഗങ്ങൾ നടത്തിയ അവരുടെ വിവിധ ആഘോഷങ്ങളിലും കൂട്ടായ്മകളിലും നേരിട്ടും സൂം പ്ലാറ്റ്ഫോമിലൂടെയും പങ്കെടുക്കുകയും അതുവഴി മതസൗഹാർദ്ദം പ്രോത്സാഹിപ്പിക്കുന്നതിനും സാധിച്ചു. കാലം ചെയ്ത ഭാഗ്യസ്മരണീയനായ അഭിവന്ദ്യ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ ജീവിതത്തെയും ശുശ്രൂഷകളെയും ഓർത്ത് ദൈവത്തിന് നന്ദി കരേറ്റുന്നു. 2020 ഒക്ടോബർ മാസം 18-ാം തീയതി താൻ പ്രീയം വച്ച കർത്താവ് ഒരുക്കിയ നിത്യഭവനത്തിന്റെ ഓഹരിക്കാരനായി തീരുകയും ചെയ്തു. അഭിവന്ദ്യ മെത്രാപ്പോലീത്തായിലൂടെ വ്യക്തിപരമായി എനിക്ക് ലഭിച്ച പിതൃതുല്യമായ സ്നേഹവും കരുതലിനും പ്രോത്സാഹനത്തിനും ഞാൻ നന്ദി കരേറ്റുന്നു. 2021 ഫെബ്രുവരി മാസം 12-ാം തീയതി മുതൽ അഭിവന്ദ്യ മെത്രാപ്പോലീത്തായുടെ നിർദ്ദേശപ്രകാരം ഡൽഹി ഭദ്രാസനത്തിൽ നിന്ന് ട്രാൻസ്ഫർ ആയി നിരണം -മാരാമൺ ഭദ്രാസനത്തിൽ മെത്രാപ്പോലീത്തായുടെ ഒപ്പം ശുശ്രൂഷകൾ നിർവ്വഹിച്ചുവരുന്നു.

എപ്പിസ്കോപ്പാ എന്ന നിലയിൽ കഴിഞ്ഞ നാളുകളിലെ ശുശ്രൂഷയിൽ അഭിവന്ദ്യരായ വലിയ മെത്രാപ്പോലീത്താ, മാർത്തോമ്മാ മെത്രാപ്പോലീത്താ എന്നിവരിൽ നിന്നും അഭിവന്ദ്യരായ സഹോദര മേൽപ്പട്ടക്കാരിൽ നിന്നും ബഹുമാനപ്പെട്ട വൈദീകർ, സുവിശേഷകർ, പ്രീയമുള്ള സഭാമക്കൾ എന്നിവരിൽ നിന്നും ലഭിച്ച സ്നേഹവും കരുതലും സർവ്വോപരി സർവ്വശക്തനായ ദൈവത്തിന്റെ അളവറ്റ കൃപയും അവർണ്ണനീയമാണ്. തുടർന്നും അനുഗ്രഹകരമായ ശുശ്രൂഷ സഭയിലും സമൂഹത്തിലും നിർവ്വഹിക്കുവാൻ വലിയവനായ ദൈവം കൃപ നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ. നിർമ്മദരായിരിപ്പിൻ; ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്ന പോലെ ആരെ വിഴുങ്ങേണ്ടു എന്ന് തിരഞ്ഞു ചുറ്റി നടക്കുന്നു. ലോകത്തിൽ നിങ്ങൾക്കുള്ള സഹോദരവർഗ്ഗത്തിന് ആ വക കഷ്ടപ്പാടുകൾ തന്നെ പൂർത്തിയായി വരുന്നു എന്നറിഞ്ഞ് വിശ്വാസത്തിൽ സ്ഥിരതയുള്ളവരായി അവനോട് എതിർത്തു നിൽപ്പിൻ. എന്നാൽ അൽപകാലത്തേക്ക് കഷ്ടം സഹിക്കുന്ന നിങ്ങളെ ക്രിസ്തുവിൽ തന്റെ നിത്യതേജസ്സിനായി വിളിച്ചിരിക്കുന്ന സർവ്വകൃപാലുവായ ദൈവം തന്നെ യഥാസ്ഥാനപ്പെടുത്തി ഉറപ്പിച്ചു ശക്തീകരിക്കട്ടെ. ബലം എന്നേക്കും അവനുള്ളത് ആമേൻ (1 പത്രോ. 5:7-11).

പ്രതിസന്ധികളിലൂടെയാണ് നാം കടന്നുപോകുന്നത് എന്നത് വർത്തമാനകാല യാഥാർത്ഥ്യമാണെങ്കിലും നമ്മെ യഥാസ്ഥാനപ്പെടുത്തുവാൻ കഴിയുന്ന കർത്താവ് നമ്മുടെ കൂടെയുണ്ട് എന്നതാണ് നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം. ഈ വിശ്വാസത്തിൽ സ്ഥിരതയുള്ളവരായിരിപ്പാൻ ദൈവം നമ്മെ ശക്തീകരിക്കട്ടെ. സകല രോഗങ്ങൾക്കും വൈദ്യനായ തന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം തരുന്നവനായ ക്രിസ്തുവിന്റെ രക്തത്താൽ മുദ്രയിടപ്പെട്ടവരായി നമുക്ക് ജീവിക്കുവാൻ അനേകം ജീവിതങ്ങൾക്ക് താങ്ങായും തണലായും മാറുവാൻ വലിയവനായ ദൈവത്തിന്റെ കൃപകൾക്കായി പ്രാർത്ഥിച്ചു കൊണ്ട് ഡൽഹി ഭദ്രാസനത്തിന്റെ ശുശ്രൂഷകളിൽ പ്രത്യക്ഷമായും പരോക്ഷമായും സഹകരിച്ച എല്ലാവരോടുമുള്ള നന്ദി പ്രകാശിപ്പിച്ചുകൊണ്ട് ഈ റിപ്പോർട്ട് ഉപസംഹരിച്ചുകൊള്ളുന്നു.

2.11. റൈറ്റ് റവ. ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പാ

കോവിഡ് 19 ന്റെ സ്വാധീനം മനുഷ്യജീവിതത്തിലെ സമസ്തമേഖലകളിലും നിർണ്ണായകമായ വ്യതിയാനങ്ങളാൽ അടയാളപ്പെടുത്തിയ വർഷമായിരുന്നു 2020. നമ്മുടെ ജീവിത ഇടങ്ങളെയും പെരുമാറ്റങ്ങളെയും ചിന്താശൈലിയെയും ജീവിതരീതിയെയും ഇത്രമാത്രം സ്വാധീനിച്ച ഒരു കാലഘട്ടം ഓർമ്മയിൽപോലുമുണ്ടാകില്ല. മാറ്റം മാത്രമാണ് സ്ഥായിയായിട്ടുള്ളത് മറ്റെല്ലാം മാറിക്കൊണ്ടിരിക്കുമെന്ന് പഴമൊഴി പറയുമ്പോൾ ഇന്നലെയും ഇന്നും എന്നേക്കും അനന്യനായ ദൈവത്തോട് ചേർന്ന് മാർത്തോമ്മാ സഭയിലെ മേൽപ്പട്ടക്കാരനായി ഈ സവിശേഷകാലത്തും ശുശ്രൂഷ നിർവ്വഹിപ്പാൻ അനുവദിച്ച ദൈവകൃപയ്ക്ക് നന്ദികരേറ്റുന്നു. ബഹുമാനപ്പെട്ട എപ്പിസ്ക്കോപ്പൽ സിനഡിന്റെ നിയോഗപ്രകാരം മാർത്തോമ്മാ സഭയുടെ വടക്കൻ ഭദ്രാസനമായ കുന്നംകുളം-മലബാർ ഭദ്രാസനത്തിന്റെ ചുമതല ഏറ്റെടുത്ത് അഞ്ച് സംവത്സരങ്ങൾ പൂർത്തീകരിപ്പാൻ സാധിച്ചത് ദൈവകൃപ ഒന്നുകൊണ്ട് മാത്രമാണ് എന്ന ബോദ്ധ്യത്തോടെ വിനയപൂർവ്വം സകലത്തേയും നിയന്ത്രിക്കുന്ന സർവ്വശക്തന്റെ മുമ്പിൽ ശിരസ്സു നമിക്കുന്നു.

സ്മരണാഞ്ജലി: നീതിബോധത്തോടെ മലങ്കര മാർത്തോമ്മാസഭയ്ക്കും സമൂഹത്തിനും ദിശാബോധം നൽകിയ മഹിതാചാര്യൻ, മലബാറിന്റെ മനസ്സറിഞ്ഞ ശ്രേഷ്ട ഇടയനും മലങ്കരയുടെ സൂര്യതേജസ്സും 21-ാം മാർത്തോമ്മായുമായിരുന്ന മോസ്റ്റ് റവ ഡോ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ 2020 ഒക്ടോബർ 18ന് പ്രഭാപൂർണ്ണമായ ഒരു ജീവിതദൗത്യം പൂർത്തിയാക്കി ചരിത്രത്തിന്റെ ഭാഗമാകുകയും, താൻ പ്രീയം വച്ച കർത്താവിനോട് ചേരുകയും ചെയ്തു. കുന്നംകുളം- മലബാർ ഭദ്രാസനം 2020 ഒക്ടോബർ 25-ന് വെർചൽ പ്ലാറ്റ് ഫോമിൽ അനുസ്മരണ സമ്മേളനം നടത്തുകയുണ്ടണ്ടായി. മലബാർ സ്വതന്ത്ര സുറിയാനി സഭാപരമാദ്ധ്യക്ഷൻ മോസ്റ്റ് റവ. സിറിൾ മാർ ബസേലിയോസ് മെത്രാപ്പോലീത്താ മുഖ്യ അതിഥിയായിരുന്നു.

അനുമോദനം: പാരമ്പര്യംകൊണ്ടണ്ടും പൈതൃകംകൊണ്ടും സമ്പന്നമായ മലങ്കര മാർത്തോമ്മാ സഭയ്ക്ക് അമരക്കാരനായിരിപ്പാൻ ദൈവം നൽകിയ വരദാനമാണ് അഷ്ടമുടിയുടെ ഇഷ്ടപുത്രനായ ഡോ തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ. സുതാര്യവും സുവ്യക്തവുമായ ജീവിതദർശനംകൊണ്ടണ്ട് തനതായ പാത തെരഞ്ഞെടുത്തിട്ടുള്ള തിരുമേനി മലബാറിനോട് പ്രത്യേക ആത്മബന്ധം പുലർത്തുന്ന ശ്രേഷ്ഠാചാര്യനാണ്. അസാധരണമായ ഒരു ദശാസന്ധിയിലാണ് 22-ാം മാർത്തോമ്മായുടെ ചുമതലയേറ്റത്. സംഘർഷഭരിതമായ സമകാലിക സാഹചര്യങ്ങളിൽ, ബന്ധങ്ങളിൽ സ്നേഹസുഗന്ധം നിറച്ച് കർമ്മങ്ങളിൽ

കരുത്തുറ്റ നേതൃത്വം നൽകി സഭാനൗകയെ പുത്തൻശ്രേണിയിലേക്ക് നയിപ്പാൻ സർവ്വശക്തനായ ദൈവം തിരുമേനിക്ക് തുണയേകട്ടെ എന്ന പ്രാർത്ഥനയോടെ കുന്നംകുളം-മലബാർ ഭദ്രാസനം പ്രാർത്ഥനാപൂർവ്വം അഭിനന്ദനങ്ങൾ അർപ്പിക്കുന്നു, ആശംസകൾ നേരുന്നു.

ഭദ്രാസനം/ഭദ്രാസന കൗൺസിൽ: ഉത്തര കേരളത്തിലെ തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ള ഏഴു ജില്ലകളിലും, ഗൂഡല്ലൂരിലും, ഷാർജ്ജായിലുമുൾപ്പെടെ വ്യാപിച്ചു കിടക്കുന്ന ബൃഹത്തായ കുന്നംകുളം - മലബാർ ഭദ്രാസനത്തെ എട്ടു സെന്ററുകളായി തിരിച്ചിരിക്കുന്നു. 69 ഇടവകകൾ, 8 കോൺഗ്രിഗേഷനുകൾ, 24 മിഷൻ ഫീൽഡുകൾ, 20 സ്ഥാപനകൾ എന്നിവയുടെ ആദ്ധ്യാത്മികവും, സാമൂഹികവും, സാംസ്ക്കാരികവും, വിദ്യാഭ്യാസപരവുമായ വളർച്ചയ്ക്ക് ഊന്നൽ നൽകി. റിപ്പോർട്ട് വർഷം കോവിഡ് 19 മൂലമുണ്ടായ പരിമിതികൾക്കുള്ളിലും ഭദ്രാസന കൗൺസിൽ 4 തവണ കൂടുകയും ആവശ്യമായ തീരുമാനങ്ങളെടുത്ത് നടപ്പിലാക്കുകയും ചെയ്തു.

സന്ദർശനങ്ങളും, ശുശ്രൂഷകളും: കോവിഡ് 19 ലോക്ക്ഡൗൺമൂലം ഇടവക സന്ദർശനങ്ങൾ പരിമിതപ്പെട്ട സംവത്സരമായിരുന്നു 2020-21. എന്നാൽ ഇടവകകളോടനുബന്ധിച്ചുള്ള ഇടവകദിനം, വാർഷികങ്ങൾ, കൺവൻഷനുകൾ എന്നിവയ്ക്ക് കഴിയുന്നിടത്തോളം നേരിലും അതിന് സാധിക്കാത്തിടത്ത് വെർചൽ പ്ലാറ്റ്ഫോമിലും പങ്കെടുത്ത് ആത്മീയ നേതൃത്വവും, പ്രബോധനങ്ങളും നൽകുകയുണ്ടായി. ഷാർജ്ജായുൾപ്പെടെ വിദേശ ഇടവകകളുടെ കൺവൻഷനുകൾ, ഇടവകദിനങ്ങൾ, മേഖലാ സമ്മേളനങ്ങൾ, ക്രിസ്തുമസ്സ് സംഗമങ്ങൾ എന്നിവയ്ക്ക് ഓൺലൈനിൽ നേതൃത്വം നൽകി.

സ്ഥാപനങ്ങളും നേതൃത്വവും: ഭദ്രാസനത്തിന്റെ രജിസ്ട്രേർഡ് സൊസൈറ്റിയായ കുന്നുകുളം- മലബാർ ഭദ്രാസന വികസന, ക്ഷേമകാര്യ സംഘത്തിനുകീഴിലുള്ള 18 സ്ഥാപനങ്ങളുടെയും 2 പദ്ധതികളുടെയും പ്രാദേശിക ഉപദേശകസമിതികൾക്ക് നേതൃത്വം നൽകുകയും, ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. വിവിധ സ്ഥാപനങ്ങൾക്ക് നേതൃത്വം നൽകുന്ന വൈദികരുടെയും സഹപ്രവർത്ത കരുടെയും മീറ്റിംഗുകൾ നേരിട്ടും ഓൺലൈനിലും കൂടുകയും ആവശ്യമായ ഉപദേശവും, പ്രോത്സാഹനവും നൽകുകയും ചെയ്തു. അതുകൂടാതെ ഗൂഡല്ലൂർ എഡ്യൂക്കേഷണൽ സൊസൈറ്റി, ചുങ്കത്തറ മാർത്തോമ്മാ കോളേജ്, കാസർഗോഡ് കോളേജ് ഫോർ ഹിയറിംഗ് ഇംപയേർഡ്, തൃശ്ശൂർ രവിവർമ്മ മന്ദിരം എന്നിവയുടെ ഗവേണിംഗ് ബോർഡുകൾക്ക് അദ്ധ്യക്ഷത വഹിക്കുകയും, നേതൃത്വം നൽകുകയും ചെയ്തു.

കോവിഡ് 19 റീലീഫ് പ്രവർത്തനങ്ങൾ: അപ്രതീക്ഷിതമായുണ്ടായ രോഗബാധയും അതിന്റെ വ്യാപനവും ദിവസക്കൂലിക്കാർ, ട്യൂഷൻ സെന്റർ നടത്തിപ്പുക്കാർ, ഭിന്നലിംഗക്കാർ, ചെറുകിടവ്യാപാരികൾ എന്നിവരുടെ നിലനില്പിന് ഭീഷണി ഉയർത്തിയപ്പോൾ, അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തി. വീട്ടുവാടക, കുട്ടികളുടെ ഫീസ്, പഠനസാമഗ്രികൾ, ഭക്ഷ്യക്കിറ്റുകൾ എന്നിവ ക്രമമായി വിതരണം ചെയ്യുന്നതിനും പഞ്ചായത്തിന്റെ സാമൂഹ്യ അടുക്കളയിലേക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ എത്തിച്ചുകൊടുക്കുന്നതിനും, ഭദ്രാസനത്തിലെ വൈദികരെ ഏകോപിപ്പിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് ഉദാരമായി സംഭാവന നൽകുന്നതിനും നേതൃത്വം നൽകി. ഭിന്നലിംക്കാർക്ക് സ്വയംതൊഴിലിലൂടെ വരുമാനമാർക്ഷം കണ്ടെത്തുന്നതിനും, മേഖലാടിസ്ഥാനത്തിൽ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്യുന്നതിനും മുൻകയ്യെടുത്തു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനങ്ങളിലെ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി ടെലിവിഷൻ, മൊബൈൽ ഫോൺ എന്നിവ നൽകി സഹായിച്ചു.

പ്രളയ ദുരന്ത പുനരധിവാസ പദ്ധതി: 2018 ലും 2019 ലും ജലപ്രളയം ദുരിതം വിതച്ച മലബാറിലെ പ്രളയ ബാധിതരെ സഹായിക്കുന്ന പുനരധിവാസ പദ്ധതി ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. ഭദ്രാസനത്തിലെ വൈദികരെ മുന്നിൽ നിർത്തി പ്രളയബാധിത മേഖലകളിലുള്ളവരെ സുരക്ഷിത ഇടങ്ങളിലേക്ക് മാറ്റുന്നതിനും, വീടുകൾ ശുചിയാക്കുന്നതിനും, ഭക്ഷ്യവസ്തുക്കൾ, വസ്ത്രം, മരുന്നുകൾ ഇത്യാദി അവശ്യവസ്തുക്കൾ അടിയന്തിരമായി വീടുകളിൽ വിതരണം ചെയ്യുന്നതിനും, വീടുകൾ വാസയോഗ്യമാക്കുന്നതിനും നേതൃത്വം നൽകി. ഭവനം നഷ്ടപ്പെട്ടവരോ ഭവനരഹിതരോ ആയ ചുങ്കത്തറ മാർത്തോമ്മാ സ്കൂളിലെ 27 കുട്ടികൾക്ക് സ്കൂളിന്റെ നേതൃത്വത്തിൽ ഭദ്രാസനത്തിന്റെയും മറ്റനേകരുടെയും സഹായത്തോടെ ഭവനങ്ങൾ നിർമ്മിച്ചുനൽകി. ഷാർജ്ജാ, അബുദാബി ഇടവകകളുടെയും ചെങ്ങന്നൂർ - മാവേലിക്കര ഭദ്രാസനത്തിന്റെയും സഹകരണത്തോടെ 14 വീടുകൾ നിർമ്മിച്ചു നൽകുവാൻ സാധിച്ചു. ചുങ്കത്തറ സെന്ററിലും കോഴിക്കോട് സെന്ററിലുമായി 5 ഭവനങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു.

കാവൽ ഡേ കെയർ, കോട്ടൂപ്പാടം: ഭിന്നശേഷിക്കാരുടെ പരിശീലനത്തിനും പുനരധിവാസത്തിനുമായി കോഴിക്കോട് കോട്ടൂപ്പാടം ധ്യാനാശ്രമത്തോട് ചേർന്ന് തുടക്കംകുറിച്ച കാവൽ ഡേ കെയർ പദ്ധതി നാലാം വർഷത്തിലേക്ക് പ്രവേശിച്ചു. ഭിന്നശേഷിക്കാരായ കുട്ടികളായതിനാൽ കോവിഡ് 19 വ്യാപനകാലം ഡേ കെയർ പ്രവർത്തലസജ്ജമായില്ല എന്നാൽ ഡയറക്ടർ ദിവ്യശ്രീ. കെ.ജി. തോമസ് കശ്ശീശായും അദ്ധ്യാപികയായ ശ്രീമതി. ഷൈമയും സഹായിയായ ശ്രീമതി ഗീതയും, പാചക വൃത്തിയിൽ സഹായിക്കുന്ന ശ്രീമതി പുഷ്പയും കുട്ടികളുടെ ഭവനങ്ങളിൽ ആവശ്യമായ കൈത്താങ്ങൽ നൽകുന്നു. ഈ പദ്ധതിയെ സഹായിക്കുന്ന ഷാർജ്ജാ മാർത്തോമ്മാ ഇടവകയോടും വികാരിമാരോടും കൈസ്ഥാന സമിതിയംഗങ്ങളോടും ഭദ്രാസന ത്തിന്റെ നന്ദിയറിയിക്കുന്നു.

കരുതൽ പുനരധിവാസ പദ്ധതി: അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ ജന്മശതാബ്ദി പ്രോജക്ടായി തുടക്കം കുറിച്ച ജയിൽ വാസികളുടെ കുടുംബാംഗങ്ങളുടെ പുനരധിവാസ പദ്ധതിയായ കരുതൽ നാലാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. തന്നാണ്ടിലും 20 കുടുംബങ്ങൾക്ക് ഈ പദ്ധതിയിലൂടെ പ്രയോജനം ലഭിക്കുന്നു. കുടുംബാംഗങ്ങളുടെ സംരക്ഷണം, കുട്ടികളുടെ പഠനം, ട്യൂഷൻ, ഉന്നത വിദ്യാഭ്യാസത്തിന് കുട്ടികളെ ഒരുക്കുന്ന പ്രത്യേക പരിശീലനം എന്നീ മേഖലകളിൽ കരുതൽ പ്രവർത്തിക്കുന്നു. കഴിഞ്ഞ അദ്ധ്യയനവർഷം എസ് എസ് എൽ സി പരീക്ഷയിൽ കൂടുതൽ മാർക്ക് വാങ്ങിയ കരുതൽ കുടുംബാംഗം ഇസ്ഹാന ജാസ്മിൻ കെ. യ്ക്കും പ്ലസ് ടു വിന് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ കരുതൽ കുടുംബാംഗം പ്രവീൺകുമാർ റ്റി കെ യ്ക്കും റിട്ടയേർഡ് ജസ്റ്റീസ് ശ്രീ. സി.സി. സഖറിയാ മെമ്മോറിയൽ എൻഡോവ്മെന്റിൽ നിന്നും സ്ക്കോളർഷിപ്പ് നൽകി സഹായിച്ചു.

മാനസികാരോഗ്യ കേന്ദ്രങ്ങളിലൂടെ: മാനസികാരോഗ്യകേന്ദ്രങ്ങളിലെ ചികിത്സക്കുശേഷം സൗഖ്യം പ്രാപിച്ചിട്ടും സ്വഭവനങ്ങളിൽ ചേർത്തുകൊള്ളപ്പെടാത്തതിനാൽ ദീർഘവർഷങ്ങളായി ആരോഗ്യകേന്ദ്രങ്ങളിൽ തന്നെ കഴിയേണ്ടിവരുന്ന നിസ്സഹായരായ പുരുഷന്മാരുടെയും സ്ത്രീകളുടെയും പുനരധിവാസാർത്ഥം കാടമനയിൽ ആരംഭിച്ച പ്രശാന്ത് ഭവൻ, ഉപ്പട കരുണാലയം എന്നീ ഹാഫ് വേ ഹോമുകൾ (സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്റേഴ്സ്) വളരെ പ്രയോജനപ്രദമായി പ്രവർത്തിക്കുന്നു. പ്രശാന്തഭവൻ മൂന്ന് വർഷങ്ങൾ പിന്നിട്ട് നാലാം വർഷത്തിലും കരുണാലയം രണ്ട് വർഷം പിന്നിട്ട് മൂന്നാം വർഷത്തിലും ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു. രണ്ട് ഹാഫ് വേ ഹോമുകൾക്കും സിവിൽ സപ്ലൈസ് വകുപ്പിന്റെ റേഷനും കേരള സർക്കാരിന്റെ കമ്മ്യൂണിറ്റി ഹെൽത്ത് വർക്കേഴ്സിന്റെ സേവനവും ലഭിക്കുന്നു.

സേവ് എ ഹാർട്ട്: അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ പട്ടത്വ വജ്രജൂബിലി പ്രോജക്ടായി നിർധനകുടുംബങ്ങളിലെ ഹൃദ്രോഗികളായ കുട്ടികളുടെയും മുതിർന്നവരുടെയും ചികിത്സയ്ക്കും, ശസ്ത്രക്രീയക്കും സഹായിക്കുന്ന പദ്ധതിയാണ് സേവ് എ ഹാർട്ട്.

പരുമല മാർഗ്രിഗോറിയോസ് കാർഡിയോ വാസ്ക്കുലാർ സെന്ററുമായി സഹകരിച്ച് 5 കുട്ടികളുടെ ഹൃദയ ശസ്ത്ര ക്രീയയിൽ സാമ്പത്തിക സഹായം നൽകുകയുണ്ടായി. 18 വയസ്സുവരെയുള്ള കുട്ടികളുടെയും കൗമാരക്കാരുടെയും ഹൃദയശസ്ത്രക്രീയ സർക്കാർ സൗജന്യമായി ചെയ്യു മെങ്കിലും ശസ്ത്രക്രീയയ്ക്കാവശ്യമായ അനുബന്ധ വസ്തു ക്കൾക്ക് ദൗർലഭ്യം നേരിടുന്നതിനാൽ കോഴിക്കോട് മെഡി ക്കൽ കോളേജിന് അങ്ങനെയുള്ളവ തന്നാണ്ടിലും നൽകി. ഇടവക സന്ദർശനവേളയിലെ സ്തോത്രകാഴ്ച സേവ് എ ഹാർട്ട് പദ്ധതിക്കായി ഉപയോഗിക്കുന്നു.

കൂദാശകൾ: റിപ്പോർട്ട് വർഷം 2020 ജൂലൈ 12-ന് നടത്തിയ അഭി ഡോ ഗീവർഗ്ഗീസ് മാർ തിയോഡോഷ്യസ് സഫ്രഗൻ മെത്രാപ്പോലീത്താ നിയോഗ ശുശ്രൂഷയിലും 2020 നവംബർ 14ന് നടന്ന അഭി. ഡോ തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ നിയോഗ ശുശ്രൂഷയിലും സംബന്ധിച്ചു. പുതിയതായി നിർമ്മിച്ച പെങ്ങാമുക്ക് സെന്റ് തോമസ് മാർത്തോമ്മാ ദൈവാലയത്തിന്റെ കൂദാശ 2021 ഫെബ്രുവരി 6 ശനിയാഴ്ച വൈകുന്നേരം 6 മണിക്ക് നിർവ്വഹിച്ചു. പെണ്ണു ക്കര സെന്റ് തോമസ് മാർത്തോമ്മാ ഇടവകയിൽ തണഞ്ചേ രിൽ ദിവ്യശ്രീ റ്റി.എം. ഫിലിപ്പ് കശ്ശീശായുടെ മകൻ ഫിബിൻ സാക് ഫിലിപ്പിന്റെയും കല്ലോത്ത്തറയിൽ ജിതിൻ കെ. വർഗ്ഗീസിന്റെയും ശെമ്മാശ് പട്ടംകൊട ശുശ്രൂഷയ്ക്ക് 2021 ജനുവരി 11-ന് പെണ്ണുക്കര സെന്റ് തോമസ് മാർത്തോമ്മാ പ്പള്ളിയിൽ നേതൃത്വം നൽകി. കമ്പളന്താനം സെന്റ് ജോൺസ് മാർത്തോമ്മാ ഇടവകയിൽ കോലത്ത് ശ്രീ ജെസ്വിൻ സൈമൺ ജോൺ, ഷാർജ്ജാ മാർത്തോമ്മാ ഇടവകയിൽ കൊളഞ്ഞിക്കൊമ്പിൽ ശ്രീ ജിബിൻ മാത്യു ജോയി, അയിരൂർ കർമ്മേൽ മാർത്തോമ്മാ ഇടവകയിൽ പെരുമ്പൊയ്കയിൽ ശ്രീ വിനീത് ഈശോ തോമസ് എന്നി വരുടെ ശെമ്മാശ് പട്ടംകൊട ശുശ്രൂഷയ്ക്ക് 2021 ജനുവരി 21 വ്യാഴാഴ്ച കമ്പളന്താനം സെന്റ് ജോൺസ് മാർത്തോമ്മാ പള്ളിയിൽ നേതൃത്വം നൽകി. 2021 മാർച്ച് 2-ന് നടന്ന എരി മയൂർ മാർത്തോമ്മാ എൽ പി സ്കൂൾ പുതിയതായി നിർമ്മിച്ച ഡോ. ജോസഫ് മാർത്തോമ്മാ മെമ്മോറിയൽ ബ്ലോക്കിന്റെ കൂദാശയിൽ അഭി. ഡോ തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായോടൊപ്പം സഹകാർമ്മി കനായി പങ്കെടുത്തു

വൈദിക കൂട്ടായ്മ: ഭദ്രാസനത്തിലെ ഷാർജ്ജാ ഒഴിച്ചുള്ള 7 സെന്ററുകളിലെയും വൈദികരുടെ കൂട്ടായ്മകൾ മൂന്നു മാസത്തിലൊരിക്കൽ ക്രമമായി നടത്തിവരുന്നു. ഒരുമിച്ചു കൂടുവാൻ അസൗകര്യം നേരിട്ടപ്പോൾ ഓൺലൈനിൽ വൈദിക സമ്മേളനങ്ങൾ നടത്തി. വൈദിക കൂട്ടായ്മകളിൽ വൈദികർ തങ്ങളുടെ ഇടവകകളെക്കുറിച്ചും സ്ഥാപനങ്ങ ളെക്കുറിച്ചും കാണുന്ന സ്വപ്നങ്ങൾ പങ്കുവയ്ക്കുകയും അവയുടെ സഫലീകരണത്തിന്റെ പുരോഗതി തുടർന്നുള്ള മീറ്റിംഗുകളിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ 2020 നവംബർ 26-ന് ഓൺലൈ നിൽ നടത്തിയ സഭയിലെ വാർഷിക വൈദിക സമ്മേള നത്തിൽ സംബന്ധിച്ചു.

സുവിശേഷകരുടെ സമ്മേളനവും പരിശീലനവും: ഭദ്രാസനത്തിലെ സുവിശേഷകരുടെ സമ്മേളനം സാധാരണ ഭദ്രാസന കൺവൻഷനോടനുബന്ധിച്ച് നടത്തുക പതിവാ യിരുന്നുവെങ്കിലും കോവിഡ് രോഗവ്യാപനത്തിന്റെ പഞ്ചാ ത്തലത്തിൽ അതിന് സാധിച്ചില്ല. എന്നാൽ 2020 ഏപ്രിൽ 11 -ന് ഓൺലൈനിൽ ഭദ്രാസന സുവിശേഷകരുടെ സമ്മേ ളനം നടത്തപ്പെട്ടു.

കൺവൻഷനുകൾ: കോട്ടയം-കൊച്ചി ഭദ്രാസന കൺവൻ ഷന്റെ സമാപന സമ്മേളനത്തിൽ സംബന്ധിച്ച് വിശുദ്ധ കുർബ്ബാനയ്ക്ക് നേതൃത്വം നൽകുകയും സമാപന സന്ദേശം നൽകുകയും ചെയ്തു. 2021 ജനുവരി 28 വ്യാഴാഴ്ച മുതൽ 31 ഞായറാഴ്ചവരെ നടത്തിയ 68-ാമത് ഭദ്രാസന കൺവൻഷന് നേതൃത്വം നൽകി. ജനുവരി 28ന് നടന്ന ഉദ്ഘാടനയോഗവും 31ന് നടന്ന സമാപനയോഗവും ചുങ്ക ത്തറ ശാലേം മാർത്തോമ്മാ പള്ളിയിൽ നടത്തപ്പെട്ടു. ജനു വരി 29ന് എടക്കര ഇമ്മാനുവേൽ മാർത്തോമ്മാ പള്ളിയിലും 30ന് നിലമ്പൂർ സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിലും നടത്തപ്പെട്ടു. വ്യാഴം വെള്ളി ദിവസങ്ങളിൽ റവ എ.റ്റി. സഖ റിയായും ശനി, ഞായർ ദിവസങ്ങളിൽ റവ ഷാജി തോമസും നേതൃത്വം നൽകി. ഭദ്രാസന സംഘടനകളുടെ സമ്മേളനം ജനുവരി 29 വെള്ളിയാഴ്ച രാവിലെ ചുങ്കത്തറ ശാലേം മാർത്തോമ്മാ പള്ളിയിലും സമർപ്പിതരായ കുട്ടിക ളുടെ പ്രതിഷ്ഠാ ശുശ്രൂഷ 30 ശനിയാഴ്ച നടത്തപ്പെട്ടു. കൺവൻഷന്റെ എല്ലാ യോഗങ്ങളിലും അദ്ധ്യക്ഷനായി നേതൃത്വം നൽകി. അതുപോലെ 2021 ഫെബ്രുവരി 14 മുതൽ 21 വരെ നടന്ന 126-ാമത് മാരാമൺ കൺവൻഷനിൽപൂർണ്ണ സമയം സംബന്ധിക്കുകയും 15-ന് യോഗത്തിൽ പ്രസംഗി ക്കുകയും ചെയ്തു. സ്വദേശത്തും വിദേശത്തുമുള്ള പല ഇടവകകളുടെയും കൺവൻഷൻ യോഗങ്ങളിൽ ഓൺലൈ നിൽ സംബന്ധിച്ച് സന്ദേശങ്ങൾ നൽകി.

ലഹരി വിമോചന പ്രവർത്തനങ്ങൾ: ഭദ്രാസനത്തെ ലഹരി മുക്തമാക്കുവാൻ ഭദ്രാസന ലഹരി വിമോചന സമിതിക്ക് രൂപം നൽകുകയും, വിവിധ സെന്റർ തലത്തിൽ സമിതി കൾ രൂപീകരിക്കുകയും, ഇടവകകളിൽ നിന്നുള്ള പ്രതിനി ധികൾക്ക് ലഹരി വിമോചന പ്രവർത്തനങ്ങൾക്ക് പരിശീ ലനം നൽകുകയും, സെന്റർ തലങ്ങളിൽ ബോധവത്കത ണ, ചികിത്സാ ക്യാമ്പുകൾ ക്രമീകരിക്കുകയും, ഇടവകതല ങ്ങളിൽ ലഹരിയാസക്തരെ സൗഖ്യജീവിതത്തിലേക്ക് നയി ക്കുകയും ചെയ്യുന്ന ശുശ്രൂഷ തുടരുന്നു. 2021 ജനുവരി 21 ഞായറാഴ്ച നടന്ന 68-ാമത് ഭദ്രാസന കൺവൻഷന്റെ സമാ പനയോഗത്തിൽ നിന്നും മദ്യത്തിൽനിന്നും ലഹരിമരുന്നു കളിൽനിന്നും മുക്തരായവർ തങ്ങളുടെ അനുഭവസാക്ഷ്യം പറയുകയും ചെയ്തു.

കരുണ ഡോ തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പാ ഷഷ്ട്യബ്ദപൂർത്തി ഡീ അഡിക്ഷൻ സെന്റർ: വർദ്ധിച്ചുവ രുന്ന ലഹരി ഉപയോഗം കുട്ടികളുടെയും യുവജന ങ്ങളുടെയും ഭാവിയെ തകർത്തെറിയുന്നതിനാൽ സഭ അടി യന്തിരമായി ഇടപെടേണ്ടതുണ്ടെന്ന തിരിച്ചറിവിൽ നിന്നും രൂപംകൊണ്ട പദ്ധതിയാണ് കരുണ ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പാ ഷഷ്ട്യബ്ദപൂർത്തി ഡീ അഡി ക്ഷൻ സെന്റർ. സൈക്ക്യാട്രിക് ചികിത്സാ ഉൾപ്പെടെ ആധു നിക സൗകര്യങ്ങളോടുകൂടിയ ഒരു ലഹരി വിമോചന കേന്ദ്രത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

വചന വർഷാചരണം: ദൈവവചനം ജീവനുള്ളതും ജീവി പ്പിക്കുന്നതുമാകയാൽ കോവിഡ് 19 ലോക്ക്ഡൗൺ കാലത്ത് അനുദിന ജീവിതത്തിന് പ്രകാശമേകുവാനും ഇരുൾ നിറ യുന്ന ചുറ്റുപാടുകളിൽ പ്രകാശമാകുവാനും വിശ്വാസ സമൂ ഹത്തെ ഒരുക്കുന്നതിന് 2020-21 വചന വർഷമായി ആചരി ച്ചു. കുടുംബങ്ങളിലും ഇടവകകളിലും ക്രമമായി വചന പാരായണവും പഠനവും നടത്തുന്നതിനും പ്രാധാന്യം നൽകിയ സംരംഭത്തിൽ ഭദ്രാസനം ഒന്നടങ്കം പങ്കുചേർന്നു. പല ഇടവകകളും ഇടവകാംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് വേദപുസ്തകത്തിന്റെ കയ്യെഴുത്ത്പ്രതി തയ്യാറാക്കി. അതു കൂടാതെ വേദപുസ്തക പഠിതാക്കളെ സഹായിക്കുന്നതിന് ഡോ മോഹൻ വി പോളിന്റെ നേതൃത്വത്തിൽ 2020 ജനു വരി 1 മുതൽ 26 വരെ ഓൺലൈനിൽ "വോക്ക് ത്രൂ ദ ബൈബിൾ" (walk through the Bible) എന്ന പഠന പദ്ധതി ഒരുക്കിയത് അനേകർക്ക് പ്രയോജനകരമായി.

കാരുണ്യ കൗൺസെലിംഗ് സെന്റർ: കോവിഡ് 19 രോഗവും വ്യാപനവും ബന്ധങ്ങൾ സംഘർഭരിതമായിത്തീരുകയും വ്ക്തികളും കുടുംബങ്ങളും പ്രതിസന്ധികളിലും മാനസി കസംഘർത്തിലകപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ അവർക്ക് സഹായകരമാകുവാൻ ഭദ്രാസനം തുടക്കംകുറിച്ച ശുശ്രൂഷാ പദ്ധതിയാണ് കാരുണ്യ കൗൺസെലിംഗ് സെന്റർ. ഭദ്രാസന കൗൺസിലിന്റെ തീരുമാനപ്രകാരം 2020 ഡിസംബർ 1 ന് കോഴിക്കോട് സെന്റ് പോൾസ് മാർത്തോമ്മാ പള്ളിയിൽ ചേർന്ന ഭദ്രാസന കൗൺസിലിൽ ഔദ്യോഗികമായി ഉദാഘാടനം ചെയ്തു. കോഴിക്കോട് സെന്റ് പോൾസ് മാർത്തോമ്മാ പള്ളി ക്യാമ്പസിൽ പ്രവർത്തനം ആരംഭിച്ച സെന്ററിൽ തുടക്കത്തിൽ ഓൺലൈൻ സർവ്വീസ് നൽകുന്നതും തുടർന്ന് നേരിട്ട് നട

ത്തുന്നതിനുള്ള സ്ഥിരസംവിധാനം ഏർപ്പെടുത്തുന്നതുമാണ്. റവ ഡോ ഏബ്രഹാം കുരുവിളയുടെ വിലപ്പെട്ട സേവനം ഇതിലൂടെ ലഭ്യമാക്കുന്നു.

ഫീൽഡുകളിലൂടെ: ഭദ്രാസനത്തിലെ 24 മിഷൻ ഫീൽഡുകളും സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും പുതിയ സാദ്ധ്യതകൾ കണ്ടെത്തുന്നതിനും നിർദ്ദേശങ്ങൾ നൽകുകയും മിഷൻ കോ ഓർഡിനേറ്ററെ നിയോഗിച്ചു. അദിവാസികളായ സുവിശേഷകരടക്കം 24 സുവിശേഷകർ വിവിധ മിഷൻ ഫീൽഡുകളിൽ സമർപ്പണത്തോടെ പ്രവർത്തിക്കുന്നു. ബത്തേരി പ്രർത്തനമേഖലകളിലെ ട്രൈബൽ കുഞ്ഞുങ്ങളിൽ ഓർഫൻ, സെമി ഓർഫൻ, നിർധന വിഭാഗങ്ങളിൽപ്പെട്ട പെൺകുട്ടികളെ താമസിപ്പിച്ച് മെച്ചപ്പെട്ട പഠനസൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുവാൻ പ്രവർത്തിച്ചുവരുന്ന ജീവൻജ്യോതി ഹോസ്റ്റൽ ആധുനിക സൗകര്യങ്ങളോടെ കൂടുതൽ കുട്ടികൾക്ക് പ്രയോജനകരമാംവിധം വികസിപ്പിക്കുവാൻ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.

ഭദ്രാസനം നേതൃത്വം നൽകുന്ന ജീവകാരുണ്യ, സാമൂഹ്യ, ക്ഷേമ, വികസനപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു. ബഹുമാനപ്പെട്ട എപ്പിസ്ക്കോപ്പൽ സിനഡ് യോഗങ്ങളിലും, കൗൺസിൽയോഗങ്ങളിലും പരമാവധി സംബന്ധിച്ചു. ഭദ്രാസനത്തിലെ സണ്ടേസ്കൂൾ, യുവജനസഖ്യം, സേവികാസംഘം, സന്നദ്ധസുവിശേഷകസംഘം എന്നിവയുടെ പഠനസമ്മേളനങ്ങൾ, കോൺഫ്രൻസുകൾ, വാർഷിക സമ്മേളനങ്ങൾ എന്നിവയ്ക്ക് നേതൃത്വം നൽകി. സഭയുടെ ബി സി ഡി സി യുടെ അദ്ധ്യക്ഷനായി മീറ്റിംഗുകൾക്ക് നേതൃത്വം നൽകി. ബഹുമാനപ്പെട്ട എപ്പിസ്ക്കോപ്പൽ സിനഡിന്റെ നിയോഗപ്രകാരം മാർത്തോമ്മാ യുവജനസഖ്യത്തിന്റെ അദ്ധ്യക്ഷപദവിയ്ക്കടുത്ത ഉത്തരവാദിത്വങ്ങൾ നിർവ്വഹിച്ചു.

ഈ ലോകംമുഴുവൻ കാലുഷ്യങ്ങളില്ലാത്ത കൻമഷങ്ങളില്ലാത്ത ശത്രുതയില്ലാത്ത കേവലസ്നേഹവും വാത്സല്യവും മാത്രം ബാക്കിനിൽക്കുന്ന ഒരിടമായി മാറ്റുവാൻ കോവിഡ് 19 കാലം മനുഷ്യരാശിയെ പരിശീലിപ്പിച്ചു. മനുഷ്യനെ ആകമാനം ഒന്നായി കാണുകയും മനുഷ്യനും പ്രകൃതിയും ചരാചരങ്ങളും ഒത്തുചേരുന്ന ഒരു സാകല്യത്തിലേക്ക് നമ്മെ കൂടുതൽ ആനയിക്കുകയും ചെയ്യാത്തതെന്തും തെറ്റാണെന്ന ബാലപാഠവും നമ്മെ അനുസ്മരിപ്പിച്ചു. തെറ്റുകൾ ആവർത്തിക്കാതിരിപ്പാൻ നമുക്ക് ജാഗ്രതപുലർത്താം. റിപ്പോർട്ടു വർഷം ഭദ്രാസനത്തിന്റെ പ്രവർത്തനങ്ങൾ ഭംഗിയായി നിർവഹിപ്പാൻ സഹായിച്ച ദൈവത്തിന്റെ വലിയകൃപ നന്ദിപൂർവ്വം സ്മരിക്കുന്നു. അഭിവന്ദ്യ വലിയ മെത്രാപ്പോലീത്താ തിരുമേനി, മെത്രാപ്പോലീത്താ തിരുമേനി, മറ്റു തിരുമേനിമാർ, വികാരി ജനറാൾമാർ, വൈദികർ,കൗൺസിലംഗങ്ങൾ, അസംബ്ലിയംഗങ്ങൾ, സുവിശേഷകർ, സ്വമേധാശുശ്രൂഷകർ, ആഫീസ് പ്രവർത്തകർ ഏവരുടെയും കലവറകൂടാത്ത സഹകരണത്തിനും, പ്രാർത്ഥനയ്ക്കും ഹൃദയംഗമമായ നന്ദി.

3. ഭദ്രാസന പ്രവർത്തനങ്ങൾ

3.1. നിരണം - മാരാമൺ ഭദ്രാസനം

ഭദ്രാസനം: നിരണം, തിരുവല്ലാ വെസ്റ്റ്, തിരുവല്ലാ ഈസ്റ്റ്, ഇരവിപേരൂർ, മാരാമൺ, കോഴഞ്ചേരി, എന്നീ ആറു സെന്ററുകളിലായി 82 ഇടവകകളും ഗൾഫ് മേഖലയിൽ 5 ഇടവകകളും (ബഹ്റിൻ-2, കുവൈറ്റ്-2, സൗദിഅറേബ്യ-1) മറ്റ് മേഖലയിൽ 2 ഇടവകകളും (സതേൺ ആഫ്രിക്ക-1, നൈജീരിയ-1) ഉൾപ്പെടെ 89 ഇടവകകളും സജീവ സേവനത്തിൽ 99 പട്ടക്കാരും, റിട്ടയർ ചെയ്ത 57 പട്ടക്കാരും ഈ ഭദ്രാസനത്തിലുണ്ട്. ഭദ്രാസനത്തിന്റെ ചുമതലയിലുള്ള ഖരിയാർ റോഡിലെ ഒറീസ്സാ മിഷനിൽ രണ്ടു വൈദികരും, 6 സുവിശേഷകരും സേവനം അനുഷ്ഠിക്കുന്നു. കൂടാതെ ചേന്നങ്കരി - കിടങ്ങറ മിഷൻ സെന്ററുകൾ, കുമ്പനാട് കടപ്രഡി-അഡിക്ഷൻ & കുടുംബ സംപുഷ്ടീകരണ കേന്ദ്രം എന്നിവിടങ്ങളിൽ താമസിച്ച് പ്രവർത്തിക്കുന്ന സുവിശേഷകർ ഉൾപ്പടെ കേരളത്തിൽ 4 സുവിശേഷകരും ഉണ്ട്.

നേതൃത്വം: അഭിവന്ദ്യ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി 2020 ഒക്ടോബർ വരെ ഭദ്രാസനത്തിന് ധന്യമായ നേതൃത്വം നൽകി. തുടർന്ന് നവംബർ മുതൽ അഭിവന്ദ്യ തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ ഭദ്രാസനത്തിന്റെ എല്ലാ പ്രവർത്തനങ്ങൾ ക്കും നേതൃത്വം നൽകുന്നു. ഭദ്രാസന സെക്രട്ടറിയായി റവ. ജോജൻ മാത്യൂസ് ജോണും ട്രഷറാറായി അഡ്വ.അൻസിൽ സഖറിയായും സേവനം അനുഷ്ഠിച്ചു. 28 അംഗങ്ങൾ ഉൾപ്പെടുന്ന ഭദ്രാസന കൗൺസിലും, വിവിധ ഉപസമിതികളും, സംഘടനകളും ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നു.

ഓഡിറ്റേഴ്സ്: കൗൺസിലംഗങ്ങളായ ശ്രീ. ജോസഫ് ചാക്കോ, അഡ്വ.കുര്യൻ ജോസഫ് എന്നിവർ ഇന്റേ ണൽ ഓഡിറ്ററർമാരായും, M/s.തോമസ് മാത്യു ആൻഡ് അസോസിയേറ്റ്സ്, തിരുവല്ല എക്സ്റ്റേ ണൽ ഓഡിറ്ററായും സേവനമനുഷ്ഠിച്ചു.

ഭദ്രാസന ഓഫീസ്: തിരുവല്ല എസ്.സി.എസ്. ക്യാംപസിലുള്ള റ്റി.എം.എ.എം. മെമ്മോറിയൽ ബ്ലോക്കിൽ ഭദ്രാസന ഓഫീസ് പ്രവർത്തിക്കുന്നു. ശ്രീ.കെ.കെ.തോമസ് സീനിയർ ക്ലാർക്കായും, ശ്രീ.ചെറിയാൻ തോമസ് ക്ലാർക്കായും, ശ്രീ.ബിജു കെ.എസ്. ഓഫീസ് പ്യൂണായും പ്രവർത്തിക്കുന്നു.

ഭദ്രാസന അസംബ്ലി: ഭദ്രാസന അസംബ്ലിയുടെ 2019-2020ലെ വാർഷികയോഗം 2021 ഏപ്രിൽ 9 വെള്ളിയാഴ്ച ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ തിരുവല്ല സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ (വി.ജി.എം.ഹാൾ) നടന്നു. ഭദ്രാസനത്തിന്റെയും, ഒറീസാമിഷൻ, ആനപ്രാമ്പാൽ ജെ.എം.എം.ജൂബിലി മന്ദിരം എന്നിവയുടെയും 2019-2020ലെ പ്രവർത്തന റിപ്പോർട്ടുകൾ ഉൾപ്പെടുന്ന ഭദ്രാസനത്തിന്റെ 2019-2020ലെ വാർഷിക റിപ്പോർട്ടും, വരവ് ചെലവ് തെരട്ടും, 2020-2021ലെ ബഡ്ജറ്റും പാസ്സാക്കി.

ഭദ്രാസനദിനം: ഭദ്രാസനത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുന്നതിനും, പ്രവർ ത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുന്നതിനും സഭാജനങ്ങളെ ഈദൃശ്യ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനുമായാണ് ഭദ്രാസന ദിനം ക്രമീകരിക്കുന്നത്. ഈ വർഷം 2020 നവംബർ 22 ഞായറാഴ്ച ഭദ്രാസനദിനമായി ആചരിച്ചു. ഭദ്രാസനത്തിലെ പള്ളികളിൽ മെത്രാപ്പോലീത്താ തിരുമേനി അംഗീകാരം നൽകിയ സ്തോത്ര ശുശ്രൂഷാക്രമം ഉപയോഗിച്ച് പ്രാരംഭ ശുശ്രൂഷ നടത്തി.

സുവിശേഷ പ്രവർത്തനങ്ങൾ: ഒറീസാ മിഷൻ (ഖരിയാർ റോഡ്): നിരണം - മാരാമൺ ഭദ്രാസനത്തിന്റെ ചുമതലയിൽ 1985ൽ തുടക്കം കുറിച്ചതാണ് ഒറീസ്സായിലെ ഖരിയാർ റോഡ് മിഷൻ ഫീൽഡ്. 120 കിലോമീറ്റർ ചുറ്റളവിൽ, ഖരിയാർ റോഡ്, നിത്യാനന്ദപൂർ, സിൽഡ, തർബോഡ്, മേരിപൂർ, പദംമ്പൂർ, അമൻപുരി, കട്ടാബഞ്ചി, ബാദിഘട, ജാടമുണ്ട, കൊമഖാൻ എന്നിങ്ങനെ പതിനൊന്ന് കേന്ദ്രങ്ങളിലായി മിഷൻ പ്രവർത്തനം നടക്കുന്നു. മിഷനറി റവ.റൊണാൾഡ് രാജു, അസി.മിഷനറി റവ.ക്രിസ്റ്റി ഏബ്രഹാം എന്നിവരെ കൂടാതെ 6 സുവിശേഷകരും വിവിധ കേന്ദ്ര ങ്ങളിൽ താമസിച്ച് പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടക്കുന്നു. ആദിവാസികൾ തിങ്ങിപ്പാർക്കുന്ന ഈ മേഖലയിൽ ഗ്രാമവാസികളുടെ കുട്ടികൾക്കായി രണ്ട് ഹോസ്റ്റലുകൾ നടത്തുന്നു. ആൺകുട്ടികളുടെ നവജീവൻ ഹോസ്റ്റലിൽ 55ഉം, പെൺകുട്ടികളുടെ ബാലികാഭവൻ ഹോസ്റ്റലിൽ 35ഉം കുട്ടികൾ താമസിച്ച് പഠിക്കുന്നു. കൂടാതെ മൂന്ന് വില്ലേജ് ഹോസ്റ്റലുകളിലായി 30 കുട്ടികളും താമസിച്ച് പഠിക്കുന്നു. ഒന്നാം ക്ലാസ്സ് മുതൽ ഡിഗ്രി വരെ പഠിക്കുന്ന കുട്ടികളുണ്ട്. ഭദ്രാസന സേവികാസംഘത്തിന്റെ ചുമതലയിൽ ആണ് ബാലികാഭവന്റെ നടത്തിപ്പ്. എസ്.എസ്. എൽ.സി. കഴിയുന്ന കുട്ടികളെ ഉപരിപഠനത്തിനും അയക്കുന്നു. 10 ബാലാവാടി കളിലൂടെ ഇരുന്നൂറ്റിയൻപതോളം കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നടത്തുന്നു. വിവിധ വില്ലേജുകളിലായി 10 റ്റ്യൂഷൻ സെന്ററുകളും പ്രവർത്തിക്കുന്നു. ആശുപത്രി സന്ദർശനം, ഭവന

സന്ദർശനം, ബോധവൽക്കരണ പരിപാടികൾ, സുവിശേഷ പ്രതി-ലഘുലേഖ വിതരണം, വി.ബി.എസ്., മിഷൻ ടു സ്കൂൾ, ജയിൽ മിനിസ്ട്രി, ഫിലിം മിനിസ്ട്രി, ജാഗ്രതി പ്രയർ, വിദ്യാലയാരംഭ ശുശ്രൂഷ, സൺഡേസ്കൂൾ, യൂത്ത് മീറ്റിംഗ്, ഡി-അഡിക്ഷൻ പരിപാടി, ക്രിസ്തേതർക്കായുള്ള ക്രിസ്തുമസ്, പ്രവർത്തകർക്കായുള്ള റിട്രീറ്റ്, വർക്കേഴ്സ് മീറ്റിംഗ്, ഗ്രൂപ്പ് വർക്ക് എന്നീ പരിപാടികൾ മുടങ്ങാതെ നടത്തി വരുന്നു. ഒറീസാ മിഷന്റെ ചുമതലയിൽ ചത്തീസ്ഗഢ് സംസ്ഥാനത്തെ മഹാസമുദ് ജില്ലയിൽ കൊമാഖാൻ വില്ലേജിൽ പ്രവർ ത്തിക്കുന്ന സ്കൂളായ മാർത്തോമ്മാ ഗുരുകുൽ വിദ്യാപീഠിൽ ഇപ്പോൾ ഇരുന്നോറോളം കുട്ടികൾ പഠിക്കുന്നു. സ്കൂളിന്റെ പ്രവർത്തനം ഏറ്റവും മെച്ചമായ രീതിയിൽ നടക്കുന്നു. മിഷന്റെ പ്രവർത്തനങ്ങൾ നേരിട്ടു കണ്ടു മനസ്സിലാക്കുന്നതിനായി എല്ലാ വർഷവും ഭദ്രാസന സെക്രട്ടറിയുടെ നേതൃത്വത്തിൽ ഭദ്രാസന കൗൺസിലംഗങ്ങൾ ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നിന്നുള്ള അംഗങ്ങൾ എന്നിവരുൾപ്പെട്ട ടീം മിഷൻ സെന്റർ സന്ദർശിക്കുന്നു.

കിടങ്ങറ, ചേന്നങ്കരി മിഷൻ സെന്ററുകൾ: ഭവനസന്ദർശനം, കൂട്ടായ്മ യോഗങ്ങൾ, ദുരിതാശ്വാസ പ്രവർത്തനങ്ങൾ, സാധുജന സഹായം, മെഡിക്കൽ ക്യാമ്പുകൾ, ആരോഗ്യ ബോധവൽക്കരണ സെമിനാറുകൾ, പൾസ് പോളിയോ ക്യാമ്പ്, ദേശീയ ദിനാഘോഷ പരിപാടികൾ, ക്രിസ്മസ്-ഓണഘോഷ പരിപാടി കൾ എ.എ.കൂട്ടായ്മ, ചിൽഡ്രൻസ് ഫെസ്റ്റ് എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. സുവിശേഷകൻ ശ്രീ.സന്തോഷ് ജോർജ്ജ് കുടുംബമായി ചേന്നങ്കരി മിഷൻ സെന്ററിൽ താമസിച്ച് ഈ രണ്ട് സെന്ററുകളുടെയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

അർത്തിശ്ശേരി മിഷൻ മന്ദിരം: ആനപ്രാമ്പാൽ ജെ.എം.എം. ജൂബിലി മന്ദിരത്തിന്റെ ഉടമസ്ഥതയിൽ അർത്തിശ്ശേരിയിൽ മിഷൻ മന്ദിരം ഉണ്ട്.

വിവിധ ഉപസമിതികൾ: ഫിനാൻസ് പഠനവിഭാഗം, മിഷൻ ടു പാരീഷ്, കൗൺസലിംഗ്, മിഷൻ ടൂ സ്കൂൾസ് ഡി-അഡിക്ഷൻ, ഭദ്രാസന ദീപം, പെയ്ൻ & പാലീയേറ്റീവ് കെയർ, വനിതാ ഫോറം മ്യൂസിക് പ്ലസ്സ് മിനിസ്ട്രി, മിഷൻ ബോർഡ്, ഭദ്രാസന കൺവൻഷൻ എന്നീ സബ് കമ്മറ്റികൾ ഭദ്രാസനത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് കൈത്താങ്ങൽ നൽകുന്നു.

നവതി ആഘോഷം: അഭിവന്ദ്യ ഡോ.ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ നവതി ആഘോഷ ഉദ്ഘാടനം 2020 ജൂൺ 29 തിങ്കളാഴ്ച തിരുവല്ല വി.ജി.എം. ഹാളിൽ രാജ്യസഭ മുൻ ഉപാദ്ധ്യഷൻ പ്രൊഫ.പി.ജെ.കുര്യൻ നിർവ്വഹിച്ചു. ശ്രീ.ആന്റോ ആന്റണി എം.പി., ശ്രീ.സജി ചെറിയാൻ എം.എൽ.എ. എന്നിവർ പ്രസംഗിച്ചു. നവതി ആഘോഷങ്ങളുടെ ഭാഗമായി നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി ടി.വി. വിതരണം ചെയ്തു.

ഡോ.ജോസഫ് മാർത്തോമ്മാ അനുസ്മരണം: ഡോ.ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ അനുസ്മരണ സമ്മേളനം 2020 നവംബർ 4 ബുധനാഴ്ച സഭാ ഓഡിറ്റോറിയത്തിൽ അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ നടന്നു. മിസ്സോറാം ഗവർണർ അഡ്വ. പി.എസ്. ശ്രീധരൻപിള്ള സമ്മേളനം ഉദ്ഘാടനം ചെയ്തു. വിവിധ മത-സാംസ്കാരിക-രാഷ്ട്രീയ നേതാക്കന്മാർ പ്രസംഗിച്ചു.

ഭദ്രാസന കൺവൻഷൻ: 9-ാമത് ഭദ്രാസന കൺവൻഷൻ 2021 ഫെബ്രുവരി 4 വ്യാഴം മുതൽ മുതൽ 7 ഞായർ വരെ കോഴഞ്ചേരി സെന്റ് തോമസ്, തലവടി പടിഞ്ഞാറേക്കര, കാവുംഭാഗം എബനേസർ, കിഴക്കന്മുത്തൂർ സെന്റ് പോൾസ് എന്നീ ഇടവകകളിൽ വെച്ച് നടന്നു. ഓൺലൈൻ മുഖേന തൽസമയ സംപ്രേക്ഷണവും ഉണ്ടായിരുന്നു. അഭിവന്ദ്യ ഡോ.തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ കൺവൻഷന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. റവ.ഡോ.കോശി പി.വർഗീസ് കോട്ടയം, റവ.ജോസഫ് ജോണി കോട്ടയം, ബ്രദർ സാജു അയിരൂർ, ബ്രദർ ജോർജ്ജ് ചെറിയാൻ നവജീവോദയം എന്നിവർ വിവിധ യോഗങ്ങളിൽ വചനശുശ്രൂഷ നിർവ്വഹിച്ചു. 7-ാം തീയതി ഞായറാഴ്ച കിഴക്കൻമുത്തൂർ സെന്റ് പോൾസ് മാർ ത്തോമ്മാ പള്ളിയിൽ അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനി വിശുദ്ധ കുർബ്ബാന അർപ്പിച്ചു. തുടർന്ന് അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ സമാപന സമ്മേളനം നടന്നു.

സ്വീകരണം: നവാഭിഷിക്തനായ അഭിവന്ദ്യ ഡോ.തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്ക് ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ 2021 ജനുവരി 16 ശനിയാഴ്ച സഭാ ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന സമ്മേളനത്തിൽ സ്വീകരണം നൽകി. സംസ്ഥാന ഫിഷറീസ് വകുപ്പ് മന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മ സമ്മേളനം ഉദ്ഘാടനം ചെയ്തു. മുൻ കൃഷിവകുപ്പ് മന്ത്രി ശ്രീ.മുല്ലക്കര രത്നാകരൻ മുഖ്യപ്രഭാഷണം നടത്തി.

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ

ആപ്രമ്പാൽ ജെ.എം.എം.ജൂബിലി മന്ദിരം, എടത്വാ: സുവിശേഷ താല്പര്യവും സാമൂഹ്യദർശനവുമുള്ള ആനപ്രമ്പാൽ ഇടവക ജനങ്ങൾ തങ്ങളുടെ ദേവാലയ കനക ജൂബിലി ആഘോഷത്തോടനുബന്ധിച്ച് ഇടവകയിൽ ഒരു അഗതിമന്ദിരം സ്ഥാപിക്കണമെന്ന് ആഗ്രഹിച്ചു. അതിനായി ക്രമീകരണങ്ങൾ നടത്തി വന്ന സമയത്ത് എടത്വാ ഓടേറ്റിൽ ശ്രീമതി അച്ചാമ്മ തോമസ് 1965 മെയ് 30-ന് തന്റെ സമ്പത്തു മുഴുവനും ആനപ്രമ്പാൽ മാർത്തോമ്മാ ഇടവകയ്ക്ക് ദാനം ചെയ്തു. ദാനം കിട്ടിയ സ്ഥലത്ത് അഗതി മന്ദിരം സ്ഥാപിക്കുവാൻ ഇടവകയായി തീരുമാനിക്കുകയും മന്ദിരത്തിനു വേണ്ടി 1965 ഒക്ടോബർ 16-ന് രണ്ട് മുറിയുള്ള കെട്ടിടത്തിനു തറക്കല്ലിടുകയും ചെയ്തു. ആനപ്രമ്പാൽ ഇടവക ശുശ്രൂഷാസംഘത്തിന്റെ നേതൃത്വത്തിൽ മന്ദിരം പ്രവർത്തനം ആരംഭിച്ചു. ഇടവകാംഗങ്ങളിൽ നിന്നുള്ള നെല്ലുപിരിവും സ്തോത്രകാഴ്ചയുമായിരുന്നു ആരംഭകാലത്തേ മന്ദിരത്തിന്റെ വരുമാനമാർക്ഷങ്ങൾ. രണ്ട് അന്തേവാസികളും ശ്രീമതി അച്ചാമ്മ തോമസും ഒരു സേവിനിയുമായി ആരംഭിച്ച അഗതി മന്ദിരത്തിൽ അന്തേവാസികളുടെ എണ്ണം കൂടി വരികയും അതനുസരിച്ച് വരുമാനം വർദ്ധിക്കാതിരിക്കയും ചെയ്ത സാഹചര്യത്തിൽ മന്ദിരത്തിന്റെ പുരോഗതി ലക്ഷ്യമാക്കി മന്ദിരത്തേയും അതിന്റെ പ്രവർത്തനങ്ങളേയും ആനപ്രമ്പാൽ ഇടവക, നിരണം-മാരാമൺ ഭദ്രാസനത്തെ ഏല്പിച്ചു. തുടർന്ന് മന്ദിരത്തിന്റെ ഭരണവും ചുമതലയും ഭദ്രാസനം ഏറ്റെടുത്തു. 1971 നവംബർ 19-ന് ഇപ്പോഴത്തെ മന്ദിരത്തിന്റെ ഔപചാരികമായ ഉദ്ഘാടനവും പുതുതായി പണികഴിപ്പിച്ച കെട്ടിടത്തിന്റെ കൂദാശയും നടത്തപ്പെട്ടു. മാർത്തോമ്മാ സഭാ പരമാദ്ധ്യക്ഷനായിരുന്ന ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണ രജത ജൂബിലി സ്മാരകമായി എല്ലാ വർഷവും മന്ദിരം ഫെലോഷിപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന മന്ദിരം കലാമേളയ്ക്കും മറ്റുപരിപാടികളിലും മന്ദിരം ചുമതലക്കാരും അന്തേവാസികളും പങ്കെടുത്തു. വിവിധ ആഘോഷങ്ങൾ, ഓണം, ക്രിസ്മസ്, റിപ്പബ്ലിക് ദിനം, വിശുദ്ധ കുർബ്ബാന ശുശ്രൂഷ മുതലായവയും നടത്തപ്പെട്ടു. ഇപ്പോൾ 24 പേർ മന്ദിരത്തിൽ അന്തേവാസികളായി ഉണ്ട്. ഇവരുടെ മാനസികോല്ലാസത്തിനായി കേബിൾ ടി.വി, മ്യൂസിക്, പത്രമാസികകൾ മുതലായവയുടെ ക്രമീകരണങ്ങൾ ഉണ്ട്. ഇവരെ ശുശ്രൂഷിക്കുന്നതിലേക്ക് 6 സ്റ്റാഫ് അംഗങ്ങൾ മന്ദിരത്തിൽ പ്രവർത്തിച്ചുവരുന്നു.

കൗൺസലിംഗ് സെന്റർ: തിരുവല്ല എസ്.സി.എസ്. കോമ്പൗണ്ടിൽ റ്റി.എം.എ.എം.മെമ്മോ റിയൽ ബ്ലോക്കിലാണ് നിരണം-മാരാമൺ ഭദ്രാസനത്തിന്റെ കൗൺസിൽ സെന്റർ പ്രവർത്തിക്കുന്നത്. കൗൺസലിംഗ് സെന്റർ ആഴ്ചയിലെ എല്ലാ ദിവസവും ആളുകളുടെ ആവശ്യം അനുസരിച്ച് തുറന്നു പ്രവർത്തിക്കുന്നു. പ്രീ-മാര്യേജ് കൗൺസലിംഗ്, വിദ്യാഭ്യാസ കൗൺ സലിംഗ് ഫാമിലി കൗൺസലിംഗ് കൗൺസലിംഗ് ടു സ്കൂൾ പ്രോഗ്രാം കുടുംബ ശാക്തീകരണം എന്നീ കൗൺസലിംഗ് സഹായങ്ങൾ ഇവിടെ നിന്നും ലഭിക്കുന്നു. കൗൺസലിംഗ് സെന്ററിന്റെ കൗൺസലറായും ഡയറക്ടറായും റവ.ഡോ.തോമസ് കുര്യൻ അഞ്ചേരി സേവനമനുഷ്ഠിക്കുന്നു.

ഡി-അഡിക്ഷൻ സെന്റർ & കുടുംബ സംപുഷ്ടീകരണ കേന്ദ്രം: ലഹരിയാസക്തിയിൽ നിന്ന് വിമുക്തി നേടുന്നതിന് ആഗ്രഹിക്കുന്നവർക്കായി കുമ്പനാട് കടപ്രയിൽ ഭദ്രാസനത്തിന്റെ ഡി-അഡിക്ഷൻ സെന്റർ പ്രവർത്തിക്കുന്നു. മദ്യവിമുക്തരുടെ എ.എ. കൂട്ടായ്മ, കൗൺസലിംഗ് എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. ഭദ്രാസന സുവിശേഷകൻ ശ്രീ.ബിജു ജോർജ്ജ് കോ-ഓർഡിനേറ്ററായി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

വിവാഹ സഹായം: ജാതിമത ഭേദമന്യേ ഈ ഫണ്ടിൽ നിന്നും സഹായം നൽകി വരുന്നു. സഭ ഓഫീസിൽ നിന്നും ലഭിക്കുന്ന വിഹിതമാണ് ഇതിന്റെ പ്രധാന മാർഗ്ഗം.

വൈദ്യസഹായം: നിർദ്ധനരായ രോഗികൾക്ക് വികാരിമാരുടെ ശുപാർശയോടു കൂടി ലഭിക്കുന്ന അപേക്ഷ പ്രകാരം സഹായം നൽകി.

പട്ടക്കാരുടെ മേഖല സമ്മേളനം: പട്ടക്കാരുടെ മേഖലാ സമ്മേളനങ്ങൾ മൂന്നു മാസത്തിലൊരിക്കൽ കിഴക്ക്, പടിഞ്ഞാറ് എന്നീ രണ്ടു മേഖലകളിലായി അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനി, വികാരി ജനറാൾമാർ എന്നിവരുടെ നേതൃത്വത്തിൽ നടക്കുന്നു. മൂന്നു മാസത്തിലൊരിക്കൽ അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ മുൻകൂട്ടി ക്രമീകരിക്കുന്ന സമ്മേളനത്തിൽ, ഇടവക ശുശ്രൂഷകൾ ഭംഗിയായി നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങളും, പ്രബോധനങ്ങളും അഭിവന്ദ്യ തിരുമേനിയിൽ നിന്നു ലഭിക്കുന്നു. കൂടാതെ പട്ടക്കാർ തന്നെ ധ്യാനപ്രസംഗം, ആനുകാലിക വിഷയങ്ങളെക്കുറിച്ചുള്ള പഠനക്ലാസ്സുകൾ, ബൈബിൾ ക്ലാസ്സുകൾ, മധ്യസ്ഥ പ്രാർത്ഥന എന്നിവയ്ക്ക് നേതൃത്വം നൽകുന്നു. സാധാരണ രാവിലെ 10ന് ആരംഭിച്ച് ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കുന്നു.

ബസ്ക്യാമ്മാസ് ഫെലോഷിപ്പ്: പ്രത്യേക അവസരങ്ങളിൽ വിധവമാരായ ബസ്ക്യാമ്മാരെ ഭവനത്തിൽ പോയി സന്ദർശിച്ച് കൂട്ടായ്മ ആചരിക്കുകയും ഉപഹാരം നൽകുകയും ചെയ്യുന്നു. കൂടാതെ ഭദ്രാസന സമ്മേളനവും ഓരോ ഭാഗത്തും ഏരിയ പ്രയറും നടത്തുന്നു.

മാരാമൺ കൺവൻഷൻ സ്റ്റാൾ: 2021ലെ മാരാമൺ കൺവൻഷനോടനുബന്ധിച്ച് മണപ്പുറത്ത് ഭദ്രാസന സ്റ്റാൾ ക്രമീകരിച്ചിരുന്നു. ഭദ്രാസന പ്രവർത്തനങ്ങൾ വിശദമാക്കുന്ന പോസ്റ്ററുകൾ, ഒറീസ മിഷൻ ഫീൽഡിലെ വിവിധ ചിത്രങ്ങളടങ്ങിയ പോസ്റ്ററുകൾ, കിടങ്ങറ, ചേന്നംങ്കരി മിഷൻ പ്രവർത്തനങ്ങൾ, ആനപ്രാമ്പാൽ ജെ.എം.എം. ജൂബിലി മന്ദിര പ്രവർത്തനങ്ങൾ മുതലായവ വിശദമാക്കുന്ന ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിച്ചിരുന്നു. കൺവൻഷനിൽ സംബന്ധിച്ചവർക്ക് ഭദ്രാസനത്തെക്കുറിച്ചും വിശിഷ്യാ ഒറീസാമിഷൻ പ്രവർത്തനങ്ങളെക്കുറിച്ചും മനസ്സിലാക്കുന്നതിന് ഈ സ്റ്റാൾ ഉപകരിച്ചു.

സംഘടനകൾ: സൺഡേസ്കൂൾ, യുവജനസഖ്യം, വികസനസംഘം സേവികാസംഘം സന്നദ്ധ സുവിശേഷക സംഘം സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ് എന്നീ സംഘടനകൾ വളരെ കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നു.

3.2. കോട്ടയം-കൊച്ചി ഭദ്രാസനം

കോട്ടയം-കൊച്ചി ഭദ്രാസനം എറണാകുളം, പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, കോട്ടയം എന്നീ ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന വിസ്തൃതമായ ഒരു ഭദ്രാസനമാണ്. കോട്ടയം, പുതുപ്പള്ളി, മല്ലപ്പള്ളി, വാഴൂർ, കുമളി, എറണാകുളം, കീഴില്ലം മൂന്നാർ എന്നീ സെന്ററുകളിലായി 120 ഇടവകകളും 10 കോൺഗ്രിഗേഷനുകളും ഉൾപ്പെടുന്ന ഭദ്രാസനത്തിൽ പൂർണ്ണസമയ ശുശ്രൂഷയിൽ 114 പട്ടക്കാരും റിട്ടയർ ചെയ്ത 30 പട്ടക്കാരും 22 സുവിശേഷകരും ഇപ്പോഴുമുണ്ട്.

മിഷൻ ഫീൽഡുകൾ: പുഞ്ചവയൽ, പാമ്പനാർ, മ്ലാമല, കമ്പംമേട്ട്, പുളിയൻമല, മുളകരമേട്, മത്തായിപ്പാറ, നോർത്ത് പറവൂർ, അത്താണി, ഇല്ലിത്തോട്, പാണിയേലി, പുന്നേക്കാട്, പൊയ്ക, ഉരുളൻതണ്ണി, പൂയംകുട്ടി, പഴമ്പള്ളിച്ചാൽ, മാമലക്കണ്ടം, കൂവക്കണ്ടം, ചിന്നപ്പാറ, ചാറ്റുപാറ, മാങ്കുളം, വട്ടവട, വടാട്ടുപാറ, കുട്ടമ്പുഴ, ഞായപ്പള്ളി, ഒട്ടകത്തലമേട്, വണ്ടിപ്പെരിയാർ തുടങ്ങിയവ കേരളത്തിനുള്ളിൽ ഭദ്രാസനത്തിന്റെ മിഷൻ ഫീൽഡുകളാണ്.

മന്ത്രാലയം മിഷൻ: ആന്ധ്രാപ്രദേശിലെ മന്ത്രാലയം ഗ്രാമത്തിൽ സാമ്പത്തിക പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ പ്രവർത്തിക്കുന്നു. നേഴ്സറി മുതൽ 7 വരെയുള്ള ക്ലാസുകളിലായി 530 കുട്ടികൾ പഠിക്കുന്നു. 2 ഏക്കർ സ്ഥലത്ത് സ്കൂൾ, മിഷൻ വീട് എന്നിവ നിർമ്മിച്ചു. ദൈവാലയം, പാഴ്സനേജ്, സ്കൂൾ വിപുലീകരണത്തിനായുള്ള കെട്ടിടം തുടങ്ങിയവ ഉണ്ടാകേണ്ടിയിരിക്കുന്നു. സമീപത്തുള്ള ഗ്രാമങ്ങളിൽ ബാലവാടികൾ, ആരാധന, പ്രാർത്ഥനകൂട്ടങ്ങൾ തുടങ്ങിയവ ക്രമീകരിക്കുന്നു. മിഷൻ പ്രവർത്തനങ്ങളിലൂടെ അവിടെയുള്ള ജനങ്ങളുടെ ആത്മീയ, ഭൗതീക, വിദ്യാഭ്യാസ വളർച്ചയ്ക്ക് ആവശ്യമായ നേതൃത്വം കൊടുക്കുവാൻ ഇടയാകുന്നു.

കനിവ് - കമ്പം: തമിഴ് നാട്ടിലെ കമ്പത്ത് HIV/AIDS ബാധിതരായ 200-ൽ അധികം കുടുംബങ്ങൾ എല്ലാ മാസവും ഒന്നിച്ചു കൂടുന്ന ബോധവൽക്കരണം, കൗൺസിലിംഗ വൈദ്യപരിശോധന എന്നിവ നടത്തുകയും ആരോഗ്യപരിപാലനത്തിനായി ധാന്യവർഗ്ഗങ്ങൾ അടങ്ങിയ കിറ്റുകൾ നൽകുകയും ചെയ്യുന്നു.

സ്ഥാപനങ്ങൾ: എറണാകുളം ഗൈഡൻസ് സെന്റർ, പെരുമ്പാവൂർ ബാലികാമന്ദിരം, പോഞ്ഞാശ്ശേരി ട്രൈബൽ ഹോസ്റ്റൽ, മല്ലപ്പള്ളി ആശ്രയ (Old age home). സ്നേഹജ്യോതി ബാലികാഭവൻ, വിപ്പെരിയാർ സ്നേഹസങ്കേതം (Centre for mentally challenged children), മാങ്ങാനം മോചന ഡി അഡിക്ഷൻ സെന്റർ, അമലഗിരി റ്റി.എം.എ. കൗൺസിലിംഗ് സെന്റർ തുടങ്ങിയ സാമൂഹ്യക്ഷേമ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

പീരുമേട് സ്റ്റുഡന്റ്സ് സെന്റർ, വാഴക്കുളം സ്റ്റുഡന്റ്സ് സെന്റർ, തൃക്കാക്കര ലേഡീസ് ഹോസ്റ്റൽ എന്നിവ ഭദ്രാസനത്തിന്റെ ചുമതലയിൽ പ്രവർത്തിക്കുന്നു. വിനോദ സഞ്ചാരികൾക്ക് താമസിക്കുന്നതിനും ഭക്ഷണത്തിനും ക്യാമ്പുകൾ, കോൺഫ്രറൻസുകൾ, സെമിനാറുകൾ എന്നിവ നടത്തുന്നതിനുമായി ഭദ്രാസനത്തിന്റെ സ്ഥാപനങ്ങളാണ് മൂന്നാർ മാർത്തോമ്മാ റിട്രീറ്റ് ഹോം, കുമളി ഒട്ടകത്തലമേടിലുള്ള തേക്കടി മാർത്തോമ്മാ മെഡോസും.

സംഘടനകൾ: സൺഡേസ്കൂൾ, യുവജനസഖ്യം, സേവികാസംഘം, സന്നദ്ധ സുവിശേഷക സംഘം, വികസനസംഘം തുടങ്ങിയ സംഘടനകൾ ഭദ്രാസന തലത്തിൽ വളരെ സജീവമായി പ്രവർത്തിക്കുന്നു.

സബ്-കമ്മറ്റികൾ: പ്ലാനിംഗ്& ഫിനാൻസ്, പഠനവിഭാഗം, എക്കോളജിക്കൽ കമ്മറ്റികൾ, മിഷൻ ടു സ്കൂൾസ് & കോളേജസ്, മിഷൻ ടു വിഡോസ് & വിഡോവേഴ്സ്, മിഷൻ ടു പോർട്ടേഴ്സ് & ജയിൽ മിനിസ്ട്രി, സ്നേഹസ്പർശം, ഗോസ്പൽടീം, പബ്ലിക്കേഷൻ ബോർഡ്, കൺസ്ട്രക്ഷൻ ലീഗൽ അഫയേഴ്സ് കമ്മറ്റി, ലഹരി വിമോചന സമിതി തുടങ്ങിയ സബ് കമ്മറ്റികൾ പ്രവർത്തിക്കുന്നു.

ഭദ്രാസന കൺവൻഷൻ, വൈദീകരുടെ മേഖലാ സമ്മേളനങ്ങൾ, റിട്ടയേർഡ് ക്ലേർജി ഫെലോഷിപ്പ്, ബ്സക്യാമ്മോ കോൺഫ്രൻസ്, മിഷനറി & സുവിശേഷകരുടെ കോൺഫ്രൻസ്, ഇടവക ചുമതലക്കാർ, ഇടവക ശുശ്രൂഷകർ എന്നിവരുടെ കൂടിവരവുകൾ, വിവിധ സഹായ പദ്ധതികൾ, സാമൂഹികക്ഷേമ പ്രവർത്തനങ്ങൾ എന്നിവ നടത്തി. കോവിഡ്-19 ലോക്ഡൗൺ മൂലം ജോലി നഷ്ടപ്പെട്ട് പട്ടിണിയായ ഭദ്രാസനത്തിലെ മിഷൻ ഫീൽഡുകളിലുള്ള അംഗങ്ങൾക്കും മറ്റുള്ളവർക്കും ഭക്ഷണകിറ്റ് വിതരണം നടത്തുകയും കോട്ടയം മെഡിക്കൽ കോളേജിലേയും മാങ്ങാനം മന്ദിരം ഹോസ്പിറ്റലിലേയും 1000 പേർക്ക് N95 മാസ്കുകൾ നൽകി.

ലോഗിൻ റ്റു ലോഗോസ്: ഭദ്രാസനത്തിലെ മുഴുവൻ പട്ടക്കാരെയും ഉൾപ്പെടുത്തി മാസത്തിന്റെ ആദ്യ ആഴ്ചയിൽ സൂം പ്ലാറ്റ്ഫോമിൽ സഭയുടെ പഞ്ചാംഗം അനുസരിച്ചുള്ള ഏവൻഗേലിയോൻ പഠനം നടത്തുന്നു.

ലൈറ്റു ലൈഫ് പ്രോജക്ട്: നോർത്ത് അമേരിക്ക -യൂറോപ്പ്

ഭദ്രാസനത്തിന്റെ സഹായത്താൽ ലൈറ്റു ലൈഫ് പ്രോജക്ട് ഭദ്രാസന മിഷൻ ഫീൽഡുകളിൽ നടത്തപ്പെടുന്നു. പ്രോജക്ടിലെ 10 യൂണിറ്റിലെയും സ്റ്റാഫിന് വേണ്ടി ഒരു പരിശീലന പരിപാടി നടത്തപ്പെട്ടു.

കാലം ചെയ്ത ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ ദേഹവിയോഗത്തിൽ ഭദ്രാസനത്തിന്റെ അനുശോചന സമ്മേളനം സൂം പ്ലാറ്റ്ഫോമിൽ നടത്തി. നവാഭിഷിക്തനായ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്കുള്ള സ്വീകരണ സമ്മേളനം ഭദ്രാസന കൺവൻഷനോട് ചേർന്ന് നടത്തി.

ഭദ്രാസന അദ്ധ്യക്ഷനായി ഒക്ടോബർ 18 വരെ അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായും തുടർന്ന് അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായും ഡിസംബർ 1 മുതൽ അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പായും ധന്യമായ നേതൃത്വം നൽകുന്നു. റവ. ജോസഫ് ജോണി ബിഷപ്പ് സെക്രട്ടറിയായും റവ. റ്റി.എസ്. ഫിലിപ്പ് ഭദ്രാസന സെക്രട്ടറിയായും ശ്രീ. എ.എം മാണി ഭദ്രാസന ട്രഷറാറായും പ്രവർത്തിച്ചു.

3.3. റാന്നി-നിലയ്ക്കൽ ഭദ്രാസനം

1990 ജനുവരി 1 നു നിലവിൽ വന്ന റാന്നി-നിലയ്ക്കൽ ഭദ്രാസനം പ്രേക്ഷിത പ്രവർത്തനത്തിൽ 30 വർഷം പൂർത്തീകരിച്ചു. ഈ ഭദ്രാസനത്തിൽ അബുദാബി ഉൾപ്പെടെ129 ഇടവകകളും ഒരു കോൺഗ്രിഗേഷനും ഉണ്ട്.

ഭദ്രാസന അദ്ധ്യക്ഷൻ: ഭാഗ്യസ്മരണീയനായ ഡോ.ജോസഫ് മാർത്തോമ്മാ മെത്രാപ്പോലിത്താ 2020 ജൂൺ 30 വരെയും, അഭിവന്ദ്യ ഡോ.തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ ജൂലൈ 1 മുതൽ നവംബർ 30 വരെയും ധന്യമായ നേതൃത്വം നൽകി. 2020 ഡിസംബർ 1 മുതൽ അഭിവന്ദ്യ തോമസ് മാർ തിമൊഥെയോസ് എപ്പിസ്കോപ്പാ ചെങ്ങന്നൂർ-മാവേലിക്കര ഭദ്രാസനത്തോടൊപ്പം റാന്നി-നിലയ്ക്കൽ ഭദ്രാസനാദ്ധ്യക്ഷനായും നേതൃത്വം നൽകുന്നു. ഈ ഭദ്രാസനത്തിന്റെ അദ്ധ്യക്ഷനായിരിക്കെ സഭയുടെ സഫ്രഗൻ മെത്രാപ്പോലിത്താ, മെത്രാപ്പോലിത്താ എന്നീ നിലകളിൽ ഉയർത്തപ്പെട്ട ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലിത്താ തിരുമേനിക്ക് പ്രാർത്ഥനാനിർഭരമായ ആശംസകൾ നേരുന്നു.

ഭദ്രാസന ചുമതലക്കാർ, പട്ടക്കാർ, സുവിശേഷകർ: വെരി റവ. സ്കറിയാ ഏബ്രഹാം 2020 മെയ് 31 വരെ ഭദ്രാസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ നേതൃത്വം നൽകി. റവ.പി.ഏ.ഏബ്രഹാം ഭദ്രാസന സെക്രട്ടറിയായും, ശ്രീ.സജി മുക്കരണത്ത് ട്രഷറാറായും പ്രവർത്തിക്കുന്നു. ഔദ്യോഗിക ചുമതലക്കാർക്കു പുറമേ 24 പേർ അടങ്ങുന്ന ഭദ്രാസന കൗൺസിൽ പ്രവർത്തിക്കുന്നു.

റിപ്പോർട്ട് വർഷം 86 വൈദികർ ഭദ്രാസനത്തിൽ വിവിധ ഇടവകകളിലും, മിഷൻ ഫീൽഡുകളിലും, സ്ഥാപനകളിലുമായി സജീവ സേവനം ചെയ്തു. കൂടാതെ സജീവസേവനത്തിൽ നിന്നു വിരമിച്ച 41 വൈദികർ വിവിധ പ്രവർത്തനങ്ങളിൽ പങ്കാളികളായി. ഭദ്രാസനത്തിനുള്ളിൽ 12 സുവിശേഷകരും, ഒഡിഷാ-കലഹാണ്ടിയിൽ 17 സുവിശേഷകരും ധന്യമായ നേതൃത്വം നൽകി. ഭദ്രാസന ആഫീസിൽ 3 പേർ ഭദ്രാസന പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് സഹായിക്കുന്നു.

ഭദ്രാസന അസംബ്ലിയും, കൗൺസിലും മറ്റ് ഉപസമിതികളും: അസംബ്ലിയുടെ 2019-20 ലെ വാർഷിക പൊതുയോഗം 2021 മാർച്ച് 20-ന് ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ തിമൊഥെയോസ് എപ്പിസ്കോപ്പാ തിരുമേനിയുടെ മഹനീയ അദ്ധ്യക്ഷതയിൽ കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് റാന്നി വൈക്കം കലമണ്ണിൽ ഉമ്മനച്ചൻ മെമ്മോറിയൽ ഹാളിൽ നടത്തപ്പെട്ടു. 2019-20 ലെ വാർഷിക റിപ്പോർട്ട്, വരവു ചെലവു കണക്ക് 2020-21 ലെ ബഡ്ജറ്റ് എന്നിവ പാസ്സാക്കുകയും, 2020-23 കാലയളവിലേക്കുള്ള ഭദ്രാസന ചുമതലക്കാരെയും, കൗൺസിൽ അംഗങ്ങളെയും തെരഞ്ഞെടുക്കുകയും ചെയ്തു.

അനുസ്മരണ സമ്മേളനം: 2017 ഡിസംബർ 1 മുതൽ 2020 ജൂൺ 30 വരെ റാന്നി-നിലയ്ക്കൽ ഭദ്രാസനത്തിന് ധന്യമായ നേതൃത്വം നൽകിയ ഭാഗ്യസ്മരണീയനായ ഡോ.ജോസഫ് മാർത്തോമ്മാ മെത്രാപ്പോലിത്താ അനുസ്മരണം ഭദ്രാസനത്തിന്റെ ക്രമീകരണത്തിൽ 2020 ഡിസംബർ 8-ന് പഴവങ്ങാടിക്കര ഇമ്മാനുവേൽ പള്ളിയിൽ നടത്തപ്പെട്ടു. അഭിവന്ദ്യ തോമസ് മാർ തിമൊഥെയോസ് എപ്പിസ്കോപ്പാ തിരുമേനി അദ്ധ്യക്ഷതയിൽ അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലിത്താ യോഗം ഉൽഘാടനം ചെയ്തു.

അനുമോദന സമ്മേളനം: ഈ ഭദ്രാസനത്തിന്റെ അദ്ധ്യക്ഷനായിരിക്കെ സഭയുടെ സഫ്രഗൻ മെത്രാപ്പോലിത്താ, മെത്രാപ്പോലിത്താ എന്നീ നിലകളിൽ ഉയർത്തപ്പെട്ട ഡോ.തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലിത്തായേയും, റാന്നി-നിലയ്ക്കൽ ഭദ്രാസനാദ്ധ്യക്ഷനായി ചുമതലയിൽ പ്രവേശിച്ച അഭിവന്ദ്യ തോമസ് മാർ തിമഥെയോസ് എപ്പിസ്കോപ്പാ തിരുമേനിയേയും അനുമോദിക്കുന്നതിനുള്ള സമ്മേളനം 2020 ഡിസംബർ 6-ന് റാന്നി വൈയ്ക്കം മാർത്തോമ്മാ പള്ളിയിൽ നടത്തപ്പെട്ടു. സഹോദരീ സഭയിലെ മേലദ്ധ്യക്ഷന്മാർ, ജനപ്രതിനിധികൾ എന്നിവർ ആശംസകൾ അറിയിച്ച് പ്രസംഗിച്ചു.

വൈദിക സമ്മേളനം: ഭദ്രാസനത്തിലെ വൈദികരുടെ മേഖലാ സമ്മേളനം ഭദ്രാസനത്തിലെ വിവിധ പള്ളികളിലും, ഭദ്രാസന ആസ്ഥാനത്തുവച്ചും നടത്തപ്പെട്ടു.

സുവിശേഷകരുടെ സമ്മേളനം: ഭദ്രാസനത്തിലെ സുവിശേഷകരുടെ സമ്മേളനം മാർത്തോമ്മാ സെന്ററിൽ നടത്തപ്പെട്ടു.

ഭദ്രാസന കൺവൻഷൻ: 22-ാമത് ഭദ്രാസന കൺവൻഷൻ 2021 ജനുവരി 14 മുതൽ 17 വരെ ഭദ്രാസനത്തിലെ വിവിധ പള്ളികളിൽ നടത്തപ്പെട്ടു. അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലിത്താ കൺവൻഷൻ ഉൽഘാടനം ചെയ്തു. ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ തിമൊഥെയോസ് തിരുമേനി എല്ലാ യോഗങ്ങളിലും അദ്ധ്യക്ഷത വഹിക്കുകയും, കൺവൻഷൻ സമാപനദിനത്തിൽ റാന്നി ക്രിസ്തോസ് പള്ളിയിൽ വി.കുർബ്ബാന അനുഷ്ഠിക്കുകയും, സമാപന സന്ദേശം നൽകുകയും ചെയ്തു.

ഭദ്രാസന ഞായർ: ഭദ്രാസനത്തെ ഓർത്ത് പ്രാർത്ഥിക്കുന്നതിനും, പ്രവർത്തനങ്ങളെപ്പറ്റി വിശദീകരിക്കുന്നതിനും, ധനസമാഹരണത്തിനുമായി 2021 ഫെബ്രുവരി 28-ന് ഭദ്രാസന ഞായറാഴ്ചയായി വേർതിരിച്ചു.

യാത്രയയപ്പ് സമ്മേളനം: റാന്നി-നിലയ്ക്കൽ ഭദ്രാസന ബിഷപ്സ്/ഭദ്രാസന സെക്രട്ടറി എന്നീ നിലകളിൽ 2014 മുതൽ 2021 വരെ ശുശ്രൂഷ നിർവ്വഹിച്ച് സജീവ സേവനത്തിൽ നിന്നും വിരമിച്ച റവ. പി.ഏ. ഏബ്രഹാമിനെ യാത്രാമംഗളങ്ങൾ നേരുന്നതിന് ഭദ്രാസനമായി ക്രമീകരിച്ച സമ്മേളനം 2020 മാർച്ച് 16 ന് കെ.ഓ.ഏ.എം.ഹാളിൽ ഭദ്രാസനാദ്ധ്യക്ഷൻ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു.

ഭദ്രാസന ധ്വനി: ഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമായ ഭദ്രാസന ധ്വനി റിപ്പോർട്ടു വർഷം നാല് ലക്കങ്ങൾ പ്രസിദ്ധീകരിച്ചു. റവ.ഷോജി വർഗീസ് ചീഫ് എഡിറ്ററായി പ്രവർത്തിച്ചു.

മിഷൻ ബോർഡ്: മിഷൻ ബോർഡിന്റെ ചുമതലയിൽ വിവിധ സബ് കമ്മറ്റികൾ പ്രവർത്തിച്ചു.

സുവിശേഷ വേലസ്ഥലങ്ങളും, മിഷൻ പ്രവർത്തനവും

ഭദ്രാസനത്തിനുള്ളിൽ കോന്നി-കൊക്കാത്തോട്, കട്ടച്ചിറ, മോതിരവയൽ, പെരുവയൽ, തൃക്കോമല, വട്ടാർകയം, ഏഴോലി, വെള്ളയിൽ, താവളപ്പാറ, തോമ്പിക്കണ്ടം, വാകത്താനം, മുട്ടപ്പള്ളി, ചാത്തൻതറ, വാഹമുക്ക്, ആങ്ങമൂഴി, ആലപ്ര, കുരുമ്പൻമൂഴി, തെക്കുംമല, മലയാലപ്പുഴ എന്നീ കേന്ദ്രങ്ങളിൽ സുവിശേഷ പ്രവർത്തനങ്ങൾ സജീവമായി നടന്നു. 12 സുവിശേഷകർ ആയതിന് നേതൃത്വം നൽകുന്നു.

മാർത്തോമ്മാ മിഷൻ സെന്റർ, കലഹാണ്ടി-ഒറീസ്സാ: കലഹാണ്ടിമിഷൻ പ്രവർത്തനങ്ങൾ 20 വർഷം പിന്നിട്ടു. കലഹാണ്ടി മിഷനിലൂടെ 17 ഗ്രാമങ്ങളിൽ സുവിശേഷ വെളിച്ചം കടന്നു ചെല്ലുന്നു. പ്രവർത്തനങ്ങൾക്ക് റവ.ഷിബു തോമസ്സ് സ്കറിയായും, റവ. ജോബിൻ ഈ.ടി. ഏബ്രഹാമും 17 സുവിശേഷകരും സജീവമായ നേതൃത്വം നൽകുന്നു. ബിരിപ്പാടി ഗ്രാമത്തിൽ പ്രവർത്തിക്കുന്ന ഗ്രാമജ്യോതി

സ്ക്കൂളിൽ 40 വിദ്യാർത്ഥികളും, 3 അദ്ധ്യാപകരുമുണ്ട്. ഗ്രാമങ്ങളിലുള്ള ദളിത്, ആദിവാസി വിഭാഗങ്ങളിൽപ്പെട്ട 35 കുട്ടികൾ നമ്മുടെ 2 ഹോസ്റ്റലുകളിൽ താമസിച്ചുപഠിക്കുന്നു. Light to Life Project ൽ 150 കുഞ്ഞുങ്ങൾ പഠിക്കുന്നു. ഇവിടെയുള്ള മാർത്തോമ്മാ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ നഴ്സറി മുതൽ 9-ാം ക്ലാസ്സ് വരെ 376 വിദ്യാർത്ഥികൾ പഠിക്കുന്നു.

കൊക്കാത്തോട് മിഷൻ സെന്റർ-കോന്നി: 1990 ൽ ആരംഭിച്ച കൊക്കാത്തോട് മിഷൻ 30 വർഷങ്ങൾ പിന്നിടുന്നു. കട്ടിക്കുഴി എബനേസർ, ഒരേക്കർ ഇമ്മാനുവേൽ എന്നീ ഇടവകകളും, കോട്ടോംപാറ ചാപ്പലും മിഷന്റെ കീഴിൽ പ്രവർത്തിക്കുന്നു. റാന്നി-നിലയ്ക്കൽ ഭദ്രാസനത്തി ന്റെയും ദുബായ് മാർത്തോമ്മാ യുവജനസഖ്യത്തിന്റെയും സംയുക്ത സംരംഭമായ പ്രതീക്ഷാ ചൈൽഡ് ഡവലപ്മെന്റ് സെന്റർ പ്രവർത്തിക്കുന്നു. 94 കുട്ടികൾക്ക് സൗജന്യ ട്യൂഷനും, അവരുടെ സ്വഭാവ രൂപീകരണത്തിനാവശ്യമായ സ്പിരിച്ചൽ ക്ലാസ്സുകളും വ്യക്തിത്വ വികസനക്ലാസ്സുകളും, സാമൂഹ്യ അവബോധ വളർത്തുന്നതിന് സഹായകരമായ സെമിനാറുകളും നടത്തപ്പെടുന്നു. ഭദ്രാസന സേവികാ സംഘത്തിന്റെ സഹകരണത്തോടെ ഒരു തയ്യൽ സ്കൂളും പ്രവർത്തിക്കുന്നു.

സ്ഥാപനങ്ങൾ

മാർത്തോമ്മാ ടീച്ചേഴ്സ് ട്രെയ്നിംഗ് കോളജ്- ഇടക്കുളം

ഇടക്കുളം മാർത്തോമ്മാ ടീച്ചേഴ്സ് ട്രെയ്നിംഗ് കോളജും പ്രവർത്തനമികവിൽ 24 വർഷങ്ങൾ പിന്നിടുന്നു. N.C.T.E. യുടെയും, N.A.A.C. ന്റെ A Grade ന്റെയും അംഗീകാരം ഈ കോളജിന് ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ അദ്ധ്യയന വർഷം 100% വിജയം കരസ്ഥമാക്കിയിട്ടുണ്ട്. പ്രിൻസിപ്പൽ ഡോ.ഷീലാ കെ. ഷാനിയെ കൂടാതെ 8 അദ്ധ്യാപകരും, 4 അനദ്ധ്യാപകരും ഒരു ക്രാഫ്റ്റ് ഇൻസ്പെക്റും ഉൾപ്പെടെ 14 സ്റ്റാഫ് അംഗങ്ങൾ അർപ്പണബോധത്തോടുകൂടെ പ്രവർത്തിക്കുന്നു. ഭദ്രാസന സേവികാസംഘത്തിന്റെ മേൽനോട്ടത്തിൽ കോളജ് ഹോസ്റ്റലും പ്രവർത്തിച്ചുവരുന്നു.

വനിതാ ഹോസ്റ്റൽ- പത്തനംതിട്ട

പത്തനംതിട്ട മാർത്തോമ്മാ പള്ളിയോടു ചേർന്ന് ഭദ്രാസനത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പ്രവർത്തിക്കുന്നു. ഭദ്രാസന സേവികാ സംഘം ഹോസ്റ്റൽ നടത്തിപ്പിന്റെ ചുമതല വഹിക്കുന്നു.

മുക്തി കൗൺസിലിംഗ് സെന്റർ-റാന്നി

ഭദ്രാസന ആസ്ഥാനത്തിനടുത്തുള്ള ബാങ്ക് കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. അനേകർ ഈ സ്ഥാപനത്തിന്റെ സേവനം പ്രയോജനപ്പെടുത്തുന്നു.

മാർത്തോമ്മാ നിലയ്ക്കൽ റിന്യൂവൽ സെന്റർ-ആങ്ങമൂഴി

നിലയ്ക്കൽ, ഗവി എന്നിവിടങ്ങളിൽ സന്ദർശകരായി എത്തുന്നവർക്ക് വിനോദത്തിനും വിശ്രമത്തിനുമായി ഒരിടം. ക്യാമ്പുകൾ, കോൺഫറൻസുകൾ, റിട്രീറ്റുകൾ എന്നിവയ്ക്ക് അനുയോജ്യമായ ക്രമീകരണങ്ങൾ. നൂറിലധികം പേർക്ക് താമസിക്കുന്നതിനുള്ള ക്രമീകരണങ്ങൾ.

സഹായ പദ്ധതികൾ

ഭദ്രാസന സിൽവർ ജൂബിലി പ്രോജക്ടായി ആരംഭിച്ച വിദ്യാഭ്യാസ സഹായ പദ്ധതിയിൽ ഈ ഭദ്രാസനത്തിൽ ഉൾപ്പെട്ട ഇടവകകളിലെ സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള ഭവനങ്ങളിലെ നാല് പെൺകുട്ടികൾ ഹോസ്കോട്ട് മിഷൻ ഹോസ്പിറ്റലിൽ ബി.എസ്സ്.സി. നഴ്സിംഗ് പഠനം നടത്തുന്നു.

സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹ ആവശ്യങ്ങൾക്ക് അപേക്ഷകൾ പരിശോധിച്ച് അർഹമായ സാമ്പത്തിക സഹായം നൽകുന്നു. സുവിശേഷ വേലയുടെ ഭാഗമായി രൂപീകൃതമായ ഭദ്രാസനത്തിലെ ഇടവകാംഗമായ പെൺകുട്ടിയുടെ വിവാഹച്ചെലവ് പൂർണ്ണമായി ഭദ്രാസനം ഏറ്റെടുത്ത് നടത്തുകയുണ്ടായി.

ഭദ്രാസനാദ്ധ്യക്ഷനായിരുന്ന ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലിത്താ നവതി ആഘോഷങ്ങളുടെ ഭാഗമായി ഭദ്രാസനത്തിലെ സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള രണ്ട് പേർക്ക് ഭവനം നിർമ്മിച്ച് നൽകുന്നതിനുള്ള പ്രാരംഭ ക്രമീകരണങ്ങൾ തന്നാണ്ടിൽ ആരംഭിക്കുകയുണ്ടായി.

സാമൂഹ്യ വികസന പദ്ധതികൾ

കൃപാസമിതി

ഭദ്രാസനത്തിന്റെ സാമൂഹ്യ സേവന വികസന പദ്ധതികൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനു രൂപീകരിച്ചിരിക്കുന്ന രജിസ്റ്റേഡ് സൊസൈറ്റിയാണ് കൃപാസമിതി.

പ്രത്യാശാ ഭവൻ - മാർ ക്രിസോസ്റ്റം ജന്മശതി ഹാഫ് - വേ - ഹോം, അഞ്ചുകുഴി

കേരളത്തിലെ വിവിധ മാനസിക രോഗാശുപത്രികളിൽ നിന്നും ചികിത്സ ലഭിച്ച മാനസിക രോഗത്തിൽ നിന്ന് വിമുക്തി നേടിയവരെ പുനരധിവസിപ്പിച്ച് തുടർചികിത്സയും പരിചരണങ്ങളും നൽകിവരുന്നു. ഈ വർഷം 310 ആളുകൾക്ക് ശുശ്രൂഷ നൽകി. രോഗികൾക്ക് ആയുഷ്ക്കാലം താമസിക്കുന്നതിനുള്ള ക്രമീകരണം ലഭ്യമാണ്. 58 പേർ ഇപ്പോൾ താമസിക്കുന്നു. അതിൽ 28 പേർ സ്ഥിരാംഗങ്ങളാണ്.

നവജീവ കേന്ദ്രം - ഡി-അഡിക്ഷൻ സെന്റർ, മലയാലപ്പുഴ

മദ്യ-മയക്കുമരുന്നുകൾക്ക് അടിമകളായവരെ ചികിത്സിക്കുന്ന സ്ഥാപനമാണിത്. റിപ്പോർട്ട് വർഷം 200 ആളുകൾക്ക് സേവനം ലഭ്യമാക്കി. ലഹരി ആസക്തി ചികിത്സ നേടിയവർക്ക് ദീർഘകാല പുനരധിവാസത്തിനായുള്ള സൗകര്യവും ലഭ്യമാണ്.

പ്രതീക്ഷാഭവൻ - വയോജന മന്ദിരം, മൈലപ്രാ

സാമ്പത്തിക പരാധീനതകളും, സാമൂഹ്യ ഒറ്റപ്പെടുത്തലുകളും നിമിത്തം പ്രതീക്ഷകൾ നഷ്ടപ്പെട്ട വയോജനങ്ങളെ താമസിപ്പിക്കുന്ന ഈ സ്ഥാപനത്തിൽ പുരുഷന്മാരും സ്ത്രീകളും ഉൾപ്പെടെ 19 വയോജനങ്ങൾക്ക് അഭയം നൽകിയിരിക്കുന്നു. സിക്ക് വാർഡിന്റെ കൂദാശ കർമ്മം 2021 മാർച്ച് 8 ന് ഭദ്രാസനാദ്ധ്യക്ഷൻ തിരുമേനി നിർവ്വഹിച്ചു.

കൃപാഭവൻ - വയലത്തല

ബുദ്ധിമാന്ദ്യമുള്ള 18 വയസിന് മുകളിൽ പ്രായമുള്ള പുരുഷന്മാരുടെ സംരക്ഷണയ്ക്കായി 2008 ൽ ആരംഭിച്ചു. ഇവിടെ 10 അന്തേവാസികളായുണ്ട്.

പ്രതീക്ഷാ ചൈൽഡ് ഡെവലപ്മെന്റ് സെന്റർ-കൊക്കാത്തോട്, കോന്നി: ദുബായ് മാർത്തോമ്മാ യുവജനസഖ്യത്തിന്റെ സഹകരണത്തോടെ 2008 നവംബർ 1 ന് കൊക്കാത്തോടിന്റെ വികസനത്തിനുവേണ്ടി ആരംഭിച്ച പ്രോജക്ടാണിത്. ഇപ്പോൾ നിർദ്ധനരായ 102 വിദ്യാർത്ഥികൾക്ക് സൗജന്യ ട്യൂഷനും ഭക്ഷണവും നൽകുന്നു.

മാർത്തോമ്മാ ചിൽഡ്രൻസ് ഹോം - തവളപ്പാറ

കേരള സർക്കാരിന്റെ സാമൂഹ്യനീതി വകുപ്പിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ 16 ആൺകുട്ടികൾ താമസിച്ച് സമീപ പ്രദേശത്തുള്ള സ്കൂളുകളിൽ പോയി പഠിക്കുന്നു.

ലൈറ്റ് റ്റു ലൈഫ് ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ടുകൾ

1. മാർത്തോമ്മാ ചൈൽഡ് ഡവലപ്പ്മെന്റ് സെന്റർ കുരുമ്പൻമൂഴി,
2. ചൈൽഡ് ഡവലപ്പ്മെന്റ് സെന്റർ കട്ടച്ചിറ
3. മാർത്തോമ്മാ ചൈൽഡ് ഡവലപ്പ്മെന്റ് സെന്റർ താവളപ്പാറ

പിന്നോക്കാവസ്ഥയുള്ള ഭവനങ്ങളിലെ 500 കുഞ്ഞുങ്ങളുടെ സമഗ്ര വളർച്ച ലക്ഷ്യമാക്കി ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. നോർത്ത് അമേരിക്ക & യൂറോപ്പ് ഭദ്രാസന മിഷൻ ബോർഡിന്റെ നേതൃത്വത്തിലുള്ള ലൈറ്റ് ടു ലൈഫ് പദ്ധതിയിൽ നിന്നും ഭദ്രാസനത്തിലെ ഈ പ്രോജക്ടുകൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്നു.

3.4. മലേഷ്യ-സിംഗപ്പൂർ-ഓസ്ട്രേലിയ-ന്യൂസിലാൻഡ് ഭദ്രാസനം

ഏഷ്യ, ആസ്ട്രേലിയ ഭൂഖണ്ഡങ്ങളിൽ വ്യാപിച്ചു കിടക്കുന്ന ഈ ഭദ്രാസനത്തിന്റെ പ്രവർത്തനം ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത തിരുമേനിയുടെ നേരിട്ടുള്ള ചുമതലയിൽ അനുഗ്രഹ കരമായി തുടരുവാൻ റിപ്പോർട്ടു വർഷവും സാധിച്ചു.

മലേഷ്യൻ സോൺ: മലേഷ്യൻ മാർത്തോമ്മാ മിഷൻ ബോർഡിന്റെ ചുമതലയിൽ പൺടാമാരൻ മിഷൻ, ലാബിസ് മിഷൻ, ഇവ പ്രവർത്തിക്കുന്നു. പൺടാമാരൻ മിഷനിൽ സണ്ടേ സ്കൂൾ, ഗാനപരിശീലനം. സ്ത്രീകളുടെ കൂട്ടായ്മ, ട്യൂഷൻ, കംപ്യൂട്ടർ പരിശീലനം, ഭവന സന്ദർശനം, ആശുപത്രി സന്ദർശനം ഇവ നടന്നുവരുന്നു. ലാബിസ് മിഷനിൽ സണ്ടേ സ്കൂൾ, വി.ബി.എസ്. യുവജന ക്യാമ്പുകൾ, ഭവനസന്ദർശനം ഇവ നടന്നുവരുന്നു. 17 ഇടവകകൾ ഈ സോണിൽ ഉണ്ട് ശ്രീ. ജോർജ്ജ് തോമസ് (Melbourne) സഭാ കൗൺസിലിൽ ഈ ഭദ്രാസനത്തെ പ്രതിനിധീകരിക്കുന്നു. ഒരു പൂർണ്ണസമയ സുവിശേഷകൻ തമിഴ് ജനതയുടെ ഇടയിൽ പ്രവർത്തിക്കുന്നു.

ഓസ്ട്രേലിയ: ഓസ്ട്രേലിയ, ന്യൂസിലാന്റ് രാജ്യങ്ങളിലെ ഇടവകകൾ നന്നായി പ്രവർത്തിക്കുന്നു. ഓസ്ട്രേലിയായിൽ 7 ഇടവകകളുണ്ട് രണ്ട് കോൺഗ്രിഗേഷനും ഉണ്ട്. സഭയിലെ എല്ലാ സംഘടനകളും ഇടവകതലത്തിൽ സജീവമായി പ്രവർത്തിക്കുന്നു. നമ്മുടെ സഭ ഇവിടുത്തെ നാഷണൽ കൗൺസിൽ ഓഫ് ചർച്ചസിൽ അംഗത്വം സ്വീകരിച്ചിട്ടുണ്ട്. സാധുജന സഹായത്തിനായി മാർത്തോമ്മാ കെയർ എന്ന സംഘടനയും, മെൽബണിൽ കാരുണ്യ എന്ന സംഘടനയും പ്രവർത്തിക്കുന്നു.

ന്യൂസ്ലാന്റ്: ഓക്ലാന്റിൽ ഒരു ഇടവകയും, വെല്ലിംഗ്ടണിൽ ഒരു കോൺഗ്രിഗേഷനും ഉണ്ട് കൂടാതെ ഹാമിൽട്ടൺ, ക്രൈസ്റ്റ് ചർച്ച് എന്നീ സ്ഥലങ്ങളിലും, കോൺഗ്രിഗേഷനുകളും പർമേഴ്സണിൽ ആരാധയ്ക്കുള്ള ക്രമീകരണങ്ങളുണ്ട്. സഭയിലെ സംഘടനകളെല്ലാം ഇവിടെ സജീവമാണ്. യുവജനങ്ങൾക്കും പുതുതായി വന്നുചേരുന്ന ആളുകൾക്കും പ്രത്യേക കൂട്ടായ്മ നൽകുന്ന തിൽ ശ്രദ്ധയോടെ പ്രവർത്തിക്കുന്നു.

സിംഗപ്പൂർ: ഇവിടെ 268 കുടുംബങ്ങൾ ഉണ്ട്. ആഴ്ചതോറുമുള്ള ആരാധന, സൺഡേസ്കൂൾ പഠനം, ഓരോ ഭാഗങ്ങളിലുമുള്ള പ്രാർത്ഥനായോഗങ്ങൾ, ബൈബിൾ പഠനങ്ങൾ, വാർഷിക യുവജന കൂട്ടായ്മ, വാർഷിക കുടുംബ സമ്മേളനം, അവധിക്കാല വേദപഠനക്ലാസ് എന്നിവ നടത്തപ്പെടുന്നു. സിംഗപ്പൂർ ഇടവക അതിന്റെ പ്രവർത്തന മേഖലയിൽ 82 വർഷങ്ങൾ പിന്നിട്ടു. നാഷണൽ കൗൺസിൽ ഓഫ് ചർച്ചസിലും ലഹരിക്ക് അടിമകളായിരുന്നവരെ പുനരധിവസിപ്പിക്കുന്ന സെന്ററിലും പങ്കാളികളാണ്.

3.5. മുംബൈ ഭദ്രാസനം

കോവിഡ്-19 മഹാമാരിയുടെ പ്രയാസങ്ങൾ ആദ്യനാളുകളിൽ തന്നെ വളരെ പ്രതികൂലമായി ബാധിച്ച പ്രദേശങ്ങളാണ് മുംബൈ, പൂനെ, ഗുജറാത്ത് എന്നിവിടങ്ങൾ. അടച്ചുപൂട്ടലുകൾ ഭദ്രാസനത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന ജനജീവിതത്തെ സാരമായി ബാധിക്കുകയും അതിന്റെ സമയബന്ധിതമായി ഇടപെടുന്നതിനും ഭദ്രാസനത്തിനു സാധിച്ചു.

ജീവിത പരിസരങ്ങൾ സംഘർഷഭരിതം ആകുമ്പോൾ അടച്ചിട്ട വാതിലുകൾക്കുള്ളിൽ നിന്ന് ഒരു തുറവി നമ്മൾ ആഗ്രഹിച്ചുപോകുന്നു. പുതിയൊരു ജീവിത രീതികളിലേക്ക് നാം പ്രവേശിച്ചിരിക്കുന്നു. ദൈവത്തിന്റെ കയ്യിൽ കരം ചേർത്ത് പിടിച്ചുകൊണ്ട് മുന്നോട്ടുപോകാം.

ഉപജീവനാർത്ഥം കടന്നുവന്ന മാർത്തോമ്മാ സഭാംഗങ്ങൾ 1930 മുതൽ മുംബൈ, പൂനെ, ഗുജറാത്ത് എന്നീ സ്ഥലങ്ങളിൽ ഒരുമിച്ചുകൂടി ആരാധനകളും സുവിശേഷപ്രവർത്തനങ്ങളും സാമൂഹ്യ പ്രവർത്തനങ്ങളും നടത്തിവരുന്നു, 2005-ൽ മഹാരാഷ്ട്ര, ഗുജറാത്ത്, ഗോവ എന്നീ സംസ്ഥാനങ്ങളിലെ ഇടവകകളെ ചേർത്തുകൊണ്ട് ഭരണ സൗകര്യാർത്ഥം മുംബൈ ഭദ്രാസനം നിലവിൽവന്നു. ഭദ്രാസനം അതിന്റെ പ്രവർത്തന മേഖലയിൽ 16 വർഷങ്ങൾ പൂർത്തീകരിക്കുന്നു. മുംബൈ ഭദ്രാസനം ഇപ്പോൾ മഹാരാഷ്ട്ര, ഗോവ, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലും ഇന്ത്യയ്ക്ക് പുറത്ത് മസ്കറ്റ് സോഹാർ എന്നിവിടങ്ങളിലും ശക്തമായ ക്രിസ്തീയ സാന്നിദ്ധ്യമായി നിലകൊള്ളുന്നു. 2016 ഏപ്രിൽ മുതൽ ഭദ്രാസന അദ്ധ്യക്ഷനായി അഭി. ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ് തിരുമേനിയും 2020 ഡിസംബർ മാസം മുതൽ അഭിവന്ദ്യ ഡോ. യൂയാക്കിം മാർ കൂറിലോസ് തിരുമേനിയും ഭദ്രാസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. റവ. ജിജി തോമസ് ഭദ്രാസന സെക്രട്ടറിയായും റവ. ജോയൽ സാമുവേൽ തോമസ് ബിഷപ്പ് സെക്രട്ടറിയായും റിപ്പോർട്ട് വർഷത്തിൽ പ്രവർത്തിച്ചു. ശ്രീ. പി.കെ. അച്ചൻകുഞ്ഞ് ഭദ്രാസന ട്രഷറാറായി പ്രവർത്തിക്കുന്നു. ഗോവ, ഗുജറാത്ത്, കല്യാൺ, മുംബൈ, നവിമുംബൈ, പൂനെ, മസ്കറ്റ് എന്നീ 7 സെന്ററുകളിലായി സുവിശേഷ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

സഭാകൗൺസിൽ: ഭദ്രാസനത്തിൽ നിന്നും റവ. ഈപ്പൻ ഏബ്രഹാം, ശ്രീമതി അനി കോശി എന്നിവർ സഭാ കൗൺസിൽ അംഗങ്ങൾ ആണ്.

ഭദ്രാസന കൗൺസിൽ: 21 പേരടങ്ങുന്ന മുംബൈ ഭദ്രാസന കൗൺസിൽ 6 പ്രാവശ്യം സൂം മീറ്റിംഗ് വീഡിയോ കോൺഫറൻസ് ആയിട്ടും നേരിട്ടും കൂടുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭദ്രാസനത്തിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും പ്രാവർത്തികമാക്കുകയും ചെയ്തു.

ലീഗൽ അഫയേഴ്സ് കമ്മറ്റി: 2020-21 വർഷത്തിൽ ലീഗൽ അഫയേഴ്സ് കമ്മറ്റി 2 പ്രാവശ്യം കൂടുകയും പുനർവിവാഹം സംബന്ധിച്ച 7 കേസുകൾ നോക്കുകയും ചെയ്തു.

ഭദ്രാസന ദിനാചരണം: 2021 ഫെബ്രുവരി ഭദ്രാസന ഞായർ ആയി ആചരിച്ചു. ഭദ്രാസന പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് (Diocesan Development Fund) ശേഖരണത്തിനും ഭദ്രാസന പ്രവർത്തനങ്ങളെ ഇടവക ജനങ്ങളിലേക്ക് അറിയിക്കുന്നതിനായി വൈദികരും സുവിശേഷങ്ങളും ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

വൈദിക കോൺഫറൻസ്: ലോക്ഡൗണിന്റെ പരിതസ്ഥിതിയിൽ പട്ടക്കാരുടെ ഒരുമിച്ചുള്ള കൂടിവരവുകൾ സാധ്യമാകാത്തതുകൊണ്ട് സെന്റർ, റീജിയൺ തലങ്ങളിലും ഭദ്രാസനമായി ഒരുമിച്ചും ഭദ്രാസന അദ്ധ്യക്ഷന്റെ നേതൃത്വത്തിൽ ഏവൻഗേലിയോൻ സ്റ്റഡി, വൈദീക കോൺഫറൻസുകൾ, പഠനങ്ങൾ എന്നിവ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ ക്രമീകരിക്കപ്പെട്ടു. ക്ലർജി സെക്രട്ടറി റവ. ജോർജ്ജ് ജോൺ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

സുവാർത്താപത്രിക: ഭദ്രാസനത്തിന്റെ ഔദ്യോഗിക നാവായ സുവാർത്താപത്രിക മൂന്നുമാസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുന്നു. ചീഫ് എഡിറ്ററായി ഡോ. ഐസക് ജി. വർഗീസ് പ്രവർത്തിക്കുന്നു.

സ്റ്റഡി സെന്റർ: പട്ടക്കാരുടെ വേദപഠനം, ആനുകാലിക വിഷയങ്ങളെ പറ്റിയുള്ള ചർച്ചകൾ എന്നിവ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ ക്രമീകരിക്കപ്പെട്ടു. സെന്ററിന്റെ കൺവീനറായി ഡോ. സോളമൻ കെ. സേവനമനുഷ്ഠിച്ചു.

മിഷൻ പ്രവർത്തനങ്ങൾ: കോവിഡ്-19 വളരെ പ്രതികൂലമായി ബാധിച്ച ജനസമൂഹമാണ് നമ്മുടെ മിഷൻ ഫീൽഡിലെ വിശ്വാസ സമൂഹം. ഉപജീവന മാർഗ്ഗങ്ങളും തൊഴിലിടങ്ങളും ഒക്കെ നഷ്ടപ്പെട്ടവർ പ്രതികൂല സാഹചര്യങ്ങളുടെ മധ്യത്തിൽ ആവശ്യമായ സഹായങ്ങൾ (Food Kits, Medicinal Support) സമയബന്ധിതമായി ക്രമീകരിക്കുന്നതിന് സാധിച്ചു. മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലെ പൽഘർ, താനെ, റായ്ഗഡ്, പൂനെ, വിദർഭ, അഹ്വാവാപി, വിപ്പൽപാഡ എന്നീ കേന്ദ്രങ്ങളിൽ മിഷൻ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മുന്നൂറിലധികം വില്ലേജുകളിലും ആദിവാസി മേഖലകളിലും നടക്കുന്ന പ്രവർത്തനങ്ങൾക്ക് മിഷനറി അച്ചന്മാരും സുവിശേഷകരും കോ-ഓർഡിനേറ്റേഴ്സും നേതൃത്വം നൽകുന്നു.

9 മറാത്തി കോൺഗ്രിഗേഷനും ഒരു ഗുജറാത്തി കോൺഗ്രസിനും ഭദ്രാസനത്തിലെ ഭാഗമായുണ്ട്. മറാത്തി ഭാഷയിലുള്ള വിശുദ്ധ കുർബ്ബാന ശുശ്രൂഷ ക്രമവും മറ്റ് അവസരങ്ങളിൽ ഉപയോഗിക്കേണ്ട ആരാധനക്രമങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഭദ്രാസനത്തിലെ വിവിധ ഇടവകകൾ മിഷൻ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമ്പത്തിക ക്രമീകരണങ്ങൾ നൽകിവരുന്നു. റവ. ജോയൽ സാമുവേൽ തോമസ് ഭദ്രാസന മിഷനറിയായും റവ. അലൻ റ്റി. ശാമുവേൽ റവ. ക്രിസ്റ്റി വർഗീസ്, റവ. നോബിൾ അബ്രഹാം, റവ. ഷിനോയി തോമസ് എന്നിവർ പ്രാദേശിക മിഷനറിമാരായും

പ്രവർത്തിച്ചുവരുന്നു. ഭദ്രാസന തലത്തിൽ ഒരു മിഷൻ ബോർഡും പ്രവർത്തിക്കുന്നു. വിശ്വാസികൾക്കായി വിശുദ്ധ കുർബ്ബാന (മറാത്തി ഭാഷയിൽ) ടെയ്‌ലറിംഗ് ക്ലാസുകൾ, വി.ബി.എസ്. സ്ത്രീ ശാക്തീകരണ പദ്ധതികൾ, മെഡിക്കൽ ക്യാമ്പ് എന്നിവ നടത്തപ്പെടുന്നു. സുവിശേഷകർക്കായി ഫാമിലി ഇൻഷ്വറൻസ് പദ്ധതി നടത്തിവരുന്നു.

മാർ ക്രിസോസ്റ്റം ആശ്രമം, ലോണാവാല: മഹാരാഷ്ട്രയിലെ പൂനെ റീജിയണിലെ ഗ്രാമസുവിശേഷ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാൻ ക്രിസോസ്റ്റം തിരുമേനിയുടെ നാമത്തിൽ ആരംഭിച്ച കാംശേട് ആശ്രമം ധന്യമായ ശുശ്രൂഷകൾ ചെയ്തുവരുന്നു. ഡാമിനോട് ചേർന്ന് കിടക്കുന്ന ജൈവ ഭൂപ്രകൃതിയും വിവിധതരം കൃഷിയും ഫലവൃക്ഷങ്ങളും പശു, ആട്,. മുതലായ ഫാമുകളും നടത്തുന്നു.

ജൈവകൃഷിയുടെ വിളവെടുപ്പും വിൽപ്പനയും പള്ളികളുടെ സഹകരണത്തിൽ നടത്തിവരുന്നു. സന്ദർശകർക്ക് പ്രകൃതിയുടെ രമണീയത അനുഭവിച്ച് മീറ്റിംഗുകൾ ക്രമീകരിക്കുവാൻ ഉപയുക്തമായ വേറിട്ട അനുഭവം നൽകുന്ന ഇടമാണ് ലോണാവാല ആശ്രമം. വികസന പ്രവർത്തനങ്ങൾ നടത്തി വളരെ മനോഹരമായി ക്രമീകരിച്ചിരിക്കുന്നു.

മാർ ക്രിസോസ്റ്റം ആശ്രമം ബൈബിൾ സ്റ്റഡി സെന്റർ ലോണാവാല: 2009-ൽ ആരംഭിച്ച ഈ സ്ഥാപനം തദ്ദേശീയരെ സുവിശേഷ വേലയ്ക്കായി സജ്ജരാക്കുന്നു. വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കി വിവിധ മിഷൻ ഫീൽഡുകളിൽ പ്രവർത്തിക്കുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ: ഭദ്രാസനത്തിലെ WIZAയുടെ കീഴിൽ സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്ന നാമധേയത്തിൽ 5 സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. ഭദ്രാസന അദ്ധ്യക്ഷൻ, റവ. ജിജി തോമസ് (മാനേജർ), ശ്രീ. പി.കെ. അച്ചൻകുഞ്ഞ് എന്നിവരോടൊപ്പം 7 കമ്മിറ്റി അംഗം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു.

സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, സൂറത്ത്: സൂറത്തിൽ 1997-ൽ ആരംഭിച്ച സ്കൂളിൽ ഇപ്പോൾ 1925 കുട്ടികൾ പഠിക്കുന്നു. 60 അധ്യാപകരും മറ്റ് പ്രവർത്തകരും സ്കൂളിൽ സേവനമനുഷ്ഠിക്കുന്നു. പ്രവർത്തന വർഷത്തിൽ കൂടുതൽ ക്ലാസ് മുറികളും സൗകര്യങ്ങളും ഒരുക്കുന്നതിന് സാധിച്ചു. വിദ്യാഭ്യാസ ഡിപ്പാർട്ട്മെന്റുകളുടെ നിർദ്ദേശപ്രകാരം ക്ലാസുകൾ ക്രമീകരിക്കപ്പെട്ടു. നമുക്ക് അഭിമാനിക്കത്തക്ക രീതിയിൽ പ്രവർത്തിക്കുന്ന ഒരു വിദ്യാഭ്യാസ സ്ഥാപനമാണ് റവ. സജി തോമസ് അഡ്മിനിസ്ട്രേറ്റർ പ്രവർത്തിക്കുന്നു.

സെന്റ്തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, വാപി: 2009ൽ ആരംഭിച്ച സ്കൂളിൽ 650 കുട്ടികൾ പഠിക്കുന്നു. 34 പേർ അധ്യാപക അനദ്ധ്യാപകരായി സ്കൂളിന്റെ പ്രവർത്തനങ്ങളിൽ പങ്കുകാരാകുന്നു. റവ. ഫിലിപ്പ് ഫിലിപ്പ് അഡ്മിനിസ്ട്രേറ്റർ ആയി പ്രവർത്തിക്കുന്നു.

സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ ആഹവാ- ഗുജറാത്ത്: 2014-ൽ ആരംഭിച്ച സ്കൂളിൽ 39 കുട്ടികൾ പഠിക്കുന്നു. 6 അദ്ധ്യാപകർ പ്രവർത്തിക്കുന്നു.

സെന്റ്തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ ബുജ്: 2016-ൽ ആരംഭിച്ച സ്കൂളിൽ 84 കുട്ടികൾ പഠിക്കുന്നു. 6 അദ്ധ്യാപകർ പ്രവർത്തിക്കുന്നു. റവ. ജസ്റ്റിൻ കെ. മാത്യു അഡ്മിനിസ്ട്രേറ്ററായി പ്രവർത്തിക്കുന്നു.

സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, കാംഷെഡ്: 145 കുട്ടികളും 11 അദ്ധ്യാപക-അനദ്ധ്യാപകരും പ്രവർത്തിക്കുന്നു. റവ. നോബിൾ ഏബ്രഹാം അഡ്മിനിസ്ട്രേറ്ററായും ശ്രീ. അലൻ പി. വർഗീസ് പ്രിൻസിപ്പലായും ശ്രീമതി ആനി നോബിൾ പ്രിൻസിപ്പൽ ഇൻ ചാർജ്ജായും പ്രവർത്തിക്കുന്നു.

ഭദ്രാസനത്തിനുള്ളിൽ സാന്താക്രൂസ്, ചെംബൂർ, മുള്ളുണ്ട്, താനെ, കല്യാൺ വെസ്റ്റ്, വിശ്രാന്തവാഡി, ബറോഡ ബഥേൽ, ഗാന്ധിധാം, മീരാ റോഡ്, നല്ലസോപ്പാറ, നാസിക് എന്നീ ഇടവകകളും വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

നവജീവൻ സെന്റർ: മുംബൈയിലെ ചുവന്ന തെരുവിൽ ജനിച്ച കുട്ടികളുടെ സമഗ്ര പുരോഗതിക്കായി ആരംഭിച്ച നവജീവൻ അതിന്റെ ദൗത്യപാതയിൽ 25 വർഷങ്ങൾ പിന്നിട്ടു എന്നത് മറ്റാർക്കും അവകാശപ്പെടുവാൻ ഇല്ലാത്ത സഭയുടെ സാമൂഹ്യ പ്രതിബദ്ധതയുടെ മകുടോദാഹരണമാണ്. അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനി പേട്രനായും ഭദ്രാസന എപ്പിസ്കോപ്പാ പ്രസിഡന്റായും റവ. ജിനു ഈപ്പൻ കുര്യൻ ഡയറക്ടറായും റവ. എസ്. മനു ഏബ്രഹാം അസിസ്റ്റന്റ് ഡയറക്ടറായും പ്രവർത്തിച്ചുവരുന്നു. നവജീവനിൽ 201 കുഞ്ഞുങ്ങളും 58 സ്റ്റാഫ് അംഗങ്ങളും ഉണ്ട്. കോവിഡ് ഏറ്റവുമധികം പ്രതികൂലമായി ബാധിച്ച റെഡ് ലൈറ്റ് ഏരിയയിൽ ഭക്ഷണപദാർത്ഥങ്ങളും മരുന്നുകളൊക്കെ ക്രമീകരിക്കുന്നതിനും സാധിച്ചു.

റാഗ് പിക്കേഴ്സ് പ്രോജക്ട്: മുംബൈ പട്ടണത്തിന്റെ സാമൂഹ്യ പശ്ചാത്തലത്തിൽ ഡംപ് യാഡുകൾ സജീവമാണ്. റാഗ് പിക്കേഴ്സ് കമ്മ്യൂണിറ്റിയിലെ കുഞ്ഞുങ്ങളുടെയും അമ്മമാരുടെയും ഉന്നമനത്തിനായി ചെയ്തുവരുന്ന പ്രവർത്തനമാണ് റാഗ് പിക്കേഴ്സ് പ്രോജക്ട്. റേഷൻ കിറ്റുകളുടെ വിതരണവും കുട്ടികൾക്ക് ഓൺലൈൻ ക്ലാസുകൾക്ക് ആവശ്യമായ ക്രമീകരണവും ചെയ്യുന്നതിന് സാധിച്ചു.

നവോദയ മൂവ്മെന്റ്: ട്രാൻസ്ജൻഡർ റീ-ഇന്റഗ്രേഷൻ വിവേചനങ്ങളുടെ ആധിക്യത്താൽ നിശബ്ദരായവരെയാണ് ക്രിസ്തു ശബ്ദമുള്ളവരാക്കി രൂപാന്തരപ്പെടുത്തിയത്. സമൂഹം അകറ്റി നിർത്തുന്നവരെ ചേർത്തുനിർത്തി. നഷ്ടപ്പെടാവുന്ന ജീവിതവും ആരോഗ്യവും മടക്കിനൽകിക്കൊണ്ട് സമൂഹത്തിന്റെ ഭാഗമായി നിർത്തുന്ന പ്രസ്ഥാനമാണ് നവോദയ ട്രാൻസ്ജെൻഡർ റീ-ഇന്റഗ്രേഷൻ പ്രോജക്ട്. പാർശ്വവൽക്കരിക്കപ്പെട്ടവരെ ചേർത്ത് നിർത്തുന്ന അനുഭവം.

മഹാമാരിയിൽ ഉപജീവന വരുമാനമാർഗ്ഗങ്ങൾ എല്ലാം നിലച്ചവരാണ് ട്രാൻസ്ജെൻഡർ സമൂഹം. ചെറിയ കൂടിവരവുകളും ആവശ്യമായ വൈദ്യസഹായങ്ങളും റേഷൻകിറ്റുകളും പല സമയങ്ങളിലായി ക്രമീകരിച്ചു നൽകുന്നതിന് സാധിച്ചു. റവ. ഷിനോയി കുഞ്ഞപ്പൻ ഡയറക്ടറായി പ്രവർത്തിക്കുന്നു.

യൂത്ത് മിനിസ്ട്രി: ഭദ്രാസനത്തിലെ യുവജനങ്ങളുടെ ആത്മീയ പരിപോഷണത്തിനായി റവ. നിതിൻ ജോൺ ചാക്കോയുടെ നേതൃത്വത്തിൽ യൂത്ത് മിനിസ്ട്രി പ്രവർത്തിച്ചുവരുന്നു. സംഗീത പരിപാടികൾ, കോൺഫറൻസുകൾ എന്നിവ വിവിധ മാധ്യമങ്ങളിലൂടെ നടത്തിവരുന്നു.

പോഷകസംഘടനകൾ: സൺഡേസ്കൂൾ, യുവജനസഖ്യം, സന്നദ്ധസുവിശേഷകസംഘം, സേവികാസംഘം, സീനിയർ സിറ്റിസൺ ഫോറം എന്നീ പോഷക സംഘടനകൾ ഭദ്രാസനത്തിൽ സജീവമായി പ്രവർത്തിക്കുന്നു. കലാമത്സരങ്ങൾ നേതൃത്വ പരിശീലന പരിപാടികൾ ക്യാമ്പുകൾ എന്നിവ വർഷംതോറും നടത്തപ്പെടുന്നു. ഭദ്രാസന സംഘടനാ ഭാരവാഹികളുടെ സ്തുത്യർഹമായ സേവനത്തിലൂടെ ശാഖാ, സെന്റർ തലങ്ങളിലുള്ള പ്രവർത്തനങ്ങൾ ഏകോപിച്ചു നടത്തിവരുന്നു.

സൺഡേ സ്കൂൾ: റിപ്പോർട്ട് വർഷത്തിൽ ഭദ്രാസന സൺഡേ സ്കൂളിന്റെ ആഭിമുഖ്യത്തിൽ വാർഷിക, ബിരുദ് പരീക്ഷകൾ നടത്തി. ഭദ്രാസന സൺഡേ സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് റവ. ഡോ. കെ. സോളമൻ ഉപാദ്ധ്യക്ഷനായും റവ. അബു ചെറിയാൻ സെക്രട്ടറിയായും ശ്രീ. വി.എസ്. മാത്യു ട്രഷറാറായും ചുമതലകൾ നിർവ്വഹിച്ചു.

യുവജനസഖ്യം: യുവജനസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ യൂത്ത് കോൺഫറൻസ് കലാമേള എന്നിവ ഓൺലൈനായി ക്രമീകരിക്കുന്നതിന് സാധിച്ചു. ഭദ്രാസന യുവജനസഖ്യം കേന്ദ്ര കലാമേളയിൽ പങ്കെടുക്കുകയും വിവിധ ഇനങ്ങളിൽ സമ്മാനാർഹരായി തീരുകയും ചെയ്തു. റവ. റ്റോം ജോൺ ഉപാദ്ധ്യക്ഷനായും ശ്രീ. ലിജിൻ ജോർജ്ജ് സെക്രട്ടറിയായും ഷെറിൻ ഫിലിപ്പ് ലേഡി സെക്രട്ടറിയായും കാരുണ്യ സുനിൽ ട്രഷറാറായും ചുമതലകൾ വഹിച്ചു.

സേവികാസംഘം: ഒരുമിച്ചുള്ള കൂടിവരവുകളിൽ സാധ്യമാകാത്ത സാഹചര്യത്തിൽ ഓൺലൈൻ മീഡിയയിലൂടെ കോൺഫറൻസുകൾ, ധ്യാനയോഗങ്ങൾ എന്നിവ ക്രമീകരിക്കുവാൻ സാധിച്ചു. റവ. ഐസക് ജി. വർഗ്ഗീസ് ഉപാദ്ധ്യക്ഷനായും ശ്രീമതി സൂസൻ ജേക്കബ് അത്മായ ഉപാദ്ധ്യക്ഷയായും ശ്രമീ ജെസ്സി ജേക്കബ് സെക്രട്ടറിയായും

ശ്രീമതി സൂസമ്മ മാത്യു ട്രഷറാറായും ചുമതലകൾ നിർവ്വഹിച്ചു.

സന്നദ്ധ സുവിശേഷക സംഘം: ഭദ്രാസന സുവിശേഷ പ്രവർത്തനങ്ങളുടെ മുഖ്യ സ്രോതസ്സായ സുവിശേഷനിധി സമാഹരണം ഭദ്രാസന ഇടവകകളിൽ നടത്തപ്പെട്ടു. ധ്യാന യോഗങ്ങളും മീറ്റിംഗുകളും ക്രമീകരിക്കുന്നതിന് സാധിച്ചു. റവ. ഷിബു പി.വി ഉപാദ്ധ്യക്ഷനായും ശ്രീ പി.വി. ഏബ്രഹാം അത്മായ ഉപാദ്ധ്യക്ഷനായും ശ്രീ. രാജു ഐപ്പ് സെക്രട്ടറിയായും ശ്രീ. കെഎസ് ജോൺ ട്രഷറർ ആയും പ്രവർത്തിച്ചു.

സീനിയർ സിറ്റിസൺ ഫെലോഷിപ്പ്: ഭദ്രാസനത്തിലെ മുതിർന്ന പൗരന്മാരുടെ കൂട്ടായ്മയായ സീനിയർ സിറ്റിസൺ ഫെലോഷിപ്പ് ഓൺലൈൻ മാധ്യമത്തിലൂടെ മീറ്റിംഗുകൾ, പ്രാർത്ഥനകൾ, സംഗീത പരിപാടികൾ സെന്റർ തലത്തിലും ഇടവക തലത്തിലും നടത്തുവാൻ സാധിച്ചു. റവ. ഈപ്പൻ ഏബ്രഹാം ഉപാദ്ധ്യക്ഷനായും ശ്രീ. വർഗീസ് ശാമുവേൽ സെക്രട്ടറിയായും ശ്രി. കെ.എസ്. വർഗീസ് ട്രഷറാറായും ചുമതലകൾ നിർവ്വഹച്ചു.

2020 നവംബർ വരെ ഭദ്രാസന അദ്ധ്യക്ഷായി അഭി. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി ഭദ്രാസനത്തിന് സ്തുത്യർഹമായ നേതൃത്വം നൽകി. തിരുമേനിയോടുള്ള ഭദ്രാസനത്തിന്റെ നാമത്തിലുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു. 2020 ഡിസംബർ മുതൽ അഭിവന്ദ്യ ഡോ. യൂയാക്കിം മാർ കൂറിലോസ് തിരുമേനി ഭദ്രാസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു. സങ്കീർണ്ണതകളിൽ നിന്നും സങ്കീർണ്ണതകളിലേക്കുള്ള യാത്രയിലാണ് ലോകം. സഭ അടയാളപ്പെടുത്തപ്പെട്ട ഒരു സമൂഹമാണ്. നാം അനുഭവിക്കുന്ന എല്ലാ ദുരിതസഞ്ചയത്തിനുമപ്പുറം പ്രത്യാശയുടെ വാതായനങ്ങൾ തുറന്നിടുന്നത് വിശ്വാസമാണ്. കർമ്മപദങ്ങളിൽ ദൈവീക ഊർജ്ജസ്വലതയോടെ ഭദ്രാസനത്തിന്റെ പ്രവർത്തനങ്ങൾ മുമ്പോട്ടു പോകട്ടെ എന്ന പ്രാർത്ഥനയോടെ റിപ്പോർട്ട് സമർപ്പിക്കുന്നു.

3.6. കൊട്ടാരക്കര – പുനലൂർ ഭദ്രാസനം

മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ 13-ാമത് ഭദ്രാസനമായി രൂപീകരിക്കപ്പെട്ട കൊട്ടാരക്കര-പുനലൂർ ഭദ്രാസനം പ്രേക്ഷിത പ്രവർത്തനത്തിൽ 7 വർഷം പൂർത്തീകരിച്ചു.

ഭദ്രാസന നേതൃത്വം: അഭിവന്ദ്യ ഡോ. യുയാക്കീം മാർ കൂറിലോസ് എപ്പിസ്ക്കോപ്പാ തിരുമേനിയുടെ ഉദാത്തവും ഊഷ്മളവുമായ നേതൃത്വം ഭദ്രാസനത്തെ പ്രേഷിത വൃത്തിയിലും സ്നേഹ കാരുണ്യ ശുശ്രൂഷയിലും തിരുസഭയോടുള്ള കൂറിലും ഏറെ മുൻപോട്ട് നയിച്ചുകൊണ്ടിരിക്കുന്നു. ഭദ്രാസന ട്രഷറാറായി ശ്രീ. സാം കെ. ജോണും സെക്രട്ടറിയായി റവ. അനിൽ ജോർജ്ജും നേതൃത്വം നൽകി വരുന്നു. കൗൺസിലിന്റെയും പട്ടക്കാരുടെയും നേതൃത്വവും ഏറെ വിലമതിക്കേണ്ടതുണ്ട്.

ഭദ്രാസന കൗൺസിൽ & ഭദ്രാസന അസംബ്ലി: 27 അംഗങ്ങൾ അടങ്ങിയ ഭദ്രാസന കൗൺസിൽ ഭദ്രാസനത്തിന്റെ സമഗ്രമായ വളർച്ചയ്ക്ക് സഹായകരമായ കർമ്മ പദ്ധതികളും മാർഗ്ഗനിർദ്ദേശവും, തീരുമാനങ്ങളും കൈകൊണ്ടു. 18 സബ്കമ്മിറ്റികളും കൂടിവരികയും പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുകയും ചെയ്യുന്നു. ഭദ്രാസനത്തിന്റെ 7-ാമത് ഭദ്രാസന അസംബ്ലി (2019-2020) 2021 മാർച്ച് മാസം 27-ാം തീയതി ശനി രാവിലെ 10-ന് കൊട്ടാരക്കര എപ്പിസ്ക്കോപ്പൽ ജൂബിലി മന്ദിരം ചാപ്പലിൽ കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച്, ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. യുയാക്കീം മാർ കുറിലോസ് എപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ നടത്തി. ഭദ്രാസനത്തിന്റെ 2019-20 വാർഷിക റിപ്പോർട്ടും, വരവ്-ചെലവ് കണക്കും, 2020-21-ലേക്കുള്ള ബഡ്ജറ്റും ചർച്ച ചെയ്ത് അംഗീകരിച്ചു. ഭദ്രാസനത്തിന്റെ സർവ്വാത്മകമായ വളർച്ചയ്ക്കാവശ്യമായ ഇതര തീരുമാനങ്ങളും കൈക്കൊണ്ടു.

ഭദ്രാസന ദിനം: 2021 മാർച്ച് 7 ഞായറാഴ്ച്ച ഭദ്രാസനദിനമായി ആചരിച്ചു. അന്നേ ദിവസം പ്രത്യേക ആരാധനക്രമം ഉപയോഗിച്ച് ആരാധന നടത്തുകയും പ്രസ്താവനകൾ നിർവ്വഹിക്കുകയും ചെയ്തു. ഭദ്രാസനത്തിന്റെ വിശാലവും പ്രസക്തവുമായ പ്രവർത്തനങ്ങളെ ഓർത്ത് എല്ലാവരും പ്രാർത്ഥിക്കുകയും, ഭദ്രാസനദിന ധനശേഖരണത്തിൽ ആത്മാർത്ഥമായി സഹകരിക്കുകയും ചെയ്തു. ദോഹ ഇമ്മാനുവേൽ ഇടവകയുടെ നല്ല പങ്കാളിത്വം എല്ലാ ദൗത്യനിർവ്വഹണ പദ്ധതികൾക്കും ലഭിച്ചത് പ്രത്യേകം പരാമർശിക്കുന്നു.

അനുസ്മരണ സമ്മേളനം: മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ പരമാദ്ധ്യക്ഷനായി സുധീരം സഭയെ നയിച്ച അഭി. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി 2020 ഒക്ടോബർ 18ന് കാലം ചെയ്തതിനെ തുടർന്ന് ഭദ്രാസനമായി അനുസ്മരണ സമ്മേളനം ഹൃദയാഞ്ജലി എന്ന് നാമകരണം ചെയ്ത്, 2020 ഒക്ടോബർ 29ന് വൈകിട്ട് 6ന് നടത്തപ്പെട്ടു. കൊട്ടാരക്കര ജൂബിലി മന്ദിരം ചാപ്പലിൽ വെച്ചും, ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെയും നടത്തപ്പെട്ട അനുസ്മരണ സമ്മേളനത്തിൽ അഭി. ഭദ്രാസന അദ്ധ്യക്ഷൻ തിരുമേനിയും, ഇതര സഭാ മേലദ്ധ്യക്ഷന്മാരും, സാമൂഹിക രാഷ്ട്രീയ നേതാക്കളും അനുസമരണ പ്രഭാഷണങ്ങളും നിർവ്വഹിച്ചു.

അനുമോദന സമ്മേളനം: മലങ്കരയുടെ 22-ാം മാർത്തോമ്മാ, അഭി. തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്ക് 63-ാമത് കൊട്ടാരക്കര കൺവൻഷൻ വേദിയിൽ വെച്ച് ഭദ്രാസനമായി അനുമോദനങ്ങൾ അർപ്പിച്ചു. ഭദ്രാസന അദ്ധ്യക്ഷൻ തിരുമേനി അദ്ധ്യക്ഷം വഹിച്ച പ്രസ്തുത സമ്മേളനത്തിൽ കൊട്ടാരക്കര മുൻസിപ്പൽ ചെയർമാൻ കൊട്ടാരക്കര പൗരാവലിയുടെ ആദരവും അർപ്പിച്ചു. ഭദ്രാസനത്തിന്റെ ഉപഹാരങ്ങൾ ഭദ്രാസന ചുമതലക്കാർ നൽകുകയുണ്ടായി.

എപ്പിസ്ക്കോപ്പൽ ജൂബിലി മന്ദിരം: സംരക്ഷിക്കുവാൻ ആരുമില്ലാത്തവരേയും ആലംബഹീനരേയും സാന്ത്വനപ്പെടുത്തുവാനും, ശുശ്രൂഷിക്കുവാനുമായി ഭാഗ്യസ്മരണീയരായ ഡോ. യൂഹാന്നോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ, ഡോ. മാത്യൂസ് മാർ അത്താനാസ്യോസ് എപ്പിസ്ക്കോപ്പാ എന്നിവരുടെ മേൽപ്പട്ടത്വ രജതജൂബിലി സ്മാരകമായി 1966 ആഗസ്റ്റ് 27-ന് കൊട്ടാരക്കരയിൽ ആരംഭിച്ചതാണ് മാർത്തോമ്മാ എപ്പിസ്ക്കോപ്പൽ ജൂബിലി മന്ദിരം. മന്ദിരത്തിന് കരുതലിന്റെയും പങ്കിടലിന്റെയും ശുശ്രൂഷ നിറപടിയായി ചെയ്യുന്നതിന് കഴിഞ്ഞ നാളുകളിൽ കഴിഞ്ഞതിൽ ദൈവത്തെ സ്തുതിക്കുന്നു. രണ്ടുപേരുമായി ആരംഭിച്ച മന്ദിരത്തിൽ 626 അശരണർക്ക് അഭയം നൽകുവാൻ കഴിഞ്ഞു. ഇപ്പോൾ ജാതി മതഭേദമെന്യേ 75 പേർ സന്തോഷത്തോടെ കഴിഞ്ഞു വരുന്നു. എജ്യൂക്കേഷൻ കെയർ പ്രോജക്ടിന്റെ ഭാഗമായി 4 കുട്ടികൾ സ്കൂളുകളിലും 10 കുട്ടികൾ നേഴ്സിംഗ് സ്കൂളുകളിലും, ഡിഗ്രി കോഴ്സിനും, B.Ed ഓരോരുത്തരും പഠിക്കുന്നു. ജൂബിലി മന്ദിരം ഓഫീസ് സമുച്ചയത്തിന്റെ പണികൾ ബൃഹത്തായും സുന്ദരമായും പൂർത്തീകരിച്ചു.

ഹോസ്പീസ്: ശയ്യാവലംബികളായ രോഗികളെ താമസിപ്പിച്ച് ശുശ്രൂഷ നൽകുന്ന ഈ സ്ഥാപനം ഇതിനോടകം 110 രോഗികൾക്ക് ശുശ്രൂഷ നൽകി. അത്യാവശ്യ സന്ദർഭങ്ങളിൽ മന്ദിരാംഗങ്ങൾക്ക് പുറമേ പുറത്തുനിന്നുള്ള ക്ഷീണിതരും മരണാസന്നരായ രോഗികളെയും പ്രവേശിപ്പിച്ച് ശുശ്രൂഷകൾ നൽകി വരുന്നു. ഇപ്പോൾ 22 പേർ ഹോസ്പീസിൽ പരിചരിക്കപ്പെടുന്നു. റിപ്പോർട്ട് വർഷം ഹോസ്പീസിനുവേണ്ടി ആധുനിക സൗകര്യത്തോടുകൂടിയ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ച് പണികൾ പുരോഗമിച്ചു വരുന്നു. 100 പേരെ വരെ പാർപ്പിച്ച് പരിചരിക്കാനുള്ള സൗകര്യങ്ങളാണ് ക്രമപ്പെടുത്തുന്നത്.

പെയിൻ & പാലിയേറ്റീവ് കെയർ യൂണിറ്റ്: കൊട്ടാരക്കര ജൂബിലി മന്ദിരത്തിന്റെ സുവർണ്ണ ജൂബിലി പരിപാടികളുടെ ഭാഗമായി പെയിൻ & പാലിയേറ്റീവിന്റെ ഒരു യൂണിറ്റ് ആരംഭിച്ചു. ഇതിൽ പ്രവർത്തിക്കുവാൻ സന്നദ്ധരായി വന്നവർക്ക് തുടർ ട്രെയിനിംഗ് ക്യാമ്പുകൾ ക്രമീകരിച്ചു. 79 പേർ സജീവ വോളന്റിയേഴ്സായി പ്രവർത്തിക്കുന്നു. ജൂബിലി മന്ദിരം കേന്ദ്രമാക്കി 8 യൂണിറ്റുകളായി പെയിൻ & പാലിയേറ്റീവിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രസ്തുത പ്രവർത്തനങ്ങൾക്ക് ന്യൂയോർക്ക് സെന്റ് ജോൺസ് യുവജനസഖ്യം വാഹനം ക്രമീകരിച്ചിട്ടുണ്ട്. കൊട്ടാരക്കര, പുനലൂർ, വാളകം, പൂയപ്പള്ളി, കുണ്ടറ എന്നിവിടങ്ങളിൽ പ്രവർത്തനം നടത്തുന്നു.

സനോഹ: കൊട്ടാരക്കര ജൂബിലിമന്ദിരത്തിന്റെ ഭാഗമായി സദാനന്ദപുരത്ത് നിർമ്മിച്ച സീനിയർ സിറ്റിസൺസ് അസിസ്റ്റഡ് ലിവിംഗ് ഹോമിന്റെ (സനോഹ) പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് 7 വർഷങ്ങൾ പിന്നിട്ടു. എല്ലാ സൗകര്യങ്ങളോടും കൂടിയ പ്രാർത്ഥനാമുറി, സ്വീകരണമുറി, കിടക്കമുറി, ബാത്ത്റും, കിച്ചൻനെറ്റ് തുടങ്ങിയ ക്രമീകരണങ്ങളോടെയുള്ള യൂണിറ്റുകളാണ് ഇവിടെയുള്ളത്. ലിഫറ്റ് ക്രമീകരിച്ചു. രണ്ടാം നിലയിൽ എല്ലാ യൂണിറ്റുകളുടെയും പണികൾ പൂർത്തീകരിച്ചു. മനോഹരമായ ഒരു ചാപ്പൽ നിർമ്മാണവും പൂർത്തീകരിച്ചു വരുന്നു. ഇപ്പോൾ 33 കുടുംബങ്ങൾക്ക് (യൂണിറ്റുകൾ) താമസ സൗകര്യമുണ്ട്. പ്രശാന്ത സുന്ദരമായ ചുറ്റുപാടിലും പ്രാർത്ഥന നിർഭരമായ അന്തരീക്ഷത്തിലും അംഗങ്ങൾ സന്തോഷപൂർവ്വം സമഭാവനയോടെ താമസിച്ചുവരുന്നു.

റെയാൻ നൈനാൻ മെമ്മോറിയൽ പ്രോജക്ട് ഫോർ ക്യാൻസർ സെന്റർ: ക്യാൻസർ രോഗത്താൽ അസ്വസ്തത അനുഭവിക്കുന്ന 18 വയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങളെ സഹായിക്കുന്നതിനായി Mrs. & Mr. സജി നൈനാൻ ഭദ്രാസനവുമായി സഹകരിച്ച് ഈ പ്രോജക്ട് തുടങ്ങിയത്. ഇതുവരെ 25 കുട്ടികൾക്ക് സഹായം നൽകി. ജാതിമത ഭേദമെന്യേ അനേകർക്ക് സാമ്പത്തിക സഹായം ഈ പദ്ധതിയിലൂടെ നൽകി വരുന്നു.

കോവിഡ് കാല കരുതലുകൾ: 2020 മാർച്ച് മാസം രണ്ടാം ഞായറാഴ്ച്ചയോടുകൂടി കോവിഡ്-19 രോഗത്തിന്റെ ഭീതി പടർന്നു തുടങ്ങിയപ്പോൾ തന്നെ, നമ്മുടെ ഭവനങ്ങളിൽ മരുന്ന്, ഭക്ഷണം ആദിയായവ എത്തിക്കുവാനുള്ള ക്രമീകരണങ്ങൾ അതത് ഇടവക വികാരിമാരിലൂടെയും ചുമതലക്കാരിലൂടെയും നിർവ്വഹിപ്പാൻ സാധിച്ചു. ഭദ്രാസനത്തിലെ ഒട്ടേറെ ഇടവകകൾ സെൽഫ് ഹെൽപ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും കൗൺസിലിംഗ് അടക്കമുള്ള ശുശ്രൂഷകൾ നിർവ്വഹിക്കുകയും ചെയ്തു. ഉപജീവനത്തിന് മാസവരുമാനം നഷ്ടപ്പെട്ടവർക്ക് സാമ്പത്തിക സഹായങ്ങൾ നൽകുകയും ചെയ്തു. ഭദ്രാസനമായി കമ്മ്യൂണിറ്റി കിച്ചണുകൾക്ക് ഭക്ഷണസാധനങ്ങൾ എത്തിച്ചു നൽകി. കൊട്ടാരക്കര കൺവൻഷൻ ബംഗ്ലാവ് ക്വാറന്റൈൻ സെന്ററായി വിട്ടു നൽകി. മാസ്ക്കും സാനിറ്റൈസറും എല്ലാവരിലും എത്തിക്കുന്നതിന് വേണ്ട ശ്രദ്ധ പുലർത്തി.

ആരാധനകൾ ഓൺലൈൻ മാധ്യമങ്ങളിലൂടെയും, അപ്രകാരം തന്നെ കൂട്ടായ്മകളും നടത്തുകയുണ്ടായി. സണ്ടേ സ്കൂൾ ക്ലാസ്സുകൾക്ക് ഓൺലൈൻ മാധ്യമത്തിലൂടെ നേതൃത്വം നൽകി. അപ്രകാരം വി.ബി.എസ്. വിവിധ ഇടവകകളിൽ ക്രമീകരിച്ചു.

ദോഹ ഇമ്മാനുവേൽ മാർത്തോമ്മാ ഇടവക: ഭദ്രാസനത്തിന്റെ ഏക വിദേശ ഇടവകയായ ദോഹ ഇമ്മാനുവേൽ മാർത്തോമ്മാ ഇടവക നൽകുന്ന സാമൂഹിക സുവിശേഷ സന്ധാരണങ്ങളും സഹായങ്ങളും ഏറ്റം വിലമതിക്കുന്നു. ആ ഇടവകയുടെ ജൂബിലി പദ്ധതികളുടെ ഭാഗമായി യാഡിക്കി മിഷൻ ഏറ്റെടുത്തതും ചാപ്പൽ നിർമ്മാണവും മിഷൻ ഹൗസ് നിർമ്മാണവും നിർവ്വഹിച്ചു തന്നതും ഓർക്കുന്നു. ഭദ്രാസന പദ്ധതികളായ സ്നേഹാമൃതത്തിൽ ആ ഇടവക യുവജനസഖ്യവും, അഭയത്തിൽ ആ ഇടവക സേവികാസംഘവും അനിതര സാധാരണമായ സഹായ പദ്ധതികളാണ് നൽകുന്നത്. ശാഖാ യുവജനസഖ്യം സ്നേഹാമൃതത്തിനു നൽകിയ (*മാരുതി ഈക്കോ*) വാഹനവും, സ്മൃതി പ്രോജക്ടിനായി നൽകിയ പ്രത്യേക കരുതലും, ഇടവക മിഷൻ പണികഴിപ്പിക്കുന്ന അംബാസമുദ്രം ചാപ്പലും, ഭദ്രാസന കളക്ഷനിലൂടെയും വ്യക്തികളായും ഇടവക ഒന്നായും നൽകി തരുന്ന കൈത്താങ്ങലുകളും പ്രത്യേകം പരാമർശിക്കുന്നു.

എപ്പിസ്കോപ്പൽ രജത, പേൾ ജൂബിലി പദ്ധതികൾ: ഭദ്രാസനത്തെ മാനവീകതയുടെ നെറുകയിലെത്തിച്ച മുന്ന് പദ്ധതികളാണ് സഹായി, സ്നേഹാമൃതം, അഭയം. അഭിവന്ദ്യ ഡോ. യൂയാക്കീം മാർ കൂറിലോസ് തിരുമേനിയുടെ എപ്പിസ്കോപ്പൽ രജത ജൂബിലി സമ്മാനമായി ഭദ്രാസനവും ഭദ്രാസന സംഘടനകളും നൽകിയതാണ് ഈ ജീവകാര്യണ്യ പദ്ധതികൾ. പേൾ ജൂബിലി പദ്ധതികളുടെ ഭാഗമായി സമർപ്പിതമായ സ്മൃതി അൽഷിമേഴ്സ് റീഹാബിലിറ്റേഷൻ സെന്റർ പൂർണ്ണ പ്രവർത്തന സജ്ജമാകുകയും 2020 ഒക്ടോബർ 31-ന് പരിചരണം ആരംഭിക്കുകയും ചെയ്തു.

സഹായി: ജാതി മത വ്യത്യാസമില്ലാതെ ആവശ്യത്തിലിരിക്കുന്ന ആളുകളെ കരംപിടിച്ച് നടത്തുന്ന കരുതൽ പദ്ധതിയാണ് സഹായി. കോവിഡ് പ്രതിസന്ധിയുടെ ഈ കാലങ്ങളിലും ഒരേ സമയം 35 പേർക്ക് ഡയാലിസിസ് ചെയ്യുവാൻ സൗകര്യം ചെയ്യുകയുണ്ടായി. ഈ പദ്ധതി സാമ്പത്തിക പ്രയാസം അനുഭവിക്കുന്നരോഗികൾക്ക് ഒരു വലിയ ആശ്വാസമാണ്. സഹായിയിൽ കൂടി മൂന്നു വിധത്തിലുള്ള പ്രവർത്തനമാണ് ഇപ്പോൾ നടക്കുന്നത്, ഒപ്പം മെഡിക്കൽ ക്യാമ്പുകളും.

ഡയാലിസിസ്: പുനലൂർ താലൂക്ക് ആശുപത്രി, കൊട്ടാരക്കര വിജയാ ഹോസ്പിറ്റൽ എന്നിവയോട് ചേർന്ന് സാമ്പത്തികമായി പ്രയാസം അനുഭവിക്കുന്ന കിഡ്നി സംബന്ധമായ രോഗമുള്ള ആളുകളെ കണ്ടെത്തി ഡയാലിസിന് നടത്തിവരുന്നു. ഈ വർഷം 35 പേർക്ക് മുടങ്ങാതെ ആഴ്ചയിൽ രണ്ടും മൂന്നും പ്രാവശ്യം വീതം ഡയാലിസിസ് നടത്തി. നാളിതുവരെ 167 ആളുകൾക്ക് ഈ പദ്ധതിയിലൂടെ സഹായം നൽകി. ഒന്നര കോടിയിൽ അധികം രൂപ നാം ആശുപത്രികൾക്ക് കൈമാറി.

Brain & Heart ശസ്ത്രക്രിയകൾ: 18 വയസിൽ താഴെയുള്ള കുഞ്ഞുങ്ങൾക്ക് ദോഹ ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകാംഗമായ ശ്രീ. ജോർജ്ജ് ചാണ്ടി ഏർപ്പെടുത്തിയിരിക്കുന്ന മോസസ് മെമ്മോറിയൽ ഫൗണ്ടേഷനിലൂടെ തലച്ചോർ ഹൃദയസംബന്ധിയായ ശസ്ത്രക്രിയകൾ നടത്തുവാൻ സഹായിക്കുന്നു. പ്രസ്തുത വർഷം 6 ഹൃദയ ശസ്ത്രക്രിയകൾക്കും 3 ബ്രെയിൻ ട്യൂമർ ശസ്ത്രക്രിയകൾക്കും സാമ്പത്തിക സഹായം നൽകി.

സ്നേഹാമൃതം: തെരുവിലും, കൊട്ടാരക്കര, പുനലൂർ താലൂക്ക് ആശുപത്രികളിലും കിടക്കുന്ന നിർദ്ധനരായ രോഗികൾക്കും പ്രഭാതഭക്ഷണം എത്തിക്കുന്ന നിശബ്ദ ശുശ്രൂഷയാണ് സ്നേഹാമൃതം. 7 വർഷം നടത്തിയ ദൈവത്തിന് നന്ദി അർപ്പിക്കുന്നു. കോവിഡ് പ്രതിസന്ധിയുടെ ഈ കാലങ്ങളിലും ഒരു ദിവസം പോലും മുടങ്ങാതെ, വോളന്റിയേഴ്സ് ജൂബിലി മന്ദിരത്തിൽ കാലാവസ്ഥാ വ്യതിയാനങ്ങളെ അവഗണിച്ച് എത്തിച്ചേർന്ന് ഭക്ഷണം പായ്ക്കറ്റുകളിലാക്കി വിതരണം ചെയ്യുന്നു. ഈ പദ്ധതി ഏഴ് വർഷം പിന്നിട്ടിരിക്കുന്നത് അഭിമാനർഹമാണ്.

അഭയം: 2018 മെയ് 18-ാം തീയതി അഭി. മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് കൂദാശ നിർവ്വഹിച്ച് മാർ കൂറിലോസ് എപ്പിസ്ക്കോപ്പൽ സിൽവർ ജൂബിലി ഹോം എന്ന സ്വന്തം കെട്ടിടത്തിലേക്ക് പ്രവേശിച്ച് പ്രവർത്തിച്ചു വരുന്നു. കോവിഡ് തീവ്രവ്യാപനത്തിനു ശേഷം ഈ സ്ഥാനപത്തിൽ 41 കുട്ടികളും, ഒരു വാർഡനും, ഒരു ട്യൂഷൻ ടീച്ചറും, രണ്ട് പാചകക്കാരും താമസിച്ചുവരുന്നു. 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പെൺകുട്ടികൾ ഇവിടെയുണ്ട്. ദൈനംദിന ചെലവുകൾ ഓരോ വ്യക്തികളും സംഘടനകളും ഇടവകകളും സ്പോൺസർ ചെയ്യുന്നു. അമേരിക്കയിലെ ഓസ്റ്റിൻ മാർത്തോമ്മാ ഇടവക ഒരു ബൊലേറോ വാഹനം അഭയത്തിന് നൽകി.

സ്മൃതി: അഭിവന്ദ്യ കൂറിലോസ് തിരുമേനിയുടെ എപ്പിസ്ക്കോപ്പസി പേൾ ജൂബിലി സ്മരണാർത്ഥം ഭദ്രാസനം സമർപ്പിച്ച പദ്ധതിയാണ് സ്മൃതി. ഇദംപ്രഥമമായി മലങ്കര സഭയിൽ ഡിമെൻഷ്യ റീഹാബിലിറ്റേഷൻ സെന്റർ ആരംഭിപ്പാൻ ഇടയായതിൽ വ്യാപരിച്ച ദൈവകൃപ വലുതാണ്. 2018 മെയ് 1 ന് അഭി. ഭദ്രാസന അദ്ധ്യക്ഷൻ തിരുമേനിയുടെ 40-ാം പൗരോഹിത്യ ജൂബിലിയുടെ ദിനത്തിൽ ഈ സ്ഥാപനയ്ക്ക് തറക്കല്ലിട്ടു. ഇപ്പോൾ 16 അന്തേവാസികളും ഏറെ പേർ അന്വേഷിച്ചും എത്തുന്നുണ്ട്. ആധുനിക സൗകര്യങ്ങളോടു കൂടിയ കെട്ടിടത്തിന്റെ ഒന്നാംഘട്ട നിർമ്മാണം 2019 ഡിസംബർ 9ന് പൂർത്തീകരിച്ച് കൂദാശ നിർവ്വഹിച്ചു. 2020 ഒക്ടോബർ 31ന് പുതിയ കെട്ടിടത്തിലേക്ക് പ്രവേശിക്കുകയും ചെയ്തു. രണ്ട് നേഴ്സുമാരും രണ്ട് പാലകരും ഒരു പാചകക്കാരിയും സ്റ്റാഫു

കളായി പ്രവർത്തിക്കുന്നു. ഡോക്ടറുടെയും റവ. സുരേഷ് വർഗ്ഗീസ് അച്ചന്റെയും മേൽനോട്ടവും ലഭിക്കുന്നു.

ഭദ്രാസന കൺവൻഷൻ: 63-ാമത് ഭദ്രാസന കൺവൻഷൻ 2021 ജനുവരി 31 ഞായർ മുതൽ ഫെബ്രുവരി 7 ഞായർ വരെ കൊട്ടാരക്കര എപ്പിസ്ക്കോപ്പൽ ജൂബിലി മന്ദിരം ചാപ്പലിൽ നടത്തപ്പെട്ടു. അഭി. മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ സാന്നിദ്ധ്യവും, സമാപന ദിനത്തിൽ അഭി. ജോസഫ് മാർ ബർന്നബാസ് എപ്പിസ്ക്കോപ്പായുടെ വി. കുർബ്ബാന അർപ്പണവും സന്ദേശവും, ഉജ്ജ്വലമായ പ്രഭാഷണങ്ങളും വളരെ അനുഗ്രഹകരമായി. റിന്യൂവെൽ കോൺഫറൻസിന്റെ ഓരോ ദിനവും മുൻകൂട്ടിയുള്ള ക്രമീകരണപ്രകാരം 100 പേർ ഒരുമിച്ച് കൂടിയതും അനേകർ ഓൺലൈൻ മാധ്യമത്തിലൂടെയും പഠനം നടത്തിയതും പ്രത്യേകത ആയിരുന്നു. റവ. ഡോ. ഷാം പി. തോമസ് നേതൃത്വം നൽകി ദൗത്യം ക്രിസ്തുവിൽ എന്നതായിരുന്നു വിഷയം. ഓൺലൈൻ ക്രമീകരണത്തിലൂടെ ആയിരങ്ങൾ കൺവൻഷനിൽ പങ്കുചേർന്നു എന്നുള്ളത് സന്തോഷകരമാണ്. യോഗത്തിൽ സെന്റർ തലക്രമീകരണങ്ങളിലൂടെ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് സംബന്ധിച്ച ഏവരെയും അഭിനന്ദിക്കുന്നു. ആരംഭം മുതൽ അവസാനം വരെ എല്ലാ മീറ്റിംഗുകളിലും ഭദ്രാസസന അദ്ധ്യക്ഷൻ തിരുമേനി നേതൃത്വം നൽകി.

മിഷൻ ഫീൽഡുകൾ: ദൈവരാജ്യ ശുശ്രൂഷകളുടെ തുടർച്ചയെന്നവണ്ണം ഭദ്രാസനത്തിനുള്ളിൽ നെടുമങ്ങാട്, ചെങ്കോട്ട, *സീമാന്ധ്ര എന്നീ സെന്ററുകളിലായി* 15 സുവിശേഷകർ പ്രവർത്തിക്കുന്നു. പച്ചമല, ഇടിഞ്ഞാർ, നാഗമല, അച്ചൻകോവിൽ, അംബാസമുദ്രം, റോസ്മല, ഭഗവതിപുരം, തെന്മല, കുറവൻതാവളം, കത്തിളകുടിയിരുപ്പ്, ചെങ്കോട്ട എന്നീ സ്ഥലങ്ങളിലും തമിഴ്നാട്ടിൽ ചെങ്കോട്ടാ മിഷൻ ഫീൽഡിനോട് ചേർന്ന് ആരംഭിച്ച പുളിയറ, മിഷൻ കേന്ദ്രത്തിലും പുതിയതായി ആരംഭിച്ച യാഡികി മിഷൻ ഫീൽഡിലും ഡ്ഡാഡുപത്രിയിലും (ആന്ധ്രാപ്രദേശ്) സുവിശേഷ പ്രവർത്തനങ്ങൾ മുന്നേറുന്നു. സുവിശേഷകരായ രവി, സുരേഷ് എന്നിവർ 8 ഗ്രാമങ്ങളിൽ അവിടെ പ്രവർത്തിക്കുന്നു. 50 പേർ സ്നാനപ്പെട്ടവരായി നമ്മുടെ ആരാധനയിലും വി. കുർബ്ബാനയിലും സംബന്ധിക്കുന്നു. യാഡികി മിഷൻ ഹൗസ്, ചാപ്പൽ എന്നിവയ്ക്ക് നവംബർ 2-ന് അഭി. ഭദ്രാസന അദ്ധ്യക്ഷൻ തിരുമേനി തറക്കല്ലിട്ടു. പണികൾ പൂർത്തീകരിച്ചു. കൊട്ടാരക്കര കൺവൻഷൻ വജ്രജൂബിലി സ്മരണാർത്ഥം, താഡുപത്രിയെന്ന സീമാന്ധ്രയിലെ ഏറെ ജനസാന്ദ്രതയുള്ള സ്ഥലത്ത് 1.07 ഏക്കർ സ്ഥലം വാങ്ങി പ്രവർത്തനം നടക്കുന്നു. ഓലപ്പാറ, ഉപ്പുകുഴി, പുളിയറ വെസ്റ്റ് എന്നീ മിഷൻ ഫീൽഡുകൾ കൂടി പുതുതായി ആരംഭിച്ചു.

ആശ്വാസ് ഡി-അഡിക്ഷൻ സെന്റർ, വാളകം: ബഹുമാനപ്പെട്ട ജോർജ്ജ് ജോൺ അച്ചന്റെ നാമധേയത്തിൽ വാളകത്ത് ആരംഭിച്ച ഹോസ്പിറ്റൽ, ഇപ്പോൾ ഭദ്രാസനമായി ഏറ്റെടുത്ത് ഡി-അഡിക്ഷൻ സെന്ററായി പ്രവർത്തിച്ചു വരുന്നു. ഇവിടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. പ്രസ്തുത വർഷം 172 ആളുകൾ ചികിത്സയ്ക്കായി വന്നു ചേർന്നു. റവ. ഷിജി സാം ഡയറക്ടറായും രണ്ട് പേർ കൗൺസിലേഴ്സായും ഒരു നേഴ്സും, രണ്ട് പേർ പാചകക്കാരായും പ്രവർത്തിക്കുന്നു. സമ്പൂർണ്ണ ലഹരി വിരുദ്ധ ഭദ്രാസനമായി ഈ വർഷം പ്രഖ്യാപിക്കപ്പെട്ടു. സംസ്ഥാന സംയുക്ത ക്രൈസ്തവ മദ്യവർജ്ജന സമിതിയുടെ മികച്ച ലഹരി വിരുദ്ധ പ്രവർത്തകയ്ക്കുള്ള അവാർഡിന് ശ്രീമതി. സേബ ഷിജി കൊച്ചമ്മ അർഹയായി.

ഭദ്രാസന അദ്ധ്യക്ഷൻ തിരുമേനിയുടെ 70-ാം ജന്മദിനം: അഭി. യുയാക്കീം മാർ കൂറിലോസ് തിരുമേനിയുടെ 70-ാം ജന്മദിനം 2020 നവംബർ 25-ന് സമുചിതമായി കൊണ്ടാടുകയും, ദൈവത്തിനു സ്തോത്രം അർപ്പിക്കുകയും ചെയ്തു. രാവിലെ 7.30ന് എപ്പിസ്ക്കോപ്പൽ ജൂബിലി മന്ദിരം ചാപ്പലിൽ വച്ച് വി. കുർബ്ബാനയോടും ശേഷം ഉച്ചകഴിഞ്ഞ് 1ന് ഓഡിറ്റോറിയത്തിൽ വച്ച് ജന്മദിന സമ്മേളനവും നടത്തപ്പെട്ടു. അഭി. തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായും സഹ മേൽപട്ടക്കാരും വി. കുർബ്ബാനയിലും ജന്മദിന സമ്മേളനത്തിലും പങ്കുചേർന്നു. തുടർന്ന് ശലഭങ്ങൾ - ഹോളിസ്റ്റിക്ക് ഡവലെപ്മെന്റ് സെന്റർ ഫോർ ചിൽഡ്രൻ അഭി. തിരുമേനിയുടെ സപ്തതി പ്രോജക്ടായി, ഭദ്രാസനം ആദരപൂർവ്വം സമർപ്പിച്ചു.

പ്രത്യേക മിഷൻ പദ്ധതികൾ

സദാനന്ദപുരം മിഷൻ പ്രോജക്ട്: വ്യത്യസ്ത ശുശ്രൂഷ നിയോഗങ്ങൾ ഏറ്റെടുത്ത് ദൗത്യവഴി മാർത്തോമ്മാ മൗണ്ടിലും പ്രവർത്തിക്കുന്നു. തോമസ് മാർ തിമോഥെയോസ് ഷഷ്ട്യബ്ദപൂർത്തി സെന്ററിൽ പ്രീ-മാരിറ്റൽ കൗൺസിലിംഗ്, യെങ്ങ് കപ്പിൾസ് മീറ്റ്, മോട്ടീവേഷൻ ക്ലാസ്സ്, വിംഗ്സ് എന്നീ ക്ലാസുകളും ഏകദിന പരിപാടികളും ക്രമീകരിക്കപ്പെട്ടു. പോളി ഹൗസിൽ കൃഷികൾ ചെയ്തുവരുന്നു.

സ്നേഹാരം പ്രോജക്ട്: വേൾഡ് വിഷൻ ഭദ്രാസനത്തെ ഏൽപ്പിച്ച സ്നേഹാരം പ്രോജക്ട് കൊട്ടാരക്കര-പുനലൂർ ഭദ്രാസനത്തിൽ പുനലൂർ-അഞ്ചൽ റൂട്ടിൽ ചുടുകട്ടയിൽ പ്രവർത്തനം സജീവമായി മുന്നോട്ടു പോകുന്നു. ഡി- അഡിക്ഷൻ മിനിസ്ട്രി, കൗൺസിലിംഗ്, സെമിനാറുകൾ ബോധവത്കരണ ക്ലാസുകൾ, ഗ്രാമസന്ദർശനം, മെഡിക്കൽ ക്യാമ്പ് തുടങ്ങിയവ ഈ സെന്ററിലൂടെ നടത്തപ്പെടുന്നു.

ഭദ്രാസന സ്പന്ദനം: ഭദ്രാസന നാവായ ഭദ്രാസന സ്പന്ദനം ത്രൈമാസ വാരികയായി പ്രസിദ്ധീകരിക്കുന്നു. ഭദ്രാസന പ്രവർത്തനങ്ങൾക്ക് ഉണർവ്വ് നല്കുകുകയും സഭാജനങ്ങളെ ഭദ്രാസനവുമായി കൂടുതൽ ബന്ധിപ്പിക്കുകയും ചെയ്യുന്നു. വാർഷിക വരിസംഖ്യ ഈടാക്കാതെ സഭാംഗങ്ങളുടെ നിർലോഭമായ സഹകരണത്താൽ ഇത് വിതരണം ചെയ്തു വരുന്നു.

ക്രോസ് വേ മിനിസ്ട്രി: ഭദ്രാസനത്തിലെ ടീനേജ് കുട്ടികളെ ഫോക്കസ് ചെയ്ത് ആരംഭിച്ച ശുശ്രൂഷയാണിത്. സോഷ്യൽ മീഡിയായിലൂടെ **പാഥേയം** എന്ന ദൈനംദിന ധ്യാനങ്ങളും ഒപ്പം പ്രത്യേക ഓൺലൈൻ മീറ്റിംഗുകളും നടത്തിവരുന്നു. ശ്രീ. അനിൽ കെ. സാം കോർഡിനേറ്ററായി പ്രവർത്തിക്കുന്നു. ഒരു സംഘം യുവജനങ്ങളുടെ നേതൃത്വവും ഏറെ വിലമതിക്കുന്നു.

പട്ടക്കാരുടെ സമ്മേളനങ്ങൾ: ഭദ്രാസന വൈദീക കോൺഫറൻസ് 2020 ഡിസംബർ 11ന് കൊട്ടാരക്കര ജൂബിലി മന്ദിരം ചാപ്പലിൽ വച്ച് നടത്തപ്പെട്ടു. അഭി. കൂറിലോസ് തിരുമേനി, റവ. ഡോ. മോത്തി വർക്കി, ഡോ. അജീഷ് റ്റി. അലക്സ് എന്നിവർ "Mission and Ministry in the age of exceptional times" എന്ന വിഷയത്തിൽ ക്ലാസ്സുകൾ നയിച്ചു. റവ. നെബു കെ. വർഗ്ഗീസ്, കൺവീനറായും, റവ. ബിബിൻസ് മാത്യൂസ് ഓമനാലി ട്രഷറാറായും പ്രവർത്തിച്ചു. വിരമിച്ച പട്ടക്കാരെ പ്രത്യേകം ആദരിച്ചു.

കൗൺസിലിംഗ് ശുശ്രൂഷകൾ: ഭദ്രാസനത്തിന്റെ 3 സെന്ററുകളിലായി കൊട്ടാരക്കര ജൂബിലി മന്ദിരം, പുനലൂർ സ്നേഹാരം, വാളകം ആശ്വാസ് എന്നിവിടങ്ങളിൽ കൗൺസിലിംഗ് നടത്തി വരുന്നു. പതിവ് മേഖലകൾ കൂടാതെ ഇ-അഡിക്ഷനെതിരെയുള്ള കൗൺസിലിംഗും, അക്കാഡമിക്ക് കൗൺസിലിംഗും നടത്തുന്നു.

മിഷനറി മീറ്റിംഗ്: ഭദ്രാസനത്തിലെ 15 സുവിശേഷകരും, 5 മിഷനറി പട്ടക്കാരും, ഒരുമിച്ച് ഡിസംബർ 23ന് അരമന കൗൺസിൽ ചേംബറിൽ കൂടിവരികയും പ്രാർത്ഥന, ധ്യാനം, ചർച്ചകൾ എന്നിവ ക്രമീകരിക്കുകയും ചെയ്തു. പങ്കെടുത്തവർക്ക് ക്രിസ്തുമസ് സമ്മാനങ്ങൾ നൽകുകയും ചെയ്തു.

ഭദ്രാസന സ്റ്റഡി ഫോറം: ഒരു വർഷ കൗൺസിലിംഗ് ക്ലാസ്സുകൾ എറണാകുളം ഗൈഡൻസ് സെന്ററിന്റെ നേതൃത്വത്തിൽ ജൂബിലി മന്ദിരം കേന്ദ്രമാക്കി നടന്നു വരുന്നു. ലൈഫ് എന്ന ആറു മാസ പഠന പ്രോഗ്രാം ആത്മായർക്കുവേണ്ടി തലവൂർ നടുത്തേരി, വാളകം സെന്റ് തോമസ് എന്നിവിടങ്ങളിൽ വച്ച് നടന്നു, വാല്യങ്ങളായി ബുക്ക് ലെറ്റുകൾ പ്രസിദ്ധീകരിക്കുകയും കൂടാതെ നോവിന്റെ വഴികളിലെ നോമ്പ് എന്ന ധ്യാനപുസ്തകവും പ്രകാശനം ചെയ്തു.

ലീഗൽ അഫയേഴ്സ് കമ്മറ്റി: ലീഗൽ അഫയേഴ്സ് കമ്മറ്റ് 5 പ്രാവശ്യം കൂടി വിവിധ തീരുമാനങ്ങൾ എടുക്കുകയും നിയമോപദേശം നല്കുകയും പുനർവിവാഹങ്ങൾക്ക് അനുമതി നല്കുകയും ചെയ്തു.

ഭദ്രാസനത്തിലെ സംഘടനകൾ: കോവിഡ് മാനദണ്ഡങ്ങൾക്ക് അനുസൃതമായി താഴെ പറയുന്ന ഭദ്രാസന സംഘടനകൾ എല്ലാം തന്നെ പ്രവർത്തിച്ചു.

മാർത്തോമ്മാ യുവജന സഖ്യം: കൊട്ടാരക്കര-പുനലൂർ ഭദ്രാസന യുവജനസഖ്യത്തിന്റെ 2020-2021 പ്രവർത്തനങ്ങൾ അനുഗ്രഹമായി നടത്തപ്പെട്ടു. സ്നേഹാമൃതം പദ്ധതി ഏഴ് വർഷം പിന്നിട്ടു. ഭദ്രാസന കലാമേള നടത്തപ്പെട്ടു. കോവിഡ് കാലഘട്ടത്തിൽ മാസ്ക്കും സാനിറ്റൈസർ എന്നിവ പൊതു ഇടങ്ങളിലും ഇടവകകളിലും വിതരണം ചെയ്തു.

സുവിശേഷക സേവികാസംഘം: കോവിഡിന്റെ പശ്ചാത്തലത്തിൽ വിപുലമായ പ്രവർത്തന പരിപാടികൾ ഒന്നും ക്രമീകരിക്കുവാൻ സാധിച്ചില്ല. എല്ലാ ചൊവ്വാഴ്ച്ചയും ചെയിൻ പ്രയർ സംഘടിപ്പിക്കുകയും കോവിഡ് 19-നാൽ പ്രയാസം അനുഭവിച്ച 78 കുടുംബങ്ങൾക്ക് ഭക്ഷണ കിറ്റ് വിതരണം ചെയ്യാൻ സാധിച്ചു.

സൺഡേസ്കൂൾ:കോവിഡ്-19 മുഖാന്തിരം സൺഡേസ്കൂൾ ഇടവകകളിൽ നടക്കാത്ത സാഹചര്യത്തിൽ റിസോഴ്സ് അദ്ധ്യാപകരിലൂടെ ക്ലാസ്സുകൾ ഓൺലൈനായി നടത്തി. സഭയുടെ എല്ലാ ഭാഗങ്ങളിലും ഈ ക്ലാസ്സുകൾ ലഭിക്കുകയുണ്ടായി. വാർഷിക പരീക്ഷ 2020 നവംബർ 23നും ബിരുദ് പരീക്ഷയും അദ്ധ്യാപക പരീക്ഷയും 2020 ഡിസംബർ 7നും അതാത് സൺഡേസ്കൂളിന്റെ നേതൃത്വത്തിൽ ഇടവകകളിൽ നടത്തുകയുണ്ടായി. 2020 ഡിസംബർ 13, 22 തീയതികളിൽ ഓടനാവട്ടം സെന്റ് തോമസ്, താമരക്കുടി ഇമ്മാനുവേൽ എന്നീ പള്ളികളിൽ ക്രിസ്തുമസ് പ്രോഗ്രാമുകൾ നടത്തുകയുണ്ടായി.

നരിക്കൽ എം.റ്റി.യു.പി. സ്കൂളിന് ദോഹ സൺഡേസ്കൂളിന്റെയും ഭദ്രാസന സൺഡേസ്കൂളിന്റെയും സഹായത്താൽ സ്മാർട്ട് ക്ലാസ് റൂം തയ്യാറാക്കി നൽകി. അഭി. ഡോ. യുയാക്കീം മാർ കൂറിലോസ് തിരുമേനിയുടെ 70-ാം ജന്മദിനത്തോടനുബന്ധിച്ച് 30 നിർദ്ധനരായ രോഗികൾക്ക് ഒരു മാസത്തേക്കുള്ള മരുന്നുകൾ ഭവനങ്ങളിൽ എത്തിച്ചു നൽകി. ഭദ്രാസന സൺഡേസ്കൂൾ കുഞ്ഞുങ്ങൾ വൃദ്ധരായ മാതാപിതാക്കൾക്ക് നൽകുന്ന സ്നേഹോപഹാരമായ മിഴി ചികിത്സാ പദ്ധതി ഈ വർഷവും തുടരുന്നതിന് സാധിച്ചു. അഖിലലോക സൺഡേസ്കൂൾ ദിനവും വി.ബി.എസ്.-ഉം സൺഡേസ്കൂൾ സമാജത്തിന്റെ നേതൃത്വത്തിൽ ഓൺലൈനായി ക്രമീകരിച്ചു. പ്രേഷിതവൃത്തി എന്നെന്നും ക്രിസ്തുവിൽ അടിസ്ഥാനപ്പെട്ടതും വിശ്വാസത്തിലും പ്രാർത്ഥനയിലും മുളപൊട്ടിയതും, വെല്ലുവിളികളെ ഏറ്റെടുത്ത് കരുത്താർജ്ജിച്ചതും, നീതിയും സമാധാനവും പരിശുദ്ധാത്മാവിന്റെ സന്തോഷവും വിളങ്ങുന്ന ദൈവരാജ്യത്തിന്റെ പ്രകാശനവുമാണ്. ആയതിന് നാഥാ ഞങ്ങളെയും സമർപ്പിക്കുന്നേ എന്ന പ്രാർത്ഥനയോടെ ഈ സംക്ഷിപ്ത പ്രവർത്തന റിപ്പോർട്ട് ഉപസംഹരിക്കുന്നു.

3.7. തിരുവനന്തപുരം - കൊല്ലം ഭദ്രാസനം

തിരുവനന്തപുരം-കൊല്ലം ഭദ്രാസനം കേരള സംസ്ഥാനത്തിന്റെ തെക്കൻ പ്രദേശങ്ങളായ തിരുവനന്തപുരം - കൊല്ലം ജില്ലകളും തമിഴ്നാട് സംസ്ഥാനത്തിലെ കന്യാകുമാരി ജില്ലയിലുമായി 7 സെന്ററുകളും യു.എ.ഈ.യിലെ ദുബായ് ഇടവക ഉൾപ്പടെ 8 സെന്ററുകളിലായി 86 ഇടവകകളും 8 കോൺഗ്രിഗേഷനുകളും ഉൾപ്പെട്ടതാണ്. ഈ ഭദ്രാസനത്തിന്റെ ശുശ്രൂഷയിൽ സജീവ സേവനത്തിലുള്ള 57 പട്ടക്കാരും റിട്ടയർ ചെയ്ത 18 പട്ടക്കാരും 20 സുവിശേഷകരും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു

1. ഭദ്രാസന എപ്പിസ്ക്കോപ്പാ

പാരമ്പര്യത്തിന്റെ നന്മയും ആരാധനാ ജീവിതത്തിന്റെ ധന്യതയും സുവിശേഷ ദർശനത്തിന്റെ സജീവതയും ഒരേപോലെ പരിലസിക്കുന്ന ദർശനങ്ങളിൽ അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് തിരുമേനി ഭദ്രാസനത്തിന്റെ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു. മാറുന്ന കാലത്തിൽ സുവിശേഷത്തിൽ വേരുറപ്പിച്ചുകൊണ്ട് ക്രിസ്തു സാന്നിദ്ധ്യത്തിന്റെ കേന്ദ്രങ്ങളായി സഭയുടെ ശുശ്രൂഷകൾ നിലകൊള്ളണം എന്ന ശ്രേഷ്ഠമായ ആലോചനകളിൽ ഈ കോവിഡ് മഹാമാരിയുടെ മദ്ധ്യത്തിലും തിരുമേനി നമ്മെ വഴിനടത്തുന്നു.

2. ഭദ്രാസന കൗൺസിൽ: റിപ്പോർട്ട് വർഷം 5 തവണ ഭദ്രാസന കൗൺസിൽ യോഗം ചേർന്ന് ഭദ്രാസന പ്രവർത്തനങ്ങൾക്ക് വേണ്ട ആലോചനകളും തീരുമാനങ്ങളും കൈക്കൊണ്ടു.

3. അനുസ്മരണ സമ്മേളനം

കാലം ചെയ്ത ഭാഗ്യസ്മരമണീയനായ ഡോ. ജോസഫ് മാർത്തോമ്മായോടുള്ള ആദരവിന്റെ സൂചകമായി 2020 ഒക്ടോബർ 26ന് വൈകിട്ട് 5 മണിയ്ക്ക് സൂം പ്ലാറ്റ്ഫോമിൽ തിരുവനന്തപുരം - കൊല്ലം ഭദ്രാസനം ഒരു അനുസ്മരണ മീറ്റിംഗ് ക്രമീകരിച്ചു. അഭിവന്ദ്യ ഡോ. ഗീവർഗ്ഗീസ് മാർ തിയഡോഷ്യസ് സഫ്രഗൻ മെത്രാപ്പോലീത്താ, മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കത്തോലിക്കാ ബാവാ തിരുമേനി, സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി, ഡോ. പി. ജെ. അലക്സാണ്ടർ എന്നിവർ പങ്കെടുത്തു.

4. അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്ക് സ്വീകരണം

2020 നവംബർ 29-ന് കൊല്ലം തേവള്ളി പള്ളിയിൽ 22-ാം മാർത്തോമ്മാ മെത്രാപ്പോലീത്താ അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്ക് ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ സ്വീകരണം നൽകി. അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് എപ്പിക്കോപ്പായുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മലങ്കര ഓർത്തഡോക്സ് കൊല്ലം ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ സഖറിയാസ് മർ അന്തോണിയോസ് മെത്രാപ്പോലീത്താ, സി.എസ്.ഐ. കൊല്ലം ഭദ്രാസനാദ്ധ്യക്ഷൻ റൈറ്റ് റവ. ഡോ. ഉമ്മൻ ജോർജ്ജ്, ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ എം.പി. തുടങ്ങിയവർ ആശംസകൾ അറിയിച്ചു. ഭദ്രാസന സെക്രട്ടറി റവ. ഈപ്പൻ ചെറിയാൻ സ്വാഗതവും, ഭദ്രാസന ട്രഷറാർ ശ്രീ. സാബു അലക്സ് കൃതജ്ഞതയും രേഖപ്പെടുത്തി.

2020 ഡിസംബർ 2-ന് മണ്ണന്തല ജെ.എം.എം. സ്റ്റഡി സെന്ററിൽ അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനി സമൂഹത്തിലെ വിവിധ മേഖലകളിലുള്ളവരുമായി കൂടിവരവും സ്നേഹവിരുന്നു ഭദ്രാസനത്തിന്റെ നേതൃതത്വത്തിൽ ക്രമീകരിച്ചു. അഭിവന്ദ്യ മെത്രാപ്പോലീത്തായ്ക്ക് ഭദ്രാസനം അനുമോദനം അർപ്പിക്കുകയും ചെയ്തു.

5. ഭദ്രാസന അസംബ്ലി

ഭദ്രാസന അസംബ്ലിയുടെ 40-ാമത് സമ്മേളനം 2021 മാർച്ച് 13-ന് പേരൂർക്കട എബനേസർ മാർത്തോമ്മാ പള്ളിയിൽ വച്ച് ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് എപ്പിസ്ക്കോപ്പായുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. 2020-21 ലെ വാർഷിക റിപ്പോർട്ടും വരവു ചെലവു കണക്കും, 2021-22 ലേക്കുള്ള ബഡ്ജറ്റും പാസ്സാക്കി. 2020-2023 ലേക്കുള്ള ഭദ്രാസന കൗൺസിൽ അംഗങ്ങളുടെ തെരഞ്ഞെടുപ്പും നടത്തി. ഭദ്രാസന സെക്രട്ടറിയായി റവ. ഡാനിയേൽ വർഗ്ഗീസും, ഭദ്രാസന ട്രഷറാറായി ശ്രീ. ജോൺസൺ ഏബ്രഹാമും തെരഞ്ഞെടുക്കപ്പെട്ടു. കൗൺസിൽ അംഗങ്ങളായി റവ. ആൻസൻ തോമസ്, റവ. ജോൺ വിൽസൺ, ശ്രീ. രതീഷ് എം. ആർ, ശ്രീമതി. ഡി. ജയ, ശ്രീ. റ്റി. അലക്സ്, റവ. ഡോ. ജയിംസൺ. കെ, റവ. ബിജി എം. രാജു, ശ്രീ. മാത്യു ഫിലിപ്പ്, ശ്രീ. സിബി പള്ളിച്ചിറ, ശ്രീമതി. എലിസബത്ത് ചെറിയാൻ, ശ്രീ. ജോർജ്ജ് എം. തോമസ്, റവ. കെ.എം. മാത്യു, പ്രൊഫ. ഡോ. ഉമ്മൻ ജോൺ, ശ്രീ. കോരുത് ശാമുവേൽ, ശ്രീമതി. മഞ്ചു. എസ് ജോർജ്ജ്, ശ്രീ. ഷിബു വർഗ്ഗീസ്, ശ്രീമതി. ഏലിയാമ്മ മാത്യു, ശ്രീമതി. ജസ്സി ഷിബു, റവ. സുനിൽ എം. ജോൺ, ശ്രീ. രാജു. റ്റി, ശ്രീ. അനു പി. അലക്സ്, ശ്രീമതി. ലില്ലിക്കുട്ടി മത്തായി, ശ്രീ. വർഗ്ഗീസ് മാത്യു, ശ്രീമതി. മേരിക്കുട്ടി അലക്സാണ്ടർ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

6 ഭദ്രാസന ദിനം: 2020 ഡിസംബർ 13 ഭദ്രാസന ദിനമായി ആചരിച്ചു. അന്നേ ദിവസം പ്രത്യേക ആരാധനാക്രമം ഉപയോഗിച്ച് ഇടവകകളിൽ ആരാധന ക്രമീകരിച്ചു. പ്രത്യേകം തയ്യാറാക്കിയ കവർ ഉപയോഗിച്ച് ഭദ്രാസന പ്രവർത്തന ങ്ങൾക്ക് വേണ്ടി ധനശേഖരണം നടത്തി.

7. ഭദ്രാസന കൺവൻഷൻ: തിരുവനന്തപുരം - കൊല്ലം

ഭദ്രാസനത്തിന്റെ 41-ാമത് ഭദ്രാസന കൺവൻഷൻ 2021 ജനുവരി മാസം 8,9,10 തീയതികളിൽ തിരുവനന്തപുരം സെന്റ് തോമസ് സ്കൂൾ ചാപ്പലിൽ നടന്നു.അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് തിരുമേനി ഉപക്രമ പ്രസംഗം നിർവ്വഹിച്ചു. തുടർന്ന് 8-ാം തീയതി റവ. എ.റ്റി. സഖറിയായും, 9-ാം തീയതി ബ്രദർ ജോർജ്ജ് ചെറിയാനും, 10-ാം തീയതി മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കത്തോലിക്കാ ബാവാ തിരുമേനിയും വചന ശുശ്രൂഷ നടത്തി. യഥാക്രമം മുക്കോലയ്ക്കൽ ബഥേൽ, നന്തൻകോട് ജറുശലേം, വട്ടിയൂർക്കാവ് സെന്റ് പോൾസ് എന്നീ മാർത്തോമ്മാ ഇടവക ഗായകസംഘങ്ങൾ ഗാന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. പ്രസ്തുത യോഗങ്ങളുടെ തൽസമയ സംപ്രേഷണം സഭയുടെ ഡി.എസ്.എം.സി. നിർവ്വഹിച്ചു.

8 മിഷൻ ഫീൽഡുകൾ: നാഗർ കോവിൽ, വേങ്ങോട്, പച്ചമുക്ക്, മഞ്ഞപ്പാറ, വർക്കല, കിളിമാനൂർ, പുത്തൻകുളം, കുളത്തൂപ്പുഴ- സാംനഗർ, പഴയേരൂർ സ്നേഹാരാം മിഷൻ, അണ്ടുകോട്, പേയാട്, വാഴിച്ചൽ, വഴുതൂർ, ആടുവള്ളി, മരങ്ങോട് - കൂടൽഭാഗം, പെരുങ്ങാലം എന്നിവിടങ്ങളിൽ മിഷൻ പ്രവർത്തനങ്ങൾ നടത്തപ്പെടുന്നു.

9 ഭദ്രാസനത്തിലെ സംഘടനകൾ

സൺഡേസ്കൂൾ: വാർഷിക പൊതുയോഗം 2021 ജനുവരി 31-ന് പരുത്തിപ്പാറ ഇമ്മാനുവേൽ മാർത്തോമ്മാ പള്ളിയിൽ വച്ച് നടത്തപ്പെട്ടു. റിപ്പോർട്ട് വർഷം ഓൺലൈനായി വി. ബി. എസ്സ്, സണ്ടേസ്കൂൾ ക്ലാസ്സുകൾ എന്നിവ ക്രമീകരിച്ചു. അഖില ലോക സണ്ടേസ്കൂൾ ദിനാഘോഷം, അർദ്ധ വാർഷിക പരീക്ഷ, ബിരുദു പരീക്ഷ, അദ്ധ്യാപക പരീക്ഷ, എന്നിവ നടത്തപ്പെട്ടു.

യുവജനസഖ്യം: റിപ്പോർട്ട് വർഷം 85% ശതമാനത്തോളം യുവജനസഖ്യാംഗങ്ങൾ കേന്ദ്രയുവജനസഖ്യത്തിൽ രജിസ്റ്റർ ചെയ്തു. കൊറോണാ മഹാമാരിയുടെ പ്രതിസന്ധികളുടെ മദ്ധ്യത്തിൽ ***കൊറോണാ ഡയറീസ്*** എന്ന പരിപാടിയിലൂടെ യുവജനങ്ങൾ വ്യത്യസ്ഥമായ കഴിവുകൾ അവതരിപ്പിക്കുകയുണ്ടായി. ലോക്ഡൗൺ കാലഘട്ടത്തിൽ പ്രത്യേകമായ പ്രവർത്തനങ്ങൾക്ക് സഖ്യം നേതൃത്വം നൽകി. ***ചങ്ക്*** എന്ന ബ്ലഡ് ക്യാംപെയിൻ പദ്ധതി സംഘടിപ്പിച്ചു. സ്റ്റഡി ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ***ബ്രേക്ക് ദ ചെയിൻ, ബൈൻഡ് ദ വേൾഡ്*** എന്ന പരിപാടി സംഘടിപ്പിച്ചു. റവ. മാത്യൂസ് ജോർജ്ജ് നേതൃത്വം നൽകി. ഈ കാലഘട്ടത്തിൽ സൂം പ്ലാറ്റ് ഫോമിലൂടെ കൗൺസിലിംഗ് ക്ലാസ്സുകൾ ക്രമീകരിച്ചു. ക്യാൻസർ രോഗികൾക്കുവേണ്ടിയുള്ള ഹീൽ എന്ന പദ്ധതി, യുവജനങ്ങളുടെ സാമൂഹിക പ്രതിബദ്ധതയെ പ്രോത്സാഹിപ്പിക്കുന്ന ജാലകം ഫോട്ടോഗ്രാഫി കോംമ്പറ്റീഷൻ, സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികൾക്ക് മൊബൈൽ ഫോൺഎന്നിവ ക്രമീകരിക്കുകയുണ്ടായി. കോവിഡ് ഹെൽപ്പ് ഡസ്ക്കിലൂടെ മരുന്ന് ആവശ്യമായ വീട്ടു സാധനങ്ങൾ എന്നിവ നൽകി. സമർപ്പി തരായ യുവാക്കൾക്കുവേണ്ടി പെരുങ്ങാലം ധ്യാനതീരത്തു വച്ച് ഗുരുസന്നിധി എന്ന് പ്രോഗ്രാം സംഘടിപ്പിച്ചു. മുൻ ഭദ്രാസന യുവജനസഖ്യം സെക്രട്ടറി ശ്രീ. റോബിൻ ബാബുവിന്റെ അനുസ്മരണ സമ്മേളനം നടത്തപ്പെട്ടു.

സേവികാസംഘം: സമാനതകളില്ലാത്ത ഈ കോവിഡ് കാലയളവിൽ ഭദ്രാസന സുവിശേഷ സേവികാ സംഘത്തിന് 2020-21 സാമ്പത്തിക വർഷത്തിൽ പൂർണ്ണതോതിൽ പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചില്ല. സേവികാസംഘ ശതാബ്ദിയോടനുബന്ധിച്ച ഭവന നവീകരണത്തിന് 3,16,340 രൂപാ നൽകുകയുണ്ടായി. തിരുവനന്തപുരം സെന്റർ സേവികാ സംഘത്തിന്റെ പ്രോജക്ടായ പകൽ വീടിന് ഒരു ലക്ഷം രൂപാ ഗ്രാന്റായി നൽകി. കാട്ടാക്കട മന്ദിരം ഇ. സി. പി, ആടുവള്ളി മിഷൻ, കാട്ടക്കട മന്ദിരം, മഞ്ഞാലുമ്മൂട് സ്നേഹതീരം സ്നേഹനിധി പ്രോജക്ട് എന്നിവയിലേക്ക് സാമ്പത്തിക സഹായം നൽകി.

സന്നദ്ധ സുവിശേഷക സംഘം: 2020 ഏപ്രിൽ 03-ന് പ്രാർത്ഥനാശൃംഗല ക്രമീകരിച്ചു. കോവിഡിന്റെ പശ്ചാത്തലത്തിൽ മറ്റ് പ്രവർത്തനങ്ങൾ ഒന്നും നടത്താൻ സാധിച്ചില്ല.

10. ഭദ്രാസനത്തിന്റെ പ്രവർത്തന മേഖലകൾ: മിഷൻ റ്റു സ്കൂൾസ് & കോളേജസ്, പദ്ധതിയിലൂടെ സ്കൂൾ, കോളേജ്, വിദ്യാർത്ഥികൾക്ക് ലക്ഷ്യബോധം നൽകുന്ന പരിപാടികൾ നടത്തപ്പെട്ടു.

പേയാട് നൈർമ്മല്യ ഡി-അഡിക്ഷൻ കൗൺസിലിംഗ് & നാഷണൽ റിസോഴ്സ് സെന്റർ കേന്ദ്രമാക്കിയുള്ള മിഷൻ റ്റു മെന്റൽ പേഷ്യന്റ്സ് പ്രവർത്തനം പ്രത്യേകം കണ്ടെത്തിയി ട്ടുള്ള 15 മാനസിക രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വളരെ ആശ്വാസകരമായിത്തീർന്നു. ലഹരി ആസക്തരെ അതിൽ നിന്ന് മോചിപ്പിക്കാനുള്ള ഡി-അഡിക്ഷൻ മിനിസ്ട്രിയുടെ ഭാഗമായി 2020 ജൂലൈ മാസം മുതൽ ലഹരി മോചന ചികിത്സാ കേന്ദ്രത്തിൽ 31 ദിവസം ദൈർഘ്യമുള്ള ചികിത്സയായി ആരംഭിച്ചു. ഐ.വി, ഒ.പി വിഭാഗങ്ങൾ പ്രവർത്തിക്കുന്നു. ലഹരി മുക്തരായവരുടെ കൂട്ടായ്മയും പ്രത്യേക സമ്മേളനങ്ങളും ഈ സ്ഥാപനത്തിലൂടെ ക്രമീകരിക്കപ്പെടുന്നു.

11. സാമൂഹ്യ പ്രവർത്തനങ്ങൾ

സ്നേഹതീരം/സ്നേഹഗിരി: മഞ്ഞാലുംമൂട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സ്നേഹതീരം പദ്ധതി 300 ലധികം എച്ച്. ഐ.വി. എയിഡ്സ് ബാധിതരായ വ്യക്തികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും കൂട്ടായ്മയും പരിചര ണവും നൽകുന്നു. ഒരു പെയിൻ & പാലിയേറ്റീവ് യൂണിറ്റ് പ്രവർത്തിക്കുന്നു. കമ്പ്യൂട്ടർ ക്ലാസ്സുകളും, വൊക്കേഷണൽ കരിയർ ഗൈഡൻസ് തുടങ്ങിയവ നടക്കുന്നു. എയിഡ്സ് രോഗികളുടെ പ്രതിമാസ കൂടിവരവ് ക്രമീകരിക്കുകയും കുടുംബങ്ങളിൽ പതിവു സന്ദർശനം നടത്തുകയും ചെയ്യുന്നു.

കാട്ടാക്കട മാർത്തോമ്മാ വയോജന മന്ദിരം: കാട്ടാക്കട മാർത്തോമ്മാ വയോജന മന്ദിരത്തിൽ പ്രായം ചെന്ന 22 സഹോദരിമാർ താമസിക്കുന്നു. അവർക്കാവശ്യമായ കൗൺസിലിംഗും മറ്റു പരിചരണങ്ങളും നൽകി അദ്ധ്യാത്മിക വളർച്ചയ്ക്കും ശാരീരിക ക്ഷേമത്തിനും മാനസിക ഉല്ലാസ ത്തിനും വേണ്ട പരിപാടികൾ ക്രമീകരിച്ചു. മാസത്തിൽ ഒരിക്കൽ ഡോക്ടറും നഴ്സ്മാരും വന്ന് മന്ദിരാംഗങ്ങളെ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങളും മരുന്നുകളും നൽകുന്നു. മാർ ക്രിസോസ്റ്റം ഹാൾ തെക്കൻ തിരുവിതാംകൂറിലെ ഇടവകകളുടെ വിവിധ പരിപാടികൾക്കും ക്യാമ്പുകൾക്കും വേദിയായി.

ഹോസ്പിറ്റൽ ഗൈഡൻസ് & കൗൺസലിംഗ് സെന്റർ - തിരുവനന്തപുരം: കേരളത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്ന് അന്യ സംസ്ഥാനങ്ങളിൽ നിന്നും തിരുവനന്തപുരത്തെ പ്രത്യേക ആശുപത്രിയിൽ വിദഗ്ദ ചികിത്സ തേടിവരുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും താങ്ങും തണലുമായി 1982 മുതൽ മാർത്തോമ്മാ ഹോസ്പിറ്റൽ ഗൈഡൻസ് & കൗൺസിലിംഗ് സെന്റർ സ്തുത്യർഹമായമായി പ്രവർത്തിച്ചു വരുന്നു.

കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് റീജനൽ ക്യാൻസർ സെന്റർ, ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & റിസർച്ച് സെന്റർ, മെഡിക്കൽ കോളേജ് തുടങ്ങിയ ആശുപത്രികളിൽ ചികിത്സാർത്ഥം വന്ന രോഗികളും അവരുടെ കൂട്ടിരിപ്പുകാരും ഈ സെന്ററിൽ താമസിക്കുകയും മൂന്നു നേരം ഭക്ഷണം ഉൾപ്പടെ അവർക്കാവശ്യമായ സഹായ സഹകരണ ങ്ങൾ നൽകുകയുണ്ടായി. കോവിഡ് മഹാമാരിമൂലം കഷ്ടപ്പെടുന്ന ജനങ്ങൾക്ക് സഹായം നൽകുന്നതിന്റെ ഭാഗമായി കമ്മ്യൂണിറ്റി കിച്ചന് ആവശ്യമായ ഒരു ലക്ഷം രൂപ വിലവരുന്ന അരിയും മറ്റു സാധനങ്ങളും 50,000/- രൂപയും ആരാധ്യനായ തിരുവനന്തപുരം മേയർക്ക് കൈമാറുകയുണ്ടായി.

സെന്ററിലെ ചാപ്പലിൽ ദിവസേന രാവിലെയും വൈകിട്ടും പ്രാർത്ഥന നടത്തുന്നു. മാസത്തിലെ നാലാം ഞായറാഴ്ച വിശുദ്ധ കുർബ്ബാന അർപ്പിക്കുന്നു.

കൗൺസിലിംഗ് സെന്ററിലൂടെ പ്രീമാരിറ്റൽ, പോസ്റ്റ് മാരിറ്റൽ കൗൺസലിംഗും, ത്രൈമാസ കോഴ്സുകളും, ഡി.സി. പി.സി. കോഴ്സും നടത്തിവരുന്നു. 23 വിദ്യാർത്ഥികൾ അഭ്യസനം നടത്തി.

നവോദയ മൂവ്മെന്റ് സൊസൈറ്റി: മാർത്തോമ്മാ സഭയു

ടെ പ്രോജക്ടായ നവോദയ മൂവ്മെന്റിന്റെ ഭദ്രാസന യൂണിറ്റിന്റെയും കേരളാ ഗവൺമെന്റിന്റെ സോഷ്യൽ ജസ്റ്റിസ് ബോർഡിന്റെയും ആഭിമുഖ്യത്തിൽ ഒരു റിഹാബിലിറ്റേഷൻ സെന്റർ മാർത്തോമ്മാ ഗൈഡൻസ് സെന്ററിനോട് ചേർന്ന് ആരംഭിക്കുവാൻ സാധിച്ചു. പ്രവർത്തനങ്ങളുടെ ഭാഗമായി റിപ്പോർട്ട് വർഷത്തിൽ 2 ട്രാൻസ്ജെന്റേഴ്സ് അവിടെ താമസിക്കുന്നു.

ബഹറിൻ സെന്റർ, ചാത്തന്നൂർ: മാർത്തോമ്മാ സഭയുടെയും ബഹറിൻ മാർത്തോമ്മാ സേവികാസംഘത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ 1984-ൽ ചാത്തന്നൂരിനടുത്ത് കല്ലുവാതുക്കലിൽ സ്ഥാപിക്കപ്പെട്ടതാണ് ബഹറിൻ സെന്റർ. വിവിധ കാരണങ്ങളാൽ സ്വഭവനത്തിൽ കഴിയാൻ സാധിക്കാത്ത 60 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് ജാതി മത വ്യത്യാസങ്ങളില്ലാതെ ഭവനാന്തരീക്ഷത്തിൽ തനിച്ചോ ഭാര്യാ ഭർത്താക്കന്മാർ ഒരുമിച്ചോ സുരക്ഷിതമായി കഴിയുവാൻ ബഹറിൻ സെന്റർ അവസരം ഒരുക്കുന്നു. ഇപ്പോൾ 22 അന്തേവാസികൾ താമസിക്കുന്നു. അന്തേവാസികൾ വിവിധ കൃഷികളിലും, ജീവജാല പരിപാലനത്തിലും പങ്കാളികളാ കുന്നു.

പടവുകൾ: തെക്കൻ തിരുവിതാംകൂറിളെ കുട്ടികൾക്കായി ഇന്ത്യൻ സിവിൽ സർവ്വീസ് പോലെയുള്ള ഉന്നത മേഖലകളിലേക്ക് പ്രവേശിക്കത്തക്കവിധം ദൈവത്തോടും, സമൂഹത്തോടുമുള്ള ബന്ധത്തിൽ പഠനകാലത്തെ ക്രമീകരിക്കുന്ന പദ്ധതിയാണിത്. തെരഞ്ഞടുക്കപ്പെട്ട കുട്ടികൾക്കുള്ള കോച്ചിംഗ് ക്ലാസ്സുകൾ നടന്നുവരുന്നു. കുട്ടികൾക്ക് എൻട്രൻസ് കോച്ചിംഗ് ഉൾപ്പടെയുള്ള ട്രെയിനിംഗ് നൽകുന്നു.

മാർത്തോമ്മാ ധ്യാനതീരം- പെരിങ്ങാലം: കായൽ പരപ്പിന്റെ ദൃശ്യഭംഗി കവിഞ്ഞൊഴുകുന്ന അഷ്ടമുടി-പെരുങ്ങാലം ദ്വീപിലെ മനോഹരമായ ക്യാമ്പ് സെന്റർ ക്യാമ്പുകൾക്കും ഏകദിന സമ്മേളനങ്ങൾക്കും ഏറ്റവും അനുയോജ്യമായ ഇടമാണ്. 150 പേർക്ക് താമസ സൗകര്യമുണ്ട്. ദുബായ് മാർത്തോമ്മാ ഇടവക മിഷന്റെ ആഭിമുഖ്യത്തിൽ ദ്വീപ് നിവാസികളുടെ സമഗ്ര വികസന ത്തിനായി ***സമഗ്ര*** എന്ന പ്രോജക്ട് പ്രവർത്തിക്കുന്നു. പ്രസ്തുത പ്രോജക്ടിലൂടെ കുട്ടികൾക്കുള്ള സ്കോളർഷി പ്പുകൾ, വിദ്യാഭ്യാസ സഹായം, വിവാഹ സഹായം വൃദ്ധജന സഹായം തുടങ്ങിയ സാമ്പത്തിക സഹായങ്ങൾ നൽകുന്നു.

South Travancore Agency for Rural Development (STARD): നെയ്യാർഡാം കാരുണ്യ സി.ഡി.സിയിലെയും, മലൈക്കോട് സ്നേഹജ്യോതി സി.ഡി.സി യിലെയും കുട്ടികൾക്ക് വിദ്യാഭ്യാസവും മറ്റ് സഹായങ്ങളും നൽകി. ചൈൽഡ് ഡവലപ്മെന്റ് സെന്റർ (സി.ഡി.സി) പ്രവർത്തിക്കുന്നു. വഴുതൂരിലുള്ള വിമൻസ് ഹോസ്റ്റലിന്റെ, സേവനം ഉദ്യോഗസ്ഥ വനിതകൾ പ്രയോജനപ്പെടുത്തി. തന്നാണ്ടിൽ തെക്കൻ തിരുവിതാംകൂർ മേഖലയിൽ 3 ബേബി ക്രഷുകൾ പ്രവർത്തിക്കാൻ സാധിച്ചില്ല. സ്റ്റാർഡിന്റെ ചുമതലയിൽ എരുത്താവൂരിൽ എൽ. കെ.ജി. മുതൽ 5-ാം ക്ലാസ്സ് വരെയുള്ള സെന്റ് പോൾസ് മാർത്തോമ്മാ ഇംഗ്ലീഷ് മീഡിയം സ്കൂൾ പ്രവർത്തിക്കുന്നു. ആടുവള്ളി മിഷൻ കേന്ദ്രമാക്കി അഭിവന്ദ്യ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായുടെ പേരിൽ സ്ത്രീശാക്തീകരണ പദ്ധതിയായി വസ്ത്ര എന്നപേരിൽ ഒരു ഗാർമെന്റ് യൂണിറ്റ് പ്രവർത്തിക്കുന്നു. ശിശുവികസന കേന്ദ്രങ്ങളുടെ പ്രവർത്തന ത്തിന് നോർത്ത് അമേരിക്ക & യൂറോപ്പ് ഭദ്രാസനത്തിന്റെ കീഴിലുള്ള മാർത്തോമ്മാ മിഷൻ ബോർഡിന്റെ **'Light to Life'** പ്രോജക്ടിലൂടെ സഹായിക്കുന്നു.

12. ***വിദ്യാഭ്യാസ പ്രവർത്തനങ്ങൾ***

ഭദ്രാസനത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ

മാർത്തോമ്മാ പ്രൈവറ്റ് ഐ.റ്റി.ഐ.: അഞ്ചൽ മാർത്തോമ്മാ പ്രൈവറ്റ് ഐ.റ്റി.ഐ. യിൽ റിപ്പോർട്ട് വർഷം അഡ്മിഷൻ ലഭിച്ച് വിവിധ ട്രെയിഡുകളിലായി 215 വിദ്യാർത്ഥികൾ പഠനം നടത്തി. പ്രിൻസിപ്പാളും, അദ്ധ്യാപകരും അനദ്ധ്യാപകരായി 16 പേർ സേവനം ചെയ്യുന്നു. രാജ്യത്തെ എല്ലാ ഐ.റ്റി.ഐ. കളിലും ഗ്രേഡിംഗ് നടത്തുന്നതിന്റെ ഭാഗമായി 2.42 ഗ്രേഡ് നേടി കൊല്ലം ജില്ലയിലെ ഏറ്റവും മികച്ച സ്ഥാപനങ്ങളിലൊന്നായി മാറാൻ സാധിച്ചു. കോവിഡിന്റെ പശ്ചാത്തലത്തിൽ തന്നാണ്ടിൽ ഓൺലൈൻ ക്ലാസ്സുകൾ ക്രമീകരിച്ചുവരുന്നു. സ്ഥാപനം മോടികൂട്ടുന്ന തിന്റെ ഭാഗമായി ഐ.റ്റി.ഐ.യുടെ മുൻവശത്തെ ഗ്രൗണ്ട് ലാന്റ്സ്കേപ്പിംഗ് നടത്തി ഗേറ്റുൾപ്പടെ യുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

വർക്കല മാർത്തോമ്മാ സെൻട്രൽ സ്കൂൾ: വർക്കല മാർത്തോമ്മാ സെൻട്രൽ സ്കൂളിൽ 10-ാം ക്ലാസ്സുവരെയുള്ള ക്ലാസ്സുകളിൽ 214 വിദ്യാർത്ഥികൾ പഠനം നിർവഹിച്ചു. പരിസ്ഥിതി ദിനം, യോഗദിനം, സ്വാതന്ത്ര്യദിനം, ഓണാഘോഷം അദ്ധ്യാപകദിനം, ഹിന്ദി ദിവസം, ഇംഗ്ലീഷ് ഫെസ്റ്റ് ക്രിസ്മസ് ആഘോഷം, റിപബ്ലിക്ക്ദിനം എന്നിവ ആഘോഷിച്ചു. തന്നാണ്ടിൽ സയൻസ് ലാബ് നവീകരിച്ചു. ഓൺലൈനിലൂടെ ക്ലാസ്സുകൾ നടത്തിവരുന്നു.

വർക്കല മാർത്തോമ്മാ ഇംഗ്ലീഷ് മീഡിയം സ്കൂൾ: 42 വർഷം മുമ്പാരംഭിച്ച വർക്കല മിഷൻ സ്കൂളിൽ എൽ. കെ. ജി മുതൽ 4-ാം ക്ലാസ്സുവരെ 76 കുട്ടികൾ പഠനം നടത്തി വരുന്നു. 8 അദ്ധ്യാപകരും 2 അനദ്ധ്യാപകരും സേവനമനുഷ്ഠിക്കുന്നു. ഓൺലൈനിലൂടെ ക്ലാസ്സുകൾ നടത്തിവരുന്നു.

രജിസ്റ്റേർഡ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ

Educatioanal Technical Training & Research Centre (ETTARC-) ആയൂർ *മാർത്തോമ്മാ കോളേജ് ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽ:* പ്രസ്തുത കോളേജിൽ B. Sc - Bio Technology, Computer Science, Electronics, Polymer Chemistry, B.Com with Computer Application, B.Com Finacne, BBA, BA English Languages & Literature എന്നീ 8 ബിരുദ കോഴ്സുകളും M.Sc- Bio Technology, Computer Science, Electronics, Polymer Chemistry, M.Com - Finance എന്നീ 6 ബിരുദാനന്തര കോഴ്സുകളും നടത്തിവരുന്നു.

മാർത്തോമ്മാ ETTARC ന്റെ കീഴിലുള്ള *മാർത്തോമ്മാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി* ഈ സ്ഥാപനത്തിൽ എം.ബി.എ., എം.സി.എ. കോഴ്സുകളിലായി 188 വിദ്യാർത്ഥികളും, ഫാക്കൽറ്റി അംഗങ്ങളായി 12 പേരും, അനദ്ധ്യാപകരായി 7 പേരും ഉണ്ട്. സൊസൈറ്റിയുടെ കീഴിലുള്ള സ്കൂളിൽ C.B.S.E സിലബസ്സിൽ എൽ. കെ. ജി. മുതൽ ഏട്ടാം ക്ലാസ്സുവരെ 399 വിദ്യാർത്ഥികൾ പഠനം നടത്തി. 24 അദ്ധ്യാപകരും 17 അനദ്ധ്യാപകരും സേവനം അനുഷ്ഠിച്ചു.

മാർത്തോമ്മാ ചർച്ച് എഡ്യൂക്കേഷണൽ സൊസൈറ്റി - മുക്കോലയ്ക്കൽ: 1966-ൽ സ്ഥാപിതമായതാണ് തിരുവനന്തപുരം മാർത്തോമ്മാ ചർച്ച് എഡ്യൂക്കേഷണൽ സൊസൈറ്റി. സൊസൈറ്റിയുടെ കീഴിൽ സെന്റ് തോമസ് റസിഡൻഷ്യൽ സ്കൂളിൽ 2483 വിദ്യാർത്ഥികളും, സെന്റ് തോമസ് സെൻട്രൽ സ്കൂളിൽ 3124 വിദ്യാർത്ഥികളും, സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളിൽ 733 വിദ്യാർത്ഥികളും അഭ്യസനം നടത്തി. 246 അദ്ധ്യാപകർ മൂന്നു സ്ക്കൂളുകളിലുമായി സേവനമനു ഷ്ഠിച്ചു. സെന്റ് തോമസ് പ്രീ പ്രൈമറി സ്കൂളിൽ 857 കുട്ടികളും, കുമാരപുരം പ്ലേസ്ക്കൂളിൽ 64 കുട്ടികളും പഠനം നടത്തി. 31 അദ്ധ്യാപകർ സേവനം അനുഷ്ടിച്ചു. സെന്റ് തോമസ് ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജിൽ 100 വിദ്യാർത്ഥികൾ അഭ്യസനം നടത്തി. 7 അദ്ധ്യാപകർ പ്രസ്തുത സ്ഥാപനത്തിൽ സേവനമനുഷ്ടിച്ചു. സൊസൈറ്റിയുടെ തന്നെ സ്ഥാപനമായ സെന്റ് തോമസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി യിൽ 5 ബ്രാഞ്ചുകളിലായി അദ്ധ്യയന വർഷം 454 വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. 45 അദ്ധ്യാപകർ സേവനമനുഷ്ടിച്ചു. ചന്ത വിളയിൽ സെന്റ് തോമസ് പബ്ലിക്ക് സ്കൂളിൽ എൽ.കെ.ജി. മുതൽ 9-ാം ക്ലാസ്സ് വരെയുള്ള സ്കൂളിൽ 1090 കുട്ടികൾ അഭ്യസനം നടത്തി. 37 അദ്ധ്യാപകർ സേവനമനുഷ്ഠിച്ചു.

സെന്റ് തോമസ് മാർത്തോമ്മാ ചർച്ച് എഡ്യൂക്കേഷണൽ സൊസൈറ്റി - കുലശേഖരം: സെന്റ്തോമസ് മെട്രിക്കുലേഷൻ

ഹയർ സെക്കന്ററി സ്കൂളിൽ 12-ാം ക്ലാസ്സുവരെ അംഗീകാരം ലഭിച്ച ഒരു ഹയർ സെക്കന്ററി സ്ക്കൂൾ പ്രവർത്തിയ്ക്കുന്നു. 368 വിദ്യാർത്ഥികളും, അദ്ധ്യാപകരും അനദ്ധ്യാപകരുമായി 38 പേരും ഉണ്ട്.

13. സ്റ്റുഡന്റ് സെന്റർ & യൂത്ത് മിനിസ്ട്രി: കൊല്ലം പട്ടത്താനത്തും, നാഗർ കോവിലിലും ഉള്ള സ്റ്റുഡന്റ്സ് സെന്ററുകളിലൂടെ വിദ്യാർത്ഥികളുടെ ഇടയിലുള്ള അദ്ധ്യാത്മിക പ്രവർത്തനങ്ങൾ നടത്തപ്പെട്ടു. കൊല്ലം സ്റ്റുഡന്റ്സ് സെന്ററിൽ എഡ്യൂകെയർ എന്ന നൂതന വിദ്യാഭ്യാസ പദ്ധതി നടപ്പാക്കുന്നു. തിരുവനന്തപുരത്തുള്ള വിവിധ കോളേജുക ളിലെ വിദ്യാർത്ഥികളെയും യുവജനങ്ങളെയും സംഘടിപ്പിച്ച് Zoom മീറ്റിംഗിലൂടെ തിരുവനന്തപുരം കേന്ദ്രമാക്കി സ്റ്റുഡന്റ്സ് ച്യാപ്ലെയിൻ പ്രവർത്തിക്കുന്നു. ഹോസ്പിറ്റൽ ഗൈഡൻസ് സെന്ററർ, മാർ ഇവാനിയോസ് കോളേജ്, സെന്റ് തോമസ് എൻജിനീയറിംഗ് കോളേജ്. കിംസ് നഴ്സിംഗ് സ്കൂൾ, ഇൻഫോസിസ്, യു.സി.റ്റി ഗ്ലോബൽ, ടെക്നോപാർക്ക് എന്നിവിടങ്ങളിലെ മാർത്തോമ്മാ വിദ്യാർത്ഥികൾക്ക് ഫെല്ലോഷിപ്പ് നൽകുന്നു. ഇടിഞ്ഞാർ മാർത്തോമ്മാ മിഷൻ സെന്ററിൽ വച്ച് ക്യാമ്പ് ക്രമീകരിച്ചു. ഗ്ലോറിയ എന്ന പേരിൽ ക്രിസ്മസ് സെലിബ്രേഷൻ ക്രമീകരിച്ചു. പുതുവർഷത്തെ വരവേൽക്കാൻ ***പുതുപുലരി*** എന്ന പരിപാടിയും, ഓണത്തെ വരവേൽക്കാൻ ***പൂവിളി*** എന്ന പരിപാടിയും സംഘടിപ്പിച്ചു. വാട്ടപ്പാറ ശാന്തി മന്ദിരത്തിലെ അന്തേവാ സികൾക്ക് വസ്ത്ര പിതരണം നടത്തി. അപകടത്തിൽ തളർന്നു കിടക്കുന്ന പോത്തൻകോട് സ്വദേശിയുടെ ഭവനം വാസയോഗ്യമാക്കി നൽകി. 1500/- രൂപ പ്രതിമാസ സഹായമായും നൽകുന്നു. കർഷക സമര ഐക്യദാർഢ്യ റാലി നടത്തി. കോവിഡ് കാലത്ത് 4 കുട്ടികൾക്ക് ലാപ്ടോപ്പ് നൽകി സഹായിച്ചു.

14. അഞ്ചൽ റബ്ബർ എസ്റ്റേറ്റ്: അഞ്ചൽ ഐ. റ്റി. സി. യോടു ചേർന്നുള്ള 12.5 ഏക്കർ റബ്ബർ തോട്ടത്തിൽ പുതിയ റബ്ബർ പ്ലാന്റ് ചെയ്തത് ഭംഗിയായി സംരക്ഷിച്ചുവരുന്നു. ടാപ്പിംഗിനുള്ള ക്രമീകരണങ്ങൾ നടത്തിവരുന്നു.

15. തോമസ് മാർ അത്തനാസ്യോസ് ഹാൾ - മൈലച്ചൽ കാട്ടക്കട മൈലച്ചലിൽ ഉണ്ടായിരുന്ന തോമസ് മാർ അത്തനാസ്യോസ് ഐ.റ്റി.സി. കെട്ടിടം തെക്കൻ തിരുവിതാംകൂറിലെ സഭാ മക്കൾക്ക് ഉപയുക്തമാകും വിധത്തിൽ ഒരു കമ്മ്യൂണിറ്റി സെന്ററായി പ്രവർത്തിക്കുന്നു.

16. എക്ലീസിയ: ഭദ്രാസനത്തിന്റെ മുഖപത്രമായ എക്ലീസിയ ത്രൈമാസിക ആയി പ്രസിദ്ധീകരിക്കുന്നു. ഭദ്രാസനത്തിലെ എല്ലാ വീടുകളിലും എക്ലീസിയ ഇടവക ചുമതലയിൽ എത്തി ക്കുന്നു. കോവിഡിന്റെ പശ്ചാത്തലത്തിൽ ഒരു എഡിഷൻ മാത്രമെ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞുള്ളൂ.

17. ഭദ്രാസന ലീഗൽ അഫയേഴ്സ് കമ്മറ്റി: പ്രസ്തുത കമ്മറ്റി 2 പ്രാവശ്യം കൂടി 15 വിവാഹമോചന കേസുകൾ പരിഗണിക്കുകയും പുനർവിവാഹത്തിന് അർഹരായവർക്ക് അനുമതി നൽകുകയും ചെയ്തു.

18. മീറ്റിംഗുകൾ

ഭദ്രാസന വൈദീക കൂട്ടായ്മ: തിരുവനന്തപുരം - കൊല്ലം ഭദ്രാസനത്തിലെ വൈദികരുടെ കോൺഫ്രൻസ് 2020 നവംബർ 30-ന് മണ്ണന്തല ജെ.എം.എം. സ്റ്റഡി സെന്ററിൽ വച്ച് അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് എപ്പിസ്ക്കോപ്പായുടെ മഹനീയ അദ്ധ്യക്ഷതയിൽ നടന്നു. Sripture and Sacraments in the age of Pandemic എന്ന വിഷയത്തെക്കുറിച്ച് റവ. ഡോ. മോത്തി വർക്കി ക്ലാസ്സുകൾ എടുത്തു. റവ. സി.കെ. ടൈറ്റസ് ധ്യാനത്തിന് നേതൃത്വം നൽകി.

ഗുരുസന്നിധി: തിരുവന്തപുരം - കൊല്ലം ഭദ്രാസനത്തിലെ സമർപ്പിത യുവജനങ്ങളുടെ കൂട്ടായ്മ 2020 ഡിസംബർ 11,12 തീയതികളിൽ പെരുങ്ങാലം മാർത്തോമ്മാ ധ്യാനതീരത്തിൽ വച്ച് ഭദ്രാസന യുവജനസഖ്യത്തിന്റെ നേതൃത്വത്തിൽ ക്രമീകരിച്ചു. അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് എപ്പിസ്ക്കോപ്പാ, റവ. ഫെനോ എം. തോമസ്, മറ്റ് വൈദീകർ എന്നിവർ നേതൃത്വം നൽകി.

ഭദ്രാസന സുവിശേഷകരുടെ കൂട്ടായ്മ: ഭദ്രാസന സുവിശേഷകരുടെ പ്രതിമാസ കൂടിവരവ് മാർത്തോമ്മാ കേന്ദ്രത്തിൽ വച്ച് ക്രമീകരിക്കുന്നു.

പ്രത്യേക ആരാധന: സഭയുടെ നിർദ്ദേശപ്രകാരം യു.എ.ഈ.യിലുള്ള വിശ്വാസികൾക്കായി 3 വെള്ളിയാഴ്ചകളിൽ മണ്ണന്തല അരമനയിൽ നിന്നും വിശുദ്ധ കുർബ്ബാന ലൈവ് ടെലികാസ്റ്റ് ചെയ്തു.

3.8. ചെങ്ങന്നൂർ - മാവേലിക്കര ഭദ്രാസനം

ചെങ്ങന്നൂർ, ഉമയാറ്റുകര, ഇടയാറന്മുള, ഇലന്തൂർ, തുമ്പമൺ, വെണ്മണി, മാവേലിക്കര, കാർത്തികപള്ളി എന്നീ 8 സെന്ററുകളിലെ 88 ഇടവകകളും ഗൾഫ് മേഖലയിൽ ഒമാനിലെ ഗാല, സലാല, യു. എ. ഇ -ലെ ഫ്യുജറൈ, റാസൽ ഖൈമ എന്നീ ഇടവകകളും ചേർന്നിട്ടുള്ളതാണ് ചെങ്ങന്നൂർ-മാവേലിക്കര ഭദ്രാസനം.

പെരിങ്ങാല, തൃക്കുന്നപ്പുഴ, പാണ്ഡവൻപാറ, തോട്ടപ്പള്ളി, എരിക്കാവ്, പൂപ്പറത്തി എന്നീ മിഷൻ ഫീൽഡുകളിലും ആന്ധ്രാപ്രദേശിലെ കടപ്പാ ജില്ലയിൽ നരസ്സാപുരം, അലഗഡ എന്നീ മിഷൻ ഫീൽഡുകളിലെ 25 ഗ്രാമങ്ങളിലും ചൈതന്യവത്തായ സുവിശേഷ പ്രവർത്തനങ്ങളും, സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങളും നിർവ്വഹിച്ചുവരുന്നു.

1. ഭദ്രാസന അസംബ്ളി, ഭദ്രാസന കൗൺസിൽ: ചെങ്ങന്നൂർ-മാവേലിക്കര ഭദ്രാസനത്തിന്റെ 27-ാമത് വാർഷിക യോഗം 2021 മാർച്ച് 13 ശനിയാഴ്ച തിട്ടമേൽ ട്രിനിറ്റി മാർത്തോമ്മാ പള്ളിയിൽ വച്ച് ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ തിമഥിയോസ് എപ്പിസ്ക്കോപ്പായുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. വെരി. റവ. ഡോ. ജയൻ തോമസ് വികാരി ജനറാളായും, റവ.തോമസ് ജോർജ്ജ് (മാരാമൺ) സെക്രട്ടറിയായും, ശ്രീ. ജിജി മാത്യു സ്കറിയ ട്രഷറാറായും പ്രവർത്തിച്ചു. ഔദ്യോഗിക ചുമതലക്കാർക്ക് പുറമെ 24 അംഗങ്ങൾ അടങ്ങുന്ന ഭദ്രാസന കൗൺസിൽ 4 പ്രാവശ്യം കൂടി തീരുമാനങ്ങൾ എടുത്ത് നടപ്പിൽ വരുത്തുകയും ചെയ്തു.

2. വൈദീകർ, സുവിശേഷകർ: ഭദ്രാസനത്തിലെ 92 ഇടവകകളിലും, കേരളത്തിനുള്ളിൽ 5 ഉം ആന്ധ്രാ പ്രദേശത്ത് നരാസാപുരം, അലഗഡ എന്നീ മിഷൻ ഫീൽഡുകളിലുമായി 82 വൈദീകരും 12 സുവിശേഷകരും പ്രശംസനീയമായ രീതിയിൽ പ്രവർത്തിച്ചു. സജീവ സേവനത്തിൽ നിന്ന് വിരമിച്ച 34 വൈദികർ ഭദ്രാസനത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും ആത്മാർത്ഥയോടെ പങ്കെടുത്തു.

3. വൈദീകസമ്മേളനം: ഭദ്രാസനത്തിലെ വൈദീകരുടെ സമ്മേളനം 2021 ഫെബ്രുവരി 05 -ന് മുളക്കുഴ സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ വെച്ച് നടത്തപ്പെട്ടു. വൈദീകർക്ക് ഒരുമിച്ച് കൂടി പരസ്പരം അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനും പഠിക്കുന്നതിനും പുതിയ ഉൾക്കാഴ്ചകൾ ലഭിക്കുന്നതിനും അവസരം ലഭിച്ചു.

4. വൈദീകരുടെ മേഖലാസമ്മേളനം: ധ്യാനത്തിനും, പ്രാർത്ഥനയ്ക്കും, പഠനത്തിനുമായി ഭദ്രാസനത്തിലെ നാലു മേഖലകളിലുള്ള വൈദികർ മൂന്നുമാസത്തിൽ ഒരിക്കൽ ഭദ്രാസന എപ്പിസ്ക്കോപ്പായുടെ അദ്ധ്യക്ഷതയിൽ (Zoom Platform (online) കൂടിവരുന്നു.

5. സുവിശേഷകരുടെ സമ്മേളനം: എല്ലാ മാസത്തിന്റെയും ആദ്യ വെള്ളിയാഴ്ച രാവിലെ 10 മണിക്ക് സുവിശേഷകർ ഒലിവറ്റ് ഹാളിൽ കൂടിവരുന്നു. പാട്ട്, മദ്ധ്യസ്ഥപ്രാർത്ഥന, പ്രസംഗം, പ്രവർത്തനങ്ങളെ സംബന്ധിച്ച വിലയിരുത്തൽ എന്നിവ ക്രമമായി നടക്കുന്നു. പ്രവർത്തനങ്ങളെപ്പറ്റി രൂപരേഖയും തയ്യാറാക്കുന്നു.

6. ലോഗോസ്: അഭിവന്ദ്യ തോമസ് മാർ തിമഥിയോസ് തിരുമേനിയുടെ നിർദ്ദേശാനുസരണമാണ് ഭദ്രാസനത്തിലെ പട്ടക്കാർക്ക് ഏവൻഗേലിയോൻ ഭാഗം പഠിക്കുന്നതിനും ധ്യാനിക്കുന്നതിനുമായി ലോഗോസ് എന്ന പരിപാടി ആരംഭിച്ചത്. ഭദ്രാസനത്തിലെ ചെങ്ങന്നൂർ, വെണ്മണി, ഇടയാറന്മുള, ഉമയാറ്റുകര എന്നീ സെന്ററിലെ പട്ടക്കാർക്ക് മാസത്തിൽ ആദ്യത്തെ ചൊവ്വാഴ്ച ആറാട്ടുപുഴ, ഡോ. സഖറിയാസ് മാർ തെയോഫിലോസ് സഫഗൻ മെത്രാപ്പോലീത്താ മെമ്മോറിയൽ തരംഗം മിഷൻ ആക്ഷൻ സെന്ററിലും, തുമ്പമൺ, ഇലന്തൂർ എന്നീ സെന്ററിലെ പട്ടക്കാർക്ക് മാസത്തിൽ

ആദ്യത്തെ ചൊവ്വാഴ്ച തുമ്പമൺ ശ്രേയസിലും മാവേലിക്കര, കാർത്തികപ്പള്ളി സെന്ററിലെ പട്ടക്കാർക്ക് മാസത്തിൽ ആദ്യത്തെ ബുധനാഴ്ച ഹരിപ്പാട് കാവലിൽ വച്ചും നടത്തപ്പെട്ടു. ഓരോ ഞായറാഴ്ചത്തെയും ഏവൻഗേലിയോൻ ഭാഗത്തിൽ നിന്ന് ബഹു. അച്ചൻമാർ പ്രസംഗം തയ്യാറാക്കി അവതരിപ്പിക്കുകയും തുടർന്ന് ചർച്ചകൾക്കു സമയം കണ്ടെത്തുകയും ചെയ്യുന്നു.

7. ഭദ്രാസനകൺവൻഷൻ: അഭിവന്ദ്യ തോമസ് മാർ തിമഥിയോസ് എപ്പിസ്ക്കോപ്പായുടെ അദ്ധ്യക്ഷതയിൽ ഓൺലൈനിലൂടെ ആറാട്ടുപുഴ, ഡോ. സഖറിയാസ് മാർ തെയോഫിലോസ് സഫഗൻ മെത്രാപ്പോലീത്താ മെമ്മോറിയൽ തരംഗം മിഷൻ ആക്ഷൻ സെന്ററിൽ 2021 ജനുവരി 21-ാം തീയതിയും, 22-ാം തീയതി തുമ്പമൺ ബഥേൽ മാർത്തോമ്മാ പള്ളിയിലും, 23-ാം തീയതി പള്ളിപ്പാട് സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിലും, 24-ാം തീയതി തപസ്സ് ചാപ്പലിലും നടത്തപ്പെട്ടു. മോസ്റ്റ് റവ. ഡോ. തിയാഡേഷ്യസ് മാർത്തോമ്മാ മെത്രാപ്പോലിത്ത, റവ. ബോബി മാത്യു, റവ. വി. എം. മാത്യു എന്നിവർ വിവിധ യോഗങ്ങളിൽ പ്രസംഗിച്ചു. 24-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബ്ബാന ശുശ്രൂഷക്ക് റൈറ്റ്. റവ. യുയാക്കിം മാർ കൂറിലോസ് എപ്പിസ്കോപ്പാ നേതൃത്വം നൽകി. പ്രസ്തുത മീറ്റിംഗുകൾ Online - ലൂടെ സംപ്രേഷണം ചെയ്തിരുന്നു.

ഭദ്രാസന പ്രോജക്ടുകൾ

1. കരുതൽ: കാൻസർ, കിഡ്നി രോഗബാധിതരുടെ എണ്ണം വളരെയധികം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഈ രോഗികൾക്ക് സാന്ത്വന പരിചരണ ശുശ്രൂഷ നടത്തുന്ന ഭദ്രാസനത്തിന്റെ പ്രധാന പ്രവർത്തനമാണ് കരുതൽ. ഭദ്രാസനത്തിന്റെ പരിധിയിൽപ്പെടുന്ന ആളുകളാണ് കരുതൽ പ്രസ്ഥാനത്തിന്റെ ഗുണഭോക്താക്കൾ. ഭദ്രാസന പരിധിയിൽ വരുന്ന 1800 ഭവനങ്ങൾ ഇതിന്റെ ഗുണഫലം അനുഭവിച്ചിട്ടുണ്ട്. ചികിത്സയ്ക്കു ആവശ്യമായ സഹായവും നൽകി വരുന്നു. 200ഓളം പരിശീലനം നേടിയ സന്നദ്ധ പ്രവർത്തകർ രോഗികളെ സന്ദർശിച്ച് ഈ ശുശ്രൂഷയിൽ സഹായിക്കുന്നു.

2. ശ്രേയസ്സ്, തുമ്പമൺ: മാരകരോഗംമൂലം മരണസന്നരായി കഴിയുന്ന രോഗികൾക്ക് പ്രത്യാശയായും ഏകാന്തത അനുഭവിക്കുന്ന മാതാപിതാക്കൾക്ക് തണലായും ശ്രേയസ്സ് പ്രവർത്തിക്കുന്നു. ലഹരി വിമോചന കേന്ദ്രം, റിട്ടയർമെന്റ് ഹോം, മെഡിക്കൽ കെയർ, പകൽവീട് എന്നിവ ശ്രേയസ്സിന്റെ ശുശ്രൂഷകളാണ്. രോഗികളെ ഭവനങ്ങളിൽ സന്ദർശിച്ചു വേണ്ട സഹായങ്ങൾ നൽകി വരുന്നു. മാസം തോറും അവർക്ക് ഭക്ഷണകിറ്റുകൾ ഭവനങ്ങളിൽ എത്തിക്കുന്നു. പത്തനംതിട്ട ഗവൺമെന്റ് ഹോസ്പിറ്റലിലെ രോഗികൾക്കു പ്രഭാത ഭക്ഷണം നൽകുന്ന സുകൃതം എന്ന പദ്ധതിയും പുതുതായി ആരംഭിച്ചു.

3. നവദർശൻ, കിടങ്ങന്നൂർ: ലഹരി ആസക്തർക്കായി ക്യാമ്പുകൾ, കൗൺസിലിംഗുകൾ, എ.എ. കൂട്ടായ്മകൾ, ലഹരിവിരുദ്ധ ബോധവൽക്കരണം, ലഹരിക്കെതിരെ തെരുവുനാടകങ്ങൾ സംഘടിപ്പിക്കൽ, ലഹരി ആസക്തരുടെ കുടുംബങ്ങളുമായുള്ള പ്രാർത്ഥനാകൂട്ടായ്മകൾ എന്നിവ നടന്നുവരുന്നു. ആധുനിക സൗകര്യങ്ങളോടു കൂടിയ താമസ സൗകര്യങ്ങളും, ചികിത്സകളും ലഭ്യമാണ്.

4. ആരാമം, കൊഴുവല്ലൂർ: പകൽവീട്, ലൈബ്രറിയുടെ പ്രവർത്തനം, മെഡിക്കൽ ക്യാമ്പുകൾ, കുട്ടികളുടെ ട്യൂഷൻ ക്ലാസ്സ്, കൗൺസിലിംഗ് എന്നിവ നടത്തുന്നു. കൂടാതെ എല്ലാ ചൊവ്വാഴ്ചകളിലും വയോജന കൂട്ടായ്മയും ക്രമീകരിച്ചിട്ടുണ്ട്. രോഗികളെ സന്ദർശിച്ചു ചികിത്സാ സഹായം നൽകുന്നു.

5. കാവൽ, ഹരിപ്പാട്: തീരദേശങ്ങളിൽ അനേകർ കാൻസർ, കിഡ്നി രോഗികളാണ്. ഇവരുടെ ആശാകേന്ദ്രമായി "കാവൽ" പ്രവർത്തിക്കുന്നു. ചികിത്സാസഹായങ്ങളോടൊപ്പം ദേശീയ ഉത്സവങ്ങളിലും, വിശേഷദിവസങ്ങളിലും രോഗികൾക്ക് കൂട്ടായ്മ നൽകുന്നതു കൂടാതെ ഭക്ഷണകിറ്റുകളും വിതരണം ചെയ്യുന്നു മധ്യസ്ഥ പ്രാർത്ഥന, മുഴുരാത്രി പ്രാർത്ഥന, ഉണർവ്വ് യോഗങ്ങൾ, കൗൺസിലിംഗ് എന്നിവയും നടന്നുവരുന്നു.

6. വികാസ്, ഓതറ: കുഞ്ഞുങ്ങളിൽ മൂല്യബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചുവരുന്ന വികാസ് ഗ്രാമവികസനവും ലക്ഷ്യമിടുന്നു. കുഞ്ഞുങ്ങൾക്ക് സൗജന്യ ട്യൂഷൻ, പഠനോപകരണങ്ങളുടെ വിതരണം എന്നിവ ഈ പ്രസ്ഥാനം ഏറ്റെടുക്കുന്നു. വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങളും, കറിപൗഡർ യൂണിറ്റും പ്രവർത്തിക്കുന്നു. എഡ്യുകെയർ പദ്ധതിയിലൂടെ സമർത്ഥരും സാമ്പത്തിക ബുദ്ധിമുട്ട് ഉള്ളവരുമായ കുട്ടികൾക്ക് തുടർ വിദ്യാഭ്യാസത്തിനുള്ള സഹായം നൽകുകയും അവരുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ ശ്രദ്ധിക്കുകയും ചെയ്യുന്നു.

7. നാദം (Nurturing All Deaf & Mute): ബധിരരും മൂകരുമായ സഹോദരങ്ങളുടെ നന്മയും ആത്മീയ പരിപോഷണവും അവരുടെ ആവശ്യങ്ങളിലുള്ള ഇടപെടലും ലക്ഷ്യമാക്കിയുള്ള പ്രവർത്തനമാണ് "നാദം". ഭദ്രാസന പരിധിയിൽ വരുന്ന വിവിധ ഭവനങ്ങളിലെ 120 ആളുകൾ ഇപ്പോൾ നാദം കുടുംബത്തിൽ ഉൾപ്പെട്ടിരിക്കുന്നു. ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാനും ഇവരുടെ കഴിവുകളെ കണ്ടെത്തി പ്രയോജനപ്പെടുത്തുവാനും, സ്വയം പര്യാപ്തരാക്കി തീർക്കുവാനുമുള്ള ബോധപൂർവ്വമായ ശ്രമം നാദം പ്രോജക്ടിലൂടെ നടത്തിവരുന്നു. കോവിഡ് -19 കൊറോണ വൈറസിന്റെ വ്യാപനം തീവ്രമായി നിലനിൽക്കുമ്പോൾ ഭദ്രാസനത്തിന്റെ നാദം കുടുംബാംഗങ്ങൾക്ക് ഭക്ഷ്യകിറ്റ് ഭദ്രാസനം ആയി വിതരണം ചെയ്യുവാൻ ഇടയായി. നാദം കുടുംബാംഗങ്ങളുടെ ഭവനങ്ങളിൽ ഭക്ഷ്യകിറ്റ് എത്തിച്ചു നൽകുവാൻ ഭദ്രാസന യുവജനസഖ്യം മുഖ്യ പങ്ക് വഹിച്ചു. ഭദ്രാസന യുവജനസഖ്യത്തിന്റെ സഹായവും, നേതൃത്വവും ഈ പ്രോജക്ടിന് ലഭിക്കുന്നു.

8 ഡോ.സഖറിയാസ് മാർ തിയോഫിലോസ് സഫ്രഗൻ മെത്രാപ്പോലീത്താ മെമ്മോറിയൽ തരംഗം മിഷൻ ആക്ഷൻ സെന്റർ, ആറാട്ടുപുഴ: ഭദ്രാസനത്തിന്റെ മിഷൻ പ്രവർത്തനങ്ങളുടെ ഏകോപന കേന്ദ്രമായി ആറാട്ടുപുഴയിൽ തരംഗം മിഷൻ ആക്ഷൻ സെന്റർ പ്രവർത്തിക്കുന്നു. വിശ്വാസ സമൂഹത്തിന്റെ കൂട്ടായ്മയ്ക്കും സഭയിലെ ഇതര സംഘടനകളുടെ സംഗമത്തിനും ഉപയോഗിക്കാവുന്ന 400 പേർക്ക് ഇരിക്കാവുന്നതുമായ "തീർത്ഥം" ഹാൾ ഈ കേന്ദ്രത്തിന്റെ പ്രത്യേകതയാണ്. ധ്യാനത്തിനും പ്രാർത്ഥനയ്ക്കുമായി ഉപയോഗിക്കാൻ തപസ്സ് ചാപ്പലും 150 പേർക്ക് താമസിച്ച് ക്യമ്പ് നടത്താനുള്ള സൗകര്യവും ഇവിടെ ഉണ്ട്.

ഭദ്രാസന കൺവൻഷൻ, കരുതൽ, മീവ പ്രവർത്തക കൂട്ടായ്മ, ലോഗോസ്, കൗൺസിലിംഗ് ക്ലാസ്സുകൾ, വിവിധ സംഘടനകളുടെ പ്രോഗ്രാമുകൾ,ക്യാമ്പുകൾ എന്നിവ തരംഗം മിഷൻ ആക്ഷൻ സെന്ററിൽ നടത്തപ്പെട്ടു.

9 ആംഫി തിയേറ്റർ: തരംഗം മിഷൻ ആക്ഷൻ സെന്ററിനു അനുബന്ധമായി പമ്പാനദിയുടെ തീരത്ത് 1000 ആളുകൾക്ക് ഇരുന്ന് പ്രോഗ്രാമുകളിൽ പങ്കെടുക്കത്തക്ക വിധത്തിൽ ക്രമീകരിച്ചിരിക്കുന്നു.

10 മാർ ക്രിസോസ്റ്റം ഡയമണ്ട് ജൂബിലി പെയ്ൻ ആന്റ് പാലിയേറ്റീവ്, കെയർ സെന്റർ, തരംഗം: തരംഗം മിഷൻ ആക്ഷൻ സെന്ററിന്റെ ഭാഗമായ മാർ ക്രിസോസ്റ്റം ഡയമണ്ട് ജൂബിലി പാലിയേറ്റീവ് കെയർ സെന്ററിന്റെ പ്രവർത്തനങ്ങൾ ഭംഗിയായി നടത്തപ്പെടുന്നു ഇതുവരെ മാരകരോഗത്താൽ മരണാസന്നരായി കിടക്കയിൽ ആയിരുന്ന 50 രോഗികൾക്ക് സ്വാന്തന പരിചരണ ശുശ്രൂഷ നൽകുവാൻ സാധിച്ചു. ആശ്വാസ് എന്ന പേരിൽ ഹോം കെയർ പുതുതായി ആരംഭിച്ചു.

11. വിസ (വിവാഹസഹായ പദ്ധതി): സാമ്പത്തിക ക്ലേശം മൂലം വിവാഹത്തിന് ബുദ്ധിമുട്ട് അനുഭവിക്കുന്ന യുവതികൾക്ക് മംഗല്യഭാഗ്യം ഒരുക്കുന്ന പദ്ധതിയാണ് വിസ. അർഹരായ യുവതികളുടെ വിവാഹ ആവശ്യത്തിന് സാമ്പത്തിക സഹായം നൽകി.

12. ഹെൽപ്പ് (ഹയർ എഡ്യൂക്കേഷൻ പ്രോജക്ട്): ഉപരിപഠനത്തിന് സാമ്പത്തീക ബുദ്ധിമുട്ടുള്ള വിദ്യാർത്ഥികൾക്ക് തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസത്തിന് സഹായം നൽകുന്ന പ്രോജക്ടാണ് ഹെൽപ്പ്. പ്രോജക്ടിലൂടെ വിദ്യാർത്ഥികൾക്കു ഉപരിപഠനത്തിന് സഹായം നൽകുന്നു.

13 മീവ (Ministry to the Widows, Widowers & The Aged): പ്രായാധിക്യത്തിലും ശാരീരിക ബലഹീനതയിലും, ജീവിത പങ്കാളികൾ നഷ്ടപ്പെട്ടതിലൂടെ വൈധവ്യത്തിലും ഏകാന്ത തയിലും കഴിയുന്നവർക്ക് സാന്ത്വനവും കൂട്ടായ്മയും നൽകുന്നതിന് ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ഇടവകതലങ്ങളിൽ നിർവ്വഹിക്കപ്പെടുന്ന ശുശ്രൂഷയാണ് 'മിവ'. സെന്റർ തലത്തിലും ഭദ്രാസന തലത്തിലും സമ്മേളനങ്ങൾ നടത്തപ്പെട്ടു. ത്യാഗ സമ്പന്നരായ വോളന്റിയേഴ്സ് നേതൃത്വം നൽകുന്നു.

14. തരംഗം കൗൺസിലിംഗ് സെന്റർ, ആറാട്ടുപുഴ: കൗൺസിലിംഗ് ആവശ്യം ഉള്ളവർക്ക് മുൻ നിശ്ചയപ്രകാരം മാർഗ്ഗനിർദ്ദേശം നൽകുന്നു. വിവാഹ ഒരുക്ക കൗൺസിലിംഗ്, സ്കൂൾ, കോളേജ് കേന്ദ്രീകരിച്ചുള്ള കൗൺസിലിംഗ് ക്ലാസ്സുകൾ, പരീക്ഷ ഒരുക്ക കൗൺസിലിംഗ് എന്നിവയും കൗൺസിലിംഗ് സെന്ററിൽ നടത്തപ്പെടുന്നു. ആത്മയർക്ക് കൗൺസിലിംഗിൽ പരിശീലനം ഈ സെന്ററിലൂടെ ലഭ്യമാക്കുന്നു. കുടുംബ ശാക്തീകരണ ക്ലാസുകളും നടത്തിവരുന്നു. കോവിഡ് മൂലം നേരിട്ടുള്ള കൗൺസിലിംഗ് ബുദ്ധിമുട്ടായപ്പോൾ ഓൺ ലൈൻ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി കൗൺസിലിംഗ് ശുശ്രൂഷകൾ നിർവ്വഹിക്കുവാൻ ദൈവം തമ്പുരാൻ സഹായിച്ചു. റവ.സൈമൺ ബഹന്നാൻ കൗൺസിലിംഗ് ഡിപ്പാർട്ട്മെന്റിന്റെ ഡയറക്ടർ ആയി പ്രവർത്തിച്ചു. പരിശീലനം നേടിയ 12 പേരും കൗൺസിലിംഗ് ഡിപ്പാർട്ട്മെന്റിൽ പ്രവർത്തിക്കുന്നു.

15. ബോധന: ഹൈസ്കൂൾ തലങ്ങളിൽ പഠിക്കുന്ന കുട്ടികൾ യേശുക്രിസ്തുവുമായുള്ള ബന്ധത്തിൽ വളരുന്നതിനും, ജീവിക്കുന്നതിനും കുട്ടികളുടെ വ്യക്തിത്വവികസനം, സ്വഭാവരൂപീകരണം മുതലായവയ്ക്കും ബോധനയുടെ ക്ലാസ്സുകൾ വളരെയധികം പ്രയോജന പ്രദമാണ്. കോവിഡ് പശ്ചാത്തലത്തിൽ ഈ വർഷം കാര്യക്ഷമമായി പ്രവർത്തിപ്പാൻ സാധിച്ചില്ല.

16 സാധുസദൻ, വെണ്മണി: വാർദ്ധക്യത്തിലും, ഏകാന്തതയിലും കഴിയുന്നവർക്ക് കൂട്ടായ്മ നൽകുന്നു. പകൽവീടിന്റെ പ്രവർത്തനങ്ങൾ സജീവമായി നടന്നുവരുന്നു. MIWWA യുടെയും കരുതലിന്റെയും പ്രവർത്തനങ്ങൾ നടത്തിവരുന്നു. സമൃദ്ധി പ്രോജക്റ്റിലൂടെ അർഹരായവർക്ക് ഉച്ചഭക്ഷണം നൽകുന്നു.

17 ഒലിവറ്റ് നാദം: ഭദ്രാസനത്തിന്റെ ഔദ്യോഗിക നാവായ ഒലിവറ്റ് നാദം ത്രൈമാസികയായി പ്രസിദ്ധീകരിച്ചുവരുന്നു. ഭദ്രാസനാദ്ധ്യക്ഷന്റെ കത്ത്, ഔദ്യോഗിക ചുമതലക്കാരുടെ കത്ത്, വിവിധ ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ ബൈബിൾ ക്വിസ്, കുട്ടികൾക്കുള്ള പംക്തി എന്നിവ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എല്ലാ ഭവനങ്ങളിലും ലഭിക്കത്തക്കവണ്ണം ക്രമീകരണം ചെയ്തിട്ടുണ്ട്.

18 സമൃദ്ധി: ഈ പ്രോജക്ററിലൂടെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വൃദ്ധരും രോഗികളുമായ മാതാപിതാക്കൾക്ക് എല്ലാ ദിവസവും ഉച്ചഭക്ഷണം നൽകി വരുന്നു. തോട്ടപ്പള്ളി, പൂപ്പറത്തി, വെണ്മണി, പെരിങ്ങാല, തുമ്പമൺ, തൃക്കുന്നപ്പുഴ എന്നീ സ്ഥലങ്ങളിൽ ഇപ്പോൾ ഉച്ചഭക്ഷണം കൊടുക്കുന്നു.

19 എഡ്യൂ കെയർ: ഈ പ്രോജക്ററിലൂടെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് തുടർവിദ്യാഭ്യസത്തിന് സാമ്പത്തികമായി സഹായം നൽകുന്നു. ഓതറ വികാസിനോട് ചേർന്ന് സമർത്ഥരായ 16 വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് ഈ പ്രോജക്റ്റിലൂടെ സഹായിക്കുന്നു. ട്യൂഷനും ക്രമീകരിച്ചിട്ടുണ്ട്.

20 ജീവനം: ചെങ്ങന്നൂർ - മാവേലിക്കര ഭദ്രാസനത്തിന്റെ രജത ജൂബിലി പ്രോജക്ടുകളിൽ ഒന്നാണ് ജീവനം പദ്ധതി തൃക്കുന്നപ്പുഴ മിഷൻ സെന്ററിന്റെ പരിധിയിൽപ്പെടുന്ന നിർധനരായ പത്ത് കുടുംബങ്ങളെ മിഷൻ സെന്ററിന്റെ ഭാരവാഹികൾ നേരിട്ട് അവരുടെ ഭവനങ്ങൾ സന്ദർശിച്ച് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ആയി തെരഞ്ഞെടുത്തു. ആ കുടുംബങ്ങൾക്ക് എല്ലാ മാസവും ഭക്ഷണകിറ്റ് വിതരണം ചെയ്തു വരുന്നു.

21 ബോധ്യം/ഗ്രാഹ്യം (അത്മായ പരിശീലന കളരി): അത്മായരെ പ്രേഷിതത്വത്തിനു സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പാഠ്യപദ്ധതിയാണ് ബോധ്യം. ദൈവശാസ്ത്രത്തിലും സഭയുടെ പാരമ്പര്യങ്ങളിലും തിരുവചന സത്യത്തിലും നവദർശനവും ശരിയായ കാഴ്ചപ്പാടും ലഭ്യമാക്കുന്നതിന് ഈ പഠനം സഹായകരമാകുന്നു. കോവിഡ് കാലഘട്ടമായതിനാൽ ക്ലാസ്സുകൾ നടത്തുവാൻ കഴിഞ്ഞില്ല.

22 SAVE (Serve & Value Each Other): ചെങ്ങന്നൂർ - മാവേലിക്കര ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ തിമഥിയോസ് തിരുമേനിയുടെ സ്പതതിയോടനുബന്ധിച്ച് ഭദ്രാസനം രൂപം നൽകിയ പുതിയ പദ്ധതിയാണ് SAVE . ശരാരീക, മാനസിക,ബൗദ്ധീക തലങ്ങളിൽ വെല്ലുവിളികൾ നേരിടുന്ന വ്യത്യസ്ഥ കഴിവുകൾ ഉള്ളവരെ കരുതുകയും അവർക്കാവശ്യമായ കൈത്താങ്ങലുകളും, പ്രാർത്ഥനയും നൽകുന്ന പദ്ധതിയാണ് SAVE.

23.മാർ തിമഥിയോസ് സപ്തതി സുരക്ഷാ പെൻഷൻ പദ്ധതി: ഭദ്രാസനവും, പ്രാദേശിക ഇടവകകളും സംയുക്ത സഹകരണത്തിൽ നടത്തിവരുന്ന പ്രവർത്തനമാണ് "സുരക്ഷ പെൻഷൻ പദ്ധതി". നിരാലംബരും നിരാശ്രയരുമായ 60 വയസ്സിനു മുകളിലുള്ളവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. റിപ്പോർട്ട് വർഷം 41 അപേക്ഷകർക്ക് സഹായം നൽകുവാൻ സാധിച്ചു.

24 മാവേലിക്കര കല്ലിമേൽ പ്രോജക്റ്റ്: ഭദ്രാസന സിൽവർ ജൂബിലിയുടെ ഭാഗമായി മാവേലിക്കരയിൽ ഭദ്രാസനത്തിനു ലഭിച്ച വസ്തുവിൽ ജൂബിലി പ്രോജക്റ്റിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നു.

25. സൗഹൃദം: തരംഗം, ശ്രേയസ്സ്. സാധുസദൻ, കാവൽ എന്നീ സ്ഥാപനങ്ങളിലൂടെ കോവിഡ് കാലഘട്ടത്തിൽ ക്രമപരിപാലനത്തിൽ ഏർപ്പെട്ട പോലീസുകാർക്കും, ആരോഗ്യപ്രവർത്തകർക്കും, ആശാ പ്രവർത്തകർക്കും, വോളിന്റേഴിസിനും, Refreshment, ഭക്ഷണപൊതികളും വിതരണം ചെയ്യുന്നതിന് സൗഹൃദം എന്ന പുതിയ പദ്ധതി രൂപികരിക്കുന്നതിന് സാധിച്ചു.

ഉപസമിതികൾ

1. മിഷൻ ടൂ സ്കൂൾസ് & കോളജ്: ഭദ്രാസന പരിധിയ്ക്കുള്ളിലെ സ്കൂളുകളും കോളജുകളും കേന്ദ്രമാക്കി വിദ്യാർത്ഥികളുടെ ആത്മീയ പരിപോഷണത്തിനും, വ്യക്തിത്വവികസനത്തിനും സഹയാത്ര ശുശ്രൂഷ എന്ന പ്രോജക്ടിനു കീഴിൽ വിവിധങ്ങളായ പ്രവർത്തനങ്ങൾ ക്രമീകരിച്ചുവരുന്നു എന്നാൽ കോവിഡ് മഹാമാരി കാരണം റിപ്പോർട്ട് വർഷം സ്കൂളുകളിലും കോളജുകളിലും വിദ്യാർത്ഥികൾക്കു കടന്നുവരുവാൻ സാധിക്കാത്ത സാഹചര്യത്തിൽ മിഷൻ ടൂ സ്കൂൾസ് & കോളജ് കമ്മിറ്റിക്കു ഫലപ്രദമായി പ്രവർത്തിപ്പാൻ സാധിച്ചില്ല.

2. മദ്യവർജന സമതി: കോവിഡ് മഹാമാരി കാരണം റിപ്പോർട്ട് വർഷം ഭദ്രാസന തലത്തിൽ മദ്യവർജ്ജന സമതിയുടെ നേതൃത്വത്തിലുള്ള ലഹരി വിരുദ്ധ പ്രവർത്തനങ്ങളും ബോധവൽക്കരണ പരിപാടികളും നടത്താൻ സാധിച്ചില്ല.

മിഷൻ ഫീൽഡുകൾ

1. നരസ്സാപുരം മിഷൻ : ആന്ധ്രാപ്രദേശിലെ റായൽ സീമ മേഖലയിലുള്ള സുവിശേഷ പ്രവർത്തനം നിർവ്വഹിക്കുന്ന മിഷൻ ഫീൽഡാണ് നരസ്സാപുരം മിഷൻ. 18 ഗ്രാമങ്ങളിൽ സുവിശേഷ പ്രവർത്തനങ്ങളും, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും, ജീവകാരുണ്യ പ്രവർത്തനങ്ങളും നടത്തി വരുന്നു. 1995ൽ പ്രാരംഭം കുറിച്ച ഈ മിഷൻ, അതിന്റെ പ്രവർത്തന പന്ഥാവിൽ 24 വർഷം പിന്നിട്ടിരിക്കുന്നു. ഗ്രാമീണരിൽ സുവിശേഷം എത്തിക്കുന്നതിനും അവരുടെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും ആകമാനമായ രൂപാന്തരം സൃഷ്ടിക്കുന്നതിനും ഈ മിഷൻ പ്രവർത്തനത്തിലൂടെ സാധിക്കുന്നു. ഗ്രാമങ്ങളിൽ 6 ആരാധനാലയങ്ങളും 770 വിദ്യാർത്ഥികളുള്ള സെന്റ്തോമസ് മാർത്തോമ്മാ ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂളും, 13 ബാലവാടികളും, 1 ടെയ്ലറിംഗ് യൂണിറ്റുകളും,അഹോബിലം, ബാച്ചിപ്പള്ളി എന്നീ സ്ഥലങ്ങളിൽ 2 പ്രീ പ്രൈമറി സ്ക്കൂളുകളും പ്രവർത്തിക്കുന്നു. ശുശ്രൂഷാമേഖലകളിൽ 2 എണ്ണം ഭിക്ഷാടകർ മാത്രം താമസിക്കുന്നതായ കോളനികൾ ആണ്. ആത്മീയ പരിപോ

ഷണം, കൺവൻഷനുകൾ, യുവതരംഗം മീറ്റിംഗ്, വി.ബി.എസ്, വനിതാസമ്മേളനം, ആരോഗ്യസംരക്ഷണം, അടിസ്ഥാന വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, ഡി-അഡിക്ഷൻ പ്രോഗ്രാമുകൾ, കൗൺസിലിംഗ് ക്ലാസുകൾ എന്നിവ നടത്തിവരുന്നു. ബാലനിവാസ് ഹോസ്റ്റലിൽ 22 ആൺകുട്ടികൾ താമസിച്ച് പഠിച്ചുവരുന്നു. റവ. ഐസൺ ജോഷ്വ മിഷനറിയായും, നാല് സുവിശേഷകരും പ്രവർത്തിക്കുന്നു.

2. അലഗഡ മിഷൻ : നരസാപുരം മിഷൻ 2018 ഏപ്രിൽ ഒന്ന് മുതൽ വിഭജിച്ച് അലഗഡയിൽ പുതിയ മിഷൻ പ്രവർത്തനം ആരംഭിച്ചു. 14 ഗ്രാമങ്ങളിൽ സുവിശേഷ പ്രവർത്തനങ്ങളും, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും, ജീവകാരുണ്യ പ്രവർത്തനങ്ങളും നടത്തി വരുന്നു. ഗ്രാമീണരിൽ സുവിശേഷം എത്തിക്കുന്നതിനും അവരുടെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും ആകമാനമായ രൂപാന്തരം സൃഷ്ടിക്കുന്നതിനും ഈ മിഷൻ പ്രവർത്തനത്തിലൂടെ സാധിക്കുന്നു. ഗ്രാമങ്ങളിൽ 8 ആരാധനാലയങ്ങളും 9 ബാലവാടികളും, 1 ടെയ്‌ലറിംഗ് യൂണിറ്റുകളും പ്രവർത്തിക്കുന്നു. ആത്മീയ പരിപോഷണം, കൺവൻഷനുകൾ, യുവതരംഗം മീറ്റിംഗ്, വി.ബി.എസ്, വനിതാസമ്മേളനം, ആരോഗ്യ സംരക്ഷണം, അടിസ്ഥാന വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, ഡി-അഡിക്ഷൻ പ്രോഗ്രാമുകൾ, കൗൺസിലിംഗ് ക്ലാസുകൾ എന്നിവ നടത്തിവരുന്നു. റവ.സന്തോഷ് വർഗീസ് മിഷനറിയായും, നാല് സുവിശേഷകരും പ്രവർത്തിക്കുന്നു.

3. തോട്ടപ്പള്ളി മിഷൻ: ഭദ്രാസനത്തിന്റെ തീരദേശ മിഷൻ പ്രവർത്തനങ്ങളിൽ ഒന്നാണ് തോട്ടപ്പള്ളി. കടലിനോടും, കായലിനോടും, ജീവിതസന്ധാരണത്തിനുവേണ്ടി മല്ലടിക്കുന്ന ജനവിഭാഗത്തിന്റെ ഉന്നമനം ലാക്കാക്കിയാണ് പ്രവർത്തിക്കുന്നത്. മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരും, ചെമ്മീൻ പൊളിക്കുന്നവരും, കയർ പിരിക്കുന്നവരുമായ തൊഴിലാളി സമൂഹത്തിന്റെ ആരോഗ്യപരവും, സാമൂഹ്യവും, സാംസ്ക്കാരികവും, വിദ്യാഭ്യാസവും, ആത്മീയമായ വളർച്ചയ്ക്ക് ആക്കം കൂട്ടുകയാണ് ഈ മിഷൻ പ്രവർത്തനം കൊണ്ട് ലക്ഷ്യമാക്കുന്നത്. പ്രവർത്തന പരിപാടികളിൽ ഭവന സന്ദർശനവും പ്രാർത്ഥനായോഗങ്ങളും കാൻസർ കിഡ്നി രോഗികളുടെ ഇടയിൽ സജീവമായ പ്രവർത്തനങ്ങൾ ഭദ്രാസനത്തിന്റെ കരുതൽ പ്രസ്ഥാനത്തിലൂടെയുള്ള രോഗികൾക്കുള്ള സഹായ പദ്ധതികൾ എന്നിവ ക്രമമായി നടന്നുവരുന്നു. സ്വയം തൊഴിൽ പദ്ധതിയുടെ ഭാഗമായി തയ്യൽ സ്കൂൾ സജ്ജീവമായി പ്രവർത്തിച്ചുവരുന്നു. ജലബാധിത പ്രദേശമായതുകൊണ്ട് എപ്പോഴും ആരോഗ്യ പരമായ കാര്യങ്ങൾക്ക് വളരെ പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. വി.ബി.എസ്. കൂടാതെ കുട്ടികളുടെ സാമൂഹ്യവും സാംസ്കാരികവുമായ വളർച്ചയ്ക്ക് ഉതകുന്ന തരത്തിലുള്ള പ്രവർത്തന പരിപാടികൾ ഇവിടെ ആവിഷ്കരിച്ച് നടപ്പാക്കുന്നു. അദ്ധ്യയനവർഷാരംഭത്തിൽ കുട്ടികൾക്ക് പഠനോപകരണങ്ങൾ സൗജന്യമായി നൽകുന്നു. ഓണവാരവേല, ക്രിസ്തുമസ് കരോൾ എന്നിവയും ഇവിടെ സംഘടിപ്പിക്കപ്പെടുന്നു. സമൃദ്ധി പ്രോജക്റ്റിലൂടെ അർഹരായ മാതാപിതാക്കൾക്ക് ഉച്ചഭക്ഷണം നൽകുന്നു.

4. പെരിങ്ങാല മിഷൻ: പ്രാർത്ഥനാകൂട്ടായ്മ, വേദപഠനം, വിദ്യാഭ്യാസം, സ്വയംതൊഴിൽ പദ്ധതി, സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങൾ, ആരോഗ്യസംരക്ഷണം എന്നീ വിഷയങ്ങളിൽ ഊന്നൽ നൽകി റിപ്പോർട്ടുവർഷം പ്രവർത്തിക്കയുണ്ടായി. നേഴ്സറി സ്കൂൾ കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിക്ക് സഹായകരമാണ്. കുട്ടികളുടെ ആദ്ധ്യാത്മിക വളർച്ചയ്ക്ക് സഹായകരമായി വി.ബി.എസ്. ക്രമീകരിച്ചുവരുന്നു. അദ്ധ്യയന വർഷാരംഭത്തിൽ പഠനോപകരണങ്ങൾ സൗജന്യമായി നൽകുന്നു. കൂടാതെ ദേശത്തിന്റെ ആരോഗ്യ രക്ഷയെ ലാക്കാക്കി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തപ്പെട്ടു. വാർഷിക പരീക്ഷയ്ക്ക് ഒരുങ്ങുന്ന കുട്ടികൾക്ക് വേണ്ടി കൗൺസിലിംഗ് ക്ലാസ്സും നടത്തി. ഓണാഘോഷം, ക്രിസ്തുമസ് കരോൾ എന്നിവ സംഘടിപ്പിക്കപ്പെട്ടു. സമൃദ്ധി പ്രോജക്റ്റിലൂടെ അർഹരായവർക്ക് ഉച്ചഭക്ഷണം നൽകുന്നു.

5. പാണ്ഡവൻപാറ മിഷൻ: അക്ഷരാ ട്യൂഷൻ സെന്റർ ഈ മേഖലയിലെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിന് സഹായകരമായി പ്രവർത്തിക്കുന്നു. എല്ലാ മാസത്തിന്റെയും അവസാന ശനിയാഴ്ചകളിൽ മിഷൻ കേന്ദ്രങ്ങളിൽവച്ച് പ്രാർത്ഥനാകൂട്ടായ്മകൾ നടന്നുവരുന്നു. മെഡിക്കൽ ക്യാമ്പുകൾ, മറ്റ് ആരോഗ്യരക്ഷാപ്രവർത്തനങ്ങൾ, ഭവന സന്ദർശനം, സ്വാതന്ത്ര്യദിനാഘോഷം, ഓണാഘോഷം, ക്രിസ്തുമസ് പ്രോഗ്രാം, വി.ബി.എസ് എന്നിവ ഇവിടെയുള്ള മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമാണ്. ഈ മേഖലയിലുള്ള കാൻസർ രോഗികൾക്ക് ഭദ്രാസനത്തിന്റെ കരുതൽ പ്രസ്ഥാനത്തിലൂടെ ചികിത്സാ സഹായവും, കൂട്ടായ്മയും നൽകി വരുന്നു.

6. തൃക്കുന്നപ്പുഴ മിഷൻ: മാർത്തോമ്മാ സഭയുടെ ആദ്യകാല പ്രവർത്തന മേഖലകളിൽ ഒന്നാണ് തൃക്കുന്നപ്പുഴ മിഷൻ. മത്സ്യബന്ധനവും, കയർപിരിക്കലും ഉപജീവനമാക്കിയ ജന വിഭാഗത്തിന്റെ ആരോഗ്യപ്രശ്നങ്ങളുടെ കാരണങ്ങളിൽ പ്രാധാന ഘടകമാണ് മദ്യപാനം. മലിന ജലാശയങ്ങൾ മൂലമുണ്ടാകുന്ന ജലജന്യരോഗങ്ങൾ, കാൻസർ, കിഡ്നി രോഗങ്ങൾ വർദ്ധിച്ചുവരുന്നു. എം.റ്റി.യു.പി. സ്കൂൾ ദേശത്തിന്റെ സാംസ്കാരിക മുന്നേറ്റത്തിന് പ്രതീകമായി നിലകൊള്ളുന്നു. പ്രസ്തുത സ്കൂളിലെ അദ്ധ്യാപകരുടെ സഹകരണം തൃക്കുന്നപ്പുഴ മിഷൻ പ്രവർത്തനങ്ങൾക്ക് സഹായകരമാണ്. കുട്ടികൾക്കായി വി.ബി.എസ്. നടത്തപ്പെട്ടു. വി.ബി.എസിൽ സംബന്ധിക്കുന്ന എല്ലാ കുഞ്ഞുങ്ങൾക്കും നോട്ടുബുക്കുകളും, പഠനോപകരണങ്ങളും നൽകി. കാൻസർ രോഗികൾ അധികമായിട്ടുള്ള ഈ മേഖലയിൽ കരുതലിന്റെ പ്രവർത്തനങ്ങൾ വളരെ പ്രയോജനകരമായി നടത്തപ്പെട്ടു. ഈ രോഗികളുടെ ആശ്വാസത്തിനും സൗഖ്യത്തിനുമായി പ്രാർത്ഥനകളും, സന്ദർശനങ്ങളും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുന്നു.

7. പൂപ്പർത്തി മിഷൻ: പാണ്ടനാട് പഞ്ചായത്തിലെ അവികസിതവും, ജലബാധിത മേഖലയുമാണ് പൂപ്പറത്തി. ഈ പ്രദേശത്ത് താമസിക്കുന്ന ദുർബല വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ട്, ഭദ്രാസനചുമതലയിൽ നടന്നുവരുന്ന പ്രവർത്തനമാണ് പൂപ്പറത്തി മാനവസേവാകേന്ദ്രം. ഭവനസന്ദർശനം ക്രമമായി നടന്നുവരുന്നു.മദ്യപാന്മാരുടെ ഭവനങ്ങൾ സന്ദർശിക്കുന്നതിനും ഈ വിപത്തിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും, കുട്ടികളുടെ വിദ്യാഭ്യാസതലം മെച്ചപ്പെടുത്തുന്നതിന് സൗജന്യ ട്യൂഷൻ ക്ലാസ്സ് സംഘടിപ്പിക്കുന്നതിനും പ്രത്യേകം ശ്രദ്ധിച്ചുവരുന്നു. അദ്ധ്യയന വർഷാരംഭത്തിൽ പഠനോപകരണങ്ങൾ സൗജന്യമായി ഈ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. തയ്യൽ സ്കൂളിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നു. ഓണാഘോഷം ക്രിസ്തുമസ് കരോൾ ഇവ സംഘടിപ്പിക്കുന്നു. വി.ബി.എസ്സിൽ കുഞ്ഞുങ്ങൾ ക്രമമായി വന്നു സംബന്ധിക്കുന്നു. കൂടാതെ മെഡിക്കൽ ക്യാമ്പുകൾ, പ്രാർത്ഥനാകൂട്ടായ്മകൾ ഇവ നടന്നുവരുന്നു. സമൃദ്ധി പ്രോജക്റ്റിലൂടെ വൃദ്ധരും രോഗികളുമായ മാതാപിതാക്കൾക്ക് ഉച്ചഭക്ഷണം നൽകി വരുന്നു.

സംഘടനകൾ

1. സൺഡേസ്കൂൾ: ഭദ്രാസനത്തിലെ സണ്ടേസ്ക്കൂളുകളെ മൂന്നു ഡിസ്ട്രിക്ടുകളായി വിഭജിച്ച് 9 സെന്ററുകളായി 114 സൺഡേസ്കൂൾ പ്രവർത്തിച്ച് വരുന്നു. കോവിഡ് കാരണം റിപ്പോർട്ട് വർഷം ഭദ്രാസനതല പ്രവർത്തനങ്ങളിൽ മുൻപതിവനുസരിച്ചുള്ള പ്രവർത്തനങ്ങളൊന്നും സാധ്യമാവുമായിരുന്നില്ല.

2. സേവികാസംഘം: ഭദ്രാസന സേവികാസംഘ പ്രവർത്തനങ്ങൾ വളരെ സജീവമാണ്. സുവിശേഷത്തിന്റെ അഭിവൃദ്ധിക്കും, ജീവകാരുണ്യപ്രവർത്തനങ്ങളിലും സേവികാസംഘം കൂടുതൽ താല്പര്യം കാണിച്ചുവരുന്നു. കോവിഡ് - 19 എന്ന കൊറോണ വൈറസ് സഭയുടെയും സമൂഹത്തിന്റെയും ഒന്നിച്ചുള്ള കൂടിവരവുകളുടെയും, കൂട്ടായ്മകളെയും ഇല്ലാതാക്കിയതു പോലെ സേവികാസംഘം പ്രവർത്തനങ്ങളെയും സാരമായി ബാധിച്ചു.

3. യുവജനസഖ്യം: യുവാക്കളുടെ സർഗ്ഗവാസന പ്രോത്സാ

ഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രതിഭാവേദി പ്രവർത്തിച്ചുവരുന്നു. കോവിഡ് - 19 എന്ന കൊറോണ വൈറസ് സഭയുടെയും സമൂഹത്തിന്റെയും ഒന്നിച്ചുള്ള കൂടിവരവുകളുടെയും, കൂട്ടായ്മകളെയും ഇല്ലാതാക്കിയതു പോലെ യുവജനസഖ്യപ്രവർത്തനങ്ങളെയും സാരമായി ബാധിച്ചു.

4. ഭദ്രാസന വികസനസംഘം: ഇടവക, സെന്റർ, ഭദ്രാസന തലങ്ങളിൽ വികസന സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. സ്വയം വളരുക, ഒപ്പം മറ്റുള്ളവരെയും എന്ന മുദ്രാവാക്യവുമായി വികസനോന്മുഖമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കോവിഡ് - 19 എന്ന കൊറോണ വൈറസിന്റെ വ്യാപനവും ലോക്ക് ഡൗണിന്റെ പ്രോട്ടോകോൾ നിയന്ത്രണങ്ങളും കാരണം ഭദ്രാസന വികസനസംഘത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ കഴിഞ്ഞില്ല.

5. ഭദ്രാസന സന്നദ്ധസുവിശേഷകസംഘം: 8 സെന്ററുകളിലായി സന്നദ്ധസുവിശേഷകസംഘത്തിന്റെ പ്രവർത്തനം സജീവമാണ്. കോവിഡ് പ്രോട്ടോകോൾ നിയന്ത്രണങ്ങൾ അനുസരിച്ച് കാരണം സന്നദ്ധ സുവിശേഷസംഘത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ കഴിഞ്ഞില്ല.

6. സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ്: കോവിഡ് പ്രോട്ടോകോൾ നിയന്ത്രണങ്ങൾ അനുസരിച്ച് കാരണം സീനിയർ സിറ്റിസൺസ് ഫെലോഷിപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ കഴിഞ്ഞില്ല.

3.9. നോർത്ത് അമേരിക്ക-യൂറോപ്പ് ഭദ്രാസനം

ഈ ഭദ്രാസനത്തിൽ വടക്കേ അമേരിക്കൻ ഭൂഖണ്ഡത്തിലെ (അമേരിക്കൻ ഐക്യനാടുകൾ, കാനഡ) 65 ഇടവകകളും 11 കോൺഗ്രിഗേഷനുകളും ഉൾപ്പെടുന്നു. വടക്കേ അമേരിക്കയിൽ 7 റീജനുകളും (Northeast, Southeast, Southern, Midwest, Southwest, Western and Canada) 11 സെന്ററുകളും (Northeast A, Northeast B, Southeast A, Southeast B, Southern, Midwest, Southwest A, Southwest B, Western, Eastern Canada and Western Canada) 8469 കുടുംബങ്ങളുമുണ്ട്. ഈ വർഷം ഒരു കോൺഗ്രിഗേഷൻ രൂപം കൊണ്ടു. ഒരു കോൺഗ്രിഗേഷൻ ഇടവകയായി ഉയർത്തി. ഭദ്രാസന കേന്ദ്രമായ സീനായ് മാർത്തോമ്മാ സെന്റർ, ന്യൂയോർക്കിലെ ലോംഗ് ഐലന്റിൽ സ്ഥിതിചെയ്യുന്നു. അഭിവന്ദ്യ ഡോ. ഐസക് മാർ ഫിലക്സിനോസ് എപ്പിസ്കോപ്പാ തിരുമേനിയുടെ ശ്രേഷ്ഠവും അനുഗ്രഹീതവുമായ നേതൃത്വത്തിൽ ഭദ്രാസനത്തിന്റെ എല്ലാ മേഖലകളിലും ഗണ്യ മായ വളർച്ചയുണ്ടായി. തിരുമേനിയുടെ ലളിതവും ശാന്തവുമായ ജീവിതശൈലിയും ഹൃദ്യവും സ്നേഹമസൃണമായ പെരുമാറ്റവും അചഞ്ചലമായ ദൈവാശ്രയവും ദീർഘവീക്ഷണവും ഭരണനൈപുണ്യവും ഒരു ദൗത്യസമൂഹമായി വളർന്നു വരുവാനും മുന്നേറുവാനും ഭദ്രാസനത്തെ സഹായിക്കുന്നു. റവ. മനോജ് ഇടിക്കുള ഭദ്രാസന സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു. ശ്രീ. ഫിലിപ്പ് തോമസ് (ഡാലസ്) ഭദ്രാസന ട്രഷറാറായി സേവനമനുഷ്ഠിച്ചു. ഔദ്യോഗിക ചുമതലക്കാരോടൊപ്പം മറ്റു 15 അംഗങ്ങൾ കൂടെയുള്ള ഭദ്രാസന കൗൺസിൽ റിപ്പോർട്ടുവർഷം 7 പ്രാവശ്യം കൂടുകയും പ്രവർത്തനങ്ങൾക്ക് ആവശ്യമായ ആലോചനയും പങ്കാളിത്തവും നൽകുകയും ചെയ്തു.

സജീവ സേവനത്തിൽ നിന്നും വിരമിച്ച 11 പട്ടക്കാരുൾപ്പെട്ട 71 പട്ടക്കാർ ഭദ്രാസന പ്രവർത്തനങ്ങളിൽ പങ്കാളികളായി. സ്കൂൾ, യൂണിവേഴ്സിറ്റി തലങ്ങളിൽ യുവജനങ്ങൾ അഭിമുഖീകരി ക്കുന്ന വെല്ലുവിളികളും സംഘർഷങ്ങളും ദൈവാശ്രയത്തിൽ തരണം ചെയ്യുവാൻ അവരെ സജ്ജമാക്കുന്നതിനും ക്രിസ്തുവു മായുള്ള ബന്ധത്തിൽ ഉറപ്പിക്കുന്നതിനും 3 യൂത്ത് ചാപ്ലയന്മാർ പ്രവർത്തിക്കുന്നു. കാമ്പസ് മിനിസ്ട്രി, കൗൺസലിംഗ് വേദപഠനം മുതലായവയിൽ നേതൃത്വം നൽകുകയും പ്രാദേ ശിക തലങ്ങളിൽ യൂത്ത് ഫെലോഷിപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുന്നതിൽ യൂത്ത് ചാപ്ലയന്മാരുടെ സേവനം വിലപ്പെട്ടതാണ്.

ഭദ്രാസന അസംബ്ലി: 32-ാമതു ഭദ്രാസന അസംബ്ലി ഡിസംബർ 12ന് അറ്റ്ലാന്റയിലുള്ള കാർമ്മേൽ മാർത്തോമ്മാ സെന്ററിൽ നടത്തപ്പെട്ടു. ഭദ്രാസനാധിപൻ അഭിവന്ദ്യ ഐസക് മാർ ഫിലക്സിനോസ് എപ്പിസ്കോപ്പ അദ്ധ്യക്ഷത വഹിച്ചു. ഭദ്രാസന പ്രവർത്തനങ്ങളിൽ വ്യാപരിച്ച ദൈവകൃപയ്ക്കായി തിരുമേനി നന്ദി കരേറ്റി. കോവിഡ് ലോകമാകമാനം പടർന്നിരിക്കുന്ന ഈ കാലത്ത് ഓൺലൈൽ സജ്ജീകരണം ഉപയോഗിച്ച് ആദ്യമായി ഭദ്രാസന അസംബ്ലി നടത്തുവാൻ സാധിച്ചതിൽ സന്തോഷം പ്രകടിപ്പിക്കുകയും ആഗോള പകർച്ചവ്യാധിയുടെ മധ്യത്തിൽ നിരാശ കൈവെടിഞ്ഞ പ്രത്യാശയുള്ളവരായി അന്ധകാരത്തിലിരിക്കുന്നവർക്കു പ്രകാശമായി തീരുവാൻ ദൈവം സഹായിക്കട്ടെ എന്ന് അഭിവന്ദ്യ തിരുമേനി സമ്മേളനത്തിൽ ആഹ്വാനം ചെയ്തു 2019-ലെ റിപ്പോർട്ടും കണക്കും 20120-ലെ ബഡ്ജറ്റും അവതരിപ്പിച്ചു പാസാക്കി.

ഭദ്രാസനദിനം: 2020 മാർച്ച് 1 ഭദ്രാസന ഞായറാഴ്ചയായി ആചരിച്ചു. പ്രത്യേക ആരാധനക്രമവും ഭദ്രാസനത്തിന്റെ വിവിധ പ്രവർത്തനങ്ങൾ വിവരിക്കുന്ന ലഘു വീഡിയോയും എല്ലാ പള്ളികൾക്കും നൽകി. അച്ചന്മാരെ മറ്റു ഇടവകകളിലേക്ക് ഡപ്യൂട്ടേഷനിൽ അയച്ചു.

വൈദിക സമ്മേളനം: കോവിഡ് മൂലം വടക്കേ അമേരിക്കാ ഭദ്രാസനത്തിന്റെ എല്ലാ വർഷവും ക്രമീകരിക്കുന്ന പട്ടക്കാരുടെ വാർഷിക സമ്മേളനം പ്രവർത്തന വര്ഷം നടന്നില്ല. എന്നാൽ ഓൺലൈനിലൂടെ ഏപ്രിൽ 16 നവംബർ 21 തീയതികളിൽ സമ്മേളനം നടത്തപ്പെട്ടു.

കാർമ്മേൽ മാർത്തോമ്മാ സെന്റർ, അറ്റ്ലാന്റാ: ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. ഐസക് മാർ ഫിലക്സിനോസ് എപ്പിസ്കോപ്പാ തിരുമേനിയുടെ ദർശനത്തിന്റെയും ആഴമായ ദൈവവിശ്വാസത്തിന്റെയും പ്രാർത്ഥനയുടെയും സാക്ഷാത്കാരമാണ് അറ്റ്ലാന്റയിലുള്ള ഒരു ചെറിയ കുന്നിൻ മുകളിൽ സ്ഥിതിചെയ്യുന്ന കാർമ്മേൽ മാർത്തോമ്മാ സെന്റർ. ഇപ്പോൾ മാർത്തോമ്മാ ചർച്ച് അറ്റ്ലാന്റയും മറ്റു കോൺഗ്രിഗേഷനുകളും അവിടെ ആരാധിക്കുന്നു. ഒരു സ്കൂളും പ്രവർത്തിക്കുന്നു. ഈ സെന്റർ കൺവൻഷനുകൾ, കോൺഫറൻ സുകൾ, ഫാമിലി എൻറിച്ച്മെന്റ് പ്രോഗ്രാമുകൾ, ആത്മായ പരിശീലനകളരികൾ, റിഫ്രഷർ കോഴ്സുകൾ, ദൈവശാസ്ത്ര ക്ലാസുകൾ, പ്രസിദ്ധീകരണ കേന്ദ്രം, ഗസ്റ്റ് ഹൗസ് മുതലായവ നടത്തുന്നതിന് സജ്ജമാക്കുകയാണ് അടുത്ത ഘട്ടത്തിൽ വിഭാവന ചെയ്യുന്നത്.

മിഷൻ ബോർഡ്: ഭദ്രാസനത്തിന്റെ മിഷൻ പ്രവർത്തനങ്ങൾ ഫെഡറൽ ഗവൺമെന്റിന്റെയും സ്റ്റേറ്റ് ഗവണ്മെന്റിന്റെയും രജിസ്ട്രേഷനുള്ള മിഷൻ ബോർഡിൽ കൂടെയാണ് ഏകോപി പ്പിച്ച് നടത്തുന്നത്. മിഷൻ ബോർഡിന്റെ പ്രവർത്തനങ്ങൾ 5 വ്യത്യസ്ത മേഖലകളിൽ കൂടെയാണ് നടക്കുന്നത്. അമേരിക്കൻ ഇൻഡ്യൻസിന്റെ ഇടയിൽ പ്രവർത്തിക്കുന്ന നേറ്റീവ് അമേരിക്കൻ മിഷൻ പ്രാദേശികമായി പ്രവർത്തിക്കുന്ന നെയ്ബർഹുഡ് മിഷൻമെക്സിക്കോ മിഷൻ ഭാരതത്തിലെ മിഷൻ പ്രവർത്തനങ്ങൾ നേരിട്ടു കണ്ടു മനസ്സിലാക്കുവാൻ യുവജനങ്ങളെ സജ്ജമാക്കുന്ന ഇൻഡ്യാ മിഷൻഭാരതത്തിലെ ദരിദ്രരായ കുഞ്ഞു ങ്ങളുടെ വിദ്യാഭ്യാസവും, ആളത്വ വികസനവും, ആരോഗ്യ പരിരക്ഷയും ലക്ഷ്യമാക്കി അഭിവന്ദ്യ ഫിലക്സിനോസ് തിരുമേനിയാൽ രൂപീകൃതമായ ലൈറ്റ് റ്റു ലൈഫ് മിഷൻ എന്നിവയാണ്.

ലൈറ്റ് റ്റു ലൈഫ് പ്രോജക്ടിലൂടെ ഈ വർഷം 3500 കുട്ടികളെ വിവിധ ഡയോസിസിലൂടെയും, കാർഡിലൂടെയും പരിരക്ഷിക്കുവാൻ സാധിച്ചു. കുറഞ്ഞത് 5000 കുട്ടികളെ സ്പോൺസർ ചെയ്യണമെന്നാണ് ഇപ്പോഴത്തെ ലക്ഷ്യം. ഒരു കുട്ടിക്ക് ഒരു മാസത്തേക്ക് 20 ഡോളർ വീതം ഒരു വർഷം 240 ഡോളർ നൽകി സപോൺസർ ചെയ്യാം. ഒരു സ്പോൺസറിൽ നിന്നും പ്രതീക്ഷിക്കുന്നത് അഞ്ചു വർഷത്തെ സഹായമാണ്. അയക്കുന്ന തുകകൾ കൃത്യമായി ഉപയോഗിക്കുന്നുവെന്നുറപ്പു വരുത്താൻ Holistic Child Development India (HCDI)യുമായി ഉടമ്പടിയിലേർ പ്പെട്ടിട്ടുണ്ട്.

സേവികാസംഘം: പ്രവർത്തന വർഷം കോവിഡ് മൂലം എല്ലാ പരിപാടികളും ഓൺലൈനിലൂടെ നടത്തപ്പെട്ടു.

മാർച്ച് 6 നു അഖില ലോക പ്രാർത്ഥനാദിനം കൊണ്ടാടി. എഴുന്നേറ്റ് നിന്റെ കിടക്ക എടുത്ത് നടക്ക എന്നുള്ളതായിരുന്നു ഈ വർഷത്തെ ചിന്താവിഷയം. സേവികാ സംഘദിനം സെപ്റ്റംബർ 13 നു കൊണ്ടാടി. സെപ്റ്റംബർ 12 ഭദ്രാസന സേവികാസംഘം പ്രയർ ചെയിൻ ക്രമീകരിച്ചു. അനേകം സ്ത്രീകൾ പങ്കെടുത്തു. സുവിശേഷ പ്രവർത്തനങ്ങൾക്കായി പണം കണ്ടെത്തുകയും പകർച്ചാവ്യാധി മൂലം പ്രയാസപ്പെടുന്നവർക്കു ആശ്വാസം നൽകുവാനും കഴിഞ്ഞ വർഷം സാധിച്ചു.

സണ്ടേസ്കൂൾ: ഭദ്രാസനത്തിൽ 75 സണ്ടേസ്കൂളുകളും 5500-ൽ പരം കുട്ടികളും 1000-ൽപരം അദ്ധ്യാപകരുമുണ്ട്. സഴ്സറി മുതൽ 12വേ ഗ്രേഡ് വരെ മാർത്തോമ്മാ സണ്ടേസ്കൂൾ പദ്ധതി തുടരുന്നു. കോവിഡ് മൂലം പ്രവർത്തന വർഷം സണ്ടേസ്കൂൾ ഓൺലൈനായി ക്രമീകരിച്ചു. ഭദ്രാസന പരീക്ഷ നടത്തുവാൻ സാധിച്ചില്ല. കാനഡ റീജനിൽ ആദ്യമായി അദ്ധ്യാപക പരിശീലന കളരി നടത്തപ്പെട്ടു.

Kids for Kid Project: ഇതിൽ നിന്നും കിട്ടിയ തുക "ലൈറ്റ് റ്റു ലൈഫ്" പദ്ധതിയിൽക്കൂടി നിർദ്ധനരായ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി നൽകി.

Senior / Junior Conference: വിവിധ റീജിയനുകളുടെ ചുമതലയിൽ നടത്തപ്പെട്ടു. നവംബർ 4 അഖിലലോക സണ്ടേസ്കൂൾ ദിനമായി വിവിധ ഇടവകകളിലും സെന്ററുകളിലും റീജിയനുകളിലും കൊണ്ടാടി. മെക്സിക്കൻ മിഷൻ വി.ബി.എസ്, നേറ്റീവ് അമേരിക്കൻ മിഷൻ, ലൈറ്റ് റ്റു ലൈഫ് മിഷൻ എന്നിവയ്ക്ക് സംഭാവനകൾ നൽകി സഹായിച്ചു.

യൂത്ത് ഫെലോഷിപ്പ്: 41-ാമത് ഭദ്രാസന യൂത്ത് ഫെലോഷിപ്പ് കോൺഫറൻസ് സാൻഫ്രാൻസിസ്കോ യൂത്ത് ഫെല്ലോഷിപ്പിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. "2020 Vision" (സദൃ. 19: 21) എന്നതായിരുന്നു മുഖ്യ ചിന്താവിഷയം. ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നിന്നുമായി 175 പേർ സംബന്ധിച്ചു ജോജി കോശി (ക്രോസ്വേ മാർത്തോമ്മാ ചർച്ച്) ആയിരുന്നു മുഖ്യ പ്രസംഗകൻ. നോമ്പു സമയത്തേക്കുള്ള വായനാഭാഗങ്ങൾ ഉൾക്കൊള്ളുന്ന Bookmark തയ്യാറാക്കി വിതരണം ചെയ്തു. അംഗങ്ങൾ വിവിധ മിഷൻ പ്രവർത്തനങ്ങൾക്കായി അകമഴിഞ്ഞ് സംഭാവനകൾ നൽകി. 22-ാമതു ഡയോസിഷൻ ലീഡർഷിപ്പ് കോൺഫറൻസ് ജനുവരി 2 മുതൽ 5 വരെ അത്ലാന്റ മാർത്തോമ്മാ യൂത്ത് ഫെലോഷിപ്പിന്റെ സഹകരണത്തോടെ നടന്നു. "Growing in Grace (2 പീറ്റർ 3: 18) ആയിരുന്നു പഠനവിഷയം.

യൂവജനസഖ്യം: ഭദ്രാസന യുവജന സഖ്യം 2019 ൽ കാര്യക്ഷമമായി പ്രവർത്തിച്ചു. 32 ശാഖകൾ രജിസ്റ്റർ ചെയ്തു. Healing of the Land എന്ന വിഷയത്തെ ആസ്പദമാക്കി വിവിധ ഇടവകകളിലും സെന്ററുകളിലും റീജിയനുകളിലും പഠനങ്ങളും ചർച്ചകളും നടത്തപ്പെട്ടു. ജൂൺ 5 ഭദ്രാസന തലത്തിൽ രാതി പ്രാർത്ഥന ക്രമീകരിച്ചു. റവ. ഷിബി വർഗീസ് മുഖ്യ പ്രഭാഷണം നടത്തി. ഒക്ടോബർ 11 മുതൽ 18 വരെ യുവജനവാരമായും ഒക്ടോബർ 18 യുവജന ഞായറായും കൊാടി. യുവധാര എന്ന പേരിൽ ഒരു മാസിക പ്രസിദ്ധീകരിക്കുന്നു.

മാർത്തോമ്മാ സന്നദ്ധസുവിശേഷക സംഘം (MTVEA) ഈ വർഷം പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നു. Southwest, Western, Southern റീജിയനുകളുടെ നേതൃത്വത്തിൽ നടത്തുന്ന വിവിധ Tele Conferenceകളും വേദപുസ്തക പഠനവും മാസം തോറും ക്രമമായി നടന്നു. പരിപാടികൾക്കു നേതൃത്വം നൽകിയ എല്ലാവരോടും പങ്കെടുത്തവരോടും നന്ദി അറിയിക്കുന്നു. പകർച്ചവ്യാധിയാൽ ദുരിതം അനുഭവിക്കുന്ന കുടുംബത്തിന് ആശ്വാസം നാളാകുവാൻ സാധിച്ചു. എല്ലാ മാസവും ആദ്യ തിങ്കളാഴ്ച വൈകുന്നേരം പ്രാർത്ഥനയും വചന ശുശ്രൂഷയും നടത്തപ്പെടുന്നു. ഓരോ മാസവും ഓരോ റീജിയൻ പ്രാർത്ഥനക്കു നേത്രത്വം നൽകുന്നു.

യംഗ് ഫാമിലി ഫെലോഷിപ്പ്: യുവകുടുംബങ്ങളെ ജീവിതത്തിലെ വെല്ലുവിളികൾ നേരിടുന്നതിന് സജ്ജമാക്കുന്നതിനും പരസ്പരം അനുഭവങ്ങൾ പങ്കിട്ട് ദൈവത്തോട് അടുത്തു ജീവിപ്പാൻ സഹായിക്കുന്നതിനും സഭയുടെ മിഷൻ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിനും പ്രേരകമാകുന്നു.

സീനിയർ ഫെലോഷിപ്പ്: സീനിയേഴ്സിന്റെ അദ്ധ്യാത്മികവും സാമൂഹ്യവുമായ ആവശ്യങ്ങൾ മനസ്സിലാക്കി അന്യോന്യം കരുതി ജീവിക്കുന്നതിന് സഹായിക്കുന്നു. 30 ശാഖകൾ ഭദ്രാസനത്തിൽ രജിസ്റ്റർ ചെയ്തു. കോവിഡ് രോഗം മൂലം നിയന്ത്രണങ്ങൾ ഉള്ളതിനാൽ പ്രവർത്തന വർഷം ഭദ്രാസന തലത്തിൽ പരിപാടികൾ നടന്നില്ല. എന്നാൽ മുതിർന്നവർക്ക് വേണ്ടി ഓൺലൈനിലൂടെ ഒരു കൂട്ടായ്മ യോഗം നടത്തപ്പെട്ടു. ഡോ. എം.വി. മാത്യു, ചിക്കാഗോ 'Post Trauma Issues Facing the Seniors due to the Pandemic'. എന്ന വിഷയത്തെ ആസ്പദമാക്കി പ്രസംഗിച്ചു

ഗായകസംഘം: ഭൂരിപക്ഷം ഇടവകകളിലും ഇംഗ്ലീഷ്-മലയാളം ഗായകസംഘങ്ങളുണ്ട്. മെയ് അവസാന ഞായറാഴ്ച ഗായകസംഘ ദിനമായി കൊണ്ടാടി. പ്രത്യേക ആരാധന നടത്തപ്പെട്ടു. കോവിഡ് മൂലം ധാരാളം പള്ളികളിൽ വെർചൽ കൊയർ ക്രമീകരിച്ചു. സൗത്ത് വെസ്റ്റ് റീജിയൻ സെപ്റ്റംബർ 6 നു ഗാനോത്സവം 2020 നടത്തി. ധാരാളം ഇടവകകൾ അതിൽ സംബന്ധിച്ചു.

പകർച്ചവ്യാധി ലോകത്തെ ഗ്രസിച്ചുകൊണ്ടിരുന്നപ്പോളും നോർത്ത് അമേരിക്ക ആൻഡ് യൂറോപ്പ് ഭദ്രാസനത്തിലെ മാർത്തോമ്മാ വിശ്വാസികൾക്ക് ധൈര്യം പകർന്നു നൽകുകയും ഭദ്രാസനത്തിൽ ബഹുമുഖങ്ങളായ പ്രവർത്തനങ്ങൾക്ക് ദൈവകൃപയിലാശ്രയിച്ച് അനുഗ്രഹകരമായ നേതൃത്വവും മാർക്ഷനിർദ്ദേശങ്ങളും നൽകിയ അഭിവന്ദ്യ ഐസക് മാർ ഫിലക്സിനോസ് എപ്പിസ്കോപ്പ തിരുമേനിയോടും ഭദ്രാസന കൗൺസിൽ അംഗങ്ങൾ, വന്ദ്യവൈദികർ, മണ്ഡലം അസംബ്ലി അംഗങ്ങൾ വിവിധ സംഘടനകളുടെയും ഇടവകകളുടെയും ചുമതലക്കാർ എന്നിവരോടുമുള്ള നന്ദി അറിയിക്കുന്നു. എല്ലാറ്റിനുമുപരി തന്റെ ഉള്ളം കയ്യിൽ നമ്മെ ഒരു വർഷം കൂടെ അതിശയകരമായി കാത്തു പരിപാലിച്ച പരമകാരുണികനായ ദൈവത്തിനു സ്തുതി സ്തോത്രങ്ങളർപ്പിക്കുന്നു.

3.10. അടൂർ ഭദ്രാസനം

പത്തനാപുരം, ഏനാത്ത്, കണ്ണംകോട്, തേവലക്കര, കായംകുളം, പന്തളം എന്നീ സെന്ററുകളിലായി 90 ഇടവകകളും, യു.എ.ഇ. ലെ അലൈനും കുവൈറ്റിലെ സെന്റ് ജോൺസും, ആന്ധ്രാപ്രദേശിലെ ഗഡ്ഗേശ്വറും തമിഴ്നാട്ടിലെ സത്യവാടിയും ചേർന്നതാണ് ഈ ഭദ്രാസനം. 2016 ഏപ്രിൽ 1 മുതൽ അഭിവന്ദ്യ ഏബ്രഹാം മാർ പൗലൊസ് എപ്പിസ്ക്കോപ്പാ തിരുമേനി ഭദ്രാസനത്തിന് നവീനവും ക്രിയാത്മകവുമായ നേതൃത്വം നൽകിവരുന്നു.

പട്ടക്കാർ: ഈ ഭദ്രാസനത്തിൽ സജീവ സേവനത്തിൽനിന്നും വിരമിച്ച 23 പട്ടക്കാർ ഉൾപ്പെടെ 85 വൈദികരുടെ സേവനം ലഭിച്ചുകൊണ്ടിരിക്കുന്നു. എല്ലാ മാസവും ആദ്യ ചൊവ്വാഴ്ചയിൽ സൂം പ്ലാറ്റ്ഫോമിൽ ഏവൻഗേലിയോൻ കൂട്ടായ്മ നടത്തിവരുന്നു.

ഭദ്രാസന ചുമതലക്കാർ: ദിവ്യശ്രീ വി. കുഞ്ഞുകോശി കശ്ശീശാ ഭദ്രാസന സെക്രട്ടറിയായും ശ്രീ. വർഗ്ഗീസ് തരകൻ ഭദ്രാസന ട്രഷറാറായും, ദിവ്യശ്രീ ഷിബു മാത്യു കശ്ശീശ്ശ ബിഷപ്പ് സെക്രട്ടറിയായും സേവനം ചെയ്യുന്നു.

സുവിശേഷകർ: ഭദ്രാസനത്തിലെ വിവിധ ഇടവകകളിലും മിഷൻ കേന്ദ്രങ്ങളിലുമായി 12 സുവിശേഷകർ സേവനം അനുഷ്ഠിക്കുന്നു. എല്ലാ മാസവും ആദ്യ ബുധനാഴ്ചകളിൽ ഭദ്രാസന/ബിഷപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ കൂട്ടായ്മ നടത്തുകയും പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്യുന്നു. സുവിശേഷകർക്കായിക്രിസ്തുമസ് സംഗമം നടത്തുകയും തത്സമയം പാരിദോഷികം നൽകുകയും ചെയ്തു.

ഭദ്രാസന കൗൺസിൽ/ഭദ്രാസന അസംബ്ലി: റിപ്പോർട്ട് വർഷം മൂന്ന് തവണ ഭദ്രാസന കൗൺസിൽ യോഗം കൂടുകയും ഭദ്രാസനത്തിന്റെ വളർച്ചയ്ക്ക് ആവശ്യമായ ആലോചനകളും തീരുമാനങ്ങളും കൈക്കൊള്ളുകയും ചെയ്തു. ഭദ്രാസന എപ്പിസ്കോപ്പാ അദ്ധ്യക്ഷനായുള്ള 28 അംഗ ഭദ്രാസന കൗൺസിൽ പ്രവർത്തിച്ചു. 2019-20 ലെ ഭദ്രാസന

അസംബ്ലിയോഗം 2021 ഏപ്രിൽ 10 ശനിയാഴ്ച രാവിലെ 10 മണിക്ക് അടൂർ ഇ.എം.റ്റി.എം. സ്പിരിചാലിറ്റി സെന്ററിൽ വെച്ച് അഭിവന്ദ്യ ഏബ്രഹാം മാർ പൗലോസ് തിരുമേനിയുടെ മഹനീയ അദ്ധ്യക്ഷയിൽ നടന്നു. റവ. ഡോ. ഷാം പി. തോമസ് ധ്യാനപ്രസംഗം നടത്തി. 2019-20 ലെ വാർഷിക റിപ്പോർട്ട്, കണക്ക് ബഡ്ജെറ്റ്, പ്രമേയങ്ങൾ എന്നിവ അവതരിപ്പിച്ച് പാസ്സാക്കി.

ഭദ്രാസന കൺവൻഷൻ: 37-ാമത് ഭദ്രാസന കൺവൻഷൻ 2021 ജനുവരി 6 മുതൽ 10 വരെ അടൂർ മാർത്തോമ്മാ കൺവൻഷൻ നഗറിൽ വച്ച് നടന്നു. നി.വ.ദി.മ.ശ്രീ. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി കൺവൻഷൻ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ഏബ്രഹാം മാർ പൗലൊസ് തിരുമേനി അദ്ധ്യക്ഷത വഹിച്ചു. അഭിവന്ദ്യ തിയഡോഷ്യസ് മെത്രാപ്പോലീത്താ തിരുമേനിക്ക് ഭദ്രാസനത്തിന്റെ സ്വീകരണവും നൽകി. സൃഷ്ടിക്കൊരു സങ്കീർത്തനം 2020 ഡിസംബർ 13-ന് യൂത്ത് സെന്ററിൽ വച്ച് നടത്തപ്പെട്ടു. അഭിവന്ദ്യ ജോഷാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്താ തിരുമേനി ക്രിസ്തുമസ് സന്ദേശം നൽകി.

റൂബി ജൂബിലി കുടുംബ ദൃഢീകരണ വർഷം: 2020 കുടുംബ ദൃഢീകരണ വർഷമായി കൗൺസിലിന്റെ ആലോചനയോടുകൂടി അഭിവന്ദ്യ തിരുമേനി പ്രഖ്യാപിച്ചു ഭദ്രാസനം നാൽപ്പതാം വർഷത്തിലേക്ക് പ്രവേശിക്കുന്നതിന്റെ ഭാഗമായി റൂബി ജൂബിലിയായി ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികൾക്ക് വേണ്ട ക്രമീകരണം ചെയ്തു. 2021 ജനുവരി 31-ന് ഭദ്രാസനത്തിന്റെ വിവിധ ഇടവകകളിൽ വെച്ച് സുവർണ്ണ ദമ്പതികളെ ആദരിക്കുകയും മെമന്റോ നൽകുകയും ചെയ്തു. 2020 ലെ ഭദ്രാസന കലണ്ടർ എല്ലാ ഭവനങ്ങളിലും എത്തിച്ചു. ഇടവകകളിൽ വോൾ ഹാംഗർ നൽകി. യുവാക്കൾക്കായി ഉപന്യാസമത്സരം നടത്തി.

കുടുംബ സംഗമം 2020-21: 2021 ജനുവരി 26-ന് അഭിവന്ദ്യ പൗലോസ് തിരുമേനി സമ്മേളനം ഉദ്ഘാടനം ചെയ്തു. ശ്രീ. ജോർജ്ജ് ബഹനാൻ മുഖ്യാതിഥി ആയിരുന്നു.

ഹെർമ്മോൻ ദൂതൻ: ഭദ്രാസനത്തിന്റെ ഔദ്യോഗിക മുഖപത്രമായ ഹെർമ്മോൻ ദൂതൻ മൂന്നുമാസത്തിൽ ഒരിക്കൽ പ്രസിദ്ധീകരിക്കുന്നു. ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്, ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ, ലേഖനങ്ങൾ, പഠനങ്ങൾ, മിഷൻ പ്രവർത്തനങ്ങൾ എന്നിയാണ് ഉള്ളടക്കം. ഈ ഭദ്രാസനത്തിലെ എല്ലാ ഭവനങ്ങളിലും ഇതിന്റെ പ്രതി ലഭിക്കത്തക്കവിധത്തിൽ ഇടവക ബഡ്ജറ്റിൽ വക കൊള്ളിച്ചുകൊണ്ടുള്ള ക്രമീകരണം ചെയ്തിട്ടുണ്ട്.

ഭദ്രാസന ഞായർ: 2021മാർച്ച് 7-ന് ഭദ്രാസനദിന ഞായർ ആയി ആചരിച്ചു. ഭദ്രാസനത്തിലെ സാന്ത്വന പരിചരണ കേന്ദ്രത്തിന്റെ ആവശ്യത്തിനായി ധനശേഖരണവും നടത്തി. സുവിശേഷവേലയ്ക്കായി ഡെപ്പി കളക്ഷൻ നടത്തുന്നു.

ജീവകാരുണ്യ പ്രവർത്തനങ്ങൾ: ഭദ്രാസനത്തിലെ വിവിധ പദ്ധതികളിലൂടെ ഭവനസഹായം, ചികിത്സാ സഹായം, വിവാഹസഹായം എന്നിവ നൽകി.

13. മിഷൻ പ്രവർത്തനങ്ങൾ:

ഗഡ്ഗേശ്വർ, ആന്ധ്രാപ്രദേശ്: അഭിവന്ദ്യ ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ 80-ാമത് ജന്മദിനത്തോടനുബന്ധിച്ച് അടൂർ ഭദ്രാസനം ആരംഭിച്ച മിഷൻ ആണ് ആന്ധ്രാപ്രദേശ് സെക്കന്തരാബാദിനടുത്തുള്ളസെക്കന്തരാബാദിനടുത്തുള്ള ഗഡ്ഗേശ്വർ മിഷൻ ഫീൽഡ്. ആദ്യകാലങ്ങളിൽ സുവിശേഷർ എൻ.എഫ്.സി. നഗറിൽ താമസിച്ച് പ്രവർത്തിച്ചു. തെലുങ്ക് ഭാഷ അറിയാവുന്ന വിജയവാഡ സ്വദേശിയായ ജോഷ്വായും കുടുംബവും മിഷൻ പ്രവർത്തനത്തിനായി വന്നത് മിഷൻ പ്രവർത്തനത്തിന് മുതൽക്കൂട്ടാണ്. ഇപ്പോൾ മരപ്പള്ളിഗുഡ, എൻ.എഫ്.സി. നഗർ, അങ്കുഷാപ്പൂർ, ചന്ദ്രപ്പട്ടിൽനഗർ, എതുലാബാദ് എന്നീ വില്ലേജുകളിൽ സുവിശേഷ പ്രവർത്തനങ്ങൾ നടക്കുന്നു. 15 കുടുംബങ്ങളിൽനിന്നായി 35 വിശ്വാസികൾ ആരാധനയ്ക്കായി മിഷൻ ചാപ്പലിൽ കൂടിവരുന്നു. ക്രിസ്തുമസ് പ്രോഗ്രാം, ടെയ്‌ലറിംഗ് ക്ലാസ്സുകൾ, ഉപവാസ പ്രാർത്ഥനകൾ, പ്രത്യേക പ്രാർത്ഥനകൾ, നോമ്പ് പ്രാർത്ഥനകൾ, എന്നിവ നടത്തുവാനും ദൈവം സഹായിച്ചു. മഹാവ്യാധിയുടെ കാലത്ത് 12 കുടുംബങ്ങൾക്ക് ഭദ്രാസനമായി ഗ്രോസറി കിറ്റുകൾ നൽകി സഹായിച്ചു. ഈസ്റ്റർ ദിനത്തിൽ ആദ്യമായി വിശുദ്ധ കുർബ്ബാന ശുശ്രൂഷയും, വിശുദ്ധ സ്നാന ശുശ്രൂഷയും നടത്തി. മിഷൻ 25 വർഷം പിന്നിടുമ്പോൾ കാലാനുസരണമായ മാറ്റങ്ങൾക്കായി കാത്തിരിക്കുന്നു. ഹൈദരാബാദ് ഇടവക വികാരി റവ. സുബിൻ ജോൺ ഈ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നേതൃത്വം നൽകുന്നു.

സത്യവാടി, തമിഴ്നാട്: അഭിവന്ദ്യ ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ 80-ാമത് ജന്മദിനത്തോടനുബന്ധിച്ച് ആരംഭിച്ച തമിഴ്നാട്ടിലെ സത്യവാടി മിഷൻ 26 വർഷം പൂർത്തീകരിച്ചു. ഒരു സുവിശേഷകൻ ഇവിടെ താമസിച്ച് പ്രവർത്തിക്കുന്നു. എല്ലാ ഞായറാഴ്ചയും ആരാധന, ഭവന പ്രാർത്ഥന, തയ്യൽസ്കൂൾ, സൺഡേസ്കൂൾ, വി.ബി.എസ്. എന്നിവ ക്രമമായി നടന്നുവരുന്നു.

പൂതങ്കര: 1990-ൽ ഇളമണ്ണൂരിനു സമീപം ആരംഭിച്ച മിഷൻ കേന്ദ്രമാണിത്. 6 ഭവനങ്ങൾ ആരാധനയ്ക്കായി കൂടിവരുന്നു. ഭവനസന്ദർശനം, പ്രാർത്ഥനായോഗങ്ങൾ, സഹായപദ്ധതികൾ എന്നിവ നടത്തിവരുന്നു. നാലാം ഞായറാഴ്ച വിശുദ്ധ കുർബ്ബാനയും നടത്തുന്നു. കൊടുമൺ പ്ലാന്റേഷനിലെ തൊഴിലാളികളുടെ ഇടയിലുള്ള പ്രവർത്തനം പ്രധാനപ്പെട്ടതാണ്. ഇവിടെ ഒരു സുവിശേഷകൻ താമസിച്ച് പ്രവർത്തിക്കുന്നു.

പുന്നല: ദിവംഗതനായ എം.ജെ. ജോൺ കശ്ശീശാ സഭയ്ക്കു നൽകിയ സ്ഥലത്താണ് പത്തനാപുരത്തിനടുത്തുള്ള പുന്നല മിഷൻ. ഇവിടെ ഒരു സുവിശേഷകൻ താമസിച്ചുകൊണ്ട് കടശ്ശേരി, പുന്നല, കുര്യോട്ടുമല, ആനക്കുളം, വഴങ്ങോട്, ചാച്ചിപ്പുന്ന എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നു. സുവിശേഷകരുടെ കൂട്ടായുള്ള ഭവനസന്ദർശനം, ആരോഗ്യ ബോധവൽക്കരണ സെമിനാർ, മിഷൻ വീട്ടിൽവെച്ച് നേത്ര ചികിത്സാ ക്യാമ്പ്, ക്രിസ്തുമസ് സർവ്വീസ് എല്ലാ രണ്ടാം ശനിയാഴ്ചയും ഉപവാസ പ്രാർത്ഥന എന്നിവ നടത്തി.

കുന്നത്തൂർ മിഷൻ: കണ്ണംകോട് സെന്ററിൽ ഉൾപ്പെട്ട സുവിശേഷവേല സ്ഥലമാണിത്. ഇവിടെ ഒരു മിഷൻവീട് നിർമ്മിച്ചിട്ടുണ്ട്. സുവിശേഷകൻ ചുറ്റുപാടുമുള്ള ഭവനങ്ങൾ സന്ദർശിച്ച് സുവിശേഷം അറിയിക്കുന്നു.

തറയിൽകടവ്: ഭദ്രാസനവും കായംകുളം സെന്ററിലെ ഇടവകകളും സെന്റർ സന്നദ്ധ സുവിശേഷകസംഘവും ചേർന്ന് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ആറ് കുടുംബങ്ങൾ ഇവിടെ ആരാധനയ്ക്കായി കൂടിവരുന്നു. ഒന്നും മൂന്നും ഞായറാഴ്ചകളിൽ വിശുദ്ധ കുർബ്ബാനയും നടക്കുന്നു. ദിവ്യബോധന ട്യൂഷൻ സെന്റർ, പ്ലേസ്കൂൾ, കമ്പ്യൂട്ടർ ക്ലാസ്, പി.എസ്.സി. കോച്ചിംഗ് ക്ലാസ്, സാമൂഹിക ക്ഷേമപദ്ധതികൾ, ബാലജനസഖ്യം എന്നിവ ഇവിടെ ഭംഗിയായി നടത്തിവരുന്നു. പകൽവീട്, വൈദ്യസഹായം, വിദ്യാഭ്യാസ സഹായം, ഭവന സന്ദർശനം, മദ്യാസക്തരുടെ ഇടയിലുള്ള പ്രവർത്തനം എന്നിവയും നടന്നുവരുന്നു. കോവിഡിനോടനുവന്ധിച്ചുള്ള ക്ലാസ്സുകൾ ഓൺലൈനായും അല്ലാതെയും നടത്തപ്പെട്ടു. ഒരു മിഷിനറി അച്ചനും ഒരു സുവിശേഷകനും ഇവിടെ താമസിച്ച് പ്രവർത്തിക്കുന്നു. പുതിയ ദേവാലയത്തിന്റെ നിർമ്മാണം പൂർത്തിയായി. അഭിവന്ദ്യ മെത്രാപ്പോലീത്ത തിരുമേനി, അഭിവന്ദ്യ പൗലൊസ് തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ കൂദാശ ചെയ്തു.

പുതുപ്പള്ളി: 1948-ൽ ആരംഭിച്ച ഈ പ്രവർത്തനം ഇപ്പോൾ ഭദ്രാസനത്തിന്റെയും കായംകുളം മാർത്തോമ്മാ ഇടവകയുടെയും ചുമതലയിൽ ഈ പ്രവർത്തനം വളർന്നുകൊണ്ടിരിക്കുന്നു. ഒന്നാം ഞായറാഴ്ചകളിൽ വിശുദ്ധ കുർബ്ബാന നടത്തപ്പെടുന്നു. മാനസിക രോഗികളെ സഹായിക്കുന്ന പ്രകാശധാര, തയ്യൽ സ്കൂൾ, ഭക്ഷണകിറ്റ് വിതരണം, വൈദ്യസഹായം, വിദ്യാഭ്യാസ സഹായം, വിവാഹ സഹായം, ഭവന സന്ദർശനം, മദ്യാസക്തരുടെ ഇടയിലുള്ള പ്രവർത്തനം എന്നിവ നടത്തപ്പെടുന്നു. കോവിഡിനോടനുബന്ധിച്ചുള്ള മാസ്ക് നിർമ്മാണം തയ്യൽ സ്കൂളിന്റെ നേതൃത്വത്തിൽ നിർമ്മിച്ച് നൽകി.

മണിവേലിക്കടവ്: അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലൊസ് തിരുമേനിയുടെ നേതൃത്വത്തിൽ 2019 മെയ് ഒന്നിന്

ആരംഭിച്ചതാണ് ഈ മിഷൻ പ്രവർത്തനം. സ്ത്രീകൾക്കുള്ള തയ്യൽ പരിശീലനം, വിധവകൾക്ക് കന്നുകുട്ടികളെ നൽകി സഹായിച്ചു. കോവിഡിനോടനുബന്ധിച്ച് തബീഥ സ്കൂളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് ഭദ്രാസനത്തിലെ വിവിധ ഇടവകകളിലും സ്ഥാപനങ്ങളിലും കായംകുളത്തും സമീപപ്രദേശങ്ങളിലും മാസ്കുകൾ നിർമ്മിച്ച് നൽകി. അടൂർ ഇമ്മാനുവേൽ മാർത്തോമ്മാ ഇടവക ഇതിനാവശ്യമായ സാമ്പത്തിക സഹായം നൽകുന്നു.

ധ്യാനകേന്ദ്രങ്ങൾ

ഇ.എം.റ്റി.എം. സ്പിരിചാലിറ്റി സെന്റർ, അടൂർ: അഭിവന്ദ്യ ഈശോ മാർ തിമൊഥെയോസ് തിരുമേനിയുടെ സ്മരണാർത്ഥമുള്ള സ്പിരിച്ചാലിറ്റി സെന്റർ അനേകരുടെ ധ്യാനജീവിതത്തിനും ആത്മീയ വളർച്ചയ്ക്കും പ്രചോദനം നൽകുന്നു. ചൊവ്വാഴ്ച തോറും ധ്യാനം നടക്കുന്നു. യുവാക്കൾക്കായി കോർഗ്രൂപ്പ് ഫെല്ലോഷിപ്പ്, സമർപ്പിതർക്കായുള്ള കൂട്ടായ്മ ഉന്നത വിദ്യാഭ്യാസ ട്രെയിനിംഗ്, പഠനത്തിനും വായനയ്ക്കും ധ്യാനത്തിനും സഹായകരമായ ലൈബ്രറിയും ഇവിടെ പ്രവർത്തിക്കുന്നു.

ആർദ്രതാ പെയിൻ & പാലിയേറ്റീവ് മിഷൻ: സമൂഹത്തിൽ വേദന അനുഭവിക്കുന്നവർക്ക് ആശ്വാസമായിത്തീരുവാൻ മാറാരോഗികൾക്ക് സാന്ത്വനമേകുവാൻ ഭദ്രാസനമായി ചെയ്യുന്ന പ്രവർത്തന മേഖലയാണ് ആർദ്രതാ പെയിൻ & പാലിയേറ്റീവ് മിഷൻ. എല്ലാ മാസവും നാലാം ശനിയാഴ്ച ട്രെയിനിംഗ് പ്രോഗ്രാമുകൾ നടന്നുവരുന്നു. ഭദ്രാസനത്തിലെ എല്ലാ സെന്ററുകളിലും ഇതിന്റെ യൂണിറ്റുകൾ ആരംഭിച്ചു സജീവമായി പ്രവർത്തിക്കുന്നു.

പ്രീ മാരിറ്റൽ / പോസ്റ്റ് മാരിറ്റൽ കൗൺസിലിംഗ് പ്രോഗ്രാം ഇ.എം.റ്റി.എം. സ്പിരിചാലിറ്റി സെന്ററിൽ വെച്ച് ക്രമമായി ഇവ നടന്നുവരുന്നു. കുടുംബജീവിതത്തിലേക്ക് പ്രവേശിക്കുന്ന ദമ്പതികൾക്ക് പ്രീമാരിറ്റൽ കൗൺസിലിംഗ് ഏറെ പ്രയോജനപ്പെടുന്നു. കുടുംബ സംഘർഷങ്ങളും പ്രശ്നങ്ങളും ഏറിവരുന്ന ഈ കാലത്ത് ഇതിനു വളരെ പ്രാധാന്യമുണ്ട്.

അനുഗ്രഹ ഡി-അഡിക്ഷൻ & മാർ ക്രിസോസ്റ്റം സെന്റിനറി ബ്ലോക്ക്: മദ്യം, മയക്കുമരുന്ന് മുതലായ ലഹരിവസ്തുക്കൾക്ക് അടിമപ്പെട്ടുപോയവരെ വിമോചിപ്പിക്ക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് അനുഗ്രഹ ഡി-അഡിക്ഷൻ. എല്ലാ മാസവും ലഹരിയിൽനിന്നുള്ള മോചനത്തിനായി 10 ദിവസത്തെ ക്യാമ്പ് സ്പിരിചാലിറ്റി സെന്ററിൽവെച്ച് നടത്തപ്പെടുന്നു. 200 ഭവനങ്ങൾ ഈ വിപത്തിൽനിന്ന് രക്ഷപെട്ട് സന്തോഷത്തിൽ ജീവിക്കുന്നു.

വിജയവഴി: നമ്മുടെ ഭദ്രാസനത്തിലെ ഉന്നത വിദ്യാഭ്യാസത്തിനു സഹായകരമായ വിധത്തിൽ രണ്ടും നാലും ശനിയാഴ്ചകളിൽ ഓൺലൈൻ ആയി ക്ലാസ്സുകൾ നടന്നുവരുന്നു.

മാർത്തോമ്മാ ഡവലപ്പ്മെന്റ് സൊസൈറ്റി: അടൂർ ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നതും 1955 ലെ 12-ാമത് തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്ര ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് അനുസരിച്ച് പി. 519/97 നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ സൊസൈറ്റിയാണിത്. ഭദ്രാസനത്തിന്റെ വിദ്യാഭ്യാസ, സാമൂഹ്യ പ്രവർത്തനങ്ങൾക്ക് ഈ സൊസൈറ്റി നേതൃത്വം വഹിക്കുന്നു.

മാർത്തോമ്മാ ഗുരുകുലം: സുവിശേഷവേലയുടെ ക്രീയാത്മക പങ്കാളിത്തം ഹൃദ്യസ്ഥമാക്കുവാൻ പരിശീലിപ്പിക്കുകയും ക്രിസ്തുവിനോടും സഭയോടും തീഷ്ണതയുള്ള വ്യക്തിത്വത്തിന് ഉടമകളാക്കിയുംകൊണ്ട്, സമകാലിക ദർശനങ്ങളോടെ സുവിശേഷവേലയ്ക്കു പുത്തൻ ദിശാബോധം നൽകി സുവിശേഷവേലയ്ക്കുവേണ്ടി സമർപ്പിക്കപ്പെട്ട ആൺകുട്ടികളുടെ ഹോസ്റ്റലാണ് മണക്കാലയിലുള്ള മാർത്തോമ്മാ ഗുരുകുലം. ഇപ്പോൾ 19 കുട്ടികൾ ഇവിടെ താമസിച്ച് സ്കൂൾ വിദ്യാഭ്യാസവും ആരാധനാക്രമങ്ങളും പ്രാർത്ഥനാജീവിത ശൈലിയും അഭ്യസിക്കുന്നു.

മാർത്തോമ്മാ ശാന്തിഭവനം, വവ്വാക്കാവ്: കരുനാഗപ്പള്ളി വവ്വാക്കാവിൽ സമൂഹത്തിൽ തഴയപ്പെട്ടവരും വാർദ്ധക്യത്തിൽ ഉപേക്ഷിക്കപ്പെട്ടവരുമായ ആളുകളുടെ ആശ്രയമാണ് ശാന്തിഭവനം. ശ്രീ. സദാശിവ കാരണവരാണ് ഈ സ്ഥലവും കെട്ടിടവും സഭയ്ക്ക് നൽകിയത്. ജാതി-മത വ്യത്യാസം കൂടാതെ നിരാലംബരായ 26 പേർക്ക് താമസവും സംരക്ഷണവും ഇവിടെ ലഭിക്കുന്നു. വർദ്ധിച്ചുവരുന്ന ആവശ്യം പരിഗണിച്ച് പുതിയ ഒരു കെട്ടിടംകൂടി പണിയുവാനുള്ള ക്രമീകരണം ചെയ്തുവരുന്നു. 30 പേർക്ക് താമസിക്കുവാനുള്ള അനുമതി സർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ട്.

സാന്ത്വന പരിചരണ കേന്ദ്രം ഇലിപ്പക്കുളം: ഇലിപ്പക്കുളം മാർത്തോമ്മാ ഇടവകയിൽ മീനത്തെതിൽ ശ്രീമതി. തങ്കമ്മ വർഗ്ഗീസിന്റെ വീടിനു സമീപം 44 സെന്റ് സ്ഥലം ഭദ്രാസനത്തിന്റെ കാരുണ്യപ്രവർത്തനങ്ങൾക്കായി സൗജന്യമായി നൽകി. പ്രസ്തുത സ്ഥലത്ത് പ്രായാധിക്യത്തിലുള്ള സ്ത്രീകളെ താമസിപ്പിച്ച് പരിചരിക്കുന്നതിലേക്കായി കെട്ടിടം പണിയുന്നതിനുള്ള പ്ലാൻ പഞ്ചായത്തിന്റെ അനുമതി ലഭിക്കുകയും പണി ആരംഭിക്കുകയും ചെയ്തു.

ദീപ്തി സ്കിൽ ഡവലപ്പ്മെന്റ് സെന്റർ ഫോർ ഡിഫ്രന്റിലി ഏബിൽഡ, പള്ളിപ്പാട്: 1991-ൽ അടൂർ ഭദ്രാസന സേവികാ സംഘത്തിന്റെ ചുമതലയിൽ കടൽത്തീര മിഷനിലുള്ള നിർധനകുടുംബങ്ങളിലെ പെൺകുട്ടികൾക്കായി അഭിവന്ദ്യയുയാക്കീം മാർ കൂറിലോസ് തിരുമേനിയുടെ ദീർഘവീക്ഷണത്തിന്റെ ഫലമായി ആരംഭിച്ചതാണ് പള്ളിപ്പാട് ദീപ്തി ബാലികാഭവൻ. 2018 ൽ ദീപ്തി സ്കിൽ ഡവലപ്പ്മെന്റ് സെന്റർ ഫോർ ഡിഫ്രന്റിലി ഏബിൽഡ എന്ന ട്രെയിനിംഗ് സെന്റർ ആരംഭിച്ചു. 18 വയസ്സിന് മുകളിലുള്ള 25 പേർ ഇവിടെ താമസിച്ച് വിവിധ തൊഴിൽ പരിശീലനത്തിൽ ആയിരിക്കുന്നു. സുവിശേഷകൻ ജിതിൻ ജോൺ ഇവിടെ താമസിച്ച് പ്രവർത്തിക്കുന്നു. ഭദ്രാസന ട്രഷറാർ ശ്രീ. വർഗീസ് തരകൻ സൂപ്രണ്ട് ആയി അനുദിന പ്രവർത്തനങ്ങളിൽ നേതൃത്വം നൽകുന്നു. 2021 ഏപ്രിൽ മുതൽ എപ്പിസ്കോപ്പൽ സിനഡിന്റെ തീരുമാനപ്രകാരം ചെങ്ങന്നൂർ-മാവേലിക്കര ഭദ്രാസനം ഏറ്റെടുത്ത് നടത്തുവാനുള്ള ക്രമീകരണം ചെയ്യുന്നു.

ആശാഭവൻ - പിടവൂർ: പത്തനാപുരത്തിനടുത്തുള്ള പിടവൂരിൽ ശാരീരിക പരിമിതികളുള്ളവരുടെ ക്ഷേമത്തിനായി 1981-ൽ ആരംഭിച്ചതാണ് ആശാഭവൻ. അടൂർ ഭദ്രാസനത്തിന്റെ മാർത്തോമ്മാ ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ആശാഭവനിൽ 53 കുട്ടികൾ പഠനത്തിനും തൊഴിലധിഷ്ഠിത പരിശീലനത്തിനുമായി താമസിക്കുന്നു. കോവിഡ് 19 മഹാമാരി ആശാഭവന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചു. ചിട്ടയായ ജീവിതവും ക്രമമായുള്ള ആരാധനയും കുട്ടികളുടെ ശാരീരികവും മാനസികവും ആദ്ധ്യാത്മീകവുമായ പരിപോഷണത്തിന് മുതൽക്കൂട്ടായി. നമ്മുടെ 3 കുട്ടികൾ എം.കോം പൂർത്തീകരിച്ചു. 7 കുട്ടികൾ ഡിഗ്രിക്കും 4 കുട്ടികൾ പ്ലസ്ടുവിനും 1 കുട്ടി പ്ലസ് വണ്ണിനും 1 കുട്ടി 10 ലും പഠിക്കുന്നു. ഓൺലൈനായിട്ടാണ് ക്ലാസ്സുകൾ നടന്നത്. ഫാഷൻ ഡിസൈനിംഗ്, തയ്യൽ, എംബ്രോയ്ഡറി, കമ്പ്യൂട്ടർ എന്നീ കോഴ്സുകളും നടത്തപ്പെടുന്നു. പഠനത്തിനു പുറമേ സോപ്പ് നിർമ്മാണം, ക്രിസ്തുമസ് കാർഡ് നിർമ്മാണം, ജൈവകൃഷി, കോഴി വളർത്തൽ, തേനീച്ച വളർത്തൽ, കന്നുകാലി വളർത്തൽ എന്നീ പരിപാടികളിലും കുട്ടികൾ പങ്കാളികളാകുന്നു. വിവാഹശുശ്രൂഷകൾക്കും മറ്റ് സാംസ്കാരിക പരിപാടികൾക്കുമായി ഒരു ഗായകസംഘം ഇവിടെ പ്രവർത്തിക്കുന്നു. കുട്ടികളുടെ കലാവാസനകളെ പരിപോഷിപ്പിക്കുന്നതിനായി ആരംഭിച്ച സ്റ്റേജ് ഷോ 'എഫഥാ' ഓണാഘോഷ പരിപാടികൾ, സ്വാതന്ത്ര്യദിനം, ഗാന്ധിജയന്തി, റിപ്പബ്ലിക്ദിനം, ദീപാവലി തുടങ്ങിയ ദേശീയ പ്രാധാന്യമുള്ള ദിനങ്ങൾ ആചരിച്ചു. മെഡിക്കൽ ബോധവത്കരണ ക്യാമ്പ്, മെഡിക്കൽ ചെക്കപ്പ്, കോവിഡ് ടെസ്റ്റുകൾ എന്നിവ നടത്തപ്പെട്ടു. ഡിസംബർ 22-ന് ക്രിസ്തുമസ് കരോൾ നടത്തി. ഫിസിയോ തെറാപ്പി, സ്പീച്ച് തെറാപ്പി എന്നിവയും പ്രവർത്തിക്കുന്നു. സമർപ്പിതരായ 16 അദ്ധ്യാപകർ വിദ്യാർത്ഥികളുടെ സർവ്വോന്മുഖ വളർച്ച ലാക്കാക്കിയുള്ള വൈവിദ്ധ്യങ്ങളായ പരിശീലനങ്ങൾ നൽകുന്നു.

ജ്യോതിസ് - മാവേലിക്കര:ബുദ്ധിമാന്ദ്യം മൂലം സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും അന്യവൽക്കരിക്കപ്പെടുന്ന

കുട്ടികളെ പരിശീലനവും ചരിചരണവും നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ച് ഉയർത്തുവാൻ ഭദ്രാസനത്തിന്റെ ചുമതലയിൽ 1994-ൽ ആരംഭിച്ച കേരള വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരമുള്ള സ്ഥാപനമാണ് 'ജ്യോതിസ് സ്പെഷ്യൽ സ്കൂൾ'. ഇപ്പോൾ ഇവിടെ നൂറോളം കുട്ടികളും 25 പ്രവർത്തകരും ഉണ്ട്. സൗജന്യ വിദ്യാഭ്യാസവും പരിശീലനവും നൽകുന്നു.

മാർത്തോമ്മാ റെസിഡൻഷ്യൽ സ്കൂൾ, കലയപുരം: കലയപുരം സീയോൻകുന്നിൽ 2013-ൽ സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചു. സി.ബി.എസ്.ഇ. സിലബസിലുള്ള പഠനമാണ് നടക്കുന്നത്. ആറാം ക്ലാസ് വരെ ഇവിടെയുണ്ട്. 213 കുട്ടികളുമായി ഈ സ്ഥാപനം വളർച്ചയുടെ പാതയിലാണ്. 15 അദ്ധ്യാപക-അനധ്യാപകർ ഇവിടെ പ്രവർത്തിക്കുന്നു. മൂത്താമ്പാക്കൽ കൊച്ചുകുഞ്ഞ് ഉപദേശിയുടെ പ്രാർത്ഥനയാലും വചനഘോഷണത്താലും ധന്യമായ കലയപുരം സീയോൻകുന്നിൽ സ്കൂൾ പ്രവർത്തിക്കുന്നു. സ്കൂളിന് ആവശ്യമായ കെട്ടിടം പണിയുന്നതിനുള്ള പ്ലാനും എസ്റ്റിമേറ്റും പഞ്ചായത്തിന്റെ അംഗീകാരവും ലഭിച്ചതിനെത്തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

സെന്റ് തോമസ് മിഷൻ ഹോസ്പിറ്റൽ, കറ്റാനം: 70 വർഷം പിന്നിടുന്ന കറ്റാനം സെന്റ് തോമസ് മിഷൻ ഹോസ്പിറ്റലിൽ 300 കിടക്കകളും 24 ഡിപ്പാർട്ട്മെന്റിലുമായി 43 ഡോക്ടർമാർ പ്രവർത്തിക്കുന്നു. ഗുണപരമായ ആരോഗ്യസംരക്ഷണം മിതമായ ചെലവിൽ ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആശുപത്രി പ്രവർത്തിക്കുന്നു. മാർത്തോമ്മാ മെഡിക്കൽ മിഷന്റെ കീഴിൽ അന്ധതാനിവാരണ പ്രവർത്തനങ്ങളും, ആധുനിക ശസ്ത്രക്രിയ സൗകര്യങ്ങളും, വൃക്കരോഗ ചികിത്സകളും കുറഞ്ഞ ചെലവിൽ ഡയാലിസിസും നടത്തപ്പെടുന്നു. നിർധനർക്കായുള്ള ഗവണ്മെന്റ് ആരോഗ്യ ഇൻഷുറൻസ് പദ്ധതികളും, ലഹരി വിമുക്ത പ്രവർത്തനങ്ങളും, കൗൺസിലിംഗും ഇവിടെ ലഭ്യമാണ്.

സംഘടനകൾ

സൺഡേസ്കൂൾ:സൺഡേസ്കൂൾ കുഞ്ഞുങ്ങളെ ദൈവത്തോടും ദൈവവചനത്തോടും ബന്ധപ്പെടുത്തി അവരെ സമൂഹത്തിനും സഭയ്ക്കും കുടുംബത്തിനും കൊള്ളാവുന്നവരാക്കുന്നതിന് പരിശീലിപ്പിക്കുന്നു. കോവിഡ് 19-ന്റെ മദ്ധ്യത്തിലും സാധ്യമായ എല്ലാ സാങ്കേതിക വിദ്യകളും പ്രയോജനപ്പെടുത്തി ക്ലാസുകളും പരീക്ഷകളും നടത്തുവാൻ കഴിഞ്ഞു. ഭദ്രാസനതലത്തിൽ 2020-ൽ പുറത്തിറക്കിയ കലണ്ടറിലെ മുഖച്ചിത്രങ്ങൾ ഭദ്രാസനത്തിലെ കുഞ്ഞുങ്ങളുടെ സംഭാവനയാണ്. കായംകുളം, അടൂർ ഡിസ്ട്രിക്ട് ഹെഡ്മാസ്റ്റേഴ്സ് കൺവൻഷനുകൾ വെട്ടിയാർ ശാലേം, പറക്കോട് ഇമ്മാനുവേൽ എന്നീ പള്ളികളിൽ വെച്ച് നടത്തി. സൺഡേസ്കൂൾ സമാജത്തിന്റെ പാഠപദ്ധതി അനുസരിച്ച് ജൂൺ മാസത്തിൽ അർദ്ധവാർഷിക പരീക്ഷയും നവംബർ മാസത്തിൽ അഖിലലോക സൺഡേസ്കൂൾ ദിനവും കേന്ദ്ര വാർഷിക പരീക്ഷയും ഡിസംബർ മാസത്തിൽ ബിരുദപരീക്ഷയും അദ്ധ്യാപക പരീക്ഷയും വിവിധ ശാഖകളിൽവെച്ച് നടത്തി. രണ്ട് ഡിസ്ട്രിക്ടുകളിലായി ആറ് സെന്ററുകളും 90 ശാഖകളും 846 അദ്ധ്യാപകരും 4302 വിദ്യാർത്ഥികളും ഉണ്ട്.

യുവജനസഖ്യം: കോവിഡ് കാലയളവിൽ സെന്ററുകൾ കേന്ദ്രീകരിച്ച് ചെയിൻ പ്രയർ, മാസ്ക് വിതരണം എന്നിവ നടത്തി. സ്പിരിച്ചാലിറ്റി സെന്റർ ശുചീകരണം, അരമനയിലും സ്പിരിച്ചാലിറ്റി സെന്ററിലും വൃക്ഷത്തൈകൾ നട്ടു. സൂം പ്ലാറ്റ്ഫോമിലൂടെ യൂത്ത്മീറ്റ്, സ്വരലയ കമ്മിറ്റിയിലൂടെ ആലാപ്പ് 2020, യുവജന വാരത്തിൽ സെബ് ടാക് 2020, റൂബി ജൂബിലിയോടനുബന്ധിച്ച് ഉപന്യാസ മത്സരവും സമ്മാനദാനവും സഭാ ഡയറിയുടെയും കലണ്ടറിന്റെയും വില്പന എന്നിവ നടത്തി. യുവജനസഖ്യത്തിന്റെ നേതൃത്വത്തിൽ കർഷക സമര ഐക്യദാർഢ്യ റാലി, പന്തളം അടൂർ എന്നിവിടങ്ങളിൽ നടത്തപ്പെട്ടു. പ്രതിഭാവേദിയുടെ ആഭിമുഖ്യത്തിൽ കലാമേള ഓൺലൈനായി നടത്തി. ഫെബ്രുവരി 18-ന് ക്ലീൻ മാരാമൺ പരിപാടിയിൽ പങ്കാളിത്വം വഹിച്ചു. ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ ഫെബ്രുവരി 26 മുതൽ നോമ്പ് ധ്യാനം ക്രമീകരിച്ചു.

സന്നദ്ധ സുവിശേഷക സംഘം: സെപ്റ്റംബർ 11-ന് പുതിയ വർഷത്തെ പ്രവർത്തനം ഉദ്ഘാടനം ചെയ്തു. സംഘവാരത്തോടനുബന്ധിച്ച് ഇടവകകളിൽ ഭവനസന്ദർശനവും കൂട്ടായ്മയും നടത്തി. മേഖലാ സമ്മേളനം കറ്റാനം ഹോസ്പിറ്റൽ ഹാളിൽ വെച്ചും ഉണർവ്വുയോഗം, മിഷൻ ടു പാരീഷ്, സഭാദിനം എന്നിവ നടന്നു. പുന്നല മിഷൻ ഫീൽഡ് കേന്ദ്രീകരിച്ച് രോഗികൾക്ക് മരുന്ന് ഉൾപ്പെടെ കിറ്റ് വിതരണവും നടത്തി. കർണ്ണാടകയിലെ ദേവനപള്ളി, ഹോസ്കോട്ട് എന്നീ മിഷൻ ഫീൽഡുകൾ സന്ദർശിച്ചു.

സേവികാസംഘം: 6 സെന്ററുകളിലായി 90 ശാഖകൾ ഇവിടെ ഉണ്ട്. 28 പേർ അടങ്ങുന്ന ഒരു കമ്മിറ്റി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഭദ്രാസനത്തെ മേഖലകളായി തിരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. സെപ്റ്റംബർ 11-ന് സേവികാസംഘദിനം ക്രമീകരിച്ചു. സെപ്റ്റംബർ 9-ന് സെന്ററുകളുടെ സഹകരണത്തോടെ ചെയിൻ പ്രയർ ക്രമീകരിച്ചു. യംഗ് വിമൻസ് ഫെലോഷിപ്പ് സെപ്റ്റംബർ 12-ന് സൂം പ്ലാറ്റ്ഫോമിലൂടെ നടത്തി. ഭദ്രാസന സേവികാസംഘത്തിന്റെ നേതൃത്വത്തിലുള്ള ദീപ്തി സ്കിൽ ഡെവലപ്പ്മെന്റ് സെന്റർ പള്ളിപ്പാട് പ്രവർത്തിച്ചുവരുന്നു.

3.11. ചെന്നൈ - ബാംഗ്ലൂർ ഭദ്രാസനം

തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ്, തെലുങ്കാന എന്നീ നാല് സംസ്ഥാനങ്ങളിലും ആൻഡമാൻ നിക്കോബാർ, പുതുച്ചേരി എന്നീ കേന്ദ്രഭരണ പ്രദേശങ്ങളിലും കുവൈറ്റ് സെന്റ് തോമസ്, സെന്റ് ജെയിംസ് എന്നീ ഗൾഫ് ഇടവകകളും ചേർന്ന് വ്യാപിച്ചു കിടക്കുന്ന ചെന്നൈ - ബാംഗ്ലൂർ ഭദ്രാസനത്തിൽ 10 സെന്ററുകളിലായി 75 ഇടവകകളും, 71 കോൺഗ്രിഗേഷനുകളും, 54 ചാപ്പലുകളും, 45 മിഷൻ കേന്ദ്രങ്ങളും ധാരാളം ഭവനാരാധനാ സമൂഹങ്ങളും ഉൾപ്പെടുന്നു. വിശ്വാസസമൂഹത്തെ ആദ്ധ്യാത്മികമായി ബലപ്പെടുത്തുന്നതോടൊപ്പം ദൗത്യനിർവ്വഹണത്തിനായി ഇടവകകളെ സജ്ജമാക്കുന്നതിനും ആവശ്യമായ നേതൃത്വം ഭദ്രാസനം നൽകികൊണ്ടിരിക്കുന്നു. അഭിവന്ദ്യ ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്ക്കോപ്പാ തിരുമനസ്സിന്റെ നിസ്തുല്യ നേതൃത്വവും മാർഗ്ഗ നിർദ്ദേശങ്ങളും ഈ ഭദ്രാസനത്തിന്റെ ആകമാന വളർച്ചയ്ക്കും ഉന്നമനത്തിനും സഹായിച്ചു കൊണ്ടിരിക്കുന്നതോടൊപ്പം കാലഘട്ടത്തിന്റെ സ്പന്ദനങ്ങൾ ഉൾക്കൊണ്ട് ഒരു മിഷനറി ഭദ്രാസനം എന്ന നാമം അന്വർത്ഥമാകുംവണ്ണം മുന്നേറുവാനും സംഗതിയായി.

കോവിഡ് മൂലമുണ്ടായ പ്രതിസന്ധിയുടെ മധ്യത്തിലും, ഓൺലൈൻ സംവിധാനത്തിലൂടെ, ഭദ്രാസന മീറ്റിംഗുകൾ സംഘടിപ്പിച്ച്, സംവേദനങ്ങൾ നടത്തുകയുണ്ടായി. പ്രതികൂലതകളുടെ നടുവിലും ദൈവകൃപയുടെ തണലിൽ ഭദ്രാസന പ്രവർത്തനങ്ങൾ നയിക്കപ്പെട്ടത് സ്മരിച്ചുകൊണ്ട് ഈ ലഘു വൃത്താന്തം സമർപ്പിക്കുന്നു.

ഭദ്രാസനം

പട്ടക്കാരും സുവിശേഷകരും: ക്രമീകൃതമായ ഭദ്രാസന പ്രവർത്തനങ്ങളിൽ, ഉൽസുകരായ പട്ടക്കാരുടെയും സുവിശേഷകരുടെയും നിസ്വാർത്ഥ സേവനം അഭിനന്ദനാർഹമാണ്. റിപ്പോർട്ട് വർഷം 92 വൈദികർ ഭദ്രാസനത്തിൽ വിവിധ ഇടവകകളിലും, മിഷൻ ഫീൽഡുകളിലും, സ്ഥാപനങ്ങളിലുമായി സജീവ സേവനത്തിലൂടെ ഭദ്രാസന പ്രവർത്തനങ്ങളെ കൂടുതൽ ധന്യമാക്കി. കൂടാതെ സജീവ സേവനത്തിൽനിന്നും വിരമിച്ച 9 വൈദികരും പഠനം നടത്തുന്ന 5 വൈദികരും ഭദ്രാസനത്തിനുള്ളിൽ താമസിച്ച് വിവിധ പ്രവർത്തനങ്ങളിൽ പങ്കുകാരായി. 68 ഭദ്രാസന സുവിശേഷകരും സുവിശേഷ സംഘത്തിന്റെ 125 സുവിശേഷകരും സുവിശേഷപ്രവർത്തനങ്ങളെ ജീവസുറ്റതാക്കി.

ഭദ്രാസന കൗൺസിൽ: ഭദ്രാസനത്തിലെ സുവിശേഷ വയൽ പ്രദേശങ്ങളും, അവയിലൂടെ നടത്തുന്ന ദൗത്യ നിർവ്വഹണവും, കേന്ദ്രീകരിച്ചുള്ള കർമ്മോന്മുഖമായ തിരുമാനങ്ങളും, അവയുടെ നടത്തിപ്പും ഏറ്റെടുത്ത് 24 അംഗങ്ങൾ ഉൾപ്പെട്ട ഭദ്രാസന കൗൺസിൽ സജീവമായി പ്രവർത്തിച്ചു വിവിധ പദ്ധതികളുടേയും കാര്യപരിപാടികളുടെ നടത്തിപ്പി

നാവശ്യമായ നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനായി തന്നാണ്ടിൽ 6 പ്രാവശ്യം കൗൺസിൽ മീറ്റിങ്ങുകൾ കൂടി. Rev. Biju S. Cherian ഭദ്രാസന സെക്രട്ടറിയായി March 19, 2021, വരെ സേവനം അനുഷ്ഠിച്ചു, തുടർന്ന് Rev. Charley Jones ഭദ്രാസന സെക്രട്ടറിയായും Mr. Sabu John ഭദ്രാസന ട്രഷററായും സേവനം അനുഷ്ഠിക്കുന്നു. Rev. Shinu Baby ബിഷപ്പസ് സെക്രട്ടറിയായും പ്രവർത്തിക്കുന്നു.

സമ്മേളനങ്ങളും ധ്യാനങ്ങളും

പട്ടക്കാരുടെ വാർഷിക സമ്മേളനം: ഈ വർഷത്തെ വൈദികരുടെ വാർഷിക സമ്മേളനം 2020 നവംമ്പർ 26 -ന് Zoom Platform ലൂടെ നടത്തപ്പെട്ടു. അഭിവന്ദ്യ മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പ മുഖ്യ നേതൃത്വം നൽകി. റവ. ജേക്കബ് പി. തോമസ്, "Church and the Pandemic : A Missiological Reflection on Covid - 19 and its Aftermath എന്ന വിഷയത്തെ കേന്ദ്രീകരിച്ച് ക്ലാസിന് നേതൃത്വം നൽകി.

ഭദ്രാസന മിഷനറി വൈദികരുടെയും സുവിശേഷകരുടെയും കൂട്ടായ്മ: ഭദ്രാസന മിഷനറി വൈദികരുടെയും സുവിശേഷകരുടെയും കൂട്ടായ്മ Zoom Platform ലൂടെ 2020 ജൂലൈ 25 ന് നടന്നു. ഭദ്രാസന എപ്പിസ്കോപ്പാ നേതൃത്വം നൽകി.

യുവജന സമ്മേളനം: ഭദ്രാസനത്തിലെ യുവജനങ്ങൾ പങ്കെടുത്ത ഭദ്രാസന യുവജന സമ്മേളനം 2020 ജൂലൈ 11,12 തീയതികളിൽ Zoom ലൂടെ നടത്തി.

റീജിനൽ യൂത്ത് കോൺഫറൻസ്: ഭദ്രാസനത്തിന്റെ അധീനതയിലുള്ള വിവിധ പ്രദേശങ്ങളിലെ പ്രാദേശിക യുവജനങ്ങളെ ഒരുമിപ്പിച്ച് പല സംസ്ഥാനങ്ങളിലായി റീജിനൽ യൂത്ത് കോൺഫറൻസ് നടത്തുവാൻ സാധിച്ചു. കർണ്ണാടകയിലെ റീജിനൽ യൂത്ത് കോൺഫറൻസ് 2020 ജൂൺ 27-ന് Zoom ലൂടെ നടത്തപ്പെട്ടു.

ഡയോസിഷൻ സേവികസംഘ മീറ്റിംഗ്: ഭദ്രാസനത്തിലെ സേവികസംഘം അംഗങ്ങളുടെ കൂടിവരവും Zoom ലൂടെ 2020 ജൂൺ 12, സെപ്റ്റംബർ 16 തീയതികളിൽ നടത്തപ്പെട്ടു

ഡയോസിഷൻ MTVEA: ഡയോസിഷൻ MTVEA യുടെ ഒരു Chain Prayer 2020 ഏപ്രിൽ 17-ന് ഭദ്രാസനത്തിലെ എല്ലാ ഇടവകകളെയും ഉൾപ്പെടുത്തി നടത്തി. Zoom Platform-ലൂടെ അതാത് സെന്ററുകളിൽ സെന്റർമീറ്റിംഗുകൾ നടത്തപ്പെട്ടു.

സെന്റർ കൺവൻഷനുകൾ: ഭദ്രാസനത്തെ മൂന്നു മേഖലകളായി തിരിച്ച് സെന്റർ കൺവൻഷനുകൾ ക്രമീകരിച്ചു. ചെന്നൈ സെന്റർ കൺവൻഷൻ 2021 ജനുവരി 29 നും 30 നും, ബാംഗ്ലൂർ സെന്റർ കൺവൻഷൻ 2021 ഫെബ്രുവരി 05 നും 06 നും, ഹൈദരാബാദ് – സെക്കന്തരാബാദ് സെന്റർ കൺവൻഷൻ 2021 മാർച്ച് 05 നും 06 നും Zoom ലൂടെ നടന്നു. എല്ലാ സെന്റർ കൺവൻഷൻ യോഗങ്ങൾക്കും ഭദ്രാസന എപ്പിസ്കോപ്പാ നേതൃത്വം നൽകി.

ജാത്ര (കൺവൻഷൻ): വിവിധ മിഷൻ കേന്ദ്രങ്ങൾ സംയുക്തമായി നടത്തുന്ന കൺവൻഷനുകൾ ജാത്ര എന്ന പേരിൽ കർണ്ണാടകയിൽ വിവിധ ഇടങ്ങളിലായി നടത്തപ്പെട്ടു. അനേകം വിശ്വാസികളും അന്വേഷകരും അതിൽ പ്രാർത്ഥനാപൂർവ്വം പങ്കുചേർന്നു.

ദേവാലയ ശിലാസ്ഥാപനവും കൂദാശകളും: 2020 ഏപ്രിൽ 22 -ന് യെറാഗുണ്ടാലാ ദേവാലയത്തിന്റെ കൂദാശയും, 2021 ജനുവരി 30-ന് നീരേട്മേട്ട് ദേവാലയത്തിന്റെ കൂദാശയും, 2021 ജനുവരി 31 -ന് നീരേട്മേട്ട് പാഴ്സനേജിന്റെ കൂദാശയും ഭദ്രാസന എപ്പിസ്കോപ്പാ നിർവ്വഹിച്ചു.

മിഷൻ പ്രവർത്തനങ്ങൾ: ദൈവത്തിന്റെ ദിവ്യമായ സ്നേഹം മറ്റുള്ളവരിൽ, വിശേഷാൽ എളിയവരിലും വേദനിക്കപ്പെടുന്നവരിലും തള്ളപ്പെടുന്നവരിലും പകരപ്പെടുവാനും സുവിശേഷത്തിന്റെ സനാതന സത്യങ്ങൾ വിവിധ ജനതകളിൽ എത്തുവാനുമായി ഭദ്രാസനം അതിന്റെ മിഷൻ പ്രവർത്തനങ്ങളിലൂടെ പ്രവർത്തിച്ചുകൊണ്ടേയിരിക്കുന്നു. പ്രാദേശിക ഭാഷകളിൽ അനുഷ്ഠിക്കപ്പെടുന്ന വിശുദ്ധ കുർബ്ബാനയും, ആരാധനകളും, കൂട്ടായ്മകളും മിഷൻ പ്രവർത്തനങ്ങളുടെ മാറ്റ് വർദ്ധിപ്പിക്കുന്നു. സമൂഹത്തിന്റെ ഉദ്ധാരണത്തിനും സുവിശേഷത്തിന്റെ വ്യാപ്തിക്കുമായി നടത്തപ്പെടുന്ന പ്രവർത്തനങ്ങളിൽ മുഖ്യമായവ ഇവിടെ ചേർക്കട്ടെ.

ബാലവാടികൾ / സ്ക്കൂളുകൾ: കുരുന്നുകളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമിട്ട് ഭദ്രാസനത്തിനു കീഴിലുള്ള വിവിധ ഇടങ്ങളിലെ നമ്മുടെ മിഷൻ കേന്ദ്രങ്ങളിലായി 73 ബാലവാടികൾ പ്രവർത്തിക്കുന്നു. സെന്റ് തോമസ് മാർത്തോമ്മാ സ്കൂൾ & പി.യു. കോളജ് - മൈസൂർ, സെന്റ് തോമസ് സ്കൂൾ - നീരേട്മേട്, സെന്റ് തോമസ് സ്കൂൾ - കറുവാക്കുളം, ജ്ഞാനജ്യോതി സ്കൂൾ-മൈദക്കൂർ, ഗ്രാമജ്യോതി സ്കൂൾ - ദിബുരഹള്ളി സെന്റ് ജോൺസ് മാർത്തോമ്മാ സ്കൂൾ, സങ്കാറെഡി, സെന്റ് തോമസ് ഇംക്ഷീഷ് മീഡിയം സ്കൂൾ പോർട്ട്ബ്ലയർ, സെന്റ് തോമസ് സ്കൂൾ ഗുണ്ടൽപേട്ട് തുടങ്ങിയ സ്കൂളുകളിലൂടെ മെച്ചവും മൂല്യാധിഷ്ഠിതവുമായ വിദ്യാഭ്യാസം നൽകുവാനായി സാധിക്കുന്നു.

ഹോസ്റ്റലുകൾ: നമ്മുടെ മിഷൻ സെന്ററുകളോട് ചേർന്ന് നടത്തപ്പെടുന്ന ഹോസ്റ്റലുകൾ കുട്ടികൾക്ക് മെച്ചവും സ്വച്ഛവുമായ ജീവിത സാഹചര്യം ഒരുക്കി നൽകുന്നു. അത് അവരുടെ വ്യക്തിത്വ വികസനത്തിനും പഠനനിലവാരം ഉയർത്തുന്നതിനും സഹായകരമാണ്.

HIV/AIDS റിഹാബിലിറ്റേഷൻ പ്രോഗ്രാം: അവഗണ നയും തള്ളപ്പെടലും പരിഹാസവും പൊതുസമൂഹത്തിൽ നിന്നു ഏറ്റവും അധികം അനുഭവിക്കുന്നവരാണല്ലോ എയിഡ്സ് രോഗികളും അവരുടെ കുടുംബംഗങ്ങളും. ഇത്തരത്തിലുള്ളവർക്കു മാനസികവും ആത്മീകവും സാമൂഹികവുമായ പിൻബലം നൽകുവാനായി പൊള്ളാച്ചി, കുറുവാക്കുളം മിഷൻ സെന്ററുകൾ കേന്ദ്രീകരിച്ച് അൻപിൻ കരം എന്ന പ്രോജക്ട് അനുഗ്രഹകരമായ വിധത്തിൽ പ്രവർത്തിക്കുവാൻ റിപ്പോർട്ട് വർഷത്തിലും ദൈവം സഹായിച്ചു. 350 കുടുംബങ്ങൾക്ക് ആവശ്യമായ സഹായം നൽകാൻ ഈ പ്രോജക്ടിലൂടെ കഴിയുന്നു. ആയിരത്തി ലധികം രൂപാ വിലവരുന്ന പോഷകസമൃദ്ധമായ വിഭവങ്ങൾ അടങ്ങിയ Nutrition Kit ഓരോ മാസവും ഇവർക്കായി നൽകുന്നു. District Aids Control Society യുടെ സഹകരണ ത്തോടെ ഇതര പ്രവർത്തനങ്ങളും കൗൺസിലിങ്ങ് ക്ലാസ്സുകളും ഇവർക്കായി നടത്തപ്പെടുന്നു.

സാമൂഹ്യ ആരോഗ്യ പാലനം: ആരോഗ്യമുള്ള ഒരു സമൂഹത്തിന്റെ സൃഷ്ടിക്കായി നമ്മുടെ മിഷൻ സെന്ററുകൾ ശ്രദ്ധാപൂർവ്വം പ്രവർത്തിക്കുന്നു. മിഷൻ സെന്ററുകളിൽ പ്രവർത്തിക്കുന്ന കമ്യൂണിറ്റി ഹെൽത്ത് ക്ലിനിക്കുകൾ സമൂഹത്തിന് വളരെ പ്രയോജനപ്രദമായി ഭവിക്കുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു.

ചുമട്ടുതൊഴിലാളി കൂട്ടായ്മ: വലിയ തിരുമേനിയുടെ 100-ാം ജന്മദിന ആഘോഷത്തോടനുബന്ധിച്ച് ആരംഭം കുറിച്ച ചെന്നൈ സെൻട്രൽ റെയിൽവേ സ്റ്റേഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ചുമട്ടുതൊഴിലാളികളുടെ ഒരു കൂട്ടായ്മ ഭദ്രാസനമായി നടത്തിവരുന്നു. ചുമട്ടുതൊഴിലാളികളുടെ ജീവിത ഭാരങ്ങളിൽ കൈത്താങ്ങൽ നൽകുവാൻ പ്രസ്തുത കൂടിവരവ് ഇടയാക്കുന്നു. ലോക്ക് ഡൗൺ കാരണം ജോലി നഷ്ടമായ 100 ഓളം ചുമട്ടുതൊഴിലാളികൾക്ക് Provision Kit- കൾ നൽകാനും സാധിച്ചു.

ജയിൽ മിനിസ്ട്രി: തന്നാണ്ടിൽ അടയാർ സെന്റ് പോൾസ് ഇടവകയുടെ ചുമതലയിൽ ആരംഭിക്കുന്ന ജയിൽ മിനിസ്ട്രിയുടെ ഭാഗമായ സ്ഥാപനത്തിന്റെ ശിലാസ്ഥാപനം ഭദ്രാസന എപ്പിസ്കോപ്പാ നിർവ്വഹിച്ചു.

ജനപങ്കാളിത്തത്തോടെ നടത്തപ്പെടുന്ന പ്രോജക്ടുകൾ: ഗുണഭോക്താക്കളുടെ സഹകരണത്തോടെ നടത്തപ്പെടുന്ന പ്രോജക്ടുകൾ ആളുകളിലെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതോടൊപ്പം അവരുടെ ജീവിതത്തിലെ നിർണ്ണായക സമയങ്ങളിൽ ഒരു അനുഗ്രഹമായി മാറുകയും ചെയ്യുന്നു. വിദ്യാഭ്യാസ പദ്ധതിയാണ് ഇവയിൽ പ്രധാനമായും ഉള്ളത്. കുറഞ്ഞ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികളുടെ പത്താം ക്ലാസ്സ് വരെയുള്ള പഠനത്തിനാവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിനു വേണ്ടി മാതാപിതാക്കളുടെ പങ്കാളിത്തത്തോടെയാണ് വിദ്യാഭ്യാസ

സഹായ പദ്ധതി നടത്തുന്നത്. 900 വിദ്യാർത്ഥികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. റിപ്പോർട്ട് വർഷം 125550/- രൂപ ഈ പദ്ധതി പ്രകാരം ചെലവഴിച്ചു.

വേദപഠന ക്ലാസ്സുകൾ: പുതു തലമുറകളുടെ ആത്മീയ പരിപോഷണത്തിന് ഉതകുന്ന വിധത്തിൽ വിവിധ മിഷൻ കേന്ദ്രങ്ങളിലായി വേദപഠന ക്ലാസ്സുകളും, വി.ബി.എസ്സും നടത്തിവരുന്നു. കുരുന്നുകളെ ദൈവത്തിങ്കലേക്ക് അടുപ്പിക്കുന്നതിന് ഈ ശുശ്രൂഷകളിലൂടെ സാധിക്കുന്നു.

വയോജന മന്ദിരങ്ങൾ: പെരുവഴിയിൽ തള്ളപ്പെട്ട വയോധികർക്കുവേണ്ടി കാൽ നൂറ്റാണ്ടായി ഹോസ്ക്കോട്ടയിൽ ശാന്തിമന്ദിരം എന്ന സ്ഥാപനം അനുഗ്രഹകരമായി പ്രവർത്തിച്ചു വരുന്നു. സമൂഹത്തിൽ ഏകാകികളും നിരാലംബരും ആലംബഹീനരുമായിരുന്ന 32 വ്യക്തികളെ പരിചരിച്ച് ഫലകരമായി പ്രവർത്തിച്ചു വരുന്നു.

തമിഴ്നാട്ടിലെ കുരുവാക്കുളം മിഷനിൽ പ്രവർത്തിക്കുന്ന അൻപിൻ കരം എന്ന വൃദ്ധസദനവും അനുഗ്രഹകരമായി നടത്തുന്നതിനു സാധിക്കുന്നു.

കർണ്ണാടക നവജീവന സമിതി: കർണ്ണാടക സംസ്ഥാനത്തിൽ സിദ്ധിലഗട്ട, ചിന്താമണി, റായൽപ്പാട് എന്നീ പ്രധാന മൂന്ന് സെന്ററുകൾ കേന്ദ്രീകരിച്ച് 200-ൽപരം ഗ്രാമങ്ങളിൽ കഴിഞ്ഞ 45 വർഷക്കാലമായി സുവിശേഷ വേലകൾ നടത്തി വരുന്നു. 14 സുവിശേഷകരും 3 പട്ടക്കാരും പ്രവർത്തിക്കുന്നു. പ്രാർത്ഥനാകൂട്ടങ്ങൾ, വി.ബി.എസ്സ്, സണ്ടേസ്ക്കൂൾ, സൗജന്യ ട്യൂഷൻ, കംപ്യൂട്ടർ ക്ലാസ്സ്, ടെയിലറിംഗ് ക്ലാസ്സ്, സമൂഹ വിവാഹം, ചികിത്സാ സഹായം, ഉപവാസ പ്രാർത്ഥന, റിട്രീറ്റ് എന്നിവ ക്രമമായി നടത്തി വരുന്നു.

കർണ്ണാടക മിഷൻ ബോർഡ്: ആരാധനാക്രമം, പാഠപുസ്തകങ്ങൾ, സണ്ടേസ്ക്കൂൾ പഠന പുസ്തകങ്ങൾ എന്നിവ തദ്ദേശീയ ഭാഷയിലേക്ക് ഭാഷാന്തരം ചെയ്ത് പ്രസിദ്ധീകരിക്കുന്നതിന് മുഖ്യ പങ്ക് വഹിക്കുന്ന ഈ പ്രസ്ഥാനം സുവിശേഷകരെ കാലാനുസൃതമായി സജ്ജരാക്കുന്നതിനും അവർക്കാവശ്യമായ നേതൃത്വ പരിശീലനകളരികൾ, ലഹരി വിമോചന പരിപാടികൾ, ആരോഗ്യ പരിരക്ഷ പരിപാടികൾ, യുവജന സമ്മേളനങ്ങൾ, മിഷനറി കോൺഫറൻസുകൾ എന്നിവ ക്രമീകരിക്കുന്നതിലും മുന്നിട്ടുനിൽക്കുന്നു.

മേൽ സൂചിപ്പിച്ച വിധത്തിലുള്ള ബഹുമുഖമായ ദൗത്യശുശ്രൂഷകളിലൂടെ അനേകർ വിശ്വാസ സമൂഹ ത്തിന്റെ ഭാഗമായി മാറുന്നു. അന്വേഷികളായി അനേകർ നമ്മുടെ കൂട്ടായ്മകളിൽ എത്തിച്ചേരുകയും വളരെ സജീവതയോടെ നമ്മുടെ പ്രവർത്തനങ്ങളുടെ ഭാഗമാകു കയും ചെയ്യുന്നു. പുതിയ ഇടവകകളും കോൺഗ്രി ഗേഷനുകളും ഭവനാരാധനകളും ഉണ്ടാകുന്നു.

സാമൂഹിക ക്ഷേമ പദ്ധതികൾ: സമൂഹത്തിലെ വിവിധ തുറകളിൽപ്പെടുന്ന ആളുകളുടെ സൗഖ്യത്തിനും, ക്ഷേമത്തിനുമായി ശുശ്രൂഷകൾ ഭദ്രാസനം നിർവ്വഹിക്കുന്നു. ജീവിതത്തെ ധൈര്യപൂർവ്വം അഭിമുഖീകരിക്കുന്നതിനും, ജീവിതത്തിന്റെ വെല്ലുവിളികളെ ധൈര്യപൂർവ്വം അതിജീവിക്കുന്നതിനും വേണ്ടുന്ന പിൻബലം നൽകുന്നതിനും ജീവിതത്തെ കൂടുതൽ അർത്ഥപൂർണ്ണമാക്കുന്നതിനും ഇത്തരം ശുശ്രൂഷകളിലൂടെ സാധിക്കുന്നു. വിശ്വാസത്തിന്റെ പരിപോഷണത്തിനും നൂതനമായ സാങ്കേതിക വിദ്യയിലൂടെ സുവിശേഷം പകരുന്നതിനും സുവിശേഷത്തിന്റെ സാക്ഷികളാവാൻ ഒരുക്കുന്നതിനും ഇത്തരം പ്രവർത്തനങ്ങൾ സഹായകരമാകുന്നു. അവയിൽ പ്രധാനമായവ ചുവടെ ചേർക്കെട്ടെ.

ഗൈഡൻസ് ഹോം: വിവിധ ഇടങ്ങളിൽ നിന്നും വെല്ലൂരിലും, മണിപ്പാലിലും വന്നു ചേരുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും ആവശ്യമായ ചികിത്സാ-താമസ-യാത്രാ-ഭക്ഷണ ക്രമീകരണങ്ങൾ അലക്സാണ്ടർ മാർത്തോമ്മാ വലിയ മെട്രോപോലിറ്റൻ മെമ്മോറിയൽ ഫെലോഷിപ്പ് ആന്റ് ഗൈഡൻസ് ഹോം - വെല്ലൂർ, ഹോസ്പിറ്റൽ ഗൈഡൻസ് സെന്റർ - മണിപ്പാൽ എന്നിവിടങ്ങളിൽ ഒരുക്കുന്നു. രോഗാവസ്ഥയെ കൃപയോടെ അഭിമുഖീകരിക്കുവാൻ ആവശ്യമായ ആത്മീയ പിൻബലം നൽകാൻ ഈ സെന്ററുകളിലെ സേവനങ്ങളിലൂടെ സാധിക്കുന്നു. 2000-ൽ അധികം ആളുകൾ തന്നാണ്ടിൽ ഈ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. നിർദ്ധനരായ രോഗികൾക്ക് ആവശ്യമായ സാമ്പത്തിക സഹായവും നൽകി വരുന്നു.

ശാന്തിസദനം (വെല്ലൂർ ഗൈഡൻസ് ഹോം രണ്ടാംഘട്ടം) ആധുനിക സൗകര്യങ്ങളോട് കൂടിയ 40 - ൽ പരം മുറികൾ ഉപയോഗപ്രദമായ രീതിയിൽ പ്രവർത്തിക്കുന്നു. സി. എം. സി ഹോസ്പ്പിറ്റൽ വെല്ലൂർ, ഒരു മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പ്പിറ്റൽ, വെല്ലൂരിൽ നിന്നും 15km മാറി കണികാപുരം എന്ന സ്ഥലത്ത് ആരംഭിച്ചു. അതിനോട് ഏകദേശം 2km അടുത്ത് 1 ഏക്കർ 58 സെന്റ് ഭൂമി വാങ്ങിക്കുവാൻ ദൈവം സഹായിച്ചു. അവിടെ ഒരു ഗൈഡൻസ് സെന്റർ തുടങ്ങുവാൻ ആഗ്രഹിക്കുന്നു, അതിനുവേയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

വെല്ലൂർ സി.എം.സി. യുടെ നേതൃത്വത്തിൽ ചിറ്റൂരിൽ ആരംഭിച്ച ആശുപത്രിയോട് ചേർന്ന് Hospital Gudiance Centre തുടങ്ങുന്നതിനായുള്ള ക്രമീകരണങ്ങൾ ചെയ്തു വരികയാണ്. ഇതിനോടകം ഒരു സ്ഥലം വാങ്ങിക്കുന്നതിനും, പ്രവർത്തനങ്ങൾക്കായി ഒരു സുവിശേഷകനെ നിയമിക്കുന്നതിനും തന്നാണ്ടിൽ സാധിച്ചു.

Light to Life: നോർത്ത് അമേരിക്ക-യൂറോപ്പ് ഭദ്രാസനത്തിന്റെ മിഷൻ ബോർഡിന്റെ സഹായത്തോടുകൂടി നടക്കുന്ന Light to Life Project ലൂടെ, ദേവനഹള്ളി, KNS - Mission field കളിലെ 658 കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസ സഹായം നൽകുവാൻ സാധിച്ചു. നോർത്ത് അമേരിക്ക-യൂറോപ്പ് ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. ഐസക് മാർ ഫീലക്സിനോസ് എപ്പിസ്കോപ്പായോടും ഭദ്രാസന കൗൺസിലിനോടുമുള്ള നന്ദി അറിയിക്കുന്നു.

പെയിൻ ആന്റ് പാലിയേറ്റിവ്: ചെന്നൈ - ബാംഗളൂർ സെന്ററുകളിലെ ഇടവകകളിലും പരിസര പ്രദേശങ്ങളിലും ഉള്ള രോഗികളുടെയും വാർദ്ധക്യത്തിലുള്ള വരുടെയും കരുതലിനു വേണ്ടി പെയിൻ ആന്റ് പാലിയേറ്റിവ് കെയർ യൂണിറ്റുകൾ ആരംഭിച്ചു. ഇതിൽ പ്രവർത്തിക്കുവാൻ സന്നദ്ധരായി വരുന്നവർക്ക് പരിശീലനം ക്രമീകരിക്കുകയും ചെയ്തു. സന്നദ്ധപ്രവർത്തകർ സംഘമായി പ്രവർത്തിക്കുകയും രോഗികളെ സന്ദർശിക്കുകയും അവർക്കു വേണ്ടുന്ന കൈത്താങ്ങലുകൾ നൽകിയും വരുന്നു.

ഗ്രീൻ ഒലീവ്സ്, ബാംഗ്ലൂർ: വാർദ്ധക്യാവസ്ഥയിൽ എത്തുന്ന നമ്മുടെ മാതാപിതാക്കൾക്ക് ആവശ്യമായ പരിരക്ഷയും കരുതലും നൽകുന്നതിനും സ്വതന്ത്രവും മാന്യവും മഹത്വകരവുമായ വിധത്തിൽ ജീവിക്കുന്നതിനുള്ള സൗകര്യങ്ങൾ തങ്ങൾക്ക് വഹിക്കാവുന്ന ചെലവിൽ ഒരുക്കുന്നതിനും, ആത്മീയമായി അവരെ ശക്തീകരിക്കുന്നതിനുള്ള ശുശ്രൂഷകൾ ഒരുക്കുവാനുമായി ബാംഗ്ലൂർ ബീരസാന്ദ്രയിലുള്ള മാർത്തോമ്മാ സെന്ററിനു സമീപമായി വാങ്ങിയ 2 ഏക്കർ ഭൂമിയിൽ ഗ്രീൻ ഒലീവ്സ് എന്ന പേരിൽ ഒരു കമ്യൂണിറ്റി സെന്ററിനു വേണ്ട ക്രമീകരണങ്ങൾ ചെയ്തു വരുന്നു.

മാർത്തോമ്മാ വെൽഫെയർ & എജ്യുക്കേഷൻ സൊസൈറ്റി: ബാംഗ്ലൂരിൽ മാർത്തോമ്മാ ഓപ്പർച്ച്യൂണിറ്റി സ്ക്കൂൾ, വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ ഫോർ ഡിഫറന്റലി ഏബിൾഡ് & ആശാ ഭവൻ ഹോസ്റ്റൽ ഫോർ മെന്റലി ചലഞ്ചിഡ് എന്നീ സ്ഥാപനങ്ങൾ ഈ സൊസൈറ്റിയുടെ നേതൃത്വത്തിൽ ബാംഗ്ലൂരിൽ പ്രവർത്തിക്കുന്നു. 49 കുട്ടികൾ അഭ്യസനം നടത്തുകയും 12 കുട്ടികൾ ഹോസ്റ്റലിൽ താമസിക്കുകയും 8 അദ്ധ്യാപക-അനധ്യാപകർ പ്രവർത്തനങ്ങൾക്ക് നേതൃത്വവും നൽകുന്നു. വിവിധ തരത്തിൽ ശാരീരിക മാനസിക വെല്ലുവിളികൾ ഉയർത്തുന്ന കുട്ടികളുടെ പരിരക്ഷക്കു ആവശ്യമായ പരിശീലനം നൽകുന്ന ശ്രമകരമായ ശുശ്രൂഷ അനുഗ്രഹകരമായി ഇവിടെ നടത്തപ്പെടുന്നു.

മെട്രോപ്പോലീറ്റൻ ഡോ. ജോസഫ് മാർത്തോമ്മാ സെന്റർ ഫോർ ഹോളിസ്റ്റിക്ക് ഡെവലപ്മെന്റ്, ചെന്നൈ: സമൂഹത്തിന്റേയും സഭയുടേയും സമഗ്രമായ ഉയർച്ച

ലക്ഷ്യമാക്കിയുള്ള അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ ദർശനത്തിൽ അടിസ്ഥാനം വച്ച് രൂപം കൊണ്ടതാണ് ഈ സെന്റർ. "Committed to Connectedness' എന്നതാണ് ഇതിന്റെ ആപ്തവാക്യം. ഉന്നത നിലവാരത്തിലുള്ള പഠനസമ്മേളനങ്ങളും കോൺഫറൻസുകളും ധ്യാനങ്ങളും എല്ലാം നടത്താനുതകുന്ന വിധത്തിലാണ് സെന്റർ സജ്ജമാക്കപ്പെട്ടിരിക്കുന്നത്. റിപ്പോർട്ട് വർഷത്തിൽ സഭാ പാരമ്പര്യങ്ങളേയും ചരിത്രങ്ങളേയും അടിസ്ഥാനപ്പെടുത്തിയും, ആരാധനകളെയും കൂദാശകളേയും ഉൾക്കൊള്ളിച്ചും യുവജനസഖ്യം, സേവികാ സംഘം, ഇടവക മിഷൻ തുടങ്ങി വിവിധ ഗ്രൂപ്പിലുള്ള ആളുകൾക്കായി പഠനശൃംഖലകൾ ക്രമീകരിച്ചു. കൗൺസിലിംഗ് പ്രോഗ്രാമുകളും, വചനപഠനങ്ങളും സെന്ററിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്നു.കാലികമായ വിഷയങ്ങളെ ഉൾക്കൊള്ളിച്ച് ബുക്ക്ലെറ്റ്സ് പ്രസിദ്ധീകരിക്കുന്നു. തന്നാണ്ടിൽ ആൽമായ പരിശീല ക്ലാസ് 2021 ജനുവരി 15 ന് നടത്തപ്പെട്ടു.

സ്നേഹഭവനം, നീരേടുംമേട്: സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ ഉയർച്ച ലക്ഷ്യമാക്കി മാർത്തോമ്മാ നവജീവൻ സമിതിയുടെ മേൽനോട്ടത്തിലാണ് നീരേടുംമേട് സ്നേഹഭവനം പ്രവർത്തിക്കുന്നത്.

മാർത്തോമ്മാ വിദ്യാസദനം സ്റ്റുഡൻസ് സെന്റർ, പടൂർ, ചെന്നൈ: ചെന്നൈയിൽ പടൂർ എന്ന സ്ഥലത്ത് ലഭ്യമായിരിക്കുന്ന അര ഏക്കർ ഭൂമിയിൽ ഒരു Students' centre നിർമ്മിക്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്തു വരുന്നു. ചെന്നൈയിൽ ഉപരി പഠനാർത്ഥം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ചെന്നൈയിലുള്ള കലാലയങ്ങളിൽ വന്നു ചേരുന്ന കുട്ടികളുടെ ആത്മീയ പരിപോഷണത്തിനും വളർച്ചയ്ക്കും ഉതകുന്ന പ്രവർത്തനങ്ങൾ ചെയ്തുവരുന്നു.

സ്റ്റുഡൻസ് മിനിസ്ട്രി: ബാംഗ്ലൂർ, ബല്ലാരി, ബൽഗാം, ചെന്നൈ, പോണ്ടിച്ചേരി, കോയമ്പത്തൂർ, ഈറോഡ്, കടപ്പ, ദാവൻഗരെ, ഗുൽബർഗ, ഹൈദരാബാദ്, സെക്കന്തരാബാദ്, കുമാരപാളയം, മംഗലാപുരം, മണിപ്പാൽ, സേലം, തുംകൂർ, വെല്ലൂർ, കാരെക്കൽ, ചിദംബരം എന്നീ 23 പ്രധാന കേന്ദ്രങ്ങളിൽ, ഉപരി പഠനാർത്ഥം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ഭദ്രാസനാതിർത്തിയിലുള്ള കലാലയങ്ങളിൽ വന്നു ചേരുന്ന കുട്ടികളുടെ ആത്മീയ പരിപോഷണത്തിനും വളർച്ചയ്ക്കും ഉതകുന്ന പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. 12 സ്റ്റുഡൻസ് ചാപ്ലയിൻമാർ സ്തുത്യർഹമായ സേവനം നിർവ്വഹിക്കുന്നു. സ്റ്റുഡൻസ് ചാപ്ലയിൻ അച്ചന്മാർ ഈ വർഷം Zoom ലൂടെ അതിനു നേതൃത്വം നൽകുന്നു.

പോഷക സംഘടനകളുടെ പ്രവർത്തനങ്ങൾ: സണ്ടേസ്കൂൾ, യുവജനസഖ്യം, സന്ദ്ധ സുവിശേഷക സംഘം, സേവികാസംഘം, വിമൻസ് ഫെല്ലോഷിപ്പ്, സീനിയർ സിറ്റിസൺ ഫോറം, യംഗ് കപ്പിൾസ് മീറ്റിംഗ് എന്നിവ ഭദ്രാസനത്തിൽ സജീവമായി പ്രവർത്തിക്കുന്നു. ഇവയുടെ ആഭിമുഖ്യത്തിൽ പ്രത്യേക മീറ്റിംഗുകൾ, നേതൃത്വ പരിശീലന കളരികൾ, ശിൽപ്പശാലകൾ, മെഡിക്കൽ ക്യാമ്പുകൾ, കലാ-കായിക മത്സരങ്ങൾ മുതലായവ സംഘടിപ്പിക്കുന്നു. സെന്റർ, ശാഖാതലങ്ങളിലുള്ള വിവിധ സംഘടനകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും ഭദ്രാസനത്തിലുള്ള പ്രവർത്തനങ്ങൾക്ക് സാധിക്കുന്നു.

പ്രസിദ്ധീകരണങ്ങൾ: ഭദ്രാസനത്തിന്റെ മുഖപത്രമായ ഡയോസിസൻ ഹെറാൾഡ് മൂന്നു മാസത്തിൽ ഒരിക്കൽ ക്രമമായി പ്രസിദ്ധീകരിക്കുന്നു. തന്നാണ്ടിൽ ഒൺലൈനിലൂടെയും ഡയോസിസൻ ഹെറാൾഡ് പ്രസിദ്ധീകരിച്ചു. ഭദ്രാസനത്തിലെ വിവിധ പ്രവർത്തനങ്ങളെപ്പറ്റിയും പ്രോഗ്രാമുകളെപ്പറ്റിയും ഉള്ള വാർത്തകൾ നൽകുന്നതോടൊപ്പം കാലികമായ വിഷയങ്ങളെ കോർത്തിണക്കി വേദപഠനങ്ങളും മറ്റ് ലേഖനങ്ങളും, ഭദ്രാസന വിശ്വാസികളുടെ കലാസൃഷ്ടികളും കോർത്തിണക്കി ഡയോസിസൻ ഹെറാൾഡിൽ പ്രസിദ്ധീകരിക്കുന്നു. കർണാടക മിഷൻ ബോർഡിന്റെ നേതൃത്വത്തിൽ കർണാടക മിഷൻ ഹെറാൾഡ് എന്ന പ്രസിദ്ധീകരണം വർഷത്തിൽ രണ്ടു പ്രാവശ്യമായി പ്രസിദ്ധീകരിക്കുന്നു. പരിസ്ഥിതി പഠനവുമായി ബന്ധപ്പെട്ട് "Eco-Dharma' എന്ന പേരിൽ ഭദ്രാസന ത്തിലെ പട്ടക്കാർ എഴുതിയ പുസ്തകം പ്രസിദ്ധീകരിച്ചു. കർണ്ണാടക മിഷൻ ഫീൽഡിലുള്ള യുവജനങ്ങൾക്കായി ജീവവാണി എന്ന മാസികയും പ്രസിദ്ധീകരിക്കുന്നു.

ഉപസംഹാരം: ഒരു മഹാമാരിയുടെ രൗദ്രഭാവം അനുഭവിച്ചുകൊണ്ടിരിക്കുന്ന, സഞ്ചാരങ്ങൾക്കും, കൂടിവരവുകൾക്കും നിയന്ത്രണങ്ങൾ ധാരാളമാക്കുന്ന കാലഘട്ടത്തെ ഒപ്പം കൂട്ടേണ്ടിവരുന്ന സാഹചര്യത്തിലൂടെയാണ് കഴിഞ്ഞ വർഷം ചെന്നൈ - ബാംഗ്ലൂർ ഭദ്രാസനം കടന്നു പോയത്. എങ്കിലും, സാഹചര്യസമ്മർദ്ദങ്ങൾക്ക് കീഴ്പ്പെടാതെ സാങ്കേതിക വൈദഗ്ദ്ധ്യങ്ങളുടെ വിശാല ലോകത്തെ ഉപയുക്തമാക്കി വിശ്വാസ സമൂഹവുമായി സംവേദനം നടത്തി ഭദ്രാസനപ്രവർത്തനം സുഗമമാക്കിത്തിർക്കുന്നതിന് ദൈവം കൃപ ചെയ്തു.

മഹാമാരി മൂലം, ആശ്രിതർ നഷ്ടപ്പെട്ടവർക്കും, തൊഴിൽ നഷ്ടപ്പെട്ടവർക്കും, ഭക്ഷണമില്ലാതെ വലയപ്പെട്ടവർക്കും, ഒക്കെ ആശ്രയമായി ഭദ്രാസനത്തിലെ ഇടവകകളും, മിഷൻ കേന്ദ്രങ്ങളും, ഒക്കെ മാറിയപ്പോൾ ഒരു പുതിയ ലോക ദർശനത്തിന്റെ പങ്കാളികളാൻ സാധ്യമായി.

വൈഷമ്യമേറിയ ജീവിതയാത്രകളിൽ, ഒപ്പം ഉണ്ട് എന്ന ക്രിസ്തു സാന്നിധ്യം പകരപ്പെടുവാൻ, ഇനിയും സാദ്ധ്യതകൾ ഉണ്ട് എന്നറിഞ്ഞ് മുന്നേറുവാൻ, ദൈവരാജ്യ ദർശനം സഹായകരമാകട്ടെ എന്നാഗ്രാഹിച്ചുകൊണ്ട് ഈ റിപ്പോർട്ട് ഉപസംഹരിക്കുന്നു.

3.12. ഡൽഹി ഭദ്രാസനം

കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികളുടെയും സുവിശേഷ പ്രവർത്തനങ്ങൾക്ക് പ്രതികൂലമായ അന്തരീക്ഷം സംജാതമാക്കുന്ന പ്രതിലോമ ശക്തികളുടെയും മദ്ധ്യത്തിൽ സംഗതമായ സുവിശേഷ ദൗത്യം നിറവേറ്റുന്നതിൽ സുവിശേഷവിഹിത സഭ എന്ന വിശേഷണത്തെ അന്വർത്ഥമാക്കുന്ന മലങ്കര മാർത്തോമ്മാ സഭ തനതായ വ്യക്തിമുദ്ര പതിപ്പിച്ചു കൊണ്ടിരിക്കുന്നു. തൊഴിൽ തേടി ഭാരതത്തിന്റെ വിവിധ കോണുകളിൽ എത്തിച്ചേർന്ന വിശ്വാസികൾ വിവിധ മേഖലകളിൽ ഇടവകകൾ, മിഷൻ പ്രവർത്തനങ്ങൾ, സ്കൂളുകൾ എന്നിവ സ്ഥാപിച്ചതിലൂടെ ഭാഷാ സംസ്കാരങ്ങൾക്ക് അതീതമായി ദൈവരാജ്യമൂല്യങ്ങൾ ഉയർത്തി പിടിക്കുവാനും സഭയുടെ വിശ്വാസവും പാരമ്പര്യവും കാത്തുസൂക്ഷിക്കുന്നതിനും സുവിശേഷവേല കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനും മുഖാന്തിരമായി തീർന്നു. അപ്രകാരം രൂപീകരിക്കപ്പെട്ടതും ഭാരതത്തിലെ 18 സംസ്ഥാനങ്ങളിലായി വ്യാപിച്ചു കിടക്കുന്നതുമായ മാർത്തോമ്മാ സഭയുടെ ഡൽഹി ഭദ്രാസനം ക്രൈസ്തവ ദൗത്യനിർവ്വഹണത്തിൽ അനുഗ്രഹീതമായി മുന്നേറുകയാണ്.

ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ: 2021 ജനുവരി 27 മുതൽ മലങ്കര മാർത്തോമ്മാ മെത്രാപ്പോലീത്താ, അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി ഡൽഹി ഭദ്രാസനത്തിന്റെ ചുമതല അനുഗ്രഹീതമായി നിർവ്വഹിച്ചുവരുന്നു. ദീർഘ വീക്ഷണത്തോടെ കൂടിയ അഭിവന്ദ്യ തിരുമേനിയുടെ നേതൃത്വം ഭദ്രാസനത്തിന്റെ ആത്മീകവും ഭൗതീകവുമായ പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാകുന്നു. തിരുമേനിയിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും ഭദ്രാസനത്തെ ശരിയായ ദിശയിലേക്ക് നയിക്കുകയും ചെയ്യുന്നു.

ഭദ്രാസന എപ്പിസ്കോപ്പാ: നി.വ.ദി.ശ്രീ. ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ തിരുമേനി 2021 ജനുവരി 27 വരെ ഭദ്രാസനത്തിന്റെ ആത്മീകവും ഭൗതീകവുമായ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്തു.

ഡൽഹി ഭദ്രാസനത്തിന്റെ ചുമതലകൾ സംഘർഷാത്മകമായ രാഷ്ട്രീയ മത സാംസ്കാരിക സാമൂഹിക പശ്ചാത്തലത്തിൽ വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ സഭയുടെ ദൗത്യം ഉന്നതമായ നിലയിൽ സാക്ഷാത്കരിക്കുവാൻ കഴിഞ്ഞ സംവത്സരവും അഭിവന്ദ്യ തിരുമേനിക്ക് സാധ്യമായി. ക്രിസ്തുവാകുന്ന പാറമേൽ അചഞ്ചലമായ വിശ്വാസത്തോടും സുവിശേഷത്തിന്റെ നിർമ്മലതയോടും കൂടി നീതുയം നന്മയും

പ്രവർത്തനങ്ങളിൽ ഉണ്ടായിരിക്കണമെന്ന് ആഗ്രഹവും അഭിവന്ദ്യ തിരുമേനിയെ സമൂഹത്തിൽ വ്യത്യസ്തനായി നിർത്തുന്നു.

ഇന്ത്യയുടെ തലസ്ഥാന നഗരിയിൽ സഭയുടെ ഐക്യമെനിക്കൽ ദർശനങ്ങൾ മറ്റ് അനേക സഭകളുമായും മത വിശ്വാസങ്ങളുമായും മനുഷ്യനന്മയേയും ജീവന്റെ വളർച്ചയേയും ലക്ഷ്യമാക്കി ദൈവസ്നേഹത്തിൽ അധിഷ്ഠിതമായി സമൂഹസൃഷ്ടിക്കുവേണ്ടി അഭിവന്ദ്യ തിരുമേനി പ്രവർത്തിച്ചു. മാർത്തോമ്മാ സന്നദ്ധസുവിശേഷക സംഘം പ്രസിഡന്റ്, NWICC President, Bible Society North West Auxiliary Vice President, ISPCK Vice President, CMC Ludhiana Board member, SHUATS University Alahabad Board Member, CASA National Board member, Delhi Minority Commission Advisory Committee Members എന്നീ നിലകളിൽ സഭയുടെ യശസ്സ് ഉയർത്തിപ്പിടിച്ചു.

ഭദ്രാസന ചുമതലക്കാർ: 2020-2021 സാമ്പത്തിക വർഷം ഭദ്രാസന സെക്രട്ടറിയായി റവ. ജോസഫ് ലിനോ എന്നിവർ പ്രവർത്തിച്ചു. അഭിവന്ദ്യ മാർത്തോമ്മാ മെത്രാപ്പോലീത്ത തിരുമേനി നിയോഗിച്ച റെസിഡന്റ് സെക്രട്ടറി വെരി. റവ. തോമസ് ചെറിയാൻ 2021 ഫെബ്രുവരി മുതൽ അരമനയിൽ താമസിച്ചുകൊണ്ട് ഭദ്രാസനത്തിന്റെ വിവിധ പ്രവർത്തനങ്ങളിൽ സഹായിക്കുന്നു.

ഭദ്രാസന അസംബ്ലി/ഭദ്രാസന കൗൺസിൽ: കോവിഡിന്റെ പശ്ചാത്തലത്തിൽ ഭദ്രാസന അസംബ്ലി കൂടുവാൻ സാധിച്ചില്ല. ഭദ്രാസന കൗൺസിൽ കൂടി ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ടു.

സഭാ കൗൺസിൽ: ഡൽഹി ഭദ്രാസനത്തെ പ്രതിനിധീകരിച്ച് റവ. ജയ് വർഗീസ്, ശ്രീ. എൻ. സണ്ണി, ശ്രീമതി ബിനു മേരി ബാബു എന്നിവർ സഭാ കൗൺസിലിൽ പ്രവർത്തിക്കുന്നു.

വൈദികർ: 2020-21 കാലയളവിൽ 82 വൈദികർ ഭദ്രാസനത്തിന്റെ വിവിധ ഇടവകകൾ, സുവിശേഷ വേലസ്ഥലങ്ങൾ, സ്ഥാപനങ്ങൾ എന്നിവയിൽ സേവനം അനുഷ്ഠിച്ചു.

സുവിശേഷകർ: റിപ്പോർട്ട് വർഷത്തിൽ 30 സുവിശേഷകരും മറ്റ് അനുബന്ധ പ്രവർത്തകരും ഭദ്രാസനത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ പ്രവർത്തിച്ചു.

2020-21 വർഷത്തെ പ്രവർത്തനങ്ങൾ: ഓൺലൈൻ റീജിയണൽ വൈദീക കൂട്ടായ്മ, ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ അനുസ്മരണയോഗം, കൊറോണ റിലീഫ് പ്രവർത്തനങ്ങൾ, ഡൽഹി കലാപ മേഖലയിലെ പ്രവർത്തനങ്ങൾ.

ഭദ്രാസന പ്രസിദ്ധീകരണം: ദർശൻ എന്ന പേരിൽ ഭദ്രാസനത്തിന്റെ ഔദ്യോഗിക മാസിക പ്രസിദ്ധീകരിച്ചുവരുന്നു. ഭദ്രാസന അദ്ധ്യക്ഷൻ, ഭദ്രാസന സെക്രട്ടറി എന്നിവരുടെ സന്ദേശങ്ങൾ, എഡിറ്റോറിയൽ എന്നിവയ്ക്ക് പുറമെ ആനുകാലിക ലേഖനങ്ങൾ, വേദപുസ്തക പഠനങ്ങൾ, കുട്ടികൾക്കും യുവജനങ്ങൾക്കുമായുള്ള ചിന്തകൾ, ഭദ്രാസന വാർത്തകൾ, മിഷൻ പ്രവർത്തനങ്ങൾ സംബന്ധമായ വിവരങ്ങൾ എന്നിവയാൽ സമ്പന്നമായ ഈ മാസികയുടെ ചീഫ് എഡിറ്ററായി റവ. ബിജു ജോർജ്ജ്, റവ. ജോസഫ് ലിനോ എന്നിവർ പ്രവർത്തിച്ചു.

വെബ്സൈറ്റ്: www.delhidiocese.com എന്ന പേരിൽ ഭദ്രാസന വെബ്സൈറ്റ് മുഖാന്തിരം ഭദ്രാസന പ്രവർത്തനങ്ങളെ ലോകത്താകമാനം അറിയിക്കുവാൻ സാധിക്കുന്നു.

മിഷൻ പ്രവർത്തനങ്ങൾ: മിഷനറി ഭദ്രാസനം എന്ന പേരിനർഹമായ ഡൽഹി ഭദ്രാസനത്തിന്റെ ചുമതലയിലും സുവിശേഷ പ്രസംഗസംഘം, മറ്റ് ഭദ്രാസനങ്ങൾ, സംഘടനകൾ എന്നിവയിലൂടെയും സുവിശേഷ വെളിച്ചം ഭാരതത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ പകർന്നുനൽകുന്നു. ഭാരതത്തിൽ നിലവിലുള്ള സാഹചര്യം വിലയിരുത്തുമ്പോൾ മതതീവ്രവാദ ശക്തികൾ സുവിശേഷ പ്രവർത്തനങ്ങൾ തടസപ്പെടുത്തുമ്പോഴും സുവിശേഷ ദൗത്യം കാലികമായി നിർവ്വഹിക്കുവാൻ ആവശ്യമായ നേതൃത്വവും പിന്തുണയും ഭദ്രാസനമായി നൽകുന്നു.

ഭദ്രാസന മിഷൻ പ്രവർത്തനങ്ങൾ

ശ്രീകാകുളം മിഷൻ (ആന്ധ്രാപ്രദേശ്): ആന്ധ്രാപ്രദേശിലെ ശ്രീകാകുളം മുതൽ ഒറീസ്സയിലെ ഗജപതി ജില്ല വരെ വ്യാപിച്ചു കിടക്കുന്നതാണ് ശ്രീകാകുളം മിഷൻ. 80 ഗ്രാമങ്ങളിലായി 17 സുവിശേഷകർ പ്രവർത്തിക്കുന്നു. ഈ ഗ്രാമങ്ങളിലെ 14 പള്ളികളിൽ വെച്ചും 28 ഭദ്രാസനങ്ങളിൽ വെച്ചും കൂട്ടായ്മ നടത്തിവരുന്നു. എല്ലാ ഞായറാഴ്ച ദിവസങ്ങളിലും രണ്ട് സ്ഥലങ്ങളിൽ വിശുദ്ധ കുർബ്ബാന അനുഷ്ഠിക്കുന്നു. ദലിത്, ആദിവാസി ഗോത്രവർഗത്തിലുള്ള പെൺകുട്ടികൾക്ക് വേണ്ടി ഹോസ്റ്റൽ പ്രവർത്തിക്കുന്നു. വിവിധ ഗ്രാമങ്ങളിൽ നിന്നുള്ള 13 കുട്ടികൾ താമസിച്ചു പഠനം നടത്തുന്നു. വിവിധ ആദിവാസി ഗ്രാമങ്ങളിലായി 5 ബാലവാടികൾ പ്രവർത്തിക്കുന്നു. ഓരോ ബാലവാടികളിലും 15 കുട്ടികൾ പഠിക്കുന്നു. സൗറ ഗോത്രത്തിൽപ്പെട്ട കുട്ടികൾക്ക് വേണ്ടി കില്ലാഡ ഗ്രാമത്തിൽ ബാലവാടികൾ പ്രവർത്തിക്കുന്നു. സ്ത്രീകളുടെ ഉന്നമനത്തിനു വേണ്ടി നടത്തുന്ന മൂന്ന് തയ്യൽ പരിശീലന കേന്ദ്രങ്ങളിലായി ഏകദേശം 20 സ്ത്രീകൾ പരിശീലനം നടത്തിവരുന്നു. ഗ്രാമവാസികൾക്കും സുവിശേഷകർക്കും കുടുംബത്തിനും ആവശ്യമായ വൈദ്യസഹായവും മിഷനിൽ നിന്നു നൽകിവരുന്നു.

വിജയനഗരം മിഷൻ: ശ്രീകാകുളത്ത് നിന്നും 50 കി.മീ. ദൂരെ 14 ഗ്രാമങ്ങളിലായി 2 സുവിശേഷകർ ഈ മിഷനിൽ പ്രവർത്തിക്കുന്നു. ഈ ഗ്രാമങ്ങളിൽ 2 പള്ളികളിലും കൂടാതെ ഭവനങ്ങളിൽ വെച്ച് കൂട്ടായ്മയും നടത്തിവരുന്നു. മാസത്തിൽ ഒരു ഞായറാഴ്ച വിശുദ്ധ കുർബ്ബാന അനുഷ്ഠിക്കുന്നു. ഗ്രാമങ്ങളിൽ ഫിലിം മിനിസ്ട്രി, തയ്യൽ സ്കൂൾ, മാജിക് ഷോ, ബൈബിൾ ക്വിസ് തുടങ്ങിയവ ക്രമമായി നടത്തിവരുന്നു. അഞ്ച് ബാലവാടികൾ പ്രവർത്തിക്കുന്നതിൽ ഓരോന്നിലും 15-ൽ കുറയാതെ കുട്ടികൾ പഠനം നടത്തുന്നു.

ഇറ്റാർസി മിഷൻ: മദ്ധ്യപ്രദേശിലെ ഇറ്റാർസി മിഷൻ 1997 ആരംഭിച്ചു. പിന്നോക്ക ജാതിയിൽപ്പെട്ടവർക്ക് മുൻതൂക്കമുള്ള ഗ്രാമങ്ങളിൽ ഗ്രാമജ്യോതി സ്കൂളിലൂടെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നു.

റ്റെയ്മർ മിഷൻ: 1997-ൽ ജബൽപൂരിലുണ്ടായ ഭൂകമ്പത്തെ തുടർന്ന് പുനരധിവാസ പ്രവർത്തനത്തിനായി ആരംഭിച്ച ഈ മിഷൻ, ദലിത്, ആദിവസി പശ്ചാത്തലത്തിൽ നിന്നും വരുന്ന വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഒരുക്കുന്നു. ഗ്രാമജ്യോതി സ്കൂളിൽ 365 കുട്ടികൾ പഠിക്കുന്നു. മറ്റൊരു ഇംഗ്ലീഷ് മീഡിയം സ്കൂളിൽ 90 കുട്ടികൾ പഠിക്കുന്നു.

വാരാണസി മിഷൻ: വാരണാസിയിലെ പ്രമാവ് ഗ്രാമം കേന്ദ്രമാക്കി 1997 ആരംഭിച്ച വാരണാസി മാർത്തോമ്മാ മിഷൻ ദേശവാസികളുടെ ആത്മീകവും സാമൂഹികവുമായ ഉന്നമനം ലക്ഷ്യമാക്കിയാണ് പ്രവർത്തിക്കുന്നത് ഇവിടെയുള്ള കുഞ്ഞുങ്ങൾക്ക് അടിസ്ഥാന വിദ്യാഭ്യാസം നൽകുവാനായി ഒരു ഗ്രാമ ജ്യോതി സ്കൂൾ ഭംഗിയായ നിലയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ ഈ മിഷന്റെ ഭാഗമായി തയ്യൽ പരിശീലനം, വിദ്യാർത്ഥികൾക്ക് ട്യൂഷൻ, കമ്പ്യൂട്ടർ പരിശീലനം എന്നിവ നടത്തുന്നു.

ഫസിപൂർ ഖാദർ: ഹിയാനയിലെ ഹരിദാബാദ് ജില്ലയിൽ ഫസിപൂർ ഖാദർ ഗ്രാമത്തിൽ ഈ മിഷൻ കേന്ദ്രം പ്രവർത്തിക്കുന്നു. ധർമ്മജ്യോതി വിദ്യാപീഠിന്റെ ആഭിമുഖ്യത്തിൽ ഗ്രാമവികസന, സുവിശേഷപ്രവർത്തനങ്ങൾ നടന്നുവരുന്നു.

അംബികാപൂർ: 16 വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച ഈ മിഷന്റെ ചുമതലയിൽ ബാലവാടികൾ, തയ്യൽ പരിശീലനം എന്നിവ നടത്തപ്പെടുന്നു.

ബെഹവാരി മിഷൻ: 1995-ൽ ആരംഭിച്ച മിഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി തുടരുന്നു. ചേരിപ്രദേശത്തെ കുട്ടികൾക്കായി വി.ബി.എസ്. നടത്തി. ബൻശുക്ലി, ബസൂർ മൊല്ല എന്നീ ഗ്രാമങ്ങളിൽ ബാലവാടികൾ നടത്തപ്പെടുന്നു.

ഉത്കൽ മിഷൻ: ഭാരതത്തിലെ ഏറ്റവും പിന്നോക്കമായതും ആദിവാസികൾ പാർക്കുന്ന നാബാറാംഗ്രിൽ 2012ൽ ആരംഭിച്ചതാണ് ഈ മിഷൻ, ഈ മിഷനിലുള്ള ഗവണ്മെന്റ് രജിസ്ട്രേഡ് ഹോസ്റ്റലുകളിൽ ഏകദേശം 52 കുട്ടികളുണ്ട്. ഇവിടെയുള്ള ഗ്രാമജ്യോതി സ്കൂളുകളിൽ 1 മുതൽ 5 വരെയുള്ള ക്ലാസുകൾ പ്രവർത്തിക്കുന്നു.

ബെരിനാഗ് മിഷൻ: ഉത്തരാഖണ്ഡ് സംസ്ഥാനത്തിലുള്ള ഭദ്രാസനത്തിന്റെ ചുമതലയിലുള്ള പ്രവർത്തനമാണിത്. സുവിശേഷകന്റെ നേതൃത്വത്തിൽ ഞായറാഴ്ച ആരാധന,

സൺഡേസ്കൂൾ, വേദപഠനക്ലാസ്, ഉപവാസ പ്രാർത്ഥന എന്നിവ നടന്നുവരുന്നു. ബാലവാടികൾ ഉണ്ടായിരുന്നത് കൊറോണ മഹാമാരിയുടെ പശ്ചാത്തലത്തിൽ നിന്നുപോയി.

സുവിശേഷപ്രസംഗസംഘത്തിന്റെ ചുമതലയിലുള്ള മിഷൻ പ്രവർത്തനങ്ങൾ

1. സിഹോറ മിഷൻ: 1942-ൽ റവ. കെ.റ്റി. മാത്യു, ശ്രീ. ജോൺ വർഗീസ്, റവ. എം.പി. മാത്യു എന്നിവരുടെ വിശ്വാസയാത്രയുടെ ഫലമായി രൂപംകൊണ്ടതാണ് സിഹോറയിലെ ക്രിസ്തപന്തി ആശ്രമവും മിഷൻ പ്രവർത്തനങ്ങളും ഏകദേശം 800ൽപരം ഗ്രാമങ്ങളിലായി വ്യാപിച്ചു കിടക്കുന്നതാണ് ആശ്രമത്തിന്റെ പ്രവർത്തനം. സുവിശേഷീകരണം, വിദ്യാഭ്യാസം, ഹോസ്റ്റൽ, മെഡിക്കൽ പ്രവർത്തനം ഉറ്റവരാലും ഉടയവരാലും ഉപേക്ഷിക്കപ്പെട്ടവരുടെ സംരക്ഷണം തുടങ്ങിയവ ആശ്രമത്തിന്റെ മേൽനോട്ടത്തിൽ നടക്കുന്നു.

ടിബറ്റൻ ബോർഡർ മിഷൻ: ഹിമാലയൻ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന ടിബറ്റൻ ബോർഡർ മിഷൻ സ്ഥാപിച്ചത് പരേതരായ റവ. എ.കെ. ജോർജ്ജ്, പ്രൊഫ. പി.പി. തോമസ്, ശ്രീ. വി.എസ്. ജോൺസ് എന്നിവരാണ്. 1956-ൽ സ്ഥാപിതമായതും സുവാർത്ത് പ്രേമി സമിതി എന്നറിയപ്പെടുന്നതുമായ ഈ മിഷൻ 1966 ജനുവരി 5-ന് എം.റ്റി.ഇ.എ. ഏറ്റെടുത്തു. ടിബറ്റർ ബോർഡർ മിഷനിലെ മുൻസ്യാരി, നച്നി എന്നീ മിഷൻ കേന്ദ്രങ്ങൾ മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘത്തിന്റെ ചുമതലയിലാണ് പ്രവർത്തിക്കുന്നത്. ദൈവസ്നേഹം പ്രചരിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഈ മിഷൻ ആരോഗ്യത്തിനും വിദ്യാഭ്യാസത്തിനും വികസനത്തിനും ഊന്നൽനൽകിവരുന്നു. മിഷന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന രണ്ട് ഗ്രാമജ്യോതി സ്കൂളുകളിലൂടെയും ചെയിൽഡ് ഡവലപ്പ്മെന്റ് പ്രോഗ്രാമിലൂടെയും മൂല്യാധിഷ്ഠിത വിദ്യാഭ്യാസവും സാമൂഹിക തിന്മകളെ കുറിച്ചുള്ള അവബോധവും നൽകുന്നു. ഗ്രാമങ്ങൾ സന്ദർശിച്ച് Social Awareness Programme നടത്തുന്നു. അതുകൂടാതെ ഗ്രാമങ്ങളിൽ സൺഡേസ്കൂൾ ക്ലാസുകളും പ്രാർത്ഥനായോഗങ്ങളും മദ്യപാനത്തിന് അടമികളായവർക്ക് വേണ്ടി ഡി-അഡിക്ഷൻ ക്ലാസുകളും നടത്തിവരുന്നു.

ഭോപ്പാൽ മിഷൻ: 1955-ൽ ഭാഗ്യസ്മരണയിൽ ആയ ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ പ്രത്യേക താല്പര്യപ്രകാരം ഭോപ്പാലിൽ നിന്നും 30 കി.മീ. ദൂരത്തിൽ സ്ഥിതിചെയ്യുന്ന ആദിവാസി ഗോത്രവർഗ്ഗക്കാർ താമസിക്കുന്ന സെഹത്ഗനജ് ഗ്രാമത്തിൽ ഭോപ്പാൽ മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. തദ്ദേശീയമായി പ്രവർത്തിച്ചിരുന്ന ഭോപ്പാൽ മിഷൻ ഫീൽഡ് 1964 മുതൽ മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘത്തിന്റെ ചുമതലയിലാണ് പ്രവർത്തിച്ചുവരുന്നത്. അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത ഗ്രാമങ്ങളിലെ നിർദ്ധനരായ കുട്ടികൾക്ക താമസിച്ചു പഠിക്കുന്നതിന് ആരംഭിച്ച ബോയ്സ് ഹോസ്റ്റലിൽ 14 കുട്ടികൾ താമസിച്ച് അഭ്യസനം നടത്തുന്നു. വിവിധ ഗ്രാമങ്ങളിൽ മോട്ടിവേഷണൽ ക്യാമ്പുകളും ബാലവാടികളും നടത്തപ്പെടുന്നു. മാർത്തോമ്മാ ഗ്രാമജ്യോതി സ്കൂൾ, സേതുഗഞ്ജ് ഭോപ്പാൽ മിഷൻ ക്യാമ്പസ്സിൽ പ്രവർത്തിക്കുന്നു.

ജമ്മുകാശ്മീർ മിഷൻ: ജമ്മുകാശ്മീരിലെ മാർത്തോമ്മാ മിഷൻ ഡൽഹി ഭദ്രാസനത്തിന്റെ മിഷനറി കാഴ്ചപ്പാടിൽ 2007-ൽ ആരംഭിച്ചതാണ്. ജമ്മുജില്ലയിലെ ബിഷ്ന തഹസിലിലെ ചക് ചുവാ ഗ്രാമത്തിലാണ് ഇത് സ്ഥിതിചെയ്യുന്നത്. റൈറ്റ്. റവ. ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ, ജമ്മുമിഷന്റെ തുടക്കത്തിൽ പ്രധാന പങ്ക് വഹിക്കുകയും തിരുമേനി ദൗത്യത്തിന്റെ വികാസത്തിൽ അതീവ താത്പര്യം കാണിക്കുകയും ചെയ്തു. ജമ്മു മിഷന്റെ പ്രേഷിത സംരംഭത്തിൽ മാർത്തോമ്മാ സുവിശേഷ സംഘടവും പിന്നീട് ചേർന്നു. തയ്യൽ പരിശീലന കേന്ദ്രം ബാലവാടികൾ, ആരോഗ്യബോധവൽക്കരണ ക്ലാസുകൾ, മെഡിക്കൽ ക്യാമ്പ് എന്നിവ നടത്തുന്നു.

സത്നാ മിഷൻ: കവിയൂർ ഗ്രൂപ്പിന്റെ ദീർഘദർശനത്തിന്റെ ഫലമായിട്ടാണ് 1952-ൽ ഈ മിഷൻ ആരംഭിച്ചത് വിവിധ തരക്കാരായ ഗ്രാമവാസികളുടെ ഉന്നമനത്തിനായി ബാലവാടികൾ, ട്യൂഷൻ സെന്ററുകൾ, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായുള്ള ഹോസ്റ്റലുകൾ, ഡയറി ഫാം എന്നിവ പ്രവർത്തിക്കുന്നു. ഹിന്ദി മീഡിയം ഗ്രാമജ്യോതി സ്കൂളിൽ ഏകദേശം 400ൽപരം കുട്ടികൾ പഠിക്കുന്നു. ഒരു കമ്പ്യൂട്ടർ പരിശീലന കേന്ദ്രം കൂടി ഇപ്പോൾ പ്രവർത്തിക്കുന്നു.

സമസ്തിപൂർ മിഷൻ: ബീഹാർ സംസ്ഥാനത്തെ മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ ഏക ദൗത്യമാണിത്. ആരാധന, ഉപവാസപ്രാർത്ഥന, സൺഡേസ്കൂൾ, ഗ്രാമസന്ദർശനങ്ങൾ, ബാലവാടി, മെഡിക്കൽ സഹായം എന്നിവ ക്രമീകരിക്കുന്നു.

ക്രിസ്തുകുല മിഷൻ-റീവാ: റീവാ സെന്ററിന്റെ നേതൃത്വത്തിൽ വിവിധ ഗ്രാമങ്ങൾ പതിവായി സന്ദർശിക്കുന്നു. വിശ്വാസികളുടെ കുടുംബങ്ങളിൽ ആരാധനകളും കൂട്ടായ്മകളും എന്നിവ നടത്തുന്നു.

ഷഡോൾ മിഷൻ: 1984-ൽ ഷഡോൾ മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. വിശ്വാസികളുടെ മക്കൾക്കായി ഒരു ട്രൈബൽ പ്രവർത്തിക്കുന്നു. മിലൻ പത്രയിൽ ഒരു ഹിന്ദി കോൺഗ്രിഗേഷനും മറ്റ് സ്ഥലങ്ങളിൽ അന്വേഷകരുടെ കൂട്ടായ്മയും നടന്നുവരുന്നു.

ഛത്തീസ്ഗഡ് മിഷൻ: ബിലാസ്പൂർ കേന്ദ്രമാക്കി മിഷൻ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മിഷന്റെ ചുമതലയിൽ ബാലവാടികൾ, വേദപഠനക്ലാസുകൾ, ഗ്രാമസന്ദർശനം, വികസനപ്രവർത്തനങ്ങൾ എന്നിവ ക്രമീകരിക്കുന്നു.

ബസ്തർ മിഷൻ: ഛത്തീസ്ഗഡിലെ ജഗദൽപൂർ ആസ്ഥാനമായി 2004-ൽ പ്രവർത്തനം ആരംഭിച്ചു. മിഷന്റെ നേതൃത്വത്തിൽ വി.ബി.എസ്. സൗജന്യ ട്യൂഷൻ ക്ലാസുകൾ, ബൈബിൾ വിതരണം ബോധവത്കരണ ക്ലാസുകൾ എന്നിവ ക്രമീകരിച്ചുവരുന്നു.

രാജസ്ഥാൻ മിഷൻ: 1970-ൽ ജയ്പൂരിൽ ആരംഭിച്ച മിഷൻ ഗ്രാമവാസികൾക്ക് സർവ്വോന്മുഖമായ വികസനവും കരുതലും ഉറപ്പുവരുത്തി പ്രവർത്തിക്കുന്നു. ബാലവാടികൾ, തയ്യൽ പരിശീലനം, സെന്റ് പോൾസ് മാർത്തോമ്മാ സ്കൂൾ എന്നിവ മിഷനിൽ പ്രവർത്തിക്കുന്നു.

ബിക്കാനീർ മിഷൻ: 1996-ൽ ആരംഭിച്ച ഈ മിഷൻ ബിൽവാരയിലുള്ള വിവിധ ഗ്രാമങ്ങളിൽ വി.ബി.എസ്., ബൈബിൾ വിതരണം, ബോധവൽക്കരണ ക്ലാസുകൾ എന്നിവ ക്രമീകരിക്കുന്നു. സെന്റ് തോമസ് മാർത്തോമ്മാ സ്കൂൾ ഈ മിഷന്റെ ഭാഗമാണ്.

ബംഗാൾ മിഷൻ: പശ്ചിമ ബംഗാളിലെ അവികസിത പ്രദേശങ്ങളുടെ ഉന്നമനത്തിനായി നിലകൊള്ളുന്ന ഈ മിഷൻ വി.ബി.എസ്. ഭവനക്കൂട്ടായ്മകൾ, തയ്യൽസ്കൂൾ, ബാലവാടികൾ, സാമൂഹ്യ സേവനപ്രവർത്തനങ്ങൾ എന്നിവ നിർവ്വഹിക്കുന്നു.

കലിംഗ മിഷൻ: ഒറീസ്സയിലെ ഈ മിഷൻ ഗ്രാമവാസികളുടെ അഭിവൃദ്ധിക്കായി ഗുദാരി-ഗുംഡാ, ബിസ്സാം കട്ടക്ക് എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നു. ബാലവാടികൾ, നവജീവൻ വിദ്യാഭ്യാസ പദ്ധതി, നവജ്യോതി ചൈൽഡ് ഡവലപ്പ്മെന്റ് സെന്റർ, ആരോഗ്യപരിപാലന പദ്ധതികൾ, വി.ബി.എസ്. എന്നിവ സംഘടിപ്പിക്കുന്നു.

ലുധിയാന മിഷൻ: ലുധിയാന റെയിൽവേ കോളനിയിലെ ചേരി നിവാസികളുടെ ഉന്നമനം ലക്ഷ്യമാക്കി ഗ്രാമസന്ദർശനം ബാലവാടികൾ ക്രമീകരിച്ചിരിക്കുന്നു.

അംബാല മിഷൻ: അംബാല കന്റോൺമെന്റിലെ താത്കാലിക കുടിലുകളിൽ താമസിക്കുന്ന ജനതയുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്നു.

ഭദ്രാസനത്തിലെ ഇതര പ്രധാന സുവിശേഷകേന്ദ്രങ്ങൾ/ പ്രവർത്തനങ്ങൾ

മാർത്തോമ്മാ നവജീവൻ കേന്ദ്ര, റാഞ്ചി: ഗ്രാമജ്യോതി സ്കൂൾ സാക്വാ ബഗാനിൽ (Saqua Began) ഇപ്പോൾ കിന്റർഗാർട്ടൻ മുതൽ അഞ്ചാം ക്ലാസ് വരെ നടന്നുവരുന്നു. 340 കുട്ടികൾ ഇവിടെ അധ്യയനം നടത്തുന്നു. അധ്യാപകരായി 9 പേർ സേവനം അനുഷ്ഠിക്കുന്നു.

നോർത്തേൺ ഇന്ത്യ മാർത്തോമ്മാ ഇവാഞ്ചലിസ്റ്റ് ഫെലോഷിപ്പ്: മാർത്തോമ്മാ സഭയ്ക്കകത്തും പുറത്തും ഉത്തരേന്ത്യയിൽ ജോലി ചെയ്യുന്ന എല്ലാ മാർത്തോമ്മാ മിഷനറിമാരുടെയും സുവിശേഷകരുടെയും ഒരു സംഘടനയാണ് 1992-ൽ

ആരംഭിച്ച നോർത്ത് ഇന്ത്യ മാർത്തോമ്മാ ഇവാഞ്ചലിസ്റ്റിക് ഫെലോഷിപ്പ് (NIMTEF) ക്രിസ്ത പന്തി ആശ്രമത്തിന്റെ സ്ഥാപക അംഗമായ റവ. എം.പി. മാത്യു സിഹോറ ഈ സംഘടനയ്ക്ക് അടിത്തറയിട്ടു. പുതിയ ദൗത്യ മേഖലകൾ തിരിച്ചറിയുന്നതിലും പുതിയ അന്വേഷകർക്ക് സുവിശേഷം പങ്കിടുന്നതിലും മിഷൻ ടു പാരിഷ് പ്രോഗ്രാമുകളിലൂടെ മിഷൻ ആശങ്കകൾ പങ്കിടുന്നതിലും സുവിശേഷകരുടെ മക്കൾക്ക് സാമ്പത്തിക സഹായം നൽകുന്നതിലും നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്.

നോർത്ത് ഈസ്റ്റ് സെന്റർ കൽക്കട്ട: കൽക്കട്ട മാർത്തോമ്മാ ഇടവകയുടെ സുവർണ്ണജൂബിലി പ്രോജക്ട് ആയി 1999ൽ ജഗദൽ ഗ്രാമത്തിൽ ഈ മിഷൻ ആരംഭിച്ചു. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, നവജാത ശിശുക്കളുടെയും അമ്മമാരുടെയും പ്രാഥമിക ആരോഗ്യപരിചരണം സാമൂഹ്യ ബോധവൽക്കരണം മെഡിക്കൽ ക്യാമ്പ് എന്നിവ ക്രമീകൃതമായി നടത്തിവരുന്നു.

ധർമ്മജ്യോതി വിദ്യാപീഠ്: വടക്കേ ഇന്ത്യയിൽ സുവിശേഷകരെ പരിശീലിപ്പിക്കുവാൻ ആരംഭിച്ച ഈ സ്ഥാപനം ഫരീദാബാദിൽ സ്ഥിതിചെയ്യുന്നു. മാർത്തോമ്മാ സഭ സ്പോൺസർ ചെയ്ത വിദ്യാർത്ഥികളോടൊപ്പം മറ്റ് സഭാ വിഭാഗങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികളും വൈദീക പരിശീലനം നേടുന്നു. നിലവിൽ BDMTh, DCPC, BCS എന്നീ കോഴ്സുകളിൽ പരിശീലനം ലഭ്യമാണ്. റവ. ഡോ. സണ്ണി ഇ. മാത്യു പ്രിൻസിപ്പൽ ആയി സേവനമനുഷ്ഠിക്കുന്നു.

വാർദ മിഷൻ: ഡൽഹി ജറുശലേം മാർത്തോമ്മാ ഇടവകയുടെ ചുമതലയിൽ പ്രവർത്തിക്കുന്നു. പ്രധാനമായും സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, വി. കെയർ പ്രോജക്ട്, സ്കിൽ ഇന്ത്യ പ്രോജക്ട് എന്നിവ ഉൾപ്പെടെ നടത്തപ്പെടുന്നു.

മാർത്തോമ്മാ യൂത്ത് ചാപ്ലയൻസി, ലുധിയാന: മാർത്തോമ്മാ സ്റ്റുഡന്റ്സ് ഫെല്ലോഷിപ്പ് 150-ൽപരം മെഡിക്കൽ വിദ്യാർത്ഥികൾ പങ്കെടുക്കുന്ന കൂട്ടായ്മയാണ്. ലുധിയാന മെഡിക്കൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികളെ സഭയോടും സമൂഹത്തോടുമുള്ള പ്രതിബദ്ധതയിൽ നിലനിർത്തുവാനും ഈ കൂട്ടായ്മ പ്രതിജ്ഞാബദ്ധമായി പ്രവർത്തിക്കുന്നു. റവ. അലക്സ് പീറ്റർ ഈ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു.

മാർത്തോമ്മാ സെന്റർ ആഗ്ര: ചരിത്രപ്രാധാന്യമുള്ള ആഗ്ര സന്ദർശിക്കുന്ന ഇടവകകൾക്കും അനുബന്ധ ഗ്രൂപ്പുകൾക്കും ആവശ്യമായ ക്രമീകരണങ്ങൾ ഈ സെന്ററിലൂടെ ഒരുക്കുന്നു. റവ. സുജിൻ വർഗീസ് ഈ സ്ഥാപനത്തിന്റെ ചുമതല നിർവ്വഹിച്ചു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ: ഭദ്രാസനത്തിലെ വിവിധ സൊസൈറ്റികളുടെ നേതൃത്വത്തിൽ വിവിധ സ്കൂളുകൾ പ്രവർത്തിക്കുന്നു.

നോർത്തേൺ ഇന്ത്യ സോണൽ അസംബ്ലി: ഡൽഹി മാർത്തോമ്മാ പബ്ലിക് സ്കൂൾ, ഗാസിയാബാദ്, സെന്റ് തോമസ് പബ്ലിക് സ്കൂൾ, കോർബ, ഡൽഹി മാർത്തോമ്മാ പബ്ലിക് സ്കൂൾ, പാംഗഡ്, സെന്റ് തോമസ് ഇംഗ്ലീഷ് മിഡിയം സ്കൂൾ, ജയിംസ് നഗർ, മദ്ധ്യപ്രദേശ്, ക്രിസ്ത ജ്യോതിമിഷൻ സ്കൂൾ, ബെഹവാരി, മദ്ധ്യപ്രദേശ്, വാരാണസി സ്കൂൾ, സെന്റ് ജോൺസ് സ്കൂൾ ഗ്രേറ്റർ കൈലാഷ്, ന്യൂഡൽഹി, മാർത്തോമ്മാ സ്കൂൾ, ഇറ്റാർസി, സെന്റ് ലൂക്സ് സ്കൂൾ, ഭരത്പൂർ.

ഗ്രാമജ്യോതി സ്കൂളുകൾ: ഗ്രാമജ്യോതി എഡ്യൂക്കേഷൻ ആൻഡ് ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ കീഴിൽ 10 സ്കൂളുകൾ പ്രവർത്തിക്കുന്നു. ഇപ്പോൾ 4500-ൽപരം പിന്നോക്ക ദരിദ്ര വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ഈ സ്കൂളിൽ വിദ്യ അഭ്യസിക്കുന്നു. റവ. ബിജു സാം, റവ. മാത്യു കെ. ചാണ്ടി, റവ. എം. മാത്യു, മിസ്റ്റർ എം.വി. രാജൻ എന്നിവർ ചുമതലക്കാരായി പ്രവർത്തിക്കുന്നു.

സെന്റ് പീറ്റേഴ്സ് മാർത്തോമ്മാ ഹൈസ്കൂൾ ഭോപ്പാൽ, മാർത്തോമ്മാ ഗ്രാമജ്യോതി സ്കൂൾ, സേതുഗഞ്ജ്, മാർത്തോമ്മാ ഗ്രാമജ്യോതി ഹൈസ്കൂൾ, മഹാദേവ സത്ന, സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ ടൈമർ, മാർത്തോമ്മാ ഗ്രാമജ്യോതി ഹൈസ്കൂൾ, ടൈമർ, മാർത്തോമ്മാ ഗ്രാമജ്യോതി പ്രൈമറി സ്കൂൾ, ഭാട്ടിയ, സീഹോറ, മാർത്തോമ്മാ ഗ്രാജ്യോതി മിഡിൽ സ്കൂൾ, തലാഡ്, മാർത്തോമ്മാ ഗ്രാമജ്യോതി മിഡിൽ സ്കൂൾ, പാൻ ഉമറിയ, മാർത്തോമ്മാ ഗ്രാമജ്യോതി ഹയർ സെക്കന്ററി സ്കൂൾ, ദർശനി സീഹോറ, മാർത്തോമ്മാ ഗ്രാമജ്യോതി സീനിയർ സെക്കന്ററി സ്കൂൾ, സീഹോറ.

മറ്റ് സൊസൈറ്റികൾ: മാർത്തോമ്മാ ഹയർ സെക്കന്ററി സ്കൂൾ, ഇൻഡോർ, സെന്റ് തോമസ് സ്കൂൾ, റാഞ്ചി, ക്രിസ്തുകുല സെക്കന്ററി സ്കൂൾ സത്ന, സെന്റ് പോൾസ് മാർത്തോമ്മാ സ്കൂൾ, ജയ്പൂർ.

സംഘടനകൾ: സൺഡേസ്കൂൾ സന്നദ്ധസുവിശേഷക സംഘം, യുവജനസഖ്യം, സേവികാസംഘം എന്നിവ ഭദ്രാസന/ സെന്റർ/ ഇടവക തലത്തിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ നഴ്സസ് ഫെലോഷിപ്പും പ്രവർത്തിക്കുന്നു.

വൈവിദ്ധ്യമാർന്ന വെല്ലുവിളികൾ ഏറ്റെടുത്തുകൊണ്ട് ഡൽഹി ഭദ്രാസനം അതിന്റെ ദൗത്യ നിർവ്വഹണത്തിൽ മുന്നേറുന്നു. ദൈവകൃപയിൽ ശരണപ്പെട്ടുകൊണ്ട് ദൈവരാജ്യ ശുശ്രൂഷയിൽ എല്ലാവരും ഉത്സുകരായി പങ്കുചേരുന്നു. ഭദ്രാസനത്തിന്റെ വളർച്ചയിൽ കാലാകാലങ്ങളിൽ ദൈവം എടുത്ത് ഉപയോഗിച്ചവരെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. ഭാരതത്തിലെ അവികസിത ഗ്രാമങ്ങളുടെ സമഗ്രമായ വികനസവും ഗ്രാമീണ ജനതയുടെ ഉണർവ്വും നമ്മുടെ പ്രധാന സ്വപ്നമാണ്. വരും കാലങ്ങളിലും ദൈവത്തിന്റെ കരങ്ങളിൽ താണിരുന്ന് ദൈവസന്നിധിയിലേക്ക് ആനയിക്കുന്നതിനും കാലത്തിന്റെ സ്പന്ദനങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വേദനയും ദുഃഖവും അനുഭവിക്കുന്നവർക്ക് ആശ്വാസത്തിനും ഉന്നമനത്തിനും പ്രതീക്ഷയ്ക്കും സഹായകരമായി ഭദ്രാസന പ്രവർത്തനങ്ങൾ തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

3.13. കുന്നംകുളം - മലബാർ ഭദ്രാസനം

വടക്കൻ കേരളത്തിലെ ഏഴ് ജില്ലകളും, തമിഴ്നാടിന്റെ നീലഗിരി ജില്ലയിലെ ഗൂഡലൂരും യു.എ.ഇ.യിലെ ഷാർജ്ജായും ഉൾപ്പെടുന്ന മിഷനറി ഭദ്രാസനമാണ് കുന്നംകുളം- മലബാർ ഭദ്രാസനം. 1990ൽ രൂപംകൊണ്ട ഈ ഭദ്രാസനത്തിന്റെ ആറാമത്തെ അദ്ധ്യക്ഷനായി അഭിവന്ദ്യ ഡോ തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പാ ധന്യമായി ഭദ്രാസനത്തെ നയിക്കുന്നു. മനുഷ്യരുടേതായ ഒരു ലോകത്തിൽ മനുഷ്യരായി ജീവിക്കുവാൻ, മനുഷ്യോചിതമായ ചിട്ടകളും ചുറ്റുവട്ടങ്ങളുമുള്ള ഒരു സംവിധാനം യാഥാർത്ഥ്യമാക്കുവാൻ സ്വജീവിതത്തിലുൾപ്പെടെ മൊഴിയിലും വഴിയിലും മാറ്റം വരേണ്ടതുണ്ടെന്ന് സധൈര്യം വാദിക്കുകയും, സഭയിലും സമൂഹത്തിലുമുള്ള ജീർണ്ണതകളെ നെടുവീർപ്പോടെ നോക്കിക്കാണുകയും അധികമാരും സഞ്ചരിക്കാത്ത പാതകളിൽ ദിശാബോധം നൽകി അഭി. ഡോ. തോമസ് മാർ തീത്തോസ് തിരുമേനി നിസ്തുല്യ സാരഥ്യം വഹിക്കുന്നു.

വൈദികരും സുവിശേഷകരും: ഭദ്രാസനത്തിൽ 55 വൈദികരും 24 സുവിശേഷകരും ഫലകരമായ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകിവരുന്നു. ഭദ്രാസനത്തിലെ ഇടവകകളിലൂടെയും സ്ഥാപനങ്ങളിലൂടെയും, മിഷൻ ഫീൽഡുകളിലൂടെയും വിശ്വാസ സമൂഹത്തിന്റെ ആദ്ധ്യാത്മിക വളർച്ചയ്ക്കും, ഫലകരമായ സാക്ഷ്യത്തിനും വിശ്വസ്തതയോടെ പ്രവർത്തിക്കുന്ന ബഹുമാനപ്പെട്ട വൈദികരോടും, സുവിശേഷകരോടും അവരെ സഹായി ക്കുന്ന കുടുംബാംഗങ്ങളോടുമുള്ള നിസ്സീമമായ നന്ദി അറിയിക്കുന്നു.

ഭദ്രാസന അസംബ്ലി/ഭദ്രാസന കൗൺസിൽ 2019: കുന്നംകുളം-മലബാർ ഭദ്രാസന അസംബ്ലി 2021 മാർച്ച് 20 ന് ഭദ്രാസന അദ്ധ്യക്ഷൻ നി.വ. ദിവ്യശ്രീ ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പായുടെ അദ്ധ്യക്ഷതയിൽ കോഴിക്കോട് ബേബി മെമ്മോറിയൽ നേഴ്സിംഗ് കോളജ് ഓഡിറ്റോറിയത്തിൽ കോവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ച് നടത്തപ്പെട്ടു. ഭാഗ്യസ്മരണീയനായ അഭി. ഡോ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെയും ഭദ്രാസന പ്രവർത്തനങ്ങളിൽ വിവിധ തരത്തിൽ നേതൃത്വം നൽകിയ

വരിൽ കഴിഞ്ഞ ഭദ്രാസന അസംബ്ലിക്കുശേഷം കർത്തൃ സന്നിധിയിലേക്ക് ചേർക്കപ്പെട്ടവരുടെയും വേർപാടിൽ യോഗം അനുശോചനം അറിയിച്ചു, അഭിവന്ദ്യ തിരുമേനി പ്രാർത്ഥിച്ചു. പാരമ്പര്യംകൊണ്ടും പൈതൃകംകൊണ്ടും സമ്പന്നമായ മലങ്കര മാർത്തോമ്മാ സഭയ്ക്ക് അമരക്കാര നായിരിപ്പാൻ ദൈവം നൽകിയ വരദാനവും അഷ്ടമുടി യുടെ ഇഷ്ടപുത്രനുമായ 22-ാം മാർത്തോമ്മായായി ഉയർത്തപ്പെട്ട മോസ്റ്റ് റവ. ഡോ. തിയഡോഷ്യസ് മാർത്തോ മ്മാ മെത്രാപ്പോലീത്തായ്ക്ക് യോഗം പ്രാർത്ഥനാമംഗളങ്ങൾ നേർന്നു. കഴിഞ്ഞ ത്രിതല പഞ്ചായത്ത് ഭരണസമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർക്കും, കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾക്ക് സവിശേഷ നേതൃത്വം നൽകി മാർ ത്തോമ്മാ അവാർഡിനർഹരായവർക്കും 2017-20 കാലയള വിൽ ഭദ്രാസനത്തിന്റെ പ്രവർത്തനങ്ങൾക്ക് ഉദാത്തമായ നേതൃത്വം നൽകിയ ഭദ്രാസന കൗൺസിലംഗങ്ങൾക്കും ആശംസകളർപ്പിച്ചു. 2019-20 ഭദ്രാസനത്തിന്റെയും സ്ഥാപ നങ്ങളുടെയും റിപ്പോർട്ടും വരവു ചെലവു കണക്കുകളും, 2020-21 വാർഷിക ബഡ്ജറ്റും അവതരിപ്പിച്ച് പാസ്സാക്കി. റിപ്പോർട്ട് വർഷം അഭി. ഡോ.തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പാ അദ്ധ്യക്ഷനായും ദിവ്യശ്രീ. കെ.വി. ചെറിയാൻ കശ്ശീശാ സെക്രട്ടറിയായും ശ്രീ. പി.എം. സാമുവേൽ ട്രഷററായുമുള്ള 27 അംഗ കൗൺസിൽ 5 തവണ കൂടുകയും ഭദ്രാസനത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊ ള്ളുകയും നടപ്പിലാക്കുകയും ചെയ്തു.

പട്ടക്കാരുടെ സമ്മേളനം: ഭദ്രാസനത്തിലെ 8 സെന്ററുകളിൽ ഷാർജ്ജാ ഒഴികെയുള്ള സെന്ററുകളിൽ മൂന്നു മാസത്തി ലൊരിക്കൽ സെന്ററുകൾ കേന്ദ്രീകരിച്ചും മേഖലാടിസ്ഥാന ത്തിലും വൈദിക കൂട്ടായ്മകൾ ക്രമമായി നടത്തിവരുന്നു. കോവിഡ് 19 വ്യാപനവും ലോക്ക്ഡൗണും നേരിട്ടുള്ള കൂടി വരവുകൾക്ക് തടസ്സമായപ്പോൾ ഓൺലൈനിൽ മീറ്റിംഗു കൾ ക്രമീകരിക്കുകയും, അടിയന്തിരമായി ഇടപെടേണ്ട മേഖ ലകളിൽ കൃത്യമായ ഇടപെടലുകൾക്ക് ഭദ്രാസനം നേതൃത്വം നൽകി. വൈദികർ പ്രവർത്തിക്കുന്ന ഇടവകകളിലും സ്ഥാപനങ്ങളിലും നിശ്ചിത സമയപരിധിക്കുള്ളിൽ ചെയ്തെ ടുക്കാവുന്ന സ്വപ്ന പദ്ധതികളെക്കുറിച്ച് മീറ്റിംഗുകളിൽ പങ്കു വയ്ക്കുകയും അതിന്റെ പുരോഗമനം തുടർമീറ്റിംഗുകളിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തുവരുന്നു.

സുവിശേഷകരുടെ സമ്മേളനം: ഭദ്രാസനത്തിലെ സുവി ശേഷകരുടെ സമ്മേളനം സാധാരണ ഭദ്രാസന കൺവൻഷ നോടനുബന്ധിച്ച് നടത്തുക പതിവായിരുന്നുവെങ്കിലും കോവിഡ് രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ അതിന് സാധിച്ചില്ല. എന്നാൽ 2020 ഏപ്രിൽ 11-ന് ഓൺലൈനിൽ ഭദ്രാസന സുവിശേഷകരുടെ സമ്മേളനം നടത്തപ്പെട്ടു.

ഭദ്രാസന കൺവൻഷൻ: കുന്നംകുളം-മലബാർ ഭദ്രാസന ത്തിന്റെ 68-ാമത് കൺവൻഷൻ 2021 ജനുവരി 28 വ്യാഴാഴ്ച മുതൽ 31 ഞായറാഴ്ച വരെ ചുങ്കത്തറ ശാലേം, ഏടക്കര ഇമ്മാനുവേൽ, നിലമ്പൂർ സെന്റ് തോമസ് എന്നീ മാർ ത്തോമ്മാ പള്ളികളിൽ നടത്തപ്പെട്ടു. ഭദ്രാസനാദ്ധ്യക്ഷൻ അഭി. ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോ പ്പായുടെ അദ്ധ്യക്ഷ തയിൽ ചുങ്കത്തറ ശാലേം മാർത്തോമ്മാ പള്ളിയിൽ ചേർന്ന ഉദ്ഘാടന സമ്മേളനത്തിൽ അഭി. തിരു മേനി കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയും റവ. എ.റ്റി. സഖറിയാ മുഖ്യസന്ദേശം നൽകുകയും ചെയ്തു. അഭി. ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പാ എല്ലാ യോഗങ്ങൾക്കും അദ്ധ്യക്ഷത വഹിച്ച് പ്രശംസനീയമായ നേതൃത്വം നൽകി. എടക്കര ഇമ്മാനുവേൽ മാർത്തോമ്മാ പള്ളിയിൽ നടന്ന യോഗത്തിൽ അദ്ധ്യക്ഷൻ തിരുമേനിയോ ടൊപ്പം റവ. ഏ.റ്റി. സഖറിയായും, നിലമ്പൂർ സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ നടന്ന യോഗത്തിൽ അഭി തിരുമേനിയോടൊപ്പം റവ ഷാജി തോമസും നേതൃത്വം നൽകി. ചുങ്കത്തറ ശാലേം മാർത്തോമ്മാ പള്ളിയിൽ വച്ച് നടന്ന ഭദ്രാസന യുവജനസഖ്യം, സേവികാ സംഘം, സന്നദ്ധ സുവിശേഷക സംഘം എന്നീ സംഘടനകളുടെ സംയുക്ത സമ്മേളനത്തിൽ റവ ഏ.റ്റി. സഖറിയാ മുഖ്യ പ്രഭാഷണം നിർവ്വഹിച്ചു. സുവിശേഷവേലയ്ക്കായി സമർപ്പിക്കപ്പെട്ടവർക്കായുള്ള പ്രതിഷ്ഠാ ശുശ്രൂഷയിൽ അഭി തിരുമേനിയോടൊപ്പം സി ഇ എഫ് പ്രവർത്തകൻ ശ്രീ മാത്യു സാമുവേൽ(ചോക്കാട്) നേതൃത്വം നൽകി.

ഭദ്രാസന ദിനം: 2020 നവംബർ 8 ഞായറാഴ്ച ഭദ്രാസന ദിനമായി വേർതിരിച്ച് ആചരിച്ചു. കോവിഡ് 19 രോഗവ്യാ പനത്തിന്റെ പശ്ചാത്തലത്തിൽ സാധാരണ പുൾപിറ്റ് ചേഞ്ചിലൂടെയുള്ള ഇടവക സന്ദർശനം തന്നാണ്ടിൽ സാദ്ധ്യ മായില്ല. എന്നാൽ ഭദ്രാസന അദ്ധ്യക്ഷന്റെ കല്പനയിലൂ ടെയും പ്രത്യേകം തയ്യാറാക്കിയ വീഡിയോ പ്രസന്റേഷ നിലൂടെയും ഭദ്രാസനത്തിന്റെ പ്രവർത്തനങ്ങളെ വിശദീക രിക്കുകയും ഇടവകകളുടെ സഹകരണം തേടുകയും ചെയ്തു. ഈ പ്രതികൂല സാഹചര്യത്തിലും ഭദ്രാസന വികസന പ്രവർത്തനങ്ങൾക്ക് തങ്ങളുടെ പ്രാപ്തിപോലെ നൽകി സഹായിക്കുന്ന വിശ്വാസ സമൂഹത്തോട് പ്രത്യേ കാൽ നന്ദിയറിയിക്കുന്നു. ഭദ്രാസനദിന ഫണ്ടു ശേഖരണ ത്തിൽ സഹകരിച്ച ഷാർജ്ജാ മാർത്തോമ്മാ ഇടവക വികാരിമാരോടും, കൈസ്ഥാന സമിതിയംഗങ്ങളോടും, ഇടവകാംഗങ്ങളേവരോടും ഹൃദയംഗമമായ നന്ദിയറിയി ക്കുന്നു.

ശിലാസ്ഥാപനങ്ങളും പ്രതിഷ്ഠാ ശുശ്രൂഷയും: റിപ്പോർട്ടു വർഷം പ്രളയ ദുരന്ത പാർപ്പിട പദ്ധതിയിലുൾപ്പെടുത്തി നിർമ്മിച്ച എല്ലാ വീടുകൾക്കും ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പാ ശിലാസ്ഥാപനം നടത്തി. പെങ്ങാമുക്ക് സെന്റ് തോമസ് മാർത്തോമ്മാ ഇടവകയുടെ പുതിയ ദൈവാലയത്തിന്റെ പ്രതിഷ്ഠാ ശുശ്രൂഷ 2021 ഫെബ്രുവരി 6 ശനിയാഴ്ച അഭി വന്ദ്യ ഭദ്രാസന എപ്പിസ്ക്കോപ്പാ നിർവ്വഹിച്ചു. പുതിയതായി നിർമ്മിച്ച് ഡോ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ മെമ്മോറിയൽ ബ്ലോക്ക് എന്ന് നാമകരണം ചെയ്ത എരിമ യൂർ മാർത്തോമ്മാ എൽ.പി.സ്കൂളിന്റെ പുതിയ ബ്ലോക്കിന്റെ പ്രതിഷ്ഠാ ശുശ്രൂഷ 2021 മാർച്ച് 2-ന് അഭി. ഡോ തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ യോടൊപ്പം സഹകാർമ്മികനായി അഭി. ഭദ്രാസനാദ്ധ്യക്ഷൻ നിർവ്വഹിച്ചു.

ശിലാസ്ഥാപനങ്ങളും പ്രതിഷ്ഠാ ശുശ്രൂഷയും: റിപ്പോർട്ടു വർഷം 2019 ഒക്ടോബർ 15 ചൊവ്വാഴ്ച സുൽത്താൻ ബത്തേരി ജീവൻജ്യോതി ഗേൾസ് ഹോസ്റ്റൽ പുതിയ കെട്ടി ടത്തിനും, വയനാട് പ്രളയ ദുരന്ത പാർപ്പിട പദ്ധതിയിലുള്ള 3 വീടുകൾക്കും ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പാ ശിലാസ്ഥാപനം നടത്തി. തൃശ്ശൂർ എബനേസർ മാർത്തോമ്മാ ഇടവകയുടെ പുതിയ ദൈവാലയത്തിന്റെ ശിലാസ്ഥാപനം 2019 നവംബർ 11-ന് അഭിവന്ദ്യ ഡോ ജോസഫ് മാർത്തോമ്മാ മെത്രാപ്പോ ലീത്താ മുഖ്യ കാർമ്മികനായും ഭദ്രാസന എപ്പിസ്ക്കോപ്പാ സഹകാർമ്മികനായും നിർവ്വഹിച്ചു.ഉപ്പടയിൽ നിർമ്മിക്കുന്ന കരുണ ഡോ തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പാ ഷഷ്ട്യബ്ദ പൂർത്തി ഡീ അഡിക്ഷൻ സെന്ററിന്റെ ശിലാ സ്ഥാപനം 2020 ജനുവരി 7-ന് ഭദ്രാസനാദ്ധ്യക്ഷൻ നിർവ്വ ഹിച്ചു. നവീകരിച്ച ചുങ്കത്തറ മാർത്തോമ്മാ കോളേജ് ചാപ്പ ലിന്റെ പ്രതിഷ്ഠാശുശ്രൂഷ 2019 നവംബർ 18 തിങ്കളാഴ്ച അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പാ യുടെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു. പുതിയതായി നിർമ്മിച്ച കടവല്ലൂർ മാർത്തോമ്മാ എൽ.പി. സ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ പ്രതിഷ്ഠാ ശുശ്രൂഷ 2020 ജനുവരി 17-ന് ഭദ്രാസനാദ്ധ്യക്ഷൻ നിർവ്വഹിച്ചു.

ഭദ്രാസന പ്രകാശം: ഭദ്രാസനത്തിന്റെ ഔദ്യോഗിക നാവായ ഭദ്രാസന പ്രകാശം ഈടുറ്റ ലേഖനങ്ങൾ, മിഷൻ ഫീൽഡു കളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തന റിപ്പോർ ട്ടുകൾ, കാലികപ്രാധാന്യമുള്ള വിഷയാവതരണം, പ്രത്യേക വാർത്തകളും അറിയിപ്പുകളുമായി തന്നാണ്ടിൽ മൂന്നു ലക്കങ്ങളിലായി പ്രസിദ്ധീകരിച്ചു.

കാവൽ ഡേ കെയർ, കോട്ടൂപ്പാടം: ഭിന്നശേഷിക്കാരുടെ പരിശീലനത്തിനും പുനരധിവാസത്തിനുമായി കോഴിക്കോട് കോട്ടൂപ്പാടം ധ്യാനാശ്രമത്തോട് ചേർന്ന് തുടക്കംകുറിച്ച

കാവൽ ഡേ കെയർ പദ്ധതി നാലാം വർഷത്തിലേക്ക് പ്രവേശിച്ചു. ഭിന്നശേഷിക്കാരായ കുട്ടികളായതിനാൽ കോവിഡ് 19 വ്യാപനകാലം ഡേ കെയർ പ്രവർത്തനസജ്ജമായില്ല എന്നാൽ ഡയറക്ടർ ദിവ്യശ്രീ. കെ.ജി. തോമസ് കശ്ശീശായും അദ്ധ്യാപികയായ ശ്രീമതി. ഷൈമയും സഹായിയായ ശ്രീമതി ഗീതയും, പാചക വൃത്തിയിൽ സഹായിക്കുന്ന ശ്രീമതി പുഷ്പയും കുട്ടികളുടെ ഭവനങ്ങളിൽ ആവശ്യമായ കൈത്താങ്ങൽ നൽകുന്നു. ഈ പദ്ധതിയെ സഹായിക്കുന്ന ഷാർജ്ജാ മാർത്തോമ്മാ ഇടവകയോടും വികാരിമാരോടും കൈസ്ഥാന സമിതിയംഗങ്ങളോടും ഭദ്രാസനത്തിന്റെ നന്ദിയറിയിക്കുന്നു.

കരുതൽ പുനരധിവാസ പദ്ധതി: അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ ജന്മശതാബ്ദി പ്രോജക്ടായി തുടക്കം കുറിച്ച ജയിൽ വാസികളുടെ കുടുംബാംഗങ്ങളുടെ പുനരധിവാസ പദ്ധതിയായ കരുതൽ നാലാം വർഷ ത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. തന്നാണ്ടിലും 20 കുടുംബ ങ്ങൾക്ക് ഈ പദ്ധതിയിലൂടെ പ്രയോജനം ലഭിക്കുന്നു. കുടുംബാംഗങ്ങളുടെ സംരക്ഷണം, കുട്ടികളുടെ പഠനം, ട്യൂഷൻ, ഉന്നത വിദ്യാഭ്യാസത്തിന് കുട്ടികളെ ഒരുക്കുന്ന പ്രത്യേക പരിശീലനം എന്നീ മേഖലകളിൽ കരുതൽ പ്രവർത്തിക്കുന്നു. കഴിഞ്ഞ അദ്ധ്യയനവർഷം എസ്.എസ്.എൽ.സി. പരീക്ഷയിൽ കൂടുതൽ മാർക്ക് വാങ്ങിയ കരുതൽ കുടുംബാംഗം ഇസ്ഹാന ജാസ്മിൻ കെ.യ്ക്കും പ്ലസ് ടു വിന് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ കരുതൽ കുടുംബാംഗം പ്രവീൺകുമാർ റ്റി.കെ. യ്ക്കും റിട്ടയേർഡ് ജസ്റ്റീസ് ശ്രീ. സി.സി. സഖറിയാ മെമ്മോറിയൽ എൻഡോവ്മെന്റിൽ നിന്നും സ്ക്കോളർഷിപ്പ് നൽകി സഹായിച്ചു.

മിനിസ്ട്രി ടു ദ ട്രാൻസ്ജെന്റേഴ്സ്: മാർത്തോമ്മാ സഭയുടെ ട്രാൻസ്ജെന്റേഴ്സ് മിനിസ്ട്രിയുമായി സഹകരിച്ച് കുന്നംകുളം- മലബാർ ഭദ്രാസനം ഭിന്നലിംഗക്കാരുടെ ഉന്നമനത്തിനും പുനരധിവാസത്തിനുമായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. എല്ലാ മേഖലകളിലും അവഗണിക്കപ്പെടുന്ന ഭിന്നലിംഗക്കാരെ സംഘടിപ്പിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമായി തൊഴിലധിഷ്ഠിത പരിശീലനം നൽകി കൊറോണ ബാധിത ലോക്ക് ഡൗൺ കാലത്ത് തൃശ്ശൂർ, വയനാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിലായി എഴുപത്തഞ്ചിലേറെപ്പേർക്ക് പേർക്ക് ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്തു. വാടക വീടുകളിൽ താമസിക്കുന്ന ഭിന്നലിംഗക്കാരുടെ വീട്ടുവാടക മറ്റ് അത്യാവശ്യ സഹായങ്ങളും നൽകിവരുന്നു. സഭയുടെ വിവിധ സ്ഥാപനങ്ങളിലും, പൊതുമേഖലാ സ്ഥാപനങ്ങളിലും തൊഴിൽ കണ്ടെത്തുവാനും, സ്വയം തൊഴിൽ ചെയ്യുവാനും അവരെ പ്രാപ്തരാക്കുന്ന ധന്യമായ ശുശ്രൂഷയ്ക്ക് അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പായുടെ നേതൃത്വത്തിൽ ഭദ്രാസനം നിർവ്വഹിക്കുന്നു

പ്രശാന്തഭവൻ ഹാഫ്‌വേ ഹോം: ഉറ്റവരും ഉടയവരും ചേർത്തുകൊള്ളാത്ത സൗഖ്യമായ മനോരോഗികളുടെ പുനരധിവാസാർത്ഥം ബദിയടുക്ക, കാടമനയിൽ തുടക്കം കുറിച്ച പ്രശാന്തഭവൻ സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്റർ (ഹാഫ്‌വേ ഹോം) മൂന്ന് വർഷങ്ങൾ പിന്നിട്ട് സജീവമായി പ്രവർത്തിക്കുന്നു. വടക്കൻ കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള 10 പുരുഷന്മാർ അന്തേവാസികളായി പ്രശാന്തഭവനിൽ പാർക്കുന്നു. ആരോഗ്യപ്രദമായ ദിനചര്യകൾ, യോഗാ പരിശീലനം, അടുക്കളത്തോട്ട പരിചരണം കോഴിവളർത്തൽ ഇത്യാദി മേഖലകളിൽ ഇവർക്ക് പങ്കാളിത്വം നൽകുന്നതിന് ശ്രീ. മാത്യു ജോർജ്, ശ്രീ. അലൻ മാത്യു, ശ്രീമതി അനു വിത്സൻ എന്നിവർ ത്യാഗപൂർവ്വം പ്രവർത്തിക്കുന്നു. പ്രശാന്തഭവന്റെ മൂന്നാം വാർഷികം 2020 ഒക്ടോബർ 31 വെള്ളിയാഴ്ച ഭദ്രാസന എപ്പിസ്ക്കോപ്പാ അഭിവന്ദ്യ ഡോ തോമസ് മാർ തീത്തോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കോവിഡ് വ്യാപനംമൂലം ഓൺലൈനിൽ നടത്തപ്പെട്ടു. സ്ഥാപനത്തിന് സാമൂഹ്യ നീതി വകുപ്പിന്റെയും കേരളാ ഓർഫനേജ് കൺട്രോൾ ബോർഡിന്റെയും അംഗീകാരം ലഭിക്കുകയുണ്ടായി മീനത്തേതിൽ പന്തപ്ലാവിൽ ശ്രീ. എം.ജി. ഉമ്മൻ ഈ സ്ഥാപനത്തെ സാമ്പത്തികമായി സഹായിക്കുന്നു, പ്രത്യേകം നന്ദി അറിയിക്കുന്നു.

സേവ് എ ഹാർട്ട്: നിർധന കുടുംബങ്ങളിലെ ഹൃദ്രോഗികളെ ഹൃദയ ശസ്ത്രക്രിയയിലും ഹൃദ്രോഗ ചികിത്സയിലും സഹായിക്കുന്നതിന് തുടക്കം കുറിച്ച സേവ് എ ഹാർട്ട് പദ്ധതിയിൽ തന്നാണ്ടിൽ 5 നിർധനരായ കുട്ടികളുടെ ഹൃദയ ശസ്ത്രക്രീയ പരുമല സെന്റ് ഗ്രിഗോറിയോസ് കാർഡിയോ വാസ്ക്കുലാർ സെന്ററിൽ നടത്തപ്പെട്ടു. അതോടൊപ്പം കോഴിക്കോട് മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ നടത്തിയ കുട്ടികളുടെ ഹൃദയ ശസ്ത്രക്രിയയ്ക്ക് സി.എം.ഓ.യുടെ അഭ്യർത്ഥനപ്രകാരം ആവശ്യമായ അയോഡിൻ, പഞ്ഞി, കയ്യുറകൾ, സാനിറ്റൈസർ തുടങ്ങിയ അവശ്യവസ്തുക്കൾ വാങ്ങിക്കൊടുത്തു. റിപ്പോർട്ടു വർഷത്തിൽ ഭദ്രാസന അധ്യക്ഷന്റെ ഇടവക സന്ദർശന വേളയിലെ സ്തോത്രകാഴ്ചയായി 24,332 രൂപ ലഭിച്ചു. തുടർവർഷങ്ങളിൽ ഹൃദ്രോഗികളായ കുട്ടികളുടെ ചികിത്സക്ക് പ്രാധാന്യം നൽകുവാനും ആദിവാസി മേഖലകളിൽ ഹൃദ്രോഗ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുവാനും പ്രതിമാസം ഒരു ശസ്ത്രക്രിയ എന്ന ക്രമത്തിൽ സഹായം നൽകുവാനും കോവിഡ് വ്യാപനത്തിന് ശമനം ഉണ്ടാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

ഭദ്രാസന ലഹരി വിമോചന സമിതി: ഭദ്രാസനത്തെ ലഹരി മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ തുടക്കം കുറിച്ച ഭദ്രാസന ലഹരി വിമോചന സമിതി തന്നാണ്ടിൽ പ്രശംസനീയമാംവിധം അനുധാവന പ്രവർത്തനങ്ങൾ നിർവ്വഹിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു. ഇടവക തലത്തിൽ ലഹരി വിമോചന പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് പരമാവധി ലഹരിയാസക്തരെ കണ്ടെത്തുവാനും എ.എ കൂട്ടായ്മകൾ ആരംഭിച്ച് സൗഖ്യജീവിതത്തിൽ നിലനിർത്തുവാനും ഇടവക ലഹരി വിമോചന സമിതികൾ നേതൃത്വം നൽകി. 2021 ജനുവരി 31-ന് നടന്ന ഭദ്രാസന കൺവൻഷൻ സമാപന സമ്മേളനത്തിൽ അഭി. ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പാ അദ്ധ്യക്ഷത വഹിക്കുകയും വയനാട് പെരിക്കള്ളൂർ സ്വദേശി ശ്രീ സുമേഷ് തന്റെ അനുഭവസാക്ഷ്യം പങ്കുവയ്ക്കുകയുമുണ്ടായി. ഈ യജ്ഞത്തിൽ ഭദ്രാസന എപ്പിസ്ക്കോപ്പായോടൊപ്പം പ്രവർത്തിക്കുന്ന വൈദിക ഉപാദ്ധ്യക്ഷൻ ദിവ്യശ്രീ. അജി ചെറിയാൻ കശ്ശീശാ, ആത്മായ ഉപാദ്ധ്യക്ഷൻ ശ്രീ. കെ.റ്റി. തോമസ്, ജനറൽ കൺവീനർ ശ്രീ. റ്റി.ബി. കുര്യൻ, ട്രഷറാർ ശ്രീ. എം.സി. മാത്തുക്കുട്ടി എന്നിവരോട് ഭദ്രാസനത്തിന്റെ കൃതജ്ഞത രേഖപ്പെടുത്തുന്നു.

കരുണ ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പാ ഷഷ്ട്യബ്ദപൂർത്തി ഡീ അഡിക്ഷൻ സെന്റർ, ഉപ്പട: വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം കുട്ടികളുടെയും യുവജനങ്ങളെയും ഭാവിയെ തകർത്തെറിയുന്നതിനാൽ ഭദ്രാസനമായി അടിയന്തിര ഇടപെടലുകൾ നടത്തേണ്ടതാണെന്ന തിരിച്ചറിവാണ് കുന്നംകുളം- മലബാർ ഭദ്രാസന കൗൺസിലിനെ ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പായുടെ ഷഷ്ട്യബ്ദപൂർത്തി പ്രോജക്ടായി സൈക്ക്യാട്രിക് ചികിത്സയുൾപ്പെടെ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ലഹരി വിമോചന കേന്ദ്രം ഉപ്പടയിൽ ആരംഭിക്കണമെന്ന് തീരുമാനിക്കുവാൻ പ്രേരിപ്പിച്ചത്. അതിന് കരുണ ഡോ തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പാ ഡീ അഡിക്ഷൻ സെന്റർ എന്നു പേരിടുകയും 2020 ജനുവരി 7 ചൊവ്വാഴ്ച ഭദ്രാസന അദ്ധ്യക്ഷൻ ശിലാസ്ഥാപനം നിർവ്വഹിക്കുകയും ചെയ്തു. എന്നാൽ നിലവിലുള്ള പ്ലാൻ ഭേതപ്പെടുത്തി ഒരു നിലകൂടി പണിത് കരുണ ലഹരി വിമോചന കേന്ദ്രത്തിന്റെ സൗകര്യങ്ങൾ വിപുലപ്പെടുത്തുവാൻ 2021 മാർച്ച് 19-ന് കൂടിയ ഭദ്രാസന കൗൺസിൽ തീരുമാനിച്ചു, അതിൻപ്രകാരം നിർമ്മാണം പുരോഗമിക്കുന്നു.

കരുണാലയം ഹാഫ് വേ ഹോം: മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സ ലഭിച്ച് സൗഖ്യം പ്രാപിച്ചിട്ടും സ്വഭവനങ്ങളിൽ ചേർത്തുകൊള്ളപ്പെടാത്ത സ്ത്രീകൾക്കു

വേണ്ടി ഉപ്പട മലബാർ മിഷൻ കോംപ്ലക്സിൽ സമാരംഭിച്ച പദ്ധതിയാണ് കരുണാലയം ഹാഫ്വേ ഹോം. കോഴിക്കോട് കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിൽ ചികിത്സാനന്തരം സൗഖ്യം ലഭിച്ചിട്ടും ബന്ധുക്കളാൽ അവഗണിക്കപ്പെട്ട 10 സ്ത്രീകളെ ഏറ്റെടുത്ത് 2018 മെയ് 10-ന് ഉപ്പടയിൽ സമാരംഭിച്ച കരുണാലയം സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ മൂന്ന് വർഷങ്ങൾ പൂർത്തീകരിക്കുന്നു. തന്നാണ്ടിൽ 9 പേർ ഹാഫ് വേ ഹോം അംഗങ്ങളായുണ്ട്. ഭദ്രാസനാദ്ധ്യക്ഷൻ അഭി. ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പായുടെ 60-ാം ജന്മദിനത്തിൽ ആരംഭിച്ച ഈ കേന്ദ്രത്തിന്റെ ഡയറക്ടറായി ദിവ്യശ്രീ. ജെയിംസ് തോമസ് കശ്ശീശായും ട്രഷററായി ശ്രീ സജിമോൻ പി.റ്റി. യും, വാർഡനായി ശ്രീമതി സാറാമ്മയും മലബാർ മിഷൻ കോംപ്ലക്സിലെ മറ്റു ജീവനക്കാർ ഇതര ശുശ്രൂഷകളും നിർവ്വഹിക്കുന്നു. ഏവരോടുമുള്ള നന്ദിയറിയിക്കുന്നു.

വചന വർഷാചരണം: ദൈവവചനം ജീവനുള്ളതും ജീവിപ്പിക്കുന്നതുമാകയാൽ കോവിഡ് 19 ലോക്ക്ഡൗൺ കാലത്ത് അനുദിന ജീവിതത്തിന് പ്രകാശമേകുവാനും ഇരുൾ നിറയുന്ന ചുറ്റുപാടുകളിൽ പ്രകാശമാകുവാനും വിശ്വാസ സമൂഹത്തെ ഒരുക്കുന്നതിന് 2020-21 വചന വർഷമായി ആചരിച്ചു. കുടുംബങ്ങളിലും ഇടവകകളിലും ക്രമമായി വചന പാരായണവും പഠനവും നടത്തുന്നതിനും പ്രാധാന്യം നൽകിയ സംരംഭത്തിൽ ഭദ്രാസനം ഒന്നടങ്കം പങ്കുചേർന്നു. ഷാർജ്ജാ മാർത്തോമ്മാ ഇടവകയും, നിലമ്പൂർ സെന്റ് തോമസ് ഇടവകയും ഇടവകാംഗങ്കളെ പങ്കെടുപ്പിച്ചുകൊണ്ട് വേദപുസ്തകത്തിന്റെ കയ്യെഴുത്ത് പ്രതി തയ്യാറാക്കി. അതുകൂടാതെ വേദപുസ്തക പഠിതാക്കളെ സഹായിക്കുന്നതിന് ഡോ മോഹൻ വി പോളിന്റെ നേതൃത്വത്തിൽ 2020 ജനുവരി 1 മുതൽ 26 വരെ ഓൺലൈനിൽ വോക്ക് ത്രൂ ദ ബൈബിൾ എന്ന പഠന പദ്ധതി ഒരുക്കിയത് അനേ കർക്ക് പ്രയോജനകരമായി.

കാരുണ്യ കൗൺസെലിംഗ് സെന്റർ: കോവിഡ് 19 രോഗവും വ്യാപനവും ബന്ധങ്ങൾ സംഘർഷഭരിതമായിത്തീരുകയും വ്യക്തികളും കുടുംബങ്ങളും പ്രതിസന്ധികളിലും മാനസികസംഘർത്തിലകപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ അവർക്ക് സഹായകരമാകുവാൻ ഭദ്രാസനം തുടക്കംകുറിച്ച ശുശ്രൂഷാ പദ്ധതിയാണ് കാരുണ്യ കൗൺസെലിംഗ് സെന്റർ. ഭദ്രാസന കൗൺസിലിന്റെ തീരുമാനപ്രകാരം 2020 ഡിസംബർ 1 ന് കോഴിക്കോട് സെന്റ് പോൾസ് മാർത്തോമ്മാ പള്ളിയിൽ ചേർന്ന ഭദ്രാസന കൗൺസിലിൽ ഔദ്യോഗികമായി ഉദാഘാടനം ചെയ്തു. കോഴിക്കോട് സെന്റ് പോൾസ് മാർത്തോമ്മാ പള്ളി ക്യാമ്പസിൽ പ്രവർത്തനം ആരംഭിച്ച സെന്ററിൽ തുടക്കത്തിൽ ഓൺലൈൻ സർവ്വീസ് നൽകുന്നതും തുടർന്ന് നേരിട്ട് നടത്തുന്നതിനുള്ള സ്ഥിരസംവിധാനം ഏർപ്പെടുകത്തുന്നതുമാണ്. റവ ഡോ ഏബ്രഹാം കുരുവിളയുടെ വിലപ്പെട്ട സേവനം ഇതിലൂടെ ലഭ്യമാക്കുന്നു.

പ്രളയ ദുരന്ത പുനരധിവാസ പദ്ധതി: 2018 ലും 2019 ലും ജലപ്രളയം ദുരിതം വിതച്ച മലബാറിലെ പ്രളയ ബാധിതരെ സഹായിക്കുന്ന പുനരധിവാസ പദ്ധതി ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. ഭദ്രാസനത്തിലെ വൈദികരെ മുന്നിൽ നിർത്തി പ്രളയബാധിത മേഖലകളിലുള്ളവരെ സുരക്ഷിത ഇടങ്ങളിലേക്ക് മാറ്റുന്നതിനും, വീടുകൾ ശുചിയാക്കുന്നതിനും, ഭക്ഷ്യവസ്തുക്കൾ, വസ്ത്രം, മരുന്നുകൾ ഇത്യാദി അവശ്യവസ്തുക്കൾ അടിയന്തിരമായി വീടുകളിൽ വിതരണം ചെയ്യുന്നതിനും, വീടുകൾ വാസയോഗ്യമാക്കുന്നതിനും നേതൃത്വം നൽകി. ഭവനം നഷ്ടപ്പെട്ടവരോ ഭവനരഹിതരോ ആയ ചുങ്കത്തറ മാർത്തോമ്മാ സ്കൂളിലെ 27 കുട്ടികൾക്ക് സ്കൂളിന്റെ നേതൃത്വത്തിൽ ഭദ്രാസനത്തിന്റെയും മറ്റനേകരുടെയും സഹായത്തോടെ ഭവനങ്ങൾ നിർമ്മിച്ചുനൽകി. ഷാർജ്ജാ, അബുദാബി ഇടവകകളുടെയും ചെങ്ങന്നൂർ - മാവേലിക്കര ഭദ്രാസനത്തിന്റെയും 14 വീടുകൾ നിർമ്മിച്ചു നൽകുവാൻ സാധിച്ചു. ചുങ്കത്തറ സെന്ററിലും കോഴിക്കോട് സെന്ററിലുമായി 5 ഭവനങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു.

മാർത്തോമ്മാ അവാർഡ് 2020: വിവിധ മേഖലകളിൽ കാലീകവും പ്രശംസനീയവുമായ ശുശ്രൂഷ നിർവ്വഹിക്കുന്നവരെ പ്രോതസാഹിപ്പിക്കുന്നതിനും ആദരിക്കുന്നതിനും കുന്നംകുളം-മലബാർ ഭദ്രാസന കൗൺസിൽ ഒരുക്കുന്ന അവാർഡാണ് മാർത്തോമ്മാ അവാർഡ്. കോവിഡ് 19 എന്ന മഹാമാരി ലോകരാഷ്ട്രങ്ങളിലാകെ വ്യാപിക്കുകയും മനുഷ്യന്റെ നിലിൽപ്പിന് തന്നെ ഭീഷണി ഉയർത്തുകയും ചെയ്ത പശ്ചാത്തലത്തിൽ ഈ വർഷം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ സമർപ്പണപൂർവ്വം പ്രശംസനീയമായ ശുശ്രൂഷ നിർവ്വഹിക്കുന്നവരെ കണ്ടെത്തി ആദരിക്കുവാൻ റിപ്പോർട്ട് വർഷം ഭദ്രാസന കൗൺസിൽ തീരുമാനിച്ചത്. കൗൺസിൽ നിയോഗിച്ച അവാർഡ് നിർണ്ണയക്കമ്മിറ്റിക്ക് ലഭിച്ച നിർദ്ദേശങ്ങളെ പരിഗണിച്ച് ഡോ സണ്ണി ജോർജ്ജ് (കോഴിക്കോട്), ശ്രീമതി ലിന്റ അനീഷ് (മൂത്തേടം), ശ്രീമതി സിസി ബൈജു (വടക്കഞ്ചേരി), ശ്രീ എബി മോസസ് (പീച്ചി) എന്നീ 4 പേരെ മാർത്തോമ്മാ അവാർഡ് 2020 ന് അർഹരായി കണ്ടെത്തി, അവാർഡുകൾ സമ്മാനിച്ചു.

സംഘടനകൾ

സണ്ടേസ്കൂൾ: ഷാർജ്ജാ ഉൾപ്പെടെ രജിസ്റ്റർ ചെയ്ത 83 സണ്ടേസ്കൂളുകൾ നമ്മുടെ ഭദ്രാസനത്തിൽ പ്രവർത്തിക്കുന്നു. സുഗമമായ നടത്തിപ്പിനായി ഭദ്രാസന സണ്ടേസ്കൂൾ 3 ഡിസ്ട്രിക്ടുകളായും 8 സെന്ററുകളായും തിരിച്ചിരിക്കുന്നു. അഭി. ഡോ തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പാ അദ്ധ്യക്ഷനായും റവ. ബ്രസിൻ കെ. മോൻ വൈസ് പ്രസിഡന്റായും ശ്രീ. ബാബു വർഗീസ് (തൃശ്ശൂർ) സെക്രട്ടറിയായും ശ്രീ. ഇ.എസ്.വർഗീസ്(പുതുപ്പാടി) ട്രഷററായും പ്രവർത്തിക്കുന്നു. ഡിസ്ട്രിക്ട് ഓർഗനൈസർമാർ, സെന്റർ ഇൻസ്പെക്ടർമാർ, സെന്റർ സെക്രട്ടറിമാർ, ബഹുമാനപ്പെട്ട വൈദികർ, പ്രഥമ അദ്ധ്യാപകർ, അദ്ധ്യാപകർ, മറ്റു പ്രവർത്തകർ തുടങ്ങി നിരവധി ആളുകളുടെ നിർലോഭ സഹായസഹകരണങ്ങൾ ഭദ്രാസന സണ്ടേസ്ക്കൂൾ പ്രവർത്തനങ്ങൾക്ക് കരുത്തു പകരുന്നു. അപ്രതീക്ഷിതമായ കോവിഡ് രോഗ വ്യാപനം തന്നാണ്ടത്തെ വാർഷിക പൊതുയോഗം, അധ്യാപക സംഗമം, താലന്തുപരിശോധന, ദിവ്യസംഗീതോത്സവം, സെന്റർ, മേഖലാ തലങ്ങളിലുള്ള അധ്യാപക സമ്മേളനങ്ങൾ, ജൂനിയർ സീനിയർ വിദ്യാർത്ഥി ക്യാമ്പുകൾ, അഖിലലോക സണ്ടേസ്കൂൾ ദിനാഘോഷം, ഉപന്യാസ രചനാ മത്സരം എന്നിവ നടത്തുവാൻ സാധിച്ചില്ല. എന്നാൽ നമ്മുടെ അദ്ധ്യാപകർ തയ്യാറാക്കിയ പാഠങ്ങൾ ഓൺലൈനിലൂടെ പഠിപ്പിക്കുവാൻ സാധിച്ചത് വലിയ ദൈവകൃപയാണ്. സാമാജത്തിന്റെ പരീക്ഷാ കലണ്ടർ അനുസരിച്ച് വാർഷിക പരീക്ഷ മാതാപിതാക്കളുടെ സാന്നിദ്ധ്യത്തിലും, ബിരുദു പരീക്ഷ അദ്ധ്യാപരുടെ നേതൃത്വത്തിൽ പള്ളിയിൽ വച്ചും നടത്തപ്പെട്ടു. ഈ വർഷം ബിരുദ് പരീക്ഷയ്ക്ക് കേന്ദ്രതല മൂല്യനിർണ്ണയം ഇല്ലായിരുന്നു. അദ്ധ്യപക പരീക്ഷയും നടത്തി. പഠനത്തിൽ സമർത്ഥരും നിർധനരുമായ വിദ്യാർത്ഥികളെ സഹായിക്കുന്ന പദ്ധതിയിൽനിന്നും ഒരു വിദ്യാർത്ഥിനിക്ക് ബി എസ്സ് സി നേഴ്സിംഗ് പഠനത്തിന് സഹായിച്ചു.

യുവജനസഖ്യം: കോവിഡ് ബാധിതകാലം കുന്നംകുളം-മലബാർ ഭദ്രാസന യുവജനസഖ്യത്തിന്റെ മുഴുവൻ അംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് പ്രാർത്ഥനാ ചങ്ങല ക്രമീകരിച്ചു. ലോക്ഡൗൺ കാലഘട്ടത്തിൽ വയനാട് ജില്ലയിലുള്ള ഭിന്നലിംഗക്കാർക്ക് ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തു. നോമ്പുകാലത്ത് ഹോശന്നാ ഞായർ മുതൽ ഉയിർപ്പ് ഞായർ വരെയുള്ള ദിവസങ്ങളിൽ കുരിശ് നെയ്ത വിചാരങ്ങൾക്കൊപ്പം എന്ന പംക്തിയിൽ ധ്യാനചിന്തകൾ പങ്കുവച്ചു. ലോക്ഡൗൺ കാലയളവിൽ യുവജനങ്ങൾ ചെയ്ത അടുക്കളത്തോട്ടങ്ങൾ വിലയിരുത്തി അവാർഡ് നൽകി പ്രോത്സാഹിപ്പിച്ചു. തൃശൂർ എബനേസർ ശാഖാ അംഗം അലീനാ ബോബൻ അവാർഡിന് അർഹയായി. 2020 ജൂലൈ 26 ന് നടന്ന സൂം മീറ്റിംഗിൽ റവ ഡോ. മോത്തി വർക്കി (മാർത്തോമ്മാ തിയോളജിക്കൽ സെമിനാരി, കോട്ടയം) യുവജനങ്ങൾ, വിശ്വാസം, കോവിഡ് 19 എന്ന വിഷയത്തിൽ നേതൃത്വം നൽകി. റവ ഫാ. ഡേവിസ് ചിറ

മേൽ (ചെയർമാൻ, കിഡ്നി ഫൗണ്ടേഷൻ ഓഫ് ഇന്ത്യ) 2020 സെപ്റ്റംബർ 21 ന് നടത്തിയ മീറ്റിംഗിൽ നേതൃത്വം നൽകി. കോവിഡ് മഹാമാരിയുടെ മറഞ്ഞിരിക്കുന്ന നന്മ കൾഎന്ന വിഷയത്തെ ആസ്പദമാക്കി ഒരു ഉപന്യാസ മത്സരം സംഘടിപ്പിച്ചു. പാലക്കാട് സെന്റ് തോമസ് മാർത്തോമ്മാ ഇടവകാംഗം കുമാരി അഞ്ജു സൂസൻ ഒന്നാം സ്ഥാനം കരസ്ഥമാക്കി. അതിജീവനത്തിന്റെ പാഠ ങ്ങൾഎന്നവിഷയത്തെ ആസ്പദമാക്കി യുവജനങ്ങളുടെ കലാസൃഷ്ടികൾ ഉൾക്കൊള്ളിച്ച് RHEMA എന്ന പേരിൽ ഒരു കയ്യെഴുത്ത് മാസിക പ്രസിദ്ധീകരിച്ചു. ഭാഗ്യസ്മരണീ യനായ അഭി ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീ ത്തായുടെ അനുസ്മരണ സമ്മേളനം 2020 ഒക്ടോബർ 28ന് ഇടയസ്മരണയിൽഎന്നപേരിൽ നടത്തപ്പെട്ടു. അഭി ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പായോടൊപ്പം റവ. സാജു സി പാപ്പച്ചൻ, ശ്രീ സജയകുമാർ എന്നിവർ നേതൃത്വം നൽകി. പ്രാർത്ഥനയെക്കുറിച്ചുള്ള വിവരണങ്ങൾ, അനുഭ വങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് 2021 മാർച്ച് 1 മുതൽ സപ്ത ദിനധ്യാനം യു ട്യൂബിലൂടെ പങ്കുവച്ചു.ആലാപ് 2020 എന്ന കേന്ദ്ര യുവജനസഖ്യത്തിന്റെ സംഗീത പ്രോഗ്രാമിന് ഭദ്രാ സനം തുടക്കം കുറിച്ചു. കുന്നംകുളം സെന്റർ യുവജനങ്ങൾ നേതൃത്വം നൽകി. 2021 ഫെബ്രുവരി 1 -4 വരെ ഭദ്രാസന യുവജനസഖ്യത്തിന്റെ കലാമേള ഓൺലൈനിൽ ക്രമീകരിച്ചു.

സേവികാസംഘം: കോവിഡ് 19 മഹാമാരി വ്യാപനവും തുടർന്ന് ലോക്ക്ഡൗണും പ്രഖ്യാപിച്ചതിനാൽ 2019-20 ലെ വാർഷികവും പ്രതിനിധി സമ്മേളനവും 2020-21-ലെ പ്രവർത്തനോദ്ഘാടനവും നടത്തുവാൻ സാധിച്ചില്ല. എങ്കിലും പരിമിതമായ സാഹചര്യങ്ങളിൽ സെപ്റ്റംബർ 6 മുതൽ 13 വരെ സേവികാസംഘ വാരമായും സെപ്റ്റംബർ 13 സേവികാസംഘ ദിനമായും ആചരിച്ചു. സേവികാസംഘ വാരത്തിൽ എല്ലാ സെന്ററുകളിലുമുള്ള സംഘാംഗങ്ങൾക്ക് ഭവനങ്ങളിൽ ഇരുന്ന് പങ്കെടുക്കാനാവുംവിധം ചെയിൻ പ്രയർ ക്രമീകരിച്ചു. സേവികാ സംഘദിനത്തിൽ സ്ത്രീക ളുടെ നേതൃത്വത്തിൽ പ്രത്യേക ആരാധന നടത്തപ്പെട്ടു. ഭദ്രാ സനമായി ഒരു ഓൺലൈൻ മീറ്റിംഗ് ക്രമീകരിക്കുകയും സേവികാ സംഘം ജനറൽ സെക്രട്ടറി ശ്രീമതി മിനി ജോയ്സ് മുഖ്യസന്ദേശം നൽകുകയും ചെയ്തു. ഭാഗ്യസ്മ രണീയനായ അഭി ഡോ ജോസഫ് മാർത്തോമ്മാ മെത്രാ പ്പോലീത്തായുടെ നവതി ആഘോഷത്തോടനുബന്ധിച്ച് എല്ലാ ശാഖകളിലും ഫലവൃക്ഷത്തൈകൾ നടുകയുണ്ടാ യി. കേന്ദ്ര സേവികാ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 21-ന് വെർചൽ പ്ലാറ്റ്ഫോമിൽ ഒരു ക്രിസ്തുമസ്സ് കയർ ഫെസ്റ്റ് നടത്തുകയും ഭദ്രാസനത്തിലെ എല്ലാ സെന്ററുകളിൽനിന്നും മികച്ച പങ്കാളിത്തം നൽകുകയും ചെയ്തു. 68-ാമത് ഭദ്രാസന കൺവൻഷനോടനുബന്ധിച്ച് 2021 ജനു വരി 29 വെള്ളിയാഴ്ച സേവികാസംഘ സമ്മേളനം ചുങ്ക ത്തറ ശാലേം മാർത്തോമ്മാ പള്ളിയിൽ നടത്തി. റവ ഏ റ്റി സഖറിയാ മുഖ്യ പ്രഭാഷണം നിർവ്വഹിച്ചു.

സന്നദ്ധ സുവിശേഷക സംഘം: മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘത്തിന്റെ ഏഴിന പരിപാടികളായ മദ്ധ്യസ്ഥ പ്രാർത്ഥന, വേദപുസ്തക പഠനം, അനുഭവം പങ്കി ടൽ, ഭവന സന്ദർശനം, രോഗികളെയും ആവശ്യത്തിലിരി ക്കുന്നവരെയും സഹായിക്കുക, പ്രാർത്ഥനാ യോഗങ്ങൾ ക്രമീകരിക്കുക, ഇതര വിശ്വാസികളുടെ മദ്ധ്യത്തിലുള്ള സുവിശേഷ പ്രവർത്തനം എന്നിവയ്ക്ക് മുൻഗണന നൽകി വിവിധ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നു. എന്നാൽ കോവിഡ് 19 മഹാമാരിയുടെ വ്യാപനത്താൽ 2020-21 കാല ഘട്ടത്തിൽ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുകയും പകരം സൂം പ്ലാറ്റ്ഫോമിൽ ചുവടെ ചേർത്തിരിക്കുന്ന പരി പാടികൾ ക്രമീകരിക്കുകയും ചെയ്തു. 2020 ഒക്ടോബർ 4 ഞായറാഴ്ച സംഘവാരത്തോടനുബന്ധിച്ച് ധ്യാനയോഗം ക്രമീകരിച്ചു. അഭി ഡോ തോമസ് മാർ തീത്തോസ് എപ്പി സ്ക്കോപ്പാ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ റവ ഷാജി തോമസ് (ആലുവ) മുഖ്യസന്ദേശം നൽകി. 2020 ഒക്ടോ ബർ 25 ഞായറാഴ്ച ക്രിസ്തീയ കുടുംബ സമ്മേളനം ക്രമീ കരിച്ചു. അഭി. തിരുമേനി അദ്ധ്യക്ഷനായ യോഗത്തിൽ പ്രശസ്ത ഫാമിലി കൗൺസിലർ ഫാ ഡോ. ഓ തോമസ് (റിട്ട. പ്രിൻസിപ്പൽ, ഓർത്തഡോക്സ് സെമിനാരി) മുഖ്യ സന്ദേശം നൽകി. 2020 ഡിസംബർ 13 ഞായറാഴ്ച ക്രിസ്തു മസ്സ് സംഗമം ക്രമീകരിച്ചു. റവ ഏ റ്റി സഖറിയാ(മൈലപ്ര) മുഖ്യസന്ദേശം നൽകി. 2021 ജനുവരി 3 ഞായർ, 17 ഞായർ എന്നീ ദിവസങ്ങളിൽ ഭദ്രാസന തലത്തിൽ ഉണർവ്വ് യോഗ ങ്ങൾ ക്രമീകരിച്ചു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ

1. മാർത്തോമ്മാ ഹയർ സെക്കണ്ടറി സ്കൂൾ, ചുങ്കത്തറ: ഒന്നു മുതൽ പത്തു വരെയുള്ള ക്ലാസുകളിലായി 2152 വിദ്യാർത്ഥി വിദ്യാർത്ഥിനികൾ അഭ്യസനം നടത്തി. കോവി ഡ്-19 വ്യാപനകാലം ഓൺലൈൻ പഠനോപകരണങ്ങളി ല്ലാത്ത എല്ലാ വിദ്യാർത്ഥികൾക്കും പഠനോപകരണങ്ങൾ ലഭ്യമാക്കി. തുടർന്ന് വിക്ടേഴ്സ് ചാനലിലെ ക്ലാസു കൾക്കൊപ്പം സ്കൂൾ ടൈംടേബിൾപ്രകാരം ഓൺലൈൻ ക്ലാസുകൾ ക്രമീകരിച്ചു. അദ്ധ്യാപകരും രക്ഷിതാക്കളും കുട്ടികളും തമ്മിൽ 20 വാട്ട്സ് ആപ്പ് വീഡിയോ കോൺഫ റൻസുകൾ ക്രമീകരിച്ചു. 2021 ജനുവരി 1 മുതൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പ്ലസ് ടു ക്ലാസുകൾ ക്രമീകരിച്ചു. പാഠ്യ-പാഠ്യേതര വിഷയങ്ങളോടൊപ്പം നേതൃപാടവം, വ്യക്തിത്വ വികസനം, അച്ചടക്കം എന്നിവ വളർത്തുന്നതിനും പരിശീലനം നൽകിവരുന്നു. ലഹരിവിരുദ്ധ ക്ലാസിലൂടെ ലഹരിവിരുദ്ധസന്ദേശവും, സാന്ത്വനംക്ലബ്ബിലൂടെ സാമൂഹ്യ ബോധവും സേവന തൽപ്പരതയും പകരുന്നു. 2018, 2019 വർഷങ്ങളിലെ പ്രളയക്കെടുതിയിൽ ഭവനം നഷ്ടമായ മുഴു വൻ വിദ്യാർത്ഥികൾക്കും പലരുടെ സഹായങ്ങളാൽ ഭവനം നിർമ്മിച്ചു നൽകി. എസ് എസ് എൽ സി വിദ്യാർത്ഥിക ളിൽ നിന്ന് 38 വിദ്യാർത്ഥികൾ രാജ്യപുരസ്ക്കാറിന് അർഹ രായി. കേന്ദ്രസർക്കാരിന്റെ 20 ലക്ഷം രൂപയുടെ പ്രോജ ക്ടായ റോബോട്ടിക് ലാബിന്റെ നിർമ്മാണം പുരോഗമിക്കു ന്നു. 2020 മാർച്ച് മാസം എഴുതിയ എസ് എസ് എൽ സി പരീക്ഷയിൽ 390 വിദ്യാർത്ഥികൾ പരീക്ഷയെഴുതി വിജയ ശതമാനം 98.2. 60 വിദ്യാർത്ഥികൾക്ക് എല്ലാ വിഷയങ്ങൾക്കും A+ ലഭിച്ചു, 18 വിദ്യാർത്ഥികൾക്ക് 9 വിഷയങ്ങൾക്ക് A+ ലഭിച്ചു. 2020 മാർച്ച് - ഏപ്രിൽ മാസങ്ങളിൽ നടത്തിയ പ്ലസ് ടു വിഭാഗം പരീക്ഷയിൽ 85% വിജയം നേടി. കോമേഴ്സ് വിഭാഗത്തിൽ 88% വും, ഹ്യുമാനിറ്റീസിൽ 62% വും സയൻസിൽ 2 പേരും കൊമേഴ്സിൽ 4 പേരും ഹ്യുമാ നിറ്റീസിൽ 2 പേരും എല്ലാ വിഷയങ്ങളിലും A+ കരസ്ഥമാക്കി.

2.സെന്റ് തോമസ് ഹൈസ്കൂൾ, ചുള്ളിയോട്: 15 വർഷമായി വയനാട് ജില്ലയിലെ വിദ്യാഭ്യാസ മേഖലയിൽ മികച്ച നേട്ടങ്ങൾ കൈവരിച്ചു മുന്നേറുന്ന വിദ്യാഭ്യാസ സ്ഥാപന മാണ് സെന്റ് തോമസ് ഹൈസ്കൂൾ, ചുള്ളിയോട്. മാർ ത്തോമ്മാ സഭയുടെ യശസ്സുയർത്തിക്കൊണ്ട് നിർധനരായ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് മികച്ച ഇംഗ്ലീഷ് വിദ്യാ ഭ്യാസം നൽകിവരുന്ന സ്ഥാപനത്തിൽ 20 അദ്ധ്യാപകരും 7 അനദ്ധ്യാപകരും ആത്മാർത്ഥമായി സേവനം അനുഷ്ഠി ക്കുന്നു. 426 കുട്ടികൾ അഭ്യസനം നടത്തുന്ന സ്കൂൾ ഐ.സി.എസ്സ്.ഇ. (sI.C.154) അംഗീകാരമുള്ള വയനാട് ജില്ലയിലെ 4 സ്കൂളുകളിൽ ഒന്നാണ്. 2018-19 അദ്ധ്യയന വർഷം 10-ാം ക്ലാസ് പരീക്ഷ എഴുതിയ മുഴുവൻ വിദ്യാർത്ഥി കളും 70% മുകളിൽ മാർക്ക് നേടി വിജയിച്ചു എന്നത് അഭിമാനകരമായ നേട്ടമാണ്. പഠനത്തോടൊപ്പം കുട്ടി കളിലെ കലാ-കായിക വാസനകൾ പരിപോഷിപ്പിക്കുന്ന വിവിധ പദ്ധതികളും നടപ്പിലാക്കി വരുന്നു.

3. സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, പൊന്നാനി: 1995-ൽ ഒരു പ്ലേസ്കൂളായി പൊന്നാനിയിൽ ആരംഭിച്ച വിദ്യാഭ്യാസ സ്ഥാപനം ഇന്ന് ഒന്നു മുതൽ നാലു വരെയുള്ള ക്ലാസുകളിൽ 301 വിദ്യാർത്ഥികളുള്ള മികച്ച എൽ.പി സ്കൂളായി സേവനം കാഴ്ചവയ്ക്കുന്നു. പഠനത്തോടൊപ്പം കലാ-കായിക പരിശീലനം, സാന്മാർഗിക വിദ്യാഭ്യാസം എന്നിവയും നൽകിവരുന്നു. കുട്ടികളിൽ വായനാശീലം വളർത്തുവാൻ വായനശാല പ്രവർത്തിക്കുന്നു. ശ്രീ.

പി.എൻ. പണിക്കരുടെ ചരമദിനമായ ജൂൺ 19-ന് വായനാ ദിനമായും 19 മുതൽ 26 വരെ വായനാവാരമായും ആചരിച്ചു. കൂടാതെ സ്വാതന്ത്ര്യദിനം, ഗാന്ധി ജയന്തി, ക്രിസ്തുമസ് എന്നീ ദിനങ്ങളും സമുചിതമായി ആചരിച്ചു. കുട്ടികളിലെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുവാൻ സെന്റ് തോമസ് ബാലജനസഖ്യം പ്രവർത്തിക്കുന്നു. 2019 മാർച്ച് 15-ന് പൊന്നാനി മാസ് ഓഡിറ്റോറിയത്തിൽ സ്കൂൾ വാർഷികം നടത്തപ്പെട്ടു.

4. മാർത്തോമ്മാ കോളേജ് ഓഫ് സ്പെഷ്യൽ എഡ്യൂക്കേഷൻ, ബദിയടുക്ക: റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെയും കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & സയൻസിന്റെയും അംഗീകാരത്തോടെ കേൾവി, സംസാര വൈകല്യം നേരിടുന്നവരുടെ പുനരധിവാസാർത്ഥം ഓഡിയോളജിസ്റ്റ്, സ്പീച്ച് ലാംഗ്വേജ് പതോളജിസ്റ്റ് തുടങ്ങിയവരെ വാർത്തെടുക്കുന്ന സഭയുടെ സ്ഥാപനമാണ് മാർത്തോമ്മാ കോളേജ് ഓഫ് സ്പെഷ്യൽ എഡ്യൂക്കേഷൻ. 2003-ൽ സ്ഥാപിതമായ ഈ സ്ഥാപനത്തിൽ ബാച്ച്ലർ ഇൻ ഓഡിയോളജി ആന്റ് സ്പീച്ച് ലാംഗ്വേജ് പതോളജി (ബി.എ.എസ്. എൽ.പി) കോഴ്സിനു പുറമെ 2011-ൽ മാസ്റ്റർ ഇൻ ഓഡിയോ ളജി ആന്റ് ലാംഗ്വേജ് പതോളജി (എം.എ.എസ്.എൽ.പി) ബിരുദാനന്തര ബിരുദ പഠനസൗകര്യവും സജ്ജമാക്കി. ഒന്നര പതിറ്റാണ്ടു കാലത്തെ പ്രശംസനീയമായ പാഠ്യപാഠ്യേതര സജ്ജീകരണങ്ങളോടെ 500-ൽ അധികം വിദ്യാർത്ഥി വിദ്യാർത്ഥിനികളെ പരിശീലിപ്പിക്കുവാൻ സാധിച്ചത് അഭിമാനകരമായ നേട്ടമാണ്. കാസർഗോഡ് നിന്നും 20 കി.മീ അകലെ പ്രകൃതിരമണീയമായ ക്യാമ്പസിൽ പ്രവർത്തിക്കുന്ന ഈ വിദ്യാഭ്യാസ സ്ഥാപനം ചെർക്കളയിലുള്ള ക്ലിനിക്കിലൂടെ സാമൂഹ്യസേവനവും നൽകുന്നു.

5. മാർത്തോമ്മാ ബധിരവിദ്യാലയം, ചെർക്കള: അന്താരാഷ്ട്ര വികലാംഗ വർഷമായി ആചരിച്ച 1981-ൽ പ്രവർത്തനമാരംഭിച്ച മാർത്തോമ്മാ ബധിര വിദ്യാലയം റൂബി ജൂബിലി വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. മാർത്തോമ്മാ സഭയുടെ കുന്നംകുളം-മലബാർ ഭദ്രാസനത്തിന്റെ ചുമതലയിൽ നടത്തപ്പെടുന്ന ഈ സ്ഥാപനത്തിൽ നിന്നും നാനൂറിലധികം വിദ്യാർത്ഥികൾ പഠനം പൂർത്തീകരിച്ച് വിവിധ മേഖലകളിൽ പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ ഒന്നു മുതൽ 10 വരെ ക്ലാസുകളിൽ 67 വിദ്യാർത്ഥികളും ഹയർ സെക്കൻഡറിയിൽ 12 വിദ്യാർത്ഥികളും അദ്ധ്യയനം നടത്തുന്നു. 15 അധ്യാപകരും 11 അനധ്യാപകരും ഇവിടെ സേവനമനുഷ്ഠിക്കുന്നു. ഹയർ സെക്കൻഡറിയിൽ കൊമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സ് ആണ് നിലവിലുള്ളത്. 1 മുതൽ 10 വരെ ക്ലാസുകൾക്ക് 2005 ൽ എയ്ഡഡ് പദവി ലഭിച്ചു. കോവിഡ് 19 മഹാമാരമൂലം സ്കൂൾ തുറന്ന് പ്രവർത്തിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ വീഡിയോ ക്ലാസ്സുകൾ ക്രമീകരിച്ചു. ജനുവരി മാസം ആദ്യവാരത്തിൽ എസ്.എസ്.എൽ.സി., പ്ലസ് ടു കുട്ടികൾക്ക് ക്ലാസുകൾ ആരംഭിക്കുകയും കോവിഡ് ടേസ്റ്റിന് ശേഷം കുട്ടികളെ ഹോസ്റ്റലിൽ താമസിപ്പിക്കുകയും ചെയ്തു.

6. മാർത്തോമ്മാ കോളേജ്, ചുങ്കത്തറ: മലബാറിലെ വിദ്യാഭ്യാസ സാംസ്ക്കാരിക രംഗത്തിന്റെ വളർച്ചയ്ക്കും പുരോഗതിക്കും നിർണ്ണായക ചാലകമായി പ്രവർത്തിക്കുന്ന ചുങ്കത്തറ മാർത്തോമ്മാ കോളേജ് ദാർശനീകനും വിശ്വാസധീരനുമായ അഭിവന്ദ്യ.ഈശോ മാർ തിമോഥിയോസ് എപ്പിസ്കോപ്പായുടെ ദീർഘവീക്ഷണത്തിൽ 1981 ഒക്ടോബർ 28-ന് സ്ഥാപിതമായതാണ്. ബോട്ടണി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 5 ദിവസത്തെ ദേശീയ വെബിനാർ സംഘടിപ്പിച്ചു. റിസർച്ച് ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സിന്റെ ആഭിമുഖ്യത്തിൽ റിസർച്ച് മെത്തഡോളജി എന്ന വിഷയത്തിൽ സപ്തദിന ദേശീയ ശിൽപ്പശാല സംഘടിപ്പിച്ചു. ഇക്കണോമിക്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നാല് ദേശീയ വെബിനാറുകൾ നടത്തി. കെമിസ്ട്രി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നാലു ദിവസത്തെ അന്തർ ദേശീയ സെമിനാർ നടത്തി. കൊമേഴ്സ് - ബിബിഎ പഠന വിഭാഗങ്ങളുടയും ഇ.ഡി ക്ലബ്ബിന്റെയും ആഭിമുഖ്യത്തിൽ സപ്തദിന സംരംഭകത്വ ശിൽപ്പശാല സംഘടിപ്പിച്ചു. മൂന്ന് കരിയർ ഗൈഡൻസ് സെമിനാർ സംഘടിപ്പിച്ചു. വിദ്യാഭ്യാസം ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ എന്ന വിഷയത്തിൽ ഏകദിന ശിൽപ്പശാല സംഘടിപ്പിച്ചു. ഐ.ക്യു.എ.സി - യു.ജി.സി - സി.എ.എസ് ദേശീയ വെബിനാർ സംഘടിപ്പിച്ചു. വനിതാ സെല്ലിന്റെ ആഭിമുഖ്യത്തിൽ സൈബർ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് വെബിനാർ സംഘടിപ്പിച്ചു. കായിക പഠന വിഭാഗത്തിന്റെ നേതൃത്വത്തിൽ കോവിഡും ആരോഗ്യപരിപാലനവുംഎന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. പാലിയേറ്റീവ് ദിനാഘോഷം സംഘടിപ്പിച്ചു. എൻ.എസ്.എസ്സിന്റെയും ഐ.ക്യു.എ.സിയുടെയും ആഭിമുഖ്യത്തിൽ വിവിധ കോളേജുകളിലെ എൻഎഎസ്എസ് പ്രോഗ്രാം ഓഫീസർമാർക്കായി പബ്ലിക്ക് ഫിനാൻസ് മാനേജ്മെന്റ് സിസ്റ്റം എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു.

കാലിക്കറ്റ് സർവ്വകലാശാല എം.എ ഇക്കണോമിക്സ് പരീക്ഷയിൽ ഫാത്തിമ സുഹ്റ എട്ടാം റാങ്ക് നേടി. ഫിസിക്സ് -84.90%, ബികോം-80%, എംകോം-100%, ബി.എ-60%, എം.എ-93%, ബോട്ടണി 69.6% കെമിസ്ട്രി-61%, മാത്തമാറ്റിക്സ് -91%, ബിബിഎ -60%, കമ്പ്യൂട്ടർ സയൻസ് -63% വിഷ്ണു പ്രസാദ് സംസ്ഥാന തലത്തിലെ മികച്ച എൻഎസ്എസ് വോളന്റിയർ അവാർഡ് നേടി. പ്രവിത.പി കാലിക്കറ്റ് സർവ്വകലാശാല തലത്തിലെ മികച്ച എൻഎസ്എസ് വോളന്റിയർ അവാർഡ് നേടി. റൂസ 2.0 പദ്ധതിയുടെ ഭാഗമായി അനുവദിച്ച 2 കോടി രൂപ ഉപയോഗിച്ച് വിവിധ നിർമ്മാണ- നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം 2020 നവംബർ 7-ന് കോളേജ് മാനേജർ അഭിവന്ദ്യ ഡോ.തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പാ ഉദ്ഘാടനം ചെയ്തു.

7. മാർത്തോമ്മാ കോളേജ് ഫോർ ഹിയറിംഗ് ഇംപയേർഡ്, കാസർഗോഡ്: സംസാര- ശ്രവണ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ഉപരിപഠനത്തിനായി ഉത്തര മലബാർ മേഖലയിൽ 2013-ൽ മാർത്തോമ്മാ സഭയുടെ കുന്നംകുളം- മലബാർ ഭദ്രാസനം തുടക്കം കുറിച്ച മാർത്തോമ്മാ കോളേജ് ഫോർ ഹിയറിംഗ് ഇംപയേർഡ് പ്രവർത്തനപന്ഥാവിൽ 6 വർഷങ്ങൾ പിന്നിടുന്നു. പ്രാരംഭത്തിൽ ബി.കോം (കമ്പ്യൂട്ടർആപ്ലിക്കേഷൻ) കോഴ്സോടെ ആരംഭിച്ച സ്ഥാപനം, പെൺകുട്ടികളുടെ ഉപരിപഠനത്തിന് ഊന്നൽ നൽകിക്കൊണ്ട് 2020-21 പെൺകുട്ടികൾക്ക് മാത്രമായി ബി കോം (ഫിനാൻസ്) കോഴ്സ് ആരംഭിച്ചു. വിദ്യർത്ഥികൾക്ക് പഠനത്തോടൊപ്പം പാഠ്യേതര വിഷയങ്ങളിൽ പ്രോത്സാഹനവും നിർദ്ദേശങ്ങളും നൽകിവരുന്നു. പൊതു വിശേഷദിവസങ്ങളും മത ആഘോഷദിനങ്ങളും സമുചിതമായി ആഘോഷിക്കുന്നു.

8. മാർത്തോമ്മാ ഐ.റ്റി.ഐ, ബദിയടുക്ക: ചെർക്കള മാർത്തോമ്മാ ബധിര വിദ്യാലയത്തിന്റെ പുനരധിവാസ പദ്ധതിയുടെ ഭാഗമായി 1996-ൽ ആരംഭിച്ച ഐ.റ്റി.ഐ-യിൽ 2001 മുതൽ എൻ.സി.വി.റ്റി ദ്വിവത്സര ഇലക്ട്രീഷൻ കോഴ്സ് ആരംഭിക്കുകയും പ്രവേശനം നടത്തിവരികയും ചെയ്യുന്നു. റിപ്പോർട്ട് വർഷം കോവിഡ് 19 വ്യാപനം കാരണം പുതിയ അഡ്മിഷൻ നടത്തിയില്ല എന്നാൽ 13 രണ്ടാം വർഷ വിദ്യാർത്ഥികൾ പരിശീലനം നടത്തി. സാങ്കേതിക വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന ഈ സ്ഥാപനം നിർധനരായ അനേക വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുന്നു. ഈ സ്ഥാപനം കുന്നംകുളം-മലബാർ ഭദ്രാസനത്തിന്റെ രജിസ്റ്റേർഡ് ഏജൻസിയായ സേർച്ചിന്റെ കീഴിൽ പ്രവർത്തിക്കുന്നു.

37. മാർത്തോമ്മാ എഡ്യൂക്കേഷണൽ സൊസൈറ്റി, ഗൂഡല്ലൂർ: ഗൂഡല്ലൂർ മാർത്തോമ്മാ എഡ്യൂക്കേഷൻ സൊസൈറ്റിയുടെ കീഴിൽ സെന്റ് തോമസ് ഇംഗ്ലീഷ് ഹൈസ്കൂൾ, സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ (ഇംഗ്ലീഷ് മീഡിയം), സെന്റ് തോമസ് ഹൈസ്കൂൾ (മലയാളം മീഡിയം), സെന്റ് തോമസ് പ്രൈമറി സ്കൂൾ (മലയാളം മീഡിയം) എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ 1874 വിദ്യാർത്ഥികൾ അഭ്യസനം നടത്തുന്നു.

തമിഴ്നാട് സംസ്ഥാനത്ത് ഏറ്റവും മികച്ച രീതിയിൽ ഈ സ്ഥാപനം നിൽക്കുന്നു എന്നത് അഭിമാനിക്കത്തക്കതാണ്. മാത്രവുമല്ല സമൂഹത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന അനേകം സ്ത്രീകൾക്കും യുവതികൾക്കും പ്രയോജന പ്രദമായി ഒരു തയ്യൽ സ്കൂൾ പ്രവർത്തിക്കുന്നു. 2019-20 അദ്ധ്യയനവർഷം സെന്റ് തോമസ് ഇംഗ്ലീഷ് ഹൈസ്കൂളിൽ പരീക്ഷ എഴുതിയ 52 കുട്ടികളിൽ 13 പേർ ഡിസ്റ്റിംഗ്ഷനും 36 കുട്ടികൾ ഫസ്റ്റ് ക്ലാസും 3 കുട്ടികൾ സെക്കൻഡ് ക്ലാസുമായി 100% വിജയം കൈവരിച്ചത് അഭിമാനിക്കാവുന്നതാണ്. ഹയർ സെക്കൻഡറി പ്ലസ്വൺ വിഭാഗത്തിലും 100% വിജയം കൈവരിച്ചു.

സ്റ്റുഡന്റ്സ് മിനിസ്ട്രി

മാർത്തോമ്മാ യൂത്ത് സെന്റർ, തേഞ്ഞിപ്പലം: കുന്നംകുളം-മലബാർ ഭദ്രാസനത്തിലെ വിദ്യാർത്ഥികളുടെ ഇടയിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് ആരംഭിച്ച സ്റ്റുഡന്റ്സ് മിനിസ്ട്രി, കോഴിക്കോട് യൂത്ത് സെന്റർ കേന്ദ്രീകരിച്ച് നടന്നുവരുന്നു. കോഴിക്കോട്, തൃശ്ശൂർ എന്നീ നഗരങ്ങളിലെ എഞ്ചിനീയറിംഗ്, മെഡിക്കൽ വിദ്യാർത്ഥികൾക്കായി ക്യാമ്പസ് കൂട്ടായ്മകൾ, വ്യക്തിഗത കൗൺസിലിംഗ്, റിട്രീറ്റുകൾ, കരിയർ ഗൈഡൻസ്, പ്രീ-മാരിറ്റൽ കൗൺസിലിംഗ്, ധ്യാനയോഗങ്ങൾ, സ്റ്റഡിക്ലാസുകൾ എന്നിവ നടത്തപ്പെടുന്നു. പഠനത്തിനായി കോഴിക്കോട് എത്തുന്ന വിദ്യാർത്ഥികൾക്കായി താമസ സൗകര്യം മാർത്തോമ്മാ യൂത്ത് സെന്ററിൽ നൽകപ്പെടുന്നു.

42. ആതുര ശുശ്രൂഷ

1. മാർത്തോമ്മാ മിഷൻ ഹോസ്പിറ്റൽ, ചുങ്കത്തറ: അഭിവന്ദ്യരായ യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ, മാത്യൂസ് മാർ അത്താനാസിയോസ് എപ്പിസ്ക്കോപ്പാ എന്നീ തിരുമേനിമാരുടെ എപ്പിസ്ക്കോപ്പൽ സ്ഥാനാരോഹണ രജത ജൂബിലി സ്മാരകമായി 1966-ൽ പ്രവർത്തനം ആരംഭിച്ച ചുങ്കത്തറ മാർത്തോമ്മാ ആശുപത്രി ഇപ്പോൾ മാർത്തോമ്മാ മെഡിക്കൽ മിഷന്റെ ചുമതലയിൽ പ്രവർത്തിക്കുന്നു. മൂന്നു ഡോക്ടർമാർ ഉൾപ്പെടെ 38 ജീവനക്കാർ വിവിധ വിഭാഗങ്ങളിലായി സേവനം ചെയ്യുന്നു. റിപ്പോർട്ട് വർഷത്തിൽ ഒ.പി. വിഭാഗത്തിൽ 19647 രോഗികളും ഇൻപേഷ്യന്റ് വിഭാഗത്തിൽ 483 പേരും ചികിത്സ തേടി. ആശുപത്രിയിൽ പ്രവർത്തിക്കുന്ന ഡയാലിസിസ് സെന്ററിൽ 4 ഡയാലിസിസ് മെഷീനുകൾ ഉപയോഗിച്ച് ഈ വർഷം 2725 ഡയാലിസിസ് നടത്തി. ഒരു ഡയാലിസിസിന് 650 രൂപ മാത്രമാണ് ഈടാക്കുന്നത് ബാക്കി വേണ്ടിവരുന്ന തുക നമ്മുടെ സഭാംഗങ്ങളുടെയും മറ്റും സ്പോൺസർഷിപ്പിലൂടെ കണ്ടെത്താൻ ശ്രമിക്കുന്നു. ഭദ്രാസന എപ്പിസ്ക്കോപ്പാ അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തോസ് തിരുമേനി ചെയർമാനായുള്ള ഹോസ്പിറ്റൽ അഡ്വൈസറി കമ്മിറ്റി ആശുപത്രിയുടെ പൊതു പ്രവർത്തന ചുമതല നിർവഹിക്കുന്നു.

2. ബി.എ.ജെ.എം. ഹോസ്പിറ്റൽ, കുഴൽമന്ദം: കുഴൽമന്ദം പ്രദേശത്ത് ആതുരശുശ്രൂഷ നൽകുവാൻ 1945-ൽ സ്ഥാപിതമായ ആശുപത്രിയാണ് ബിഷപ്പ് ഏബ്രഹാം ജൂബിലി മെമ്മോറിയൽ ആശുപത്രി. റിപ്പോർട്ടുവർഷം ഒ.പി. വിഭാഗം പ്രവർത്തിച്ചു. ഡോ. അഞ്ജു സൂസൻ അലക്സാണ്ടർ എന്നിവർ സേവനം അനുഷ്ഠിക്കുന്നു. ഷോളയൂർ ദർശന ഡീ അഡിക്ഷൻ സെന്റർ ക്യാമ്പുകളിലും ഇരുവരുടെയും സേവനം ലഭിക്കുന്നു. ആശുപത്രിയോടുചേർന്നു പ്രവർത്തിക്കുന്ന സാന്ത്വന പരിചരണ വിഭാഗത്തിൽ രണ്ട് ശയ്യാവലംബികളായ രോഗികൾക്ക് ശുശ്രൂഷ നൽകുന്നു. സമീപ പ്രദേശങ്ങളിലെ ശയ്യാവലംബികളായ രോഗികളെ സന്ദർശിച്ച് സാന്ത്വനപരിചരണവും മറ്റു സഹായങ്ങളും നൽകുന്നു. നിർധനരായ രോഗികൾക്ക് സൗജന്യമായ ആംബുലൻസ് സേവനം നൽകിവരുന്നു. ആശുപത്രി സൗകര്യങ്ങൾ കൂടുതൽ ഫലകരമായി ഉപയോഗിക്കുന്നതിന്റെ ഭാഗമായി; കോയമ്പത്തൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന സഹായ്എന്ന ട്രസ്റ്റിന്റെ സഹകരണത്തോടെ നട്ടെല്ലിന് തകരാർ സംഭവിച്ച രോഗികൾക്കായി സ്പൈനൽ റീഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള ഒരുക്കങ്ങൾ കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പുരോഗമനം തടസ്സപ്പെട്ടിരിക്കുന്നു.

43. ഹോസ്പിറ്റൽ ഗൈഡൻസ് സെന്റർ

1. മാർത്തോമ്മാ ഹോസ്പിറ്റൽ ഗൈഡൻസ് സെന്റർ, ചേവായൂർ: കുന്നംകുളം - മലബാർ ഭദ്രാസനത്തിന്റെ ആതുര സേവനത്തിന്റെയും സാമൂഹ്യ പ്രതിബദ്ധതയുടെയും ഭാഗമായി മെഡിക്കൽ കോളേജിന് സമീപം തുടക്കംകുറിച്ച മാർത്തോമ്മാ ഹോസ്പിറ്റൽ ഗൈഡൻസ് സെന്റർ പ്രവർത്തനസരണിയിൽ 14-ാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നും ഗൈഡൻസ് സെന്ററിനു സമീപെയുള്ള ആശുപത്രികളിൽനിന്നും വരുന്ന രോഗികൾക്കും പരിചാരകർക്കും താമസിക്കുവാനുള്ള മുറികൾ, ഭക്ഷണം പാകം ചെയ്യുന്നതിനാവശ്യമായ അടുക്കളകൾ, ആരാധനയ്ക്കായി ചാപ്പൽ, വാഹനസൗകര്യം എന്നിവ കോഴിക്കോട് മാർത്തോമ്മാ ഗൈഡൻസ് സെന്ററിന്റെ പ്രത്യേകതകളാണ്. റിപ്പോർട്ട് വർഷം രോഗികളുൾപ്പെടെ 100ൽ അധികം പേർക്ക് ഗൈഡൻസ് സെന്റർ അഭയം നല്കി. കോവിഡ് 19 ന്റെ പശ്ചാത്തലത്തിലും 2020 ആഗസ്റ്റ് മാസംവരെ സെന്ററിൽ രോഗികളെ താമസിപ്പിച്ചു. പെയിൻ & പാലിയേറ്റീവ് പ്രവർത്തനം, വിവിധ ആശുപത്രികളിൽ രോഗീസന്ദർശനം, നിർധനരായ രോഗികൾക്കും ഭിന്നശേഷിക്കാർക്കും പോഷകാഹാരക്കിറ്റ് വിതരണം,എല്ലാ ദിവസവും ഉച്ചയ്ക്കും വൈകുന്നേരവും രോഗികൾക്കും പരിചാരകർക്കും സൗജന്യ ഭക്ഷണവിതരണം എന്നിവ ഈ സ്ഥാപനത്തിന്റെ എന്നിവ സെന്ററിന്റെ പ്രധാന പ്രവർത്തനങ്ങളാണ്. ലുക്കീമിയ വന്ന 5 വയസ്സിനു താഴെയുള്ള കുഞ്ഞുങ്ങൾക്ക് സൗജന്യമായി താമസിക്കുന്നതിനുള്ള സൗകര്യം നൽകുന്നു. ക്യാൻസറിനു റേഡിയേഷൻ എടുക്കുന്നവർ, ഡയാലിസിസ് ചെയ്യുന്നവർ, കിഡ്നി മാറ്റിവെയ്ക്കപ്പെട്ടവർ, ഹൃദയ ശസ്ത്രക്രിയ കഴിയുന്നവർ, ഹീമോഫീലിയ അസുഖമുള്ളവർ എന്നിവർ ഈ സ്ഥാപനത്തിൽ വന്ന് താമസിക്കുകയും ശുശ്രൂഷകൾ സ്വീകരിക്കുകയും ചെയ്തു. വൈകുന്നേരങ്ങളിൽ രോഗികൾക്കും അവരുടെ പരിചാരകർക്കും സൗജന്യഭക്ഷണം സെന്ററിൽനിന്നും നൽകുന്നു. 2019 ജനുവരി മുതൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ലുക്കീമിയ ബാധിച്ച കുട്ടികൾക്കും കൂട്ടിരിപ്പുകാർക്കും പ്രഭാതഭക്ഷണം നൽകുന്നു. ഭിന്നശേഷിക്കാർക്കായി പ്രത്യേക വരുമാന വർദ്ധന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു.

2. മാർത്തോമ്മാ ദിവ്യാ നികേതൻ, പരിയാരം: പരിയാരം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ദിവ്യാ നികേതൻ മാർത്തോമ്മാ ഗൈഡൻസ് സെന്റർ പ്രവർത്തനപഥത്തിൽ 17 വർഷം പിന്നിടുന്നു. ഡയാലിസിസിനു വിധേയരാകു ന്നവർ, ക്യാൻസർ രോഗികൾ എന്നിവർക്ക് പ്രത്യേക പരിചരണം നൽകിവരുന്നു. ഈ സെന്ററിൽ നടക്കുന്ന പെയിൻ & പാലിയേറ്റിവിന്റെ പ്രവർത്തനങ്ങൾ അനേക രോഗികൾക്ക് ആശ്വാസമാണ്. പാവപ്പെട്ട രോഗികൾക്കുള്ള ആതുര സഹായം, ഭക്ഷണ വിതരണം, ആശുപത്രി സന്ദർശനം, കൗൺസിലിംഗ് എന്നിവ നടത്തപ്പെടുന്നു. സാന്ത്വന പരിചരണരംഗത്ത് ശയ്യാവലംബികളായ രോഗികൾക്ക് ഭവനങ്ങളിലെത്തി ശുശ്രൂഷ നൽകുന്നു. സെന്ററിന്റെ ആഭിമുഖ്യത്തിൽ രണ്ട് എ.എ. കൂട്ടായ്മകൾ നടത്തപ്പെടുന്നു.

ലഹരി വിമോചന പ്രവർത്തനങ്ങൾ

1. ഭദ്രാസന ഡി-അഡിക്ഷൻ മിനിസ്ട്രി: 1994 മുതൽ കുന്നംകുളം-മലബാർ ഭദ്രാസനത്തിലെ തൃശൂർ മുതൽ നെടുവാളൂർ വരെയുള്ള സെന്ററുകളിലെ ലഹരി വിമോചന പ്രവർത്തനങ്ങൾക്ക് മുക്തി & ദർശന ഡി-അഡിക്ഷൻ സെന്ററുകൾ നേതൃത്വം നൽകുന്നു. രണ്ട് ചികിത്സാ കേന്ദ്രങ്ങൾ കൂടാതെ 8 സബ് സെന്ററുകളും പ്രവർത്തി ക്കുന്നു. റിപ്പോർട്ട് വർഷത്തിൽ പൊതുയോഗങ്ങളും കുടുംബ സംഗമങ്ങളും എ.എ. വാർഷിക യോഗങ്ങളും വിദ്യാലയങ്ങളിലും കലാലയങ്ങളിലും ലഹരി വിരുദ്ധ ബോധവൽക്കരണ ക്യാമ്പുകളും സംഘടിപ്പിച്ചു. മദ്യാസ ക്തരുടെ കുടുംബങ്ങളെ കരുതുന്നതിനായി പ്രത്യേക മീറ്റിംഗുകൾ ക്രമീകരിച്ചുവരുന്നു. ഭദ്രാസനത്തെ ലഹരി മുക്തമാക്കുവാൻ

ഇടവക, സെന്റർ, ഭദ്രാസന തലങ്ങളിൽ ലഹരിവിമോചന സമിതികൾ രൂപീകരിച്ച് ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു.

2. മുക്തി ഡി-അഡിക്ഷൻ സെന്റർ, നടവയൽ: 16 വർഷമായി വയനാട്ടിലെ നടവയൽ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മുക്തി ഡി-അഡിക്ഷൻ സെന്റർ സഭയുടെയും സമൂഹത്തിന്റെയും ഭാഗമായി കഴിഞ്ഞിരിക്കുന്നു. റിപ്പോർട്ട് വർഷം കോവിഡ് 19 വ്യാപനത്തെത്തുടർന്ന് പ്രവർത്തനങ്ങൾ ഭാഗികമായി കുറയ്ക്കുയും നവംബർ മുതൽ പൂർവ്വസ്ഥിതിയിൽ പുനരാരംഭിക്കുകയും ചെയ്തു.12 ദിവസം നീണ്ടുനിൽക്കുന്ന ലഹരി വിമോചനക്യാമ്പുകൾ ക്രമീകൃതമായി നടന്നുവരുന്നു. വൈദ്യശാസ്ത്രവും മനഃശാസ്ത്രവും ആത്മീയതയിലുൾച്ചേർത്തുള്ള സമഗ്ര ചികിത്സാപദ്ധതിയാണ് അവലംബിച്ചുവരുന്നത്. റിപ്പോർട്ടുവർഷം 9 ക്യാമ്പുകളിലായി 200 കുടുംബങ്ങൾ സൗഖ്യത്തിലേക്ക് പ്രവേശിച്ചു.. നാളിതുവരെ 243 ക്യാമ്പുകളിലായി 7659 കുടുംബങ്ങൾക്ക് മുക്തിയുടെ സേവനം ലഭ്യമാക്കി. ചികിത്സകൾക്ക്ശേഷം കൃത്യമായ അനുധാവന സേവനം മുക്തിയുടെ എടുത്തുപറയേണ്ട സവിശേഷതയാണ്. റിപ്പോർട്ട് വർഷം പല കാലഘട്ടതിതാലായി പുനഃപതനത്തിലേക്ക് പോയവർക്ക് 6 ദിവസം നീണ്ടുനിൽക്കുന്ന പ്രത്യേക ചികിത്സാ ക്യാമ്പ് ക്രമീകരിച്ചു. 2 ക്യാമ്പുകളിലായി 42 കുടുംബങ്ങൾ വീണ്ടും സൗഖ്യത്തിലേക്ക് വന്നു. മുക്തിയുടെ നിയന്ത്രണത്തിൽ 85 ൽ അധികം എ എ ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നു. സമൂഹത്തെ ലഹരിമുക്തമാക്കുവാൻ സെന്ററിന്റെ നേതൃത്വത്തിൽ എ.എ. കൂട്ടായ്മകൾ, ലഹരി വിമുക്ത അനുധാവന സമ്മേളനങ്ങൾ, ലഹരിവിരുദ്ധ പ്രചാരണ പരിപാടികൾ, സ്കൂൾ തലത്തിലും കോളനികൾ തലത്തിലും കോളേജ് തലത്തിലും ബോധവത്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നു. അതോടൊപ്പം മദ്യാസക്തരുടെ കുട്ടികൾക്കുവേണ്ടിയുള്ള അൽ അറ്റീൻ ക്യാമ്പുകൾ നടത്തിവരുന്നു.

3. ദർശന റീ-ഹാബിലിറ്റേഷൻ സെന്റർ, ഷോളയൂർ: 2010-ൽ പ്രവർത്തനമാരംഭിച്ചു. ആദിവാസി മേഖലയിലുള്ള കുടുംബങ്ങൾക്ക് തണലായി ഈ സ്ഥാപനം പ്രവർത്തിക്കുന്നു. തന്നാണ്ടിൽ 3 ക്യാമ്പുകളിലൂടെ 43 കുടുംബങ്ങൾ ഡീ അഡിക്ഷൻ ചികിത്സയ്ക്കും കൗൺസെലിംഗിനും പങ്കെടുത്തു. പാലക്കാട്, തൃശ്ശൂർ ജില്ലകളിലായി 2 എ.എ. കൂട്ടായ്മകൾ ഭംഗിയായി നടക്കുന്നു. ആദിവാസി കുട്ടികൾക്കായുള്ള സ്കൂൾ, ഡി-അഡിഷൻ സെന്റർ, കൗൺസെലിംഗ് സെന്റർ എന്നിവയും ഇവിടെ നടക്കുന്നു. സാമൂഹ്യ തിന്മകൾക്കെതിരായുള്ള ബോധവൽക്കരണ ക്ലാസുകൾ വാഹന പ്രചരണ ജാഥകൾ, തെരുവ് നാടകങ്ങൾ എ.എ. കൂട്ടായ്മകൾ എന്നിവയും നടത്തപ്പെടുന്നു. കോവിഡ് വ്യാപനം മൂലം റിപ്പോർട്ട് വർഷം മുൻവർഷങ്ങളിലെപ്പോലെ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചില്ല. എന്നാൽ ഷോളയൂർ, കാരറ, പാക്കുളം മേഖലകളിൽ കോവിഡ് വ്യാപനത്താൽ ദുരിതമനുഭവിച്ചവർക്ക് ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തു. മറ്റു വാഹന സൗകര്യമില്ലാതിരുന്നതിനാൽ അങ്ങനെയുള്ളവർക്ക് ആശുപത്രിയിലെത്തുവാനുള്ള സൗകര്യം ചെയ്തു കൊടുത്തു.

അഗതി മന്ദിരങ്ങൾ

1. ദീനബന്ധു മിഷൻ, അക്കിക്കാവ്: 1966-ൽ ആരംഭിച്ച ദീനബന്ധു മിഷൻ ഹോസ്പിറ്റൽ ഇപ്പോൾ വയോജനമന്ദിരമായും അതോടൊപ്പം വർക്കിംഗ് വിമൻസ് ഹോസ്റ്റലായും പ്രവർത്തിക്കുന്നു. ഈ സ്ഥാപനത്തിൽ റിപ്പോർട്ട് വർഷം 18 മാതാപിതാക്കൾ താമസിച്ചു. 2 പേർ കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ക്രമമായ വൈദ്യപരിശോധനയും നേത്രപരിശോധന ക്യാമ്പും നടത്തിവരുന്നു.തന്നാണ്ടിൽ വയോജനമന്ദിരവും, ഹോസ്റ്റലും അഴിച്ചുപണികൾ നടത്തിയും കേടുപാടുകൾ തീർത്തും സൗകര്യങ്ങൾ മെച്ചപ്പെടുത്തി.

2. കരുണാലയം, ഉപ്പട: സമൂഹത്തിലെ നിരാശ്രയരും നിരാലംബരുമായ വയോജനങ്ങളെ കരുതുകയും സ്നേഹിച്ച് സംരക്ഷിക്കുകയും ചെയ്യുന്നത് ദൈവരാജ്യ ശുശ്രൂഷയുടെ ഭാഗമാണെന്ന് മനസ്സിലാക്കി 1999-ൽ ആരംഭിച്ച അഭയസ്ഥാനമാണ് കരുണാലയം. ഉപ്പട മലബാർ മിഷൻ കോംപ്ലക്സിനോട് ചേർന്ന് പ്രവർത്തിക്കുന്ന കരുണാലയത്തിൽ തന്നാണ്ടിൽ 6 പുരുഷൻമാരും 3 സ്ത്രീകളും താമസിച്ചു. വാർദ്ധക്യം ആനന്ദകരമാക്കുവാനും മന്ദിരാംഗങ്ങളുടെ ശാരീരിക മാനസിക ആദ്ധ്യാത്മിക അഭ്യുന്നതിയ്ക്കായുമുള്ള എല്ലാ സൗകര്യങ്ങളും നൽകുന്നു. കൂടാതെ വസ്ത്രം, ആഹാരം, താമസസൗകര്യം, ചികിത്സ തുടങ്ങിയവ സൗജന്യമായും നൽകുന്നു. ചാപ്പലിൽ പ്രത്യേക ആരാധനകളും കൂട്ടായ്മകളും മന്ദിരാംഗങ്ങൾക്കായി ക്രമീകരിക്കുന്നു. വിശേഷദിവസങ്ങളിൽ ഭക്ഷണവും സംഭാവനകളും നൽകി കരുണാലയത്തെ സഹായിക്കുന്നവരുണ്ട്.

ആശ്രമങ്ങൾ

ക്രിസ്തുദാസ ആശ്രമം, കുഴൽമന്ദം: ക്രിസ്തുദാസ ആശ്രമം പാലക്കാട് മിഷന്റെ സിരാകേന്ദ്രമാണ്. ജനജീവിതങ്ങളിലേക്ക് സുവിശേഷത്തിന്റെ വെളിച്ചം പകരുവാൻ 1928-ൽ റവ ജോൺ വർഗ്ഗീസിന്റെ നേതൃത്വത്തിൽ സ്ഥാപിതമായ വിശ്വാസ കേന്ദ്രമാണ് ഈ ആശ്രമം. വിദ്യാഭ്യാസമേഖലയിൽ ആശ്രമത്തിന്റെ സംഭാവന എടുത്തു പറയത്തക്കതാണ്. എരിമയൂർ സെന്റ് തോമസ്, കുഴൽമന്ദം ക്രിസ്തുദാസ അപ്പർ പ്രൈമറി സ്കൂളുകൾ അതിന് ഉദാഹരണങ്ങളാണ്. അശരണർക്ക് അത്താണിയാകുവാൻ ആരംഭിച്ച കരുണാലയത്തിലൂടെ വളർത്തിയ 200 ൽ അധികം കുട്ടികൾ സമൂഹത്തിന്റെ നാനാതുറകളിൽ ശുശ്രൂഷ ചെയ്യുന്നു. ആശ്രമ പ്രവർത്തകർ സമീപ ഗ്രാമങ്ങൾ സന്ദർശിക്കുകയും സുവിശേഷം പങ്കുവെക്കുകയും ചെയ്യുന്നു. റവ. ബിനു ജേക്കബ് തോമസ് മിഷനറിയായും സിസ്റ്റർ പി.എസ്. മേരിക്കുട്ടി ആശ്രമത്തിന്റെ പ്രധാന ചുമതലയും നിർവ്വഹിക്കുന്നു.

ഹോസ്റ്റലുകൾ

1. മാർത്തോമ്മാ ഹോസ്റ്റൽ, കുന്നംകുളം: കുന്നംകുളം മാർത്തോമ്മാ സെന്ററിൽ പ്രവർത്തിക്കുന്ന വനിതാ ഹോസ്റ്റലിൽ കുന്നംകുളത്തും സമീപ പ്രദേശങ്ങളിലും ഉള്ള കോളേജുകളിലും മറ്റു ഓഫീസുകളിലും പഠിക്കുകയും ജോലി ചെയ്യുകയും ചെയ്യുന്ന വിദ്യാർത്ഥിനികളും ജീവനക്കാരും താമസിച്ചു വന്നിരുന്നു. കോവിഡ് രോഗവ്യാപനംമൂലം ഇപ്പോൾ താമസക്കാർ കുറവാണ്.

6. ജീവൻ ജ്യോതി ഗേൾസ് കെയർ സെന്റർ, സുൽത്താൻ ബത്തേരി: നിർധനകുടുംബങ്ങളിലെ പഠനത്തിൽ സമർത്ഥരായ പ്രത്യേകിച്ച് ആദിവാസി കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് മികച്ച താമസ പഠനസൗകര്യങ്ങൾ ഒരുക്കി സഹായിക്കുന്ന സ്ഥാപനമാണ് ജീവൻ ജ്യോതി ഗേൾസ് കെയർ സെന്റർ. മാതാപിതാക്കൾ നഷ്ടപ്പെട്ടതോ, അവരിൽ ഒരാൾ മാത്രമോ ആയ ഭവനങ്ങളിൽ നിന്നുള്ള പെൺകുട്ടികൾ താമസിച്ച് പഠനം നിറവേറ്റുന്നതോടൊപ്പം അവരുടെ ആദ്ധ്യാത്മിക, ആരോഗ്യ ജീവിതത്തിന് ഉതകുന്ന തരത്തിൽ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നു. എല്ലാ വർഷവും മദ്ധ്യവേനലവധിക്കാലത്ത് നടത്തപ്പെടുന്ന വി.ബി. എസ്സിലും ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന സണ്ടേസ്ക്കൂൾ, യുവജനസഖ്യം ക്യാമ്പുകളിലും കുട്ടികൾ പങ്കെടുക്കുന്നു. ജീവൻജ്യോതി ഹോസ്റ്റൽ സൗകര്യം ആധുനീകരിച്ച് 50 കുട്ടികൾക്ക് താമസിച്ച് പഠിക്കുവാനുള്ള പുതിയ ഹോസ്റ്റൽ നിർമ്മാണം പൂർത്തീകരണഘട്ടത്തിലാണ്.

ഭദ്രാസനത്തിന്റെ നേരിട്ടുള്ള ചുമതലയിലുള്ള കേന്ദ്രങ്ങൾ

1. മാർത്തോമ്മാ സെന്റർ, ചുങ്കത്തറ: മലബാറിൽ കുടിയേറിപ്പാർത്ത വിശ്വാസസമൂഹത്തിന്റെ പ്രവർത്തന സിരാകേന്ദ്രമാണ് ചുങ്കത്തറയിൽ പ്രവർത്തിക്കുന്ന മാർത്തോമ്മാ സെന്റർ. ഭദ്രാസന കൺവെൻഷനോടനുബന്ധിച്ച് അതിഥികളായി വരുന്നവർക്ക് താമസക്രമീകരണങ്ങളും മറ്റും സെന്ററിന്റെ മേൽനോട്ടത്തിൽ നിർവ്വഹിക്കുന്നു. സെന്ററിനോട് ചേർന്ന സ്ഥലത്ത് റബ്ബർ കൃഷിയും അരമന, മറ്റ് കെട്ടിടങ്ങൾ എന്നിവയുടെ പരിപാലനവും സെന്ററിന്റെ ചുമതലയിൽ നടത്തപ്പെടുന്നു. റവ. മത്തായി ജോസഫ് സെന്ററിന്റെ ഡയറക്ടറായി ശുശ്രൂഷ ചെയ്യുന്നു.

2. മാർത്തോമ്മാ സെന്റർ, കുന്നംകുളം: ഭാഗ്യസ്മരണീയനായ ഈശോ മാർ തിമൊഥെയോസ് തിരുമേനി താമസിച്ച അരമനയും അഭിവന്ദ്യ യുയാക്കീം മാർ കൂറിലോസ്

തിരുമേനിയുടെ പൗരോഹിത്യ രജത ജൂബിലി സ്മാരകമായി നിർമ്മിച്ച കെട്ടിടവും ഡയറക്ടേഴ്സ് ക്വാർട്ടേഴ്സും അടങ്ങുന്നതാണ് കുന്നംകുളം മാർത്തോമ്മാ സെന്റർ.

3. ദീനബന്ധു മിഷൻ, അക്കിക്കാവ്: 1966-ൽ ആരംഭിച്ച ദീന ബന്ധു മിഷൻ ഹോസ്പിറ്റൽ ഇപ്പോൾ വയോജനമന്ദിര മായും അതോടൊപ്പം വർക്കിംഗ് വിമൻസ് ഹോസ്റ്റലായും പ്രവർത്തിക്കുന്നു. ഈ സ്ഥാപനത്തിൽ റിപ്പോർട്ട് വർഷം 8 മാതാക്കളും 3 പിതാക്കളുമായി 11 പേർ താമസിക്കുന്നു. അതിൽ 3 പേർ ശയ്യാവലംബികളാണ്. ക്രമമായ വൈദ്യപ രിശോധനയും നേത്രപരിശോധന ക്യാമ്പും നടത്തിവരുന്നു. നഴ്സിംഗ് വിദ്യാർത്ഥിനികളുൾപ്പെടെ 25 പേർ ഹോസ്റ്റൽ സൗകര്യം പ്രയോജനപ്പെടുത്തി. ഇപ്പോൾ 15 പേർ ഹോസ്റ്റ ലിൽ താമസിക്കുന്നു. വയോജനമന്ദിരവും, ഹോസ്റ്റലും അഴി ച്ചുപണികൾ നടത്തിയും കേടുപാടുകൾ തീർത്തും സൗക ര്യങ്ങൾ മെച്ചപ്പെടുത്തി.

49. ക്യാമ്പ് സെന്ററുകൾ: ഡോ. ജോസഫ് മാർത്തോമ്മാ & മാർ സ്തേഫാനോസ് ക്യാമ്പ് സെന്റർ, ഷോളയൂർ, വടുവൻചാൽ, ഉപ്പട, കുഴൽമന്ദം, നെല്ലിക്കുന്ന്, തേഞ്ഞി പ്പലം, കുന്നംകുളം, അക്കിക്കാവ് എന്നിവിടങ്ങളിലെ ക്യാമ്പ് സെന്ററുകൾ പഠനത്തിനും ധ്യാനത്തിനും പ്രയോജനപ്പെടു ത്തുന്നു. ഭദ്രാസനത്തിലെ വിവിധ സംഘടനകൾ ഈ സെന്ററുകളിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി.

ഭദ്രാസന മിഷൻ പ്രവർത്തനങ്ങൾ

1. മാനന്തവാടി മിഷൻ: മാനന്തവാടി, പേര്യ പ്രദേശങ്ങളിൽ കൂട്ടായ്മായോഗങ്ങൾക്ക് പുറമെ ലഹരിവിമോചന പ്രവർത്ത നങ്ങൾ കാര്യക്ഷമമായി നിർവ്വഹിച്ചു. ലഹരിക്കടിമകളാ യവരെ മുക്തി ഡി അഡിക്ഷൻ സെന്ററിലെത്തിച്ച് ചികിത്സ ലഭ്യമാക്കി. ഭവനസന്ദർശനം, കൗൺസലിംഗ്, അനുധാവന പ്രവർത്തനങ്ങൾ, എ.എ മീറ്റിംഗുകൾ, കുടുംബസംഗമങ്ങൾ, തെരുവ് നാടകങ്ങൾ എന്നിവ ഫലകരമായി നിർവ്വഹിച്ചു. വിവിധ പ്രദേശങ്ങളിലായി 9 എ.എ. ഗ്രൂപ്പുകൾ പ്രവർത്തി ക്കുന്നു. ലഹരിവിമുക്ത ഭദ്രാസന യത്നത്തിന്റെ ഭാഗമായി മാനന്തവാടിയിലും പരിസരപ്രദേശങ്ങളിലും ലഹരി വിരുദ്ധ ബോധവത്ക്കരണവും തെരുവ് നാടകവും അവതരിപ്പിച്ചു. ഈ പ്രദേശത്തെ പ്രവർത്തനഫലമായി വള്ളിത്തോട് ശാലേം മാർത്തോമ്മാ ഇടവകയെ സമ്പൂർണ്ണ ലഹരി മുക്ത ഇടവക യാക്കുവാൻ സാധിച്ചു.

2. ഗിരിജ്യോതി മിഷൻ സെന്റർ, ചേകാടി: ആദിവാസി ഗോത്ര വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന വനപ്രദേശമാണ് ചേകാടി. 2007-ലാണ് ഗിരിജ്യോതി മിഷൻ എന്ന പേരിൽ ഇവിടെ പ്രവർത്തനം ആരംഭിച്ചത്. എല്ലാ ഞായറാഴ്ചയും സെന്ററിൽ വച്ച് എ.എ. മീറ്റിംഗ് നടക്കുന്നു. ബാലസമാജം, കിളിക്കൂട്ടം, നേഴ്സറി സ്കൂൾ, ട്യൂഷൻ ക്ലാസ്സ് എന്നിവ സജ്ജീവമായി പ്രവർത്തിക്കുന്നു. ഈ പ്രദേശത്തിന്റെ സാമൂഹികവും, സാംസ്കാരികവും, ആത്മീയവുമായ മേഖലകളിൽ ഗിരി ജ്യോതി മിഷൻ സെന്റർ ശ്രദ്ധേയമായ സ്വാധീനം ചെലുത്തുന്നു. ഭവന സന്ദർശനം, ബോധ വൽക്കരണ ക്ലാസുകൾ, വിദ്യാഭ്യാസ സഹായങ്ങൾ, മെഡി ക്കൽ സഹായങ്ങൾ എന്നിവ നടത്തി. കിഴക്കൻ മുത്തൂർ സെന്റ് പോൾസ് മാർത്തോമ്മാ ഇടവക ഈ ഫീൽഡിന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുന്നു.

3. കാട്ടിക്കുളം മിഷൻ: കർണ്ണാടക സംസ്ഥാനവുമായി അതിർത്തി പങ്കിടുന്ന കുടിയേറ്റ മേഖലയാണ് കാട്ടിക്കുളം. പ്രധാനമായും ലഹരി വിമോചന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. മുക്തിയുടെ മേൽനോട്ടത്തിൽ ലോക്ഡൗൺ നാളുകളിൽ സൂം പ്ലാറ്റ്ഫോമിലൂടെ എ.എ. ഗ്രൂപ്പുകൾ സജ്ജീവമായി പ്രവർത്തിക്കുകയും ഇപ്പോൾ കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് മീറ്റിംഗുകൾ നടത്തു കയും ചെയ്തു. മാനന്തവാടി കോൺഗ്രിഗേഷനിലും, വള്ളിത്തോട് ശാലേം പള്ളിയിലും മാസത്തിൽ 2 ഞായറാ ഴ്ച്ചകൾ വീതം ആരാധനക്ക് നേതൃത്വം നൽകുകയും 25 നോമ്പ് മുതൽ 2 ദേവാലയങ്ങളിലും സന്ധ്യാ നമസ്കാരം ക്രമമായി നടത്തുവാനും സാധിച്ചു.

4. ദാസനക്കര മിഷൻ (മാർ ക്രിസോസ്റ്റം നവതി മിഷൻ): ദാസനക്കര, നീർവാരം പ്രദേശങ്ങളിൽ 2006 ജനുവരി 1-ന് തുടക്കം കുറിച്ച മിഷനാണിത്. ലോക്ക്ഡൗൺ നാളുകളിൽ സൂം പ്ലാറ്റ്ഫോമിലൂടെ ആരാധനയിൽ പങ്കെടുക്കുകയും ദൈവ വചനം പ്രസംഗം നിർവഹിക്കാനും എ.എ മീറ്റിംഗു കൾ നടത്തുവാനും സാധിച്ചു. ഇപ്പോൾ കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് മീറ്റിംഗുകൾ നടത്തുകയും ചെയ്തു. അമ്മാനിയിൽ ഉണർവ്വ് എന്ന പേരിലും കല്ലു വയലിൽ സ്വാന്തനം എന്ന പേരിലും മീറ്റിംഗുകൾ ആരംഭിച്ചു. നീർവാരം ആശാഗ്രൂപ്പ്, നെടുംകുന്ന് മോചന, കമ്പളക്കാട് പ്രത്യാശ എന്നീ ഗ്രൂപ്പുകളും മീറ്റിംഗിൽ പങ്കെടുക്കുന്നു. ഈ പ്രദേശങ്ങളിൽ പ്രാർത്ഥനാ യോഗം നടത്തുന്നു സെന്ററിലെ വൈദികരും സുവിശേഷകരും എ.എ. ഗ്രൂപ്പുകളും നെടുംകുന്ന്, ചന്ദനകൊല്ലി, അഞ്ഞണി ക്കുന്ന് എന്നീ കോളനികൾ സന്ദർശിക്കുകയും ചെയ്യുന്നു. ക്രിസ്തുമസ്സ് ആഘോഷങ്ങളുടെ അഞ്ഞണിക്കുന്ന്, നെടുംകുന്ന കോളനികളിൽ കേക്ക് വിതരണം ചെയ്യുകയും ക്രിസ്തുമസ്സ് സന്ദേശം നൽകുകയും ചെയ്യുന്നു. ഇരവിപേരൂർ ഇടവക വികാരി റവ. മാത്യൂസ് എം മാത്യു അച്ചനും സഹ വികാരി റവ അജോയ് ഉമ്മൻ അച്ചനും കമ്മറ്റി അംഗങ്ങളും മിഷൻ ഫീൽഡ് സന്ദർശിച്ചു. നടവയൽ മുക്തിയിൽ വച്ചു നടക്കുന്ന ലഹരി വിമോചന ക്യാമ്പുകളിൽ പുതിയ അംഗങ്ങളെ പങ്കെടുപ്പിക്കുന്നു. ഇരവിപേരൂർ ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകയാണ് ഈ പ്രവർത്തനങ്ങളെ സഹായിക്കുന്നത്.

5. പുൽപ്പള്ളി മിഷൻ: മുക്തി ഡി-അഡിക്ഷൻ സെന്ററിന്റെ സബ് സെന്ററായി പുൽപ്പള്ളിയുടെ സമീപപ്രദേശമായ ചീയമ്പം എന്ന സ്ഥലത്ത് 2008 ജനുവരിയിൽ പ്രവർത്തനം ആരംഭിച്ചു. പൂതാടി, പുൽപ്പള്ളി, മുള്ളൻകൊല്ലി എന്നീ മൂന്ന് ഗ്രാമപഞ്ചായത്തുകളിലായി 13 എ.എ. ഗ്രൂപ്പുകൾ വളരെ സജീവമായി നടത്തപ്പെടുന്നു. റിപ്പോർട്ട് വർഷം വാട്ട്സാ പ്പ്, സൂം പ്ലാറ്റ്ഫോമുകളിലൂടെ 42 ഇടങ്ങളിൽ വചന ശുശ്രൂഷ നിർവഹിക്കാൻ സാധിച്ചു. ആരാധന ഇല്ലാതിരുന്ന ഞായറാഴ്ചകളിൽ ഞായർ വചന ധ്യാനം എന്ന വാട്ട്സാപ്പ് ഗ്രൂപ്പിലൂടെ വചന ശുശ്രൂഷ നിർവഹിക്കാൻ സാധിച്ചു. മുക്തി ക്യാമ്പുകളിൽ കുടുംബം, വ്യക്തിത്വ വികസനം എന്നീ വിഷയങ്ങളിൽ ക്ലാസ്സുകളും ഒരു ദിവസത്തെ ധ്യാനവും നടത്തപ്പെട്ടു. മാസത്തിൽ ഒരു ഞായറാഴ്ച വിശുദ്ധ കുർബ്ബാനയും മറ്റു ഞായറാഴ്ചകളിൽ പരസ്യാ രാധനയും നടത്തിവരുന്നു. കോവിഡ് കാലത്ത് സൂം പ്ലാറ്റ്ഫോമിൽ കൂടി എ.എ മീറ്റിംഗുകൾ നടത്തുകയും ഒക്ടോബർ മുതൽ കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് മീറ്റിംഗുകൾ നടത്തുകയും ചെയ്തു. ഇപ്പോൾ കൂട്ടായ്മ സജീവമായി നടത്തുകയും ചെയ്യുന്നു. ഞായറാഴ്ച ആരാധന നവംബർ മുതൽ പുനരാരംഭിക്കുകയും ചെയ്തു. കോഴിക്കോട് സെന്റ് പോൾസ് മാർത്തോമ്മ ഇടവക പുൽപ്പള്ളി മിഷൻ പ്രവർത്തനങ്ങളെ സ്പോൺസർ ചെയ്തു സഹായിക്കുന്നു.

6. മുത്തങ്ങ മിഷൻ: വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി നഗരസഭയും, അമ്പലവയൽ, മീനങ്ങാടി, നൂൽപ്പുഴ, നെന്മേനി എന്നീ ഗ്രാമപഞ്ചായത്തുകളെയും ഉൾപ്പെടുത്തി ആരംഭിച്ച മിഷനാണ് മുത്തങ്ങ മിഷൻ. ഈ കഴിഞ്ഞ വർഷം കോവിഡ് കാലത്ത് സൂം പ്ലാറ്റ്ഫോമിലൂടെ എ.എ മീറ്റിംഗുകൾ നടത്തുകയും നവംബർ മാസം മുതൽ കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് മീറ്റിംഗുകൾ നടത്തുകയും ചെയ്തു. ഇപ്പോൾ കൂട്ടായ്മ സജീവമായി നടത്തുകയും ചെയ്യുന്നു. ഡി-അഡിക്ഷൻ ക്യാമ്പുകൾ, സ്ത്രീകൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും, ഇടവകജനങ്ങളുടെയും മുക്തി ലഹരിവിമോചന ക്യാമ്പിൽ പങ്കെടുത്ത കുടുംബങ്ങളുടെ ഭവനങ്ങൾ സന്ദർശി ക്കുകയും ചെയ്തുവരുന്നു. ഈ വർഷം 2020 മാർച്ച് 8-ലെ ആരാധ നയ്ക്കുശേഷം ലോക്ഡൗൺ കാരണം അടച്ചിടേണ്ട സാഹചര്യം വന്നപ്പോൾ എല്ലാ ഞായറാഴ്ച്ച കളിലും വെള്ളിയാഴ്ച്ചകളിലും 8 മണിക്ക് സൂം പ്ലാറ്റ്ഫോമിലൂടെ ആരാധന നടത്തുവാൻ സാധിച്ചു.

7. തേലമ്പറ്റ മിഷൻ: സുൽത്താൻ ബത്തേരിയുടെ കിഴക്കുഭാഗത്തായി 6 കി.മീ ദൂരത്തിൽ കർണാടക

വനാതിർത്തിയോട് ചേർന്ന് സ്ഥിതിചെയ്യുന്ന ആദിവാസി ഗ്രാമമാണ് തേലമ്പറ്റ. ഇപ്പോൾ തേലമ്പറ്റ കോളനിയിൽ നിന്നും പുതുതായി 7 കുടുംബങ്ങൾ കൂടി മുക്തി ലഹരി വിമോചന കേന്ദ്രവുമായുള്ള ബന്ധത്തിലേക്ക് വരികയും കുടുംബങ്ങൾ കോളനിയിൽ തന്നെ എ.എ മീറ്റിങ്ങിൽ കൂടി വരുകയും ചെയ്യുന്നു. അതോടപ്പം തന്നെ മീനങ്ങാടി പന്തളം, കോണിച്ചിറ അരിമുള കോളനിയിലും എ.എ മീറ്റിഗ് നടത്തി വരുന്നു. വെള്ളിയാഴ്ച്ച ഉപവാസ പ്രാർത്തനയും ഞായറാഴ്ച്ചകളിൽ ആരാധനയും നടത്തിവരുന്നു. മിഷനറിയായി ദിവ്യശ്രീ. അജി ചെറിയാൻ കശ്ശീശാ, സുവിശേഷകനായി ശ്രീ. പി. ബാലൻ എന്നിവർ പ്രവർത്തിച്ചു.

8. ഓടപ്പള്ളം മിഷൻ: സുൽത്താൻ ബത്തേരി മൈസൂർ ദേശീയ പാതയിൽ 6 കി.മീ അകലെയായി കർണാടക വനാതിർത്തി യോട് ചേർന്ന് സ്ഥിതിചെയ്യുന്ന ആദിവാസി ഗ്രാമമാണ് ഓടപ്പള്ളം. ഓടപ്പള്ളം പുതുവീട് കോളനിയിൽ പണിയ വിഭാഗത്തിൽപെട്ട കുടുംബങ്ങൾ താമസിക്കുന്നു. സുവിശേഷ പ്രവർത്തനങ്ങളിലൂടെയും ലഹരി വിമോചന പ്രവർത്തനങ്ങളിലൂടെയും ആദിവാസി കുടുംബങ്ങളുടെ സമഗ്ര വികസനമാണ് മിഷൻ ലക്ഷ്യമിടുന്നത്. ലഹരിക്ക് അടിമപ്പെട്ട സഹോദരങ്ങളെ മുക്തി ലഹരിവിമോചന കേന്ദ്രത്തിൽ എത്തിക്കുകയും അവരുടെ പ്രശ്നങ്ങളെ മനസ്സിലാക്കി ആവശ്യമായ ചികിത്സ നൽകുകയും ചെയ്യുന്നു. ലഹരി മുക്തമായ ജീവിതം നയിക്കുന്നവർക്കും അവരുടെ കുടംബങ്ങൾക്കും ആവശ്യമായ മാനസിക പിന്തുണ നൽകുവാൻ ക്രമമായി എ.എ. മീറ്റിംഗുകൾ നടത്തിവരുന്നു. തേലംമ്പറ്റ, വാഴവറ്റ, അരിമുള, ഓടപ്പള്ളം, പാക്കം എന്നീ ഇടങ്ങളിൽ എ.എ. മീറ്റിംഗുകൾ നടത്തുകയും ഞായറാഴ്ച്ചകളിൽ ട്രൈമ്പൽ ആരാധനയും നടത്തി വരുന്നു.

9. ചുള്ളിയോട് മിഷൻ: വടുവൻചാൽ, ചുള്ളിയോട് പ്രദേശങ്ങൾ കേന്ദ്രീകരിച്ചാണ് മിഷൻ പ്രവർത്തനങ്ങൾ നടക്കുന്നത്. ചുള്ളിയോട് സെന്റ് തോമസ് സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ ഈ മിഷന്റെ സംരംഭമാണ്. മാർത്തോമ്മാ സഭയ്ക്ക് വയനാട് ജില്ലയിൽ ശക്തമായ ഇടം സൃഷ്ടിക്കുവാൻ ഐ.സി.എസ്സ്.ഇ അഫിലിയേഷനോടെ പ്രവർത്തിക്കുന്ന ചുള്ളിയോട് സെന്റ് തോമസ് സ്കൂളിനു സാധിക്കുന്നു. കഴിഞ്ഞ 13 വർഷമായി സ്തുത്യർഹമായി പ്രവർത്തിക്കുവാൻ സെന്റ് തോമസ് സ്കൂളിന് കഴിഞ്ഞു. മലയോരമേഖലയിൽ നിർധനരായ വിദ്യാത്ഥികൾക്ക് കുറഞ്ഞ ഫീസിൽ മൂല്യവത്തായ വിദ്യാഭ്യാസ സൗകര്യം സ്കൂളിൽ നിന്ന് ലഭിക്കുന്നു.

10. കോട്ടുപ്പാടം മിഷൻ: ഭദ്രാസന ആസ്ഥാനത്തിനു സമീപം പ്രവർത്തിക്കുന്ന മിഷൻ കേന്ദ്രമാണിത്. ധ്യാനാശ്രമത്തിന് സമീപമുള്ള ഒറ്റപ്പിലാക്കൽ, തെയ്യമ്പാടിക്കണ്ടി, ബദിരൂർ, നാലു സെന്റ് കോളനി എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഒരു തയ്യൽ സ്കൂൾ പ്രവർത്തിക്കുന്നു. 25 സ്ത്രീകളുടെ കുടുംബശ്രീ കൂട്ടായ്മയായ കർമ്മജ്യോതിസ്സ്പ്രവർത്തിക്കുന്നു. അയൽക്കൂട്ടത്തിനായി സെമിനാറുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ ക്രമീകരിക്കപ്പെട്ടു. എല്ലാമാസവും ഒരു വെള്ളിയാഴ്ച കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയുടെ നേതൃത്വത്തിൽ സൗജന്യ മെഡിക്കൽ ക്ലിനിക്കും നടക്കുന്നു. സാമൂഹിക സേവനം, ബോധവൽക്കരണ ക്ലാസുകൾ എന്നിവ നടത്തപ്പെട്ടു. വിദ്യാഭ്യാസ സഹായം നൽകിവരുന്നു. ഭിന്നശേഷിയുള്ള കുട്ടികൾക്കായി കാവൽ ഡേ കെയർ സെന്റർ പ്രവർത്തിക്കുന്നു. അടുത്ത ഘട്ടമായി കാവൽ സ്പെഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

11. മാമ്പറ്റ മിഷൻ: കോഴിക്കോട് ജില്ലയുടെ മലയോര മേഖലയായ മാമ്പറ്റ കേന്ദ്രീകരിച്ച് 1985-ൽ ആരംഭിച്ച മാമ്പറ്റ മിഷൻ സെന്റ് തോമസ് മാർത്തോമ്മാ ഇടവകയുമായി ചേർന്ന് മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ആത്മീയ പരിപോഷണം, ആശുപത്രി സന്ദർശനം, ക്യാമ്പസ് പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പ്രാമുഖ്യം നൽകി പ്രവർത്തിക്കുന്നു. 2018 ഫെബ്രുവരി മാസം മുതൽ സുവിശേഷകൻ ഷിബു എം. തോമസ് സെന്ററിൽ താമസിച്ച് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. അതോടൊപ്പം തടവുകാരുടെ കുടംബാംഗങ്ങളുടെ പുനരധിവാസാർത്ഥം രൂപം നൽകിയ കരുതൽ പദ്ധതിയുടെ കോ ഓർഡിനേറ്ററായും അദ്ദേഹം പ്രവർത്തിക്കുന്നു. തടവുകാരുടെ ഭവനങ്ങൾ സന്ദർശിച്ച് കുടുംബാംഗങ്ങളുടെ ക്ഷേമത്തിനും, കുട്ടികളുടെ പഠനത്തിനും ആവശ്യമായ സഹായങ്ങൾ എത്തിക്കുകയും അനുധാവനപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു.

12. അങ്ങാടിശ്ശേരിത്തട്ട് മിഷൻ: കണ്ണൂർ ജില്ലയിലെ ഉളിക്കൽ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട മലയോര ഗ്രമമാണ് അങ്ങാടിശ്ശേരിത്തട്ട്. ഗ്രാമത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന മാർത്തോമ്മാ മിഷൻ സുവിശേഷ പ്രവർത്തനങ്ങൾക്ക് പുറമെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, ഭവനസന്ദർശനം, വിവാഹ സഹായം, നേഴ്സറി സ്കൂൾ, തയ്യൽ പരിശീലന കേന്ദ്രം, കംപ്യൂട്ടർ പരിശീലന കേന്ദ്രം, ലഹരിവിമോചന പ്രവർത്തനങ്ങൾ, പ്രൈമറി ഹെൽത്ത് സെന്റർ, കമ്മ്യൂണിറ്റി ഹാൾ, വായനശാല, ബാലജനസഖ്യം എന്നീ പ്രവർത്തനങ്ങളും നടത്തുന്നു. പുറവയൽ ഗവൺമെന്റ് ആശുപത്രിയുടെ നേതൃത്വത്തിൽ മെഡിക്ക ൽ നടത്താനും അനേകർക്ക് പങ്കെടുക്കുവാനും സാധിച്ചു. കൂടാതെ എ.എ. കൂട്ടായ്മയും നടക്കുന്നു. സെന്റ് തോമസ് സ്കൂളിന്റെ പ്രവർത്തനങ്ങൾ ഈ മിഷന്റെ ഭാഗമായി നടക്കുന്നു. മിഷൻ സെന്ററിലെ ഓഡിറ്റോറിയം ഗ്രാമവാസികൾക്ക് വിവിധ തരത്തിൽ പ്രയോജനപ്പെടുന്നു. ഷാർജ്ജാ മാർത്തോമ്മാ യുവജനസഖ്യം ഈ സംരംഭങ്ങൾക്കാവശ്യമായ പിന്തുണ നൽകുന്നു.

13. മട്ടന്നൂർ മിഷൻ: ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ 2008-ൽ കണ്ണൂർ ജില്ലയിൽ മട്ടന്നൂരിൽ ആരംഭിച്ച മിഷനാണിത്. ലഹരിവിമോചന പ്രവർത്തനങ്ങൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ, വിദ്യാഭ്യാസപ്രവർത്തനങ്ങൾ എന്നിവ മട്ടന്നൂർ മാർത്തോമ്മാ കെയർ സെന്ററിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. റിപ്പോർട്ട് വർഷം 20 കുടുംബങ്ങളെ ലഹരി വിമോചന ക്യാമ്പിൽ പങ്കെടുപ്പിച്ചു, 5 എ.എ. കുടുംബ സംഗമങ്ങൾ നടത്തി, മട്ടന്നൂർ എ.എ. കുടുംബങ്ങളിൽ 50 പേരെ പങ്കെടുപ്പിച്ചുകൊണ്ട് മട്ടന്നൂർ മേഖലയിൽ പ്രളയക്കെടുതി ബാധിച്ച 115 പേർക്ക് വസ്ത്രം വിതരണം ചെയ്തു. വൈഡബ്ളിയു സി എ യുമായി സഹകരിച്ച് കിണർ നഷ്ടപ്പെട്ട ഒരാൾക്കും, വീട് നഷ്ടപ്പെട്ട ഒരാൾക്കും സഹായം നൽകി. എ.എ. അംഗങ്ങളെ ഉൽപ്പെടുത്തി കുടുംബസംഗമവും, ഓണസദ്യയും നടത്തി. കണ്ണൂർ ചാവശ്ശേരിയിൽ തണൽ എന്ന പേരിൽ പുതിയ എ.എ. ആരംഭിച്ചു. നിർധനരായ രോഗികൾക്കുള്ള ചികിത്സാ സഹായങ്ങൾ, വിദ്യാഭ്യാസ സഹായം, പഠനോപകരണ വിതരണം, 20 വിദ്യാത്ഥികൾക്ക് ട്യൂഷൻ, 12 വനിതകൾ അംഗങ്ങളായുള്ള സ്വയംതൊഴിൽ യൂണിറ്റ്, ബോധവൽക്കരണ ക്ലാസ്സുകൾ, മിഷന്റെ 11-ാം വാർഷികവും പ്രത്യേക ദിനങ്ങളിലെ ആഘോഷ പരിപാടികളും അനുഗ്രഹീതമായി നടത്തപ്പെട്ടു. പ്രവർത്തന ങ്ങൾക്ക് കണ്ണൂർ ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകയുടെ പൂർണ്ണ സഹായ സഹകരണങ്ങൾ ലഭിക്കുന്നു.

14. ഇരിട്ടി മിഷൻ: 1995-ൽ ആരംഭിച്ച ഇരിട്ടി മിഷന്റെ നേതൃത്വത്തിൽ ആരാധന, സാമൂഹ്യസേവനം, കൗൺസെലിംഗ്, ബോധവത്ക്കരണ പ്രവർത്തനങ്ങൾ ലഹരിവിമോചന പ്രവർത്തനങ്ങൾ, എ.എ. കൂട്ടായ്മകൾ, ബാലജനസഖ്യം, ഭവനസന്ദർശനം എന്നിവ ക്രമമായി നടത്തപ്പെടുന്നു. ഞായറാഴ്ചകളിൽ സെന്റ് മത്ഥിയാസ് ചാപ്പലിൽ ആരാധന നടത്തിവരുന്നു. എല്ലാ മാസത്തിന്റെ 4-ാം വെള്ളിയാഴ്ച്ച ചാപ്പലിൽ വച്ച് ഉപവാസ പ്രാർത്തനയും ഞായറാഴ്ചകളിൽ ബാലജനസഖ്യവും നടത്തിവരുന്നു. ലഹരി ആസക്തരെ കണ്ടെത്തി മുക്തിയിലേക്കയച്ചു. കടത്തുംകടവ്, കാഞ്ഞിരംകൊല്ലി, മണിക്കടവ്, മണ്ഡളം എന്നിവിടങ്ങളിലായി 4 എ.എ. മീറ്റിംഗുകൾ നടത്തപ്പെടുന്നു. എല്ലാ ഞായറാഴ്ചയും വൈകുന്നേരം 3.30 ന് സുരക്ഷ എ.എ കൂട്ടായ്മ നടത്തുന്നു. പായം പഞ്ചായത്തിലെ 15-ാം വാർഡിലെ ഗ്രാമസഭകളും

എ.ഒ.എസ്. മീറ്റിംഗുകളും അയൽക്കൂട്ടങ്ങളും കുടുംബ സ്ത്രീ മീറ്റിംഗുകളും നടത്തിവരുന്നു.

15. ഉപ്പട മലബാർ മാർത്തോമ്മാ മിഷൻ: ഭാഗ്യസ്മരണീയനായ ഈശോ മാർ തിമൊഥെയോസ് തിരുമേനിയുടെ ദർശന പൂർത്തീകരണമാണ് ഉപ്പട മലബാർ മാർത്തോമ്മാ മിഷൻ. നിർധനരും പാർശ്വവത്ക്കരിക്കപ്പെട്ടവരുമായ ഗ്രാമീണ ജനതയുടെ മുന്നേറ്റത്തിനായി നിരവധി വികസന പദ്ധതികൾ സെന്ററിന്റെ ആരംഭം മുതൽ നടപ്പിലാക്കി വരുന്നു. നാളെയുടെ വാഗ്ദാനങ്ങളായ കുട്ടികളുടെ വ്യക്തിത്വ വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന എക്സ്റ്റൻഡഡ് എഡ്യുക്കേഷൻ പ്രോഗ്രാം, ബാല വാടികൾ, തയ്യൽ പരിശീലനകേന്ദ്രം എന്നിവ മിഷൻ സെന്ററിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. നിരാലംബരായ വൃദ്ധ ജനങ്ങളുടെ അഭയസ്ഥാനമായ കരുണാലയം മന്ദിരത്തിൽ 7 പുരുഷന്മാരും 3 സ്ത്രീകളും പ്രവർത്തന വർഷം താമസിച്ചു. മാനസികരോഗ ചികിത്സയെ ത്തുടർന്ന് സൗഖ്യത്തിലേക്ക് മടങ്ങിവന്നിട്ടും സ്വഭവനങ്ങളിൽ ചേർത്തു കൊള്ളപ്പെടാത്ത 9 സ്ത്രീകളെ ഉൾപ്പെടുത്തി കരുണാലയം ഹാഫ് വേ ഹോം പ്രവർത്തിക്കുന്നു.

16. വരാക്കര മിഷൻ: 1928-ൽ തൃശൂർ സെന്റർ സന്നദ്ധ സുവിശേഷക സംഘമായി ആരംഭിച്ച പ്രാർത്ഥനാ കൂട്ടായ്മയാണ് വരാക്കര മിഷൻ കേന്ദ്രമായി രൂപപ്പെട്ടത്. 1996 മുതൽ ഭദ്രാസനത്തിന്റെ നിയന്ത്രണത്തിലും നേതൃത്വത്തിലും പ്രവർത്തനങ്ങൾ നടത്തിവരുന്നു. വരാക്കര മിഷൻ അതിന്റെ ശുശ്രൂഷയിൽ നവതി പിന്നിട്ടിരിക്കുന്നു. മിഷന്റെ പ്രവർത്തനം ഇവിടെയുള്ള മാർത്തോമ്മാ കോൺഗ്രിഗേഷനുമായുള്ള ബന്ധത്തിൽ നടത്തപ്പെടുന്നു. കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിൽ ഫീൽഡ്‌വർക്ക് സാധ്യമല്ലായിരുന്നു. ജൂലൈ, ആഗസ്റ്റ്, സെപ്റ്റബർ, ഒക്ടോബർ മാസങ്ങളിൽ ഞായറാഴ്ച്ചകളിൽ രാവിലെ പള്ളി തുറന്ന് വൃത്തിയാക്കുകയും നവംമ്പർ മുതൽ വി. കുർബ്ബാനയും ആരാധനയും നടത്തിവരുന്നു. ഡിസംമ്പർ 24-ന് വി. കുർബ്ബാനയും കാരൾ സർവീസും നടത്തി. ഭദ്രാസനത്തിന്റെ നിയന്ത്രണത്തിലുള്ള 3 ഏക്കർ സ്ഥലത്ത് റബ്ബർ, തെങ്ങ് എന്നിവ പരിപാലിക്കുകയും കൃഷികാര്യങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു.

17. പാലക്കാട് മിഷൻ: മാർത്തോമ്മാ സഭയുടെ പ്രഥമ വിദേശമിഷനാണ് ബഹു പ്ലാവുങ്കൽ അച്ചന്റെ നേതൃത്വത്തിൽ 1924-ൽ പ്രവർത്തനമാരംഭിച്ച പാലക്കാട് മിഷൻ. നേതൃത്വത്തിൽ ക്രിസ്തുദാസ ആശ്രമം, ബി.എ.ജെ.എം ആശുപത്രി, വെമ്പല്ലൂർ സ്കൂൾ, സെന്റ് തോമസ് സ്കൂൾ, എരിമയൂർ, പല്ലശന മിഷൻ, കൊഴിഞ്ഞാംപാറ, സി.ഡി. എ.യു.പി സ്കൂൾ കുഴൽമന്ദം, ചിൽഡ്രൻസ് ക്യാമ്പ് സെന്റർ, തയ്യൽ പരിശീലന കേന്ദ്രം, ലഹരിവിമുക്ത പ്രവർത്തനങ്ങൾ, ജ്യോതിസ് ബാലജന സഖ്യം, റിവൈവൽ ഫെല്ലോഷിപ്പ്, ട്യൂഷൻ സെന്റർ എന്നിവ ക്രമമായി നടത്തിവരുന്നു. ഭവനങ്ങൾ സന്ദർശിച്ച് യേശുക്രിസ്തുവിനെ പരിചയപ്പെടുത്തുകയും, അവരുടെ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥി ക്കുകയും ചെയ്യുന്നു. 2021 ഫെബ്രുവരി 7 ഞായറാഴ്ച 96-ാമത് പാലക്കാട് മിഷൻ വാർഷികവും, 93-ാമത് ആശ്രമദിനാഘോഷവും സംയുക്തമായി കുഴൽമന്ദം എബനേസർ മാർത്തോമ്മാ പള്ളിയിൽ കോവിഡ് രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പരിമിതമായി നടത്തി. ഇതോടൊപ്പം വിദ്യാഭ്യാസ സഹായം, മെഡിക്കൽ സഹായം, വിവാഹ സഹായം എന്നിങ്ങനെ സമൂഹത്തിന്റെ വിവിധ ആവശ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുന്നു. റിപ്പോർട്ടു വർഷം ബി.എ.ജെ.എം ആശുപത്രിയോടുചേർന്ന് പെയ്ൻ ആന്റ് പാലിയേറ്റീവ് കെയർ പ്രോഗ്രാം കാര്യക്ഷമമായി നടത്തുന്നു. കൂടാതെ ശയ്യാവലംബികളായവരെ ഭവനങ്ങളിൽ സന്ദർശിച്ച് ശുശ്രൂഷ നൽകുന്നു. എല്ലാ ഞായറാഴ്ചയും എ എ മീറ്റിംഗ് നടത്തുന്നു. ക്രിസ്തുമസ്സ്, ഓണാഘോഷം എന്നിവയും നടത്തുകയുണ്ടായി.

18. ഷോളയൂർ മിഷൻ: അട്ടപ്പാടിയുടെ അതിർത്തിയിൽ തമിഴ്നാടിനോട് ചേർന്നു കിടക്കുന്ന ഒരു പ്രദേശമാണ് ഷോളയൂർ. കഴിഞ്ഞ ഒരു ദശാബ്ദത്തിലധികമായി ആദിവാസി ഗോത്ര വിഭാഗക്കാരുടെ മധ്യത്തിൽ സുവിശേഷപ്രവർത്തനം നിർവ്വഹിക്കുന്നു. ലഹരിവിമുക്തി ലക്ഷ്യമാക്കി ഡി-അഡിക്ഷൻ ക്യാമ്പ് പ്രവർത്തിക്കുന്നു. ഈ പ്രദേശങ്ങളിൽ ലഹരി വസ്തുക്കൾക്ക് അടിമകളായവരെ കണ്ടെത്തി ക്യാമ്പുകളിൽ പങ്കെടുപ്പിച്ച് സൗഖ്യജീവിതത്തിലേക്ക് നയിക്കുന്നു. സൗഖ്യജീവിതം നയിക്കുന്നവർക്കായി എ.എ. കൂട്ടായ്മകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. 2021 ജനുവരി മുതൽ 10 ദിവസം നീണ്ട് നിൽക്കുന്ന 3 ക്യമ്പുകളിലേക്ക് 50-ൽ അധികം പേർ ലഹരി വിമോചന ചികിൽസ തേടി. കേൾവി പരിമിതിയുള്ള ഒരു വ്യക്തിക്ക് ശ്രവണ സഹായി നൽകി. ആട്, നാടൻ കോഴി എന്നിവയെ വളർത്തുന്നതിനുള്ള ഒരു ഫാം മിഷൻ ഫീൽഡിൽ പ്രവർത്തിക്കുന്നു.

19. പാക്കുളം മിഷൻ: 1988-ൽ ആരംഭിച്ച പാക്കുളം മിഷൻ ആദിവാസികളുടെ ഇടയിലും കുടിയേറ്റ മേഖലകളിലുമുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. പാക്കുളം കർമ്മേൽ മാർത്തോമ്മാ ഇടവകയുടെ സഹകരണത്തിലാണ് മിഷൻ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. ഇടവക പ്രവർത്തനങ്ങൾ കൂടാതെ ആദിവാസി ഊരുകൾ സന്ദർശിക്കുകയും ലഹരിവിമോചന ബോധവത്കരണ പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യുന്നു. ഷോളയൂർ ദർശന ഡി-അഡിക്ഷൻ സെന്ററിൽ നടത്തപ്പെടുന്ന ക്യാമ്പുകളിൽ ആളുകളെ പങ്കെടുപ്പിക്കു കയും ക്യാമ്പിന് ആവശ്യമായ നേതൃത്വം നൽകുകയും ചെയ്യുന്നു. എഎ ഗ്രൂപ്പ് ഞയറാഴ്ചകളിൽ നടത്തുകയും പാക്കുളത്ത് പുതുതായി എ.എ. ആരംഭിക്കുവാനും സാധിച്ചു.

20. പെരുമണ്ണൂർ - കൊരട്ടിക്കര മിഷൻ: തൃശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ വ്യാപരിച്ച മേഖലയാണ് പെരുവണ്ണൂർ. പെരുമണ്ണൂർ, ഇഎംഎസ്സ്, ബംഗ്ലാക്കുന്ന് കോളനികൾ കേന്ദ്രീകരിച്ചു നടത്തപ്പെടുന്ന മിഷൻ പ്രവർത്തനങ്ങളിൽ ഭവനസന്ദർശനം, ഡി-അഡിക്ഷൻ പ്രവർത്തനങ്ങൾ, എ.എ. മീറ്റിംഗുകൾ, ഭക്ഷ്യധാന്യ വിതരണം എന്നിവ നടത്തപ്പെടുന്നു. കോളനികളിലെ ഭവനങ്ങൾ സന്ദർശിക്കുകയും വിവിധ സഹായങ്ങൾ വിവിധ സന്ദർഭങ്ങളിൽ നൽകുകയും ലഹരിവിമോചന ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. കോവിഡ് മൂലം മാർച്ച് മാസം മുതൽ നിർത്തിയ ഗ്രൂപ്പ് മീറ്റിങ്ങ് ജനുവരി മാസം മുതൽ കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് മീറ്റിംഗുകൾ നടത്തുകയും ചെയ്തു. ഇപ്പോൾ കൂട്ടായ്മ സജീവമായി നടത്തുകയും ചെയ്യുന്നു. കോവിഡ്-19 ലോക്ക്ഡൗൺ കാലത്ത് കോളനികളിലെ 70 കുടുംബങ്ങൾക്ക് കുന്നംകുളം ചെറുവത്തൂർ ശ്രീ വിത്സൺന്റെ സഹായത്തോടെ ഭക്ഷണക്കിറ്റുകൾ വിതരണം ചെയ്യുവാൻ സാധിച്ചു. ക്യാൻസർ രോഗത്താലും കിഡ്നി രോഗത്താലും പ്രയാസപ്പെടുന്ന നിർധനരായ രോഗികളെ മനസിലാക്കി 3 രോഗികൾക്ക് വൈദ്യസഹായം ചെയ്തു. തൃശ്ശൂർ എബനേസർ മാർത്തോമ്മാ ഇടവക ഈ പ്രവർത്തനങ്ങളെ സഹായിക്കുന്നു. കൊരട്ടിക്കരയിൽ മാസത്തിലൊരിക്കൽ വിശുദ്ധകുർബ്ബാനയും പ്രാർത്ഥനാ യോഗങ്ങളും എന്നിവയും ക്രമീകരിക്കപ്പെടുന്നു. 35 കുട്ടികൾ പഠിക്കുന്ന ഒരു നേഴ്സറി സ്കൂൾ ഇവിടെ പ്രവർത്തിക്കുന്നു.

21. പൂവത്തിപൊയിൽ - കാരക്കോട് മിഷൻ: മലപ്പുറം ജില്ലയിൽ വഴിക്കടവ് പഞ്ചായത്തിൽ നാടുകാണി മലനിരയോടു ചേർന്നുകിടക്കുന്ന പ്രദേശങ്ങളാണ് പൂവത്തിപൊയിൽ, കാരക്കോട്. ഈ പ്രദേശത്തുള്ള ദരിദ്രരായ സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കി സ്വയംതൊഴിൽ സാദ്ധ്യത മുന്നിൽകണ്ട് ഒരു തയ്യൽ പരിശീലനകേന്ദ്രം പ്രവർത്തിക്കുന്നു. ഈ വർഷം കോവിഡ്-19 എന്ന മഹാമാരിയുടെ വ്യാപനം കാരണം കാര്യമായി പ്രവർത്തനങ്ങൾ ചെയ്യുന്നതിന് സാധിച്ചിരുന്നില്ല. എന്നാൽ 2020 ഏപ്രിൽ, മെയ് മാസങ്ങളിലായി കോവിഡ്-19 നെ പ്രതിരോധിക്കുന്നതിനു 2800 ഫേസ് മാസ്ക് തയ്ച്ച് ഇടവകയിലെ എല്ലാ വീടുകളിലും ഒരാൾക്ക് സൗജന്യമായി നൽകി. ഗ്രാമവാസികളിൽ ലഹരിക്കടിമകളായവരെ സൗഖ്യത്തിലേക്ക് നയിക്കുവാൻ

സാധിച്ചു. കൂടാതെ ലഹരിയാസക്തരെ ചികിത്സാ കേന്ദ്രങ്ങളിലയച്ച് ചികിത്സിക്കുകയും അനുധാവന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു.

22. പൊന്നാനി മിഷൻ: 1978-ൽ രൂപംകൊണ്ട പൊന്നാനി മിഷൻ വിവിധ ജനവിഭാഗത്തിന്റെ സാമൂഹികവും, ആത്മീകവുമായ വളർച്ചക്ക് ശക്തിപകരുന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും തൊഴിൽ സംബന്ധമായി പൊന്നാനിയിൽ എത്തിച്ചേർന്ന ക്രൈസ്തവർ 1970-ൽ ആരംഭിച്ച യൂണിയൻ ക്രിസ്ത്യൻ മൂവ്മെന്റ് എന്ന എക്യുമെനിക്കൽ കൂട്ടായ്മ 1979-ൽ പൊന്നാനി ശാലേം മാർത്തോമ്മാ ഇടവകയായി ഉയർത്തപ്പെട്ടു. ഇപ്പോൾ 5 കുടുംബങ്ങൾ മാത്രമുള്ള ഇടവകയിൽ എല്ലാ ഞായറാഴ്ചകളിലും ആരാധനയും ഒരു ഞായറാഴ്ച വിശുദ്ധ കുർബ്ബാനയും പ്രത്യേക സന്ദർഭങ്ങളിൽ ഭവന പ്രാർത്ഥനകളും നടത്തപ്പെടുന്നു. 1995-ൽ ഒരു നേഴ്സറി സ്കൂൾ ആരംഭിച്ചു. ഇപ്പോൾ 300-ൽ അധികം കുട്ടികൾ പഠിക്കുന്നതും, സർക്കാർ അംഗീകാരമുള്ളതുമായ വിദ്യാലയമായി വളർന്നു. റിപ്പോർട്ട് വർഷം 48 കുട്ടികൾ നാലാം ക്ലാസ്സ് പഠനം പൂർത്തീകരിച്ചു. ലഹരിയാസക്തരെ കണ്ടെത്തി ബോധവത്കരിക്കുകയും സൗഖ്യജീവിതത്തിന് സഹായിക്കുകയും നിലനിർത്തുന്നതിനും ആശ്വാസ് എന്ന പേരിൽ ഒരു എ.എ. കൂട്ടായ്മ പ്രവർത്തിക്കുന്നു. 45 കുടുംബങ്ങൾ ക്രമമായി കൂട്ടായ്മയിൽ സംബന്ധിക്കുന്നു.

23. കാടമന മിഷൻ: കാസർഗോഡ് ജില്ലയിൽ ബദിയടുക്കയ്ക്കു സമീപമുള്ള കാടമന കേന്ദ്രമായി നടക്കുന്ന മിഷൻ പ്രവർത്തനങ്ങൾക്ക് ഇവിടെയുള്ള മാർത്തോമ്മാ കോൺഗ്രിഗേഷൻ എല്ലാ പിന്തുണയും നൽകിവരുന്നു. കോൺഗ്രിഗേഷന്റെ ആരാധനാ ക്രമീകരണങ്ങളിലും, ഭവന സന്ദർശനം, സണ്ടേസ്കൂൾ, വിബിഎസ്സ് എന്നിവയ്ക്കും നേതൃത്വം നൽകുന്നു. മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സയ്ക്കുശേഷം സൗഖ്യം പ്രാപിച്ചിട്ടും സ്വഭവനങ്ങളിൽ തിരികെ ചേർക്കാത്തതിനാൽ ദീർഘവർഷ ങ്ങളായി ആശുപത്രികളിൽ തന്നെ കഴിയേണ്ടിവരുന്ന നിസ്സഹായർക്ക് കാടമനയിൽ പ്രവർത്തിക്കുന്ന പ്രശാന്ത ഭവൻ ഹാഫ് വേ ഹോമിന്റെ (സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്റർ) സേവനം ആശ്വാസപ്രദ മാകുന്നു. സെന്ററിന് സംസ്ഥാന സാമൂഹ്യ നീതിവകുപ്പിന്റെയും ഓർഫനേജ് കൺട്രോൾ ബോർഡിന്റെയും അംഗീകാരം ലഭിച്ചു.

24. പരപ്പ മിഷൻ: പരപ്പ എബനേസർ മാർത്തോമ്മാ ഇടവകയോടുചേർന്ന് മിഷൻ പ്രവർത്തനങ്ങൾ നടക്കുന്നു. ഇടവകയിലെ ആരാധനാ ക്രമീകരണങ്ങൾ, ഭവനസന്ദർശനം, കൂട്ടായ്മാ യോഗങ്ങൾ, സണ്ടേസ്കൂൾ, വിബിഎസ്സ്, യുവജനസഖ്യം, സേവികാസംഘം എന്നിവയ്ക്ക് ക്രമമായി നേതൃത്വം നൽകുന്നു. ലഹരിവിമോചന ബോധവത്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും എ.എ. മീറ്റിംഗുകൾ ക്രമമായി നടത്തുകയും ചെയ്യുന്നു. പരിസര പ്രദേശങ്ങളിലുള്ള നിർധനരോഗികൾക്ക് വൈദ്യസഹായം നൽകിവരുന്നു.

സുവിശേഷനിധി: സുവിശേഷവേലയ്ക്കുവേണ്ടി ഇടവകകളിൽനിന്നു ലഭിക്കുന്ന സാമ്പത്തിക വിഹിതമാണ് സുവിശേഷനിധി. ഭദ്രാസനത്തിലെ എല്ലാ ഭവനങ്ങളിലും വിതരണം ചെയ്തിട്ടുള്ള മിഷൻ ബോക്സുകളിൽ സ്വരൂപിച്ചിട്ടുള്ള തുകകൾ വർഷത്തിൽ രണ്ടുതവണ അതാത് ഇടവകകളിലെ ചുമതലക്കാർ ശേഖരിച്ച് ഭദ്രാസന ആഫീസിൽ അടയ്ക്കുന്നു. മിഷൻ ഫീൽഡുകളുടെ ആവശ്യങ്ങൾക്കും സുവിശേഷകരുടെ ശമ്പളത്തിനുമായി ഈ തുക വിനിയോഗിക്കുന്നു. റിപ്പോർട്ട് വർഷം 4,40,876 രൂപ സുവിശേഷനിധിയായി ലഭിച്ചു.

Life's Tithe for Christ (LTC) (ആയുസ്സിന്റെ ദശാംശം ക്രിസ്തുവിനായ്): പഠനം പൂർത്തീകരിച്ചശേഷം മറ്റു കോഴ്സുകളിലേക്ക് പോകുന്നതിനുമുമ്പോ, ജോലി ചെയ്യുന്നവർ ജോലിയുടെ മധ്യത്തിലോ ദൈവരാജ്യ ശുശ്രൂഷയ്ക്കുവേണ്ടി തങ്ങളെ തന്നെ വേർതിരിക്കുന്ന പദ്ധതിയാണ് എൽ.ടി.സി. ഇതിൽ ഭദ്രാസനത്തിൽനിന്നും ഭദ്രാസനത്തിനു വെളിയിൽ നിന്നും യുവജനങ്ങൾ പങ്കെടുക്കുന്നു.

തൃപ്തി പ്രോജക്ട്: നമ്മുടെ ഭദ്രാസനത്തിലെ വിധവകളായ സ്ത്രീകളുടെ ഉന്നമനത്തിനും സഹായത്തിനുമായി ആരംഭിച്ച പദ്ധതിയാണ് തൃപ്തി പ്രോജക്ട്. സുമനസ്സുകളുടെ സാമ്പത്തിക സഹായത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പിൽ വരുത്തുന്നത്. തന്നാണ്ടിൽ 25000 രൂപ ഈ പദ്ധതിയിലേക്ക് ലഭിച്ചു. ഇതിന്റെ പ്രയോജനം അനേക കുടുംബങ്ങൾക്ക് ലഭ്യമാകുവാൻ അതാതു പ്രദേശത്തുള്ള ഇടവകകളുടെ പിന്തുണയോടെ സ്വയംതൊഴിൽ പദ്ധതിയൊരുക്കി ഈ സംരംഭം കാര്യക്ഷമമാക്കുവാൻ പരിശ്രമിക്കുന്നു.

4. അംഗീകൃത സ്ഥാപനങ്ങൾ

4.1. മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘം

1888 സെപ്റ്റംബർ 5 ന് കല്ലിശ്ശേരിയിലെ കടവിൽ മാളികയിൽ 11 ആത്മായരും ഒരു വൈദികനും ചേർന്ന് പ്രാർത്ഥനാപൂർവ്വം പരിശുദ്ധാത്മ പ്രേരണയാൽ ആരംഭിച്ചതാണ് സഭയുടെ മിഷനറി പ്രസ്ഥാനമായ മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘം. ആദ്യകാലഘട്ടത്തിൽ മദ്ധ്യതിരുവിതാംകൂറിലും കടൽത്തീര മേഖലകളിലും മലബാറിലും സുവിശേഷ ഘോഷണത്തിൽ ശ്രദ്ധയൂന്നിയിരുന്നു. പിന്നീട് 1905 ൽ കർണ്ണാടകയിലെ ഹോണോവാറിലും കാർവാറിലും തുടർന്ന് 1942 ൽ മദ്ധ്യപ്രദേശിലെ സിഹോറയിലും പ്രവർത്തനം വിപുലീകരിച്ചു. സംഘം 133 വർഷം പ്രവർത്തനങ്ങൾ പൂർത്തിയാക്കി. സുവിശേഷ പ്രവർത്തനങ്ങളുടെ ഫലമായി 450ൽ പരം ഇടവകകൾ, അനേകം ആരാധനാ സമൂഹങ്ങൾ, ഭാരതത്തിലെ 19 സംസ്ഥാനങ്ങളിലും രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളിലുമായി ആരംഭിക്കുന്നതിന് ദൈവം ഇടയാക്കി. ഇപ്പോൾ 69 മിഷൻ കേന്ദ്രങ്ങളിലായി 2700 ലധികം ഗ്രാമങ്ങളിൽ 750 ൽ പരം പ്രവർത്തകർ വിവിധ മുഖാന്തിരങ്ങളിലൂടെ സുവിശേഷഘോഷണം നിർവ്വഹിക്കുന്നു.

ക്രിസ്തീയ വിശ്വാസം സ്വീകരിച്ചവർക്ക് സഭയുടെ കൂട്ടായ്മയിലേക്ക് പ്രവേശനം നൽകുകയും സത്യാന്വേഷകർക്ക് തിരുവചന പഠനത്തിനും ധ്യാനത്തിനുമുള്ള അവസരങ്ങൾ ഒരുക്കുകയും ചെയ്യുന്നു. ക്രിസ്തേതരരായ 17000 ത്തിൽ അധികം കുട്ടികൾ സണ്ടേസ്കൂളുകളിൽ പഠിക്കുന്നു.

പ്രവർത്തനങ്ങൾ : ഭവനസന്ദർശനം, ലഘുലേഖകളുടെയും വേദപുസ്തകത്തിന്റെയും വിതരണം, പ്രാർത്ഥനാകൂട്ടങ്ങൾ, അന്വേഷകർക്കായുള്ള യോഗങ്ങൾ, വായനശാല, തയ്യൽ പരിശീലനം, കമ്പ്യൂട്ടർ പരിശീലനം, സൗജന്യ മെഡിക്കൽ ക്യാമ്പുകൾ, ഗ്രാമീണ ബാലവാടികൾ, ഗ്രാമജ്യോതി സ്കൂളുകൾ, ഹോമിയോ ക്ലിനിക്കുകൾ, എച്ച്ഐവി./എയ്ഡ്സ് ബോധവൽക്കരണ ക്ലാസ്സുകൾ, മദ്യവിമുക്ത പ്രവർത്തനങ്ങൾ, സൗജന്യ ട്യൂഷൻ, ബൈബിൾ പഠന ക്യാമ്പുകൾ, വി.ബി.എസ്., സൺഡേസ്കൂൾ, നിർദ്ധനരായ രോഗികൾക്ക് ചികിത്സാപദ്ധതികൾ, പിന്നോക്ക വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കുവേണ്ടി ഹോസ്റ്റലുകൾ, ക്രഷുകൾ, നിർദ്ധനരായ കുട്ടികൾക്ക് പഠനസഹായങ്ങൾ, സ്ത്രീകൾക്ക് തൊഴിൽ പരിശീലന പ്രവർത്തനങ്ങൾ, കുഷ്ഠരോഗികൾക്കുവേണ്ടിയുള്ള ശുശ്രൂഷകൾ ആദിയായവയിലൂടെ സുവിശേഷ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നു.

മിഷൻ കേന്ദ്രങ്ങൾ: 19 സംസ്ഥാനങ്ങളിലായി പ്രവർത്തിക്കുന്ന മിഷൻ കേന്ദ്രങ്ങളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കേരളം : ഗുരുവായൂർ-മുക്കോല, മൂന്നാർ, നേര്യമംഗലം, അട്ടപ്പാടി.

ഭദ്രാസനങ്ങളുമായി ചേർന്ന് തിരുവനന്തപുരം-കൊല്ലം, ചെങ്ങന്നൂർ-മാവേലിക്കര, കൊട്ടാരക്കര-പുനലൂർ, അടൂർ എന്നിവടങ്ങളിൽ സുവിശേഷകർ പ്രവർത്തിക്കുന്നു.

തമിഴ്നാട് : പൊള്ളാച്ചി, ഉദുമൽപേട്ട, സേലം, ഈറോഡ്, ഡിണ്ടിഗൽ-അംബ്ലി ക്കൈ നാമക്കൽ, പളനി, തേനി-മധുര, ആണ്ടിമഠം.

കർണാടക : കുംട, സിർസി, ഹാൻഗൽ, ഹോസ്കോട്ടെ, ഹൂബ്ലി, ഹാവേരി, അങ്കോല, ഹോണവാർ, ശിവനാപുരം, ഡാൻഡേലി, മുണ്ടുഗോഡ്, ജംഗമക്കോട്ട, ശങ്കേശ്വർ, അംദള്ളി, കാർ

		വാർ, കോളാർ, ഹരിഹർ.
ആന്ധ്രപ്രദേശ്	:	വിജയവാഡ, വിശാഖപട്ടണം, ചാഗലമാരി, നന്ദ്യാൽ, ബദ്വേൽ, ബനഗാനപ്പള്ളി.
തെലുങ്കാന	:	സെക്കന്ദരാബാദ്, നൽഗോണ്ട
മഹാരാഷ്ട്ര	:	പൻവേൽ, പൂനെ
മദ്ധ്യപ്രദേശ്	:	ഭോപ്പാൽ, സിഹോറ, ഷഡോൾ, സത്ന, റീവാ, റ്റെയ്മർ.
രാജസ്ഥാൻ	:	ജയ്പ്പൂർ, ബിക്കാനീർ, ഭിൽവാര.
പഞ്ചാബ്	:	ലുധിയാന
ഉത്തരാഖണ്ഡ്	:	ടിബറ്റൻ ബോർഡർ (മുൻസിയാരി, നാച്ച്നി, തേജം)
ബീഹാർ	:	സമസ്തിപൂർ
ഛത്തീസ്ഗഢ്	:	ജഗദൽപൂർ, ബോർസി, ബസ്തർ, അകൽത്തറ.
ഗോവ	:	പോണ്ട, പനാജി
പശ്ചിമബംഗാൾ	:	കല്യാൺപൂർ
ജമ്മുകാശ്മീർ	:	ജമ്മുതാവി
ഒഡീഷ	:	കലിംഗ
ആൻഡമാൻസ്	:	പോർട്ട്ബ്ലയർ, ഡിഗ്ലിപൂർ, ബേട്ടാപൂർ, വിംബർലിഗഞ്ച്, മായാബന്തർ, രംഗത്ത്.
പോണ്ടിച്ചേരി	:	ഉറവയാർ, കരിക്കലാംപക്കം.

മാരാമൺ കൺവൻഷൻ: 126-ാം മാരാമൺ കൺവൻഷൻ 2021 ഫെബ്രുവരി 14 മുതൽ 21 വരെ മാരാമൺ മണൽപ്പുറത്ത് നടന്നു. മാർത്തോമ്മാ സഭയിലെ അഭിവന്ദ്യ തിരുമേനിമാരെ കൂടാതെ ദൈവശാസ്ത്രപണ്ഡിതരും സുവിശേഷപ്രസംഗകരുമായ ബിഷപ്പ് ഡോ.രൂബേൻ മാർക്ക് (ആന്ധ്രാപ്രദേശ്), റവ.ഡോ.റോജർ ഗെയ്ക്വാദ് (ഗോഹട്ടി), ആർച്ച് ബിഷപ്പ് ആൻഡ്രൂസ് താഴത്ത്, ബിഷപ്പ് ഡോ.റോയ്സ് മനോജ് വിക്ടർ, ബിഷപ്പ് സാബു കെ. ചെറിയാൻ എന്നിവരും പ്രസംഗകരായിരുന്നു. 14-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞുള്ള പ്രാരംഭയോഗത്തിൽ അഭിവന്ദ്യ ഡോ.തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്താ കൺവൻഷൻ ഉദ്ഘാടനം ചെയ്തു. തിങ്കൾ മുതൽ ശനിവരെ എല്ലാദിവസവും രാവിലെ 7.30 ന് ബൈബിൾ ക്ലാസ്സുകൾ ക്രമീകരിച്ചു. സുവിശേഷ വേലയ്ക്കായി പ്രതിഷ്ഠിക്കപ്പെടുന്ന 10 വയസിന് മുകളിൽ പ്രായമുള്ളവർക്കുള്ള പ്രതിഷ്ഠാശുശ്രൂഷ ശനിയാഴ്ച കോഴഞ്ചേരി സെന്റ് തോമസ് പള്ളിയിൽ നടത്തി. ബുധനാഴ്ച രാവിലെ എക്യുമെനിക്കൽ സമ്മേളനത്തിൽ ബിഷപ്പ് ആൻഡ്രൂസ് താഴത്ത് പ്രസംഗിച്ചു. ഇതര സഭകളിലെ മേലദ്ധ്യക്ഷന്മാർ പങ്കെടുത്തു. സാമൂഹ്യ തിന്മകൾക്കെതിരെയുള്ള യോഗത്തിൽ ബിഷപ്പ് ഡോ.റോയ്സ് മനോജ് വിക്ടർ പ്രസംഗിച്ചു. വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ നടന്ന യുവവേദി യോഗങ്ങളിൽ സുപ്രസിദ്ധ സാമൂഹ്യ പ്രവർത്തക ദയാബായി, ഡോ.സുനിൽ പി. ഇളയിടം, ബിഷപ്പ് മാർ തോമസ് തറയിൽ എന്നിവർ പ്രസംഗിച്ചു. വ്യാഴാഴ്ച സന്നദ്ധസുവിശേഷക സംഘത്തിന്റെ ആഭിമുഖ്യത്തിലുള്ള യോഗത്തിൽ ബിഷപ്പ് ഡോ.രൂബേൻ മാർക്ക് സന്ദേശം നൽകി. വെള്ളിയാഴ്ച സേവികാസംഘത്തിന്റെ യോഗത്തിൽ ഡോ. ഐസക് മാർ ഫീലക്സിനോസ് എപ്പിസ്കോപ്പാ പ്രസംഗിച്ചു. ശനിയാഴ്ച മിഷനറി യോഗത്തിൽ ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ സന്ദേശം നല്കി. 21 ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ സമാപന സന്ദേശത്തോടുകൂടി 126-ാമത് മാരാമൺ കൺവൻഷൻ സമാപിച്ചു.

ഗോസ്പൽ ടീം: ഡോ. മാത്യൂസ് മാർ അത്താനാസ്യോസ് മെമ്മോറിയൽ ഗോസ്പൽ ടീം ഇടവകകളും മിഷൻ ഫീൽഡുകളും കേന്ദ്രീകരിച്ച് സുവിശേഷഘോഷണം നിർവ്വഹിക്കുന്നു. ആളാംപ്രതിവേല, വചനഘോഷണം, ഗാനശുശ്രൂഷ, ഭവനസന്ദർശനം, പരസ്യയോഗം മുതലായ മാർഗ്ഗങ്ങളിലൂടെ സുവിശേഷം അറിയിക്കുന്നു. റവ.അലക്സ് പി. ജോൺ ഗോസ്പൽ ടീം ഡയറക്ടറായി പ്രവർത്തിച്ചു.

സുവിശേഷദൂതൻ: സുവിശേഷദൂതൻ മാസിക പ്രസിദ്ധീകരിക്കുന്നു.

മാരാമൺ റിട്രീറ്റ് സെന്റർ: മാരാമൺ കൺവൻഷൻ ഓഫീസ് ആയി പ്രവർത്തിക്കുന്നതു കൂടാതെ ക്യാമ്പുകളും കോൺഫറൻസുകളും നടത്തുന്ന മികച്ച ക്യാമ്പ് സെന്ററായി പ്രവർത്തിക്കുന്നു.

കടവിൽ മാളിക: സംഘത്തിന്റെ ജന്മഗൃഹം എന്ന് വിശേഷിപ്പിക്കുന്ന കല്ലിശ്ശേരിയിലെ കടവിൽ മാളിക ഒരു ധ്യാനകേന്ദ്രമായി ഇടവകകളും പ്രാർത്ഥനാഗ്രൂപ്പുകളും പ്രയോജനപ്പെടുത്തുന്നു. എല്ലാ ചൊവ്വാഴ്ചകളിലും വിവിധ ഇടവകകളുടെ നേതൃത്വത്തിൽ കൂട്ടായ്മകളും മദ്ധ്യസ്ഥപ്രാർത്ഥനകളും നടക്കുന്നു.

വിദ്യാഭ്യാസ പ്രവർത്തനങ്ങൾ: മിഷൻ കേന്ദ്രങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിന് ബാലവാടികൾ പ്രവർത്തിക്കുന്നു. കേരളത്തിനകത്തും പുറത്തുമായി 30 പ്രൈമറി സ്കൂളുകളും 6 യു.പി. സ്കൂളുകളും ഏഴ് ഹൈസ്കൂളുകളും അഞ്ച് ഹയർ സെക്കൻഡറി സ്കൂളുകളും പ്രവർത്തിക്കുന്നു. പെരുമ്പാവൂർ വനിതാ കോളജ് മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. പെരുമ്പാവൂർ ആശ്രമം ക്യാമ്പസിൽ മാർത്തോമ്മാ കോളജ് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജിയിൽ എം.ജി. യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനോടുകൂടി എം.ബി.എ. കോഴ്സ് നടത്തുന്നു. സത്ന ക്രിസ്തബന്ധുകുല ആശ്രമത്തോടു ചേർന്ന് വനിതാ കോളേജും ബി.എഡ് കോളേജും പ്രവർത്തിക്കുന്നു.

നഴ്സിംഗ് കോളജ് : ഹോസ്ക്കോട്ട് മിഷൻ സെന്ററിനോട് ചേർന്നുള്ള ഹോസ്പിറ്റലിനോടനുബന്ധിച്ച് ഇന്ത്യൻ നേഴ്സിംഗ് കൗൺസിലിന്റെ അംഗീകാരത്തോടുകൂടി എം.എസ്.സി, ബി.എസ്.സി. എന്നീ നഴ്സിംഗ് കോഴ്സുകൾ നടത്തുന്നു.

സുവിശേഷ പരിശീലനകേന്ദ്രങ്ങൾ: കൊമ്പാടിയിൽ മലയാളത്തിലും ഹോസ്ക്കോട്ടയിൽ കന്നടയിലും സീഹോറായിൽ ഹിന്ദിയിലും സുവിശേഷ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നു. കോഴ്സ് പൂർത്തിയാക്കുന്നവരെ ആവശ്യാനുസരണം സംഘത്തിന്റെ മിഷൻ ഫീൽഡുകളിലും സഭയുടെ ഇതര മിഷൻ കേന്ദ്രങ്ങളിലും നിയമിക്കുന്നു.

ആതുരാലയങ്ങൾ: അങ്കോല, ഹോസ്കോട്ട്, സീഹോറ എന്നീ സ്ഥലങ്ങളിലുള്ള ആശുപത്രികളിലൂടെ അനുഗ്രഹകരമായ ശുശ്രൂഷ നടക്കുന്നു. സാധുക്കളായ രോഗികൾക്ക് ഈ ആശുപത്രികൾ ഏറെ അനുഗ്രഹമാണ്.

ഹോസ്കോട്ട് മിഷൻ ഹോസ്പിറ്റലിനോട് ചേർന്ന് എയ്ഡ്സ് രോഗികളെ ചികിത്സിക്കുന്ന ഒരു ക്ലിനിക് പ്രവർത്തിക്കുന്നു. കുഷ്ഠരോഗ ചികിത്സാ വിഭാഗവും ഫലപ്രദമായി പ്രവർത്തിക്കുന്നു.

മന്ദിരങ്ങൾ: കുമ്പനാട്, അയിരൂർ, അങ്കോല, ഹോസ്കോട്ട്, സീഹോറ എന്നീ സ്ഥലങ്ങളിൽ അനാഥരും വൃദ്ധരുമായവർക്ക് അഭയം നൽകുന്നതിന് മന്ദിരങ്ങൾ പ്രവർത്തിക്കുന്നു.

ഹോസ്റ്റലുകൾ: പൊള്ളാച്ചി, നന്ദ്യാൽ, ഹോണവാർ, സിർസി, ചാഗലമാരി, ഭോപ്പാൽ, സെക്കന്ദ്രബാദ്, സീഹോറ, ഷഡോൾ, ഗുരുവായൂർ, കലിംഗ എന്നീ മിഷൻ കേന്ദ്രങ്ങളിൽ ആദിവാസി, പിന്നാക്ക വിഭാഗങ്ങളിലുള്ള വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിനുവേണ്ടി ഹോസ്റ്റലുകൾ ആരംഭിച്ച് ഫലകരമായ ശുശ്രൂഷ നിർവ്വഹിക്കുന്നു.

വരുമാനമാർഗ്ഗങ്ങൾ : ആണ്ടുവരി, ഉപോഷണം, ആദ്യഫലശേഖരണം, ബാഹ്യകേരള മിഷൻ സ്തോത്രകാഴ്ച, സുവിശേഷകരുടെ സ്പോൺസർഷിപ്പ്, മിഷൻസൺഡേ സ്തോത്രകാഴ്ച, പ്രത്യേക സംഭാവനകൾ, എൻഡോവ്മെന്റ് പലിശ എന്നിവയാണ് സംഘത്തിന്റെ മുഖ്യവരുമാന മാർഗങ്ങൾ. ഇടവക ചുമതലക്കാരും വൈദികരും ഇവ സമാഹരിക്കുന്നതിൽ സംഘത്തെ സഹായിക്കുന്നു.

കേന്ദ്ര ഓഫീസ്: തിരുവല്ലയിൽ മാർത്തോമ്മാ സഭാ ഓഫീസിനോട് ചേർന്ന് പ്രവർത്തിക്കുന്ന സുവിശേഷ പ്രസംഗ സംഘത്തിന്റെ കേന്ദ്ര ഓഫീസിൽ 14 ഓഫീസ് പ്രവർത്തകരും ഔദ്യോഗിക ചുമതലക്കാരും പ്രവർത്തിക്കുന്നു. അഭിവന്ദ്യ ഡോ. യുയാക്കിം മാർ കൂറിലോസ് എപ്പിസ്കോപ്പാ (പ്രസിഡന്റ്) , റവ. ജോർജ് ഏബ്രഹാം കൊറ്റനാട് (ജനറൽ സെക്രട്ടറി), ശ്രീ. സി.വി. വറുഗീസ് (ലേഖക സെക്രട്ടറി), റവ. സാമുവൽ സന്തോഷം എസ്. (സഞ്ചാര സെക്ര

ട്ടറി), അനിൽ മാരാമൺ (ട്രഷറാർ) എന്നിവർ ഔദ്യോഗിക ചുമതലക്കാരായി പ്രവർത്തിക്കുന്നു. 30 അംഗ മാനേജിംഗ് കമ്മിറ്റി സംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

കോവിഡ്-19 രോഗവ്യാപനം സംഘത്തിന്റെ പ്രവർത്തനങ്ങളിൽ വലിയ പ്രതിസന്ധികൾ സൃഷ്ടിച്ചിട്ടുണ്ട്. ആരാധനാലയങ്ങൾ ഒക്ടോബർ വരെ അടഞ്ഞു കിടന്നതിനാൽ സംഘത്തിന് സഭാംഗങ്ങളിൽ നിന്ന് ലഭിക്കുന്ന സ്തോത്രകാഴ്ചയും സംഭാവനകളും ഇതര വരുമാനങ്ങളും പരിമിതപ്പെട്ടു. മിഷൻ ഫീൽഡുകളിലായിരിക്കുന്ന മിഷനറിമാർക്കും സുവിശേഷകർക്കും ശമ്പളവും ഇതര അലവൻസുകളും കഴിഞ്ഞ സാമ്പത്തിക വർഷം മുടങ്ങാതെ നൽകുവാൻ ദൈവകൃപയാൽ കഴിഞ്ഞു. കോവിഡിന്റെ തീവ്രവ്യാപനം ഇപ്പോഴും തുടരുന്നു എന്നത് നാം നേരിടുന്ന വെല്ലുവിളിയാണ്. പ്രാർത്ഥനാപൂർവ്വം ദൈവകൃപയിലാശ്രയിച്ച് ഈ പ്രതിസന്ധികളെ തരണം ചെയ്യാം.

4.2. മാർത്തോമ്മാ സൺഡേസ്കൂൾ സമാജം

മലങ്കര സഭയുടെ ക്രിസ്തീയ വിദ്യാഭ്യാസ വിഭാഗമായ സൺഡേസ്കൂൾ സമാജം, ഓരോ കുഞ്ഞുങ്ങളേയും നമ്മുടെ രക്ഷകനായ ക്രിസ്തു യേശുവിങ്കലുള്ള വിശ്വാസത്തിൽ കൂട്ടി വരുത്തുകയും, സഭയുടെ വിശ്വാസാചാരങ്ങളിൽ വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തിൽ അടിസ്ഥാനമിട്ട് ക്രമീകരിക്കപ്പെട്ട പ്രസ്ഥാനമാണ്. 52 സൺഡേസ്കൂളുകളുമായി തുടങ്ങിയ പ്രസ്ഥാനം 115 വർഷം പിന്നിടുമ്പോൾ 12 ഭദ്രാസനങ്ങളിൽ 27 ഡിസ്ട്രിക്റ്റുകളും 87 സെന്ററുകളും 1160 സൺഡേസ്കൂളുകളും എന്ന നിലയിൽ എത്തുന്നതിന് ദൈവം കൃപ ചെയ്തു. സമാജത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സൺഡേസ്കൂളുകളിൽ 49618 വിദ്യാർത്ഥികൾ പഠനം നടത്തി. ഭദ്രാസന, സെന്റർ തലങ്ങളിൽ സെക്രട്ടറിമാരും ഡിസ്ട്രിക്റ്റ് തലങ്ങളിൽ ഓർഗനൈസർമാരും സെന്റർ ഇൻപെക്ടർമാരും ഈ പ്രവർത്തനങ്ങൾക്ക് സജീവ നേതൃത്വം നല്കുന്നു. ക്രിസ്തീയ വിദ്യാഭ്യാസത്തോടൊപ്പം സാമൂഹിക പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകി വിവിധ മേഖലകളിൽ പ്രശംസനീയമായ നിലയിൽ പ്രവർത്തിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. വയനാട്ടിലെ സുഗന്ധഗിരി, കൊല്ലം ആശ്രയ എന്നീ പ്രസ്ഥാനങ്ങൾ ഇതിന് ഉദാഹരണങ്ങളാണ്.

നേഴ്സറി മുതൽ പ്രൗഢ സൺഡേസ്കൂൾ വരെ 8 വകുപ്പുകളിലായി 15 വർഷം കൊണ്ട് പൂർത്തിയാക്കുന്ന പാഠ്യ പദ്ധതിയനുസരിച്ച് ഓരോ വകുപ്പിലും പ്രത്യേക പാഠ പുസ്തകങ്ങളും അദ്ധ്യാപകസഹായിയും തയ്യാറാക്കുകയും, 'ദൈവവചനത്തിലൂടെ രൂപാന്തരപ്പെടുക' എന്ന മുഖ്യ വിഷയത്തെ ആധാരമാക്കിയുള്ള പാഠപുസ്തകം നേഴ്സറി മുതൽ യുവവകുപ്പ് വരെയുള്ള ക്ലാസ്സുകളിലും, 'യേശു ക്രിസ്തു ജീവിതവും, ഉപദേശവും' എന്ന പുസ്തകം പ്രൗഢ സൺഡേസ്കൂൾ ക്ലാസ്സിലും പഠനത്തിന് ഉപയോഗിച്ചു. പാഠപുസ്തകങ്ങൾ മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നു. വാർഷിക പരീക്ഷ, ബിരുദു പരീക്ഷ, അദ്ധ്യാപക പരീക്ഷ എന്നിവ യഥാസമയം അതത് സൺഡേസ്കൂളുകളുടെ നേതൃത്വത്തിൽ സമാജം തയ്യാറാക്കി നല്കിയ ചോദ്യപേപ്പർ ഉപയോഗിച്ച് ക്രമീകരിക്കുകയും, സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു.

ഇടക്കുളം, വില്ലൂർ എന്നിവിടങ്ങളിലെ എസ്റ്റേറ്റുകൾ സമാജത്തിന്റെ സാമ്പത്തിക ആവശ്യങ്ങൾക്ക് സഹായകരമാണ്. സി.ഇ.സി ചരൽക്കുന്ന് സൺഡേസ്കൂൾ സമാജത്തിന്റെ മാത്രമല്ല സഭയ്ക്കും സമൂഹത്തിനും ആകമാനം അഭിമാനകരമായ ക്യാമ്പ് സെന്ററായി നിലകൊള്ളുന്നു. നിലവിൽ പത്തനംതിട്ട ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററായി പ്രവർത്തിച്ചു വരുന്നു.

കോവിഡ് മഹാമാരി ലോകത്താകമാനം വിതച്ച നിശ്ചലാവസ്ഥയിൽ സൺഡേസ്കൂൾ സമാജം ക്രമീകരിച്ചു വന്നിരുന്ന പല പരിപാടികളും സമയാസമയങ്ങളിൽ നടത്തുന്നതിന് സാധിക്കാതെ വന്നുവെങ്കിലും, പുതിയ സാഹചര്യത്തെ ഉൾക്കൊള്ളുകയും, അതനുസരിച്ച് ആസൂത്രണം ചെയ്ത് ഓൺലൈൻ മാധ്യമങ്ങളുടെ സഹായത്തോടെ നടത്തുന്നതിന് സാധിച്ചു.

സമാജം യുട്യൂബ് ചാനലിലൂടെ പാഠ്യപദ്ധതിയെ ആസ്പദമാക്കി മുൻക്കൂട്ടി റിക്കാർഡ് ചെയ്ത വിഡിയോ ക്ലാസ്സുകൾ ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ നല്കിവരുന്നു. 'ലോകത്തിന്റെ വെളിച്ചം' എന്ന ചിന്താവിഷയത്തെ ആസ്പദമാക്കി റിപ്പോർട്ട് വർഷത്തിൽ വി.ബി.എസ് സമാജം യുട്യൂബ് ചാനലിലൂടെ ആകർഷകമായി നടത്തുന്നതിന് സാധിച്ചു. ഭദ്രാസന, ഡിസ്ട്രിക്ട്, സെന്റർ തലങ്ങളിൽ വിദ്യാർത്ഥി സമ്മേളനങ്ങൾ, അദ്ധ്യാപക സമ്മേളനങ്ങൾ, അഖിലലോക സൺഡേസ്കൂൾ ദിനാഘോഷം എന്നിവ നവമാധ്യമങ്ങളിലൂടെ ക്രമീകരിച്ചു നടത്തി.

നേഴ്സറി മുതൽ കുമാരവകുപ്പ് വരെയുള്ള വിദ്യാർത്ഥികൾക്കായി സമാജം ഫീൽഡ് സ്റ്റാഫ്സിന്റെ നേതൃത്വത്തിൽ യുട്യൂബ് ചാനൽ മുഖേന പാട്ടുകൾ, കഥകൾ, ജീവിതാനുഭവങ്ങൾ, മനഃപാഠവാക്യം വിവിധ ഭാഗങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് **'ബൈബിൾ എക്സ്പ്രസ്സ്'** എന്ന ഒരു വെബ് സീരിസ് ക്രമീകരിക്കുകയുണ്ടായി. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ കൂടിവരവുകൾ സാധ്യമല്ലാത്തതിനാൽ മാനസിക സമ്മർദ്ദം അനുഭവിക്കുന്ന മദ്ധ്യവകുപ്പ് മുതൽ പ്രൗഢവകുപ്പ് വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി **'ബൗൺസ് ബാക്ക്'** എന്ന പേരിൽ Motivational Talks യുട്യൂബ് ചാനലിലൂടെ ക്രമീകരിക്കുന്നു. ഇപ്പോൾ 5 ഭാഗങ്ങൾ പ്രസിദ്ധീകരിച്ചു.

അദ്ധ്യാപർക്കും പ്രവർത്തകർക്കുമായി 3 മാസത്തിലൊരിക്കൽ സന്ദർശിനിയും കുഞ്ഞുങ്ങൾക്കായി മാസംതോറും തളിരുകൾ എന്ന മാസികയും പ്രസിദ്ധീകരിക്കുന്നു.

കാലാനുസൃതമായി പാഠ്യപദ്ധതി പുനരാവിഷ്ക്കരിക്കുന്നതിനായി അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ തിരുമേനിയുടെ നേതൃത്വത്തിലുള്ള അക്കദമിക്ക് കൗൺസിൽ ക്രമീകരണങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു.

ഭദ്രാസന സെക്രട്ടറിമാരുടേയും, ഡിസ്ട്രിക്ട് ഓർഗനൈസർമാരുടെയും, സെന്റർ ഇൻസ്പെക്ടർമാരുടേയും യോഗങ്ങൾ സൂം പ്ലാറ്റ്ഫോമിലൂടെ നടത്തുകയുണ്ടായി.

സമാജം പ്രസിഡന്റായി അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ പ്രവർത്തിച്ചു. റവ. ജോർജ്ജ് ചെറിയാൻ ജനറൽ സെക്രട്ടറിയായും ഡോ. കെ.കെ. ജോൺ വൈസ് പ്രസിഡന്റായും, ശ്രീ. സജു മാത്യു ട്രഷറാറായും, റവ. ടോണി ഈപ്പൻ വർക്കി അസി. സെക്രട്ടറിയായും പ്രവർത്തിച്ചു.

4.3. മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘം

സങ്കീർണ്ണതയിലൂടെയുള്ള ഒരു യാത്ര. വൈറസ് വ്യാപനം തുടർന്നുകൊണ്ടിരിക്കുന്നു. ആശങ്കയും നിരാശയും ഒരു യാഥാർത്ഥ്യമാണ്. ഇവിടെ പ്രത്യാശ സമൂഹമായി നിലകൊള്ളുവാൻ ദൈവം നമ്മെ വിളിച്ചിരിക്കുന്നു. മലങ്കര മാർത്തോമ്മാ സുറിയാനി സഭയിൽ "ഓരോ മാർത്തോമ്മാക്കാരനും ഓരോ സുവിശേഷകൻ" എന്ന വിശാല ദർശനം സാക്ഷാത്കരിക്കുന്നതിനായി 1924ൽ രൂപം കൊണ്ട മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘം പ്രവർത്തനസരണിയിൽ 97 വർഷം പിന്നിടുന്നു. സുവിശേഷ തൽപ്പരരായ അത്മായ ഗണത്തെ ഫലപ്രദമായി സഭയുടെ പ്രേക്ഷിത പ്രവർത്തനങ്ങളിൽ പങ്കുചേർക്കുവാൻ നേതൃത്വം നൽകിയ അഭിവന്ദ്യ പിതാക്കന്മാരുടെ ദർശനത്തെ ഓർത്ത് ദൈവത്തിന് സ്തോത്രം ചെയ്യുന്നു. സംഘത്തിന്റെ ഏഴിന പരിപാടികൾ ദൈവജനത്തിന്റെ ആധ്യാത്മിക പരിപോഷണത്തിന്റെ ചാലക ശക്തിയാണ്.

ഓരോ ഇടവകകളാണ് സംഘത്തിന്റെ മിഷൻ ഫീൽഡുകൾ ഇടവകമിഷൻ പ്രവർത്തകരാണ് സംഘ ത്തിന്റെ മിഷനറിമാർ. വിവിധ ഭദ്രാസനങ്ങളിൽ 81 സെന്ററുകളുംകേന്ദ്രത്തിൽ രജിസ്ററർ ചെയ്ത 640 ഇടവകമിഷൻ യൂണിറ്റുകളും ഉണ്ട്. ഭദ്രാസന അദ്ധ്യക്ഷൻ പ്രസിഡന്റായി ഭദ്രാസന കമ്മറ്റിയും സെന്ററിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന വൈദീകൻ അദ്ധ്യക്ഷനായി സെന്റർ കമ്മറ്റിയും പ്രവർത്തിക്കുന്നു. സെന്റർ തലത്തിൽ സെന്റർ സെക്രട്ടറി

യോടൊപ്പം സംഘം നിയമിക്കുന്ന ഓർഗനൈസർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.

മിഷൻ ഫീൽഡുകൾ: അച്ചൻകോവിൽ, മുക്കട, കൽക്കുളം, സുന്ദരപാണ്ട്യപുരം എന്നീ പ്രദേശങ്ങളിൽ സംഘം സുവിശേഷകർ കുടുംബമായി താമസിച്ച് പ്രവർത്തനങ്ങൾക്ക് ശക്തി പകരുന്നു. കുട്ടികൾക്കായുള്ള സണ്ടേ സ്ക്കൂൾ, വി.ബി.എസ്, ഇതര മീറ്റിംഗുകൾ എന്നിവക്കൊപ്പം ലഹരി വിരുദ്ധ ബോധ വൽക്കരണം, ആരോഗ്യകരമായ ജീവിത ദർശനം, ഉദാത്തമായ കുടുംബ ബന്ധങ്ങൾ എന്നീ ലക്ഷ്യങ്ങൾ ലാക്കാക്കിയുള്ള പ്രവർത്തനങ്ങളിലൂടെ രക്ഷകനായ കർത്താവിനെ സാക്ഷിക്കുന്നു. കോവിഡ് പ്രതിസന്ധി കാലഘട്ടത്തിൽമിഷൻ ഫീൽഡുകളിലും പ്രതിരോധ പ്രവർത്തനങ്ങളും, സാമൂഹിക അടുക്കളകളും സൗജന്യ കിറ്റ് വിതരണവും ക്രമീകരിച്ചു. സ്വയ ബോധ്യത്തോടെ വിശ്വാസ ജീവിതത്തിലേക്ക് വരുന്നവർക്ക് സഭ കൂട്ടായ്മ നൽകുന്നു.

എ. എം. എം. ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട്: 1947 ൽ ആരംഭിച്ച ഏബ്രഹാം മാർത്തോമ്മാ ബൈബിൾ ഇൻസ്ററിററ്യൂട്ട് അത്മായരുടെ തിരുവചന പഠനത്തിനും പ്രാർത്ഥനക്കും സമർപ്പണത്തിനും അവസരം ഒരുക്കുന്ന സ്ഥാപനയാണ്. ജനുവരി മാസത്തിൽ ആരംഭിച്ച് മാർച്ചിൽ അവസാനിക്കുന്ന മൂന്നുമാസ കോഴ്സ്, ഏപ്രിൽ മെയ് മാസത്തിൽ ക്രമീകരിക്കുന്ന സമ്മർ ക്ലാസ്, ജൂൺ മുതൽ ഡിസംബർ വരെയുള്ള ആറുമാസ കോഴ്സ്, നവംബർ ഡിസംബർ മാസത്തിൽ ക്രമീകരിക്കുന്ന ഹ്രസ്വകാല കോഴ്സ് എന്നീ കോഴ്സുകളാണ് ഈ സ്ഥാപനയിൽ ക്രമീകരിച്ചുവരുന്നത്. കോവിഡ് പ്രതിസന്ധി രൂക്ഷമായിരുന്ന ഈ കാലഘട്ടത്തിൽ ക്രമമായി ഈ കോഴ്സുകൾ നടത്തുവാൻ സാധിച്ചില്ല. ബി.ഡി കോഴ്സ് പൂർത്തീകരിച്ച 11 വിദ്യാർത്ഥികൾക്ക് സഭയായി ക്രമീകരിച്ച പ്രായോഗിക പരിശീലനം ക്രമീകരിക്കുവാൻ സാധിച്ചു.

പൂർവവിദ്യാർത്ഥി സംഘടന: ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠനം പൂർത്തീകരിച്ചവരുടെ കൂട്ടായ്മ ക്രമമായി നടന്നു വരുന്നു. മദ്ധ്യസ്ഥ പ്രാർത്ഥന, മുഴുരാത്രി പ്രാർത്ഥന, ദർശന ധ്യാനം എന്നിവയിൽ പ്രവർത്തകർ നേതൃത്വം നൽകുന്നു. പിന്നോക്ക മേഖലകളിൽ സുവിശേഷ പ്രവർത്തനം നടത്തുന്നു. റവ. മാത്യു ജോൺ പ്രസിഡന്റായും, സുവി. പി. എസ്. ശാമുവേൽ വൈസ് പ്രസിഡന്റായും ശ്രീ. തോമസ് മാത്യു റാന്നി സെക്രട്ടറിയായും ശ്രീ. എം.എം. കോശി ട്രഷറാറായും പ്രവർത്തിക്കുന്നു.

പ്രസിദ്ധീകരണങ്ങൾ: സന്നദ്ധ സന്ദേശം മാസിക സംഘത്തിന്റെ നാവാണ്. വിഷയാസ്പദ പഠനവും ഏവൻഗേലിയോൻ അടിസ്ഥാനമാക്കിയ പ്രസംഗക്കുറിപ്പുകളും ഇതര പംക്തി കളും ഉൾപ്പെടുന്ന മാസികയുടെ ചീഫ് എഡിറ്റർ റവ. രാജു തോമസാണ്. 150 രൂപ വാർഷിക വരിസംഖ്യയും 1250 രൂപ ആയുഷ്കാല വരിസംഖ്യയുമാണ്.

മുഴുരാത്രി പ്രാർത്ഥന: സംഘത്തിന്റെ ചുമതലയിലുള്ള ഡോ. ജോസഫ് മാർത്തോമ്മാ ധ്യാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ എല്ലാ മാസത്തിന്റെയും ആദ്യ തിങ്കളാഴ്ച വൈകിട്ട് ഏഴുമണി മുതൽ മുഴുരാത്രി പ്രാർത്ഥന ക്രമീകരിച്ചുവരുന്നു. വിവിധ പ്രദേശങ്ങളിൽ നിന്നും അംഗങ്ങൾ ഈ കൂട്ടായ്മിൽ പങ്കെടുക്കുന്നു. സഭയുടെയും സമൂഹത്തിന്റെയും ആത്മീക ഉണർവിനും പുതുക്കത്തിനും പ്രാർത്ഥിക്കുന്നു. വിവിധ ആവശ്യത്തി ലിരിക്കുന്നവർ ഈ കൂട്ടായ്മയിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുകയും തങ്ങൾക്ക് ലഭിച്ച വിടുതലും അനുഗ്രഹവും സാക്ഷിക്കുകയും ചെയ്യുന്നു.

ദർശന ധ്യാനം: സംഘത്തിന്റെ ചുമതലയിലുള്ള ഡോ. ജോസഫ് മാർത്തോമ്മാ ധ്യാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ എല്ലാ മാസത്തിന്റെയും രണ്ടാം ചൊവ്വാഴ്ചകളിൽ ധ്യാനം ക്രമീകരിച്ചുവരുന്നു

മദ്ധ്യസ്ഥപ്രാർത്ഥന: മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘത്തിന്റെ രൂപീകരണത്തിന് നിദാനമായ മദ്ധ്യസ്ഥ പ്രാർത്ഥനാസമാജം രൂപീകൃതമായിട്ട് 112 വർഷങ്ങൾ പിന്നിടുന്നു. സഭയുടെയും സമൂഹത്തിന്റെയും വളർച്ചക്ക് സഹായകരമായി മദ്ധ്യസ്ഥ പ്രാർത്ഥന കാര്യക്ഷമമായി നിർവഹിക്കുന്നു. ഓരോ മാസത്തിന്റെയും മൂന്നാം ബുധനാഴ്ച രാവിലെ 10 ന് കൊമ്പാടിയിൽ ക്രമീകരിക്കുന്ന മദ്ധ്യസ്ഥ പ്രാർത്ഥനയിലും സൂം പ്ലാറ്റ്ഫോമിൽ ക്രമീകരിക്കുന്ന യോഗങ്ങളിലും അനേകർ പങ്കെടുക്കുന്നു.

പ്രാർത്ഥനാ ശൃംഘല: ലോകം നേരിടുന്ന കൊറോണ മഹാമാരിൽ നിന്നും വിടുതൽ ലഭിക്കുന്നതിനായി സംഘത്തിന്റെ ചുമതലയിൽ പ്രാർത്ഥനാ ശൃംഘല ക്രമീകരിച്ചു.

സുവിശേഷ നിലയം: സംഘം പ്രവർത്തകർക്കും, സുവിശേഷ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നവർക്കും കൊമ്പാടിയിൽ വന്ന് താമസിക്കുന്നതിനും, ധ്യാനിക്കുന്നതിനും, പഠിക്കുന്നതിനും ക്രമീകരിച്ചിരിക്കുന്ന സംവിധാനമാണ് സുവിശേഷ നിലയം. സെമിനാരി പഠനത്തിനായി തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളിൽ ചിലരും, സുവിശേഷകരും ഈ അവസരം പ്രയോജനപ്പെടുത്തി. മുൻകൂട്ടി അറിയിക്കുന്നവർക്ക് താമസത്തിനും ഭക്ഷണത്തിനും ആവശ്യമായ ക്രമീകരണം ചെയ്യുന്നതാണ്.

സംഘവാരവും സംഘദിനവും: സംഘം പ്രവർത്തനങ്ങൾ പ്രാദേശിക തലത്തിലും സെന്റർ ഭദ്രാസന തലങ്ങളിലും കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സഭയായി 2020 സെപ്ററംബർ 27 മുതൽഒക്ടോബർ 4 വരെ സംഘവാരമായും ഒക്ടോബർ 4 സംഘ ദിനമായും ആചരിച്ചു സഭയായി റാന്നി വൈക്കം മാർത്തോമ്മാ ഇടവകയിൽ ക്രമീകരിച്ച വിശുദ്ധ കുർബാനക്ക് അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പ നേതൃത്വം നൽകി. അഭിവന്ദ്യ ഡോ. ഗീവർസീസ് മാർ തെയഡേഷ്യസ് സഫ്രഗൻ മെത്രാപ്പോലീത്ത സഹകാർമ്മികത്വം വഹിച്ചു. സംഘം ജനറൽ സെക്രട്ടറി റവ. മാത്യു ജോൺ വചന ശുശ്രൂഷ നിർവഹിച്ചു. സംഘം ഭാരവാഹികൾ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. സംഘവാരത്തിൽ സൂം പ്ലാറ്റ്ഫോമിൽ ക്രമീകരിച്ച ധ്യാനയോഗത്തിൽ അഭിവന്ദ്യ ഡോ. ഗ്രീഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്ക്കോപ്പ, വെരി. റവ. ഡോ. ഡി. ഫിലിപ്പ്, റവ. ജോളി തോമസ്, റവ. ഡോ, അലക്സാണ്ടർ എ. തോമസ്, റവ. പ്രസാദ് മാത്യു, റവ. ബോബി മാത്യു, ശ്രീമതി. റിനാ ജോൺ ജോർജ് എന്നിവർ മുഖ്യ സന്ദേശം നൽകി.

മാരാമൺ കൺവൻഷൻ: 2021 ഫെബ്രുവരി 14 മുതൽ 21 വരെ ക്രമീകരിച്ച മാരാമൺ കൺവൻഷൻ ദിവസങ്ങളിൽ സംഘം ഓഫീസ് മണപ്പുറത്ത് ക്രമീകരിച്ചു.

ഡോ. ജോസഫ് മാർത്തോമ്മാ ക്യാമ്പ് റിസേർച്ച് ധ്യാന കേന്ദ്രം: മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘത്തിന്റെ നവതി സംഭാവനയായി പണിത് പൂർത്തീകരിച്ച ധ്യാന കേന്ദ്രമാണ് ഡോ. ജോസഫ് മാർത്തോമ്മാ ക്യാമ്പ് റിസേർച്ച് ധ്യാന കേന്ദ്രം. താമസ സൗകര്യത്തിനായി 28 മുറികളും 3 ഡോർമെറ്ററികളും ഉപയോഗിക്കുന്നു. കോൺഫറൻസുകളും പൊതുയോഗ ങ്ങളും നടത്തുന്നതിന് സൗകരപ്രദമായ ഒരു വലിയ ഓഡിറോറിയവും രണ്ട് ഹാളുകളും ലഭ്യമാണ്. ക്രിസ്തീയ മൂല്യങ്ങൾക്കായി നിലകൊള്ളുന്ന പ്രസ്താനങ്ങളും വ്യക്തികളും കൂടാതെ വിവിധ സഭാ വിഭാഗങ്ങളും ഈ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നു. തിരുവല്ലയിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന വിശ്വാസികളും സ്നേഹിതരും താമസത്തിനായും സെന്റർ തെരഞ്ഞെടുക്കുന്നു. കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കോറന്റൈൻ സെന്ററായി ഈ സ്ഥാപനം പ്രവർത്തിച്ചു.

സംഘം ചുമതലക്കാർ: സംഘത്തിന്റെ 2017-2020 കാലഘട്ടത്തിലെ ചുമതലക്കാരായി അഭിവന്ദ്യ. ഡോ. ഗ്രീഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്ക്കോപ്പ, പ്രസിഡന്റ്, ശ്രീ. മാത്യൂസ് ജെ. ഒച്ചാരുകുന്നിൽ, വൈസ് പ്രസിഡന്റ്, റവ. മാത്യു ജോൺ, ജനറൽ സെക്രട്ടറി, ശ്രീ. സി.റ്റി. ജോൺ, അസിസ്റ്റന്റ് സെക്രട്ടറി, ശ്രീ. ജോർജ് ഈപ്പൻ കല്ലാക്കുന്നേൽ, ട്രഷറാർ എന്നിവർ പ്രവർത്തിച്ചു.

4.4. മാർത്തോമ്മാ സുവിശേഷ സേവികാ സംഘം

സമാനതകളില്ലാത്ത കാലത്തിലൂടെയാണ് നാം കടന്നു പോകുന്നത്. സഹനത്തിന്റേയും അതിജീവനത്തിന്റേയും

പാഠങ്ങൾ അനുദിന ജീവിത സരണിയിലൂടെ നാം പഠിച്ചു കൊണ്ടിരിക്കുന്നു. സേവികാസംഘത്തിന്റെ രക്ഷാധികാരിയായിരുന്ന് കാലോചിതമായ നിർദ്ദേശങ്ങൾ നൽകിയും പ്രത്യേകിച്ച് ശതാബ്ദി സമ്മേളനത്തിന് അനിഷേധ്യമായ നേതൃത്വം നൽകിയും നമ്മെ ധന്യരാക്കിയ മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പൊലീത്താ തിരുമേനിയുടെ ദേഹവിയോഗത്തിൽ അനുസ്മരണ സമ്മേളനം ഒക്ടോബർ 25-ാം തീയതി നടത്തപ്പെട്ടു. ഓരോ സേവികാസംഘാംഗത്തിന്റേയും പേരിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് മാർത്തോമ്മാ സുവിശേഷ സേവികാസംഘത്തിന്റെ 2020-2021-ലെ പ്രവർത്തന റിപ്പോർട്ടിന് ആരംഭം കുറിക്കട്ടെ.

1919 ഫെബ്രുവരി 14-ന് ഭാഗ്യസ്മരണീയനായ ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പൊലീത്തായുടെ അദ്ധ്യക്ഷതയിൽ മാരാമൺ മണൽപ്പുറത്ത് ഉദ്ഘാടനം ചെയ്യപ്പെട്ട മാർത്തോമ്മാ സുവിശേഷ സേവികാസംഘം സഭയ്ക്കും സമൂഹത്തിനും ദൈവകൃപയുടെ ഒരായിരം നിറച്ചാർത്ത് സമ്മാനിച്ച് 102 വർഷം പിന്നിട്ട് ഇന്ന് 13 ഭദ്രാസനങ്ങളിൽ 87 സെന്ററുകളിലായി 1000 ശാഖകളിലൂടെ പടർന്ന് പന്തലിച്ച് പ്രവർത്തിക്കുന്നു.

അനുമോദനം: അനിതര സാധാരണമായ പ്രവർത്തന ശൈലിയും അനിർവ്വചനീയമായ ദീർഘവീക്ഷണവും കൊണ്ട് മാർത്തോമ്മാ സഭയുടെ അമരക്കാരനായി പരമോന്നത പദവിയിലേക്ക് ദൈവത്താൽ നിയോഗിക്കപ്പെട്ട മോസ്റ്റ് റവ. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്താ സേവികാസംഘത്തിന്റെ രക്ഷാധികാരി യായി പ്രവർത്തിക്കുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. തികഞ്ഞ ആദ്ധ്യാത്മിക ചൈതന്യത്തോടെയും നീതിബോധത്തോടെയും ദൈവ സ്നേഹത്തോടെയും സഭയെ നയിക്കുവാൻ ദൈവം തിരുമേനിയെ സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. മാർത്തോമ്മാ സുവിശേഷ സേവികാസംഘത്തിന്റെ അനുമോദനങ്ങൾ അറിയിക്കുകയും ആശംസകൾ നേരുകയും ചെയ്യുന്നു.

അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ പ്രസിഡന്റായും ശ്രീമതിമാരായ മേരിക്കുട്ടി ജോർജ് വൈസ് പ്രസിഡന്റായും മിനി ജോയ്സ് തോമസ് ജനറൽ സെക്രട്ടറിയായും മിനി റ്റി. അലക്സ് ഖജാൻജിയുമായുള്ള 38 അംഗ മാനേജിംഗ് കമ്മിറ്റി സംഘം പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കി ആവശ്യമായ നേതൃത്വം നൽകുന്നു. സുവിശേഷ, വികസന, വിദ്യാഭ്യാസ, സാമൂഹിക മേഖലകളിൽ സേവികാസംഘത്തിന്റെ വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ സജീവമായി നടക്കുന്നു.

സുവിശേഷ പ്രവർത്തനം: കേരളത്തിനകത്ത് 15 മിഷൻ ഫീൽഡുകളിൽ 18 സേവിനിമാർ സംഘം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു.

വിശ്രാന്തിഭവൻ: പ്രവർത്തനത്തിൽ നിന്നും വിരമിച്ച 6 സേവിനിമാർ വിശ്രാന്തിഭവനിൽ താമസിക്കുന്നു.

വർക്കേഴ്സ് റിഫ്രഷർ കോഴ്സ്: 2021 ഫെബ്രുവരി 9ന് വെർച്ചൽ പ്ലാറ്റ്ഫോമിൽ ക്രമീകരിച്ചു. നിയോഗിതർ അതിജീവനത്തിന്റെ ദൈവാനുഭവ വാഹകർ എന്ന വിഷയം ആസ്പദമാക്കി മദർ റോസ് കെയ്റ്റ് സന്ദേശം നൽകി. എല്ലാ വർക്കേഴ്സും പങ്കെടുത്തു.

ബാഹ്യകേരള മിഷൻ: സുവിശേഷ പ്രസംഗസംഘവുമായി സഹകരിച്ച് പൊള്ളാച്ചിയിലെ ഉദുമൽപ്പേട്ട ഗ്രാമത്തിൽ സുവിശേഷവേലയും തയ്യൽസ്കൂളും ട്യൂഷൻ സെന്ററും നടത്തുന്നു. അവിടെ പ്രവർത്തിക്കുന്ന ഒരു സുവിശേഷകന്റെ ശമ്പളവും സേവികാസംഘം നൽകുന്നു.

ക്രിസ്തീയ പരിശീലനം - വനിതാമന്ദിരം : വനിതാ മന്ദിരത്തിൽ ഹ്രസ്വകാല ത്രൈമാസ ബൈബിൾ സ്റ്റഡി & ഹോം മാനേജ്മെന്റ് കോഴ്സ് പുനഃരാരംഭിച്ചു. വനിതാ മന്ദിരം പ്രിൻസിപ്പാൾ മിസ് സാറാമ്മ ഈപ്പൻ റിട്ടയർ ചെയ്തു. വനിതാമന്ദിരത്തിന്റെ പുതിയ പ്രിൻസിപ്പാളായി മിസ് ആനി തോമസിനെ നിയോഗിച്ചു. നിയോഗ ശുശ്രൂഷ റവ. ഡോ. ജോൺ ഫിലിപ്പ് എ. നിർവ്വഹിച്ചു.

ബെറ്റർഹോമിന്റേയും വനിതാമന്ദിരം വിദ്യാർത്ഥിനികളുടേയും സർട്ടിഫിക്കറ്റ് വിതരണം 2021 മാർച്ച് 27-ന് സേവികാസംഘം ഏബ്രഹാം മാർത്തോമ്മാ മെമ്മോറിയൽ ചാപ്പലിൽ നടത്തി. ബൈബിൾ സ്റ്റഡി, എക്സ്റ്റൻഷൻ പ്രോഗ്രാം എന്നിവ ഏകോപിപ്പിച്ച് വെർച്ചൽ പ്ലാറ്റ്ഫോമിൽ ക്ലാസ്സുകൾ നടത്തി. 2021 ജനുവരി 27 മുതലുള്ള 8 ബുധനാഴ്ചകളിൽ ബൈബിൾ പഠനപരമ്പര "പൌലോസിന്റെ ചിന്താധാരയിലൂടെ ഒരു യാത്ര' എന്ന വിഷയം ആസ്പദമാക്കി വൈകിട്ട് 7 മുതൽ 8.30 വരെ നടത്തി. റവ. വിനോയ് ദാനിയേൽ ക്ലാസ്സിനു നേതൃത്വം നൽകി.

വനിതാമന്ദിരത്തിലെ പൂർവ്വവിദ്യാർത്ഥിനി സമ്മേളനം 2021 മാർച്ച് 27-ന് വെർച്ചൽ പ്ലാറ്റ്ഫോമിൽ നടത്തി. സിസ്റ്റർ ലിസടോം മുഖ്യ സന്ദേശം നൽകി.

ഏബ്രഹാം മാർത്തോമ്മാ മെമ്മോറിയൽ ചാപ്പൽ : തിരുവല്ല സേവികാസംഘം ക്യാമ്പസിലെ നവീകരിക്കപ്പെട്ട ഏബ്രഹാം മാർത്തോമ്മാ മെമ്മോറിയൽ ചാപ്പലിന്റെ കൂദാശ 2021 മാർച്ച് 4-ന് അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്തായുടേയും സേവികാസംഘം പ്രസിഡന്റ് അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പസ്കോപ്പായുടേയും നേതൃത്വത്തിൽ നിർവ്വഹിക്കപ്പെട്ടു.

കാണ്ടമ്മ മെമ്മോറിയൽ സ്റ്റഡി & റിസേർച്ച് സെന്റർ: കാണ്ടമ്മ മെമ്മോറിയൽ അനുസ്മരണ പ്രഭാഷണം 2020 നവംബർ 17ന് വെർച്ചൽ പ്ലാറ്റ്ഫോമിൽ നടന്നു. ജീവിത പരാജയങ്ങളേയും പ്രതിസന്ധികളേയും ദൈവകൃപയോടെ അതിജീവിച്ച മഹതി എന്ന വിഷയം ആസ്പദമാക്കി റവ. ഡോ.പി.ജി ജോർജ്ജ് അനുസ്മരണ പ്രഭാഷണം നിർവ്വഹിച്ചു.

പുസ്തക പ്രകാശനം: 2018-2019 ശതാബ്ദി വർഷത്തിൽ വചനദീപ്തി എന്നപേരിൽ പ്രക്ഷേപണം ചെയ്ത 365 ദിവസത്തെ ധ്യാനങ്ങൾ കെ.എം.എസ്. ആർ.സിയുടെ ചുമതലയിൽ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നു. വചനദീപ്തിമലയാളം പതിപ്പ് അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്ത 2021 ഫെബ്രുവരിയിൽ മാരാമൺ റിട്രീറ്റ് സെന്ററിൽ പ്രകാശനം ചെയ്തു. ഇംഗ്ലീഷ് പതിപ്പ് 101-ാമത് വാർഷിക പ്രതിനിധി സമ്മേളനത്തിൽ പ്രകാശനം ചെയ്യും.

ബ്ലൂംഫെസ്റ്റ്: ബ്ലൂംഫെസ്റ്റിലെ എല്ലാ ബാച്ചിലേയും വിദ്യാർത്ഥിനികളുടെ ഗെറ്റ്ടുഗതർ 2021 മാർച്ച് 11-ാം തീയതി വൈകിട്ട് 7 മുതൽ 8.30 വരെ വെർച്ചൽ പ്ലാറ്റ്ഫോമിൽ നടത്തി.

കെല്ലവെ മെമ്മോറിയൽ ലൈബ്രറിയും, കുടുംബജ്യോതി കൗൺസിലിംഗ് സെന്ററും പ്രവർത്തിക്കുന്നു

കുടുംബവേദി: കുടുംബവേദി എന്നപേരിൽ ഫാമിലി കൗൺസിലിംഗിന്റെ മൂന്നു ക്ലാസ്സുകൾ 2021 ഫെബ്രുവരി 25,26,27 തീയതികളിൽ വൈകിട്ട് 7 മുതൽ 8.30 വരെ വെർച്ചൽ പ്ലാറ്റ്ഫോമിൽ ക്രമീകരിച്ചു. ഫെബ്രുവരി 25 വ്യാഴാഴ്ച റവ. ഡോ. തോമസ് കുര്യൻ അഞ്ചേരിയും ഫെബ്രുവരി 26 വെള്ളിയാഴ്ച റവ. ഡോ. ജോ ജോസഫ് കുരുവിളയും, ഫെബ്രുവരി 27 ശനിയാഴ്ച റവ. സൈമൺ ബെഹനാനും നേതൃത്വം നൽകി.

വികസന പ്രവർത്തനങ്ങൾ : സ്ത്രീകളുടെ ബഹുമുഖ വളർച്ചയെ ലക്ഷ്യമാക്കിക്കൊണ്ട് 1983ൽ ആരംഭിച്ച വികസന വിഭാഗമാണ് സ്ത്രീജന വികസനസമിതി. ഓഫ്സെറ്റ് പ്രസ്സ്, ബേക്കറി, കറിപൗഡർ, സ്നാക്സ് സെന്റർ, കാൻസ് യൂണിറ്റ് എന്നിവ നടത്തപ്പെടുന്നു.

തയ്യൽ ഡിപ്പാർട്ട്മെന്റ് പ്രവർത്തിക്കുന്നു. തുണി സഞ്ചിയും, മാസ്ക്കും തയ്യാറാക്കി നൽകി.

വനിതാബോധിനി: സേവികാസംഘത്തിന്റെ വജ്രജൂബിലിയോടനുബന്ധിച്ച് ആരംഭിച്ച മുഖപത്രമായ വനിതാബോധിനി സേവികാസംഘ വാർത്തകളും പ്രവർത്തനങ്ങളും ശാഖകളെ അറിയിക്കുന്നതിനുള്ള മാധ്യമമായും പ്രവർത്തിക്കുന്നു. 2020 മുതൽ സെപ്റ്റംബർ മാസം വനിതാബോധിനി മാസമായി ആചരിക്കുന്നു. വാർഷിക വരിസംഖ്യ-150/- ആയുഷ്കാല വരിസംഖ്യ -1,500/- രൂപ.

തുടർപഠനപദ്ധതി: വനിതാബോധിനിയിലൂടെ ഇൻഡ്യൻ ക്രൈസ്തവ ചരിത്രം റവ. ഡോ. ജോൺ ഫിലിപ്പ് എ.

എഴുതി സഹായിക്കുന്നു.

സേവികാസംഘദിനം: 2020-ലെ സംഘവാരം സെപ്റ്റംബർ 6 മുതൽ 13 വരെയും സേവികാസംഘദിനം സെപ്റ്റംബർ 13-ന് ആചരിച്ചു. റാന്നി വൈക്കം മാർത്തോമ്മാ ഇടവകയിൽ ക്രമീകരിച്ച വിശുദ്ധ കുർബ്ബാനയ്ക്ക് മോസ്റ്റ് റവ. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്താ നേതൃത്വം നൽകി. ചുമതലക്കാർ പങ്കെടുത്ത സംഘദിന ആരാധനയിൽ ജനറൽ സെക്രട്ടറി ശ്രീമതി. മിനി ജോയ്സ് തോമസ് വചന ശുശ്രൂഷ നിർവ്വഹിച്ചു. സംഘദിനത്തിലേക്ക് ആവശ്യമായ മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടുകൂടിയ പ്രാർത്ഥനാക്രമം, പ്രവർത്തനങ്ങളെ സൂചിപ്പിക്കുന്ന ബ്രോഷർ എന്നിവ ശാഖകൾക്ക് നൽകി. സംഘവാരത്തിൽ പച്ചക്കറിത്തോട്ടം വീടുകളിൽ തയ്യാറാക്കി.

അഖിലലോക പ്രാർത്ഥനാദിനം: അഖിലലോക പ്രാർത്ഥനാദിനവും അന്താരാഷ്ട്ര വനിതാദിനവും ഏകോപിച്ചുള്ള മീറ്റിംഗ് 2021 മാർച്ച് 5 വെള്ളിയാഴ്ച വൈകിട്ട് 7 മുതൽ 8.30 വരെ വെർച്ചൽ പ്ലാറ്റ്ഫോമിൽ നടത്തി. ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നുമുള്ള സംഘാംഗങ്ങൾ പങ്കെടുത്തു. ശ്രീമതി ഏലിയാമ്മ തോമസ് (N.C.C.I Vice President) മുഖ്യസന്ദേശം നൽകി.

Ist Saudi Marthomite Women's Conference 2020: സൗദിയിലുള്ള 11 കോൺഗ്രിഗേഷനുകളിലെ സ്ത്രീകളെ ഉൾപ്പെടുത്തിക്കൊണ്ട് ആദ്യമായി സൗദി മാർത്തോമ്മാ വിമൻസ് കോൺഫ്രൻസ് റിയാദ്- മാർത്തോമ്മാ കോൺഗ്രിഗേഷനിലെ സേവികാസംഘത്തിന്റെ ആഭിമുഖ്യത്തിൽ 2020 സെപ്റ്റംബർ 18-ന് വെർച്ചൽ പ്ലാറ്റ്ഫോമിൽ നടത്തപ്പെട്ടു. സേവികാസംഘം പ്രസിഡന്റ് അഭിവന്ദ്യ ഡോ.ഏബ്രഹാം മാർ പൗലോസ് തിരുമേനി ഉദ്ഘാടനം ചെയ്ത മീറ്റിംഗിൽ സേവികാസംഘം ജനറൽ സെക്രട്ടറി ശ്രീമതി മിനി ജോയ്സ് തോമസ് മുഖ്യസന്ദേശം നൽകി. ഔദ്യോഗിക ചുമതലക്കാർ പങ്കെടുത്തു.

ക്രിസ്തുമസ്സ് രാവ് 2020 : സർവ്വജനതയ്ക്കുമുള്ള മഹാസന്തോഷത്തിന്റെ ഓഹരിക്കാരും പങ്കാളികളുമാകുന്നതിന്റെ പ്രതീകമായി ക്രിസ്തുമസ്സ് രാവ് 2020 ഡിസംബർ 21 ന് (IST) വെർച്ചലായി ക്രമീകരിച്ചു. മോസ്റ്റ് റവ. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ ക്രിസ്തുമസ്സ് സന്ദേശം നൽകി. റൈറ്റ്. റവ. ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ അദ്ധ്യക്ഷനായിരുന്ന ക്രിസ്തുമസ്സ് രാവിൽ സഭയിലെ പതിമൂന്നു ഭദ്രാസനങ്ങളുടേയും സേവികാ സംഘത്തിന്റെ വിവിധ സ്ഥാപനകളുടേയും ദൃശ്യശ്രവണ മനോഹരമായ പരിപാടികൾ അവിസ്മരണീയമായിരുന്നു.

സാമ്പത്തികം: സേവികാസംഘത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ സംഘാംഗങ്ങളിൽ നിന്നും ശേഖരിക്കുന്ന ഡപ്പി പിരിവ്, ബാഹ്യകേരളാമിഷൻ പിരിവ്, സൗജന്യദാനം, വാർഷികപിരിവ്, സംഭാവനകൾ, എൻഡോവ്മെന്റ് പലിശ, A rupee A day എന്നിവയിലൂടെയാണ്.

വാർഷികപഠന കോൺഫറൻസ്: 2021 ജനുവരി 19-ന് വെർച്ചൽ പ്ലാറ്റ്ഫോമിൽ നടത്തി. പ്രതിസന്ധികളും അതിജീവനവും യേശുവിനോടൊപ്പംഎന്നവിഷയം ആസ്പദമാക്കി ശ്രീമതി. റീനാ ജോൺ ക്ലാസ്സെടുത്തു.

വിദ്യാഭ്യാസ പ്രവർത്തനം

എം.റ്റി.എസ്.എസ്. കെ.ജി & യു.പി. സ്കൂൾ: 77 കുട്ടികൾ പഠിക്കുന്നു. 12 അദ്ധ്യാപകർ സേവനം അനുഷ്ഠിക്കുന്നു. നിർദ്ധനരായ കുട്ടികളെ സഹായിക്കുന്നതിന്റെ ഭാഗമായി ഒരു "കുട്ടിക്ക് ഒരു കൈത്താങ്ങ്' എന്ന പദ്ധതിയിൽ സ്പോൺസർ ചെയ്തു സഹായിക്കാവുന്നതാണ്. സ്കൂളിന് ഒരു വെബ്സൈറ്റ് ആരംഭിച്ചു.

നേഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂൾ: എൻ.സി.റ്റി.ഇ. യുടേയും കേരളാ ഗവൺമെന്റിന്റേയും അംഗീകാരമുള്ള പത്തനംതിട്ട ജില്ലയിലെ ഏക പ്രീപ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂൾ മഞ്ഞാടിയിൽ പ്രവർത്തിക്കുന്നു. ഒരു വർഷത്തെ മോണ്ടിസോറി കോഴ്സും നടത്തപ്പെടുന്നു.

സാമൂഹ്യ പ്രവർത്തനം: അനാഥരായ പെൺകുട്ടികളുടെ സംരക്ഷണത്തിനായി ശാലേം ഭവനവും, സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന പെൺകുട്ടികളുടെ വിദ്യാഭ്യാസം ലക്ഷ്യമാക്കി ബാലികാഭവനും, മാനസിക രോഗികളായ സ്ത്രീകളുടെ സംരക്ഷണത്തിനായി സ്നേഹതീരം ഹാഫ്വേ ഹോമും പ്രവർത്തിക്കുന്നു.

വനിതാഹോസ്റ്റൽ: കൊട്ടാരക്കരയിലും, പാലക്കാട്ടും, തിരുവല്ലയിൽ വിശ്രാന്തിഭവനോടു ചേർന്നും ഓരോ വനിതാ ഹോസ്റ്റൽ പ്രവർത്തിക്കുന്നു.

സാക്ഷ്യ - ശതാബ്ദി സ്മാരക സാമൂഹ്യ ക്ഷേമപദ്ധതി: ശതാബ്ദി പരിപാടികളുടെ ഭാഗമായി വിവിധ ആദ്ധ്യാത്മിക - സാമൂഹിക പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി ദൈവസ്നേഹത്തിന്റേയും സാമൂഹിക പ്രതിബദ്ധതയുടെയും സാക്ഷ്യ ചിഹ്നമായി പല പദ്ധതികളുടെ ഒത്തുചേരലായി പ്രവർത്തിക്കുന്നു. നൂറിന്റെ ഓർമ്മയെ നിലനിർത്തുന്നതിനായി - വൈദ്യ സഹായം, വിദ്യാഭ്യാസ സഹായം, വനിതകൾക്ക് തൊഴിൽ സഹായം, ഭവനസഹായം എന്നിവ നൽകി. രണ്ട് എച്ച്.ഐ.വി. രോഗികൾക്ക് കിറ്റ് നൽകുന്നതിന് പ്രതിമാസം ആയിരം രൂപവീതം CARDനെ ഏൽപ്പിക്കുന്നു. ഈ വർഷം സാക്ഷ്യ പദ്ധതിയിൽപ്പെട്ട സ്ത്രീയുടെ മകളെ ഹോസ്കോട്ട് ബി.എസ്.സി. നേഴ്സിംഗിന് സ്പോൺസർ ചെയ്തു പഠിപ്പിക്കുന്നു. തടിയൂരിൽ ഡോ. എലിസബെത്ത് ജെ.മണലൂർ& മി. ജോൺ മണലൂർ ദാനമായി നൽകിയ സ്ഥലത്ത് പ്രത്യാശാ നിലയം കെട്ടിടത്തിന്റെ പണി പുരോഗമിച്ചുകൊിരിക്കുന്നു.

കെട്ടിട പുനർനിർമ്മാണം:ശതാബ്ദി പരിപാടികളിൽ ഉൾപ്പെടുത്തി വനിതാമന്ദിരം, ഒറാനസ്, രു മെസ് ഹാളുകൾ, ഡോർമിറ്ററി, ഏബ്രഹാം മാർത്തോമ്മാ മെമ്മോറിയൽ ചാപ്പൽ എന്നിവ നവീകരിച്ചു.

അഖണ്ഡ പ്രാർത്ഥന: 2020 മാർച്ച് 22 മുതൽ 31 വരെ ക്രമീകരിച്ചതിൽ സഭയിലെ 13 ഭദ്രാസനങ്ങളിലുള്ളവരും പങ്കാളികളായി.

സ്തോത്ര പ്രാർത്ഥന: കഴിഞ്ഞ വർഷം പരിപാലിച്ച ദൈവകൃപയ്ക്ക് നന്ദി അർപ്പിച്ചുകൊും പുതുവർഷ ത്തിലേക്ക് പ്രവേശിക്കുവാനുള്ള കൃപയ്ക്കായി യാചിച്ചു കൊും 2020 ഡിസംബർ 31-ന് സേവികാസംഘം ഓഫീസിൽ നേതൃത്വം നൽകിയ പ്രാർത്ഥനയിൽ വെർച്ചൽ പ്ലാറ്റ്ഫോമിലൂടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് സേവികാ സംഘാംഗങ്ങൾ പങ്കെടുത്തു.

മദ്ധ്യസ്ഥ പ്രാർത്ഥന: 2021 ഏപ്രിൽ 30-ാം തീയതി രാത്രി 9.30 മുതൽ 10.00(IST)വരെ നടത്തി. സ്വയംത്രാണന പദ്ധതിയിൽ ഉൾപ്പെടുത്തി ശ്രീമതി ഉഷാകുമാരിക്ക് സേവികാസംഘം വാങ്ങിയ സ്ഥലത്ത് ഭവനം നിർമ്മിച്ചു നൽകി.

അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ നവതിയോടനുബന്ധിച്ച് ആയിരം വൃക്ഷത്തൈകൾ നടണമെന്ന ആഹ്വാനം സ്വീകരിച്ച് ശാഖകൾ പള്ളിയുടേയും പാഴ്സനേജിന്റേയും പരിസരങ്ങളിൽ വൃക്ഷത്തൈകൾ നട്ടു. പങ്കാളികളായവരെ അഭിനന്ദിക്കുന്നു.

ഉപസംഹാരം

സേവികാസംഘം രക്ഷാധികാരിയായി കഴിഞ്ഞ കാലങ്ങളിൽ പ്രവർത്തിച്ച, കാലം ചെയ്ത അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയെ നന്ദിയോടെ ഓർക്കുന്നു. ഇപ്പോൾ രക്ഷാധികാരിയായി നേതൃത്വം നൽകിക്കൊണ്ടിരിക്കുന്ന അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിക്കും പത്മഭൂഷൺ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനിക്കും സേവികാസംഘം പ്രസിഡന്റായി പ്രവർത്തിക്കുന്ന അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലൊസ് തിരുമേനിക്കും കാലോചിതമായി നേതൃത്വം നൽകിത്തരുന്ന അഭിവന്ദ്യ തിരുമേനിമാർക്കും ശാഖാ, സെന്റർ, ഭദ്രാസന തലങ്ങളിൽ സേവികാ സംഘത്തിന് നിർലോഭമായ നേതൃത്വവും സഹായവും നൽകുന്ന എല്ലാ ബഹുമാനപ്പെട്ട പട്ടക്കാർക്കും ബസ്ക്യാമ്മ മാർക്കും, സുവിശേഷകർക്കും ശാഖാ, സെന്റർ, ഭദ്രാസന ചുമതലക്കാർക്കും മാനേജിംഗ് കമ്മറ്റി അംഗങ്ങൾക്കും എല്ലാ സേവികാസംഘം സഹോദരിമാർക്കും

സേവിനിമാർക്കും ഓഫീസ് സ്റ്റാഫിനും നിസ്സീമമായ നന്ദി രേഖപ്പെടുത്തുന്നു.

4.5. മാർത്തോമ്മാ യുവജനസഖ്യം

മലങ്കര മാർത്തോമ്മാ സഭയുടെ ഒരു അംഗീകൃത സ്ഥാപനമായ മാർത്തോമ്മാ യുവജനസഖ്യം പ്രവർത്തന പന്ഥാവിൽ 88 വർഷങ്ങൾ പിന്നിട്ടു കഴിഞ്ഞു. മാർത്തോമ്മാ സഭയിലെ എല്ലാ യുവജനങ്ങളും യേശുക്രിസ്തുവിനെ കർത്താവും ദൈവവും രക്ഷിതാവുമായി സ്വീകരിക്കുന്നതിന് സഹായിക്കുകയും, യേശുക്രിസ്തുവിൽ ആളത്വത്തിന്റെ പൂർണ്ണതയിലേക്ക് നയിക്കുകയും ചെയ്യുക എന്നത് സഖ്യത്തിന്റെ പ്രധാന ഉദ്ദേശ്യമാണ്. ആരാധന, പഠനം, സാക്ഷ്യം സേവനം എന്നതാണ് സഖ്യത്തിന്റെ മുഖമുദ്ര. വിശ്വാസത്തിലധിഷ്ഠിതമായ ആരാധനാ ജീവിതത്തിലൂടെ സൃഷ്ടിയുടെ സമഗ്രതയിലേക്ക് വളരുവാനും ഉൾച്ചേർന്നു നിൽക്കുന്ന സാമൂഹിക ജീവിതത്തിൽ, സത്യം, നീതി, ധർമ്മം ഇവയിൽ അധിഷ്ഠിതമായി പ്രതികരിക്കുവാനും യുവജനങ്ങളെ പ്രാപ്തരാക്കുന്നതിൽ സഖ്യം അതീവ ജാഗ്രത പുലർത്തുന്നു.

ഭാരവാഹികൾ: നി.വ.ദി.ശ്രീ. ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പാ തിരുമേനി യുവജനസഖ്യം അദ്ധ്യക്ഷനായി അനുഗൃഹീതമായ നേതൃത്വം നൽകി വരുന്നു. ഓതറ എബനേസർ മാത്തോമ്മാ ഇടവകാംഗമായ അഡ്വ. ചെറിയാൻ സി. തോമസ് വൈസ് പ്രസിഡന്റായും ആനിക്കാട് ആരോഹണം മാർത്തോമ്മാ ഇടവകാംഗമായ റവ. ജോൺ മാത്യു സി. ജനറൽ സെക്രട്ടറിയായും അമ്പലത്തുംകാല ഹോരേബ് മാർത്തോമ്മാ ഇടവകാംഗമായ ശ്രീ. റിനു രാജ് ഖജാൻജിയായും റവ. തോമസ് ജോർജ്ജ്, റവ. പ്രിൻസ് ആർ. എന്നിവർ അസി. സെക്രട്ടറിമാരായും പ്രവർത്തിക്കുന്നു. വിവിധ ഭദ്രാസനങ്ങളിൽ നിന്നായി 54 അംഗങ്ങളടങ്ങുന്ന ജനറൽ കമ്മറ്റി സഖ്യം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

യുവജനസഖ്യം ഓഫീസ്: 13 ഭദ്രാസനങ്ങളിലായി വ്യാപിച്ചു കിടക്കുന്ന മാർത്തോമ്മാ യുവജനസഖ്യം പ്രവർത്തനങ്ങളുടെ ഏകോപനവും നിയന്ത്രണവും നിർവ്വഹിക്കപ്പെടുന്നത് തിരുവല്ലയിലുള്ള കേന്ദ്ര യുവജനസഖ്യം ആഫീസ് മുഖേനയാണ്. ജനറൽ സെക്രട്ടറിയും ഔദ്യോഗിക ചുമതലക്കാരും ഓഫീസ് പ്രവർത്തനങ്ങൾക്കാവശ്യമായ നേതൃത്വം നൽകുന്നു. എല്ലാ പ്രവൃത്തിദിവസങ്ങളിലും രാവിലെ 10 മണിക്ക് പ്രാർത്ഥനയോടെ ഓഫീസ് പ്രവർത്തനങ്ങൾ ആരംഭിക്കുന്നു. ജനറൽ സെക്രട്ടറി ഉൾപ്പെടെ 6 പേർ കേന്ദ്ര ആഫീസിലും 2 പേർ അടൂർ യൂത്ത് സെന്ററിലും സ്റ്റാഫ് അംഗങ്ങളായി പ്രവർത്തിക്കുന്നു.

മാർത്തോമ്മാ യൂത്ത് സെന്റർ, അടൂർ: യുവജനസഖ്യത്തിന്റെ സിൽവർ ജൂബിലി സ്മാരകമായ അടൂർ മാർത്തോമ്മാ യൂത്ത് സെന്റർ. സഭയുടെ ഒരു അഭിമാന സ്ഥാപനമായി നിലകൊള്ളുന്നു. സഖ്യം വജ്രജൂബിലിയുടെ ഭാഗമായി നവീകരിക്കപ്പെട്ട യൂത്ത് സെന്റർ മദ്ധ്യതിരുവിതാംകൂറിലെ പ്രശസ്തമായ ക്യാമ്പ് സെന്ററുകളിൽ ഒന്നാണ്. എക്യുമെനിക്കൽ ദർശനത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനമെന്ന നിലയിൽ ദേശീയ, അന്തർദ്ദേശീയ തലത്തിലുള്ള ക്യാമ്പുകൾ പഠനസമ്മേളനങ്ങൾ, വിവിധ മത-സാമൂഹ്യ-രാഷ്ട്രീയ സമ്മേളനങ്ങൾ, സഭയുടേയും ഇതര സംഘടനകളുടേയും പരിപാടികൾ എന്നിവയ്ക്ക് ആതിഥേയത്വം വഹിച്ചുവരുന്നു.

ബാഹ്യകേരളാ ഓഫീസ് & യൂത്ത് സെന്റർ: കേരളത്തിനു പുറത്തുള്ള വിവിധ ഭദ്രാസനങ്ങളിലെ യുവജനങ്ങളെ സഖ്യം പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുന്നതിനും ബാഹ്യകേരളത്തിലെ സഖ്യം പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനുമായി ബാംഗ്ലൂരിൽ പണികഴിപ്പിച്ച ബാഹ്യകേരളാ ഓഫീസും യൂത്ത് സെന്ററും കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ചാപ്പൽ, കൗൺസലിംഗ് സെന്റർ, ഗസ്റ്റ് റൂം, ഡോർമിറ്ററി, സ്റ്റുഡന്റ്സ് ചാപ്ലൈനുള്ള ക്വാർട്ടേഴ്സ്, സെക്രട്ടറി ക്വാർട്ടേഴ്സ് എന്നിവയ്ക്ക് പുറമേ ക്യാമ്പുകൾ, കോൺഫറൻസുകൾ എന്നിവ നടത്തുന്നതിനുള്ള സൗകര്യവും യൂത്ത് സെന്ററിൽ ക്രമീകരിച്ചിട്ടുണ്ട്. പഠനത്തിനായും ജോലി സംബന്ധമായും ബാംഗ്ലൂരിൽ എത്തുന്ന യുവജനങ്ങൾക്കും വ്യക്തികളായും കുടുംബങ്ങളായും ബാംഗ്ലൂർ സന്ദർശിക്കുന്നവർക്കും താമസത്തിനും വിശ്രമത്തിനും ഉള്ള സൗകര്യവും ഭക്ഷണ ക്രമീകരണവും ലഭ്യമാണ്. സഖ്യം അസി. സെക്രട്ടറി റവ. തോമസ് ജോർജ്ജ് കുടുംബമായി യൂത്ത് സെന്ററിൽ താമസിച്ച് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

കടപ്പ മിഷൻ (സഖ്യം ഗ്രാമം): മാർത്തോമ്മാ യുവജനസഖ്യത്തിന്റെ 80-ാം വർഷാഘോഷ പരിപാടികളുടെ ഭാഗമായി ആരംഭിച്ച മിഷൻ പദ്ധതിയാണ് **സഖ്യം ഗ്രാമം** (കടപ്പ മിഷൻ). ആന്ധ്രാപ്രദേശിൽ കടപ്പ റെയിൽവേസ്റ്റേഷനിൽ നിന്നും 25 കിലോമീറ്റർ ഉള്ളിലായി വൊണ്ടിമിട്ട വില്ലേജിൽ സഖ്യം ഗ്രാമം പ്രവർത്തനങ്ങൾ നടക്കുന്നു. കടപ്പ മിഷന്റെ ചുമതലയിൽ സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ പ്രവർത്തിക്കുന്നു. കൂടാതെ, ഷാർജാ യുവജനസഖ്യത്തിന്റെ സഹായത്തോടെ നിർമ്മിച്ച മനോഹരമായ മിഷൻ ഹൗസും ഇവിടെയുണ്ട്. കടപ്പ മിഷന്റെ തുടർ പ്രവർത്തനങ്ങൾക്ക് സഭാജനങ്ങളുടെ അകമഴിഞ്ഞ പിന്തുണയും പ്രോത്സാഹനവും സഹായവും ആവശ്യമാണ്.

പ്രസിദ്ധീകരണങ്ങൾ: മാർത്തോമ്മാ യുവദീപം (മലയാളം), റിപ്പിൾസ് (ഇംഗ്ലീഷ്) എന്നിവയാണ് യുവജനസഖ്യത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണങ്ങൾ. ഓരോ മാസവും പ്രത്യേക ചിന്താവിഷയം ആസ്പദമാക്കിയുള്ള ധ്യാനപംക്തി, ലേഖനങ്ങൾ, സഭാചരിത്രം, ലിറ്റർജി, കൗൺസലിംഗ് എന്നിവ കൂടാതെ സാമൂഹ്യവും ദൈവശാസ്ത്രപരവും സമകാലികവുമായ ഇതര വിഷയങ്ങളും ഉൾപ്പെടുത്തി ഇവ പ്രസിദ്ധീകരിക്കുന്നു. യുവജനങ്ങളുടെ സർഗ്ഗാത്മക കഴിവുകൾ വളർത്തുന്നതിനും സാഹിത്യാഭിരുചി വളർത്തുന്നതിനും ഈ പ്രസിദ്ധീകരണങ്ങളിലൂടെ ശ്രമിച്ചിട്ടുണ്ട്. റിപ്പോർട്ടു വർഷം മലയാളം, കന്നഡ ഭാഷകളിൽ കലണ്ടറുകളും, 2021-ലെ വലിയനോമ്പിനോടനുബന്ധിച്ച് നോമ്പ് വായന കലണ്ടറും പ്രസിദ്ധീകരിച്ചു

ശാഖാ രജിസ്ട്രേഷൻ: സഭയിലെ എല്ലാ ഭദ്രാസനങ്ങളിലും യുവജനസഖ്യം പ്രവർത്തനങ്ങൾ സജീവമായി നടക്കുന്നു.ശാഖാ, സെന്റർ, ഭദ്രാസന തലങ്ങളിലായി നടക്കുന്ന പ്രവർത്തനങ്ങൾക്ക് ബഹു. പട്ടക്കാരും സഖ്യം പ്രവർത്തകരും നേതൃത്വം നൽകുന്നു. 2021-ൽ 727 ശാഖകൾ കേന്ദ്ര ആഫീസിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്യുന്ന എല്ലാ ശാഖകൾക്കും സർട്ടിഫിക്കറ്റ് നൽകി. കൂടാതെ സഖ്യത്തിന്റെ മുഖപത്രമായ മാർത്തോമ്മാ യുവദീപം മാസികയും അയച്ചുകൊടുക്കുന്നു.

സഖ്യം പ്രവർത്തനങ്ങൾ: വേദപഠനത്തിലൂടെയും ധ്യാനാത്മക ജീവിതത്തിലൂടെയും പാരമ്പര്യങ്ങളേയും ചരിത്രത്തേയും ഉൾക്കൊണ്ട് സഭാ വിശ്വാസത്തിൽ യുവജനങ്ങളെ പ്രബലപ്പെടുത്തുന്നതിനും സഭയുടെ ദൗത്യനിർവ്വഹണത്തിൽ പങ്കുചേരുന്നതിന് സജ്ജമാക്കുകയും ചെയ്യുന്നതിനായി വിവിധ പ്രവർത്തന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിന് സഖ്യം പ്രത്യേകം ശ്രദ്ധപുലർത്തുന്നു. ഫിനാൻസ് & ഓഫീസ് മാനേജ്മെന്റ്, പ്രതിഭാവേദി, മിഷൻ & ഇവാൻജലിസം, സ്റ്റഡി ഫോറം, വനിതാ ഫോറം, എക്യുമെനിക്കൽ ആക്ഷൻ ഫോറം, ദലിത് കൺസേൺ, സ്പോർട്സ് & ഗെയിംസ്, പബ്ലിക്കേഷൻ മാനേജിംഗ് കമ്മറ്റി, കറന്റ് അഫയേഴ്സ് & മീഡിയ, കരിയർ ഗൈഡൻസ് & പ്ലെയിസ്മെന്റ് സെൽ, മിഷൻ ടു സ്കൂൾസ് & കോളേജസ് & ഡി-അഡിക്ഷൻ, സോഷ്യൽ ആക്ഷൻ ഫോറം, ഡിജിറ്റൽ മീഡിയ & വെബ്സൈറ്റ്, സ്വരലയം, യുവദീപം & റിപ്പിൾസ് എഡിറ്റോറിയൽ ബോർഡുകൾ, മിസ്ഡ എന്നീ സബ് കമ്മറ്റികൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ റിപ്പോർട്ടുവർഷം ഓൺലൈനായി വിവിധ പരിപാടികൾ സബ്കമ്മിറ്റികളുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

ബോധവത്ക്കരണ ക്ലാസ്സ്: കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ലോക്ഡൗൺ കാലത്ത് പത്തനംതിട്ട ജില്ലയിലെ വിവിധ ഇടങ്ങളിൽ തെരുവുകളിൽ കഴിഞ്ഞിരുന്ന പുനരധിവസിപ്പിക്കപ്പെട്ട ആളുകൾക്കായി "മദ്യത്തിൽ നിന്നും ലഹരിയിൽ നിന്നും അതിജീവനം" എന്ന വിഷയം ആസ്പദ

മാക്കി 2020 ഏപ്രിൽ 2 ന് ബോധവത്ക്കരണ ക്ലാസ്സ് നടത്തി. റവ. റ്റിറ്റു തോമസ്, റവ. ജോൺ മാത്യു സി., റവ. പ്രിൻസ് ആർ. എന്നിവർ നേതൃത്വംനൽകി.

Quarantine Frames - Short Film Contest: കോവിഡ് 19 വിശ്വാസ ജീവിതത്തെ എങ്ങനെ ബാധിച്ചു എന്നത് അടിസ്ഥാനമാക്കി മാർത്തോമ്മാ യുവജനസഖ്യത്തിന്റെ നേതൃത്വത്തിൽ ഷോർട്ട് ഫിലിം മത്സരം നടത്തി. 'വിശ്വാസ ജീവിതത്തെ വെല്ലുവിളിക്കുന്ന കോവിഡ് ദിനങ്ങൾ' എന്നതായിരുന്നു വിഷയം. പ്രസ്തുത മത്സരത്തിൽ കൈതക്കുഴി സെന്റ് തോമസ് മാർത്തോമ്മാ യുവജനസഖ്യം ഒന്നാം സ്ഥാനവും മുണ്ടയ്ക്കൽ ഇമ്മാനുവേൽ മാർത്തോമ്മാ യുവജനസഖ്യം രണ്ടാം സ്ഥാനവും കുവൈറ്റ് സിറ്റി മാർത്തോമ്മാ യുവജനസഖ്യം മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

Youth Fellowship Meeting: ബാഹ്യകേരള ഭദ്രാസനങ്ങളിലെ യുവജനങ്ങൾക്ക് ആത്മീയ കൂട്ടായ്മ നൽകുക എന്ന ഉദ്ദേശ്യത്തോടെ 2020 മെയ് 3 മുതൽ ഓൺലൈൻ യൂത്ത് ഫെലോഷിപ്പ് മീറ്റിംഗുകൾ നടത്തി. ബാഹ്യകേരളത്തിലെ വിവിധ സെന്ററുകൾ കേന്ദ്രമാക്കി നടന്ന പ്രസ്തുത പരിപാടി വളരയേറെ ശ്രദ്ധേയമായിരുന്നു.

Facebook Live Talk: കോവിഡ് 19 സ്ത്രീകളിൽ പ്രത്യേകിച്ച് യുവതികളിൽ ഉളവാക്കിയ മാനസിക സമ്മർദ്ദത്തെയും വെല്ലുവിളികളേയും ലഘൂകരിക്കുന്നതിന് വേണ്ട പരിഹാര നിർദ്ദേശങ്ങൾ നൽകി സഹായിക്കുക എന്ന ലക്ഷ്യത്തോടെ സഖ്യം വനിതാഫോറത്തിന്റെ ആഭിമുഖ്യത്തിൽ 'കോവിഡ് കാലവും സ്ത്രീകളുടെ മാനസിക പ്രശ്നങ്ങളും' എന്ന വിഷയം ആസ്പദമാക്കി 2020 മെയ് 26 ന് എമരലയീസ ഘശ്ല ഠമഹസ സംഘടിപ്പിച്ചു. എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിലെ ഡോ. എൽസി ഉമ്മൻ നേതൃത്വം നൽകി.

Youth Talk - Online Youth Sessions: കോവിഡ് കാലത്ത് യുവജനങ്ങൾക്ക് ആവശ്യമായ ആത്മീയ ഉൾക്കാഴ്ചകൾ നൽകുക എന്ന ഉദ്ദേശ്യത്തോടെ 2020 ജൂൺ 29, ജൂലൈ 12, ജൂലൈ 24, ജൂലൈ 26 തീയതികളിൽ Online Youth Sessions നടത്തി. ഡോ. രാജ്കുമാർ രാമചന്ദ്രൻ, റവ. ഡോ. കെ. തോമസ്, ശ്രീ. ജിബി റ്റി. കുരുവിള, ശ്രീ. ഏബ്രഹാം കുര്യൻ എന്നിവർ നേതൃത്വം നൽകി.

Online Women Meet ***'പെണ്ണറിയാൻ':*** International Justice Day യോടനുബന്ധിച്ച് സ്ത്രീ സുരക്ഷാ നിയമങ്ങളെക്കുറിച്ച് വനിതകളിൽ അവബോധം സൃഷ്ടിക്കുന്നതിനായി വനിതാഫോറത്തിന്റെ ആഭിമുഖ്യത്തിൽ 2020 ജൂലൈ 17 ന് 'പെണ്ണറിയാൻ' എന്ന പേരിൽ Online Women Meet സംഘടിപ്പിച്ചു. 'സ്ത്രീ സുരക്ഷാ നിയങ്ങൾ' എന്ന വിഷയം അധികരിച്ച് പ്രമുഖ സ്ത്രീ സുരക്ഷാ നിയമ വിദഗ്ദ അഡ്വ. പ്രെയ്സി ജോസഫ് ക്ലാസ്സിന് നേതൃത്വം നൽകി.

വെബിനാറുകൾ: കോവിഡ്-19 ന്റെ സാഹചര്യത്തിൽ സഖ്യത്തിന്റെ ചുമതലയിൽ ഓൺലൈനായി വിവിധ വിഷയങ്ങൾ ആസ്പദമാക്കി വെബിനാറുകൾ സംഘടിപ്പിച്ചു.

1) *പുതിയ വിദ്യാഭ്യാസ നയം:* 'പുതിയ വിദ്യാഭ്യാസ നയം: സാദ്ധ്യതകളും വെല്ലുവിളികളും' എന്ന വിഷയം കേന്ദ്രമാക്കി വിദഗ്ദരെ ഉൾപ്പെടുത്തി പാനൽ ചർച്ച സംഘടിപ്പിച്ചു. 2020 ആഗസ്റ്റ് 8 ന് നടന്ന പ്രസ്തുത ചർച്ചയിൽ ഡോ. രാജൻ വർഗ്ഗീസ്, ഡോ. സുരേഷ് ബാബു ജി. എസ്, ഡോ. ജോർജ്ജ് കെ. അലക്സ്, ഡോ. ഷിജു സാം വർഗ്ഗീസ് എന്നിവർ നേതൃത്വം നൽകി.

2) EIA Draft 2020 കാണാപ്പുറങ്ങൾ : കേന്ദ്രസർക്കാർ നടപ്പാക്കിയ EIA Draft 2020 നെപ്പറ്റി കൂടുതൽ അറിയാനും സംശയനിവാരണം നടത്തുന്നതിനുമായി 2020 ആഗസ്റ്റ് 14 ന് വെബിനാർ സംഘടിപ്പിച്ചു. പമുഖ പരിസ്ഥിതി പ്രവർത്തകനായ ശ്രീ. സി. ആർ. നീലകണ്ഠൻ, റവ. ഉമ്മൻ വി. വർക്കി, പ്രൊഫ. ബിജി ഏബ്രഹാം എന്നിവർ നേതൃത്വം നൽകി.

3) *ന്യൂനപക്ഷക്ഷേമ പദ്ധതികൾ:* മതന്യൂനപക്ഷ ക്ഷേമത്തിനായി സർക്കാർ നടപ്പാക്കുന്ന വിവിധ ക്ഷേമപദ്ധതികളെപ്പറ്റി പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ നടത്തിയ 2020 ആഗസ്റ്റ് 15 ന് വെബിനാർ നടത്തി. പ്രസ്തുത വെബിനാറിന് സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ചെയർമാൻ റവ. ഫാ. ഡോ. മാത്യൂസ് വാഴക്കുന്നം നേതൃത്വം നൽകി.

4) National Agricultural Policy 2020: കേന്ദ്രസർക്കാർ നടപ്പാക്കുന്ന കർഷക വിരുദ്ധമായ കാർഷിക നയങ്ങളെപ്പറ്റി കൂടുതൽ അറിയാനും സംശയനിവാരണം നടത്തുന്നതിനുമായി 2020 ഒക്ടോബർ 10-ന് യുവജനസഖ്യത്തിന്റെ നേതൃത്വത്തിൽ വെബിനാർ നടത്തപ്പെട്ടു. റൈറ്റ് റവ. ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പാ അദ്ധ്യക്ഷത വഹിച്ചു. പ്രമുഖ പരിസ്ഥിതി പ്രവർത്തക ശ്രീമതി മേധാ പട്കർ ഉത്ഘാടനം ചെയ്ത വെബിനാറിൽ മോസ്റ്റ് റവ. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ, ഡോ. ജോസ് ജോസഫ്, ശ്രീ. കെ.എം. വേണുഗോപാൽ എന്നിവർ പ്രഭാഷണങ്ങൾ നടത്തി.

വയലേലകളിലെ വർത്തമാനം: സഭയിലെ മിഷൻ ഫീൽഡുകളെയും അവിടുത്തെ പ്രവർത്തനങ്ങളേയും സഭാ ജനങ്ങൾക്ക് പരിചയപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ സഖ്യം മിഷൻ & ഇവിഞ്ചലിസം സബ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 'വയലേലകളിലെ വർത്തമാനം' എന്ന പേരിൽ ഓൺലൈൻ പ്രോഗ്രാം ക്രമീകരിച്ചു. മാർത്തോമ്മാ സഭയിലെ വിവിധ മിഷൻ ഫീൽഡുകളിലെ മിഷനറി അച്ചന്മാരും സുവിശേഷകരും നേതൃത്വം നൽകിയ പ്രസ്തുത പ്രോഗ്രാം സഭയിലെ മിഷൻ ഫീൽഡുകളേയും പ്രവർത്തനങ്ങളെയും പറ്റി മനസ്സിലാക്കുന്നതിന് വളരെ സഹായകരമായിരുന്നു.

International Online Music Fest - AALAP: ലോകമെങ്ങുമുള്ള മാർത്തോമ്മാ യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് സഖ്യത്തിന്റെ സംഗീത വിഭാഗമായ സ്വരലയത്തിന്റെ ചുമതലയിൽ 2020 ആഗസ്റ്റ് 8 മുതൽ AALAP എന്ന പേരിൽ International Online Music Fest സംഘടിപ്പിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള യുവജനങ്ങളുടെ നേതൃത്വത്തിലുള്ള ഗായകസംഘങ്ങൾ ഓരോ ദിവസവും ഗാനങ്ങൾ ആലപിച്ചു. 2020 സെപ്റ്റംബർ 2-ന് ആറാട്ടുപുഴ തരംഗം മിഷൻ ആക്ഷൻ സെന്ററിൽ വച്ച് ഇതിന്റെ Grand Finale നടത്തപ്പെട്ടു.

ഓൺലൈൻ മത്സരങ്ങൾ: കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ യുവജനസഖ്യം പ്രതിഭാവേദിയുടെ ആഭിമുഖ്യത്തിൽ വിവിധ ഓൺലൈൻ മത്സരങ്ങൾ സംഘടിപ്പിച്ചു.

'കൈയ്യൊപ്പ് : 2020 ആഗസറ്റ് 15 - ന് സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് യുവജനങ്ങളെ പങ്കെടുപ്പിച്ചുഓൺലൈൻ ഉപന്യാസ മത്സരം സംഘടിപ്പിച്ചു.

HAZIL *(ഹസിൽ) ഓൺലൈൻ ക്വിസ് മത്സരം:* സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ഇന്ത്യൻ സ്വാതന്ത്ര്യസമരം, ആനുകാലിക വിഷയങ്ങൾ, വേദപുസ്തകം എന്നിവ അധികരിച്ച് 2020 ആഗസ്റ്റ് 15 ന് ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിച്ചു.

Ifade *(ഐ ഫേഡ്) ഓൺലൈൻ മത്സരം:* യുവജനങ്ങളിലെ ചിത്രരചനാഭിരുചിയെ പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ 2020 ആഗസ്റ്റ് 31 ന് 'പ്രതീക്ഷ പകരുന്ന പുലരികൾ' എന്ന വിഷയം ആസ്പദമാക്കി ഓൺലൈൻ പെയിന്റിംഗ്, ഡ്രോയിംഗ്, കാർട്ടൂൺ മത്സരങ്ങൾ സംഘടിപ്പിച്ചു.

എഴുത്തുപുര: മാർത്തോമ്മാ യുവജനസഖ്യത്തിന്റെ ഔദ്യോഗിക മുഖപത്രമായ മാർത്തോമ്മാ യുവദീപം എഡിറ്റോറിയൽ ബോർഡിന്റെ ആഭിമുഖ്യത്തിൽ വിവിധ ക്രൈസ്തവ ആനുകാലിക പ്രസിദ്ധീകരണങ്ങളിലെ എഴുത്തുകാർക്കായി 2020 സെപ്റ്റംബർ 10 മുതൽ 12 വരെ (വെള്ളി, ശനി) തീയതികളിൽ ഓൺലൈനായി ത്രിദിന സാഹിത്യ കൂട്ടായ്മ 'എഴുത്തുപുര' നടത്തപ്പെട്ടു. എഴുത്തിന്റെ വിവിധ വശങ്ങളെപ്പറ്റി ഫാ. പോൾ തേലക്കാട്ട്, ശ്രീ. സിപ്പി പള്ളിപ്പുറം, ശ്രീ. ഫ്രാൻസിസ് ആന്റണി എന്നിവർ ക്ലാസ്സുകൾക്കും ചർച്ചകൾക്കും നേതൃത്വം നൽകി.

അഭിമുഖ പരമ്പര - 'പാട്ടിനും പറയാനുണ്ട്': യുവജനസഖ്യം സംഗീത വിഭാഗമായ സ്വരലയത്തിന്റെ നേതൃത്വത്തിൽ വിശ്വാസ ജീവിതത്തിന് കരുത്ത് പകരുന്ന സുന്ദരഗാനങ്ങൾ രചിച്ച ക്രൈസ്തവ ഗാന രചയിതാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് സംഗീത സന്ധ്യകൾ ക്രമീകരിച്ചു. 2020 സെപ്റ്റംബർ 18 മുതൽ നടത്തപ്പെട്ട പ്രസ്തുത പരിപാടിയിൽ പ്രശസ്തരായ ക്രിസ്തീയ ഗാന രചയിതാക്കൾ തങ്ങളുടെ പാട്ട്

എഴുത്ത് അനുഭവങ്ങൾ പങ്കുവച്ചു.

'തിരുത്ത് ' - ബോധവത്ക്കരണ വെബിനാർ: മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം സമൂഹത്തിൽ സൃഷ്ടിക്കുന്ന വിപത്തിനെപ്പറ്റി ജനങ്ങളെ ബോധവത്ക്കരിക്കുക എന്ന ഉദ്ദേശ്യത്തോടെ യുവജനസഖ്യം ഡി-അഡിക്ഷൻ സബ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 2020 സെപ്റ്റംബർ 25 -ന് 'തിരുത്ത്' എന്ന പേരിൽ ഓൺലൈൻ വെബിനാർ സംഘടിപ്പിച്ചു. "Breaking the web of Addiction" എന്ന വിഷയം ആസ്പദമാക്കി റവ. ഡോ. ഏബ്രഹാം സ്കറിയ പി. ക്ലാസ്സിന് നേതൃത്വം നൽകി.

ദ്വിദിന എക്യുമെനിക്കൽ യൂത്ത് മീറ്റ്: മാർത്തോമ്മാ യുവജനസഖ്യം എക്യുമെനിക്കൽ ആക്ഷൻ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ വിവിധ സഭാ വിഭാഗങ്ങളിലെ യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് 2020 സെപ്റ്റംബർ 21, 22 തീയതികളിൽ ഓൺലൈനായി ദ്വിദിന എക്യുമെനിക്കൽ യൂത്ത് മീറ്റ് സംഘടിപ്പിച്ചു. റൈറ്റ് റവ. ഡോ. ഗീവർഗ്ഗീസ് മാർ തെയഡോഷ്യസ് സഫ്രഗൻ മെത്രാപ്പോലീത്താ, റൈറ്റ് റവ. തോമസ് മാർ തിമോഥെയോസ് എപ്പിസ്കോപ്പാ റൈറ്റ് റവ. മാർ റാഫേൽ തട്ടിൽ, റൈറ്റ് റവ. ഡോ. റോയ്സ് മനോജ് വിക്ടർ, ഡോ. മാത്യൂസ് ജോർജ്ജ് ചുനക്കര, ഫാ. ഡോ. സുരേഷ് മാത്യു, റവ. ഡോ. ഏബ്രഹാം മാത്യു എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി.

വെബിനാർ പരമ്പര: മാർത്തോമ്മാ യുവജനസഖ്യം ദലിത് കൺസേൺ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 'പുതിയ കാലം, പുതിയ സഭ, പുതിയ മനുഷ്യൻ' എന്ന വിഷയം ആസ്പദമാക്കി സെമിനാർ പരമ്പര സംഘടിപ്പിച്ചു. 2020 സെപ്റ്റംബർ 21, 22 തീയതികളിൽ ഓൺലൈനായി ദ്വിദിന എക്യുമെനിക്കൽ യൂത്ത് മീറ്റ് സംഘടിപ്പിച്ചു. റവ. ഡോ. വൈ.റ്റി. വിനയരാജ്, റവ. ഡോ. ബൈജു മർക്കോസ്, റവ. അലക്സ് എ., റവ. ലിജോ സി. ജോസഫ് എന്നിവർ വെബിനാർ പരമ്പരയുടെ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി.

ഇന്റൻസീവ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ITI): സുവിശേഷ-സാമൂഹ്യ പ്രവർത്തനങ്ങളിൽ തൽപ്പരരായ യുവജനങ്ങൾക്കുവേണ്ടി മാർത്തോമ്മാ വൈദിക സെമിനാരിയുമായി സഹകരിച്ച് വർഷംതോറും യുവജനസഖ്യത്തിന്റെ ചുമതലയിൽ നടത്തപ്പെടുന്ന തീവ്രപരിശീലന കളരിയാണ് ഇന്റൻസീവ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ഐ.ടി.ഐ). റിപ്പോർട്ട് വർഷം കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ 2020 ഒക്ടോബർ 26 മുതൽ നവംബർ 30 വരെ ഓൺലൈനായി പ്രസ്തുത പരിശീലന കളരി നടത്തുകയുണ്ടായി. ലോകത്തിന്റെ പലഭാഗത്തുനിന്നായി ഏകദേശം 200-ൽ അധികം പേർ ഐ.റ്റി.ഐ. ക്ലാസ്സുകളിൽ സംബന്ധിച്ചു. സെമിനാരി അദ്ധ്യാപകരും പ്രഗത്ഭരായ ഇതര നേതാക്കളും ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. പങ്കെടുത്ത ഏവർക്കും സർട്ടിഫിക്കറ്റും നൽകി.

കിസാൻ കി ബാത്ത്: ഇന്ത്യയിലെ കർഷക ജനതയ്ക്ക് അഭിവാദ്യം അർപ്പിച്ചുകൊണ്ട് മാർത്തോമ്മാ യുവജനസഖ്യം സ്വരലയത്തിന്റെ നേതൃത്വത്തിൽ വിവിധ ഭാഷകളിൽ യുവജനങ്ങൾ ചിട്ടപ്പെടുത്തിയ ഐക്യദാർഢ്യ ഗാനം സഖ്യത്തിന്റെ യൂട്യൂബ് ചാനലിൽ വഴി സംപ്രേഷണം ചെയ്യുകയുണ്ടായി. പ്രമുഖ പരിസ്ഥിതി പ്രവർത്തക ശ്രീമതി മേധാ പട്കർ ഓൺലൈനായി പ്രസ്തുത ഗാനത്തിന്റെ റിലീസ് നിർവ്വഹിച്ചു.

യുവജനവാരം - യുവജനഞായർ: 2020 ഒക്ടോബർ 11 മുതൽ 17 വരെ യുവജനവാരമായും 18-ാം തീയതി യുവജനഞായർ ആയും വേർതിരിച്ച് ആചരിക്കുകയും പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. *'യൗവ്വനം വചനാധിഷ്ഠിത ജീവിതം'* (Youth; Life Focused on the Word of God) എന്നതായിരുന്നു ഈ വർഷം യുവജനവാരത്തിൽ പഠനത്തിനും ധ്യാനത്തിനുമായി തെരഞ്ഞെടുത്ത ചിന്താവിഷയം. യുവജന ഞായറാഴ്ചയിലേക്ക് അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയുടെ അംഗീകാരത്തോടെ പ്രത്യേക ആരാധനാക്രമം പുറത്തിറക്കി. കോവിഡ് 19 ന്റെ സാഹചര്യത്തിൽ ലോക്ഡൗൺ നിലവിൽ വന്നതിനാലും ദൈവാലയങ്ങൾ അടഞ്ഞുകിടന്നതിനാലും റിപ്പോർട്ടു വർഷം ഇടവകകളിൽ ഡപ്യൂട്ടേഷൻ ക്രമീകരിക്കുന്നതിന് സാധിച്ചില്ല. ഒക്ടോബർ 11 മുതൽ 18 വരെയുള്ള ദിവസങ്ങളിൽ ഓൺലൈൻ ധ്യാനപരിപാടി സംഘടിപ്പിച്ചു. യുവജനസഖ്യം മുൻ ജനറൽ സെക്രട്ടറിമാർ ഇതിന് നേതൃത്വം നൽകി.

Global Mar Thoma Youth Sunday Special Worship: 2020 നവംബർ 22 ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള യുവജനങ്ങളുടെ നേതൃത്വത്തിൽ ഓൺലൈനായി ആരാധന ക്രമീകരിക്കപ്പെട്ടു. ശ്രീ. ചെറി ജോർജ്ജ് ചെറിയാൻ വചന ധ്യാനത്തിന് നേതൃത്വം നൽകി.

'ശലഭം' - Women Talent Show: സഖ്യം വനിതാഫോറത്തിന്റെ ആഭിമുഖ്യത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വനിതകളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി 2020 നവംബർ 30 മുതൽ ഡിസംബർ 4 വരെയുള്ള ദിവസങ്ങളിൽ വൈകുന്നേരം 6 മണിക്ക് 'ശലഭം' എന്ന പേരിൽ ഓൺലൈൻ ഠമഹലിേ ടവീം സംഘടിപ്പിച്ചു. പ്രസ്തുത ഷോയിലൂടെ വനിതകൾക്ക് തങ്ങളുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നതിന് സാധിച്ചു.

യൂത്ത് സ്കൂൾ ഓൺലൈൻ പഠന പരമ്പര: യുവജനസഖ്യം പഠനവിഭാഗമായ സ്റ്റഡിഫോറത്തിന്റെ ആഭിമുഖ്യത്തിൽ വേദപുസ്തകത്തിലെ വിവിധ ദൈവശാസ്ത്ര വിഷയങ്ങളായ രക്ഷ, ത്രിത്വം, സഭ, സ്നാന, ദൗത്യം, യുഗാന്ത്യ പ്രത്യാശ തുടങ്ങിയവ അടിസ്ഥാനപ്പെടുത്തി ഓൺലൈൻ പഠന പരമ്പര ക്രമീകരിക്കപ്പെട്ടു. 2020 ഡിസംബർ 7 മുതൽ 2021 മാർച്ച് വരെയുള്ള തീയതികളിൽ നടന്ന പ്രസ്തുത പഠനത്തിന് സഭയിലെ പ്രഗത്ഭരും പണ്ഡിതരുമായ പട്ടക്കാർ നേതൃത്വം നൽകി.

കർഷക സമര ഐക്യദാർഢ്യ ത്രിദ്വിന പ്രതിഷേധ ട്രാക്ടർ റാലി: ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ കർഷക വിരുദ്ധവും ജനദ്രോഹപരവുമായ കാർഷിക നിയമങ്ങൾ പിൻവലിക്കണം എന്ന ആവശ്യവുമായി രാജ്യവ്യാപകമായി കർഷകർ നടത്തുന്ന സമരത്തിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് മാർത്തോമ്മാ യുവജനസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് മാർത്തോമ്മാ യുവജനസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ **2021 ജനുവരി 1 മുതൽ 3 വരെ 'ഞങ്ങൾ കർഷകർക്കൊപ്പം'** എന്ന മുദ്രാവാക്യവുമായി കോട്ടയം മുതൽ തിരുവനന്തപുരം വരെ കർഷക സമര ഐക്യദാർഢ്യ ത്രിദ്വിന പ്രതിഷേധ ട്രാക്ടർ റാലി സംഘടിപ്പിച്ചു. 2021 ജനുവരി 1 ന് രാവിലെ 10 മണിക്ക് കോട്ടയം ഗാന്ധി സ്ക്വയറിൽ മാർത്തോമ്മാ യുവജനസഖ്യം പ്രസിഡന്റ് ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പാ റാലി ഉത്ഘാടനം ചെയ്തു. കോവിഡ് -19 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടത്തപ്പെട്ട പ്രസ്തുത റാലിയിൽ യുവജനസഖ്യാംഗങ്ങളും വൈദികരും ഉൾപ്പെടെ ധാരാളം പേർ പങ്കെടുത്തു. വിവിധ കേന്ദ്രങ്ങളിൽ മത-രാഷ്ട്രീയ-സാംസ്കാരിക നേതാക്കൾ റാലിയെ അഭിസംബോധന ചെയ്തു. ജനുവരി 3-ന് തിരുവനന്തപുരം രാജ്ഭവനു മുമ്പിൽ റാലി സമാപിച്ചു. അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ, വിവിധ രാഷ്ട്രീയ -സാമൂഹിക-സാംസ്കാരിക നേതാക്കൾ എന്നിവർ നേതൃത്വം നൽകി. രാജ്യത്തിന്റെ വളർച്ചയ്ക്ക് തുരങ്കം വയ്ക്കുന്ന നിയമങ്ങൾ പിൻവലിക്കണമെന്നും കർഷകരെ സംരക്ഷിക്കുന്ന, രാഷ്ട്രത്തന്റെ സുസ്ഥിര വികസനത്തിനുതകുന്ന നിയമങ്ങൾ നടപ്പിലാക്കണമെന്നും ആവശ്യപ്പെട്ട് റാലിയിലൂടെ ശേഖരിച്ച 1000-ൽ അധികം പേർ ഒപ്പിട്ട നിവേദനം കേരള ഗവർണ്ണർക്ക് സമർപ്പിച്ചു. റാലിയുടെ സമാപനത്തോടനുബന്ധിച്ച് ജനുവരി 3-ാം തീയതി ഞായറാഴ്ച വൈകിട്ട് യുവജനസഖ്യം ശാഖകളുടെ നേതൃത്വത്തിൽ ആയിരം കേന്ദ്രങ്ങളിൽ ഐക്യദാർഢ്യ ജ്വാല തെളിയിച്ചു. റാലിയ്ക്ക് യുവജനസഖ്യം ജനറൽ സെക്രട്ടറി റവ. ജോൺ മാത്യു സി., വൈസ് പ്രസിഡന്റ് അഡ്വ. ചെറിയാൻ സി. തോമസ്, ട്രഷറാർ ശ്രീ. റിനു രാജ്, അസി. സെക്രട്ടറി റവ. പ്രിൻസ് ആർ. തുടങ്ങിയവരും സഖ്യം ജനറൽ കമ്മിറ്റി അംഗങ്ങളും, വൈദികരും യുവജനസഖ്യം പ്രവർത്തകരും നേതൃത്വം നൽകി. അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ, ഡോ. യൂയാക്കീം മാർ കൂറിലോസ്, തോമസ് മാർ താമൊ

ഥെയോസ്, ഡോ. ഏബ്രഹാം മാർ പൗലോസ് എന്നിവർ വിവിധ കേന്ദ്രങ്ങളിൽ റാലിയെ അഭിസംബോധന ചെയ്തു. സാമൂഹിക പ്രതിബദ്ധത വിളിച്ചോതിയ പ്രസ്തുത റാലി ഏവരുടേയും മുക്തകണ്ഠമായ പ്രശംസ പിടിച്ചുപറ്റി.

പഠന പുസ്തകം: മാർത്തോമ്മാ യുവജനസഖ്യത്തിന്റെ 2020-2021 പഠനപുസ്തകമായി പഠന പുസ്തകമായി പ്രശസ്ത സ്ലോവേനിയൻ എഴുത്തുകാരനും ചിന്തകനുമായ സ്ലാവോയ് സിസെക് (Slavoj Zizek) രചിച്ചതും ഡി.സി. ബുക്സ് മലയാളത്തിൽ ഭാഷാന്തരം ചെയ്ത് പ്രസിദ്ധീകരിച്ചതുമായ 'മഹാമാരി കോവിഡ്-19 ലോകത്തെ ഇളക്കി മറിക്കുന്നു' (Pandamic Covid-19 shakes the world) എന്ന പുസ്തകം ബഹു. എപ്പിസ്കോപ്പൽ സിനഡിന്റെ അംഗീകാരത്തോടെ തെരഞ്ഞെടുക്കുകയുണ്ടായി.

പഠന പുസ്തക പരീക്ഷ: 2020-2021 വർഷത്തെ പഠനപുസ്തകമായ 'മഹാമാരി കോവിഡ്-19 ലോകത്തെ ഇളക്കി മറിക്കുന്നു' എന്ന പുസ്തകം ആസ്പദമാക്കിയുള്ള പഠന പുസ്തക പരീക്ഷ 2021 ഫെബ്രുവരി 28 ഞായറാഴ്ച നടത്തപ്പെട്ടു. ഇംഗ്ലീഷിലും മലയാളത്തിലും പരീക്ഷകൾ ക്രമീകരിക്കുകയുണ്ടായി. ആകെ 365 പേർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തു. പഠന പുസ്തക പരീക്ഷയിൽ യഥാക്രമം 1, 2, 3 സ്ഥാനങ്ങൾ നേടുന്നവർക്ക് ക്യാഷ് പ്രൈസും 80 ശതമാനത്തിനുമേൽ മാർക്ക് നേടുന്നവർക്ക് പ്രത്യേക സമ്മാനവും 60 ശതമാനത്തിനുമേൽ മാർക്ക് നേടുന്ന എല്ലാവർക്കും സർട്ടിഫിക്കറ്റും നൽകുന്നു.

കേന്ദ്ര കലാമേള 'ധ്വനി': കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ റിപ്പോർട്ടുവർഷം മാർത്തോമ്മാ യുവജനസഖ്യം കലാമേള ധ്വനി ഓൺലൈനായി നടത്തുകയുണ്ടായി. പ്രതിഭാവേദി സബ് കമ്മിറ്റിയുടെ നേതൃത്വത്തിൽ 2021 ഫെബ്രുവരി 23, 24, 25, 26, 27 തീയതികളിൽ വിവിധ ഇനങ്ങളിലുള്ള മത്സരങ്ങൾ ഓൺലൈനായി നടത്തപ്പെട്ടു.

യുവവേദി: മാരാമൺ കൺവൻഷനോടനുബന്ധിച്ച് 2021 ഫെബ്രുവരി 18, 19, 20 തീയതികളിൽ യുവവേദി സമ്മേളനങ്ങൾ നടത്തപ്പെട്ടു. 'പുതിയ കാലം, പുതിയ മനുഷ്യൻ, പുതിയ സഭ' എന്നതായിരുന്നു പ്രധാന ചിന്താവിഷയം. സാമൂഹിക പ്രവർത്തക ശ്രീമതി ദയാബായി, അദ്ധ്യാപകനും സാമൂഹിക വിമർശകനുമായ ഡോ. സുനിൽ പി. ഇളയിടം, ചങ്ങനാശ്ശേരി അതിരൂപതാ സഹായ മെത്രാൻ റൈറ്റ് റവ. ഡോ. മാർ തോമസ് തറയിൽ എന്നിവർ ചിന്താവിഷയത്തിന്റെ വിവിധ മാനങ്ങൾ ആസ്പദമാക്കി പ്രഭാഷണം നടത്തി. സഖ്യത്തിന്റെ സംഗീത വിഭാഗമായ സ്വരലയം ഗാനശുശ്രൂഷ നിർവ്വഹിച്ചു.

കൺവൻഷൻ സ്റ്റാൾ: മാരാമൺ കൺവൻഷനോടനുബന്ധിച്ച് 2021 ഫെബ്രുവരി 14 മുതൽ 21 വരെ മാരാമൺ മണൽപ്പുറത്ത് യുവജനസഖ്യം ആഫീസ് പ്രവർത്തിച്ചു. ശാഖാ രജിസ്ട്രേഷനും, യുവദീപം, റിപ്പിൾസ് എന്നീ പ്രസിദ്ധീകരണങ്ങളുടെ വരിസംഖ്യ പുതുക്കുന്നതിനും പുതിയ വരിക്കാരാകുന്നതിനും യുവജന ഞായർ സ്തോത്രകാഴ്ച, പ്രത്യേക സംഭാവനകൾ എന്നിവ ടി ആഫീസിലൂടെ സ്വീകരിച്ചു. 2021-ലെ യുവജനസഖ്യം കലണ്ടർ, ഇതര പ്രസിദ്ധീകരണങ്ങൾ എന്നിവയും വിതരണം ചെയ്തു. സഖ്യം ആഫീസിനു പുറമേ യുവജനസഖ്യത്തിന്റെ ചുമതലയിൽ മാരാമൺ കൺവൻഷൻ സി. ഡി. സ്റ്റാൾ, സഭാ ബുക്ക് ഡിപ്പോ എന്നിവയും മണൽപ്പുറത്ത് പ്രവർത്തിക്കുകയുണ്ടായി.

ക്ലീൻ മാരാമൺ: 2021-ലെ മാരാമൺ കൺവൻഷനോടനുബന്ധിച്ച് കൺവൻഷൻ ദിവസങ്ങളിൽ പന്തലും പരിസരവും ശുചിയാക്കുന്നതിനായി ക്ലീൻ മാരാമൺ പ്രോഗ്രാം ക്രമീകരിച്ചു. വിവിധ ഭദ്രാസനങ്ങളിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ ശുചീകരണപ്രവർത്തനങ്ങൾ നടത്തി.

വലിയ നോമ്പ് - 2021: 2021-ലെ വലിയ നോമ്പിനോടനുബന്ധിച്ച് സഖ്യം മിഷൻ & ഇവാഞ്ചലിസം കമ്മിറ്റിയുടെ നേതൃത്വത്തിൽ നോമ്പ് ദിനങ്ങളിൽ പട്ടക്കാർ, യുവജനങ്ങൾ എന്നിവരുടെ 15 മിനിറ്റ് ദൈർഘ്യമുള്ള ചെറുധ്യാനങ്ങൾ സാമൂഹിക മാധ്യമങ്ങളിലും സഖ്യത്തിന്റെ യൂട്യൂബ് ചാനലിലും സംപ്രേഷണം ചെയ്യുകയുണ്ടായി. കൂടാതെ സുകൃത സന്ദേശം എന്ന പേരിലും ലഘു ധ്യാന സന്ദേശങ്ങൾ ലൈവായി ടെലികാസ്റ്റ് ചെയ്തു. വനിതാഫോറത്തിന്റെ നേതൃത്വത്തിൽ എക്യുമെനിക്കൽ lent portions അടിസ്ഥാനപ്പെടുത്തി വനിതകളുടെ നോമ്പ് ധ്യാന സന്ദേശങ്ങളും സംപ്രേഷണം ചെയ്യുകയുായി.

സൊസൈറ്റി ഫോർ ഡവലപ്മെന്റ് ആക്ഷൻസ് (MYSDA): മാർത്തോമ്മാ യുവജനസഖ്യത്തിന്റെ സാമൂഹ്യ-സേവന വിഭാഗമാണ് സൊസൈറ്റി ഫോർ ഡവലപ്മെന്റ് ആക്ഷൻസ് (മിസ്ഡ) രജിസ്റ്റേർഡ് സൊസൈറ്റിയായ മിസ്ഡ ഭവന നിർമ്മാണം, വിവാഹം, വിദ്യാഭ്യാസം, ചികിത്സ, സ്വയം തൊഴിൽ എന്നിവയ്ക്കുള്ള സഹായ പദ്ധതികൾ, വികസന സെമിനാറുകൾ, നേതൃത്വ പരിശീലന പരിപാടികൾ തുടങ്ങി വിവിധ വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി പ്രവർത്തിച്ചുവരുന്നു.

Organ Donation Awareness Meet: മിസ്ഡ-യുടെ ആഭിമുഖ്യത്തിൽ അവയവദാനത്തെപ്പറ്റി ബോധവത്ക്കരണം നടത്തുന്നതിനും അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനുമായി 2020 സെപ്റ്റംബർ 19 ന് പ്രത്യേക ഓൺലൈൻ പ്രോഗ്രാം നടത്തപ്പെട്ടു. ഫാ. ഡേവിസ് ചിറമേൽ, റവ. ലിജു രാജു താമരക്കുടി എന്നിവർ നേതൃത്വം നൽകി.

കോവിഡ് 19 ദുരിതാശ്വാസ പ്രവർത്തനങ്ങൾ: കൊറോണ വൈറസിന്റെ വ്യാപനം മൂലം ഉണ്ടായ കൊവിഡ് - 19 രോഗബാധയാൽ ലോകം മുഴുവനും പ്രത്യേകിച്ച് നമ്മുടെ രാജ്യവും വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്ന ഈ കാലത്ത് നമ്മുടെ സംസ്ഥാനത്ത് നടക്കുന്ന രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ വിവിധ രീതിയിൽ മാർത്തോമ്മാ യുവജനസഖ്യവും പങ്കുചേരുന്നു. യുവജനസഖ്യമായി ചെയ്ത പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. പത്തനംതിട്ട ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം റാന്നി മേഖലയിലേക്ക് ഭക്ഷണ കിറ്റ് നൽകി.
2. പത്തനംതിട്ട, ആലപ്പുഴ, കൊല്ലം എന്നീ ജില്ലകളിൽ ആരോഗ്യപ്രവർത്തകർക്കും പോലീസ് ഉദ്യോഗസ്ഥർക്കും കോവിഡ് 19 മുൻനിര പ്രവർത്തകർക്കുമായി വിവിധ ശാഖകളുടെ സഹകരണത്തോടെ 15000-ൽപരം മാസ്കുകൾ, സാനിറ്റൈസർ എന്നിവ വിവിധ ഭദ്രാസനങ്ങളിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ നിർമ്മിച്ച് സർക്കാർ സംവിധാനങ്ങളിലൂടെ വിതരണം ചെയ്തു.
3. സർക്കാരിന്റെ കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിന് ആവശ്യപ്രകാരം സന്നദ്ധ പ്രവർത്തകരുടെ ലിസ്റ്റ് നൽകി.
4. ട്രാൻസിറ്റ്/ഡിസ്ട്രിക്റ്റ് ബോർഡർ സ്ക്രീനിംഗ് പ്രവർത്തനങ്ങളിൽ പങ്കുചേർന്നു.
5. തോന്ന്യാമലയിൽ സഖ്യം ഉടമസ്ഥതയിലുള്ള കെട്ടിടം അതിഥി തൊഴിലാളികളെ പാർപ്പിക്കുന്നതിന് വിട്ടു നൽകി.
6. അടൂർ മാർത്തോമ്മാ യൂത്ത് സെന്റർ വിദേശത്തു നിന്നും എത്തുന്നവർക്കായുള്ള കോവിഡ് കെയർ സെന്ററാക്കുന്നതിന് നൽകുകയും യുവജനങ്ങൾ ക്വാറന്റീനിൽ കഴിയുന്നവർക്ക് കരുതൽ ശുശ്രൂഷ നൽകുകയും ചെയ്തു.
7. കോവിഡ്-19 രോഗബാധയെ തുടർന്ന് ആദ്ധ്യാത്മിക മാനസിക സംഘർഷങ്ങളിലൂടെ കടന്നുപോകുന്നവരെ സഹായിക്കുന്നതിനുള്ള ഹെൽപ് ഡെസ്ക് ആരംഭിച്ചു.
8. കോവിഡ് മൂലം മരണമടയുന്നവരുടെ ശവസംസ്ക്കാരം സഖ്യത്തിന്റെ ചുമതലയിൽ യുവജനങ്ങളുടെ സഹകരണത്തോടെ നടത്തി വരുന്നു.

കോവിഡ് 19 മഹാമാരി ജനജീവിതത്തെയാകമാനം മാറ്റിമറിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ അതിജീവനത്തിന്റെ സന്ദേശവുമായി യുവജനങ്ങൾക്കും ലോകത്തിനും സംഗതമായ ശുശ്രൂഷ നിർവ്വഹിക്കുവാൻ കൃപചൊരിയുന്ന സർവ്വശക്തനായ ദൈവത്തിന്റെ സന്നിധിയിൽ കൃതജ്ഞതാ സ്തോത്രങ്ങൾ അർപ്പിക്കുന്നു. 90 വർഷത്തെ അനുഗൃഹീതമായ ജീവിതം കൊണ്ട് സഭയ്ക്കും സമൂഹത്തിനും ഇടയശുശ്രൂഷയുടെ വ്യത്യസ്തങ്ങളായ വിവിധ മാനങ്ങൾ പകർന്നു നൽകിയ യുവജനസഖ്യം മുൻ അദ്ധ്യക്ഷനും സഭയുടെ പരമാദ്ധ്യക്ഷനുമായിരുന്ന മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ ജ്വലിക്കുന്ന സ്മരണകൾക്കു മുമ്പിൽ യുവജനസഖ്യം കുടുംബത്തിന്റെ

പ്രണാമം അർപ്പിച്ചുകൊണ്ട് ഈ ലഘു റിപ്പോർട്ട് ഉപസംഹരിക്കുന്നു.

യുവജനസഖ്യം പ്രവർത്തനങ്ങളിലൂടെ ദൈവരാജ്യ നിർമ്മിതിയിൽ പങ്കുചേർന്ന് ഉത്തമ സാക്ഷ്യം നിർവ്വഹിക്കുവാൻ നമുക്ക് യത്നിക്കാം. യുവജനസഖ്യത്തിന്റെ പ്രവർത്തനങ്ങൾക്കായിഏവരുടേയും നിരന്തരമായ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു. യുവജനസഖ്യത്തിന്റെ ഇതഃപര്യന്തമുള്ള വളർച്ചയിൽ ആത്മാർത്ഥമായ നേതൃത്വവും സഹകരണവും നൽകിയ ഏവരേയും നന്ദിയോടെ സ്മരിക്കുന്നു.

4.6. ഡിപ്പാർട്ടുമെന്റ് ഓഫ് സേക്രഡ് മ്യൂസിക് ആന്റ് കമ്മ്യൂണിക്കേഷൻസ്

മിഴിയിൽ തോരാത്ത കണ്ണുനീരുമായി ലോകം കൈകൂപ്പി നിന്നകാലം. എത്രമാത്രം നാം വളർന്നു എന്ന് അഭിമാനിച്ചപ്പോഴും ഒരു സോപ്പിനാൽ ശുദ്ധിവരുത്തിയാൽ നശിക്കുന്ന ഒരു വൈറസ് മൂലം നാം എത്രയോ നിസാരരാണെന്നും വളർന്നത് ഒന്നിനും മുകളിലല്ലെന്നും ഓർമ്മിപ്പിച്ച വർഷം. സ്വപ്നങ്ങളും ആഗ്രഹങ്ങളും മാറ്റിവയ്ക്കേണ്ടി വന്ന ഒരു കാലം. അതേ ആ സമയവും പോകുമായിരിക്കും എന്ന പ്രത്യാശയിൽ മുമ്പോട്ട് പോകാം. കഴിഞ്ഞ ഒരു വർഷം നിറം മങ്ങിയ വർഷമെങ്കിലും വഴിനടത്തിയ ദൈവകൃപയ്ക്ക് നന്ദി അർപ്പിച്ചുകൊണ്ട് മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ സംഗീതവിഭാഗമായ ഡിപ്പാർട്ട്മെന്റ് ഓഫ് സേക്രഡ് മ്യൂസിക് ആന്റ് കമ്മ്യൂണിക്കേഷൻസിന്റെ 2020-21 വർഷത്തെ റിപ്പോർട്ട് സമർപ്പിക്കുന്നു.

കോവിഡ് -19 പശ്ചാത്തലത്തിൽ ഡി.എസ്.എം.സി. യുടെ ജൂബിലി വർഷത്തിന്റെ പരിപാടികളും മാനേജിംഗ് കമ്മിറ്റിയും ജനറൽ ബോഡി മീറ്റിംഗും ആവശ്യമായ രീതിയിൽ കൂടുവാനും സാധിച്ചില്ല.

കോവിഡ് കാലത്തെ ആരാധനക്രമീകരണം: ദൈവാലയങ്ങൾ അടച്ചിടണമെന്നും കൂടിവരവുകൾ പാടില്ല എന്നുമുള്ള നിർദ്ദേശം വിശ്വാസികളുടെ ആരാധന ജീവിതത്തെ വളരെയേറെ ബാധിക്കുകയുണ്ടായി. വിശ്വാസികളുടെ നൊമ്പരം മനസ്സിലാക്കി ആരാധനകൾ ഓൺലൈനിലൂടെ ജനങ്ങളിൽ എത്തിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് മനസ്സിലാക്കി മെത്രാപ്പോലീത്താ തിരുമേനിയുടെ നിർദ്ദേശപ്രകാരം ഡി.എസ്.എം.സി.യുടെ നേതൃത്വത്തിൽ ഓൺലൈനിലൂടെ വിശുദ്ധ കുർബ്ബാന സംപ്രേക്ഷണം ചെയ്തു തുടങ്ങി.

കാവ്യശില്പം: കോവിഡ് കാലയളവിൽ ഭവനങ്ങളിൽ ഇരുന്നു ഗാനങ്ങൾ എഴുതുന്നതിനുള്ള ഒരു അവസരമായിരുന്നു കാവ്യശിൽപ്പം എന്ന പരിപാടി. വിവിധ ഇടങ്ങളിൽ നിന്നായി നൂറോളം അംഗങ്ങൾ ഈ സംരംഭത്തിൽ പങ്കെടുത്തു.

ഗാനസ്മൃതി (Music with a Message): പഴയ ക്രിസ്തീയ ഗാനങ്ങൾ സഭാവ്യത്യാസമില്ലാതെ നിരവധി സംഗീതജ്ഞർ ഓൺലൈൻ പ്രോഗ്രാമിലൂടെ അവതരിപ്പിച്ചത് കോവിഡ് മഹാമാരിയുടെ കാലയളവിൽ വിശ്വാസ സമൂഹത്തിന് ഏറെ ആശ്വാസമായിരുന്നു. 150 ദിവസങ്ങളിൽ ഏകദേശം 250-ൽ ആളുകൾ ഈ പ്രോഗ്രാമിൽ പങ്കുചേർന്നു.

ഗായകസംഘദിനം: കോവിഡ് 19-ന്റെ പ്രതിസന്ധിയിൽ ഗായക സംഘദിനം പല ഇടവകകളിലും നടത്തുവാൻ സാധിക്കാതെയിരുന്നതിന്റെ പശ്ചാത്തലത്തിൽ മെയ് 24-ന് ഓൺലൈൻ മാധ്യമങ്ങളിൽ കൂടി സംഗീത ആരാധന ക്രമീകരിച്ചു. അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ സന്ദേശം നൽകി.

ഓൺലൈൻ സ്ട്രീമിംഗ് സംവിധാനം: മാർത്തോമ്മാ സഭയുടെ പ്രോഗ്രാമുകൾ തത്സമയം സംപ്രേഷണം ചെയ്യുവാൻ തക്കവണ്ണം ഡി.എസ്.എം.സി. വീഡിയോ വിംഗ് ഈ വർഷം പ്രവർത്തനം ആരംഭിച്ചു. ഇതിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കായി നാല് ക്യാമറകൾ ഒരേ സമയം പ്രവർത്തിക്കാവുന്ന ഓൺലൈൻ വീഡിയോ മിക്സർ (Black Design ATEM Mini Pro HDMI Live Stream Switcher), ഏറ്റവും പുതിയ Panasonic Lumix S1 Mirrorless Heavyweight Camera, Lens, Acer, Predator Helios 300 Laptop അതിനോട് ചേർന്ന എല്ലാ ഉപകരണങ്ങളും വാങ്ങുന്നതിന് സാധിച്ചു.

മാരാമൺ കൺവൻഷൻ: ചരിത്രത്തിലാദ്യമായി മുഴുവൻ ദിവസങ്ങളിലും ഓൺലൈൻ സംവിധാനമൊരുക്കുന്നതിന് സാധിച്ചു. ഏറ്റവും മികച്ച സാങ്കേതിക മികവോടെ ലോകത്തിന്റെ വിവിധ ഇടങ്ങളിലുള്ളവരിലേക്ക് എത്തിക്കുന്നതിന് സാധിച്ചു. അതിനുള്ള അവസരം സുവിശേഷ സംഘമാണ് നൽകിയത്.

മാരാമൺ ഗായകസംഘം: മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി 2020 വർഷത്തിലെ റാങ്കി ലിസ്റ്റ് അനുസരിച്ച് 16 പേരടങ്ങുന്ന ഒരു ഗായകസംഘം ക്രമീകരിക്കുവാനും പുതിയ 10 പാട്ടുകൾ ചേർത്ത് ആൽബം ക്രമീകരിക്കുവാനു സാധിച്ചു. പെൻഡ്രൈവിലും സി.ഡി.യിലും ഗാനങ്ങൾ ലഭ്യമാക്കി.

മലയാള മനോരമ വെബിനാർ: ഐ.എ.എസ്. പരീക്ഷയിൽ ടോപ് റാങ്ക് നേടിയവരെ അനുമോദിക്കുന്നതിനും ഗൈഡൻസിനുമായി മലയാള മനോരമ ഒരു വെബിനാർ ഡി.എസ്.എം.സി. സ്റ്റുഡിയോയിൽ നടത്തപ്പെടുകയുണ്ടായി. ഡോ. ജേക്കബ് പുന്നൂസ് ഐ.എ.എസ്. നേതൃത്വം നൽകി. യൂട്യൂബിലും ഫേയ്സ്ബുക്കിലും തത്സമയം സംപ്രേക്ഷണനത്തി.

ഡി.എസ്.എം.സി. & സേവികാസംഘം: സേവികാസംഘത്തിനുവേണ്ടി ഡി.എസ്.എം.സി.യിൽ വച്ചും സോഷ്യൽ മീഡിയായിലുമായി 20ഓളം പരിപാടികളിൽ സഹായിക്കുവാൻ കഴിഞ്ഞു. ക്രിസ്തുമസ് കാരൾ സർവ്വീസിനു നേതൃത്വം നൽകുവാനും സാധിച്ചു.

ക്രിസ്തുമസ് കാരൾ -പുൽക്കൂട്ടിൽ പൂക്കാലം: കോവിഡ് മാനദണ്ഡമനുസരിച്ച് ഒരുമിച്ചു കൂടുവാൻ സാധിക്കാതെയിരുന്ന സാഹചര്യത്തിൽ ലഭിച്ചതായ ക്രിസ്തുമസ് ഗാനങ്ങളുടെ വീഡിയോ യൂട്യൂബിൽ പ്രസിദ്ധീകരിക്കുന്നതിന് സാധിച്ചു.

സൂം പ്ലാറ്റ്ഫോമിലൂടെ വിവിധ ഗായക സംഘങ്ങളോട് ചേർന്ന് പരിപാടികളിൽ ഭാഗമാകുവാൻ സാധിച്ചു.

പ്രസിഡന്റായി അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പായും റവ. ആശിഷ് തോമസ് ജോർജ്ജ് ഡയറക്ടറായും പ്രവർത്തിക്കുന്നു.

4.7. മാർത്തോമ്മാ റിട്ടയർഡ് ക്ലർജി ഫെല്ലോഷിപ്പ്

സഭയുടെ നിബന്ധനകൾക്ക് അനുസരിച്ച് 65-ാം വയസ്സിൽ സജീവ സേവനത്തിൽ നിന്നും വിരമിക്കുന്ന പട്ടക്കാരുടെ ഒരു ഔദ്യോഗിക സംഘടനയാണ് മാർത്തോമ്മാ റിട്ടയേർഡ് ക്ലേർജി ഫെലോഷിപ്പ്. ഇപ്പോൾ 260 പട്ടക്കാർ അംഗങ്ങളായി ഉണ്ട് കൊച്ചമ്മമാരും ഫെലോഷിപ്പ് മീറ്റിംഗിൽ പങ്കെടുക്കുന്നു. സഭ അംഗീകരിച്ച ഒരു ഭരണഘടന ഇതിനുണ്ട്. മെത്രാപ്പോലീത്താ തിരുമേനി ഇതിന്റെ രക്ഷാധികാരി ആണ്.

റവ. ഡോ. കെ.റ്റി. ജോയി പ്രസിഡന്റായും റവ. കെ. എം. വർഗീസ് സെക്രട്ടറിയായും റവ. പി.ജെ. അലക്സ് ട്രഷറാറായും റവ. ഡോ. കെ.വി. സൈമൺ എഡിറ്ററായും പ്രവർത്തിക്കുന്നു.

കോവിഡിന്റെ വ്യാപനം മൂലം 65 വയസ്സിനുമേൽ പ്രായം ഉള്ളവർ ഭവനത്തിൽ തന്നെ കഴിയണമെന്നും സമ്മേളനങ്ങൾ നടത്തുവാൻ പാടില്ല എന്നും ഉത്തരവ് ഗവണ്മെന്റ് ഉത്തരവ് പുറപ്പെടുവിച്ചതിനാൽ 2020-2021ൽ സമ്മേളനങ്ങളോ മീറ്റിംഗുകളോ നടത്തുവാൻ കഴിഞ്ഞില്ല.

ഫെലോഷിപ്പിന്റെ ഒരു സൂം മീറ്റിംഗ് 2020 നവംബർ 13-ന് റവ. ഡോ. കെ.റ്റി. ജോയിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. കാലം ചെയ്ത മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ ദേഹവിയോഗത്തിൽ റിട്ടയേർഡ് ക്ലേർജി ഫെലോഷിപ്പിന്റെ അനുശോചനം രേഖപ്പെടുത്തി.

തുടർന്ന് റവ. ഡോ. ഐപ്പ് ജോസഫ് Spiriti\ual Experience Through Virtual Media എന്ന വിഷയത്തെ ആധാരമാക്കി ക്ലാസ് എടുത്തു. തുടർന്ന് ചർച്ച നടന്നു. റവ. ജോൺസൺ വർഗീസ്, റവ. ഡോ. ജീവർഗീസ് എന്നിവർ സൂം മീറ്റിംഗിന് വേണ്ട ക്രമീകരണം ചെയ്തു. റവ. പി.ജെ. അലക്സ് ഏവർക്കും നന്ദി രേഖപ്പെടുത്തി. പ്രാർത്ഥനയ്ക്കും

ആശീർവാദത്തിനും ശേഷം യോഗം സമംഗളം പര്യവസാനിച്ചു. യോഗത്തിൽ 75 പേർ പങ്കെടുത്തു.

റിപ്പോർട്ട് വർഷം 5 പട്ടക്കാരും 6 കൊച്ചമ്മമാരും നിര്യാതരായി. പ്രിയപ്പെട്ടവരുടെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു.

പ്രസീദ്ധീകരണം: ലേഖനം, വേദപഠനം, അനുഭവസാക്ഷ്യം, വാർത്തകൾ മുതലയാവ ഉൾപ്പെടുത്തി ന്യൂസ് ആർവ്യൂസ് എന്ന പേരിൽ പത്രിക പ്രസിദ്ധീകരിക്കുന്നു. പ്രത്യേക സാഹചര്യത്തിൽ ഈ വർഷം ഒരു പ്രാവശ്യം മാത്രമേ പത്രിക പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞുള്ളൂ.

സന്ദർശനം: അതാത് ഏരിയായിൽ ഉള്ള കൺവീനർമാരുടെ നേതൃത്വത്തിൽ അതാത് ഭാഗത്തുള്ള രോഗികളായ പട്ടക്കാരെയും കൊച്ചമ്മമാരെയും സന്ദർശിച്ച് വേണ്ട കൂട്ടായ്മ നൽകിവരുന്നു. നിര്യാതരായ പട്ടക്കാരുടെയും കൊച്ചമ്മമാരുടെയും ശവസംസ്കാര ശുശ്രൂഷയിൽ സംബന്ധിച്ചു അനുശോചനം രേഖപ്പെടുത്തുകയും റീത്ത് സമർപ്പിക്കുകയും ചെയ്യുന്നു.

സാമ്പത്തികം: സഭയിൽ നിന്നു ലഭിക്കുന്ന ഗ്രാൻഡ്, എൻഡോവ്മെന്റ് പലിശ ഇവയാണ്. ഒന്നിച്ചു കൂടുവാൻ കഴിയാതിരുന്നതിനാൽ തന്നാണ്ടിൽ യാതൊരു വരുമാനവും ലഭിച്ചില്ല. റിപ്പോർട്ട് വർഷം ഒരു പട്ടക്കാരന് 25,000 രൂപ സാമ്പത്തിക സഹായം നൽകി. 2019-2020ലെ വാർഷികം കോവിഡ് മൂലം നടത്തുവാൻ കഴിഞ്ഞില്ല. 2020-21ലെ വാർഷികം മെയ് 28-ന് നടത്തുവാൻ വേണ്ട ക്രമീകരണം ചെയ്തു.

സഭയിലേയും സമൂഹത്തിലേയും സേവനങ്ങൾ: റവ. തോമസ് പി. ജോർജ്ജ് കേരള മദ്യവർജ്ജന പ്രസ്ഥാനത്തിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുന്നു. റവ. ഡോ. ഏ. പി. അത്യാൽ മണ്ഡലം മെംബർ ആയി പ്രവർത്തക്കുന്നു. റവ. പി.എം. തോമസ്, റവ. റ്റി.എ. കുര്യൻ, റവ. റ്റി.എം. ഫിലിപ്പോസ്, റവ. കെ.എൻ. ജോൺ, റവ. ഡോ. എം.എ. ഫിലിപ്പ് എന്നിവർ സന്നദ്ധ സുവിശേഷക സംഘം പ്രതിനിധികൾ ആയും പ്രവർത്തിക്കുന്നു. റവ. ഡോ. ഐപ്പ് ജോസഫ് സി.എൻ.ഐ. ബിഷപ്പ് സെക്രട്ടറിയായും പ്രവത്തിക്കുന്നു. എല്ലാ പട്ടക്കാരും അവരവരുടെ ഇടവകകളിൽ കൈസ്ഥാന സമിതി അംഗങ്ങളായും ഭദ്രാസന അസംബ്ലി അംഗങ്ങളായും പ്രവർത്തിക്കുന്നു. ചിലർ കൗൺസിലിംഗ് രംഗത്ത് ഔദ്യോഗിക ചുമതല വഹിക്കുന്നു. ബൈബിൾ ക്ലാസുകൾ കൺവൻഷൻ യോഗങ്ങളും പുസ്തക രചന എന്നിവയിലും പട്ടക്കാരുടെ സംഭാവന എടുത്തുപറയേണ്ടതാണ്.

5. പൊതുസ്ഥാപനങ്ങൾ

5.1. മാർത്തോമ്മാ വൈദിക സെമിനാരി, കോട്ടയം

2020-21 അധ്യയന വർഷത്തെ ക്ലാസ്സുകൾ കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ഓൺലൈൻ ആയിട്ടാണ് ആരംഭിക്കുവാൻ കഴിഞ്ഞത്. ബി.ഡി. 2,3,4 വർഷ വിദ്യാർത്ഥികളുടെ ക്ലാസ്സുകൾ ജൂൺ 15നും ഒന്നാം വർഷ വിദ്യാർത്ഥികളുടെ ക്ലാസ്സുകൾ ആഗസ്റ്റ് 3നും ആരംഭിച്ചു. ക്ലാസ്സിന് മുന്നോടിയായി പ്രത്യേക ആരാധനയും ക്രമീകരിച്ചിരുന്നു. റവ. ഡോ. പ്രകാശ് കെ. ജോർജ് ധ്യാനത്തിന് നേതൃത്വം നല്കി. ബി.ഡി. 1,3,4 വർഷ വിദ്യാർത്ഥികളുടെ റഗുലർ ക്ലാസ്സുകൾ ജനുവരി മാസത്തിലും 2ാം വർഷ വിദ്യാർത്ഥികളുടെ ക്ലാസ്സുകൾ മാർച്ച് മാസത്തിലും ആരംഭിക്കുവാൻ ഇടയായി.

ബി. ഡി. അവസാനവർഷ വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് സെപ്ററംബർ 4-ന് സെമിനാരി ചാപ്പലിൽ ക്രമീകരിച്ചു. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ അദ്ധ്യക്ഷം വഹിച്ച മീറ്റിംഗിൽ റവ. ഡോ. പ്രകാശ് കെ. ജോർജ് സ്വാഗതം ആശംസിച്ചു. റവ. ഡോ. എം.സി. തോമസ് വിവിധ സമ്മാനങ്ങൾക്ക് അർഹരായവരെ പരിചയപ്പെടുത്തി. അഭി. മെത്രാപ്പോലീത്താ തിരുമേനി സർട്ടിഫിക്കേറ്റുകളും വിവിധ സമ്മാനങ്ങൾക്ക് അർഹരായവർക്ക് കാഷ് പ്രൈസുകളും വിതരണം ചെയ്തു.

സെറാമ്പൂർ സർവ്വകലാശാലയുടെ വാർഷിക പരീക്ഷയിൽ ബി.ഡി. അവസാന വർഷ വിദ്യാർത്ഥികളിൽ Blesson Philip Thomas, Rijin M. George, Robin Roy എന്നിവർ ഫസ്റ്റ് ക്ലാസ്സിലും ബാക്കിയുള്ളവർ സെക്കന്റ് ക്ലാസ്സിലും പാസ്സായി. Rijin M. George, Robin Roy എന്നിവർ താഴെപ്പറയുന്ന സെനറ്റ് പ്രൈസുകൾക്ക് അർഹരായി. Rijin M. George - George Howel's Prize in Christian Theology and E.C. Dewick Prize in Religion. Robin Roy- Senate Prize in Biblical Studies and Union Biblical Seminary Prize in B.D. for highest grade in Old Testament and New Testament.

ക്രിസ്മസ് കരോൾ ഡിസംബർ 21-ാം തിയതി സെമിനാരി ചാപ്പലിൽ ക്രമീകരിച്ചു. പ്രിൻസിപ്പൽ റവ. ഡോ. പ്രകാശ് കെ. ജോർജ് സന്ദേശം നല്കി. സെമിനാരി കുടുംബാംഗങ്ങൾ പങ്കെടുത്തു.

ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ ജീവിതത്തേയും സാക്ഷ്യത്തേയും ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്തുന്നതിനായ് ഒരു പ്രത്യേക മീറ്റിംഗ് ജനുവരി 13ന് സെമിനാരി ചാപ്പലിൽ ക്രമീകരിച്ചു. അഭി. ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ അദ്ധ്യക്ഷത വഹിച്ചു. ആരാധനയ്ക്ക് റവ. ഡോ. ജോസഫ് ദാനിയേൽ, ശ്രീ. റെനി സി. മാത്യു എന്നിവർ നേതൃത്വം നല്കി. റവ. ഡോ. പ്രകാശ് കെ. ജോർജ്, റവ. ഡോ. മോത്തി വർക്കി, ശ്രീ. സുബിൻ മാത്യു പാറയിൽ എന്നിവർ പ്രസംഗിച്ചു.

സെമിനാരി ഹെറിറ്റേജ് ബിൽഡിംഗിൽ ക്രമീകരിച്ച ഹിസ്റ്റോറിക്കൽ ഫോട്ടോ ഗാലറിയുടെ ഉദ്ഘാടനം അഭി. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ ജനുവരി 20ന് നിർവ്വഹിച്ചു. ഗവേണിംഗ് ബോർഡ് അംഗങ്ങളും സെമിനാരി കുടുംബാംഗങ്ങളും പങ്കെടുത്തു.

അഭി. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താക്ക് സ്വീകരണവും ആശംസകളും അറിയിക്കുവാൽ ഒരു പ്രത്യേക അനുമോദന മീറ്റിംഗ് ജനുവരി 20ന് സെമിനാരി ചാപ്പലിൽ ക്രമീകരിച്ചു. അഭി. ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ അദ്ധ്യക്ഷം വഹിച്ച മീറ്റിംഗിൽ റവ. ഡോ. പ്രകാശ് കെ. ജോർജ്, റവ. ഡോ. ജോസഫ് ദാനിയേൽ, ശ്രീ. സി. തോമസ് ജോൺ, ശ്രീ. ആശിഷ് ചെറിയാൻ വർഗീസ്, റവ. ഡോ. വി.എസ്. വറുഗീസ് തുടങ്ങിയവർ പ്രസംഗിച്ചു. അഭി. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി മറുപടി പ്രസംഗം നടത്തി.

ഏബ്രഹാം മല്പാൻ സ്മാരക പ്രഭാഷണം Religious Freedom as a Fundamental Right എന്ന വിഷയത്തെ ആസ്പദമാക്കി ഫെബ്രുവരി 13ന് ക്രമീകരിച്ചു. അഭി. ഡോ ഐസക്ക് മാർ ഫിലക്സിനോസ് എപ്പിസ്കോപ്പാ അദ്ധ്യക്ഷം വഹിച്ച മീറ്റിംഗിൽ Justice Bechu Kurian Thomas (Kerala High Court, Kochi) മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. റവ. ഡോ പ്രകാശ് കെ. ജോർജ് സ്വാഗതവും റവ. ഡോ. പി. ഏബ്രഹാം സ്കറിയ നന്ദിയും പ്രകാശിപ്പിച്ചു. കോട്ടയം സെന്ററിലെ ബഹു. പട്ടക്കാർ, സ്നേഹിതർ, സെമിനാരി കുടുംബാംഗങ്ങൾ തുടങ്ങിയവർ മീറ്റിംഗിൽ പങ്കെടുത്തു.

പീഡാനുഭവ ധ്യാനത്തോടനുബന്ധിച്ച് 40 ാം വെള്ളിയാഴ്ച സെമിനാരി ചാപ്പലിൽ passion recital ക്രമീകരിച്ചു. റവ. ഡോ. ഇശോ മാത്യു സന്ദേശം നല്കി..

പട്ടത്വ ശുശ്രൂഷക്ക് മുന്നോടിയായി 2020 നവംബർ, ഡിസംബർ മാസങ്ങളിൽ സെമിനാരിയിൽ വെച്ച് നടത്തിയ ലിറ്റേർജി ട്രെയിനിംഗിൽ 23 വിദ്യാർത്ഥികളും 2021 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ റ്റി.എം.എ.എം ഒറിയന്റേഷൻ സെന്ററിൽ സെമിനാരിയുടെ നേതൃത്വത്തിൽ നടത്തിയ ലിറ്റേർജി ട്രെയിനിംഗിൽ എട്ട് വിദ്യാർത്ഥികളും പങ്കെടുത്തു. ബി.ഡി. എൻട്രൻസ് എക്സാമിനേഷൻ ജനുവരി 7, 8 തീയതികളിൽ നടത്തി.

ബി.ഡി. ഒന്നാം വർഷത്തിൽ 18 പേരും, രണ്ടാം വർഷത്തിൽ 18 പേരും മൂന്നാം വർഷത്തിൽ 10 പേരും നാലാം വർഷത്തിൽ 18 പേരും ഉൾപ്പെടെ 64 വിദ്യാർത്ഥികൾ പഠനം തുടർന്നു. അദ്ധ്യാപകരായി റവ.ഡോ.പ്രകാശ് കെ. ജോർജ് (പഴയനിയമം), റവ. ഡോ. കോശി. പി. വറുഗീസ് (പുതിയനിയമം), റവ. ഡോ. വി.എസ്. വറുഗീസ്

(റിലിജിയൻ), റവ. ഡോ. എം. സി. തോമസ് (പഴയനിയമം), റവ. ഡോ. പി. ഏബ്രഹാം സ്കറിയ (ക്രിസ്ത്യൻ മിനിസ്ട്രി), റവ. ഡോ. വൈ.റ്റി വിനയരാജ് (തിയോളജി) റവ. ഡോ. ജോസഫ് ദാനിയേൽ (ഹിസ്റ്ററി), റവ. ഡോ. മോത്തി വർക്കി (പുതിയനിയമം) എന്നിവരും വിസിറ്റിംഗ് ഫാക്കൽറ്റിയായി റവ. ഡോ. ജോൺഫിലിപ്പ് ഏ. (തിയോളജി), റവ. കെ.സി. വറുഗീസ് (സോഷ്യൽ അനാലിസിസ്), ഡോ. വൈ. സാജു (കമ്മ്യൂണിക്കേഷൻ), അഡ്വ. ജെയിംസ് മാത്തൻ (ക്രിസ്ത്യൻ ലോ) ശ്രീമതി. ഡീനാ ഉമ്മൻ (ഇംഗ്ളീഷ്) എന്നിവരും ശുശ്രൂഷ നിറവേറ്റി.

കറുകച്ചാൽ ക്യാമ്പസിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, പെയിന്റിംഗ് മുതലായവ നടത്തുകയും ക്യാമ്പസിൽ ഫാക്കൽറ്റിയംഗങ്ങൾക്ക് താമസിക്കുന്നതിനും പ്രീതിയോളജി ട്രെയിനിംഗ് പ്രോഗ്രാം തുടങ്ങിയവ നടത്തുന്നതിനും വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു.

ഗവേണിംഗ് ബോർഡ് സമ്മേളിച്ച് സെമിനാരി പ്രവർത്തനങ്ങൾ സുഗമമായി പുരോഗമിക്കുന്നതിനുള്ള തീരുമാനങ്ങൾ കൈക്കൊണ്ടു. അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ ഗവേണിംഗ് ബോർഡ് അദ്ധ്യക്ഷൻ എന്നനിലയിൽ സെമിനാരി പ്രവർത്തനങ്ങളിൽ സസൂഷ്മമായ നിരീക്ഷണങ്ങളും പ്രോത്സാഹനവും നേതൃത്വവും നല്കി. ഗവേണിംഗ് ബോർഡ് അംഗങ്ങൾ, കൺസ്ട്രക്ഷൻ കമ്മറ്റി അംഗങ്ങൾ എന്നിവരുടെ ആലോചനകൾക്കും സഹകരണ ത്തിനുമുള്ള കൃതജ്ഞത അറിയിക്കുന്നു. റവ. ഡോ. പ്രകാശ് കെ. ജോർജ് പ്രിൻസിപ്പലായും, റവ. ഡോ. എം.സി. തോമസ് ഡീൻ ഓഫ് സ്റ്റഡീസ് ആയും റവ. ഡോ. വി.എസ്. വറുഗീസ് ബർസാറായും ശുശ്രൂഷകൾ നിറവേറ്റി.

5.2. എപ്പിസ്കോപ്പൽ ജൂബിലി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇവാഞ്ചലിസം, കൊമ്പാടി, തിരുവല്ല

സുവിശേഷ ദൗത്യനിർവഹണത്തിനായി സമർപ്പിതരായ യുവതീയുവാക്കളെ പരിശീലിപ്പിക്കുന്നതിന് ഭാഗ്യസ്മരണീയരായ ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെയും ഡോ. മാത്യൂസ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പയുടെയും എപ്പിസ്കോപ്പൽ രജത ജൂബിലി ആഘോഷത്തിന്റെ ഭാഗമായി 1965-ലാണ് ഈ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചത്. സെറാമ്പൂർ യൂണിവേഴ്സിറ്റിയുമായി അഫിലിയേഷൻ ഉള്ള ഈ ഇൻസ്റ്റിറ്റ്യൂട്ടിൽ 2020-21-ലെ ക്ലാസുകൾ 2020 ജൂൺ 10-ന് ഓൺലൈനായി ഇൻസ്റ്റിറ്റ്യൂട്ട് ഗവേണിംഗ് ബോർഡ് ചെയർമാൻ റൈറ്റ് റവ. ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പായുടെ പ്രാർത്ഥനയോടെ ആരംഭിച്ചു. BTh, DRE കോഴ്സുകളിൽ 14 വിദ്യാർത്ഥികൾ പഠനം നടത്തി.

ഫാക്കൽട്ടി & ഓഫീസ് സ്റ്റാഫ്: റവ. ഡോ. ജോൺ ഫിലിപ്പ് അട്ടത്തറയിൽ പ്രിൻസിപ്പലായും, റവ. സാബു കോശി, റവ. വിനോയ് ദാനിയേൽ, റവ. എം.പി. സാമുവേൽ, ശ്രീ. ജയിംസ് മാത്തൻ എന്നിവർ പൂർണ്ണസമയ അദ്ധ്യാപകരായും സേവനമനുഷ്ഠിച്ചു. കൂടാതെ ഏഴ് അധ്യാപകരും ഇൻസ്റ്റിറ്റ്യൂട്ടിൽ സേവനമനുഷ്ഠിക്കുന്നു. റവ. സാബു കോശി ബർസാർ ആയും റവ. വിനോയ് ദാനിയേൽ ഡീൻ ഓഫ് സ്റ്റഡീസ് ആയും ഹോസ്റ്റൽ വാർഡനായും റവ. എം.പി. സാമുവേൽ ചാപ്ലയിൻ ആയും പ്രവർത്തിച്ചു. ശ്രീമതി സൂസൻ ജോൺ ഫിലിപ്പ് ലേഡീസ് ഹോസ്റ്റൽ വാർഡനായും പ്രവർത്തിച്ചു. ശ്രീ ജെയിംസ് മാത്തൻ, ജീവാമൃതം സ്റ്റാഫായും ശ്രീമതി സൂസൻ ശാമുവേൽ നവംബർ 16 വരെയും തുടർന്ന് ശ്രീ. പി.എം. മത്തായി ഓഫീസ് സ്റ്റാഫായും പ്രവർത്തിക്കുന്നു.

കൊമ്പാടി എ.എം.എം. ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിലെ ക്ലാസുകൾക്ക് ഇ.ജെ. ഇൻസ്റ്റിറ്റ്യൂട്ടിലെ ഫാക്കൽറ്റി അംഗങ്ങൾ നേതൃത്വം നൽകി. രണ്ട് ഇൻസ്റ്റിറ്റ്യൂട്ടുകളും ആരാധനയും മറ്റ് പൊതു പരിപാടികളും സംയുക്തമായി നടത്തി.

വിദ്യാർത്ഥികളുടെ പ്രായോഗിക പരിശീലനം: സമീപ ഇടവകകളിൽ ആരാധനയിലെ നേതൃത്വം, ആശുപത്രി സന്ദർശനം, പരിസര ശുചീകരണം, ഫെലോഷിപ്പ്-ട്യൂട്ടോറിയൽ ഗ്രൂപ്പ് മീറ്റിംഗ് തുടങ്ങിയ പരിശീലന പദ്ധതികൾ വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനത്തിനും ക്രിസ്തീയ ശിക്ഷണത്തിനും സഹായകമായി.

ക്ലാസ്സുകൾ/പരീക്ഷകൾ: 2020 ജൂൺ 10 മുതൽ ഓൺലൈൻ ക്ലാസ്സുകൾ നടത്തപ്പെട്ടു. 2021 ജനുവരി 3 മുതൽ വിദ്യാർത്ഥികൾ ഹോസ്റ്റലിൽ താമസിച്ച് നേരിട്ട് ക്ലാസ്സുകളിൽ പങ്കെടുത്തു. 2020-21 ആദ്യസെമസ്റ്റർ പരീക്ഷകൾ ഓൺലൈനായി നടത്തപ്പെട്ടു. 2019-20 രണ്ടാം സെമസ്റ്റർ പരീക്ഷ 2020 ജൂൺ മാസത്തിൽ ഓൺലൈനായി നടത്തുന്നതിനും സാധിച്ചു.

ബി.ഡി. സ്പെഷ്യൽ ബാച്ച്: എപ്പിസ്കോപ്പൽ സിനഡ് തീരുമാനപ്രകാരവവും അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ നിർദ്ദേശാനുസരണവും ബി.ഡി. പഠനം പൂർത്തിയാക്കിയ 10 പേരെ ഇസ്റ്റിറ്റ്യൂട്ടിൽ പ്രത്യേക പരിശീലനത്തിനയച്ചു. അവർക്ക് പഴയനിയമം, പുതിയനിയമം, വിശ്വാസാചാരങ്ങൾ, ലിറ്റർജി, സഭാചരിത്രം, മിഷൻ, കൗൺസിലിംഗ്, ആദിയായ വിഷയങ്ങളിൽ പരിശീലനം നൽകി. ഈ വിദ്യാർത്ഥികളെ ഞായറാഴ്ചകളിൽ പ്രായോഗിക പരിശീലനത്തിനായി സമീപ ഇടവകകളിൽ മെത്രാപ്പോലീത്തായുടെ അനുവാദത്തോടുകൂടി അയച്ചു.

പരിശീലനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ: 2019-20 ബാച്ചിൽ പഠനം പൂർത്തിയാക്കിയ 8 വിദ്യാർത്ഥികൾ വിവിധ മേഖലകളിൽ വ്യത്യസ്ത ശുശ്രൂഷകൾ ചെയ്തുകൊണ്ടിരിക്കുന്നു. ശ്രീ. ജോബിൻ കെ. ബാബു സെറംപൂർ യൂണിവേഴ്സിറ്റിയുടെ ബി.റ്റി.എച്ച്. പരീക്ഷയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുകയും ആറ് പാഠ്യവിഷയങ്ങൾക്കുള്ള അവാർഡിന് അർഹനാകുകയും ചെയ്തു. പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളെ അഭിനന്ദിക്കുകയും ശ്രീ. ജോബിൻ കെ. ബാബുവിനെ അനുമോദിക്കുകയും ചെയ്തു.

ആരാധന: ദിനംപ്രതിയുള്ള പ്രഭാതധ്യാനം, മദ്ധ്യസ്ഥ പ്രാർത്ഥന, സന്ധ്യനമസ്ക്കാരം ബുധനാഴ്ചതോറുമുള്ള വി. കുർബ്ബാന, ഞായറാഴ്ച സന്ധ്യാനമസ്ക്കാരത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾ നേതൃത്വം നൽകിയ ദൈവാലയ ശുശ്രൂഷകളെ സംബന്ധിച്ച റിപ്പോർട്ടിംഗ് എന്നിവ ആത്മീയ ജീവിതത്തിന്റെ പരിപോഷണത്തിനും ദൗത്യാവബോധത്തിനും സഹായിക്കുന്നു. റിപ്പബ്ലിക്ക്ദിനം, ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപന ദിനം, ക്രിസ്തുമസ് എന്നീ ദിവസങ്ങളിൽ സന്ദർഭോചിതമായി പ്രത്യേക ആരാധനകളും പ്രഭാഷണങ്ങളും ക്രമീകരിച്ചു. 2020 ഡിസംബർ വരെ ഞായറാഴ്ചകളിൽ ഓൺലൈനായി ആരാധനയും പ്രസംഗവും ക്രമീകരിച്ചു.

മിഷൻ ഫീൽഡ് സന്ദർശനം: കോവിഡ് പശ്ചാത്തലത്തിൽ മിഷൻ ഫീൽഡ് സന്ദർശനം നടത്തുന്നതിന് സാധിച്ചില്ല.

മിഷൻ ടൂർ: കോവിഡ് പശ്ചാത്തലത്തിൽ മിഷൻ ടൂർ നടത്തുന്നതിന് സാധിച്ചില്ല.

പൂർവ്വ വിദ്യാർത്ഥി സംഘടന: കോവിഡ് -19 പശ്ചാത്തലത്തിൽ പൂർവ്വ വിദ്യാർത്ഥി സമ്മേളനം നടത്തുന്നതിന് സാധിച്ചില്ല. റവ. ഡോ. ജോൺ ഫിലിപ്പ് അട്ടത്തറയിൽ പ്രസിഡന്റായും ഇവാ. സന്തോഷ് ജോർജ്ജ് സെക്രട്ടറിയായും ഇവാ. തോമസ് എം. തോമസ് ട്രഷറാർ ആയും പ്രവർത്തിച്ചു.

ജീവാമൃതം ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്: റിപ്പോർട്ട് വർഷം ജീവാമൃതം ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിന്റെ പാഠ്യപദ്ധതിയിൽ 53 അംഗങ്ങൾ പഠനം നടത്തി. ഓഫീസ് പ്രവർത്തനങ്ങൾക്ക് റവ. സാബു കോശിയും ശ്രീ. ജയിംസ് മാത്തനും നേതൃത്വം നൽകുന്നു.

ലൈബ്രറി കംപ്യൂട്ടറൈസേഷൻ: ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലൈബ്രറി അറ്റകുറ്റപ്പണികൾ നടത്തുകയും ലൈബ്രറി പുസ്തകങ്ങൾ Dewey Decimal Classificaiton (DDC) ക്രമീകരണത്തിലും ബാർകോഡ് നൽകുകയും കംപ്യൂട്ടറിൽ രേഖപ്പെടുത്തുകയും ചെയ്തു. ഇതിന്റെ ക്രമീകരണങ്ങൾക്ക് റവ. എം.പി. സാമുവേൽ നേതൃത്വം നൽകി.

സാഹിത്യ പ്രവർത്തനങ്ങൾ: സാഹിത്യസമാജത്തിന്റെ നേതൃത്വത്തിൽ കലാപരിപാടികളും മത്സരങ്ങളും ക്രമീകരിച്ചു.

കൃഷി: 2020-21 വിവിധ പച്ചക്കറികൾ കൃഷി ചെയ്തു. ഇതിന്റെ ക്രമീകരണങ്ങൾക്ക് റവ. ഡോ. ജോൺ ഫിലിപ്പ് നേതൃത്വം നൽകി.

അനുശോചനം: ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിഡന്റായിരുന്ന അഭി. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ നിര്യാണത്തിൽ നവംബർ 27-ന് നടന്ന ഗവേണിംഗ് ബോർഡിൽ അനുശോചനം രേഖപ്പെടുത്തി. ഇ.ജെ. ഇൻസ്റ്റിറ്റ്യൂട്ട് സന്നദ്ധ സുവിശേഷക സംഘവും കൂടിച്ചേർന്ന് നടത്തിയ പ്രത്യേക അനുശോചന മീറ്റിംഗിൽ റൈറ്റ് റവ. തോമസ് ശാമുവേൽ തിരുമേനി അനുസ്മരണ പ്രഭാഷണം നടത്തി.

അനുമോദനം: ഇരുപത്തിരണ്ടാം മാർത്തോമ്മായായി നിയോഗിതനായ അഭി. ഡോ. തിയഡോഷ്യസ് മെത്രാപ്പോലീത്തായ്ക്ക് നവംബർ 27-ന് നടത്തിയ ഗവേണിംഗ് ബോർഡ് മീറ്റിംഗിൽ ആശംസകളും പ്രാർത്ഥനകളും നേർന്നു.

സന്ദർശകർ: അഭി. ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പ, അഭി. ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പ, റവ. സഖറിയ ജോൺ തുടങ്ങിയവർ ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിക്കുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

ഗവേണിംഗ് ബോർഡ്: അഭി. ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ ചെയർമാനായുള്ള ഗവേണിംഗ് ബോർഡ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. റിപ്പോർട്ട് വർഷത്തിൽ മൂന്ന് പ്രാവശ്യം കൂടുകയും ഇൻസ്റ്റിറ്റ്യൂട്ടിന് വേണ്ടുന്ന വിവിധ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

5.3. യൂഹാനോൻ മാർത്തോമ്മാ മെമ്മോറിയൽ സ്റ്റഡി സെന്റർ, മണ്ണന്തല

യുഗപ്രഭാവനായ ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ ജീവിതവും ദർശനവും സഭയിലും സമൂഹത്തിലും പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 1981-ൽ സ്ഥാപിതമായരിക്കുന്ന ജെ.എം.എം. സ്റ്റഡി സെന്ററിന്റെ പ്രവർത്തനങ്ങളിൽ ഒരു വർഷം കൂടി പിന്നിട്ടു. കാലാനുസൃതമായ പഠനങ്ങൾ, ചർച്ചകൾ, കൂട്ടായ്മകൾ, സെമിനാറുകൾ, സഭൈക്യശാക്തീകരണ പരിപാടികൾ എന്നിവയ്ക്കൊപ്പം സാമൂഹ്യ പ്രതിബദ്ധത മുൻനിർത്തിയുള്ള പരിപാടികളും ആവിഷ്കരിച്ചു നടപ്പാക്കി. പഠനങ്ങളും സംവാദങ്ങളും എക്യുമെനിക്കൽ ഇടപെടലുകളും കൂടാതെ സാമൂഹ്യ നിദർശനത്തിന്റെ ഫലമായി രൂപംകൊണ്ട് പ്രവർത്തിക്കുന്ന ജെ.എം.എം. യുവ, ജെ.എം.എം. സ്ത്രീ ശാക്തീകരണ വേദി തുടങ്ങിയ പരിപാടികൾക്കൊപ്പം വർത്തമാന കാലത്തിന്റെ സാമൂഹ്യ ആരോഗ്യ ആവശ്യങ്ങളെ മനസ്സിലാക്കി ജെ.എം.എം. ആരോഗ്യ എന്ന പേരിൽ ഒരു പുതിയ പദ്ധതി കൂടി ആരംഭിക്കുവാൻ കഴിഞ്ഞു. റിപ്പോർട്ട് വർഷത്തിൽ നടപ്പാക്കിയ പരിപാടികളുടെ ലഘു വിവരണം താഴെ കുറിക്കുന്നു.

എക്യുമെനിക്കൽ ബ്രേക്ക്ഫാസ്റ്റ് ബൈബിൾ സ്റ്റഡി: സഭാപഞ്ചാംഗം അടിസ്ഥാനമാക്കി എല്ലാ മാസവും രണ്ടാം ചൊവ്വാഴ്ച രാവിലെ 7.30 മുതൽ 9.00 മണിവരെ സെന്ററിൽ വേദപഠനം നടത്തിവരുന്നു. കൂടാതെ കാട്ടാക്കട, കൊട്ടാരക്കര തുടങ്ങിയ സ്ഥലങ്ങളിൽ വേദപഠനം ക്രമീകൃതമായി നടത്തപ്പെട്ടു.

യൂഹാനോൻ മാർത്തോമ്മാ അനുസ്മരണ പ്രഭാഷണം: സെപ്റ്റംബർ 27-ന് നടത്തപ്പെട്ടു. ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ: ജീവിത ശൈലിയും വിശ്വാസ നിലപാടുകളും എന്ന വിഷയത്തിൽ റവ. ഡോ. മാത്യു ദാനിയേൽ പ്രഭാഷണം നടത്തി.

JMM Current Affairs Forum-ന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 11-ന് "ദുരന്തങ്ങൾ: കാരണങ്ങളും തയ്യാറെടുപ്പുകളും" എന്ന വിഷയത്തെ അടിസ്ഥാനമാക്കി നടത്തപ്പെട്ട സെമിനാറിന് ഡോ. കെ.ജി. താര (Former Head Disaster Management Centre TVM, Govt. of Kerala) നേതൃത്വം വഹിച്ചു.

Xavier Institute of Management and Enterpreneurship (XIME), Kochi-യുടെ നേതൃത്വത്തിൽ മാർച്ച് 8 മുതൽ 10 വരെ Leadership Enhancement Conference ക്രമീകരിക്കുവാൻ സാധിച്ചു. പ്രൊഫ. ജെ. ഫിലിപ്പ്, ഡോ. അലക്സാണ്ടർ IAS, ശ്രീ. ജേക്കബ് പുന്നൂസ്, IPS, ഡോ. കുഞ്ചെറിയ പി. ഐസക്, ഡോ. കെ.റ്റി. ചാക്കോ, IAS, റവ. ഡോ. കെ.ജി. പോത്തൻ, റവ. ഏ.റ്റി. സഖറിയ എന്നിവർ നേതൃത്വം വലഹിച്ചു.

ക്രിസ്തുമസ് നവവത്സര കൂട്ടായ്മ പ്രത്യാശാ കിരണം - 2020 ഡിസംബർ 29-ന് നടത്തപ്പെട്ടു. പ്രൊഫ. ഡോ. ജോർജ്ജ് ഓണക്കൂർ മുഖ്യസന്ദേശം നൽകി.

ജെ.എം.എം. യുവയുടെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 6-ന് ഒരു യുവജന കൂട്ടായ്മ ക്രമീകരിക്കപ്പെട്ടു. റവ. ഡോ. ജെയിംസൺ, റവ. ജിജോ വർഗീസ്, ശ്രീ. റോബിൻ എന്നിവർ നേതൃത്വം നൽകി.

അഖിലലോക പ്രാർത്ഥനാവാരത്തിന്റെ ഭാഗമായി കെ.സി.സി. തിരുവനന്തപുരം ജില്ലാ കൗൺസിലിന്റെ സഹകരണത്തോടെ എക്യുമെനിക്കൽ വൈദിക കൂട്ടായ്മയും ധ്യാന സംഗമവും ജനുവരി 23-ന് നടത്തപ്പെട്ടു. പ്രസ്തുത മീറ്റിംഗിൽ ബിഷപ്പ് മാർ തോമസ് തറയിൽ അനുഗ്രഹ പ്രഭാഷണം നടത്തി.

NCCIയുടെ സഹകരണത്തോടെ Freedom of Faith and Belief എന്ന വിഷയത്തിന്മേൽ സെമിനാർ നടത്തപ്പെട്ടു. റവ. വിനോദ് വിക്ടർ, റവ. ഡോ. ഏബ്രഹാം മാത്യു, ശ്രീമതി സോണിയ ജോർജ്ജ്, റവ. ഡോ. കെ. ജെയിംസൺ എന്നിവർ നേതൃത്വം നൽകി.

ഭിന്നലിംഗ സമൂഹത്തിന്റെ ഉത്ഥാനവും ശാക്തീകരണവും എന്ന വിഷയത്തിന്മേൽ NCCIയുടെ സഹകരണത്തോടെ ചർച്ചകൾ നടത്തപ്പെട്ടു. ക്രിസ്ത്യൻ സർവീസ് ഏജൻസിയുടെ ചുമതല വഹിക്കുന്ന ഫാ. തോമസ് നൈനാൻ ചർച്ചകൾക്ക് നേതൃത്വം നൽകി.

സ്ത്രീ ശാക്തീകരണ സമിതിയുടെ കൂട്ടായ്മ എല്ലാ ഞായറാഴ്ചയും ഉച്ചയ്ക്ക് 2.30-ന് നടത്തപ്പെടുന്നു.

JMM ആരോഗ്യപദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം ഒക്ടോബർ 9-ന് അഭി. ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ തിരുമേനി നിർവ്വഹിച്ചു. തദവസരത്തിൽ മഹാമാരിയുടെ നടുവിൽ ക്രിയാത്മകമായ നിലനിൽപ്പ് എന്ന വിഷയത്തിന്മേൽ ഡോ. അരുൺ ബി. നായർ ക്ലാസ് എടുത്തു.

ക്യാമ്പസിൽ ലഭ്യമായതും എന്നാൽ വേണ്ടത്ര ഉപയോഗപ്പെടുത്താത്തതുമായ ഇടങ്ങളെ ജനപങ്കാളിത്തത്തിലൂടെ പ്രയോജനപ്പെടുത്തി സമാഹരിക്കുന്ന വിഭവങ്ങൾ, സെന്ററിന്റെ ബഹുമുഖ പരിപാടികൾക്കും നഗരാതിർത്തിക്കുള്ളിൽ പട്ടിണിയിലും ബുദ്ധിമുട്ടിലും കഴിയുന്നവർക്ക് കരുതലാകുവാനും ഉപയുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ജെ.എം.എം. ആരോഗ്യ പ്രോജക്ടിന്റെ ഭാഗമായി പങ്കാളിത്ത സംരഭമെന്ന നിലയിൽ മല്ലപ്പള്ളി ഊര് ഏബ്രഹാംസ് ഹോംലാൻഡ് എന്ന പ്രസ്ഥാനത്തോട് സഹകരിച്ച് ആഹാര എന്ന പേരിൽ ഭക്ഷണ വിതരണക്രമീകരണത്തിന് ഒക്ടോബർ 15-ന് തുടക്കം കുറിച്ചു.

പരിസ്ഥിതി അവബോധം വർദ്ധിപ്പിക്കുകയും പ്രകൃതി ജീവന സംസ്കാരവും ജീവനഇടങ്ങളുടെ സംരക്ഷണവും പ്രോത്സാഹിപ്പിക്കുകയും ചെയ്യുംവിധം പരിസ്ഥിതി കൃഷി വൈജ്ഞാനികരുടെ മേൽനോട്ടത്തിൽ ജൈവവൈവിധ്യ ഔഷധസസ്യ ഉദ്യാനമായി ഉപവൻ എന്ന പേരിൽ ജെ.എം.എം. ക്യാമ്പസിന്റെ പുനർ ക്രമീകരണത്തിന് തുടക്കം കുറിച്ചു. ക്യാമ്പസിനെ കൂടുതൽ ഫലകരവും ഉത്പാദനക്ഷമവുമാക്കുക എന്ന ലക്ഷ്യത്തോടെ ഒരു അഗ്രാ ഫാർമിംഗ് ആരംഭിക്കുവാനുള്ള ക്രമീകരണം ആരംഭിച്ചു. വിഷരഹിത പച്ചക്കറി കൃഷിയെ പ്രോത്സാഹിപ്പിക്കുവാൻ വേണ്ടി കേരള അഗ്രിക്കൾച്ചറൽ ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെ ഉള്ളൂർ കൃഷിഭവന്റെ സഹകരണത്തോടെ പച്ചക്കറി കൃഷി നടത്തുവാനുള്ള ക്രമീകരണം ചെയ്തു. കൂടാതെ ഗ്രോബാഗ്, പച്ചക്കറി വിത്തുകൾ എന്നിവ ആവശ്യക്കാർക്ക് വിതരണം ചെയ്യുവാൻ മുൻകൈ എടുത്തു.

കേന്ദ്ര ഗവണ്മെന്റിന്റെ വിവേചനപരമായ കർഷക ബില്ലിൻ മേലുള്ള പ്രതിഷേധമെന്ന നിലയിൽ സമര മുഖത്തുള്ള കർഷകരോടുള്ള ഐക്യദാർഢ്യമെന്ന നിലയിൽ മാർത്തോമ്മാ യുവജനസഖ്യം ക്രമകീരിച്ച രാജ്ഭവൻ മാർച്ചിന് ആവശ്യമായ കൈത്താങ്ങലും പ്രോത്സാഹനവും നൽകി.

തിരുവനന്തപുരം സെന്ററിലെ മാർത്തോമ്മാ വൈദികരുടെ ഏവൻഗേലിയോൻ പഠന കൂട്ടായ്മ എല്ലാ ആദ്യചൊവ്വാഴ്ച

നടത്തിവരത്തക്കവിധം ക്രമീകരണം ചെയ്തു.
ജെ.എം.എം. ലിറ്ററി ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ഒരു ബുക്ക്സ്റ്റാൾ ക്യാമ്പസിൽ ക്രമീകരിച്ചു. സഭാ പഞ്ചാംഗം, സഭാഡയറി എന്നിവ ജനങ്ങൾക്ക് ലഭ്യമാക്കുവാൻ കഴിഞ്ഞു. കൂടാതെ ഭദ്രാസന കൺവൻഷന് ഒരു ബുക്കസ്റ്റാൾ ക്രമീകരിച്ചു. മാരാമൺ കൺവൻഷൻ പാട്ടുപുസ്തകം, സി.ഡി. എന്നിവ ആവശ്യാനുസരണം വിവിധ പള്ളികളിൽ വിതരണം ചെയ്യുവാൻ തക്ക ക്രമീകരണം ചെയ്തു.
ജെ.എം.എം. ലൈബ്രററിയുടെ പ്രവർത്തനം വിപുലീകരിക്കുവാൻ വേണ്ട ശ്രമങ്ങൾക്ക് ആരംഭം കുറിച്ചു. കൂടുതൽ ബുക്കുകൾ ലഭ്യമാക്കുവാൻ വേണ്ടി ഒരു ബുക്ക് കളക്ഷൻഡ്രൈവ് ആരംഭിച്ചു.
നമ്മുടെ ഭദ്രാസനത്തിന്റെയും സംഘടനകളുടെയും വിവിധ ഇടവകകളുടെയും പ്രോഗ്രാമുകൾ കൂടാതെ വിവിധ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ സംഘടനകളുടെ പരിപാടികളും നടത്തപ്പെടുവാൻ നമ്മുടെ സെന്റർ വേദിയായി.
ഡയറക്ടറായി അഭി. ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പായും അസോസിയേറ്റ് ഡയറക്ടറായി റവ. ഡോ. ജയിംസൺ കെ.യും ട്രഷറാർ ആയി ശ്രീ. ജോർജ്ജ് ജോണും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു.

5.4. ഡോ. തോമസ് മാർ അത്താനാസ്യോസ് മെമ്മോറിയൽ റിസേർച്ച് & ഓറിയന്റേഷൻ സെന്റർ, മാങ്ങാനം, കോട്ടയം

ആമുഖം: കോവിഡ് 19 എന്ന മഹാമാരി സമകാലീന ജീവനഇടങ്ങളിൽ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ഭീതിയും അസ്ഥിത്വപ്രതിസന്ധികളും സമാനതകൾ ഇല്ലാത്തതാണ്. നമ്മുടെ ശീലങ്ങളിലും ബോധ്യങ്ങളിലും മത സാമൂഹിക വ്യവസ്ഥിതികളിലും മഹാമാരി ഉയർത്തുന്ന സംഘർഷങ്ങൾ വർണ്ണനാതീതമാണ്. എന്നാൽ പ്രതിസന്ധികളിൽ പതറാതെ പ്രത്യാശയോടെ മുന്നേറുവാനും സഹജീവികളുടെ വേദനാനുഭവങ്ങളിൽ പങ്കുചേരുവാനുമുള്ള നിയോഗമാണ് നമുക്കുള്ളത്. കൊറോണയെ അതിജീവിക്കുവാനുള്ള പരിശ്രമത്തിൽ അതീവ ജാഗ്രതയോടെ നമുക്കും പങ്കാളികളാകാം.
ഈ സെന്ററിന്റെ ചെയർമാനായി സ്തുത്യർഹമായ ശുശ്രൂഷ നിർവ്വഹിച്ച് കാലയവനികക്കുള്ളിൽ മറഞ്ഞ അഭിവന്ദ്യ മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ ചൈതന്യ ധന്യമായ ജീവിതത്തിനായും ഉജ്ജ്വലമായ നേതൃത്വത്തിനായും ദൈവത്തിന് നന്ദി അർപ്പിക്കുന്നു. മോസ്റ്റ് റവ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ രക്ഷാധികാരിയായും റൈറ്റ് റവ. ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്ക്കോപ്പാ ചെയർമാനായും റവ. ബോബി മാത്യു ഡയറക്ടറായും റവ. ജോസഫ് ജോണി ട്രഷാറായും തന്നാണ്ടിൽ സേവനം അനുഷ്ഠിച്ചു.
കോവിഡ് ക്വാറന്റൈൻ സെന്റർ: കേരളാ ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം വിദേശത്തുനിന്നും നാട്ടിൽ എത്തുന്നവർക്ക് ക്വാറന്റൈനിൽ കഴിയുന്നതിനായി ഓറിയന്റേഷൻ സെന്ററിലെ മുറികളും അനുബന്ധ സൗകര്യങ്ങളും നൽകി.
ഭക്ഷണകിറ്റ് വിതരണം: കോവിഡ് രോഗം ബാധിച്ചവരും ലോക്ക് ഡൗൺ മൂലം ജോലിക്ക് പോകുവാൻ സാധിക്കാത്തവരുമായി കുട്ടനാട്, ചങ്ങനാശ്ശേരി, കോട്ടയം മേഖലകളിലുള്ള 200 കുടുംബങ്ങൾക്ക് 1000 രൂപ വീതം വില വരുന്ന ഭക്ഷണ സാധനങ്ങൾ ഉൾപ്പെട്ട കിറ്റുകൾ പ്രാദേശിക ഇടവകകളിലൂടെ വിതരണം ചെയ്തു.
സ്കോളർഷിപ്പ് പ്രോഗ്രാം: മാർത്തോമ്മാ സഭയുടെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉപരിപഠനം നടത്തുന്ന പഠനത്തിൽ സമർത്ഥരും സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമായ മുപ്പത് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി. ജർമ്മനിയിലെ കാസൽ മിഷന്റെ ക്രിസ്ത്യൻ എഡ്യുക്കേഷൻ ഫണ്ടിൽ നിന്നും ലഭിച്ച 7 ലക്ഷം രൂപാ സ്ക്കോളർഷിപ്പ് ഇനത്തിൽ വിതരണം ചെയ്തു.
ഡോ. തോമസ് മാർ അത്തനേഷ്യസ് സ്മാരക പ്രഭാഷണം: 34-ാമത് ഡോ. തോമസ് മാർ അത്തനേഷ്യസ് സ്മാരക പ്രഭാഷണം 2020 നവംബർ 27-ന് Zoom പ്ലാറ്റ്ഫോമിൽ നടത്തപ്പെട്ടു. മോസ്റ്റ് റവ. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ റവ. ഡോ. എം. സി. തോമസ് (മാർത്തോമ്മാ വൈദിക സെമിനാരി, കോട്ടയം) 'വിശ്വാസത്തിന്റെ സാമൂഹികാവിഷ്ക്കാരങ്ങൾ കോവിഡ് പരിസരങ്ങളിൽ' (Expressions of faith in the time of covid) എന്ന വിഷയത്തെ ആസ്പദമാക്കി പ്രഭാഷണം നടത്തി. റൈറ്റ് റവ. ഡോ. ഐസക് മാർ ഫീലക്സിനോസ് എപ്പിസ്ക്കോപ്പാ, റൈറ്റ് റവ. ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്ക്കോപ്പാ, വൈദികർ, സുവിശേഷകർ ഉൾപ്പെടെ 400 ൽ അധികം പേർ സംബന്ധിച്ചു.
കറന്റ് അഫയേഴ്സ് ഫോറം: കറന്റ് അഫയേഴ്സ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ 2020 ഡിസംബർ മൂന്നാം തീയതി ഡോ. എം. തോമസിന്റെ ജീവിത മൂല്യങ്ങളെയും ദൈവശാസ്ത്ര മേഖലയ്ക്കു നൽകിയ സമഗ്ര സംഭാവനകളെയും അനുസ്മരിച്ചുകൊണ്ട് പഠനസമ്മേളനം നടത്തി. റവ. ജോളി തോമസ്, റവ. ഡോ. വൈ. റ്റി. വിനയരാജ്, ശ്രീമതി ഓമന മാത്യു എന്നിവർ പ്രഭാഷണങ്ങൾക്ക് നേതൃത്വം നല്കി.
ഏവൻഗേലിയോൻ പഠനകൂട്ടായ്മ (Login to Logos): കോട്ടയം - കൊച്ചി ഭദ്രാസനത്തിലെ വൈദികർക്കായി Zoom പ്ലാറ്റ്ഫോമിൽ എല്ലാ മാസത്തിന്റെയും ആദ്യ ബുധനാഴ്ച ഏവൻഗേലിയോൻ പഠന കൂട്ടായ്മ ക്രമീകരിച്ചിരിക്കുന്നു. ഭദ്രാസനാദ്ധ്യക്ഷൻ റൈറ്റ് റവ. ഡോ. ഏബ്രഹാം മാർ പൗലോസ്, ഭദ്രാസന സെക്രട്ടറി, ഭദ്രാസനത്തിലെ വൈദികർ എന്നിവർ നേതൃത്വം നൽകി വരുന്നു.
ഓറിയന്റേഷൻ പ്രോഗ്രാം: നോർത്ത് അമേരിക്ക - യൂറോപ്പ്, മലേഷ്യ - സിംഗപ്പൂർ - ആസ്ട്രേലിയ - ന്യൂസിലാന്റ്, ഗൾഫ് മേഖല എന്നീ സ്ഥലങ്ങളിലേക്ക് ശുശ്രൂഷക്കായി നിയോഗിക്കപ്പെട്ട പട്ടക്കാർക്കായി ഒരു ഓറിയന്റേഷൻ പ്രോഗ്രാം 2021 ഫെബ്രുവരി 12, 13 തീയതികളിൽ സെന്ററിൽ നടത്തപ്പെട്ടു. മോസ്റ്റ് റവ. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ പ്രോഗ്രാം ഉത്ഘാടനം ചെയ്തു. റൈറ്റ് റവ. ഡോ. ഐസക് മാർ ഫീലക്സിനോസ് എപ്പിസ്ക്കോപ്പാ, റവ. കെ. ജി. ജോസഫ്, റവ. ഡോ. ജോ ജോസഫ് കുരുവിള, റവ. ഡോ. ഏബ്രഹാം സ്ക്കറിയാ പി., റവ. മാത്യു സ്ക്കറിയ, റവ. ഡെന്നി ഫിലിപ്പ് എന്നിവർ നേതൃത്വം നൽകി. മുപ്പത്തിയഞ്ച് വൈദികർ സംബന്ധിച്ചു.
ശെമ്മാശന്മാരുടെ പരിശീലനം: പ്രൈവറ്റായി ബി.ഡി. പഠനം പൂർത്തീകരിച്ച് സഭയിലെ ശെമ്മാശ് സ്ഥാനത്തേക്ക് പ്രവേശിച്ച 8 പേർക്ക് കോട്ടയം വൈദിക സെമിനാരിയുടെ നേതൃത്വത്തിൽ 2021 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ പരിശീലന ക്ലാസ്സുകൾ ഓറിയന്റേഷൻ സെന്ററിൽ വച്ച് നടത്തപ്പെട്ടു.
സുവിശേഷവേലക്കായി സമർപ്പിക്കപ്പെട്ടവരുടെ സമ്മേളനം: കോട്ടയം - കൊച്ചി ഭദ്രാസന യുവജനസഖ്യം മിഷൻ - ഇവാഞ്ചലിസം സബ്കമ്മറ്റിയോടു ചേർന്ന് 2020 ആഗസ്റ്റ് 8, 15 എന്നീ തീയതികളിൽ സുവിശേഷവേലക്കായി സമർപ്പിക്കപ്പെട്ട യുവജനങ്ങളുടെ പഠനസമ്മേളനം Zoom പ്ലാറ്റ്ഫോമിൽ നടത്തി. റവ. വി. എം. മാത്യു 'പഴയനിയമ പുസ്തകങ്ങൾക്ക് ഒരു ആമുഖം' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.
എഴുത്തുകാരുടെ പഠനകളരി (Writer's Workshop): പ്രതിദിനവേദ പഠനസഹായി, Every Day with the Word എന്നീ പ്രസിദ്ധീകരണങ്ങളിൽ ധ്യാനങ്ങൾ എഴുതുന്നവർക്കായി പഠനസമ്മേളനങ്ങൾ ക്രമീകരിച്ചു. മർക്കൊസിന്റെ സുവിശേഷത്തെ ആസ്പദമാക്കിയുള്ള പഠനത്തിന് 2020 നവംബർ 9-ന് റവ. ഡോ. സി.ഐ. ഡേവിഡ് ജോയിയും വെളിപ്പാട് സാഹിത്യത്തെ ആസ്പദമാക്കിയുള്ള പഠനത്തിന് 2021 മാർച്ച് 8-ന് റവ. ഡോ. കെ.എ. ഏബ്രഹാമും നേതൃത്വം നൽകി.
പ്രതിദിനവേദ പഠനസഹായി, Every Day with the Word: റിപ്പോർട്ടു വർഷം മലയാളത്തിലും ഇംഗ്ലീഷിലുമായി മൂന്നു ലക്കങ്ങൾ പ്രസിദ്ധീകരിച്ചു.
2020 ജൂലൈ - ഒക്ടോബർ -മനുഷ്യാവസ്ഥ: വേദന, ദൈന്യത, പ്രത്യാശ (Human Existence: Pain, Pathos, Hope)
2020 നവംബർ - 2021 ഫെബ്രുവരി-അതിജീവനത്തിന്റെ ആദ്ധ്യാത്മികത (Spirituality of survival)
2021 മാർച്ച് - ജൂൺ -വി. മർക്കൊസിന്റെ സുവിശേഷം (The gospel of St. Mark)

റവ. ഡോ. വി. എസ്. വർഗീസ് വേദപഠനസഹായിയുടെ ചീഫ് എഡിറ്ററായും റവ. ഡോ. ഏബ്രഹാം സ്ക്കറിയാ പി. Every Day with the Word ന്റെ ചീഫ് എഡിറ്ററായും റവ. ബോബി മാത്യു ഇരു പ്രസിദ്ധീകരണങ്ങളുടെയും മാനേജരായും പ്രവർത്തിച്ചു.

നോമ്പ് പഠനങ്ങൾ: 2021 ഫെബ്രുവരി- മാർച്ച് മാസങ്ങളിൽ വലിയ നോമ്പിനോടനുബന്ധിച്ച് 'കുരിശിന്റെ വഴികളും കുരിശിലെ മൊഴികളും' എന്ന വിഷയത്തെ ആസ്പദമാക്കി പഠന പരമ്പര ക്രമീകരിച്ചു. റവ. ഡോ. മോത്തി വർക്കി (മാർത്തോമ്മാ വൈദിക സെമിനാരി, കോട്ടയം) അഞ്ച് പ്രഭാഷണങ്ങൾക്ക് നേതൃത്വം നൽകി.

കഴിഞ്ഞ വർഷം സെന്ററിന്റെ പ്രവർത്തനങ്ങളിൽ വ്യാപരിച്ച ദൈവകൃപക്കായി നന്ദി കരേറ്റുന്നു. അഭിവന്ദ്യ മോസ്റ്റ് റവ. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ, റൈറ്റ് റവ. ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്ക്കോപ്പാ, ട്രഷാറാർ റവ. ജോസഫ് ജോണി, ഗവേണിംഗ് ബോർഡ് അംഗങ്ങൾ, പ്രതിദിന വേദപഠനസഹായി, Every Day with the Word എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ, എഴുത്തുകാർ, വിവിധ പ്രോഗ്രാമുകൾക്ക് നേതൃത്വം നൽകിയവർ, ഓഫീസ് പ്രവർത്തകർ, കണക്കു പരിശോധകർ, സ്ഥാപനത്തിന്റെ സാമ്പത്തിക കാര്യങ്ങളിൽ സഹായിച്ച ഏവരോടുമുള്ള നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഈ റിപ്പോർട്ട് ഉപസംഹരിച്ചുകൊള്ളുന്നു.

5.5. തോമസ് മാർ അത്താനാസ്യോസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ്, അമലഗിരി, കോട്ടയം

സമഗ്ര സൗഖ്യദായക ശുശ്രൂഷയിൽ 37 വർഷം പൂർത്തിയാക്കുവാൻ ടി.എം.എ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗിന് ദൈവം കൃപ നൽകി. റിപ്പോർട്ട് വർഷം ഇൻസ്റ്റിറ്റ്യൂട്ടിന്റെ സേവനം ജാതിമത ഭേദമെന്യേ അനേകർക്ക് പ്രയോജപ്രദമായി. കോവിഡ് മഹാമാരി രൂക്ഷമായതിനെ തുടർന്ന് ചില മാസങ്ങളിൽ കൗൺസിലിംഗ് സേവനം നിർത്തിവയ്ക്കേണ്ടി വന്നെങ്കിലും ഗവണ്മെന്റ് നിർദ്ദേശപ്രകാരം കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കൗൺസിലിംഗ് സെക്ഷനുകൾ തുടർന്നു. കൗൺസിലിംഗ് സേവനത്തിന് പുറമെ സെറാംപൂർ സർവ്വകലാശാലയുടെ കീഴിലുള്ള രണ്ട കോഴ്സുകൾ ഈ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തപ്പെടുന്നു.

ചെയർമാൻ: മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ ഈ സ്ഥാപനത്തിന്റെ ചെയർമാനായി പ്രവർത്തിച്ചു. തിരുമേനിയുടെ വിയോഗത്തിനുശേഷം റൈറ്റ് റവ. ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ ഗവേണിംഗ് ബോർഡ് ചെയർമാനായി നേതൃത്വം നൽകി.

ഗവേണിംഗ് ബോർഡ്: റൈറ്റ് റവ. ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ അദ്ധ്യക്ഷനായുള്ള ഒരു ഗവേണിംഗ് ബോർഡാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണം നിർവ്വഹിക്കുന്നത്. റിപ്പോർട്ട് വർഷം രണ്ടുതവണ ഗവേണിംഗ് ബോർഡ് കൂടുകയും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉന്നമനത്തിനായുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

ഡയറക്ടർ, ഫാക്കൽറ്റി: ഈ സ്ഥാപനത്തിലെ ഡയറക്ടറായി ദീർഘനാളത്തെ സേവനത്തിനുശേഷം റവ. ഡോ. ജേക്കബ് ചെറിയാൻ അച്ചൻ 2020 മെയ് മാസത്തിൽ സജീവസേവനത്തിൽ നിന്ന് വിരമിച്ചു. 2020 ജൂൺ മുതൽ റവ. ഡോ. ജോ ജോസഫ് കുരുവിള ഡയറക്ടറായി ചുമതലയേറ്റു. റവ. ജോസഫ് മാത്യു, റവ. ഡോ. ജേക്കബ് ജോർജ്ജ് എന്നിവർ ഫുൾടൈം ഫാക്കൽറ്റിയായി സേവനം അനുഷ്ഠിച്ചു.

അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ്: ഇൻസ്റ്റിറ്റ്യൂട്ടിന്റെ ട്രഷറാർ ആയി ശ്രീ. ഏബ്രഹാം ഇട്ടിച്ചെറിയായും അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ആയി ശ്രീമതി അനില എലിസബത്ത് മാത്യുവും സൂപ്പർവൈസറായി ശ്രീ. ജോൺ തോമസും സേവനം ചെയ്യുന്നു.

കൗൺസിലിംഗ് ക്ലിനിക്ക്: റിപ്പോർട്ടുവർഷത്തിൽ 730 കൗൺസിലിംഗ് സെഷനുകൾ നടത്തി. അതിൽ 298 പേർ പുതിയതായി രജിസ്റ്റർ ചെയ്തവർ ആയിരുന്നു. വിവാഹ ഒരുക്ക കൗൺസിലിംഗ്, ദാമ്പത്യ പ്രശ്ന പരിഹാരത്തിനായുള്ള കൗൺസിലിംഗ്, മദ്യം, മയക്കുമരുന്ന് ആദിയായവയോടുള്ള ആസക്തിയിൽ നിന്ന വിടുതലിനുള്ള കൗൺസിലിംഗ്, വ്യക്തിത്വ വികസനത്തിന് സഹായകരമായ കൗൺസിലിംഗ് മുതലായവ തന്നാണ്ടിൽ നടത്തപ്പെട്ടു.

ഡിപ്ലോമാ ഇൻ ക്ലിനിക്കൽ പാസ്റ്ററൽ കൗൺസിലിംഗ്: സെറാംപൂർ സർവ്വകലാശാലയുടെ കീഴിൽ നടത്തപ്പെടുന്ന ഈ കോഴ്സിൽ 5 പേർ പഠനം പൂർത്തീകരിച്ചു. ഈ അധ്യയന വർഷം പുതിയതായി 6 വിദ്യാർത്ഥികൾ പ്രവേശനം നേടി.

മാസ്റ്റേഴ്സ് ഇൻ കൗൺസിലിംഗ് ആന്റ് സൈക്കോതെറാപ്പി: സെറാംപൂർ സർവ്വകലാശാലയുടെ കീഴിൽ നടത്തപ്പെടുന്ന മാസ്റ്റേഴ്സ് ഇൻ കൗൺസിലിംഗ് ആന്റ് സൈക്കോതെറാപ്പി കോഴ്സിൽ 21 വിദ്യാർത്ഥികൾ അഭ്യസനം നടത്തുന്നു. കഴിഞ്ഞ വർഷം പഠനം പൂർത്തിയാക്കിയ 16 പേർ ബിരുദാനന്തര ബിരുദത്തിന് അർഹരായി. കോവിഡിന്റെ പശ്ചാത്തത്തിൽ ആഗസ്റ്റ് മുതൽ ഫെബ്രുവരി വരെ ക്ലാസ്സുകൾ ഓൺലൈൻ ആയി നടത്തപ്പെടുകയും തുടർന്ന് റെസിഡൻഷ്യൽ ആയി നടത്തുകയും ചെയ്തു.

കൗൺസിലിംഗ് സേവനരംഗത്തും അധ്യയനരംഗത്തും റ്റി. എം.എ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ഒരു വർഷം കൂടി പൂർത്തിയാക്കി. പ്രവർത്തനങ്ങളുടെ അനുഗ്രഹകരമായ നടത്തിപ്പിന് ചൊരിയപ്പെട്ട ദൈവകൃപയ്ക്ക് നന്ദി. ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിവിധ പ്രവർത്തനങ്ങളിൽ ഭാഗഭാക്കായ ഏവരോടുമുള്ള നന്ദി അറിയിക്കുന്നു.

5.6. ഈശോ മാർ തിമൊഥെയോസ് സെന്റർ ഫോർ ഇവാഞ്ചലിസം ആന്റ് റൂറൽ ഡവലപ്മെന്റ്, സീഹോറ

വടക്കെ ഇന്ത്യയിലെ സുവിശേഷപ്രവർത്തനങ്ങൾക്കായി നന്നേ ചെറുപ്പത്തിൽ തന്നെ ജീവിതം സമർപ്പിച്ച് സീഹോറാ ക്രിസ്തപന്ഥി ആശ്രമാംഗമായിത്തീരുകയും പില്ക്കാലത്ത് സഭയിൽ എപ്പിസ്കോപ്പായായി അവരോധിതനാവുകയും ചെയ്ത ഭാഗ്യസ്മരണീയനായ ഈശോ മാർ തിമൊഥെയോസ് തിരുമേനിയുടെ സ്മാരകമായി 1989 ൽ ഈ പരിശീലനകേന്ദ്രം സീഹോറായിൽ പ്രവർത്തനം ആരംഭിച്ചു. മാർത്തോമാ സഭ സുവിശേഷ പ്രസംഗസംഘവുമായി ചേർന്ന് നടത്തിവരുന്ന ഈ പരിശീലനകേന്ദ്രം സുവിശേഷ വേലയ്ക്കായി യുവാക്കളെ പരിശീലിപ്പിക്കുന്ന ദൗത്യത്തിൽ 31 സംവത്സരങ്ങൾ പിന്നിട്ടു. ഇതിനോടകം 125 ൽപ്പരം പേർ ഇവിടെ നിന്നും പരിശീലനം പൂർത്തിയാക്കി ഭാരതത്തിന്റെ വിവിധ സ്ഥലങ്ങളിൽ സുവിശേഷ സാക്ഷികളായി പ്രവർത്തിക്കുന്നു. പിന്നിട്ട സംവത്സരങ്ങളിൽ, വിശിഷ്യാ മഹാമാരിയുടെ പ്രതിസന്ധിയെ നേരിട്ട ഈ വർഷവും ദൈവത്തിൽ നിന്നും അനുഭവിച്ച അനവരതമായ നന്മകളെ നന്ദിപൂർവ്വം സ്മരിക്കുന്നു.

2020-2021 അദ്ധ്യായന വർഷം: സുവിശേഷ വേലയ്ക്കായി താത്പര്യപ്പെടുന്ന യുവാക്കളെ വിവിധ മിഷൻ ഫീൽഡുകളിൽ നിന്നും തെരഞ്ഞെടുത്ത് 3 വർഷത്തെ പരിശീലനം നല്കി വരുന്നു. ഓരോ അദ്ധ്യായന വർഷവും ജൂലൈ ആദ്യവാരം ആരംഭിക്കുന്ന ക്ലാസ്സുകൾ രണ്ടു സെമസ്റ്ററുകളായാണ് സാധാരണയായി ക്രമീകരിക്കപ്പെടുന്നത്. കോവിഡ് പ്രതിസന്ധി നേരിട്ടതിനാൽ റിപ്പോർട്ട് വർഷം നവംബറിൽ മാത്രമാണ് ക്ലാസ്സുകൾ പുനരാരംഭിക്കാൻ സാധിച്ചത്. ഈ അദ്ധ്യായന വർഷം പുതിയ ബാച്ചിലേക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നല്കാനും സാധിച്ചില്ല. 3-ാം വർഷ വിദ്യാർത്ഥികളായി 2 പേരും രണ്ടാം വർഷം ബാച്ചിൽ 3 പേരും അഭ്യസനം നടത്തി. 2019-20 ൽ അഭ്യസനം പൂർത്തിയാക്കിയ ശ്രീ. ജോസഫ് താണ്ടിക്ക് ഒറീസ്സായിലെ നിരണം-മാരാമൺ ഭദ്രാസനത്തിന്റെ മിഷൻ ഫീൽഡായ ഖരിയാർ റോഡിലും ശ്രീ. മനോജ് മഹാനന്ദിന് സുവിശേഷ പ്രസംഗസംഘത്തിന്റെ കീഴിൽ റ്റിബറ്റൻ ബോർഡറിലും സുവിശേഷകരായി നിയമനം ലഭിച്ചു.

പഴയ നിയമം, പുതിയ നിയമം, ദൈവശാസ്ത്രം, ക്രിസ്തീയ വിദ്യാഭ്യാസം, വിശ്വാസാചാരങ്ങൾ, മിഷൻ, ഗ്രാമ വികസനം എന്നീ വിഷയങ്ങളോടൊപ്പം ഇംഗ്ലീഷ്, ഹിന്ദി ഭാഷാ പഠനവും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പ്രായോഗിക പരിശീലനം: ശനി, ഞായർ ദിവസങ്ങൾ പ്രായോഗിക പരിശീലനത്തിനായി വേർതിരിച്ചിരിക്കുന്നു. മിഷൻ ഫീൽഡ് സന്ദർശനം, ആരാധനകളിലെ നേതൃത്വം എന്നിവയിൽ പങ്കാളിത്തം വഹിക്കുന്നു. പ്രായോഗിക പരിശീലനത്തിനായി മറ്റ് സ്ഥലങ്ങളിലെ മിഷൻ ഫീൽഡുകളിലേക്ക് ഈ വർഷം അയക്കാൻ സാധിച്ചില്ല. ആശ്രമത്തിന്റെ വിവിധ ശുശ്രൂഷ മേഖലകളിലും കോവിഡ് ദുരിതാശ്വാസ പ്രവർത്തനങ്ങളിലും, പങ്കെടുത്തു. റവ. മാത്യു കെ. ചാണ്ടി സെന്ററിന്റെ പ്രിൻസിപ്പാളായും റവ. ഷിബു ജോർജ്ജ്, റവ. എം. മാത്യു, ശ്രീ. യൂഹാൻ മിശ്രാ, സിസ്റ്റർ സാറാമ്മ മാത്യു, സിസ്റ്റർ റ്റി.കെ. മറിയാമ്മ, ശ്രീമതി. പ്രഭാദാസ് എന്നിവർ അദ്ധ്യാപകരായും സേവനം അനുഷ്ഠിച്ചു.

യേശുക്രിസ്തുവിന്റെ സാക്ഷികളായി ഭാരതഗ്രാമങ്ങളിൽ പ്രവർത്തിക്കുന്നതിന് സന്നദ്ധരായി വരുന്ന യുവാക്കൾക്ക് പരിശീലനം നല്കുവാൻ ഈശോ മാർ തിമോഥെയോസ് സെന്ററിന്റെ ശുശ്രൂഷകളിലൂടെ ഇത്രത്തോളം ഇടയായതിൽ ദൈവത്തെ സ്തുതിക്കുന്നു. സഭയായും സുവിശേഷ പ്രസംഗസംഘവുമായും ഈ സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് നല്കുന്ന നല്ല നേതൃത്വത്തിന് നന്ദി അറിയിക്കുന്നു. അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയോടും ഗവേണിംഗ് ബോർഡ് അംഗങ്ങളോടും നന്ദി രേഖപ്പെടുത്തുന്നു. സമർപ്പിതരായ യുവാക്കൾ തുടർന്നും അഭ്യസനത്തിന് തല്പരരായി ഇവിടേക്ക് വരുമെന്ന് പ്രതീക്ഷിക്കുന്നു. എല്ലാവരുടെയും ആത്മാർത്ഥമായ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിച്ചുകൊണ്ട് റിപ്പോർട്ട് ഉപസംഹരിക്കുന്നു.

5.7. ഈശോ മാർ തിമൊഥെയോസ് മെമ്മോറിയൽ ഇവാൻജലിസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഹോസ്കോട്ട്

ഭാഗ്യസ്മരണീയനായ ഈശോ മാർ തിമൊഥെയോസ് തിരുമേനിയുടെ നാമധേയത്തിൽ തിരുമേനിയുടെ വലിയ സുവിശേഷ ദർശനം ഉൾക്കൊണ്ട് 1991-ൽ ഹോസ്കോട്ടേയിൽ സ്ഥാപിതമായ പ്രസ്ഥാനമാണ് ഈശോ മാർ തിമൊഥെയോസ് സ്മാരക സുവിശേഷ പരിശീലന കേന്ദ്രം. കർണ്ണാടക, ആന്ധ്രാപ്രദേശ്, തെലങ്കാന എന്നീ സംസ്ഥാനങ്ങളിലെ സുവിശേഷീകരണം ലക്ഷ്യമിട്ടുകൊണ്ട് സമർപ്പിതരായ സുവിശേഷകരെ പരിശീലനത്തിലൂടെ വാർത്തെടുക്കാൻ ഈ സ്ഥാപനത്തിലൂടെ സാധ്യമായിക്കൊണ്ടിരിക്കുന്നു. ഈ സ്ഥാപനത്തിൽ നിന്നും അനേകം പേർ പഠനം പൂർത്തിയാക്കി വിവിധ മിഷ്യൻ ഫീൽഡുകളിൽ സുവിശേഷകരായി പ്രവർത്തിക്കുന്നു.

ഫാക്കൽറ്റി: 3 അദ്ധ്യാപകരാണ് റിപ്പോർട്ട് വർഷം ക്ലാസുകൾക്ക് നേതൃത്വം നൽകിയത്. റവ. ബിജോയി ദാനിയേൽ പ്രിൻസിപ്പലായും റവ. ലിജോ ജെ. ജോസഫ് വാർഡനായും പ്രവർത്തിച്ചു. റവ. ബെനു തയ്യിൽ, റവ. നരേഷ് ബാബു, റവ. വസന്ത് പോൾ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

വിദ്യാർത്ഥികൾ: പഠനത്തിനു വരുന്ന വിദ്യാർത്ഥികളുടെ എണ്ണം ഇന്ന് ബൈബിൾ സ്കൂൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്. നിലവിൽ 6 വിദ്യാർത്ഥികൾ ഇപ്പോൾ കാമ്പസിൽ താമസിച്ചു അഭ്യസനം നടത്തുന്നു. എണ്ണം കുറവെങ്കിലും വിദ്യാർത്ഥികൾക്ക് ശരിയായ പരിശീലനം നൽകുവാൻ പ്രത്യേകം ശ്രദ്ധിക്കുന്നു. രണ്ട് വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കി.

ആരാധന: രാവിലെയും വൈകിട്ടുമുള്ള ആരാധനയും മദ്ധ്യസ്ഥ പ്രാർത്ഥനയും ബൈബിൾ സ്കൂളിലെ ഒരു പ്രധാന ഘടകമാണ്. രാവിലെ 6.30-ന് ബൈബിൾ സ്കൂളിൽ തയ്യാറാക്കിയിരിക്കുന്ന ചാപ്പലിൽ വിദ്യാർത്ഥികൾ പ്രാർത്ഥനയ്ക്കായി കൂടി വരുന്നു. വിദ്യാർത്ഥികൾ തന്നെ ആരാധനയ്ക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു.

പ്രായോഗിക പരിശീലനം: കോവിഡ്-19 കാരണം പ്രായോഗിക പരിശീലനം നടത്തുവാൻ സാധിച്ചില്ല.

5.8. ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ധർമ്മജ്യോതി വിദ്യാപീഠം, ഫരീദാബാദ്, ഹരിയാന

ജനവിരുദ്ധ തീരുമാനങ്ങളും വേർതിരിവുകൾ സൃഷ്ടിക്കുന്ന നയങ്ങൾ രൂപകല്പന ചെയ്തുള്ള ഭരണ രീതികളും അനീതിപരവും ചൂഷണപരവുമായ സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങളും സ്ത്രീകളുടെയും കുട്ടികളുടെയും മേലുള്ള കടന്നാക്രമണങ്ങളും എങ്ങും വളർന്നുകൊണ്ടിരിക്കുന്നു. ചൂഷകർക്ക് സഹായകരമായ ബോധപൂർവ്വമുള്ള കർഷക വിരുദ്ധ തീരുമാനങ്ങളും അടിക്കടി വർദ്ധിപ്പിക്കുന്ന ഇന്ധനവില വർദ്ധനയും ജനജീവിതം ദുഃസ്സഹമാക്കുന്നു. ഇവയുടെ മദ്ധ്യത്തിൽ സമാനതകളില്ലാത്ത കോവിഡ് മഹാമാരിയുടെ ഭീകരതയുടെ ആഘാതം ലോകത്തെ ആകമാനം താറുമാറാക്കി. സാധാരണ നില പുതിയ സാധാരണ നിലക്ക് വഴിമാറി. മുഖംമൂടികളും സാമൂഹിക അകലങ്ങളും ജീവിതത്തിന്റെ ഭാഗങ്ങളായി മാറിയിരിക്കുന്നു. സങ്കീർണ്ണവും അനിശ്ചിതത്വവും നിറഞ്ഞ ഈ പശ്ചാത്തലത്തിൽ ദൈവത്തിലുള്ള അമിതാശ്രയത്തിലും ദൈവിക വഴി നടത്തലിലുള്ള ഉത്തമമായ ഉറപ്പിലും ധർമ്മജ്യോതി വിദ്യാപീഠിന്റെ ഈവർഷത്തെ റിപ്പോർട്ട് അവതരിപ്പിക്കുന്നു.

കാലംചെയ്ത പുണ്യശ്ലോകനായ അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായുടെ സ്മരണാർത്ഥം 2000ത്തിൽ സ്ഥാപിതമായ ധർമ്മജ്യോതി വിദ്യാപീഠ് ദൈവത്തിന്റെ കരുണയാൽ ദൗത്യ മേഘലയിൽ സമർപ്പിതരായ യൗവനക്കാരെ ദൈവശാസ്ത്ര, പട്ടത്വ, സുവിശേഷീകരണ, വികസന ദർശനങ്ങളിൽ അഭ്യസിപ്പിക്കുന്നതിൽ 21 സംവത്സരങ്ങൾ പൂർത്തീകരിച്ചു. ഈ വർഷത്തെ ക്ലാസ്സുകൽ സൂം വഴിയായി ജൂൺ 29-നു ഗവേണിംഗ് ബോർഡ് ചെയർമാൻ റൈറ്റ് റവ. ഡോ. ഗ്രീഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ ഉദ്ഘാടനം ചെയ്ത് ആരംഭിച്ചു. രാഷ്ട്രം ലോക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ ആദ്യ സെമസ്റ്റർ ക്ലാസുകളും പരീക്ഷയും ഓൺലൈനായി നടത്തുകയുണ്ടായി. എന്നാൽ രണ്ടാം സെമസ്റ്റർ ക്ലാസ്സുകൾ ജനുവരി മുതൽ ക്യാമ്പസിൽ ആരംഭിച്ചു.

ഈ അദ്ധ്യയന വർഷം യാക്കോബായ, കൽദായ, ഗോസ്നാർ ലൂഥറൻ മാർത്തോമ്മാ തുടങ്ങിയ സഭകളിലെ 51 വിദ്യാർത്ഥികൾ പഠനം നിർവ്വഹിച്ചു. ഇവരിൽ മാർത്തോമ്മാ സഭയുടെ പട്ടത്വശുശ്രൂഷയ്ക്കായി സഭ തെരഞ്ഞെടുത്ത് അയച്ചിരിക്കുന്ന 22 വിദ്യാർത്ഥികളും ഉൾപ്പെടുന്നു. ലോക്ഡൗൺ പശ്ചാത്തലത്തിൽ ക്രിസ്തുമസ് കാലം വിദ്യാർത്ഥികൾ ക്യാമ്പസിൽ ഇല്ലായിരുന്നതിനാൽ ഈ വർഷം എല്ലാ അംഗങ്ങളെയും ഉൾപ്പെടുത്തി ഒരു വിർചൽ കയർ സംഘടിപ്പിച്ചു. ക്യാമ്പസിൽ താമസിച്ചിരുന്ന അദ്ധ്യാപകരും അവരുടെ കുടുംബാംഗങ്ങളും ഒരുമിച്ച് ആരാധനയും വിശുദ്ധ കുർബ്ബാനയും നടത്തി. ആഗസ്റ്റ് 15-ന് അദ്ധ്യാപകരും ക്യാമ്പസിലുള്ള അനദ്ധ്യാപകരും ചേർന്ന് പതാക ഉയർത്തുകയും ഓണദിനം ആഘോഷിക്കുകയും ചെയ്തു. ജനുവരി 26-ന് വിദ്യാർത്ഥികളോടൊപ്പം പ്രത്യേക ആരാധനയും നടത്തി. കോവിഡിന്റെ സാഹചര്യത്തിൽ വിളവെടുപ്പിന് ശേഷം സെമിനാരിയുടെ വയലിൽ വാർഷിക സ്പോർട്സ് നടത്തി. പരസ്പര ബഹുമാനത്തോടെയുള്ള വാശിയേറിയ മത്സരങ്ങൾ ആവേശവും സന്തോഷവും പ്രദാനം ചെയ്ത അവസരമായിരുന്നു. ഇൻഫന്റ് ജീസസ് സ്കൂൾ ഡയറക്ടർ ഫാ. മാർട്ടിൻ ഉദ്ഘാടനം നിർവ്വഹിച്ചു. കോവിഡ് സാഹചര്യത്തിൽ സാധു കൊച്ചുകുഞ്ഞുപദേശി മെമ്മോറിയൽ ലെന്റൽ റിസൈറ്റൽ ചാപ്പലിൽ നടത്തി. സെമിനാരി ഗായകസംഘം കൊച്ചുകുഞ്ഞുപദേശിയുടെ ഗാനങ്ങൾ ആലപിച്ചു. ഈ വർഷം 10 വിദ്യാർത്ഥികൾ അവസാന വർഷ പരീക്ഷ എഴുതി. എല്ലാവരും വിജയികളായി. അവരിൽ മൂന്നുപേർ (അനിക്സ് ജോൺസൺ, കെവിൻ വർഗീസ്, റിറ്റോ റജി) ഫസ്റ്റ് ക്ലാസ് കരസ്ഥമാക്കി. ബാക്കിയുള്ളവർ സെക്കന്റ് ക്ലാസ് നേടി.

സെമിനാരിയുടെ നേതൃത്വത്തിൽ CARDമായുള്ള സഹകരണത്തിൽ പാമ്പ് പിടുത്തക്കാരുടെ ഗ്രാമമായ സപ്പെരാ ഗ്രാമത്തിലെ കുട്ടികളുടെ ഇടയിലുള്ള Light to Life program ഈ വർഷവും നടന്നു. പ്രിൻസിപ്പൽ പ്രോജക്ട് ഡയറക്ടറായും റവ. മനു വർഗീസ് സ്റ്റാഫ് അഡ്വൈസറായും സാജൻ റോബി പ്രോജക്ട് മാനേജർ ആയും ഗ്രാമത്തിൽ നിന്നും രാജേഷ് കോർഡിനേറ്ററായും സേവനം അനുഷ്ഠിക്കുന്നു. സംപൂർണ്ണ ലോക്ഡൗൺ സമയത്ത് അവർക്ക് ഭക്ഷണ കിറ്റുകളും മറ്റ് അവശ്യ സാധനങ്ങളും നൽകുകയുണ്ടായി.

വിദ്യാർത്ഥികൾ ക്യാമ്പസ്സിൽ ഉണ്ടായിരുന്ന സമയങ്ങളിൽ

എല്ലാ ബുധനാഴ്ചയും ഞായറാഴ്ചയും വി. കുർബ്ബാന ശുശ്രൂഷയുണ്ടായിരുന്നു. അല്ലാത്ത സമയങ്ങളിൽ ഒന്നിടവിട്ടുള്ള ഞായറാഴ്ചകളിൽ ആരാധനയും വിശുദ്ധ കുർബ്ബാനയും ഹാശാ ആഴ്ചയിൽ ഹാശാ നമസ്കാരവും സെമിനാരി കുടുംബത്തിനായി നടത്തി. 17 അംഗ ഗവേണിംഗ് ബോർഡ് സെമിനാരിയുടെ പ്രവർത്തനങ്ങൾക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു. കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ ഈ വർഷം ഒരു പ്രാവശ്യം മാത്രമേ മീറ്റിംഗ് കൂടുവാൻ കഴിഞ്ഞുള്ളൂ. റവ. ഡോ. സണ്ണി ഇ. മാത്യു പ്രിൻസിപ്പൽ ആയും റവ. ഡോ. ബൈജു മർക്കോസ്, റവ. മനു വർഗീസ്, റവ. ജോൺ ജി. വർഗീസ്, റവ. മെറിൻ മാത്യു എന്നിവർ ക്യാമ്പസ്സിൽ താമസിച്ച് അഭ്യസനത്തിന് നേതൃത്വം നൽകിവരുന്നു. അദ്ധ്യാപകരുടെ സമർപ്പിതമായ ശുശ്രൂഷകൾ സെമിനാരിയുടെ പ്രവർത്തനത്തെ കൂടുതൽ മികവുറ്റതാക്കുന്നു. റവ. സജീവ് തോമസ്, റവ. പ്രമോദ് സഖറിയ, ശ്രീമതി ശോഭ എം. എന്നിവരും ക്ലാസുകൾ എടുത്തു സഹായിച്ചു.

ധർമ്മജ്യോതി ക്യാമ്പസിൽ പ്രകൃതി സൗഹൃദ അന്തരീക്ഷമാണ് ഉള്ളത്. ഗോതമ്പ്, ബസുമതി അരി, കപ്പ, ചെറുപയർ തുടങ്ങിയവ ഇവിടെ കൃഷി ചെയ്തുവരുന്നു. ചെറുതെങ്കിലും നല്ല ഒരു ലൈബ്രറിയും നല്ല ഒരു ചാപ്പലും വിദ്യാർത്ഥികളുടെ രൂപീകരണത്തിൽ വളരെ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നു. ഗവേണിംഗ് ബോർഡ് ചെയർമാൻ ആയി നേതൃത്വം നൽകിയ അഭി. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത നേതൃത്വം നൽകുന്നു.

5.9. ചർച്ച് ആനിമേഷൻ സെന്റർ (ചാൻസ്)

മാർത്തോമ്മാ സഭയുടെയും ഇടവകയുടെയും കർമ്മപദ്ധതികളെ ചേതനയുള്ളതാക്കുക എന്ന ലക്ഷ്യബോധത്തിൽ ദിവംഗതനായ ഡോ സഖറിയാസ് മാർ തെയോഫിലോസ് സഫ്രഗൻ മെത്രാപ്പോലീത്താ തിരുമേനിയുടെ എപ്പിസ്കോപ്പൽ രജതജൂബ്ബിലിയോടനുബന്ധിച്ച് സഭയിൽ സമാരംഭിച്ച ഒരു സ്ഥാപനയാണ് മാർത്തോമ്മാ ചർച്ച് ആനിമേഷൻ സെന്റർ. സഭയിലെ പോഷക സംഘടനകളുടെയും ഇടവകളുടേയും പ്രവർത്തനങ്ങളെ കാര്യക്ഷമതയുള്ളതാക്കുക എന്ന ലക്ഷ്യത്തിൽ ആനിമേഷൻ സെന്റർ വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു.സഭയുടെ വിശ്വാസ പൈതൃകങ്ങളും ചരിത്രവും സഭാജനങ്ങളെ അഭ്യസിപ്പിക്കുകയും ഇതിന്റെ കാലിക പ്രസക്തി വിലയിരുത്തി ബോധന പ്രക്രിയയിലൂടെ സഭാജനങ്ങളെ അനുതാപത്തിലേക്കും സമർപ്പണത്തി ലേക്കും നയിക്കുക,പ്രചോദിപ്പിക്കുക എന്നതാണ് ആനി മേഷൻ സെന്ററിന്റെ ദൗത്യം. അർത്ഥവത്തായ ആരാധനക്കും സാക്ഷ്യത്തിനും ഏറെ പ്രാധാന്യം നല്കി ഇടവകളിലും ഭദ്രാസനങ്ങളിലും വിവിധ പരിപാടികൾക്കു നേതൃത്വം നല്കുന്നു.

സഭയിലെ പോഷക സംഘടനകളും മറ്റു സ്ഥാപനങ്ങളുമായി സഹകരിച്ച് സെമിനാറുകളും പഠനസമ്മേളനങ്ങളും സൗഹൃദ കൂട്ടായ്മകളും ഈ സെന്റർ നടത്താറുണ്ട്. സമാനതകളില്ലാത്ത കൊറോണ വൈറസിന്റെ സംഹാര താണ്ഡവം നടക്കുന്ന ഈ കാലഘട്ടത്തിൽ ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ വിവര വിജ്ഞാന സാങ്കേതീക വിദ്യയുടെ തണലിൽ നിരവധി ആളുകൾക്ക് കൗൺസിലിംഗ് നടത്തുകയും തിരുവചനത്തിൽ അധിഷ്ഠിതമായ സന്ദേശങ്ങൾ നല്കുകയും ചെയ്തു.കൂടാതെ ഇന്ത്യയിലും വിദേശത്തുമുള്ള വിശ്വാസ സമൂഹത്തിന് ഓൺലൈൻ ആരാധനക്ക് നേതൃത്വം നല്കി. ഒപ്പം Zoom മീറ്റിംഗുകൾ സംഘടിപ്പിച്ച് പ്രാർത്ഥനകൾ നടത്തുകയും, പ്രതിസന്ധികളിൽ പ്രത്യാശ പകരുന്ന ധ്യാനം ക്രമീകരിക്കുകയും ചെയ്തു. പ്രത്യേകിച്ച് ഇത്തരം സന്ദർഭങ്ങളിൽ ആനിമേഷൻ സെന്റർ ഓൺലൈൻ കൺവൻഷൻ ക്രമീകരിച്ചു. അഭിവന്ദ്യനായ ഡോ തിയോഡോഷ്യസ് മെത്രാപ്പോലീത്താ ഓൺലൈൻ കൺവൻഷൻ ഉത്ഘാടനം ചെയ്തതിലുള്ള നന്ദി അറിയിക്കുകയും ചെയ്യുന്നു.

വിവരവിജ്ഞാന സാങ്കേതീക വിദ്യയുടെ സഹായത്താൽ സംവേദനം ഫലവത്താക്കുവാൻ ഡോക്യുമെന്ററികൾ നിർമ്മിച്ചു പ്രസിദ്ധീകരിക്കുവാനും കഴിഞ്ഞു. കൊറൊണ വൈറസിന്റെ കാലഘട്ടത്തിൽ സണ്ടേസ്കൂൾ കുട്ടികൾക്കു വേണ്ടി ഓൺലൈൻ പെയിന്റിംഗ് മൽസരം സംഘടിപ്പിച്ചു. ആനിമേഷൻ പ്രവർത്തനങ്ങൾ വിശ്വാസസമൂഹത്തിൽ എത്തിക്കുവാൻ A Chance For You എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു. കേരളാ സർക്കാരിന്റേയും സാമൂഹ്യ സുരക്ഷാ മിഷന്റെയും കേരളാ കാർട്ടൂൺ അക്കാദമിയുടേയും സംയുക്താഭിമുഖ്യത്തിൽ നടന്ന കൊറൊണ വൈറസ് ബോധവൽക്കരണ പദ്ധതിയിൽ ആനിമേഷൻ സെന്ററും പങ്കെടുത്തു.

ദിവംഗതനായ ഡോ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി ചെയർമാൻ എന്ന നിലയിൽ ആനിമേഷൻ സെന്ററിനു നല്കിയ നേതൃത്വം, പ്രോൽസാഹനം ഏറെ ശ്രദ്ധേയമായിരുന്നു.മെത്രാപ്പോലീത്താ തിരുമേനി നിരവധി തവണ ഈ സെന്ററിൽ വരികയും വിദേശത്തുനിന്നു വരുന്ന ആർച്ചു ബിഷപ്പുമാരെ കൂട്ടികൊണ്ടുവരുകയും ഇതിന്റെ പ്രവർത്തനങ്ങൾക്കു വേണ്ട ഉപദേശം നല്കുകയും ചെയ്തത് അനുസ്മരിച്ചുകൊണ്ട്,അദ്ദേഹത്തിന്റെ പാവനസ്മരണയുടെ മുൻപിൽ ദുഃഖപുഷ്പങ്ങൾ അർപ്പിക്കുന്നു.

ആനിമേഷൻ സെന്ററിന്റേയും മ്യൂസിയത്തിന്റെയും പുതിയ ചെയർമാനായ അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മ മെത്രാപ്പോലീത്താ തിരുമേനി, സഫ്രഗൻ മെത്രാപ്പോലീത്താ ആയിരുന്നപ്പോൾ മുതൽ ഈ സെന്ററിനു വിവിധ കൈത്താങ്ങലുകൾ നല്കിയിട്ടുണ്ട്. തിയോഡോഷ്യസ് മെത്രാപ്പോലീത്താ തിരുമേനി ചുമതലയേറ്റതിനുശേഷം പലതവണ ആനിമേഷൻ സെന്ററും മ്യൂസിയവും സന്ദർശിച്ച് ഉപദേശങ്ങൾ നല്കുകയും സെന്ററിലെ സമ്മേളനങ്ങൾക്കും Zoom മീറ്റിംഗുകൾക്കും ഡോക്യുമെന്ററി നിർമ്മാണത്തിനും വേണ്ട പ്രോൽസാഹനം നല്കി വരുന്നു. റവ. ജോസ് പുനമഠം ഡയറക്ടറായി പ്രവർത്തിക്കുന്നു.

5.10. മാർത്തോമ്മാ സഭാ മ്യൂസിയം & സഭാ റഫറൻസ് ലൈബ്രറി

ചരിത്രബോധം വിശ്വാസ സമൂഹത്തിൽ എന്ന ലക്ഷ്യബോധത്തിൽ സമാരംഭിച്ച മാർത്തോമ്മാ മ്യൂസിയം, അറിവുകളും തിരിച്ചറിവുകളും നല്കുന്ന ഒരു ഹെറിറ്റേജ് ഹോമാണ്. അഭിവന്ദ്യനായ തീത്തൂസ് ദ്വിതീയൻ മെത്രാപ്പോലീത്താ തിരുമേനിയുടെ കാലത്ത് പണികഴിപ്പിച്ച ഈ പഴയ പുലാത്തീനാണ്, പുനരുദ്ധാരണത്തിനു ശേഷം മ്യൂസിയമായി രൂപപ്പെടുത്തിയിരിക്കുന്നത്. നൂറു വർഷത്തിലധികം പഴക്കമുള്ള ഈ പുലാത്തീനിൽ അഭിവന്ദ്യരായ തീത്തൂസ് ദ്വിതീയൻ മെത്രാപ്പോലീത്താ തിരുമേനി, ഡോ. ഏബ്രഹാം മെത്രപ്പോലീത്താ തിരുമേനി, ഡോ. യൂഹാനോൻ മെത്രാപ്പോലീത്താ തിരുമേനി എന്നിവർ താമസിച്ചിട്ടുണ്ട്. സഭാജനങ്ങളുടെ ചരിത്രബോധം സത്വബോധം വർദ്ധിപ്പിക്കുവാൻ പര്യാപ്തമായവിധത്തിൽ സഭയുടെ പുരാവസ്തുക്കൾ ചിട്ടപ്പെടുത്തിയിരിക്കുന്ന മ്യൂസിയത്തിൽ നിരവധി ഫോട്ടോ ശേഖരവും എക്സിബിഷൻ ഹാളും ഒരു മൾട്ടിമീഡിയ റൂമും ഉണ്ട്. മ്യൂസിയത്തിന്റെയും ആനിമേഷൻ സെന്ററിന്റേയും ചെയർമാനായിരുന്ന കാലം ചെയ്ത ഭാഗ്യസ്മരണീയനായ ഡോ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായും സമാരാധ്യനായ ഗീവർഗീസ് മാർ അത്തനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്തായും ഉപയോഗിച്ച സാധനങ്ങൾ മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. സഭാസംബന്ധവും ചരിത്രപ്രാധാന്യമുള്ളതുമായ പുരാവസ്തുക്കൾ നല്കിയ എല്ലാവരോടും നന്ദിയുണ്ട്. സഭാചരിത്രം പഠിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ഉപകാരപ്രദമായ ഒരു റഫ്രറൻസ് ലൈബ്രറിയും മ്യൂസിയത്തിൽ ഉണ്ട്. ആനിമേഷൻ സെന്റർ രൂപപ്പെടുത്തിയ Online Virtual ലൈബ്രറിയുടെ ഉത്ഘാടനം 2020 മെയ് 24-ന് അഭിവന്ദ്യ ഡോ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ നിർവ്വഹിച്ചു. പ്രശസ്ത സംവിധായകൻ ശ്രീ. ബ്ലസ്സിയുടെ 100 Years of Mar Chrysostom എന്ന മെഗാ ഡോക്യുമെന്ററിയും ലൈബ്രറിയിൽ സൂക്ഷിക്കുന്നു. സന്ദർശകർക്കുവേണ്ടി പ്രദർശിപ്പിക്കുന്നു. ആരാധനയ്ക്കും ധ്യാനത്തിനും ഉതകുന്ന ശാന്തപ്രശാന്തമായ ഒരു ചാപ്പലും മാർത്തോമ്മാ മ്യൂസിയത്തിനു ചാരുതയേകുന്നു.

5.11. യൂഹാനോൻ മാർത്തോമ്മാ & മാത്യൂസ് മാർ അത്താനാസ്യോസ് മെമ്മോറിയൽ സമഗ്ര വികസന കേന്ദ്രം, അയിരൂർ.

മനുഷ്യജീവിതത്തെ രൂപപ്പെടുത്താനുള്ള നിയോഗവഴികളിൽ കാലികമായി നിലകൊള്ളാനുള്ള ദൗത്യം സഭയ്ക്ക് നൽകപ്പെട്ടിരിക്കുന്നു. ദൈവകൃപയിൽ അധിഷ്ഠിതമായ പ്രായോഗിക ദൗത്യനിർവ്വഹണത്തിൽ പങ്കുചേരുക എന്നതാണ് ജെ.എം.എ.എ ഹോളിസ്റ്റിക് സെന്ററിന്റെ നിയോഗം. ജനതയുടെ നിലവിളിയും കഷ്ടതയും കാണുകയും കേൾക്കുകയും ചെയ്യുന്ന ദൈവത്തിലുള്ള വിശ്വാസമാണ് അതിജീവനത്തിന്റെ വെല്ലുവിളി ഏറ്റെടുക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നത്. ദൗത്യനിർവ്വഹണത്തിന്റെ പാതയിൽ 8 വർഷങ്ങൾ പിന്നിടാൻ ക്രൂശിന്റെ സ്നേഹം അർപ്പണബോധത്തോടെ നമ്മെയും നമ്മുടെ വിഭവങ്ങളേയും ഒരുക്കി. ഇതിന് കരുത്തുപകർന്ന ദൈവത്തിന് നന്ദി അർപ്പിച്ചുകൊണ്ട് 2019-20ലെ പ്രവർത്തനവൃത്താന്തം സമർപ്പിക്കുന്നു.

പ്രവർത്തനങ്ങൾ: പുഴയോരം പകൽവീട്, മെത്രാപ്പൊലീത്തൻ ഡയമണ്ട് ജൂബിലി പ്രൊജക്ട്, സഹന പെയിൻ & പാലിയേറ്റീവ് കെയർ, ഹോളിസ്റ്റിക് സെന്റർ ആന്റി അഡിക്ഷൻ മൂവ്മെന്റ്, സാരാഫത്ത് കൂട്ടം - സാക്ഷ്യ, ആത്മായ പരിശീലനം, ട്രാൻസ്ജെൻഡേഴ്സ് കൂടിവരവ്, രോഗീസംഗമം, ഉല്ലാസകൂട്ടായ്മ, ജനകീയ കൂട്ടായ്മയും ഓണാഘോഷവും, വഴികാട്ടി - 2019, സാന്ത്വന കലാരുചിക്കൂട്ട്, സംരക്ഷക - 2020, ഒന്നാം നിലയുടെ കല്ലിടൽ ശുശ്രൂഷ, കോവിഡ് 19 ദുരിതാശ്വാസ കിറ്റ് വിതരണം

പുഴയോരം പകൽവീട്: ഭവനത്തിൽ ഏകാന്തതയിൽ കഴിയുന്നവരും സാമൂഹിക സാംസ്കാരിക സമുദായിക ഇടങ്ങളിൽ ഒറ്റപ്പെട്ടുപോയവരുമായവർക്ക് ഉല്ലാസത്തിന്റേയും ആനന്ദത്തിന്റേയും പകലുകൾ സമ്മാനിപ്പാൻ സെന്ററിൽ ആരംഭിച്ച പകൽവീട് വിജയകരമായ 6 സംവത്സരം പിന്നിടുന്നു. 60-ൽ പരം അംഗങ്ങൾ എല്ലാ ബുധനാഴ്ചയും ക്രമമായി പങ്കെടുക്കുന്നു

മെത്രാപ്പോലിത്തൻ ഡയമണ്ട് ജ്യൂബിലി പ്രൊജക്ട്: മെത്രാപ്പോലിത്തൻ ഡയമണ്ട് ജ്യൂബിലിയുടെ ഭാഗമായി 6 രോഗികളുടെ വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് കഴിഞ്ഞു. ഷാജി സൈമൺ (മാരാമൺ), ഉഷ (കാഞ്ഞീറ്റുകര), രുഗ്മിണി(കാഞ്ഞീറ്റുകര), രശ്മി (ചുഴന) മിനി (ചുഴന), രമണി(കൊട്ടിയമ്പലം). അച്ചന്മാരും അത്യാൽ - ചായൽ യുവജനസഖ്യാംഗങ്ങളും സെന്റർ പ്രവർത്തകരും നൽകിയ ശ്രമദാനത്തിന് പ്രത്യേകം നന്ദി അറിയിക്കുന്നു.

'സഹന' പാലിയേറ്റീവ് കെയർ: എ) ഹോം കെയർ:- റാന്നി-നിലയ്ക്കൽ, നിരണം - മാരാമൺ, കോട്ടയം -കൊച്ചി ഭദ്രാസനങ്ങളുടെ അതിർത്തിയിൽ ഉൾപ്പെട്ട 220-ൽ അധികം നിർദ്ധനരായ രോഗികളുടെ ഭവനങ്ങളിൽ ക്രമമായി സന്ദർശിച്ച് ചികിത്സാ നിർദ്ദേശങ്ങളും ആവശ്യമായ അടിയന്തിര സേവനങ്ങളും നൽകിവരുന്നു.

ബി. മെഡിക്കൽ അസിസ്റ്റൻസ്:- രോഗികൾക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ പുതിയവ നൽകുവാൻ താല്പര്യമുള്ളവരുടെ സഹായത്തോടും ഉപയോഗം കഴിഞ്ഞ് ഭവനങ്ങളിൽ സൂക്ഷിച്ചിരിക്കുന്നവ ശേഖരിച്ചും ആവശ്യത്തിലിരിക്കുന്നവർക്ക് നൽകിവരുന്നു.

സി. മൊബൈൽ മെഡിക്കൽ ലാബ് യൂണിറ്റ്:- ആരോഗ്യപരവും കുടുംബപരവുമായ കാരണങ്ങളാൽ ആശുപത്രിയിൽ എത്തുവാൻ കഴിയാത്തവർക്ക് സെന്ററിന്റെ മെഡിക്കൽ ടീം ഭവനങ്ങൾ സന്ദർശിച്ച് രോഗിപരിചരണവും ലാബ് ടെസ്റ്റുകളും നടത്തിവരുന്നു. റിപ്പോർട്ടുവർഷത്തിൽ 3000 ലധികം വീടുകൾ സന്ദർശിച്ചു.

ഡി. പോഷകാഹാര കിറ്റ് വിതരണം:- സെന്ററിന്റെ പ്രവർത്തനപരിധിയിൽ ഉള്ള സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള 220 ലധികം രോഗികളുടെ കുടുംബങ്ങളിൽ പോഷകാഹാര കിറ്റ് വിതരണം ചെയ്തു വരുന്നു.

കിറ്റ് വിതരണത്തിനായുള്ള സഞ്ചികൾ ഫെഡറൽ ബാങ്ക്, വിജയാ ബാങ്ക്, ബാങ്ക് ഓഫ് ബറോഡ എന്നീ ബാങ്കുകൾ സ്പോൺസർ ചെയ്തു. കിറ്റുകൾ വിതരണം ചെയ്യുന്ന ഭവനങ്ങളിൽ സെന്ററിന്റെ ചുമതലയിൽ വോളന്റിയേഴ്സിന്റെ സഹായത്തോടെ ക്രിസ്തുമസ് കരോൾ റൗണ്ട്സായി ഭവനങ്ങൾ സന്ദർശിക്കുകയും ചെയ്തു.

ഇ. ഒരുനേരമന്നം:- വിവിധ കാരണങ്ങളാൽ ഭവനങ്ങളിൽ ഒറ്റപ്പെട്ടുപോയവരും തനിയെ ഭക്ഷണം പാകം ചെയ്യുവാൻ കഴിയാത്തവരുമായ 48 ആളുകൾക്ക് ക്രമമായി ഉച്ചഭക്ഷണം ഭവനങ്ങളിൽ എത്തിക്കുന്നു

എഫ്) ആശുപത്രി ഭക്ഷണ വിതരണം:- കോഴഞ്ചേരി ഗവ. ആശുപത്രി, ചെറുകോൽപ്പുഴ ഗവ. ആയുർവേദ ആശുപത്രി എന്നിവിടങ്ങളിൽ കിടപ്പുരോഗികളായവർക്കും കൂട്ടിരുപ്പുകാർക്കും ആഴ്ചയിൽ ഓരോ ദിവസം ഉച്ചഭക്ഷണം നൽകിവരുന്നു.

ജി. ആംബുലൻസ് മെഡിക്കൽ കെയർ:- പാലിയേറ്റീവ് കെയർ വഴി കണ്ടെത്തിയ രോഗികളെയും ഡയാലിസിസ് രോഗികളേയും ആശുപത്രിയിൽ എത്തിക്കുകയും തിരികെ ഭവനങ്ങളിൽ എത്തിക്കുന്നതിനും സഹായിക്കുന്നു. കൂടാതെ മരണാനന്തര ആവശ്യങ്ങൾക്കും പ്രയോജനപ്പെടുത്തുന്നു.

എച്ച്. സന്നദ്ധ പ്രവത്തകർ:- അയിരൂരിലും സമീപപ്രദേശങ്ങളിലുമുള്ള 45 സന്നദ്ധ പ്രവർത്തകരുടെ സമയവും കഴിവും ഉപയോഗിച്ച് ആവശ്യത്തിലിരിക്കുന്നവരെ സന്ദർശിക്കുവാനും അവരുടെ ആവശ്യങ്ങൾ മനസിലാക്കി പ്രവർത്തിക്കുവാനും കഴിയുന്നു.

ഹോളിസ്റ്റിക് സെന്റർ ആന്റി അഡിക്ഷൻ മൂവ്മെന്റ് (HAAM): ലഹരി വസ്തുക്കളുടെ സ്വാധീനത്തിൽപ്പെട്ട് ജീവിതം ദുരിതപൂർണ്ണമാക്കിയവരെയും അവരുടെ കുടുംബാംഗങ്ങളെയും തകർച്ചയിൽനിന്ന് ഉദ്ധരിക്കുവാനും സൗഖ്യജീവിതം നയിപ്പാനും ഹോളിസ്റ്റിക് സെന്റർ, മലയാലപ്പുഴ നവജീവൻ, കിടങ്ങന്നൂർ നവദർശൻ എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തിൽ മദ്യാസക്തരെ ബോധവല്കരിക്കുകയും സൗഖ്യജീവിതത്തിലേക്ക് നയിക്കുകയും ചെയ്യുന്നുണ്ട്.

സരാഫത്ത് കൂട്ടം / സാക്ഷ്യ: യൗവ്വനത്തിൽ വൈധവ്യം അനുഭവിക്കേണ്ടി വരുന്ന സ്ത്രീകളും ഒറ്റപ്പെട്ടവരുമായ ആളുകളെ ഒരുമിച്ച് ചേർത്ത് നിർത്തി തൊഴിൽ സംരംഭം ഒരുക്കി അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയും ചെയ്യുന്നു

ആത്മായ പരിശീലനം: റാന്നി-നിലയ്ക്കൽ ഭദ്രാസന സന്നദ്ധ സുവിശേഷ സംഘവും ഹോളിസ്റ്റിക് സെന്ററും ചേർന്ന് നവംബർ മുതൽ മാർച്ച് വരെ ആത്മായ പരിശീലനം നടത്തി. കൊമ്പാടി ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിലെ അദ്ധ്യാപകർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി.

ട്രാൻസ് ജെന്റേഴ്സ് കൂടിവരവ്: മാർത്തോമ്മാ സഭയുടെ നവോദയ മൂവ്മെന്റിന്റെയും ഹോളിസ്റ്റിക് സെന്ററും ചേർന്ന് ലിംഗവ്യത്യാസമുള്ള ആളുകൾക്ക് ആവശ്യമായ കൈത്താങ്ങലുകൾ നൽകിവരുന്നു

രോഗീസംഗമം: അയിരൂർ ഗ്രാമപഞ്ചായത്ത് പാലിയേറ്റീവ് യൂണിറ്റും കാഞ്ഞീറ്റുകര ഹെൽത്ത് സെന്ററും ഹോളിസ്റ്റിക് സെന്ററും ചേർന്ന് ഏപ്രിൽ, ആഗസ്റ്റ്, ഡിസംബർ എന്നീ മാസങ്ങളിൽ രോഗീസംഗമവും ക്രമീകരിച്ചു. 1200-ൽ പരം അംഗങ്ങൾ പങ്കെടുത്തു.

ഉല്ലാസക്കൂട്ടായ്മ: സെന്ററിന്റെ പരിധിയിലുള്ള വയോജനങ്ങളെ കൂട്ടിവരുത്തി അവർക്കുവേണ്ടി ആഗസ്റ്റ് 3-ാം തീയതി ഉല്ലാസകൂട്ടായ്മ എന്ന പേരിൽ കൂടിവരവ് സംഘടിപ്പിച്ചു. പത്തനംതിട്ട ജില്ലാ കളക്ടർ പി ബി നൂഹ് ഉദ്ഘാടനം ചെയ്യുകയും 100 വയസ്സിനു മുകളിൽ പ്രായമുള്ളവരെ പൊന്നാട അണിയിച്ച് ആദരിക്കുകയും ചെയ്തു.

ജനകീയ കൂട്ടായ്മയും ഓണാഘോഷവും: സെന്ററിന്റെ നേതൃത്വത്തിൽ പാലം ജംഗ്ഷനിലും ചെറുകോൽപ്പുഴ ജംഗ്ഷനിലുമുള്ള ഓട്ടോ, ടാക്സി, ചുമട്ടുതൊഴിലാളി സ്നേഹിതരേയും പങ്കെടുപ്പിച്ചുകൊണ്ട് ജനകീയ കൂട്ടായ്മയും ഓണാഘോഷവും നടത്തി. ആറന്മുള സി ഐ ശ്രീ. സന്തോഷ് മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

വഴികാട്ടി - 19: ഹോളിസ്റ്റിക് സെന്ററിന്റെ നേതൃത്വത്തിൽ യൂഹാനോൻ മാർത്തോമ്മ മെത്രാപ്പൊലീത്തായുടെ അനുസ്മരണവും മാർഗനിർദ്ദേശവും 10, +2 ക്ലാസിലെ കുട്ടികൾക്കായി വഴികാട്ടി 2019 എന്നപേരിൽ സെപ്റ്റംബർ മാസം

സെന്ററിൽ നടത്തപ്പെട്ടു.

സാന്ത്വനകലാരുചിക്കൂട്ട്: ഹോളിസ്റ്റിക് സെന്ററിന്റെ നേതൃത്വത്തിൽ സാന്ത്വനകലാരുചിക്കൂട്ട് എന്ന പേരിൽ ഒരു ഭക്ഷ്യമേളയും പ്രദർശനവും, കലാസന്ധ്യയും ഒക്ടോബർ മാസം സെന്ററിന്റെ അങ്കണത്തിൽ വച്ച് നടത്തപ്പെട്ടു.

സംരക്ഷക 2020: ഹോളിസ്റ്റിക് സെന്ററിന്റെ നേതൃത്വത്തിൽ മാത്യൂസ് മാർ അത്തനേഷ്യസ് തിരുമേനിയുടെ സ്മാരകപ്രഭാഷണത്തിന്റെ ഭാഗമായി സംരക്ഷക 2020 എന്ന തലക്കെട്ടിലൂടെ 50 വയസ്സിനു താഴെയുള്ള കുടുംബാംഗങ്ങളുടെ ഒത്തുചേരൽ സംഘടിപ്പിച്ചു. സമൂഹത്തിന് നൽകേണ്ടതും സമൂഹത്തിൽ നിന്നും ലഭ്യമാകേണ്ട വിഭവങ്ങളെപ്പറ്റി പങ്കിടുന്നതിനുമുള്ള ഒരു കൂടിവരവ്.

ഒന്നാം നിലയുടെ കല്ലിടൽ ശുശ്രൂഷ: ഹോളിസ്റ്റിക് സെന്ററിന്റെ ഒന്നാം നിലയുടെ കല്ലിടൽ ശുശ്രൂഷ മാർച്ച് 8-ാം തീയതി 6 മണിക്ക് സഭയുടെ പരമാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പൊലീത്ത നിർവ്വഹിച്ചു. സഭാ സെക്രട്ടറി റവ. കെ ജി ജോസഫ് അച്ചൻ, സഭാ ട്രസ്റ്റി ശ്രീ. പി.പി. അച്ചൻകുഞ്ഞ്, മറ്റു വൈദികർ, കമ്മറ്റി ചുമതലക്കാർ, സെന്റർ പ്രവർത്തകർ, വോളന്റിയേഴ്സ് തുടങ്ങിയവർ ഈ ശുശ്രൂഷയിൽ പങ്കെടുത്തു.

കോവിഡ് 19 ദുരിതാശ്വാസകിറ്റ് വിതരണം: ലോകത്താകമാനം ആഞ്ഞടിച്ചുകൊണ്ടിരിക്കുന്ന കോവിഡ് 19 എന്ന വൈറസ് ബാധയിൽ ഒറ്റപ്പെട്ടുപോയവർക്കും ജോലിയില്ലാതെ ദുരിതത്തിലായവർക്കുമായി അയിരൂർ സെന്റർ മാർത്തോമ്മാ യുവജനസഖ്യവും ഹോളിസ്റ്റിക് സെന്ററും സംയുക്തമായി കോവിഡ് 19 ദുരിതാശ്വാസ കിറ്റുകൾ വിതരണം ചെയ്തു.

6. കമ്മറ്റികൾ

6.1. വൈദിക തെരഞ്ഞെടുപ്പ് കമ്മറ്റി

വൈദിക തെരഞ്ഞെടുപ്പു കമ്മറ്റി റിപ്പോർട്ടു വർഷം മൂന്നു പ്രാവശ്യം കൂടി ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ട് നടപ്പിൽ വരുത്തി. സഭ സ്പോൺസർ ചെയ്ത് വിവിധ വൈദിക പാഠശാലകളിൽ അഭ്യസനം പൂർത്തിയാക്കിയ മുപ്പത്തിരണ്ട് വിദ്യാർത്ഥികളെയും സഭയുടെ സ്പോൺസർഷിപ്പില്ലാതെ ബി.ഡി. ബിരുദം നേടിയ പതിനഞ്ച് പേരെ പ്രായോഗിക പരിശീലത്തിനുശേഷം ഇന്റർവ്യൂ നടത്തി പട്ടത്വശുശ്രൂഷയിലേക്കു പ്രവേശിപ്പിക്കുന്നതിനു എപ്പിസ്ക്കോപ്പൽ സിനഡിനു ശുപാർശ നൽകി. തന്നാണ്ടിൽ ഇരുപത്തി എട്ട് പേരെ തെരഞ്ഞെടുത്ത് സഭയുടെ സ്പോൺസർഷിപ്പോടെ ബി.ഡി. പഠനത്തിന് അയച്ചു. വൈദിക വിദ്യാർത്ഥികളുടെ പഠന നിലവാരം വിലയിരുത്തുകയും തുടർപഠനത്തിന് അവരെ അയയ്ക്കുന്നതിന് തീരുമാനിക്കുകയും അവർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ബി.ഡി 2021 ബാച്ചിലേക്ക് മുപ്പത്തി ആറു പേരെ പ്രാഥമിക തെരഞ്ഞെടുപ്പു നടത്തി പ്രായോഗിക പരിശീലനത്തിന് അയച്ചു. കോട്ടയം മാർത്തോമ്മാ വൈദിക സെമിനാരിയിൽ അറുപത്തിനാലും ബാംഗ്ലൂർ യൂണൈറ്റഡ് തിയോളജിക്കൽ കോളജിൽ അഞ്ചും ജബൽപ്പൂർ ലിയനാർഡ് തിയോളജിക്കൽ കോളജിൽ മൂന്നും കൊൽക്കത്ത ബിഷപ്പ്സ് കോളജിൽ ഒന്നും സെറാമ്പൂർ കോളജിൽ അഞ്ചും ഫരീദബാദ് ധർമ്മജ്യോതി വിദ്യാപീഠത്തിൽ ഇരുപതും വിദ്യാർത്ഥികൾ പഠനം നടത്തുന്നു. സഭയുടെ സ്പോൺസർഷിപ്പ് ഇല്ലാതെ ബി.ഡി. ബിരുദം നേടി ടെസ്റ്റ് പാസ്സായി പ്രായോഗിക പരിശീലനം നടത്തുന്നവരുടെ ഇന്റർവ്യൂ നടത്തി സിനഡിനു ശുപാർശകൾ സമർപ്പിച്ചു.

2020 ഒക്ടോബർ 18 വരെ നി.വ.ദി.മ.ശ്രീ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലിത്താ ചെയർമാനായും തുടർന്ന് നി.വ.ദി.മ.ശ്രീ. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലിത്താ ചെയർമാനായും റവ. കെ. ജി. ജോസഫ് സെക്രട്ടറിയായും ഉള്ള കമ്മറ്റി പ്രവർത്തിക്കുന്നു.

6.2. പ്രോപ്പർട്ടി & ബിൽഡിംഗ് കമ്മിറ്റി

റിപ്പോർട്ടു വർഷം 2 പ്രാവശ്യം പ്രോപ്പർട്ടി & ബിൽഡിംഗ് കമ്മറ്റി കൂടി താഴെപ്പറയുന്ന കാര്യങ്ങൾ സഭാ കൗൺസിലിന്റെ തീരുമാനപ്രകാരം നടപ്പിലാക്കി.

1. ചെയർമാൻസ് റോഡിൽ നിന്നുള്ള പുതിയ റോഡിന്റെ കവാടത്തിൽ ടൈൽസ് ഇടുന്നതിന് തീരുമാനിച്ചു. 2020 ജൂൺ 27-ന് അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ സഞ്ചാരത്തിനായി തുറന്നുകൊടുത്തു.
2. പുതിയ ഓഫീസ് കോംപ്ലക്സ് പണിയുന്നതിന് തീരുമനിക്കുകയും ഡോ. ജോസഫ് മാർത്തോമ്മാ തിരുമേനിയുടെ നവതിയോടനുബന്ധിച്ച് 2020 ജൂൺ 27-ന് നടന്ന സമ്മേളനത്തിൽ അടിസ്ഥാന ശില ആശീർവ്വദിക്കുകയും ചെയ്തു.
3. മാർത്തോമ്മാ പ്രസ്സിനു സമീപം പുതിയ കൊമേഴ്സ്യൽ ബിൽഡിംഗിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.
4. എസ്.സി.എസ്. ഹയർ സെക്കന്ററി സ്കൂളിന്റെ ഡോ. ജോസഫ് മാർത്തോമ്മാ ബ്ലോക്ക് വിപുലീകരിക്കുന്ന നിർമ്മാണ പ്രവർത്തനത്തിന് സർക്കാർതല അനുമതി റിപ്പോർട്ട് വർഷം ലഭിച്ചു.
5. കാലം ചെയ്ത ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ കല്ലറ പൂർത്തീകരിച്ചു.

കൺസൽട്ടന്റ് എഞ്ചിനീയറായി ശ്രീ. പി.സി. ഉമ്മൻ , ഓവർസീയറായി ശ്രീ. സജി പെരുമാൾ എന്നിവർ പണികൾക്കാവശ്യമായ മേൽനോട്ടം വഹിച്ചു.

6.3. സർവ്വീസ് കമ്മീഷൻ

എം.റ്റി.&ഇ.എ. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ പരിധിയിൽപ്പെടുന്ന എൽ.പി.തലം മുതൽ ഹൈസ്കൂൾ തലം വരെയും ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെയും അദ്ധ്യാപക -അനദ്ധ്യാപകരെ നിയമിക്കുന്നതിനാവശ്യമായ റാങ്ക് ലിസ്റ്റ് തയ്യാറാക്കി സഭാ കൗൺസിലിന് സമർപ്പിക്കുക എന്നതാണ് സർവ്വീസ് കമ്മീഷന്റെ ഉത്തരവാദിത്വം.

2020-21 കാലഘട്ടത്തിൽ എൽ.പി.എസ്.റ്റി., യു.പി.എസ്.റ്റി., മ്യൂസിക് ടീച്ചേഴ്സ്, തയ്യൽ ടീച്ചേഴ്സ് എന്നിവരുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കി സഭാ കൗൺസിലിന് സമർപ്പിച്ചു. ഗ്രീഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ ചെയർമാനായും റവ. ജോർജ്ജ് ചെറിയാൻ സെക്രട്ടറിയായും പ്രവർത്തിച്ചു.

6.4. ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ

മാർത്തോമ്മ സഭയിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക് മികവിനും, പുരോഗതിക്കും മാർഗ്ഗനിർദ്ദേശം നല്കുവാനും, ഉന്നതവിദ്യാഭ്യാസ മേഖലയിലെ മാറ്റങ്ങൾക്കനു സൃതമായി നമ്മുടെ കോളേജുകളെ സജ്ജമാക്കുവാനും വേണ്ടി രൂപീകൃതമായ മാർത്തോമ്മ ഉന്നതവിദ്യാഭ്യാസ കമ്മീഷൻ ഒരു പ്രവർത്തനവർഷവുംകൂടി പിന്നിടുന്നു. കോവിഡ്-19 ഉയർത്തിയ സമാനതകളില്ലാത്ത പ്രതിസന്ധിയുടെ നടുവിൽ ഉന്നത വിദ്യാഭ്യാസമേഖലയാകെ വെല്ലുവിളികൾ നേരിടുന്ന ഒരു കാല ഘട്ടത്തിലാണ് ഇപ്പോൾ നാം എത്തിനില്ക്കുന്നത്. അതുകൊണ്ട് തന്നെ ഉന്നത വിദ്യാഭ്യാസകമ്മീഷന്റെ പ്രവർത്തനങ്ങളിൽ കോവിഡ് പ്രോട്ടോക്കോളിൻപ്രകാരം പുനർക്രമീകരണം ചെയ്യേണ്ടി വന്നു. വർഷാവർഷം കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപകർക്ക് പരിശീലനം നല്കുന്നതിനും, അക്കാദമിക് - ഗവേഷണ തലങ്ങളിലെ നവീന പ്രവണതകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുമുള്ള ബഹുവിധ പ്രവർത്തനങ്ങൾ വിവിധ കോളേജുകളിൽവെച്ച് ക്രമീകരിക്കുന്നതിനും കോവിഡ്മൂലം തടസ്സങ്ങൾ നേരിട്ടു. ആയതിനാൽ റിപ്പോർട്ടു വർഷം തികച്ചും പരിമിതവും അനൗപചാരി കവുമായ രീതിയിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തുവാൻ ശ്രമിച്ചു.

പുതിയ ദേശീയ വിദ്യാഭ്യാസ നയത്തെക്കുറിച്ച് കമ്മീഷൻ പഠിച്ച്, നമ്മുടെ കോളേജുകളിൽ ഏത് വിധത്തിൽ ബാധിക്കും എന്നതിനെക്കുറിച്ച് വ്യക്തത വരുത്തുവാൻ വേണ്ട ശ്രമങ്ങൾ നടത്തുകയുണ്ടായി. അതിനായി കോളേജ് അധ്യാപകർക്കുവേണ്ടി വെബിനാർ അടുത്ത വർഷം ക്രമീകരിക്കുവാൻ തീരുമാനിച്ചു.

വിവിധ വിഷയങ്ങളിൽ കോളേജുകൾ സംഘടിപ്പിച്ച വെബിനാറുകൾക്ക് വേണ്ട നിർദ്ദേശങ്ങളും പിന്തുണയും നല്കി. റിപ്പോർട്ട് വർഷം കോളേജുകൾ നടത്തിയ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദമായ

റിപ്പോർട്ടുകൾ കമ്മീഷൻ പരിശോധിച്ച്, കോളേജുകളുടെ പ്രവർത്തനം വിലയിരുത്തുകയുണ്ടായി.

നാക് അക്രഡിറ്റേഷനും, നിർഫ് റാങ്കിംഗുമായി ബന്ധപ്പെട്ട വിവരങ്ങൾ കോളേജുകൾക്ക് നൽകി. അക്രഡിറ്റേഷൻ രീതിയിൽ വരുത്തിയ മാറ്റങ്ങളെ കുറിച്ചും ധരിപ്പിക്കുകയുണ്ടായി. ഉന്നതവിദ്യാഭ്യാസ മേഖലയിൽ നമ്മുടെ കോളേജുകളുടെ വിവിധ പ്രവർത്തനങ്ങൾ ക്രോഡീകരിച്ചും, ഈ മേഖലയിലെ പ്രവർത്തനങ്ങളെ അപഗ്രഥിച്ചും പ്രസിദ്ധീകരിക്കുന്ന ന്യൂസ് ലെറ്റർ ഈ വർഷവും പ്രസിദ്ധീകരിക്കുക യുണ്ടായി. അഭിവന്ദ്യ ഡോ. മാത്യൂസ് മാർ മക്കാറിയോസ് തിരുമേനി മാർത്തോമ്മ ഉന്നത വിദ്യാഭ്യാസ കമ്മീഷൻ ചെയർമാനായും ഡോ. അലക്സ് മാത്യു സെക്രട്ടറിയായും പ്രവർത്തിക്കുന്നു.

6.5. തിയോളജിക്കൽ കമ്മീഷൻ

സഭയും സമൂഹവും ആഗോള, ദേശീയ തലങ്ങളിലും പ്രാദേശിക ഇടങ്ങളിലും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെയും വെല്ലുവിളികളെയും ദൈവശാസ്ത്ര ദർശനത്തിലൂടെ പഠിക്കുവാനും വിലയിരുത്തുവാനുമുള്ള പരിശ്രമമാണ് മാർത്തോമ്മാ തിയോളജിക്കൽ കമ്മീഷൻ നടത്തുന്നത്.

കോവിഡ് -19 മഹാമാരിയുടെ കാലത്ത് ആരാധനാസമൂഹം നേരിടുന്ന വെല്ലുവിളികളുടെ പശ്ചാത്തലത്തിൽ Holy Qurbana in the Malankara Mar Thoma Syrian Church: Tradition and Practice in the Context of Pandemic എന്ന പ്രധാന ചിന്താവിഷയത്തെ അധികരിച്ച് ഒരു വെബിനാർ 2020 ഒക്ടോബർ 22-ന് സംഘടിപ്പിച്ചു. അഭി. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിക്കുകയും മോഡറേറ്റ് ചെയ്യുകയും ചെയ്തു. റവ. ഡോ. ജോർജ്ജ് മാത്യു കുറ്റിയിൽ, റവ. ഡോ. ജോസഫ് ദാനിയേൽ എന്നിവർ പ്രധാന വിഷയത്തെ അധികരിച്ച് പ്രബന്ധങ്ങൾ അവതരിപ്പിച്ചു. അഭി. ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ, അഭി. ഡോ. ഐസക് മാർ ഫിലക്സിനോസ് എപ്പിസ്കോപ്പാ എന്നിവർ പ്രധാന പ്രതികരണങ്ങൾ നടത്തി. മാർത്തോമ്മാ തിയോളജിക്കൽ സെമിനാരി, കോട്ടയം, ധർമ്മജ്യോതി വിദ്യാപീഠ് ഫരീദാബാദ്, എപ്പിസ്ക്കോപ്പൽ ജൂബിലി ഇൻസ്റ്റിറ്റ്യൂട്ട് കൊമ്പാടി എന്നിവിടങ്ങളിലെ അദ്ധ്യാപകർ, സഭയുടെ വിവിധ സ്റ്റഡി സെന്ററുകൾക്ക് നേതൃത്വം നൽകുന്നവർ തുടങ്ങിയവർ ഇതിൽ പങ്കെടുത്തു. അഭി. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ ചെയർമാനായും റവ. ഡോ. പ്രകാശ് കെ. ജോർജ്ജ് കൺവീനറായും പ്രവർത്തിച്ചു.

6.6. ഇക്കോളജിക്കൽ കമ്മീഷൻ

2008-ൽ രൂപീകൃതമായ ഇക്കോളജിക്കൽ കമ്മീഷൻ സഭയുടെ പ്രേഷിതവൃത്തിയിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിനുവേണ്ടി, വിവിധ പരിപാടികൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്. Eco-dharma എന്ന പേരിൽ ചെന്നൈ-ബാംഗ്ലൂർ ഭദ്രാസനം പ്രസിദ്ധീകരിച്ച പഠന ഗ്രന്ഥം തികച്ചും മാതൃകാപരമായ ഒരു കാൽവയ്പാണ്. 2020 ജൂൺ മാസം 14-ാം തീയതി പരിസ്ഥിതി ഞായറാഴ്ചയായി വേർതിരിച്ച് ചിലയിടങ്ങളിൽ പരിസ്ഥിതി സൗഹൃദ ആരാധന നടത്തപ്പെട്ടു. അതിനു സഹായകരമായ ശുശ്രൂഷക്രമം തയ്യാറാക്കി. പഞ്ചഭൂതങ്ങൾ ജീവന്റെ പ്രതീകം എന്ന മുഖ്യചിന്തയ്ക്കാണ് ഊന്നൽ നൽകിയത്. മെത്രാപ്പോലീത്താ തിരുമേനിയുടെ കല്പനയിൽ കാലാവസ്ഥാ വ്യതിയാനം, കൊറോണ വൈറസിന്റെ ആഗോളവ്യാപനം തടയുന്നതിന് അന്തരീക്ഷ-പരിസര-വ്യക്തിഗത സംഗതികളിൽ വിശ്വാസസമൂഹം ജാഗ്രത പുലർത്തേണ്ടതിന്റെ ആവശ്യകത ചൂണ്ടികാണിക്കുകയുണ്ടായി, ഇക്കോധർമ്മം പാലിക്കേണ്ടതിന്റെ ആവശ്യകതയും ശബ്ദമലിനീകരണത്തെക്കുറിച്ചും മലങ്കര സഭാ താരകയിൽ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തി.

The Covid -19 Lessons എന്ന തലക്കെട്ടിൽ താരകയിലും ഫോക്കസ് പ്രസിദ്ധീകരണത്തിലും മറ്റും പ്രസക്തമായ ലേഖനങ്ങൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിച്ചു. കമ്മറ്റിയുടെ തീരുമാനപ്രകാരം Right to water is right to life എന്നത് ചില കേന്ദ്രങ്ങളിൽ പഠനവിഷയമാക്കി. Covid 19 Lockdown മൂലം കമ്മിറ്റി അംഗീകരിച്ച പല പരിപാടികളും കലണ്ടറനുസരിച്ച് നടപ്പിലാക്കുന്നതിന് കഴിഞ്ഞില്ലെങ്കിലും പരിസ്ഥിതി കമ്മീഷനുകളും ഇക്കോ ഫ്രറ്റേണിറ്റിയും വിവിധ ഇടങ്ങളിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിനുള്ള വേലയിൽ ഏർപ്പെടുകയുണ്ടായി.

2014-ൽ കമ്മീഷൻ പ്രസിദ്ധീകരിച്ച "ഇക്കോ മിഷൻ മാനുവൽ" പോലൊരു ബുക്ക്ലെറ്റ് തയ്യാറാക്കുന്നതിനുള്ള ശ്രമത്തിലാണിപ്പോൾ. "കോവിഡ്-19 മഹാമാരിയുടെ കാലഘട്ടം പരിസ്ഥിതി സംരക്ഷണ വിചിന്തനങ്ങൾ" എന്നതാണ് തെരഞ്ഞെടുത്തിരിക്കുന്ന വിഷയം.

2020-ലെ യു.എൻ. പരിസ്ഥിതി ചിന്താവിഷയം plant health എന്നതായിരുന്നു. ഈ വിഷയത്തിന്റെ വിവിധ വശങ്ങളെ കുറിച്ചു പഠിക്കുന്നതിനുള്ള വേദി ഒരുക്കേണ്ടതാണ്. റൈറ്റ് റവ. തോമസ് മാർ തിമോത്തിയോസ് എപ്പിസ്കോപ്പാ ചെയർമാനായും റവ. ഡോ. എം.ജെ. ജോസഫ് കൺവീനറായും പ്രവർത്തിക്കുന്നു.

6.7. മാർത്തോമ്മാ ലിറ്റർജിക്കൽ കമ്മീഷൻ

മാർത്തോമ്മമാ ലിറ്റർജിക്കൽ കമ്മീഷന്റെ രണ്ട് മീറ്റിംഗുകൾ റിപ്പോർട്ട് വർഷം നടത്തപ്പെട്ടു. വലിയനോമ്പ് നമസ്കാര ക്രമത്തിന് ഭാഷാശുദ്ധി വരുത്തി പുതിയ പതിപ്പ് പ്രസിദ്ധപ്പെടുത്തുന്നതിന് ക്രമീകരണങ്ങൾ ചെയ്തു. സഭയിലെ ശെമ്മാശ്, കശ്ശീശ പട്ടംകൊട ശുശ്രൂഷകളുടെ ക്രമം, വൈദികരുടെയും മേൽപ്പട്ടക്കാരുടെയും ശവസംസ്കാര ശുശ്രൂഷയുടെ കഹനീത്തക്രമം, മോറോനായ പെരുന്നാൾ ക്രമം എന്നിവ ഇംഗ്ലീഷിലേക്ക് പരിഭാഷ ചെയ്ത് സഭയിൽ സമർപ്പിച്ചു.

ലിറ്റർജിക്കൽ കമ്മീഷന്റെ അനുഗ്രഹകരമായ നടത്തിപ്പിന് അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയിൽ നിന്നും കമ്മിറ്റി അംഗങ്ങളിൽ നിന്നും ലഭിച്ച് ആലോചനയും പങ്കാളിത്തവും വളരെ വിലപ്പെട്ടതായിരുന്നു. അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ ചെയർമാൻ ആയും റവ. ഡോ. ജോർജ്ജ് മാത്യു, കുറ്റിയിൽ കൺവീനറായും പ്രവർത്തിച്ചു.

6.8. മാർത്തോമ്മാ സഭാ വെബ്സൈറ്റ് കമ്മറ്റി

വ്യത്യസ്തതകളുടെയും പരിമിതികളുടെയും സാഹചര്യത്തിലൂടെയാണ് റിപ്പോർട്ടു വർഷം കടന്നുപോയത്. ദൈവദാനങ്ങളായ ശാസ്ത്രസാങ്കേതിക വിദ്യകളുടെ നവീമായ പല സൗകര്യങ്ങളും കൊറോണ വ്യാപനത്തിന്റെ നാളുകളിൽ ഉപയോഗിക്കുന്നത് വഴി ക്രിസ്തീയ കൂട്ടായ്മ അനുഭവിക്കുവാനും തിരുസഭയുടെ പ്രവർത്തനങ്ങൾ മറ്റുള്ളവരെ അറിയിക്കുവാനും സാധിച്ചത് ചാരിതാർത്ഥ്യജനകമാണ്.

സഭയുടെ വെബ്സൈറ്റ്, മൊബൈൽ ആപ്ലിക്കേഷനുകൾ, സാമൂഹിക മാധ്യമങ്ങളിലെ അക്കൗണ്ടുകൾ എന്നിവ ക്രമമായി അപ്ഡേറ്റ് ചെയ്യുവാൻ സാധിച്ചു.

സർക്കാർ നിർദ്ദേശം മാനിച്ച് ലോക്ക്ഡൗൺ കാലത്തിൽ ദൈവാലയങ്ങൾ അടച്ചപ്പോഴും യാത്രകളുടെയും കുടിവരവുകളുടെയും നിയന്ത്രണങ്ങൾ തുടർന്നപ്പോഴും എല്ലാ ഞായറാഴ്ചകളിലെയും വിശുദ്ധകുർബ്ബാന, ഹാശാ ആഴ്ചയിലേയും സഭയുടെ വിശേഷ ദിവസങ്ങളിലെയും ആരാധനകൾ, സഭയുടെ വിവിധ പരിപാടികൾ, പട്ടംകൊട ശുശ്രൂഷകൾ തുടങ്ങിയവ സഭയുടെ വെബ്സൈറ്റിലൂടെയും സാമൂഹിക മാധ്യമങ്ങളിലൂടെയും തൽസമയം സംപ്രേക്ഷണം ചെയ്തു.

ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ് സഫ്രഗൻ മെത്രാപ്പോലീത്തായുടെ നിയോഗ ശുശ്രൂഷ, ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ കബറടക്കം, ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണ ശുശ്രൂഷ മാരാമൺ കൺവൻഷൻ മുതലയാവയുടെ തൽസമയ സംപ്രേക്ഷണം ലക്ഷക്കണക്കിനാളുകൾ സഭയുടെ വെബ്സൈറ്റിലൂടെയും സാമൂഹിക മാധ്യമങ്ങളിലൂടെയും വീക്ഷിച്ചു.

ലൈവ് വെബ്കാസ്റ്റ് വർദ്ധിക്കുന്നതിനാൽ ഇവയുടെ കൃത്യമായുള്ള ക്രമീകരണങ്ങൾക്കായി "Norms for live webcasting through the website and Social Media managed by the Church" കമ്മിറ്റി ശുപാർശയോടെ സഭാകൗൺസിൽ പാസ്സാ

ക്കി. സഭയുടെ ഔദ്യോഗിക ഫേയ്സ്ബുക്ക് പേജിന്റെ ആധികാരികത വർദ്ധിക്കുവാൻ കാരണമായി സഭയുടെ ഫേയ്സ് ബുക്ക് പേജ് റിപ്പോർട്ടു വർഷം വേരിഫൈയിഡ് ആക്കി. ഇന്ത്യയിൽ തന്നെ ഈ അംഗീകാരം ലഭിക്കുന്ന ആദ്യസഭയാണ് നമ്മുടേത്.

ലോക്ഡൗൺ കാലയളവിലും സഭയുടെ സോഫ്റ്റ്‌വെയർ നിർമ്മാണം പുരോഗമിക്കുന്നു. കമ്പനി ലോക്ഡൗൺ മൂലം അടഞ്ഞുകിടന്നപ്പോഴും അവിടെയുള്ള സ്റ്റാഫിനു കോവിഡ് വന്നപ്പോഴും വർക്ക് ഫ്രം ഹോമിലൂടെ സോഫ്റ്റ്‌വെയർ ഡവലപ്പ്മെന്റ് നടന്നു.

സഭയുടെ വാർത്തകൾ, പട്ടക്കാർക്കുള്ള നിർദ്ദേശങ്ങൾ, സഭാ സെക്രട്ടറിയുടെ അറിയിപ്പുകൾ എസ്.എം.എസ്., വാട്സാപ്പ് വഴി അറിയിക്കുന്നു. അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പായുടെ നേതൃത്വത്തിലുള്ള കമ്മിറ്റി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

6.9. മലങ്കര ദർശൻ ചാനൽ പ്രോഗ്രാം

മാദ്ധ്യമങ്ങളുടെ പ്രസക്തി വർധിച്ചുവരുന്ന ഈ കാലഘട്ട ത്തിൽ റ്റി.വി. ചാനൽ പ്രോഗ്രാമിലൂടെ ജനങ്ങൾക്ക് ആത്മീയ ബോധനം നല്കണമെന്നുള്ള ഉദ്ദേശത്തോടെ മാർത്തോമ്മാ സഭ ആരംഭിച്ച ചാനൽ പ്രോഗ്രാമാണ് മലങ്കര ദർശൻ. കഴിഞ്ഞ വർഷവും മുടക്കം കൂടാതെ ക്രമമായി പരിപാടികൾ നടത്തുവാൻ സാധിച്ചു. എല്ലാ ശനിയാഴ്ചയും 6.30 പി.എം.നും ബുധനാഴ്ച 8.30 എ.എം.നും ശാലോം ടി.വി. യിലൂടെ പരിപാടികൾ സംപ്രേഷണം ചെയ്യുന്നു. ധ്യാന പ്രസംഗങ്ങൾ, മാരാമൺ കൺവൻഷൻ ദൂതുകൾ, ക്വൊയർ പ്രോഗ്രാം, കൗൺസലിങ്ങ് പരിപാടികൾ, ആരോഗ്യ മാർഗ്ഗ നിർദ്ദേശങ്ങൾ, സുവിശേഷ പ്രവർത്തനങ്ങൾ മുതലായവ പരിപാടിയുടെ ഭാഗങ്ങളാണ്. മൂന്ന് ലക്ഷത്തോളം ആൾക്കാർ ഓരോ ദിവസവും ഈ പരിപാടികൾ കാണുന്നുവെന്നാണ് ലഭ്യമായ കണക്കുകൾ സൂചിപ്പിക്കുന്നത്. കൂടുതലും കേരളത്തിനു വെളിയിലുള്ള ആൾക്കാരാണ് പ്രേക്ഷകരായിട്ടുള്ളത്.

കാലോചിതമായി നമ്മൾ വളരേണ്ടിയിരിക്കുന്നു. ഓരോ പരിപാടിയും സ്പോൺസർഷിപ്പിലൂടെയാണ് നടത്തപ്പെടുന്നത്. കുറഞ്ഞത് 25,000 രൂപ നൽകി ഓരോ പരിപാടികളും സ്പോൺസർ ചെയ്യുവാൻ ശ്രദ്ധിക്കണമേ. സംപ്രേഷണം ചെയ്തു സഹായിക്കുന്ന ശാലോം ടി.വി യോടുള്ള പ്രത്യേക നന്ദി അറിയിക്കുന്നു.

സഭാ സെക്രട്ടറി അദ്ധ്യക്ഷനായുള്ള കമ്മിയുടെ കൺവീനർ റവ. ഡോ. ജോർജ്ജ് വറുഗ്ഗീസ്, ട്രഷറാർ റവ. ആശിഷ് തോമസ് ജോർജ്ജ്, കമ്മറ്റി അംഗങ്ങളായി റവ. ജോസ് പുനമഠം, ശ്രീ. ശാമുവേൽ മാത്യു, ജോബി ജോർജ്ജ് എന്നിവർ പ്രവർത്തിക്കുന്നു.

6.10. മാർത്തോമ്മാ സ്കൂൾ കൗൺസിലിംഗ് പ്രോഗ്രാം

2020-21 അദ്ധ്യയന വർഷം മാർത്തോമ്മാ സഭയുടെ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളിൽ കൗൺസിലിംഗ് പ്രോഗ്രാം ക്രമീകരിച്ചു. കോവിഡിന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ അടഞ്ഞു കിടന്നതിനാൽ ജൂൺ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ ഈ പ്രോഗ്രാം നടത്തുവാൻ സാധിച്ചില്ല. ജനുവരി മാസത്തിൽ സ്കൂളുകൾ തുറക്കുകയും പത്ത്, പന്ത്രണ്ട് ക്ലാസുകളിലെ കുട്ടികൾ സ്കൂളുകളിൽ എത്തുകയും ചെയ്തു. അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ നിർദ്ദേശപ്രകാരം ജനുവരി ആദ്യവാരത്തിൽ എല്ലാ കൗൺസിലേഴ്സിനെയും സൂം പ്ലാറ്റ് ഫോമിൽ ഒരുമിച്ചു കൂട്ടി ആവശ്യമായ ട്രെയിനിംഗ് നൽകി. മാർത്തോമ്മാ സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റ് ചെയർമാൻ അഭി. ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ ഈ മീറ്റിംഗിന്റെ ഉത്ഘാടനം നിർവ്വഹിച്ചു.

പ്രവർത്തനവർഷത്തിൽ താഴെപ്പറയുന്ന സ്കൂളുകളിൽ കൗൺസിലിംഗ് പ്രോഗ്രാം ക്രമീകരിച്ചു. എസ്.സി.എസ്. ഹൈസ്കൂൾ & ഹയർ സെക്കന്ററി സ്കൂൾ, തിരുവല്ല, എം.റ്റി. സെമിനാരി ഹൈസ്കൂൾ & ഹയർ സെക്കന്ററി, കോട്ടയം, മാർത്തോമ്മാ ഗേൾസ് ഹൈസ്കൂൾ കൊട്ടാരക്കര, മാർത്തോമ്മാ ഹൈസ്കൂൾ & ഹയർ സെക്കന്ററി സ്കൂൾ വാളകം, റ്റി.എം.റ്റി. ഹൈസ്കൂൾ തലവടി, മാർത്തോമ്മാ ഗേൾസ് ഹൈസ്കൂൾ ആനപ്രാമ്പാൽ, മാർത്തോമ്മാ ഹൈസ്കൂൾ & ഹയർ സെക്കന്ററി സ്കൂൾ വെണ്മണി, എ.എം.എം. ഹൈസ്കൂൾ ഓതറ, എ.എം.എം. ഹൈസ്കൂൾ കരവാളൂർ, മാർത്തോമ്മാ ഹൈസ്കൂൾ ചണ്ണപ്പേട്ട.

എല്ലാ സ്കൂളുകളിലും കുട്ടികളുടെ വ്യക്തിത്വ വികസന പ്രശ്നങ്ങൾ, സ്വഭാവ വൈകല്യങ്ങൾ, പഠനം മെച്ചപ്പെടുത്തുന്നതിനുള്ള രീതികൾ, ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതിനെതിരെയുള്ള ബോധവത്കരണ ക്ലാസുകൾ എന്നിവ കൗൺസിലിംഗ് പരിപാടിയിലൂടെ ക്രമീകരിച്ച് നടപ്പാക്കി. ഓരോ കൺസിലർമാരും അതത് സ്കൂളുകളിൽ നടത്തുന്ന കൗൺസിലിംഗ് പ്രവർത്തനങ്ങളുടെ റിപ്പോർട്ട് മൂന്നു മാസത്തിലൊരിക്കൽ കൺവീനർ അച്ചന് നൽകുന്നു.

ക്ലാസുകൾ സന്ദർശിക്കുകയും ഓഡിയോ/ വീഡിയോ വിഷ്വൽസ് ഉപയോഗിച്ച് ക്ലാസുകൾ എടുക്കുകയും ഒപ്പം പരീക്ഷകൾക്ക് ഒരുങ്ങുവാൻ ആവശ്യമായ ഗൈഡൻസ് നൽകിയും സഹായിച്ചു. വ്യക്തിപരമായി കൗൺസിലിംഗ് ആവശ്യമായ വിദ്യാർത്ഥികൾക്ക് അതിനാവശ്യമായ സഹായവും നൽകി. ഏതാനും സ്കൂളുകളിൽ അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും പ്രത്യേകം ക്ലാസുകൾ ക്രമീകരിച്ചു. റവ. ഡോ. തോമസ് കുര്യൻ അഞ്ചേരി, സ്കൂൾ കൗൺസിലിംഗ് പ്രോഗ്രാമിന്റെ കൺവീനറായി പ്രവർത്തിച്ചു.

6.11 ലഹരി വിമോചന സമിതി

യേശുക്രിസ്തുവിന്റെ പ്രവർത്തന പന്ഥാവ് പിന്തുടർന്നുകൊണ്ട് സമൂഹത്തിൽ നിന്നും പാർശ്വവൽക്കരിക്കപ്പെട്ടവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ മലങ്കര മാർത്തോമ്മ സുറിയാനി സഭയുടെ ലഹരി വിമോചന സമിതി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. മദ്യത്തിനും മയക്കുമരുന്നിനും നവമാധ്യമങ്ങൾക്കും അടിമപ്പെട്ടവരെയും മറ്റ് സാമൂഹിക തിന്മകളിൽ പെട്ടവരെയും കണ്ടെത്തി അർത്ഥവത്തായ ജീവിതത്തെക്കുറിച്ച് ബോധവാന്മാരാക്കുന്നതിനും ഇത്തരം തിന്മകളുടെ സ്വാധീനത്താൽ താളം തെറ്റിപ്പോയ അനേക ലക്ഷം കുടുംബങ്ങളുടെ നിലവിളി ശ്രദ്ധിക്കുന്നതിനും നമ്മുടെ *ഡീ-അഡിക്ഷൻ* കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. കാലഘട്ടത്തിന് അനുയോജ്യമായി സഭ ഇത്തരം പ്രവർത്തനങ്ങളിൽ മുന്നേറിക്കൊണ്ടിരിക്കുന്നു.

കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടു വിവിധ പരിപാടികൾ ക്രമീകരിച്ചു നടത്തപ്പെട്ടു.

ഹെല്പ് ഡെസ്ക്: ലോക്ക് ഡൗൺ കാലത്ത് പിന്മാറ്റ അസ്വാസ്ഥ്യം (withdrawal symptom) ഉണ്ടായ ലഹരി ആസക്തർക്ക് വേണ്ടതായ പ്രാഥമിക ശുശ്രൂഷയും കൗൺസലിംഗും സഭയിലെ *ഡീ-അഡിക്ഷൻ* കേന്ദ്രങ്ങൾ വഴി നല്കുകയുണ്ടായി.

വിദ്യാഭ്യാസ രംഗത്തെ ഇപ്പോഴത്തെ സാഹചര്യം മൂലം ധാരാളം കുട്ടികൾ മൊബൈൽ ഫോൺ ഉൾപ്പടെയുള്ള സോഷ്യൽ മീഡിയായ്ക്ക് അടിമകളായിക്കൊണ്ടിരിക്കുന്നു. കുട്ടികൾക്കും മാതാപിതാക്കൾക്കും വേണ്ടതായ കൗൺസലിംഗും ബോധവൽക്കരണ ക്ലാസ്സുകളും എല്ലാ ഭദ്രാസനങ്ങളിലും നല്കി.

ലഹരി വിരുദ്ധ ദിനം: 1983 മുതൽ ജനുവരി രണ്ടാം ഞായർ ലഹരി വിരുദ്ധ ദിനമായി വേർതിരിച്ചിരിക്കുന്നു. അന്നേ ദിവസം ആരാധനയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വേദഭാഗങ്ങൾ ഈ വിഷയവുമായി ബന്ധപ്പെട്ടവയാണ്. 2018 മുതൽ ആ ഞായറാഴ്ച ഒരു പ്രത്യേക ആരാധനക്രമം തയ്യാറാക്കി ഉപയോഗിച്ചുവരുന്നു. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് സഭ നല്കുന്ന പ്രാധാന്യം ഇതിലൂടെ ദർശിക്കുവാൻ സാധിക്കുന്നു. 2021 ജനുവരി 10 ഞായർ ലഹരി വിരുദ്ധ ദിനമായി വേർതിരിച്ചു.

***ഡീ അഡിക്ഷൻ* പ്രവർത്തക കൂട്ടായ്മ**: സഭയിലെ *ഡീ അഡിക്ഷൻ* സെന്റർ പ്രവർത്തകരുടെ കൂട്ടായ്മ മാരാമണ്ണിൽ നടന്നു. *ഡീ അഡിക്ഷൻ* സെന്ററിലെ ഡയറക്ടർമാരും കൗൺസലേഴ്സും സോഷ്യൽ വർക്കേഴ്സും പങ്കെടുത്തു.

മാരാമൺ എ.എ.: മാരാമൺ കൺവെൻഷനോട് അനുബന്ധിച്ചു വ്യാഴാഴ്ച ഉച്ചയോഗത്തിന് ശേഷം എ.എ. മീറ്റിംഗ്

പന്തലിൽ കൂടുകയുണ്ടായി. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ളവർ ഇതിൽ പങ്കെടുത്തു. സി.എസ്.ഐ. കൊല്ലം ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ഉമ്മൻ ജോർജ്ജ് തിരുമേനി മുഖ്യ സന്ദേശം നല്കി.

പ്രസിഡന്റ്: ലഹരി വിമോചന സമിതിയുടെ പ്രഥമ പ്രസിഡന്റായി ഏപ്പിസ്കോപ്പൽ സിനഡ് അഭിവന്ദ്യ തോമസ് മാർ തിമഥിയൊസ് തിരുമേനിയെ തെരഞ്ഞെടുത്തു. നന്ദി അറിയിക്കുന്നു.

ഡയറക്ടേർസ് മീറ്റിംഗ്: സഭയുടെ ഡി-അഡിക്ഷൻ സെന്റർ ഡയറക്ടർ അച്ചന്മാരുടെ യോഗം ആറാട്ടുപുഴ തരംഗത്തിൽ ക്രമീകരിച്ചു. പ്രസിഡന്റ് അഭിവന്ദ്യ തോമസ് മാർ തിമഥിയൊസ് തിരുമേനി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ റവ. സൈമൺ ബഹനാൻ "Cyber addiction and De-addiction ministry" എന്ന വിഷയത്തെ അധികരിച്ച് ക്ലാസ്സ് എടുത്തു.

റവ. ഡോ. പി.ജെ. മാമ്മച്ചൻ ചെയർമാനായും അലക്സ് പി. ജോർജ്ജ് കൺവീനറായും പ്രവർത്തിച്ചു.

7. ഭദ്രാസനങ്ങളും, ഇടവകകളും, പട്ടക്കാരും, മണ്ഡലാംഗങ്ങളും

7.1. ഭദ്രാസനങ്ങളും, ഇടവകകളും

ഇടവകകളും ഭദ്രാസനങ്ങളും കോൺഗ്രിഗേഷനുകളും

1. നിരണം-മാരാമൺ	89
2. കോട്ടയം-കൊച്ചി	119
3. റാന്നി - നിലയ്ക്കൽ	130
4. മുംബൈ	74
5. കൊട്ടാരക്കര - പുനലൂർ	93
6. തിരുവനന്തപുരം - കൊല്ലം	90
7. മലേഷ്യ-സിംഗപ്പൂർ-ആസ്ട്രേലിയ -ന്യൂസിലാൻഡ്	32
8. ചെങ്ങന്നൂർ - മാവേലിക്കര	92
9. നോർത്ത് അമേരിക്ക - യൂറോപ്പ്	89
10. അടൂർ	95
11. ചെന്നൈ - ബാംഗ്ലൂർ	179
12. ഡൽഹി	88
13. കുന്നംകുളം - മലബാർ	82

7.2. റിപ്പോർട്ടു വർഷം രൂപീകൃതമായ ഇടവക

1. എഡിൻബറോ സെന്റ് ആൻഡ്രൂസ് മാർത്തോമ്മാ

7.3. സജീവ സേവനത്തിൽ നിന്നും 2020-'21ൽ വിരമിച്ച പട്ടക്കാർ

1. റവ. ജോസ് പി. ഏബ്രഹാം
2. റവ. തോമസ് ഏബ്രഹാം
3. റവ. ഡോ. ജേക്കബ് ചെറിയാൻ
4. റവ. റ്റി. സാമുവേൽ
5. റവ. എം.എം. തോമസ്
6. റവ. ജോൺസൺ വർഗീസ് (വെണ്മണി)
7. റവ. തോമസ് പി.എസ്.
8. റവ. മാത്യു എം.സി.
9. റവ. ജോൺസൺ പി.എം.
10. റവ. കുര്യൻ വി.റ്റി.
11. റവ. വർഗീസ് ഐ.എ.
12. റവ. മാത്യു റ്റി.പി.
13. റവ. റ്റി.സി. ചെറിയാൻ
14. റവ. ഡോ. ജോർജ്ജ് മാത്യു (കല്ലേലി)
15. റവ. ജോർജ്ജ് മാത്യു (കരിക്കം)
16. റവ. സി.കെ. ടൈറ്റസ്
17. റവ. വി. കുഞ്ഞുകോശി
18. റവ. ഡോ. ഏബ്രഹാം സഖറിയ കെ.
19. റവ. ഡോ. ജി. സാമുവേൽ
20. റവ. അലക്സാണ്ടർ തോമസ്
21. റവ. സാം ജോർജ്ജ് (കിടങ്ങന്നൂർ)
22. റവ. സി. ജോസഫ്
23. റവ. ഏ.റ്റി. സഖറിയ
24. റവ. തോമസ് മാത്യു (വിലങ്ങറ)
25. റവ. എം. സാമുവേൽ
26. റവ. തോമസ് ജോർജ്ജ് (മാരാമൺ)
27. റവ. വർഗീസ് ജോർജ്ജ്

7.4. നിര്യാതരായ വന്ദ്യവൈദീകർ

1. വെരി റവ. പി.വി. തോമസ്
2. റവ. എം. ജോൺ
3. റവ. ഡോ. വി.ഇ. വർഗീസ്
4. റവ. ഡി. ദേവദാസ്
5. റവ. കെ.ജി. മാമ്മൻ
6. റവ. കെ.എം. ഐസക്
7. റവ. അനൂപ് മാത്യു

7.5. നിര്യാതനായ മണ്ഡലാംഗം

1. ശ്രീ. എം. രാജു

7.6. 2020-21-ൽ പട്ടത്വ ശുശ്രൂഷയിലേക്ക് പ്രവേശിച്ചവർ

	ശെമ്മാശ്	കശീശാ
1. റവ. കിഷോർ ജഗത്രോ വങ്കാടെ	31.12.2020	23.04.2021
2. റവ. ക്രിസ്റ്റോ ജേക്കബ് ജോർജ്ജ്	31.12.2020	08.03.2021
3. റവ. ബിബിൻ ജോർജ്ജ് ചാക്കോ	31.12.2020	11.03.2021
4. റവ. ബിനു ജോൺ	01.01.2021	08.02.2021
5. റവ. റിനു രാജ്	01.01.2021	08.02.2021
6. റവ. അജിത്ത് രാജൻ	02.01.2021	09.02.2021
7. റവ. റോബിൻ റോയി	02.01.2021	09.02.2021
8. റവ. അജിത്ത് മാത്യു വർഗീസ്	05.01.2021	01.032021
9. റവ. അജിൽ ജയിംസ്	05.01.2021	01.03.2021
10. റവ. സ്റ്റാൻലി മാത്യു ജോൺ	06.01.2021	01.05.2021
11. റവ. ജോയിസ് ജോർജ്ജ്	06.01.2021	20.03.2021
12. റവ. ജോബിൻ ജോൺ	07.01.2021	12.02.2021
13. റവ. കെവിൻ വർഗീസ്	07.01.2021	12.02.2021
14. റവ. സുബിൻ എം. മാത്യു	08.01.2021	11.03.2021
15. റവ. സ്റ്റാൻലി ജോൺസ് സഖറിയ	08.01.2021	05.03.2021
16. റവ. ജിതിൻ കെ. വർഗീസ്	11.01.2021	15.03.2021
17. റവ. ഫിബിൻ സാക് ഫിലിപ്പ്	11.01.2021	15.03.2021
18. റവ. റിറ്റോ റെജി	13.01.2021	12.03.2021
19. റവ. നിഖിത് പി. സാം	13.01.2021	12.03.2021
20. റവ. ബ്ലസൻ ഫിലിപ്പ് തോമസ്	13.01.2021	12.03.2021
21. റവ. അനിക്സ് ജോൺസൺ	13.01.2021	26.02.2021
22. റവ. ടോം ഏബ്രഹാം	15.01.2021	08.03.2021
23. റവ. റിജിൻ എം. ജോർജ്ജ്	15.01.2021	24.03.2021
24. റവ. നിതിൻ എസ്. ചെറിയാൻ	15.01.2021	24.03.2021
25. റവ. എബിൻ ജോൺ ചാക്കോ	15.01.2021	24.03.2021
26. റവ. സുനി ഏബ്രഹാം	19.01.2021	27.02.2021
27. റവ. രഞ്ചു തോമസ് രാജു	19.01.2021	27.02.2021
28. റവ. ജയൻ ജോയി വർഗീസ്	20.01.2021	16.03.2021
29. റവ. ടെനി തോമസ്	20.01.2021	16.03.2021
30. റവ. ജെസ്വിൻ സൈമൺ ജോൺ	21.01.2021	10.04.2021
31. റവ. ജിബിൻ മാത്യു ജോയി	21.01.2021	04.03.2021
32. റവ. വിനീത് ഈശോ തോമസ്	21.01.2021	04.03.2021
33. റവ. റോണ കോര തോമസ്	22.01.2021	10.03.2021
34. റവ. റിക്കി ജെ. ഉമ്മൻ	25.01.2021	22.03.2021
35. റവ. ജോൺ കെ. ജേക്കബ്	25.01.2021	22.03.2021
36. റവ. വിജയ് ദാനിയേൽ	26.01.2021	23.03.2021
37. റവ. ഏബൽ മാത്യൂസ് ഏബ്രഹാം	26.01.2021	03.03.2021
38. റവ. റോബൻ ജോർജ്ജ്	27.01.2021	15.04.2021
39. റവ. ഫിലിപ്പ് എം. പ്രസാദ്	27.01.2021	17.04.2021
40. റവ. ജയിസൺ ജേക്കബ്	27.01.2021	15.04.2021
41. റവ. റോണി കെ. ഐപ്പ്	28.01.2021	13.04.2021
42. റവ. എബിൻ സി. മാത്യു	28.01.2021	13.04.2021
43. റവ. സനൽ ചെറിയാൻ	28.01.2021	24.03.2021
44. റവ. ജോർജ്ജ് കോശി	29.01.2021	05.04.2021
45. റവ. ജിനു ഡാനി ജെയിംസ്	29.01.2021	16.04.2021
46. റവ. സുബിൻ ഏബ്രഹാം	30.01.2021	23.03.2021
47. റവ. നിജോ ജോസ് സ്കറിയ	30.01.2021	25.02.2021
48. റവ. സാംജി സ്റ്റീഫൻ	05.02.2021	14.04.2021
49. റവ. പി. ബാബു	05.02.2021	23.04.2021

7.7. പട്ടക്കാരുടെ വാർഷിക കോൺഫറൻസ്

കോവിഡ് മഹാമാരിയുടെ പ്രതിസന്ധിയാൽ വൈദീകരുടെ വാർഷിക സമ്മേളനം 2020 നവംബർ 26-ന് വൈകിട്ട് 7 മണിമുതൽ 9 മണിവരെ സൂം പ്ലാറ്റഫോമിൽ നടത്തി. "Mission and Ministry in the Pandemic Context" എന്നതായിരുന്നു വിഷയം. പ്രസിഡന്റ് അഭിവന്ദ്യ തോമസ് മാർ തിമത്തിയോസ് എപ്പിസ്കോപ്പാ അദ്ധ്യക്ഷനായിരുന്നു. യോഗം അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു.

ഡോ. ജോസഫ് ജോർജ്ജ് (പ്രൊഫ. യു.റ്റി.സി. ബാംഗ്ലൂർ) മുഖ്യ പ്രഭാഷണം നടത്തി. പ്രസ്തുത യോഗത്തിൽ നമ്മിൽ നിന്നും വേർപെട്ടുപോയ ജോസഫ് മാർത്തോമ്മാ ഉൾപ്പെടെ എല്ലാ വൈദീകർക്കും സഭാ സെക്രട്ടറി റവ. കെ.ജി. ജോസഫ് അനുശോചനം അറിയിച്ചു. കൺവീനർ റവ. രാജു പി. ജോർജ്ജ് സ്വാഗതവും ട്രസ്റ്റി റവ. ജയിംസ് തോമസ് നന്ദിയും അറിയിച്ചു. കുന്നംകുളം - മലബാർ ഭദ്രാസനം ആരാധനയ്ക്ക് നേതൃത്വം നൽകി. ഡി.എസ്.എം.സി. ഗാന ശുശ്രൂഷ നിർവ്വഹിച്ചു. 750-ൽപരം വൈദികരും സഭയിലെ എല്ലാ എപ്പിസ്കോപ്പാമാരും സമ്മേളനത്തിൽ പങ്കെടുത്തു. വികാരി ജനറാൾ റവ. എൻ.എം. ചെറിയാന്റെ പ്രാർത്ഥനയോടും അഭിവന്ദ്യ മെത്രാപ്പോലീത്തായുടെ ആശീർവാദത്തോടും യോഗം അവസാനിച്ചു.

7.8. മാർത്തോമ്മാ സഭാ കൺവൻഷൻ പ്രസംഗകരുടെ കോൺഫറൻസ്

മാർത്തോമ്മാ സഭയിലെ പ്രേഷിത ശുശ്രൂഷയിൽ സമർപ്പിതരായ വൈദികരുടെയും ആത്മായരുടെയും കൂട്ടായ്മയാണ് മാർത്തോമ്മാ കൺവൻഷൻ പ്രസംഗകസംഘം. വൈദികരും ആത്മായരും ഉൾപ്പെടെ 150 പേർ ഈ സംഘടനയിൽ അംഗങ്ങളാണ്. മാരാമൺ കൺവൻഷനു വേണ്ടിയുള്ള പ്രാർത്ഥനാ സംഗമം 2021 ഫെബ്രുവരി 1 ന് മാരാമൺ റിട്രീറ്റ് സെന്ററിൽ നടത്തി. കോവിഡ് മഹാവ്യാധിയിൽ നിന്നും ദേശത്തിന്റെ സൗഖ്യത്തിനായും സഭയുടെ വിവിധ പ്രവർത്തനങ്ങൾക്കായുമുള്ള പ്രാർത്ഥന സൂം പ്ലാറ്റ്ഫോമിലൂടെ നടത്തി. 75 പേർ പങ്കെടുത്തു. ഡോ.തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്താ (പ്രസിഡന്റ്), റവ.കെ.ജി. ജോസഫ് (സഭാ സെക്രട്ടറി), റവ.ജോർജ് ഏബ്രഹാം, (സുവിശേഷ പ്രസംഗസംഗം ജനറൽ സെക്രട്ടറി) (വൈസ് പ്രസിഡന്റുമാർ), ശ്രീ.ജോയി പുല്ലാട് (ആത്മായ വൈസ് പ്രസിഡന്റ്), ശ്രീ.അനിൽ മാരാമൺ (ജനറൽ സെക്രട്ടറി), ശ്രീ.സാം കെ. ഉതുപ്പ് (ജോ.സെക്രട്ടറി), ശ്രീ.ജോർജ് വർഗീസ് (ട്രഷറാർ) എന്നിവർ ഭാരവാഹികളായി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

8. വിദ്യാഭ്യാസ സ്ഥാപനങ്ങൾ

8.A. കോളജുകൾ

8.A1. മാർത്തോമ്മാ കോളജ്, തിരുവല്ല

1952 ൽ 250 വിദ്യാർത്ഥികളും 12 അധ്യാപകരുമായി പ്രവർത്തനമാരംഭിച്ച തിരുവല്ല മാർത്തോമ്മ കോളേജ് 69 വർഷങ്ങൾ പൂർത്തിയാക്കി സപ്തതി വർഷത്തിലേക്ക് കടക്കുകയാണ്. ഇന്ത്യയിലെ ആദ്യ അക്രെഡിറ്റഡ് കോളേജുകളിൽ ഒന്നായ മാർത്തോമ്മ കോളേജ് 2019-2020 അധ്യയനവർഷത്തിൽ നടന്ന നാലാം Re-accreditation ലും എ ഗ്രേഡ് നേടുക വഴി തുടർച്ചയായി നാല് തവണ Accreditation ൽ എ ഗ്രേഡ് നേടുന്ന കേരളത്തിലെ ആദ്യ കോളേജായി മാറി.

ഇന്ത്യാഗവൺമെന്റ് 2019 ൽ നടത്തിയ MHRD യുടെ NIRF ദേശീയ റാങ്കിംഗിൽ ഇന്ത്യയിലെ 92-ാം സ്ഥാനം ലഭിച്ചത് NIRF 2020 ലെ റാങ്കിംഗിൽ 84-ാമത്തെ സ്ഥാനമായി മെച്ചപ്പെടുത്താൻ സാധിച്ചു. കൂടാതെ ISO : 90012015 സർട്ടിഫിക്കറ്റും, കേരള ഗവൺമെന്റിന്റെ ഹരിത മിഷന്റെ പച്ചതുരുത്ത് സ്കീമിൽ ഉൾപ്പെടുത്തിയുള്ള അംഗീകാരവും ലഭിച്ചു. രാഷ്ട്രത്തിന്റെ നിർമ്മിതിക്കും സമൂഹത്തിന്റെ പുരോഗതിക്കും ഊന്നൽ നൽകി ധാർമ്മിക ആദ്ധ്യാത്മിക മൂല്യങ്ങൾ ഉള്ള യുവതലമുറയെ വാർത്തെടുക്കുന്ന പ്രക്രിയയുമായി മുന്നേറുന്ന തിരുവല്ല മാർത്തോമ്മ കോളേജിന്റെ 2020 - 2021 വർഷത്തിലെ ഒരു സംക്ഷിപ്ത പ്രവർത്തന റിപ്പോർട്ട് സവിനയം സമർപ്പിക്കട്ടെ.

കോളേജിന്റെ മാനേജരായി അഭിവന്ദ്യ ഡോ. യൂയാക്കീം മാർ കൂറിലോസ് എപ്പിസ്കോപ്പയും, പ്രിൻസിപ്പലായി ഡോ വറുഗീസ് മാത്യുവും നേതൃത്വം നൽകുന്നു. ട്രഷറർ ആയി ഡോ. കെ.ടി. ഫിലിപ്പ് സേവനം അനുഷ്ഠിക്കുന്നു.

മധ്യവേനലവധിക്കുശേഷം 2020 ജൂൺ 1 ന് കോളേജ് തുറന്ന് ബിരുദ ബിരുദാനന്തര ക്ലാസ്സുകൾ ആരംഭിച്ചു. പ്രാരംഭ പ്രാർത്ഥനയ്ക്ക് കോളേജിന്റെ മാനേജരായിരുന്ന അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മ മെത്രാപ്പോലീത്താ നേതൃത്വം നൽകുകയും പുതിയ പ്രിൻസിപ്പലായി ഗണിതശാസ്ത്ര വിഭാഗം മേധാവിയും അസോസിയേറ്റ് പ്രൊഫസറുമായ ഡോ. വറുഗീസ് മാത്യുവിനെ നിയമിക്കുകയും ചെയ്തു. കോവിഡ് - 19 മഹാമാരി സൃഷ്ടിച്ച പ്രതിസന്ധിയും അതിനെ തുടർന്ന് ഉണ്ടായിട്ടുള്ള ലോക്ഡൗണും നിയമങ്ങളും മൂലം റഗുലർ ക്ലാസുകളും മറ്റിതര പ്രവർത്തനങ്ങളും ഓൺലൈൻ സംവിധാനത്തിൽ കൂടിയാണ് ക്രമീകരിച്ചത്. എന്നിരുന്നാലും 2021 ഫെബ്രുവരി 15 മുതൽ നിയന്ത്രണങ്ങളോടെ ഓൺലൈൻ ആയും നേരിട്ടും ക്ലാസുകൾ നടത്തുകയുണ്ടായി.

കോഴ്സുകളും, വിജയ ശതമാനവും: റിപ്പോർട്ടു വർഷം കേരള ഗവൺമെന്റ് New Generation കോഴ്സായ M.Sc Data Analytics അനുവദിക്കുകയും പ്രസ്തുത കോഴ്സിന്റെ ഉദ്ഘാടനം എം.ജി യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ബഹു. ഡോ. സാബു തോമസ് നിർവഹിക്കുകയുമുണ്ടായി. കോളേജിൽ 12 ബിരുദ പ്രോഗ്രാമുകളും 11 ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളും നടത്തിവരുന്നു. മൈക്രോ ബയോളജിയിലും, ബയോ ടെക്നോളജിയിലും ഉള്ള ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ സ്വാശ്രയ കോഴ്സുകളായിട്ടാണ് നടത്തി വരുന്നത്. കോളേജിലെ 15 ഡിപ്പാർട്ടുമെന്റുകളിൽ 7 ബിരുദാനന്തര ബിരുദ വകുപ്പുകൾ മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഔദ്യോഗിക ഗവേഷണ കേന്ദ്രങ്ങളാണ്. ഇപ്പോൾ വിവിധ വിഷയങ്ങളിൽ 28 ഗൈഡുകളും 67 ഗവേഷണ വിദ്യാർത്ഥികളും ഉണ്ട്. മേൽ പറഞ്ഞ പ്രോഗ്രാമുകൾക്ക് പുറമേ, റിപ്പോർട്ട് വർഷത്തിൽ താഴെപ്പറയുന്ന Supplementary Enrichment പ്രോഗ്രാമുകളും നടത്തുകയുണ്ടായി. Water Quality Analysis, Content Writing, Certified Course in Banking and Finance, Tally and Computer Fundamentals. sUdmUqWnepÅ Indian Institute of Remote Sensing (IIRS-ISRO) മായി ചേർന്ന് വിവിധ വിഷയങ്ങളിലുള്ള Outreach Programme കളും നടത്തുകയുണ്ടായി.

യൂണിവേഴ്സിറ്റി പരീക്ഷകളിൽ റിപ്പോർട്ട് വർഷം ബിരുദ പ്രോഗ്രാമുകൾക്ക് 67 % ബിരുദാനന്തരബിരുദ പ്രോഗ്രാമുകൾക്ക് 73% ആണ് ശരാശരി റിസൾട്ട്. വിവിധ വിഷയങ്ങളിൽ 20 വിദ്യാർത്ഥികൾക്ക് റാങ്കും 21 വിദ്യാർത്ഥികൾക്ക് എ+ ഉം ലഭിക്കുകയുണ്ടായി.

ബിരുദ പരീക്ഷകളിൽ വൊക്കേഷണൽ ബോട്ടണിയിൽ 5 റാങ്കുകളും (1,2,3,7,8 റാങ്കുകൾ) പോളിറ്റിക്കൽ സയൻസിൽ 2 റാങ്കുകളും (2 ഉം 3 ഉം) ബിഎ ഇംഗ്ലീഷ് ലാഗ്വേജ് & ലിറ്ററേച്ചറിൽ പത്താം റാങ്കും ലഭിക്കുകയുണ്ടായി.

ബിരുദാനന്തര ബിരുദ പരീക്ഷകളിൽ കെമിസ്ട്രിയിൽ 2 റാങ്കുകൾ (ഒന്നും ആറും റാങ്കുകൾ), അനലിറ്റിക്കൽ കെമിസ്ട്രിയിൽ 5 റാങ്കുകൾ (1,3,4,7,9 റാങ്കുകൾ), ഇംഗ്ലീഷിൽ 2 റാങ്കുകൾ (6ഉം 7ഉം), ബോട്ടണിയിൽ 8-ാം റാങ്ക്, മാത്തമാറ്റിക്സിന് 10-ാം റാങ്ക്, മൈക്രോ ബയോളജിയിൽ പത്താം റാങ്കും ലഭിക്കുകയുണ്ടായി.

നടപ്പ് വർഷം 6 വിദ്യാർത്ഥികൾ യു.ജി.സി നെറ്റ്/ ജെ.ആർ.എഫ്, സെറ്റ്, കെടെറ്റ് പരീക്ഷ പാസാകുകയും സുവോളജിയിൽ ഒരു ഗവേഷണ വിദ്യാർത്ഥിക്ക് പിഎച്ച്ഡി (അവാർഡ്) ലഭിക്കുകയും ചെയ്തു.

അധ്യാപക വിദ്യാർത്ഥികളുടെ എണ്ണം: റിപ്പോർട്ട് വർഷത്തിൽ ഗസ്റ്റ് ഫാക്കൽറ്റി ഉൾപ്പെടെ 91 അദ്ധ്യാപകരും മാനേജ്മെന്റ് സ്റ്റാഫ് ഉൾപ്പെടെ 39 അനദ്ധ്യാപകരും കോളേജിൽ പ്രവർത്തിക്കുകയുണ്ടായി. വിവിധ ബിരുദ - ബിരുദാനന്തര, ഗവേഷണ വിദ്യാർത്ഥികൾ ഉൾപ്പെടെ 1721 വിദ്യാർത്ഥികൾ ഈ വർഷം പഠിക്കുകയുണ്ടായി.

പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ: മാർത്തോമ്മ കോളേജിന്റെ 68-ാം സ്ഥാപകദിനാഘോഷം 2020 ജൂലൈ 11 ന് ഓൺലൈനായി നടത്തുകയുണ്ടായി. സീനിയർ വികാരി ജനറൽ വെരി റവ സ്കറിയ ഏബ്രഹാം സ്ഥാപകദിന പ്രഭാഷണം നടത്തി. കുറ്റപ്പുഴ യരുശലേം മാർത്തോമ്മ ചർച്ച് വികാരി റവ. കെ ഇ ഗീവർഗീസ് ആശംസകൾ അർപ്പിച്ചു. ലോക പരിസ്ഥിതി ദിനാചരണം 2020 ജൂൺ 5 ന് ആചരിച്ചു. കെമിസ്ട്രി അസോസിയേഷൻ "Time for Nature" എന്ന പേരോടുകൂടിയുള്ള Virtual Presentation അവതരിപ്പിച്ചു. NCC യൂണിറ്റിന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിനം പ്രതിജ്ഞ, ബോധവത്കരണ പരിപാടി, വൃക്ഷതൈ നടീൽ തുടങ്ങി വിവിധ പ്രോഗ്രാമുകൾ സംഘടിപ്പിച്ചു. ജൂൺ 18 ന് എൻസിസി യൂണിറ്റ്, മെഡിക്കൽ ക്ലബ്, ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് എന്നിവർ സംയുക്തമായി രക്തദാന ദിനാചരണം ആചരിക്കുകയും തിരുവല്ല ടിഎംഎം ഹോസ്പിറ്റലിൽ സംഘടിപ്പിച്ച പ്രത്യേക പ്രോഗ്രാം എൻസിസി കമാൻഡിംഗ് ഓഫീസർ കേണൽ സജീവ് റാവേജ (15 കേരള ബറ്റാലിയൻ) നിർവഹിക്കുകയുണ്ടായി. ജൂൺ 19 ന് വായനാദിനവും ജൂൺ 21 ന് എൻസിസി യൂണിറ്റ്, എൻഎസ്എസ് യൂണിറ്റ്, യോഗാ സെൽ, ഇബി & ബി ക്ലബ് എന്നീ സംഘനകൾ അന്താരാഷ്ട്ര യോഗാദിനം ആചരിക്കുകയും വിവിധ ഓൺലൈൻ പ്രവർത്തനങ്ങൾ ക്രമീകരിക്കുകയും ചെയ്തു.

ജൂൺ 26 ന് അന്തർദേശീയ മയക്ക് മരുന്ന് ഉപയോഗത്തിന് എതിരെയുള്ള ബോധവത്കരണ പരിപാടിയിൽ ട്രാഡ കോഴ്സ് ഡയറക്ടർ, ശ്രീ. സിജി ആന്റണി ക്ലാസുകൾ നയിച്ചു.

ജൂലായ് 6 ന് മൈക്രോ സോഫ്റ്റ് ടീമുമായി സഹകരിച്ച് രൂപം നൽകിയ Centralised learning Management System ഉദ്ഘാടനം കോളേജിന്റെ മാനേജർ അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത നിർവഹിച്ചു. ഈ ദിവസം തന്നെ കോളേജ് കമ്മ്യൂണിറ്റിയും കോളേജ് സ്റ്റാഫ് അസോസിയേഷനും സംയുക്തമായി ഓൺലൈൻ ക്ലാസിന് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ സഹായിക്കുവാൻ വേണ്ടി ആരംഭിച്ച SDN സംരംഭം (Scheme for Digittally Needy) അഭിവന്ദ്യ മെത്രാപ്പോലീത്ത തിരുമേനി നിർവഹിക്കുകയും ഈ സംരംഭത്തിനുള്ള ആദ്യ തുക തിരുമേനി നേരിട്ട് സംഭാവന നൽകുകയും ചെയ്തു. SDN സംരംഭം വഴി 14 കുട്ടികൾക്ക് 8000 രൂപയോളം വില വരുന്ന ടാബ്ലെറ്റുകൾ വിതരണം ചെയ്തു. എൻസിസി, എൻഎസ്എസ്, ബ്രെയിൻസ് ട്രസ്റ്റ് എന്നീ സംഘടനകളും ഈ സംരംഭത്തിന് വേണ്ട സാമ്പത്തിക സഹായം നൽകി. ടാബ്ലെറ്റ് വിതരണത്തിനുപുറമെ ആവശ്യമുള്ള കുട്ടികൾക്ക് ഇന്റർനെറ്റ് ഡേറ്റ പാക്കേജും മാസംതോറും കൊടുക്കുകയുണ്ടായി.

ജൂലായ് 28 ന് ഗവൺമെന്റ് ഓഫ് ഇൻഡ്യ ഉന്നത ഭാരത് അബയാൻ സ്കീം മുഖേന കുന്നന്താനം ഗ്രാമപഞ്ചായത്തിലുള്ള കൈരളി ഗ്രന്ഥശാലയ്ക്കും, പാലക്കുഴി, അംഗൻവാടിക്കും ഓൺലൈൻ പഠന സഹായത്തിന് രണ്ട് ടിവികൾ സെറ്റുകൾ സംഭാവന ചെയ്യുകയുണ്ടായി.

ആഗസ്റ്റ് 6 ന് ഹിരോഷിമ നാഗസാക്കി ദിനവും 12 ന് അന്തർദ്ദേശീയ യുവജനദിനവും ആചരിച്ചു. ആഗസ്റ്റ് 19 ന് നാഷണൽ ഫോട്ടോഗ്രാഫി ദിനത്തിൽ വിവിധ മത്സരങ്ങൾ നടത്തുകയും പ്രസിദ്ധ ഛായാഗ്രഹകൻ ശ്രീ. സാജൻ കളത്തിൽ ക്ലാസുകൾ നയിക്കുകയും ചെയ്തു.

സെപ്റ്റംബർ 14 ന് ദേശീയ ഹിന്ദി ദിനാചരണം, 16 ന് ലോക ഓസോൺ ദിനം, ഒക്ടോബർ 31 ന് ദേശീയ ഐക്യദിനം, നവംബർ 13 ന് ദേശീയ വിദ്യാഭ്യാസ ദിനം, 21 ന് ലോക മത്സ്യ ദിനം, 2021 ഫെബ്രുവരി 11 ന് ലോക സയൻസിൽ സ്ത്രീകളുടെയും പെൺകുട്ടികളുടെയും പങ്കാളിത്തദിനം, 2021 മാർച്ച് 15 ന് കൺസ്യൂമർ റൈറ്റ്സ് ഡേ, മാർച്ച് 22 ന് ലോക കവിതാദിനം എന്നിവ ആചരിക്കുകയും അതിനോടനുബന്ധിച്ച് വിവിധ Online activities സംഘടിപ്പിക്കുകയും ചെയ്തു. 2020 സെപ്റ്റംബർ 26 ന് ലോക ടൂറിസം ദിനത്തോടനുബന്ധിച്ച് സഫാരി ചാനൽ എംഡി ശ്രീ സന്തോഷ് ജോർജ് കുളങ്ങര ടൂറിസത്തിന്റെ പ്രാധാന്യത്തെപ്പറ്റി ക്ലാസുകൾ നയിച്ചു. ഒക്ടോബർ 2 ന് ഗാന്ധിജിയുടെ 151-ാം ജന്മ വാർഷികത്തോടനുബന്ധിച്ച് കോളേജിലെ എൻഎസ്എസും എൻസിസിയും വിവിധ പ്രോഗ്രാമുകൾ സംഘടിപ്പിച്ചു. ഒക്ടോബർ 1 മുതൽ 3 വരെ കോളേജിൽ "മഹാത്മ ഇൻ മി' എന്ന സ്പെഷ്യൽ പ്രോഗ്രാം നടത്തുകയും കോളേജ് പരിസരവും, ക്ലാസ് റൂമുകൾ, ലൈബ്രറി, സോഷ്യൽ സയൻസ് ബ്ലോക്കിലുള്ള അഗ്രിക്കൾച്ചറൽ പാർക്ക് എന്നിവ വൃത്തിയാക്കുകയും ചെയ്തു.

ഒക്ടോബർ 22 ന് ഒന്നാം വർഷ ബിരുദ ക്ലാസുകൾ ഓൺലൈൻ ആയി ആരംഭിച്ചു. 23-ാം തീയതി നടന്ന ഓപ്പണിംഗ് അസംബ്ലിയിൽ കോളേജ് മാനേജർ അഭിവന്ദ്യ ഡോ യൂയാക്കിം മാർ കൂറിലോസ് എപ്പിസ്കോപ്പ മുഖ്യ സന്ദേശം നൽകി. ഡിസംബർ 28 ന് ഒന്നാം വർഷ ബിരുദാനന്തര ബിരുദ ക്ലാസുകൾ ഓൺലൈനായി ആരംഭിച്ചു. ഓപ്പണിംഗ് അസംബ്ലിയിൽ കൊമ്പാടി എപ്പിസ്കോപ്പൽ ജൂബിലി ഇൻസ്റ്റിറ്റ്യൂട്ട് പ്രിൻസിപ്പൽ റവ. ഡോ എ ജോൺ ഫിലിപ് മുഖ്യ സന്ദേശം നൽകി.

മെഡിക്കൽ ക്ലബിന്റെ നേതൃത്വത്തിൽ 2020 ഡിസംബർ 1-ന് അന്താരാഷ്ട്ര എയ്ഡ്സ് ദിനം ആചരിച്ചു. കൊച്ചി ലേക്ഷോർ ഹോസ്പിറ്റലിലെ ഓങ്കോളജിസ്റ്റ് ഡോ വി പി ഗംഗാധരൻ മുഖ്യാതിഥിയായിരുന്നു.

2021 മാർച്ച് 1 ന് ദേശീയ ശാസ്ത്ര ദിനത്തോടനുബന്ധിച്ച് ഓൺലൈൻ പോസ്റ്റർ ഡിസൈനിംഗും രണ്ട് മിനിറ്റിൽ സയൻസിനെപ്പറ്റി വീഡിയോ അവതരണവും നടത്തി. എന്തിനു ശാസ്ത്രം പഠിക്കണം? എന്ന വിഷയത്തെ ആസ്പദമാക്കി സയൻസ് ഫോറത്തിന്റെ നേതൃത്വത്തിൽ KFRJ സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. റ്റി വൈ സജീവ് ക്ലാസുകൾ നയിച്ചു. കെമിസ്ട്രി വകുപ്പിന്റെ നേതൃത്വത്തിൽ "Future of Science and Technology Impact on Education Skill and Work" എന്ന വിഷയത്തിൽ Seychells Bureau of Standards, Dept. CEO Dr. Sreekala Nair ഒരു ലെക്ചർ എടുക്കുകയുണ്ടായി.

കോളേജ് ചാപ്പൽ സർവീസ് 2021 ഫെബ്രുവരി 15 ന് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വിശുദ്ധ കുർബാനയോടുകൂടി ആരംഭിച്ചു.

ഒക്ടോബർ 22 ന് ഒന്നാം വർഷ ബിരുദ ബിരുദാനന്തര ക്ലാസുകൾ ആരംഭിച്ചു. അഭിവന്ദ്യ ഡോ. യൂയാക്കീം മാർ കൂറിലോസ് എപ്പിസ്കോപ്പ സന്ദേശം നൽകുകയും ചെയ്തു.

2019 നവംബർ 19 ന് 2019-20 ൽ പൂർത്തീകരിച്ച Add on Course കളുടെയും Supplementary Enrichment പ്രോഗ്രാമുകളുടെയും സർട്ടിഫിക്കറ്റ് വിതരണ സമ്മേളനം നടത്തുകയുണ്ടായി. പ്രൊഫ.അലക്സാണ്ടർ കെ. സാമുവേൽ (സിൻഡിക്കേറ്റ് അംഗം കുസാറ്റ്) മുഖ്യ സന്ദേശം നൽകി. ആഗസ്റ്റ് 9-ന് ദേശീയ ഗണിതശാസ്ത്രദിനം ആചരിച്ചു. 74-ാം സ്വാതന്ത്ര്യദിനാഘോഷം ആഗസ്റ്റ് 15 ന് കോളേജ് N.C.C യൂണിറ്റിന്റെ നേത്യത്വത്തിൽ സമുചിതമായിട്ട് ആഘോഷിച്ചു. ഒക്ടോബർ 2-ന് ഗാന്ധിജിയുടെ 151-ാം ജന്മവാർഷികത്തോടനുബന്ധിച്ച് കോളേജിലെ N.S.S & N.C.C യൂണിറ്റുകളുടെ നേതൃത്വത്തിൽ വിവിധ പ്രോഗ്രാമുകൾ സംഘടിപ്പിച്ചു. ഇതിനോടനുബന്ധിച്ച് N.S.S യൂണിറ്റ് പ്രത്യേക ഫ്രൂട്ട് ഗാർഡൻ രൂപവത്കരിച്ചു.

കോളേജിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ഡോ. സൂസൻ തോമസ് കോ ഓർഡിനേറ്ററായി IQAC മേൽനോട്ടം വഹിക്കുന്നു. അദ്ധ്യാപക, അനദ്ധ്യാപക വിദ്യാർത്ഥികൾക്കു വേണ്ടി നിരവധി ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചു. അക്കാദമിക് കലണ്ടർ ഉണ്ടാക്കുക, അക്കാദമിക് പ്രോഗ്രാമിന്റെ നിലവാരം അളക്കുക, ടീച്ചേഴ്സ് ഡയറി, അക്കാദമിക് ഡെലിവെറി മോണിറ്ററിംഗ്, രജിസ്റ്റർ, റിസൽട്ട് അനാലിസിസ് എന്നിവയുടെ മേൽനോട്ടം IQAC ചെയ്യുന്നു. ഡോ ജേക്കബ് തോമസ്, പ്രൊഫ കെ എം വിഷ്ണു നമ്പൂതിരി, പ്രൊഫ. അനൂപ് കോശി ജോർജ്, ലെഫ്. പ്രൊഫ റെയ്സൺ സാം രാജു, പ്രൊഫ. ആഗ്നേയ് ജി കെ എന്നിവർ നാക്കിന്റെ വിവിധ കമ്മറ്റികളുടെ കൺവീനേഴ്സായി പ്രവർത്തിച്ചു.

കോളേജ് ക്രിസ്തുമസ് കരോൾ: ഈ വർഷത്തെ കോളേജ് കരോൾ 2020 ഡിസംബർ 23 ന് വൈകിട്ട് 6 പിഎം ന് ഓൺലൈൻ ആയി നടത്തുകയുണ്ടായി. കോളേജ് ക്വയർ നേതൃത്വം നൽകിയ കരോൾ സർവീസിൽ കാവുംഭാഗം എബനേസർ മാർത്തോമ്മ ഇടവകവികാരിയും കവിയുമായ റവ. രാജു തോമസ് സന്ദേശം നൽകി. പ്രൊഫ. സോണിയ അന്ന സഖറിയ കൺവീനർ ആയി പ്രവർത്തിച്ചു. കോളേജ് UESI യൂണിറ്റിന്റെ നേതൃത്വത്തിലുള്ള ഓൺലൈൻ കരോൾ സർവീസിൽ 19 ന് ബുധനൂർ സെന്റ് പോൾസ് മാർത്തോമ്മ ചർച്ച് വികാരി റവ. മഞ്ജുനാഥ് സുന്ദർ സന്ദേശം നൽകി. കോളേജ് MTSA യൂണിറ്റിന്റെ ആഭിമുഖ്യത്തിലുള്ള ഓൺലൈൻ കരോൾ സർവീസിൽ ഒമാൻ സോഹ മാർത്തോമ്മ ചർച്ച് ഇടവക വികാരി റവ. പോൾ ജേക്കബ് സന്ദേശം നൽകി. കോളേജ് MGOCSM ന്റെ നേതൃത്വത്തിലുള്ള കരോൾ സർവീസ് 22 ന് മുൻ പ്രിൻസിപ്പൽ ഡോ. ഐസി കെ ജോൺ സന്ദേശം നൽകി.

പൂർവ്വവിദ്യാർത്ഥി സമ്മേളനം: കോളേജ് പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 15 ന് 4 പി.എം മുതൽ പൂർവ്വ വിദ്യാർത്ഥി കുടുംബസംഗമം കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ഓൺലൈനായി സൂം പ്ലാറ്റ്ഫോമിൽ നടത്തുകയുണ്ടായി. പൂർവ്വവിദ്യാർത്ഥിയും കേരള ഹൈക്കോടതി ജഡ്ജിയുമായ ബഹുമാനപ്പെട്ട ജസ്റ്റിസ് കെ ഹരിപാൽ മുഖ്യാതിഥിയായിരുന്നു. കോളേജിന്റെ ആദ്യത്തെ ഓൺലൈൻ അലുമ്നി മീറ്റിംഗ് ആയി പ്രസ്തുത മീറ്റിംഗ് മാറുകയുണ്ടായി. കെമിസ്ട്രി, ഫിസിക്സ്, ഇംഗ്ലീഷ്, ബോട്ടണി, സുവോളജി എന്നീ ഡിപ്പാർട്ട്മെന്റുകളും കൂടാതെ എൻസിസി യൂണിറ്റും തങ്ങളുടെ പൂർവ്വ വിദ്യാർത്ഥിസമ്മേളനം നടത്തി. 1968-71 ഡിഗ്രി ബാച്ച് തങ്ങളുടെ ഗോൾഡൻ ജൂബിലി സംഗമം നടത്തുവാനുള്ള ആലോചന നടന്നുവരുന്നു. പൂർവ്വവിദ്യാർത്ഥി സംഘടനയുടെ വാർഷിക സമ്മേളനം ജനുവരി 26-ന് കോളേജ് സെമിനാർ ഹാളിൽവെച്ച് നടത്തുകയുണ്ടായി. ഫിസിക്സ് ഡിഗ്രി ബാച്ച് അലുമ്നിയും, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജിയിലെ നാനോ സയന്റിസ്റ്റും യുജിസി ബിഎസ്ആർ പ്രൊഫസറുമായ ഡോ. എം.ആർ അനന്ത രാമൻ മുഖ്യാതിഥിയായിരുന്നു. പ്രസ്തുത പ്രോഗ്രാ മിന്റെ ലൈവ് സ്ട്രീമിംങ്ങിൽ അനേകം വിദ്യാർത്ഥികൾ പങ്കെടുത്തു.

കോൺഫറൻസുകളും സെമിനാറുകളും: റിപ്പോർട്ട് വർഷത്തിൽ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ഒരു ഇന്റർനാഷണൽ ലക്ചർ സെഷൻ ഓൺലൈനായി കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിലുമായി ചേർന്ന് നടത്തി. യൂണിവേഴ്സിറ്റി ഓഫ് ബ്രിട്ടീഷ് കൊളംബിയയിലെ In Search of Fearlessness Research Institution ന്റെ സ്ഥാപക ഡയറക്ടർ ഡോ. ആർ മൈക്കിൾ ഫിഷർ പ്രസ്തുത ലക്ചർ സെഷൻ ഉദ്ഘാടനം നടത്തുകയും ഡോ. എ.വി വർഗീസ് മെമ്മോറിയൽ പ്രഭാഷണവും നടത്തി. കൂടാതെ പൂനെയിലുള്ള WISE ന്റെ ഡയറക്ടർ ജി എം പിള്ള ഐഎഎസ്, ട്രിച്ചി നാഷണൽ കോളേജിന്റെ വൈസ് പ്രിൻസിപ്പൽ ഡോ. ഡി.ഇ ബെനറ്റ് എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു. Understanding Energy Humanities എന്ന വിഷയത്തെ ആസ്പദമാക്കി ഓൺലൈൻ ലെക്ചർ സീരീസ് നടത്തുകയുണ്ടായി. Prof. Stephanie Le Menager, University of Oregon-20, Dr. Swaralipi Nandi, Loyola College, Secunderabad എന്നിവർ ക്ലാസുകൾ നയിച്ചു.

മലയാള വിഭാഗം, പി.എൻ. പണിക്കർ മെമ്മോറിയൽ പ്രഭാഷണം, പ്രൊഫ. സുഗതകുമാരി അനുസ്മരണ പ്രഭാഷണം, ശ്രീ അനിൽ പനച്ചൂരാൻ മെമ്മോറിയൽ പ്രഭാഷണവും നടത്തി.

ഗണിതശാസ്ത്ര വിഭാഗം Online National Lecture Series, International Workshop on Linear Algebra, Research Oriented Lecture Series എന്നിവ സംഘടപ്പിച്ചു. ഡോ. എസ് അറുമുഖം, ഡയറക്ടർ, National Centre for Advanced Research in Discrete Mathematics, Kalasalingam University, Sri Shinoj K M, Asst. Professor, St. Joseph's College, Devagiri; Dr. Sumesh K, IIT Madras; Dr. Gayatri Varma, ISI, Delhi; Dr.Arundhathi Krishnan, Ireland; Dr. Gopinath Sahoo, UP; Dr. Indulal G, St. Aloysius College, Edathua എന്നിവർ വിവിധ പ്രോഗ്രാമുകളിൽ ക്ലാസുകൾ നയിച്ചു. പ്രൊഫ. സി കൊച്ചുമ്മൻ എൻഡോവ്മെന്റ് സ്മാരക പ്രഭാഷണം കൊച്ചിൻ യൂണിവേഴ്സിറ്റി അസി. പ്രൊഫ. ഡോ. അപർണ ലക്ഷ്മണൻ നിർവ്വഹിച്ചു.

ഫിസിക്സ് വിഭാഗം നടത്തിയ പഞ്ചദിന International Physics Colloquia എംജി യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ ബഹുമാനപ്പെട്ട പ്രൊഫ. (ഡോ.) സാബു തോമസ് സാർ ഉദ്ഘാടനം ചെയ്തു. Isral, Ariel University Prof. Alex Schechter; IIT Kanpur se Dr. Nitin Mohan, IIT Delhi bnse Dr. S Sandeep, New Zealand, University of Auckland se Dr. Reju Sam John, NIIT Karnataka bnse Dr. Y Sreenath എന്നിവർ ക്ലാസുകൾ നയിച്ചു. കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ സ്പോൺസർ ചെയ്തു. ആറു ദിവസത്തെ ""Erudite Scholar-In-Residence Programme" ഓൺലൈൻ ആയി നടത്തി. സിംഗപ്പൂർ Nanyang Technological യൂണിവേഴ്സിറ്റിയിലെ ഡോ. രാജു വി രാമാനുജനും മാഞ്ചസ്റ്റർ യൂണിവേഴ്സിറ്റിയിലെ ഡോ. രാഹുൽ എൻ നായരും ക്ലാസുകൾ നയിച്ചു. കൊച്ചിൻ യൂണിവേഴ്സിറ്റി UGC BSR Prof. Dr. M R Anantharaman മോഡറേറ്റർ ആയി പ്രവർത്തിച്ചു. മുംബൈ IIT യുമായി ചേർന്ന് പഞ്ചദിന "Latex" ലുള്ള ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാമും, ഡെറാഡൂണിലെ Indian Institute of Remote Sensing (IIRS-ISRO) യുടെ Outreach പ്രോഗ്രാമും നടത്തി. കെമിസ്ട്രി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ "Future Materials and Molecules (ISFM2-2020)" എന്ന മുഖ്യ വിഷയത്തോടുകൂടി സംഘടിപ്പിച്ച International Symposium ബെൽജിയം Leuven University Prof. John Mactens ഉദ്ഘാടനം ചെയ്തു. 9 രാജ്യങ്ങളിൽ നിന്നായി താഴെ പ്പറയുന്ന ശാസ്ത്രജ്ഞർ ക്ലാസുകൾ നയിച്ചു.

Prof. C P Vinod, NCL Pune; Dr. Patricia Marr, Queens University UK; Prof. T G Gopakumar, IIT Kanpur; Prof. Jin Won Seo, Belgium; Prof. Paolo Pescarmona, Netherlands; Dr. Ana Martin Calvo, Spain; Dr. Erwin Reichel Johannes, Australia; Dr. Damjan Lasic Juekoric, Sloveria; Dr. Gino, Belgium; Dr. Alysson F, Brazil;Ms. Baebara Thijs, Belgium; Mr. Sudey Verma, UK; Mr. Niels Ostgn, Belgium; Mr. Vasco Antonio, Portugal.

ദേശീയ സയൻസ് ദിനത്തോടനുബന്ധിച്ച് നടത്തിയ പ്രോഗ്രാമിൽ Seychelless Bureau of Standards, Deputy CEO Dr. Sreekala Nair ക്ലാസുകൾ നയിച്ചു. ഒന്നാം വർഷ ബിരുദ, ബിരുദാനന്തര കുട്ടികൾക്കുവേണ്ടി സംഘടിപ്പിച്ച ഓറിയന്റേഷൻ പ്രോഗ്രാമിൽ ഡോ. മോട്ടി സഖറിയ മുഖ്യാതിഥിയും ഡിപ്പാർട്ട്മെന്റ് അലൂമ്നി അംഗങ്ങളായ അല്വിൻ തോംസൺ ജോസും, ഷിന്റു വർഗീസും ക്ലാസുകൾ നയിച്ചു. മുംബൈ IIT യുമായി ചേർന്ന് "R Programming' ലുള്ള സപ്തദിന ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാമും, ശാന്തി സ്വരൂപ് ഭട്നഗർ അവാർഡ് ജേതാവ് Prof. Dr. George Thomas, IISER മുഖ്യാതിഥിയുമായുള്ള ഡിപ്പാർട്ട്മെന്റ് അലൂമ്നി മീറ്റിംഗ് ഉം സംഘടിപ്പിച്ചു. 23-ാമത് പ്രൊഫ. അച്ചൻകുഞ്ഞ് മെമ്മോറിയൽ പ്രഭാഷണത്തിൽ തിരുവനന്തപുരം വി എസ് എസ് സി റിട്ടയേർഡ് സയന്റിസ്റ്റ് ഡോ. കെ എൻ നൈനാൻ മുഖ്യാതിഥി ആയിരുന്നു.

ബോട്ടണി, സുവോളജി, ചരിത്രം, കോമേഴ്സ്, പൊളിറ്റിക്കൽ സയൻസ്, കായികവിഭാഗം എന്നീ ഡിപ്പാർട്ട്മെന്റുകളും ശില്പശാലകൾ സംഘടിപ്പിക്കുകയുണ്ടായി.

ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റ് ഒന്നാമത് നാഷണൽ ലെക്ചർ സീരീസ്സ് മൂന്നു ദിവസമായി നടത്തി. കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ ഡോ വി. കെ. രാമചന്ദ്രൻ, ചെന്നൈ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി പ്രൊഫ. ഡോ. എം. സുരേഷ് ബാബു, ബാംഗ്ലൂരിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ & ഇക്കണോ

മിക് ചെയ്ഞ്ച്, അസി.പ്രൊഫ. ഡോ. മാർച്ചാംഗ് എന്നിവർ ദി ഇംപാക്ട് ഓഫ് കോവിഡ് 19 ഓൺ മാക്രോ ഇക്കണോമിക്സ് എന്ന വിഷയത്തെ അധികരിച്ച് ക്ലാസ്സുകൾ നയിച്ചു. കൂടാതെ അങ്കമാലി ഡി പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജിയിലെ ഡോ. കെ.പി. മാണിയും ചങ്ങനാശേരി എസ് ബി കോളേജ് മുൻ അദ്ധ്യാപകൻ ഡോ. എം.പി. ഫിലിപ് എന്നിവർ ഗവേഷണ, ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികൾക്കുവേണ്ടി ക്ലാസുകൾ നയിച്ചു. 24-ാമത് വാർഷിക പ്രഭാഷണം നോയിഡയിലെ വി.വി. ഗിരി നാഷണൽ ലേബർ ഇൻസ്റ്റിറ്റ്യൂട്ടിലെ സീനിയർ ഫെലോ ഡോ. എസ്. കെ. ശശികുമാർ നിർവഹിച്ചു.

വാർഷിക ക്യാമ്പുകൾ: എൻ.എസ്.എസ്. സപ്തദിന വെർചൽ ക്യാമ്പ് 2021 ജനുവരി 25 മുതൽ 31 വരെ നടന്നു. ബ്രെയിൻസ് ട്രസ്റ്റ് വാർഷിക ക്യാമ്പ് 2021 മാർച്ച് 27 ന് കോളേജ് സെമിനാർ ഹാളിൽവെച്ച് നടന്നു. സാമൂഹിക അകലം പാലിച്ച് ഒരു എൻസിസി ക്യാമ്പും കോളേജിൽ വെച്ച് നടന്നു. എംടിഎസ്എ ഒരു ഏകദിന ക്യാമ്പ് 2021 മാർച്ച് 13 ന് കോളേജ് സെമിനാർ ഹാളിൽവെച്ച് നടത്തി.

പബ്ലിക്കേഷൻസ്, അവാർഡുകളും ബഹുമതികളും: വിവിധ ഡിപ്പാർട്ട്മെന്റിലെ അദ്ധ്യാപകരായ ആൻ മേരി രാജു, റ്റീന റ്റി എലിസബേത്ത്, ഡോ. ഷൈനി തോമസ്, ഡോ. നോബിൾ പി ഏബ്രഹാം, ഡോ. നീമ ആനി മംഗലം, ഡോ. നീത എൻ നായർ, സോണിയ അന്ന സഖറിയ, ഡോ. അനിത ജോസ്, ഡോ. ജേക്കബ് തോമസ്, ഡോ. ദീപു എ, ലതാ പി ചെറിയാൻ, ഡോ. രാജു കെ തോമസ് & ലഫ്റ്റനന്റ് റെയിസൺ സാം രാജു തുടങ്ങിയവർ ഗവേഷണ പേപ്പറുകൾ പ്രസിദ്ധീകരിക്കുകയുണ്ടായി.

മലയാളം വിഭാഗം മേധാവി ഡോ. ഷൈനി തോമസ് ബിയോണ്ട് ദി ടെയ്ൽ എന്ന നോവലും; അഞ്ചു കവിതകൾ മലയാള കവിത 2021 എന്ന പുസ്തകത്തിലുമായി പ്രസിദ്ധീകരിച്ചു. ഡോ. ഷൈനി തോമസിന് ദേശീയ മലയാള വേദിയുടെ 2020 ലെ സംസ്ഥാന സാഹിത്യ പുരസ്കാരവും, ബുക്ക് കഫേ പബ്ലിക്കേഷൻസ് കവിതകൾക്കായി ഏർപ്പെടുത്തിയിട്ടുള്ള കവിതാ പുരസ്കാരവും ലഭിച്ചു. പ്രൊഫ. മനേഷ് ജേക്കബ്ന് മഹാത്മാഗാന്ധി സർവ്വകലാശാലയിലെ മികച്ച എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർക്കുള്ള പ്രശംസാ പത്രവും, കോട്ടയം എൻസിസി ഗ്രൂപ്പിൽനിന്നും ലഫ്റ്റനന്റ് റെയ്സൺ സാം രാജുവിന് മികച്ച അസോസിയേറ്റ് എൻസിസി ഓഫീസറായി മൂന്നാം പ്രാവശ്യവും പ്രശംസാപത്രം ലഭിച്ചു. ഫിസിക്സ് വിഭാഗം ഗസ്റ്റ് അദ്ധ്യാപകനായ ഡോ. അരുൺ വിനോദിന് ആസ്ട്രേലിയൻ ഗവൺമെന്റിന്റെ സസ്പെൻഷൻ പ്രിപ്പയിറിംഗ് മെഥേഡ് ഫോർ അപ്ലയിംഗ് കോംപസിറ്റ് ഫിലിം എന്നതിൽ ഇന്നവേഷൻ പേറ്റന്റും കെമിസിട്രി വിഭാഗം അദ്ധ്യാപികയായ ഡോ. റീനാമോൾ ജി ഇൻഡ്യൻ അക്കാഡമി ഓഫ് സയൻസിന്റെ സമ്മർ റിസേർച്ച് ഫെലോഷിപ്പും ലഭിച്ചു.

ഡോ. കെസിയ മേരി ഫിലിപ്പ്, ഡോ. നോബിൾ പി ഏബ്രഹാം, ഡോ. ഷാരോൺ അച്ചാമ്മ ഏബ്രഹാം, ഡോ. ജോസ്മിൻ പി ജോസ്, ഡോ. നീത എൻ നായർ, പ്രൊഫ. ലതാ പി ചെറിയാൻ, അനൂപ് കോശി ജോർജ്ജ്, സോണി അച്ചാമ്മ തോമസ്, ലഫ്റ്റനന്റ് റെയ്സൺ സാം രാജു തുടങ്ങിയവർ വിവിധ വെബിനാറുകളിൽ പങ്കെടുത്ത് പ്രഭാഷണങ്ങൾ നടത്തുകയുണ്ടായി.

ബോട്ടണി വിഭാഗം അദ്ധ്യാപകനായ ഡോ. ജേക്കബ് തോമസ് എറണാകുളം തട്ടേക്കാട് പക്ഷി സംരക്ഷണ കേന്ദ്രത്തിലെ വിവിധ ഫംഗസുകളുടെ പഠനവുമായി 22 ലക്ഷം രൂപയുടെ മേജർ പ്രോജക്ട് നടത്തിവരുന്നു.

ഡോ. നോബിൾ പി ഏബ്രഹാം (ഫിസിക്സ്) കേരള ടീച്ചേഴ്സ് അക്കാഡമി ഓഫ് ഫിസിക്സിന്റെ ഒഫിഷ്യൽ പബ്ലിക്കേഷനുകളുടെ അസോസ്സിയേറ്റ് എഡിറ്ററായും, ഡോ. രാജു തോമസ് (സുവോളജി) തട്ടേക്കാട് പക്ഷി സംരക്ഷണ കേന്ദ്രത്തിലെ കൺസൾട്ടന്റും, കേരള ബയോ ഡൈവേഴ്സിറ്റി പത്തനംതിട്ട ഡിസ്ട്രിക്ട് ബോർഡ് അംഗമായും പ്രവർത്തിക്കുന്നു.

ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗം മേധാവി ഡോ. നിജി എ ജെ, ട്രിച്ചൂറിൽവെച്ച് നടന്ന ആൾ കേരള മാസ്റ്റേഴ്സ് മീറ്റിൽ ബാഡ്മിന്റണിലും, ടെന്നിസിലും റണ്ണർ അപ് പദവി നേടുകയും ചെയ്തു. കോളേജ് വനിത ഹോക്കി ടീം എറണാകുളം ഹോക്കി അസോസിയേഷൻ നടത്തിയ ആൾ കേരള 5-എ സൈഡ് ഹോക്കി ടൂർണമെന്റ് ിൽ ചാമ്പ്യൻസ് നേടുകയുണ്ടായി. കേരള ടീം ഹോക്കി ജൂനിയർ കേരള ഗേൾസിന്റെ 14 ദിവസം നീണ്ട ക്യാമ്പ് കോളേജിൽവെച്ച് നടത്തുകയുണ്ടായി.

റിട്ടയർമെന്റ്: പൊളിറ്റിക്കൽ സയൻസ് വിഭാഗം മേധാവി ഡോ. മോഹൻ വർഗീസ്, കെമിസ്ട്രി വിഭാഗം മേധാവി ഡോ. കോശി ജോൺ എന്നിവർ ദീർഘ വർഷത്തെ സേവനത്തിൽനിന്നും വിരമിച്ചു. കൂടാതെ കോളേജ് ലൈബ്രേറിയൻ ശ്രീ. സാജൻ വറുഗീസ് 30.09.2021 ലും, കോളേജ് ഹെഡ് അക്കൗണ്ടന്റ് ശ്രീ. ജോൺ മാത്യു 31.12.2021 ലും സ്തുത്യർഹമായ സേവനത്തിൽനിന്നും വിരമിക്കും.

അനുശോചനം: കോളേജിന്റെ മാനേജരായി ദീർഘകാലം സേവനം അനുഷ്ഠിച്ചിരുന്ന മാർത്തോമ്മാ സഭയുടെ പരമാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ ഓർമ്മകൾക്ക് മുമ്പിൽ പ്രണാമം അർപ്പിക്കുന്നു. ശ്രീ. എം. എം. തോമസ് (കുഞ്ഞൂച്ചായൻ)ന്റെ വേർപാട് കലാലയത്തെ ദുഃഖത്തിലാഴ്ത്തി. കോളേജിലെ മുൻ അദ്ധ്യാപകനായിരുന്ന പ്രൊഫ. പി എസ് ജോർജ്, ഓഫീസിൽ ക്ലാർക്കായിരുന്ന ശ്രീ. ജോർജുകുട്ടി പി ജെ, ലാബിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. ടി വി വർഗീസ്, അലുമ്നി അംഗമായിരുന്ന പ്രൊഫ. എം എ മാത്യു എന്നിവരുടെ വേർപാടിൽ കലാലയം അനുശോചനം രേഖപ്പെടുത്തുന്നു. കോളേജിലെ മുൻ ഗവേണിംഗ് കൗൺസിൽ അംഗമായിരുന്ന പ്രൊഫ. എസ് ഏബ്രഹാം, പൂർവ്വ വിദ്യാർത്ഥികളായ ശ്രീ. വർഗീസ് മാത്യു (75-80 സന്തോഷ് ട്രോഫി കായികതാരം), ശ്രീ. എം ആർ ചന്ദ്രൻ (67-72/യൂണിവേഴ്സിറ്റി ക്യാപ്റ്റൻ/റിസർവ്വ് ബാങ്ക് കായിക താരം), ശ്രീ. തോമസ് വർഗീസ് (സന്തോഷ് ട്രോഫി കായികതാരം) എന്നിവരുടെ വേർപാടിലുള്ള അഗാധമായ ദുഃഖവും അനുശോചനവും അറിയിക്കുന്നു.

അനുസ്മരണ സമ്മേളനം: അഭിവന്ദ്യ ഡോ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായെ അനുസ്മരിച്ചുകൊണ്ട് 2020 ഒക്ടോബർ 20-ന് നടന്ന ഓൺലൈൻ അനുസ്മരണ സമ്മേളനത്തിൽ അനുശോചന പ്രമേയം അവതരിപ്പിക്കുകയും സഫ്രഗൻ മെത്രാപ്പോലീത്തായ്ക്കും സഭാ ഓഫീസിലേക്കും പ്രമേയം അയയ്ക്കുകയും ചെയ്തു. കോളേജ് ട്രഷറർ ഡോ. കെ ടി ഫിലിപ്, അനദ്ധ്യാപകരുടെ പ്രതിനിധി ശ്രീ. ജോൺ മാത്യു, ലൈബ്രേറിയൻ ശ്രീ. സാജൻ വർഗീസ് എന്നിവരും വകുപ്പുമേധാവികളും മെത്രാപ്പോലീത്താ തിരുമേനിയെക്കുറിച്ചുള്ള ഓർമ്മകൾ പങ്കുവെയ്ക്കുകയുണ്ടായി.

69-ാമത് കോളേജ് ഡേ: മാർത്തോമ്മാ കോളേജിന്റെ 69-ാമത് കോളേജ് ഡേ 2021 മാർച്ച് 30 ന് നടത്തുകയുണ്ടായി. മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ പരമാധ്യക്ഷനായി ചുമതലയേറ്റെടുത്ത അഭിവന്ദ്യ ഡോ. തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായെ യോഗത്തിൽ ആദരിച്ചു. കോളേജ് മാനേജർ അഭിവന്ദ്യ ഡോ. യൂയാക്കീം മാർ കൂറിലോസ് എപ്പിസ്കോപ്പ യോഗത്തിന് അധ്യക്ഷത വഹിച്ചു.

പ്രതിസന്ധികളുടെയും അനിശ്ചിതത്വത്തിന്റെയും മദ്ധ്യത്തിലും ഒരു അദ്ധ്യയനവർഷംകൂടി വിജയകരമായി പിന്നിട്ട് തിരുവല്ല മാർത്തോമ്മാ കോളേജ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുരോഗതിയുടെ പടവുകൾ കയറി. ഓഫ്ലൈനിലും ഓൺലൈനിലുമാണ് പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ 2020-21 വർഷത്തിൽ കോളേജ് നടത്തിയത്. കോളേജിന്റെ പ്രവർത്തനങ്ങളിൽ സർവ്വാത്മനാ സഹായങ്ങൾ നല്കിയ ഏവരോടുമുള്ള കൃതജ്ഞതയർപ്പിക്കുന്നു. സപ്തതിയുടെ നിറവിലെത്തിയ മാർത്തോമ്മാ കോളേജ് ക്രിയാത്മകമായ വിവിധ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

മാർത്തോമ്മാ സഭയുടെ പരമാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. തിയോഡോഷ്യസ് മാർത്തോമ്മ മെത്രാപ്പോലീത്തയോടുള്ള അകൈതവമായ നന്ദി ഈ അവസരത്തിൽ അർപ്പിക്കുന്നു. മാർത്തോമ്മാ സഭ നൽകുന്ന സ്നേഹവും സഹകരണവുമാണ് ഈ കലാലയത്തിന്റെ കരുത്ത്. കോളേജ് മാനേജരായിരിക്കുന്ന അഭിവന്ദ്യ ഡോ. യൂയാക്കീം മാർ കൂറിലോസ് തിരുമേനി നൽകുന്നു.

8.A.2. സെന്റ് തോമസ് കോളജ്, കോഴഞ്ചേരി

മദ്ധ്യതിരുവിതാംകൂറിന്റെ പ്രത്യേകിച്ച് കിഴക്കൻമേഖലയുടെ ഉന്നതവിദ്യാഭ്യാസം ലക്ഷ്യമാക്കി, 1953 ൽ ഒരു പ്രീയൂണിവേഴ്സിറ്റി കോഴ്സുമായി പ്രവർത്തനം ആരംഭിച്ച കോഴഞ്ചേരി സെന്റ് തോമസ് കോളജ് കഴിഞ്ഞ 68 വർഷത്തിടയിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് നാക് എ (NAAC A) അക്രഡിറ്റേഷനോടുകൂടി മികച്ച സ്ഥാനത്താണ് നിലകൊള്ളുന്നത്. 15 ബിരുദ കോഴ്സുകളും 10 ബിരുദാനന്തരബിരുദ കോഴ്സുകളും 5 റിസേർച്ച് ഡിപ്പാർട്ടുമെന്റുകളുമായി പ്രവർത്തനം തുടരുന്നു.

ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ മാനേജറായും ഡോ. റോയി ജോർജ്ജ് കെ പ്രിൻസിപ്പളായും പ്രൊഫ. ഐസക് ഏബ്രാഹാം ട്രഷറാറായും സേവനമനുഷ്ഠിക്കുന്നു.

കോഴ്സുകൾ: 2020-2021 വർഷത്തിൽ പുതിയതായി ആരംഭിച്ച സ്റ്റാറ്റിസ്റ്റിക്സ് ഉൾപ്പടെ നിലവിൽ 10 ബിരുദാനന്തര ബിരുദ കോഴ്സുകളും സ്വാശ്രയ മേഖലയിലെ മൂന്ന് കോഴ്സുകൾ ഉൾപ്പടെ 15 ബിരുദ കോഴ്സുകളുമുണ്ട്. ഇതോടൊപ്പം ഗവേഷണ അഞ്ച് വിഭാഗങ്ങളും പ്രവർത്തിക്കുന്നു.

ഡിഗ്രി (ക്രെഡിറ്റ് & സെമസ്റ്റർ സിസ്റ്റം): ബി. എ. (ഇംഗ്ലീഷ്, മലയാളം, ഹിന്ദി, ഇക്കണോമിക്സ്, ഹിസ്റ്ററി), ബി.എസ്.സി (മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി, ബി. കോം. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബി. കോം. ഫിനാൻസ് & ടാക്സേഷൻ, ബിഎസ്.സി കമ്പ്യൂട്ടർ സയൻസ്, ബിബിഎ, ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (സ്വാശ്രയം)

ബിരുദാനന്തര ബിരുദം: എം.എ (ഇംഗ്ലീഷ്, മലയാളം, ഇക്കണോമിക്സ്), എം.എസ്.സി (മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി, സ്റ്റാറ്റിസ്റ്റിക്സ്), എം.കോം ഫിനാൻഷ്യൽ മാനേജ്മെന്റ്

ഗവേഷണ വകുപ്പുകൾ: സുവോളജി, കൊമേഴ്സ്, ഫിസിക്സ്, ബോട്ടണി, ഇംഗ്ലീഷ്)

ഡിപ്ലോമ/ഷോർട്ട്-ടേം കോഴ്സുകൾ: ജേർണ്ണലിസം, കമ്പ്യൂട്ടർ മെയിന്റൻസ്, ഡിപ്ലോമ ഇൻ ജി.എസ്.ടി, റ്റാലി വിത്ത് എസ്.എ.പി, പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ റ്റാക്സേഷൻ, സർട്ടിഫിക്കറ്റ് കോഴ്സ് ഓൺ നാനോ സയൻസ്, സി.എം.എ -യു.എസ്- എന്നീ കോഴ്സുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിവിധ കരാറിൽ ഒപ്പിട്ടു.

പരീക്ഷാഫലം

ബിരുദതലം: ഭാഷ വിഭാഗം - 58.9%, വാണിജ്യവിഭാഗം - 79.22%, ശാസ്ത്രവിഭാഗം - 65%, സാമൂഹ്യശാസ്ത്രവിഭാഗം -44%

ബിരുദാനന്തര ബിരുദതലം: ഭാഷ വിഭാഗം - 70.85%, വാണിജ്യവിഭാഗം - 70.80%, ശാസ്ത്രവിഭാഗം - 62%, സാമൂഹ്യശാസ്ത്രവിഭാഗം - 80%.

അക്കാദമിക നേട്ടങ്ങൾ: ബി.എ. മലയാള വിഭാഗത്തിൽ ആദ്യ രാജൻ, ബി.കോം. വിഭാഗത്തിൽ ഐശ്വര്യ തുളസീധരൻ, അനു മോഹൻ, ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ ജിൻസാ ജോയി, എം.എ. ഇക്കണോമിക്സ് വിഭാഗത്തിൽ സ്നേഹ മെറിൻ ഡെയ്സൺ എന്നിവർ യൂണിവേഴ്സിറ്റി റാങ്കുകൾ കരസ്ഥമാക്കി.

ഗവേഷണ ബിരുദം നേടിയവർ: അദ്ധ്യാപക വിഭാഗത്തിൽ ഡോ. എലിസബേത്ത് ജോൺ (ഇംഗ്ലീഷ്), ഡോ. ലിബൂസ് ജേക്കബ് എബ്രഹാം (മലയാളം), ഡോ. നിനു തോമസ് (സുവോളജി) എന്നിവർ ഗവേഷണ ബിരുദം നേടി. കൂടാതെ ഡോ എലിസബേത്ത് ജോൺ, ഡോ. നിനു തോമസ്, ഡോ. നീതു മേരി ടോമി, ഡോ. സ്നേഹ ഏലി ജേക്കബ്, ഡോ. റോണി ജെയ്ൻ രാജു, ഡോ. സനീഷ് കുമാർ, ഡോ. റോസ് തോമസ് എന്നിവർ നമ്മുടെ കോളജിലെ വിവിധ ഗവേഷണ വിഭാഗത്തിൽ നിന്നും ഡോക്ടറൽ ബിരുദം ലഭിച്ചവരിൽ ഉൾപ്പെടുന്നു. ഇവരുടെ ഗവേഷണ മാർഗ്ഗദർശികളായി പ്രവർത്തിച്ച ഡോ. ബെൻസൺ കുഞ്ഞുകുഞ്ഞ്, ഡോ. നെൽസൺ പി. എബ്രഹാം, ഡോ. ഫിലിപ്പ് വർഗീസ് പോരട്ടൂർ, ഡോ. റോഷിൻ ജോർജ്ജ്, ഡോ. ആഷ സൂസൻ ജേക്കബ് എന്നിവരെ അനുമോദിക്കുന്നു.

68-ാം സ്ഥാപകദിന സ്തോത്രശുശ്രൂഷയും സമ്മേളനവും 2021 ജൂൺ 26 ന് നടന്നു. അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പയുടെ അദ്ധ്യക്ഷതയിൽ ഓൺലൈൻ മാധ്യമത്തിലൂടെ നടന്നു. ശ്രീ. ജോണി ടോം വർഗീസ് ഐ.എ.എസ്. സ്ഥാപകദിന സന്ദേശം നൽകി.

അദ്ധ്യയനരംഗത്ത് കോളജ് സമുന്നതമായ നിലവാരം പുലർത്തുന്നു. കലാകായിക മത്സരരംഗങ്ങളിലും പ്രശസ്തമായ നേട്ടങ്ങൾ കൈവരിച്ചു. കോളജ് യൂണിയൻ, നാഷണൽ സർവ്വീസ് സ്കിം, എൻ.സി.സി. എന്നിവയുടെ ആഭിമുഖ്യത്തിലുള്ള വിവിധ പരിപാടികളിൽ വിദ്യാർത്ഥികൾ ഉത്സാഹപൂർവ്വം പങ്കെടുക്കുന്നു. യുണൈറ്റഡ് നേഷൻസ് അക്കാദമിക് ഇംപാക്ട് & ആസ്പെയർ അംഗത്വം, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ, ഈക്വൽ ഓപ്പർച്യൂണിറ്റി സെന്റർ, ആന്റി റാഗിംഗ് സെൽ, വിമൻസ് സ്റ്റഡീസ് സെന്റർ, വിമൻസ് സെൽ, ബ്രെയിൻസ് ട്രസ്റ്റ്, ഇക്കോ ക്ലബ്, ടൂറിസം ക്ലബ് തുടങ്ങിയവയും അതതു മേഖലകളിൽ കർമ്മനിരതമാണ്.

ഗവേഷണരംഗത്ത് ഒരു നൂതന കാൽവെപ്പായി കോളജിലെ എല്ലാ ക്ലാസുകളിൽ നിന്നും സമർത്ഥരായ ഗവേഷണ തൽപരരായ വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് ഗവേഷണത്തിന് വേണ്ട അഭിരുചി ക്ലാസുകൾ നടത്തുന്നതിനും ഗവേഷണത്തിലേക്ക് നയിക്കുന്നതിനുമായി റിസേർച്ച് ബാച്ചുകൾ ആരംഭിച്ചു.

സ്റ്റുഡന്റ്സ് ക്രിസ്ത്യൻ മൂവ്മെന്റ് ഓഫ് ഇന്ത്യ, മാർത്തോമ്മാ സ്റ്റുഡൻസ് അസോസിയേഷൻ, ഇവാഞ്ചലിക്കൽ യൂണിയൻ എന്നിവ ആരാധനയ്ക്കും വേദപഠനത്തിനും ചർച്ചകൾക്കുമായി ക്രമമായി സമ്മേളിക്കുന്നു. മധ്യാഹ്നവേളകളിൽ പ്രാർത്ഥനാഗ്രൂപ്പുകൾ കൂടുന്നുണ്ട്. ക്രിസ്തീയ മൂല്യങ്ങൾ പരിരക്ഷിക്കുന്നതിനും സംവേദനം ചെയ്യുന്നതിനും ഈ ഗ്രൂപ്പുകൾ ഏറെ ഉപകരിക്കുന്നു. വ്യക്തിഗത കൗൺസിലിംഗ്, അക്കാദമിക് കൗൺസിലിംഗ്, കരിയർ ഗൈഡൻസ്, യൂ.ജി.സി. നെറ്റ് കോച്ചിംഗ്, മത്സരപരീക്ഷകൾക്കുള്ള ക്ലാസുകൾ, ട്യൂട്ടോറിയൽ ഗ്രൂപ്പുകൾ എന്നിവ സംഘടിപ്പിച്ച് പഠനത്തിൽ പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.

അനേകം പൂർവ്വവിദ്യാർത്ഥികൾ സഭയുടെ വൈദീക ശുശ്രൂഷയിൽ പ്രവർത്തിക്കുന്നു എന്നത് അഭിമാനകരമാണ്. കോളജ് അലുമ്നി ചാപ്റ്ററുകൾ അമേരിക്ക, മലേഷ്യ, ഗൾഫ് മേഖലകളിൽ സജീവമായി പ്രവർത്തിക്കുന്നു. പി.റ്റി.എയുടെ ആഭിമുഖ്യത്തിൽ ഉച്ചഭക്ഷണ പദ്ധതിയിലൂടെ ദിവസവും നൂറിലധികം വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം സൗജന്യമായി നൽകുന്നു. ക്ലാസുകൾ ഓൺലൈൻ രീതിയിൽ നടന്നുവരുന്നു.

വനിത ഹോസ്റ്റലുകളിൽ നൂറ് വിദ്യാർത്ഥിനികൾക്കു താമസ സൗകര്യമുണ്ട്. സുവോളജി ലൈഫ് സയൻസ് ബ്ലോക്ക്, കെമിസ്ട്രി ബ്ലോക്ക്, സ്പോർട്സ് ഹോസ്റ്റൽ, കാന്റീൻ എന്നിവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി. റൂസ ഫണ്ട് ഉപയോഗിച്ച് 1 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളും ഓഡിറ്റോറിയത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.

അദ്ധ്യാപക- അനദ്ധ്യാപക, രക്ഷാകർത്തൃ സമിതിയുടെയും, പൂർവ്വവിദ്യാർത്ഥി സംഘത്തിന്റെയും ആത്മാർത്ഥമായ സഹകരണം വിവിധ പ്രവർത്തനങ്ങൾക്ക് ലഭിക്കുന്നുണ്ട്. പോസ്റ്റ് ഓഫീസ്, കോ ഓപ്പറേറ്റീവ് സൊസൈറ്റി, കോ ഓപ്പറേറ്റീവ് സ്റ്റോർ എന്നിവ ക്യാമ്പസിൽ പ്രവർത്തിക്കുന്നു.

കോളജിന്റെ അക്രഡിറ്റഡ് ഗവേഷണ ജേർണ്ണൽ REYONO' ക്രമമായി പ്രസിദ്ധീകരിച്ചുവരുന്നു.

ഇംഗ്ലീഷ്, മലയാളം, ഹിന്ദി, ഹിസ്റ്ററി, ഇക്കണോമിക്സ്, മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോ

ളജി, സ്റ്റാറ്റിസ്റ്റിക്സ്, കൊമേഴ്സ് ഡിപ്പാർട്ടമെന്റുകൾ വിവിധ വിഷയങ്ങളിൽ അമ്പതോളം വെബിനാറുകൾ നടത്തി.

കോളജ് ക്യാമ്പസ്, ക്ലീൻ ക്യാമ്പസ്-ഗ്രീൻ ക്യാമ്പസായി സൂക്ഷിക്കുന്നതിൽ വിദ്യാർത്ഥികളും അദ്ധ്യാപക അനദ്ധ്യാപക സമൂഹവും പ്രത്യേകം ശ്രദ്ധിക്കുന്നു. പ്രകൃതിരമണീയമായ ഈ ക്യാമ്പസിന്റെ ഹരിതാഭ സൂക്ഷിക്കുന്നതിൽ കലാലയത്തിലെ ഗോ ഗ്രീൻ സാന്തോം ക്ലബ് ജാഗ്രത പുലർത്തുന്നു.

പതിനേഴ് അദ്ധ്യാപകർക്കും നാല് അനദ്ധ്യാപകർക്കും നിയമനംഗീകാരം ലഭിച്ചു. റിപ്പോർട്ട് വർഷത്തിൽ പ്രിൻസിപ്പാൾ ഡോ. മാത്യു പി. ജോണും ഹിന്ദി വിഭാഗം മേധാവി ഡോ. ജെനു മേരി മാത്യൂസും സജീവ സേവനത്തിൽ നിന്നും വിരമിച്ചു.

വിദ്യാർത്ഥികളുടെ ബൗദ്ധികവും ധാർമ്മികവും ആദ്ധ്യാത്മികവുമായ വളർച്ച ലക്ഷ്യമാക്കി, അർത്ഥവത്തായി ഓരോ ചുവടും മുമ്പോട്ടുവയ്ക്കുന്നു.

8.A.3. ക്രിസ്ത്യൻ കോളജ്, ചെങ്ങന്നൂർ

കേരള യൂണിവേഴ്സിറ്റിയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജ് ഉന്നത വിദ്യാഭ്യാസ രംഗത്ത് 58 വർഷങ്ങൾ പിന്നിട്ടു. കോളേജിൽ ഇംഗ്ലീഷ്, എക്കണോമിക്സ്, ഹിസ്റ്ററി, ബി.കോം, മാത്തമാറ്റിക്സ്,. ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി എന്നീ ബിരുദ കോഴ്സുകളും ഇംഗ്ലീഷ്, എക്കണോമിക്സ്, ഫിസിക്സ്, അനലറ്റിക്കൽ കെമിസ്ട്രി, സുവോളജി എന്നീ ബിരുദാനന്തര ബിരുദ കോഴ്സുകളും നടത്തപ്പെടുന്നു.

നൂതനമായ പുതുതലമുറ എയ്ഡഡ് കോഴ്സ് ആയ ബി.ബി.എ. (ബാച്ലർ ഓഫ് ബിസിനസ് അഡ്മിനിസ്ട്രേഷൻ) കോഴ്സിന് കേരള ഗവൺമെന്റ് അനുമതി നൽകി. 2021 മാർച്ച് 22 ന് കോഴ്സ് ആരംഭിച്ചു.

ഈ കലാലയത്തിൽ ആകെ 1260 വിദ്യാർത്ഥികളാണ് ഉള്ളത്. അതിൽ 129 പേർ പി.ജി. വിദ്യാർത്ഥികളും, 1131 പേർ യു.ജി. വിദ്യാർത്ഥികളുമാണ്. 65 അധ്യാപകരും 25 അനധ്യാപക ജീവനക്കാരുമുണ്ട്. അധ്യാപക- വിദ്യാർത്ഥി അനുപാതം യു.ജി.സി, നാക് മാനദണ്ഡമനുസരിച്ച് നിലനിർത്തുന്നു.

യൂണിവേഴ്സിറ്റി പരീക്ഷാഫലം 2020 ൽ (വിജയികളായവർ)

ക്രമ നമ്പർ	പ്രോഗ്രാം പേര്	വിജയശതമാനം
1	ബി.എ. ഇംഗ്ലീഷ്	65
2	ബി.എ. എക്കണോമിക്സ്	31
3	ബി.എ. ഹിസ്റ്ററി	30
4	ബി.കോം	59
5	ബി.എസ്.സി. മാത്തമാറ്റിക്സ്	58
6	ബി.എസ്.സി. ഫിസിക്സ്	54
7	ബി.എസ്.സി. കെമിസ്ട്രി	66
8	ബി.എസ്.സി. ബോട്ടണി	48
9	ബി.എസ്.സി. സുവോളജി	43
1	എം.എ. ഇംഗ്ലീഷ്	71
2	എം.എ. എക്കണോമിക്സ്	47
3	എം.എസ്.സി. ഫിസിക്സ്	92
4	എം.എസ്.സി. അനലറ്റിക്കൽകെമിസ്ട്രി	62
5	എം.എസ്.സി. സുവോളജി	100

ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത അനുശോചന യോഗം: 2020 നവംബർ 11 ന് ഭാഗ്യസ്മരണീയനായ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തയുടെ അനുശോചന സമ്മേളനം ഗൂഗിൾ മീറ്റിലൂടെ നടത്തപ്പെട്ടു. അഭിവന്ദ്യ മാനേജർ തിരുമേനി റൈറ്റ് റവ. തോമസ് മാർ തിമോഥെയോസ് എപ്പിസ്കോപ്പ അധ്യക്ഷനായിരുന്നു. ഡോ. കുഞ്ചെറിയ പി. ഐസക്ക് മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു.

മധ്യ - വേനൽ അവധിക്കു ശേഷം 2020 ജൂൺ 1 - ന് കോളേജ് വീണ്ടും തുറന്നു. കോവിഡ് - 19 പ്രോട്ടോക്കോൾ പാലിച്ചു കൊണ്ട് കലാലയത്തിന്റെ ചതുരാങ്കണത്തിൽ ജനറൽ സ്റ്റാഫ് മീറ്റിംഗ് നടന്നു. റവ. എം.എസ്. ദാനിയേൽ പ്രാരംഭ പ്രാർത്ഥന നടത്തുകയും പ്രിൻസിപ്പൽ പൊതു നിർദേശങ്ങൾ നൽകുകയും ചെയ്തു.

20 മെഗാവോട്ട് സോളാർ ഹാർവെസ്റ്റിംഗ് പ്ലാന്റുകളുടെ കമ്മീഷൻ ചെയ്യൽ: ശ്രീ. കൊടിക്കുന്നിൽ സുരേഷ് എം.പി. യുടെ എം.പി. ലാൻഡ് സ്കീം മുഖാന്തരം നിർമ്മിച്ച 20 മെഗാവോട്ട് സോളാർ പ്ലാന്റുകളുടെ ഉദ്ഘാടനം 2021 ഫെബ്രുവരി 26 ന് നിർവ്വഹിച്ചു.

റ്റി.എം.എ.എം. സ്കോളർഷിപ്പ്: 2021 മാർച്ച് 15 ന് അതാതു ഡിപ്പാർട്ടുമെന്റുകൾ ശുപാർശ ചെയ്തതനുസരിച്ച് അർഹരായ വിദ്യാർത്ഥികൾക്ക് 68,000/ രൂപയുടെ സ്കോളർഷിപ്പ് തോമസ് മാർ അത്താനോസിയോസ് മെമ്മോറിയൽ റിസർച്ച് ആന്റ് ഓറിയന്റേഷൻ സെന്റർ, കോട്ടയം വിതരണം ചെയ്തു.

കോളേജ് കെട്ടിടങ്ങളുടെ പൊതുജന വിനിയോഗം: 2020 മാർച്ച് മുതൽ 2020 ജൂലൈ വരെ നൂറോളം കോവിഡ് രോഗികളെ ചികിത്സിക്കുന്നതിനായുള്ള ഡോക്ടർമാർ, ആരോഗ്യ വകുപ്പ് അംഗങ്ങൾ, വോളന്റിയർമാർ എന്നിവരടങ്ങുന്ന സംഘം കോളേജ് കെട്ടിടത്തിലും ഹോസ്റ്റലിലും താമസിച്ച് പ്രവർത്തനം നടത്തി.

കോളേജിന്റെ കെട്ടിടങ്ങളും സ്ഥലവും അടിയന്തിര ഘട്ടങ്ങളിൽ സർക്കാർ വിവിധ ആവശ്യങ്ങൾക്കായി അനസ്യൂതം ഉപയോഗിച്ചുപോരുന്നു. ആരോഗ്യവകുപ്പ് പൊതു ജനങ്ങൾക്കായി കോളേജ് ആഡിറ്റോറിയത്തിൽ കോവിഡ് വാക്സിനേഷൻ നടത്തി. നിയമസഭാ തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ചുള്ള ക്ലാസ്സുകൾക്കായി കോളേജ് ക്ലാസ്സ് മുറികളും ഉപയോഗപ്പെടുത്തി. വോട്ടിംഗ് സാമഗ്രികളുടെ ശേഖരണ വിതരണകേന്ദ്രമായും ഉപയോഗിക്കുന്നു.

ഫാക്കൽറ്റിയുടെ പ്രസിദ്ധീകരണങ്ങൾ: ഡോ. വിനോയ് തോമസ് - 3, ഡോ. സുനില ഏബ്രഹാം - 6

വിവിധ വകുപ്പുകൾ സംഘടിപ്പിച്ച വെബിനാറുകൾ, ഇംഗ്ലീഷ് -3, സാമ്പത്തിക ശാസ്ത്രവിഭാഗം -2, ചരിത്ര വിഭാഗം - 1, ഗണിത ശാസ്ത്രവിഭാഗം - 2, ഭൗതിക ശാസ്ത്രം - 4, രസതന്ത്രം - 13, സുവോളജി - 3.

പ്രധാന കാര്യപരിപാടികൾ: സർക്കാരിന്റെ വിവിധ 'ബ്രേക്ക് ദ ചെയിൻ' സംരംഭങ്ങളിൽ അധ്യാപകരും വിദ്യാർത്ഥികളും പങ്കെടുത്തു. കെമിസ്ട്രി വിഭാഗം അധ്യാപകരും വിദ്യാർത്ഥികളും, എൻ.എസ്.എസ്. വോളന്റിയേഴ്സ്, കോർഡി നേറ്റർമാർ എന്നിവർ ഇതിൽ ഭാഗമായി.

ഒരു കോവിഡ് പ്രതിരോധ സെൽ രൂപീകരിച്ചു. താപസ്കാനറുകൾ, ഓട്ടോമാറ്റിക് ഹാൻഡ് സാനിട്ടൈസർ എന്നിവ സ്ഥാപിച്ചു.

വിവിധ ബാങ്കുകൾ, JEE മെയിൻസ് എന്നിവയുടെ ഓൺലൈൻ പരീക്ഷകൾ കോളേജ് സെൻട്രൽ കമ്പ്യൂട്ടർ ലബോറട്ടറിയിൽ വച്ച് നടത്തി.

ഇംഗ്ലീഷ് വകുപ്പ്, 2020 ഒക്ടോബർ 28 ന് കോവിഡ് 19ന് ഉള്ള ആഗോള പ്രതികരണം കാർട്ടൂണുകളിൽഎന്ന വിഷയത്തെ ആസ്പദമാക്കി വെബിനാർ സംഘടിപ്പിച്ചു. പ്രശസ്ത കാർട്ടൂണിസ്റ്റ് സുധീർനാഥ് മുഖ്യ അതിഥിയും വിഷയ അവതാരകനുമായിരുന്നു.

മലയാള വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ IQAC യുടെ സഹകരണത്തോടെ 2020 നവംബർ 4 ന് കേരളപ്പിറവി ദിനാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. ബിഷപ്പ് മൂർ കോളേജ് മുൻ പ്രിൻസിപ്പൽ ഡോ. ലീലാമ്മ ജോർജ്ജ് സമ്മേളനം ഉദ്ഘാടനം ചെയ്യുകയും പ്രശസ്ത കവി ശ്രീ. കല്ലറ അജയൻ മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു.

പൂർവ്വ വിദ്യാർത്ഥി സമ്മേളനം:ഒരു ഓൺലൈൻ പൂർവ്വ വിദ്യാർത്ഥി സമ്മേളനം ഗൂഗിൾ മീറ്റിലൂടെ 2020 നവംബർ 14 ന് സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത സമ്മേളനത്തിൽ ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുള്ള പൂർവ്വ വിദ്യാർത്ഥികൾ പങ്കെടുത്തു.

കലാലയത്തിലേക്ക് പുതിയതായി എത്തിച്ചേരുന്ന വിദ്യാർത്ഥികൾക്കായി 2020 നവംബർ 23 ന് ഒരു ഇൻഡക്ഷൻ ആന്റ് ഓറിയന്റേഷൻ പ്രോഗ്രാം നടത്തുകയുണ്ടായി. ഡോ. ഹൈസൺ തോമസ് പരിപാടി ഏകോപിപ്പിക്കുകയും റവ. സാം ലൂക്കോസ് മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു.

IQAC : ഡോ. എ. ഏബ്രഹാം ശ്രീ. എസ്. അനീഷ് എന്നിവരുടെ നേതൃത്വത്തിൽ IQAC പുന:ക്രമീകരിക്കുകയും AQAR സമർപ്പിക്കുന്നതിനായുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്തു.

കലാലയത്തിലെ അധ്യാപകർ ഫണ്ട് സമാഹരിക്കുകയും അർഹരായ വിദ്യാർത്ഥികൾക്കായി മൊബൈൽ ഫോൺ വിതരണം ചെയ്യുകയും ചെയ്തു. കലാലയത്തിന്റെ മാനേജർ അഭിവന്ദ്യ റൈറ്റ് റവ. തോമസ് മാർ തിമോഥെയോസ് എപ്പിസ്കോപ്പ ക്യാമ്പസ് സന്ദർശിക്കുകയും 2020 ജനുവരി 5, 8തീയതികളിലായി യഥാക്രമം അധ്യാപക, അനധ്യാപക ജീവനക്കാരുമായി മുഖാമുഖ സംഭാഷണത്തിൽ ഒത്തു ചേരുകയും ചെയ്തു.

സ്ഥാപന അനുസ്മരണ ദിനം: 2021 ഫെബ്രുവരി 22 ന് ചാപ്പലിൽ റവ. തോമസ് ജോർജ്ജിന്റെ കാർമികത്വത്തിൽ വിശുദ്ധ കുർബ്ബാനഅനുഷ്ഠിച്ചു കൊണ്ട് സ്ഥാപന അനുസ്മരണ ദിനം ആചരിച്ചു.

വെരി റവ.എ. എ. പൈലി മെമ്മോറിയൽ അനുസ്മരണ പ്രഭാഷണം: 2021ഫെബ്രുവരി 22 ന് ഗൂഗിൾ മീറ്റിലൂടെവെരി റവ. എ.എ.പൈലിമെമ്മോറിയൽ അനുസ്മരണ പ്രഭാഷണം നടത്തുകയുണ്ടായി. ഇതിൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ സമിതി വൈസ് - ചാൻസലർ ഡോ. രാജൻ ഗുരുക്കൾ ദേശീയ വിദ്യാഭ്യാസ നയത്തെക്കുറിച്ച് പ്രഭാഷണം നടത്തി. ഡോ. കോശി മത്തായി പരിപാടി ഏകോപിപ്പിച്ചു.

എൻ.എസ്.എസ് നേതൃത്വത്തിൽ: - പ്രോഗ്രാം ഓഫീസർമാർ, സന്നദ്ധ പ്രവർത്തകർ എന്നിവർ സംസ്ഥാന തലത്തിൽ പ്രവർത്തനങ്ങളിൽ പങ്കെടുത്തു, ഓറിയേഷൻ ക്ലാസ്സ്, മയക്കുമരുന്നിനെതിരായ ബോധവത്ക്കരണം, പരിസ്ഥിതിദിനം, അന്താരാഷ്ട്ര യോഗദിനം, എൻ.എസ്.എസ്. ദിനം, കോവിഡ് 19 നെക്കുറിച്ച് വെബിനാർ, ദേശീയ രക്തദാന വെബിനാർ, പെയിന്റിംഗ് മത്സരം,വാർഷിക ക്യാമ്പ് (ഏഴു ദിവസം) കരിയർ വികസന പരിപാടി ഇവ നടത്തി. എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാർ ഡോ. മനോജ് സി. രാജ്, ഡോ.എബിതോമസ് പരിപാടികൾ ഏകോപിപ്പിച്ചു.

ഭൂമിത്ര സേനാ ക്ലബ് :- 2020 21 വർഷത്തെ ക്ലബ് പ്രവർത്തനങ്ങളുടെ ഉദ്ഘാടനം 25.08.2020 ന് നടന്നു. ശ്രീ. ഷാജി കെ. കോമളത്ത് ഉദ്ഘാടനം നടത്തുകയും ശ്രീ. ജോൺ സി. മാത്യു മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു, 2021 മാർച്ച് 3 ന് ലോക വന്യജീവി ദിനാചരണം നടത്തി. ഡോ. ആർ. അഭിലാഷ് പരിപാടി ഏകോപിപ്പിച്ചു.

ഇക്കോ-ടൂറിസം ക്ലബ് :- ഇക്കോ-ടൂറിസം ക്ലബ് ഉദ്ഘാടനം 2020 സെപ്റ്റംബർ 3 ന് ബിഷപ്പ് മൂർ കോളേജ് മുൻ പ്രിൻസിപ്പൽ ഡോ. ലീലാമ്മ ജോർജ്ജ് നടത്തി. പ്രിൻസിപ്പൽ അധ്യക്ഷത വഹിച്ചു. ലോക ടൂറിസം ദിനാചരണത്തിന്റെ ഭാഗമായി സെപ്റ്റംബർ 21-ന് ശ്രീ. സന്തോഷ് ജോർജ്ജ് കുളങ്ങര പ്രഭാഷണം നടത്തി. ശ്രീമതി. ഡോ. ജ്യോതി കാഞ്ചൻ പരിപാടി ഏകോപിപ്പിച്ചു.

ഹെൽത്ത് ക്ലബ് :- 2020 ഓഗസ്റ്റ് 27 ന് ഡോ. സുചിത്ര വിശ്വൻ യുവജനങ്ങളും മാനസിക ആരോഗ്യവും എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിക്കുകയും 2020-21 വർഷത്തെ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. കൂടാതെ കരിയർ പ്രോസ്പെക്സ് ഇൻ മെഡിക്കൽ കോഡിംഗ് എന്ന വിഷയത്തിൽ ശാസ്ത്ര വിദ്യാർത്ഥികൾക്കായി ഒരു കരിയർ ഓറിയന്റേഷൻ പ്രോഗ്രാം നടത്തുകയുണ്ടായി. ഓൺലൈൻ പാചക മത്സരം ദേ ഷഫ് എന്ന പേരിൽ സംഘടിപ്പിച്ചു. കോവിഡ് 19 മൂലമുള്ള വിദ്യാർത്ഥികളുടെ മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിനായി സുംബാ വെർചൽ സായാഹ്നങ്ങൾ ശ്രീമതി. അനുപമാ വർമ്മയുടെ നേതൃത്വത്തിൽ നടത്തി.

വിമൻസ് സ്റ്റഡി യൂണിറ്റ്: 2021 മാർച്ച് 8-ന് വനിതാ ദിനം സമുചിതമായി ആഘോഷിച്ചു. സിനിമാ സംവിധായകനും തിരക്കഥാകൃത്തുമായ ശ്രീ. ജിയോ ബേബി മുഖ്യാതിഥിയായിരുന്നു. ദ ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ എന്ന ചലച്ചിത്രത്തെ ആധാരമാക്കിയുള്ള സംവാദങ്ങളുമുണ്ടായിരുന്നു.

ASAP: വിദ്യാർത്ഥികളുടെ വിവിധ കഴിവുകൾ വികസിപ്പിക്കുന്നതിനായി വൈദഗ്ധ്യം നേടിയ പരിശീലകർ ക്രമീകൃതമായി ക്ലാസ്സുകൾക്ക് നേതൃത്വം നൽകിവരുന്നു. 26 വിദ്യാർത്ഥികൾ ഇതിൽ പരിശീലനം നേടി വരുന്നു.

CSA / സെന്റർ ഫോർ സോഷ്യൽ ആക്ഷൻ: സി.എസ്.എ. യുടെ ആഭിമുഖ്യത്തിൽ ഭിന്നശേഷിയുള്ള കുട്ടികളെ സഹായിക്കുന്നതിനായി സ്ക്രൈബ് ബാങ്ക് പ്രവർത്തിച്ചു വരുന്നു. ആലപ്പുഴ കേന്ദ്രമായി പ്രവർത്തിക്കുന്ന വീൽ ചെയർ അസോസിയേഷനു വേണ്ടി 19,000/ സി.എസ്.എ. നൽകുകയുണ്ടായി.

കോളേജ് ദിന ആഘോഷം: കോളേജ് ദിന ആഘോഷ പരിപാടി 2021 മാർച്ച് 30-ന് ഓൺലൈൻ ആയി സംഘടിപ്പിച്ചു. പ്രശസ്ത അഭിനേതാവും സംവിധായകനുമായ ശ്രീ. രഞ്ജി പണിക്കർ മുഖ്യാതിഥിയായിരുന്നു. കൺവീനർമാരായ ഡോ. ജിഷാ ജോൺ, ഡോ. ടിജു ജോസഫ് മാത്യു പരിപാടി ഏകോപിപ്പിച്ചു.

കോളേജിന്റെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനു വേണ്ട മാർഗ്ഗനിർദേശം മാനേജർ തിരുമേനി അഭിവന്ദ്യ റൈറ്റ് റവ. തോമസ് മാർ തിമോഥെയോസ് എപ്പിസ്കോപ്പാ നൽകുന്നു.

8.A.4. മാർത്തോമ്മാ കോളജ്, ചുങ്കത്തറ

മലബാറിലെ വിദ്യാഭ്യാസ സാംസ്ക്കാരിക രംഗത്തിന്റെ വളർച്ചയ്ക്കും പുരോഗതിക്കും നിർണ്ണായക ചാലകമായി പ്രവർത്തിക്കുന്ന ചുങ്കത്തറ മാർത്തോമ്മാ കോളേജ് ദാർശനീകനും വിശ്വാസ ധീരനുമായ അഭിവന്ദ്യ.ഈശോ മാർ തിമോഥിയോസ് എപ്പിസ്കോപ്പായുടെ ദീർഘവീക്ഷണത്തിൽ 1981 ഒക്ടോബർ 28-ന് സ്ഥാപിതമായതാണ്.

"Let Your Light Shine" എന്ന ആപ്തവാക്യത്തിൽ അധിഷ്ഠിതമായി പരിമിത സാഹചര്യങ്ങളിൽ ഉടലെടുത്ത ഈ കലാലയം സാമൂഹിക - രാഷ്ട്രീയ -സാമൂഹിക മേഖലകളിൽ അനേക പ്രതിഭകളെ സംഭാവന ചെയ്തിട്ടുണ്ട്.

അഭിവന്ദ്യ ഡോ.തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പ കോളേജ് മാനേജരായും, ഡോ. റെയ്ന തോമസ് പ്രിൻസിപ്പലായും റവ. മത്തായി ജോസഫ് ബർസാറായും പ്രവർത്തിച്ചുവരുന്നു.

ലോകത്തെയാകെ നാലു ചുവരുകൾക്കുള്ളിലേക്ക് ചുരുക്കിയ കോവിഡ് മഹാവ്യാധി കോളേജിന്റെ അക്കാദമിക്ക് പ്രവർത്തനങ്ങളെയും ബാധിച്ചുവെങ്കിലും ശാസ്ത്ര- സാങ്കേതീക വിദ്യയുടെ സഹായത്തോടെ അക്കാദമിക്ക് പ്രവർത്തനങ്ങൾ തുടരുന്നതിന് സാധിച്ചു.

"Moodle" എന്ന ഓൺലൈൻ വിദ്യാഭ്യാസ പ്ലാറ്റ്ഫോം ഉപയോഗിച്ചാണ് കഴിഞ്ഞ വർഷത്തെ ക്ലാസ്സുകൾ നടത്തിയത്. എല്ലാ വിദ്യാർത്ഥികൾക്കും ഈ പ്ലാറ്റ്ഫോമിലൂടെ ഓൺലൈൻ ക്ലാസ്സുകൾ നടത്തുന്നതിന് സാധിച്ചു. കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് ലഭ്യമായ മുറയ്ക്ക് മറ്റ് ക്ലാസ്സുകളും ലാബ് പ്രവർത്തനങ്ങളും നടത്തി.

കോളേജിന്റെ മൂന്നാമത് NAAC അക്രഡിറ്റേഷൻ നടപടികൾ പൂർത്തിയാക്കി ബി ഗ്രേഡ് (2.43) നേടി. കഴിഞ്ഞ അദ്ധ്യയന വർഷം മുതൽ എം.എസ്.സി ഫിസിക്സ് കോഴ്സ് ആരംഭിച്ചു. പത്ത് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നു.

സെമിനാറുകൾ

1. ബോട്ടണി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 5 ദിവസത്തെ ദേശീയ വെബിനാർ സംഘടിപ്പിച്ചു
2. റിസർച്ച് ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സിന്റെ ആഭിമുഖ്യത്തിൽ റിസർച്ച് മെത്തഡോളജി എന്ന വിഷയത്തിൽ സപ്തദിന ദേശീയ ശിൽപ്പശാല സംഘടിപ്പിച്ചു.
3. ഇക്കണോമിക്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നാല് ദേശീയ വെബിനാറുകൾ നടത്തി.
4. കെമിസ്ട്രി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നാലു ദിവസത്തെ അന്തർ ദേശീയ സെമിനാർ നടത്തി.
5. കൊമേഴ്സ് - ബിബിഎ പഠന വിഭാഗങ്ങളുടയും ഇ.ഡി ക്ലബ്ബിന്റെയും ആഭിമുഖ്യത്തിൽ സപ്തദിന സംരംഭകത്വ ശിൽപ്പശാല സംഘടിപ്പിച്ചു.
6. മൂന്ന് കരിയർ ഗൈഡൻസ് സെമിനാർ സംഘടിപ്പിച്ചു.

7. വിദ്യാഭ്യാസം ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ എന്ന വിഷയത്തിൽ ഏകദിന ശിൽപ്പശാല സംഘടിപ്പിച്ചു.
8. ഐ.ക്യു.എ.സി - യു.ജി.സി - സി.എ.എസ് ദേശീയ വെബിനാർ സംഘടിപ്പിച്ചു.
9. പ്രൊഫ. മാത്യൂസ് ഡോളി അനുസ്മരണ പ്രഭാഷണം -മലങ്കര ഓർത്തഡോക്സ് സഭാ അടൂർ ഭദ്രാസന മെത്രാപ്പോലീത്താ ഡോ.സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ പ്രഭാഷണം നടത്തി.
10. വനിതാ സെല്ലിന്റെ ആഭിമുഖ്യത്തിൽ സൈബർ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് വെബിനാർ സംഘടിപ്പിച്ചു.
11. കായിക പഠന വിഭാഗത്തിന്റെ നേതൃത്വത്തിൽ "കോവിഡും ആരോഗ്യ പരിപാലനവും" എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു.
12. പാലിയേറ്റീവ് ദിനാഘോഷം സംഘടിപ്പിച്ചു.
13. എൻ.എസ്.എസ്സിന്റെയും ഐ.ക്യു.എ.സിയുടെയും ആഭിമുഖ്യത്തിൽ വിവിധ കോളേജുകളിലെ എൻഎഎസ്എസ് പ്രോഗ്രാം ഓഫീസർമാർക്കായി പബ്ലിക്ക് ഫിനാൻസ് മാനേജ്മെന്റ് സിസ്റ്റം എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു.

റിസൾട്ട്

കാലിക്കറ്റ് സർവ്വകലാശാല എം.എ ഇക്കണോമിക്സ് പരീക്ഷയിൽ ഫാത്തിമ സുഹ്റ എട്ടാം റാങ്ക് നേടി.

ഫിസിക്സ്	-	84.90%
ബികോം	-	80%
എംകോം	-	100%
ബി.എ	-	60%
എം.എ	-	93%
ബോട്ടണി	-	69.6%
കെമിസ്ട്രി	-	61%
മാത്തമാറ്റിക്സ്	-	91%
ബിബിഎ	-	60%
കമ്പ്യൂട്ടർ സയൻസ്	-	63%

നേട്ടങ്ങൾ

1. വിഷ്ണു പ്രസാദ് സംസ്ഥാന തലത്തിലെ മികച്ച എൻഎസ്എസ് വോളന്റിയർ അവാർഡ് നേടി.
2. പ്രവിത.പി കാലിക്കറ്റ് സർവ്വകലാശാല തലത്തിലെ മികച്ച എൻഎസ്എസ് വോളന്റിയർ അവാർഡ് നേടി.

പുതിയ പദ്ധതികൾ

റൂസ 2.0 പദ്ധതിയുടെ ഭാഗമായി അനുവദിച്ച 2 കോടി രൂപ ഉപയോഗിച്ച് വിവിധ നിർമ്മാണ - നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം 2020 നവംബർ 7-ന് കോളേജ് മാനേജർ അഭിവന്ദ്യ ഡോ.തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പ ഉദ്ഘാടനം ചെയ്തു.

8.A.5. ടൈറ്റസ് II റ്റീച്ചേഴ്സ് കോളജ്, തിരുവല്ല

മലങ്കര മാർത്തോമ്മാ സുറിയാനി സഭയിലെ ദീർഘദർശിയും ആത്മീകാചാര്യനുമായ ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ അനുഗ്രഹീത ആശയങ്ങളോട് 1957 ൽ പ്രവർത്തനം ആരംഭിച്ച് അദ്ധ്യാപക പരിശീലന രംഗത്ത് തനതായ വ്യക്തിമുദ്രപതിപ്പിച്ചിട്ടുള്ള മാർത്തോമ്മാ സഭയുടെ ഏക എയ്ഡഡ് ബി. എഡ്. കോളേജ് ആകുന്നു തിരുവല്ല ടൈറ്റസ് സെക്കന്റ് ടീച്ചേഴ്സ് കോളേജ്. എം.ജി. സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജ്, നാഷണൽ അസസ്മെന്റ് & അക്രഡിറ്റേഷൻ കൗൺസിലിന്റെ **എ** ഗ്രേഡും കേരള ഫോറം യു.എൻ.ഐ. യുടെ അംഗീകാരവും കിട്ടിയ കേരളത്തിലെ ആദ്യത്തെ എയ്ഡഡ് ടീച്ചർ എഡ്യൂക്കേഷൻ കോളേജ് ആകുന്നു.

2020 - 21 അദ്ധ്യായന വർഷപ്രവർത്തനങ്ങളുടെ ഉദ്ഘാടനം ജൂൺമാസം 1-ന് കോളജ് മാനേജർ അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് തിരുമേനി സൂം മീറ്റിംഗിലൂടെ നിർവ്വഹിച്ചു. ഏപ്രിൽ 27 മുതൽ മെയ് 2 വരെ ഒരാഴ്ച നീണ്ടുനിന്ന വർക്ക്ഷോപ്പ് ഓൺലൈനായി ക്രമീകരിക്കപ്പെട്ടു. ഓഗസ്റ്റ് 22 -ന് കോളജ് ദിനാഘോഷവും മാഗസിൻ പ്രകാശനവും ഓൺലൈനായി നിർവ്വഹിക്കപ്പെട്ടു. ആർട്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഓണാഘോഷം ഓൺലൈനായി സംഘടിപ്പിച്ചു. **ഹിമാചൽപ്രദേശിന്റെ സംസ്ക്കാരവും പാരമ്പര്യവും** എന്ന വിഷയത്തെപ്പറ്റി ഓഗസ്റ്റ് 24 -ന് വെബ്ബിനാർ സംഘടിപ്പിച്ചു. ബി.എഡ് കോഴ്സിൽ 6 വിഷയങ്ങളിലായി 50 വിദ്യാർത്ഥികൾക്കും എം. എഡ്. കോഴ്സിൽ 15 വിദ്യാർത്ഥികൾക്കും പ്രവേശനം നൽകി. കോളജ് ജീവനക്കാർക്കായി ഇൻകം ടാക്സ് സംബന്ധിച്ച വെബിനാറിന് ട്രഷററാർ ശ്രീ. ഐപ്പ് ഏബ്രഹാം സി.എ. നേതൃത്വം നല്കി. എത്തിക്സ് ക്ലാസ്സുകളുടെ ഉത്ഘാടനം 2021 ജനുവരി 13 -ന് റവ. തോമസ് കുര്യൻ അഞ്ചേരി നിർവ്വഹിച്ചു. എം. എഡ്. ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ദേശീയ അന്തർദേശീയ തലങ്ങളിൽ പ്രവർത്തിക്കുന്ന വിദഗ്തരെ ഉൾപ്പെടുത്തി നടത്തപ്പെട്ട 15 വെബിനാറുകളുടെ ഉത്ഘാടനം കോളജ് മാനേജർ അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് തിരുമേനി നിർവ്വഹിച്ചു. കോളേജിന്റെ മുൻ മാനേജറും 21 ാം മാർത്തോമ്മാ മെത്രാപ്പോലീത്തയുമായിരുന്ന കാലംചെയ്ത അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മായ്ക്ക് ആദരാഞ്ജലികൾ അർപ്പിക്കുകയും ആദരസൂചകമായി റീത്ത് സമർപ്പിക്കുകയും ചെയ്തു.

2019-20 അദ്ധ്യായന വർഷത്തെ വിദ്യാർത്ഥികളിൽ ബി. എഡിന് **100 %** ഉം, എം. എഡിന് **100 %** വിജയവും കരസ്ഥമാക്കി. ബി. എഡ് അവസാന വർഷ പരീക്ഷയ്ക്ക് എം. ജി. യുണിവേഴ്സിറ്റിയിൽനിന്നും ഒന്നാം റാങ്ക് കരസ്ഥമാക്കിയ കുമാരി ജിജി അന്ന രാജുവിനും മൂന്നാം റാങ്ക് കരസ്ഥമാക്കിയ രേഷ്മ എലിസബത്ത് റോയിക്കും ആറാം റാങ്ക് കരസ്ഥമാക്കിയ ഷെറിൻ ജോണിനും പത്താം റാങ്ക് പങ്കുവച്ച അഞ്ചു മറിയം സാം, ആര്യ രാജേന്ദ്രൻ എന്നീ വിദ്യാർത്ഥികളെ മാർച്ച് 24-ന് നടത്തപ്പെട്ട അവാർഡുദിന ചടങ്ങിൽ ആദരിച്ചു. റിപ്പബ്ളിക് ദിനം, സ്വാതന്ത്ര്യ ദിനം എന്നീ ആഘോഷങ്ങളുടെ ഭാഗമായി പതാക ഉയർത്തൽ ചടങ്ങുകൾ കോളേജിൽ വച്ച് നടത്തപ്പെട്ടു.

വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി നെറ്റ്, കെ ടെറ്റ് പി.എസ്സ്.സി. കോച്ചിംഗ് ക്ലാസുകൾ യു.ജി.സി. സ്പോൺസേഡ് സെമിനാറുകൾ തുടങ്ങിയവ നടത്തിവരുന്നു. ലിറ്ററി & ഡിബേറ്റിംഗ് സൊസൈറ്റി, മോറൽ & റിലീജിയസ് അസ്സോസിയേഷൻ, സോഷ്യൽ സർവ്വീസ് ലീഗ്, സ്പോർട്സ് & റിക്രിയേഷൻ ക്ലബ്ബ്, ആർട്സ് ക്ലബ്ബ്, നേച്ചർ ക്ലബ്ബ്, വിമൻസ് ഫോറം, അദ്ധ്യാപക രക്ഷകർതൃസമിതി, പൂർവ്വ വിദ്യാർത്ഥി സമിതി എന്നിവയുടെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. അദ്ധ്യാപകർ, അനദ്ധ്യാപകർ എന്നിവർ കോളേജിന്റെ ദൈനംദിന പുരോഗമന പ്രവർത്തനങ്ങളിൽ സഹായിച്ചുവരുന്നു. പ്രിൻസിപ്പൽ ഉൾപ്പടെ ബി. എഡ് തലത്തിൽ 11 അദ്ധ്യാപകരും 11 അനദ്ധ്യാപകരും എം. എഡ്. വിഭാഗത്തിൽ 5 അദ്ധ്യാപകരും സേവനം അനുഷ്ഠിക്കുന്നു. കോളജിന്റെ വിമൻസ് ഹോസ്റ്റലിൽ 15 കുട്ടികൾ താമസിച്ച് പഠിക്കുന്നു. അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് തിരുമേനി മാനേജരായ 12 അംഗ ഗവേണിംഗ് കൗൺസിൽ കോളേജിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. ഡോ. അനിതാ മത്തായി പ്രിൻസിപ്പൾ/ സെക്രട്ടറിയായും ശ്രീ. ഐപ്പ് ഏബ്രഹാം ട്രഷററായും പ്രവർത്തിച്ചുവരുന്നു.

8.B. എം.റ്റി. & ഇ. എ. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റ്

ക്രൈസ്തവ സുവിശേഷീകരണത്തിനും മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിനും മുൻഗണന നൽകിക്കൊണ്ട് എം.റ്റി.&ഇ. എ. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റ് പ്രവർത്തിക്കുന്നു. 8 ഹയർ സെക്കന്ററി സ്കൂളുകളും ഒരു വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളും ഒരു ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടും 15 ഹൈസ്കൂളുകളും 15 അപ്പർ പ്രൈമറി സ്കൂളുകളും 112 ലോവർ പ്രൈമറി സ്കൂളുകളും ഉൾപ്പെടെ 152 സ്കൂളുകൾ മാനേജ്മെന്റിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നു. കീഴില്ലം, കോട്ടയം, തിരുവല്ല, പത്തനംതിട്ട, ഇടക്കുളം എന്നിവിടങ്ങളിൽ ബോർഡിംഗ് ഹോമുകൾ

ഉണ്ടെങ്കിലും കോവിഡ് -19ന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ വർഷം പ്രവർത്തിക്കുവാൻ കഴിഞ്ഞില്ല.

കോവിഡ് മാഹാമാരി കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തെ വല്ലാതെ ബാധിച്ചു എന്ന് നമുക്കറിയാമല്ലോ. അതോടൊപ്പം അവരുടെ സ്വഭാവരൂപീകരണത്തിലും പൊതുജനസമ്പർക്കം ലഭ്യമാകാതിരിക്കുന്നതിലൂടെയുള്ള ന്യൂനതകൾ പരിഹരിക്കുവാനും കാര്യമായൊന്നും ചെയ്യുവാൻ നമുക്ക് കഴിഞ്ഞില്ല. എന്നിരുന്നാലും പാഠ്യേതര പ്രവർത്തനങ്ങളിൽ അദ്ധ്യാപകരുടെ സഹായത്തോടുകൂടി ഓൺലൈൻ ക്ലാസുകൾ വഴി സാധ്യമായതെല്ലാം ചെയ്യുവാൻ ശ്രമിച്ചു. കൗൺസിലിംഗിൽ പ്രാവീണ്യം നേടിയവരുടെ സഹായത്താൽ ഓൺലൈൻ പ്ലാറ്റ്ഫോമിൽ കൂടി കുഞ്ഞുങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. 2021 മാർച്ച് മാസത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ നമ്മുടെ എല്ലാ സ്കൂളുകളും ഉന്നതവിജയം കരസ്ഥമാക്കി.

നമ്മുടെ സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപകരുടെ കുടുംബാംഗങ്ങൾക്ക് ചികിത്സയ്ക്ക് ആവശ്യമായ ധനസഹായം നൽകുന്നതിനുവേണ്ടി മാനേജ്മെന്റും അദ്ധ്യാപക/അനദ്ധ്യാപകരും ചേർന്ന് മാർത്തോമ്മാ സ്കൂൾ വെൽഫെയർ ഫണ്ട് എന്ന പേരിൽ ഒരു നിധി സ്വരൂപിച്ച് നൽകിവരുന്നു.

നമ്മുടെ സ്കൂളുകളിലെ അദ്ധ്യാപക/അനദ്ധ്യാപകരുടെ നിയമനം, ട്രാൻസ്ഫർ, സ്കൂൾ വികസനഫണ്ട് വിനിയോഗം എന്നിവയാണ് ഗവേണിംഗ് ബോർഡിന്റെ പ്രധാന ചുമതലകൾ. കൂടാതെ സ്കൂളുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഡവല്പ്പ്മെന്റ് ഫണ്ട് വിനിയോഗം വിലയിരുത്തുന്നതിനുമായി ഗവേണിംഗ് ബോർഡ് കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു.

നമ്മുടെ സ്കൂൾ സ്റ്റാഫ് അംഗങ്ങൾ നൽകുന്ന 1% ഇനത്തിൽ 47,38,212 രൂപയും വിദ്യാഭ്യാസദിന സ്തോത്രകാഴ്ച ഇനത്തിൽ 9,84,106 രൂപയും ലഭിച്ചു. ഈ തുക ഓഫീസ് പ്രവർത്തനങ്ങൾക്കും സ്കൂളുകളുടെ വികസന പ്രവർത്തനങ്ങൾക്കുമായി ഉപയോഗിക്കുന്നു. വിവിധ സ്കൂളുകളുടെ വികസന പ്രവർത്തനങ്ങൾക്കായി ഈ വർഷം 1,08,21,144 രൂപ വിനിയോഗിച്ചു. 2020 ഒക്ടോബർ മാസം വരെ ഭാഗ്യസ്മരണീയനായ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ ചെയർമാനായി ധീരമായ നേതൃത്വം നൽകി. തുടർന്ന് അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ നേതൃത്വം വഹിക്കുന്നു.

മാനേജരായി ശ്രീമതി ലാലമ്മ വർഗീസ് സേവനമനുഷ്ഠിച്ചു. ഡപ്യൂട്ടി മാനേജരായി ശ്രീമതി വത്സമ്മ ജോർജ്ജും നാല് സ്റ്റാഫ് അംഗങ്ങളും പ്രവർത്തിക്കുന്നു.

8.B.1. മാർത്തോമ്മാ സെമിനാരി ഹയർ സെക്കന്ററി സ്കൂൾ, കോട്ടയം

അക്ഷരനഗരിക്ക് വെളിച്ചമായി കഴിഞ്ഞ 125 വർഷങ്ങൾ പ്രവർത്തിക്കുവാൻ സ്കൂളിന് സാധിച്ചു. മദ്ധ്യകേരളത്തിന്റെ വിദ്യാഭ്യാസ വളർച്ചയിൽ സ്കൂളിന്റെ പങ്ക് വളരെ വലുതാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന പൂർവ്വ വിദ്യാർത്ഥികൾ സ്കൂളിന്റെ വളർച്ചയ്ക്ക് പിൻതുണ നല്കുന്നു. മഹാത്മാഗാന്ധിയുടെ പാദസ്പർശമേറ്റ സ്കൂളിൽ അദ്ദേഹത്തിന്റെ ഓർമ്മ നിലനിർത്താൻ ഗാന്ധിസദൻ സംരക്ഷിച്ചുവരുന്നു. ഈ വർഷം സ്കൂളിന്റെ ശതോത്തര രജതജൂബിലി വർഷമാണ്. (1894-2021). പൂർവ്വ അദ്ധ്യാപകരും പൂർവ്വ വിദ്യാർത്ഥികളും, പൂർവ്വ അനദ്ധ്യാപകരും സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് വലിയ പിൻതുണ നല്കുന്നു.

റിപ്പോർട്ട് വർഷം ഹൈസ്കൂൾ വിഭാഗത്തിൽ 460, ഹയർസെക്കണ്ടറി വിഭാഗത്തിൽ 428 വിദ്യാർത്ഥികളും അദ്ധ്യയനം നടത്തി. 35 അദ്ധ്യാപകരും 5 അനദ്ധ്യാപകരും പ്രവർത്തിച്ചു. എസ്.എസ്.എൽ.സി പരീക്ഷയിൽ തുടർച്ചയായി 6-ാം വർഷവും 100 ശതമാനം വിജയവും, 2 വിദ്യാർത്ഥികൾക്ക് ഫുൾ എ+ നേടി. ഹയർസെക്കണ്ടറി വിഭാഗത്തിൽ 84% വിജയവും 17 ഫുൾ എ+ ഉം നേടി. കോവിഡ് 19 പശ്ചാത്തലത്തിൽ വിദ്യാർത്ഥികളുടെ പഠനാവശ്യങ്ങൾക്കായി മൊബൈൽ ഫോൺ അടക്കമുള്ള പഠനോപകരണങ്ങൾ നല്കി. ഗവൺമെന്റ് നിർദ്ദേശപ്രകാരം 10, 12 ക്ലാസ്സുകൾ ക്രമീകരിച്ചു. 125 വർഷം പഴക്കമുള്ള പൈതൃക മന്ദിരത്തിന്റെ നവീകരണപ്രവർത്തനങ്ങളുടെ ആദ്യഘട്ടം പൂർത്തിയാക്കി, 2020 ജൂൺ 26-ന് അഭിവന്ദ്യ ഡോ.ജോസഫ് മാർത്തോമ്മ മെത്രാപ്പോലിത്ത പുനസമർപ്പിച്ചു. 5 അദ്ധ്യാപകർ സജീവ സേവനത്തിൽ നിന്നും വിരമിച്ചു. സ്കൂളിനോട് ചേർന്ന് ഡോ. യൂഹനോൻ മാർത്തോമ്മാ മെമ്മോറിയൽ ബോർഡിങ് ഹോം പ്രവർത്തിക്കുന്നു. ശ്രീ. വർഗീസ് വി.കെ ബോർഡിങ് മാസ്റ്ററായി പ്രവർത്തിച്ചു. ശ്രീ. സ്റ്റാൻലി തോമസ് പ്രിൻസിപ്പലായും, ശ്രീ. മോൻസി ജോർജ് പി. ഹെഡ്മാസ്റ്ററായും പ്രവർത്തിക്കുന്നു.

8.B.2. മാർത്തോമ്മാ ഹയർ സെക്കന്ററി സ്കൂൾ, പത്തനംതിട്ട

പത്തനംതിട്ട നഗരത്തിലും ചുറ്റുമുള്ള ഗ്രാമങ്ങളിലും വിദ്യയുടെ നറുവെളിച്ചം പകർന്നുനൽകിക്കൊണ്ടിരിക്കുന്ന മാർത്തോമ്മാ ഹയർ സെക്കണ്ടറി സ്കൂൾ നവതിയിലേക്ക് പ്രവേശിക്കുകയാണ്. പാഠ്യ പാഠ്യാനുബന്ധ മേഖലകളിൽ മികച്ച നേട്ടങ്ങൾ കൈവരിക്കുന്ന ഈ കലാലയം ജില്ലയിലെന്നെ മികച്ച സ്കൂൾ എന്ന ഖ്യാതി എല്ലായ്പ്പോഴും നിലനിർത്തുന്നു. 2020 ഹയർ സെക്കണ്ടറി പരീക്ഷയിൽ 95.5% വിജയവും എസ്.എസ്.എൽ.സി. പരീക്ഷയിൽ 100% വിജയവും കരസ്ഥമാക്കി. ഹയർ സെക്കണ്ടറി വിജയികളിൽ 27 പേരും എസ്.എസ്.എൽ.സി വിജയികളിൽ 32 പേരും മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടി. എം.റ്റി.&ഇ.എ. സ്കൂളുകളിൽ ഉന്നതവിജയം നേടിയതിനുള്ള പുരസ്കാരം തുടർച്ചയായി നേടാൻ കഴിയുന്നു.

ഹയർ സെക്കണ്ടറി പരീക്ഷയിൽ ഉന്നത വിജയം നേടിയവർക്കുള്ള അനുമോദനയോഗം പത്തനംതിട്ട മുൻസിപ്പൽ ചെയർപേഴ്സൺ ശ്രീമതി. റോസിലിൻ സന്തോഷ് ഉദ്ഘാടനം ചെയ്തു. എസ്.എസ്.എൽ.സി. ഉന്നത വിജയികൾക്കുള്ള അനുമോദനയോഗം അഭിവന്ദ്യ. ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ് സഫ്രഗൻ മെത്രാപ്പോലീത്താ ഓൺ ലൈനായി ഉത്ഘാടനം ചെയ്തു.

കോവിഡ് മഹാമാരിയുടെ സാഹചര്യത്തിലും വിവിധ സംഘടനകളുടെയും ക്ലബ്ബുകളുടെയും പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നു. എല്ലാ ക്ലബ്ബുകളും ഓൺ ലൈൻ മീറ്റിംഗുകളും മത്സരങ്ങളും നടത്തി. എൻ. സി. സി. കേഡറ്റുകൾ പത്തനംതിട്ട മുൻസിപ്പൽ ബസ്റ്റാന്റ് അണുവിമുക്തമാക്കുകയും മുൻസിപ്പൽ ലൈബ്രറിക്കുവേണ്ടി സമാഹരിച്ച പുസ്തകങ്ങൾ റിപ്പബ്ലിക്ക്ദിനത്തിൽ കൈമാറുകയും ചെയ്തു. ഇരുചടങ്ങുകളും മുൻസിപ്പൽ ചെയർമാൻ ശ്രീ. റ്റി. സക്കീർ ഹുസൈൻ ഉദ്ഘാടനം ചെയ്തു. പ്ലസ് വൺ പ്രവേശനത്തോട് അനുബന്ധിച്ച് എൻ. എസ്. എസ്. യൂണിറ്റ് അംഗങ്ങൾ സ്കൂളും പരിസരവും ശുചീകരിച്ചു. സ്കൗട്ട് & ഗൈഡ്സ്, ജൂണിയർ റെഡ്ക്രോസ്, വിമുക്തി, വിദ്യാരംഗം കലാസാഹിത്യവേദി ഇവയുടെ പ്രവർത്തനവും കാര്യക്ഷമമായി നടന്നു. സ്കൗട്ട് & ഗൈഡ്സ് യൂണിറ്റ് വിദ്യാഭ്യാസ ജില്ലയിൽ ഒന്നാം സ്ഥാനത്തോടെ ചീഫ് മിനിസ്റ്റേഴ്സ് ഷീൽഡ് കരസ്ഥമാക്കി. ഇവ കൂടാതെ സയൻസ് ക്ലബ്ബ്, മാത്സ് ക്ലബ്ബ്, ഭാഷാ ക്ലബ്ബ്, കോമേഴ്സ് അസ്സോസിയേഷൻ, സോഷ്യൽ സയൻസ് ക്ലബ്ബ്, ആന്റി നാർക്കോട്ടിക്ക് ക്ലബ്ബ് എന്നിവയും ഓൺലൈനായി വിവിധ പ്രവർത്തനങ്ങൾ നടത്തി. മലയാലപ്പുഴ നവജീവന കേന്ദ്രവുമായി സഹകരിച്ച് ആന്റി നാർക്കോട്ടിക്ക് ക്ലബ്ബ് മാർത്തോമ്മാ മാനേജ്മെന്റ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി ജസ്റ്റ് എ മിനിട്ട് എന്ന പേരിൽ പ്രസംഗം, പെയിന്റിംഗ് മത്സരങ്ങൾ ഓൺലൈനായി നടത്തി. വിജയികൾക്കുള്ള സമ്മാനങ്ങൾ അഭിവന്ദ്യ. തോമസ് മാർ തിമൊത്തിയോസ് എപ്പിസ്കോപ്പാ വിതരണം ചെയ്തു. ദേശീയ പ്രാധാന്യമുള്ള ദിനങ്ങളും ഓണം ക്രിസ്തുമസ് എന്നിവയും ഓൺലൈനായി ആഘോഷിച്ചു. ഒന്നാം വർഷം ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കായി ബി ഇൻ ദ ഫ്രണ്ട് ബഞ്ച്എന്ന് പ്രോഗ്രാം ഓൺലൈനായി നടത്തി. അഭിവന്ദ്യ. തോമസ് മാർ തിമൊത്തിയോസ് എപ്പിസ്കോപ്പാ ഉദ്ഘാടനം ചെയ്തു. ശ്രീ. ബിനു കെ. സാം ക്ലാസ്സ് എടുത്തു. സ്കൂൾ വാർഷികദിന ആഘോഷം അഭിവന്ദ്യ. തോമസ് മാർ തിമൊത്തിയോസ്

എപ്പിസ്കോപ്പാ ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ ശ്രീമതി. ലാലമ്മ വറുഗീസ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ശ്രീമതി. വീണാ ജോർജ് എം.എൽ.എ. മുഖ്യപ്രഭാഷണം നടത്തി. സജീവ സേവനത്തിൽ നിന്നും വിരമിക്കുന്ന പ്രിൻസിപ്പാൾ ശ്രീ. ജോസ് പോൾ എം, അദ്ധ്യാപിക ശ്രീമതി. സാറാമ്മ കോശി, ഓഫീസ് അസിസ്റ്റന്റ് ശ്രീ. ജോസ് എൻ.എസ്. എന്നിവർക്ക് സമുചിതമായ യാത്രയയപ്പ് നൽകി.

സ്കൂളിന്റെ ചിരകാലാഭിലാഷമായിരുന്ന പ്രധാന കവാടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തി. 2021 മാർച്ച് 29ന് നടന്ന സമ്മേളനം അഭിവന്ദ്യ. തോമസ് മാർ തിമൊത്തിയോസ് എപ്പിസ്കോപ്പാ ഉത്ഘാടനം ചെയ്തു. 5 ലക്ഷം രൂപ പി.ടി.എ. ഫണ്ടിൽ നിന്നും 15 ലക്ഷം രൂപ എൽ. എ. സി. ഫണ്ടിൽ നിന്നും ചിലവഴിച്ചാണ് പ്രധാന കവാടവും അനുബന്ധ നിർമ്മിതികളും പൂർത്തീകരിച്ചത്.

അഭിവന്ദ്യ. തോമസ് മാർ തിമൊത്തിയോസ് എപ്പിസ്കോപ്പാ ചെയർമാനായ ലോക്കൽ അഡ്വൈസറി കൗൺസിൽ സ്കൂളിന്റെ ഭൗതീക, അക്കാദമിക പുരോഗതിക്ക് നേതൃത്വം നൽകുന്നു. ശ്രീ. എം.എച്ച്. ഷാജിയുടെ നേതൃത്വത്തിലുള്ള അദ്ധ്യാപക രക്ഷാകർത്തൃസമിതിയുടെ പ്രവർത്തനം ശ്ലാഘനീയമാണ്.

ശ്രീ. ജോസ് പോൾ എം. പ്രിൻസിപ്പളായും ശ്രീ. ജേക്കബ് ഏബ്രഹാം ഹെഡ്മാസ്റ്ററായും പ്രവർത്തിക്കുന്നു.

8.B.3. സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂൾ, കീഴില്ലം

പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ മികവ് പുലർത്തി വരുന്ന കീഴില്ലം സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂളിന്റെ 99-ാമത് വാർഷികവും യാത്രയയപ്പ് സമ്മേളനവും 2021 ഫെബ്രുവരി 24 ബുധനാഴ്ച മർത്തോമ്മാ സഭയുടെ കോട്ടയം-കൊച്ചി ഭദ്രാസനാധിപൻ റൈറ്റ് റവ. ഡോ. എബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ ഉദ്ഘാടനം ചെയ്തു. 2020-21 അധ്യയന വർഷം പ്രിൻസിപ്പാളായി ശ്രീ ബിജു. ജി, ഹെഡ്മിസ്ട്രസ്സായി ശ്രീമതി ജോളി. പി. വർഗീസ് എന്നിവർ ചുമതലയേറ്റു. ഹൈസ്കൂൾ ഹയർസെക്കണ്ടറി വിഭാഗങ്ങളിലായി 34 അധ്യാപകരും 6 അനധ്യാപകരും പ്രവർത്തിച്ചുവരുന്നു.

ശതാബ്ദിയിലേക്ക് പ്രവേശിച്ച വിദ്യാലയത്തിന് പൊൻതൂവലായി ഈ വർഷത്തെ പൊതു പരീക്ഷാഫലം. SSLCയ്ക്ക് 100% റിസൾട്ട് ലഭിച്ചു. 5 വിദ്യാർത്ഥികൾക്ക് എല്ലാ വിഷയത്തിനും A+ ഗ്രേഡ് നേടി. ഹയർസെക്കണ്ടറി സയൻസ് വിഭാഗത്തിൽ 96.2% ഉം കൊമേഴ്സ് വിഭാഗത്തിൽ 92.5% വിജയം ലഭിച്ചു. 4 വിദ്യാർത്ഥികൾക്ക് എല്ലാ വിഷയത്തിനും A+ ഗ്രേഡ് നേടുകയും രണ്ട് സയൻസ് ബാച്ചുകൾക്ക് 100% വിജയം ലഭിക്കുകയും ചെയ്തു.

സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നതിന് റൈറ്റ് റവ. ഡോ. എബ്രഹാം മാർ പൗലോസ് തിരുമേനി ചെയർമാനായും റവ. ഡെന്നി ഫിലിപ്പ് അച്ചൻ ട്രഷറായും ഉള്ള അഡ്വൈസറി കൗൺസിൽ പ്രവർത്തിക്കുന്നു. PTA പ്രസിഡന്റ് ആയി ശ്രീ വർഗീസ് തര്യത് പ്രവർത്തിക്കുന്നു.

കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സിന്റെ യൂണിറ്റ്, ഹൈസ്കൂൾ ഹയർസെക്കണ്ടറി വിഭാഗങ്ങളിൽ സജീവമായ പ്രവർത്തിക്കുന്നു. 16 കുട്ടികൾക്ക് രാജ്യപുരസ്കാർ ലഭിച്ചു. ഓൺലൈൻ പ്രശ്നോത്തിരി മത്സരത്തിൽ ഹൈസ്കൂൾ വിഭാഗത്തിലെ മുഹമ്മദ് സാബിത്ത് ജില്ലയിൽ ഒന്നാം സ്ഥാനം നേടി.

നാഷണൽ സർവീസ് സ്കീമിന്റെ 'Edu Help' പദ്ധതിയുടെ ഭാഗമായി 4 TV, 5 Lap Top, 1 Mobile phone, 2 Cable Connection എന്നിവ നൽകി. ഹൈസ്കൂൾ വിഭാഗത്തിലെ ഒരു വിദ്യാർത്ഥിക്ക് 5,000 രൂപയുടെ സ്കോളർഷിപ്പും അർഹരായവർക്ക് 25,000 രൂപയുടെ ചികിത്സാ സഹായവും നൽകി.

ASAP, സൗഹൃദ ക്ലബ്, കരിയർ ഗൈഡൻസ് ക്ലബ് എന്നിവ ഹയർസെക്കണ്ടറിയിലും ജൂനിയർ റെഡ് ക്രോസ്, വിദ്യാരംഗം, ഹെൽത്ത് ക്ലബ്, ലിറ്റിൽ കൈറ്റ്സ് എന്നിവ ഹൈസ്കൂളിലും സജീവമായി പ്രവർത്തിക്കുന്നു.

കോവിഡ് കാലത്ത് കുട്ടികൾക്ക് വേണ്ട സുരക്ഷിതത്വം നൽകുന്നതിന് സർക്കാർ നിർദ്ദേശപ്രകാരം കോവിഡ് സെൽ രൂപീകരിച്ചു. വിദ്യാർത്ഥികൾക്ക് ഓൺലൈൻ ആയി ക്ലാസ്സുകൾ സംഘടിപ്പിച്ചു. ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്കായി മോട്ടിവേഷണൽ ക്ലാസ്സ് നടത്തി. ഡോ അലക്സാണ്ടർ ജേക്കബ് IPS, അഷറഫ് M.A, പ്രൊഫ. ഉണ്ണിരാജ എന്നിവർ വിവിധ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

കോവിഡ് കാലത്ത് വിദ്യാലയങ്ങളിൽ വരാനാകാതെ വീട്ടിലകപ്പെട്ട കുഞ്ഞുങ്ങളെ തേടി കൂടുവിട്ട് കൂട് തേടി എന്ന് കരുതലിന്റെ യാത്ര ഹൈസ്കൂൾ വിഭാഗത്തിൽ സംഘടിപ്പിച്ചു.

SSLC, +2 പരീക്ഷകൾക്ക് ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിക്കുന്നതിന് PTA യുടെ നേതൃത്വത്തിൽ യോഗം സംഘടിപ്പിച്ചു. ഈ സ്കൂൾ വർഷം ഹെഡ്മിസ്ട്രസ്സ് ശ്രീമതി ജോളി. പി. വർഗീസ്, ലാബ് അസിസ്റ്റന്റ് ശ്രീ ചെറിയാൻ പി.റ്റി എന്നിവർ സജീവ സേവനത്തിൽ നിന്നും വിരമിച്ചു.

8.B.4. എസ്. സി. സെമിനാരി ഹയർ സെക്കന്ററി സ്കൂൾ, തിരുവല്ല

തിരുവല്ല നഗരത്തിന് ചാരുതയേകുന്ന എസ്.സി. സെമിനാരി ഹയർസെക്കന്ററി സ്കൂൾ പ്രവർത്തനപഥത്തിൽ 119 വർഷം പിന്നിട്ടു. 2020-21 അദ്ധ്യയന വർഷം, കോവിഡ് - 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, വ്യത്യസ്തങ്ങളായ പ്രവർത്തന മേഖലകളിലൂടെ പഠന-പഠനാനുബന്ധ പ്രവർത്തനങ്ങളിൽ മികവ് പുലർത്താൻ സ്കൂളിന് കഴിഞ്ഞു. വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന വിക്ടേഴ്സ് ചാനൽ ക്ലാസ്സുകളിൽ കുട്ടികളെ പങ്കാളികളാക്കാൻ കഴിഞ്ഞതിനു പുറമെ, Zoom, Googlemeet എന്നിവയിലൂടെ പാഠഭാഗങ്ങൾ കുട്ടികളിൽ എത്തിക്കുവാൻ കഴിഞ്ഞു.

2020 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷയിൽ 100% വിജയം കരസ്ഥമാക്കുകയും 9 കുട്ടികൾ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുകയും ചെയ്തു. ഹയർ സെക്കന്ററി പരീക്ഷയിൽ സയൻസ് വിഭാഗത്തിൽ 95.23% ഉം കൊമേഴ്സ് വിഭാഗത്തിൽ 96.67% ഉം വിജയം നേടി. 26 കുട്ടികൾ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുകയും കുമാരി ദിയ പി. തോമസ് 1200ൽ 1200 മാർക്ക് നേടി അഭിമാനകരമായ നേട്ടം കൈവരിക്കുകയും ചെയ്തു.

2020-21 ബാച്ചിലെ ഒന്നാംവർഷ ഹയർ സെക്കന്ററി വിദ്യാർത്ഥികളുടെ പ്രവേശനോത്സവം ഓൺലൈൻ ആയി നടന്നു. അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത തിരുമേനി ഓൺലൈൻ ക്ലാസുകൾ ഉദ്ഘാടനം ചെയ്തു. ഒന്നാം വർഷ വിദ്യാർത്ഥികൾക്കായി പ്രചോദിതം എന്ന പേരിൽ കൗൺസിലിംഗ് ക്ലാസും മാർഗ്ഗദീപം എന്ന പേരിൽ കരിയർ ഗൈഡൻസ് ക്ലാസും നടത്തി.

നാഷണൽ സർവ്വീസ് സ്കീം, എസ്. പി. സി. സ്കൗട്ട്സ്, ഗൈഡ്സ്, എൻ.സി.സി, ജൂനിയർ റെഡ്ക്രോസ്, ലിറ്റിൽ കൈറ്റ്സ്, സൗഹൃദക്ലബ്ബ്, കരിയർ ഗൈഡൻസ് തുടങ്ങിയ സംഘടനകൾ സ്കൂളിൽ പ്രവർത്തിച്ചുവരുന്നു. 2020 ലെ വായനാദിനത്തോട് അനുബന്ധിച്ച് എൻ.എസ്.എസിന്റെ നേതൃത്വത്തിൽ ആരംഭിച്ച SCS News എന്ന വാർത്താ ചാനൽ 200 ദിനങ്ങൾ പൂർത്തിയാക്കി. ഓൺലൈൻ ക്ലാസുകൾ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനായി 29 വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോൺ, ടി.വി. ഇവ നൽകുന്നതിന് സാധിച്ചു.

2021 മാർച്ച് 9-ന് സ്കൂളിന്റെ 119-ാമത് വാർഷികയോഗം നടത്തി. ഈ വർഷം ശ്രീമതി എലിസബത്ത് കോശി, ശ്രീമതി ജാൻസി കുര്യൻ, ശ്രീമതി ജെയ്മോൾ ജേക്കബ് എന്നീ അധ്യാപകർ സർവ്വീസിൽ നിന്നും വിരമിച്ചു. അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത അധ്യക്ഷനായ എൽ.എ.സി. സ്കൂൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. എൽ.പി.സ്കൂൾ, മാനേജർ ഓഫീസ്, ഹയർ സെക്കന്ററി സ്കൂൾ എന്നിവ ഉൾക്കൊള്ളുന്ന ഡോ. ജോസഫ് മാർത്തോമ്മാ മെമ്മോറിയൽ ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചു.

ഹയർ സെക്കന്ററി വിഭാഗത്തിൽ 437 വിദ്യാർത്ഥികൾ പഠനം നടത്തുകയും 16 അദ്ധ്യാപകരും 2 അനദ്ധ്യാപകരും പ്ര

വർത്തിക്കുകയും ചെയ്യുന്നു. ഹൈസ്കൂൾ വിഭാഗത്തിൽ 790 വിദ്യാർത്ഥികൾ പഠനം നടത്തുന്നു. 34 അധ്യാപകരും 5 അനധ്യാപകരും പ്രവർത്തിക്കുന്നു. പ്രസ്തുത വർഷം പ്രിൻസിപ്പാളായി ശ്രീ. ജോൺ കെ. തോമസ്, ഹെഡ്മിസ്ട്രസായി ശ്രീമതി ഗീത ടി. ജോർജ് എന്നിവർ പ്രവർത്തിച്ചു.

8.B.5. ആശ്രമം ഹയർ സെക്കന്ററി സ്കൂൾ, പെരുമ്പാവൂർ

1931-ൽ സ്ഥാപിതമായ ആശ്രമം ഹയർ സെക്കന്ററി സ്കൂൾ ഇന്നും മികച്ച ഒരു വിദ്യാലയമായി പ്രവർത്തിക്കുന്നു. മാർത്തോമ്മാ സഭയുടെ ദീർഘവീക്ഷണത്തിന്റെ ഉത്തമ ഉദാഹരണമാണ് ഈ വിദ്യാലയം. ഈ വിദ്യാലയത്തിൽ യു.പി., ഹൈസ്കൂൾ വിഭാഗങ്ങളിലായി 404 വിദ്യാർത്ഥികളും ഹയർ സെക്കന്ററിയിൽ 348 വിദ്യാർത്ഥികളും പഠിക്കുന്നു. 2020ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ 100% വിജയം കൈവരിക്കാൻ സാധിച്ചു. 9 കുട്ടികൾക്ക് ഫുൾ എ+ ലഭിച്ചു. ഹയർ സെക്കന്ററി പരീക്ഷയിൽ സയൻസിന് 97% ഹ്യൂമാനിറ്റീസിന് 80% റിസൽട്ട് ലഭിച്ചു. ഇതിൽ 11 കുട്ടികൾ ഫുൾ എ+ കരസ്ഥമാക്കി.

പാഠ്യാനുബന്ധ പ്രർത്തനങ്ങളിൽ സ്കൂൾ മികച്ച നിലവാരം പുലർത്തുന്നു. 100 കേഡറ്റുകൾ എൻ.സി.സി. ട്രൂപ്പിൽ പ്രവർത്തിക്കുന്നു. എച്ച്.എസ്. -എച്ച്.എസ്.എസ്. വിഭാഗത്തിൽ എൻ.എസ്.എസ്. യൂണിറ്റിൽ വോളന്റീയേഴ്സ് പ്രവർത്തിക്കുന്നു. കോവിഡുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾക്ക് യൂണിറ്റ് നേതൃത്വം നൽകുന്നു. എച്ച്.എസ്.എസ്. വിഭാഗം സ്റ്റാഫ് റൂമിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. എച്ച്.എസ്. -എച്ച്.എസ്.എസ്. വിഭാഗത്തിലും സ്കൂൾ ഗേറ്റിലും സി.സി.റ്റി.വി. ക്യാമറകൾ സ്ഥാപിച്ചു.

കോവിഡിന്റെ പ്രതിസന്ധിയിൽ സ്കൂളിൽ എത്തുവാൻ കഴിയാത്ത കുട്ടികളെ കാണാൻ അദ്ധ്യാപകർ മുന്നിട്ടിറങ്ങി. മൂന്ന് ഹോസ്റ്റലുകളിൽ പഠിക്കുന്ന മൂന്നാൾ, വട്ടവട, കോവിലൂർ പ്രദേശങ്ങളിലെ കുട്ടികൾക്ക് പാഠപുസ്തകങ്ങൾ ഭക്ഷണക്കിറ്റുകൾ പഠനോപകരണങ്ങൾ എന്നിവയുമായി അധ്യാപകർ ആ മേഖലകളിൽ സന്ദർശനം നടത്തി.

മാർത്തോമ്മാ സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ അധ്യാപകർക്കായി നടത്തിയ വിവിധ മത്സരങ്ങളിൽ നമ്മുടെ അധ്യാപകർ പങ്കെടുക്കുകയും വിജയം നേടുകയും ചെയ്തു. ഈ വർഷത്തെ ഓവറോൾ ട്രോഫിയും വിദ്യാലയം സ്വന്തമാക്കി.

കോതമംഗലം വിദ്യാഭ്യാസ ജില്ലയിൽ അധ്യാപകദിനത്തോടനുബന്ധിച്ച് നടത്തിയ ഡിജിറ്റൽ മാഗസിൻ മത്സരത്തിൽ നമ്മുടെ മാഗസിൻ അം...അ ഒന്നാം സ്ഥാനം നേടി.

8 മുതൽ 12 വരെയുള്ള എല്ലാം ക്ലാസുകളും ഹൈ-ടെക് ആയി പ്രവർത്തിക്കുന്നു. 1931-ൽ ആരംഭിച്ച ഈ വിദ്യാലയം ഇന്ന് നവതിയുടെ നിറവിലാണ്. 2020 മാർച്ച് 25-ന് വാർഷികാഘോഷപരിപാടി സംഘടിപ്പിച്ചു. മുൻസിപ്പൽ ചെയർമാൻ ശ്രീ. സക്കീർ ഹുസൈൻ ഉദ്ഘാടനം നിർവ്വഹിച്ചു.

35 അദ്ധ്യാപകരും 6 അനദ്ധ്യാപകരും സ്കൂളിൽ പ്രവർത്തിക്കുന്നു. പ്രിൻസിപ്പലായി ശ്രീമതി ബിനുമോൾ കോശിയും ഹെഡ്മിസ്ട്രസ് ആയി ശ്രീമതി മേരി കെ. ജോണും പ്രവർത്തിക്കുന്നു.

8.B.6. മാർത്തോമ്മാ ഹയർ സെക്കന്ററി സ്കൂൾ, വെണ്മണി

ലോകത്തെ മുഴുവൻ നിശ്ചലമാക്കികൊണ്ട് കൊറോണ വൈറസ് നടത്തിയ തേരോട്ടത്തിൽ ആകെ പകച്ചുപോയ മനുഷ്യവംശം തോൽക്കുവാൻ മനസ്സില്ലാതെ, അതിജീവനത്തിന്റെ പുതിയ പാതകൾ തേടിക്കൊണ്ടിരിക്കുന്നു. സാമൂഹിക ജീവിതത്തിലും ആചാരനുഷ്ഠാനങ്ങളിലും സമൂലപൊളിച്ചെഴുത്തുകൾ നടത്തികൊണ്ട്, ആഘോഷങ്ങളിൽ പുതുവഴികളും ആഹാരരീതികളിൽ പിൻമടക്കങ്ങളും തേടിക്കൊണ്ട് സവിശേഷമായ ഒരു ജീവിതക്രമം രൂപം കൊള്ളുന്നു. കാലം കാത്ത് വച്ച ഈ മരവിപ്പിനെ കുടഞ്ഞെറിഞ്ഞ് സമൂഹത്തിന്റെ ചലനാത്മകത വീണ്ടെടുക്കാനുള്ള പ്രേരകശക്തിയായി നമ്മുടെ വിദ്യാഭ്യാസരംഗം നിലകൊള്ളുന്നു. ലഭ്യമായ എല്ലാ സ്രോതസ്സുകളും സാങ്കേതിക സൗകര്യങ്ങളും ഫലപ്രദമായി വിനിയോഗിച്ചുകൊണ്ട് 2020-2021 അദ്ധ്യയനവർഷം സജീവമാക്കുവാൻ വെണ്മണി മാർത്തോമ്മാ ഹയർസെക്കന്ററി സ്ക്കൂൾ അനവരതം പരിശ്രമിക്കുകയുണ്ടായി.

വെണ്മണി മാർത്തോമ്മാ ഹയർസെക്കന്ററി സ്ക്കൂളിലെ 20-21 അദ്ധ്യയന വർഷത്തെ പ്രവർത്തനങ്ങൾ സ്റ്റാഫ് റിട്രീറ്റോടുകൂടി ആരംഭിച്ചു. 2020 ജൂലൈ 14 ന് 10.00 am മുതൽ 12.30pm വരെ നടന്ന ധ്യാനത്തിന് റൈറ്റ് റവ. തോമസ് മാർ തിമഥിയോസ് എപ്പിസ്കോപ്പാ നേതൃത്വം നൽകി. വെർചൽ പ്ലാറ്റ് ഫോമിൽ നടന്ന സ്ക്കൂൾ പ്രവേശനോത്സവത്തിൽ അഡ്വ. പ്രകാശ് പി. തോമസ് കൗൺസലിംഗ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

2020 മാർച്ച്, മെയ് മാസങ്ങളിൽ നടന്ന SSLC പരീക്ഷയിൽ 100% വിജയം നേടിയ ഈ സ്ക്കൂളിൽ 14 വിദ്യാർത്ഥികൾ മുഴുവൻ വിഷയങ്ങൾക്കും A^+ ഗ്രേഡ്കരസ്ഥമാക്കി. ഹയർ സെക്കന്ററി സയൻസ് വിഭാഗത്തിൽ 98.19%- കോമേഴ്സ് വിഭാഗത്തിൽ 83.3% വിജയം ലഭിച്ചു. സയൻസിൽ 5 വിദ്യാർത്ഥികളും കോമേഴ്സിൽ 4 വിദ്യാർത്ഥികളും മുഴുവൻ വിഷയങ്ങൾക്കും A^+ കരസ്ഥമാക്കി.

അനുമോദന സമ്മേളനം: ഈ സ്ക്കൂളിൽ നിന്ന് 2020 മാർച്ച്, മെയ് മാസങ്ങളിൽ നടന്ന SSLC, ഹയർ സെക്കന്ററി പരീക്ഷകയിൽ തിളക്കമാർന്ന വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് അദ്ധ്യാപക രക്ഷാകർത്തൃസമിതിയുടെ ആഭിമുഖ്യത്തിൽ അനുമോദനവും അവാർഡ് വിതരണവും നടത്തി 2020 ഒക്ടോബർ 30 ന് സമ്മേളനത്തിൽ സ്ക്കൂൾ ലോക്കൽ മാനേജർ റവ. വി.റ്റി. ജോസൻ അവാർഡുകൾ വിതരണം ചെയ്തു.

പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ: കോവിഡ്കാല അദ്ധ്യയനവർഷത്തിലെ എല്ലാ പാഠ്യ-പാഠ്യാനുബന്ധ പ്രവർത്തനങ്ങളും കോവിഡ് പ്രതിരോധവും കോവിഡ് അതിജീവനവും ഉൾച്ചേർന്നതാണ്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശ പ്രകാരമുള്ള ഫസ്റ്റ് ബെൽ എന്ന KITE VICTERS ഓൺലൈൻ ക്ലാസ്സുകൾക്ക് വേണ്ടി കുട്ടികളേയും രക്ഷാകർത്താക്കളേയും സംജ്ജരാക്കുക എന്നവെല്ലുവിളി വിജയകരമായി നിർവ്വഹിക്കുവാൻ സാധിച്ചു. TV, സ്മാർട്ട്ഫോൺ എന്നിവയിലേതെങ്കിലുമൊന്ന് ഇല്ലാത്ത മുഴുവൻ വിദ്യാർത്ഥികൾക്കും അവ ലഭ്യമാക്കുവാനുള്ള നടപടികൾ വിജയകരമായി പൂർത്തീകരിച്ചു. 21 ടിവികൾ ഇപ്രകാരം അദ്ധ്യാപകർ മുൻകൈയെടുത്ത് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കി.

അദ്ധ്യയനമാർഗ്ഗങ്ങൾ: പൊതു വിദ്യാഭ്യാസവകുപ്പ് നേരിട്ട് സംപ്രേക്ഷണം ചെയ്യുന്ന ക്ലാസ്സുകൾ വിദ്യാർത്ഥികൾ ശരിയായി വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നു. എല്ലാ ക്ലാസ്സുകൾക്കും പ്രത്യേകം വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ ഉണ്ടാക്കി ദിനം തോറും കുട്ടികളും അദ്ധ്യാപകരും രക്ഷാകർത്താക്കളും തമ്മിലുള്ള സംവേദനം സുഗമമാക്കി. കുട്ടികൾക്ക് സ്ക്കൂളിൽ നിന്ന് അദ്ധ്യാപകർ ഓൺലൈൻ ക്ലാസ്സുകൾ നടത്തി പാഠഭാഗങ്ങൾ കൃത്യമായി മനസ്സിലാക്കി നൽകി ആഴ്ച്ചതോറും ക്ലാസ്സ് പരീക്ഷകൾ ഓൺലൈനായി നടത്തി പാഠ്യവസ്തുക്കളുടെ വിശദീകരണത്തിനായി വോയ്സ് മെസ്സേജുകൾ, വീഡിയോകൾ, പവർ പോയിന്റ് പ്രസന്റേഷനുകൾ, വിശദീകരണക്കുറിപ്പുകൾ, തുടർപ്രവർത്തനങ്ങൾ എന്നിവ നൽകുന്നു. Zoom, Google Class room എന്നിവയിലൂടെയാണ് ഓൺലൈൻ ക്ലാസ്സുകൾ നടത്തുന്നത്. കുട്ടികളെ ചെറുഗ്രൂപ്പുകളാക്കി തിരിച്ച് ഓരോഗ്രൂപ്പിനുമായി ഓരോ അദ്ധ്യാപകർക്ക് ചുമതല നൽകി അവരുമായി നിരന്തര സമ്പർക്കമുണ്ടാക്കുന്നു.

കുട്ടികളുടെ വാർഷിക പരീക്ഷയുടെ തയ്യാറെടുപ്പിനായി 2021 ജനുവരി 18 മുതൽ 10, 12 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾ കോവിഡ് മാനദണ്ഡങ്ങളനുസരിച്ച് സ്ക്കൂളിൽ എത്തിച്ചേർന്ന് റഗുലർ ക്ലാസ്സുകളിൽ പങ്കാളികളായി. ആരോഗ്യവകുപ്പ് പ്രവർത്തകർ സ്ക്കൂളിൽ കൃത്യമായ ഇടവേളകളിൽ എത്തിച്ചേർന്ന് ക്രമീകരണങ്ങൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

അദ്ധ്യാപക - രക്ഷാകർത്തൃസമിതി: കോവിഡ് പകർച്ചവ്യാ

ധിയുടെ പശ്ചാത്തലത്തിൽ ഗവൺമെന്റ് നിർദ്ദേശപ്രകാരം മുൻവർഷത്തെ പി.റ്റി.എ. കമ്മിറ്റി തുടർന്നുവരുന്നു. കൂടിവരുവുകൾ കോവിഡ് മാനദണ്ഡപ്രകാരം അനുവദനീയമല്ലാത്ത സാഹചര്യത്തിൽ ഓൺലൈനായി ക്ലാസ്സ് പി.റ്റി.എ.കൾ ക്രമമായി നടന്നു വരുന്നു. 5 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ്സുകളിലേയും ക്ലാസ്സ് PTA ഇപ്രകാരം മാസത്തിലൊന്ന് എന്ന ക്രമത്തിൽ ക്രമീകരിച്ചു. പരീക്ഷ മാർഗ്ഗനിർദ്ദേശ ക്ലാസ്സുകൾ, കൗൺസലിംഗ് ക്ലാസ്സുകൾ എന്നിവ രക്ഷിതാക്കൾക്കും ക്രമീകരിക്കുയുണ്ടായി.

ശതാബ്ദി സ്മാരക കെട്ടിട സമുച്ചയം: സ്ക്കൂളിന്റെ ശതാബ്ദിയുടെ സ്മരണ നിലനിർത്തുന്നതിനായി 27000 സ്കയർ ഫീറ്റിലായി മൂന്ന് നിലകളിലായി ശതാബ്ദി സ്മാരക കെട്ടിട സമുച്ചയത്തിന്റെ ശിലാസ്ഥാപനം 2020 സെപ്റ്റംബർ 2 ന് മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത നിർവഹിച്ചു. രണ്ടുകോടി രൂപാ ചെലവഴിച്ച് പ്രസ്തുത കെട്ടിട സമുച്ചയത്തിന്റെ ഒന്നാം നില പൂർത്തീകരിക്കുകയും. 2021 മാർച്ച് 15-ന് മോസ്റ്റ് റവ. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായും റൈറ്റ് റവ. തോമസ് മാർതിമഥിയോസ് എപ്പിസ്കോപ്പായും ചേർന്ന് പ്രസ്തുത ബ്ലോക്കിന്റെ കൂദാശ നിർവ്വഹിക്കുകയും ചെയ്തു. 7ക്ലാസ്സ് മുറികളും 1 കോൺഫറൻസ് റൂമും ഓഫീസ് ബ്ലോക്ക് ഉം ഉൾപ്പെടെ 10,000 Sq.ft വിസ്തീർണ്ണമാണ് ഈ നിലയ്ക്കുള്ളത്. ഇതിനാവശ്യമായ 2 കോടിയോളം രൂപാ അദ്ധ്യാപകരും മാനേജ്മെന്റും അഭ്യുദയകാംക്ഷികളും ചേർന്നാണ് സമാഹരിച്ചത്.

ശതാബ്ദി സമാപനം സമ്മേളനം: 2019 മെയ് 20ന് ആരംഭിച്ച സ്കൂൾ ശതാബ്ദി സമ്മേളനങ്ങളുടെ സമാപന സമ്മേളനം 2021 മാർച്ച് 15ന് വെണ്മണി സെഹിയോൻ മാർത്തോമ്മാ പാരീഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. ബഹു. മിസോറാം ഗവർണർ ശ്രീ. പി. എസ്. ശ്രീധരൻപിള്ള സമ്മേളനം ഉദ്ഘാടനം ചെയ്തു.

സ്റ്റാഫും വിദ്യാർത്ഥികളും:ശ്രീ. ജിജി മാത്യൂ സ്ക്കറിയ പ്രിൻസിപ്പലായും, ശ്രീമതി എലിസമ്പേത്ത് ജോൺ ഹെഡ് മിസ്ട്രസായും പ്രവർത്തിക്കുന്ന സ്കൂളിൽ 5 മതൽ 12 വരെയുള്ള ക്ലാസ്സുകളിലായി 36 അദ്ധ്യാപകരും 4 അനദ്ധ്യാപകരും സേവനമനുഷ്ഠിക്കുന്നു. യൂപി. വിഭാഗത്തിൽ 5 ഡിവിഷനുകളിലായി 171 വിദ്യാർത്ഥികളും ഹൈ സ്കൂൾ വിഭാഗത്തിൽ 10 ഡിവിഷനുകളിലായി 407 വിദ്യാർത്ഥികളും ഹയർ സെക്കന്ററി വിഭാഗത്തിൽ സയൻസ്, കോമേഴ്സ് വിഭാഗങ്ങളിലായി 372 വിദ്യാർത്ഥി കളും അദ്ധ്യയനം നടത്തുന്നു.

8.B.7 മാർത്തോമ്മാ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, കുന്നം

ലോകത്തെ വിശിഷ്യാ വിദ്യാഭ്യാസ മേഖലയെ സ്തംഭിപ്പിച്ച കോവിഡ് -19 എന്ന മഹാമാരിയാൽ ലോകം പകച്ചു നില്ക്കുന്ന ഈ കാലഘട്ടത്തിലും സമാന്തരമായ വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ ലോകശ്രദ്ധ ആർജ്ജിക്കുവാൻ ഈ കൊച്ചു കേരളത്തിനായി. ഓൺലൈൻ ക്ലാസ്സുകളിലൂടെ വിദ്യാഭ്യാസം കുഞ്ഞുങ്ങളിലേക്ക് എത്തിക്കുവാൻ 72-ാം വർഷത്തിലേക്ക് പ്രവേശിക്കുന്ന എം.റ്റി.വി.എച്ച്.എസ്.എസ്നും സാധിച്ചു. അധ്യാപക-രക്ഷാകർതൃ സംഘടന, പൂർവ്വ വിദ്യാർത്ഥികൾ, മറ്റ് അഭ്യുദയ കാംഷികൾ ഇവരുടെ നിരന്തര കൈത്താങ്ങിലുകളിലൂടെ നഷ്ടമായ ആത്മവീര്യത്തെ വീണ്ടെടുക്കുവാൻ സാധിക്കുന്നു.

മർത്തോമ്മാ സഭാധ്യക്ഷനും സ്കൂൾ എൽ.എ.സി. ചെയർമാനുമായിരുന്ന മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമാ മെത്രാപ്പൊലീത്തായുടെ പാവന സ്മരണയ്ക്കു മുമ്പിൽ പ്രണാമം അർപ്പിക്കുന്നു. മാർത്തോമ്മാ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ നേതൃത്വത്തിൽ സുവിശേഷസംഘത്തിന്റെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ എൽ.എ.സി. ചെയർമാനായി റാന്നി-നിലയ്ക്കൽ ഭദ്രാസനാധിപൻ തോമസ് മാർ തിമത്തിയോസ് എപ്പിസ്ക്കോപ്പാ തിരുമേനിയും ലേക്കൽ മാനേജർ റവ. ജോൺ കുരുവിളയും നേതൃത്വം നല്കുന്നു.

2020 മാർച്ചിൽ നടന്ന വി.എച്ച്.എസ്സ് പരീക്ഷയിൽ 100% വിജയം നേടി. കുമാരി സിജി തോമസ്, കുമാരി ഫെയ്ത്ത് തോമസ് ഇവർ ഫുൾ എ+ നേടി.

എസ്. എസ്. എൽ സി. പരീക്ഷയിൽ 99% വിജയവും കുമാരി ജയലക്ഷ്മി എസ്. നായർ ഫുൾ എ+ നേടി.

ഓൺലൈൻ പഠന സഹായമായി 19 ടി.വി. കൾ കുട്ടികൾക്ക് നല്കി. ടി.വി. സ്പോൺസർ ചെയ്ത ശ്രീ. ആരോൺ ബിജിലി പനവേലി, ഡാളസ് മാർത്തോമ്മാ ഇടവക, ശ്രീ. റോബിൻ ജി. അലക്സ്, ശ്രീ. സുമോദ് എം. മാത്യു, ഇവരോടും അലമാര, കബോർഡ് ഇവ സ്പോൺസർ ചെയ്ത ശ്രീമതി സൂസമ്മ ജോൺ, ശ്രീമതി ഷീലാ വർഗീസ് പി.വി. ഇവരോടും നന്ദി അറിയിക്കുന്നു. സ്കൂൾ മേൽക്കൂര, പാചകപ്പുര, ലാബ്, സ്റ്റാഫ് റൂം ഇവ നവീകരിച്ചു.

എൻ. എസ്. എസ് സെല്ലിന്റെ നേതൃത്വത്തിൽ 35 കുട്ടികൾക്ക് 5 മുട്ടക്കോഴികളും അവയ്ക്കുള്ള തീറ്റയും വിതരണം ചെയ്തു. താലൂക്ക് തല നിയമപാഠം പരീക്ഷയിൽ കുമാരി ശ്രീലക്ഷ്മി സജി, കുമാരി ഉത്തര ഉണ്ണികൃഷ്ണൻ ഇവർ ഒന്നാം സ്ഥാനം നേടി.

ശിശുദിനത്തിൽ നടന്ന ജില്ലാതല കഥ, കവിതാരചന മത്സരത്തിൽ കുമാരി അർച്ചനാ സാബു ഒന്നാം സ്ഥാനം നേടി.

ആരോഗ്യവകുപ്പിന്റെ കൊളാഷ് മത്സരത്തിൽ കുമാരി മീനാക്ഷി പി. എസ്. ജില്ലാതലത്തിൽ ഒന്നാം സ്ഥാനം നേടി.

Indian International Conference on Air Quality Management- 2020 ൽ നടന്ന Essay Competetion ൽ മീനാക്ഷി പി. എസ്. രണ്ടാം സ്ഥാനം നേടി.

ഫോട്ടോഗ്രഫി ദിനത്തിൽ കുമാരി വർഷ ഏലീസബത്ത് ഷെറി ജില്ലാ തലത്തിൽ ഒന്നാം സ്ഥാനം നേടി.

സ്മാർട്ട് എനർജി പ്രോഗ്രാമിൽ യുപി., എച്ച്. എസ്. വിഭാഗങ്ങളിൽ കുമാരി ശ്രീലക്ഷ്മി, മാസ്റ്റർ ഹരി നായർ ഇവർ സ്കൂൾ ഫിലിം, പ്രബന്ധം ഇവ അവതരിപ്പിച്ചു സമ്മാനാർഹരായി. ഹെഡ്മിസ്ട്രസ്സ് ശ്രീമതി മറിയാമ്മ വർഗ്ഗീസ്, ശ്രീമതി ഷീല വർഗീസ് പി.വി. ഇവർ സേവനത്തിൽനിന്ന് വിരമിച്ചു.

പ്രിൻസിപ്പൽ ആയി ശ്രീ. റോബിൻ ജി. അലക്സും ഹെഡ്മിസ്ട്രസ്സ് ആയി ശ്രീമതി ബീനാ കെ യും പ്രവർത്തിക്കുന്നു.

8.B.8. മാർത്തോമ്മാ ഹയർ സെക്കന്ററി സ്കൂൾ, വാളകം

വിദ്യാഭ്യാസമാകെ പരിവർത്തനത്തിന്റെ ശംഖൊലി മുഴക്കികൊണ്ട് ഉയർച്ചയുടെ പടവുകൾ താണ്ടി ആദ്ധ്യാത്മിക മൂല്യങ്ങളെ പരിരക്ഷിച്ചു കൊണ്ട് അനവരതം മുന്നേറുന്ന വാളകം മാർത്തോമ്മാ ഹയർ സെക്കണ്ടറി സ്കൂൾ 97 വർഷങ്ങൾ പിന്നിടുന്നു. ഈ വിദ്യാലയത്തിൽ യു.പി., ഹൈസ്കൂൾ വിഭാഗങ്ങളിൽ 23 ഡിവിഷനുകളിലായി 918 വിദ്യാർത്ഥികളും ഹയർ സെക്കണ്ടറിയിൽ 206 വിദ്യാർത്ഥികളും പഠിക്കുന്നു. 2020 SSLC പരീക്ഷയിൽ 100% വിജയത്തോടൊപ്പം 46 കുട്ടികൾ എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡും 21 കുട്ടികൾ 9 എ+ ഗ്രേഡുകളും കരസ്ഥമാക്കി. ഹയർ സെക്കണ്ടറി പരീക്ഷയിൽ 9 കുട്ടികൾ എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡും 5 കുട്ടികൾ 5A+ ഗ്രേഡു കളും കരസ്ഥമാക്കി. സയൻസ് വിഭാഗത്തിൽ 92.5% കുട്ടികളും കൊമേഴ്സ് വിഭാഗത്തിൽ 78% കുട്ടികളും വിജയിച്ചു.

ലോകത്തെയാകെ മാറ്റി മറിച്ച കൊറോണ വൈറസ് വ്യാപനത്തെ തുടർന്ന് കേരള വിദ്യാഭ്യാസ വകുപ്പ് ഏർപ്പെടുത്തിയ ഓൺലൈൻ പഠനസൗകര്യം പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകത മുൻ നിർത്തി സ്കൂൾ മാറ്റങ്ങൾക്ക് വിധേയമായി പ്രവർത്തിക്കുന്നു.

100 വോളന്റിയേഴ്സുള്ള NSS യൂണിറ്റ്, 100 കേഡറ്റുകൾ ഉൾപ്പെടുന്ന NCC ട്രൂപ്പ്, 2 യൂണിറ്റുകൾ വീതമുള്ള Scout & Guide, JRC, Little Kites എന്നിവ ഗൂഗിൾ മീറ്റ് വഴി പ്രവർത്തിച്ചുവരുന്നു. മാത്സ് ടാലന്റ് സേർച്ച് പരീക്ഷ Inspire award, LSS, USS, NMMS Scholarship തുടങ്ങിയവയിൽ മികച്ച നേട്ടം കുട്ടികൾ കൈവരിച്ചു.

കരിയർ ഗൈഡൻസ് Path finder 2021 പരിപാടിയിൽ പ്ലസ് വൺ വിദ്യാർത്ഥി സംസ്ഥാനതലത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. സൗഹൃദ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വെബിനാറുകൾ സംഘടിപ്പിച്ചു. NSS ന്റെ ആഭിമുഖ്യത്തിൽ

സാമൂഹിക അടുക്കള Covid first line centre തുടങ്ങിയവയിലേക്ക് സാധനങ്ങളും Mask, PPE Kit തുടങ്ങിയവ വിതരണം ചെയ്തു.

കുട്ടികൾക്ക് പഠനത്തിനാവശ്യമായ Televisionകൾ Mobile phoneകൾ നൽകി വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് സ്കൂൾ നേതൃത്വം നൽകി. കുട്ടികൾക്ക് കൗൺസിലിംഗ് ക്ലാസ്സുകൾ ഓൺലൈൻ വഴി സംഘടിപ്പിച്ചു.

ദേശീയ പ്രാധാന്യമുള്ള ദിനാചരണങ്ങളും, വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ കുട്ടികളുടെ സമുചിത ബൗദ്ധിക വികസനത്തിന് വഴിയൊരുക്കുന്നു.

സ്കൂൾ വികസന പ്രവർത്തനങ്ങൾക്കും ഈ വർഷം പ്രാധാന്യം നൽകി. സ്കൂളിലേക്കും ഗ്രൗണ്ടിലേക്കുമുള്ള റോഡ് കോൺക്രീറ്റ് ചെയ്തു. ഓപ്പൺ എയർ സ്റ്റേജ്, സ്റ്റീൽ റെയിലിംഗ്സ്, ഓഫീസ് റൂം റിനോവേഷൻ, എച്ച്.എസ്.എസ്. ബ്ലോക്ക് ട്രസ്സ് വർക്ക് തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി.

യു.പി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിഭാഗങ്ങളിലായി 39 അദ്ധ്യാപകരും, 7 അനദ്ധ്യാപകരും പ്രവർത്തിക്കുന്നു. സ്കൂൾ ഹെഡ് മാസ്റ്ററായി ശ്രീ. ഏബ്രഹാം. ഡിയും പ്രിൻസിപ്പാൾ ഇൻ ചാർജ്ജായി ശ്രീമതി ഹേമ മേരി മാത്യുവും പ്രവർത്തിക്കുന്നു.

8.B.9. മാർത്തോമ്മാ ഗേൾസ് ഹൈസ്കൂൾ, കൊട്ടാരക്കര

കൊട്ടാരക്കര മാർത്തോമ്മാ ഗേൾസ് ഹൈസ്കൂൾ 2019-2020 അദ്ധ്യയന വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ 86 Full A+ ഉം 100% വിജയവും കരസ്ഥമാക്കി. കണ്ണിനും കാഴ്ചയ്ക്കുമപ്പുറം ഒരു സൂക്ഷ്മ വൈറസ് ലോകത്തെ നിശ്ചലമാക്കിയ കാലത്തും സാങ്കേതിക വിദ്യയുടെ സഹായത്താൽ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ മുൻ നിരയിലെത്താൻ കൊട്ടാരക്കര മാർത്തോമ്മാ സ്കൂളിന് കഴിഞ്ഞു.

ജൂൺ മാസം 1-ന് കൈറ്റ് വിക്ടേഴ്സ് ചാനൽ നടത്തുന്ന ഓൺലൈൻ ക്ലാസുകൾക്കൊപ്പം അന്നേദിവസം വൈകിട്ട് എല്ലാ ക്ലാസുകൾക്കും റിവ്യൂ നടത്തുന്നു. Online Exam, Online PTA, Online SRG എന്നിവ സംഘടിപ്പിച്ചു. വർക്ക്ഷീറ്റുകളിലൂടെയും നോട്ട് ബുക്ക് ഇവാലുവേഷനിലൂടെയും കുട്ടികളുടെ പഠനം മികവുറ്റതാക്കിമാറ്റാൻ കഴിയുന്നു.

കോവിഡ് മഹാമാരിയുടെ തുടക്കം മുതൽ രക്ഷകർത്താക്കൾക്കായും കുട്ടികൾക്കായും നിരവധി ബോധവൽക്കരണ ക്ലാസുകൾ നടത്തി. കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിച്ചു. പി.ടി.എ.യുടെ സഹായത്തോടെ കോവിഡ് ബാധിത കുടുംബങ്ങളിലും കണ്ടെയ്ൻമെന്റ് സോണുകളിലും ഭക്ഷ്യധാന്യകിറ്റുകൾ, മാസ്ക്കുകൾ, സാനിറ്റൈസറുകൾ എന്നിവ വിതരണം ചെയ്തു. ഓൺലൈൻ പഠനസൗകര്യം ഇല്ലാതിരുന്ന 50 കുട്ടികൾക്ക് പഠന സൗകര്യം ലഭ്യമാക്കി.

- എൻ.എം.എം.എസ്. പരീക്ഷയിൽ ഈ സ്കൂളിലെ 5 കുട്ടികൾ അഭിമാനകരമായ നേട്ടം കൈവരിച്ചു.
- അദ്ധ്യാപകർക്കുവേണ്ടി എം.ടി. & ഇ.എ. സ്കൂൾ അസോസിയേഷൻ സംഘടിപ്പിച്ച വിവിധ കലാ സാഹിത്യ മത്സരത്തിൽ വിവിധ ഇനത്തിൽ അധ്യാപകർക്ക് ഒന്നും രണ്ടും സ്ഥാനം ലഭിച്ചു.
- ബസേലിയോസ് കോളേജ് നടത്തിയ സയൻസ് എക്സ്പോയിൽ ഐശ്വര്യ എസ് ജില്ലാ തലത്തിൽ ഒന്നാം സ്ഥാനം നേടി
- ശാസ്ത്ര രംഗം പ്രോജക്ട് മത്സരത്തിൽ സബ്ജില്ലാതലത്തിൽ പഞ്ചമി പ്രദീവ് രണ്ടാം സ്ഥാനം നേടി.
- എസ്.എസ്.എൽ.സി. 2020 വിജയികൾക്ക് ഓൺലൈൻ അനുമോദനം നടത്തി വിജയികൾക്ക് മംഗളപത്രവും സർട്ടിഫിക്കറ്റും വിതരണം ചെയ്തു.
- കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിൽ മികച്ച പി.ടി.എ. ആയി കൊട്ടാരക്കര മാർത്തോമ്മാ ഗേൾസ് ഹൈസ്കൂൾ തെരഞ്ഞെടുത്തു. കൊല്ലം റവന്യൂ ജില്ലയിൽ 4-ാം സ്ഥാനവും ലഭിച്ചു.
- അദ്ധ്യാപക ദിനത്തോടനുബന്ധിച്ച് ഡിജിറ്റൽ മത്സരത്തിൽ കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിൽ രണ്ടാം സ്ഥാനം ലഭിച്ചു.
- 2021-2022 അദ്ധ്യായന വർഷത്തേയ്ക്കുള്ള അഡ്മിഷൻ നടന്നുവരുന്നു.
- സംസ്ഥാന എക്സൈസ് ഡിപ്പാർട്ട്മെന്റ് നടത്തിയ ഷോർട്ട് ഫിലിം മത്സരത്തിൽ പത്താംക്ലാസ് വിദ്യാർത്ഥിനികളായ ഹന്ന ഗ്രേസ് സജിയും അഖിലയും പ്രോത്സാഹന സമ്മാനത്തിനർഹയായി.
- എസ്.ബി.ഐ. നടത്തിയ ഓൺലൈൻ പ്രസംഗ മത്സരത്തിൽ നിമിഷ മാത്യു സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം നേടി.
- വിദ്യാഭ്യാസ വകുപ്പ് നടത്തിയ അക്ഷരവൃക്ഷം പരിപാടിയിൽ വിദ്യാഭ്യാസ ജില്ലയിൽ ഒന്നാം സ്ഥാനം നേടി.

8.B.10. എ.എം.എം. ഹൈസ്കൂൾ, കരവാളൂർ

2020-21 മാർത്തോമ്മാ സഭയുടെ കിഴക്കൻ മേഖലയിൽ പ്രവർത്തിക്കുന്ന എ.എം.എം. ഹൈസ്കൂൾ പാഠ്യ പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ ഏറെ ശ്രദ്ധ ചെലുത്തി പ്രവർത്തിക്കുന്നു. 5-ാം ക്ലാസുമുതൽ 10-ാം ക്ലാസുവരെ ഇംഗ്ലീഷ്, മലയാളം മീഡിയങ്ങളിലായി 900 കുട്ടികൾ പഠനം നടത്തി. എസ്.എസ്.എൽ.സി.ക്ക് 100% വിജയവും 50-ഓളം കുട്ടികൾ മികവാർന്ന വിജയവും നേടിയെടുത്തു. LAC, PTA എന്നിവയുടെ സഹകരണത്തോടുകൂടി ചുറ്റുമതിലും സർക്കാരിന്റെ MLA ഫണ്ടുപയോഗിച്ച് കിച്ചൻ, ടോയിലറ്റ്, ക്ലാസ് റൂമുകൾ, ലാബ്, ലൈബ്രറി, റീഡിംഗ് റൂം എന്നിവ നിർമ്മിച്ചു. സ്കൂളിന്റെ മുൻവശത്തായി മെയിൻ ഗേറ്റ് പൂർത്തീകരിച്ചു. ഭദ്രാസന എപ്പിസ്കോപ്പാ ചെയർമാനായി വേണ്ട നിർദ്ദേശം നൽകിവരുന്നു. ശ്രീ. കെ.ജി. തോമസ് ഹെഡ്മാസ്റ്ററായി പ്രവർത്തിച്ചു.

8.B.11. എം.റ്റി.എസ്. ഗേൾസ് ഹൈസ്കൂൾ, ആനപ്രാമ്പാൽ

എം.ടി. & ഇ.എ. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ അധീനതയിൽപ്പെട്ട ഒരു ഗേൾസ് ഹൈസ്കൂളാണ് എം.ടി.എസ്. എച്ച്.എസ്. ഹൈസ്കൂൾ ആനപ്രാമ്പാൽ. ഹെഡ്മിസ്ട്രസ് ആയിരുന്ന ശ്രീമതി സുജ അലക്സ് 31.03.2020-ൽ വിരമിച്ച ഒഴിവിലേക്ക് 01.06.2020 മുതൽ ശ്രീമതി റെനി വർഗീസ് നിയമിക്കപ്പെട്ടു. 5 മുതൽ 10 വരെ ക്ലാസ്സുകളിലായി 2020-2021 അദ്ധ്യയന വർഷം 63 പെൺകുട്ടികൾ അദ്ധ്യയനം നടത്തിവരുന്നു. തുടർച്ചയായി 7 വർഷമായി 100% വിജയം നേടിക്കൊണ്ടിരിക്കുന്ന ഈ സ്കൂളിൽ 2020 എസ്.എസ്.ൽ.സി. പരീക്ഷയിലും 100% വിജയം കരസ്ഥമാക്കുവാൻ സാധിച്ചു. 9 അദ്ധ്യാപകരും 4 അനദ്ധ്യാപകരും ഉൾപ്പെടെ 13 പേർ ഇവിടെ സേവനം അനുഷ്ഠിച്ചുവരുന്നു. കോവിഡ് -19 വ്യാപനത്തെ തുടർന്ന് ഈ വർഷത്തെ ബോധനവും പഠനവും PTA, MPTA, Assembly ദിനാചരണങ്ങൾ, ലൈബ്രറി പ്രവർത്തനങ്ങൾ, തുടങ്ങിയവയെല്ലാം ഓൺലൈനിലൂടെയാണ് ഓരോ ദിവസവും ക്രമീകരിച്ചിരുന്നത്. സ്കൂളിന്റെ ചരിത്രത്തിൽ ഇദംപ്രഥമായി ഒരു ഡിജിറ്റൽ മാഗസിൻ അതും രാഷ്ട്ര ഭാഷയിൽ പ്രസിദ്ധീകരിക്കുവാൻ ഈ വർഷം സാധിച്ചു എന്നത് എടുത്തുപറയത്തക്ക കാര്യമാണ്. കുട്ടികളുടെയും അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും ഫോട്ടോ പതിച്ച് 2021ലെ കലണ്ടർ എല്ലാ കുട്ടികളുടെയും വീടുകളിൽ എത്തിച്ചു. കുട്ടികളുടെ ഫോട്ടോ പ്രിന്റ് ചെയ്ത് സെറാമിക് കപ്പുമായി കുട്ടികളുടെ വീടുകളിലെത്തി അവരോടൊപ്പം ജന്മദിനം ആഘോഷിച്ചു. തലവടി സബ്ജില്ലയിൽപ്പെട്ട 30 വിദ്യാലയങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഓൺലൈൻ കലോത്സവം (മലയാളി മങ്ക UP&LP, പദ്യപാരായണം UP&LP) എന്നീ ഇനങ്ങളിൽ നടത്തുകയും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം ലഭിച്ചവർക്ക് ക്യാഷ് അവാർഡും ട്രോഫിയും നൽകി. ഈ സ്കൂളിലെ കുട്ടികൾക്കായി ഒരു ഓൺലൈൻ കലോത്സവം വിവിധ ഇനങ്ങളിൽ നടത്തുകയും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം നേടിയവർക്കും കലാതിലകമായ കുട്ടിക്കും ട്രോഫികൾ നൽകി. ക്ലാസ് അടിസ്ഥാനത്തിൽ ഗൂഗിൾ മീറ്റിലൂടെ ക്ലാസും പി.ടി.എ. ഓരോ ടേമിലും നടത്തി. മാനേജ്മെന്റിൽ നിന്നും മൂന്ന് ഗെഡുക്കളായി അനുവദിച്ച രണ്ടര ലക്ഷം രൂപ ഉപയോഗിച്ച് സ്കൂളിന് ഫിറ്റ്നസ് ലഭിക്കുന്നതിന് തടസമായി നിന്ന വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി ഓട കെട്ടുകയും ഹൈസ്കൂൾ കെട്ടിടത്തിന് ചുറ്റും പാറപ്പൊടി ഇട്ട് ഉയർത്തി പ്ലാസ്റ്റിക് ഷീറ്റിനു മുകളിൽ മെറ്റൽപ്പൊടി വിരിച്ച് ഓടയിലേക്ക് വെള്ളം ഒഴുകി പോകുന്നതിനുള്ള ക്രമീക

രണം ചെയ്തു. സ്കൂളിന്റെ ഫിറ്റ്നസ് ലഭിക്കുന്നതിനുള്ള തടസ്സം മാറി ഫിറ്റ്നസ് ലഭിച്ചു. സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന LAC President, LAC അംഗങ്ങൾ, ആനപ്രമ്പാൽ ഇടവക, പി.ടി.എ. എല്ലാവരോടുമുള്ള കൃതജ്ഞത അറിയിച്ചുകൊള്ളുന്നു.

8.B.12. ടി. എം. ടി. ഹൈസ്കൂൾ, തലവടി

തലവടി നീരേറ്റുപുറം പ്രദേശത്ത് ഭാഗ്യസ്മരണീയനായ തീത്തൂസ് പ്രഥമന്റെ നാമത്തിൽ 1919-ൽ സ്ഥാപിതമായ ടി.എം.ടി. ഹൈസ്കൂൾ 101 വർഷം പൂർത്തീകരിച്ചു. കോവിഡ് 19ന്റെ പ്രതിസന്ധിയിലും കാര്യക്ഷമമായി ഓൺലൈനിലും ഓഫ്ലൈനിലും (10-ാം ക്ലാസ്) പഠനത്തിൽ സജീവമായിരുന്നു വിദ്യാർത്ഥികളും അധ്യാപകരും. 2020 ജൂൺ 1-ന് ശ്രീമതി. വിൻസി ഫിലിപ്പ്, ഹെഡ്സമിസ്ട്രസ് ആയി നിയമിതയായി. കോവിഡ് കാലത്തും വിദ്യാർത്ഥികളെ ഹൃദയം കൊണ്ട് ചേർത്തുപിടിച്ചുകൊണ്ട് 47 പ്രത്യേക ദിനങ്ങൾ വിശിഷ്ട വ്യക്തിത്വങ്ങളെ ഉൾപ്പെടുത്തി ഓൺലൈനിൽ ആചരിച്ചു. വീഡിയോ തയ്യാറാക്കി വിദ്യാഭ്യാസവകുപ്പിന്റെ പ്രത്യേക പ്രശംസ പിടിച്ചുപറ്റി. ഹരിതവിദ്യാലയം 2020 2-ാം സ്ഥാനം സ്കൂളിനു ലഭിച്ചു. 10000 രൂപ പാരിതോഷികം ലഭിച്ചു. ഓണാഘോഷം ക്രിസ്തുമസ്, കലോത്സവം - ഒരുമ 2021 എന്നിവ ഭംഗിയായി നടത്തി.

9 വർഷമായി തുടർച്ചയായി എസ്.എസ്.എൽ.സി.ക്ക് 100 ശതമാനം വിജയം കൈവരിക്കുന്നു. വായനയെ പ്രോത്സാഹിപ്പിക്കുവാൻ നന്മയുള്ള വായന, കവി സുഗതകുമാരിയുടെ സ്മരണാർത്ഥം സുഗതം 2021, സഹപാഠികൾക്ക് കൈത്താങ്ങാകുവാൻ നിധികുടുക്ക പദ്ധതി എന്നിവ നടപ്പിലാക്കി. സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി താത്ക്കാലിക അടുക്കള നിർമ്മിച്ചു. പഴയകെട്ടിടം പൊളിച്ചുമാറ്റി ആർട്ട്വർക്ക് ചെയ്ത് ഭംഗിയാക്കി. പെൺകുട്ടികളുടെ ടോയ്‌ലറ്റ് വൈദ്യുതീകരിച്ചു. പൈപ്പ് കണക്ഷൻ നൽകി, ഗ്രൗണ്ട് ഉയർത്തി നിരപ്പാക്കി, ശതാബ്ദിമന്ദിരത്തിന്റെ ബാക്കി പണികൾ പൂർത്തിയാക്കി. പ്രകൃതിരമണീയമായ വിദ്യാർത്ഥി സൗഹൃദ ചുറ്റുപാടിൽ വിദ്യാഭ്യാസം നേടുവാൻ ടി.എം.ടി. വേദിയൊരുക്കുന്ന നല്ലപാഠം, സീഡ്, ജെ.ആർ.സി., ലഹരി വിരുദ്ധ ക്ലബ്ബ് ഇവ ഭംഗിയായി പ്രവർത്തിക്കുന്നു.

നിരണം - മാരാമൺ ഭദ്രാസനാധിപനും മാർത്തോമ്മാ സഭാ മേലദ്ധ്യക്ഷനുമായ അഭി. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ സ്കൂൾ എൽ.എ.സി.യുടെ ചെയർമാൻ ആയും റവ. വിജയ്മാമൻ മാത്യു പ്രസിഡന്റ് ആയും പ്രവർത്തിക്കുന്നത് സ്കൂളിനു മുതൽക്കൂട്ടാണ്.

പൂർവ്വവിദ്യാർത്ഥികൾ, അദ്ധ്യാപകർ, അഭ്യുദയകാംക്ഷികൾ എന്നിവരുടെ കൈത്താങ്ങൽ വലുതാണ്. വിദ്യാഭ്യാസവകുപ്പ്, പഞ്ചായത്ത്, ഹെൽത്ത് ഡിപ്പാർട്ട്മെന്റ്, ബി.ആർ.സി., ഡയറ്റ് എന്നിവയുമായി സ്കൂൾ നല്ലബന്ധം സ്ഥാപിച്ചിട്ടുണ്ട്.

8.B.13. മാർത്തോമ്മാ ഹൈസ്കൂൾ, ചണ്ണപ്പേട്ട

ലോകമെമ്പാടും കോവിഡ്-19 മഹാമാരി ഉയർത്തിയ പ്രതിസന്ധികൾക്ക് നടുവിൽ സ്കൂൾ അധ്യയനം തടസ്സം കൂടാതെ മുന്നോട്ട് പോകാൻ കേരള സർക്കാർ ആവിഷ്ക്കരിച്ച ഫസ്റ്റ് ബെൽടെലിവിഷൻ ക്ലാസ്സുകളെ ആസ്പദമാക്കിയുള്ള ഓൺലൈൻ ക്ലാസ്സുകൾ 2020 ജൂൺ 1 ന് തന്നെ സ്കൂളിൽ ആരംഭിച്ചു. ഓരോ ക്ലാസ്സിലെയും കുട്ടികളെ ഉൾപ്പെടുത്തി വാട്സ് ആപ്പ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും ടെലിവിഷൻ ക്ലാസ്സുകളെ ആസ്പദമാക്കിയുള്ള ഓൺ ലൈൻ പഠനത്തിന് ഓരോ വിഷയവും പഠിപ്പിക്കുന്ന അധ്യാപകർ നേതൃത്വം നൽകുകയും ചെയ്തു. ടെലിവിഷൻ ഇല്ലാത്തതുമൂലം ക്ലാസ്സുകൾ കാണാൻ കഴിയാതെയുള്ള വിദ്യാർത്ഥികൾക്കായി അധ്യാപകർ, പൂർവവിദ്യാർത്ഥികൾ, അഭ്യുദയകാംക്ഷികൾ എന്നിവരുടെ സഹകരണത്തോടെ 12 LED ടെലിവിഷൻ സെറ്റുകൾ വിതരണം ചെയ്തു. കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് സ്കൂളിൽ നടന്ന ചടങ്ങിൽ ശ്രീ. മുല്ലക്കര രത്നാകരൻ MLA ടെലിവിഷൻ സെറ്റുകൾ വിതരണം ചെയ്തു. വാട്സ് ആപ്പ് ഗ്രൂപ്പിലൂടെയുള്ള സംശയനിവാരണത്തിനുപുറമേ ഓരോ വിഷയത്തിനും ഗൂഗിൾമീറ്റ് വഴി തത്സമയ ക്ലാസ്സുകൾ നടത്തി. ഇതിലൂടെ കുട്ടികൾക്ക് അധ്യാപകരുമായി നേരിട്ട് സംവദിക്കാനുള്ള അവസരം സംജാതമായി.

2020 മാർച്ച് മാസത്തിലെ SSLC പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ വിദ്യാർത്ഥികൾക്ക് അവാർഡ് നൽകുന്ന ചടങ്ങിൽ ഭദ്രാസന എപ്പിസ്കോപ്പയും എൽ.എ.സി. ചെയർമാനുമായ ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പ തിരുമേനിയും മുഖ്യാതിഥിയായി പങ്കെടുത്തു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എം. ഹംസ, മാനേജർ ശ്രീമതി ലാലമ്മ വർഗീസ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു. സ്കൂളിൽ ലഭ്യമായിരുന്ന സൗണ്ട് സിസ്റ്റത്തിന്റെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഗുണനിലവാരമുള്ള അനുബന്ധ ഉപകരണങ്ങൾകൂടി വാങ്ങി മെച്ചപ്പെട്ട സൗണ്ട് സിസ്റ്റം സജ്ജമാക്കി. സ്കൂൾ കോമ്പൗണ്ടിൽ നിന്നും നേരത്തെ മുറിച്ചിട്ടിരുന്ന മഹാഗണി തടി ഉപയോഗിച്ച് അധ്യാപകരുടെ സാമ്പത്തിക സഹായത്തോടെ 25 ജോഡി ക്ലാസ്സ് ഉപകരണങ്ങൾ നിർമിച്ചു.

പാഠ്യ പ്രവർത്തനങ്ങളോടൊപ്പം വെർചലായി നിരവധി പാഠ്യാനുബന്ധപ്രവർത്തനങ്ങളും സംഘടിപ്പിച്ചു. ഓസോൺ ദിനം, ഗാന്ധിജയന്തി, ക്രിസ്മസ് എന്നിവയോടനുബന്ധിച്ച് വെർചൽ പരിപാടികൾ സംഘടിപ്പിച്ചു. കൂടാതെ ഓൺലൈൻ പ്ലാറ്റ്ഫോമിൽ വിദ്യാർത്ഥികൾക്കായി വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ വെർചൽ സാഹിത്യോത്സവം സംഘടിപ്പിച്ചു. നോവിലിസ്റ്റ് ശ്രീ. വിനോയ് തോമസ് ഉദ്ഘാടനം നിർവഹിച്ചു. കരിക്കുലം കമ്മിറ്റി മുൻ അംഗം ഡോ. എ. മുഹമ്മദ് കബീർ മുഖ്യപ്രഭാഷണം നടത്തി. ഓണത്തോടനുബന്ധിച്ച് ഓൺലൈൻ പ്ലാറ്റ്ഫോമിൽ വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. JRC യുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ **ആർദ്രം** എന്ന പേരിൽ ഒരു വെർചൽ പരിപാടി സംഘടിപ്പിച്ചു. എല്ലാ വിർചൽ പരിപാടികളും യൂ ട്യൂബിൽ അപ്‌ലോഡ് ചെയ്ത് പൊതുജനങ്ങൾക്ക് വീക്ഷിക്കുവാൻ സജ്ജമാക്കിയിട്ടുണ്ട്.

ഗവൺമെന്റ് നിർദ്ദേശപ്രകാരം 2021 ജനുവരി 1 മുതൽ SSLC പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്കായി സംശയനിവാരണത്തിനുള്ള ക്ലാസ്സുകൾ ക്രമീകരിച്ചു. ഓരോ ദിവസവും വ്യത്യസ്ത വിഷയങ്ങളിൽ മെച്ചപ്പെട്ട പരീക്ഷാ പരിശീനങ്ങൾ നൽകി. ഈ വർഷം 106 വിദ്യാർത്ഥികൾ SSLC പരീക്ഷ എഴുതി.

8.B.14. ഗുരുകുലം ഹയർ സെക്കന്ററി, ഇടക്കുളം

സമാനതകളില്ലാത്ത ഒരു കാലഘട്ടത്തിലൂടയാണ് ഇന്ന് ലോകം കടന്നുപോകുന്നത്. കോവിഡ് -19 എന്ന മഹാമാരിയിൽ ലോകം വിറങ്ങലിച്ചു നിൽക്കുമ്പോഴും കൊറോണ വൈറസിന്റെ പിടിയിൽ നിന്നും അതിജീവിക്കുവാനുള്ള നെട്ടോട്ടത്തിനിടയിലുടെയുള്ളു വ്യത്യസ്തമായ അനുഭവങ്ങളാണ് കുട്ടികളും അദ്ധ്യാപകരും അഭിമുഖീകരിച്ചത്. കേരളമൊട്ടാകെ നടപ്പിലാക്കിയ കൈറ്റ് വിക്ടേഴ്സ് ഓൺലൈൻ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കനുസൃതമായ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ഇടക്കുളം ഗുരുകുലം ഹയർസെക്കന്ററി സ്കൂളും വിദ്യാർത്ഥികളുടെ പുരോഗതിയിൽ മാറ്റങ്ങൾക്ക് സജ്ജമായി.

ജൂൺ 1-ന് വിക്ടേഴ്സ് ചാനലിൽ ക്ലാസ്സുകൾ ആരംഭിച്ച ദിവസം മുതൽ കുട്ടികൾക്കുള്ള പിന്തുണ ഉറപ്പാക്കത്തക്കവിധമുള്ള പ്രവർത്തനങ്ങൾ ക്രമീകരിച്ചു നൽകുവാൻ അദ്ധ്യാപകർ സന്നദ്ധരായി. എല്ലാ ക്ലാസുകളുടെയും വാട്സാപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ച് ക്ലാസുകളുടെ ലിങ്കുകൾ നൽകുന്നതിനും തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനുമുള്ള ക്രമീകരണങ്ങൾ ചെയ്തു. ക്ലാസുകൾ നിരീക്ഷിക്കുന്നതിനും മറ്റും സൗകര്യമില്ലാത്ത കുട്ടികളെ കണ്ടെത്തി പൂർവ്വ വിദ്യാർത്ഥികൾ, പി.റ്റി.എ., അഭ്യുദയ കാംക്ഷികൾ, അദ്ധ്യാപകർ എന്നിവരുടെ സഹായത്തോടെ ടി.വി., മൊബൈൽ, സ്മാർട്ട് ഫോണുകൾ എന്നിവ എത്തിച്ചു കൊടുക്കുന്നതിനും പഠന പിന്തുണ നൽകുന്നതിനും സാധിച്ചു.

ഹൈസ്കൂൾ വിഭാഗത്തിൽ 8 മുതൽ 10 വരെ ക്ലാസുകളലായി 9 ഡിവിഷനുകളും ഹയർ സെക്കന്ററി വിഭാഗത്തിൽ കംപ്യൂട്ടർ സയൻസ്, കൊമേഴ്സ് വിഷയങ്ങളിൽ +1, +2

ക്ലാസുകളിലും കുട്ടികൾ അധ്യയനം നടത്തിവരുന്നു. വാട്സ ആപ്പ് ഇന്ററാക്ഷൻ, ഗൂഗിൾ മീറ്റുകൾ തുടങ്ങിയ ഓൺലൈൻ സങ്കേതങ്ങൾ വഴിയും നേരിട്ടും ക്ലാസുകൾ കൈകാര്യം ചെയ്ത് എല്ലാ അദ്ധ്യപകരും ആത്മാർത്ഥതയോടെ പ്രവർത്തിച്ചു. വിക്ടേഴ്സ് ചാനലിൽ ക്ലാസുകൾ കൈകാര്യം ചെയ്ത ശ്രീ. ഷാജി മാത്യു, ശ്രീ. സാം ജോൺ എന്നിവർ ഗുരുകുലം സ്കൂളിന് അഭിമാനമാണ്.

2020 SSLC പരീക്ഷയിൽ 20 Full A+ ഉൾപ്പെടെ 100% വിജയവും ഹയർ സെക്കന്ററി പരീക്ഷയിൽ 2 Full A+ ഉൾപ്പെടെ Computer science 63% കൊമേഴ്സ് 54% വിജയവും കൈവരിക്കുവാൻ കഴിഞ്ഞു.

ഹൈസ്കൂൾ വിഭാഗത്തിൽ HM ഉൾപ്പെടെ 14 അദ്ധ്യാപകരും 4 അനദ്ധ്യാപകരും പ്രവർത്തിച്ചുവരുന്നു. ഹയർ സെക്കന്ററി വിഭാഗത്തിൽ Post creation നടന്നിട്ടില്ലാത്തതിനാൽ സ്ഥിര അദ്ധ്യാപക നിയമനം നടന്നിട്ടില്ല. ഈ വർഷം ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കാനുള്ള നീക്കം സർക്കാർ ഭാഗത്തു നിന്നു ഇല്ലാതിരുന്നതിനാൽ മുൻ ഗസ്റ്റ് അദ്ധ്യാപകരിൽ ചിലരും ഹൈസ്കൂൾ അദ്ധ്യാപകരുടെയും മാർത്തോമ്മാ കോർപ്പറേറ്റ് മാനേജ്മെന്റിലെ മറ്റ് ഹയർ സെക്കന്ററി സ്കൂളുകളിലെ അദ്ധ്യാപകരുടെയും സഹകരണത്തോടെ പഠന പിന്തുണ നൽകിവരുന്നു.

കോവിഡ് 19-ന്റെ പ്രതികൂലമായ പശ്ചാത്തലത്തിൽ ഈ വർഷം സ്കൂൾ ബോർഡിംഗ് ഹോം, സ്കൂൾ ബസുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ തുടരുവാൻ സാധിച്ചിട്ടില്ല.

NCC, IRC, Little Kites വിദ്യാരംഗം കലാവേദി, വിവിധ ക്ലബുകളുടെ പ്രവർത്തനങ്ങളും ഓൺലൈനിൽ നടത്തപ്പെട്ടു. കോവിഡ് പശ്ചാത്തലത്തിൽ പൊതുപരീക്ഷയ്ക്ക് കുട്ടികളെ സജ്ജമാക്കുന്നതിന് കൗൺസിലിംഗ് ക്ലാസുകൾ ക്രമീകരിക്കുവാൻ സാധിച്ചു. പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്വാതന്ത്ര്യ ദിനാഘോഷം ഓണാഘോഷം തുടങ്ങി വിവിധ ദിനാചരണങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിൽ നടത്തപ്പെട്ടത് കുട്ടികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിന് സഹായകമായി. ഉച്ചഭക്ഷണ പരിപാടിയുടെ ഭാഗമായി ലഭിച്ച ഭക്ഷ്യക്കിറ്റുകളുടെ വിതരണം പാഠപുസ്തക വിതരണം എന്നിവ കോവിഡ് -19 പ്രോട്ടോകോൾ പാലിച്ച് സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിച്ചു. കുട്ടികളുടെ വായനാ സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു ലൈബ്രറി/ റീഡിംഗ് റൂം ക്രമീകരിക്കുവാൻ ഈ വർഷം സാധിച്ചു. സയൻസ് വിഷയങ്ങളുടെ അദ്ധ്യയനം കാര്യക്ഷമമാക്കുന്നതിന് ലബോറട്ടറി പ്രവർത്തിക്കുന്നു. സ്കൂൾ പി.റ്റി.എ., ക്ലാസ് പി.ടി.എ. മീറ്റിംഗുകൾ സൂം, ഗൂഗിൾ മീറ്റുകൾ വഴി നടത്തപ്പെട്ടു.

സ്കൂൾ പ്രവർത്തനങ്ങൾക്കും ഭൗതിക സാഹചര്യ വികസനത്തിനും ബോർഡിംഗ് ഹോമിന്റെ പ്രവർത്തനങ്ങൾക്കും മേൽനോട്ടം വഹിക്കുന്നതിനും നടപ്പിലാക്കുന്നതിനും സൺഡേ സ്കൂൾ സമാജത്തിന്റെ നേതൃത്വത്തിൽ സമാജം സെക്രട്ടറി റവ. ജോർജ്ജ് ചെറിയാൻ അച്ചൻ അദ്ധ്യക്ഷനായുള്ള LAC പ്രവർത്തിച്ചുവരുന്നു.

റാന്നി -നിലയ്ക്കൽ ഭദ്രാസനാധിപൻ അഭിവന്ദ്യ തോമസ് മാർ തിമൊഥെയോസ് തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ സ്കൂൾ വർഷികം നടത്തുകയും സർവ്വീസിൽ നിന്നും വിരമിക്കുന്ന HM ശ്രീമതി ആനി വർഗീസ് അദ്ധ്യാപകൻ ശ്രീ. മാത്യൂസ് പി. ഫിലപ്പ എന്നിവർക്ക് സമുചിതമായ യാത്രയയപ്പ് നൽകുകയും ചെയ്തു.

ഈ മഹാമാരിയുടെ കാലഘട്ടത്തിൽ പരിമിതികളെ സാധ്യതകളാക്കി മുന്നേറുവാൻ സർവ്വശക്തനായ ദൈവം കൃപ ചെയ്തു.

8.B.15. എ. എം. എം. ഹൈസ്കൂൾ, ഓതറ

ഓതറയുടെ വിദ്യാഭ്യാസ ചരിത്രത്തിൽ 57 വർഷങ്ങൾ പൂത്തിയാക്കിയ ഏബ്രഹാം മാർത്തോമ്മാ മെമ്മോറിയൽ ഹൈസ്കൂൾ ഈ നാടിന്റെ സാംസ്കാരിക ചരിത്രത്തിൽ ശമായ സാന്നിദ്ധ്യമായി നിലകൊള്ളുന്നു.

തുടർച്ചയായി ആറാം തവണയും SSLC Exam ന് 100% വിജയം ലഭിച്ചു. 2 കുട്ടികൾ എല്ലാ വിഷയങ്ങൾക്കും A+ നേടി. 8,9,10 ക്ലാസുകളിൽ ഇംഗ്ലീഷ്, മലയാളം മീഡിയങ്ങൾ ഉണ്ട്. Net connection ഉള്ള ഹൈടെക് ക്ലാസ് റൂമുകളും സ്കൂൾ ബസ് സൗകര്യവും ഉണ്ട്.

വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് ലഭ്യമാകാൻ ഉതകുന്ന ജൂനിയർ റെഡ് ക്രോസ്, ലിറ്റിൽ കൈറ്റ്സ് എന്നിവയുടെ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. 2020-2021 അദ്ധ്യയനവർഷത്തിൽ കോവിഡ്-19 വ്യാപകമായ പശ്ചാത്തലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് വിക്ടേഴ്സ് ചാനലിലൂടെ ആരംഭിച്ച ഓൺലൈൻ ക്ലാസ് പഠനസൗകര്യം എല്ലാ കുട്ടികൾക്കും ലഭ്യമാക്കുന്നതിനായി, അദ്ധ്യാപകർ, അനദ്ധ്യാപകർ, മുൻ അധ്യാപകർ, പൂർവ്വവിദ്യാർത്ഥികൾ, വിവിധ സന്നദ്ധസംഘടനകൾ എന്നിവരുടെ സഹകരണത്തോട അർഹരായ കുട്ടികൾക്ക് ടെലിവിഷനുകളും സ്മാർട്ട് ഫോണുകളും വിതരണം നടത്തി.

വിക്ടേഴ്സ് ചാനലിലെ ക്ലാസുകൾക്ക് സമാന്തരമായി ഈ സ്കൂളിലെ അദ്ധ്യാപകർ പ്രത്യക ടൈംടേബിൾ ക്രമീകരിച്ച് ഗൂഗിൾ മീറ്റിലൂടെ കുട്ടികൾക്ക് സംശയനിവാരണം നടത്തുകയും വർക്ക് ഷീറ്റുകൾ നൽകുകയും ചെയ്തു. പി.റ്റി.എ. ജനറൽ ബോഡി, എല്ലാ ക്ലാസുകൾക്കും ഓണം, ക്രിസ്തുമസ് പരീക്ഷകൾ, ക്ലാസ് പി.റ്റി.എ. മീറ്റിംഗുകൾ, വെർചൽ അസംബ്ലി എന്നിവ ഓൺലൈനായി നടത്തി.

എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെയും ഡോക്ടറേറ്റ് നേടയ പൂർവ്വ വിദ്യാർത്ഥി ശ്രീ. കോശി മത്തായി സാറിനെയും അനുമോദിക്കുന്നതിനായി കൂടിയ മീറ്റിംഗിൽ പ്രശസ്ത സംവിധായകൻ ശ്രീ. ബ്ലസി മുഖ്യാതിഥിയായി പങ്കെടുത്തു ചിറകുകൾ 2020 എന്ന അനുമോദനമീറ്റിംഗ്, പ്രശസ്ത സീരിയിൽ നടൻ ശ്രീ. കൃഷ്ണപ്രസാദ് ഉദ്ഘാടനം ചെയ്ത ഓണാഘോഷം, (നല്ലോണം 2020), അധ്യാപക ദിനം (ഗുരുവന്ദനം2020), ശ്രീ. റിനോൾഡ് ഏബ്രഹാം (മ്യൂസിഷൻ കായൽ ബാൻഡ്) മുഖ്യാതിഥിയായ കേരളപ്പിറവി ദിനം (കേരളോത്സവം 2020), സ്കൂൾകലോത്സവം (അരങ്ങ് 2020) വയലിനിസ്റ്റ് ആരോൺ അജി മുഖ്യാതിഥിയായ ക്രിസ്തുമസ് കാരൾ (തിരുപ്പിറവി 2020) എന്നിവ ഓൺലൈനായി ആഘോഷിച്ചു. ഗാന്ധിജയന്തി ദിനത്തിൽ എം.എം.എ.എച്ച്.എസ്.എസ് റിട്ടയർഡ് പ്രിൻസിപ്പൽ ശ്രീ. ഈപ്പൻ മാത്യു സാറിന്റെ നേതൃത്വത്തിൽ ഗാന്ധിയൻ ദർശനം ആധുനിക യുഗത്തിൽ എന്ന വിഷയത്തിൽ ഒരു വെബിനാർ നടത്തി.

വിവിധ ക്ലബുകളുട നേതൃത്വത്തിൽ ചാന്ദ്രദിനം, ജനസംഖ്യാദിനം, ദേശീയ തപാൽ ദിനം, ഹിരോഷിമ, നാഗസാക്കി ദിനം, ഓസോൺ ദിനം, ഹിന്ദി ദിനം, സ്വാതന്ത്ര്യദിനം, ബഷീർ അനുസ്മരണം എന്നിവയും സമുചിതമായി ആഘോഷിക്കുകയും കുട്ടികളുടെ സൃഷ്ടികൾ കോർത്തിണക്കി വീഡിയോകൾ പ്രകാശനം ചെയ്യുകയും ചെയ്തു. ശ്രീമതി ബിനു കെ. മാത്യു ഹെഡ്മിസ്ട്രസ് ആയി പ്രവർത്തിക്കുന്നു.

8.B.16. സെന്റ് തോമസ് റ്റി. റ്റി. ഐ., തിരുവല്ല

ലോകത്തെക്കുറിച്ചുള്ള സർവ്വേശ്വരന്റെ സ്നേഹത്തെ ജീവിതത്തിലൂടെയും ശുശ്രൂഷയിലൂടെയും ആവിഷ്ക്കരിക്കുന്ന വിദ്യാഭ്യാസ പ്രക്രിയയിൽ ക്രൈസ്തവ ദർശനാടിസ്ഥാനത്തിൽ പങ്കുചേർന്നതിന്റെ ഫലമായി, ആധുനിക വിദ്യാഭ്യാസം കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ ആരംഭിച്ചു. അതിന്റെ ഭാഗമായി ദർശനമുള്ള മൂല്യബോധമുള്ള സമർപ്പണമുള്ള അധ്യാപകരെ വാർത്തെടുക്കുവാൻ മലങ്കര മാർത്തോമ്മാ സുറിയാനി സഭ 1925 ൽ യുഗപ്രഭാവനായ അഭിവന്ദ്യ തീത്തൂസ് ദ്വിതീയൻ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ അനുഗ്രഹാശിസുകളോടെ ആരംഭം കുറിച്ച സഭയുടെ ഏക ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടായ സെന്റ് തോമസ് ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ദൈവകൃപയുടെ 96 സംവത്സരങ്ങൾ പൂർത്തിയാക്കുന്നു.

ലോകമാകെ കോവിഡ്-19 ന്റെ ഭീഷണിയിൽ കഴിയുന്ന ഇന്നത്തെ സാഹചര്യത്തിൽ പരമ്പരാഗത ശൈലിയിൽ നടത്തുന്ന നമ്മുടെ സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായ മാറ്റങ്ങൾ പുതിയ ഒരു കാലഘട്ടത്തിലേക്ക് വെളിച്ചം വീശുന്നു. സംഭവബഹുലമായ ഈ കാലയളവിൽ അതിജീവനത്തിന് പ്രാപ്തി നൽകിയ സർവ്വശക്തനായ ദൈവത്തിന്

നന്ദി അർപ്പിച്ചുകൊണ്ടും ഈ സ്ഥാപനത്തിനുവേണ്ടി കഴിഞ്ഞ നാളുകളിൽ കഠിനാദ്ധ്വാനം ചെയ്ത പൂർവ്വികരെ സ്മരിച്ചു കൊണ്ടും 2020-21 വർഷത്തെ സംക്ഷിപ്ത റിപ്പോർട്ട് സാദരം സമർപ്പിച്ചുകൊള്ളുന്നു.

അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ ദേഹവിയോഗത്തെ തുടർന്ന് അഭി. ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പാ തിരുമേനി അദ്ധ്യക്ഷനായുള്ള എൽ.എ.സി. കമ്മറ്റി നേതൃത്വം നൽകുന്നു. മാനേജർ എന്ന നിലയിൽ ശ്രീമതി ലാലമ്മ വർഗീസ് ആവശ്യമായ നേതൃത്വം നൽകി വരുന്നു.

ശ്രീമതി ബിന്ദു ജയകുമാർ പ്രസിഡന്റായുള്ള 10 അംഗ പി.റ്റി.എ. കമ്മറ്റി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ സഹായസഹകരണങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു.

ശ്രീമതി മറിയം തോമസ് പ്രിൻസിപ്പൽ ഇൻ ചാർജ്ജായും ശ്രീമതിമാരായ എലിസബത്ത് ജേക്കബ്, സൂസൻ ജോർജ്ജ് എന്നിവർ അധ്യാപകരായും ശ്രീ. രോഹിത് മാത്യു കുരുവിള, ശ്രീ. പ്രേം അബു റ്റിറ്റോ, ശ്രീ. ജോർജ്ജ് മാത്യു എന്നിവർ ഓഫീസ് സ്റ്റാഫ് അംഗങ്ങളായും പ്രവർത്തിച്ചുവരുന്നു.

2020-21 അധ്യയനവർഷം ഡി.എൽ.എഡ്. ഒന്നും രണ്ടും വർഷ ബാച്ചുകളിലായി 60 വിദ്യാർത്ഥികൾ പരിശീലനം നടത്തിവരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഓൺലൈൻ ക്ലാസ്സുകളിലൂടെ അധ്യയനം നടത്തിവരുന്നു.

റ്റി.റ്റി.ഐ.യുടെ 95-ാമത് വാർഷികാഘോഷവും രക്ഷാകർത്തൃ സമ്മേളനവും 16 വർഷം പ്രിൻസിപ്പലായി സേവനം അനുഷ്ഠിച്ച ശ്രീ. ഷാജി ജോർജ്ജിന്റെ യാത്രയയപ്പും 2020 ഫെബ്രുവരി 28-ാം തീയതി അഭി. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുകയും സഭാ സെക്രട്ടറി റവ. കെ.ജി. ജോസഫ് സന്ദേശം നൽകുകയും ചെയ്തു. മാനേജർ ശ്രീമതി ലാലമ്മ വർഗീസ് അധ്യക്ഷത വഹിച്ച യോഗത്തിൽ മലയാള മനോരമ പത്തനംതിട്ട അസി. എഡിറ്റർ ശ്രീ. വർഗീസ് സി. തോമസ് മുഖ്യപ്രഭാഷണം നിർവഹിച്ചു. അന്നേ ദിവസം രാവിലെ 9.30 ന് പി.റ്റി.എ. പ്രസിഡന്റ് ശ്രീമതി ബിന്ദു ജയകുമാർ പതാക ഉയർത്തുകയും തുടർന്ന് സൺഡേസ്കൂൾ സമാജം ജനറൽ സെക്രട്ടറി റവ. ജോർജ്ജ് ചെറിയാൻ സ്തോത്ര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു. എൻഡോവ്മെന്റുകൾ വിതരണം ചെയ്തു.

2020 മാർച്ചിൽ സജീവ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ. ഷാജി ജോർജ്ജ് പുതുതായി ഏർപ്പെടുത്തിയ രണ്ടു എൻഡോവ്മെന്റുകൾ, ഡോ. ജോസഫ് മാർത്തോമ്മാ നവതി എൻഡോവ്മെന്റും പി. ഗായത്രി ദേവി മെമ്മോറിയൽ എൻഡോവ്മെന്റും വിതരണം ചെയ്തു.

2020 ജൂൺ 1 ന് റവ. ജിജോ പി. സണ്ണി നേതൃത്വം നൽകിയ വിദ്യാലയ വർഷാരംഭ ശുശ്രൂഷയിലൂടെ ക്ലാസ് ആരംഭിച്ചു.

പരിസ്ഥിതി ദിനാചരണം ക്രിസ് ഗ്ലോബൽ എന്റർപ്രൈസസിന്റെ സി.ഇ.ഒ. ശ്രീ. ക്രിസ്റ്റഫർ ഉദ്ഘാടനം ചെയ്തു.

ജൂൺ 19-ന് നടന്ന വായനാദിന പരിപാടിക്ക് മുൻ പ്രിൻസിപ്പൽ ശ്രീ. ഷാജി ജോർജ്ജ് മുഖ്യ സന്ദേശം നൽകി.

അധ്യാപകദിനം സെപ്റ്റംബർ 5 ന് ഓൺലൈനായി ക്രമീകരിച്ചു. ശ്രീ. ഷാജി ജോർജ്ജ് മുഖ്യസന്ദേശം നൽകി. സ്വാതന്ത്ര്യദിനത്തിലും റിപ്പബ്ലിക് ദിനത്തിലും ദേശീയ പതാക ഉയർത്തുകയും തുടർന്നു നടന്ന ഓൺലൈൻ മീറ്റിംഗിൽ തിരുവല്ല മുനിസിപ്പൽ ചെയർമാൻ ശ്രീ. ആർ. ജയകുമാർ, മാർത്തോമ്മാ കോളേജ് റിട്ട. പ്രിൻസിപ്പൽ ഡോ. ഐസി കെ. ജോൺ എന്നിവർ യഥാക്രമം നേതൃത്വം നൽകി. കൂടാതെ ഓണാഘോഷം, ശിശുദിനം, അബ്ദുൾ കലാം അനുസ്മരണം, ഹിരോഷിമ-നാഗസാക്കി ദിനാചരണങ്ങൾ എന്നിവയും ഓണലൈനായി നടത്തി.

റ്റി.റ്റി.ഐ.യ്ക്ക് 13 വർഷം എൽ.എ.സി. ചെയർമാനായി നേതൃത്വം നൽകിയ അഭി. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ അനുസ്മരണയായി 'സ്മൃതിനിലാവ്' 2020 നവംബർ 11-ാം തീയതി നടത്തി. റവ. ജോജൻ മാത്യൂസ് ജോൺ അധ്യക്ഷനായിരുന്നു. അഭി. ഡോ. തോമസ് മാർ തീത്തോസ് അനുസ്മരണ സന്ദേശം നടത്തി.

ക്രിസ്മസ് ഗാനശുശ്രൂഷ ഡിസംബർ 23-ാം തീയതി നടന്നു. അധ്യാപക വിദ്യാർത്ഥികളുടെ വിവിധ പരിപാടികൾ ഉൾപ്പെടുത്തി ഡോക്യുമെന്ററി തയ്യാറാക്കി.

2021 പുതുവൽസരദിന ശുശ്രൂഷയ്ക്ക് റവ. ജിജോ പി. സണ്ണിയും ഇംഗ്ലീഷ് ഫെസ്റ്റിന് റ്റൈറ്റസ് സെക്കന്റ് ബി.എഡ്. കോളേജ് പ്രിൻസിപ്പൽ ഡോ. അനിത മത്തായിയും നേതൃത്വം നൽകി.

ഡി.എൽ.എഡ്. പാഠ്യപദ്ധതിയുടെ ഭാഗമായി നടത്തപ്പെടുന്ന എൽ.പി. വിഭാഗം ടീച്ചിംഗ് പ്രാക്ടീസ് 2020 നവംബർ 1 മുതൽ 30 വരെയും യു.പി. വിഭാഗം ടീച്ചിംഗ് പ്രാക്ടീസ് 2021 മാർച്ച് 5 മുതൽ 24 വരെയും ഓൺലൈനായി 16 സ്കൂളുകളിലായി നടത്തപ്പെട്ടു.

8.B.17. സെന്റ് ജോർജ്ജ് യു. പി. സ്കൂൾ, വാഴൂർ

2020-21 അദ്ധ്യയന വർഷം കോവിഡ് മഹാമാരി മൂലം സ്കൂൾ തുറന്നു പ്രവർത്തിക്കുവാൻ സാധിച്ചില്ലെങ്കിലും ഓൺലൈൻ വഴിയും നേരിട്ട് സന്ദർശിച്ചും കുട്ടികളും രക്ഷിതാക്കളുമായി നല്ല ബന്ധം പുലർത്തുവാനും പഠന പ്രവർത്തനങ്ങളിൽ അവരെ പങ്കാളികൾ ആക്കുവാനും സാധിച്ചു.

2020 ജൂൺ മാസത്തിലെ പ്രവർത്തനങ്ങളുടെ മുന്നോടിയായി കുട്ടികളുടെയിടയിൽ സർവ്വേ നടത്തുകയും സർക്കാരിന്റെ ഫസ്റ്റ് ബെൽ ഓൺലൈൻ ക്ലാസുകൾ കാണുവാൻ എല്ലാവർക്കും സംവിധാനങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്തു.

പഞ്ചായത്ത് മെംബറുടെ സഹായത്തോടെ ഒരു കുട്ടിക്ക് പുതിയ ടി.വി,യും ഒരു മാർത്തോമ്മാ ഇടവകാംഗത്തിന്റെ സഹകരണത്തിൽ ഒരു കുട്ടിക്ക് സെക്കന്റ് ഹാൻഡ് ടി.വി.യും നൽകുവാൻ സാധിച്ചു.

നഴ്സറി മുതൽ 7-ാം ക്ലാസുവരെയുള്ള കുട്ടികളുടെ ക്ലാസ് അടിസ്ഥാനത്തിൽ വാട്സ്ആപ്പ് ഗ്രൂപ്പുകൾ ഉണ്ടാക്കുകയും എന്നും ഫസ്റ്റ്ബെൽ ക്ലാസുകളും അവയുടെ നോട്ടുകളും നൽകുകയും ചെയ്തുവരുന്നു. യൂണിറ്റ് ടെസ്റ്റുകളും ഓൺലൈൻ വഴി നടത്തി. കൂടാതെ ദിനാചരണങ്ങൾ, ഓണം, കേരളപ്പിറവി, ക്രിസ്മസ് എന്നീ അവസരങ്ങളിൽ കുട്ടികളുടെ വിവിധ കലാപരിപാടികൾ, പി.ടി.എ. മീറ്റിംഗുകൾ എന്നിവ ഗൂഗിൾ മീറ്റ് സംവിധാനത്തിലൂടെ നടത്തുകയുണ്ടായി. പാഠപുസ്തകങ്ങൾ വായനകാർഡുകൾ, വർക്ക് ഷീറ്റുകൾ, സർക്കാരിൽ നിന്ന് ലഭിക്കുന്ന കിറ്റുകൾ, മറ്റ് സഹായങ്ങൾ എന്നിവ സമയാസമയങ്ങളിൽ കുട്ടികൾക്ക് നൽകി.

കുട്ടികളുടെ ഭവനങ്ങളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അദ്ധ്യാപകർ സന്ദർശിച്ചു. കൂടാതെ കുട്ടികളുടെ വീടുകളിലേക്ക് ഫോൺവഴി ബന്ധം പുലർത്തുകയും പഠന പ്രവർത്തനങ്ങളിൽ സപ്പോർട്ട് നൽകുകയും ചെയ്തു. ഒരു നഴ്സറി വിദ്യാർത്ഥിയുടെ സഹോദരിക്ക് കാൻസർ ബാധിച്ചപ്പോൾ അദ്ധ്യാപകർ ധനസഹായവും ആവശ്യമായ എല്ലാ പിന്തുണകളും നൽകി. ഹൃദ്രോഗിയായ ഒരു രക്ഷകർത്താവിന് അദ്ധ്യാപകർ ചികിത്സാസഹായം നൽകുകയുണ്ടായി. എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് ഗൂഗിൾ മീറ്റ് വഴി ക്ലാസ്സുകൾ എടുക്കുന്നു. സാമൂഹിക അകലം പാലിച്ചുകൊണ്ടുതന്നെ കുട്ടികളും രക്ഷകർത്താക്കളുമായി ബന്ധം നിലനിർത്തുവാനും ആവശ്യമായ കൈത്താങ്ങലുകൾ നൽകുവാനും സാധിച്ചതിൽ ചാരിതാർത്ഥ്യമുണ്ട്.

8.C. സാങ്കേതിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

8.C.1. മാർത്തോമ്മാ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്റർ, ചെറുകോൽ, കോഴഞ്ചേരി

കോഴഞ്ചേരിയിൽ നിന്നും ഏകദേശം 3.5 കി.മീ. മാറി ചെറുകോൽ എന്ന സ്ഥലത്ത് പ്രകൃതി രമണീയമായ വിശാലമായ കാമ്പസ്സോടെ സ്ഥിതി ചെയ്യുന്ന മാർത്തോമ്മാ ITI, 1964-ൽ ആണ് സ്ഥാപിതമായത്. വിവിധ ട്രെയിഡുകളിലായി ലക്ഷക്കണക്കിന് വിദ്യാർത്ഥികൾക്ക് ട്രെയിനിംഗ് നൽകി ജോലി നേടുവൻ സഹായിച്ച ഈ സ്ഥാപനത്തിൽ ഇപ്പോൾ ഇലക്ട്രീഷൻ, സിവിൽ ട്രെയിഡുകളിലായി 48 വിദ്യാർത്ഥി

കൾ പരിശീലനം നേടുന്നു. 10 വ്യക്തികൾ ഇവിടെ സേവനം അനുഷ്ഠിക്കുന്നു. രാഷ്ട്രീയം, റാഗിംഗ് ഇവ തൊട്ടു തീണ്ടാത്ത ഇവിടെ കുട്ടികളുടെ സ്വഭാവ രൂപീകരണം, കലാ കായിക സാസ്കാരിക രംഗങ്ങളിലുള്ള വളർച്ച എന്നിവയും അദ്ധ്യാപകർ ട്രെയിനിംഗിൽ മുന്നിട്ടു നിൽക്കുന്നവർക്ക് സ്കോളർഷിപ്പുകളും നൽകുന്നു. Govt. ITI യുമായി സഹകരിച്ച് ട്രെയിനികൾക്ക് കാമ്പസ് ഇന്റർവ്യൂ നടത്തിവരുന്നു.

റൈറ്റ് റവ. തോമസ് മാർ തീമോത്തിയോസ് എപ്പിസ്കോപ്പ ചെയർമാനായി സാരഥ്യം വഹിക്കുന്ന ഈ സ്ഥാപനത്തിൽ ഭരണ ചുമതല നിർവ്വഹിക്കുന്നത് മാർത്തോമ്മാ സഭാ കൗൺസിൽ തെരഞ്ഞെടുക്കുന്ന ഗവേണിംഗ് ബോർഡാണ്. നടപ്പുവർഷം ശ്രീ. എൻ.റ്റി. ഏബ്രഹാം അഡ്മിനിസ്ട്രേറ്ററും ശ്രീ. ജോർജ്ജ് മാത്യു. സി. ബർസാറായും, ശ്രീമതി ശോഭാ പി.വി. പ്രിൻസിപ്പലായും പ്രവർത്തിക്കുന്നു.

റിസൽറ്റ് - 2019 ജൂലൈ

ഡ്രാഫ്റ്റസമാൻ സിവിൽ - 100%

ഇലക്ട്രീഷ്യൻ - 100%

കോവിഡ് വ്യാപനം മൂലം 2020 ജൂലൈയിൽ പരീക്ഷകൾ നടന്നില്ല. ടി പരീക്ഷകൾ 2021 ജനുവരിയിലാണ് നടന്നത്. ആയതിന്റെ റിസൽറ്റ് എത്തിയിട്ടില്ല.

8.D. ഇതര വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

8.D.1. മാർത്തോമ്മാ പ്രൈമറി സ്കൂൾ ടീച്ചേഴ്സ് അസ്സോസിയേഷൻ

മനുഷ്യ മനസ്സുകളുടെ ചാപല്യങ്ങളേയും ചാഞ്ചല്യങ്ങളെയും നീക്കിനിർത്തിയും നിയന്ത്രിച്ചും അപൂർണനായ മനുഷ്യനെ പൂർണതയിൽ എത്തിക്കുന്ന അധ്യാപക ശുശ്രൂഷയിൽ ഒരു വർഷംകൂടി മുന്നേറുവാൻ സഹായിച്ച ദൈവകൃപയെ സ്മരിച്ചുകൊണ്ട് പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കുന്നു.

കോവിഡ് വ്യാപനംമൂലം അസ്സോസിയേഷന്റെ പ്രവർത്തനങ്ങൾ പൂർണതോതിൽ നടത്താൻ സാധിച്ചിട്ടില്ല. 2019-2020 വർഷത്തിൽ നമ്മുടെ മാനേജ്മെന്റിന്റെ കീഴിലുള്ള മിക്ക സ്കൂളുകളും അസ്സോസിയേഷന്റെ നേതൃത്വത്തിൽ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും ചെയ്തത് വളരെ പ്രയോജനപ്രദമായിരുന്നു. ഒരു സോണൽ മീറ്റിംഗ് നടത്തി കുട്ടികളുടെ സർഗാത്മകശേഷി പ്രകടമാക്കാനുള്ള അവസരങ്ങളും സൃഷ്ടിച്ചു. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്ക് മൊമെന്റോ സമ്മാനിച്ചു.

41-ാം സംസ്ഥാന വാർഷികം 2020 ഫെബ്രുവരി 22-ന് രാവിലെ 9.30-ന് ജോസഫ് മാർത്തോമ്മാ ക്യാമ്പ് & റിസേർച്ച് സെന്റർ കൊമ്പാടിയിൽ വച്ച് സജീവ സേവനത്തിൽ നിന്നും വിരമിച്ച അധ്യാപകർക്കുള്ള യാത്രയയപ്പും വാർഷികവും അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തയുടെ സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ടു. സർവ്വീസിൽ നിന്ന് വിരമിക്കുന്ന 38 അധ്യാപകർക്കും, മാർത്തോമ്മാ പ്രൈമറി സ്കൂൾ സംസ്ഥാന കലാമേളയിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം ലഭിച്ച കുട്ടികൾക്കും സ്കൂളുകൾക്കും മൊമെന്റോ നൽകി ആദരിച്ചു. വിശിഷ്ട അതിഥികൾ പങ്കെടുത്തത് മീറ്റിംഗിനെ പ്രൗഢഗംഭീരമാക്കി.

ഭാഗ്യസ്മരണീയരായ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തയുടെയും, ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്തയുടെയും ദേഹവിയോഗത്തിൽ അനുശോചനം അറിയിക്കുകയും ഒപ്പം പുഷ്പചക്രം അർപ്പിക്കുകയും ചെയ്തു. നമ്മുടെ പ്രൈമറി അധ്യാപകരുടെ അടുത്ത ബന്ധുക്കൾ മരണപ്പെടുമ്പോൾ അവരുടെ ഭവനങ്ങൾ സന്ദർശിക്കുകയും അനുശോചനം രേഖപ്പെടുത്തുകയും പുഷ്പചക്രം അർപ്പിക്കുകയും ചെയ്തു വരുന്നു. പ്രസിഡന്റായി ശ്രീ. കെ.പി. കുഞ്ഞുമോനും ജനറൽ സെക്രട്ടറിയായി ശ്രീമതി ഗീതമ്മ എം.ജി.യും പ്രവർത്തിച്ചുവരുന്നു. 2020-21 കാലഘട്ടത്തിൽ കോവിഡ് വ്യാപനംമൂലം പ്രവർത്തനങ്ങൾ ഒന്നും നടത്താൻ കഴിഞ്ഞിട്ടില്ല.

9. സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ

9.1. നവോദയ മൂവ്മെന്റ് സൊസൈറ്റി

ആധുനിക മനുഷ്യരിൽ ഏറ്റവും തിക്തവും സങ്കീർണ്ണവുമായ അനുഭവങ്ങളിൽ കൂടി കടന്നുപോകുന്നവരാണ് ട്രാൻസ്ജെൻഡേഴ്സ് സമൂഹം. ശരീരവും മനസ്സും തമ്മിലും ആളത്വവും പ്രകടനപരതയും തമ്മിലും നിരന്തരം സംഘട്ടനങ്ങളിൽ ഏർപ്പെടുന്നവരാണ് ഈ വിഭാഗത്തിലെ വ്യക്തിത്വങ്ങൾ. വിശുദ്ധ വേദപുസ്തകത്തിൽ സൂചിപ്പിക്കുന്ന ഷണ്ഡന്മാരായി ജനിക്കപ്പെട്ട ആളുകൾ മനുഷ്യവർഗ്ഗത്തിലെ വിവിധ ലിംഗപരതയുടെ ഒരു രൂപം മാത്രം. ഇങ്ങനെ ഉള്ളവരെ അംഗീകരിക്കുവാൻ കടുത്ത വൈമനസ്യമാണ് സഭയും സമൂഹവും പുലർത്തിപോരുന്നത്. ഇത്തരുണത്തിൽ എല്ലാവരാലും പുറംതള്ളപ്പെട്ടവരും അപരിചിതരുടെ അംഗി അണിഞ്ഞവരുമായ ട്രാൻസ്ജെൻഡർ സമൂഹത്തെ ചേർത്ത് പിടിക്കുവാൻ അവരിലെ ദൈവീക സാന്നിദ്ധ്യത്തെ മഹത്വപ്പെടുത്തുവാൻ ലക്ഷ്യമിട്ടാണ് മാർത്തോമ്മാ നവോദയ മൂവ്മെന്റ് സൊസൈറ്റി തുടക്കം കുറിച്ചത്. കാലം ചെയ്ത അഭി. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായുടെ ജന്മശതാബ്ദി പ്രോജക്ടായിട്ടാണ് ഈ പുതിയ മിഷനറി മുഖം സഭ തുറന്നുവച്ചത്. മാർത്തോമ്മാ സുറയാനി സഭ എന്നും മുമ്പേ പറക്കുന്ന പക്ഷിയാണ്. ട്രാൻസ്ജെൻഡറിന്റെ ഇടയിലുള്ള പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കുകയും അത് പ്രവർത്തിപഥത്തിൽ എത്തിക്കുകയും ചെയ്ത സഭയാണ് മാർത്തോമ്മാ സഭ. നവോദയ മൂവ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ കഴിഞ്ഞ നാലുവർഷങ്ങളിലായി അതിന്റെ ശൈശവദശ പിന്നിട്ട് മുന്നേറുവാൻ കൊതിക്കുന്ന ഈ കാലഘട്ടത്തിൽ അതിന് വികല്പം സൃഷ്ടിക്കുന്ന ഒത്തിരി സാമൂഹിക സാഹചര്യങ്ങളും കാണാവുന്നതാണ്. അതിൽ ഒന്നാണ് കഴഞ്ഞ 2 വർഷമായി നമ്മെ ആകെ അലട്ടിക്കൊണ്ടിരക്കുന്ന കോവിഡ് മഹാമാരി. ഈ പ്രതിസന്ധി കാലഘട്ടത്തിലും അവിടവിടെയായി നിർവ്വഹിക്കപ്പെട്ട വളരെ ലളിതവും ചെറുതുമായ ഇടപെടലിലൂടെ കഴിഞ്ഞ ഒരു വർഷം പ്രവർത്തിക്കുവാൻ ദൈവം സംഗതിവരുത്തി.

ഭക്ഷ്യവിഭവ കിറ്റ് വിതരണം: കഴിഞ്ഞ ഒരു വർഷമായി കോഓർഡിനേറ്ററായി പ്രവർത്തിക്കുന്ന കുമാരി പ്രീതി കുരുവിളയുടെ നേതൃത്വത്തിൽ തിരുവനന്തപുരം എറണാകുളം മറ്റിടങ്ങളിലും സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ട്രാൻസ്ജെൻഡർ സമൂഹത്തിന് കിറ്റുകൾ വിതരണം ചെയ്യുകയുണ്ടായി.

നവോദയ ട്രാൻസ്മെൻ കെയർ ഹോം നവോദയ മൂവ്മെന്റ് സൊസൈറ്റിയുടെ ആലോചനയോടുകൂടി കേരള സോഷ്യൽ ജെസ്റ്റിസ് ബോർഡിൽ കുമാരി പ്രീതി കുരുവിള തയ്യാറാക്കി നൽകിയ പ്രോജക്ട് പ്രൊപ്പോസൽ അംഗീകരിക്കുകയും കേരളത്തിലെ രണ്ട് ട്രാൻസ്മെൻ ഹോമുകളിൽ ഒന്നായ തിരുവനന്തപുരം ജില്ലയിലെ പദ്ധതി നവോദയ മൂവ്മെന്റ് സൊസൈറ്റിക്ക് ലഭിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ അഭി. തിയോഡഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ അഭി. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്തായുടെയും പ്രത്യേക നിർദ്ദേശാനുസരണം തിരുവനന്തപുരം ഹോസ്പിറ്റൽ ഗൈഡൻസ് സെന്ററിൽ പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിക്കുകയും ഭദ്രാസന തലത്തിൽ സൊസൈറ്റിയുടെ ഒരു മൂവ്മെന്റ് ആരംഭക്കുകയും ചെയ്തു.

കോവിഡ് കാലത്ത് വന്ന സാവധാനത നമ്മുടെ പ്രവർത്തനത്തെ വളരെ പ്രതികൂലമായി ബാധിച്ചു. നമ്മുടെ ടാർഗറ്റ് ഗ്രൂപ്പ് വളരെ പ്രയാസത്തിലാണ് ഈ കാലത്തെ അതിജീവിച്ചത്. ഇപ്പോഴും ഭീതി ഒഴിഞ്ഞു പോയിട്ടില്ലാത്ത ഒരു സമയമാണ്. പ്രതീക്ഷയോടെയാണ് നമ്മൾ ഈ പ്രവർത്തനത്തിൽ നിലനിൽക്കുന്നത്. കൂടുതൽ ഊർജ്ജസ്വലതയോടുകൂടി കൂടുതൽ ഉയരങ്ങളിലേക്ക് വരും വർഷങ്ങളിൽ വളരുവാൻ കഴിയും എന്ന് ആശിക്കുന്നു.

9.2. മാർത്തോമ്മാ മെഡിക്കൽ മിഷൻ

"നിങ്ങൾ പോയി രോഗികളെ സൗഖ്യമാക്കുവിൻ" (മത്തായി 10.8) എന്ന കർത്താവിന്റെ സൗഖ്യദായക ശുശ്രൂഷാ നിയോഗം ശിരസ്സാവഹിച്ചുകൊണ്ട് ആറു ദശാബ്ദങ്ങളിലേറെയായി മാർത്തോമ്മാസഭ ആതുര ശുശ്രൂഷരംഗത്ത് അനുഗ്രഹീത ശുശ്രൂഷ നിർവ്വഹിക്കുന്നു.

എറ്റവും കുറഞ്ഞ ചെലവിൽ ഏറ്റവും നല്ല വിദഗ്ധചികിത്സ ലഭ്യമാക്കുവാനുള്ള ലക്ഷ്യത്തോടെ മാർത്തോമ്മാ മെഡിക്കൽ മിഷൻ ബോർഡിന്റെ ചുമതലയിൽ പ്രധാനമായി കറ്റാനം സെന്റതോമസ് മിഷൻ ഹോസ്പിറ്റൽ,കുമ്പനാട് ഫെലോഷിപ്പ് മിഷൻ ഹോസ്പിറ്റൽ, ചുങ്കത്തറ മാർത്തോമ്മ മിഷൻ ഹോസ്പിറ്റൽ,ജോർജ്ജ് ജോൺ അച്ചൻ മെമ്മോറിയൽ ഡീ അഡിക്ഷൻ സെന്റർ, വാളകം ഗ്രാമോദ്ധാരണ മിഷൻ ഡീ അഡിക്ഷൻ സെന്റർ, കിടങ്ങന്നൂർ എന്നീ ആശുപത്രികൾ പ്രവർത്തിക്കുന്നു.ആശുപത്രികളുടെ പ്രവർത്തനങ്ങൾ എച്ച്.എ. സി, എൽ.എ.സി, മെഡിക്കൽ മിഷൻ ബോർഡ് എന്നിവയുടെ നിയന്ത്രണത്തിൽ നടക്കുന്നു.

250 കിടക്കകളുള്ള കറ്റാനംസെന്റ് തോമസ് മിഷൻ ആശുപത്രിയിലെ നേത്രചികിത്സവിഭാഗം ഡയാലിസിസ് സെന്റർ എന്നിവ എടുത്തു പറയത്തക്കവയാണ്. ആശുപത്രിയോട് അനുബന്ധിച്ച് B.Sc. Nursing, GeneralNursing, Health Workers Course, B.Sc. Optometry & Opthalmology, B.Sc Medical Lab Thechnology, DMLT, D-Pharms എന്നീ കോഴ്സുകളിലായി 594 കുട്ടികൾ പഠിക്കുന്നു.

100 കിടക്കകളുള്ള കുമ്പനാട് ഫെലോഷിപ്പ് മിഷൻ ആശുപത്രിയോട് ചേർന്നുള്ള എ.എം.എം ജിറിയാട്രിക്ക് സെന്ററിന്റെ പ്രവർത്തനങ്ങളും Community പാലിയേറ്റിവ് കെയർ പ്രവർത്തനങ്ങളും ശ്ലാഘനീയമാണ്. 50 കിടക്കകളോടുകൂടിയ ചുങ്കത്തറ മാർത്തോമ്മ മിഷൻ ആശുപത്രിയുടെ പ്രവർത്തനങ്ങളും അനുഗ്രഹീതമായി നടക്കുന്നു.

മെഡിക്കൽ ക്യാമ്പുകൾ, സൗജന്യ ചികിത്സാപദ്ധതികൾ, മൊബൈൽ ക്ലിനിക്ക്, പാലിയേറ്റിവ് കെയർ, ആംബുലൻസ് സർവ്വീസ്, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ തുടങ്ങിയവയിലൂടെ സമൂഹത്തിലെ പാവങ്ങളുടെ ജീവിതത്തിലേക്ക് ഇറങ്ങിചെല്ലുവാൻ സാധിക്കുന്നു.ഫെബ്രുവരി ഒന്നാം ഞായറാഴ്ച മെഡിക്കൽ മിഷൻ ഞായറായി ആചരിച്ചു.അന്നേ ദിവസത്തെ സ്തോത്രകാഴ്ചയാണ് പ്രധാനവരുമാനമാർഗ്ഗം.

സഭയുടെ സ്പോൺസർഷിപ്പോടുകൂടി വെല്ലൂർമെഡിക്കൽ കോളേജിൽ ഇപ്പോൾ M.B.B.Sന് 12 വിദ്യാർത്ഥികളും P.G.Course ന് 2 വിദ്യാർത്ഥികളും അലൈഡ് ഹെൽത്ത് സയൻസിന് 5 വിദ്യാർത്ഥികളും പഠനം നടത്തുന്നു.മെഡിക്കൽ മിഷൻ ബോർഡ് ചെയർമാൻ എന്നുള്ള നിലയിലും ബോർഡിനു കീഴിലുള്ള എല്ലാ ആശുപത്രികളുടെയും അദ്ധ്യക്ഷൻ എന്ന നിലയിലും അഭിവന്ദ്യ ഡോ.ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ അനുഗ്രഹകരമായ നേതൃത്വവും ദീർഘവീക്ഷണവും ആത്മാർത്ഥതയും കർമ്മ ശേഷിയുമാണ് ആശുപത്രികളുടെ വളർച്ചയിൽ നിർണ്ണായകമായ പങ്ക് വഹിച്ചത്. അഭിവന്ദ്യ തിരുമേനിയുടെ അനുപമമായ നേതൃത്വത്തെനന്ദി നിറഞ്ഞ ഹൃദയത്തോടെ ഞങ്ങൾ സ്മരിക്കുന്നു. തിരുമേനിയുടെ ദീപ്തമായ ഓർമ്മകൾക്കുമുമ്പിൽ മാർത്തോമ്മാ മെഡിക്കൽ മിഷൻ ബോർഡിനുള്ള ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

22-ാമത് മാർത്തോമ്മാ മെത്രാപ്പോലീത്താ അഭിവന്ദ്യ. ഡോ. തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി ഇപ്പോൾ മെഡിക്കൽ മിഷൻ ബോർഡിന്റെ ചെയർമാനായി നേതൃത്വം നൽകുന്നു.

9.3. സെന്റ് തോമസ് മിഷൻ ആശുപത്രി, കറ്റാനം

കറ്റാനം ചാങ്ങേത്തറയിൽ ഡോ. സി.ജി. കുര്യൻ ദാനമായി നൽകിയ 4 ഏക്കർ സ്ഥലവും സഭ വാങ്ങിയ 16 ഏക്കർ സ്ഥലത്തുമായി ഭാഗ്യസ്മരണീയനായ അഭിവന്ദ്യ ഡോ. യൂഹാന്നോൻ മർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ നേതൃത്വത്തിൽ 1948-ൽ ആരംഭിച്ച കറ്റാനം ആശുപത്രി 73 വർഷം പിന്നിടുകയാണ്. ആശുപത്രിയിൽ 24 ഡിപ്പാർട്ടുമെന്റുകളിലായി 45 ഡോക്ടർമാർ പ്രവർത്തിക്കുന്നു. 2020-2021 സാമ്പത്തികവർഷം O.P. യിൽ 95179 രോഗികളേയും I.P.-യിൽ 2068-ഉം ഡി-അഡിക്ഷൻ സെന്റർ മുഖേന 132 പേരും സി.റ്റി. സ്കാൻ സെന്ററിലൂടെ 1829 പേർക്കും ആതുര ശുശ്രൂഷ നൽകപ്പെട്ടു.

ആശുപത്രിയോടു ചേർന്ന് വിവിധ കോഴ്സുകൾ നടത്തപ്പെടുന്നു. ANM, GNM, B.Sc, M.Sc എന്നീ നേഴ്സിംഗ് കോഴ്സുകളും D.Pharm, B.Pharm എന്നീ ഫാർമസി കോഴ്സുകൾ ആരംഭിക്കുന്നതിനും ഫാർമസി കൗൺസിൽ ഏഫ് ഇന്ത്യ അനുവാദം നൽകിയിട്ടുണ്ട്.

ഗിവ്സൈറ്റ് മിഷനിലൂടെ ആളുകൾക്ക് സൗജന്യ തിമിര ശസ്ത്രക്രിയ നൽകിവരുന്നു. ഒരാൾ ആയിരം രൂപ അടയ്ക്കുമ്പോൾ മറ്റൊരാൾക്ക് സൗജന്യമായി തിമിര ശസ്ത്രക്രിയ നൽകുന്ന ദൗത്യമാണ് ഗിവസൈറ്റ് മിഷനിലൂടെ നിർവ്വഹിക്കപ്പെടുന്നത്.

Cataract Surgery: മിതമായ നിരക്കിൽ മെച്ചപ്പെട്ട സേവനവും കൂടാതെ ഉയർന്ന നിലവാരമുള്ള ലെൻസ് ഉപയോഗിച്ചുള്ള സർജ്ജറി പാക്കേജ്സും ലഭ്യമാണ്. സാമ്പത്തിക ശേഷി കുറഞ്ഞവർക്ക് ഫ്രീ ആയും സേവനം നൽകിവരുന്നു.

കിഡ്നി ഡയാലിസിസ് മിഷൻ: നടപ്പുവർഷം 4597 രോഗികൾക്ക് ഡയാലിസിസ് നടത്തുകയുണ്ടായി. കിഡ്നി ഡയാലിസിസ് മിഷനിലേക്ക് ഒരാൾ 650 രൂപാ സംഭാവന നൽകുമ്പോൾ മറ്റൊരാൾക്ക് ഒരു പ്രാവശ്യത്തെ ഡയാലിസിസ് സൗജന്യമായി ചെയ്തു കൊടുക്കപ്പെടുന്നു.

ഡീ-അഡിക്ഷൻ സെന്റർ: സെന്റർ മുഖേന ആളുകൾക്ക് ലഹരി വിമോചന ചികിത്സ നൽകിവരുന്നു.

ഓണാഘോഷം: 2020 ആഗസറ്റ് 20-ന് കോവിഡ് മാനദണ്ഡം പാലിച്ച് ഓണസദ്യ നടത്തുകയുണ്ടായി

പുതുതായി വാങ്ങിയ സ്കാനിംഗ് മെഷിനും ഡയാലിസിസ് മെഷിനും 2020 ഒക്ടോബർ 22-ന് മെത്രാപ്പോലീത്താ തിരുമേനി പ്രാർത്ഥിച്ച് പ്രവർത്തനം ആരംഭിച്ചു.

സ്വാതന്ത്ര്യദിനം ആഘോഷിച്ചു. മെഡിക്കൽ സൂപ്രണ്ട് ഡോ.കെ.പി. മാത്യൂസ് പതാക ഉയർത്തി.

റിപ്പബ്ലിക് ദിന ചടങ്ങ് സംഘടിപ്പിച്ചു. പരേഡിലും വിവിധ പ്രവർത്തനങ്ങളിലും വിദ്യാർത്ഥികൾ സജീവമായി പങ്കെടുത്തു. പ്രൊഫ. നഹോമി ക്ലെമന്റ്, കോളേജ് ഓഫ് നഴ്സിംഗ് പ്രിൻസിപ്പാൾ സല്യൂട്ട് സ്വീകരിച്ചു. ഫാർമസി കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. സുബാഷ് ഫിലിപ്പ് സന്ദേശം നൽകി.

കോവിഡ് വാക്സിൻ: പൊതുജനങ്ങൾക്ക് വേണ്ടി കോവിഡ് വാക്സിൻ നൽകി തുടങ്ങി.

മാർത്തോമ്മാ മെഡിക്കൽ മിഷൻ പ്രസിഡന്റ് അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി ആശുപത്രിയുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പുരോഗിതക്കാവശ്യമായ നേതൃത്വവും ആലോചനയും നൽകുന്നു. തിരുമേനിയുടെ സ്തുത്യർഹമായ നേതൃത്വമാണ് ആശുപത്രിയുടെ ഇന്നത്തെ ഈ പുരോഗതിക്ക് അടിസ്ഥാനം. അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് തിരുമേനി ഈ ആശുപത്രിയുടെ ചെയർമാനായി അനുഗ്രഹീത നേതൃത്വം നൽകുന്നു. റവ. നൈനാൻ വർഗ്ഗീസ് അഡ്മിനിസ്ട്രേറ്ററായും ഡോ. കെ.പി. മാത്യൂസ് മെഡിക്കൽ സൂപ്രണ്ടായും പ്രവർത്തിക്കുന്നു.

കർത്താവിന്റെ സൗഖ്യദായക ദൗത്യത്തിലൂടെ സമൂഹത്തെ ശുശ്രൂഷിക്കുവാൻ മലങ്കര മാർത്തോമ്മാ സുറിയാനി സഭ ആരംഭിച്ച ഈ ആശുപത്രിയുടെ പ്രവർത്തനങ്ങൾ റിപ്പോർട്ട് വർഷത്തിൽ ദൈവകൃപ ധാരാളം ലഭിച്ചതുമൂലം ഫലപ്രദമായും കാര്യക്ഷമമായും നടത്തിയതിന് സർവ്വേശ്വരന് പ്രത്യേക സ്തുതി സ്തോത്രങ്ങൾ അർപ്പിക്കുന്നു.

9.4. ഫെലോഷിപ്പ് മിഷൻ ആശുപത്രി, കുമ്പനാട്

കുമ്പനാട്ടും പരിസരങ്ങളിലുമുള്ള ജനങ്ങൾക്ക് ആതുര ശുശ്രൂഷ ലഭിക്കുന്നതിനു വേണ്ടി 1946 ൽ ആരംഭിച്ച നമ്മുടെ ആശുപത്രി ഇന്ന് 75 വർഷം പിന്നിടുന്നു. ഇന്ന് നമ്മുടെ ആശുപത്രിയിൽ 14 ഡിപ്പാർട്ട്മെന്റുകളിലായി 17 കൺസൾട്ടന്റ് ഡോക്ടേഴ്സും 10 റസിഡന്റ് മെഡിക്കൽ ഓഫീസർമാരും സേവനമനുഷ്ഠിക്കുന്നു. ക്രിസ്തീയ ദർശനം ഉൾക്കൊണ്ടുകൊണ്ട് ഈ ആശുപത്രിയുടെ പ്രവർത്തനങ്ങൾ വിജയകരമായി മുന്നോട്ടു പോകുന്നു. ആശുപത്രിയോട് ചേർന്ന് ഡയാലിസിസ് സെന്റർ, എ.എം.എം. ജിറിയാട്രിക്ക് സെന്റർ, മൊബൈൽ ഹോം പാലിയേറ്റീവ് സേവനം, ബ്ലഡ് ബാങ്ക് യൂണിറ്റ്, ഫിസിയോതെറാപ്പി യൂണിറ്റ് എന്നിവ പ്രവർത്തി

ക്കുന്നു. റിപ്പോർട്ടു വർഷത്തിൽ ഒ.പി. വിഭാഗത്തിൽ 36954 പേർക്കും ഐ.പി വിഭാഗത്തിൽ 1473 പേർക്കും ചികിത്സ നൽകുന്നതിന് ഇടയായി.

ഡോ. ജോസഫ് മാർത്തോമ്മാ ഡയാലിസിസ് സെന്റർ: 2012 ൽ അബുദാബി മാർത്തോമ്മാ ഇടവകയുടെ 40-ാമത് വാർഷിക ഉപഹാരമായി നൽകിയ നാല് ഡയാലിസിസ് മെഷീൻ ഉപയോഗിച്ച് വൃക്ക രോഗികൾക്ക് ഇവിടെ സൗജന്യ ഡയാലിസിസ് ആരംഭിച്ചു. തുടർന്ന് ദോഹ മാർത്തോമ്മാ ഇടവക, കുവൈറ്റ് സെന്റർ സന്നദ്ധ സുവിശേഷ സംഘം, വെൺമണി മാർത്തോമ്മാ ഇടവക, ദമാം മാർത്തോമ്മാ യുവജനസഖ്യം, എപ്പിഫനി മാർത്തോമ്മാ യുവജനസഖ്യം, എന്നിവ ഓരോ മെഷീൻ വീതവും, കുവൈറ്റ് മറാഫി ഫൗണ്ടേഷൻ രണ്ടു മെഷീനുകളും സംഭാവന നൽകി. നിലവിൽ 11 മെഷീനുകളിലായി വൃക്ക രോഗികൾക്ക് ഡയാലിസിസ് നടത്തിക്കൊണ്ടിരിക്കുന്നു. തന്നാണ്ടിൽ ഇവിടെ നടത്തപ്പെട്ട 4334 ഡയാലിസിസിൽ 3242 ഡയാലിസിസ് സൗജന്യമായ നടത്തപ്പെട്ടു. സൗജന്യ ഡയാലിസിസിന് സംഭാവന നൽകിതന്ന ഇടവകകൾ, സംഘടനകൾ, വ്യക്തികൾ മാരാമൺ മണൽപ്പുറത്ത് സ്റ്റാളിൽ എത്തി സംഭാവന നൽകിയവർ എന്നിവരോടുള്ള നന്ദി അറിയിക്കുന്നു.

ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെമ്മോറിയൽ ജീറിയാട്രിക് സെന്റർ: ശയ്യാവലംബരും, പ്രായാധിക്യത്തിലും, ഏകാന്തതയിലും കഴിയുന്നവരുമായ മാതാപിതാക്കൾക്ക് ഗൃഹതുല്യമായ പരിപാലനം നൽകുന്ന സ്ഥാപനമാണ് ഇത്. തികച്ചും ശുചിത്വപൂർണ്ണവും, ശാന്തസുന്ദരവുമായ അന്തരീക്ഷമാണ് ഇവിടെയുള്ളത്. ഫെലോഷിപ്പ് മിഷൻ ആശുപത്രിയിൽ നിന്നും എല്ലാ വൈദ്യസഹായവും ഇവിടെയുള്ളവർക്ക് ലഭിക്കുന്നു. ആവശ്യമായ പരിചരണങ്ങളും, രുചികരമായ ഭക്ഷണക്രമീകരണവും സുരക്ഷിതത്വവും ഇവിടെയുള്ളവർക്ക് ലഭ്യമാണ്. പ്രാർത്ഥന നിർഭരമായ അന്തരീക്ഷമാണ് ഇവിടെയുള്ളത്. ഒരു ഡോക്ടറുടെയും, നേഴ്സുമാരുടെയും, ജീറിയാട്രിക് പരിശീലനം ലഭിച്ച നേഴ്സുമാരുടെയും സേവനം 24 മണിക്കൂറും ഇവിടെ ലഭ്യമാണ്. ഫിസിയോതെറാപ്പിസ്റ്റിന്റെയും, കൗൺസിലേഴ്സിന്റെയും സേവനം ഇവിടെ ലഭിക്കുന്നു.

ഫെല്ലോഷിപ്പ് മൊബൈൽ ക്ലിനിക്ക്: ആശുപത്രിയിൽ ചികിത്സയ്ക്ക് യാത്ര ചെയ്തെത്തുവാൻ ബുദ്ധിമുട്ട് അനുഭവിക്കുന്ന കിടപ്പു രോഗികൾക്ക് അവരുടെ ഭവനത്തിൽ എത്തി ആവശ്യമായ പരിചരണം നൽകുന്നു. ഏതു സമയത്തും രോഗികളുടെ ആവശ്യപ്രകാരം ഡോക്ടറും, നേഴ്സും ഭവനത്തിൽ എത്തുന്നു. 200 ഓളം ഭവനങ്ങൾക്ക് ഇതിന്റെ സേവനം ലഭിക്കുന്നു.

ഫെല്ലോഷിപ്പ് ബ്ലഡ് ബാങ്ക്: നമ്മുടെ ആശുപത്രിയിൽ സ്ഥാപിച്ചിരിക്കുന്ന ബ്ലഡ് ബാങ്കിന്റെ പ്രയോജനം ഇവിടെ എത്തുന്ന രോഗികൾക്കും സമീപ ആശുപത്രിയിൽ രക്തം ആവശ്യമായി വരുന്ന രോഗികൾക്കും പ്രയോജനപ്പെടുന്നു.

ഗവൺമെന്റ്/ഗവൺമെന്റേതര ഇൻഷുറൻസുകൾ: ഇ.സി.എച്ച്.എസ്സ്. പദ്ധതി പ്രകാരം വിമുക്ത ഭടൻമാർക്കും ആശ്രിതർക്കും ചികിത്സ നൽകിക്കൊണ്ടിരിക്കുന്നു. കേരളാ ഗവൺമെന്റിന്റെ കാരുണ്യ ബനവലന്റ് സ്കീം, വിവിധ ഇൻഷുറൻസ് കമ്പനികളുടെ ചികിത്സാ പദ്ധതികൾ തുടങ്ങിയവയുടെ സൗകര്യം ഇവിടെ ക്രമീകരിച്ചിരിക്കുന്നു.

മാരാമൺ കൺവെൻഷൻ ക്ലിനിക്ക്: 126-ാമത് മാരാമൺ കൺവെൻഷനിൽ എത്തിയ വിശ്വാസികൾക്ക് ആവശ്യമായ വൈദ്യസഹായം നൽകുന്നതിനു വേണ്ടി ആശുപത്രിയുടെ ക്ലിനിക്ക് മാരാമൺ മണൽപ്പുറത്ത് പ്രവർത്തിച്ചു.

2018 മുതൽ കുമ്പനാട് ഫെല്ലോഷിപ്പ് ആശുപത്രിയിൽ വിശ്രമജീവിതം നയിച്ചിരുന്ന പത്മഭൂഷൺ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനിക്ക് വേണ്ട പരിചരണം നൽകുവാൻ ഈ ആശുപത്രിക്ക് സാധിച്ചു എന്നത് ഏറ്റവും അഭിമാനകരമാണ്. സഭയുടെ പരമാദ്ധ്യക്ഷൻ അഭിവന്ദ്യ മോസ്റ്റ് റവ. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ നേരിട്ടുള്ള പരിലാളന ഈ ആശുപത്രിക്ക് ലഭിക്കുന്നു എന്നത് നന്ദിയോടെ സ്മരിക്കുന്നു. അഭിവന്ദ്യ തോമസ് മാർ തിമൊഥെയോസ് തിരുമേനി ആശുപത്രിയുടെ ചെയർമാനായി പ്രവർത്തിക്കുന്നു. തിരുമേനി ചെറുതും വലുതമായ എല്ലാ പ്രവർത്തനങ്ങൾക്കും നേരിട്ട് നേതൃത്വം നല്കുന്നു. അഡ്മിനിസ്ട്രേറ്ററായി റവ. തോമസ് ജോൺ (ഇലന്തൂർ), ട്രഷറാറായി ശ്രീ. കെ.ഐ. തോമസ്കുട്ടിയും, മെഡിക്കൽ സൂപ്രണ്ടായി ഡോ. വിനോദ് ഫിലിപ്പും പ്രവർത്തിക്കുന്നു.

9.5. മാർത്തോമ്മാ മിഷൻ ആശുപത്രി, ചുങ്കത്തറ

കിഴക്കൻ ഏറനാടിന്റെ മണ്ണിൽ അഞ്ചര പതിറ്റാണ്ടായി ആരോഗ്യമേഖലയിൽ സജീവ സാന്നിദ്ധ്യമായ മാർത്തോമ്മാ മിഷൻ ആശുപത്രി 1966ൽ ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെയും മാത്യൂസ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പയുടെയും എപ്പിസ്കോപ്പൽ രജത ജൂബിലി സ്മാരണാർത്ഥം ആരോഗ്യ മേഖലയിൽ പിന്നോക്കം നിന്നിരുന്ന ചുങ്കത്തറയുടെ മണ്ണിൽ പ്രവർത്തനം ആരംഭിച്ചു. ഇപ്പോഴും അത്യാധുനിക സൗകര്യമുള്ള ആശുപത്രികൾ പെരിന്തൽമണ്ണയിലും കോഴിക്കോടും ആയതിനാൽ അടിയന്തിരമായി ജീവൻ രക്ഷിക്കാനുള്ള അടിസ്ഥാന ആധുനിക സൗകര്യങ്ങളുള്ള ഒരു ആശുപത്രിയായി ഇതിനെ ഉയർത്തുവാൻ പൊതുജനങ്ങളുടെ ഭാഗത്തുനിന്നും അഭിപ്രായങ്ങൾ ഉയരുന്നുണ്ട്.

നിലവിൽ 50-ൽപരം രോഗികളെ കിടത്തി ചികിത്സിക്കുവാൻ ഉള്ള സൗകര്യം ഇവിടെ ലഭ്യമാണ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗം, മെഡിക്കൽ ലാബ്, എക്സ്റേ, ഇ.സി.ജി., ഫാർമസി, ആംബുലൻസ് സർവ്വീസ്, ഫിക്സഡ് മോർച്ചറി, മൊബൈൽ മോർച്ചറി, സേവനങ്ങൾ ലഭ്യമാണ്. എല്ലാ ദിവസവും രാവിലെ 8.30 മണിക്ക് പ്രാർത്ഥനയോടുകൂടി പ്രവർത്തനങ്ങൾ ആരംഭിക്കുന്നു.

ഡോ. എൻ.പി. റാവു മെഡിക്കൽ സൂപ്രണ്ട് ആയും ഇ.എൻ. എറ്റി., രണ്ട് മെഡിക്കൽ ഓഫീസേഴ്സ് എന്നിവർ മുഴുവൻ സമയവും പ്രവർത്തിക്കുന്നു. അസ്ഥിവിഭാഗത്തിലും ശിശുവിഭാഗത്തിലും ഡോക്ടർമാർ പാർട്ടൈം സേവനം നൽകിവരുന്നു. ആഴ്ചയിലെ വിവിധ ദിവസങ്ങളിൽ ജനറൽ സർജൻ, യൂറോളജി, ജനറൽ ഫിസിഷ്യൻ എന്നിവരുടെ സേവനവും ലഭിക്കുന്നു. 45-ൽ അധികം ജീവനക്കാർ വിവിധ വിഭാഗങ്ങളിലായി പ്രവർത്തിക്കുന്നു. കോവിഡ്-19 നിയന്ത്രണങ്ങൾ ആശുപത്രി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. റിപ്പോർട്ട് വർഷത്തിൽ 22156 പേർ ഒപിയിലും 244 പേർ ഐപിയിലും ചികിത്സ തേടുകയുണ്ടായി.

ഡയാലിസിസ് സെന്റർ: 2017 ൽ പ്രവർത്തനം ആരംഭിച്ച ഡയാലിസിസ് യൂണിറ്റ് സമൂഹത്തിനു വളരെ ഫലപ്രദമായ രീതിയിൽ നടന്നുവരുന്നു. റിപ്പോർട്ടു വർഷം കുവൈറ്റ് സെന്റ് തോമസ് മാർത്തോമ്മാ ഇടവക സംഭാവന ചെയ്ത മെഷീൻ ഉൾപ്പെടെ 7 മെഷീനുകൾ ദിവസം 2 ഷിഫ്റ്റ് പ്രവർത്തിക്കുന്നു. റിപ്പോർട്ട് വർഷത്തിൽ 3811 ഡയാലിസിസ് രോഗികൾ ഈ സേവനം പ്രയോജനപ്പെടുത്തി. ഡയാലിസിസ് ഒന്നിന് 650 രൂപ പ്രകാരമാണ് ഈടാക്കുന്നത്. ദരിദ്രരായ രോഗികളെ സഹായിക്കുന്നതിനായി പ്രാദേശിക ഇടവകകളിൽ നിന്നും സംഘടനകളിൽ നിന്നും അഭ്യുദയകാംക്ഷികളിൽ നിന്നും സഹായം തേടുന്നു. ഈ വർഷത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികളെ സഹായിച്ച ബഹ്റൈൻ മാർത്തോമ്മാ യുവജനസഖ്യത്തോടും മറ്റ് പ്രീയപ്പെട്ടവരോടും ആശുപത്രിയുടെ നന്ദി അറിയിക്കുന്നു.

റ്റി.ഐ.എം.റ്റി. ട്രസ്റ്റ് ബാംഗ്ലൂർ ധനസഹായം: തങ്കമ്മ ഇത്താപ്പിരി മെമ്മോറിയൽ (റ്റി.ഐ.എം.റ്റി) ട്രസ്റ്റ് ബാംഗ്ലൂരുമായി ഒപ്പുവച്ച ധാരണാപത്രം അനുസരിച്ച് ആശുപത്രിയുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യവികസനത്തിനുമായി Quess Corporationന്റെ ചെയർമാൻ ശ്രീ. അജിത് ഐസക് സാമ്പത്തിക സഹായം ചെയ്തുവരുന്നു. ആശുപത്രിയെ ആധുനികവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ 6 കിടക്കകൾ ഉള്ള ഐ.സി.യു., ഗൈനക്-ലേബർ റൂം, പീഡിയാട്രിക് ബെഡ് എന്നിവയുടെ നവീകരണം പൂർത്തീകരിച്ചു. പുതിയ കാഷ്വാലിറ്റി, ഫിസിയോതെറാപ്പി ബ്ലോക്കുകളുടെ പണികൾ അവസാനഘട്ടത്തിലാണ്. അടിസ്ഥാന സൗകര്യങ്ങളായ മോണിറ്ററുകൾ, മറ്റ് ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവയ്ക്കായി റ്റി.ഐ.എം.റ്റി ഓർഡർ നൽകിയിട്ടു

ണ്ട്. കൂടാതെ അഗ്നി സുരക്ഷയുടെയും മാലിന്യ നിർമ്മാർജ്ജന സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. നൽകിക്കൊണ്ടിരിക്കുന്ന പിന്തുണയ്ക്കും ഉപദേശങ്ങൾക്കും ടി.എം.ടി.യോടും ശ്രീ. അജിത് ഐസക്കിനോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

ക്രിസ്തുമസ് കാരൾ സർവ്വീസ്: കോവിഡ് -19ന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ക്രിസ്തുമസ് കാരൾ പ്രോഗ്രാം പരിമിതമായ രീതിയിൽ ആശുപത്രി ചാപ്പലിൽ 2020 ഡിസംബർ 21-ന് നടത്തുകയുണ്ടായി.

ആശുപത്രിയുടെ ദൈനംദിന ഭരണ നിർവ്വഹണത്തിനായി മെഡിക്കൽ മിഷൻ നിയോഗിച്ച ഭദ്രാസന അധിപൻ അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പാ ചെയർമാനായുള്ള എച്ച്.എ.സി ആണ് ഭരണം നിർവ്വഹിക്കുന്നത്. മാർത്തോമ്മാ മെഡിക്കൽ മിഷൻ അധ്യക്ഷൻ അഭിവന്ദ്യ. ഡോ. തിയോഡഷ്യസ് മാർത്തോമ്മ മെത്രാപ്പോലിത്ത തിരുമേനിയുടെ ശ്രദ്ധാപൂർവമായ മാർഗ്ഗനിർദ്ദേശങ്ങളും, ക്രിയാത്മകമായ നേതൃത്വവും ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് ഏറെ സഹായകരമാവുന്നു. റവ. മത്തായി ജോസഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ ആയും പ്രൊഫ. തോമസ് കെ. വർഗ്ഗീസ് ട്രഷറർ ആയും പ്രവർത്തിക്കുന്നു.

10. വികസന പ്രവർത്തനങ്ങൾ

10.1. ഡവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റ്

മാർത്തോമ്മാ സഭ ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ് 1977-ൽ ആരംഭിച്ചു. മനുഷ്യന്റെ സമഗ്രവളർച്ച ലക്ഷ്യമാക്കി ഇടവകകളിൽ വികസന സംഘങ്ങൾ രൂപീകരിച്ച് ഇടവക, സെന്റർ, ഭദ്രാസന, കേന്ദ്ര തലങ്ങളിൽ പ്രവർത്തിക്കുന്നു.

ദാരിദ്ര നിർമ്മാർജ്ജനം, മെച്ചമായ വിദ്യാഭ്യാസം, മാരകരോഗങ്ങളിൽ നിന്നുള്ള വിടുതൽ, പരിസര ശുചീകരണം, പ്രകൃതിക്കനുയോജ്യമായ ജീവിതശൈലി എന്നിവയിലൂടെ ദൈവം സൃഷ്ടിച്ച ലോകത്തിന്റെ കാവൽക്കാരായി ഓരോ ഇടവകയേയും സജ്ജമാക്കുന്നതിനുള്ള വൈവിദ്ധ്യമാർന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നു. ഇടവക വികസന സംഘങ്ങൾക്ക് വായ്പ നൽകി വികസന സമിതിയംഗങ്ങൾ തൊഴിലിലൂടെ വരുമാനം വർദ്ധിപ്പിച്ച് സ്വാഭിമാനം വളർത്തുന്നതിന് ശ്രമിക്കുന്നു. സമ്പാദ്യശീലം വളർത്തി ഭാവി സുരക്ഷിതമാക്കുന്നതിന് പ്രോത്സാഹനം നൽകുന്നു. 252 വിദ്യാർത്ഥികൾക്ക് 1992 മുതൽ വിദ്യാഭ്യാസ സഹായ വായ്പ നൽകി. വിദേശത്തും സ്വദേശത്തും മെച്ചമായ രീതീയിൽ ജോലി ചെയ്ത് കുടുംബത്തിന്റെ സംരക്ഷണം ഇവർ ഉറപ്പുവരുത്തുന്നു.

ഇടവക വികസന സംഘങ്ങൾ, വികസന സമിതികൾ എന്നിവയാണ് വികസന പ്രവർത്തനങ്ങളുടെ മാധ്യമങ്ങൾ. ഗ്രാമതല വികസനപ്രവർത്തനങ്ങക്ക് പ്രാദേശികമായി ചുക്കാൻ പിടിക്കുന്നതിനുള്ള വേദിയാണ് ഇടവക വികസന സമിതികൾ. ഓരോ ഇടവകയും അതതു പ്രദേശത്ത് ഉപ്പായും വെളിച്ചമായും നിലനില്ക്കണമെന്ന് സഭയുടെ ദർശനമാണ് ഇടവക വികസന സംഘങ്ങളുടെ രൂപീകരണത്തിനു പ്രേരകമാകുന്നത്. വികസന സമിതിയിലൂടെ ലഘു സമ്പാദ്യ പദ്ധതി, മാലിന്യ സംസ്കരണ സംവിധാനങ്ങൾ, മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ പരീശീലനം, ആരോഗ്യ പരിരക്ഷാ പദ്ധതികൾ, ജൈവ കൃഷി രീതികൾ, പരിസ്ഥിതി ബോധവൽക്കരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നു. എല്ലാ വർഷവും ജൂലൈ 2-ാം ആഴ്ച വികസന വാരമായും ഞായറാഴ്ച വികസന ദിനമായും ആചരിക്കുന്നു. കോവിഡ് -19 ന്റെ സാഹചര്യത്തിൽ ആരധനാലയങ്ങൾ തുറക്കുവാൻ സാധിക്കാത്തതിനാൽ ഈ വർഷം വികസനവാരവും വികസന ദിനവും ആചരിക്കുവാൻ കഴിഞ്ഞില്ല.

നിലവിലുള്ള വികസന സംഘങ്ങളുടെ കാലാവധി 2020 മാർച്ച് 31-ാം തീയതി കൊണ്ട് അവസാനിച്ചിരിക്കുകയാണ്. ഇപ്പോൾ 9 ഭദ്രാസനങ്ങളിലായി 100 ഇടവകകൾ വികസന സംഘങ്ങൾ രൂപീകരിച്ച് കേന്ദ്ര ഡവലപ്പ്മെന്റെ ഡിപ്പാർട്ടുമെന്റിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ഇടവകകളും ആരാധനാലയങ്ങൾ തുറക്കുന്ന മുറയ്ക്ക് ഇടവക വികസന സംഘം കൂടി ചുമതലക്കാരെ തെരഞ്ഞെടുത്ത് കേന്ദ്രത്തിൽ വികസന സംഘം രജിസ്റ്റർ ചെയ്യണമെന്ന് ഇടവകകളിൽ കല്പനകൾ വഴിയായും ഫോണിൽക്കൂടിയും അറിയിച്ചുകൊണ്ടിരിക്കുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ റിപ്പോർട്ട് വർഷം മാരാമൺ കൺവൻഷൻ പരിമിതമായ സാഹചര്യത്തിൽ നടത്തിയതു മൂലം മാരാമൺ മണൽപ്പുറത്ത് ഓഫീസ് സ്റ്റാളും ഭക്ഷണശാലയും പ്രവർത്തിച്ചില്ല. S.C.S. കാമ്പസിലെ കാന്റീൻ ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. ***വികസന സന്ദേശം*** ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ മുഖപത്രമാണ്.

അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ രക്ഷാധികാരി, അഭിവന്ദ്യ തോമസ് മാർ തിമോഥെയോസ് എപ്പിസ്ക്കോപ്പാ പ്രസിഡന്റ്, ശ്രീ. ജോസഫ് ഇലവുംമൂട് വൈസ് പ്രസിഡന്റ്, റവ. ഏബ്രഹാം പി. വർക്കി. ഡയറക്ടർ, റവ. ബി. തോമസ് അസി. ഡയറക്ടർ, ശ്രീ. ജെറി ഈശോ ഉമ്മൻ ട്രഷറാർ കൂടാതെ 17 അംഗങ്ങളടങ്ങിയ മാനേജിംഗ് കമ്മിറ്റിയും ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

10.2.ബാക്ക്‌വേർഡ് കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് കമ്മീഷൻ (BCDC)

മാർത്തോമ്മാ സഭയിലെ പിന്നോക്ക വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ ക്ഷേമവും പുരോഗമനവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പിന്നോക്ക വിഭാഗ വികസന കമ്മീഷൻ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് സാധിച്ചു. ഭദ്രാസനാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട 25 കുടുംബങ്ങൾക്ക് വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി 2,50,000 രൂപയും 13 പേർക്ക് വിദ്യാഭ്യാസ സഹായമായി 1,00,000 രൂപയും ഈ സാമ്പത്തിക വർഷം ചെലവഴിച്ചു. ബി.സി.ഡി.സി.യുടെ ചെയർമാനായി അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പായും കൺവീനറായി ശ്രീ. ജേക്കബ് ഇമ്മാനുവേലും പ്രവർത്തിക്കുന്നു.

10.3. ക്രിസ്ത്യൻ ഏജൻസി ഫോർ റൂറൽ ഡവലപ്പ്മെന്റ് (CARD)

2020-2021 വാർഷിക റിപ്പോർട്ട്: എളിയവരോടും ദരിദ്രരോടും ഉള്ള കരുതലും സ്നേഹവും ക്രിസ്തീയദൗത്യത്തിന്റെ പ്രധാന ഭാഗമാണ്. ഈ ക്രിസ്തീയദൗത്യത്തെ മതേതര മേഖലകളിൽ നടപ്പിലാക്കുന്നമാർത്തോമ്മാ സഭയുടെ സാമൂഹികസേവന വിഭാഗമാണ് കാർഡ്. 1977ൽ സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് ഭാരതത്തിലെ ദരിദ്രരും പീഡിതരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ ജനങ്ങൾക്ക് വിദ്യാഭ്യാസം, സാമൂഹിക, ആരോഗ്യ, സാമ്പത്തികസുരക്ഷ പദ്ധതിയിലൂടെമെച്ചമായ ജീവിത നിലവാരത്തിലേയ്ക്ക് ഉയർത്തുവാൻ കാർഡിന് കഴിഞ്ഞിട്ടുണ്ട്.കേരളം ഉൾപ്പെടെ 7 സംസ്ഥാനങ്ങളിൽ വികസന പ്രവർത്തനങ്ങൾക്ക് കാർഡ് നേതൃത്വം നൽകുന്നു.അഖില ലോക സഭാ കൗൺസിലിൽ (WCC) അംഗത്വം ഉള്ള സഭകളുടെ വികസന കൂട്ടായ്മയായ Act Alliance- ൽ കാർഡ് സ്ഥിരാംഗമാണ്.

പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനം: പ്രളയാനന്തര നവകേരള സൃഷ്ടിയിൽ വിവിധ ഇടവകകളുടെയും സഹായത്താൽ കുറിച്ചിമുട്ടം (ചെങ്ങന്നൂർ), നിരണം, വെൺമണി, കൂർത്തമല, തേവേരി, കുറ്റപ്പുഴ, മേപ്രാൽ എന്നിവിടങ്ങളിൽ 16 വീടുകൾ നിർമ്മിച്ചുനൽകി.

വിദ്യാഭ്യാസ മേഖല കാർഡ് കെയർ: വിദ്യാഭ്യാസ സഹായ പദ്ധതിയായ കാർഡ് കെയറിലൂടെ അയ്യായിരത്തിലധികം നിർധന കുട്ടികളെ സഹായിക്കുന്നു. ചൈൽഡ് ഫോക്കസ്ഡ് കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് പ്രോജക്ട് (CFCD) വയനാട്, പൂയംകുട്ടി, ചെങ്കോട്ട കൂടാതെ മലപ്പുറം ജില്ലയിലെ ചുങ്കത്തറ, പോത്തുകല്ല് ഗ്രാമപഞ്ചാത്തുകളിൽ കേരള സോഷ്യൽ വെൽഫയർ ബോർഡിന്റെ ധനസഹായത്തോടെ 5 ക്രഷ് സെന്ററുകൾ പ്രവർത്തിക്കുന്നു. സാമ്പത്തികമായ് പിന്നോക്കം നിൽക്കുന്ന 16 കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പ് നൽകി.

കാർഡ് കോവിഡ് -19 പ്രതിരോധ പ്രവർത്തനങ്ങൾ: കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളിൽ 2020 മാർച്ച് മുതൽ കാർഡ് പ്രവർത്തിക്കുന്നു. കോവിഡ് വ്യാപനം തടയുന്നതിനുള്ള ബോധവൽക്കരണ സഹായ പ്രവർത്തനങ്ങൾ രാജ്യത്തെ 7 സംസ്ഥാനങ്ങളിൽ പുരോഗമിക്കുന്നു. ഭക്ഷ്യ

വിതരണം, പ്രതിരോധത്തിനായി ശുചിത്വ കിറ്റുകൾ, പ്രാഥമിക തലങ്ങളിൽ ബോധവൽക്കരണം തുടങ്ങിയ പ്രവർത്തികൾ 100 ഗ്രാമങ്ങളിൽ നടക്കുന്നു. പത്തനംതിട്ട ജില്ലയിലെ 1100 ആശാ പ്രവർത്തകർക്കു വീണ്ടും ഉപയോഗിക്കാവുന്ന തുണി മാസ്ക്ക്, സാനിറ്റൈസർ വിതരണം ചെയ്തു. കോവിഡ് ബോധവൽക്കരണ പ്രവർത്തനങ്ങൾ, സഹായങ്ങൾ ഭാരതത്തിലെ 100ഗ്രാമങ്ങളിലായി 3000 ത്തോളം കുടുംബങ്ങളിൽ എത്തിച്ചു.

സി.എഫ്.സി.ഡി. പ്രോജക്ട് കലഹണ്ടി: ഒറീസയിലെ കലഹാണ്ടി ജില്ലയിൽ 22 ആദിവാസി ഗ്രാമങ്ങളിൽ അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് വിവിധ കർമ്മ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 500 കുട്ടികളുടെ ആരോഗ്യ, വിദ്യാഭ്യാസ പുരോഗതിയും 22 ഗ്രാമങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

ലൈറ്റു ടു ലൈഫ്: മാർത്തോമ്മാ സഭയുടെ North America- Europe ഭദ്രാസനത്തിന്റെ മിഷൻബോർഡിന്റെയും, കാർഡിന്റെയും ആഭിമുഖ്യത്തിൽ Light to Life നടത്തിവരുന്നു. കാർഡിന്റെ ആഭിമുഖ്യത്തിൽ ഇന്ത്യയുടെ 7 സംസ്ഥാനങ്ങളിലായി 8 പ്രോജക്ടുകളിൽ 1100 കുട്ടികൾ ഇതിന്റെ ഗുണഭോക്താക്കളാണ്. കേരളം (വയനാട്, വട്ടവട ഇടുക്കി,) തമിഴ്നാട് (ചെങ്കോട്ട) ഒറീസ(കലഹാണ്ടി) ബിലാസ്പൂർ (അമേരി) മുംബൈ (പൾസായി) മദ്ധ്യപ്രദേശ് (ക്ഷിപ്ര) ഡൽഹി (സഫേറ) എന്നീ സംസ്ഥാനങ്ങളിലാണ് CARD Light to Life പ്രവർത്തനങ്ങൾ നടക്കുന്നത്. സാമ്പത്തികമായും, സാമൂഹികമായും, വിദ്യാസപരമായും പിന്നോക്കം നിൽക്കുന്ന കുട്ടികളെയാണ് ഇതിൽ ഉൾപെടുത്തിയിരിക്കുന്നത്. ഇന്ത്യയുടെ ഗ്രാമീണ മേഖലയിൽ കോവിഡ് 19 വലിയ ആഘാതം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ പ്രോജക്ടിലെ എല്ലാ കുട്ടികൾക്കും, അവരുടെ കുടുംബത്തിനും ഭക്ഷ്യകിറ്റ്, വ്യക്തിശുചിത്വസാധനങ്ങൾ, മാസ്ക്ക്, സാനിറ്റൈസർ എന്നിവകൾ നൽകുകയുണ്ടായി. കോവിഡ് ബോധവൽക്കരണ പ്രവർത്തനങ്ങൾ എല്ലാ പ്രോജക്ടുകളിലും നടത്തിവരുന്നു

സ്കൂളുകൾ: മദ്ധ്യപ്രദേശിലെ ക്രിസ്തുസേവാകേന്ദ്രത്തിന്റെ (KSK) ആഭിമുഖ്യത്തിൽ സെന്റ് തോമസ്സ് ഇംഗ്ലീഷ്മീഡിയം ഹയർസെക്കന്ററി സ്കൂളും അഞ്ച് ഗ്രാമജ്യോതി സ്കൂളുകളും പ്രവർത്തിച്ചുവരുന്നു.

കാർഡ് സുരക്ഷാ പ്രോജക്ട് കൊട്ടാരക്കര: നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷന്റെയും (NACO), കേരളാ സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി (KSACS) എന്നിവയുടെ സഹായത്തോടെ കൊല്ലം ജില്ലയിലെ കൊട്ടാരക്കര കേന്ദ്രമാക്കി കാർഡ് സുരക്ഷാ പ്രോജക്ട് നടന്നു വരുന്നു. എച്ച്.ഐ.വി. /എയ്ഡ്സ് രോഗ പ്രതിരോധ പ്രവർത്തനം മൂലം പകർച്ച തടയുന്നതുവഴി സമൂഹത്തെ സംരക്ഷിക്കുകയും ലൈംഗിക തൊഴിലാളികൾക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും പ്രതിരോധ ചികിൽസകൾ നൽകുന്നതുമാണ് പ്രോജക്ടിന്റെ ലക്ഷ്യം. റിപ്പോർട്ടു വർഷത്തിൽ 1351 ലൈംഗിക തൊഴിലാളികൾക്ക് പ്രോജക്ടിന്റെ സേവനം ലഭിച്ചു. റിപ്പോർട്ട് വർഷം A-Grade ലേക്ക് പ്രോജക്ടിന് KSACS ന്റെ അംഗീകാരം ലഭിച്ചു.

ഐസിഎആർ - കൃഷി വിജ്ഞാന കേന്ദ്രം കാർഡ് പത്തനംതിട്ട ജില്ല: തെള്ളിയൂരിൽ പ്രവർത്തിക്കുന്ന പത്തനംതിട്ട ജില്ല കൃഷി വിജ്ഞാന കേന്ദ്രം പ്രവർത്തനസരണിയിൽ കാൽനൂറ്റാണ്ട് പിന്നിട്ടു. കോവിഡ് 19 മഹാമാരിയുടെ കാലഘട്ടത്തിലും ജില്ലയിലെ കർഷകർക്കൊപ്പം നിന്ന് ഉൽപ്പാദനവും ഉല്പാദനഷമതയും വർദ്ധിപ്പിച്ച് മികച്ച വരുമാനം കർഷകർക്ക് ലഭിക്കുന്നതിനാവശ്യമായ വിവിധ പദ്ധതികൾ നടപ്പിലാക്കി. 123 പരിശീലനങ്ങൾ കർഷകർക്കും, വനിതകൾക്കും, ഗ്രാമീണ യുവതിയുവാക്കൾക്കുമായും, ഉദ്യോഗസ്ഥർക്കുമായും സംഘടിപ്പിക്കയുണ്ടായി. 4350 പേർ ഈ പരിശീലനങ്ങളിൽ പങ്കെടുത്തു. കൂടാതെ 1698 വിജ്ഞാന പരിപാടികൾ സംഘടിപ്പിക്കുകയും 23621 ആയത് പ്രയോജനപ്പെടുത്തുകയും ചെയ്തു. ഡ്രോൺ സാങ്കേതിക വിദ്യ ഉപയോഗിച്ച് നെല്ലിന് വളപ്രയോഗം നടത്തുന്നത് ഉൾപ്പെടെയുള്ള നൂതന സാങ്കേതിക വിദ്യകളുടെ (24 എണ്ണം 133 കർഷകർ) മുൻ നിര പ്രദർശനങ്ങൾ, 46 കർഷകരുടെ തോട്ടങ്ങളിൽ നടത്തിയ 8 പങ്കാളിത്ത പരീക്ഷണങ്ങളും നടത്തുകയുണ്ടായി. ഭിന്നശേഷിയുള്ള കുട്ടികൾക്കായി കരുത്ത് എന്ന പദ്ധതി കോയിപ്രം ബ്ളോക്ക് പഞ്ചായത്തിന്റെ 3.24 ലക്ഷം രൂപയുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി.

യുവാക്കളെ കാർഷിക മേഖലയിലേക്ക് ആകർഷിച്ച് സംരംഭകരാക്കുക എന്ന ലക്ഷ്യത്തോടെ ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽആവിഷ്കരിച്ച് നടപ്പിലാക്കുന്ന (ARYA – Attracting and Retaining Youth in Agriculture) എന്ന പദ്ധതി കാർഡ് പത്തനംതിട്ട കൃഷി വിജ്ഞാന കേന്ദ്രം നടപ്പിലാക്കിവരുന്നു. തേനീച്ചവളർത്തൽ, കോഴിവളർത്തൽ, മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമ്മാണം, നഴ്സറി പരിപാലനം എന്നീ നാലു മേഖലകളിലായി 100 യുവതീ യുവാക്കൾക്ക് പരിശീലനം നൽകി. ചക്കയുടെ സ്റ്റേറ്റ് റിസോഴ്സ് സെന്ററായ കാർഡ് പത്തനംതിട്ട കൃഷി വിജ്ഞാന കേന്ദ്രത്തിൽ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ ചക്കയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമിച്ച് വിപണനം നടത്തുന്നതിനുള്ള പരിപാടികൾ നടപ്പിലാക്കിവരുന്നു.

കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ക്യാമ്പസിൽ പ്രവർത്തിക്കുന്ന അഗ്രോ പ്രോഡക്റ്റ് ഡിസ്പ്ളെ സെന്റർ, മുട്ടുമണ്ണിൽ പ്രവർത്തിക്കുന്ന കർഷക സഹായ കേന്ദ്രം എന്നിവയിലൂടെ ഈ ഉൽപന്നങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നു.

തൊഴിൽ പരിശീലനം

സോപ്പ്, സോപ്പുൽപന്നങ്ങൾ, ലോഷൻ, മെഴുകുതിരി, സ്ക്വാഷ്, ജാം, ആഭരണനിർമ്മാണം, പേപ്പർ ബാഗ്, സൗന്ദര്യ വർദ്ധക വസ്തുക്കൾ, ഫർണീച്ചർ നിർമ്മാണം, ബാഗ് നിർമ്മാണം, കുട നിർമ്മാണം,തയ്യൽ എന്നിവ കാർഡിന്റെ വിവിധപരിശീലന കേന്ദ്രങ്ങളായ ഹരിപ്പാട്, പമ്പാവാലി, ബെറ്റർ ഹോം, കാർഡ് ഗ്രാമശക്തി തിരുവല്ല എന്നീ യൂണിറ്റുകളിൽ നൽകിവരുന്നു.

ഗ്രാമശക്തി/ഗ്രാമോൽപ്പന്നം: കാർഡിന്റെ വിവിധ യൂണിറ്റുകളിൽ ഉൽപാദിക്കുന്ന തേൻ, ഹാന്റീക്രാഫ്റ്റ്, കുർബാന അപ്പം, വീഞ്ഞ്, പള്ളി ഉപകരണങ്ങൾ എന്നിവ തിരുവല്ല എം.സി റോഡിലുള്ള കാർഡിന്റെ ഗ്രാമോൽപന്നത്തിലും, ഗ്രാമശക്തിയിലും ലഭ്യമാണ്. കൂടാതെ മഴവെള്ള സംഭരണി, ബയോഗ്യാസ് പ്ളാന്റ്, ഇൻസിനറേറ്റർ, കിണർ റീച്ചാർജിംഗ് പ്ളാന്റ് എന്നിവയും ഗ്രാമശക്തിയിലൂടെ നിർമ്മിച്ച് നൽകിവരുന്നു.മല്ലപ്പള്ളി ബ്ളോക്ക് പഞ്ചായത്തുമായി സഹകരിച്ച് PMKSY സ്കീം പ്രകാരം 425 കിണർ റീച്ചാർജിംഗ് നടത്തി. കുപ്പായം, കുർബാന കുപ്പായം, തിരശീല വിരിക്കൂട്ട്, ചിത്തോല എന്നിവ തയ്ക്കുന്ന യൂണിറ്റ് കാർഡ് ബെറ്റർ ഹോമിൽ പ്രവർത്തനം ആരംഭിച്ചു.

സഭയുടെ അംഗീകൃത സംഘടനകളുടേയും സഭ കൗൺസിലിന്റേയും പ്രതിനിധികൾ ഉൾപെട്ട ജനറൽ ബോഡിയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവരും ഉൾപ്പെടെ 15 അംഗ ഗവേണിംഗ് ബോർഡ് ഭരണ കാര്യങ്ങൾക്ക് നേതൃത്വം നൽകുന്നു. റൈറ്റ്. റവ. തോമസ് മാർ തീമൊഥെയോസ് എപ്പിസ്കോപ്പ പ്രസിഡന്റായും, റവ. കെ. ജി. ജോസഫ് (സഭാ സെക്രട്ടറി) സെക്രട്ടറിയായും, റവ. ഏബ്രഹാം. പി. വർക്കി ഡയറക്ടറായും റവ. ബി. തോമസ് അസ്സി. ഡയറക്ടറായും, ശ്രീ. ജോസി കുര്യൻ ട്രഷററായും പ്രവർത്തിച്ചു വരുന്നു. മാർത്തോമ്മാ സഭ ബിൽഡിങ്ങിന്റെ ഒന്നാം നിലയിൽ കാർഡിന്റെ സെൻട്രൽ ഓഫീസ് പ്രവർത്തിച്ചുവരുന്നു.

11. മദ്യവർജ്ജന ചികിത്സാ പുനരധിവാസ പ്രവർത്തനങ്ങൾ

11.1. മോചന: ലഹരി ആസക്തി വിമോചന ചികിത്സാ കേന്ദ്രം, മാങ്ങാനം

ലഹരി ആസക്തിയിൽ ജീവിതം തകർന്നുപോയ ആളുകളുടെ കഷ്ടതകളും ദുരിതങ്ങളും കണ്ടറിഞ്ഞ് ഭാഗ്യസ്മരണീയനായ ഡോ. സഖറിയാസ് മാർ തെയോഫിലോസ് സഫ്രഗൻ മെത്രാപ്പോലീത്താ തന്റെ ദർശന തനിമയിൽ രൂപം കൊടുത്ത്, കോട്ടയം - കൊച്ചി ഭദ്രാസനത്തിന്റെ

ചുമതലയിൽ ആരംഭിച്ച പ്രസ്ഥാനമാണ് മോചന ഡി-അഡിക്ഷൻ & കൗൺസിലിംഗ് സെന്റർ. 1993 സെപ്തംബർ 2-ന്, ഭദ്രാസന സുവിശേഷ സേവികാ സംഘത്തിന്റെ നേതൃത്വത്തിൽ പണിത് പൂർത്തീകരിച്ച ആശാനികേതനിൽ 4 മദ്യപാന രോഗികളുമായി പ്രവർത്തനം ആരംഭിച്ച മോചന, 27 വർഷം പൂർത്തീകരിച്ചു. പതിനായിരത്തിൽ അധികം കുടുംബങ്ങൾ മോചനയിലൂടെ സൗഖ്യജീവിതം കണ്ടത്തി.

അനുശോചനം: 2016 ഏപ്രിൽ 1 മുതൽ 2020 ഒക്ടോബർ 18 വരെ മോചനയുടെ പ്രസിഡന്റും, കോട്ടയം-കൊച്ചി ഭദ്രാസന അദ്ധ്യക്ഷനും, 2007 ഒക്ടോബർ 2 മുതൽ മാർത്തോമ്മാ മെത്രാപ്പൊലീത്തായും ആയിരുന്ന ഭാഗ്യസ്മരണീയനായ അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പൊലീത്താ തിരുമേനിയുടെ ദേഹവിയോഗത്തിൽ അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നു. തിരുമേനിയുടെ അനുഗ്രഹീതമായ നേതൃത്വത്തെ ഓർത്ത് ദൈവത്തിന് നന്ദി പറയുന്നു.

ചികിത്സാ രീതികൾ: 30 ദിവസം നീണ്ടു നിൽക്കുന്ന ചികിത്സാ പദ്ധതികൾ മോചന നടപ്പിലാക്കി വരുന്നു. മെഡിക്കൽപരവും, മനഃശാസ്ത്രപരവും, ആത്മീകപരവുമായ സമീപനങ്ങളാണ് ചികിത്സയിൽ സ്വീകരിച്ചിട്ടുള്ളത്. മെഡിക്കൽ കെയർ, ബോധവൽക്കരണ ക്ലാസുകൾ, വ്യക്തി- ഗ്രൂപ്പ്-ഫാമിലി കൗൺസിലിംഗുകൾ, മെഡിറ്റേഷൻ, യോഗ, റിലാക്സേഷൻ തെറാപ്പി, പ്രാർത്ഥന എന്നിവ ചികിത്സാപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

റിപ്പോർട്ട് വർഷം 10 മാസങ്ങൾ മാത്രമേ പ്രവർത്തിക്കാൻ കഴിഞ്ഞുള്ളൂ. ഏപ്രിൽ, മെയ് മാസങ്ങളിൽ ലോക് ഡൗൺ നിമിത്തം രോഗികളെ പ്രവേശിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. ജൂൺ 1 മുതൽ മാർച്ച്31 വരെ 118 രോഗികൾ രജിസ്റ്റർ ചെയ്ത് ചികിത്സ തേടി. പ്രീ-മാരിറ്റൽ കൗൺസിലിംഗ്, ഫാമിലി കൗൺസിലിംഗ്, സ്റ്റുഡന്റ്സ് കൗൺസിലിംഗ്, സൈബർ അഡിക്ഷൻ കൗൺസിലിംഗ്, എന്നിവയ്ക്കായി 35 ആളുകളും വിധേയരായി. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സൗജന്യമായും സൗജന്യനിരക്കിലും ചികിത്സകൾ നൽകിയിട്ടുണ്ട്. കോവിഡ് കാലമായതിനാൽ ഓൺലൈൻ സൗകര്യങ്ങൾ നിരവധി ആളുകൾ കൗൺസിലിംഗിനായി ഉപയോഗപ്പെടുത്തി.

ബോധവൽക്കരണ ക്ലാസ്സുകൾ: പ്രത്യേകം തയ്യാറാക്കിയ സിലബസ് അനുസരിച്ച് ഞായറാഴ്ച ഒഴികെ എല്ലാ ദിവസങ്ങളിലും രാവിലെ 10 മുതൽ ഉച്ചക്ക് 1 മണിവരെ ക്ലാസ്സുകൾ ക്രമീകരിച്ചു. വിവിധ മേഖലകളിൽ പ്രാവണ്യം നേടിയ ആറ് അദ്ധ്യാപകർ ക്ലാസുകൾക്ക് നേതൃത്വം നൽകുന്നു.

അനുധാവനം (Follow- up): ചികിത്സ കഴിഞ്ഞ് പോകുന്നവർക്ക് അനുധാവന കൗൺസിലിംഗ് ക്രമീകരിക്കുകയും സൗഖ്യത്തിൽ നിലനിന്ന് പോകുന്നതിന് സഹായിക്കുകയും ചെയ്യുന്നു.

ആൾക്കഹോളിക്സ് അനോണിമസ് മീറ്റിംഗ്: എല്ലാ വ്യാഴാഴ്ചയും 6 പി.എം-നു എ.എ. മീറ്റിംഗ് നടത്തിവരുന്നു. കോവിഡിന്റെ പശ്ചാത്തലത്തിൽ മാനദണ്ഡങ്ങൾ പാലിച്ച് 2020 നവംബർ മുതൽ മാത്രമാണ് മീറ്റിംഗ് ക്രമീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്.

ചികിത്സ കഴിഞ്ഞ് പോയവർക്കു വേണ്ടിയുള്ള മാസ കൂട്ടായ്മ എല്ലാ മൂന്നാം ബുധനാഴ്ചയും രാവിലെ 10.30ന് ക്രമീകരിക്കപ്പെടേണ്ടിയിരുന്നെങ്കിലും കോവിഡ് മഹാമാരിയെ തുടർന്ന് റിപ്പോർട്ട് വർഷം 2 മീറ്റിംഗുകൾ മാത്രമേ നടത്തുവാൻ സാധിച്ചിട്ടുള്ളൂ.

സാമൂഹ്യപ്രവർത്തനങ്ങൾ: 2020 മെയ് ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം വിദേശത്ത് നിന്ന് നാട്ടിൽ എത്തിയവർക്കായി ക്വാറന്റയിൻ സെന്റർ ആയി മോചന പ്രവർത്തിച്ചു. ജൂലൈയിൽ ഉണ്ടായ പ്രളയത്തിൽ ദുരിതമനുഭവിച്ച ചില കുടുബങ്ങളെ പാർപ്പിക്കുന്നതിന് മോചനയുടെ സൗകര്യങ്ങൾ വിട്ടു നൽകി.

പരിശീലനപരിപാടി: പരിശീലന പരിപാടികൾ ഒന്നും തന്നെ ക്രമീകരിക്കാൻ സാധിച്ചില്ല എങ്കിലും സഭയായി ക്രമീകരിക്കപ്പെട്ട ക്ലർജി റിഫ്രഷർ കോഴ്സിൽ സംബന്ധിച്ച പട്ടക്കാർക്കും പട്ടത്വശുശ്രൂഷയിലേക്ക് പ്രവേശിക്കുന്നതിന് മുമ്പുള്ള പരിശീലനത്തിൽ പങ്കെടുത്ത ശെമ്മാശന്മാർക്കും അമലഗിരി റ്റി.എം.എ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ്-ലെ ഡി.സി.പി, എം.സി.പി. വിദ്യാർത്ഥികൾക്കും, ലഹരി ആസക്തിരോഗത്തെക്കുറിച്ചും, ചികിത്സയെക്കുറിച്ചും, ലഹരി ഉയർത്തുന്ന വെല്ലുവിളികളെക്കുറിച്ചും ക്ലാസ്സുകൾ നൽകി കൊടുത്തു.

മോചന ദിനം / വാർഷിക സമ്മേളനം: 2020 സെപ്തംബർ 2-നു മോചന 28-ാമത് വയസ്സിലേക്ക് പ്രവേശിച്ചു. അന്നേ ദിവസം രാവിലെ 8 മണിക്ക് മോചന ഹാളിൽ സ്തോത്ര ശുശ്രൂഷയും, വി. കുർബാന ശുശ്രൂഷയും ക്രമീകരിച്ചു. ശുശ്രൂഷകൾക്ക് ദിവ്യ ശ്രീ. ജോസഫ് ജോണി കശ്ശീശ്ശാ നേതൃത്വം നൽകി. ഗവേർണിംഗ് ബോഡ് അംഗങ്ങൾ, സ്റ്റാഫ് അംഗങ്ങൾ, എ.എ. അംഗങ്ങൾ, ചികിത്സയിലുണ്ടായിരുന്ന അന്തേവാസികൾ എന്നിവർ ശുശ്രൂഷയിൽ സംബന്ധിച്ചു. സംബന്ധിച്ച ഏവർക്കും പ്രഭാതഭക്ഷണം ക്രമീകരിച്ചു.

27-ാമത് വാർഷിക സമ്മേളനം 2021 ജനു. 26-ന് 3 പി.എം.ന് അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടന്നു. പാലാരൂപതാ സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ മുഖ്യാതിഥി ആയിരുന്നു പ്രത്യേകം ക്ഷണിക്കപ്പെട്ട 50 അംഗങ്ങൾക്ക് ഹാളിൽ പ്രവേശനം നൽകി. മറ്റുള്ളവർ വെർചൽ ആയി മീറ്റിംഗിൽ സംബന്ധിച്ചു.

27-ാമത് മുണ്ടുകപ്പാടം പി.സി. ജോർജ് അനുസ്മരണ പ്രഭാഷണവും, 12-ാമത് പുളിന്തറകുന്നേൽ പി.സി. ജോർജ് അനുസ്മരണ ഉപന്യാസ മത്സരവും: കേരളാ ക്രൈസ്തവ മദ്യവർജ്ജന പ്രസ്ഥാനത്തിന്റെ പ്രഥമ സെക്രട്ടറിയും ലഹരി വിമോചന പ്രവർത്തകനുമായിരുന്ന മുണ്ടകപ്പാടം ശ്രീ. പി.സി.ജോർജ് സാറിന്റെ അനുസ്മരണാർത്ഥം 2021 ജനുവരി 26-ന് ക്രമീകരിക്കപ്പെട്ട അനുസ്മരണ യോഗത്തിൽ അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് അദ്ധ്യക്ഷത വഹിക്കുകയും. അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ (കേരള ക്രൈസ്തവ മദ്യവർജ്ജന സമിതിയുടെ പ്രസിഡന്റ്) അനുസ്മരണ പ്രഭാഷണം നടത്തുകയും ചെയ്തു.

ലഹരി വിമോചന പ്രവർത്തകനും എ.എ പ്രസ്ഥാനത്തിന്റെ സാരഥിയുമായിരുന്ന പുളിന്തറക്കുന്നേൽ ശ്രീ. പി.സി. ജോർജ് സാറിന്റെ അനുസ്മരണാർത്ഥം "മുൻഗണനകളെ തകിടം മറിച്ച കോവിഡ്-19 മഹാമാരിയെ പ്രതിരോധിക്കുന്നതിൽ ലഹരിയുടെ ഉപയോഗം എങ്ങനെ സ്വാധീനിച്ചു" എന്ന വിഷയത്തെ അധികരിച്ച് സ്കൂൾ, കോളേജ് തലങ്ങളിൽ നടത്തിയ ഉപന്യാസ രചനാ മത്സരത്തിൽ വിജയികളായവർക്ക് കാഷ് അവാർഡും മെമന്റോയും സർട്ടിഫിക്കറ്റുകളും സമ്മാനിച്ചു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടത്തപ്പെട്ട മീറ്റിംഗിന്റെ തൽസമയ പ്രക്ഷേപണവും ക്രമീകരിച്ചു.

വിശുദ്ധ കുർബ്ബാന: ആവശ്യാനുസരണം മോചന ചാപ്പലിൽ വിശുദ്ധ കുർബ്ബാന ക്രമീകരിച്ചു. റിപ്പോർട്ടു വർഷം 8 കുർബ്ബാന ശുശ്രൂഷകൾ നടന്നു. ചികിത്സക്കായി വരുന്നവർ, അവരുടെ കുടുംബാംഗങ്ങൾ, സ്റ്റാഫ് എന്നിവർ സംബന്ധിച്ചു.

ഇന്റേൺഷിപ്പ് പ്രോഗ്രാം: വിവിധ കോളേജുകളിൽ B.S.W, M.S.W, M.Sc, Psychology എന്നീ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കോളേജിന്റെ ആവശ്യപ്രകാരം ഇന്റേൺഷിപ്പ് ക്രമീകരിച്ചു.

മാരാമൺ കൺവൻഷൻ-2021: മാരാമൺ കൺവൻഷനോടനുബന്ധിച്ച് ലഹരി വിമോചന സ്റ്റാളിലൂടെ മോചനയുടെ പ്രസിദ്ധീകരണങ്ങൾ വിതരണം ചെയ്തു. ലഹരി വിരുദ്ധ സമ്മേളനത്തിൽ പങ്കെടുത്ത് എ.എ. കൂട്ടായ്മയ്ക്ക് നേതൃത്വം നൽകി.

പദ്ധതികൾ: വർദ്ധിച്ച് വരുന്ന വൈദ്യുതി ചാർജ്ജിന് ഒരു പരിഹാരമെന്നോണം 8.50 ലക്ഷം രൂപ ചെലവിൽ 15.K.W-ന്റെ സോളാർ പവർ പദ്ധതി സ്ഥാപിക്കാൻ കഴിഞ്ഞത് വലിയ നേട്ടമായി. 2020 ജനു.15-ന് പദ്ധതി പ്രവർത്തനക്ഷമമായി. ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി ഓഫ്ഗ്രിഡ് സംവിധാനത്തിലൂടെ K.S.E.Bക്ക് നൽകുന്ന ക്രമീകരണമാണ് ചെയ്തിട്ടുള്ളത്.

മോചന പ്രവർത്തിക്കുന്ന ആശാനികേതൻ കെട്ടിടത്തിന്റെ ചൂടും ചോർച്ചയും തടയുന്നതിനായി 2.50 ലക്ഷം രൂപ ചെലവഴിച്ച് ടെറസിൽ ഫേബ്രിക്കേറ്റഡ് റൂഫ് സ്ഥാപിച്ചു. വർഷങ്ങളായി മുടങ്ങി കിടന്ന KWA കണക്ഷൻ പുനഃസ്ഥാപിച്ചു.

സാമ്പത്തികം: ചികിത്സാചാർജ്ജുകൾ, സംഭാവനകൾ, സ്പോൺസർഷിപ്പ്, സഭാ, ഭദ്രാസന ഗ്രാന്റുകൾ എന്നിവയാണ് പ്രാധാന വരുമാനമാർഗ്ഗങ്ങൾ. റിപ്പോർട്ടുവർഷം സംഭാവനകൾ നൽകി സഹായിച്ച വ്യക്തികൾ, ഇടവകകൾ എന്നിവരോടുള്ള നന്ദി പ്രകാശിപ്പിക്കുന്നു. മോചനയുടെ പ്രവർത്തനങ്ങൾക്ക് ലോംഗ് ഐലന്റ് മാർത്തോമ്മ ഇടവക മിഷൻ നൽകിയ സഹായത്തെ നന്ദിപൂർവ്വം സ്മരിക്കുന്നു. എൻഡോവ്മെന്റ് ഏർപ്പെടുത്തി സഹായിച്ച പുളിന്തറക്കുന്നേൽ ശ്രീ. ഡെൽവിൻ ജോർജ് സാമിനോടുള്ള നന്ദി രേഖപ്പെടുത്തുന്നു.

മുൻനീക്കിയിരുപ്പ് ഉൾപ്പെടെ 66,20,058.75 രൂപ വരവും 37,18,478.45 രൂപ ചെലവും എൻഡോവ്മെന്റ്, സ്ഥിരനിക്ഷേപം ഉൾപ്പെടെ 29,01,580.30 രൂപ നീക്കിയിരിപ്പും ഉണ്ട്.

ഗവേണിംഗ് ബോർഡ്: ഭദ്രാസന എപ്പിസ്ക്കോപ്പ അദ്ധ്യക്ഷനായ 11 അംഗ ഗവേണിംഗ് ബോർഡ് കാര്യനിർവ്വഹണ സമിതിയായി പ്രവർത്തിക്കുന്നു. കോവിഡിന്റെ പശ്ചാത്തലത്തിൽ പുതിയ ബോർഡ് രൂപീകൃതമാകാഞ്ഞതിനാൽ നിലവിലെ ബോർഡ് 2020-21 വർഷത്തിലും കാര്യനിർവഹണം നടത്തി. റിപ്പോർട്ട് വർഷം ഗവേണിംഗ് ബോർഡ് മൂന്നു പ്രാവശ്യം കൂടുകയും തീരുമാനങ്ങൾ കൈക്കൊണ്ട് നടപ്പിലാക്കുകയും ചെയ്തു.

ഭാഗ്യസ്മരണീയനായ ഡോ. ജോസഫ് മാർത്തോമ്മ മെത്രാപ്പോലീത്താ തിരുമേനിയുടെ അനുഗ്രഹീത നേതൃത്വത്തെ ഓർത്ത് ദൈവത്തിന് നന്ദി പറയുന്നു. 2020 ഒക്ടോബർ 18 മുതൽ നംവബർ 30 വരെ അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മ മെത്രാപ്പൊലീത്താ പ്രസിഡന്റായി ചുമതല വഹിച്ചു. 2020 ഡിസംബർ 1 മുതൽ അഭിവന്ദ്യ ഡോ. എബ്രഹാം മാർ പൗലോസ് എപ്പിസ്ക്കോപ്പാ തിരുമേനി പ്രസിഡന്റായി ചുമതല വഹിക്കുന്നു. റവ. കെ.പി. സാബു ഡയറക്ടറായും റവ. ജോസഫ് ജോണി ട്രഷറർ ആയും പ്രവർത്തിച്ചു. 2017-21 കാലഘട്ടത്തിൽ ഭദ്രാസന സെക്രട്ടറി എന്ന നിലയിൽ റവ. റ്റി.എസ്. ഫിലിപ്പ്, ഭദ്രാസന ട്രഷറർ ശ്രീ. എ.എം. മാണി, റവ.ഡോ.ജോ ജോസഫ് കുരുവിള (ഡയറക്ടർ റ്റി.എം.എ.ഐ.സി.) ശ്രീ. എബ്രഹാം ഇട്ടിച്ചെറിയാ, ശ്രീ. അനീഷ് പുന്നൻ പീറ്റർ, ശ്രീ. ബെൻസി എബ്രഹാം, ശ്രീമതി ഡോ. ലതാ ജേക്കബ്, ശ്രീമതി ഷീബാ പുന്നൻ എന്നിവർ ഗവേണിംഗ് ബോർഡ് അംഗങ്ങളായി പ്രവർത്തിച്ചു.

11.2 നവജീവ കേന്ദ്രം, മലയാലപ്പുഴ

മാർത്തോമ്മാ സഭ റാന്നി-നിലയ്ക്കൽ ഭദ്രാസനത്തിന്റെയും സുവിശേഷ പ്രസംഗസംഘത്തിന്റെയും സംയുക്ത സംരംഭമായി കൃപാസമിതിയുടെ ഭാഗമായി മലയാലപ്പുഴയിൽ 1989-ൽ ആരംഭിച്ച നവജീവകേന്ദ്രം ഡീ അഡിക്ഷൻ ആന്റ് റീ ബാബിലിറ്റേഷൻ സെന്റർ ലഹരി ആസക്തർക്കുള്ള ചികിത്സയും റീഹാബിലിറ്റേഷനും നൽകിവരുന്നു.

ചികിത്സ: ലഹരി ആസക്ത രോഗികൾക്കായി 21 മുതൽ 31 ദിവസം വരെ നീണ്ടു നിൽക്കുന്ന ചികിത്സ പദ്ധതിയാണ് ക്രമീകരിച്ചിട്ടുള്ളത്. യോഗ, മെഡിറ്റേഷൻ, പ്രാർത്ഥന, വ്യക്തിഗത കൗൺസിലിംഗ്, കുടുംബ കൗൺസിലിംഗ്, മരുന്നുകൾ, സൈക്കോ എഡ്യൂക്കേഷൻ, സൈക്കോതെറാപ്പി എന്നിവയിലൂടെ ഓരോ ലഹരി ആസക്തന്റെയും ശാരീരിക മാനസിക തലങ്ങളെ ഏകോപിപ്പിച്ചു സാധാരണ ജീവിതത്തിലേക്ക് എത്തിക്കുന്നു. റിപ്പോർട്ട് വർഷത്തിൽ 75 കുടുംബങ്ങൾക്ക് ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്.

അനുധാവന പ്രവർത്തനങ്ങൾ: ചികിത്സ പൂർത്തിയാക്കി ഭവനങ്ങളിലേക്ക് പോയവർ മാസത്തിൽ രണ്ട് തവണ സെന്ററിൽ എത്തുകയും കൗൺസിലേഴ്സുമായുള്ള ഇടപെടലിലൂടെ നിലനിൽപ്പിനെ സഹായിക്കുകയും ചെയ്യുന്നു.

പുനരധിവാസം: ലഹരി ആസക്തി ചികിത്സ പൂർത്തിയായവർക്കുള്ള ഹ്രസ്വകാല ദീർഘകാല പുനരധിവാസത്തിനായി ഈശോ മാർ തിമോത്തിയോസ് മെമ്മോറിയൽ ബ്ലോക്കിൽ ആഫ്റ്റർ കെയർ ആന്റ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നു. പേപ്പർ ബാഗ് നിർമ്മാണം, കന്നുകാലി, കോഴിവളർത്തൽ, ചപ്പാത്തി യൂണിറ്റ്, കൃഷി എന്നിവ നടത്തിവരുന്നു. റിപ്പോർട്ട് വർഷം 50 പേർ ഇതിന്റെ സേവനം പ്രയോജനപ്പെടുത്തു.

ബോധവൽക്കരണ പ്രവർത്തനങ്ങൾ: ഇടവകകൾ, സംഘടനകൾ, സ്കൂൾ, കോളേജുകൾ എന്നിവയിലൂടെ സ്യൂം പ്ലാറ്റ് ഫോമിൽ വിവിധ സ്ഥലങ്ങളിൽ ബോധവൽക്കരണ പരിപാടികളും ക്ലാസ്സുകൾ ക്രമീകരിക്കുവാനും സാധിച്ചു.

ആഘോഷപരിപാടികൾ: ഓണം, ക്രിസ്തുമസ് എന്നിവ സമുചിതമായി ആഘോഷിച്ചു. നവജീവ കുടുംബാംഗങ്ങൾ ചേർന്ന് അത്തപ്പൂക്കളവും വിവിധ കലാപരിപാടികളും നടത്തി. ഉച്ചയ്ക്ക് ഓണസദ്യയും വൈകിട്ട് വോളിബോൾ മത്സരവും നടത്തി. തിരുവോണദിവസം മാർത്തോമ്മാ സഭ പരമാദ്ധ്യക്ഷൻ മോസ്റ്റ് റവ. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യം സ്ഥാപനത്തിന് അനുഗ്രഹകരമായി. ക്രിസ്തുമസ് പ്രോഗ്രാം ഡിസംബർ മാസം 24-ന് നടത്തപ്പെട്ടു.

മദ്യവർജ്ജന സമിതി: മാരാമൺ കൺവൻഷനിൽ സുവിശേഷ പ്രസംഗ സംഘത്തോട് ചേർന്ന് മദ്യ വർജ്ജന സമിതി പ്രവർത്തിച്ചു. ലഹരി വിരുദ്ധ പ്രവർത്തനങ്ങളെ പരിചയപ്പെടുത്തുന്നതിന് ലഘുലേഖകൾ വിതരണം ചെയ്തു.

ലഹരി വിമോചന സമിതി: സഭയുടെ ലഹരി വിമോചന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ലഹിര വിമോചന സമിതി നമ്മുടെ ഭദ്രാസനത്തിലും പ്രവർത്തിച്ചുവരുന്നു.

റവ. ജോർജ്ജ് കെ. ദാനിയേൽ മെമ്മോറിയൽ ഉപന്യാസ രചന റിപ്പോർട്ട് വർഷത്തിൽ നടത്തപ്പെട്ടു. ശ്രീ. എഡ്വേഡ് എം. പ്രശാന്ത് ഒന്നാം സ്ഥാനവും ശ്രീ നിധി എം.ജി. രണ്ടാം സ്ഥാനവും കുമാരി അൽക്കാ അന്നാ ഷാജി മൂന്നാം സ്ഥാനവും നേടി.

ശ്രീ. പി.എം. മാത്യുവിന്റെ ധനസഹായത്തോടെ ഒരു കുഴൽകിണർ നിർമ്മിക്കുന്നതിന് സാധിച്ചു. ഒരു വാട്ടർ പ്ലാന്റ് നിർമ്മിക്കുകയും മോസ്റ്റ് റവ. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ ഉദ്ഘാടനം നിർവ്വഹിക്കുകയും റൈറ്റ് റവ. തോമസ് മാർ തിമൊഥെയോസ് എപ്പിസ്കോപ്പാ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.

സാമ്പത്തികം: വിവിധ വ്യക്തികൾ നൽകുന്ന സംഭാവനകൾ കൂടാതെ സഭ, ഭദ്രാസന, സേവികാസംഘം എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ ആണ് പ്രധാന വരുമാന മാർഗ്ഗങ്ങൾ. മോസ്റ്റ് റവ. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ, ന്യൂ കാസ്റ്റിൽ മാർത്തോമ്മാ പ്രയർ ഗ്രൂപ്പ്, ഓസ്ട്രേലിയായിലെ മെൽബൺ മാർത്തോമ്മാ ഇടവക, ഹൂസ്റ്റൺ ട്രിനിറ്റി മാർത്തോമ്മാ, ഉതിമൂട് മാർത്തോമ്മാ ഇടവക എന്നിവർ സാമ്പത്തികമായി സഹായിച്ചു.

അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയും തുടർന്ന് അഭിവന്ദ്യ തോമസ് മാർ തിമൊഥെയോസ് എപ്പിസ്കോപ്പായും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. റവ. മോൻസി പി. ജേക്കബ് ഡയറക്ടറായി പ്രവർത്തിക്കുന്നു. രണ്ടു ഡോക്ടർമാർ, ഒരു കൗൺസിലർ, മറ്റ് സ്റ്റാഫ് അംഗങ്ങൾ എന്നിവരും പ്രവർത്തിച്ചുവരുന്നു.

12. ജീവകാരുണ്യ പ്രവർത്തനങ്ങൾ

12.1. എം.സി.ആർ.ഡി., തെള്ളിയൂർ:

മാർത്തോമ്മാ സഭയിലെ അഭിവന്ദ്യരായ ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ, ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ, ഡോ. തോമസ് മാർ അത്താനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്താ എന്നീ തിരുമേനിമാരുടെ മെത്രാഭിഷേക രജത ജൂബിലി സ്മാരകമായ 1981 ഒക്ടോബർ 15-ന് ആരംഭിച്ച പ്രസ്ഥാനമാണ് എം.സി.ആർ.ഡി. നവജ്യോതി സ്കൂൾ.

വ്യത്യസ്ത കഴിവുകളുള്ള കുഞ്ഞുങ്ങളെ പരിശീലിപ്പിക്കുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും സമൂഹ

ത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുമായി ആരംഭിച്ച ഈ സ്ഥാപനത്തിൽ ഹോസ്റ്റലിൽ താമസിച്ചും പുറമേ നിന്നും ആൺകുട്ടികളും പെൺകുട്ടികളുമായി 110 പേർ അഭ്യസനം നടത്തുന്നു. അദ്ധ്യാപകരും അനദ്ധ്യാപകരുമായി 38 പേർ ഈ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നു.

വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള SCERTയുടെ പാഠ്യപദ്ധതി അനുസരിച്ചുള്ള പരിശീലനമാണ് നൽകുന്നത്. രാവിലെ 9.30-ന് ക്ലാസ്സുകൾ ആരംഭിക്കുന്നു. 2.00 മുതൽ 3.30 വരെ തൊഴിലധിഷ്ഠിതമായ മെഴുകുതിരി നിർമ്മാണം, കവർ, ക്യാരിബാഗ് നിർമ്മാണം, ക്രാഫ്റ്റ്, തയ്യൽ എന്നിവയും വ്യക്തിത്വ വികസനത്തിനുതകുന്ന Aerobics & yoga, ഡാൻസ്, ചിത്രരചന, സംഗീതം, ബാൻഡ് എന്നിവയും കൃഷി, കോഴി, മുയൽ വളർത്തൽ എന്നിവയും പരിശീലിപ്പിക്കുന്നു. ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു സ്മാർട്ട് ലാബും പ്രവർത്തിക്കുന്നു.

സ്പീച്ച് തെറാപ്പി, ഫിസിയോ തെറാപ്പി, ഒക്യുപ്പേഷൻ തെറാപ്പി എന്നീ യൂണിറ്റുകൾ വിദഗ്ധരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. പുറമേ നിന്നുള്ളവർക്കും ഇതിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

സീനിയർ ബോയ്സ്, ജൂനിയർ ബോയ്സ്, ഗേൾസ് എന്നീ വിഭാഗങ്ങളിലായി ഹോസ്റ്റലുകളും പ്രത്യേകം പ്രത്യേകം വേർതിരിച്ച് പ്രവർത്തിക്കുന്നു. സമീപ പ്രദേശങ്ങളിലുള്ള കുട്ടികൾക്കായി വാഹന സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

ഈ വർഷം പ്രതിദിന ക്ലാസുകൾ നടത്താൻ സാധിക്കാത്ത സാഹചര്യത്തിൽ MCRD Fundamentals എന്ന സോഫ്റ്റ്‌വെയറിലൂടെ കുട്ടികൾക്ക് ഓൺലൈൻ അഭ്യസനം നൽകി. ഓൺലൈൻ പഠനത്തിന് ആവശ്യമായ സാഹചര്യങ്ങൾ ഇല്ലാത്ത കുട്ടികൾക്ക് ടെലിവിഷൻ, മൊബൈൽ ഫോൺ എന്നിവ വാങ്ങി നൽകി. കൂടാതെ ഇവിടുത്തെ കുട്ടികൾക്കായും സൺഡേസ്കൂൾ കുട്ടികൾക്കായും ഓൺലൈൻ വി.ബി.എസ്. യൂട്യൂബ് ചാനലിലൂടെ പ്രക്ഷേപണം ചെയ്തു. ഓണാഘോഷത്തോടനുബന്ധിച്ചും സ്പെഷ്യൽ സ്കൂൾ കലോത്സവത്തിലും ചിലമ്പൊലി മാരിവില്ല് എന്നീ പേരുകളിലായും വിവിധ ഇനങ്ങളിൽ ഓൺലൈൻ മത്സരങ്ങൾ നടത്തി.

ക്രിസ്തുമസിനോടനുബന്ധിച്ച് ദുബായ് മാർത്തോമ്മാ സൺഡേസ്കൂൾ കുട്ടികളുമായി ചേർന്ന് പുൽക്കൂട് തേടി എന്ന പ്രോഗ്രാം അവതരിപ്പിച്ചു.

സ്കൂളിന്റെ 40-ാം വാർഷികത്തോടനുബന്ധിച്ച് ഇവിടുത്തെ കുട്ടികളുടെ മാതാപിതാക്കൾ തങ്ങളുടെ ജീവിതത്തിൽ നേരിടുന്ന മാനസിക പ്രശ്നങ്ങൾ ആസ്പദമാക്കി ഡെലിമ എന്ന പേരിൽ ഒരു ഷോർട്ട് ഫിലിം നിർമ്മിച്ചു.

വിവിധ സന്ദർഭങ്ങളിലായി പതിനഞ്ചോളം വിഭവങ്ങൾ അടങ്ങിയ കിറ്റുകൾ എല്ലാ കുട്ടികളുടെയും ഭവനങ്ങൾ സന്ദർശിച്ച് വിതരണം ചെയ്തു.

ഇവിടുത്തെ ഫാമിൽ ഉൽപ്പാദിപ്പിക്കുന്ന ഫലവർഗ്ഗങ്ങൾ ഉപയോഗിച്ചുള്ള വിവിധയിനം ഭക്ഷ്യവസ്തുക്കൾ നിർമ്മിച്ചു നൽകി.

ഈ സ്ഥാപനത്തിലെ ഒരു ദിവസത്തെ ശരാശരി ചെലവ് 30000 രൂപയാണ്.

അഭിവന്ദ്യ റൈറ്റ് റവ. ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ പ്രസിഡന്റായുള്ള 11 അംഗ കമ്മിറ്റി ഇതിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. തന്നാണ്ടിൽ 3 പ്രാവശ്യം കമ്മിറ്റി കൂടി. റവ. വിനോദ് ഈശോ ഡയറക്ടറായും ഡോ. കെ.കെ. ജോൺസൺ ട്രഷറാറായും ശ്രീ. ജേക്കബ് മാത്യു ഓഡിറ്ററായും പ്രവർത്തിച്ചു.

12.2. നവജീവൻ സെന്റർ, മുംബൈ

വാണിജ്യപരമായും ലൈംഗീകമായും ചൂഷണം ചെയ്യപ്പെടുന്ന സ്ത്രീകൾക്കും അവരുടെ കുട്ടികൾക്കുമിടയിൽ ഒരു നല്ല മാറ്റത്തിനായി നവജീവൻ സെന്റർ പ്രവർത്തിക്കുന്നു. ശിശുസംരക്ഷണത്തിന്റെ പ്രാഥമികതലം ആരംഭിക്കുന്നത് റെഡ് ലൈറ്റ് ഏരിയകളിൽ സ്ഥിതിചെയ്യുന്ന ഡേ& നൈറ്റ് കെയർ സെന്ററുകളിൽ നിന്നാണ്.

അപകട സാദ്ധ്യതകളിൽ കഴിയുന്ന കുട്ടികളെ സാമൂഹിക പ്രവർത്തകർ മുഖേന തിരിച്ചറിഞ്ഞു. അമ്മയുടെ സമ്മതത്തോടുകൂടി ഈ കുട്ടിയെ കേന്ദ്രത്തിൽ ചേർക്കുന്നു. പ്രാഥമിക ആവശ്യങ്ങൾ, ആരോഗ്യം, കുട്ടികളുടെ പ്രീ-സ്കൂൾ വിദ്യാഭ്യാസം എന്നിവ ഈ കേന്ദ്രം ഉറപ്പാക്കുകയും ചെയ്യുന്നു.

സെക്കന്ററി ലെവൽ 6 വർഷം മുതൽ 18 വയസുവരെയുള്ള കുട്ടികൾക്കുള്ള പാർപ്പിട പരിചരണമാണ്. ചുവന്ന തെരുവിലെ കേന്ദ്രങ്ങളിൽ ഉണ്ടായിരുന്ന ലൈംഗീകതൊഴിലാളികളുടെ കുട്ടികളെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ നിന്ന് ട്രാൻസ്ഫർ ഓർഡർ നേടിയ ശേഷം നവജീവൻ വില്ലേജ് എന്ന റെസിഡൻഷ്യൽ കെയർ പ്രോഗ്രാമിലേക്ക് നയിക്കും.

18 വയസിനു ശേഷം അമ്മയുടെ അവസ്ഥയെ ആശ്രയിച്ച് അമ്മ ബദൽ തൊഴിലിൽ ഏർപ്പെടുകയും കുട്ടിയെ ഭാഗികമായെങ്കിലും പിന്തുണയ്ക്കുകയും ചെയ്താൽ കുട്ടി പുനരധിവസിപ്പിക്കപ്പെടും. കുടുംബ പശ്ചാത്തലം ഇപ്പോഴും അരാജകത്വവും അനാഥരും ആയ കുട്ടികളെ ഞങ്ങളുടെ വിപലൂകരണ പരിപാടിയിലേക്ക് മാറ്റുന്നു. വിവിധ സ്ഥാപനങ്ങളിൽ നിന്ന് അവർ ഉന്നത വിദ്യാഭ്യാസം തുടരുന്നു.

നവജീവൻ ഗ്രാമം: മൂർബാദിൽ കാപ്രിയിൽ സ്ഥിതിചെയ്യുന്ന നവജീവൻ ഗ്രാമം കുട്ടികൾക്കുള്ള ദീർഘകാല പരിചരണവും പരിരക്ഷാ പരിപാടിയും ആണ്. കുട്ടികൾക്കായി സർക്കാർ ലൈസൻസുള്ള റസിഡൻഷ്യൽ ഹോം എന്ന നിലയിലാണ് ഇത് പ്രവർത്തിക്കുന്നത്.

കോവിഡ് പ്രതിസന്ധിയിൽ കാലത്തിന്റെ മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങൾ നിറവേറുന്നതിനായി എല്ലാ പ്രവർത്തനങ്ങളും പുനഃസംഘടിപ്പിച്ചു. സ്ഥാപനത്തിന്റെ 87 ഏക്കർ ക്യാമ്പസിൽ കുട്ടികളെ വൈറസിൽ നിന്ന് സംരക്ഷിക്കുകയും ചെയ്തു. അവരുടെ ദൈനംദിന ദിനചര്യകളിലും പ്രവർത്തനങ്ങളിലും മാറ്റങ്ങൾ വരുത്തി. സാഹചര്യത്തിന്റെ സമ്മർദ്ദം നേരിടാതെ ഉറപ്പാക്കുകയും ചെയ്തു.

കോവിഡ്-19നെതിരായ മുൻകരുതൽ എന്ന നിലയിൽ എല്ലാ ഔട്ട്ഡോർ പ്രവർത്തനങ്ങൾക്കും പൊതുസമ്മേളനങ്ങൾക്കും നിയന്ത്രണം ഏർപ്പെടുത്തി. ദൈനംദിന സ്കൂൾ വിദ്യാഭ്യാസം വെർചൽ ആയി മാറുന്നതോടെ വിദ്യാഭ്യാസ സമ്പ്രദായം മാറി. ഇത് സ്ഥാപനത്തിന് ഏറ്റവും വലിയ വെല്ലുവിളി ഉയർത്തി. ഏറ്റവും പ്രധാനമായി ഈ പകർച്ചവ്യാധി കുട്ടികളും അമ്മമാരും തമ്മിലുള്ള ബന്ധത്തെ ബാധിച്ചു. കുട്ടികളും അമ്മമാരും തമ്മിലുള്ള നേരിട്ടുള്ള കൂടിക്കാഴ്ച 11 മാസത്തോളം ഒഴിവാക്കി. അമ്മയ്ക്കും കുഞ്ഞിനും ദൃശ്യ ആശയവിനിമയം നടത്താൻ മാസത്തിലൊരിക്കൽ അമ്മമാർക്ക് വീഡിയോ കോളുകൾ സംഘടിപ്പിച്ചു.

ദിവസേനയുള്ള സ്കൂൾ ദിനചര്യകൾ ഇല്ലാതിരുന്നതും പുറം ലോകത്ത് നിന്നുള്ള ഭയപ്പെടുത്തുന്ന കോവിഡ്-19ന്റെ വാർത്തകളും കുട്ടികളിൽ വളരെയേറെ ഉത്കണ്ഠയെ ഉളവാക്കി.

എന്നാൽ വീടിനുള്ളിലെ പ്രവർത്തനങ്ങൾ കൂടുതൽ രസകരവും മാനസിക സമ്മർദ്ദവും മൂല്യബോധവും ആക്കി മാറ്റുകയും കുട്ടികളെ ചെറിയ ഗ്രൂപ്പുകളായി ക്രമീകരിച്ചുകൊണ്ട് കൂടുതൽ ട്രെയിനിംഗ് സെഷനുകളും ആക്ടിവിറ്റികളും ക്രമീകരിച്ചു. അങ്ങനെ കുട്ടികളിലെ ഉത്കണ്ഠ വളരെയേറെ കുറയ്ക്കുന്നതിന് സാധിച്ചു.

റിപ്പോർട്ടിംഗ് കാലയളവ് അവസാനിക്കുമ്പോൾ നവജീവൻ സെന്ററിലെ കുട്ടികളുടെ എണ്ണം 108ഉം നവജീവൻ സെന്ററിൽ നിന്നുള്ള സപ്പോർട്ട് തുടർന്നുകൊണ്ട് 9 കുട്ടികളെ അവരുടെ അമ്മമാരോടൊപ്പം പുനരധിവസിപ്പിക്കുകയും ചെയ്തു.

നവജ്യോതി സ്കൂൾ: നവജ്യോതി ഇംഗ്ലീഷ് മീഡിയം സ്കൂൾ മൂന്ന് വിഭാഗങ്ങളായി പ്രവർത്തിക്കുന്നു. പ്രീ-പ്രൈമറി, പ്രൈമറി, സെക്കന്ററി. ഈ പകർച്ചവ്യാധിയുടെ മധ്യത്തിൽ സ്കൂൾ നേരിട്ടുള്ള അദ്ധ്യാപനത്തിലും വിദ്യാഭ്യാസത്തിലും ബുദ്ധിമുട്ടുകൾ നേരിട്ടു. അദ്ധ്യാപന സെഷനുകൾ ഓൺലൈൻ മോഡിലൂടെയാണ് നടക്കുന്നത്.

Red Light Area (RLA) Programme: കഴിഞ്ഞ രണ്ടര പതിറ്റാണ്ടായി ദക്ഷിണ മുംബൈയിലെ റെഡ് ലൈറ്റ് ഏരിയയിൽ 3 സെന്ററുകളിൽ ആയി നവജീവൻ സെന്റർ പ്രവർത്തിക്കുന്നു. തുടരുന്ന കോവിഡ് പ്രതിസന്ധിയിൽ ഇവിടുത്തെ

(RLA) സ്ത്രീകളുടേതാണ് ഏറ്റവും ദുർബ്ബലവും ഉയർന്ന അപകടസാധ്യതയുള്ളതുമായ ഒന്ന്. കടബാധ്യതയുടെയും ദാരിദ്ര്യത്തിന്റെയും കാലങ്ങളിലേക്ക് തങ്ങളെ കൂടുതൽ തള്ളിവിടുമെന്ന് സ്ത്രീകൾ ഭയപ്പെടുന്നു.

Children's Programme RLA: കാമാത്തിപ്പുര, കേത്ത്‌വാഡി, ഭീവണ്ടി എന്നിവിടങ്ങളിൽ കുട്ടികൾക്കായി 3 അഡ്മിഷൻ കേന്ദ്രങ്ങൾ നവജീവൻ സെന്ററിലുണ്ട്. ലോക്ഡൗൺ സമയത്ത് 3 കേന്ദ്രങ്ങളിൽ 64 കുട്ടികൾ ഉണ്ടായിരുന്നു. ലോക്ഡൗൺ സമയത്ത് മനസുള്ള അമ്മമാരെ അവരുടെ കൊച്ചുകുട്ടികളെ വീട്ടിലേക്കോ അവരുടെ ഗ്രാമത്തിലേക്കോ കൊണ്ടുപോകാൻ അനുവാദം കൊടുത്തു. മറ്റുള്ളവർ ഞങ്ങളുടെ കേന്ദ്രങ്ങളിൽ തുടരുന്നു.

കുട്ടികൾക്കുള്ള വിദ്യാഭ്യാസം ഓൺലൈൻ മാധ്യമത്തിലൂടെ വർഷം മുഴുവനും തുടർന്നു. സാമൂഹിക പ്രവർത്തകരും അവരുടെ ക്ഷേമത്തിനായി ദിവസേന അവരെ സന്ദർശിക്കുകയും ചെയ്തുകൊണ്ടിരുന്നു. നിരവധി ഇൻഡോർ ഗെയിമുകൾ സംഘടിപ്പിച്ചു. ജന്മദിനാഘോഷവും ഉത്സവങ്ങളും കേന്ദ്രത്തിൽ ചെയ്തു. ഈ അവസരങ്ങളിൽ പ്രത്യേക ഭക്ഷണം പാകം ചെയ്തു. പകർച്ചവ്യാധി കാരണം, എല്ലാ ഔട്ട്ഡോർ പ്രവർത്തനങ്ങളും ഒഴിവാക്കി. കുട്ടികൾക്ക് കളിപ്പാട്ടങ്ങളും ഇൻഡോർ ഗെയിമുകളും നൽകുകയും വിദ്യാഭ്യാസ, വിനോദ സിനിമകൾ പ്രദർശിപ്പിക്കുകയും ചെയ്തു. കുട്ടികളുടെ ആരോഗ്യം പതിവായി നിരീക്ഷിക്കുകയും ഈ കാലയളവിൽ വലിയ ആരോഗ്യ പ്രശ്നങ്ങളൊന്നും ഉണ്ടാകാതെ ആവശ്യമായ കരുതലുകൾ ഏർപ്പെടുത്തുകയും ചെയ്തു. കൊറോണ വൈറസിനെതിരായ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിന് കുട്ടികൾക്ക് പ്രാരംഭഘട്ടത്തിൽ ഹോമിയോപ്പൊതി മരുന്ന് നൽകി.

Women's Program: കോവിഡ്-19 ലോക്ഡൗൺ കാരണം, എല്ലാ പതിവ് പ്രവർത്തനങ്ങളും നിർത്തേണ്ടിവന്നു. സംസ്ഥാനത്തെ ആരോഗ്യസ്ഥിതി കണക്കിലെടുത്ത് സ്ത്രീകളുടെ അടിയന്തിര ആവശ്യങ്ങൾ മനസ്സിലാക്കിക്കൊണ്ട്, ഈ വർഷം സ്ത്രീകൾക്ക് ആവശ്യമായ സഹായവും പിന്തുണയും നൽകുന്നതിനായി പരിപാടികൾ പരിഷ്കരിച്ചു. സ്ത്രീകൾക്ക് വാടക കൊടുക്കാനും ഭക്ഷണത്തിനായി ചിലവഴിക്കാനും അവരുടെ കുട്ടികളുടെ പ്രാഥമിക ആവശ്യങ്ങൾ നിറവേറാനും ഉള്ളതിനാൽ അവർക്ക് കൂടുതൽ ചെലവ് ബാധ്യതയുണ്ടായിരുന്നു. ആയതിനാൽ ഈ കാലയളവിൽ 2020 ഏപ്രിൽ മുതൽ 2021 ജനുവരി വരെ എല്ലാ മാസവും മുംബൈയിലും ഭീവണ്ടിയിലും റെഡ്-ലൈറ്റ് പ്രദേശങ്ങളിൽ സ്ത്രീകൾക്ക് റേഷൻ കിറ്റുകൾ വിതരണം ചെയ്തു.

200-ലധികം സ്ത്രീകൾക്ക് ഈ വിതരണങ്ങൾ പ്രയോജനപ്പെട്ടു. ഓരോ 15 ദിവസത്തിലും വിതരണം നടന്നു. ഭക്ഷ്യധാന്യങ്ങൾക്കൊപ്പം സ്ത്രീകൾക്ക് എല്ലാ മാസവും മാസ്ക്, സാനിറ്റൈസർ, സോപ്പ് തുടങ്ങിയ സാനിറ്ററി വസ്തുക്കളും നൽകി. റെഡ് ലൈറ്റ് പ്രദേശങ്ങൾക്ക് പുറത്ത് താമസിക്കുന്ന സ്ത്രീകളെ അവരുടെ പ്രദേശത്ത് റേഷൻ കിറ്റ് നൽകുന്ന സംഘടനകളുമായി ബന്ധിപ്പിച്ച് സഹായിച്ചു. ഗ്യാസ് സിലിണ്ടർ, മരുന്നുകൾ, പച്ചക്കറികൾ തുടങ്ങിയവ വാങ്ങുന്നതിന് അമ്മമാർക്കുള്ള പിന്തുണ വിവിധ ദാതാക്കളിലൂടെയും അഭ്യുദയകാംക്ഷികളിലൂടെയും നൽകി. കുറച്ച് സ്ത്രീകൾക്ക് അവരുടെ ഗ്രാമങ്ങളിലേക്ക് തിരിച്ചുപോകാൻ ട്രെയിൻ റിസർവേഷൻ ടിക്കറ്റുകൾ നൽകി സഹായിച്ചു. ആരോഗ്യ പരിരക്ഷാ സൗകര്യങ്ങളിൽ സഹായം ആവശ്യമുള്ള സ്ത്രീകൾക്കും അത് നൽകി. 2 സ്ത്രീകൾക്ക് സ്വന്തമായി വരുമാനമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിക്കാൻ വായ്പ നൽകി. സർക്കാർ കോവിഡ് നഷ്ടപരിഹാര പാക്കേജിൽ സ്ത്രീകളെ ചേർക്കാനും സഹായിച്ചു.

സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ഫാമിലി കൗൺസിലിംഗ് സെന്ററിന്റെ നടത്തിപ്പ് നവജീവൻ സെന്റർ തുടർന്നു. ഇന്ത്യയിലുനീളം റെഡ്-ലൈറ്റ് ഏരിയയിൽ പ്രവർത്തിക്കുന്ന ഏക യൂണിറ്റാണ് നവജീവൻ സെന്റർ FCC. റെഡ്ലൈറ്റ് ഏരിയായിൽ താമസിക്കുന്ന സ്ത്രീകൾക്ക് FCC കൗൺസിലിംഗ്, റഫറൽ, പുനരധിവാസ സേവനങ്ങൾ നൽകി. വർഷം മുഴുവനും 170 കേസുകൾ രജിസ്റ്റർ ചെയ്തു.

Children at the extension Centre: ഈ വർഷം എക്സ്റ്റെൻഷൻ സെന്ററിലെ എല്ലാ പെൺകുട്ടികളെയും നവി മുംബൈയിലെ നെരൂളിൽ പുതുതായി നിർമ്മിച്ച സൗകര്യത്തിലേക്ക് മാറി. വർഷം മുഴുവനും 18 പെൺകുട്ടികൾ ഇവിടെ താമസിച്ചു. ബി.കോം, ബി.എസ്.ഡബ്ല്യു., ഡി.എഡ്, തുടങ്ങിയ കോഴ്സുകളിൽ ബിരുദം നേടുന്ന വിദ്യാർത്ഥികളാണ് അവ. എല്ലാ വ്യവസ്ഥകളും ഓൺലൈൻ മോഡ് വഴിയായിരുന്നു. അവയ്ക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും മുൻകൂട്ടി നിശ്ചയിച്ചിരുന്നു.

Rag Pickers' Project താനെ ജില്ലയിലെ കല്യാൺ, ഉല്ലാസ് നഗർ, അംബർനാഥ്, ഭീവണ്ടി മേഖലകളിലെ റാഗ് പിക്കിംഗ് കമ്മ്യൂണിറ്റികളെ സഹായിക്കുന്ന റാഗ് പിക്കേഴ്സ് പദ്ധതി ഇപ്പോൾ നവജീവൻ സെന്റർ കൈകാര്യം ചെയ്യുന്നു. ഞങ്ങളുടെ പ്രവർത്തനങ്ങളിലൂടെ എത്തിച്ചേരുന്ന മൊത്തം 500 കുടുംബങ്ങളാണ് ഇത്. കോവിഡ് പ്രതിസന്ധി ഈ സമൂഹങ്ങളുടെ ജീവിത രീതിയെ വലിയ രീതിയിൽ തടസ്സപ്പെടുത്തി. അവർക്ക് ജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾ ലഭ്യമല്ല. ലോക്ക്ഡൗണിലൂടെ എല്ലാ കുടുംബങ്ങൾക്കും നവജീവൻ സെന്റർ റേഷൻ കിറ്റുകൾ പതിവായി നൽകി. സെപ്റ്റംബർ മുതൽ ഞങ്ങളുടെ സെന്ററിലെ എല്ലാ കേന്ദ്രങ്ങളും കോവിഡ് പ്രതിരോധത്തിനു വേണ്ടിയുള്ള പരിശീലനം തുടങ്ങി. ഉയർന്ന ക്ലാസുകളിലെ കുട്ടികൾക്ക് വേണ്ടി ഉണ്ടായിരുന്ന കൗൺസിലിംഗ് സെന്റർ തുടർന്നു പ്രവർത്തിക്കുവാനും തുടങ്ങി.

സ്വാശ്രയ ഗ്രൂപ്പുകളിലൂടെയും ശിശു പാർലമെന്റുകളിലൂടെയും കോവിഡ് മുൻകരുതലുകളുടെയും പ്രതിരോധ കുത്തിവയ്പ്പിന്റെയും കുട്ടികളുടെ വിദ്യാഭ്യാസം തുടരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും സാമൂഹത്തെ ബോധവൽക്കരിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു. ശൈശവ വിവാഹം, തൊഴിൽ തുടങ്ങിയ സാമൂഹിക തിന്മകളെ നിയന്ത്രിക്കാൻ ഞങ്ങളുടെ സേവനങ്ങൾ സഹായിച്ചിട്ടുണ്ട്. വിവിധ പരിപാടികളിലൂടെയും സ്വന്തം ഉന്നമനത്തിൽ ഉത്തരവാദിത്തമുള്ള പങ്കാളികളാകാൻ കമ്മ്യൂണിറ്റികൾക്ക് ഉപദേശം നൽകി. ഓരോ കേന്ദ്രത്തിലും ക്രമീകരിച്ച സൗകര്യങ്ങളോടെ കുട്ടികളുടെ ഓൺലൈൻ വിദ്യാഭ്യാസം തുടർന്നു. ആവശ്യമുള്ള എല്ലാവർക്കും വൈദ്യസഹായവും നൽകി. ഏകദേശം 40 സർക്കാർ, സർക്കാരിതര പങ്കാളികളുമായുള്ള നെറ്റ്‌വർക്കിംഗ് പ്രവർത്തനങ്ങളെ സഹായിച്ചു.

12.3. ദളിത് വിദ്യാഭ്യാസ പദ്ധതി

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ബോർഡിംഗ് ഹോമുകളുടെ പ്രവർത്തനം 5 മാസമായി ചുരുക്കപ്പെട്ടു. റിപ്പോർട്ടുവർഷം 10 കുട്ടികൾ സഭയുടെ വിവിധ ബോർഡിംഗ് ഹോമുകളിൽ താമസിച്ചുകൊണ്ട് വിദ്യാഭ്യാസം നടത്തുന്നു. 5-10 വരെ ക്ലാസുകളിൽ പഠിക്കുന്ന സമർത്ഥരായ കുട്ടികൾക്കാണ് ഇപ്രകാരം പഠനസഹായം നൽകുന്നത്. തന്നാണ്ടിൽ ദലിത് സഭാംഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമാക്കി 1,51,100 രൂപ സഭാ കേന്ദ്രത്തിൽ നിന്നും ചെലവഴിച്ചു. ഈ ആവശ്യത്തിലേക്ക് പലിശ ഉപയോഗിക്കത്തക്കവിധം ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക പദ്ധതിയുടെ ഭാഗമായി 50 ലക്ഷം രൂപ സ്ഥിരനിക്ഷേപം ചെയ്തിട്ടുണ്ട്. ബോർഡിംഗ് ഹോമുകളിൽ താമസിച്ച് പഠിക്കുന്ന കുട്ടികളുടെ ദൈനംദിന ചെലവുകൾ കൂടിവരുന്ന സാഹചര്യത്തിൽ ഈ പദ്ധതിയിലേക്ക് കൂടുതൽ തുക കണ്ടെത്തേണ്ടിയിരിക്കുന്നു. അതിനാൽ ഇടവക ജനങ്ങളും അഭ്യുദയ കാംക്ഷികളും ഇതിലേക്ക് ആവശ്യമായ സംഭാവനകളും എൻഡോവ്മെന്റുകളും നൽകി ഈ സംരംഭം വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

12.4. ശാന്തിഗിരി ആശ്രമം, എടത്തല നോർത്ത്, ആലുവ

ലോകം മുഴുവൻ കോവിഡ് എന്ന മഹാമാരിയിൽ വിറങ്ങലിച്ചു നിൽക്കുന്ന ഈ കാലഘട്ടത്തിൽ ഭയത്തോടെ, എന്നാൽ പ്രത്യേശയോടെ ഒരു വർഷം കൂടെ പ്രവർത്തിക്കുവാൻ ദൈവം അനുവദിച്ചു. സമാധാനത്തിന്റെ സമന്വയം' (Peace

in Harmony) എന്ന ആശയത്തിന് എന്നും പ്രാധാന്യം നൽകുന്ന ശാന്തിഗിരി ആശ്രമം പ്രേഷിത പൂർത്തീകരണത്തിന്റെ 29 വർഷങ്ങൾ പിന്നിടുമ്പോൾ ദൈവത്തിനു സ്തോത്രം അർപ്പിക്കുന്നു.

ഭരണസമിതി: മലങ്കര മാർത്തോമ്മാ സഭയുടെ അദ്ധ്യക്ഷനായ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ ചെയർമാനും, ഡോ. ഐസക് മാർ ഫിലക്സിനോസ് തിരുമേനി വൈസ് ചെയർമാനുമായ പത്ത് അംഗ ഭരണസമിതി കഴിഞ്ഞ വർഷം 2 പ്രാവശ്യം കൂടി ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ടു. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ അദ്ധ്യക്ഷനായി ഒരുപ്രാവശ്യം കൂടി ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ടു. ട്രസ്റ്റിമാരുടെ സേവനത്തെ നന്ദിയോടെ സ്മരിക്കുന്നു. ജോസഫ് മാർത്തോമ്മാ തിരുമേനിയുടെ ധന്യ ജീവിതത്തിനു മുമ്പിൽ ആദരവോടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

പ്രവർത്തനങ്ങൾ: 80 കാൻസർ, ഡയാലിസിസ് രോഗികൾക്ക് മരുന്ന് നൽകുന്ന ശുശ്രൂഷ ഭംഗിയായി നിർവ്വഹിച്ചു. നിരാലംബരായ ഇരുപത്തിരണ്ട് കുടുംബങ്ങൾക്ക് പലചരക്ക് സാധനങ്ങൾ എല്ലാ മാസവും എത്തിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കുഞ്ഞാട്ടുകരയിലുള്ള ഗവണ്മെന്റ് ഹൈസ്കൂളിനും ഹയർ സെക്കന്ററി സ്കൂളിനും പലതരത്തിലുള്ള ഭക്ഷണ വിതരണം മുടക്കം കൂടാതെ നിർവ്വഹിച്ചു. ശാന്തി ക്ലിനിക് നിർധന രോഗികൾക്ക് ആശ്വാസം ആയിരുന്നു. കൂടാതെ ഡെന്റൽ ക്ലിനിക്, പൾസ് പോളിയോ കേന്ദ്രം, കൗൺസിലിംഗ് തുടങ്ങിയവയിലൂടെ ജനങ്ങൾക്ക് ആശ്വാസം നൽകുവാൻ സാധിച്ചു. സ്വാശ്രയ ത്രിഫ്റ്റ് ആൻഡ് ക്രെഡിറ്റ് സ്കീമിൽ (സ്റ്റാക്സ്) മുന്നൂറ്റി അമ്പതോളം ആളുകൾ പങ്കാളികളായി.

ആശ്രമ ദിനാഘോഷം: ഇരുപത്തിയെട്ടാമത് ആശ്രമദിനാഘോഷം 2020 ഡിസംബർ മാസം ഇരുപത്തിയാറാം തീയതി വെർചൽ പ്ലാറ്റുഫോമിൽ നടത്തപ്പെട്ടു. ഡോക്ടർ തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് അദ്ധ്യക്ഷം വഹിച്ച യോഗത്തിൽ വൈസ് ചെയർമാൻ ഡോ. ഐസക് മാർ ഫിലക്സിനോസ് തിരുമേനി ആമുഖ പ്രഭാഷണം നടത്തി. ആശ്രമ സ്ഥാപകനായ സഖറിയാ മാർ തെയോഫിലോസ് തിരുമേനിയുടെ അനുസ്മരണ പ്രഭാഷണം ട്രസ്റ്റിയായ ഡോ. ഏബ്രഹാം മാർ പൗലോസ് തിരുമേനി നിർവ്വഹിച്ചു. ഇത്തവണത്തെ ശാന്തി സന്ദേശം ഡോ. ശശി തരൂർ എം.പി. നടത്തി. "Harmonious living in the context of Covid Pandemic" എന്ന വിഷയം അധികരിച്ചാണ് സംസാരിച്ചത്. അയ്യായിരത്തിലധികം ആളുകൾ വിവിധ ഓൺലൈൻ മാധ്യമങ്ങളിലൂടെ ആ ഉജ്ജ്വല പ്രഭാഷണം ശ്രവിച്ചു.

എപ്പിസ്കോപ്പൽ സിനഡ് റിട്രീറ്റ്: മലങ്കര മാർത്തോമ്മാ സഭയുടെ ബഹുമാനപ്പെട്ട എപ്പിസ്കോപ്പൽ സിനഡ് റിട്രീറ്റും സിനഡ് മീറ്റിംഗും 2021 ഫെബ്രുവരി 22-24 വരെ ശാന്തിഗിരിയിൽ നടന്നു. 23-ാം തീയതി രാവിലെ വി. കുർബ്ബാനയ്ക്ക് അഭിവന്ദ്യ തിരുമേനിമാരെ പരിചരിക്കുന്നതിന് ശാന്തിഗിരി കുടുംബത്തിന് ലഭിച്ച അവസരം സന്തോഷത്തോടെ പ്രസ്താവിക്കുന്നു.

സൗകര്യങ്ങളും ആകർഷണങ്ങളും: ഇരുന്നുറു പേർക്ക് താമസിച്ചു ക്യാമ്പുകളും കോൺഫറൻസുകളും നടത്തുവാനുള്ള സൗകര്യം ശാന്തിഗിരിയിൽ ഉണ്ട്. ചെറുതും വലുതുമായി മൂന്നു ഹാളുകളുണ്ട്. കൃഷി, പക്ഷി വളർത്തൽ. മീൻ വളർത്തൽ എന്നിവ ഭംഗിയായി നടത്തുന്നു. പ്രകൃതി രമണീയവും ശാന്തവുമായ ക്യാമ്പസ് ശാന്തിഗിരിയുടെ ആകർഷണങ്ങളാണ്.

കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ: എടത്തല പഞ്ചായത്തിന്റെയും ആലുവ ഈസ്റ്റ് താലൂക്ക് ഓഫീസിന്റെയും അധികാരികളുടെ അഭ്യർത്ഥനയെ തുടർന്ന് ശാന്തിഗിരി ആശ്രമം കോവിഡ് സെന്ററായി വിട്ടുകൊടുത്തു. കോവിഡ് ടെസ്റ്റിംഗ് സെന്ററായി 2021 ജനുവരി മാസം വരെ വിട്ടുകൊടുത്തു. ആഴ്ചയിൽ ഇരുന്നൂറിലധികം ആളുകൾ ആ സൗകര്യം പ്രയോജനപ്പെടുത്തി. കോവിഡ് പ്രവർത്തനങ്ങൾക്ക് നൽകിയതിനാൽ ശാന്തിഗിരിയിൽ സാധാരണ ലഭിക്കുന്ന ക്യാമ്പുകളും കോൺഫറൻസുകളും ലഭിച്ചിട്ടില്ല. ശാന്തിഗിരിയുടെ വരുമാനത്തെ കാര്യമായി അത് ബാധിച്ചു.

ക്വാറന്റൈൻ സെന്റർ: എടത്തല പഞ്ചായത്ത് പ്രസിഡന്റിന്റെ അഭ്യർത്ഥനയെ തുടർന്ന് ശാന്തിഗിരി പെയ്ഡ് ക്വാറന്റൈൻ സെന്ററായി പ്രവർത്തിച്ചു. നൂറ്റി അറുപത് ആളുകളെ 2021 മാർച്ച് 31 വരെ താമസിപ്പിച്ചു. ഇപ്പോഴും ആ പ്രവർത്തനങ്ങൾ തുടരുന്നു.

സഖറിയാസ് മാർ തെയോഫിലസ് മെമ്മോറിയൽ മ്യൂസിയം: സഖറിയാസ് മാർ തെയോഫിലസ് തിരുമേനിയുടെ ഓർമ്മകളും ദർശനങ്ങളും നിലനിർത്താനായി ഒരു മ്യൂസിയം ശാന്തിഗിരിയിൽ സ്ഥാപിച്ചിട്ടുണ്ട്. തിരുമേനിയുടെ ജീവിതവും ദർശനവും വരും തലമുറകൾക്ക് മനസ്സിലാക്കുവാൻ സാധിക്കുന്ന തരത്തിലാണ്. മ്യൂസിയം നിർമ്മിച്ചിരിക്കുന്നത്. സമൂഹത്തിന്റെ നന്മയ്ക്കായി എന്തെങ്കിലും ചെയ്തു കൊണ്ടിരിക്കുക എന്ന സഖറിയാസ് തിരുമേനിയുടെ ദർശനം വിശ്വസ്തതയോടും കാര്യക്ഷമമായും നിർവ്വഹിക്കുന്നതിന് മെത്രാപ്പോലീത്താ തിരുമേനിയുടെയും ഐസക് മാർ ഫിലക്സിനോസ് തിരുമേനിയുടെയും മറ്റ് ട്രസ്റ്റിമാരുടെയും പിന്തുണ ധാരളം ലഭിച്ചു.

12.5 ഭൂ-ഭവനദാന പ്രസ്ഥാനം

1968-ൽ ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായാൽ ആരംഭിച്ച ഈ പ്രസ്ഥാനം വഴി അനേകം നിർധനരായ ഭവനരഹിതർക്ക് വീട് നിർമ്മിച്ചു നൽകാൻ ഇടയായി. 50 വർഷം പിന്നിട്ടിരിക്കുന്ന ഈ പ്രസ്ഥാനത്തിലൂടെ കേരളത്തിലും പുറത്തുമായി ജാതിമതഭേദമെന്യേ 8450-ൽപരം ഭവനങ്ങൾ പൂർത്തിയാക്കാൻ സാധിച്ചു. റിപ്പോർട്ടു വർഷം ഈ ഇനത്തിൽ 1,43,549 രൂപാ ചെലവഴിച്ചു. ഈ ഫണ്ടിലേയ്ക്കുള്ള പ്രധാന വരുമാനം സ്തോത്രകാഴ്ചയിലൂടെയും മറ്റു സംഭാവനകളിലൂടെയുമാണ് ലഭിക്കുന്നത്. റിപ്പോർട്ടു വർഷം ഈ ഇനത്തിൽ 11,01,576.50 രൂപ സ്തോത്രകാഴ്ച ലഭിക്കുകയുണ്ടായി. ഈ വർഷം 25 ലക്ഷം രൂപ വരവ് പ്രതീക്ഷിക്കുന്നു. സഭാ സ്നേഹിതർ, വീടുകൾ സ്പോൺസർ ചെയ്തും ഉദാരമായ സംഭാവനകൾ നൽകിയും ഈ മഹത്തായ പദ്ധതിയിൽ തുടർന്നും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അഭിവന്ദ്യ മത്രാപ്പോലീത്താ തിരുമേനി അദ്ധ്യക്ഷനായുള്ള കമ്മിറ്റി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു. 2021-2022 സാമ്പത്തിക വർഷം 100 വീടുകൾ നിർമ്മിച്ചു നൽകുന്നതിന് തീരുമാനിച്ചു.

12.6. സ്നഹകരം പദ്ധതി

അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ 80-ാം ജന്മദിനത്തോടനുബന്ധിച്ച് സഭ ആരംഭിച്ച ജീവകാരുണ്യ പദ്ധതിയാണ് സ്നേഹകരം. ഈ പദ്ധതിയിൽ നിന്നും മാരകരോഗ ബാധിതരായവർക്ക് സാമ്പത്തിക സഹായം നൽകുന്നു. ക്യാൻസർ, ഹൃദ്രോഗം, കിഡ്നി സംബന്ധമായ രോഗം, എച്ച്.ഐ.വി. എന്നിവ മൂലം ഭാരപ്പെടുന്ന രോഗികൾക്കാണ് സഹായം നൽകുന്നത്. വിദഗ്ധ ഡോക്ടറന്മാരുടെ ഒരു കമ്മറ്റി അപേക്ഷകൾ പരിശോധിച്ച് അർഹരായവരെ നിശ്ചയിക്കുന്നു.

റിപ്പോർട്ട് വർഷം പ്രസ്തുത കമ്മറ്റി അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെയും അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെയും അദ്ധ്യക്ഷതയിൽ നാല് പ്രാവശ്യം കൂടി. 49,75,510 രൂപ 337 അപേക്ഷകർക്ക് ധനസഹായമായി നൽകി.

12.7. മന്ദിരങ്ങൾ

ലോകം ഇന്നൊരു വ്യാപാര സമൂഹമായി അധഃപതിച്ചിരിക്കുന്നു. സമ്പന്നന്റേയും ശക്തിയുള്ളവന്റേയും അധികാരം കൈയ്യാളുന്നവന്റെയും നിലനിൽപ്പും അഭിവൃദ്ധിയും ഉറപ്പാക്കുന്ന ലോകം. ശക്തി ഹീനനേയും ദരിദ്രനേയും പിന്നോക്കക്കാരനേയും ബലഹീനരെയും വയോജനങ്ങളേയും അവഗണിക്കുകയും അന്തരചൂഷണം ചെയ്യുവാൻ ശ്രമിക്കുകയും ചെയ്യുന്നു. വളരെയേറെ ധാർമ്മിക പ്രതിസന്ധികൾകൊണ്ട് സങ്കീർണ്ണകമാണ് ഈ കാലഘട്ടം. നന്മയെ പ്രഘോഷിക്കുന്നവനും നീതി നൽകേണ്ടവനും തിന്മശക്തികൾക്ക് അടിമപ്പെടുന്നു. പല കാരണങ്ങൾകൊണ്ടും അവഗണിക്കപ്പെടുന്ന മാതാപിതാക്കളുടെ എണ്ണം ദിനംപ്രതി പെരുകുന്നു. സ്നേഹവും കരുതലും ലഭിക്കാതെ പോകുന്ന വയോജനങ്ങൾക്ക് ആശ്വാസവും പ്രത്യാശയും നൽകി ദൈവസ്നേഹം പകർന്നു നൽകുന്നതിന് മാർത്തോമ്മാ സഭ മന്ദിരങ്ങളി

ലൂടെ ശ്രമിച്ചുകൊണ്ടിരിക്കുന്നു.

നിരാശ്രയരും നിരാലംബരുമായ മാതാപിതാക്കൾക്ക് ആശ്രയമേകുവാൻ സഭയായി ആരംഭിച്ച പ്രസ്ഥാനങ്ങളാണ് നമ്മുടെ മന്ദിരങ്ങൾ. നമ്മുടെ സഭയിലെ മന്ദിരങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന സമിതിയാണ് മാർത്തോമ്മാ സഭാ മന്ദിരം ഫെലോഷിപ്പ്. മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘത്തിന്റെ ചുമതലയിൽ കേരളത്തിൽ പ്രവർത്തിക്കുന്ന രണ്ട് മന്ദിരങ്ങളും കേരളത്തിന് പുറത്ത് ഇതര സംസ്ഥാനങ്ങളിലായി മൂന്ന് മന്ദിരങ്ങളും കേരളത്തിലെ ഏഴ് ഭദ്രസനങ്ങളുടെ ചുമതലയിൽ പ്രവർത്തിക്കുന്ന എട്ട് മന്ദിരങ്ങളും ഉൾപ്പെടെ 13 മന്ദിരങ്ങളാണ് മന്ദിരം ഫെലോഷിപ്പ് സമിതിൽ പ്രവർത്തിക്കുന്നത്. കുമ്പനാട് ധർമ്മഗിരി മന്ദിരം അയിരൂർ കർമ്മേൽ മന്ദിരം, കൊട്ടാരക്കര എപ്പിസ്കോപ്പൽ ജൂബിലി മന്ദിരം, ആനപ്രാമ്പാൽ ജെ.എം.എം. ജൂബിലി മന്ദിരം തൃശ്ശൂർ രവിവർമ്മ മന്ദിരം, മല്ലപ്പള്ളി ആശ്രയ വയോജന മന്ദിരം, മൈലപ്ര പ്രതീക്ഷാ ഭവൻ വയോജന മന്ദിരം, ഉപ്പട കരുണാലയം വൃദ്ധമന്ദിരം, കാട്ടാക്കട മാർത്തോമ്മാ വയോജന മന്ദിരം, സീഹോറാ ശാന്തി ഭവൻ, ഹോസ്കോട്ടെ മിഷൻ ശാന്തി മന്ദിരം. അങ്കോല ക്രിസ്തുമിത്ര ആശ്രമമന്ദിരം, വവ്വാക്കാവ് മാർത്തോമ്മാ ശാന്തി ഭവൻ എന്നീ മന്ദിരങ്ങൾക്ക് ഫെലോഷിപ്പ് സമിതിയിൽ അംഗത്വമുണ്ട്.

ഭാരവാഹികൾ: മാർത്തോമ്മാ സഭ മന്ദിരം ഫെലോഷിപ്പ് സമിതി ഭാരവാഹികളായി റൈറ്റ് റവ. ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പാ പ്രസിഡന്റ്, ശ്രീ. ജോസി കുര്യൻ സെക്രട്ടറി ശ്രീ. വർഗീസ് തരകൻ ട്രഷറർ, ശ്രീ. കെ.വി. വർഗീസ് ഓഡിറ്റർ എന്നിവരും എല്ലാ മന്ദിരങ്ങളിൽ നിന്നും 3 പ്രതിനിധികൾ വീതം ഉൾപ്പെടുന്ന 40 അംഗ കമ്മിറ്റി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

പ്രവർത്തനങ്ങൾ: കോവിഡ് 19 സൃഷ്ടിച്ച പ്രതിസന്ധികൾക്കിടയിലും നമ്മുടെ മന്ദിരങ്ങളുടെ പ്രവർത്തനങ്ങൾ ഭംഗിയായും അനുഗ്രഹപ്രദമായും നടക്കുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. കോവിഡ് അതിപ്രസരം രൂക്ഷമായ റിപ്പോർട്ട് വർഷം മന്ദിരം ഫെലോഷിപ്പിന്റെ ഒരുമിച്ചുള്ള കൂടിച്ചേരലുകൾ സാധിച്ചില്ലായെങ്കിലും കമ്മിറ്റിയോഗങ്ങൾ, മന്ദിരം റിലീഫ് ഫണ്ട് ശേഖരണം, നമ്മുടെ മന്ദിരങ്ങൾ ബുക്ക് പ്രസിദ്ധീകരണം, റിലീഫ് ഫണ്ടിന്റെ കൃത്യമായ വിതരണം, ദുഃഖവെള്ളി സ്തോത്രകാഴ്ച ശേഖരണ ക്രമീകരണം എന്നിവ ഭംഗിയായി ക്രമീകരിക്കുവാൻ സാധിച്ചു.

കമ്മിറ്റിയോഗങ്ങൾ: മാർത്തോമ്മാ സഭാ മന്ദിരം ഫെലോഷിപ്പ് സമിതി റിപ്പോർട്ട് വർഷം 2021 ഫെബ്രുവരി 8-ന് കുമ്പനാട് ധർമ്മഗിരി മന്ദിരത്തിൽ പ്രസിഡന്റ് അഭിവന്ദ്യ ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ ചേർന്ന് 2019-20 വാർഷിക റിപ്പോർട്ട്, വരവ് ചെലവ് കണക്ക്, 2020-21ലെ ബജറ്റ് എന്നിവ പാസ്സാക്കുകയും മന്ദിരം ഫെലോഷിപ്പ് പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്തു.

മന്ദിരം റിലീഫ് ഫണ്ട് ശേഖരണം: മാരാമൺ കൺവൻഷൻ ആഴ്ചയിൽ മണൽപ്പുറത്ത് മന്ദിരങ്ങൾക്കായുള്ള പ്രത്യേക ഷെഡിൽ മന്ദിരം റിലീഫ് ഫണ്ട് ശേഖരണം നടത്തി. കോവിഡ് പ്രതിസന്ധിമൂലം റിപ്പോർട്ട് വർഷം മാരാമൺ കൺവൻഷനിൽ പങ്കെടുക്കുന്നവരുടെ എണ്ണം ഗണ്യമായി കുറയുകയും ഗവണ്മെന്റ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. എങ്കിലും മന്ദിരങ്ങളെ സ്നേഹിക്കുന്ന സഭാമനസ്സും അഭ്യുദയ കാംക്ഷികളും മന്ദിരം സ്റ്റാളുകൾ സന്ദർശിക്കുകയും സംഭാവനകൾ നൽകുകയും ചെയ്തു. 6,50,511.00 രൂപ സംഭാവനയായി ലഭിച്ചു. ആശ്രയ വയോജന മന്ദിരം സൂപ്രണ്ട് റവ. ജോജി തോമസ്, കൺവീനർ റവ. തോമസ് സി. അലക്സാണ്ടർ, സെക്രട്ടറി ശ്രീ. ജോസി കുര്യൻ, ട്രഷറാർ സി. വർഗീസ് തരകൻ എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി. മുൻകൂട്ടി നിശ്ചയിച്ചതനുസരിച്ച് ഓരോ ദിവസത്തെയും ഫണ്ട് ശേഖരണത്തിന് ഓരോ മന്ദിരങ്ങളിലെ പ്രവർത്തകർ സഹായിച്ചു.

നമ്മുടെ മന്ദിരങ്ങൾ പുസ്തക പ്രസിദ്ധീകരണം: മന്ദിരം ഫെലോഷിപ്പിൽ അംഗത്വമുള്ള മന്ദിരങ്ങളെക്കുറിച്ചുള്ള ലഘു വിവരണങ്ങൾ, 2020-ലെ മന്ദിരം റിലീഫ് ഫണ്ട് കളക്ഷൻ ലിസ്റ്റ് എന്നിവ ഉൾപ്പെടുത്തി 2021-ലെ മാരാമൺ കൺവൻഷൻ നഗറിൽ നമ്മുടെ മന്ദിരങ്ങൾ എന്ന പുസ്തകം 500 കോപ്പികൾ അച്ചടിച്ച് പ്രസിദ്ധപ്പെടുത്തി. ഫെലോഷിപ്പ് കമ്മിറ്റി ചുമതലപ്പെടുത്തിയ എഡിറ്റോറിയൽ ബോർഡ് പ്രസിദ്ധീകരണ ചുമതല നിർവ്വഹിച്ചു. റവ. ഡോ. ഏബ്രഹാം സഖറിയ, റവ. തോമസ് സി. അലക്സാണ്ടർ, റവ. ഷിബു സാമുവേൽ, ശ്രീ. സാംകുട്ടി അക്കാവിൽ, ശ്രീ. വർഗീസ് തരകൻ, ശ്രീ. എസ്. ബിനോജ്, പ്രൊഫ. ഡോ. ജേക്കബ് ജോർജ്ജ് (ചീഫ് എഡിറ്റർ), ശ്രീ. ജോസി കുര്യൻ (കൺവീനർ) എന്നിവർ ഉൾപ്പെട്ട എഡിറ്റോറിയൽ ബോർഡ് ക്രമീകരണങ്ങൾ ചെയ്തു.

ദുഃഖവെള്ളി സ്തോത്രകാഴ്ച ശേഖരണം: മാർത്തോമ്മാ സഭയിലെ ഇടവകകളിൽ ദുഃഖവെള്ളി ശുശ്രൂഷാ മദ്ധ്യേ ലഭിക്കുന്ന സ്തോത്രകാഴ്ച മന്ദിരങ്ങൾക്കായി വേർതിരിച്ചിട്ടുള്ളതാണ്. സഭയിലെ ഓരോ ഇടവകകളും ഏത് മന്ദിരങ്ങൾക്കാണ് സ്തോത്രകാഴ്ച നൽകേണ്ടതെന്ന് നിഷ്കർഷിച്ചുകൊണ്ട് അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി 11-ാം നമ്പർ സർക്കുലറിലൂടെ ഇടവകകളെ അറിയിച്ചു. പ്രസ്തുതവിവരം ഓർമ്മപ്പെടുത്തിക്കൊണ്ടും ദുഃഖവെള്ളി സ്തോത്രകാഴ്ച വിജയിപ്പിക്കേണ്ട ആവശ്യകതയെക്കുറിച്ച് ഇടവക ജനതയെ ബോധവത്കരിക്കുന്നതിനുമായി ഫെലോഷിപ്പ് സമിതി പ്രസിഡന്റ് റൈറ്റ് റവ. ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പായുടെ 33/SO33/M03 2021 നമ്പർ സർക്കുലർ ഫെലോഷിപ്പ് സമിതി മുഖേന സഭയിലെ ഇടവകകൾക്ക് നൽകുകയുണ്ടായി. 2021 ഏപ്രിൽ 23 ദുഃഖവെള്ളിയാഴ്ച ശുശ്രൂഷാ മദ്ധ്യേ ലഭിച്ച സ്തോത്രകാഴ്ച മന്ദിരങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്നു.

അനുമോദനം: മലങ്കര മാർത്തോമ്മാ സഭയുടെ 21-ാം മാർത്തോമ്മായായി അഭിഷിക്തനായ മോസ്റ്റ് റവ. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്ക് മന്ദിരം ഫെലോഷിപ്പ് സമിതിയുടെ അനുമോദനങ്ങളും ആശംസകളും അർപ്പിക്കുന്നു. മന്ദിരം ഫെലോഷിപ്പ് കമ്മിറ്റി ട്രഷറർ ശ്രീ. വർഗീസ് തരകൻ മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് അംഗമായും അയിരൂർ കർമ്മേൽ മന്ദിരം സെക്രട്ടറി ശ്രീ. സാംകുട്ടി അയ്യക്കാവിൽ അയിരൂർ ഗ്രാമപഞ്ചായത്ത് അംഗമായും തെരഞ്ഞെടുക്കപ്പെട്ടു. ഇരുവർക്കും അനുമോദനം.

i. എപ്പിസ്കോപ്പൽ സിൽവർ ജൂബിലി മന്ദിരം, കൊട്ടാരക്കര

അശരണരേയും ആലംബഹീനരേയും സാന്ത്വനപ്പെടുത്തുവാനും ശുശ്രൂഷിക്കുവാനുമായി ഭാഗ്യസ്മരണീയരായ ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ, ഡോ. മാത്യൂസ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പാ എന്നിവരുടെ മേൽപ്പട്ടത്വ രജതജൂബിലി സ്മാരകമായി 1966 ആഗസ്റ്റ് 27-ന് കൊട്ടാരക്കരയിൽ ആരംഭിച്ചതാണ് മാർത്തോമ്മാ എപ്പിസ്കോപ്പൽ ജൂബിലിമന്ദിരം. വാർദ്ധക്യത്തിൽ ഇടം നഷ്ടമായവർക്കും അഭയമില്ലാത്തവർക്കും പരിരക്ഷ നൽകുകയെന്ന ലക്ഷ്യത്തോടെ രണ്ട് അംഗങ്ങളുമായി ആരംഭിച്ച മന്ദിരത്തിൽ ഇതിനോടകം 636 അശരണർക്ക് അഭയം നൽകുവാൻ കഴിഞ്ഞു. ജാതിമതഭേദമെന്യേ ഇപ്പോൾ 30 പുരുഷൻമാരും 43 സ്ത്രീകളും ഉൾപ്പെടെ 73 പേർ സന്തോഷത്തോടും സംതൃപ്തിയോടും പാർത്തുവരുന്നു.

അഭിവന്ദ്യ ഡോ. യൂയാക്കീം മാർ കൂറിലോസ് എപ്പിസ്കോപ്പാ മന്ദിരം പ്രസിഡന്റായി നേതൃത്വം നൽകുന്നു. റവ. ഷിബു സാമുവേൽ സൂപ്രണ്ടായി ചുമതല നിർവ്വഹിക്കുന്നു. ശ്രീ. സാം കെ.ജോൺ മന്ദിരം, ഹോസ്പീസ്, സനോഹ ട്രഷറാർ ആയി പ്രവർത്തിച്ചു. കമ്മിറ്റി അംഗങ്ങൾ, മന്ദിരം പ്രവർത്തകർ, സ്വമേധയാ പ്രവർത്തകർ എന്നിവരുടെയെല്ലാം കൂട്ടായ പ്രവർത്തനമാണ് മന്ദിരത്തിന്റെ വളർച്ചയ്ക്ക് മുഖാന്തരമായിരിക്കുന്നത്. മന്ദിരം പ്രവർത്തനങ്ങളിൽ ഇരുപത്തിയഞ്ചിൽ അധികം പ്രവർത്തകർ പൂർണ്ണസമയം വിവിധശുശ്രൂഷകളിൽ വ്യാപൃതരായിരിക്കുന്നു. വൈദിക സെമിനാരിയിലേയും സുവിശേഷ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിലേയും വിദ്യാർത്ഥികൾ പ്രായോഗിക പരിശീലനത്തിനെത്തുന്നു.

മന്ദിരാംഗങ്ങളുടെ ആരോഗ്യ പരിപാലനത്തിന്റെ ഭാഗമായി

ഒരു ഫിസിയോതെറാപ്പി യൂണിറ്റ് മന്ദിരത്തിൽ പ്രവർത്തിക്കുന്നു. ഹോർട്ടി കൾച്ചർ തെറാപ്പി യൂണിറ്റിന്റെ ഭാഗമായി പച്ചക്കറി കൃഷി, പൂന്തോട്ടപരിപാലനം എന്നിവയിൽ സജീവമായി പങ്കെടുക്കുകയും, കോഴി, കാട, മുയൽ, വിവിധ ഇനങ്ങളിലുള്ള പക്ഷികൾ തുടങ്ങിയവയുടെ വളർത്തലിൽ മന്ദിരാംഗങ്ങൾ താല്പര്യപൂർവ്വം ശ്രദ്ധിക്കുകയും ചെയ്യുന്നു. മന്ദിരത്തിനാവശ്യമായ പച്ചക്കറിയിൽ ഒരു ഭാഗം മന്ദിരം കൃഷിത്തോട്ടത്തിൽ ഉത്പാദിപ്പിക്കുന്നു.

എല്ലാ ഞായറാഴ്ചകളിലും ചാപ്പലിൽ ആരാധനയും ഒന്നാം ഞായറാഴ്ചയും പ്രത്യേക സന്ദർഭങ്ങളിലും വിശുദ്ധ കുർബ്ബാനയും നടത്തുന്നു. എല്ലാ ദിവസവും രാവിലെയും വൈകിട്ടും 6.30ന് മന്ദിരം കുടുംബാംഗങ്ങൾ ചാപ്പലിൽ പ്രാർത്ഥനയ്ക്കായി കൂടിവരുന്നു. വെള്ളിയാഴ്ചകളിൽ 10 മണി മുതൽ ഉപവാസ പ്രാർത്ഥനയും പ്രത്യേക വിഷയങ്ങൾക്കായി മദ്ധ്യസ്ഥ പ്രാർത്ഥനയും നടത്തുന്നു.

ക്രിസ്തുമസ് കരോൾ 2020 ഡിസംബർ 24-ന് ജൂബിലി മന്ദിരം ചാപ്പലിൽ വച്ച് അഭിവന്ദ്യ ഡോ. യൂയാക്കിം മാർ കൂറിലോസ് എപ്പിസ്കോപ്പയുടെ മഹനീയ അദ്ധ്യക്ഷതയിൽ വൈകിട്ട് 6.30 ന് നടന്നു. പട്ടക്കാർ, വിശ്വാസികൾ, മന്ദിരം കുടുംബാംഗങ്ങൾ എന്നിവർ പങ്കെടുത്തു. മൈലം ക്രിസ്തോസ് പള്ളി ഗായകസംഘം, പൂയപ്പള്ളി സെന്റ് തോമസ് മാർത്തോമ്മാ പള്ളി ഗായകസംഘം, മന്ദിരാംഗങ്ങൾ, മന്ദിരം സ്റ്റാഫ് അംഗങ്ങൾ എന്നിവർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നല്കി. അഭിവന്ദ്യ തിരുമേനി ക്രിസ്തുമസ് സന്ദേശം നൽകി.

കൊട്ടാരക്കര - പുനലൂർ ഭദ്രാസനത്തിലെ എല്ലാ ഇടവകകളും അടൂർ ഭദ്രാസനത്തിലെ പത്തനാപുരം, ഏനാത്ത് എന്നീ സെന്ററുകളിലെ ഇടവകകളും, ഫിലാഡൽഫിയ, ടൊറന്റോ സെന്റ് മാത്യൂസ്, കനേഡിയൻ മാർത്തോമ്മാ, സൗത്ത് ഫ്ളോറിഡ, ഡെൻവർ സെന്റ്മാർക്, അറ്റ്ലാന്റാ, സിയാറ്റിൽ, ബ്രിസ്റ്റോൾ സെന്റ് തോമസ്, ചാത്തന്നൂഗ കോൺഗ്രിഗേഷൻ അബുദാബി എന്നീ ഇടവകകളും റ്റാംപാ, ജാക്സൺവാലി കോൺഗ്രിഗേഷനുകളും, മെത്രാപ്പോലീത്താ തിരുമേനിയുടെ കല്പനപ്രകാരം ദു:ഖവെള്ളിയാഴ്ച സ്തോത്രകാഴ്ച മന്ദിരത്തിന് നൽകുന്നു. നിസ്തുലവും നിസ്വാർത്ഥവുമായ പിന്തുണ നൽകിയവരെ നന്ദിപൂർവ്വം ഓർക്കുന്നു. മാരാമൺ കൺവൻഷൻ മണപ്പുറത്ത് മന്ദിരങ്ങൾക്കുവേണ്ടി ശേഖരിക്കുന്ന സംഭാവനയുടെ വിഹിതം സുവിശേഷ പ്രസംഗസംഘത്തിൽ നിന്നും ലഭിക്കുന്നു. കേരള ഗവൺമെന്റിന്റെ സോഷ്യൽ ജസ്റ്റീസ് ഡിപ്പാർട്ട്മെന്റിലൂടെ ലഭിക്കുന്ന ഗ്രാന്റ് മന്ദിരത്തിന്റെ ഒരു വരുമാനമാർഗ്ഗമാണ്. കൊട്ടാരക്കര കൺവൻഷനോടനുബന്ധിച്ചും മന്ദിരത്തിന് സംഭാവനകൾ ലഭിച്ചു. മന്ദിരത്തെ സ്നേഹിക്കുന്ന അനേകർ പ്രത്യേക സംഭാവനകളും വിശേഷ സന്ദർഭങ്ങളിൽ ഭക്ഷണവും, വസ്ത്രങ്ങളും നല്കി സഹായിക്കുന്നു. മന്ദിരത്തെ സ്നേഹിക്കുന്ന സുമനസുകളുടെ കൂട്ടായ്മയിലാണ് ഭക്ഷണക്രമീകരണങ്ങൾ സുഗമമായി മുന്നോട്ടു പോകുന്നത്. നിരവധി വ്യക്തികളും ഇടവകകളും സ്ഥാപനങ്ങളും മുന്നോട്ടു വരുന്നതിൽ ഏറെ സന്തോഷമുണ്ട്. പ്രിയപ്പെട്ട ഏവരോടുമുള്ള കൃതജ്ഞത അറിയിക്കുന്നു.

പെയിൻ & പാലിയേറ്റീവ് കെയർയൂണിറ്റ്: ജൂബിലിമന്ദിരത്തിന്റെ സുവർണ്ണജൂബിലി പരിപാടികളുടെ ഭാഗമായി പെയിൻ & പാലിയേറ്റീവിന്റെ ഒരു യൂണിറ്റ് ആരംഭിച്ചുജൂബിലിമന്ദിരം കേന്ദ്രമാക്കി 8 യൂണിറ്റുകളിലായി പെയിൻ & പാലിയേറ്റീവിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

84 രോഗികളുടെയും അവരുടെ കുടുംബങ്ങളെയും അവരുടെ സാഹചര്യം അനുസരിച്ച് ഒന്നോ രണ്ടോ ആഴ്ചകൾ കൂടുമ്പോൾ സന്ദർശിച്ച് ശാരീരികമായി വികൃതമായവരെ വൃത്തിയാക്കുകയും മുറിവ് വൃത്തിയാക്കി മരുന്ന് വെച്ച്കെട്ടുകയും ചെയ്യുന്നു.രോഗാവസ്ഥയിൽ ആയവരെ ആശുപത്രിയിൽ എത്തിക്കുന്നു.സാമ്പത്തിക സ്ഥിതി അനുസരിച്ച് ആവശ്യമായ മരുന്നും രോഗീപരിചരണ ഉപകരണങ്ങളും അർഹരായവർക്ക് നൽകിവരുന്നു.കോവിഡ് മഹാമാരികാലത്ത് പാലിയേറ്റീവ് അംഗങ്ങൾക്ക് ഭക്ഷണ സാധനങ്ങളും മരുന്നുകളും അടങ്ങിയ കിറ്റുകൾ വിതരണം ചെയ്തു..വൈസ്പ്രസിഡന്റായി റവ. ജോസഫ് കെ. തോമസ്, റവ. ജിതിൻ മാത്യൂസ് എന്നിവർ പ്രവർത്തിക്കുന്നു.

മന്ദിരംചാപ്പൽ: ജൂബിലിമന്ദിരത്തിന്റെ രജത ജൂബിലി സ്മാരകമായി നിർമ്മിച്ച ചാപ്പൽ മന്ദിരാംഗങ്ങളുടെ ആരാധനയ്ക്കും മറ്റ് കൂട്ടായ്മയ്ക്കും സമ്മേളനങ്ങൾക്കും കൂടാതെ ഭദ്രാസനത്തിന്റെ പ്രവർത്തനങ്ങൾക്കും കൂടിവരവുകൾക്കും സംഘടനകളുടെ കൂട്ടായ്മകൾ, സഭാംഗങ്ങളുടെ വിവാഹം, മാമ്മോദീസ എന്നീ കൂദാശകൾക്കും ഉപയോഗിച്ചുവരുന്നു. എല്ലാ ഞായറാഴ്ചയും ചാപ്പലിൽ ആരാധനയും മാസത്തിൽ ഒന്നാം ഞായറാഴ്ച വിശുദ്ധ കുർബാന ശുശ്രൂഷയും നടത്തപ്പെടുന്നു.

ii. മാർത്തോമ്മാ ഹോസ്പീസ്, കൊട്ടാരക്കര

ശയ്യാവലംബികളായ രോഗികളെ താമസിപ്പിച്ചു ശുശ്രൂഷ നൽകുന്ന ഈ സ്ഥാപനം ഇതിനോടകം 98 രോഗികൾക്ക് ശുശ്രൂഷനൽകി. അത്യാവശ്യ സന്ദർഭങ്ങളിൽ മന്ദിരാംഗങ്ങൾക്കു പുറമേ പുറത്തുനിന്നുള്ള ക്ഷീണിതരും മരണാസന്നരുമായ രോഗികളേയും പ്രവേശിപ്പിച്ചു ശുശ്രൂഷകൾ നൽകി. ഇപ്പോൾ 26 പേർക്ക് ഹോസ്പീസിൽ പരിചരണം നൽകുന്നു. ഹോസ്പീസിൽ 5 നേഴ്സ്മാർ അർപ്പണബോധത്തോടെ ശുശ്രൂഷ നിർവ്വഹിക്കുന്നു.

വ്യക്തിഗത സംഭാവനകൾ, ഭദ്രാസന, സെന്റർ, ശാഖാ സേവികാസംഘങ്ങളുടെ ആത്മാർത്ഥമായ പങ്കാളിത്വം സ്ഥാപനത്തിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് സഹായകമാകുന്നു. ഡോ. മാത്യു ജേക്കബ് സൗജന്യമായി ചികിത്സ നൽകി സഹായിച്ചു.ഹോസ്പീസിന്റെ പ്രവർത്തനചെലവുകൾ ഭാഗികമായി നിർവ്വഹിക്കുന്നതിനു സഭാകേന്ദ്രത്തിൽ നിന്നു നൽകുന്ന ഗ്രാന്റിനായി നന്ദി രേഖപ്പെടുത്തുന്നു. രോഗികളുടെ പരിചരണത്തിന് ആവശ്യമായ ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടത്തിന്റെ പണികൾ പൂർത്തിയായിവരുന്നു.

iii. ധർമ്മഗിരി മന്ദിരം, കുമ്പനാട്

"എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന് നിങ്ങൾ ചെയ്തടത്തോളം എല്ലാം എനിക്ക് ചെയ്തു എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു" എന്ന ക്രിസ്തുദേവന്റെ വാക്കുകളെ യാഥാർത്ഥ്യമാക്കാൻ മാർത്തോമ്മാ സഭയുടെ സുവിശേഷപ്രസംഗസംഘം ആരംഭിച്ച ഒരു പ്രസ്ഥാനമാണ് കുമ്പനാട് ധർമ്മഗിരി മന്ദിരം.

മാരാമൺ കൺവൻഷനിൽ സംബന്ധിക്കുന്ന വിശ്വാസ സമൂഹത്തിന്റെ കാരുണ്യം പ്രതീക്ഷിച്ച് ഒരു വലിയ യാചകസംഘം മണൽപ്പുറത്ത് എത്തുമായിരുന്നു. അങ്ങനെ എത്തുന്നവർക്ക് 8 വർഷത്തോളം ഭക്ഷണവും പണവും മറ്റ് സഹായങ്ങളും മണൽപ്പുറത്ത് നൽകി. 1944 ൽ മാരാമൺ കൺവൻഷന്റെ ചുമതലയിൽ അഗതികളെ സ്ഥിരമായി പാർപ്പിച്ച് ശുശ്രൂഷിക്കുന്നതിന് ഒരു മന്ദിരം ആരംഭിക്കുന്നതിന് സുവിശേഷപ്രസംഗസംഘം തീരുമാനിച്ചു. വികാരി ജനറാൾ ദിവ്യ ശ്രീ. കെ.ഇ. ഉമ്മൻ കശ്ശീശാ, പൂഴികാലായിൽ പി. റ്റി. തോമസ് ചരിവുകാലായിൽ, ശ്രീ സി. എം. ചാക്കോ, കലമണ്ണിൽ, ശ്രീ. കൊച്ചോയിച്ചൻ എന്നിവരുടെ നേതൃത്വത്തിൽ കുമ്പനാട്ട് സ്ഥലം കണ്ടെത്തുകയും, 1948 ഫെബ്രുവരി 2-ാം തീയതി അഭിവന്ദ്യ യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ ധർമ്മഗിരി മന്ദിരത്തിന്റെ ഔപചാരിക ഉത്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. 1949 ൽ അന്തേവാസികൾക്കും സേവകർക്കും താമസിക്കുന്നതിനുള്ള ഷെഡ്ഡുകൾ നിർമ്മിച്ചു. 1950 ൽ സേവകനായി ചുമതലയേറ്റ ശ്രീ എം.കെ വർഗ്ഗീസിന്റെ പ്രവർത്തനം മന്ദിരത്തിന്റെ വളർച്ചയ്ക്ക് സഹായമായി. പിൽക്കാലത്ത് പുരുഷന്മാർക്കും, സ്ത്രീകൾക്കും പ്രത്യേക വാർഡുകളും, ചാപ്പലും, അടുക്കളയും, ഭക്ഷണഹാളും, സേവിനികൾക്ക് ക്വാർട്ടേഴ്സും നിർമ്മിക്കുകയുണ്ടായി.

ഭരണസമിതി: കാലാകാലങ്ങളിൽ ചുമതല വഹിച്ച സൂപ്രണ്ടുമാർ, മന്ദിരം കമ്മറ്റി, പ്രസിഡന്റ്, ട്രഷറാർ, സെക്രട്ടറി, കമ്മറ്റിയംഗങ്ങൾ എന്നിവരുടെ സേവനങ്ങൾ മന്ദിരത്തിന്റെ വളർച്ചയ്ക്ക് സഹായകരമായിട്ടുണ്ട്. ഇപ്പോൾ റവ. ഡോ. ഏബ്രഹാം സഖറിയാ.കെ സൂപ്രണ്ടായും റവ. ഏബ്രഹാം പി. ഉമ്മൻ പ്രസിഡന്റായും ശ്രീ രാജൻ വർഗീസ് സെക്രട്ട

റിയായും ശ്രീ എബി ജേക്കബ് ട്രഷറാറായും പ്രവർത്തിക്കുന്നു. സംഘം അംഗീകരിച്ച ഭരണഘടന അനുസരിച്ച് നിയമിക്കപ്പെടുന്ന നിർവ്വാഹകസമിതി മന്ദിരത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. മന്ദിരത്തിന്റെ സഹായ ഇടവകകളിൽ നിന്നും 2 പേർ വീതമുള്ള പ്രതിനിധികൾ ഉൾപ്പെട്ട ഒരു ഉപദേശക സമിതി മന്ദിരം പ്രവർത്തനങ്ങൾക്ക് വേണ്ട ആലോചനകളും നിർദ്ദേശങ്ങളും നൽകുന്നു.

സേവനസന്നദ്ധതയോടും അർപ്പണബോധത്തോടും പ്രവർത്തിക്കുന്ന സേവകരുടെ ശുശ്രൂഷ പ്രശംസനീയമാണ്. 17 പേർ സേവകരായും മറ്റ് പ്രവർത്തകരായും ശുശ്രൂഷ ചെയ്യുന്നു. ജീറിയാട്രിക് പരിശീലനം കഴിഞ്ഞ് പ്രവർത്തിക്കുന്നവരുടെസേവനംഎടുത്തുപറയേണ്ടതാണ്.

മന്ദിരം അംഗങ്ങൾ: നിർദ്ധനരും സഹായിപ്പാൻ ആരുമില്ലാത്തവരുമായ 60 വയസ്സിന്മേൽ പ്രായമായവർക്ക് ജാതി മത ഭേദം കൂടാതെ ഇവിടെ പ്രവേശനം നൽകുന്നു. ശാരീരികവും മാനസികവുമായ വൈകല്യമുള്ള 60 വയസ്സിൽ താഴെയുള്ളവരെയും പ്രത്യേക സാഹചര്യത്തിൽ പ്രവേശിപ്പിക്കാറുണ്ട്. മന്ദിരാംഗങ്ങളിൽ നല്ലോരു പങ്കും രോഗികളും ക്ഷീണിതരുമാണ്. ആഹാരം, ഭക്ഷണം, വസ്ത്രം, ചികിത്സ തുടങ്ങിയവയെല്ലാം സൗജന്യമായി നിർവ്വഹിക്കുന്നു. ഇപ്പോൾ മന്ദിരത്തിൽ 63 പേർ അന്തേവാസികളായി താമസിക്കുന്നുണ്ട്.

ശാന്തിഭവൻ: സാമ്പത്തിക സൗകര്യം ഉണ്ടെങ്കിലും തനിയെ താമസിക്കേണ്ടി വരുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്ന ഈ കാലയളവിൽ ഇങ്ങനെയുള്ളവർക്ക് കൂട്ടായ്മയും ശുശ്രൂഷയും നൽകുന്നതിന് ആരംഭിച്ചതാണ് ശാന്തിഭവൻ. 13 പേർ ഇപ്പോൾ ഇവിടെ താമസിക്കുന്നു. നേഴ്സിംഗ് കെയർ ആവശ്യമുള്ളവർക്ക് ജീറിയാട്രിക് ട്രെയ്നിംഗ് നേടിയവരെ നിയമിച്ച് പരിചരണം നൽകുന്നു.

സന്ദർശകർ: ഭാരതത്തിലെ രാഷ്ട്രീയ സാമൂഹ്യ സംസ്ക്കാരിക മേഖലയിലുള്ള പ്രഗത്ഭരായ വിശിഷ്ട വ്യക്തികൾ മന്ദിരം സന്ദർശിച്ചിട്ടുണ്ട്. അഗതികളുടെ അമ്മയും ഭാരതരത്ന, നോബൽ സമ്മാന ജേതാവുമായ മദർ തെരേസ്സാ മന്ദിരം സന്ദർശിക്കുകയും മന്ദിരം പ്രവർത്തനങ്ങളെ മുക്തകണ്ഠം പ്രശംസിക്കുകയും ചെയ്തിട്ടുണ്ട്. ഭാരതത്തിന്റെ പ്രസിഡന്റായിരുന്ന ശ്രീ വി.വി. ഗിരി മന്ദിരം സന്ദർശിക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ആരാധന: എല്ലാ ദിവസവും രാവിലെയും വൈകിട്ടും ചാപ്പലിൽ ആരാധന ക്രമീകരിച്ചിരിക്കുന്നു. മാസത്തിൽ രണ്ടു ഞായറാഴ്ചകളിൽ വിശുദ്ധ കുർബ്ബാനയും മറ്റു ഞായറാഴ്ചകളിൽ സാധാരണ ആരാധനയും ക്രമമായി നടക്കുന്നു. കൂടാതെ വിശേഷ ദിവസങ്ങളിലും വിശുദ്ധ കുർബ്ബാന നടത്തുന്നു. ചാപ്പലിൽ എത്തി ആരാധനകളിൽ പങ്കെടുക്കുവാൻ കഴിയാതെ വാർഡുകളിൽ കിടക്കുന്നവർക്ക് ആരാധനകൾ കേൾക്കുന്നതിനുള്ള ക്രമീകരണം ചെയ്തിട്ടുണ്ട്.

മാരാമൺ കൺവൻഷൻ ഭക്ഷണശാല: മാരാമൺ കൺവൻഷനോടനുബന്ധിച്ച് മണപ്പുറത്ത് ഭക്ഷണശാല ക്രമീകരിച്ചു വരുന്നു. സഹായ ഇടവകകളിലെ വികാരിമാർ, ഉപദേശക സമിതിയംഗങ്ങൾ, നിർവ്വാഹക സമിതിയംഗങ്ങൾ, മന്ദിരം സ്നേഹിതർ, മന്ദിരം ജീവനക്കാർ, മന്ദിരാംഗങ്ങൾ തുടങ്ങി അനേകരുടെ സഹായസഹകരണങ്ങൾ ഭക്ഷണശാലയുടെ വിജയകരമായ നടത്തിപ്പിന് കാരണമായിട്ടുണ്ട്. 2021 ലെ കൺവൻഷന് കോവിഡിന്റെ പശ്ചാത്തലത്തിൽ ജനപങ്കാളിത്തം പരിമിതപ്പെടുത്തിയിതുന്നതിനാൽ ഭക്ഷണശാല ഇല്ലായിരുന്നു.

കമ്മ്യൂണിറ്റി ജീറിയാട്രിക് ഹെൽത്ത് കെയർ സ്കൂൾ: ക്രിസ്ത്യൻ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടെ നടത്തപ്പെടുന്ന ജീറിയാട്രിക് ഹെൽത്ത് കെയർ സ്കൂളിൽ 4 കുട്ടികൾ പഠനം നടത്തിക്കൊണ്ടിരിക്കുന്നു. ഇവർക്ക് മന്ദിരത്തിലും കുമ്പനാട് ഫെല്ലോഷിപ്പ് ആശുപത്രിയിലുമായി പരിശീലനം നൽകുന്നു. ഇവരുടെ പഠനകാലത്തെ താമസം, ഭക്ഷണം, ഫീസ് തുടങ്ങിയ എല്ലാ ചെലവുകളും മന്ദിരമാണ് വഹിക്കുന്നത്.

വരുമാനമാർഗ്ഗങ്ങൾ: വിദേശത്തുള്ള 12 ഇടവകകളും ഇരവിപേരൂർ, ഇടയാറന്മുള, വെൺമണി, മാരാമൺ, ചെങ്ങന്നൂർ, മാവേലിക്കര എന്നീ സെന്ററുകളിലെ മാർത്താമ്മാ ഇടവകകളും മന്ദിരത്തിന്റെ സഹായ ഇടവകകൾ എന്ന നിലയിൽ മന്ദിരം പ്രവർത്തനത്തിൽ സഹായിക്കുന്നു. മേൽപ്പറഞ്ഞ ഇടവകകളിൽ നിന്നുള്ള ദുഃഖവെള്ളിയാഴ്ച സ്തോത്രകാഴ്ച മന്ദിരം പ്രവർത്തനങ്ങൾക്കായി വേർതിരിച്ചിട്ടുള്ളതാണ്. കൂടാതെ സുമനസ്സുകൾ തങ്ങളുടെ ജന്മദിനം, മാമോദീസാ, വിവാഹവാർഷിക ദിനങ്ങളിലും, പ്രിയപ്പെട്ടവരുടെ ഓർമ്മ ദിവസങ്ങളിലും മറ്റ് വിശേഷദിവസങ്ങളിലും ഭക്ഷണം സ്പോൺസർ ചെയ്ത് സഹായിക്കാറുണ്ട്. മന്ദിരത്തിലേക്ക് ആവശ്യമായ പച്ചക്കറികളിൽ ഒരു പങ്ക് ഇവിടെ തന്നെ ഉൽപ്പാദിപ്പിക്കുന്നുണ്ട്. മന്ദിരത്തിലേക്ക് ആവശ്യമായ പാൽ ഉൽപ്പാദിപ്പിക്കുന്നതിന് ഒരു ഡയറി യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. മന്ദിരം ആവശ്യം കഴിഞ്ഞുള്ള പാൽ സൊസൈറ്റിയിൽ നൽകുന്നു.

അരാജകത്വവും അവഗണനയും, ജീവിതനിഷേധവും, പാർശ്വവൽക്കരണവും ഒക്കെ നടമാടുന്ന ഈ കാലയളവിൽ, അങ്ങനെയുള്ളവർക്ക് താങ്ങും തണലും ആശ്വാസവും പകരുന്ന ഇടവുമായികുമ്പനാട് ധർമ്മഗിരി മന്ദിരം അതിന്റെ പ്രവർത്തന പന്ഥാവിൽ 72 വർഷം പൂർത്തീകരിച്ചു..

iv. ശ്രീ രവിവർമ്മ മന്ദിരം, തൃശൂർ

സമൂഹത്തിലെ നിരാശ്രയരും നിരാലംബരുമായ വയോജനങ്ങളെ കരുതുകയും സംരക്ഷിക്കുകയും ചെയ്യുക എന്നത് ദൈവരാജ്യ ശുശ്രൂഷയുടെ ഭാഗമാണെന്ന് മനസ്സിലാക്കി, 1941 -ൽ തൃശ്ശൂർ എബനേസർ മാർത്തോമ്മാ ഇടവകാംഗമായിരുന്ന നിത്യസ്മരണീയനായ ശ്രീ. ടി.പി. വർഗീസ് മാസ്റ്ററുടെ നേതൃത്വത്തിൽ ആരംഭിച്ചതും പിന്നീട് മാർത്തോമ്മാ സഭ ഏറ്റെടുത്തതും കുന്ദംകുളം മലബാർ ഭദ്രാസനത്തിന്റെ ചുമതലയിൽ നടത്തപ്പെടുന്നതുമായ ഒരു വൃദ്ധസദനമാണ് ശ്രീ. രവിവർമ്മ മന്ദിരം. നാളിതുവരെയായി 200-ൽപരം ആളുകൾക്ക് അഭയം നൽകിയിട്ടുണ്ട്.

ഉദ്ദേശങ്ങൾ: ജാതി-മത-വർണ്ണ-ലിംഗ വ്യത്യാസമില്ലാതെ അശരണരായ 60 വയസ്സ് കഴിഞ്ഞവർക്ക് അഭയം നൽകുക, രോഗികളായ അംഗങ്ങൾക്ക് ശുശ്രൂഷയും കരുതലും നൽകുക, എല്ലാ അംഗങ്ങൾക്കും സ്നേഹവും കൂട്ടായ്മയും നൽകി ജീവിതം പ്രത്യാശ പൂർണ്ണമാക്കി നിത്യജീവനായി ഒരുക്കുക എന്നതാണ്.

ഭരണസമിതി: മന്ദിരത്തിന്റെ ഭരണകാര്യങ്ങൾ കുന്ദംകുളം-മലബാർ ഭദ്രാസന എപ്പിസ്കോപ്പ തിരുമേനി പ്രസിഡന്റായുള്ള 16 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് നിർവ്വഹിക്കുന്നത്. കമ്മിറ്റി തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നതിലും കമ്മിറ്റി അംഗങ്ങളുടെ ഉപദേശവും സഹകരണവും വളരെ വിലപ്പെട്ടതാണ്.

നി.വ.ദി.മ. ശ്രീ. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ മന്ദിരത്തിന്റെ രക്ഷാധികാരിയായി മന്ദിരം പ്രവർത്തനങ്ങൾ നേതൃത്വം നൽകുന്നു.

അഭി. ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പ മന്ദിരം പ്രസിഡന്റായി പ്രവർത്തിക്കുന്നു. അഭിവന്ദ്യ തിരുമേനിയുടെ ഉപദേശവും ആലോചനകളും നേതൃത്വവും മന്ദിരം കുടുംബത്തിന്റെ വളർച്ചയ്ക്ക് സഹായകരമാണ്.

എല്ലാ ദിവസവും രാവിലെയും വൈകിട്ടും മന്ദിരം ചാപ്പലിൽ പൊതുവായ പ്രാർത്ഥനയ്ക്കായി കൂടിവരുന്നു. ഞായറാഴ്ച ദിവസങ്ങളിലെ പരസ്യാരാധനയിലും മാസത്തിൽ ഒരു പ്രാവശ്യമുള്ള വി. കുർബ്ബാനയിലും മന്ദിരാംഗങ്ങൾ പങ്കുകൊള്ളുന്നു. അതുപോലെ മന്ദിരത്തിൽ നടത്തപ്പെടുന്ന പൊതുപരിപാടികളിലും കൂട്ടായ്മയോഗങ്ങളിലും മന്ദിരാംഗങ്ങൾ സഹകരിക്കുന്നു.

ആലംബഹീനരും നിർദ്ധനരും സഹായിപ്പാൻ ആരുമില്ലാത്തവരും 60 വയസ്സിന് മേൽ പ്രായമുള്ളവർക്കുമാണ് സാധാരണയായി മന്ദിരത്തിൽ പ്രവേശനം നൽകുന്നത്. മന്ദിരാംഗങ്ങളിൽ അധികം പേരും ക്ഷീണിതരും രോഗികളുമാണ്. അവർക്ക് ആവശ്യമായ ഭക്ഷണം, വസ്ത്രം, ചികിത്സ തുടങ്ങിയ എല്ലാ ആവശ്യങ്ങളും നിവർത്തിക്കുന്നതോടൊപ്പം ആത്മീയ കൂട്ടായ്മയും നൽകിവരുന്നു. റിപ്പോർട്ട് വർഷത്തിൽ 12 പേർ ഉണ്ട്.

വൈദ്യസഹായം: മന്ദിരാംഗങ്ങളുടെ ആരോഗ്യപരിപാലനത്തിൽ തൃശ്ശൂർ അമല ഹോസ്പിറ്റൽ മെഡിക്കൽ ഓഫീസർ ഡോ. തമ്പി ക്രമമായി മന്ദിരം സന്ദർശിച്ച് മന്ദിരാംഗ

ങ്ങൾക്ക് ആവശ്യമായ ചികിത്സ നൽകിവരുന്നു. ഡോ. കെ. ജി. ജോസഫ്, തൃശ്ശൂർ ജില്ലാ ആശുപത്രി, ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, ജൂബിലി മിഷൻ ആശുപത്രി, അമല ആശുപത്രി എന്നിവിടങ്ങളിലെ ഡോക്ടർമാരുടെയും മറ്റ് പ്രവർത്തകരുടെയും സേവനങ്ങൾ ആവശ്യമായ സന്ദർഭങ്ങളിൽ ലഭിച്ചിട്ടുണ്ട്.

വരുമാനമാർഗ്ഗങ്ങൾ: തൃശ്ശൂർ, കുന്ദംകുളം, പാലക്കാട്, ചെന്നൈ, എറണാകുളം സെന്ററുകളിലെ ഇടവകകളിൽ നിന്നും ലഭിക്കുന്ന ദുഃഖവെള്ളിയാഴ്ച സ്തോത്രകാഴ്ച, മാരാമൺ കൺവൻഷൻ സമയത്ത് മന്ദിരങ്ങൾക്ക് ലഭിക്കുന്ന തുകയുടെ വിഹിതം, ഗവണ്മെന്റ് ഗ്രാന്റ്, പ്രത്യേക സംഭാവനകൾ, സ്പോൺസർഷിപ്പ്, എൻഡോവ്മെന്റുകൾ എന്നിവയാണ് പ്രധാന വരുമാനമാർഗ്ഗങ്ങൾ. കൂടാതെ വിവാഹ വാർഷികം, ജന്മദിനം, മറ്റ് പ്രത്യേകതകൾ വിശേഷങ്ങൾ എന്നീ അവസരങ്ങളിൽ മന്ദിരാംഗങ്ങൾക്ക് പ്രത്യേകം വിരുന്ന് നൽകുന്നവരുമുണ്ട്.

ക്യാമ്പ് സെന്റർ: ശ്രീ. രവിവർമ്മ മന്ദിരം ഒരു ക്യാമ്പ് സെന്റർ കൂടിയാണ്. സഭയിലെയും സഹോദരി സഭകളിലെയും വിവിധ സംഘടനകളുടെയും ക്യാമ്പുകൾ ഇവിടെ നടത്തിവരുന്നു. കുറഞ്ഞ നിരക്കിൽ മെച്ചമായ സൗകര്യങ്ങൾ മന്ദിരത്തിന്റെ പ്രത്യേകതയാണ്.

സ്റ്റുഡന്റ്സ് സെന്റർ: ദൂരെ സ്ഥലങ്ങളിൽ നിന്നും പഠനത്തിന് വരുന്ന ആൺകുട്ടികൾക്ക് താമസിച്ച് പഠിക്കുന്നതിനുള്ള സൗകര്യം ഇവിടെ ലഭ്യമാണ്. മനോഹരമായ ക്യാമ്പസും ശാന്തതനിറഞ്ഞ അന്തരീക്ഷവും വിദ്യാർത്ഥികൾക്ക് ഏകാഗ്രതയോടെ പഠിക്കുന്നതിന് സഹായിക്കുന്നു.

ഗസ്റ്റ് ഹൗസ്: വിവിധ സ്ഥലങ്ങളിൽ നിന്നും എത്തുന്ന മാർത്തോമ്മാ സഭാംഗങ്ങൾക്കും മറ്റ് അഭ്യുദയ കാംക്ഷികൾക്കും സൗകര്യപ്രദമായ താമസവും മെച്ചമായ ഭക്ഷണവും ഗസ്റ്റ് ഹൗസിലൂടെ നൽകുന്നു.

ഫാമുകൾ: പശു വളർത്തലുമായി ബന്ധപ്പെട്ട് നല്ല ഇനങ്ങളെ വളർത്തുന്നു. മന്ദിരത്തിന്റെ ദൈനംദിന ആവശ്യത്തിന് വേണ്ടിയുള്ള പാൽ ഡയറി ഫാമിൽ നിന്ന് ലഭിക്കുന്നു. വിദേശ ജനുസ്സുകളായ ലാബ്രഡോർ, ഡാഷ്ഹണ്ട് ഇവയെ വളർത്തുന്നു. അവ മന്ദിരം കോമ്പൗണ്ടിന്റെ സംരക്ഷണം ഉറപ്പുവരുത്തുന്നു. മന്ദിരത്തിന്റെ എട്ടേക്കർ പുരയിടത്തിൽ റബർ, തെങ്ങ്, പ്ലാവ്, മാവ്, കശുമാവ് എന്നിവ കൃഷി ചെയ്യുന്നു. ലൗബേർഡ്സ്, പ്രാവ്, മത്സ്യം, കൽഗം, ഗിനിപന്നി, അമേരിക്കൻ ബ്രാംന്റംകോഴി, സിൽക്കി, ആഫ്രിക്കൻ ഫെസന്റ് കോഴി, മുയൽ എന്നിവയേയും വളർത്തുന്നു. മേൽപ്പറഞ്ഞ ഫാമുകൾ വരുമാനമാർഗ്ഗത്തിനും അതോടൊപ്പം മന്ദിരാംഗങ്ങളുടെയും മന്ദിരം സന്ദർശിക്കുന്നവരുടെയും മാനസികോല്ലാസത്തിനും സഹായിക്കുന്നു.

V. ജെ. എം. എം. ജൂബിലി മന്ദിരം, ആനപ്രമ്പാൽ

"എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു സത്യമായിട്ടു നിങ്ങളോടു പറയുന്നു" - മത്താ.25:40. സമൂഹത്തിൽ അശരണരായി ആലംബഹീനരായി പാർശ്വവൽക്കരിക്കപ്പെട്ട നമ്മുടെ വൃദ്ധ മാതാപിതാക്കൾക്ക്, വാർദ്ധക്യത്തിലെ അവരുടെ പരിമിതികൾ മനസ്സിലാക്കി ഇറ്റു സ്നേഹം നൽകി അവർക്ക് ആശ്വാസം പകരുക എന്നത് നമ്മുടെ ഓരോരുത്തരുടേയും ഉത്തരവാദിത്വം ആണ്. വയോജനങ്ങളായ മാതാപിതാക്കൾ അവരുടെ കുടുംബങ്ങളുടെ ദീപങ്ങളായി ശോഭിച്ചവരാണ്. ഒരു കാലത്ത് കത്തി ജ്വലിച്ച് കുടുംബത്തിലും സമൂഹത്തിലും വെളിച്ചം വീശിയ ഈ ആരാധ്യർ, അവഗണന എന്ന കാറ്റിനാൽ അണയാതിരിക്കുവാൻ വേണ്ടി നമ്മുടെ കരങ്ങൾ നീട്ടുമ്പോഴാണ് കുറിവാക്യം അന്വർത്ഥമാകുന്നത്. എരിഞ്ഞടങ്ങുന്നതിനു മുൻപ് അല്പകാലം കൂടി സമൂഹത്തിൽ ഒളി വിതറുവാൻ അവർക്ക് സാഹചര്യം സൃഷ്ടിച്ചാൽ നമ്മുടെ ജന്മം സഫലമായി.

ബന്ധു മിത്രാതികളാൽ അവഗണിക്കപ്പെട്ട ഈ വൃദ്ധമാതാപിതാക്കൾക്ക് ആശ്വാസമായി, ആലംബമായി മാർത്തോമ്മാ സഭയായി നടത്തപ്പെടുന്ന വയോജന മന്ദിരം പ്രവർത്തനങ്ങളെ ഓർത്ത്ദൈവത്തേ സ്തുതിക്കാം.

ആനപ്രമ്പാൽ ഇടവകയായി സ്ഥാപിക്കപ്പെടുകയും ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ എപ്പിസ്കോപ്പൽ സ്ഥാനാരോഹണ രജത ജൂബിലി വേളയിൽ ജെ.എം.എം.ജൂബിലി മന്ദിരം, ആനപ്രമ്പാൽ എന്ന് നാമകരണം ചെയ്യപ്പെടുകയും ചെയ്ത നമ്മുടെ മന്ദിരം അനേക വൃദ്ധമാതാപിതാക്കൾക്ക് ഒരു ആശാകേന്ദ്രമായി പ്രവർത്തിപ്പാനും, മാർത്തോമ്മാ സഭയുടെ സുവിശേഷ പ്രവർത്തനങ്ങൾക്ക് സാക്ഷ്യമായി തീരുവാനും ഈ മന്ദിരത്തെ, ഒരു വർഷം കൂടി സമൂഹത്തിൽ നിലനിൽപ്പാൻ അനുവദിച്ച, സഹായിച്ച ദൈവത്തിനു നന്ദി കരേറ്റികൊണ്ടു മന്ദിരത്തിന്റെ 2020 -21 ലേ വാർഷിക റിപ്പോർട്ട് സമർപ്പിച്ചുകൊള്ളുന്നു.

മന്ദിരത്തിന്റെ ആരംഭവും വളർച്ചയും: സുവിശേഷ തൽപ്പരരും സാമൂഹ്യ ദർശനവുമുള്ള ആനപ്രമ്പാൽ ഇടവക ജനങ്ങൾ തങ്ങളുടെ ദേവാലയ കനക ജൂബിലി ആഘോഷത്തോടനുബന്ധിച്ച് ഒരു അഗതി മന്ദിരം സ്ഥാപിക്കണം എന്ന് ആഗ്രഹിച്ച് ക്രമീകരണങ്ങൾ ചെയ്തു വന്ന സമയത്ത്, എടത്വാ ഓടേറ്റിൽ അച്ചാമ്മ തോമസ് 1965 മെയ് 30-ന് തന്റെ സമ്പത്ത് മുഴുവൻ ആനപ്രമ്പാൽ മാർത്തോമ്മാ ഇടവകയ്ക്ക് ദാനം ചെയ്തു. 1965 ഒക്ടോബർ 16 ശനിയാഴ്ച മന്ദിരം ആരംഭിക്കുവാൻ 2 മുറിയുള്ള കെട്ടിടത്തിന് തറക്കല്ലിട്ടു. ഇടവകയിലെ ശുശ്രൂഷാസംഘത്തിന്റെ നേതൃത്വത്തിൽ മന്ദിരത്തിന്റെ പ്രവർത്തനം ആരംഭിച്ചു. അനാഥർക്ക് ആശ്വാസവും കൂട്ടായ്മയും, അർഹരായവർക്ക് സാമ്പത്തിക സഹായവും നല്കുകയായിരുന്നു ശുശ്രൂഷാസംഘത്തിന്റെ പ്രവർത്തന ശൈലി. നെല്ല് പിരിവും മറ്റുള്ളവരിൽ നിന്നുള്ള സഹായവും ആയിരുന്നു അന്നത്തേ അഗതിമന്ദിരത്തിന്റെ വരുമാന മാർഗ്ഗം.

രണ്ട് അംഗങ്ങളുമായി ആരംഭിച്ച മന്ദിരത്തിൽ ശ്രീമതി. അച്ചാമ്മ തോമസും കൂട്ടായ്മ നല്കി മന്ദിരത്തിൽ താമസിച്ചു. ഉദാരമതിയായ ആമഹതീരത്നം 1975 ഒക്ടോബർ 28-ാം തീയതി നിദ്രപ്രാപിച്ചു.

ക്രമേണ മന്ദിരത്തിൽ അംഗങ്ങളുടെ എണ്ണം കൂടി വന്നു. മന്ദിരത്തിന്റെ പുരോഗതി ലക്ഷ്യമാക്കി ഇടവക, മന്ദിരത്തേയും അതിന്റെ പ്രവർത്തനങ്ങളെയും നിരണം- മാരാമൺ ഭദ്രാസനത്തിനു കൈമാറി. 1971 നവംബർ 19-ന് മന്ദിരത്തിന്റെ ഔപചാരികമായ ഉദ്ഘാടനവും പുതുതായി പണികഴിപ്പിച്ച കെട്ടിടത്തിന്റെ കൂദാശയും നടത്തപ്പെട്ടു. മാർത്തോമ്മാ സഭാ പരമാദ്ധ്യക്ഷൻ ആയിരുന്ന ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണ രജത ജൂബിലി സ്മാരകമായി ഈ മന്ദിരത്തിന് ജെ. എം.എം.ജൂബിലി മന്ദിരം ആനപ്രമ്പാൽ എന്ന് നാമകരണം ചെയ്തു.

തുടർന്ന് 1980-81 ൽ പ്രധാന കെട്ടിടത്തോടു ചേർന്ന മുറികളും ടോയിലറ്റുകളും നിർമ്മിച്ചു. 1988-89 ൽ ഈശോ മാർ തിമത്തിയോസ് മെമ്മോറിയൽ മെൻസ് ബ്ലോക്കിൽ സ്മാരക മുറികൾ പണിതു. പിന്നീട് പുതിയ കെട്ടിടങ്ങൾ, ഓഫീസ് മുറി, ഐസൊലേഷൻ വാർഡ്, സൂപ്രണ്ട് ക്വാർട്ടേഴ്സ് മുതലായവയും നിർമ്മിച്ചു. ചുറ്റുമതിൽ, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് മുതലായവ സ്പോൺസേഴ്സിന്റെ സഹായത്തോടെ സ്ഥാപിക്കപ്പെട്ടു. 1995 ആഗസ്റ്റ് 13-ന് ജെ.എം.എം.ജെ മന്ദിരത്തിൽ വച്ച് സഭയുടെ പരമാദ്ധ്യക്ഷൻ ആയിരുന്ന അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ മഹനീയ അദ്ധ്യക്ഷതയിൽ നടന്ന സിൽവർ ജൂബിലി ആഘോഷ മീറ്റിംഗിൽ വച്ച് ബഹു. കേരള ചീഫ് മിനിസ്റ്റർ ആയിരുന്ന ശ്രീ. എ.കെ. ആന്റണി സിൽവർ ജൂബിലി സ്മാരക ഫലകം അനാഛാദനം ചെയ്തു. പ്രസ്തുത മീറ്റിംഗിൽ ബഹു. പ്രൊഫ. പി. ജെ. കുര്യൻ എം.പി; ശ്രീ. റ്റി.ജെ. ആഞ്ചലോസ് എം.പി; ഡോ. കെ.സി. ജോസഫ് എം.എൽ.എ; കളക്ടർ. ഛത്രപതി ശിവജി ഐ.എ.എസ് എന്നീ ബഹുമാന്യ വ്യക്തികൾ സംബന്ധിച്ചിരുന്നു.

ഭരണ സമിതി: മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തയും, മോസ്റ്റ് റവ. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തയും ഭരണസമിതിയുടെ പ്രസിഡന്റുമാർ ആയിരുന്നു. 24 അംഗ ഭരണസമിതിയിൽ റിപ്പോർട്ടുവർഷം മോസ്റ്റ്. റവ. ഡോ. ഫിലിപ്പോസ് മാർ

ക്രിസോസ്റ്റം വലിയ മെത്രാപ്പൊലീത്ത മന്ദിരം രക്ഷാധികാരി ആയിരുന്നു. വെരി. റവ. റ്റി.കെ. മാത്യു വൈസ് പ്രസിഡന്റും, നിരണം മാരാമൺ ഭദ്രാസന സെക്രട്ടറി റവ. ജോജൻ മാത്യൂസ് ജോൺ സെക്രട്ടറി & കൺവീനറും, ഭദ്രാസന ട്രഷറർ അഡ്വ. അൻസിൽ സഖറിയ ട്രഷററും ആയിരുന്നു. നിർവ്വാഹക സമിതി പ്രസിഡന്റ് റവ. രഞ്ചി വർഗീസ് മല്ലപ്പള്ളി, മന്ദിരം സൂപ്രണ്ട് റവ. തോമസ് സി. അലക്സാണ്ടർ, മന്ദിരം സെക്രട്ടറി ശ്രീ. കെ.എം. ജോൺ, മന്ദിരം ട്രഷറർ ശ്രീമതി. ജിജി തോമസ് പ്രസാദ് എന്നിവർ മന്ദിരത്തിൽ നിന്നുള്ള മെമ്പേഴ്സും ആയിരുന്നു.

നിർവ്വാഹക സമിതി: മന്ദിരത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ആനപ്രമ്പാൽ ഇടവക വികാരി പ്രസിഡന്റായുള്ള 18 അംഗ നിർവ്വാഹക സമിതി നേതൃത്വം നൽകുന്നു. റിപ്പോർട്ടുവർഷം റവ. രഞ്ചി വർഗീസ് മല്ലപ്പള്ളി പ്രസിഡന്റ്, റവ. വർഗീസ് ചെറിയാൻ വൈസ് പ്രസിഡന്റ്, റവ. തോമസ് സി. അലക്സാണ്ടർ സൂപ്രണ്ട്, ശ്രീ. കെ.എം. ജോൺ സെക്രട്ടറി, ശ്രീമതി. ജിജി തോമസ് പ്രസാദ് ട്രഷറർ എന്നിവർ ചുമതലകൾ വഹിച്ചു.

സ്വീകരണം: മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ പരമാദ്ധ്യക്ഷനായി സ്ഥാനാരോഹണം ചെയ്ത മോസ്റ്റ്. റവ. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്ത തിരുമേനിക്ക് മന്ദിരം കുടുംബം 2020 ഡിസംബർ 16 തിങ്കളാഴ്ച സ്വീകരണം നൽകി ആദരിച്ചു.

50-ാം വാർഷികം: മന്ദിരത്തിന്റെ 50-ാമത് വാർഷികം, ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ, ആനപ്രമ്പാൽ പള്ളിയിൽ വെച്ച് 2020 ഡിസംബർ 14-ന് ബഹു. നിർവ്വാഹക സമിതി പ്രസിഡന്റ് റവ. രഞ്ചി വർഗ്ഗീസ് മല്ലപ്പള്ളിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. മോസ്റ്റ്. റവ. ഡോ. തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്ത വാർഷിക മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. ബഹു. റവ. വർഗ്ഗീസ് ചെറിയാന്റെ പ്രാരംഭ പ്രാർത്ഥനയ്ക്കു ശേഷം, ബഹു. വൈദിക ട്രസ്റ്റിയും മന്ദിരം സൂപ്രണ്ടുമായ റവ. തോമസ്. സി. അലക്സാണ്ടർ ഏവർക്കും സ്വാഗതം അരുളി. മന്ദിരം സെക്രട്ടറി ശ്രീ. കെ. എം. ജോൺ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ബഹു. നിരണം മാരാമൺ ഭദ്രാസന സെക്രട്ടറി റവ. ജോജൻ മാത്യൂസ് ജോൺ, ബഹു. ഭദ്രാസന ട്രഷറർ അഡ്വ. അൻസിൽ സഖറിയ എന്നിവർ ആശംസ അറിയിച്ചു.

സമ്മേളന മദ്ധ്യേ, മന്ദിരത്തിന്റെ ഗോൾഡൻ ജൂബിലി ആഘോഷ പരിപാടികളുടെ ഉദ്ഘാടനവും ധന സമാഹരണവും അഭി. മാർത്തോമ്മാ മെത്രാപ്പൊലീത്താ തിരുമേനി ഉദ്ഘാടനം ചെയ്തു. മന്ദിരം ട്രഷറർ ശ്രീമതി. ജിജി തോമസ് പ്രസാദ് കൃതജ്ഞത രേഖപ്പെടുത്തി. ബഹു. റവ. ജോർജ്ജ് കോശി സമാപന പ്രാർത്ഥന നടത്തി. അഭി. മെത്രാപ്പൊലീത്തയുടെ ആശിർവാദത്തോടെ വാർഷിക മീറ്റിംഗ് പര്യവസാനിച്ചു.

മന്ദിരം ദിനം: മന്ദിരം ദിനമായി ആചരിക്കുന്ന പരിപാടികളുടെ ഭാഗമായി നവംബർ 19-ന് ബഹു. രഞ്ചി വർഗീസ് മല്ലപ്പള്ളിയുടെ നേതൃത്വത്തിൽ വിശുദ്ധ കുർബ്ബാന മന്ദിരം ചാപ്പലിൽ വെച്ച് നടത്തപ്പെട്ടു, ബഹു. റവ. തോമസ് സി. അലക്സാണ്ടർ, റവ. വർഗീസ് ചെറിയാൻ, റവ. ജിബിൻ വി. സാമുവൽ, ചുമതലക്കാർ, നിർവ്വാഹക സമിതി അംഗങ്ങൾ, മന്ദിരാംഗങ്ങൾ, സ്റ്റാഫ് എന്നിവർ വി. കുർബ്ബാനയിൽ സംബന്ധിച്ചു.

മന്ദിരം സൂപ്രണ്ട്: റിപ്പോർട്ടു വർഷം, സഭയുടെ വൈദിക ട്രസ്റ്റിയായ ബഹു. റവ. തോമസ്. സി. അലക്സാണ്ടർ കുടുംബമായി മന്ദിരത്തിൽ താമസിച്ച് മന്ദിരം സൂപ്രണ്ടിന്റെ ചുമതലകൾ വിശ്വസ്തതയോടും ആത്മാർത്ഥതയോടും നിർവ്വഹിച്ചു.

ചുമതലക്കാർ: മന്ദിരം നിർവ്വാഹക സമിതി പ്രസിഡന്റായി ബഹു. റവ. രഞ്ചി വർഗീസ് മല്ലപ്പള്ളിയും, വൈസ്. പ്രസിഡന്റായി ബഹു. റവ. വർഗീസ് ചെറിയാനും, സൂപ്രണ്ടായി വൈദിക ട്രസ്റ്റി ബഹു. റവ. തോമസ് സി. അലക്സാണ്ടറും, മന്ദിരം സെക്രട്ടറിയായി ശ്രീ. കെ. എം. ജോണും, മന്ദിരം ട്രഷററായി ശ്രീമതി. ജിജി തോമസ് പ്രസാദും ശുശ്രൂഷ നിർവ്വഹിച്ചു.

അഭി. ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്ക്കോപ്പയുടെ 62-ാ മത് ജന്മദിനം മന്ദിരത്തിൽ വെച്ച്, മോസ്റ്റ് റവ. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്തായുടെ അനുഗ്രഹാശിസുകളോടെ നടത്തപ്പെട്ടു. നിർവ്വാഹക സമിതി അംഗങ്ങൾ, സ്റ്റാഫ് എന്നിവർ സംബന്ധിച്ചു.

സേവകർ: മന്ദിരം സേവകരായി ശ്രീ. ബൈജു വറുഗീസ്, ശ്രീമതി. ഷീന മാത്യു, ശ്രീമതി. മിനി ബിനു, ശ്രീമതി. മോൾജി ബിനു, ശ്രീമതി. അച്ചാമ്മ തോമസ്, ശ്രീമതി. തങ്കമണി റെജി, ശ്രീ. ജെബിൻ സി. ബ്ലെസ്സൻ, ശ്രീമതി. മഞ്ജു മനോജ് (2020 ആഗസ്റ്റ് വരെ), മിസ്സ്. ജിസ്സ (2020 സെപ്റ്റംബർ - ഡിസംബർ വരെ), ശ്രീമതി. മഞ്ജു. എസ് (2021 ജനുവരി - സെപ്റ്റംബർ വരെ) എന്നിവർ മന്ദിരത്തിൽ സേവനം അനുഷ്ഠിച്ചു.

ആഘോഷങ്ങൾ: മന്ദിരത്തിൽ ഓണം ആഘോഷിച്ചു. മന്ദിരാംഗങ്ങൾക്കും സ്റ്റാഫിനും ഓണക്കോടി സമ്മാനിച്ചു.വിവിധ കലാപരിപാടികൾ നടത്തപ്പെട്ടു.

സ്വാതന്ത്ര്യദിനം: ഈ വർഷത്തെ സ്വാതന്ത്ര്യദിനത്തിൽ ബഹു. വൈസ് പ്രസിഡന്റ് റവ. വർഗീസ് ചെറിയാൻ പതാക ഉയർത്തി. ബഹു. വൈദിക ട്രസ്റ്റിയും സൂപ്രണ്ടുമായ റവ. തോമസ് സി. അലക്സാണ്ടർ, ബഹു. റവ. രൻജി വർഗ്ഗീസ് മല്ലപ്പള്ളി, ബഹു. റവ. ജിബിൻ. വി. സാമുവൽ, നിർവ്വാഹക സമിതി അംഗങ്ങൾ, സെക്രട്ടറി, ട്രഷറർ, മന്ദിരാംഗങ്ങൾ, സ്റ്റാഫ്, എന്നിവർ പങ്കെടുത്തു.

ക്രിസ്തുമസ് കാരൾ: മന്ദിരാഗങ്ങളായ മാതാപിതാക്കളുടെ സന്തോഷത്തിനായി, ആനപ്രമ്പാൽ മാർത്തോമ്മാ ചർച്ച് യുവജനസഖ്യം കൊയർ ബഹു. റവ. ജിബിൻ വി. സാമുവൽ അച്ചന്റെ നേതൃത്വത്തിൽ ആനപ്രമ്പാൽ ചർച്ച് ക്വയറും മന്ദിരത്തിൽ വെച്ച് ക്രിസ്തുമസ് ഗാനങ്ങൾ ആലപിച്ചു. ബഹു. ജിബിൻ അച്ചൻ ക്രിസ്തുമസ് സന്ദേശം നൽകി. മന്ദിരം സെക്രട്ടറി ശ്രീ. കെ. എം. ജോൺ കൃതജ്ഞത രേഖപ്പെടുത്തി.

മന്ദിരാംഗങ്ങൾ: റിപ്പോർട്ടു വർഷത്തിൽ 27 മാതാപിതാക്കളെ മന്ദിരത്തിൽ ശുശ്രൂഷിക്കുവാൻ സാധിച്ചു. (പുരുഷന്മാർ -6, സ്ത്രീകൾ -21) അവരുടെ ജീവിത സായാഹ്നങ്ങളിൽ അവർക്ക് ആശ്വാസമാകുവാൻ മന്ദിരത്തിന് അവസരം ലഭിച്ചതിന് ദൈവത്തെ സ്തുതിക്കുന്നു.

അനുശോചനം: റിപ്പോർട്ടു വർഷം താഴെ പറയുന്ന മാതാപിതാക്കൾ നമ്മെ വിട്ടു നിത്യതയിൽ ചേർക്കപ്പെട്ടു. വി.എം. ഗോപി 74 വയസ്സ്, കൈനകരി; ചിന്നമ്മ കുരുവിള 61 വയസ്സ്, പെരുന്തുരുത്തി; സി.എ. ജോൺ 98 വയസ്സ്, ബാഗ്ലൂർ; ഏലിയാമ്മ ജോൺ 79 വയസ്സ്, അമിച്ചകരി; ആനി വർഗീസ് 61 വയസ്സ്, കൊച്ചി; ഏലിയാമ്മ തോമസ് 87 വയസ്സ്, കുന്തിരിക്കൽ; സത്യഭാമ 67 വയസ്സ്, തലവടി. ഈ മാതാപിതാക്കളുടെ വേർപാടിൽ മന്ദിരം കുടുംബത്തിന്റെ അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു. തിരിച്ചു ഭവനത്തിൽ പോയവർ :- തങ്കമ്മ ഏബ്രഹാം എടത്വാ, സുമതി സുകുമാരൻ കാരിക്കുഴി, പി.വി.മേരിക്കുട്ടി ചെങ്ങന്നൂർ എന്നിവർ ബന്ധുക്കൾക്കൊപ്പം സ്വഭവനത്തിലേക്കു തിരികെപോയി, ശ്രീ. സത്യനെ ചെങ്ങന്നൂർ സ്നേഹധാരയിലേക്ക് സാമൂഹ്യനീതി വകുപ്പിന്റെ നിർദ്ദേശപ്രകാരം മാറ്റുകയുണ്ടായി.

മന്ദിരത്തിന്റെ വരുമാന മാർഗ്ഗങ്ങൾ: മന്ദിരത്തെയും മന്ദിരം പ്രവർത്തനങ്ങളെയും സ്നേഹിക്കുന്നവരിൽ നിന്നും സംഘടനകളിൽ നിന്നും, ലഭിക്കുന്ന സംഭാവനകൾ, സഭ നിശ്ചയിക്കുന്ന ഇടവകളിൽ നിന്നും ലഭിക്കുന്ന ദുഃഖവെള്ളി ദിനത്തിലെ സ്തോത്രകാഴ്ച, സുവിശേഷസംഘം വഴി ലഭിക്കുന്ന. മന്ദിരങ്ങൾക്കുവേണ്ടി ലഭിക്കുന്ന തുകയുടെ വിഹിതം, ഗവൺമെന്റ് ഗ്രാന്റ്, എൻഡോവ്മെന്റ് ഇന്ററസ്റ്റ്, സ്പെഷ്യൽ ഫുഡ് സ്പോൺസറിംഗ് എന്നിവയാണ്.

മന്ദിരത്തിൽ ഭക്ഷണം സ്പോൺസർ ചെയ്യുവാൻ ഒരു ദിവസത്തെ എല്ലാ ഭക്ഷണങ്ങൾക്കുമായി 7500/- രൂപയും, ഉച്ച ഭക്ഷണത്തിനു 3500/- രൂപയും, രാവിലത്തെയും വൈകുന്നേരത്തെയും ഭക്ഷണത്തിനു 2500/- രൂപാ വീതവും, നാലുമണി ചായയ്ക്കും ലഘു ഭക്ഷണത്തിനുമായി 1000/- രൂപയും നൽകി സഹായിക്കാവുന്നതാണ്. എല്ലാവരുടെയും സഹകരണവും പ്രാർത്ഥനയും അഭ്യർത്ഥിക്കുന്നു.

മന്ദിരം ഫെലോഷിപ്പ്: ജെ.എം.എം.ജൂബിലി മന്ദിരവും ഉൾപ്പെട്ടു നിൽക്കുന്ന മന്ദിരം ഫെലോഷിപ്പ് കമ്മറ്റി മീറ്റിംഗു

കളിൽ മന്ദിരം ചുമതലക്കാർ പങ്കെടുത്തു. മാരാമൺ കൺവെൻഷനിൽ മന്ദിരങ്ങൾക്കായുള്ള ഫണ്ട് കളക്ഷനിൽ ബഹു. റവ. തോമസ് സി. അലക്സാണ്ടർ അച്ചന്റെ നേതൃത്വത്തിൽ നമ്മുടെ മന്ദിരവും പങ്കെടുത്തു.

vi. ശാന്തിമന്ദിരം, ഹോസ്കോട്ട്

സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് പാർശ്വവത്കരിക്കപ്പെട്ടവരെയും തഴയപ്പെട്ടവരെയും ചേർത്തു നിർത്തുക എന്നത് യേശുവിന്റെ ശുശ്രൂഷാശൈലിയുടെ ഒരു പ്രധാന ഘടകമായിരുന്നു. യേശുക്രിസ്തുവിലൂടെ സഭയിൽ ഭരമേൽപ്പിക്കപ്പെട്ട ഈ വലിയ ദൗത്യത്തിൽ പങ്കുകാരായിക്കൊണ്ടുള്ള ഹോസ്ക്കോട്ടെ മിഷൻ ശാന്തിമന്ദിരം 40 വർഷം പിന്നിടുന്നു.

ഹോസ്കോട്ടെയുടെ ഗ്രാമവീഥിയിൽ മൃതപ്രായനായി വഴിയാത്രക്കാരുടെ ദയയ്ക്കായി കാത്തുകിടന്ന സലിം എന്ന പക്ഷവാത രോഗിയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് അന്നത്തെ മിഷനറി ആയ പി.വി. ഫിലിപ്പ് അച്ചൻ 1981-ൽ ആരംഭിച്ചതാണ് ശാന്തിമന്ദിരം. പിന്നീട് മേരി എന്ന ഒരു സ്ത്രീയെ ബാംഗ്ലൂരിലെ ഒരു വഴിയരികിൽ നിന്ന് ശാന്തി മന്ദിരത്തിൽ എത്തിച്ചു. ഈ രണ്ട് അംഗങ്ങളാൽ ഒരു താൽക്കാലിക കെട്ടിടത്തിൽ ആരംഭിച്ച ഈ സ്ഥാപനത്തിൽ ഇപ്പോൾ ജാതിമത ഭേദമെന്യെ 18 അംഗങ്ങൾ താമസിക്കുന്നു. ഇവരിൽ പ്രായാധിക്യത്തിലുള്ളവർ, പ്രിയപ്പെട്ടവരാൽ ഉപേക്ഷിക്കപ്പെട്ടവർ, ശാരീരികവും മാനസികവുമായ വൈകല്യമുള്ളവർ ഉൾപ്പെടുന്നു. സമൂഹത്തിൽ ഉപേക്ഷിക്കപ്പെട്ട ആളുകൾക്ക് പാർപ്പിടവും ഭക്ഷണവും വസ്ത്രവും മരുന്നും അതിലുപരി സ്നേഹവും അംഗീകാരവും നൽകുക എന്നതാണ് ഈ സ്ഥാപനത്തിന്റെ ഉദ്ദേശം.

ചുമതലക്കാർ: മാർത്തോമ്മാ സുവിശേഷ സംഘം പ്രസിഡന്റ് അദ്ധ്യക്ഷനായും ഭദ്രാസന എപ്പിസ്കോപ്പാ ഉപാദ്ധ്യക്ഷനായും ഗവേണിംഗ് ബോർഡ് ചെയർമാൻ, മാർത്തോമ്മാ സുവിശേഷ സംഘം ജനറൽ സെക്രട്ടറി, ട്രഷറാർ, സംഘം മാനേജിംഗ് കമ്മിറ്റിയിൽ നിന്നുള്ള രണ്ടു പ്രതിനിധികളും ബാംഗ്ലൂർ സെന്ററിലെ എല്ലാ ഇടവകകളിൽ നിന്നുമുള്ള പട്ടക്കാരും ഓരോ പ്രതിനിധികളും ഉൾപ്പെടുന്ന ഗവേണിംഗ് ബോർഡാണ് ഇതിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. റവ. ബിജോയ് ദാനിയേൽ മിഷനറിയായും റവ. ലിജോ ജെ. ജോസഫ് അസിസ്റ്റന്റ് മിഷനറിയായും പ്രവർത്തിച്ചു.

പ്രവർത്തകർ: മന്ദിരത്തിൽ മൂന്നുപേർ പൂർണ്ണസമയം വിവിധ ശുശ്രൂഷകളിൽ വ്യപൃതരായിരിക്കുന്നു. ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർത്ഥികൾ പ്രഭാതത്തിലേയും സായാഹ്നത്തിലേയും പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകുന്നു.

വൈദ്യസഹായം: മന്ദിരത്തിലെ അംഗങ്ങളുടെ ചികിത്സ മിഷൻ ഹോസ്പിറ്റലിൽ നിന്ന് നൽകിവരുന്നു. ആശുപത്രിയിൽ നിന്നും ഒരു ഡോക്ടർ സ്ഥിരമായി അവരെ പരിശോധിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ഇതു കൂടാതെ അവരുടെ ആരോഗ്യപരിപാലനത്തിനായി 24 മണിക്കൂറും നഴ്സുമാരുടെ സേവനം ലഭ്യമാണ്.

ലെപ്രസി യൂണിറ്റ്: ശാന്തിമന്ദിരത്തിന്റെ ഭാഗമായി മുനിസ്വാമി, വെങ്കടേഷ് എന്നിവർ രോഗവിമുക്തരായി ശാന്തിമന്ദിരത്തിനോട് ചേർന്ന് താമസിക്കുന്നു.

സാമ്പത്തികം: ഉദാരമതികളുടെ സംഭാവനകൾ, ഹൈദരാബാദ്-സെക്കന്തരാബാദ്, ചെന്നൈ, ബാംഗ്ലൂർ സെന്ററുകളിലെ ഇടവകകളും ചിക്കാഗോ, ഡിട്രോയിട്ട്, സെന്റ് ലൂയിസ്, അൽ-എയ്ൻ, മാഞ്ചേസ്റ്റർ താബോർ, മിഡ്ലാൻഡ് ഹെർമ്മോൻ, സിൽക്കോൺ വാലി, ന്യൂജഴ്സി റിഡീമർ എന്നീ ഇടവകകളിൽ നിന്നും ദുഃഖവെള്ളിയാഴ്ച സ്തോത്രകാഴ്ച, അഗതി റിലീഫ് ഫണ്ട് വിഹിതം ഇവയാണ് വരുമാനമാർഗ്ഗം. കൂടാതെ അനേകം പേർ ഭക്ഷണത്തിനായി പ്രത്യേക സംഭാവനകൾ നൽകുന്നുണ്ട്. ബാംഗ്ലൂർ സെന്ററിലെ ഇടവകകളുടെ സഹായം എടുത്തു പറയത്തക്കതാണ്.

പുതിയ കെട്ടിടത്തിന്റെ ആവശ്യകത: കൂടുതൽ പേർ താമസ സൗകര്യം ആവശ്യപ്പെട്ടുവരുന്നുണ്ട്. സ്ഥല പരിമിതിമൂലം പലരേയും മടക്കി അയയ്ക്കേണ്ടതായി വരുന്നു. ആയതിന് പുതിയ കെട്ടിടം ആവശ്യമാണ്. 1980 കളിൽ പണിതതും ഇപ്പോൾ ജീർണ്ണാവസ്ഥയിലായതുമായ കെട്ടിടത്തിന് പകരം പുതിയ കെട്ടിടം പണിയേണ്ടത് അത്യാവശ്യമാണ്.

vii. കരുണാലയം വൃദ്ധമന്ദിരം, ഉപ്പട

ഭാഗ്യസ്മരണീയനായ ഈശോ മാർ തിമൊഥെയോസ് തിരുമേനിയുടെ ദർശനപൂർത്തീകരണമാണ് ഉപ്പട മലബാർ മാർത്തോമ്മാ മിഷൻ. നിർദ്ധനരും പാർശ്വവത്കരിക്കപ്പെട്ടവരുമായ ഗ്രാമീണ ജനതയുടെ മുന്നേറ്റത്തിനായി നിരവധി വികസന പദ്ധതികൾ സെന്ററിന്റെ ആരംഭം മുതൽ നടപ്പിലാക്കിവരുന്നു. നാളെയുടെ വാഗ്ദാനങ്ങളായ കുട്ടികളുടെ വ്യക്തിത്വ വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന എക്സ്റ്റെന്റഡ് എഡ്യൂക്കേഷൻ പ്രോഗ്രാം ബാലവാടികൾ, തയ്യൽ പരിശീലനകേന്ദ്രം എന്നിവ മിഷൻ സെന്ററിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. നിരാലംബരായ വൃദ്ധജനങ്ങളുടെ അഭയസ്ഥാനമായി കരുണാലയം മന്ദിരത്തിൽ 8 പുരുഷന്മാരും 3 സ്ത്രീകളും പ്രവർത്തനവർഷം താമസിച്ചു. മാനസിക രോഗ ചികിത്സയെത്തുടർന്ന് സൗഖ്യത്തിലേക്ക് മടങ്ങി വന്നിട്ടും സ്വഭനങ്ങളിൽ ചേർത്തുകൊള്ളപ്പെടാത്ത സ്ത്രീകളെ ഉൾപ്പെടുത്തി കരുണാലയം ഹാഫ് വേ ഹോം പ്രവർത്തിക്കുന്നു. ദിവ്യശ്രീ ജിനു ഏബ്രഹാം കശ്ശീശ മിഷനറിയായും ട്രഷറാറായി ശ്രീ സജിമോൻ പി.റ്റി.യും ശ്രീ. ജോസഫ് കുഞ്ഞ് കോ-ഓഡിനേറ്ററായും പ്രവർത്തിച്ചു.

സമൂഹത്തിലെ നിരാശ്രയരും നിരാലംബരുമായ വയോജനങ്ങളെ കരുതുകയും സ്നേഹിച്ചു സംരക്ഷിക്കുകയും ചെയ്യുന്നത് ദൈവരാജ്യശുശ്രൂഷയുടെ ഭാഗമാണെന്ന് മനസ്സിലാക്കി 1999-ൽ ആരംഭിച്ച അഭയസ്ഥാനമാണ് കരുണാലയം. ഉപ്പട മലബാർമിഷൻ കോംപ്ലക്സിനോട് ചേർന്ന് പ്രവർത്തിക്കുന്ന കരുണാലയത്തിൽ തന്നാണ്ടിൽ 8 പുരുഷന്മാരും 3 സ്ത്രീകളും താമസിച്ചു. വാർദ്ധക്യം ഫലകരമായി ചെലവഴിക്കുവാനും ശാരീരികവും മാനസികവും ആത്മീകവുമായുള്ള വളർച്ചയ്ക്കും എല്ലാ സൗകര്യങ്ങളും നൽകിവരുന്നു. കൂടാതെ ആഹാരം, വസ്ത്രം, താമസ സൗകര്യം ചികിത്സ തുടങ്ങിയവ സൗജന്യമായും നൽകുന്നു. ചാപ്പലിൽ പ്രത്യേകം ആരാധനകളും കൂട്ടായ്മകളും ഇവർക്കായി ക്രമീകരിക്കുന്നു. മന്ദിരാംഗങ്ങളോടൊത്ത് ഒരു ദിവസം എന്ന പ്രോഗ്രാമിലൂടെയും സുമനസുകളുടെ സഹായത്തോടെയുമാണ് കരുണാലയത്തിന്റെ പ്രവർത്തനങ്ങൾക്കുള്ള വിഭവസമാഹരണം നടത്തുന്നത്.

മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സ ലഭിച്ച് സൗഖ്യം പ്രാപിച്ചിട്ടും സ്വഭവനങ്ങളിൽ ചേർത്തുകൊള്ളപ്പെടാത്ത സ്ത്രീകൾക്ക് വേണ്ടി ഉപ്പട മലബാർ മിഷൻ കോംപ്ലക്സിൽ സമാരംഭിച്ച പദ്ധതിയാണ് കരുണാലയം ഹാഫ് വേ ഹോം. കോഴിക്കോട് കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിൽ ചികിത്സാനന്തരം സൗഖ്യം ലഭിച്ചിട്ടും ബന്ധുക്കളാൽ അവഗണിക്കപ്പെട്ട 10 സ്ത്രീകളെ ഏറ്റെടുത്ത് 2018 മെയ് 10-ന് ഉപ്പടയിൽ സമാരംഭിച്ച കരുണാലയം സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്റർ മൂന്നു വർഷങ്ങൾ പൂർത്തീകരിക്കുന്നു. തന്നാണ്ടിൽ 9 പേർ ഹാഫ് വേ ഹോം അംഗങ്ങളായുണ്ട്. ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പായുടെ 60-ാം ജന്മദിനത്തിൽ ആരംഭിച്ച ഈ കേന്ദ്രത്തിന്റെ ഡയറക്ടറായി ദിവ്യശ്രീ ജിനു ഏബ്രഹാം കശ്ശീശയും ട്രഷറാറായി ശ്രീ. സജിമോൻ പി.റ്റി.യും വാർഡനായി ശ്രീമതി സാറാമ്മയും മലബാർ മിഷൻ കോംപ്ലക്സിലെ മറ്റു ജീവനക്കാർ ഇതര ശുശ്രൂഷകളും നിർവ്വഹിക്കുന്നു.

viii. വയോജന മന്ദിരം, കാട്ടാക്കട

കോവിഡ് 19 മഹാമാരിയുടെ രണ്ടാം തരംഗത്തിൽ ലോകമെമ്പാടും മാനവരാശി പകച്ചുനിൽക്കുമ്പോൾ സാമൂഹിക അകലം പാലിക്കുവാൻ നിർബന്ധിതരാകുന്ന ഈ കാലഘട്ടത്തിൽ കുടുംബബന്ധങ്ങളും വ്യക്തിബന്ധങ്ങളും ഹൃദയബന്ധങ്ങളും കൂടുതൽ ഇഴയടുപ്പം കൈവരിക്കേണ്ടത് അനിവാര്യമാണ്. ഏകാന്തതയുടെയും നിരാശയുടെ തുരുത്തുകളിൽ കഴിയേണ്ടി വരുന്നവരെ ചേർത്തു നിർത്തേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യവും സഭയുടെ ധർമ്മവുമാണ്.

എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന് നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്ക് ചെയ്തു എന്ന് ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു (മത്താ. 25:40) എന്ന വചനം കർത്തൃശുശ്രൂഷയായി ഉൾക്കൊണ്ട് ഒരു കരു

തൽ സമൂഹമായി ഒരു വർഷംകൂടി പ്രവർത്തിപ്പാൻ കൃപ നൽകിയ ദൈവത്തിനു നന്ദി അർപ്പിച്ചുകൊണ്ട് കാട്ടാക്കട മാർത്തോമ്മാ വയോജന മന്ദിരത്തിന്റെ വാർഷിക റിപ്പോർട്ട് സമർപ്പിക്കുന്നു.

ജീവിത സായാഹ്നങ്ങളിൽ സ്വന്തം ഭവനങ്ങളിൽ നിന്നും പുറത്താക്കപ്പെട്ടവർ വേണ്ടപ്പെട്ടവരാണെന്ന് തിരിച്ചറിഞ്ഞ് അവരെ സാന്ത്വനത്തിന്റെ സമൃദ്ധിയിലേക്ക് കൈപിടിച്ചുയർത്താൻ 2000 ഏപ്രിൽ 22-ന് തിരുവനന്തപുരം -കൊല്ലം ഭദ്രാസനത്തിലെ സിൽവർ ജൂബിലി പ്രോജക്ട് ആയി ആരംഭിച്ച പ്രസ്ഥാനമാണ് കാട്ടാക്കട മാർത്തോമ്മാ വയോജന മന്ദിരം. ആരും സഹായം നൽകാൻ ഇല്ലായിരുന്ന രണ്ട് അമ്മമാരെ കുളത്തുമ്മൽ പള്ളിയോട് ചേർന്നുള്ള മിഷൻ ഹൗസിൽ താമസിപ്പിച്ചുകൊണ്ട് പ്രവർത്തനമാരംഭിച്ചു. തുടർന്ന് കാട്ടാക്കട ചാരുപാറ എന്ന സ്ഥലത്ത് സ്വന്തമായി സ്ഥലം വാങ്ങുന്നതിനും പ്രവർത്തനം വിപുലീകരിക്കുന്നതിനും സാധിച്ചു.

മാനേജിംഗ് കമ്മിറ്റി: ഭദ്രാസന അദ്ധ്യക്ഷൻ ജോസഫ് മാർ ബർന്നബാസ് തിരുമേനി പ്രസിഡന്റായും റവ. ജി. വിൽസൻ സൂപ്രണ്ട് ആയും റവ. മാത്യു കെ. ജാക്സൺ കൺവീനറായും ശ്രീ. സ്റ്റുവർട്ട് ഹാരിസ് ട്രഷർ ആയും ഭദ്രാസന സെക്രട്ടറി റവ. ഈപ്പൻ ചെറിയാൻ, ഭദ്രാസന ട്രഷറർ ശ്രീ. സാബു അലക്സ്, ശ്രീ. ഡി. ജോൺ, ശ്രീ. ജോസ്കുമാർ, ശ്രീ. ഫിലിപ്പ് ഈശോ, ശ്രീ. റ്റി. അലക്സ്, ഡോ. ജോർജ്ജ് കോശി എന്നിവരടങ്ങുന്ന ഒരു 11 അംഗ കമ്മിറ്റി മന്ദിരത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

കണക്കുപരിശോധകർ: ശ്രീ. സജി മരിയാപുരം, ശ്രീ. ജോർജ്ജ എം. തോമസ് എന്നിവർ കണക്കുപരിശോധകരായി പ്രവർത്തിക്കുന്നു.

മന്ദിരം പ്രവർത്തകർ: മന്ദിരം കുടുംബാംഗങ്ങൾക്ക് സ്നേഹവും കരുതലും ശുശ്രൂഷയും നൽകുന്ന മന്ദിരം പ്രവർത്തകരുടെ സേവനം അഭിനന്ദനാർഹമാണ്. പ്രാഥമിക ആവശ്യങ്ങൾ പോലും നിർവ്വഹിക്കുവാൻ കഴിവില്ലാത്തവരെ സ്വന്തമെന്നു കരുതി സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്ന ഇവരുടെ സമർപ്പണമാണ് മന്ദിരം പ്രവർത്തനങ്ങളെ മുന്നോട്ടു നയിക്കുന്നത്.

മന്ദിരം കുടുംബം: ആരും സംരക്ഷിക്കുവാൻ ഇല്ലാത്ത 60 വയസ്സിന് മേൽ പ്രായമുള്ള സ്ത്രീകൾക്ക് ഇവിടെ അഭയം നൽകുന്നു. ഇപ്പോൾ ഇവിടെ 22 പേർ മന്ദിരം കുടുംബാംഗങ്ങൾ ആയി താമസിക്കുന്നു.

ആരാധന: എല്ലാ ദിവസവും രാവിലെ 7.30-നും വൈകിട്ട് 6.30-നും ചാപ്പലിൽ ആരാധന ക്രമീകരിക്കുന്നു. രാവിലെ 7 മണിമുതൽ വൈകിട്ട് 7 മണിവരെ തുറന്നിട്ടിരിക്കുന്ന ചാപ്പലിൽ മന്ദിരം അംഗങ്ങളും പ്രവർത്തകരും പ്രാർത്ഥനയ്ക്ക് സമയം കണ്ടെത്തുന്നു. വെള്ളിയാഴ്ച തോറും ഉപവാസ പ്രാർത്ഥനയും ഞായറാഴ്ചകളിൽ വി. കുർബ്ബാനയും പരസ്യ ആരാധനയും ക്രമീകരിക്കുന്നു.

ആരോഗ്യപരിപാലനം: മന്ദിരം അംഗങ്ങൾക്ക് ആവശ്യമായ മികച്ച ചികിത്സ യഥാസമയം ലഭ്യമാക്കുന്നു. കാട്ടാക്കടയിലുള്ള വിവിധ ആശുപത്രികൾ, നെയ്യാറ്റിൻകര താലൂക്ക് ആശുപത്രി, തിരുവനന്തപുരം മെഡിക്കൽ കോളേജ് മുതലായ ആശുപത്രികളുടെ സേവനം ലഭ്യമാക്കുന്നു. കൂടാതെ കാരക്കോണം മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന ഡോക്ടർ റാക്കർ എം.ഡി. എല്ലാ മാസവും മന്ദിരം സന്ദർശിച്ച് ആവശ്യമായ ചികിത്സ നൽകിവരുന്നു. കൂടാതെ വിവിധ മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നു.

കൗൺസിലിംഗ് & ഗ്രൂപ്പ് തെറാപ്പി: മന്ദിരം അംഗങ്ങൾക്ക് ക്രമീകൃതമായരീതിയിൽ കൗൺസിലിംഗ് സഹായം നൽകുന്നു. റിപ്പോർട്ട് വർഷം തിരുവനന്തപുരം മാർത്തോമ്മാ ഗൈഡൻസ് & കൗൺസിലിംഗ് സെന്റർ വിദ്യാർത്ഥികൾ മന്ദിരം സന്ദർശിച്ച് ആവശ്യമായ കൗൺസിലിംഗ് സഹായം നൽകി.

ഗ്രൂപ്പ് തെറാപ്പിയുടെ ഭാഗമായി പച്ചക്കറി കൃഷി, പൂന്തോട്ട പരിപാലനം എന്നിവയിൽ മന്ദിരാംഗങ്ങൾ പങ്കെടുക്കുന്നു. കൂടാതെ കോഴി, വാത്ത, ഗിനി, മുയൽ, നായ, വിവിധയിനം പക്ഷികൾ, അലങ്കാര മത്സ്യങ്ങൾ മുതലായവയുടെ പരിപാലനത്തിനും മന്ദിരാംഗങ്ങൾ പങ്കെടുക്കുന്നു.

വിദ്യാഭ്യാസ കരുതൽ പദ്ധതി: വിദ്യാഭ്യാസ കരുതൽ പദ്ധതിയിലൂടെ നിർദ്ധനരും സമർത്ഥരും ആയ കുട്ടികൾക്ക് പഠന സൗകര്യങ്ങൾ മന്ദിരം നൽകുന്നു. മന്ദിരത്തിന്റെ ചുമതലയിൽ ഹോസ്കോട്ടെ നഴ്സിംഗ് കോളേജിൽ നിന്നും കുമാരി ലുലു രാജൻ ബി.എസ്.സി. നഴ്സിംഗ് പഠനം പൂർത്തീകരിച്ചു.

ഫുഡ്കിറ്റ് വിതരണം: ഭദ്രാസനത്തിന്റെയും വിവിധ ഇടവകകളുടെയും സഹകരണത്തോടെ 1500-ൽ അധികം ഫുഡ് കിറ്റ് വിതരണം ചെയ്തു.

വിവിധ ആഘോഷപരിപാടികൾ: വിവിധ ആഘോഷപരിപാടികൾ മന്ദിരത്തിൽ നടത്തിവരുന്നു. സ്വാതന്ത്ര്യദിനാഘോഷം, റിപ്പബ്ലിക് ഡേ, വയോജനദിനം, ഓണാഘോഷ പരിപാടികൾ, മുതലായവ സമുചിതമായി ആഘോഷിച്ചു.

ക്രിസ്തുമസ് കാരൾ സർവ്വീസ്: ക്രിസ്തുമസ് കാരൾ സർവ്വീസ് 2020 ഡിസംബർ 20-ന് ക്രമീകരിച്ചു. അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് തിരുമേനി ക്രിസ്തുമസ് സന്ദേശം നൽകി. പട്ടക്കാർ, സുവിശേഷകർ എന്നിവർ പങ്കെടുത്തു. മന്ദിരം കുടുംബാംഗങ്ങൾ, സ്റ്റാഫ് അംഗങ്ങൾ എന്നിവർ ഗാനശുശ്രൂഷയിൽ പങ്കെടുത്തു.

മാർ ക്രിസോസ്റ്റം ഹാൾ: തെക്കൻ തിരുവിതാംകൂർ മേഖലാ ക്യാമ്പ് സെന്റർ ആയി പ്രവർത്തിക്കുന്നു. വിവിധ ക്യാമ്പുകൾ, സെമിനാറുകൾ, കോൺഫറൻസുകൾ മുതലായവ ക്രമീകരിക്കുന്നു. മിഷൻ ടൂറുകൾ ക്രമീകരിച്ച് വരുന്നവർക്ക് ആവശ്യമായ താമസസൗകര്യവും ഭക്ഷണവും ക്രമീകരിക്കുന്നു. തെക്കൻ തിരുവിതാംകൂർ മേഖലയിലുള്ള ഇടവകകൾ ഒരുമിച്ച് ചേർന്നുള്ള സെന്റർ മീറ്റിംഗുകൾ, ബൈബിൾ ക്ലാസുകൾ, മേഖലാ കൺവൻഷൻ മുതലായവയ്ക്ക് മന്ദിരം ആതിഥേയത്വം നൽകുന്നു.

മാർത്തോമ്മാ കൗൺസിലിംഗ് സെന്റർ: എപ്പിസ്കോപ്പൽ ജൂബിലി പ്രോജക്ട് ആയി 2018 ഒക്ടോബർ 18-ന് പ്രവർത്തനമാരംഭിച്ച സെന്റർ വിവിധ കൗൺസിലിംഗ് സഹായങ്ങൾ നൽകിവരുന്നു. ഫാമിലി കൗൺസിലിംഗ്, പ്രീമാരിറ്റൽ കൗൺസിലിംഗ്, പോസ്റ്റ് മാരിറ്റൽ കൗൺസിലിംഗ്, സൈക്കോതെറാപ്പി, വ്യക്തിഗത കൗൺസിലിംഗ് മുതലായ സേവനങ്ങൾ ഇവിടെ ലഭ്യമാണ്.

സന്ദർശകർ: പ്രമുഖ വ്യക്തികളും സ്ഥാപനങ്ങളും സംഘടനകളും മന്ദിരം സന്ദർശിച്ചു. അഭിവന്ദ്യരായ തിരുമേനിമാർ, പട്ടക്കാർ, സുവിശേഷകർ, സാമൂഹ്യ നീതിവകുപ്പ് പ്രവർത്തകർ, വിവിധ ഇടവകകൾ, മന്ദിരം അയൽക്കാർ, സ്നേഹിതർ ഏവരോടുമുള്ള നന്ദി പ്രകാശിപ്പിക്കുന്നു.

സാമ്പത്തികം: തിരുവനന്തപുരം-കൊല്ലം ഭദ്രാസനത്തിലെ ഇടവകകളും ന്യൂയോർക്ക് ബെഥനി, കോളറാഡോ, ഹോറെബ്, മോണ്ട്രിയാൽ മാർത്തോമ്മാ, അഹമ്മദി മാർത്തോമ്മാ, ഗാല സെന്റ് പോൾസ്, ഡാളസ് സെഹിയോൻ, കുവൈറ്റ് സെന്റ് തോമസ്, ബോസ്റ്റൺ കർമ്മേൽ, ഡബ്ലിൻ നസ്രേത്ത്, കണറ്റികട്ട് ജറുശലേം, ഡാളസ് ക്രോസ് വേ എന്നീ ഇടവകകളും മെത്രാപ്പോലീത്താ തിരുമേനിയുടെ കല്പനപ്രകാരം ദുഃഖവെള്ളിയാഴ്ച സ്തോത്രകാഴ്ച മന്ദിരത്തിനു നൽകുന്നു. മാരാമൺ കൺവൻഷൻ മണൽപ്പുറത്ത് മന്ദിരങ്ങൾക്കുവേണ്ടി ശേഖരിക്കുന്ന സംഭാവനയുടെ വിഹിതം (4%) ലഭിക്കുന്നു. അനേകർ പ്രത്യേക സംഭാവനകൾ, വിശേഷ സന്ദർഭങ്ങളിൽ ഭക്ഷണം വസ്ത്രങ്ങളും നൽകി സഹായിക്കുന്നു.

ix. ആശ്രയ വയോജന മന്ദിരം, മല്ലപ്പള്ളി

കോവിഡ് മഹാമാരി സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന സന്നിഗ്ദാവസ്ഥ വൈദ്യശാസ്ത്രവും ശാസ്ത്ര സാങ്കേതിക വിദ്യയും അതിന്റെ വളർച്ചയുടെ പാരമ്യത്തിൽ എത്തിനിൽക്കുന്ന ഈ ആധുനിക കാലത്തും മനുഷ്യരാശിയുടെ മുമ്പിൽ വലിയ ചോദ്യചിഹ്നം ഉയർത്തുന്നു. രോഗവ്യാപനം തടയുന്നതിന് പ്രതിരോധ മരുന്നുകൾ വികസിപ്പിച്ചെടുക്കാൻ ശാസ്ത്രലോകത്തിനു കഴിഞ്ഞുവെന്നത് ആശാവഹമാണെങ്കിലും അതു എത്രമാത്രം ഫലവത്താകും എന്ന ചിന്ത ലോകത്തെ ആകുലപ്പെടുത്തുന്നുണ്ട്. സ്വന്തം സുരക്ഷ

പോലും മറന്ന് കോവിഡ് രോഗത്തിനെതിരെയുള്ള പോരാട്ടത്തിന് നേതൃത്വം കൊടുക്കുന്ന ആരോഗ്യ സുരക്ഷാ പ്രവർത്തകരെ എത്ര ശ്ലാഘിച്ചാലും മതിയാവുകയില്ല. നമ്മുടെ മന്ദിരത്തിലെ ചില അമ്മമാരും സേവിനിമാരും കോവിഡ് ബാധിതരായെങ്കിലും ജാഗ്രതയോടുകൂടിയുള്ള പ്രവർത്തനം മൂലം വ്യാപനം തടയുന്നതിന് കഴിഞ്ഞു എന്നതിൽ നമുക്ക് ആശ്വസിക്കാം. തികഞ്ഞ ഗൗരവത്തോടുകൂടി ഈ ശുശ്രൂഷ ഏറ്റെടുത്ത സൂപ്രണ്ട് അച്ചനോടും സഹപ്രവർത്തകരോടും നാം കടപ്പെട്ടിരിക്കുന്നു.

2000 ഏപ്രിൽ 30 ന് ആരംഭിച്ച നമ്മുടെ മന്ദിരം കരുതലിന്റെയും പങ്കിടലിന്റെയും സ്നേഹശുശ്രൂഷ നിറപടിയായി നിർവ്വഹിച്ചുവരുന്നു. ഈ മഹത്ശുശ്രൂഷ അഭംഗുരം തുടരുവാൻ കഴിയട്ടെ എന്ന പ്രാർത്ഥനയോടുകൂടി മല്ലപ്പള്ളി മാർത്തോമ്മാ സെന്റർ ആശ്രയ വയോജന മന്ദിരത്തിന്റെ 21 -ാമത് വാർഷിക റിപ്പോർട്ട് സവിനയം സമർപ്പിക്കുന്നു.

വാർഷിക ജനറൽ ബോഡി യോഗം: 2019-2020 ലെ വാർഷിക ജനറൽ ബോഡി യോഗം 2020 ഡിസംബർ 20 ഞായർ ഉച്ച കഴിഞ്ഞ് 3:30 ന് മന്ദിരം ആഡിറ്റോറിയത്തിൽ വെച്ച് പ്രസിഡന്റ് അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ തിരുമേനിയുടെ മഹനീയ അദ്ധ്യക്ഷതയിൽ നടന്നു. മല്ലപ്പള്ളി മാർത്തോമ്മാ സെന്ററിന്റെയും ആശ്രയ, സ്നേഹജ്യോതി സ്ഥാപനങ്ങളുടെയും അദ്ധ്യക്ഷനായി ചുമതലയേറ്റ അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ തിരുമേനിയെ സെന്ററിന്റെ പ്രവർത്തനങ്ങളിലേക്ക് സ്വാഗതം ചെയ്തു കൊണ്ട് വന്ദ്യ വികാരി ജനറൽ വെരി റവ. ജോർജ്ജ് സഖറിയാ പി. തിരുമേനിയെ പൊന്നാട അണിയിച്ച് സ്വീകരിച്ചു. സ്നേഹജ്യോതി കുഞ്ഞുങ്ങൾ ചെടി നൽകിയും തിരുമേനിയെ ആദരിച്ചു.

ആശ്രയ വയോജന മന്ദിരത്തിന്റെ 2019-2020 ലെ വാർഷിക റിപ്പോർട്ട് വരവുചെലവു കണക്ക്, ബാലൻസ് ഷീറ്റ്, ആഡിറ്റേഴ്സ് റിപ്പോർട്ട്, 2020-2021 ലെ ബഡ്ജറ്റ് എന്നിവ ഏകാഭിപ്രായമായി അംഗീകരിച്ചു. 2020-2021 ലേക്കുള്ള എക്സ്റ്റേണൽ ആഡിറ്റേഴ്സ് ആയി മെസ്സേഴ്സ് ജോർജ്ജ് & ഷാജൻ കമ്പനിയെ നിയമിച്ചു.

എക്സിക്യൂട്ടീവ് കമ്മറ്റി

റിപ്പോർട്ടുവർഷം എക്സിക്യൂട്ടീവ് കമ്മറ്റി 3 പ്രാവശ്യം കൂടി. കമ്മറ്റി കൈക്കൊണ്ട പ്രധാന തീരുമാനങ്ങളും നടപടികളും ചുവടെ ചേർക്കുന്നു.

1. പൊതുയോഗ തീരുമാനങ്ങൾ നടപ്പിൽ വരുത്തുകയും ആശ്രയ മന്ദിരത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തു.
2. ആഡിറ്റു ചെയ്ത ത്രൈമാസ വരവുചെലവു കണക്കുകളും വാർഷിക റിപ്പോർട്ടും വാർഷിക കണക്കുകളും അംഗീകരിച്ചു. 2020-2021 ലെ ബഡ്ജറ്റും തയ്യാറാക്കി.
3. നിലവിലുള്ള മാരുതി വാൻ എട്ടുവർഷം പഴക്കമുള്ളതും ടാക്സി പെർമിറ്റ് ഉള്ളതും ആയതിനാൽ അതു വിറ്റ് ഒരു മാരുതി ഇക്കോ വാൻ വാങ്ങുന്നതിന് നിശ്ചയിച്ചു. ഏറ്റവും കുറവു തുക ക്വോട്ട് ചെയ്ത ഇൻഡസ് മോട്ടോഴ്സിൽ നിന്നും നിലവിലുള്ള വാനിന് നിശ്ചയിച്ച 1,25,000 രൂപ കിഴിച്ച് 4,05,964 രൂപയ്ക്ക് വാങ്ങുന്നതിന് നിശ്ചയിച്ചു.
4. അഭ്യുദയകാംക്ഷികളിൽ നിന്നും ലഭിച്ച സംഭാവന ഉപയോഗിച്ച് ഒരു ബൊലേറോ എസ്. എൽ. എക്സ് വാഹനം വാങ്ങുന്നതിനു സബ്കമ്മറ്റിയെ ചുമതലപ്പെടുത്തി.
5. ചാപ്പലിനുവേണ്ടി ഒരു മൈക്ക് സിസ്റ്റം ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങുന്നതിനു സബ്കമ്മറ്റിയെ ചുമതലപ്പെടുത്തി.
6. തെള്ളിയൂരിൽ മന്ദിരത്തിനുവേണ്ടി സംഭാവനയായി ലഭിച്ച സ്ഥലം അളന്നുതിരിച്ച് അതിര് ഇട്ട് ലഭിക്കുന്നത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി അംഗം ശ്രീ. അലക്സാണ്ടർ വറുഗീസിനെ ചുമതലപ്പെടുത്തി.
7. പള്ളിക്കൽ ശ്രീമതി റയിച്ചൽ സംഭാവന ചെയ്ത് സെന്ററിന്റെ ചുമതലയിൽ പരയ്ക്കത്താനത്തുള്ള സ്ഥലത്ത് ഏറ്റവും യോജിച്ച ഒരു പ്രൊജക്ട് ആരംഭിക്കുന്നതിനുള്ള പ്രാരംഭ ചർച്ചകൾ നടത്തി. പ്രവർത്തനങ്ങൾ സംബന്ധിച്ച് ഒരു ആശയകുറിപ്പ് തയ്യാറാക്കുന്നതിന് ആർകിടെക്ട് ജേക്കബ് ചാണ്ടി, ശ്രീ ബിജു ഏബ്രഹാം എന്നിവരെ ചുമതലപ്പെടുത്തി.
8. ജീവനക്കാരുടെ ശമ്പളം 2021 ഏപ്രിൽ 1 മുതൽ പ്രതിമാസം 750 രൂപ വീതം വർദ്ധിപ്പിക്കുന്നതിന് നിശ്ചയിച്ചു.

ഭാരവാഹികൾ: മല്ലപ്പള്ളി മാർത്തോമ്മാ സെന്ററിന്റെയും ആശ്രയ വയോജന മന്ദിരത്തിന്റെയും പ്രസിഡന്റായി മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി 2020 ഒക്ടോബർ 17 വരെ നേതൃത്വം നൽകി. തിരുമേനി മന്ദിരം സന്ദർശിക്കുകയും മേൽനോട്ടം വഹിക്കുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തു. 2020 ഡിസംബർ 1 മുതൽ അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ തിരുമേനി പ്രസിഡന്റായി ചുമതലയേറ്റു. ക്രമമായി മന്ദിരം സന്ദർശിക്കുകയും ജനറൽ ബോഡി യോഗങ്ങളിലും എക്സിക്യൂട്ടീവ് കമ്മറ്റികളിലും അദ്ധ്യക്ഷം വഹിക്കുകയും ആവശ്യമായ നേതൃത്വം നൽകുകയും ചെയ്യുന്നു.

വർക്കിംഗ് പ്രസിഡന്റായി വെരി. റവ. ജോർജ്ജ് സഖറിയ പി., സെക്രട്ടറിയായി പ്രൊഫ. ഡോ. ജേക്കബ് ജോർജ്ജ്, ട്രഷറാറായി ശ്രീ. ജോസി കുര്യൻ എന്നിവർ പ്രവർത്തിച്ചു. മന്ദിരത്തിന്റെ സൂപ്രണ്ടായി റവ. ജോജി തോമസ് സേവനമനുഷ്ഠിക്കുന്നു. ആശ്രയ മന്ദിരത്തിന്റെയും സ്നേഹജ്യോതി ബാലികാ ഭവന്റെയും ദൈനംദിന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും ധനാഗമന കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്യുന്നു.

കൺസ്ട്രക്ഷൻ കമ്മറ്റി: വെരി. റവ. ജോർജ്ജ് സഖറിയ പി. (ചെയർമാൻ), ശ്രീ. അലക്സാണ്ടർ വറുഗീസ് (കൺവീനർ), റവ. ജോജി തോമസ്, എഞ്ചിനീയർ ശോശാമ്മ വറുഗീസ്, ഭദ്രാസന ട്രഷറാർ ശ്രീ. എ. എം. മാണി, പ്രൊഫ. ഡോ. ജേക്കബ് ജോർജ്ജ്, ശ്രീ. ജോസി കുര്യൻ, ശ്രീ. സജി കുര്യൻ എന്നിവരടങ്ങിയ കൺസ്ട്രക്ഷൻ കമ്മറ്റിയാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

ആശ്രയ കുടുംബം: റിപ്പോർട്ട് വർഷാരംഭത്തിൽ ആശ്രയായിൽ പാർത്തിരുന്ന 32 അമ്മമാരോടൊപ്പം 4 അമ്മമാർ കൂടി റിപ്പോർട്ടുവർഷം പുതുതായി വന്നു ചേർന്നതോടെ വർഷാവസാനം 36 അമ്മമാർ താമസിച്ചു ശുശ്രൂഷകൾ ഏറ്റുവാങ്ങി വരുന്നു. 50 അമ്മമാരെ താമസിപ്പിക്കുന്നതിന് സർക്കാരിന്റെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. (ഉത്തരവു നമ്പർ 1865, തീയതി 01.06.2018)

ശ്രീമതി ലിജി ജോജി വാർഡനായും ശ്രീ. ലിറ്റു മാത്യു ഡ്രൈവർ കം കെയർടേക്കറായും ശ്രീമതി മഞ്ചു ലെജു ചീഫ് കുക്കായും ശ്രീമതി റേച്ചൽ ബാബു, ശ്രീമതി കുഞ്ഞുമോൾ ജോസഫ്, ശ്രീമതി സോണിയ ലിറ്റു, ശ്രീമതി ജിൻസി എന്നിവർ സഹായികളായും പ്രവർത്തിച്ചു. ശ്രീമതി എൽസി ഏബ്രഹാം സ്നേഹജ്യോതി വാർഡനായും നേതൃത്വം നൽകി.

ക്രിസ്മസ് കരോൾ സർവ്വീസ്: ആശ്രയ വയോജന മന്ദിരത്തിന്റെയും സ്നേഹജ്യോതി ബാലികാഭവന്റെയും സംയുക്ത ആഭിമുഖ്യത്തിൽ 2020 ഡിസംബർ 20 ഞായർ വൈകിട്ട് 4:30 ന് ആശ്രയ ആഡിറ്റോറിയത്തിൽ വെച്ചു ക്രിസ്മസ് കരോൾ സർവ്വീസ് നടന്നു. പൊന്നുരുക്കുംപാറ സി.എസ്.ഐ. ഇടവക, ആശ്രയ വയോജന മന്ദിരത്തിലെ അമ്മമാർ എന്നിവർ ഗാനശുശ്രൂഷയ്ക്കു നേതൃത്വം നൽകി. വെരി. റവ. ജോർജ്ജ് സഖറിയ പി. അദ്ധ്യക്ഷത വഹിച്ചു. അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ തിരുമേനി ക്രിസ്മസ് സന്ദേശം നൽകി. ഭദ്രാസന സെക്രട്ടറി റവ. റ്റി. എസ്. ഫിലിപ്പ്, ഭദ്രാസന ട്രഷറാർ ശ്രീ. എ. എം. മാണി എന്നിവർ ആശംസകൾ അർപ്പിച്ചു.

വിശുദ്ധ കുർബ്ബാന: മാസത്തിന്റെ രണ്ടാം ഞായറാഴ്ച രാവിലെ മന്ദിരം ചാപ്പലിൽ വിശുദ്ധ കുർബ്ബാന അനുഷ്ഠിക്കുന്നു. മറ്റു ഞായറാഴ്ചകളിൽ പരസ്യാരാധനയും ക്രമീകരിക്കുന്നു. സൂപ്രണ്ട് റവ. ജോജി തോമസ് വിശുദ്ധ കുർബ്ബാനയ്ക്കും പരസ്യാരാധനയ്ക്കും നേതൃത്വം നൽകുന്നു.

സംഭാവന: ആശ്രയയുടെ പ്രവർത്തനങ്ങൾക്ക് റിപ്പോർട്ടു വർഷം 10,50,570 രൂപ സംഭാവന ലഭിച്ചു. കൂടാതെ അരി,

നാളികേരം, വാഴക്കുല, പയറുവർഗ്ഗങ്ങൾ, ബേക്കറി സാധനങ്ങൾ, പുതിയ തുണിത്തരങ്ങൾ എന്നിവ സംഭാവന നൽകി സഹായിക്കുന്നവരുമുണ്ട്. റിപ്പോർട്ടു വർഷം ഫർണിച്ചർ വാങ്ങുന്നതിന് 1,54,408 രൂപയും ചാപ്പലിൽ മൈക്ക്സെറ്റ് വാങ്ങുന്നതിന് 1,54,000 രൂപയും ക്രിസ്മസ് കരോൾ സർവ്വീസിന് 5,000 രൂപയും മെഡിക്കൽ എയ്ഡ് ഫണ്ടിലേക്ക് 1,07,100 രൂപയും പുതിയ വാഹനം വാങ്ങുന്നതിന് 8,95,184 രൂപയും സോളാർ ലൈറ്റ് സ്ഥാപിക്കുന്നതിന് 18,000 രൂപയും പുതിയ പമ്പ്സെറ്റിന് 72,935 രൂപയും അമ്മമാരുടെ പുതുവസ്ത്രത്തിന് 15,000 രൂപയും സംഭാവന ലഭിച്ചു. സ്പെഷ്യൽ ഫുഡ് സ്പോൺസർഷിപ്പ് ഇനത്തിൽ 18,22,748 രൂപ സംഭാവന ലഭിച്ചു.

ഇടവക വിഹിതം, ഭദ്രാസന ഗ്രാന്റ്, ദുഃഖവെള്ളി സ്തോത്രകാഴ്ച: സെന്ററിലെ ഇടവകകളുടെ വിഹിതം റിപ്പോർട്ടു വർഷം പൂർണ്ണമായും ലഭിച്ചില്ല. 51,500 രൂപ മാത്രമാണ് ലഭിച്ചത്. ഭദ്രാസന ഗ്രാന്റായി 15,000 രൂപയും ലഭിച്ചു. മെത്രാപ്പോലീത്താ തിരുമേനിയുടെ 363-ാം നമ്പർ സർക്കുലർ കല്പന പ്രകാരം മല്ലപ്പള്ളി, വാഴൂർ, കുമളി, കീഴില്ലം, മൂന്നാർ എന്നീ സെന്ററുകളിൽപ്പെട്ട ഇടവകകളുടെയും സോഹാർ സെന്റ് തോമസ്, ഹൂസ്റ്റൺ സെന്റ് തോമസ്, ന്യൂയോർക്ക് സെന്റ് ജെയിംസ്, കൻസാസ് മാർത്തോമ്മാ, കുവൈറ്റ് സെന്റ് ജോൺസ്, ലണ്ടൻ സെന്റ് പീറ്റേഴ്സ്, ഫുജൈറാ ഇമ്മാനുവേൽ, ബഹ്റൈൻ സെന്റ് പോൾസ് എന്നീ വിദേശ ഇടവകകളുടെയും ദുഃഖവെള്ളി സ്തോത്രകാഴ്ച മന്ദിരത്തിനായി വേർതിരിച്ചിരിക്കുന്നു. റിപ്പോർട്ടു വർഷം 72,780 രൂപ മാത്രമേ ഇയിനത്തിൽ ലഭിച്ചുള്ളു.

എൻഡോവ്മെന്റ്: റിപ്പോർട്ടുവർഷം ലഭിച്ച 1,05,000 രൂപ ഉൾപ്പെടെ 18,15,000 രൂപയുടെ എൻഡോവ്മെന്റ് നിലവിലുണ്ട്. ഡോ. സ്മാർട്ടിൻ ഏബ്രഹാം അക്കരപറമ്പിൽ മല്ലപ്പള്ളി വെസ്റ്റ് തന്റെ പിതാവ് റവ. ജോസഫ് ഏബ്രഹാമിന്റെ സ്മരണ നിലനിർത്തുന്നതിനായി 95,000 രൂപ നൽകി പുതുതായി ഒരു എൻഡോവ്മെന്റ് ഏർപ്പെടുത്തി.

സ്നേഹജ്യോതി ബാലികാഭവൻ: മാതാവോ പിതാവോ മരണപ്പെട്ടതോ, മാതാപിതാക്കൾ തമ്മിലുള്ള ബന്ധം അറ്റുപോയതോ ആയ കുടുംബങ്ങളിലെ പെൺകുട്ടികൾക്കായി കോട്ടയം-കൊച്ചി ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ 2012 മെയ് 26 ന് ആശ്രയയിൽ ആരംഭിച്ച സ്നേഹ ജ്യോതി ബാലികാ ഭവനിൽ റിപ്പോർട്ടു വർഷത്തിൽ 19 പെൺകുട്ടികൾ താമസിച്ച് നെടുങ്ങാടപ്പള്ളി സി. എം. എസ്. ഹൈസ്കൂളിൽ പഠനം നടത്തി വരികയായിരുന്നു. എസ്.എസ്.എൽ.സി പഠനം പൂർത്തീകരിച്ച 5 പേർ ഉന്നത വിജയം നേടി മറ്റു സ്ഥാപനങ്ങളിലേക്ക് പോയി. കോവിഡിന്റെ സാഹചര്യത്തിൽ 3 പേർ ഭവനങ്ങളിലേക്ക് മടങ്ങി. ഇപ്പോൾ 11 കുട്ടികളാണ് നമ്മുടെ സംരക്ഷണത്തിൽ ബാലികാഭവനിൽ താമസിക്കുന്നത്. എല്ലാ കുട്ടികൾക്കും ഓൺലൈൻ പഠനം സുഗമമായി നടത്തുന്നതിനാവശ്യമായ ഇലക്ട്രോണിക് സാമഗ്രികൾ ക്രമീകരിച്ചു നൽകിയിട്ടുണ്ട്.

25 കുട്ടികളെ താമസിപ്പിക്കുന്നതിനുള്ള ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരവും (രജിസ്ട്രേഷൻ നമ്പർ 2265/01.08.2018) ജുവനൈൽ ജസ്റ്റീസ് ആക്ട് അനുസരിച്ചുള്ള രജിസ്ട്രേഷനും(രജിസ്ട്രേഷൻ നമ്പർ 139/2017 തീയതി 16.12.2017) ലഭിച്ചിട്ടുണ്ട്.

മന്ദിരം ഫെലോഷിപ്പ് കമ്മറ്റി: സഭയിലെ വിവിധ മന്ദിരങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള മന്ദിരം ഫെലോഷിപ്പ് കമ്മറ്റിയിൽ സൂപ്രണ്ട്, സെക്രട്ടറി, ട്രഷറാർ എന്നിവർ ആശ്രയയെ പ്രതിനിധീകരിക്കുന്നു. മന്ദിരം ട്രഷറാർ ശ്രീ. ജോസി കുര്യൻ മന്ദിരം ഫെലോഷിപ്പ് കമ്മറ്റിയുടെ സെക്രട്ടറിയായും പ്രവർത്തിക്കുന്നു. മാരാമൺ കൺവൻഷൻ നഗറിൽ പ്രവർത്തിച്ച സ്റ്റാളുകളിൽക്കൂടിയുള്ള റിലീഫ് പണ്ട് ശേഖരണത്തിന്റെ കൺവീനറായി സൂപ്രണ്ട് റവ. ജോജി തോമസ് നേതൃത്വം വഹിച്ചു. റിപ്പോർട്ടു വർഷം റിലീഫ് ഫണ്ടിൽ നിന്നും 1,12,703 രൂപ നമ്മുടെ മന്ദിരത്തിന്റെ വിഹിതമായി ലഭിച്ചു. മാരാമൺ കൺവൻഷനോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച നമ്മുടെ മന്ദിരങ്ങൾഎന്ന പ്രസിദ്ധീകരണത്തിന്റെ ചീഫ് എഡിറ്ററായി പ്രൊഫ. ഡോ. ജേക്കബ് ജോർജ്ജും കൺവീനറായി ശ്രീ. ജോസി കുര്യനും സേവനമനുഷ്ഠിച്ചു.

അനുശോചനം: അതിബ്യഹത്തായ ചുമതലകളുടെ മദ്ധ്യത്തിലും മല്ലപ്പള്ളി മാർത്തോമ്മാ സെന്ററിന്റെയും ആശ്രയ, സ്നേഹ ജ്യോതി സ്ഥാപനങ്ങളുടെയും അദ്ധ്യക്ഷനായി പ്രവർത്തിച്ചുവരവെ ആണ് അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി നമ്മെ വിട്ടുപിരിഞ്ഞത്. തിരുമേനിയുടെ വേർപാടിൽ മല്ലപ്പള്ളി മാർത്തോമ്മാ സെന്ററിന്റെയും ആശ്രയ, സ്നേഹജ്യോതി സ്ഥാപനങ്ങളുടെയും അനുശോചനവും ദുഃഖവും രേഖപ്പെടുത്തുന്നു.

ജന്മസിദ്ധമായി ലഭിച്ച നർമ്മവാസന കൊണ്ട് ജനഹൃദയങ്ങളിൽ ഇടം നേടിയ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ വേർപാടിലും മല്ലപ്പള്ളി മാർത്തോമ്മാ സെന്ററിന്റെയും ആശ്രയ, സ്നേഹ ജ്യോതി സ്ഥാപനങ്ങളുടെയും അനുശോചനവും ദുഃഖവും രേഖപ്പെടുത്തുന്നു.

സംരക്ഷിക്കുവാൻ ആരുമില്ലാത്തവരും അവഗണിക്കപ്പെട്ടവരും നിസ്സഹായരുമായ വൃദ്ധമാതാക്കൾക്ക് കരുതലും സ്നേഹവും സംരക്ഷണവും പകർന്നു നൽകുന്നതിന് 2020-21 ലെ എളിയ പ്രവർത്തനങ്ങളിലൂടെ ആശ്രയ വയോജന മന്ദിരത്തിനു കഴിഞ്ഞു എന്നതിൽ സന്തോഷിക്കുന്നു. കോവിഡിന്റെ വ്യാപന വേളകളിൽ വലിയ പ്രതിസന്ധി ഉണ്ടായെങ്കിലും അർപ്പണബോധത്തോടും, ജാഗ്രതയോടുമുള്ള പ്രവർത്തനങ്ങൾ കരുതലിന്റെ ഈ ശുശ്രൂഷ തുടരുന്നതിന് കരുത്തേകി. കൂടുതൽ ഉത്സാഹത്തോടെ ഈ സ്നേഹശുശ്രൂഷ തുടർന്നും നിർവ്വഹിക്കുവാൻ സർവ്വശക്തനായ ദൈവം കൃപയരുളട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് ഈ റിപ്പോർട്ട് ഉപസംഹരിക്കുന്നു.

X. ക്രിസ്തമിത്ര ആശ്രമ സേവാ മന്ദിരം, അങ്കോല

1940-ൽ വടക്കേ കർണ്ണാടകയിൽ ആരംഭിച്ച ക്രിസ്തമിത്ര ആശ്രമം ശുശ്രൂഷയിൽ 81 വർഷം പിന്നിട്ടു. കഴിഞ്ഞ ഒരു വർഷക്കാലം പ്രതികൂലമായ സാഹചര്യങ്ങളുടെ മധ്യത്തിലും കർത്താവിന്റെ സാക്ഷ്യം നിറവേറ്റുവാൻ വിവിധ മുഖാന്തിരങ്ങളിലൂടെ സാധ്യമായി എന്നുള്ളതിൽ ദൈവത്തെ സ്തുതിക്കുന്നു.

ആശ്രമത്തിന് ഇപ്പോൾ 14 സ്ഥിരാംഗങ്ങൾ ഉണ്ട്. ബഹു. പ്രൊഫ. അലക്സാണ്ടർ ഏബ്രഹാം അച്ചൻ ആചാര്യയായി സേവനമനുഷ്ഠിക്കുന്നു. ബഹു. ഡോ. കെ.എം. സാമുവേൽ അച്ചൻ സീനിയർ ആശ്രമ അംഗമായി കുടുംബമായി ഈ ശുശ്രൂഷയിൽ തുടരുന്നു. കഴിഞ്ഞ 5 വർഷക്കാലം ഇവടക വികാരിയായി സ്തുത്യർഹ സേവനം അനുഷ്ഠിച്ച ബഹു. ഷിജു കെ. ഏബ്രഹാം അച്ചനും കുടുംബവും വെല്ലൂർ സെന്റ്തോമസ് ഇടവകയുടെ ചുമതലയിലേക്ക് സ്ഥലം മാറിപോകുകയുണ്ടായി. അങ്കോല, യെല്ലാപ്പുര ഇടവകകളുടെ പുതിയ വികാരിയായി ബഹു. ജോൺതോമസ് അച്ചൻ ചുമതല ഏൽക്കുകയുണ്ടായി. മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘത്തിന്റെ 3 സുവിശേഷകരും ആശ്രമത്തിന്റെ മറ്റ് സുവിശേഷകരും ചേർന്ന് സുവിശേഷ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. അങ്കോല, യെല്ലപ്പുര, ഹാർവാഡ, അജ്ജിക്കട്ട, പുരലക്കിബേണ, വന്ദിഗെ എന്നീ ഗ്രാമങ്ങളിൽ സുവിശേഷകർ താമസിച്ച് ഭവന സന്ദർശനം, പ്രാർത്ഥനാ കൂട്ടിങ്ങൾ, ആളാംപ്രതിവേല, ബോധവൽക്കരണ ക്ലാസുകൾ എന്നിവ നടത്തുന്നു. അങ്കോല, യെല്ലാപ്പുര എന്നീ ദൈവാലയങ്ങളിൽ ഞായറാഴ്ചകളിൽ കന്നട ഭാഷയിൽ ആരാധന നടത്തിവരുന്നു. ലോക്ഡൗൺ സമയങ്ങളിൽ സൂം പ്ലാറ്റ്ഫോമിലൂടെ ആരാധനയും പ്രാർത്ഥനകളും ക്രമീകരിച്ച് നടത്തപ്പെടുന്നു. ഗ്രാമങ്ങളിൽ നിന്നും ധാരാളം വിശ്വാസികൾ ആരാധനകളിൽ താൽപര്യപൂർവ്വം പങ്കെടുത്തുവരുന്നു.

ആശ്രമം ആശുപത്രി അങ്കോല: നിർധനരായ അനേകം രോഗികൾക്ക് ആശ്രയ സ്ഥാനമായി ആശ്രമം ആശുപത്രി നിലകൊള്ളുന്നു. ഇപ്പോൾ 5 ഡോക്ടേഴ്സ് സേവനം അനുഷ്ഠിക്കുന്നു. 25-ൽപരം മറ്റ് സ്റ്റാഫുകൾ ഈ ശുശ്രൂഷയിൽ പങ്കാളികളാകുന്നു.

ആശ്രമ സേവാമന്ദിരം, അജ്ജിക്കട്ട: ആശ്രമത്തിന്റെ സിൽവർ ജൂബിലി വർഷത്തിൽ അജ്ജിക്കട്ട ക്യാമ്പസിൽ ആരംഭിച്ച ഒരു എളിയ ശുശ്രൂഷയാണ് സേവാമന്ദിരം. ഇപ്പോൾ 32 അംഗങ്ങൾ ഇവിടെ താമസിച്ച് ശുശ്രൂഷ അനുഭവിക്കുന്നു. ഇതിൽ ഭൂരിഭാഗംപേരും ക്ഷീണിതരും മാനസിക രോഗത്താൽ പ്രയാസപ്പെടുന്നവരുമാണ്. മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘത്തിന്റെയും സഭ നിശ്ചയിച്ചിട്ടുള്ള ചില ഇടവകകളിൽ നിന്നുള്ള ദുഃഖവെള്ളിയാഴ്ചയിലെ സ്തോത്രകാഴ്ചയും ആശ്രമ സ്നേഹിതരായ ചിലരുടെ കൈത്താങ്ങലും ഈ ശുശ്രൂഷ സമൂഹത്തിന് അനുഗ്രഹകരമായി തുടരുവാൻ കാരണമാകുന്നു.

കുഞ്ഞുങ്ങളുടെ ഇടയിലെ ശുശ്രൂഷകൾ

ഇന്ത്യൻ സ്പോൺസർഷിപ്പ് പ്രോജക്ട്: ഭാരതീയരായ ആശ്രമസ്നേഹിതരുടെ സഹായത്താൽ നിർധനരായ 140 കുട്ടികൾക്ക് അവരുടെ വിദ്യാഭ്യാസത്തിൽ സഹായിക്കുവാൻ സാധിക്കുന്നു. എല്ലാ ഞായറാഴ്ചയും ഈ കുട്ടികൾ വേദപഠനത്തിനായി ക്യാമ്പസിൽ വരുന്നു. ഈ പ്രോജക്ടിന്റെ ചുമതലയിൽ ഗ്രാമീണ പെൺകുട്ടികൾക്കായി തയ്യൽ പരിശീലന കോഴ്സും യുവതീയുവാക്കൾക്കായി കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്ററും പ്രവർത്തിക്കുന്നു.

കെയർ സെന്റർ: എച്ച്.ഐ.വി. പോസിറ്റീവ് ബാധിതരായ കുട്ടികളെ താമസിച്ച് പഠിപ്പിക്കുവാനുള്ള കെയർ സെന്ററിൽ ഇപ്പോൾ ഒരു പെൺകുട്ടി താമസിച്ച് പഠിക്കുന്നു.

സൗജന്യകിറ്റ് വിതരണം: കോവിഡ് ലോക്ഡൗൺ സമയങ്ങളിൽ നിർധനരായ ഗ്രാമീണ ഭവനങ്ങളിൽ ആശ്രമത്തിന്റെയും മറ്റ് സ്നേഹിതരുടെയും സഹായത്താൽ സൗജന്യകിറ്റ് വിതരണം ചെയ്യുവാൻ സാധിച്ചു.

13. മാർത്തോമ്മാ പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റ്

13.1. പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റ്

മാർത്തോമ്മാ പബ്ലിക് ചാരിറ്റിൾ ട്രസ്റ്റ് 1981 ഒക്ടോബർ മാസം 27 ന് രജിസ്റ്റർ ചെയ്ത് മാർത്തോമ്മാ സഭാ ഓഫീസിനോട് ചേർന്ന് തിരുവല്ല ആസ്ഥാനമാക്കി ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. വയോജനമന്ദിരങ്ങൾ, വിദ്യാഭ്യാസം, സ്വയംതൊഴിൽ കണ്ടെത്തൽ, സാധുജന സഹായം തുടങ്ങിയ മേഖലകളിലെ പ്രവർത്തനമാണ് ട്രസ്റ്റിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ.

ട്രസ്റ്റിന്റെ വരുമാനം ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നു. ജാതിമതഭേദമെന്യേ അർഹരായവർക്ക് വൈദ്യസഹായവും വിദ്യാഭ്യാസ സഹായവും നൽകുന്നു. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ നൽകുന്നു. ഈ വർഷം വിദ്യാഭ്യാസ സഹായമായി 87,573/- രൂപയും സാധുജന സഹായമായി 45,000/- രൂപയും ചെലവഴിച്ചു. വൈദ്യസഹായമായി സ്നേഹകരത്തിൽ നിന്നും 85,000/- രൂപ നൽകി.

വിവിധ എൻഡോവ്മെന്റുകളിൽ നിന്നും ലഭിച്ച പലിശ പഠനസഹായത്തിനും, വൈദ്യസഹായത്തിനും വൃദ്ധജന പരിപാലന സ്ഥാപനങ്ങൾക്കും, ഭിന്നശേഷിയുള്ള കുട്ടികളുടെ സംരക്ഷണ കേന്ദ്രങ്ങൾക്കും, ദളിത് വിദ്യാർത്ഥിനികളുടെ നഴ്സിംഗ് പഠനത്തിനും, തിരുവനന്തപുരം ഹോസ്പിറ്റൽ ഗൈഡൻസ് സെന്ററിനും, മഞ്ഞാടിയിലെ ശാലേം ഓർഫനേജിനും, മാർത്തോമ്മാ തിയോളജിക്കൽ സെമിനാരിക്കും നൽകി.

സഭയുടെ ട്രസ്റ്റിലേക്ക് ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി സംഭാവനകൾ നൽകുന്ന വ്യക്തികൾക്ക് ഇൻകംടാക്സ് ആക്ട് 80 ജി പ്രകാരം ആദായ നികുതിയിൽ ഇളവു ലഭിക്കും. ട്രസ്റ്റിനു വേണ്ടി തുടർന്നും സംഭാവനകളും എൻഡോവ്മെന്റുകളും പ്രതീക്ഷിക്കുന്നു.

13.2. സ്നേഹഭവൻ, കൊമ്പാടി, തിരുവല്ല

മാനവജാതി ആകമാനം സങ്കീർണ്ണമായ ഒരു കാലഘട്ടത്തെ നേരിടുന്നു. Single parents ഉം നിരാലംബരും നിസഹായരുമായ മുതിർന്ന വ്യക്തികൾ സമൂഹത്തിൽ അനവധിയായി വർദ്ധിക്കുന്നു. സമൂഹത്തിൽ ഏകാന്തതയിലും നിരാശ്രയരുമായ മാതാപിതാക്കൾക്ക് അവരുടെ വാർദ്ധക്യം സന്തോഷകരമാക്കുവാൻ 1985-ൽ മാർത്തോമ്മാ പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റിന്റെ കീഴിൽ പ്രവർത്തനം ആരംഭിച്ച സ്ഥാപനമാണ് സ്നേഹഭവൻ. ഭാഗ്യസ്മരണീയനായ ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായുടെ അനുഗ്രഹാശീർവ്വാദങ്ങളോടെ ആരംഭിച്ച ഈ സ്ഥാപനം കഴിഞ്ഞ 36 വർഷങ്ങളിലായി അനേകം മാതാപിതാക്കൾക്ക് അഭയവും ആശ്വാസവുമായി തീർന്നു.

കോവിഡ് - 19 പ്രതികൂലതകൾ മറ്റ് ആരാധന സമൂഹങ്ങളെ ബാധിച്ചതുപോലെ സ്നേഹഭവനിലെ ആരാധനയെയും ബാധിച്ചു. ലോക്ഡൗണിനു ശേഷം 2020 നവംബർ മുതൽ പുനരാരംഭിച്ചു. രണ്ടാം ഞായറാഴ്ചകളിൽ വിശുദ്ധ കുർബ്ബാനയും മറ്റ് ഞായറുകളിൽ പരസ്യാരാധനയും നടത്തുന്നു. ഇ.ജെ. ഇൻസ്റ്റിറ്റ്യൂട്ടിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും നേതൃത്വം നൽകി സഹായിച്ചു. 2020 മാർച്ച് 31-ന് മുമ്പായി കോവിഡ് 19ന്റെ ആദ്യ ഡോസ് വാക്സിൻ താമസക്കാർക്ക് നൽകിയിട്ടുണ്ട്. ഭാഗ്യസ്മരണിയനായ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ 2020 ഒക്ടോബർ 18 വരെയും തുടർന്ന് പുതുതായി സ്ഥാനാരോഹണം ചെയ്യപ്പെട്ട ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ ചെയർമാനായും സഭാ സെക്രട്ടറി റവ. കെ.ജി. ജോസഫ് വൈസ് ചെയർമാനായും റവ. ജോസ് സി. ജോസഫ് മാത്യു സെക്രട്ടറിയായും അഡ്വ. അൻസിൽ സഖറിയ ട്രഷറാറായും പ്രവർത്തിച്ചു.

14. മാർത്തോമ്മാ ദയറായ/സന്യാസിനി സമൂഹം

14.1. ദയറായ സമൂഹം

മലങ്കര മാർത്തോമ്മാ സുറിയാനി സഭയിൽ ദയറാ പ്രസ്ഥാനം ആരംഭിച്ചിട്ട് 25 വർഷം പിന്നിടുകയാണ്. അഭിവന്ദ്യ ഡോ. യുയാക്കീം മാർ കൂറിലോസ് തിരുമേനി പ്രസിഡന്റായും റവ. പി. ഫിലിപ്പ് ആചാര്യ ആയും റവ. ഐസക് മാത്യു, റവ. സനിൽ മാത്യു അലക്സാണ്ടർ എന്നിവർ അംഗങ്ങളായും പ്രവർത്തിക്കുന്നു. റവ. ഐസക് മാത്യു അടർ മാർത്തോമ്മാ ഗുരുകുലത്തിന്റെ ചുമതല 9 വർഷം പൂർത്തീകരിച്ച് ഇപ്പോൾ ദയറായിൽ തിരികെ എത്തി. റവ. സനിൽ അലക്സാണ്ടർ വടവാതൂർ പൊന്തിഫിക്കൽ സെമിനാരിയിൽ DTh ചെയ്യുന്നു. മാർത്തോമ്മാ ബോയ്സ് ഹോമിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് ദയറാ സമൂഹമാണ്. 98 വർഷങ്ങൾ പിന്നിടുന്ന ബോയ്സ് ഹോമിൽ 30 കുട്ടികൾ താമസിച്ചു പഠനം നടത്തുന്നു. 5-ാം ക്ലാസുമുതൽ ഡിഗ്രിവരെയുള്ള പഠനം പൂർത്തീകരിക്കുന്നു. ഓർഫനേജിനു വേണ്ടി ആരംഭിച്ച വി.ഒ.യു.പി. സ്കൂളിൽ എൽ.കെ.ജി. മുതൽ 7 വരെയുള്ള ക്ലാസ്സുകളിലായി 200-ഓളം കുട്ടികൾ പഠനം നടത്തുന്നു. 70 വർഷത്തോളം പഴക്കമുള്ള കെട്ടിടങ്ങൾ പൂർണ്ണമായും നവീകരിച്ച് സമാർട്ട് ക്ലാസ്സുകൾ ആക്കുന്നതിനും പുതിയ ഓഫീസ് കോംപ്ലക്സ് പണി പൂത്തീരിക്കുന്നതിനും കഴിഞ്ഞു.

കഴിഞ്ഞ 20 വർഷങ്ങളായി ദയറാ സമൂഹത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഓലപ്പാറ, ഉപ്പുകുഴി, പുളിയറ എന്നീ മിഷൻ പ്രവർത്തനങ്ങൾ സഭയ്ക്ക് വിട്ടുനൽകി. ഓലപ്പാറ, ഉപ്പുകുഴി എന്നീ മിഷൻ ഫീൽഡുകൾ കോൺഗ്രിഗേഷനായി ഉയർത്തുന്നതിന് സഭയ്ക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ട്യൂഷൻ സെന്ററുകൾ, തയ്യൽ പരിശീലന കേന്ദ്രങ്ങൾ, കറി പൗഡർ യൂണിറ്റ്, മിഷൻ സെന്ററുകൾ എന്നിവയിലൂടെ വിവിധ രീതിയിൽ സഹായങ്ങൾ നൽകിയവരെ ഓർത്ത് ദൈവത്തിന് സ്തോത്രം കരേറ്റുന്നു. മെയ് മാസം മുതൽ ഒരു പട്ടക്കാരനെ സഭ ഇവിടേയ്ക്ക് നിയോഗിച്ചിട്ടുണ്ട്.

14.2. സന്യാസിനി സമൂഹം, ഇലന്തൂർ

നമ്മുടെ കർത്താവിന്റെ ജീവിതത്തിനും ദൗത്യത്തിനും ലോകത്തിൽ സാക്ഷ്യം വഹിക്കുന്നതിന് ക്രിസ്തു ശരീരമാകുന്ന സഭയെ നിയോഗിച്ചിരിക്കുന്നു. യേശുക്രിസ്തുവിന്റെ ജീവിതശൈലി ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുമ്പോഴാണ് ഈ ദൗത്യം പൂർണ്ണമായി നിർവ്വഹിക്കുവാൻ കഴിയുന്നത്. പ്രാർത്ഥനയിലൂടെയും ധ്യാനാത്മക ജീവിതത്തിലൂടെയും ദൈവഹിതം വിവേചിച്ച് അറിയണം. ലാളിത്യത്തിന്റെയും സഹ

നത്തിന്റെയും ത്യാഗത്തിന്റെയും അനുസരണത്തിന്റെയും ജീവിതാനുഭവങ്ങളിലൂടെ തന്റെ ശുശ്രൂഷ നിർവ്വഹിക്കുകയായിരുന്നു നമ്മുടെ കർത്താവിന്റെ മാർഗ്ഗം. സഭാ ചരിത്രത്തിൽ ഇങ്ങനെയുള്ള ധ്യാനാത്മക ശുശ്രൂഷകൾക്കായി വിളിച്ച് വേർതിരിക്കപ്പെട്ടവരാണ് ദയറായ സമൂഹം. ഏകാഗ്രതയോടുകൂടിയ പ്രാർത്ഥനയ്ക്കും ധ്യാനത്തിനും പഠനത്തിനും അനുസരണത്തിനും ത്യാഗ ശുശ്രൂഷകൾക്കും മുൻതൂക്കം കൊടുത്തുകൊണ്ടുള്ള സന്യാസ ജീവിതം ക്രിസ്തീയ ആദ്ധ്യാത്മീകതയുടെ ഒരു അവിഭാജ്യഘടകമാണ്.

2001-ൽ ആരംഭിച്ച പ്രസ്ഥാനമാണ് മാർത്തോമ്മാ സന്യാസി സമൂഹം. കഴിഞ്ഞ 19 വർഷക്കാലം സേവനമർപ്പിപ്പാൻ ദൈവം തന്ന അവസരത്തിനായി സ്തോത്രം. റൈറ്റ്. റവ. ഡോ. ഏബ്രഹാം മാർ പൗലോസ് തിരുമേനി പ്രസിഡന്റായും സിസ്റ്റർ പി.റ്റി. മറിയാമ്മ സുപ്പീരിയർ ആയും പ്രവർത്തിക്കുന്നു.

പ്രവർത്തനങ്ങൾ: ധ്യാനം, യാമപ്രാർത്ഥന, വേദപഠനം

മദ്ധ്യസ്ഥപ്രാർത്ഥന: എല്ലാ ദിവസവും ഉച്ചയ്ക്ക് 12 മണി മുതൽ 1 മണിവരെ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തിവരുന്നു. എല്ലാ ചൊവ്വാഴ്ചകളിലും 10.30 മുതൽ 12.30 വരെ ഇലന്തൂർ സെന്ററായി മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്നു.

വി. കുർബ്ബാന അപ്പം, വീഞ്ഞ് നിർമ്മാണം: സന്യാസിനി സമൂഹത്തിന്റെ ചുമതലയിൽ കുർബ്ബാന അപ്പം, വീഞ്ഞ്, മെഴുകുതിരി എന്നിവ നിർമ്മിച്ച് ഇടവകകളുടെ ആവശ്യാനുസരണം വിതരണം ചെയ്യുന്നു.

കുട്ടികളുടെ ഇടയിലുള്ള പ്രവർത്തനം: സൺഡേസ്കൂൾ, പ്രയർസെൽ, ഫ്രീ ട്യൂഷൻ ഇവ നടത്തിവരുന്നു.

വിദ്യാഭ്യാസ സഹായം: എൻഡോവ്മെന്റ് ഫണ്ടിൽ നിന്നും അർഹരായ വിദ്യാർത്ഥിനികൾക്ക് സഹായം നൽകുന്നു.

പകൽവീട്: വീട്ടിൽ ഏകാന്തത അനുഭവിക്കുകയും മാനസികമായും ശാരീരികമായും ബുദ്ധിമുട്ട് അനുഭവിക്കുകയും ചെയ്യുന്ന യുവതികളാണ് പകൽ വീട്ടിൽ വന്നു പോകുന്നത്.

തയ്യൽ പരിശീലനം: സന്യാസിനി സമൂഹത്തിന്റെ ചുമതലയിൽ തയ്യൽ പരിശീലനം നടത്തിവരുന്നു.

15. പ്രസിദ്ധീകരണങ്ങൾ

15.1. സഭാ ബുക്ക് ഡിപ്പോ

സഭാ പ്രസിദ്ധീകരണങ്ങൾ, സഭാ ഡയറി, വേദവായന ഭാഗങ്ങൾ, മറ്റു ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾ മുതലായവ ബുക്ക് ഡിപ്പോയുടെ ചുമതലയിൽ വിൽപ്പന നടത്തിവരുന്നു. ഇടവക സംബന്ധമായ രജിസ്റ്ററുകൾ, റിക്കാർഡുകൾ, സി.എസ്.എസ്. ആനിമേഷൻ സെന്റർ മുതലായവയുടെ പ്രസിദ്ധീകരണങ്ങൾ ക്രിസ്തീയ കാസറ്റുകൾ, കുർബ്ബാന അപ്പം, വീഞ്ഞ്, മെഴുകുതിരി എന്നിവയുടെ വിൽപ്പനയും നടത്തിവരുന്നു. മാരാമൺ കൺവൻഷനിലും ഭദ്രാസന ഇടവക കൺവൻഷനുകളിലും സഭാ പ്രസിദ്ധീകരണങ്ങൾ ഡിസ്ക്കൗണ്ട് വ്യവസ്ഥയിൽ യുവജന സഖ്യത്തിലൂടെ വിൽക്കുകയുണ്ടായി.

കൊറോണ മൂലമുള്ള സാഹചര്യം ബുക്ക് ഡിപ്പോയുടെ വിൽപ്പനയെ പ്രതികൂലമായി ബാധിക്കുകയുണ്ടായി. തന്നാണ്ടിൽ വില്പന കുറഞ്ഞുവെങ്കിലും മുൻവർഷങ്ങളിലെ വില്പനയിൽ നിന്നുമുള്ള വരവ് പ്രതിസന്ധികൂടാതെ മുമ്പോട്ടു പോകുവാൻ സഹായിച്ചു. തന്നാണ്ടിൽ 13 ലക്ഷം രൂപാ സഭാ ഓഫീസിൽ അടയ്ക്കുകയുണ്ടായി. ബഹു. സഭാ സെക്രട്ടറി ചെയർമാനായും റവ. അലക്സ് പി. ജോൺ കൺവീനറായും റവ. ഏബ്രഹാം പി. വർക്കി ശ്രീമതി പി. ജെ. മറിയാമ്മ, ശ്രീമതി ഗീതാ മാത്യു എന്നിവർ കമ്മറ്റി അംഗങ്ങളായുമുള്ള ഉപദേശക സമിതി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ശ്രീ. ബിജു പി. ജോർജ്ജ് മാനേജരായി പ്രാവർത്തിക്കുന്നു.

15.2. മലങ്കര സഭാതാരക

മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ മുഖപത്രമായ മലങ്കര സഭാതാരക1893 ജനുവരിയിൽ പ്രസിദ്ധീകരണം ആരംഭിച്ചു. വേദപുസ്തകാതിഷ്ഠിതമായ വിശ്വാസം, സഭയുടെ ആചാരങ്ങൾ, ദൗത്യദർശനം, സാമൂഹിക പ്രതിബന്ധത എന്നിവയെക്കുറിച്ച് സഭാജനങ്ങളെ പ്രബുദ്ധരാക്കുക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ 128 വർഷമായി പ്രവർത്തിക്കുന്നു. സഭാ താരകയുടെ പ്രസിദ്ധീകരണം ആരംഭിച്ച ജനുവരി താരകമാസമായി സഭ ആചരിക്കുന്നു.

മെത്രാപ്പോലീത്തയുടെ കത്ത്, പത്രാധിപക്കുറിപ്പ്, വിചാരദീപ്തി, ധ്യാനപംക്തി, വിഷയാസ്പദ പഠനം, ദൈവശാസ്ത്ര ചിന്തകൾ, പുസ്തകപരിചയം, വാർത്തകൾ, അറിയിപ്പുകൾ എന്നിവ താരകയുടെ വിഭവങ്ങളാണ്. താരകയുടെ മുഴുവൻ പേജുകളും ബഹുവർണ്ണത്തിൽ മുദ്രണം ചെയ്യുന്നതിന് ഇടയായി. സഭാതാരക എല്ലാ മാസവും 2-ാം തീയതി പ്രസിദ്ധീകരിക്കുന്നു.

മാരാമൺ കൺവൻഷൻ മണൽപുറത്ത് സഭാ താരക സ്റ്റാൾ ക്രമീകരിച്ച് വരിസംഖ്യ പുതുക്കുന്നതിനും പുതിയ വരിക്കാരെ ചേർക്കുന്നതിനും ഇടയായി. ഓരോ ഭദ്രാസനത്തിലും നിയമിക്കപ്പെട്ടിട്ടുള്ള പ്രൊമോട്ടർമാർ ഇടവകകൾ സന്ദർശിച്ച് വരിസംഖ്യ പുതുക്കുന്നതിന് റിപ്പോർട്ട് വർഷം കോവിഡ് 19 ന്റെ പ്രതിസന്ധികൾ നേരിട്ടു.

അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി സഭാതാരകയ്ക്ക് കാലാനുസൃതമായ പരിഷ്കാരത്തിനും വളർച്ചയ്ക്കും ഉജ്ജ്വലമായ നേതൃത്വം നൽകി താൻ പ്രിയംവച്ച കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. തുടർന്ന് ചുമതലയേറ്റ അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി സഭാതാരകയുടെ വളർച്ചയ്ക്ക് പ്രോൽസാഹനം നൽകിക്കൊണ്ടിരിക്കുന്നു. ബഹുമാനപ്പെട്ട എപ്പിസ്കോപ്പൽ സിനഡും സഭാ കൗൺസിലും താരകയ്ക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ ചെയർമാനായും റവ. ജേക്കബ് ജോർജ്ജ് സി. മാനേജരായും റവ. ഡോ. വൈ. റ്റി. വിനയരാജ് ചീഫ് എഡിറ്ററായും പ്രവർത്തിക്കുന്നു. 4 അംഗങ്ങൾ ഉൾപ്പെടുന്ന പത്രാധിപസമിതിയും 5 അംഗങ്ങൾ ഉൾപ്പെടുന്ന മാനേജിംഗ് കമ്മറ്റിയും ആവശ്യമായ ആലോചനകൾ നൽകുന്നു.

15.3. മാർത്തോമ്മാ പബ്ലിക്കേഷൻ സൊസൈറ്റി

മാർത്തോമ്മാ പബ്ലിക്കേഷൻ സൊസൈറ്റി സഭയുടെ ഔദ്യോഗിക അച്ചടി മുദ്രണ വിഭാഗം എന്ന നിലയ്ക്ക് 2002 മുതൽ അഭിമാനകരമായി സേവനം തുടരുന്നു.

മാർത്തോമ്മാ സഭയും സൺഡേസ്കൂൾ സമാജം, സുവിശേഷ പ്രസംഗസംഘം, യുവജനസഖ്യം, സന്നദ്ധ സുവിശേഷക സംഘം, ഡവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്, ഡിപ്പാർട്ട്മെന്റ് ഓഫ് സേക്രട്ട് മ്യൂസിക് & കമ്മ്യൂണിക്കേഷൻസ് എന്നീ സഭയുടെ പോഷക സംഘടനകളും അംഗങ്ങളായി ചേർന്നുള്ള ഒരു സൊസൈറ്റിയാണിത്. ഈ സൊസൈറ്റിയിൽ അംഗത്വമുള്ള എല്ലാ സംഘടനകളുടെയും സെക്രട്ടറിമാരും ട്രസ്റ്റിമാരും സഭാ കൗൺസിൽ അംഗങ്ങളും ഉൾപ്പെടുന്ന ഒരു ജനറൽ ബോഡിയും, ജനറൽ ബോഡി തിരഞ്ഞെടുക്കുന്ന ഒരു എക്സിക്യൂട്ടീവ് ബോർഡിന്റെയും തീരുമാനങ്ങൾക്ക് വിധേയമായി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ പ്രസിഡന്റായും റവ. ജിനിൽ ഏബ്രഹാം സെക്രട്ടറിയായും ഡോ. സജി ചാക്കോ ട്രഷറാറായും സൊസൈറ്റിക്ക് നേതൃത്വം നൽകിവരുന്നു.

15.4. മാർത്തോമ്മാ പ്രസ്സ്

മാർത്തോമ്മാ പബ്ലിക്കേഷൻ സൊസൈറ്റിയുടെ കുടക്കീഴിൽ പ്രവർത്തിക്കുന്ന പ്രധാന സ്ഥാപനമാണ് മാർത്തോമ്മാ പ്രസ്സ്. പ്രിന്റ് മീഡിയായിലൂടെ ദൈവരാജ്യ പ്രവർത്തനങ്ങളിൽ സജീവമായി പങ്കുചേരുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനങ്ങൾ തുടർന്നുവരുന്നു. സഭയുടെയും സംഘടനകളുടെയും എല്ലാ അച്ചടി ജോലികളും ഭംഗിയായി നിർവ്വഹിക്കാനുള്ള സംവിധാനം ഇപ്പോഴുണ്ട്. സഭയുടെ ആരാധനാക്രമങ്ങളും പാട്ടുപുസ്തകങ്ങളും, സഭാ ഓഫീസിലേക്ക് ആവശ്യമായി വരുന്ന എല്ലാ പ്രിന്റിംഗ് ജോലികളും സമയബന്ധിതമായി ചെയ്തുവരുന്നു. സഭാ ആഫീസ്, സഭാ ബുക്ക് ഡിപ്പോ എന്നിവിടങ്ങളിലെ എല്ലാ പ്രിന്റിംഗ് ജോലികളും സുവിശേഷ പ്രസംഗസംഘം, സന്നദ്ധ സുവിശേഷക സംഘം, യുവജനസഖ്യം, സൺഡേസ്കൂൾ

സമാജം, ഡി.എസ്.എം.സി., വികസനസംഘം എന്നിവിടങ്ങളിലെ നിർദ്ദിഷ്ട ജോലികളും; മലങ്കര സഭാതാരക, സുവിശേഷ ദൂതൻ, സന്നദ്ധ സന്ദേശം, യുവദീപം, റിപ്പിൾസ്, തളിരുകൾ, സന്ദർശിനി എന്നീ പ്രസിദ്ധീകരണങ്ങളും, സഭയുടെയും ഭദ്രാസനത്തിന്റെയും റിപ്പോർട്ടുകൾ, ഭദ്രാസന കൺവൻഷൻ ഗീതങ്ങൾ, ഭദ്രാസന പ്രസിദ്ധീകരണങ്ങൾ, ഇടവക റിപ്പോർട്ടുകൾ, വാർത്താപത്രിക കൾ, സുവനീറുകൾ, ഡയറക്ടറികൾ എന്നിവയും ഇടവകകളിൽ നിന്നുള്ള ഒട്ടനവധി മുദ്രണങ്ങളും നിർവ്വഹിച്ചു. മാരാമൺ കൺവൻഷൻ ഗീതങ്ങൾ, സൺഡേസ്കൂൾ പാഠപുസ്തകങ്ങൾ, യുവജനസഖ്യം കലണ്ടർ എന്നിവയും നമ്മുടെ പ്രസ്സിൽ അച്ചടിക്കുവാൻ സാധിച്ചു.

സഭയുടെയും പോഷക സംഘടനകളുടെയും എല്ലാവിധ അച്ചടിജോലികളും സമയബന്ധിതമായി നമ്മുടെ പ്രസ്സിൽ നിർവ്വഹിക്കത്തക്കവിധമുള്ള വികസനമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഗുണമേന്മയിലും ഉത്തരവാദിത്വത്തിലും ഉന്നത നിലവാരം പുലർത്തുവാൻ കഴിഞ്ഞ വർഷവും സാധിച്ചു. മാർത്തോമ്മാ പ്രസ്സിലെ സൗകര്യങ്ങളും സാധ്യതകളും സഭയ്ക്ക് ആകമാനം പ്രയോജനപ്പെടണം എന്ന താല്പര്യത്തോടെ പ്രവർത്തനം തുടരുന്നു. റവ. ജിനിൽ ഏബ്രഹാം ഡയറക്ടറായി പ്രവർത്തിക്കുന്നു.

16. രേഖീയം പ്രോജക്ട്

സഭാ കൗൺസിലിന്റെയും എപ്പിസ്കോപ്പൽ സിനഡിന്റെയും തീരുമാനപ്രകാരം 2017 ജനുവരി ഒന്ന് മുതലാണ് രേഖീയം പ്രോജക്ടിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. സഭയുടെയും സ്ഥാപനകളുടെയും പള്ളികളുടെയും വസ്തുസംബന്ധമായ രേഖകൾ ക്രോഡീകരിക്കുന്നതിനുവേണ്ടി കാലം ചെയ്ത ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ ദീർഘവീക്ഷണത്തിന്റെ ഫലമായിട്ടാണ് ഈ പ്രോജക്ട് ആരംഭിച്ചത്.

പ്രാരംഭമായി സഭാ ഓഫീസിൽ സൂക്ഷിച്ചിരുന്ന പഴയതും പുതിയതുമായ എല്ലാ ആധാരങ്ങളും പരിശോധിച്ച് പ്രത്യേകം രജിസ്റ്ററുകൾ തയ്യാറാക്കി ആധാരസംബന്ധമായ സുപ്രധാന വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കുകയും ആധാരങ്ങൾ എല്ലാം ലാമിനേറ്റ് ചെയ്ത് സുരക്ഷിതമായി സൂക്ഷിച്ചുവയ്ക്കുകയും ചെയ്തിട്ടുണ്ട്.

ഇപ്രകാരം സഭയുടെയും സ്ഥാപനങ്ങളുടെയും 135 ആധാരങ്ങളും 173 പള്ളികളുടെ 239 ആധാരങ്ങളും ഉൾപ്പെടെ 374 ആധാരങ്ങളും ചില പള്ളികളുടെ ആധാരങ്ങളുടെ പകർപ്പുകളും സഭാ ഓഫീസിൽ പ്രത്യേകം സജ്ജീകരിച്ചിരിക്കുന്ന അലമാരയിൽ സൂക്ഷിച്ചിരിക്കുന്നു.

ഇതുകൂടാതെ വിവിധ പള്ളികളുടെയും സ്ഥാപനങ്ങളുടെയും നിർമ്മാണപ്രവർത്തനങ്ങൾക്ക് റവന്യൂ രജിസ്ട്രേഷൻ മുതലായ വകുപ്പുകളുമായും കളക്ടറേറ്റ്, താലൂക്ക് ഓഫീസ്, വില്ലേജ് ഓഫീസ്, പഞ്ചായത്ത് ഓഫീസ് എന്നിവയുമായും ബന്ധപ്പെട്ട് നടത്തേണ്ടിവരുന്ന എല്ലാ പ്രവർത്തനങ്ങൾക്കും ആവശ്യമായ സഹായസഹകരണങ്ങളും ഉപദേശങ്ങളും നൽകിവരുന്നു. പള്ളികൾക്കും സ്ഥാപനകൾക്കും പുതിയതായി വസ്തു സമ്പാദിക്കുമ്പോൾ ശ്രദ്ധിക്കേണ്ടതായ എല്ലാ കാര്യങ്ങൾക്കും ആവശ്യമായ ഉപദേശങ്ങളും സഹായങ്ങളും നൽകിവരുന്നു. പള്ളികളും സ്ഥാപനകളും വസ്തു സംബന്ധമായ ഇടപാടുകൾ നിർവ്വഹിക്കുമ്പോൾ ഈ പ്രോജക്ടുമായി ബന്ധപ്പെടുന്നത് അഭികാമ്യമാണ്.

രേഖീയ പ്രോജക്ടിന്റെ മേൽനോട്ടത്തിൽ സേവികാസംഘം ഓഫീസിലെ ആധാരങ്ങളും ഇപ്പോൾ രജിസ്റ്ററിൽ ചേർത്ത് ലാമിനേറ്റ് ചെയ്ത് പ്രത്യേകം സൂക്ഷിച്ചിട്ടുണ്ട്. സഭയിലെ എല്ലാ പള്ളികളുടെയും ആധാരങ്ങൾ ഈ പ്രോജക്ടിന്റെ മേൽനോട്ടത്തിൽ സൂക്ഷിച്ചു വയ്ക്കുന്നത് ഉചിതമായിരിക്കും എന്നു കരുതുന്നു. രജിസ്ട്രേഷൻ വകുപ്പിൽ നിന്നും വിരമിച്ച സബ്രജിസ്ട്രാർ ശ്രീ. കോശി ഏബ്രഹാം രേഖീയം പ്രോജക്ട് കോർഡിനേറ്റർ ആയി പ്രവർത്തിച്ചുവരുന്നു.

17. ഫണ്ടുകൾ

പ്രോവിഡന്റ് ഫണ്ട്: സഭയിലെ സജീവ സേവനത്തിലുള്ള പട്ടക്കാർക്കും ഓഫീസ് ജീവനക്കാർക്കുമായി പ്രൊവിഡന്റ് ഫണ്ട് ക്രമീകരിച്ചിരിക്കുന്നു. അടിസ്ഥാന ശമ്പളത്തിന്റെ 10% ഗുണഭോക്താവും 10% പ്രവർത്തിക്കുന്ന ഇടവകയോ, സ്ഥാപനമോ അങ്ങനെ മൊത്തം 20% പ്രതിമാസം പ്രോവിഡന്റ് ഫണ്ട് വിഹിതമായി അടയ്ക്കുന്നു. റിപ്പോർട്ടു വർഷം 3,64,74,578.54 രൂപ വരവായി ലഭിച്ചു. 3,40,81,842.78 രൂപ സ്ഥിരനിക്ഷേപങ്ങളിൽ നിന്നും പലിശയായി ലഭിച്ചു. 2020-21 സാമ്പത്തിക വർഷം 3,93,32,784.63 രൂപ പട്ടക്കാരും ജീവനക്കാരും പ്രോവിഡന്റ് ഫണ്ടിൽ നിന്നും പിൻവലിച്ചു.

പെൻഷൻ ഫണ്ട്: സജീവ സേവനത്തിൽ നിന്നും വിരമിച്ച പട്ടക്കാർക്കും വിധവകളും സ്ഥിരവരുമാനമില്ലാത്തവരുമായ ബസ്ക്കിയാമ്മമാർക്കും പ്രതിമാസം പെൻഷൻ നൽകുന്നതിന് ഈ ഫണ്ട് ഉപയോഗിക്കുന്നു. സജീവ സേവനത്തിലുള്ള പട്ടക്കാരുടെ അടിസ്ഥാന ശമ്പളത്തിന്റെ 15% ഓരോ മാസവും സേവനം ചെയ്യുന്ന ഇടവകയോ/സ്ഥാപനമോ അവരുടെ വിഹിതമായി ഈ ഫണ്ടിലേയ്ക്ക് അടയ്ക്കേണ്ടതാണ്. റിപ്പോർട്ടു വർഷം 2,35,45,513.83 രൂപ വരവിനത്തിൽ ലഭിച്ചു. 2,36,88,645 രൂപ പെൻഷൻ ഇനത്തിൽ 2020-21 സാമ്പത്തിക വർഷം ചെലവായി. 2021 ഏപ്രിൽ 1 മുതൽ പെൻഷൻ തുകയിൽ വർദ്ധനവ് വരുത്തിയതിനാൽ കൂടുതൽ തുക വരവിനത്തിൽ ലഭിക്കേണ്ടിയിരിക്കുന്നു. ഇടവകകളും സ്ഥാപനങ്ങളും യഥാസമയം പ്രതിമാസ വിഹിതം സഭാ ഓഫീസിൽ അടയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടക്കാരുടെ മെഡിക്കൽ എയ്ഡ് ഫണ്ടും പ്രത്യേക മെഡിക്കൽ എയ്ഡ് സ്കീമും: റിപ്പോർട്ടു വർഷം സ്തോത്രകാഴ്ചയായി 8,54,548.54 രൂപ ലഭിച്ചു. പട്ടക്കാരുടെ പ്രത്യേക മെഡിക്കൽ എയ്ഡ് പദ്ധതിപ്രകാരം 2020-21 സാമ്പത്തിക വർഷം 1,83,52,581 രൂപ വരവിനത്തിൽ ലഭിച്ചു. 1,22,34,497 രൂപ ചികിത്സാ സഹായമായി ചെലവഴിച്ചു.

ശമ്പള ക്രമീകരണ ഫണ്ട്: സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഇടവകകളിൽ ശുശ്രൂഷ ചെയ്യുന്ന പട്ടക്കാരുടെ ശമ്പളത്തിൽ നിന്നും ഒരു വിഹിതം ഈ ഫണ്ടിൽ നിന്ന് നൽകിവരുന്നു. എല്ലാ ഇടവകകളും സ്ഥാപനങ്ങളും അവിടെ ശുശ്രൂഷ ചെയ്യുന്ന പട്ടക്കാരുടെ ഒരു മാസത്തെ അടിസ്ഥാന ശമ്പളം ഇതിനായി ഭദ്രാസന ഓഫീസിൽ അടയ്ക്കേണ്ടതാണ്. ഭദ്രാസന ഓഫീസിൽ ശേഖരിക്കുന്ന തുകയുടെ 15% ബഹു. എപ്പിസ്കോപ്പൽ സിനഡ് തീരുമാനപ്രകാരം സഭാ ഓഫീസിൽ അടയ്ക്കേണ്ടതാണ്. വിദേശ ഇടവകകളിൽ നിന്നും ഭദ്രാസന ഓഫീസിൽ ലഭിക്കുന്ന ശമ്പള ക്രമീകരണ ഫണ്ട് തുകയുടെ 50% സഭാ ഓഫീസിൽ അടയ്ക്കേണ്ടതാണ്. സഭയുടെ ക്രമീകരണം അനുസരിച്ച് ഒരു ഭദ്രാസനത്തിന്റെയും കീഴിൽ വരാത്ത പട്ടക്കാർക്ക് അത്യാവശ്യ സന്ദർഭങ്ങളിൽ ശമ്പളം കൊടുക്കുവാനും ഈ ഫണ്ട് ഉപയോഗിക്കുന്നു.

ക്ലർജിമെൻ ഫാമിലി എയ്ഡ് റിസർവ്വ് ഫണ്ട്: 2020-21 സാമ്പത്തിക വർഷം 4,87,463 രൂപ ഈ ഇനത്തിൽ വരവായി ലഭിച്ചു.

വിവാഹ സഹായ ഫണ്ട്: 2020-21 സാമ്പത്തിക വർഷം 4,00,000 രൂപ പ്രീമാരിറ്റൽ കൗൺസിലിംഗ് ഉൾപ്പെടെ ചെലവായി.

സ്നേഹകരം: റിപ്പോർട്ട് വർഷം 49,75,510 രൂപ 337 അപേക്ഷകർക്ക് ചികിത്സാ സഹായമായി ഈ പദ്ധതിയിൽ നിന്നും വിതരണം ചെയ്തു.

പ്രകൃതി ദുരന്ത ദുരിതാശ്വാസ ഫണ്ട്: പ്രകൃതി ദുരന്തങ്ങൾക്ക് ഇരയാകുന്നവരെ സഹായിക്കുന്നതിനുള്ള സഭയുടെ സാമൂഹ്യക്ഷേമ ഫണ്ടായി ആരംഭിച്ചതാണ് പ്രകൃതി ദുരന്തഫണ്ട്. 2018-ൽ ഉണ്ടായ വെള്ളപ്പൊക്കത്താൽ ഭവനരഹിതരായവരെ സഹായിക്കുന്നതിന് ആരംഭിച്ച ഭവനദാന പദ്ധതി അതിന്റെ പൂർത്തീകരണ ഘട്ടത്തിലാണ്. ഭവന നിർമ്മാണ പദ്ധതിക്കായി റിപ്പോർട്ട് വർഷം 1,56,93,436 രൂപ ഫണ്ടിൽ നിന്നും ചെലവഴിച്ചു. 16,46,931.50 രൂപ വരവിനത്തിൽ ലഭിച്ചു. പ്രകൃതി ദുരന്ത ബാധിതരെ സഹായിക്കുന്ന ഈ ഫണ്ടിൽ വരവിനത്തിൽ അധിക തുക കണ്ടെത്തേണ്ടിയിരിക്കുന്നു. വ്യക്തികളും ഇടവകകളും സ്ഥാപനങ്ങളും സംഭാവന നൽകി ഈ പദ്ധതിയെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

